# ജില്ലാ പദ്ധതി 2018

## ആലപ്പുഴ











ജില്ലാ ആസൂത്രണ സമിതി, ആലപ്പുഴ

# ജില്ലാ പദ്ധതി

# 2018

## ആലപ്പുഴ ജില്ല

ജില്ലാ ആസൂത്രണ സമിതി, ആലപ്പുഴ




**ജി. വേണുഗോപാൽ**

*ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് & ചെയർമാൻ*
*ജില്ലാ ആസൂത്രണ സമിതി*
*ആലപ്പുഴ*

## സന്ദേശം

സംസ്ഥാനത്ത് ജില്ലാ ആസൂത്രണ **സമിതികൾ നിലവിൽ** വന്നിട്ട് കാൽ നൂറ്റാണ്ട് **തികയാൻ പോവുകയാണ്. ജില്ലയിലെ** വികസന, ആസൂത്രണ പ്രവർത്തനങ്ങൾക്ക് ലഭ്യമായ മനുഷ്യ, പ്രകൃതി, ധന, **സ്ഥാപന വിഭവങ്ങളെ കോർത്തിണക്കി സമന്വയവും ഏകോപനവും ഉറപ്പാക്കി വിവിധ തട്ടുകളുടെ സംയോജന സാധ്യതയും പരിശോധിച്ച് കൃത്യമായ ദിശാബോധം നിർണ്ണയിക്കുക** എന്ന ഭരണഘടനാപരമായ ബാധ്യത ജില്ലാ **ആസൂത്രണ** സമിതിക്കുള്ളതാണ്. പ്രസ്തുത ഭരണഘടനാ ബാദ്ധ്യതയാണ് ജില്ലാ പദ്ധതിയുടെ രൂപവൽക്കരണത്തോടെ നമ്മുടെ **ജില്ലയിൽ നിർവ്വഹിക്കപ്പെട്ടിട്ടുള്ളത്** എന്നത് **ഏറെ അഭിമാനവും** ചാരിതാർത്ഥ്യവും നല്കുന്ന കാര്യമാണ്. ജില്ലയുടെ സമഗ്ര വികസനത്തിന് ഇനി കൂടുതൽ ചിട്ടയും വ്യക്തതയും ശാസ്ത്രീയതയും കൈവരും എന്നു പ്രത്യാശിക്കുന്നു. **ഈ സദുദ്യമത്തിൽ സഹകരിച്ച എല്ലാ സുമനസ്സുകൾക്കും** നന്ദി രേഖപ്പെടുത്തുന്നു.

ആശംസകളോടെ,



ജി. വേണുഗോപാൽ



**അനുപമ റ്റി.വി. ഐ.എ.എസ്.**
*ജില്ലാ കളക്ടർ & മെമ്പർ സെക്രട്ടറി*
*ജില്ലാ ആസൂത്രണ സമിതി*
*ആലപ്പുഴ*

ഓരോ നാടിനും അതിന്റേതായ പ്രത്യേകതയുണ്ട്. ആ തിരിച്ചറിവാണ് അവിടുത്തെ വികസന പദ്ധതിയ്ക്ക് ആധാരം. സാംസ്കാരികമായും രാഷ്ട്രീയപരമായും സാമ്പത്തികമായും ഏറെ പൈതൃകം അവകാശപ്പെടാവുന്ന ആലപ്പുഴ ജില്ല ഇടക്കാലത്ത് പിന്തള്ളപ്പെട്ടുപോയെങ്കിലും ഇന്ന് തിരിച്ചുവരവിന്റെ പാതയിലാണ്. അടിസ്ഥാന സൗകര്യ വികസനത്തിലും വ്യവസായത്തിലും ഊന്നൽ നല്കിക്കൊണ്ടുള്ള പല പദ്ധതികൾക്കും രൂപംകൊടുത്തു കഴിഞ്ഞു. അതിനുമപ്പുറത്തേയ്ക്ക് സമഗ്രമായ പുരോഗതിക്കുവേണ്ടിയുള്ള ചർച്ചകളും ആശയങ്ങളും പ്രവർത്തനങ്ങളും ഇനിയുമാവശ്യമായിരിക്കുന്ന ഘട്ടത്തിലാണ് ജില്ലാ പദ്ധതിയുടെ പ്രാധാന്യം സംസ്ഥാന സർക്കാർ നമ്മെ ബോദ്ധ്യപ്പെടുത്തിയത്. ഈ അവസരം പരമാവധി പ്രയോജനപ്പെടുത്താൻ ഈ പദ്ധതി രേഖയിൽ ഞങ്ങൾ ശ്രമിച്ചിട്ടുണ്ട്.

ഏതു മേഖലയിലാണെങ്കിലും ആലപ്പുഴയുടേതായ പ്രശ്നങ്ങൾ കണ്ടെത്തി അതു പരിഹരിക്കുന്നതിനാവശ്യമായ പ്രായോഗികതയിലൂന്നിയ നിർദ്ദേശങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഉദാഹരണത്തിന്, പുതിയ വിളകൾ കണ്ടെത്തുന്നതിനേക്കാൾ നെൽകൃഷി കൂടുതൽ ലാഭകരമാക്കുന്നതിനും വിത്തുല്പാദനം വർദ്ധിപ്പിക്കുന്നതിനും കർഷകർക്ക് സാങ്കേതിക സഹായം നല്കുന്നതിനുമാണ് കൃഷിയുമായി ബന്ധപ്പെട്ട അദ്ധ്യായത്തിൽ ഊന്നൽ നല്കിയിരിക്കുന്നത്.

എല്ലാ മേഖലകളും സ്പർശിച്ചിട്ടുണ്ടെങ്കിലും, ആലപ്പുഴയെ സംബന്ധിച്ചിടത്തോളം പ്രാധാന്യമേറിയ കൃഷി, വിനോദസഞ്ചാരം, ജലസേചനം, മത്സ്യബന്ധനം, കയർ തുടങ്ങിയവയ്ക്ക് കൂടുതൽ പരിഗണന നല്കിയിട്ടുണ്ട്. അതോടൊപ്പം തന്നെ സംയോജന സാദ്ധ്യതകളും നിർദ്ദേശങ്ങളും പരമാവധി ഉൾപ്പെടുത്തിയിട്ടുമുണ്ട്. അടിസ്ഥാന മേഖലകളിൽ മൂല്യവർദ്ധിത ഉല്പന്നങ്ങൾക്കും ഉല്പാദനത്തിനും ലാഭത്തിനുമാണ് പ്രാധാന്യം നല്കിയിട്ടുള്ളതെങ്കിൽ സേവന മേഖലയിൽ കൂടുതൽ പേരിലേയ്ക്ക് മികച്ച സേവനങ്ങൾ എത്തിക്കുന്നതിനാണ് പ്രാധാന്യം. ഇത്തരത്തിൽ ഓരോ വിഷയമേഖലയ്ക്കുമനുസൃതമായും നിർദ്ദേശങ്ങൾ രൂപീകരിക്കാൻ പരമാവധി ശ്രദ്ധ ചെലുത്തിയിട്ടുണ്ട്.

സമഗ്രമെന്ന് അവകാശപ്പെടുന്നില്ലെങ്കിലും ഉദ്ദേശ്യലക്ഷ്യങ്ങളോടടുത്തു നില്ക്കുന്ന ഒരു രേഖയാണിതെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. പിന്തുണയ്ക്ക് നന്ദി.

സ്നേഹപൂർവ്വം,

അനുപമ റ്റി.വി. ഐ.എ.എസ്.



**സുഹാസ് എസ്. ഐ.എ.എസ്.**
*ജില്ലാ കളക്ടർ & മെമ്പർ സെക്രട്ടറി*
*ജില്ലാ ആസൂത്രണ സമിതി*
*ആലപ്പുഴ*

വികസനത്തിന്റെ മേഖലയിൽ ഇടപെടുന്ന ഓരോ യൂണിറ്റിനും ദിശാബോധം നൽകുന്നതിന് സഹായിക്കുന്നതിനും ജില്ലയുടെ സമഗ്ര വികസന കാഴ്ചപ്പാട് പ്രതിഫലിപ്പിക്കുന്നതിനും ഉതകുന്ന ഒരു രേഖയായാണ് ജില്ലാ പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. കരട് പദ്ധതി പ്രസിദ്ധീകരിച്ചതിനുശേഷം 27 വിഷയമേഖലകളിലും, വിവിധ തലങ്ങളിലുള്ള ചർച്ചകളും, തിരുത്തലുകളും, കൂട്ടിച്ചേർക്കലുകളും നടത്തിയാണ് ഈ പദ്ധതിക്ക് അന്തിമ രൂപം നൽകിയിട്ടുള്ളത്. വരും വർഷങ്ങളിൽ, തദ്ദേശഭരണ സ്ഥാപനങ്ങൾക്കും, വകുപ്പുകൾക്കും പദ്ധതി രൂപീകരണ പ്രവർത്തനങ്ങളിൽ ജില്ലാ പദ്ധതി കണ്ടെത്തിയിട്ടുള്ള വികസന വിടവുകൾ വഴികാട്ടിയാവുകയും, ഒപ്പം ജില്ലയുടെ സമഗ്ര വികസനത്തിനുള്ള സംയുക്ത പദ്ധതി പ്രവർത്തനങ്ങളിൽ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിന് ഈ പദ്ധതി രേഖ സഹായകരമാവുമെന്ന് പ്രത്യാശിക്കുകയും ചെയ്യുന്നു. പദ്ധതി നിർവ്വഹണ പ്രവർത്തനങ്ങളുടെ വിലയിരുത്തലുകൾ നടത്തി വികസന പരിപ്രേക്ഷ്യം കാലാകാലങ്ങളിൽ നവീകരിക്കപ്പെടേണ്ടതുണ്ട്. എന്നിരുന്നാലും ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച് അന്തിമമാക്കിയ ഈ ജില്ലാ പദ്ധതിയിലെ വികസന കാഴ്ചപ്പാടും മാർഗ്ഗനിർദ്ദേശങ്ങളും പരിഗണിച്ചുവേണം തദ്ദേശഭരണ സ്ഥാപനങ്ങൾ തുടർന്നുള്ള വർഷങ്ങളിൽ അവയുടെ പദ്ധതിയും പ്രോജക്ടുകളും തയ്യാറാക്കി നടപ്പാക്കേണ്ടത്.

സ്നേഹപൂർവ്വം,

സുഹാസ് എസ്. ഐ.എ.എസ്.



**ലതി കെ. എസ്.**

*ജില്ലാ പ്ലാനിംഗ് ഓഫീസർ*

*ആലപ്പുഴ*

## മുഖവുര

1994-ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിന്റെ സെക്ഷൻ 53 പ്രകാരം ഭരണഘടനാ സ്ഥാപനമായ ജില്ലാ ആസൂത്രണ സമിതിക്ക് വിപുലമായ ചുമതലകളാണ് നൽകിയിട്ടുള്ളത്. ഇതിൽ പ്രധാനപ്പെട്ടതാണ് സമഗ്രമായ ജില്ലാ പദ്ധതി തയ്യാറാക്കുക എന്നുള്ളത്. കേരളത്തിലെ ജനകീയാസൂത്രണ പ്രവർത്തനത്തിന് തുടക്കം കുറിച്ചിട്ട് 20 വർഷങ്ങൾ പിന്നിട്ടിരിക്കുന്നു. ഇതിന്റെ അനുഭവത്തിൽ നിന്നുകൊണ്ടാണ് ആലപ്പുഴ ജില്ലയുടെ സമഗ്ര ജില്ലാപദ്ധതി തയ്യാറാക്കിയിരിക്കുന്നത്. സംസ്ഥാനത്ത് വലുപ്പത്തിൽ ഏറ്റവും ചെറുതും തീരദേശ ജില്ലയുമായ ആലപ്പുഴക്ക് ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ ഏറെയാണ്. ഇതിനനുസൃതമായ വികസന കാഴ്ചപ്പാട് ജില്ലാ പദ്ധതിയിൽ പ്രതിഫലിക്കുന്നുണ്ട്. കാർഷിക, മത്സ്യ, കയർ മേഖലകളുടെ സാധ്യതകളും, ജില്ല അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങളും ജില്ലാ പദ്ധതിയിൽ പ്രതിപാദിച്ചിട്ടുണ്ട്.

നവകേരളം കർമ്മ പദ്ധതിയുടെ ഭാഗമായുള്ള നാല് വികസന മിഷനുകളുടേയും ജില്ലയിലെ ത്രിതല പഞ്ചായത്തുകളും, നഗരസഭകളും വിവിധ വകുപ്പുകളും നടപ്പിലാക്കുന്ന വിവിധങ്ങളായ പദ്ധതികളുടേയും സംയോജന-ഏകോപന സാധ്യതകളും, മേൽത്തട്ട്-കീഴ്ത്തട്ട് നിർദ്ദേശങ്ങളും ജില്ലാ പദ്ധതിയിൽ പ്രത്യേകമായി പരാമർശിച്ചിട്ടുണ്ട്. ജില്ലാ പദ്ധതി തയ്യാറാക്കലിന്റെ ഭാഗമായി വിവിധ വിഷയ മേഖലകളിലായി 27 ഉപസമിതികൾ രൂപീകരിച്ചിട്ടുണ്ട്. ഈ വിഷയ മേഖലകൾ ഉൾക്കൊള്ളുന്ന ജില്ലയിലെ വിവിധ വകുപ്പുകളുടെ തലവൻമാരുടെ പൂർണ്ണമായ ചുമതലയിലാണ് ജില്ലാ പദ്ധതി തയ്യാറാക്കിയിട്ടുള്ളത്.

ചുരുങ്ങിയ സമയത്തിനുള്ളിൽ പൂർത്തിയാക്കിയ ജില്ലാപദ്ധതി എല്ലാ മേഖലകളിലും പൂർണ്ണമാണെന്ന് പറയുവാൻ സാധിക്കുകയില്ല. എന്നിരുന്നാലും സർക്കാർ വകുപ്പുകൾ, പ്രാദേശിക സർക്കാരുകൾ, വിവിധ ഏജൻസികൾ തുടങ്ങി വികസനത്തിന്റെ മേഖലയിൽ ഇടപെടുന്ന ഓരോ യൂണിറ്റിനും ദിശാബോധം നൽകുന്നതിന് സഹായിക്കുന്ന തരത്തിലും ജില്ലയുടെ സമഗ്ര വികസനം വിഭാവന ചെയ്യുന്ന രീതിയിലും ജില്ലാ പദ്ധതി തയ്യാറാക്കുന്നതിന് പരമാവധി ശ്രമിച്ചിട്ടുണ്ട്. വരും വർഷങ്ങളിൽ കൂടുതൽ വിശദവും സമഗ്രവുമായ പഠനത്തിന്റെ അടിസ്ഥാനത്തിൽ ആലപ്പുഴ ജില്ലാ പദ്ധതി സമഗ്രവും പൂർണ്ണവുമാക്കാൻ ആത്മാർത്ഥമായി ശ്രമിക്കുന്നതാണ്.

# ജില്ലാ ആസൂത്രണ സമിതി അംഗങ്ങൾ

| ക്രമ നം. | പേര് |
|---|---|
| 1 | ശ്രീമതി ദലീമാ ജോജോ |
| 2 | ശ്രീമതി കെ. സുമ |
| 3 | ശ്രീ. പി. എം. പ്രമോദ് |
| 4 | ശ്രീമതി ബിന്ദു ഐസക്ക് രാജു |
| 5 | ശ്രീമതി മണി വിശ്വനാഥ് |
| 6 | ശ്രീമതി ജമീല പുരുഷോത്തമൻ |
| 7 | ശ്രീ. ജോൺ തോമസ് |
| 8 | ശ്രീ. ജേക്കബ് ഉമ്മൻ |
| 9 | ശ്രീ. വിശ്വൻ പടനിലം |
| 10 | ശ്രീ. ജെബിൻ പി. വർഗ്ഗീസ് |
| 11 | ശ്രീമതി സീനത്ത് ബീവി (സീനത്ത് നാസർ) |
| 12 | അഡ്വ. യു. മുഹമ്മദ് ആലുമ്മൂട്ടിൽ |
| 13 | ശ്രീ. റ്റി.എസ്. വിശ്വൻ (സർക്കാർ നോമിനി) |

# എഡിറ്റോറിയൽ സമിതി

| | | |
|---|---|---|
| ചീഫ് എഡിറ്റർ | | **ശ്രീമതി അനുപമ റ്റി.വി. ഐ.എ.എസ്.**<br>ജില്ലാ കളക്ടർ |
| എഡിറ്റർ ഇൻ ചാർജ്ജ് | | **ശ്രീമതി ലതി കെ.എസ്.**<br>ജില്ലാ പ്ലാനിംഗ് ഓഫീസർ |
| വർക്കിംഗ് എഡിറ്റർ | | **ശ്രീ. സത്യപ്രകാശ് എസ്.**<br>ഡെപ്യൂട്ടി ജില്ലാ പ്ലാനിംഗ് ഓഫീസർ |
| അംഗങ്ങൾ | 1) | **ശ്രീ. റ്റി. എസ്. വിശ്വൻ**<br>ജില്ലാ ആസൂത്രണസമിതി സർക്കാർ പ്രതിനിധി |
| | 2) | **ശ്രീ. റ്റി. സി. ചന്ദ്രഹാസൻ,**<br>ജില്ലാ ഇൻഫർമേഷൻ ഓഫീസർ |
| | 3) | **ശ്രീ. പി. ജയരാജ്**<br>ജില്ലാ ഫെസിലിറ്റേറ്റർ ജനകീയാസൂത്രണം |
| | 4) | **ശ്രീമതി ലീലാദേവി എസ്.**<br>ഡെപ്യൂട്ടി ഡയറക്ടർ, സാമ്പത്തിക – സ്ഥിതിവിവര വകുപ്പ് |
| | 5) | **ശ്രീമതി ഇന്ദു വിജയനാഥ്**<br>ടൗൺ പ്ലാനർ, നഗരാസൂത്രണ കാര്യാലയം |
| | 6) | **ശ്രീ. എം. പി. അനിൽകുമാർ**<br>അസിസ്റ്റന്റ് ജില്ലാ പ്ലാനിംഗ് ഓഫീസർ |
| | 7) | **ശ്രീ. ഉല്ലാസ് ജി.**<br>റിസർച്ച് ഓഫീസർ, ജില്ലാ പ്ലാനിംഗ് ഓഫീസ് |
| | 8) | **ശ്രീ. ഫ്രാൻസിസ് പി. ജെ.**<br>സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ്, ജില്ലാ പ്ലാനിംഗ് ഓഫീസ് |


| | | |
|---|---|---|
| ടൈപ്പിംഗ് ലേ ഔട്ടും | 1) | **ശ്രീ. മധു ബി.**<br>*സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ്, ജില്ലാ പ്ലാനിംഗ് ഓഫീസ്* |
| | 2) | **ശ്രീമതി ശാന്തിനി എസ്. നായർ**<br>*ഡാറ്റാ എൻട്രി ഓപ്പറേറ്റർ* |
| സ്ഥലപരാസൂത്രണ സഹായം | | **ശ്രീ. അഭയ് റ്റി.എസ്.**<br>*പ്ലാനിംഗ് അസിസ്റ്റന്റ്* |
| സഹായം | 1) | **ശ്രീ. പ്രവീൺ പി. പള്ളത്ത്**<br>*റിസർച്ച് ഓഫീസർ, ജില്ലാ പ്ലാനിംഗ് ഓഫീസ്* |
| | 2) | **ശ്രീ. സജിമോൻ എസ്.**<br>*റിസർച്ച് അസിസ്റ്റന്റ്, ജില്ലാ പ്ലാനിംഗ് ഓഫീസ്* |
| | 3) | **ശ്രീമതി നിത്യ എസ്.**<br>*റിസർച്ച് അസിസ്റ്റന്റ്* |
| | 4) | **ശ്രീമതി രാജേശ്വരി ബി.**<br>*പ്രോജക്ട് അസ്സോസിയേറ്റ്* |
| | 5) | **കുമാരി ദീപ്തി എ.**<br>*പ്രോജക്ട് അസ്സോസിയേറ്റ്* |

## അദ്ധ്യായങ്ങളും തയ്യാറാക്കിയവരും

| ക്രമ നം. | വിഷയ സമിതി | കൺവീനർ |
|---|---|---|
| 1 | ആമുഖം | **ലീലാദേവി എസ്.**<br>ഡെപ്യൂട്ടി ഡയറക്ടർ, ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് |
| 2 | വിഭവ ലഭ്യത | **ലതി കെ. എസ്.**<br>ജില്ലാ പ്ലാനിംഗ് ഓഫീസർ |
| 3 | വികസനത്തിന്റെ സ്ഥലമാനം | **ഇന്ദു വിജയനാഥ്**<br>ടൌൺ പ്ലാനർ, നഗരാസൂത്രണ കാര്യാലയം |
| 4 | കൃഷി | **പ്രേംകുമാർ ജെ.**<br>പ്രിൻസിപ്പൽ കൃഷി ഓഫീസർ |
| 5 | ജലസേചനം | **ആർ. രേഖ**<br>എക്സിക്യുട്ടിവ് എഞ്ചിനിയർ, ജലസേചന വകുപ്പ് |
| 6 | മണ്ണ് - ജല സംരക്ഷണം | **മഞ്ജു എഫ്.**<br>ജില്ലാ ഓഫിസർ, മണ്ണ് - ജല സംരക്ഷണ വകുപ്പ് |
| 7 | മൃഗ സംരക്ഷണം | **പി. സി. സുനിൽകുമാർ**<br>മൃഗസംരക്ഷണ ഓഫീസർ, മൃഗസംരക്ഷണ വകുപ്പ് |
| 8 | ക്ഷീര വികസനം | **ശ്രീലത കെ. ജി.**<br>ഡെപ്യൂട്ടി ഡയറക്ടർ, ക്ഷീരവികസന വകുപ്പ് |
| 9 | മത്സ്യ വികസനം | **സി. പി. അനിരുദ്ധൻ**<br>ഡെപ്യൂട്ടി ഡയറക്ടർ, മത്സ്യബന്ധന വകുപ്പ് |
| 10 | പരിസ്ഥിതി, കാലാവസ്ഥാ വ്യതിയാനം, വന വികസനം | **സുമി ജോസഫ്**<br>അസി. കൺസർവേറ്റർ, സാമൂഹ്യ വനവത്കരണം |
| 11 | വ്യവസായം, വാണിജ്യം | **ലൌലി എം.പി.**<br>ജനറൽ മാനേജർ, ജില്ലാ വ്യവസായകേന്ദ്രം |
| 12 | സ്വയംതൊഴിൽ, കയർ വ്യവസായം | **യു. അജിത് കുമാർ**<br>പ്രോജക്ട് ഓഫീസർ, കയർ വ്യവസായം |
| 13 | ആരോഗ്യം (അലോപ്പതി) | **ഡോ. ഡി. വസന്തദാസ്**<br>ജില്ലാ മെഡിക്കൽ ഓഫീസർ (അലോപ്പതി) |
| 14 | ആരോഗ്യം (ആയുർവേദം) | **ഡോ. എ. പി. ശ്രീകുമാർ**<br>ജില്ലാ മെഡിക്കൽ ഓഫീസർ (ആയുർവേദം) |

| ക്രമ നം. | വിഷയ സമിതി | കൺവീനർ |
|---|---|---|
| 15 | ആരോഗ്യം (ഹോമിയോ) | **ഡോ. കെ. ആർ. സതീഷ് കുമാർ**<br>ജില്ലാ മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| 16 | കുടിവെള്ളം | **എ. ഷീജ**<br>എക്സി. എഞ്ചിനിയർ, കേരള വാട്ടർ അതോറിറ്റി |
| 17 | ശുചിത്വം | **ബിൻസ് സി. തോമസ്**<br>ജില്ലാ കോ-ഓർഡിനേറ്റർ, ജില്ലാ ശുചിത്വ മിഷൻ |
| 18 | പാർപ്പിടം | **കെ. ആർ. ദേവദാസ്**<br>പ്രോജക്ട് ഡയറക്ടർ, ദാരിദ്ര്യ ലഘൂകരണ വിഭാഗം |
| 19 | വിദ്യാഭ്യാസം | **കെ. പി. ലതിക**<br>ഡെപ്യൂട്ടി ഡയറക്ടർ, വിദ്യാഭ്യാസ വകുപ്പ് |
| 20 | സംസ്കാരം, കായികം,<br>യുവജനക്ഷേമം | **സബിത റ്റി. സി.**<br>ജില്ലാ യുവജനക്ഷേമ ഓഫീസർ |
| 21 | ഊർജ്ജം | **ഉദയവർമ്മ ബി.**<br>ഡെപ്യൂട്ടി ചീഫ് എഞ്ചിനിയർ, ഇലക്ട്രിക്കൽ സർക്കിൾ |
| 22 | ഗതാഗതം,<br>വാർത്താവിനിമയം | **ഷിബു കെ. ഇട്ടി**<br>റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ |
| 23 | വിനോദസഞ്ചാരം | **അഭിലാഷ് കുമാർ റ്റി. ജി.**<br>ഡെപ്യൂട്ടി ഡയറക്ടർ, ടൂറിസം വകുപ്പ് |
| 24 | പട്ടികജാതി വികസനം | **ശാന്താമണി കെ. കെ.**<br>ജില്ലാ പട്ടികജാതി വികസന ഓഫീസർ |
| 25 | പട്ടികവർഗ്ഗ വികസനം | **വി. ആർ. മധു**<br>പട്ടികവർഗ്ഗ വികസന ഓഫീസർ, പുനലൂർ |
| 26 | വനിതകൾ | **എ. ജെ. എലിസബത്ത്**<br>ജില്ലാ വനിതാ ക്ഷേമ ഓഫീസർ |
| 27 | സാമൂഹ്യക്ഷേമം | **അനീറ്റ എസ്. ലിൻ**<br>ജില്ലാ സാമൂഹ്യ നീതി ഓഫീസർ |
| **ക്രോഡീകരണം :** | | **ജില്ലാ പ്ലാനിംഗ് ഓഫീസ്, ആലപ്പുഴ** |

# ആലപ്പുഴ ജില്ല - രേഖാചിത്രം



# ഉള്ളടക്കം


| | | പേജ് നമ്പർ |
|---|---|---|
| ഭാഗം 1 : | ജില്ലാ വികസന പരിപ്രേക്ഷ്യം | |
| അദ്ധ്യായം 1 | **ആമുഖം** | 23 |
| അദ്ധ്യായം 2 | **വിഭവ ലഭ്യത** | 62 |
| | പ്രകൃതി വിഭവങ്ങൾ | 62 |
| | മനുഷ്യ വിഭവം | 81 |
| | ധന വിഭവം | 89 |
| | സ്ഥാപന വിഭവങ്ങൾ | 109 |
| അദ്ധ്യായം 3 | **വികസനത്തിന്റെ സ്ഥലമാനങ്ങൾ** | 127 |
| അദ്ധ്യായം 4 | **വികസന മേഖലകൾ : അവസ്ഥയും പരിപ്രേഷ്യവും** | 169 |
| 4.1 | **ഉൽപാദന മേഖല** | 169 |
| | കൃഷി | 170 |
| | ജലസേചനം | 183 |
| | മണ്ണ്-ജല സംരക്ഷണം | 193 |
| | മൃഗസംരക്ഷണം | 202 |
| | ക്ഷീരവികസനം | 221 |
| | മത്സ്യവികസനം | 230 |
| | പരിസ്ഥിതി | 249 |
| | കാലാവസ്ഥ | 255 |
| | വനവികസനം | 261 |
| | വ്യവസായം/പ്രാദേശിക സാമ്പത്തികം | 266 |
| | സ്വയം തൊഴിൽ സംരംഭങ്ങൾ, കയർ | 278 |
| 4.2 | **സേവന മേഖല** | 287 |
| | ആരോഗ്യം: | 288 |
| | അലോപ്പതി | 288 |
| | ആയുർവ്വേദം | 299 |
| | ഹോമിയോ | 313 |
| | കുടിവെള്ളം | 327 |
| | ശുചിത്വം | 353 |
| | പാർപ്പിടം | 381 |
| | വിദ്യാഭ്യാസം | 392 |
| | സംസ്കാരം | 414 |
| | കായികം, യുവജനകാര്യം | 418 |

| | | |
|---|---|---|
| 4.3 | **പശ്ചാത്തല മേഖല** | 429 |
| | ഊർജ്ജം | 430 |
| | ഗതാഗതം | 437 |
| | വിവരസാങ്കേതികം | 448 |
| | വിനോദസഞ്ചാരം | 456 |
| 4.4 | **പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങൾ** | 465 |
| | പട്ടികജാതി വികസനം | 466 |
| | പട്ടികവർഗ്ഗ വികസനം | 483 |
| | വനിതാ വികസനം | 506 |
| | സാമൂഹ്യക്ഷേമം : | 524 |
| | വയോജനങ്ങൾ | 524 |
| | കുട്ടികൾ | 527 |
| | ഭിന്നശേഷിക്കാർ | 542 |
| | ഭിന്നലിംഗക്കാർ | 550 |
| ഭാഗം 2 : ജില്ലാപദ്ധതി നിർദ്ദേശങ്ങൾ | | 553 |
| അദ്ധ്യായം 5 | **കേന്ദ്ര സംസ്ഥാന സർക്കാരുകൾ ജില്ലയിൽ നടപ്പാക്കുന്ന പദ്ധതികളുടെ അവലോകനവും അവ പരമാവധി പ്രയോജനപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങളും** | 555 |
| | കേന്ദ്രാവിഷ്കൃത പദ്ധതി | 555 |
| | സംസ്ഥാനാവിഷ്കൃത പദ്ധതി | 559 |
| അദ്ധ്യായം 6 | **തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 2017-18 വാർഷിക പദ്ധതി അവലോകനവും നിർദ്ദേശങ്ങളും.** | 612 |
| | ഗ്രാമപഞ്ചായത്തുകൾ | 613 |
| | ബ്ലോക്ക് പഞ്ചായത്തുകൾ | 625 |
| | നഗരസഭകൾ | 630 |
| | ആലപ്പുഴ ജില്ലാപഞ്ചായത്ത് | 632 |
| | വാർഷിക പദ്ധതി മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ | 634 |
| അദ്ധ്യായം 7 | **പരിപ്രേക്ഷ്യത്തിന്റെയും നിർദ്ദേശങ്ങളുടെയും സംഗ്രഹം** | 636 |
| | മേൽത്തട്ട് നിർദ്ദേശങ്ങൾ | 657 |
| | കീഴ്ത്തട്ട് നിർദ്ദേശങ്ങൾ | 687 |
| | സമന്വയ / സംയോജന സാധ്യതകൾ | 723 |

# ഭാഗം 1

## ജില്ലാ വികസന പരിപ്രേക്ഷ്യം

# അദ്ധ്യായം1

# ആമുഖം

ജനകീയപദ്ധതി എന്നറിയപ്പെട്ട ഒൻപതാം പഞ്ചവൽസര പദ്ധതിക്കാലത്താണ് അധികാരം ജനങ്ങളിലേയ്ക്ക് എന്ന മുദ്രാവാക്യത്തോടെ ഓരോ പ്രദേശത്തിന്റെയും വികസന, ആസൂത്രണ കാര്യങ്ങളിൽ പഞ്ചായത്തുകൾക്ക് കൂടുതൽ പങ്കാളിത്തം ലഭിച്ചത്. ദാരിദ്ര നിർമ്മാർജ്ജനം, സ്ത്രീ ശാക്തീകരണത്തിനായി കുടുംബശ്രീ പോലുള്ള സംരംഭങ്ങൾ എന്നിവ ഈ കാലത്താണ് ആവിഷ്കരിച്ചത്. ജനകീയ പങ്കാളിത്തം കൊണ്ട് ലോക പ്രസിദ്ധി നേടിയ ഒൻപതാം പഞ്ചവൽസര പദ്ധതിക്കാലത്ത് രൂപീകരിച്ച ജനകീയാസൂത്രണം ഏറ്റവും ഭംഗിയായി ആലപ്പുഴയിൽ നടപ്പിലാക്കിയിരുന്നു. ഇപ്പോൾ പതിമൂന്നാം പഞ്ചവൽസര പദ്ധതിക്കാലത്ത് ആസൂത്രണത്തിനും നിർവ്വഹണത്തിനും വർദ്ധിച്ച ജനപങ്കാളിത്തം ഉറപ്പു വരുത്തുന്നതിനായി കേരളത്തിൽ ജില്ലാ പദ്ധതി രൂപീകരണം മുതലുള്ള ചിട്ടയായ പ്രവർത്തനങ്ങൾക്ക് സർക്കാർ നടപടികൾ സ്വീകരിച്ചു വരുന്നു. വികേന്ദ്രീകൃത ആസൂത്രണ നിർവ്വഹണത്തിൽ കേരളം ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങൾക്ക് മാതൃകയായിത്തീർന്നിരിക്കുന്നു. ഈ പദ്ധതിയിലൂടെ ഉൽപ്പാദനമേഖലയുടെ സ്ഥായിയായ വളർച്ച, മാലിന്യ സംസ്കരണ പദ്ധതികൾ, എല്ലാവർക്കും ഭവനം, ഉചിത നഗര-ഗ്രാമസംസ്കാരം എന്നിവ ലക്ഷ്യമാക്കുന്നു.

ഭരണഘടന വിഭാവനം ചെയ്തപോലെ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്ന രീതി മറ്റു സംസ്ഥാനങ്ങളിൽ നിന്ന് വ്യത്യസ്തമായി കേരളത്തിൽ പ്രാവർത്തികമാക്കിയെങ്കിലും പല പോരായ്മകളും പ്രവർത്തനങ്ങളിൽ നിഴലിച്ചിരുന്നു. ഈ പോരായ്മകൾ പരിഹരിക്കുന്നതിന് ലഭ്യമായ വിഭവങ്ങളെ ഫലപ്രദമായി ഉപയോഗിച്ച് വികസനപ്രശ്നങ്ങൾ സംയുക്തമായി ആസൂത്രണം ചെയ്യേണ്ടതുണ്ട്. ഇത്തരത്തിൽ ജില്ലാ ആസൂത്രണ സമിതിയുടെ ഭരണഘടന ചുമതലകൾ നിറവേറ്റുന്നതിനുള്ള ഒരു ഉപാധിയാണ് ജില്ലാ പദ്ധതി. ഇതു വഴി ഭരണഘടനാ സ്ഥാപനമായ ആസൂത്രണ സമിതിയുടെ ചുമതലകളിൽ പ്രധാനമായ ജില്ലാ ആസൂത്രണത്തിന്റെ ഭാഗമായി ജില്ലയുടെ സമഗ്ര വികസനം ലക്ഷ്യമാക്കിയുള്ള പദ്ധതിക്ക് രൂപം നൽകേണ്ടതുണ്ട്. സ്ഥലമാനാസൂത്രണം, ഭൗതികവും പ്രകൃതിദത്തവുമായ വിഭവങ്ങളുടെ പങ്കിടൽ, പരിസ്ഥിതിസംരക്ഷണം, അടിസ്ഥാന സൗകര്യങ്ങളുടെ സംയോജിത വികസനം എന്നിവ ഉൾപ്പെടുത്തിയാണ് ജില്ലാ പദ്ധതി തയ്യാറാക്കുന്നത്.


പരിഹാരം കാണേണ്ട ഒട്ടേറെ പ്രതിസന്ധികളും പ്രശ്നങ്ങളും ഇന്ന് ജില്ലയിലുണ്ട്. ഇവ ദീർഘകാലാടിസ്ഥാനത്തിലും, ഹ്രസ്വകാലാടിസ്ഥാനത്തിലും പരിഹരിക്കേണ്ടവയാണ്. വികസിതരാജ്യങ്ങൾക്കൊപ്പം ജീവിത നിലവാരം ആർജ്ജിച്ച നാം അതിൽ നിന്നും പിന്നോക്കം പോകുന്നു. ഈ സാഹചര്യത്തിൽ പതിമൂന്നാം പഞ്ചവൽസര പദ്ധതിയിൽ നല്ല രീതിയിലുള്ള ജില്ലാപദ്ധതിക്ക് ഏറെ പ്രസക്തിയുണ്ട്. കേരളത്തിലെ പിന്നോക്കാവസ്ഥയിലുള്ള ഒരു ജില്ല എന്ന നിലയിൽ ആലപ്പുഴ നേരിടുന്ന പ്രശ്നങ്ങൾക്ക് ദീർഘകാലാടിസ്ഥാനത്തിൽ പരിഹാരം കണ്ടെത്താനുള്ള ഒരു വഴികാട്ടിയാണ് ഈ ജില്ലാ പദ്ധതി.

## ഭൂപ്രകൃതി

വൈവിധ്യമാർന്ന ഭൂപ്രകൃതിയാണ് ആലപ്പുഴ ജില്ലയ്ക്കുള്ളത്. തിരുവല്ല, ചങ്ങനാശ്ശേരി, കോട്ടയം എന്നീ താലൂക്കുകളുടെ പടിഞ്ഞാറെ അതിർത്തി വരെ ഉണ്ടായിരുന്ന അറേബ്യൻ കടൽ പിൻവാങ്ങിയാണ് ചേർത്തല, അമ്പലപ്പുഴ താലൂക്കുകൾ രൂപം കൊണ്ടത്. ഭൂകമ്പത്തിന്റെ ഫലമായാണ് വേമ്പനാട്ടു കായൽ ഉത്ഭവിച്ചത്. വൃക്ഷനിബിഡമായിരുന്ന പ്രദേശമാണ് പിന്നീട് കുട്ടനാടായി മാറിയത്. ചേർത്തല, അമ്പലപ്പുഴ, കാർത്തികപ്പള്ളി എന്നീ താലൂക്കുകളുടെ പടിഞ്ഞാറെ ഭാഗം മണൽപ്പുറവും കിഴക്കേ ഭാഗം ചെളിപ്രദേശവുമാണ്. കുട്ടനാട് താലൂക്ക് ഉൾപ്പെടുന്ന ഭൂഭാഗം സമുദ്ര നിരപ്പിൽ താഴെയാണ് സ്ഥിതി ചെയ്യുന്നത്. കുട്ടനാട് മുഴുവനും മാവേലിക്കര, ചെങ്ങന്നൂർ താലൂക്കുകളുടെ പടിഞ്ഞാറൻ ഭാഗവും ചെളിപ്രദേശങ്ങളാണ്. ചെങ്ങന്നൂർ താലൂക്കിന്റെ ചെറിയ ഒരു ഭാഗം മലനാട് വിഭാഗത്തിൽപ്പെടുന്നു.ജില്ലയുടെ മണൽപ്രദേശങ്ങളിൽ സിലിക്ക, അഭ്രം തുടങ്ങിയ ലോഹാംശങ്ങളും പലതരം കക്കകളും അടങ്ങിയ മണ്ണാണ് കാണപ്പെടുന്നത്. നദീതീരത്തോടു ചേർന്നു കിടക്കുന്ന പ്രദേശങ്ങളിൽ ജൈവാംശം കലർന്ന പശിമരാശി മണ്ണാണ് പൊതുവെ കാണപ്പെടുന്നത്. കടൽത്തീരത്തിനും വയലുകൾക്കും ഇടയ്ക്കുള്ള കരഭാഗത്ത് ചെളി കലർന്ന മണലാണ്. ഏറ്റവും കൂടുതൽ കടൽത്തീരമുള്ള ഒരു ജില്ല കൂടിയാണ് ആലപ്പുഴ. ജില്ലയ്ക്ക് 82 കി.മീ. ദൂരം പരന്ന ഇടമുറിയാതെയുള്ള കടൽത്തീരമാണുള്ളത്. കേരളത്തിലെ ഏറ്റവും വലിയ കായലായ വേമ്പനാട് കായലും വ്യാവസായികവും ചരിത്രപരവുമായ പ്രാധാന്യമുള്ള കായംകുളം കായലും ആലപ്പുഴയിലാണ്. ആലപ്പുഴ, എറണാകുളം, കോട്ടയം ജില്ലകളിലായി വ്യാപിച്ചു കിടക്കുന്ന വേമ്പനാട് കായലിന് 200 ച.കി.മീ. വിസ്തൃതിയുണ്ട്. ജില്ലയുടെ പ്രധാന ഭാഗം തീരസമതലവും കായലുകളുമാണ്. ജില്ലയുടെ ഏകദേശം 80% ഭൂഭാഗവും സമുദ്രനിരപ്പിനും സമുദ്രനിരപ്പിൽ നിന്ന് 7 മീറ്റർ ഉയരത്തിലുമായി സ്ഥിതി ചെയ്യുന്നു.

## കാലാവസ്ഥ

ആലപ്പുഴയിൽ പൊതുവേ മൺസൂൺ കാലാവസ്ഥയാണ് അനുഭവപ്പെടുന്നത്. എങ്കിലും ജില്ലയുടെ ഉൾപ്രദേശങ്ങളിൽ സമുദ്രതീരത്തെ അപേക്ഷിച്ച് സമശീതോഷ്ണ കാലാവസ്ഥയാണ്. ജൂൺ മുതൽ ആഗസ്റ്റ് മാസം വരെ കാലവർഷവും ഒക്ടോബർ നവംബർ മാസങ്ങളിൽ തുലാവർഷവും ഡിസംബർ ജനുവരി മാസങ്ങളിൽ മഞ്ഞും മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിൽ വേനലും അനുഭവപ്പെടുന്നു. ഏപ്രിൽ, മെയ് മാസങ്ങളിൽ കുറച്ച് വേനൽമഴ ലഭിക്കാറുണ്ട്. ജില്ലയിലെ ശരാശരി വാർഷികവൃഷ്ടിപാതം 2500 മില്ലീമീറ്ററാണ്.




## ആലപ്പുഴ – പ്രധാന സ്ഥിതിവിവര കണക്കുകൾ

**ചരിത്രപരമായി തിരുവിതാംകൂറിന്റെ ഭാഗമായിരുന്ന ആലപ്പുഴ ഇന്ത്യയുടെ തെക്ക്-പടിഞ്ഞാറൻ തീരപ്രദേശത്ത് സ്ഥിതി ചെയ്യുന്നു.** ഉത്തര അക്ഷാംശം $9^{0}5^{1}$ നും **പൂർവ്വരേഖാംശം** $76^{0}17^{1}$ മുതൽ $76^{0}44^{1}$**നും ഇടയിലായി** 1414 ച.കി.മീ. **വിസ്തൃതിയുള്ള കേരളത്തിൽ വിസ്തീർണ്ണത്തിൽ** ഏറ്റവും ചെറുതും എന്നാൽ **ജനസാന്ദ്രത കൂടിയതുമായ ജില്ലയാണ് ആലപ്പുഴ.** വടക്ക് **എറണാകുളവും കിഴക്ക് കോട്ടയം, പത്തനംതിട്ട ജില്ലകളും തെക്ക് കൊല്ലം ജില്ലയും പടിഞ്ഞാറ് അറബികടലുമാണ് ആലപ്പുഴയുടെ അതിരുകൾ.**സംസ്ഥാന വിസ്തൃതിയുടെ 3.64% വിസ്തൃതി **മാത്രമുള്ള ഈ ജില്ല വനഭൂമിയില്ലാത്തതും കായലുകളും,** തോടുകളും, **പുഴകളുംകൊണ്ട്** സമ്പന്നവുമാണ്. 1957 ആഗസ്റ്റ് 17 ന് ആലപ്പുഴ ജില്ല രൂപം കൊണ്ടു. **പിന്നീട് ജില്ലയിലെ** തിരുവല്ല താലൂക്കും, മാവേലിക്കര, **ചെങ്ങന്നൂർ താലൂക്കുകളിലെ** കുറെ ഭാഗങ്ങളും 1982 നവംബർ 1 ന്

നിലവിൽ വന്ന പത്തനംതിട്ട ജില്ലയുടെ ഭാഗമായി. ചേർത്തല, അമ്പലപ്പുഴ, കുട്ടനാട്, കാർത്തികപ്പള്ളി, മാവേലിക്കര, ചെങ്ങന്നൂർ എന്നിങ്ങനെ ആറ് താലൂക്കുകൾ ചേർന്നതാണ്ഇപ്പോഴത്തെ ആലപ്പുഴ ജില്ല.

## ജില്ല ഒറ്റനോട്ടത്തിൽ

| | |
|---|---|
| ജില്ലാ രൂപീകരണം | 1957 ആഗസ്റ്റ് 17 |
| വിസ്തീർണ്ണം | 1414 ച.കി.മീ. |
| റവന്യൂ ഡിവിഷൻ | 2 (ചെങ്ങന്നൂർ, ആലപ്പുഴ) |
| താലൂക്കുകൾ | 6 (ചേർത്തല, അമ്പലപ്പുഴ, കുട്ടനാട്, കാർത്തികപ്പള്ളി, ചെങ്ങന്നൂർ, മാവേലിക്കര) |
| വില്ലേജുകൾ | 93 |
| മുനിസിപ്പാലിറ്റികൾ | 6 (ചേർത്തല, ആലപ്പുഴ, കായംകുളം, ഹരിപ്പാട്, ചെങ്ങന്നൂർ, മാവേലിക്കര) |
| ബ്ളോക്കുകൾ | 12 |
| പഞ്ചായത്തുകൾ | 72 |
| നിയമസഭാ മണ്ഡലങ്ങൾ | 9 |
| പാർലമെന്റ് മണ്ഡലങ്ങൾ | 2 |
| നദികൾ | മണിമല, പമ്പ, അച്ചൻകോവിൽ |
| ആകെ ജനസംഖ്യ | 21,27,789 |
| പുരുഷൻമാർ | 10,13,142 |
| സ്ത്രീകൾ | 11,14,647 |
| ജനപ്പെരുപ്പം | 0.88% |
| വിസ്തീർണ്ണം (ച.മീ.കി .) | 1,415 |
| ജനസാന്ദ്രത (ചമീ.കി.) | 1,504 |
| കേരളജനസംഖ്യയെ അടിസ്ഥാനമാക്കി | 6.37% |
| ലിംഗാനുപാതം (പുരുഷന് 1000) | 1100 |
| കുട്ടികളുടെ എണ്ണം (വയസ്സ് 0-6) | 1,92,046 |
| ആൺകുട്ടികളുടെ എണ്ണം (വയസ്സ് 0-6) | 98,444 |
| പെൺകുട്ടികളുടെ എണ്ണം (വയസ്സ് 0-6) | 93,602 |
| ലിംഗാനുപാതം (വയസ്സ് 0-6) | 951 |
| സാക്ഷരർ | 18,52,797 |
| പുരുഷ സാക്ഷരർ | 8,90,552 |
| സ്ത്രീ സാക്ഷരർ | 9,62,245 |
| സാക്ഷരത ശതമാനം | 95.72 |
| പുരുഷ സാക്ഷരത ശതമാനം | 97.36 |
| സ്ത്രീ സാക്ഷരത ശതമാനം | 94.24 |
| വീടുകളുടെ എണ്ണം | 534994 |
| ശരാശരി കുടുംബാംഗങ്ങളുടെ എണ്ണം | 4.0 |
| പട്ടികജാതിക്കാരുടെ എണ്ണം | 201211 |
| പട്ടികവർഗക്കാരുടെ എണ്ണം | 6574 |
| അംഗവൈകല്യമുളളവരുടെ എണ്ണം | 57964 |
| മെഡിക്കൽ കോളേജ് | 1 |
| ജില്ലാ ആശുപത്രി | 2 |
| ജനറൽ ആശുപത്രി | 1 |

| | |
|---|---|
| താലൂക്ക് ആശുപത്രി | 5 |
| സി.എച്ച്.സി. | 16 |
| പി.എച്ച്.സി. | 59 |
| ആയുർവേദാശുപത്രി | 84 |
| ഹോമിയോ ആശുപത്രി | 55 |
| ഹൈസ്കൂളുകൾ | 197 |
| യു.പി.സ്കൂളുകൾ | 156 |
| എൽ.പി.സ്കൂളുകൾ | 410 |
| എച്ച്.എസ്.എസ് | 135 |
| വി.എച്ച്.എസ്.സി. | 21 |
| ജില്ലയിലെ അംഗനവാടികളുടെ എണ്ണം | 2150 |
| വിനോദസഞ്ചാരികളുടെ എണ്ണം – 2016 | 393515 |
| രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ എണ്ണം | 8830 |
| ഭിന്നലിംഗക്കാർ | 62 |
| വാണിജ്യ ബാങ്കുകളുടെ എണ്ണം | 371 |
| ജില്ലയിലെ പ്രതിശീർഷവരുമാനം (2015–16, താത്കാലികം) | 130172 |
| സംസ്ഥാന ആഭ്യന്തര ഉൽപ്പാദനത്തിൽ ജില്ലയുടെ ഘടകമൂല്യം | 3860438 (നടപ്പു വിലയിൽ) |
| റോഡുകളുടെ ദൈർഘ്യം | 1472.334 കി.മീ. |
| വാഹനങ്ങളുടെ എണ്ണം | 697203 |
| അക്ഷയ സെന്ററുകളുടെ എണ്ണം | 213 |
| മത്സ്യത്തൊഴിലാളികളുടെ എണ്ണം | 167794 |
| നെല്ലുല്പാദനം (ടൺ) | 89335 |
| വാണിജ്യ ബാങ്കുകളുടെ എണ്ണം | 371 |

## വികസനചരിത്രം

ഒരു നാടിന്റെ വികസന ചരിത്രത്തിൽ അതിന്റെ രാഷ്ട്രീയ സാമ്പത്തിക സാമൂഹിക സാംസ്കാരിക മേഖലകൾക്ക് നിർണ്ണായകമായ പങ്കുണ്ട്. 1951-ൽ ആലപ്പുഴ ജില്ല രൂപീകരിക്കുന്നതിന് മുൻപ് ഈ ജില്ലയിൽ ഉൾപ്പെടുന്ന പ്രദേശങ്ങൾ കൊല്ലം, കോട്ടയം ജില്ലകളിൽപ്പെട്ടവയായിരുന്നു. രാഷ്ട്രീയ ഭേദമന്യേ ജനങ്ങൾ വിപുലമായ രീതിയിൽ പ്രക്ഷോഭ സമരങ്ങൾ സംഘടിപ്പിക്കുകയും, ഇ.എം.എസ് നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിലെ സംസ്ഥാന സർക്കാർ ജില്ലാ രൂപീകരണത്തിന് ഉത്തരവിടുകയും ചെയ്തു. അങ്ങനെ 1957 ആഗസ്റ്റ് 17 ന് ആലപ്പുഴ ജില്ല രൂപം കൊണ്ടു. സംസ്ഥാന വിസ്തീർണ്ണത്തിൽ ഏറ്റവും ചെറുതും, ജനസാന്ദ്രത ഉയർന്നതുമായ ജില്ലയാണ് ആലപ്പുഴ.

ശാന്തമായ അലകളോടു കൂടിയ അറബിക്കടലിനും, മധ്യകേരളത്തിൽ നിന്ന് ഒഴുകിയെത്തുന്ന പുഴകളുടേയും നടുവിൽ സ്ഥിതി ചെയ്യുന്ന പ്രദേശം എന്ന അർത്ഥത്തിലാണ് ആലപ്പുഴ എന്ന സ്ഥലനാമം ലഭിച്ചതെന്ന് പറയപ്പെടുന്നു. അറബിക്കടലും, വേമ്പനാട്ടു കായലും അതിർത്തി നിർണ്ണയിക്കുന്ന ജില്ലയുടെ ഭരണസിരാകേന്ദ്രമായ ആലപ്പുഴ നഗരം കിഴക്കിന്റെ വെനീസ് എന്നും വിളിക്കപ്പെടുന്നു. നഗരത്തിലൂടെ ഒഴുകുന്ന കനാലുകളുടെ സമ്പന്നതയും അവയുടെ തീരത്തെ കച്ചവട സ്ഥാപനങ്ങളും യൂറോപ്യൻ നഗരമായ വെനീസിനെ

ഓർമ്മിപ്പിക്കുന്നതാണ് ഇതിനു കാരണം. ബ്രിട്ടീഷ് ഭരണകാലത്ത് ഒരു പ്രമുഖ തുറമുഖ നഗരമായിരുന്ന ആലപ്പുഴ കയർ ഉൽപ്പന്നങ്ങളുടെയും കൊപ്രയുടെയും ലോകത്തിലെ തന്നെ അറിയപ്പെട്ടിരുന്ന വാണിജ്യ കേന്ദ്രമായിരുന്നു.

**ആലപ്പുഴയുടെ ആദ്യകാലചരിത്രം**

ആദിചേര സാമ്രാജ്യത്തിന്റെ ഭരണകേന്ദ്രങ്ങളിലൊന്നായിരുന്ന കുട്ടനാട്. രണ്ടാം ചേരസാമ്രാജ്യക്കാലമായ ക്രിസ്തുവർഷം 800–1102 കാലയളവിൽ തലസ്ഥാനം മഹോദയപുരം (ഇന്നത്തെ കൊടുങ്ങല്ലൂർ) ആയി മാറുകയായിരുന്നു. ചേരചക്രവർത്തിയുടെ സാമന്തനായ നാടുവാഴികൾ ഭരണകർത്താക്കളായ ആലപ്പുഴ ഉൾപ്പെടുന്ന കുട്ടനാടും ഇന്നത്തെ കാർത്തികപ്പള്ളി, മാവേലിക്കര എന്നീ താലൂക്കുകളിലെ പ്രദേശങ്ങൾ ഉൾപ്പടുന്ന ഓടനാടും തിരുവല്ല, ചെങ്ങന്നൂർ, ചങ്ങനാശ്ശേരി എന്നിവയുടെ ഭാഗങ്ങളും ചേരുന്ന നഞ്ചുഴ നാടുമായിരുന്നു പ്രധാന നാട്ടരാജ്യങ്ങൾ. കാർത്തികപ്പള്ളി, മാവേലിക്കര താലൂക്കുകൾ ഉൾപ്പെട്ടിരുന്ന ഓടനാട് രാജ്യത്തിന്റെ തലസ്ഥാനം പതിന്നാലാം നൂറ്റാണ്ടു വരെ കണ്ടിയൂരായിരുന്നു. ആലപ്പുഴയുടെ തീരപ്രദേശങ്ങളായ കാർത്തികപ്പള്ളി, അമ്പലപ്പുഴ, ചേർത്തല എന്നീ ഭാഗങ്ങൾ ക്രിസ്തുവർഷം 2–ാം മുൻപു വരെ അറബിക്കടലിന് അടിയിലായിരുന്നുവെന്ന് പറയപ്പെടുന്നു. ക്രിസ്തുവർഷം പത്താം നൂറ്റാണ്ടോടടുപ്പിച്ചുണ്ടായ പ്രകൃതി ക്ഷോഭത്തോടെയാണ് കരയുടെ നടുഭാഗം കുഴിഞ്ഞ് വേമ്പനാട്ട കായൽ രൂപം കൊണ്ടത്.

ചേരസാമ്രാജ്യത്തിന്റെ ശിഥിലീകരണത്തിനു ശേഷം പതിനാറാം നൂറ്റാണ്ടിനോടനുബന്ധിച്ച് നിരവധി നാട്ടരാജ്യങ്ങൾ ഉയർന്നുവന്നു. മാർത്താണ്ഡവർമ്മയുടെ കാലത്ത് കൊല്ലം, കായംകുളം രാജാക്കൻമാരുമായി ശ്രദ്ധാലോചന നടത്തിയതിന്റെ പേരിൽ അമ്പലപ്പുഴ രാജ്യം മാർത്താണ്ഡവർമ്മ ആക്രമിച്ച് കീഴടക്കി. ഇതേ കാലത്തു തന്നെ പോർട്ടുഗീസുകാരും കേരളത്തിലെത്തിയിരുന്നു. അവർ പുറക്കാട് കേന്ദ്രീകരിച്ച് വാണിജ്യവും മതപ്രവർത്തനങ്ങളും നടത്തിയിരുന്നു. അക്കാലയളവിൽ സ്ഥാപിക്കപ്പെട്ടവയാണ് പുറക്കാട്, അർത്തുങ്കൽ എന്നിവിടങ്ങളിലെ പള്ളികൾ. പതിനേഴാം നൂറ്റാണ്ടിനോടനുബന്ധിച്ച് ഡച്ചുകാർ (ലന്തക്കാർ) ആലപ്പുഴയിൽ അവരുടെ താവളം സൃഷ്ടിച്ചു. എന്നാൽ മാർത്താണ്ഡവർമ്മ തന്റെ തേരോട്ടം തുടങ്ങിയതും ആറ്റിങ്ങൽ രാജവംശം തിരുവിതാംകൂറിനോട് ചേർത്തതും ഡച്ചുകാർക്ക് തിരിച്ചടിയായിരുന്നു. അമ്പലപ്പുഴ തലസ്ഥാനമായി പുറക്കാട് മുഖ്യവ്യാപാരകേന്ദ്രമായി കുട്ടനാടുൾപ്പെടെയുള്ള പ്രദേശം ചെമ്പകശേരി രാജാവ് ഭരിച്ചിരുന്നു. ഗൗഡസാരസ്വതരും മുസ്ലീങ്ങളും കൂടാതെ അറേബ്യ, ചൈന, സിലോൺ മുതലായ രാജ്യങ്ങളിൽ നിന്നെത്തുന്ന വ്യാപാരികളും പുറക്കാട് കേന്ദ്രീകരിച്ച് വ്യാപാരം നടത്തിയിരുന്നു. പിന്നീട് വ്യാപാര സങ്കേതം വടക്കോട്ട് മാറ്റി ആലപ്പുഴയിൽ സ്ഥാപിച്ചു. ആലപ്പുഴയ്ക്കുണ്ടായിരുന്ന അസുലഭ സൗകര്യങ്ങളും ഒരിക്കലും കടലേറ്റമുണ്ടായിട്ടില്ലാത്ത കടപ്പുറവും, ഉൾനാടുകളുമായും കൊച്ചിയുമായും വളരെ എളുപ്പത്തിൽ ബന്ധപ്പെടുന്നതിനുള്ള ജലഗതാഗത സൗകര്യങ്ങളും കടലിനപ്പുറമുള്ള വ്യാപാരികളെ ഈ കടൽത്തീരത്തേയ്ക്ക് ആകർഷിച്ചു. ചെറുരാജ്യങ്ങൾ വെട്ടിപ്പിടിച്ച് മാർത്താണ്ഡവർമ തിരുവിതാംകൂർ രാജ്യം വികസിപ്പിച്ചപ്പോൾ ചെമ്പകശ്ശേരിയും കരപ്പുറവും കൂടിച്ചേർന്ന് ആലപ്പുഴ ഒരു അതിർത്തി പ്രദേശം എന്ന നിലയിൽ നിന്നും തിരുവിതാംകൂറിലെ പ്രധാന തുറമുഖ നഗരമായി മാറി.

ഇന്ത്യയിൽത്തന്നെ ഏറ്റവും താഴ്ന്ന പ്രദേശങ്ങളിൽ ഒന്നാണ് കുട്ടനാട്. താലൂക്കിന്റെ ഭൂരിഭാഗം പ്രദേശങ്ങളും സമുദ്രനിരപ്പിനെക്കാൾ താഴെയാണ് എന്നുള്ളതാണ് കുട്ടനാടിന്റെ പ്രത്യേകത. സമുദ്ര നിരപ്പിന് താഴെയുള്ള പ്രദേശത്ത് കൃഷി ചെയ്യുന്ന ലോകത്തെ തന്നെ അപൂർവ്വം പ്രദേശങ്ങളിലൊന്നാണ് കുട്ടനാട്. നാലു പ്രധാന നദികളായ പമ്പ, മീനച്ചിലാർ,

അച്ചൻകോവിലാർ, മണിമലയാർ എന്നിവ കുട്ടനാടിലൂടെ ഒഴുകുന്നു. മനുഷ്യ അധ്വാനം മുഖേന പടുത്തുയർത്തപ്പെട്ടതാണ് കുട്ടനാടൻ പാടശേഖരങ്ങൾ. മുഖ്യമായും വേമ്പനാട്ടു കായലിൽ പതിക്കുന്ന നദികൾ നിക്ഷേപിച്ച എക്കലും മണ്ണും അടിഞ്ഞ് രൂപപ്പെട്ടതാണ് അപ്പർ കുട്ടനാട്. ചില പ്രദേശങ്ങൾ ആഴം കുറഞ്ഞ കായൽ ഭാഗങ്ങൾ നികത്തി രൂപപ്പെടുത്തിയവയാണ്. ലോവർ കുട്ടനാടൻ പ്രദേശങ്ങൾ പൂർണ്ണമായും ആഴം കൂടിയ കായൽ നിലങ്ങൾ നികത്തിയെടുക്കപ്പെട്ടിട്ടുണ്ടായവയാണ്.

ആലപ്പുഴ ജില്ലയുടെ വടക്കേ അറ്റത്തുള്ള താലൂക്കാണ് ചേർത്തല. കടലിനും കായലിനും മധ്യേ ഏതാണ്ട് 12–15 കി.മീ മാത്രം വീതിയിലുള്ള മൂന്നു വശങ്ങളും വെള്ളത്താൽ ചുറ്റപ്പെട്ടു കിടക്കുന്ന ഈ പ്രദേശ കരപ്പുറം എന്ന പേരിലായിരുന്നു അറിയപ്പെട്ടിരുന്നത്. ടിപ്പുവിന്റെ പടയോട്ടത്തിനു മുൻപുവരെ കൊച്ചി രാജ്യത്തിന്റെ ഭാഗമായിരുന്ന ഈ പ്രദേശം അക്കാലയളവിലുണ്ടായ ഒരു സംരക്ഷണ ധാരണ പ്രകാരം തിരുവിതാംകൂറിലേയ്ക്ക് ചേർത്തു. ഇങ്ങനെ ചേർത്ത തലയാണ് ചേർത്തല എന്ന് പിൽക്കാലത്ത് അറിയപ്പെട്ടത്. കൊച്ചി പട്ടണത്തിന്റെ അഭ്രതപൂർവ്വമായ വളർച്ച തൊട്ടടുത്ത നഗരമായ ചേർത്തലയുടെ വികസനത്തിന് സഹായകമാണ്. കൊച്ചിയുടെ സാറ്റലൈറ്റ് ടൗണായി ചേർത്തല പട്ടണം മാറിക്കൊണ്ടിരിക്കുന്നു.

കാർത്തികപ്പള്ളി താലൂക്കിൽപ്പെട്ട കായംകുളം ഒരു വ്യാപാരകേന്ദ്രമാണ്. ഡച്ചുകാരും, പോർച്ചുഗീസുകാരും, അറബികളും വാണിജ്യ ബന്ധം പുലർത്തിയിരുന്ന പുരാതന നഗരമാണ് കായംകുളം. കായംകുളം കായലും കായംകുളം വാളും കായംകുളം രാജാവും കൃഷ്ണപുരം കൊട്ടാരവും കായംകുളം കൊച്ചുണ്ണിയുമെല്ലാം ചരിത്രത്തിന്റെ ഭാഗങ്ങളാണ്. കായംകുളം രാജാവിനെ പരാജയപ്പെടുത്തിയ ആധുനിക തിരുവിതാംകൂറിന്റെ ശില്പിയായ മാർത്താണ്ഡവർമ്മ മഹാരാജാവിന്റെ വിജയതിലകമാണ് കൃഷ്ണപുരം കൊട്ടാരം. കരമാർഗവും ജലമാർഗവും സഞ്ചാരസൗകര്യമുള്ള കായംകുളം, കായംകുളം രാജാവിന്റെ കാലത്തെ എരുവ, കോയിക്കൽ കൊട്ടാരം എന്നിവ ഇവിടത്തെ അഭിമാന സ്തംഭങ്ങളാണ്. സുഖകരമായ കാലാവസ്ഥ, ശരാശരി താപനില, മണൽ നിറഞ്ഞ മണ്ണ്, കിഴക്കൻ മേഖലയിലെ ചെളികലർന്ന മണ്ണ് എന്നിവയും ഈ പ്രദേശത്തിന്റെ പ്രത്യേകതകളാണ്.

ആലപ്പുഴ ജില്ലയുടെ തെക്കേഅറ്റത്ത് സ്ഥിതിചെയ്യുന്ന ചരിത്രപ്രസിദ്ധമായ ഒരു താലൂക്കാണ് മാവേലിക്കര. ഈ താലൂക്കിന്റെ ആസ്ഥാനം തെക്കേക്കര പട്ടണമാണ്. 'സംഘകാലഘട്ടം' മുതൽ തന്നെ നെല്ലുൽപ്പാദനത്തിൽ അഗ്രഗണ്യസ്ഥാനം ഉണ്ടായിരുന്നതിനാൽ അളന്നാൽ തീരാത്തത്ര നെല്ല് കിട്ടുന്ന സ്ഥലം എന്ന അർത്ഥത്തിൽ മാവേലിക്കര എന്ന പേര് ലഭിച്ചതായി പറയപ്പെടുന്നു. ലോകപ്രസിദ്ധമായ ശ്രീമൂലവാസം എന്ന ബുദ്ധവിഹാരം മാവേലിക്കരയിലാണ്. ഓടനാട് എന്ന പൗരാണിക രേഖകളിൽ അറിയപ്പെട്ടിരുന്ന ഇവിടത്തെ മുഖ്യകൃഷി നെല്ലായിരുന്നു. പുരാതന കാലത്ത് ഇവിടെ നിന്നും കരുമുളക് ധാരാളമായി കയറ്റുമതി ചെയ്തിരുന്നു. ഡച്ച്-പോർച്ചുഗീസ് സാമ്രാജ്യ കാലഘട്ടങ്ങളിൽ വലിയ പണ്ടകശാലകൾ ഇവിടെ സ്ഥിതിചെയ്തിരുന്നു. പുരാതന തിരുവിതാംകൂർ രാജാക്കന്മാരുടെ അധികാര പരിധിയിലായിരുന്ന മാവേലിക്കര എന്നും ചരിത്രം രേഖപ്പെടുത്തുന്നു. സ്ഥലനാമപുരാണ പ്രകാരം 'മഹാബലിനാട്' എന്ന പേരാണ് മാവേലിക്കര എന്നായി മാറിയത്. ആലപ്പുഴ ജില്ലയുടെ കിഴക്ക് തെക്കായി കുന്നുകളും, തകിടി പ്രദേശങ്ങളും, സമതലങ്ങളും, പുഞ്ച പാടങ്ങളും, തോടുകളും നിറഞ്ഞ ഫലഭൂയിഷ്ടമായ നാടാണ് മാവേലിക്കര. പാപനാശിനിയായ പമ്പയുടെയും ഐതിഹ്യമുറങ്ങുന്ന അച്ചൻകോവിലാറിന്റെയും വരദാനമാണ് ഈ പ്രദേശം.

ആലപ്പുഴ ജില്ലയുടെ കിഴക്കു ഭാഗത്തായി സ്ഥിതി ചെയ്യുന്ന പ്രദേശമാണ് ചെങ്ങന്നൂർ.ചെങ്കൽ ഊര് എന്നതിൽ നിന്നാണ് ചെങ്ങന്നൂർ എന്ന സ്ഥലപ്പേര് ഉണ്ടായതായി ഐതിഹ്യമാലയിൽ പറയുന്നത്. ചരിത്രപരമായും സാംസ്കാരിക പരമായും വളരെ പ്രശസ്തിയുള്ള താലൂക്കാണ് ചെങ്ങന്നൂർ. ശബരിമല ക്ഷേത്രത്തിലേയ്ക്കുള്ള പ്രവേശന കവാടം കൂടിയാണ് ചെങ്ങന്നൂർ. കുന്നുകളും പുഴകളും ചേർന്നതാണ് ഇവിടത്തെ ഭൂപ്രകൃതി. പെരുന്തച്ചനാൽ നിർമ്മിക്കപ്പെട്ട ചെങ്ങന്നൂർ ശിവ-പാർവ്വതിക്ഷേത്രം മഹാദേവക്ഷേത്രം, ചെങ്ങന്നൂർ പഴയ സുറിയാനിപ്പള്ളി, ഐതിഹ്യങ്ങൾ ഉൾക്കൊള്ളുന്ന പഞ്ചപാണ്ഡവന്മാരുടെ ക്ഷേത്രങ്ങളും, പാണ്ഡവൻപാറയും നൂറ്റവൻ പാറയും ഒക്കെ ഈ പ്രദേശത്തിന്റെ പ്രത്യേകതയാണ്. മാവേലിക്കര താലൂക്കിനെയും, ചെങ്ങന്നൂർ താലൂക്കിനെയും വേർതിരിച്ചു കൊണ്ട് തെക്കു ഭാഗത്തൂ കൂടി അച്ചൻകോവിലാറും വടക്കു ഭാഗത്തായി പമ്പാ നദിയും അതിന്റെ കൈവഴികളായ വരട്ടാറും മണിമലയാറും ഒഴുകുന്നു. ഈ നദികളെ യോജിപ്പിച്ചു കൊണ്ടുള്ള നിരവധി കനാലുകളും ചെറുതും വലുതുമായ തോടുകളും നിലവിലുണ്ട്. കാവുകൾ പലതും നഷ്ടപ്പെട്ടു പോയി എങ്കിലും വെണ്മണി പഞ്ചായത്തിലെ ശാർങ്ങക്കാവ് ബുധനൂർ പഞ്ചായത്തിലെ ഇലഞ്ഞിമേൽ വളളിക്കാവ്, തിരുവൻവണ്ടൂർ പഞ്ചായത്തിലെ വനവാതുക്കര-പളളത്ത് സർപ്പക്കാവ് ഇവ വിവിധ തരത്തിലുള്ള ഔഷധ സസ്യങ്ങൾ ഉൾക്കൊള്ളുന്ന ജൈവസമ്പത്തുക്കളാണ്. അച്ചൻ കോവിൽ, മണിമല, പമ്പ എന്നീ നദികളാൽ സമൃഷ്ടമായ ഒരു ഭൂപ്രദേശം എന്നുള്ളതു കൊണ്ടുതന്നെ നെല്ലും പച്ചക്കറി വർഗങ്ങളും തുല്യപ്രാധാന്യത്തോടെ ഇവിടെ കൃഷി ചെയ്തു വരുന്നു. തിരുവൻവണ്ടൂർ പഞ്ചായത്തിലെ മുഖ്യകൃഷികളിലൊന്ന് കരിമ്പാണ്.ജില്ലയിലെ ഏക പട്ടികജാതി സംവരണ പാർലമെന്റ് മണ്ഡലം ചെങ്ങന്നൂർ താലൂക്കിലാണ്.

**വികസനം**

കേരളത്തിൽ നഗരാസൂത്രണത്തിന്റെ ഹരിശ്രീ കുറിച്ചത് ആലപ്പുഴയുടെ മണ്ണിലായിരുന്നു. കാർത്തികതിരുനാൾ മഹാരാജാവിന്റെ കാലത്ത് ക്രാന്തദർശിയായിരുന്ന വലിയ ദിവാൻജി രാജാ കേശവദാസനായിരുന്നു അതിനു നേതൃത്വം വഹിച്ചത്. ആലപ്പുഴ പട്ടണത്തിന്റെ ശില്പി എന്ന് അദ്ദേഹം അറിയപ്പെട്ടു. അന്നത്തെ തിരുവിതാംകൂർ എൻജിനീയറായിരുന്ന ബാർട്ടൻ സായിപ്പാണ് രൂപകല്പന നടത്തിയത്. തച്ചിൽ മാതൃ തരകന്റെ നേതൃത്വത്തിൽ ആലപ്പുഴ കിഴക്കുഭാഗത്തുള്ള പളളാത്തുരുത്തി മുതൽ കടൽത്തീരം വരെ പട്ടണത്തിന്റെ മധ്യഭാഗത്തൂകൂടി ഒരു ജല മാർഗ്ഗം വെട്ടിത്തുറന്ന് കച്ചവടത്തോട് നിർമ്മിച്ചു. 1792-ൽ ആലപ്പുഴ തുറമുഖം പ്രവർത്തനമാരംഭിച്ചു. തുടർന്ന് വിവിധ കാലഘട്ടങ്ങളിലായി 1270 അടി നീളമുള്ള കടൽപ്പാലം പൂർത്തീകരിച്ചു. യൂറോപ്യൻ എഞ്ചിനീയറായ ക്രാഫോർസണാണ് ആലപ്പുഴയിൽ വിളക്കുമാടം പണിതത്.തോടുകളും റോഡുകളും ഇടകലർന്ന് കിടക്കുന്ന ആലപ്പുഴ നഗരത്തിന് ഇറ്റലിയിലെ വെനീസ് നഗരത്തിനോട് സാമ്യമുള്ളതിനാൽ വൈസ്രോയിയായിരുന്ന കഴ്സൺ പ്രഭുവാണ് ആലപ്പുഴ പട്ടണത്തിന് കിഴക്കിന്റെ വെനീസ് എന്ന് വിശേഷിപ്പിച്ചത്. വാണിജ്യ ആവശ്യങ്ങൾക്കുവേണ്ടി നിർമ്മിച്ച ആലപ്പുഴ ജില്ലയുടെ ഹൃദയഭാഗത്തുള്ള രണ്ടു കനാലുകളാണ് കൊമേഴ്സ്യൽ കനാലും വാടക്കാനാലും. ഈ കനാലുകൾക്ക് സമാന്തരമായി ഇരുവശങ്ങളിലൂടെ കടന്നുപോകുന്ന റോഡുകളെ ബന്ധിപ്പിച്ചുകൊണ്ടുള്ള നിരവധി പാലങ്ങളും ആലപ്പുഴ പട്ടണത്തിന് തനതായ ഭംഗി നൽകുന്നു. കൂടാതെ ചേർത്തലയിലേയ്ക്ക് ചരക്ക് ഗതാഗതത്തിനുവേണ്ടി എ.എസ്. കനാലും നിർമ്മിച്ചു.

കയർ, നാളികേരം, കുരുമുളക്, ഇഞ്ചി, തേയില, റബ്ബർ, കശുവണ്ടി, ഏലം തുടങ്ങിയവയുടെ പ്രമുഖ വിപണന കേന്ദ്രമായിരുന്നു ആലപ്പുഴ. രാജാകേശവദാസ് രാജ്യത്തിന്റെ നാനാ ഭാഗത്തുനിന്നും വ്യവസായികളെ ആലപ്പുഴയിൽ കൊണ്ടുവന്നു. മലഞ്ചരക്കുകൾ ഈ പട്ടണത്തിലെത്തിച്ച് വിദേശങ്ങളിലേയ്ക്ക് കയറ്റി അയച്ച് രാജ്യത്തിന്റെ വിദേശനാണ്യ ശേഖരം

വർദ്ധിപ്പിച്ചു. അക്കാലത്ത് ആലപ്പുഴ പട്ടണം രാജ്യത്തിന്റെ വരുമാനത്തിൽ നിർണ്ണായക പങ്കു വഹിച്ചിരുന്നു. മൈസൂറുമായുള്ള രണ്ടാമത്തെ യുദ്ധ ആവശ്യത്തിനുവേണ്ടി വന്ന ഭീമമായ തുക ഈ തുറമുഖത്തു നിന്നുള്ള വരുമാനം കൊണ്ടാണ് കൊടുത്തു തീർത്തത്. അങ്ങനെ ആലപ്പുഴയെ തിരുവിതാംകൂറിന്റെ കറവപ്പശു എന്ന് ചരിത്രം രേഖപ്പെടുത്തുന്നു. വേലുത്തമ്പി ദളവ ചങ്ങനാശ്ശേരിയിൽ ചന്ത സ്ഥാപിക്കുകയും, ആലപ്പുഴ വിപണന കേന്ദ്രമാക്കി കൊണ്ട് ജലമാർഗ്ഗങ്ങൾ ആരംഭിക്കുകയും ചെയ്തു. ഉപ്പ് പണ്ടകശാലയും, സചിവാലയവും വേലുത്തമ്പി കടപ്പുറത്ത് സ്ഥാപിച്ചു. 1840 മുതൽ 1860 വരെ തിരുവിതാംകൂർ റസിഡന്റായിരുന്ന ജനറൽ കല്ലൻ ആലപ്പുഴയുടെ അഭ്യുദയകാംക്ഷിയായിരുന്നു. ആലപ്പുഴയെ സ്നേഹിച്ച മറ്റൊരു റസിഡന്റായിരുന്ന കേണൽ മൺറോ. അദ്ദേഹത്തിന്റെ സ്മാരകമായിട്ടാണ് പുന്നമടയ്ക്ക സമീപം കാണുന്ന മൺറോ ലൈറ്റ് സ്ഥാപിച്ചിട്ടുള്ളത്. മലനാടുകളിൽ നിന്ന് ചുക്ക്, കുരുമുളക്, ഏലം, തേയില, കാപ്പി, റബർതടി എന്നിവയും കൂടാതെ വനവിഭവങ്ങളും, കേരോല്പന്നങ്ങളും ആലപ്പുഴ വഴി വിദേശവിപണികളിലേയ്ക്ക് കയറ്റുമതി ചെയ്തിരുന്നു.

കയർ ഫാക്ടറികളും ഓയിൽ മില്ലുകളും സ്ഥാപിച്ചതോടുകൂടി ഒരു വ്യവസായ നഗരമായി ആലപ്പുഴ വളർന്നു. ആലപ്പുഴയിലെ തുറമുഖ സൗകര്യവും ഉൾനാടൻ ജലഗതാഗതത്തിന്റെ അനന്തസാധ്യതകളുമാണ് വാണിജ്യ വ്യവസായങ്ങളെ പരിപോഷിപ്പിച്ചത്. കാർഷികപ്രധാന മേഖലയായിരുന്നുവെങ്കിലും ജീവസന്ധാരണത്തിനും കുടുംബാവശ്യങ്ങൾക്കുമായി പരമ്പരാഗത വ്യവസായങ്ങളും സ്ഥാനം പിടിച്ചിരുന്നു. കേരളത്തിലെ ആദ്യത്തെ കയർ ഗ്രാമമാണ് വയലാർ. മത്സ്യബന്ധനം, കളള് ചെത്ത്, എണ്ണയാട്ടൽ, പായ മെടയൽ എന്നിവയിലും ജനങ്ങൾ ജീവിതമാർഗം കണ്ടെത്തിയിരുന്നു.പച്ചത്തൊണ്ട് വിവിധ ഘട്ടങ്ങളിലൂടെ സംസ്കരിച്ച് കയർ, തടുക്ക്, പായ, ചവിട്ടി മുതലായ ഉല്പന്നങ്ങളാക്കി. ആലപ്പുഴയിലെ തോടുകളുടെ ഇരുകരകളിലും വമ്പൻ യൂറോപ്യൻ കയർ ഫാക്ടറികൾ നിരന്നു. ഇതിലൂടെ കയർ വ്യവസായവും അഭിവൃദ്ധി പ്രാപിച്ചു.

1901 ലെ സെൻസസ് റിപ്പോർട്ടിൽ കപ്പലുകൾ ഏതു കാലാവസ്ഥയിലും സുരക്ഷിതമായി നങ്കൂരമുറപ്പിച്ച് നിർത്തുവാനും ചരക്കുകൾ ഭദ്രമായി നിർബാധം കയറ്റിറക്ക് നടത്തുവാനും ഏറ്റവും അനുയോജ്യമായ തുറമുഖം എന്ന് ആലപ്പുഴയെക്കുറിച്ച് പരാമർശിച്ചിട്ടുണ്ട്. എന്നാൽ ഈ വ്യാവസായികാഭിവൃദ്ധി 1900 മുതൽ ഒരു തിരിച്ചുപോക്ക് ആരംഭിക്കുകയും എല്ലാം ഒരു നഷ്ടസ്മൃതിയായി തീരുകയും ചെയ്തു. ഇന്റർപോർട്ടൽ കൺവെൻഷൻ പ്രകാരം തിരുവിതാംകൂറിലെ ചെറുതും വലുതുമായ തുറമുഖങ്ങളുടെ പ്രവർത്തനം മന്ദീഭവിച്ചു. മദ്രാസ് ഗവൺമെന്റും തിരുവിതാംകൂർ ഗവൺമെന്റുമായുണ്ടായ ഉടമ്പടി പ്രകാരം കൊച്ചി തുറമുഖം പ്രാധാന്യത്തിലേയ്ക്ക് ഉയരുകയും ആലപ്പുഴ പിന്നോക്കം തളളപ്പെടുകയും ചെയ്തു.

തിരുവിതാംകൂറിൽ വാർത്താവിനിമയ സമ്പ്രദായത്തിന് തുടക്കം കുറിച്ചു കൊണ്ട് ബ്രിട്ടീഷ് മാതൃകയിൽ 1857-ൽ പോസ്റ്റ് ആഫീസ് സ്ഥാപിച്ചത് ആലപ്പുഴയിലായിരുന്നു. 1868-ൽ ആലപ്പുഴയിൽ തിരുവിതാംകൂറിലെ ആദ്യ ടെലിഗ്രാഫ് ആഫീസും സ്ഥാപിച്ചു. പത്തൊൻപതാം നൂറ്റാണ്ടിൽ കേരളത്തിൽ സ്ഥാപിക്കപ്പെട്ട അഞ്ച് സബ് കോടതികളിൽ ഒന്ന് ആലപ്പുഴയിലെ മാവേലിക്കരയിലായിരുന്നു.

## വിവിധ പ്രസ്ഥാനങ്ങൾ

ശ്രീനാരായണ പ്രസ്ഥാനത്തിന് തുടക്കം മുതലേ ആലപ്പുഴ ജില്ലയിൽ നല്ല സ്വീകാര്യത ലഭിച്ചിരുന്നു. അതിൽ നിന്നാണ് ജനങ്ങളിൽ സംഘബോധം വളർന്നത്. ആ പ്രസ്ഥാനത്തിൽ

നിന്നും കടന്നുവന്നവരായിരുന്നു ആദ്യകാല സംഘടനാ പ്രവർത്തകർ. ജന്മിത്തത്തിനും ഭൂപ്രഭുത്തത്തിനും, തൊഴിലാളിവർഗ ചൂഷണത്തിനും അറുതി വരുത്തണമെന്നും ദിവാനായിരുന്ന സർ.സി.പി.രാമസ്വാമി അയ്യരുടെ അമേരിക്കൻ മോഡൽ ഭരണം അവസാനിപ്പിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് പുന്നപ്രയിലും വയലാറിലും 1946ൽ നടന്ന സമരങ്ങളാണ് പുന്നപ്ര വയലാർ സമരം എന്നറിയപ്പെടുന്നത്. അതിന്റെ സ്മാരകമായി വയലാറിലും ആലപ്പുഴ വലിയ ചുടുകാട്ടിലും രക്തസാക്ഷി മണ്ഡപങ്ങളുണ്ട്. കയറിന്റെ പട്ടണവും കയർ തൊഴിലാളികളുടെ ആവാസ കേന്ദ്രവുമായ ആലപ്പുഴ ട്രേഡ് യൂണിയൻ പ്രസ്ഥാനത്തിന്റെ ഈറ്റില്ലമാണ്. കേരളത്തിലെ ആദ്യതൊഴിലാളി യൂണിയൻ ആലപ്പുഴയിലെ ലേബർ അസോസിയേഷനാണ്. ഇന്ത്യൻ സ്വാതന്ത്ര്യ സമരകാലത്ത് രാഷ്ട്രീയ മൈതാനിയായി സമ്മേളനങ്ങളിൽ മുൻപന്തിയിൽ നിന്ന കിടങ്ങാംപറമ്പ് മൈതാനം ആലപ്പുഴ നഗരത്തിന്റെ ഹൃദയഭാഗത്താണ്. ശ്രീനാരായണ പ്രസ്ഥാനം, എൻ.എസ്.എസ്, മുഹമ്മദീയ സംഘം, തിയോസഫിക്കൽ സൊസൈറ്റി, വണികവൈശ്യ സംഘം, കുടുംബി സമാജം, തുളു ബ്രാഹ്മണ സംഘം, ഗൗഡ സാരസ്വതർ ഇവയൊക്കെ ഈ മണ്ണിൽ വേരുന്നുകയും ആലപ്പുഴയിലെ സാമൂഹ്യ, വാണിജ്യ വളർച്ചയ്ക്ക് കാരണമാവുകയും ചെയ്തു. ആലപ്പുഴ കടപ്പുറത്തു കാണുന്ന ജൈന ദേവാലയം, ഗുജറാത്തിരാമക്ഷേത്രം, ഗോസായി മഠം എന്നിവ വടക്കേ ഇന്ത്യൻ ജാതി-മത വിഭാഗങ്ങൾക്ക് ആലപ്പുഴയിൽ സ്ഥാനം നേടാനായതിന്റെ തെളിവുകളാണ്. കർഷക തൊഴിലാളി പ്രസ്ഥാനത്തിന് രൂപം കൊടുത്തതും ആലപ്പുഴ ജില്ലയാണ്.

കുട്ടനാട്ടിലും മറ്റു പ്രദേശങ്ങളിലുമായി നടന്ന കർഷക തൊഴിലാളി പോരാട്ടങ്ങൾ കാർഷികമേഖലയിലെ പരിഷ്കാരങ്ങൾക്കും നയരൂപീകരണത്തിനും സഹായകമായി എന്നത് ആലപ്പുഴ ജില്ലയെ സംബന്ധിച്ചിടത്തോളം അഭിമാനകരമാണ്. ആർ.സുഗതൻ, പി.കൃഷ്ണപിള്ള, ടി.വി.തോമസ്, എ.കെ.ജി. തുടങ്ങിയവരുടെ സമർത്ഥമായ നേതൃത്വം തൊഴിലാളി സംഘടനകൾക്ക് ലഭ്യമായിരുന്നു. കേരളത്തിൽ ആദ്യമായി കുടുംബശ്രീ പ്രസ്ഥാനത്തിന് തുടക്കം കുറിച്ചതും ആലപ്പുഴ ജില്ലയിലാണ്. ഒട്ടനവധി കർഷകത്തൊഴിലാളി സമരങ്ങൾക്ക് സാക്ഷ്യം വഹിച്ച ആലപ്പുഴ ജില്ല വിനോദ സഞ്ചാരികളുടെ പറുദീസയാണ്.

**കലാ-സാംസ്കാരിക രംഗം**

കലാസംസ്കാരിക രംഗങ്ങളുടെ വളർച്ചയ്ക്ക് സജീവമായ പശ്ചാത്തലസാഹചര്യങ്ങൾ ഒരുക്കിയ നഗരമാണ് ആലപ്പുഴ. കേരളത്തിലെ ഏറ്റവും വലിയ ചുവർചിത്രമാണ് കായംകുളത്തിനടുത്തുള്ള കൃഷ്ണപുരം കൊട്ടാരത്തിലെ ഗജേന്ദ്രമോക്ഷം. ജനകീയ കലാരൂപമായ ഓട്ടൻതുള്ളലിന്റെ ജന്മനാട് അമ്പലപ്പുഴയാണ്. ബ്രാഹ്മണ കുടുംബത്തിലെ മുതിർന്ന സ്ത്രീ പൂജ നടത്തുന്ന നാഗാരാധനയ്ക്ക് പ്രസിദ്ധമായ മണ്ണാറശ്ശാല ക്ഷേത്രം ഹരിപ്പാടിനടുത്താണ്. കെട്ടുകാഴ്ചയ്ക്കും പരമ്പരാഗതമായ വാദ്യോപകരണങ്ങളും സംഗീതവും അനുസരിച്ച് യുവജനങ്ങൾ ചുവടുകൾ വയ്ക്കുന്ന കുത്തിയോട്ടത്തിനും പ്രസിദ്ധമായ ചെട്ടികുളങ്ങര ദേവീക്ഷേത്രം മാവേലിക്കരയിലാണ്. ഹരിപ്പാട് സുബ്രഹ്മണ്യ സ്വാമി ക്ഷേത്രം, മുല്ലയ്ക്കൽ ചിറപ്പ്, പടനിലം ശിവരാത്രി, വെട്ടിക്കോട്ട് ആയില്യം, എടത്വാ പള്ളിപ്പെരുന്നാൾ, പ്രശസ്തമായ മങ്കൊമ്പ് ദേവീ ക്ഷേത്രം, ചമ്പക്കുളം കല്ലൂർക്കാട് സെന്റ് മേരീസ് ബസലിക്ക, എടത്വ സെന്റ് ജോർജ്ജ് പള്ളി,അർത്തുങ്കൽ പെരുന്നാൾ, ചക്കുളത്ത് പൊങ്കാല തുടങ്ങിയ ഒട്ടനവധി ആഘോഷങ്ങൾക്ക് പേരുകേട്ട ജില്ലയാണ് ആലപ്പുഴ. മഹാകവി കുമാരനാശാൻ അന്ത്യവിശ്രമം കൊള്ളുന്ന പല്ലന കുമാരകോടി ഈ ജില്ലയിലാണ്. മലയാള നാടകരംഗത്ത് ഒട്ടേറെ സംഭാവനകൾ നൽകിയവരാണ് ആലപ്പുഴക്കാരായ തോപ്പിൽ ഭാസിയും കാമ്പിശ്ശേരിയും. വിപ്ലവനാടകങ്ങൾ കേരളത്തിന് സംഭാവന ചെയ്ത കെ.പി.എ.സി. എന്ന നാടക സമിതി നമ്മുടെ ജില്ലയിൽ ജന്മം

കൊണ്ടതാണ്. മലയാള സിനിമയുടെ വളർച്ചയ്ക്ക് നിർണ്ണായക പങ്കു വഹിച്ച ഉദയാ സ്റ്റുഡിയോ ഈ ജില്ലയുടെ അഭിമാനമാണ്.

ജലോത്സവങ്ങളുടെ നാടായ ആലപ്പുഴയിലെ പുന്നമടക്കായലിൽ നടക്കുന്ന നെഹ്രുട്രോഫി വള്ളംകളിയാണ് കേരളത്തിലെ ഏറ്റവും വലിയ ജലമേള. ലോകത്തിലെ ഏറ്റവും നീളമേറിയ ചുണ്ടൻവള്ളങ്ങളാണ് ജലമേളയുടെ പ്രധാന ആകർഷണം. വള്ളംകളികളുടെയും ജലമേളകളുടെയും നാടായ കുട്ടനാടിന്റെ ചമ്പക്കുളം മൂലം വള്ളകളി, നീരേറ്റുപുറം ജലമേള തുടങ്ങിയവ വളരെ പ്രസിദ്ധമാണ്. രാമവർമ്മ ക്ലബ്ബ്, സനാതനം ഗ്രൗണ്ട്, വൈ.എം.സി.എ. യിലേയും മുനിസിപ്പൽ മൈതാനിയിലേയും ബാസ്ക്കറ്റ് ബോൾ കോർട്ടുകൾ എന്നിവ കായിക പ്രേമികൾക്ക് ഹരം പകർന്നിരുന്നു.

ഗ്രന്ഥശാലാ പ്രസ്ഥാനത്തിൽ ശ്രീ.വി.ജി.പണിക്കരുടെ ആനന്ദപ്രദായിനി, പത്രപ്രവർത്തനത്തിൽ ശ്രീ.എ.പി.ഉദയഭാനുവിന്റെ പ്രബോധനം, പുസ്തക പ്രസാധന രംഗത്ത് എസ്.റ്റി.റെഡ്യാർ പ്രസ്സും, ശ്രീരാമവിലാസം അച്ചുകൂടവും എടുത്തു പറയത്തക്കതാണ്. ആലപ്പുഴയിലെ സ്ഥിരം കലാ-സാംസ്കാരിക രംഗവും മഹാവിദ്യാലയവുമാണ് സനാതന ധർമ്മ വിദ്യാശാല. ആലപ്പുഴയിലെ ഏകവനിതാ കോളേജാണ് സെന്റ് ജോസഫ്സ് വനിതാ കോളേജ്. തിരുവിതാംകൂർ രാജകുടുംബാംഗങ്ങൾ ആലപ്പുഴ സന്ദർശിക്കുന്ന അവസരത്തിൽ അവരുടെ വിശ്രമത്തിനും താമസത്തിനുമായി പണികഴിപ്പിച്ചതാണ് ഇന്നത്തെ ജില്ലാ ആശുപത്രി.

## മാനവവിഭവശേഷിയും ജനസംഖ്യയും

**ജനസംഖ്യ – പ്രധാന സ്ഥിതിവിവര കണക്കുകൾ**

സംസ്ഥാന ജനസംഖ്യയുടെ 6.37% ആലപ്പുഴ ജില്ലയിലാണ്. ആയത് 2001 ൽ 6.62% ആയിരുന്നു. ജനസംഖ്യയുടെ കാര്യത്തിൽ ആലപ്പുഴ ജില്ലയ്ക്ക് ഒൻപതാം സ്ഥാനമാണുള്ളത്. സംസ്ഥാനത്തെ ഏറ്റവും കുറഞ്ഞ ജനസംഖ്യയുള്ള ജില്ല വയനാടും (8,16,558) ഏറ്റവും കൂടിയ ജനസംഖ്യയുള്ള ജില്ല മലപ്പുറവു(41,10,956)മാണ്. ജില്ലയിലെ ജനസംഖ്യ 2001ലെ 21,09,160ൽ നിന്നും 0.88% വർദ്ധിച്ച് 2011 ൽ 21,27,789 ആയി. സ്ത്രീകളുടെ ജനസംഖ്യ 2001ലെ 10,94,631 ൽ നിന്നും 1.83% വർദ്ധിച്ച് 2011ൽ 11,14,647 ആയപ്പോൾ പുരുഷ ജനസംഖ്യ 0.14% കുറഞ്ഞ് 10,13,142 ആകുകയാണുണ്ടായത്.

**ഗ്രാമനഗര ജനസംഖ്യ**

| വിവരണം | റൂറൽ | അർബൻ |
|---|---|---|
| ആകെ ജനസംഖ്യ | 9,79,643 | 11,48,146 |
| പുരുഷ ജനസംഖ്യ | 4,64,713 | 5,48,429 |
| സ്ത്രീ ജനസംഖ്യ | 5,14,930 | 5,99,717 |
| ലിംഗാനുപാതം | 1108 | 1094 |
| കുട്ടികളുടെ ജനസംഖ്യ (വയസ്സ് 0-6) | 89,414 | 1,02,632 |
| പുരുഷ ജനസംഖ്യ (വയസ്സ് 0-6) | 45,728 | 52,716 |
| സ്ത്രീ ജനസംഖ്യ (വയസ്സ് 0-6) | 43,686 | 49,916 |
| ലിംഗാനുപാതം (വയസ്സ് 0-6) | 955 | 947 |

| | | |
|---|---|---|
| സാക്ഷരർ | 8,52,470 | 10,00,327 |
| പുരുഷ സാക്ഷരർ | 4,07,413 | 4,83,139 |
| സ്ത്രീ സാക്ഷരർ | 4,45,057 | 5,17,188 |
| ശരാശരി സാക്ഷരത | 95,76% | 95.68% |
| പുരുഷ സാക്ഷരത | 97.24% | 97.46% |
| സ്ത്രീ സാക്ഷരത | 94.44% | 94.07% |

*അവലംബം: 2011 സെൻസസ്*

ജില്ലയിലെ താലൂക്കുകളിൽ ഏറ്റവും കൂടുതൽ ജനസംഖ്യയുള്ളത് ചേർത്തല താലൂക്കിലും (5,16,816) ഏറ്റവും കുറവുള്ളത് ചെങ്ങന്നൂർ താലൂക്കിലു(1,68,503)മാണ്.

**ജനസംഖ്യ- താലൂക്ക് തലത്തിൽ**

| ക്രമ നം. | താലൂക്കിന്റെ പേര് | ആകെ | പുരുഷൻ | സ്ത്രീ |
|---|---|---|---|---|
| 1 | ചേർത്തല | 516816 | 253030 | 263786 |
| 2 | അമ്പലപ്പുഴ | 477210 | 231272 | 245938 |
| 3 | കുട്ടനാട് | 196502 | 94677 | 101825 |
| 4 | ചെങ്ങന്നൂർ | 168503 | 77920 | 90583 |
| 5 | മാവേലിക്കര | 362234 | 167024 | 195210 |
| 6 | കാർത്തികപ്പള്ളി | 406524 | 189185 | 217339 |

*അവലംബം: 2011 സെൻസസ്*

ജില്ലയിലെ മുനിസിപ്പാലിറ്റികളിൽ ഏറ്റവും കൂടുതൽ ആലപ്പുഴ മുനിസിപ്പാലിറ്റി (1,74,176) യിലും ഏറ്റവും കുറവ് ചെങ്ങന്നൂർ മുനിസിപ്പാലിറ്റിയിലു (23,466) മാണ്.

**നഗരസഭാ ജനസംഖ്യ**

| നഗരസഭ | ജനസംഖ്യ | | ആകെ | അനുപാതം |
|---|---|---|---|---|
| | പുരുഷൻ | സ്ത്രീ | | |
| ചേർത്തല | 22192 | 23635 | 45827 | 1065 |
| ആലപ്പുഴ | 83853 | 90323 | 174176 | 1078 |
| ചെങ്ങന്നൂർ | 10933 | 12533 | 23466 | 1146 |
| മാവേലിക്കര | 12070 | 14351 | 26421 | 1189 |
| കായംകുളം | 32784 | 35850 | 68634 | 1094 |
| **ആകെ** | **161832** | **176742** | **338574** | **1052** |

*അവലംബം: 2011 സെൻസസ്*

ആലപ്പുഴ ജില്ലയിലെ ഏറ്റവും കുറവ് ജനസംഖ്യയുള്ളത് കുട്ടനാട് താലൂക്കിലെ മുട്ടാർ പഞ്ചായത്തിലും (9,228) ഏറ്റവും കൂടിയ ജനസംഖ്യയുള്ളത് അമ്പലപ്പുഴ താലൂക്കിലെ മണ്ണഞ്ചേരി പഞ്ചായത്തിലു(50,990)മാണ്. 2001 ൽ 1000 പുരുഷന്മാർക്ക് 1079 സ്ത്രീകൾ എന്ന ലിംഗാനുപാതം 2011-ൽ 1000 പുരുഷന്മാർക്ക് 1100 സ്ത്രീകൾ എന്നായി. അതുപോലെ 2001-ൽ 1000 ആൺകുട്ടികൾക്ക് 956 പെൺകുട്ടികൾ എന്നത് 2011-ൽ 1000 ആൺകുട്ടികൾക്ക് 951 പെൺകുട്ടികളായി.

## ജനസംഖ്യ- പഞ്ചായത്തുതലത്തിൽ

| ക്രമനം | ഗ്രാമപഞ്ചായത്ത് | കുടുംബങ്ങളുടെ എണ്ണം | വിസ്തീർണ്ണം (ച.കി.മീ) | ആകെ ജനസംഖ്യ | ജനസാന്ദ്രത | പുരുഷൻ | സ്ത്രീ | സ്ത്രീ പുരുഷ അനുപാതം |
|---|---|---|---|---|---|---|---|---|
| 1 | പുളിങ്കുന്ന് | 5022 | 31.15 | 20947 | 672.46 | 10152 | 10795 | 1063 |
| 2 | കാവാലം | 3371 | 17.04 | 14010 | 822.18 | 6861 | 7149 | 1042 |
| 3 | വെളിയനാട് | 3041 | 19.18 | 12501 | 651.77 | 6025 | 6476 | 1075 |
| 4 | രാമങ്കരി | 3237 | 15.98 | 13332 | 834.29 | 6410 | 6922 | 1080 |
| 5 | നീലംപേരൂർ | 3242 | 16.27 | 13435 | 825.75 | 6607 | 6828 | 1033 |
| 6 | മുട്ടാർ | 2270 | 10.35 | 9228 | 891.59 | 4453 | 4775 | 1072 |
| 7 | പെരുമ്പളം | 2365 | 15.95 | 9733 | 610.22 | 4880 | 4853 | 994 |
| 8 | പാണാവള്ളി | 7528 | 19.1 | 31570 | 1652.88 | 15496 | 16074 | 1037 |
| 9 | അരൂക്കുറ്റി | 4414 | 10.97 | 19411 | 1769.46 | 9650 | 9761 | 1012 |
| 10 | തൈക്കാട്ടുശ്ശേരി | 5152 | 13.65 | 20874 | 1529.23 | 10242 | 10632 | 1038 |
| 11 | ചേന്നം-പള്ളിപ്പുറം | 6910 | 25.22 | 28276 | 1121.17 | 13893 | 14383 | 1035 |
| 12 | തുറവൂർ | 6966 | 18.93 | 28802 | 1521.50 | 13915 | 14887 | 1070 |
| 13 | പട്ടണക്കാട് | 8481 | 15.16 | 34620 | 2283.64 | 16998 | 17622 | 1037 |
| 14 | കടക്കരപ്പള്ളി | 4357 | 4.5 | 17496 | 3888.00 | 8694 | 8802 | 1012 |
| 15 | അരൂർ | 9928 | 14.97 | 41146 | 2748.56 | 20341 | 20805 | 1023 |
| 16 | എഴുപുന്ന | 5282 | 13.91 | 21506 | 1546.08 | 10595 | 10911 | 1030 |
| 17 | കോടംതുരുത്ത് | 6055 | 10.68 | 25385 | 2376.87 | 12338 | 13047 | 1057 |
| 18 | കുത്തിയതോട് | 5677 | 15.49 | 23669 | 1528.02 | 11483 | 12186 | 1061 |
| 19 | വയലാർ | 6168 | 14.33 | 24804 | 1730.91 | 12014 | 12790 | 1065 |
| 20 | ചേർത്തല സൗത്ത് | 9752 | 17.82 | 40102 | 2250.39 | 19783 | 20319 | 1027 |
| 21 | മാരാരിക്കുളം നോർത്ത് | 7747 | 16.77 | 31322 | 1867.74 | 15257 | 16065 | 1053 |
| 22 | തണ്ണീർമുക്കം | 10586 | 18.65 | 42302 | 2268.20 | 20635 | 21667 | 1050 |
| 23 | കഞ്ഞിക്കുഴി | 7542 | 16.42 | 29951 | 1824.06 | 14624 | 15327 | 1048 |
| 24 | മുഹമ്മ | 6446 | 26.44 | 25861 | 978.10 | 12553 | 13308 | 1060 |
| 25 | മാരാരിക്കുളം സൗത്ത് | 13128 | 18.84 | 53263 | 2827.12 | 26038 | 27225 | 1046 |
| 26 | ആര്യാട് | 7991 | 6.79 | 32265 | 4751.84 | 15703 | 16562 | 1055 |
| 27 | മണ്ണഞ്ചേരി | 12383 | 34.11 | 50990 | 1494.87 | 24782 | 26208 | 1058 |
| 28 | അമ്പലപ്പുഴ സൗത്ത് | 5681 | 13.13 | 23205 | 1767.33 | 11072 | 12133 | 1096 |
| 29 | അമ്പലപ്പുഴ നോർത്ത് | 6917 | 10.75 | 30492 | 2836.47 | 15024 | 15468 | 1030 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 30 | പുറക്കാട് | 7219 | 22.91 | 29782 | 1299.96 | 14383 | 15399 | 1071 |
| 31 | പുന്നപ്ര സൗത്ത് | 6693 | 9.04 | 28377 | 3139.05 | 13906 | 14471 | 1041 |
| 32 | പുന്നപ്ര നോർത്ത് | 6842 | 10.93 | 28749 | 2630.28 | 13958 | 14791 | 1060 |
| 33 | കൈനകരി | 4553 | 32.65 | 19094 | 584.81 | 9270 | 9824 | 1060 |
| 34 | തകഴി | 4648 | 27.47 | 18826 | 685.33 | 8924 | 9902 | 1110 |
| 35 | നെടുമുടി | 4916 | 17.39 | 19701 | 1132.89 | 9467 | 10234 | 1081 |
| 36 | ചമ്പക്കുളം | 3932 | 22.69 | 15848 | 698.46 | 7636 | 8212 | 1075 |
| 37 | എടത്വ | 4836 | 22 | 19094 | 867.91 | 9139 | 9955 | 1089 |
| 38 | തലവടി | 5227 | 15.57 | 20459 | 1314.00 | 9721 | 10738 | 1105 |
| 39 | കരുവാറ്റ | 5551 | 17.47 | 21211 | 1214.14 | 9708 | 11503 | 1185 |
| 40 | ചെറുതന | 3272 | 14.08 | 12854 | 912.93 | 6003 | 6851 | 1141 |
| 41 | വീയപുരം | 2932 | 8.54 | 11320 | 1325.53 | 5204 | 6116 | 1175 |
| 42 | ഹരിപ്പാട് | 4163 | 9.45 | 15691 | 1660.42 | 7314 | 8377 | 1145 |
| 43 | പള്ളിപ്പാട് | 6424 | 16.73 | 24625 | 1471.91 | 11291 | 13334 | 1181 |
| 44 | കാർത്തികപ്പള്ളി | 4972 | 13.8 | 18956 | 1373.62 | 8879 | 10077 | 1135 |
| 45 | തൃക്കുന്നപ്പുഴ | 6523 | 12.38 | 26679 | 2155.01 | 12593 | 14086 | 1119 |
| 46 | കുമാരപുരം | 5376 | 13.59 | 20572 | 1513.76 | 9512 | 11060 | 1163 |
| 47 | ചിങ്ങോലി | 4052 | 5.93 | 14981 | 2526.31 | 6901 | 8080 | 1171 |
| 48 | ആറാട്ടുപുഴ | 7471 | 22.26 | 29264 | 1314.65 | 13886 | 15378 | 1107 |
| 49 | ചേപ്പാട് | 5344 | 12.52 | 20052 | 1601.60 | 9165 | 10887 | 1188 |
| 50 | പത്തിയൂർ | 8910 | 16.07 | 33925 | 2111.08 | 15758 | 18167 | 1153 |
| 51 | മുതുകുളം | 5692 | 11.44 | 20740 | 1812.94 | 9474 | 11266 | 1189 |
| 52 | കണ്ടല്ലൂർ | 5387 | 9.62 | 19925 | 2071.21 | 9068 | 10857 | 1197 |
| 53 | ദേവികുളങ്ങര | 5428 | 7.58 | 20390 | 2689.97 | 9179 | 11211 | 1221 |
| 54 | കൃഷ്ണപുരം | 6834 | 21.16 | 26705 | 1262.05 | 12466 | 14239 | 1142 |
| 55 | ബുധനൂർ | 4860 | 12.76 | 18444 | 1445.45 | 8710 | 9734 | 1118 |
| 56 | പാണ്ടനാട് | 3138 | 10.27 | 11489 | 1118.70 | 5306 | 6183 | 1165 |
| 57 | തിരുവൻവണ്ടൂർ | 3902 | 11.51 | 14701 | 1277.24 | 6872 | 7829 | 1139 |
| 58 | മുളക്കുഴ | 7667 | 22.4 | 28280 | 1262.50 | 13045 | 15235 | 1168 |
| 59 | ആല | 3646 | 10.31 | 13395 | 1299.22 | 6131 | 7264 | 1185 |
| 60 | പുലിയൂർ | 4494 | 11.78 | 16668 | 1414.94 | 7654 | 9014 | 1178 |
| 61 | ചെറിയനാട് | 5858 | 13.83 | 22018 | 1592.05 | 10150 | 11868 | 1169 |
| 62 | വെൺമണി | 5569 | 17.8 | 19932 | 1119.78 | 9073 | 10859 | 1197 |
| 63 | മാന്നാർ | 7566 | 17.29 | 28916 | 1672.41 | 13431 | 15485 | 1153 |
| 64 | ചെന്നിത്തല-തൃപ്പെരുന്തുറ | 7366 | 21.99 | 27586 | 1254.48 | 12709 | 14877 | 1171 |
| 65 | തഴക്കര | 9696 | 24.96 | 35989 | 1441.87 | 16546 | 19443 | 1175 |
| 66 | മാവേലിക്കര തെക്കേക്കര | 8609 | 19.76 | 32373 | 1638.31 | 14948 | 17425 | 1166 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 67 | ചെട്ടികുളങ്ങര | 9959 | 20.2 | 37495 | 1856.19 | 17303 | 20192 | 1167 |
| 68 | ചുനക്കര | 5998 | 17.11 | 22730 | 1328.46 | 10372 | 12358 | 1191 |
| 69 | ന്യറനാട് | 6899 | 21.03 | 25375 | 1206.61 | 11511 | 13864 | 1204 |
| 70 | മാവേലിക്കര – താമരക്കുളം | 7062 | 20.63 | 27017 | 1309.60 | 12624 | 14393 | 1140 |
| 71 | വള്ളികുന്നം | 7827 | 21.16 | 30394 | 1436.39 | 14027 | 16367 | 1167 |
| 72 | ഭരണിക്കാവ് | 9485 | 37.33 | 35426 | 949.00 | 16254 | 19172 | 1180 |
| 73 | പാലമേൽ | 8546 | 15.02 | 32512 | 2164.58 | 15229 | 17283 | 1135 |
| | **ആകെ** | **452983** | **1222.96** | **1789058** | **118028.3** | **851218** | **937840** | **1101** |

*അവലംബം: 2011 സെൻസസ്*

ജില്ലയുടെ ഭ്രവിസ്തൃതി 1414 ച.കി.മീ ആണ്. ആലപ്പുഴ ജില്ലയുടെ ഭ്രവിസ്തൃതി സംസ്ഥാന ഭ്രവിസ്തൃതിയുടെ 3.64 % മാണ്. 2001 ൽ ജില്ലയിലെ ജനസാന്ദ്രത ച.കി.മീറ്ററിന് 1492 ആയിരുന്നത് 2011 ൽ 1504 ആയി വർദ്ധിച്ചു. ആകെ കുടുംബങ്ങളുടെ എണ്ണം 2001 ൽ 4,83,188 ആയിരുന്നത് ഏകദേശം 11% വർദ്ധിച്ച് 5,35,958 ആയി. ജനസാന്ദ്രതയെ അടിസ്ഥാനമാക്കി ആലപ്പുഴയ്ക്ക് രണ്ടാം സ്ഥാനമാണുള്ളത്.

ചേർത്തല താലൂക്കിൽ ജനസാന്ദ്രത ഏറ്റവും കുറവ് പെരുമ്പളം പഞ്ചായത്തിലും ഏറ്റവും കൂടുതൽ കടക്കരപ്പള്ളി പഞ്ചായത്തിലുമാണ്. അമ്പലപ്പുഴ താലൂക്കിൽ ജനസാന്ദ്രത ഏറ്റവും കുറവ് മുഹമ്മ പഞ്ചായത്തിലും ഏറ്റവും കൂടുതൽ ആര്യാട് പഞ്ചായത്തിലുമാണ്. കുട്ടനാട് താലൂക്കിൽ ജനസാന്ദ്രത ഏറ്റവും കുറവ് കൈനകരി പഞ്ചായത്തിലും ഏറ്റവും കൂടുതൽ തലവടി പഞ്ചായത്തിലുമാണ്. ചെങ്ങന്നൂർ താലൂക്കിൽ ജനസാന്ദ്രത ഏറ്റവും കുറവ് പാണ്ടനാട് പഞ്ചായത്തിലും ഏറ്റവും കൂടുതൽ ചെറിയനാട് പഞ്ചായത്തിലുമാണ്. മാവേലിക്കര താലൂക്കിൽ ജനസാന്ദ്രത ഏറ്റവും കുറവ് ഭരണിക്കാവ് പഞ്ചായത്തിലും ഏറ്റവും കൂടുതൽ പാലമേൽ പഞ്ചായത്തിലുമാണ്. കാർത്തികപ്പള്ളി താലൂക്കിൽ ജനസാന്ദ്രത ഏറ്റവും കുറവ് ചെറുതന പഞ്ചായത്തിലും ഏറ്റവും കൂടുതൽ ദേവികുളങ്ങര പഞ്ചായത്തിലുമാണ്. ജില്ലയിലെ മുനിസിപ്പാലിറ്റി കളിൽ ജനസാന്ദ്രത ഏറ്റവും കുറവ് ചെങ്ങന്നൂരും ഏറ്റവും കൂടുതൽ ആലപ്പുഴയിലുമാണ്.

**ജനസംഖ്യാവർദ്ധന നിരക്ക്**


1957-ലാണ് ആലപ്പുഴ ജില്ല രൂപീകരിച്ചത്. ജില്ലയിലെ ജനസംഖ്യ 1961-71 കാലയളവിൽ 19.3%വും 1971-81 കാലയളവിൽ 11.62%വും 1981-91 കാലയളവിൽ 7.28%വും 1991-2001 കാലയളവിൽ 5.39%വും 2001-11 കാലയളവിൽ 0.88%വും വർദ്ധിക്കുകയാണുണ്ടായത്. ഓരോ പത്തു വർഷം കൂടുമ്പോഴും ജനസംഖ്യാ വർദ്ധനവിന്റെ നിരക്ക് വളരെ കുറഞ്ഞു വരുന്നതായി കാണുന്നു.

**ജനസംഖ്യാവർദ്ധനവ്**

| വർഷം | ജനസംഖ്യ | വർദ്ധനവ് | ശതമാനം |
|---|---|---|---|
| 1961 | 1404269 | | |
| 1971 | 1671286 | 267017 | 19.30% |
| 1981 | 1865455 | 194169 | 11.62% |
| 1991 | 2001217 | 135762 | 7.28% |
| 2001 | 2109160 | 107943 | 5.39% |
| 2011 | 2127789 | 18629 | 0.88% |

*അവലംബം: 2011 സെൻസസ്*

## ജനസംഖ്യാവർദ്ധന




### മതം തിരിച്ചുള്ള വിവരണം

| വിവരണം | ആകെ | ശതമാനം |
|---|---|---|
| ഹിന്ദു | 14,60,447 | 68.64% |
| മുസ്ലിം | 2,24,545 | 10.55% |
| ക്രിസ്ത്യൻ | 4,35,056 | 20.45% |
| സിഖ് | 268 | 0.01% |
| ബുദ്ധ | 146 | 0.01% |
| ജൈന | 74 | 0.00% |
| മറ്റുള്ളവർ | 311 | 0.01% |
| പ്രസ്താവിക്കാത്തവർ | 6,942 | 0.33% |

*അവലംബം 2011 സെൻസസ്*

### പ്രായം അനുസരിച്ചുള്ള ജനസംഖ്യാവിവരണം

| പ്രായം | ആകെ | ആൺ | പെൺ | എസ് സി . ആകെ | എസ് സി . ആൺ | എസ് സി . പെൺ | എസ് ടി . ആകെ | എസ് ടി . ആൺ | എസ് ടി. പെൺ. |
|---|---|---|---|---|---|---|---|---|---|
| ആകെ | 2127789 | 1013142 | 1114647 | 201211 | 97183 | 104028 | 6574 | 3175 | 3399 |
| 4-0 | 134233 | 68661 | 65572 | 12900 | 6601 | 6299 | 392 | 204 | 188 |
| 9-5 | 146499 | 75050 | 71449 | 12900 | 6601 | 6299 | 446 | 238 | 208 |
| 14-10 | 165547 | 84279 | 81268 | 185296 | 7832 | 7464 | 547 | 263 | 284 |
| 19-15 | 147508 | 75552 | 71956 | 13340 | 6662 | 6678 | 473 | 236 | 237 |
| 24-20 | 146758 | 72479 | 74279 | 14165 | 6973 | 7192 | 491 | 254 | 237 |
| 29-25 | 150967 | 69517 | 81450 | 16722 | 7865 | 8857 | 547 | 251 | 296 |
| 34-30 | 153465 | 70438 | 83027 | 16921 | 8026 | 8895 | 497 | 244 | 253 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 39–35 | 168866 | 75029 | 93837 | 18106 | 8441 | 9665 | 595 | 279 | 316 |
| 44–40 | 163706 | 74902 | 88804 | 16259 | 7926 | 8333 | 521 | 222 | 299 |
| 49–45 | 162485 | 75544 | 86941 | 15299 | 7223 | 8076 | 541 | 257 | 284 |
| 54–50 | 134926 | 63861 | 71065 | 11903 | 5765 | 6138 | 390 | 206 | 184 |
| 59–55 | 128419 | 62876 | 65543 | 11252 | 5614 | 5638 | 321 | 160 | 161 |
| 64–60 | 107060 | 51767 | 55293 | 8838 | 4244 | 4594 | 275 | 126 | 149 |
| 69–65 | 73923 | 34042 | 39881 | 6382 | 2884 | 3498 | 206 | 99 | 107 |
| 74–70 | 56333 | 24960 | 31373 | 4010 | 1721 | 2289 | 133 | 52 | 81 |
| 79–75 | 39785 | 16557 | 23228 | 2699 | 1068 | 1631 | 133 | 52 | 81 |
| +80 | 45145 | 16581 | 28564 | 3033 | 1089 | 1944 | 97 | 42 | 55 |
| പ്രായം കണക്കാക്കപ്പെടാത്തവർ | 2164 | 1047 | 1117 | 169 | 74 | 95 | 7 | 2 | 5 |

*അവലംബം 2011 സെൻസസ്*

## ബ്ളോക്ക്തല ജനസംഖ്യ

| ക്രമ നം. | ബ്ളോക്ക് | ജനസംഖ്യ | | ആകെ | അനുപാതം |
|---|---|---|---|---|---|
| | | പുരുഷൻ | സ്ത്രീ | | |
| 1 | തൈക്കാട്ടുശ്ശേരി | 54161 | 55703 | 109864 | 1028 |
| 2 | പട്ടണക്കാട് | 97684 | 102268 | 199952 | 1047 |
| 3 | കഞ്ഞിക്കുഴി | 78993 | 82180 | 161173 | 1040 |
| 4 | ആര്യാട് | 79076 | 83303 | 162379 | 1053 |
| 5 | അമ്പലപ്പുഴ | 68343 | 72262 | 140605 | 1057 |
| 6 | ചമ്പക്കുളം | 54157 | 58865 | 113022 | 1087 |
| 7 | വെളിയനാട് | 40508 | 42945 | 83453 | 1060 |
| 8 | ചെങ്ങന്നൂർ | 66941 | 77986 | 144927 | 1165 |
| 9 | മാവേലിക്കര | 74937 | 87422 | 162359 | 1167 |
| 10 | ഭരണിക്കാവ് | 80017 | 93437 | 173454 | 1168 |
| 11 | ഹരിപ്പാട് | 70504 | 81404 | 151908 | 1155 |
| 12 | മുതുകുളം | 85897 | 100085 | 185982 | 1165 |

*അവലംബം 2011 സെൻസസ്*

## ബ്ലോക്ക്തല പട്ടികജാതി ജനസംഖ്യ

| ക്രമ നം. | ബ്ളോക്ക് | ജനസംഖ്യ | | ആകെ | അനുപാതം |
|---|---|---|---|---|---|
| | | പുരുഷൻ | സ്ത്രീ | | |
| 1 | തൈക്കാട്ടുശ്ശേരി | 5694 | 5962 | 11656 | 1047 |
| 2 | പട്ടണക്കാട് | 11722 | 12391 | 24113 | 1057 |
| 3 | കഞ്ഞിക്കുഴി | 4243 | 4481 | 8724 | 1056 |
| 4 | ആര്യാട് | 2992 | 3163 | 6155 | 1057 |
| 5 | അമ്പലപ്പുഴ | 3007 | 3279 | 6286 | 1090 |

| | | | | | |
|---|---|---|---|---|---|
| 6 | ചമ്പക്കുളം | 5361 | 5560 | 10921 | 1037 |
| 7 | വെളിയനാട് | 3407 | 3639 | 7046 | 1068 |
| 8 | ചെങ്ങന്നൂർ | 14026 | 15070 | 29096 | 1074 |
| 9 | മാവേലിക്കര | 10480 | 11349 | 21829 | 1083 |
| 10 | ഭരണിക്കാവ് | 13365 | 14361 | 27726 | 1075 |
| 11 | ഹരിപ്പാട് | 7421 | 8122 | 15543 | 1094 |
| 12 | മുതുകുളം | 7830 | 8451 | 16281 | 1079 |

*അവലംബം 2011 സെൻസസ്*

### ബ്ലോക്ക്തല പട്ടികവർഗ്ഗ ജനസംഖ്യ

| ക്രമ നം. | ബ്ലോക്ക് | ജനസംഖ്യ | | ആകെ | അനുപാതം |
|---|---|---|---|---|---|
| | | പുരുഷൻ | സ്ത്രീ | | |
| 1 | തൈക്കാട്ടുശ്ശേരി | 232 | 236 | 468 | 1017 |
| 2 | പട്ടണക്കാട് | 383 | 430 | 813 | 1123 |
| 3 | കഞ്ഞിക്കുഴി | 455 | 509 | 964 | 1119 |
| 4 | ആര്യാട് | 228 | 219 | 447 | 961 |
| 5 | അമ്പലപ്പുഴ | 268 | 278 | 546 | 1037 |
| 6 | ചമ്പക്കുളം | 110 | 103 | 213 | 936 |
| 7 | വെളിയനാട് | 84 | 99 | 183 | 1179 |
| 8 | ചെങ്ങന്നൂർ | 182 | 206 | 388 | 1132 |
| 9 | മാവേലിക്കര | 134 | 158 | 292 | 1179 |
| 10 | ഭരണിക്കാവ് | 200 | 217 | 417 | 1085 |
| 11 | ഹരിപ്പാട് | 230 | 243 | 473 | 1057 |
| 12 | മുതുകുളം | 266 | 286 | 552 | 1075 |

*അവലംബം 2011 സെൻസസ്*

### ബ്ലോക്ക്തല തൊഴിലാളി വിവരങ്ങൾ

ജില്ലയിലെ ആകെ തൊഴിലാളികൾ 804471 ആണ്. ഇത് ജില്ലയിലെ ആകെ ജനസംഖ്യയുടെ 37.81 % വും സംസ്ഥാനത്തെ ആകെ തൊഴിലാളികളുടെ എണ്ണത്തിന്റെ 6.92% വുമാണ്. ജില്ലയിലെ ആകെ മെയിൻ വർക്കേഴ്സിന്റെ എണ്ണം 596387 ആണ്. ഇത് ജില്ലയിലെ ആകെ ജനസംഖ്യയുടെ 28.03% വും ജില്ലയിലെ ആകെ തൊഴിലാളികളുടെ എണ്ണത്തിന്റെ 74.13%വുമാണ്. മാർജിനൽ വർക്കേഴ്സിന്റെ എണ്ണം 208084, ഇത് ആകെ ജനസംഖ്യയുടെ 9.78% വും ജില്ലയിലെ ആകെ തൊഴിലാളികളുടെ എണ്ണത്തിന്റെ 25.87%വുമാണ്. ജില്ലയിലെ ആകെ തൊഴിലില്ലാത്തവരുടെ എണ്ണം 1323318 ആണ്. ഇത് ആകെ ജനസംഖ്യയുടെ 62.19% ആണ്.

### ബ്ലോക്ക്തല തൊഴിലാളി, കർഷക തൊഴിലാളി വിവരങ്ങൾ

| ക്രമ നം. | ബ്ലോക്ക് | തൊഴിലാളികൾ വിവരങ്ങൾ | | | കർഷകതൊഴിലാളി വിവരങ്ങൾ | | |
|---|---|---|---|---|---|---|---|
| | | ആകെ | പുരുഷൻ | സ്ത്രീ | ആകെ | പുരുഷൻ | സ്ത്രീ |
| 1 | തൈക്കാട്ടുശ്ശേരി | 49474 | 31848 | 17626 | 1175 | 874 | 301 |
| 2 | പട്ടണക്കാട് | 98026 | 62206 | 35820 | 1286 | 884 | 402 |
| 3 | കഞ്ഞിക്കുഴി | 80578 | 48105 | 32473 | 1355 | 913 | 442 |
| 4 | ആര്യാട് | 55612 | 37382 | 18230 | 623 | 428 | 195 |
| 5 | അമ്പലപ്പുഴ | 55673 | 36616 | 19057 | 2589 | 1247 | 1342 |
| 6 | ചമ്പക്കുളം | 42063 | 28254 | 13809 | 8498 | 5096 | 3402 |

| | | | | | | | |
|---|---|---|---|---|---|---|---|
| 7 | വെളിയനാട് | 32316 | 21759 | 10557 | 6402 | 4320 | 2082 |
| 8 | ചെങ്ങന്നൂർ | 53223 | 37899 | 15324 | 3783 | 3001 | 782 |
| 9 | മാവേലിക്കര | 41895 | 29607 | 12288 | 2489 | 1944 | 545 |
| 10 | ഭരണിക്കാവ് | 55897 | 39217 | 16680 | 3808 | 3168 | 640 |
| 11 | ഹരിപ്പാട് | 62912 | 39549 | 23363 | 3966 | 2468 | 1498 |
| 12 | മുതുകുളം | 60170 | 39081 | 21089 | 1473 | 1113 | 360 |

*അവലംബം 2011 സെൻസസ്*

**ബ്ളോക്ക്തല കർഷകരുടെ വിവരങ്ങൾ**

| ക്രമ നം. | ബ്ളോക്ക് | ആകെ | പുരുഷൻ | സ്ത്രീ |
|---|---|---|---|---|
| 1 | തൈക്കാട്ടുശ്ശേരി | 513 | 417 | 96 |
| 2 | പട്ടണക്കാട് | 754 | 600 | 154 |
| 3 | കഞ്ഞിക്കുഴി | 1099 | 813 | 286 |
| 4 | ആര്യാട് | 252 | 195 | 57 |
| 5 | അമ്പലപ്പുഴ | 588 | 461 | 127 |
| 6 | ചമ്പക്കുളം | 2316 | 2152 | 164 |
| 7 | വെളിയനാട് | 1986 | 1847 | 139 |
| 8 | ചെങ്ങന്നൂർ | 2674 | 2354 | 320 |
| 9 | മാവേലിക്കര | 1592 | 1268 | 324 |
| 10 | ഭരണിക്കാവ് | 3780 | 3410 | 370 |
| 11 | ഹരിപ്പാട് | 1054 | 867 | 187 |
| 12 | മുതുകുളം | 580 | 479 | 101 |

*അവലംബം 2011 സെൻസസ്*

2001ൽ 93.43 ആയിരുന്ന സാക്ഷരതാനിരക്കെങ്കിൽ 2011 ൽ ആയത് 95.72 ആയി മാറി. അതുപോലെ തന്നെ പുരുഷ സാക്ഷരതയിൽ 2.92% വർദ്ധനയുണ്ടായപ്പോൾ സ്ത്രീ സാക്ഷരതയിൽ 7.67% വർദ്ധനവുണ്ടായി. ആയത് 2011 ൽ ജില്ലയിൽ സാക്ഷരരായ പുരുഷന്മാർ 890552 ഉം സ്ത്രീകൾ 962245 ഉം ആണ്.

**ബ്ളോക്കതല സാക്ഷരതാവിവരം**

| ക്രമ നം. | ബ്ലോക്ക് | ആകെ | പുരുഷൻ | സ്ത്രീ |
|---|---|---|---|---|
| 1 | തൈക്കാട്ടുശ്ശേരി | 93689 | 47560 | 46129 |
| 2 | പട്ടണക്കാട് | 188623 | 93877 | 94746 |
| 3 | കഞ്ഞിക്കുഴി | 148939 | 73515 | 75424 |
| 4 | ആര്യാട് | 118790 | 58469 | 60321 |
| 5 | അമ്പലപ്പുഴ | 119794 | 58941 | 60853 |
| 6 | ചമ്പക്കുളം | 99597 | 47731 | 51866 |
| 7 | വെളിയനാട് | 73643 | 35796 | 37847 |
| 8 | ചെങ്ങന്നൂർ | 154055 | 71282 | 82773 |
| 9 | മാവേലിക്കര | 118188 | 54553 | 63635 |

| | | | | |
|---|---|---|---|---|
| 10 | ഭരണിക്കാവ് | 149748 | 69749 | 79999 |
| 11 | ഹരിപ്പാട് | 143622 | 67442 | 76180 |
| 12 | മുതുകുളം | 147787 | 68947 | 78840 |

*അവലംബം 2011 സെൻസസ്*

**കുടിയേറ്റം**

കേരളത്തിനു പുറത്തു ജീവിക്കുന്ന മലയാളികൾ സംസ്ഥാനത്തിന്റെ പുരോഗതിയിൽ നിർണ്ണായക പങ്കു വഹിക്കുന്നുണ്ട്. കഴിഞ്ഞ 3 ദശകങ്ങളിലായി രാജ്യത്തിന്റെ കറണ്ട് അക്കൗണ്ട് കമ്മി നികത്താൻ റമിറ്റൻസ് സഹായിച്ചിട്ടുണ്ട്. നൈപുണ്യ വികസനത്തിലൂടെ മാറിക്കൊണ്ടിരിക്കുന്ന തൊഴിൽ സേനയുടെ പ്രത്യേകത ധാരാളം പ്രൊഫഷണൽ യുവജനങ്ങളെ കേരളത്തിനു പുറത്തു പോകുവാൻ സഹായിക്കുന്നു. സെന്റർ ഫോർ ഡവലപ്മെന്റ് സ്റ്റഡീസ് 2017 ൽ നടത്തിയ സർവ്വേ പ്രകാരം വിവിധ രാജ്യങ്ങളിലായി 24 ലക്ഷത്തിലുമധികം മലയാളികൾ പ്രവാസികളായി കഴിയുന്നു. അവരിൽ നിന്നുള്ള റമിറ്റൻസ് സംസ്ഥാനത്തിന്റെ അറ്റ ആഭ്യന്തര ഉല്പാദനത്തിന്റെ 36.5 ശതമാനത്തോളമാണ്.

മദ്ധ്യേഷ്യയിലെ സ്വദേശി നയങ്ങളും ലോകം മുഴുവൻ വ്യാപിച്ച സാമ്പത്തിക അസ്ഥിരതയും മൂലം കേരളത്തിലേയ്ക്ക് തിരിച്ചു വരുന്ന പ്രവാസികളുടെ എണ്ണം കൂടിക്കൊണ്ടിരിക്കുകയാണ്.

ജോലി ചെയ്യുന്ന വിദേശമലയാളികളിൽ 93.04 ശതമാനം പുരുഷൻമാരും 6.96 ശതമാനം സ്ത്രീകളുമാണ്. രാജ്യം തിരിച്ച് കണക്കാക്കിയാൽ ഏറ്റവും കൂടുതൽ വിദേശമലയാളികൾ ജോലിയിലേർപ്പെട്ടിരിക്കുന്നതായി രേഖപ്പെടുത്തിയിട്ടുളളത് യു.എ.ഇ.യിലാണ്. തൊഴിൽ തിരിച്ചു നോക്കിയാൽ 11.85 ശതമാനം ഡ്രൈവർമാരും, 10.99 ശതമാനം കടകളിലും മറ്റും സാധനങ്ങൾ വിൽക്കുന്നവരും, 6.37 ശതമാനം നഴ്സുമാരും, 3.78 ശതമാനം എഞ്ചിനീയർമാരും, 2.23 ശതമാനം വിവരസാങ്കേതിക വിദഗ്ധരും, 0.53 ശതമാനം ഡോക്ടർമാരുമാണ്. ബാക്കിയുളള 64.25 ശതമാനം പേർ ബിസിനസ്സ്, അധ്യാപനം, ബാങ്ക് മുതലായ മേഖലകളിൽ ജോലി ചെയ്യുന്നവരുമാണ്.

വർദ്ധിച്ച തൊഴിൽ സാധ്യതയും ഉയർന്ന വേതന നിരക്കും സമാധാനപരമായി ജീവിക്കാനാവുന്ന സാമൂഹ്യ ചുറ്റുപാടും നല്ല കാലാവസ്ഥയുമാണ് സാധാരണ കുടിയേറ്റക്കാരെ പ്രേരിപ്പിക്കുന്ന ഘടകങ്ങൾ. ഇവയിൽ പലതും ആലപ്പുഴ ജില്ലയിൽ ലഭ്യമല്ലാത്തതുകൊണ്ട് ജില്ലയിലേയ്ക്കുളള കുടിയേറ്റം വളരെ കുറവാണ്. പക്ഷേ ഈ ജില്ലയിലെ ഉയർന്ന ജനസാന്ദ്രതയും തൊഴിൽ രംഗത്തെ മുരടിപ്പും സാമ്പത്തിക പിന്നോക്കാവസ്ഥയും വ്യവസായങ്ങളുടെ കുറവും അഭ്യസ്തവിദ്യരെ അന്യനാട്ടിൽ തൊഴിൽ അന്വേഷിക്കാൻ പ്രേരിപ്പിക്കുന്നു. ജില്ലയുടെ മാവേലിക്കര, ചെങ്ങന്നൂർ, കുട്ടനാട് മേഖലകളിൽനിന്ന് ധാരാളം പേർ പ്രത്യേകിച്ച് വനിതകൾ വിവിധ തൊഴിൽ മേഖലകളിൽ പ്രധാനമായും ആതുര ശുശ്രൂഷാരംഗത്ത് പാശ്ചാത്യനാടുകളിലും ഗൾഫിലും പണിയെടുക്കുന്നുണ്ട്. ജില്ലയിലെ തൊഴിൽ മേഖലയിൽ ബംഗാൾ, ബീഹാർ, ഒഡീഷ, ഉത്തർപ്രദേശ്, ചത്തീസ്ഗഡ്, ജാർഖണ്ഡ് എന്നീ സംസ്ഥാനങ്ങളിൽ നിന്നുള്ള കുടിയേറ്റ തൊഴിലാളികളുണ്ട്.


2013 ലെ പ്രവാസി സെൻസസ് പ്രകാരം ആലപ്പുഴ ജില്ലയിലെ ആകെ പ്രവാസികളുടെ എണ്ണം 94,154 ആണ്. പ്രവാസികളുള്ള വീടുകളുടെ എണ്ണം 66954 ആണ്. ഇതിൽ ജോലി

ഉള്ളവർ 80480 **ഉം ജോലി ഉള്ളവരുടെ കൂടെ താമസിക്കുന്നവർ** 13674 ഉം ആണ്. ജോലി ഉള്ളവരിൽ 71749 **പേർ പുരുഷന്മാരും** 8731 പേർ സ്ത്രീകളുമാണ്. 26967 **പേർ കുടുംബസമേതം** താമസിക്കുന്നവരും 53513 **പേർ കുടുംബത്തോടെ അല്ലാതെ താമസിക്കുന്നവരുമാണ്. കുടുംബത്തോടെ അല്ലാതെ താമസിച്ച് ജോലി ചെയ്യുന്നവരിൽ** 2230 സ്ത്രീകളും 51283 പുരുഷന്മാരും ഉൾപ്പെടുന്നു.**വിവിധ രാജ്യങ്ങളിലെ പ്രവാസികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.**

## പ്രവാസികളുടെ വിവരങ്ങൾ

| **പ്രവാസികൾ – ഗൾഫ് രാജ്യങ്ങളിൽ** | | | **പ്രവാസികൾ – രാജ്യാടിസ്ഥാനത്തിൽ** | | |
|---|---|---|---|---|---|
| **ക്രമ നം.** | **രാജ്യം** | **എണ്ണം** | **ക്രമ നം.** | **രാജ്യം** | **എണ്ണം** |
| 1 | സൗദി അറേബ്യ | 23375 | 1 | യു.എസ്.എ. | 5918 |
| 2 | യു.എ.ഇ | 29889 | 2 | കാനഡ | 707 |
| 3 | കുവൈറ്റ് | 9056 | 3 | യൂറോപ്പ് | 2777 |
| 4 | ഒമാൻ | 7354 | 4 | ആഫ്രിക്ക | 567 |
| 5 | ഖത്തർ | 6224 | 5 | ഗൾഫ് | 80832 |
| 6 | ബഹ്റിൻ | 4821 | 6 | മറ്റുളളവ | 3353 |
| 7 | ഇറാഖ് | 78 | | **ആകെ** | **94154** |
| 8 | ഇറാൻ | 35 | | | |
| | **ആകെ** | **80832** | | | |

*(അവലംബം: പ്രവാസി സെൻസസ് സാമ്പത്തിക സ്ഥിതി വിവരക്കണക്ക് വകുപ്പ്)*



ആകെ പ്രവാസികളിൽ 5918 പേർ യു.എസ്.എ യിലും 707 പേർ ക്യാനഡയിലും 2777 പേർ യൂറോപ്യൻ രാജ്യങ്ങളിലും 567 പേർ ആഫ്രിക്കൻ രാജ്യങ്ങളിലും 80832 പേർ ഗൾഫ് രാജ്യങ്ങളിലും 3353 പേർ മറ്റ രാജ്യങ്ങളിലും താമസിക്കുന്നു.

പ്രവാസികളുടെ തൊഴിൽ വിവരങ്ങൾ താഴെ ചേർക്കുന്നു.

**പ്രവാസി വിവരങ്ങൾ – തൊഴിലടിസ്ഥാനത്തിൽ**

| ക്രമ നം. | തൊഴിൽ മേഖല | എണ്ണം |
|---|---|---|
| 1 | ഡോക്ടർ | 524 |
| 2 | നഴ്സ് | 11514 |
| 3 | എഞ്ജിനീയർ | 4724 |
| 4 | ബാങ്ക് | 797 |
| 5 | ഐ. റ്റി. | 2471 |
| 6 | അധ്യാപകൻ | 1880 |
| 7 | മാനേജർ | 1513 |
| 8 | ഡ്രൈവർ | 4918 |
| 9 | ബിസിനസ്സ് | 2761 |
| 10 | സെയിൽസ് മാൻ | 3927 |
| 11 | മറ്റുള്ളവർ | 45451 |
| | **ആകെ** | **80480** |

*(അവലംബം: പ്രവാസി സെൻസസ് സാമ്പത്തിക സ്ഥിതി വിവരക്കണക്ക് വകുപ്പ്)*

കേരളത്തിന്റെ സാമ്പത്തിക വളർച്ചയിൽ വിദേശരാജ്യങ്ങളിൽ നിന്ന് അയയ്ക്കുന്ന പണത്തിന് വളരെ നിർണ്ണായകമായ സ്ഥാനമുണ്ട്. സംസ്ഥാനത്തിലേയ്ക്കുള്ള വിദേശപണത്തിന്റെ വരവ് ക്രമമായി ഉയർന്നു വരുന്നതായി കണക്കുകൾ സൂചിപ്പിക്കുന്നു.

## സംസ്ഥാന വരുമാനം

ദേശീയ/സംസ്ഥാന വരുമാനം കണക്കാക്കുന്നതിലെ അടിസ്ഥാനവർഷം 2004-05 ൽ നിന്നും 2011-12 ആക്കിമാറ്റിയിട്ടുണ്ട്. ത്വരിത കണക്കുകളിൽ മൊത്ത സംസ്ഥാന ആഭ്യന്തരോല്പാദനം(ജി.എസ്.ഡി.പി) 2011-12 ലെ സ്ഥിരവിലയിൽ 2014-15 ലെ താല്കാലിക കണക്കുകളിലെ 4,32,23,674 ലക്ഷം രൂപയിൽ നിന്ന് 2015-16 ൽ 4,67,24,313 ലക്ഷം രൂപയായി വർദ്ധിച്ചു. വളർച്ചാ നിരക്ക് 2014-15 ലെ 7.31 ശതമാനത്തിൽ നിന്നും 2015-16 ൽ 8.10 ശതമാനമായി. നടപ്പു വിലയിലുള്ള സംസ്ഥാനആറ്റ ആഭ്യന്തരോല്പാദനം 2014-15 ലെ 4,73,04,466 ലക്ഷം രൂപയിൽ നിന്ന് വർദ്ധിച്ച് 2015-16 ൽ 5,31,12,606 ലക്ഷം രൂപയായി. വളർച്ചാ നിരക്ക് 2014-15 ലെ 13.37 ശതമാനത്തിൽ നിന്ന് 2015-16 ൽ 12.28 ശതമാനമായി. 2015-16 ലെ മൊത്ത സംസ്ഥാന ആഭ്യന്തരോല്പാദനത്തിന്റെ ജില്ലാവിതരണത്തിൽ ആലപ്പുഴ ജില്ല 3860438 ലക്ഷം രൂപയോടെ 7.87 ശതമാനം വളർച്ച നേടി. 2015-16 ൽ ആലപ്പുഴ ജില്ലയുടെ പ്രതിശീർഷവരുമാനം 123368 രൂപയും 2014-15ൽ ഇത് 130172 രൂപയുമാണ്. പ്രതിശീർഷവരുമാനത്തിൽ ജില്ല സംസ്ഥാനത്ത് മൂന്നാം സ്ഥാനത്താണ്. ജില്ലാതല ആഭ്യന്തരോല്പാദനം നടപ്പു വിലയിലും സ്ഥിരവിലയിലും ചുവടെ ചേർക്കുന്നു.

## കേരളത്തിന്റെ സംസ്ഥാന ആഭ്യന്തരോല്പാദനവും പ്രതിശീർഷ വരുമാനവും

| ക്രമ നം. | ഇനം | വരുമാനം (ലക്ഷം രൂപയിൽ) | | | വളർച്ചാ നിരക്ക് ശതമാനം | |
|---|---|---|---|---|---|---|
| | | 2013–14 | 2014–15 (പി) | 2015–16 (കു) | 2014–15 (പി) | 2015–16 (കു) |
| 1 | **മൊത്തം സംസ്ഥാനആഭ്യന്തരോല്പാദനം** | | | | | |
| | എ) സ്ഥിരവിലയിൽ | 40278133 | 43223674 | 46724313 | 7.31 | 8.10 |
| | ബി) നടപ്പ് വിലയിൽ | 46504121 | 52600230 | 58833659 | 13.11 | 11.85 |
| 2 | **അറ്റ സംസ്ഥാനആഭ്യന്തരോല്പാദനം** | | | | | |
| | എ) സ്ഥിരവിലയിൽ(2011–12) | 36470677 | 39370155 | 42613173 | 7.95 | 8.24 |
| | ബി) നടപ്പ് വിലയിൽ | 41726497 | 47304466 | 53112606 | 13.37 | 12.28 |
| | സംസ്ഥാന പ്രതിശീർഷ വരുമാനം | | | | | |
| | എ) സ്ഥിരവിലയിൽ | 119105 | 127187 | 136811 | 6.79 | 7.57 |
| | ബി) നടപ്പ് വിലയിൽ | 137515 | 154778 | 172268 | 12.55 | 11.30 |
| | അറ്റ സംസ്ഥാന പ്രതിശീർഷ ആഭ്യന്തര ഉല്പന്നം | | | | | |
| | എ) സ്ഥിരവിലയിൽ(2011–12) | 107846 | 115848 | 124773 | 7.42 | 7.70 |
| | ബി) നടപ്പ് വിലയിൽ | 123388 | 139195 | 155516 | 12.81 | 11.73 |

*അവലംബം: സാമ്പത്തികസ്ഥിതിവിവരക്കണക്ക് വകുപ്പ്*

*പി: താൽക്കാലികം കു: ത്വരിതം*

## മൊത്തം സംസ്ഥാന ആഭ്യന്തരോല്പാദനത്തിന്റെ ജില്ലാതലവിതരണം (ലക്ഷം രൂപയിൽ)

| ക്രമ നം. | ജില്ല | ഘടകമൂല്യത്തിൽ മൊത്തസംസ്ഥാന ആഭ്യന്തരോല്പാദനം | | | | | |
|---|---|---|---|---|---|---|---|
| | | നടപ്പ് വിലയിൽ | | | സ്ഥിരവിലയിൽ | | |
| | | 2014–15 (പി) | 2015–16 (കു) | വളർച്ചാ നിരക്ക്(%) | 2014–15 (പി) | 2015–16 (കു | വളർച്ചാ നിരക്ക്(%) |
| 1 | തിരുവനന്തപുരം | 4856255 | 5527866 | 13.83 | 3980052 | 4379870 | 10.05 |
| 2 | കൊല്ലം | 4447889 | 4833817 | 8.68 | 3635333 | 3816002 | 4.97 |
| 3 | പത്തനംതിട്ട | 1388104 | 1484563 | 6.95 | 1151854 | 1192745 | 3.55 |
| 4 | ആലപ്പുഴ | 3578694 | 3860438 | 7.87 | 2902885 | 3060179 | 5.42 |
| 5 | കോട്ടയം | 2929854 | 3231414 | 10.29 | 2484692 | 2631789 | 5.92 |
| 6 | ഇടുക്കി | 1820222 | 1931443 | 6.11 | 1445373 | 1509331 | 4.43 |
| 7 | എറണാകുളം | 6042283 | 6811532 | 12.73 | 5061012 | 5489638 | 8.47 |
| 8 | തൃശ്ശൂർ | 4887638 | 5499420 | 12.52 | 4019513 | 4359486 | 8.46 |
| 9 | പാലക്കാട് | 3502457 | 3916469 | 11.82 | 2837929 | 3053495 | 7.60 |
| 10 | മലപ്പുറം | 4600118 | 5188140 | 12.78 | 3783386 | 4089318 | 8.09 |
| 11 | കോഴിക്കോട് | 4214011 | 4669634 | 10.81 | 3436883 | 3686581 | 7.27 |
| 12 | വയനാട് | 981932 | 1073096 | 9.28 | 764660 | 810384 | 5.98 |
| 13 | കണ്ണൂർ | 3358216 | 3727473 | 11.00 | 2757405 | 2972726 | 7.81 |
| 14 | കാസർകോട് | 1625587 | 1819296 | 11.92 | 1311212 | 1427568 | 8.87 |
| | | **48233260** | **53574598** | **11.07** | **39572189** | **42479111** | **7.35** |

*അവലംബം: സാമ്പത്തികസ്ഥിതിവിവരക്കണക്ക് വകുപ്പ് – പി: താൽക്കാലികം കു: ത്വരിതം*

**2011-12 ലെ സ്ഥിരവിലയിൽ ജില്ലതലപ്രതിശീർഷ വരുമാനം**

| ക്രമ നം. | ജില്ല | 2014-15 (പി) ₹ | റാങ്ക് | 2015-16 (കൃ) ₹ | റാങ്ക് | വളർച്ചാ നിരക്ക്(%) |
|---|---|---|---|---|---|---|
| 1 | തിരുവനന്തപുരം | 108108 | 7 | 118740 | 7 | 9.83 |
| 2 | കൊല്ലം | 124329 | 2 | 130341 | 2 | 4.84 |
| 3 | പത്തനംതിട്ട | 88399 | 10 | 92130 | 12 | 4.22 |
| 4 | ആലപ്പുഴ | 123368 | 3 | 130172 | 3 | 5.52 |
| 5 | കോട്ടയം | 113519 | 6 | 120122 | 5 | 5.82 |
| 6 | ഇടുക്കി | 114673 | 4 | 119908 | 6 | 4.57 |
| 7 | എറണാകുളം | 135817 | 1 | 146518 | 1 | 7.88 |
| 8 | തൃശ്ശൂർ | 114168 | 5 | 123341 | 4 | 8.03 |
| 9 | പാലക്കാട് | 88342 | 11 | 94623 | 10 | 7.11 |
| 10 | മലപ്പുറം | 80277 | 14 | 85575 | 14 | 6.60 |
| 11 | കോഴിക്കോട് | 99197 | 8 | 105873 | 8 | 6.73 |
| 12 | വയനാട് | 81842 | 13 | 86202 | 13 | 5.33 |
| 13 | കണ്ണൂർ | 97178 | 9 | 104246 | 9 | 7.27 |
| 14 | കാസർകോട് | 86045 | 12 | 93180 | 11 | 8.29 |
| | **കേരളം** | **105104** | | 112343 | | 6.89 |

*അവലംബം: സാമ്പത്തികസ്ഥിതിവിവരക്കണക്ക് വകുപ്പ് - പി: താൽക്കാലികം കൃ: ത്വരിതം*

## വിവിധ വിഷയമേഖലകൾ

കാർഷിക മേഖലയുടെ വളർച്ച, പ്രതികൂല കാലാവസ്ഥാനുഭവങ്ങളുടെ അതിജീവനം, അടിസ്ഥാന സൗകര്യവികസനം, നൂതന കണ്ടുപിടുത്തങ്ങൾ, വ്യവസായവൽക്കരണം, ദാരിദ്ര്യവും തൊഴിലില്ലായ്മയും ഇടച്ച നീക്കുക,ആരോഗ്യവും വിദ്യാഭ്യാസവുമുള്ള ജനത, ദുർബലവിഭാഗങ്ങളുടെ സംരക്ഷണം, സാമൂഹ്യ വികസനം എന്നിവ പതിമൂന്നാം പഞ്ചവത്സര പദ്ധതിക്കാലത്ത് പ്രാവർത്തികമാക്കി ജനാധിപത്യ ആസൂത്രണം പൂർണ്ണരീതിയിൽ സാക്ഷാത്കരിക്കാവുന്നതാണ്.

**കൃഷി**

ആലപ്പുഴ ജില്ലയിൽ വ്യാപകമായി കൃഷി ചെയ്യുന്നത് നെല്ലും കൽപ്പവൃക്ഷം എന്നറിയപ്പെടുന്ന നാളികേരവുമാണ്. കൂടാതെ വിവിധയിനം പച്ചക്കറികളും നാടൻ കിഴങ്ങു വർഗ്ഗങ്ങൾ, കാച്ചിൽ, ചേമ്പ്, ചേന തുടങ്ങിയവയും കൃഷി ചെയ്തു വരുന്നു.

ജില്ലയിലെ കുട്ടനാട്, കാർത്തികപ്പള്ളി, അമ്പലപ്പുഴ എന്നീ താലൂക്കുകളിലായാണ് ആകെ നെൽകൃഷി ചെയ്യുന്ന 32453 ഹെക്ടറിൽ സിംഹഭാഗവും കാണപ്പെടുന്നത്. ഇതിൽ കുട്ടനാട് കേരളത്തിന്റെ നെല്ലറ എന്നറിയപ്പെടുന്നു. പ്രാചീന തിരുവിതാംകൂറിൽ ഭക്ഷ്യക്ഷാമം രൂക്ഷമായിരുന്ന 1930 കളിൽ അന്നത്തെ തിരുവിതാംകൂർ മഹാരാജാവായിരുന്ന

ശ്രീ.ചിത്തിരതിരുനാൾ ബാലരാമവർമ്മയുടെ അനുവാദത്തോടെ ശ്രീ.ജോസഫ് മുരിക്കന്റെ നേതൃത്വത്തിൽ കായലിൽ ചിറകെട്ടി അതിനുള്ളിലെ വെള്ളം വറ്റിച്ച് കൃഷി യോഗ്യമാക്കിയ അനവധി കായൽനിലങ്ങൾ ഉൾപ്പെടുന്നതാണ് കുട്ടനാട്ടിലെ നെൽകൃഷി മേഖല. ഈ കായൽ നിലങ്ങൾ സമുദ്ര നിരപ്പിന് താഴെയാണ് സ്ഥിതി ചെയ്യുന്നത്. കുട്ടനാട്ടിലെ നെൽകൃഷി മേഖല ലോവർ കുട്ടനാട്, അപ്പർ കുട്ടനാട് എന്നിങ്ങനെ രണ്ടായി തരംതിരിച്ചിരിക്കുന്നു. കുട്ടനാട്ടിലെ പാടശേഖരങ്ങളിൽ ഉപ്പ് വെള്ളത്തിന്റെ സാന്നിധ്യം ഇല്ലാതാക്കി വർഷം മുഴുവൻ കൃഷിയോഗ്യമാക്കുവാൻ ഉദ്ദേശിച്ച് നിർമ്മിച്ചതാണ് തണ്ണീർമുക്കം ബണ്ട്. നിലവിൽ കുട്ടനാട് താലൂക്കിൽ ഉൾപ്പെടുന്ന കൈനകരി, നെടുമുടി, ചമ്പക്കുളം, എടത്വ പഞ്ചായത്തുകളിലാണ് രണ്ടാം കൃഷി എന്നറിയപ്പെടുന്ന വിരിപ്പ് സീസണിലെ നെൽകൃഷി വ്യാപകമായുള്ളത്. മുൻകാലങ്ങളിൽ കുട്ടനാട്ടിലെ കായൽനിലങ്ങളിൽ നെൽകൃഷിയും മറ്റ് കൃഷികളും വ്യാപകമായിരുന്നു. നിലവിലെ സാഹചര്യത്തിൽ കായൽ നിലങ്ങൾ പൂർണ്ണമായും കൃഷിക്ക് ഉപയോഗിക്കുന്നില്ല. ഗവൺമെന്റുകളുടെയും ജില്ലാഭരണ കൂടത്തിന്റെയും ശക്തമായ ഇടപെടലുകൾ മുഖേന കായൽ നിലങ്ങൾ പൂർണ്ണമായും കൃഷിക്ക് ഉപയോഗിക്കുന്നതിന് സാഹചര്യമൊരുക്കി വരുന്നുണ്ട്.തൊഴിലാളി ദൗർലഭ്യവും ഉപ്പുവെള്ള ഭീഷണിയുമാണ് കാർഷിക മേഖല നേരിടുന്ന പ്രധാന ഭീഷണികൾ.

അമ്പലപ്പുഴ താലൂക്കിൽ മുൻകാലങ്ങളിൽ നെൽകൃഷി ചെയ്തിരുന്ന പാടശേഖരങ്ങളിൽ പലതും ഭാഗികമായി നികത്തപ്പെടുകയും ചിലത് കൃഷിയോഗ്യമല്ലാതായി തീരുകയും ചെയ്തു. അമ്പലപ്പുഴ പഞ്ചായത്തിന്റെ തെക്കൻ മേഖലയിലുള്ള പാടശേഖരങ്ങളിൽ ഉപ്പ് വെള്ളത്തിന്റെ സാന്നിദ്ധ്യം മൂലം രണ്ട് കൃഷി എന്ന ആശയം പ്രായോഗികമല്ലാതായി തീർന്നു. കാർത്തികപ്പള്ളി താലൂക്കിലെ അപ്പർ കുട്ടനാട്ടിൽ ഉൾപ്പെടുന്ന പ്രദേശങ്ങളിൽ നെൽകൃഷി വ്യാപകമായുണ്ടെങ്കിലും റെയിൽവേലൈൻ കടന്നു പോകുന്ന പ്രദേശങ്ങളിലെ പാടശേഖരങ്ങൾ രണ്ടായി തീരുകയും ഒരു ഭാഗത്ത് വെള്ളം കയറ്റിയിറക്കാൻ പ്രയാസം നേരിടുകയും അത്തരം ഭാഗങ്ങൾ തരിശായി തീരുകയും ചെയ്തു.സമ്മിശ്ര ഭൂപ്രദേശമുള്ള താലൂക്കാണ് ചെങ്ങന്നൂർ. അച്ചൻ കോവിൽ, മണിമല, പമ്പ എന്നീ നദികളാൽ സമൃദ്ധമായ ഒരു ഭൂപ്രദേശം എന്നുള്ളതു കൊണ്ടുതന്നെ നെല്ലും പച്ചക്കറി വർഗ്ഗങ്ങളും തുല്യപ്രാധാന്യത്തോടെ ഇവിടെ കൃഷി ചെയ്തുവരുന്നു. തിരുവൻവണ്ടൂർ പഞ്ചായത്തിലെ മുഖ്യകൃഷികളിലൊന്ന് കരിമ്പാണ്.മാവേലിക്കരയിലെ പാടശേഖരങ്ങളിൽ വ്യാപകമായി കൃഷി ചെയ്തു വരുന്ന എള്ള് ഇന്ന് ഉൽപ്പാദനം തീരെ കുറഞ്ഞ അവസ്ഥയിലാണ്. എന്നാൽ പ്രധാനപ്പെട്ട വിളകളായ മരച്ചീനി, ഏത്തവാഴ, വിവിധ പച്ചക്കറികൾ, തെങ്ങ്, പുളി മുതലായവയുടെ ഉൽപ്പാദനത്തിൽ ശരാശരി സ്ഥിരത പുലർത്തി വരുന്നു

ജില്ലയിലെ ചേർത്തല താലൂക്കിൽ കരിനിലങ്ങളിലും കരപ്പാടങ്ങളിലുമായാണ് നെൽകൃഷി വ്യാപകമായിരുന്നത്. കരപ്പാടങ്ങളിലെ നെൽകൃഷി പൂർണ്ണമായും മഴവെള്ളത്തെ ആശ്രയിച്ചാണ് നടന്നു വന്നിരുന്നത്. വിരിപ്പ്, മുണ്ടകൻ കൃഷികൾക്കുള്ള നാടൻ വിത്തിനങ്ങൾ ഒന്നായി വിതയ്ക്കുകയുംവിരിപ്പ് നെല്ല് വിളവെടുപ്പ് പൂർത്തിയാകുന്ന മുറയ്ക്ക് മുണ്ടകൻ വിളയുടെ ഞാറ് വളർച്ച പ്രാപിക്കുകയും ചെയ്യുന്ന സമ്പ്രദായമാണ് ഇവിടെ നിലവിലിരുന്നത്. ടി കരപ്പാടങ്ങളിൽ വിളവെടുപ്പിനു ശേഷം പയർ വർഗ്ഗങ്ങൾ കൃഷി ചെയ്യുകയും(ചെറുപയർ, ഉഴുന്ന്)അവയുടെ വിളവെടുപ്പിന് ശേഷമുള്ള ജൈവാവശിഷ്ടങ്ങൾ അടുത്ത നെൽകൃഷിക്ക് വളമായി പാടത്ത് ഉഴുതു ചേർക്കുകയും ചെയ്തിരുന്നു. അത്തരം കരപ്പാടങ്ങൾ പലതും നികത്തപ്പെടുകയോ, കാലാവസ്ഥാ വ്യതിയാനം മൂലം കൃഷി ഉപേക്ഷിക്കുകയോ ചെയ്തു.ജില്ലയിലെ മങ്കൊമ്പിലും കായംകുളത്തും നെല്ലുഗവേഷണകേന്ദ്രവും മാവേലിക്കരയിൽ വിത്ത് ഉല്പാദന കേന്ദ്രവും കായംകുളത്ത് തെങ്ങ് ഗവേഷണകേന്ദ്രവും പ്രവർത്തിച്ചുവരുന്നു.

തരിശുനിലങ്ങൾ കൃഷിയോഗ്യമാക്കുന്നതിന് കർഷകർക്ക് ആവശ്യമായ സഹായവും പ്രോത്സാഹനവും നൽകിയും അതിനായി വിവിധ പദ്ധതികൾ ആസൂത്രണം ചെയ്തും ജില്ലാ ഭരണകൂടവും സംസ്ഥാനസർക്കാരും നെൽകൃഷിയെ കൂടുതൽ ജനകീയമാക്കാനും വ്യാപിപ്പിക്കാനും ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.


## ഭൂവിനിയോഗം

ജില്ലയിലെ മൊത്തം ഭൂവിസ്തൃതിയെ ഭൂമിയുടെ പതിമൂന്ന് ഉപയോഗങ്ങളനുസരിച്ച് തരംതിരിച്ചിരിക്കുന്നു.

**ഭൂവിനിയോഗം**

| ആകെഭൂവിസ്തൃതി | മറ്റുകാർഷികേതരഉപയോഗം | പാറയും മറ്റ് കൃഷിക്ക്ഉപയുക്തമല്ലാത്തസ്ഥലവും | മറ്റിനംവൃക്ഷങ്ങൾ | കൃഷിക്ക്ഉപയുക്തമായതരിശ് | മറ്റിനംതരിശ് | തൽക്കാലതരിശ് | ചതുപ്പ് നിലം | നിശ്ചലജലപ്രദേശം | വെള്ളക്കെട്ട്പ്രദേശം | സാമൂഹ്യവനവത്ക്കരണം | കൃഷിചെയ്യുന്നആകെസ്ഥലം | നിലവിൽകൃഷിചെയ്യുന്നസ്ഥലം | കൃഷിചെയ്യുന്നആകെവിസ്തീർണ്ണം |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 141011 | 24323 | 8 | 78 | 13912 | 1900 | 3406 | 1 | 12457 | 299 | 39 | 85588 | 18032.69 | 102620.69 |

*(അവലംബം സാമ്പത്തിക സ്ഥിതി വിവരക്കണക്ക് വകുപ്പ് 2016-17)*



## 2007-08 മുതലുള്ളനെൽകൃഷിയുടെവിസ്തൃതി, ഉത്പാദനം, ഉത്പാദനനിരക്ക്

| വർഷം | വിസ്തൃതി (ഹെക്ടർ) | ഉത്പാദനം - അരി (ടൺ) | ഉത്പാദനനിരക്ക് (കി.ഗ്രാം/ഹെക്ടർ) |
|---|---|---|---|
| 2007–08 | 33335 | 62270 | 1881 |
| 2008–09 | 34143 | 104250 | 3053 |
| 2009–10 | 33440 | 97976 | 2930 |
| 2010–11 | 37060 | 91325 | 2464 |
| 2011–12 | 36251 | 111980 | 3089 |
| 2012–13 | 36195 | 104593 | 2890 |
| 2013–14 | 37403 | 106866 | 2857 |
| 2014–15 | 34415 | 103095 | 2996 |
| 2015–16 | 31724 | 89335 | 2816 |
| 2016–17 | 32453 | 102439 | 3157 |

*(അവലംബം സാമ്പത്തിക സ്ഥിതി വിവരക്കണക്ക് വകുപ്പ് 2016–17)*

## ജില്ലയിലെ പ്രധാന വിളകളുടെ വിവരങ്ങൾ 2016–17

| വിള | വിസ്തീർണ്ണം (ഹെക്ടർ) | ഉല്പാദനം (ടൺ) | ഉല്പാദനനിരക്ക് (കി.ഗ്രാം/ഹെക്ടർ) |
|---|---|---|---|
| നെല്ല് | 32453 | 102439 | 3157 |
| തെങ്ങ് | 33670 | 177(മില്യൺ) | 5257 |
| അടയ്ക്ക | 1321 | 437 | 331 |
| മരച്ചീനി | 2559 | 101377 | 39616 |
| ഏത്തവാഴ | 519 | 3743 | 7212 |
| മറ്റുവാഴ | 2158 | 14126 | 6546 |
| കൊക്കോ | 86 | 117 | 1360 |
| കുരുമുളക് | 605 | 135 | 223 |
| മഞ്ഞൾ | 44 | 85 | 1932 |
| ഇഞ്ചി | 79 | 259 | 3278 |
| ജാതി | 328 | 114 | 348 |
| പുളി | 526 | 1262 | 2399 |
| പ്ളാവ് | 2730 | 3 (മില്യൺ) | 1099 |
| മാവ് | 4819 | 17008 | 3529 |
| പപ്പായ | 1104 | 9114 | 8255 |
| കശുമാവ് | 1718 | 248 | 144 |

*(അവലംബം സാമ്പത്തിക സ്ഥിതി വിവരക്കണക്ക് വകുപ്പ്)*

ജില്ലയിലെ രണ്ടാമത്തെ പ്രധാന കൃഷിയായ നാളികേരത്തിന്റെ ഉല്പാദനം കുറഞ്ഞു വരുന്നതായി കണക്കുകൾ സൂചിപ്പിക്കുന്നു. വിസ്തൃതമായ തെങ്ങിൻതോപ്പുകൾ ഇവിടെ കാണുന്നില്ല. ചെറുകിട നാളികേര കർഷകരാണ് ജില്ലയിൽ അധികവും. തെങ്ങിനെ ബാധിക്കുന്ന

വിവിധ രോഗങ്ങളും മേഖലയിലെ തൊഴിലാളി ക്ഷാമവും ആണ് നാളികേരത്തിന്റെ ഉല്പാദനത്തിൽ കുറവു രേഖപ്പെടുത്താൻ കാരണം. നാളികേരത്തിന്റെ വിലയിൽ പ്രകടമാകുന്ന അസ്ഥിരത മൂലവും കർഷകർക്ക് കൃഷിയിലുള്ള താൽപര്യത്തിൽ കുറവുണ്ടാകുന്നു. നാളികേരത്തിന്റെ വിലസ്ഥിരത ഉറപ്പുവരുത്തിയും തൊഴിലാളി ബാങ്ക് രൂപീകരിച്ചും ഈ മേഖലയിലേയ്ക്ക് കർഷകരെ ആകർഷിക്കാവുന്നതാണ്. കൃഷിഭവനുകൾ വഴി സബ്സിഡി നിരക്കിൽ അത്യുല്പാദനശേഷിയുള്ള തെങ്ങിൻ തൈകളും, വളവുംവിതരണം ചെയ്ത് ഗവൺമെന്റ് ഈ മേഖലയിലേക്ക് കർഷകരെ കൂടുതൽ ആകർഷിക്കാനുള്ള ശ്രമങ്ങൾ നടത്തി വരുന്നു.

പച്ചക്കറിയുടെ ഉല്പാദനത്തിൽ കഴിഞ്ഞ ദശാബ്ദങ്ങളെ അപേക്ഷിച്ച് കുറവ് രേഖപ്പെടുത്തിയിരുന്നെങ്കിലും പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കേണ്ടതിന്റെ പ്രാധാന്യത്തെപ്പറ്റി ബോധവൽക്കരണം നടത്തിപച്ചക്കറിയുൽപ്പാദനത്തിൽ വർദ്ധനവ് കൈവരിക്കുന്നതിനായിട്ടുണ്ട്. കൃഷിഭവനുകൾ വഴി ജൈവപച്ചക്കറി കൃഷിയെ പ്രോൽസാഹിപ്പിക്കുന്നതിനായി ഗ്രോ ബാഗുകളും പച്ചക്കറി തൈകളും വിതരണം നടത്തുന്നത് അടുക്കളത്തോട്ടങ്ങളുടെ വർദ്ധനവിന് സഹായകരമായി. സാമൂഹ്യ സംഘടനകളും അയൽക്കൂട്ടങ്ങളുടെ ഗ്രൂപ്പടിസ്ഥാനത്തിലുള്ള പച്ചക്കറികൃഷിയും പച്ചക്കറി ഉൽപ്പാദനത്തിൽ വൻകുതിച്ചു ചാട്ടത്തിന് ഇടയാക്കി. വി.എഫ്.പി.സി.കെ. വഴി പച്ചക്കറി കർഷകർക്ക് മെച്ചപ്പെട്ട വിപണിയും അതുവഴി ന്യായമായ വിലയും ഉറപ്പാക്കാൻ കഴിഞ്ഞു. കൃഷിഭവന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും ആഭിമുഖ്യത്തിൽ ഗ്രാമീണ ചന്തകൾ സംഘടിപ്പിക്കുന്നത് വഴി പച്ചക്കറികൃഷിയിലേയ്ക്ക് കൂടുതൽ കർഷകരെ ആകർഷിക്കാൻ കഴിയും.

**മത്സ്യമേഖല**

ലോകത്തിലെ മനോഹരമായ കടൽത്തീരങ്ങളിലൊന്നായ ആലപ്പുഴകടൽത്തീരം ശരാശരി 67 മീറ്റർ ആഴവും 3.5 കി.മീ. വീതിയുമുള്ളതാണ്. മൺസൂൺ കാലങ്ങളിൽ ചാകരയെന്ന പ്രതിഭാസം ഈ സമുദ്ര തീരത്ത് പ്രത്യക്ഷപ്പെടുന്നു. വൈവിധ്യമാർന്ന വൻ സമുദ്ര മത്സ്യസമ്പത്തിനൊപ്പം 150 ലധികം മത്സ്യയിനങ്ങൾ ലഭ്യമാകുന്ന വേമ്പനാട്ടു കായൽ ഉൾപ്പെടെയുള്ള നിരവധി ജലാശയങ്ങൾ ജില്ലയിലുണ്ട്. കായലും കടലും ഉൾപ്പെടുന്ന ഈ മത്സ്യമേഖല മത്സ്യതൊഴിലാളികളുടെ ക്ഷേമത്തിനും മത്സ്യമുപയോഗിക്കുന്ന ജില്ലയിലെ നിവാസികൾക്ക് പോഷകസമൃദ്ധമായ മത്സ്യം പ്രദാനം ചെയ്യുന്നതിനും ഉപയുക്തമാക്കേണ്ടതുണ്ട്. അനേകം ഉപവ്യവസായങ്ങൾക്ക് വഴി ഒരുക്കുന്നതുകൊണ്ട് തൊഴിലവസരങ്ങൾ പ്രദാനം ചെയ്യുന്നതോടൊപ്പം നല്ലൊരു വരുമാന സ്രോതസ്സും കൂടിയാണ് മത്സ്യമേഖല. മത്സ്യതൊഴിലാളി ജനസംഖ്യയിൽകേരളത്തിൽ ഒന്നാം സ്ഥാനം ആലപ്പുഴ ജില്ലയ്ക്കാണ് (1.90 ലക്ഷം). സമുദ്രമത്സ്യ ഉൽപ്പാദനത്തിൽ ഒന്നാം സ്ഥാനം കൊല്ലം ജില്ലയ്ക്കാണെങ്കിലും സംസ്ഥാനത്തെ മൊത്തം മത്സ്യഉൽപ്പാദനത്തിൽ ആലപ്പുഴ ജില്ല ഒന്നാമതാണ്.2015-16 ലെ കണക്കനുസരിച്ച് ആലപ്പുഴയിൽ 0.44 ലക്ഷം ടൺ സമുദ്രമത്സ്യങ്ങളും 0.35 ലക്ഷം ടൺ ഉൾനാടൻ മത്സ്യങ്ങളും (ആകെ 0.79 ലക്ഷം ടൺ) ഉൽപ്പാദിപ്പിക്കുന്നു. ജില്ലയിൽ 128497 പേർ സമുദ്ര മത്സ്യമേഖലയേയും 61929 പേർ ഉൾനാടൻ മത്സ്യമേഖലയെയും (ആകെ 190426) ആശ്രയിച്ചു ജീവിക്കുന്നു.

| 2015-16 | ആൺ | പെൺ | കുട്ടികൾ | ആകെ |
|---|---|---|---|---|
| സമുദ്രമത്സ്യമേഖല | 52139 | 47620 | 28738 | 128499 |
| ഉൾനാടൻ മത്സ്യമേഖല | 25014 | 23954 | 12962 | 61929 |

*(അവലംബം സാമ്പത്തിക അവലോകനം 2016)*

പരമ്പരാഗത മത്സ്യമേഖലയിലെ പ്രധാന മീൻപിടുത്തപ്രദേശങ്ങൾ ജില്ലയ്ക്ക് കിഴക്കും പടിഞ്ഞാറുമായി സ്ഥിതിചെയ്യുന്ന വേമ്പനാട്ടു കായലും സമുദ്രതീരവുമാണ്. ഈ മേഖലയിലെ 90% തൊഴിലും നടക്കുന്നത് കടലുമായി ബന്ധപ്പെട്ടാണ്. അന്താരാഷ്ട്ര വിപണിയിൽ ഏറ്റവും പ്രിയമുള്ള കരിമീൻ, വരാൽ എന്നീ മത്സ്യങ്ങളും ചെമ്മീൻ ഉൾപ്പെടെയുള്ള കടൽ മത്സ്യങ്ങളും ഇവിടെ നിന്ന് കയറ്റുമതി ചെയ്യുന്നു. കറുത്ത കക്ക, വെള്ളകക്ക എന്നിവയുടെ വൻശേഖരങ്ങൾ കായലിലുണ്ട്. മീൻപിടുത്തത്തിനും കക്കാവാരലിനുമായി സ്ത്രീകൾ ഉൾപ്പെടെ നിരവധി ആളുകൾ ഇവിടെ പണി എടുക്കുന്നു. വളരെയധികം വികസനസാധ്യതകൾ ഈ മേഖലയിലുണ്ട്. ഉൾനാടൻ മത്സ്യമേഖലയിലെ സമ്പത്ത് വർദ്ധിച്ചു വരുന്നതായും സമുദ്രമേഖലയിലെ സമ്പത്ത് ക്ഷയിച്ചു വരുന്നതായും കണക്കുകൾ സൂചിപ്പിക്കുന്നു.

മത്സ്യവിപണന മേഖലയിലെ ഇടത്തട്ടുകാരുടെ ഇടപെടൽ മൂലം ന്യായമായ വില തൊഴിലാളികൾക്ക് ലഭിക്കുന്നില്ല. മത്സ്യതൊഴിലാളി ക്ഷേമസംഘങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതുണ്ട്. അനിയന്ത്രിതവും തുറസ്സായതുമായ മത്സ്യബന്ധനമാണ് ഈ മേഖലയുടെ പ്രധാന പ്രതിസന്ധി. പ്രകൃതിക്ഷോഭങ്ങളിൽ നിന്നുള്ള സംരക്ഷണമാണ് ഈ മേഖലയിൽ അടിന്തിരമായി നടപ്പിലാക്കേണ്ടത്. കടലിൽ വച്ചുണ്ടാകുന്ന അപകടങ്ങൾക്ക് രക്ഷാമാർഗ്ഗങ്ങൾ ലഭ്യമല്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ തീരദേശതൊഴിലാളികളുടെ സുരക്ഷയ്ക്ക് വാളന്റി ടീം രൂപീകരിക്കുന്നത് ഉചിതമാണ്. തീരദേശമേഖലയിലെ പൊഴികളിൽ സുരക്ഷാഭിത്തി നിർമ്മിക്കേണ്ടതാണ്. ഈ മേഖലയുടെ വികസനത്തിനായി ആലപ്പുഴ മത്സ്യബന്ധന തുറമുഖം സ്ഥാപിക്കേണ്ടതും നിലവിലുള്ള പോർട്ട് സിഗ്നൽ സ്റ്റേഷനാക്കി മാറ്റേണ്ടതും ആവശ്യമാണ്. കേരളത്തിന്റെ ഭാവിക്കുതകുന്ന ഒരു വാഗ്ദാനമാണ് ഉൾനാടൻ മത്സ്യബന്ധന മേഖല. നല്ലയിനം മത്സ്യവിത്തുകളുടെ ഉൽപ്പാദനം വർദ്ധിപ്പിച്ചും ഗുണമേന്മ ഉറപ്പു വരുത്തിയും പുതിയ യൂണിറ്റുകൾ നിർമ്മിച്ചും ഈ മേഖലയെ പുഷ്ടിപ്പെടുത്താവുന്നതാണ്. വേമ്പനാട്ടു കായലിലെ മാലിന്യ നിക്ഷേപത്തിനെതിരെ അടിയന്തിരനടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

**മൃഗസംരക്ഷണം**

നാടൻ ഇനങ്ങൾക്കു പകരമായിഅത്യുൽപ്പാദന ശേഷിയുള്ള സങ്കര ഇനങ്ങളെ പ്രചരിപ്പിക്കുക വഴി മൃഗസംരക്ഷണത്തിൽ കാര്യമായ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. ഇതിന്റെ ഫലമായി ഉൽപ്പാദനം വർദ്ധിച്ചതോടൊപ്പം പല മാരകരോഗങ്ങളും വ്യാപകമാകുകയും ചെയ്തു. കറവതൊഴിലാളികളുടെ അഭാവം, പരിസരമലിനീകരണം, ചെലവിന്റെ വർദ്ധന ഇവയെല്ലാം ക്ഷീരകർഷകർ നേരിടുന്ന പ്രശ്നങ്ങളാണ്. മുട്ടയ്ക്കും മാംസത്തിനുമായി കോഴി, താറാവ് തുടങ്ങിയ പക്ഷികളെയും മറ്റു മൃഗങ്ങളെയും ജില്ലയിൽ വളർത്തി വരുന്നു.

**ആരോഗ്യം**

സ്ഥിതിവിവരകണക്കുകൾ അനുസരിച്ച് ജില്ലയിലെ ജനനനിരക്ക് 9.39, അത് സംസ്ഥാന ശരാശരി (15.39) യെക്കാൾ കുറവും മരണനിരക്ക് 7.66, ആയത് സംസ്ഥാന ശരാശരി(7.4)യെക്കാൾകൂടുതലുമാണ്. ജില്ലാ ഭരണകൂടത്തിന്റെയും വിവിധ വകുപ്പുകളുടെയും സംയോജിത പ്രവർത്തനങ്ങളിലൂടെ ജില്ലയിൽ പകർച്ച വ്യാധികളുടെ വ്യാപനത്തെ ശക്തമായി പ്രതിരോധിക്കുവാൻ സാധിച്ചിട്ടുണ്ട്.

| ആശുപത്രികളുടെ തരം | എണ്ണം |
|---|---|
| ജനറൽ ആശുപത്രി | 1 |
| ജില്ലാ ആശുപത്രികൾ | 2 |

| | |
|---|---|
| വനിതാ-ശിശു ആശുപത്രി | 1 |
| റ്റി.ബി. | 1 |
| എൽ.ഇ.പി. | 1 |
| മറ്റുള്ളവ | 1 |
| റ്റി.ബി.സി. | 1 |
| താലൂക്ക് ആശുപത്രി | 6 |
| കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ | 16 |
| 24*7 പിഎച്ച്സി | 17 |
| പി.എച്ച്.സി. | 42 |

ഇന്ത്യയിലെ പ്രാചീന ചികിത്സാരീതിയായ ആയുർവേദ ചികിത്സാ രീതിയുടെ വ്യാപനം ജില്ലയിൽ ശക്തമാണ്. ആലപ്പുഴ നഗരത്തിൽ പ്രവർത്തിക്കുന്ന ജില്ലാ ആയുർവേദ ആശുപത്രിയും പഞ്ചകർമ്മ ചികിത്സാലയവും ഉൾപ്പെടെ ജില്ലയിൽ ഗവൺമെന്റ് ഉടമസ്ഥതയിൽ 84 ആയുർവേദാശുപത്രികൾ നിലവിലുണ്ട്. സ്വകാര്യ മേഖലയിലും അസംഖ്യം ആയുർവേദ ക്ളിനിക്കുകളും തിരുമ്മൽ ചികിത്സാ കേന്ദ്രങ്ങളും പ്രവർത്തിക്കുന്നു. ജില്ലയുടെ ടൂറിസം മേഖലയിൽ ആയുർവേദ ചികിത്സാ രീതിക്ക് അത്യധികം പ്രാധാന്യമുണ്ട്. ജനങ്ങൾ ദീർഘകാല രോഗങ്ങളുടെ ചികിത്സയ്ക്ക് ആയുർവേദത്തെ കൂടുതലായി ആശ്രയിക്കുന്നു.

ഹോമിയോ ചികിത്സാ രീതികളും ജില്ലയിൽ പ്രചാരം സിദ്ധിച്ചിട്ടുണ്ട്. ടി ചികിത്സാ രീതിയും ആരോഗ്യപരിപാലനരംഗത്ത് മികച്ച സംഭാവനകൾ നൽകുന്നുണ്ട്. ജില്ലയുടെ ഭരണസിരാകേന്ദ്രത്തിൽ സ്ഥിതിചെയ്യുന്ന ജില്ലാ ഹോമിയോ ആശുപത്രി ഉൾപ്പെടെ ജില്ലയിൽ 55 ഹോമിയോ ആശുപത്രികൾ നിലവിലുണ്ട്. ഇതു കൂടാതെ സ്വകാര്യ മേഖലയിലുള്ള അനേകം ഹോമിയോ ക്ളിനിക്കുകളും ജില്ലയുടെ ആരോഗ്യമേഖലയ്ക്ക് സ്തുത്യർഹമായ സംഭാവനകൾ നൽകുന്നുണ്ട്.

അലോപ്പതി ചികിത്സാ മേഖലയിൽ ജില്ലയ്ക്ക് തിലകക്കുറിയായി പ്രവർത്തിക്കുന്ന റ്റി.ഡി. മെഡിക്കൽ കോളേജിന്റെ സംഭാവനകൾ വളരെ വലുതാണ്. സ്ത്രീകൾക്കും കുട്ടികൾക്കുമായുള്ള ആശുപത്രിയും ജില്ലാ ആശുപത്രിയും ആലപ്പുഴ നഗരത്തിൽ തന്നെ പ്രവർത്തിക്കുന്നു. ഇ.എസ്.ഐ. ആനുകൂല്യം ലഭിക്കുന്ന തൊഴിലാളികൾക്കായുള്ള ഇ.എസ്.ഐ. ആശുപത്രിയും നഗരത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഈ ആതുരാലയങ്ങളുടെ പ്രവർത്തനം ജില്ലയിലെ ജനങ്ങളുടെ ആരോഗ്യ സംരക്ഷണ പ്രവർത്തനങ്ങളിൽ നിസ്തുലമായ പങ്ക് വഹിക്കുന്നു.

ജില്ലയിൽ 59 പി.എച്ച്.സി.കളും 16 സി.എച്ച്.സി.കളും പ്രവർത്തിക്കുന്നു. സഹകരണ മേഖലയിലുള്ള ഹോസ്പിറ്റലും ആലപ്പുഴ മുനിസിപ്പാലിറ്റിയുമായി അതിർത്തി പങ്കിടുന്ന പുന്നപ്ര വടക്ക് പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. ഇവ കൂടാതെ അസംഖ്യം സ്വകാര്യ മേഖലയിലുള്ള ഹോസ്പിറ്റലുകളും ക്ളിനിക്കുകളും ജില്ലയിൽ പ്രവർത്തിക്കുന്നുണ്ട്. ഇവയുടെയെല്ലാം പ്രവർത്തനഫലമായിട്ടാണ് ആരോഗ്യരംഗത്ത് ജില്ലയ്ക്ക് മുന്നേറ്റം കാഴ്ചവയ്ക്കാനായത്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആഭിമുഖ്യത്തിൽ നടപ്പിലാക്കി വരുന്ന കിടപ്പു രോഗികൾക്കായുള്ള സാന്ത്വനം പദ്ധതിയും വിജയകരമായി മുന്നോട്ടു കൊണ്ടു പോകുവാൻ സാധിക്കുന്നുണ്ട്.

**ശുചിത്വം**

പകർച്ചവ്യാധികൾക്ക് ഏറെ പേരുകേട്ട സ്ഥലമായിരുന്നു ആലപ്പുഴ. ഇന്ന് ആ സ്ഥിതി മാറിയിട്ടുണ്ടെങ്കിലും ജില്ലയുടെ വർദ്ധിച്ച ജനസാന്ദ്രതാ നിരക്ക് പരിസര ശുചീകരണ പ്രക്രിയയെ വിപരീതമായി ബാധിക്കുന്ന സാഹചര്യമാണ് നിലവിലുളളത്. ജില്ലയിലെ അശാസ്ത്രീയമായ ടൂറിസത്തിന്റെ കടന്നുകയറ്റവും ശുചീകരണ പ്രക്രിയയെ ബാധിക്കുന്നു. സമൂഹത്തിന്റെ വികലമായ വികസന കാഴ്ചപ്പാടും കാർഷിക രംഗത്തെ അമിതമായ കീടനാശിനി, രാസവളപ്രയോഗവും ജില്ലയുടെ നിലനിൽപ്പിനാധാരമായ വേമ്പനാട്ട് കായൽ ഉൾപ്പെടെയുളള ജലാശയങ്ങളെപ്പോലും മലിനമാക്കുന്നു. നഗരശുചിത്വത്തിനും മാലിന്യ സംസ്കരണത്തിനും മാതൃക സൃഷ്ടിച്ച നഗരമാണ് ആലപ്പുഴ. എന്നിരുന്നാലും സമ്പൂർണ്ണ ശുചിത്വത്തിന് ഇനിയും ഏറെ മുന്നോട്ടു പോകേണ്ടതുണ്ട്. മുൻകാലങ്ങളെ അപേക്ഷിച്ച് പ്ലാസ്റ്റിക് വസ്തുക്കളുടെ ഉപയോഗം വളരെയധികം വർദ്ധിച്ചിരിക്കുന്നു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മാലിന്യ സംസ്കരണത്തിനായി ബദൽ മാർഗങ്ങൾ അവലംബിക്കുവാൻ ശ്രമം തുടങ്ങിയിട്ടുണ്ട്. എങ്കിലും ആയത് പൂർണ്ണഫലപ്രാപ്തിയിലെത്തിക്കുവാൻ നിലവിൽ സാധിച്ചിട്ടില്ല. ആലപ്പുഴ നഗരസഭ പരിധിക്കുളളിൽ സ്ഥാപിച്ചിട്ടുളള എയറോബിക് മാലിന്യ സംസ്കരണ പ്ലാന്റുകളും ജൈവമാലിന്യങ്ങൾ വളമാക്കി മാറ്റുന്ന പദ്ധതിയും, വീടുകളിൽ ജൈവവളം ഉല്പാദിപ്പിക്കുന്നതിനായി നടപ്പിലാക്കിയ പദ്ധതിയും ഉൾപ്പെടെയുളളവ മാലിന്യ സംസ്കരണത്തിനായി ആവിഷ്കരിച്ചിട്ടുണ്ട്. അതുപോലെ പല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും പ്ലാസ്റ്റിക് വിമുക്ത ഗ്രാമങ്ങൾ എന്ന ആശയത്തോടെ വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ഇത്തരം പ്രവർത്തനങ്ങൾ വഴി ശുചീകരണ പ്രക്രിയയിൽ മുന്നേറ്റം കാഴ്ചവയ്ക്കുവാൻ സാധിച്ചിട്ടുണ്ടെങ്കിലും പൂർണ്ണ ഫലപ്രാപ്തിയിൽ എത്താൻ സാധിച്ചിട്ടില്ല. പൊതുജനങ്ങളിൽ പ്ലാസ്റ്റിക് ഉപയോഗത്തിന്റെ പരിണതഫലങ്ങളെക്കുറിച്ച് വ്യക്തമായ അവബോധം സൃഷ്ടിച്ചാൽ മാത്രമേ ജില്ലയെ മാലിന്യമുക്തമാക്കാൻ സാധിക്കുകയുളളൂ.

**വിദ്യാഭ്യാസം**

കേരള വിദ്യാഭ്യാസ സാംസ്കാരിക ചരിത്രത്തിൽ ആലപ്പുഴ ജില്ലയ്ക്ക് പ്രമുഖമായഒരു സ്ഥാനമാണുളളത്. സാക്ഷരതായജ്ഞവുമായി ബന്ധപ്പെട്ട് ജില്ലയിലെ വിവിധ രാഷ്ട്രീയ സാംസ്കാരിക സംഘടനകൾ ഒത്തൊരുമിച്ച് പ്രവർത്തിച്ച് അഭിമാനാർഹമായ നേട്ടം തന്നെ കൈവരിച്ചിട്ടുണ്ട്.

പ്രാഥമിക വിദ്യാഭ്യാസ രംഗത്ത് നിലവിലുണ്ടായിരുന്ന ആശാൻ കളരികൾ, എൽ.കെ.ജി/യു.കെ.ജി. ആയി പരിണമിച്ചപ്പോൾ പുതിയ തലമുറയുടെ മൂല്യബോധം, സാമൂഹ്യബോധം തുടങ്ങിയ മേഖലകളിൽ അപചയം സംഭവിച്ചു. ഈ സാഹചര്യത്തിലും ജില്ലയിൽ പ്രീപ്രൈമറി തലം മുതൽ ഹയർ സെക്കണ്ടറി തലം വരെയുളള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അതിശക്തമായ ഒരു ശൃംഖല നിലവിലുണ്ട്. സി.ബി.എസ്.ഇ. സിലബസിൽ 81 സ്കൂളുകളും ഐ.സി.എസ്.ഇ. സിലബസിൽ 14 സ്കൂളുകളും 1 കേന്ദ്രീയ വിദ്യാലയവും1 ജവഹർ നവോദയ വിദ്യാലയവും കേരള സിലബസ് പിന്തുടരുന്ന 410 എൽ.പി.സ്കൂളുകളും 197 ഹൈസ്കൂളുകളും 135 ഹയർ സെക്കന്ററി സ്കൂളുകളും ജില്ലയിൽ നിലവിലുണ്ട്. തീരപ്രദേശങ്ങളിലും, വെളളക്കെട്ട പ്രദേശമായ കുട്ടനാട്ടിലും ഉൾപ്പെടെ ജില്ലയുടെ വിവിധ പ്രദേശങ്ങളിലായി ഈ വിദ്യാഭ്യാസ സ്ഥാപനങ്ങൾ പുത്തൻ തലമുറയെ വാർത്തെടുക്കുന്ന പ്രക്രിയയിൽ വലിയ പങ്ക് വഹിക്കുന്നു.

വർത്തമാനകാല സാഹചര്യത്തിൽ ഉപരിപഠനത്തിനായി ആർട്സ് ആന്റ് സയൻസ് വിഷയങ്ങൾ തെരഞ്ഞെടുക്കുന്ന സമർത്ഥരായ വിദ്യാർത്ഥികളുടെ അഭാവംനേരിടുന്നുണ്ടെങ്കിലും

ജില്ലയിൽ ഈ വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന അമ്പലപ്പുഴയിൽ സ്ഥിതിചെയ്യുന്ന ഗവൺമെന്റ് കോളേജ് അടക്കം പത്തിലധികം സ്ഥാപനങ്ങൾ ഗവൺമെന്റ്/എയ്ഡഡ് മേഖലയിൽ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ അൺ എയ്ഡഡ് മേഖലയിലും ഇത്തരം സ്ഥാപനങ്ങൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നു.

ജില്ലയിൽ പ്രൊഫഷണൽ രംഗത്ത് ഗവൺമെന്റ്/എയ്ഡഡ് മേഖലകളിലായി വി.എച്ച്.എസ്.സി., ഐ.റ്റി.ഐ., ഐ.റ്റി.സി., പോളിടെക്നിക്ക്, എൻജിനീയറിംഗ് എന്നീ കോഴ്സുകൾ കൈകാര്യം ചെയ്യുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ മെച്ചപ്പെട്ട നിലയിൽ പ്രവർത്തിക്കുന്നുണ്ട്. ഈ സ്ഥാപനങ്ങളുടെ പ്രവർത്തന ഫലമായി ജില്ലയ്ക്ക്ഉന്നത വിദ്യാഭ്യാസ മേഖലയിൽ പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. 1964ൽ കായംകുളത്ത് സ്ഥാപിതമായ എം.എസ്.എം. കോളേജ് വിദ്യാർത്ഥികളുടെ എണ്ണം കൊണ്ടും വിഷയങ്ങളുടെ വൈവിധ്യം കൊണ്ടും ഏഷ്യയിലെ ഏറ്റവും വലിയ കോളേജുകളിലൊന്നാണ്. കൂടാതെ മെഡിക്കൽ വിദ്യാഭ്യാസ രംഗത്ത് ആലപ്പുഴ റ്റി.ഡി.മെഡിക്കൽ കോളേജ്, നേഴ്സിംഗ് കോളേജ്, ദന്തൽ കോളേജ് എന്നിവ ഗവൺമെന്റ് മേഖലയിലും സ്വകാര്യമേഖലയിലുള്ളഅനവധിനഴ്സിംഗ്-പാരാമെഡിക്കൽ സ്ഥാപനങ്ങളും ആലപ്പുഴയുടെ മെഡിക്കൽ വിദ്യാഭ്യാസരംഗത്തെ പരിപോഷിപ്പിക്കുന്നുണ്ടെങ്കിലും പ്രൊഫഷണൽ വിഭ്യാഭ്യാസ രംഗത്തും, ഉന്നത വിദ്യാഭ്യാസ രംഗത്തും പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ അപര്യാപ്തതയും മെഡിക്കൽ, നഴ്സിംഗ് - പാരാമെഡിക്കൽ മേഖലയിലുള്ള സ്ഥാപനങ്ങളിലുള്ള സീറ്റുകളുടെ എണ്ണത്തിലുള്ള കുറവും ഈ മേഖലയിൽ വിദ്യാർത്ഥികൾ കൂടുതൽതാല്പര്യം കാണിക്കുന്നതുകൊണ്ടും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന സമർത്ഥരായ വിദ്യാർത്ഥികളുടെ സാധ്യതയെ വിപരീതമായി ബാധിക്കുന്നുണ്ട്.

| ക്രമ നം. | സ്ഥാപനം | സർക്കാർ | എയ്ഡഡ് | അൺ എയ്ഡഡ് | ആകെ |
|---|---|---|---|---|---|
| 1. | എൽ.പി. സ്കൂളുകൾ | 199 | 188 | 23 | 410 |
| 2. | യു.പി. സ്കൂളുകൾ | 69 | 79 | 8 | 156 |
| 3. | ഹൈസ്കൂളുകൾ | 62 | 128 | 7 | 197 |
| 4. | ഹയർ സെക്കന്ററി | 46 | 64 | 15 | 135 |
| 5. | വി.എച്ച്.എസ്.എസ് | 14 | 7 | -- | 21 |
| 6. | ആർട്സ് ആന്റ് സയൻസ് കോളേജ് | 1 | 12 | -- | 13 |
| 7. | എഞ്ചിനിയറിംഗ് കോളേജ് | 0 | 0 | 12 | 12 |

*(അവലംബം സാമ്പത്തിക അവലോകനം 2016)*

സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനം, അനൗപചാരിക വിദ്യാഭ്യാസം മെച്ചപ്പെടുത്തുക, സ്കൂളുകളിൽ ഗ്രീൻ പ്രോട്ടോകോൾ നടപ്പിലാക്കുക, നവകേരള മിഷനിൽ ഉൾപ്പെടുത്തി ക്ലാസ്സ് മുറികൾ ഹൈടെക് ആക്കുക എന്നിവ ഈ മേഖലയിൽ ഇനിയും ആവശ്യമാണ്. ഗവേഷണ പ്രവർത്തനങ്ങൾക്ക് പ്രാമുഖ്യം നല്കുന്ന സ്ഥാപനങ്ങൾ ആലപ്പുഴയിൽ തുലോം വിരളമാണ്. ഒരു വൈജ്ഞാനിക സമൂഹത്തിന് അടിത്തറ പാകാൻ ഉതകുന്ന രീതിയിൽ പഠന സൗകര്യമുള്ള സ്ഥാപനങ്ങൾ ജില്ലയിൽ ഇനിയും ആരംഭിക്കേണ്ടതുണ്ട്.

**ദാരിദ്ര്യ ലഘൂകരണം, പാർപ്പിടം**

സാമ്പത്തിക വളർച്ചയുടെയും പരിഷ്കാരങ്ങളുടെയും മറുവശമാണ് ദാരിദ്ര്യം. താരതമ്യേന സമ്പന്നമല്ലാത്ത ഒരു ജില്ലയാണ് ആലപ്പുഴ. ദാരിദ്ര്യം നിലനിൽക്കുമ്പോൾ സമഗ്രവികസനം ഉണ്ട് എന്ന് അഭിമാനിക്കാൻ കഴിയില്ല. എല്ലാ പദ്ധതികൾക്കും മുൻപേ തന്നെ പൂർത്തിയാക്കേണ്ട

ഒന്നാണ് ദാരിദ്ര്യ ലഘൂകരണം. ദാരിദ്ര്യം തുടച്ചു നീക്കി സന്തോഷവും ആത്മവിശ്വാസവും ജനങ്ങൾക്ക് നൽകുന്നതിന് സർക്കാർ പ്രതിജ്ഞാബദ്ധമാണ്. മിക്കവാറും എല്ലാ പ്രദേശങ്ങളിലും അടിസ്ഥാന ഭൗതിക സാഹചര്യങ്ങളില്ലാത്ത ദരിദ്രരുടെ വീടുകളുണ്ട്. കേന്ദ്ര-സംസ്ഥാന ആവിഷ്കൃത പദ്ധതികൾ വഴിയും കുടുംബശ്രീകളുടെ ഗ്രൂപ്പ്/വ്യക്തിഗത തൊഴിൽ സംരംഭങ്ങൾ വഴിയും ഒട്ടനവധി പ്രവർത്തനങ്ങൾ ദാരിദ്ര്യ ലഘൂകരണത്തിന് നടത്തിയിട്ടുണ്ട്.

വ്യവസായ നഗരമായിരുന്ന ആലപ്പുഴ ഇന്ന് പാർപ്പിട നഗരമാണ്. ഇ.എം.എസ്, ഐ.എച്ച്.എസ്.ഡി.പി., ആശ്രയ മുതലയായ പദ്ധതികൾ വഴി ദരിദ്രർക്കായി ഭവനങ്ങൾ നിർമ്മിച്ചു നൽകിയിട്ടുണ്ട്. നവകേരളമിഷൻ വഴി ഈ പദ്ധതിക്കാലത്ത് നിരവധി ഭവനങ്ങൾ നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**കുടിവെള്ളം**

കുടിവെള്ളത്തിനായി കേഴുന്ന ഒരു ജനസമൂഹം ഇന്നും ആലപ്പുഴയുടെ വിവിധ പ്രദേശങ്ങളിലുണ്ട്. ഗാർഹിക കുടിവെള്ള കണക്ഷൻ 100% ആക്കിയും മഴവെള്ള സംഭരണികളും മഴക്കുഴികളും പ്രോത്സാഹിപ്പിച്ചും, പൊതുകുളങ്ങളും കിണറുകളും സംരക്ഷിച്ചും, സ്വകാര്യ കിണറുകളും കുളങ്ങളും വൃത്തിയാക്കുന്നതിന് സഹായം നൽകിയും കായൽജലം ശുദ്ധീകരിച്ച് വിതരണം ചെയ്യുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചും ജലം പാഴാകുന്നത് തടയാൻ കർശന നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയും ജലസാക്ഷരതാ പ്രവർത്തനങ്ങൾ വഴിയും ജില്ലയിലെ കുടിവെള്ള ദൗർലഭ്യത്തിന് പരിഹാരം കാണാവുന്നതാണ്.

**ഗതാഗതം**

ജില്ലയിൽ റോഡ്, ജലം, റെയിൽവേ എന്നീ മൂന്നു ഗതാഗതമാർഗങ്ങൾ തുല്യപ്രാധാന്യം അർഹിക്കുന്നു. ജില്ലയുടെ ചേർത്തല താലൂക്കിൽ ഉൾപ്പെട്ട പെരുമ്പളം ദ്വീപ്, കുട്ടനാട് താലൂക്കിലെ ചില ഭാഗങ്ങൾ എന്നിവ ഉൾപ്പെടെയുള്ള ചില പ്രദേശങ്ങളിലേയ്ക്ക് ജലമാർഗ്ഗം മാത്രമേ എത്തിച്ചേരാൻ സാധിക്കുകയുള്ളൂ. ആലപ്പുഴ കേന്ദ്രമായി പ്രവർത്തിക്കുന്ന ഏകഡയറക്ടറേറ്റും ജലഗതാഗത വകുപ്പിന്റേതാണെന്നത് ഈ ഗതാഗത മാർഗത്തിന് ജില്ലയിലുള്ള പ്രാധാന്യത്തെ എടുത്തു കാട്ടുന്നു.

റോഡ് മുഖേനയുള്ള ഗതാഗതത്തിൽ കഴിഞ്ഞ കാലങ്ങളിൽ ജില്ല വലിയ കുതിച്ചു ചാട്ടമാണ് നടത്തിയിട്ടുള്ളത്. ജില്ലയുടെ വിവിധ പ്രദേശങ്ങളെ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് അനേകം പാലങ്ങൾ പൂർത്തീകരിക്കുകയുണ്ടായി. ഇതു വഴി ജില്ലയുടെ വിവിധ പ്രദേശങ്ങൾ തമ്മിലും അയൽ ജില്ലകളിലേയ്ക്കും കര മാർഗമുള്ള ഗതാഗതം ആയാസരഹിതമായി തീരുകയും ജില്ലാ വികസനത്തിന് ആക്കം കൂടുകയും ചെയ്തു. ജില്ലയിൽ കെ.എസ്.ആർ.ടി.സി.ക്ക്7 ഡിപ്പോകളും ഡിപ്പോകളെ കേന്ദ്രീകരിച്ച് 439 ഷെഡ്യൂളുകളുമാണ് നിലവിലുള്ളത്.

ജില്ലയുടെഭരണസിരാകേന്ദ്രമായ ആലപ്പുഴയിൽ ദീർഘദൂര സർവ്വീസുകൾ കെ.എസ്. ആർ.ടി.സി.യ്ക്ക് മാത്രമായി പരിമിതപ്പെടുത്തിയിരിക്കുന്നു. അതുപോലെ കുട്ടനാട് താലൂക്കിൽ കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ മാത്രമേ നിലവിലുള്ളൂ. മറ്റ് താലൂക്കുകൾ കെ.എസ്.ആർ.ടി.സി.യെയും സ്വകാര്യ ബസ് സർവ്വീസുകളെയുംആശ്രയിക്കുന്നു. ആലപ്പുഴ നിവാസികളുടെ ചിരകാല സ്വപ്നമായ ആലപ്പുഴ ബൈപാസിന്റെ ആകെ ദൈർഘ്യമായ 6.8 കി.മീറ്ററിൽ 3.2 കി.മീറ്റർ എലിവേറ്റഡ് ഹൈവേയാണ്. കൊമ്മാടി ജംഗ്ഷൻ മുതൽ കളർകോട് വരെയാണ് ഇതിന്റെ ദൈർഘ്യം. ഇ.പി.സി. പദ്ധതി പ്രകാരം 16.03.2015ൽ പ്രവർത്തനം തുടങ്ങിയ പ്രസ്തുത പ്രോജക്ടിന്റെ പൂർത്തീകരണത്തോടെ ഗതാഗത മേഖലയിൽ ജില്ല വൻകുതിച്ചു ചാട്ടം നടത്തുന്നതാണ്. ആലപ്പുഴയിൽ ചേർത്തല മുതൽ അരൂർ വരെ മാത്രമേ നാലുവരിപാത

(എൻ.എച്ച്.) നിലവിലുള്ളൂ. കൂടുതൽ ജനസാന്ദ്രതയുള്ള ജില്ല എന്ന നിലയിൽ റോഡ് വികസനത്തിനായുള്ള സ്ഥലം ഏറ്റെടുക്കുകയെന്നത് ജില്ലയിൽ ഏറെ സങ്കീർണ്ണതയേറിയ വിഷയമാണ്. ടി വിഷയത്തിൽ കൂടുതൽ അവധാനപൂർണ്ണവും പൊതുജനാഭിമുഖ്യമുള്ളതുമായ മാർഗ്ഗങ്ങൾ അവലംബിച്ച മാത്രമേ ജില്ലയുടെ ഈ മേഖലയിലുള്ള വികസനം പൂർണ്ണമാക്കാൻ സാധിക്കുകയുള്ളൂ.

ഇന്ത്യയിലെ ഏറ്റവും നീളം കൂടിയ ദേശീയ ഹൈവേ 66 ആലപ്പുഴ ജില്ലയിലൂടെ കടന്നുപോകുന്നു. 3 സംസ്ഥാന പാതകൾ ആലപ്പുഴയിൽനിന്നും ആരംഭിക്കുന്നു. സംസ്ഥാന പാത 11 ആലപ്പുഴയിലെ കളർകോട് നിന്ന് ആരംഭിച്ച് ചങ്ങനാശ്ശേരിയിലെ പെരുന്നയിൽ സമാപിക്കുന്നു. ഇത് കൊടൈക്കനാൽ വരെ ദീർഘിപ്പിച്ച് ദേശീയ പാതയാക്കി ഉയർത്താനുള്ള പദ്ധതിയുണ്ട്. 24.2 കി.മീ. നീളമുള്ള ഈ പാത എ.സി.റോഡ് എന്നറിയപ്പെടുന്നു. സംസ്ഥാനപാത 40 ആലപ്പുഴയെയും തമിഴ്നാട്ടിലെ മധുരയെയും തമ്മിൽ ബന്ധിപ്പിക്കുന്ന അന്തർസംസ്ഥാനപാതയാണ്. എം.സി. റോഡ് എന്നറിയപ്പെടുന്ന സംസ്ഥാനപാത ജില്ലയിലെ ചെങ്ങന്നൂരിലൂടെ കടന്നുപോകുന്നു. 42.5 കി.മീ. നീളമുള്ള സംസ്ഥാനപാത 5 കായംകുളത്തു നിന്നാരംഭിച്ച് പുളിമുക്ക് ജംഗ്ഷനിൽ അവസാനിക്കുന്നു. 30.8 കി.മീ. നീളമുള്ള സംസ്ഥാനപാത 6 കായംകുളം മുതൽ തിരുവല്ല വരെയാണ്. 28.7 കി.മീ. നീളമുള്ള സംസ്ഥാനപാത 10 മാവേലിക്കരയിൽനിന്നും കോഴഞ്ചേരിയിൽ അവസാനിക്കുന്നു. 27.2 കി.മീ. നീളമുള്ള സംസ്ഥാനപാത 12 അമ്പലപ്പുഴയിൽനിന്നും ആരംഭിച്ച് തിരുവല്ലയിൽ അവസാനിക്കുന്നു.

### പൊതുമരാമത്ത് വകുപ്പ് സംരക്ഷിക്കുന്ന റോഡുകളും ദൈർഘ്യം

| സംസ്ഥാന രാജപാതകൾ | പ്രധാന ജില്ലാ റോഡുകൾ | ആകെ |
|---|---|---|
| 170.841 | 1301.493 | 1472.334 |

### വാഹനങ്ങളുടെ എണ്ണം

| ചരക്ക് വാഹനങ്ങൾ | ബസ്സുകൾ | നാല് ചക്ര വാഹനങ്ങൾ | മൂന്ന് ചക്ര വാഹനങ്ങൾ | ഇരു ചക്ര വാഹനങ്ങൾ | ട്രാക്ടറുകളും ട്രയിലറുകളും | മറ്റുള്ളവ | ആകെ |
|---|---|---|---|---|---|---|---|
| 34481 | 5839 | 124761 | 28183 | 490034 | 710 | 13195 | 697203 |

*(അവലംബം സാമ്പത്തിക അവലോകനം 2016)*

ജലഗതാഗതത്തിന് പേരുകേട്ട സ്ഥലമാണ് ആലപ്പുഴ ദേശീയജലപാത-3 ആലപ്പുഴയിലൂടെ കടന്നുപോകുന്നു. നിലവിൽ ആലപ്പുഴയിൽനിന്നും കോട്ടയം, കൊല്ലം, ചങ്ങനാശ്ശേരി എന്നീ നഗരങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് ബോട്ട് സർവ്വീസ് നടത്തുന്നുണ്ട്. ആലപ്പുഴയുടെ പ്രകൃതിഭംഗി ആസ്വദിക്കുന്നതിന് ഹൗസ് ബോട്ടുകളെ അപേക്ഷിച്ച് വളരെ ചെലവു കുറവാണ് SWTD യുടെ ബോട്ട് യാത്ര. ആലപ്പുഴ ജില്ലയിലെ ചേർത്തല താലൂക്കിനെ കോട്ടയം ജില്ലയുമായി ബന്ധിപ്പിക്കുന്ന തണ്ണീർമുക്കം ബണ്ട്, തോട്ടപ്പള്ളിയിൽനിന്നും പല്ലന വഴി കടന്നു പോകുന്ന തോട്ടപ്പള്ളി സ്പിൽവേ എന്നിവ ജില്ലയുടെ പ്രത്യേകതകളാണ്.

ജില്ലയുടെ അഞ്ച് താലൂക്കുകളിലൂടെ നിലവിൽ റെയിൽവേ ലൈനുകൾ കടന്നു പോകുന്നുണ്ട്. എറണാകുളം, തിരുവനന്തപുരം റയിൽവേലൈനിൽ ഏറ്റവും പ്രധാന ജംഗ്ഷനായ കായംകുളം ആലപ്പുഴ ജില്ലയിലാണ് സ്ഥിതി ചെയ്യുന്നത്. നിലവിൽ മൂന്ന് ദീർഘദൂര സർവ്വീസുകൾ ജില്ലയിലെ പ്രധാന റയിൽവേ സ്റ്റേഷനായ ആലപ്പുഴയിൽ നിന്നും സർവ്വീസ് ആരംഭിക്കുന്നുണ്ട്. ആലപ്പുഴ ജില്ലയിലൂടെ രണ്ട് റയിൽവേ ലൈനുകൾ കടന്നു പോകുന്നു. എറണാകുളം-കായംകുളം തീരദേശീയപാതയും എറണാകുളം കോട്ടയം-കായംകുളം പാതയുമാണിത്. വലിപ്പം കുറഞ്ഞ ജില്ലയാണെങ്കിലും ആലപ്പുഴയിൽ ദീർഘദൂര സർവ്വീസുകൾക്ക് കൂടുതൽ സ്റ്റോപ്പുകൾ നിലവിലുളളത് ജില്ലയുടെ പ്രാധാന്യം എടുത്തു കാണിക്കുന്നു. ആലപ്പുഴ വഴിയുളള റയിൽപാതകൾ ഇരട്ടവരി പാതയാക്കുന്നത് വഴി ഈ മേഖലയിലുളള ആലപ്പുഴയുടെ വികസനത്തിന് പുതിയ മാനങ്ങൾ കൈവരും.

ജില്ലയിലെ പാലങ്ങൾ ജീർണ്ണാവസ്ഥയിലായതും വാഹനങ്ങൾ ദൈനംദിനം വർദ്ധിച്ചു കൊണ്ടിരിക്കുന്നതും ഗതാഗതക്കുരുക്കിന് കാരണമാകുന്നു. ആലപ്പുഴ ബൈപാസ്സിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാകുന്നതോടെ ഗതാഗതക്കുരുക്കിന് ശാശ്വത പരിഹാരം ലഭിക്കുന്നതാണ്. നഗരത്തിലെ പാലങ്ങൾ വളരെയധികം തുക ചെലവഴിച്ച് ഈയടുത്ത് നിർമ്മിച്ചിട്ടുളളതിനാൽ കനാലിന്റെയും തോടുകളുടെയും ആഴം കൂട്ടി ഗതാഗതം സുഗമമാക്കാവുന്നതാണ്. കാര്യക്ഷമമായ രീതിയിൽ ഡ്രെയിനേജ് സംവിധാനം നടത്തി റോഡുകൾ സംരക്ഷിക്കേണ്ടതാണ്. വിവിധ ഡിപ്പാർട്ടുമെന്റുകൾ റോഡുകൾ പൊളിക്കുന്നതൊഴിവാക്കി റോഡിന്റെ സൈഡിൽ അണ്ടർ ഗ്രൗണ്ടിലൂടെ എല്ലാ കേബിളുകളും കടത്തിവിടേണ്ടതാണ്.

**ഊർജ്ജം**

കാലാവസ്ഥാ വ്യതിയാന ലഘൂകരണ നടപടികളുടെ പ്രസക്തി തന്നെ വർഷംതോറും വർദ്ധിച്ചു വരുകയാണ്. ഈ വെല്ലുവിളി നേരിടുവാൻ ജൈവേതര ഇന്ധന സ്രോതസ്സുകളുടെ, പ്രത്യേകിച്ച് പുനരാവർത്തക ഊർജ്ജ സ്രോതസ്സുകളുടെ പ്രാധാന്യമേറിവരുന്നു. സൗരോർജ്ജ സംവിധാനം പ്രചരിപ്പിച്ചും സോളാർ വിന്റ് മില്ലുകൾ സ്ഥാപിച്ചും പ്രകൃതിയുടെ വരദാനമായ ഊർജ്ജ സ്രോതസ്സുകൾ ഉപയോഗിക്കാവുന്നതാണ്.

വൈദ്യുതിയുടെ ദുരുപയോഗത്തെക്കുറിച്ച് ജനങ്ങളെ ബോധവാന്മാരാക്കേണ്ട താണ്. സമ്പൂർണ്ണ വൈദ്യുതീകരണമാണ് ജില്ലയിൽ ലക്ഷ്യമിടേണ്ടത്.

**ടൂറിസം**

ടൂറിസം ആലപ്പുഴ ജില്ലയുടെ ഒരു പ്രധാന വരുമാന സ്രോതസാണ്. തീരദേശ ജില്ലയായ ആലപ്പുഴയിൽ ചെറുതും വലുതുമായ അനേകം ബീച്ചുകൾ ടൂറിസം മേഖലയ്ക്ക് ഉണർവേകി സ്ഥിതി ചെയ്യുന്നു. അതിൽ ഏറ്റവും പ്രാധാന്യമർഹിക്കുന്നത് ജില്ലയുടെ ഭരണസിരാകേന്ദ്രമായ ആലപ്പുഴ നഗരത്തിൽ സ്ഥിതി ചെയ്യുന്ന ബീച്ചാണ്. മുൻകാലങ്ങളിൽ വളരെ വ്യാവസായിക പ്രാധാന്യമുണ്ടായിരുന്ന ആലപ്പുഴ തുറമുഖത്തിന്റെ പ്രശസ്തിയും ബ്രിട്ടീഷുകാരാൽ നിർമ്മിക്കപ്പെട്ട കപ്പലോട്ടക്കാരുടെ വഴികാട്ടിയായിരുന്ന ലൈറ്റ് ഹൗസും ആലപ്പുഴ ബീച്ചിന്റെ ആകർഷണങ്ങളാണ്. ഇവിടം തദ്ദേശീയരും വിദേശികളുമായ അനേകം വിനോദ സഞ്ചാരികൾ സായം കാലം ചെലവഴിക്കാനായി എത്തുന്നു.

പാതിരാമണൽ ദ്വീപ്, വിദേശികളായ സഞ്ചാരികൾക്ക് പോലും അത്ഭുതവും അമ്പരപ്പും സൃഷ്ടിക്കുന്ന സമുദ്രനിരപ്പിന് താഴെ സ്ഥിതിചെയ്യുന്ന "ആർ.ബ്ലോക്ക്" ഉൾപ്പെടെയുളള കായൽ നിലങ്ങൾ, പതിനൊന്നാം നൂറ്റാണ്ടിൽ സ്ഥാപിതമായ കരുമാടിക്കുട്ടൻ എന്നറിയപ്പെടുന്ന

ശ്രീബുദ്ധന്റെ പ്രതിമ, ആലപ്പുഴ നഗരത്തിന് 20 കി.മീ. തെക്കായി സ്ഥിതിചെയ്യുന്ന കുമാരകോടി ആർ.ആർ.രാജരാജവർമ്മ തമ്പുരാന്റെ വാസഗൃഹമായിരുന്നശാരദാമന്ദിരം, മാർത്താണ്ഡവർമ്മ മഹാരാജാവിനാൽ സ്ഥാപിതമായ കൃഷ്ണപുരം കൊട്ടാരം എന്നിങ്ങനെ നിരവധി ടൂറിസ്റ്റ് കേന്ദ്രങ്ങൾ സ്ഥിതിചെയ്യുന്നു. കൂടാതെ തീർത്ഥാടനകേന്ദ്രങ്ങളായ മണ്ണാറശാല നാഗരാജ ക്ഷേത്രം, തെക്കൻ പഴനി എന്നറിയപ്പെടുന്ന ഹരിപ്പാട് ക്ഷേത്രം, അമ്പലപ്പുഴ ശ്രീകൃഷ്ണസ്വാമി ക്ഷേത്രം, ചക്കുളത്തുകാവ്, തമിഴ് വംശജരായ ക്രിസ്ത്യൻ വിശ്വാസികളുമായി ഉൾച്ചേർന്നുകിടക്കുന്ന ചരിത്രമുള്ള എടത്വാ പള്ളി, ചമ്പക്കുളം ബസിലിക്ക, ശബരിമല ക്ഷേത്രാചാരവുമായി ബന്ധപ്പെട്ട അർത്തുങ്കൽ ബസിലിക്ക തുടങ്ങിയ വിവിധ തീർത്ഥാടന കേന്ദ്രങ്ങളും സ്ഥിതിചെയ്യുന്നു.

ജില്ലയുടെ ടൂറിസം മേഖലയിൽ കൂടുതൽ പ്രാധാന്യം അർഹിക്കുന്നതും ഏറ്റവുമധികം ആഭ്യന്തര ടൂറിസ്റ്റുകളെയും, വിദേശ ടൂറിസ്റ്റുകളെയും ആകർഷിക്കുന്നതും ആലപ്പുഴ നഗരം കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന കായൽ ടൂറിസവുമായി ബന്ധപ്പെട്ട ഹൗസ് ബോട്ട് മേഖലയാണ്. ആലപ്പുഴ കായൽ യാത്രയും കണ്ടൽ കാടുകളാൽ സമ്പന്നമായതും വിവിധയിനം പക്ഷികളുടെ അധിവാസ കേന്ദ്രവുമായ പാതിരാമണൽ ദ്വീപും, കുട്ടനാട്ടിലെ കായൽ നിലങ്ങളും പച്ചപുതച്ചപാടശേഖരങ്ങളും ഏതൊരു സഞ്ചാരിയുടെയും മനസ്സിനെ കുളിരണിയിക്കുന്ന വിസ്മയ കാഴ്ചകൾ സമ്മാനിക്കുന്നു. കൂടാതെ മെഡിക്കൽ ടൂറിസവും സമീപകാലത്തായി ജില്ലയിൽ വളർച്ച പ്രാപിച്ചിട്ടുണ്ട്. ഈ മേഖലയിൽ നിരവധി തിരുമ്മൽ ചികിത്സാ കേന്ദ്രങ്ങളും, ആയുർവേദ സുഖചികിത്സാ കേന്ദ്രങ്ങളും പ്രവർത്തിച്ചുവരുന്നു. ജില്ലയിൽ നിലവിലുള്ള ഹോംസ്റ്റേ സൗകര്യങ്ങളും ആഭ്യന്തര-വിദേശ ടൂറിസ്റ്റുകളെ ആകർഷിക്കുന്നു.

**പാരമ്പര്യ വ്യവസായ മേഖല**

പാരമ്പര്യ വ്യവസായ മേഖലയിൽ കഴിഞ്ഞ നൂറ്റാണ്ടുകളെ അപേക്ഷിച്ച് ജില്ലയ്ക്ക് വലിയ അപചയം സംഭവിച്ചിരിക്കുന്ന അവസ്ഥയാണ് നിലവിലുള്ളത്. കഴിഞ്ഞ കാലങ്ങളിൽ കയർ വ്യവസായത്തിലും സുഗന്ധവ്യഞ്ജനങ്ങളുടെ വ്യാപാരത്തിലും കൊപ്രാ വ്യവസായത്തിലും ആലപ്പുഴ ജില്ല സർവ്വ പ്രതാപിയായിരുന്നു. അക്കാലത്ത് സുഗന്ധവ്യഞ്ജനങ്ങൾ അധികം കൃഷി ചെയ്യുന്ന കിഴക്കൻ ജില്ലകളിൽ നിന്ന് ജലമാർഗ്ഗം അവ ആലപ്പുഴയിൽ എത്തിക്കുകയും ഇവിടത്തെ മൊത്ത വ്യാപാരികൾ അവ വാങ്ങുകയും ആലപ്പുഴ തുറമുഖം വഴി വിദേശരാജ്യങ്ങളിലേയ്ക്ക് കയറ്റുമതി ചെയ്യുകയും ചെയ്തിരുന്നു. അതുപോലെതന്നെ നാളികേരത്തിന്റെ ലഭ്യത ജില്ലയിൽ കൂടുതലായിരുന്ന മുൻകാലങ്ങളിൽ കയർവ്യവസായവും കൊപ്രാ വ്യവസായവും ആലപ്പുഴയുടെ വടക്കൻ മേഖലയായ ചേർത്തല താലൂക്കിലും, കാർത്തികപ്പള്ളി, അമ്പലപ്പുഴ താലൂക്കുകളിലും സജീവമായിരുന്നു. ബ്രിട്ടീഷുകാരാൽ സ്ഥാപിതമായതുൾപ്പെടെ നിരവധി കയർ ഉല്പാദക വസ്തുക്കളുടെ കയറ്റുമതി സ്ഥാപനങ്ങളും ഇവിടെ സജീവമായിരുന്നു. കൊച്ചി തുറമുഖത്തിന്റെ വികസനത്തോടെ ആലപ്പുഴ തുറമുഖത്തിന്റെ പ്രസക്തി നഷ്ടമാവുകയും കയറ്റുമതിക്കായി വ്യവസായികൾ കൊച്ചിയെ കൂടുതലായി ആശ്രയിക്കുകയും ചെയ്തു.

അമ്പലപ്പുഴ, ചേർത്തല താലൂക്കുകളിൽ നിരവധി ചെറുകിട കയർ ഉല്പാദക ഫാക്ടറികളും കൊപ്രാ ഉല്പാദകരും നിലനിന്നിരുന്നു. അത്തരം ഉല്പന്നങ്ങളുടെ ഒരു വ്യാപാര കേന്ദ്രമായിരുന്ന ജില്ലയിൽ നാളികേരത്തിന്റെ ലഭ്യതക്കുറവും, തൊണ്ട് തല്ലൽ പോലുള്ള പാരമ്പര്യ തൊഴിലുകൾ അന്യംനിന്നതും ടി മേഖലയിലെ സമയബന്ധിതമായ യന്ത്രവൽക്കരണത്തിന്റെ അഭാവവും പാരമ്പര്യ വ്യവസായങ്ങൾ ജീർണ്ണത നേരിടുന്നതിന് കാരണമായി. അതുപോലെ ജില്ലയിലെ കുട്ടനാട് താലൂക്കിലെ മുട്ടാർ കേന്ദ്രീകരിച്ച് അനേകം ചെറുകിട കളിമൺപാത്ര നിർമ്മാതാക്കളും വ്യാപാരികളും നിലവിലിരുന്നു. അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവും അലൂമിനിയം

പാത്രങ്ങളുടെയും സ്റ്റീൽ പാത്രങ്ങളുടെയും വിപണിയിലുള്ള കടന്നുകയറ്റവും ടി വ്യവസായ മേഖലയെ പിന്നോട്ടടിക്കുകയുണ്ടായി. അമ്പലപ്പുഴ താലൂക്കിലെ പ്രധാനപ്പെട്ട തൊഴിൽ മേഖലയായ കയർവ്യവസായം ഇന്ന് തകർച്ചയുടെ വക്കിലാണ്. കോമളപുരത്തെ സ്പിന്നിംഗ് മിൽ, പാതിരപ്പള്ളിയിലെ എക്സൽഗ്ലാസ് എന്നിവ പ്രവർത്തന രഹിതമാണ്.

ഓട്ടുപാത്ര നിർമ്മാണത്തിൽ പ്രശസ്തമായ മാവേലിക്കര താലൂക്കിലെ മാന്നാർ എന്ന പ്രദേശവും പാരമ്പര്യ വ്യവസായത്തിന് അതിന്റെതായ സംഭാവന നൽകിയിട്ടുണ്ട്. ഈ കാലഘട്ടത്തിലും മാന്നാർ ടി വ്യവസായത്തിലും അനുബന്ധ വ്യാപാര മേഖലയിലും തനതായ സംഭാവനകൾ നൽകുന്നുണ്ട്.

ചെങ്ങന്നൂർ, അരൂർ, മായിത്തറ, പള്ളിപ്പുറം, കൊല്ലകടവ്, പുന്നപ്ര എന്നിവിടങ്ങളിലെ ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിൽ 150 ഓളം ചെറുകിട വ്യവസായ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. ഇതിനു പുറമെ തിരുവിഴ, കലവൂർ, കായംകുളം, മാന്നാർ, നൂറനാട്, താമരക്കുളം എന്നീ പ്രദേശങ്ങളിൽ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളും പ്രവർത്തിക്കുന്നു.

അരൂരുള്ള കെൽട്രോൺ കൺട്രോൾസ്, കലവൂരുള്ള കേരളാ സ്റ്റേറ്റ് ഡ്രഗ്സ് & ഫാർമസ്യൂട്ടിക്കൽസ്, എസ്.എൻ.പുരത്തുള്ള ഓട്ടോകാസ്റ്റ്, സ്റ്റീൽ ഇൻഡസ്ട്രീസ്, തുറവൂരുള്ള കാറ്റിൽ ഫീഡ് പ്ലാന്റ്, പാതിരപ്പള്ളിയിലെ ഹോംകോ, പുന്നപ്രയിലെ മിൽമ, മാന്നാറിലെ സ്വിച്ച് ഗിയർ ഡിവിഷൻ, ചേർത്തലയിലെ മാക്ഡവൽ, കായംകുളത്തെ സ്പിന്നിംഗ് മിൽ, കായംകുളം താപവൈദ്യുതി നിലയം, ചേർത്തലയിലെ ഇൻഫോപാർക്ക് തുടങ്ങി മുപ്പതോളം ഇടത്തരം വൻകിട വ്യവസായങ്ങൾ ഇന്ന് ജില്ലയിലുണ്ട്. സംതുലിത വികസനത്തിനും നവീനത പരിപോഷിപ്പിക്കുന്നതിലും നേരിയ തോതിൽ എങ്കിലും സൂക്ഷ്മ, ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് നിർണ്ണായക പങ്ക് വഹിക്കാൻ കഴിയും.

**<u>ആലപ്പുഴയെ ബാധിക്കുന്ന പ്രധാന പ്രശ്നങ്ങൾ</u>**

- മലിനമാക്കപ്പെടുന്ന ജലാശയങ്ങൾ, കുളങ്ങൾ എന്നിവ മൂലം സാംക്രമിക രോഗങ്ങളുടെ വ്യാപനം
- ശുദ്ധജല വിതരണത്തിന്റെ അപര്യാപ്തത
- ഗതാഗത തിരക്ക്
- ടൂറിസം മേഖലയിലെ അശാസ്ത്രീയമായ വികസന പദ്ധതികൾ.
- വെള്ളപ്പൊക്കംവരൾച്ച എന്നിവ മൂലം കാർഷിക മേഖലയിലുണ്ടാവുന്ന മുരടിപ്പ്
- തൊഴിലാളി ദൌർലഭ്യവും കർഷകവൃത്തിയോടുള്ള താല്പര്യകുറവും നിമിത്തം കൃഷിയിടങ്ങൾ തരിശായി മാറിക്കൊണ്ടിരിക്കുന്ന അവസ്ഥ
- കയർ വ്യവസായ മേഖലയുടെ ശോച്യാവസ്ഥ,അസംസ്കൃത സാധനങ്ങളുടെ ലഭ്യത കുറവ്
- ജില്ലയുടെ കിഴക്കൻ മേഖലയിൽ സർക്കാർ ഉടമസ്ഥതയിലുള്ള കാർഡിയോളജി സൗകര്യമുള്ള ആശുപത്രിയുടെ അപര്യാപ്തത
- വിദ്യാഭ്യാസ മേഖലയിൽ സ്കൂളുകളുടെ അടിസ്ഥാന സൌകര്യമുള്ള ശൗചാലയങ്ങളുടെ ശോച്യാവസ്ഥ
- വിദ്യാർത്ഥികളിലുള്ള ലഹരി ഉപയോഗവും ആരോഗ്യ പ്രശ്നങ്ങളും

**പൊതുവായ നിർദ്ദേശങ്ങൾ**

- കാർഷിക സംസ്കാരത്തെക്കുറിച്ചും, ആരോഗ്യകരമായ ജീവിതരീതിയെക്കുറിച്ചും പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുക.
- Information Education Communication (IEC)പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക. മഴക്കാലപൂർവ്വ ശുചീകരണങ്ങൾ ക്രീയാത്മകമാക്കുക. ഉപയോഗിച്ച പ്ലാസ്റ്റിക് റിസൈക്കിൾ ചെയ്യുക, പ്ലാസ്റ്റിക്കിന്റെ ഉപയോഗം കുറയ്ക്കുക.
- ജില്ലയിൽ ശുദ്ധജലപ്ളാന്റുകൾ സ്ഥാപിക്കുകയും ശുദ്ധജല ദൌർലഭ്യം പരിഹരിക്കുന്നതിനായി ഗാർഹിക ജലവിതരണ സംവിധാനം ശക്തിപ്പെടുത്തുകയും ചെയ്യുക.
- ജലഗതാഗതസാധ്യത കൂടുതൽ ഉപയോഗപ്പെടുത്തി കരമാർഗ്ഗമുള്ള ഗതാഗത തിരക്ക് കുറയ്ക്കുക
- ടൂറിസം മേഖലയെ കൂടുതൽ ആകർഷകമാക്കുന്നതിനായ് ആധുനിക സംവിധാനമുള്ളതും വേഗതയേറിയതുമായ ബോട്ടുകൾ ഉപയോഗിക്കുക, അടിസ്ഥാന സൌകര്യങ്ങൾ മെച്ചപ്പെടുത്തുക
- ജൈവകൃഷി പ്രോത്സാഹിപ്പിക്കുക. രാസവളങ്ങളുടേയും കീടനാശിനിയുടേയും അമിത ഉപയോഗം കുറച്ച് കുട്ടനാടിന്റെ പരിസ്ഥിതി സംരക്ഷിക്കുക.
- ജില്ലയുടെ കിഴക്കൻ മേഖലയിൽ അത്യാധുനികചികിത്സാ സൗകര്യമുള്ള കാർഡിയോളജി സെന്റർ സ്ഥാപിക്കുക.
- വയോജനങ്ങൾ, ഭിന്നശേഷിയുള്ളവർ, അഗതികൾ, കിടപ്പുരോഗികൾ, വിധവകൾ, അതിക്രമത്തിന് ഇരയായ സ്ത്രീകൾ, ജീവിതത്തിൽ ഒറ്റപ്പെട്ടുപോയവർ എന്നീ വിഭാഗത്തിലുള്ള സമൂഹത്തിൽ അവശത അനുഭവിക്കുന്നവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനുതകുന്ന പദ്ധതികൾ ആവിഷ്കരിക്കുക.
- വിദ്യാഭ്യാസ മേഖലയിലെ ലഹരി ഉപയോഗം അസാത്മാർഗ്ഗിക ജീവിതം എന്നിവയിൽ നിന്ന് പുതുതലമുറയെ രക്ഷിക്കുന്നതിന് ബോധവൽക്കരണം, കായിക പരിശീലന കേന്ദ്രങ്ങൾ, ഹെൽത്ത് ക്ലബ്ബുകൾ, യോഗ കേന്ദ്രങ്ങൾ എന്നിവ സ്ഥാപിക്കുക

## ഉപസംഹാരം

ഒരു രാജ്യത്തിന്റെ സാമ്പത്തിക വികസനം വിലയിരുത്തുന്നത് സാമൂഹ്യ വളർച്ചയുടെ സൂചകങ്ങളിലൂടെയാണ്. സാമൂഹ്യപുരോഗതി നിലനിർത്തുന്നതിനും സമൂഹത്തിലെ പ്രശ്നങ്ങളെ അതിജീവിക്കുന്നതിനും രാജ്യത്തിന്റെ സാമ്പത്തിക നില, വിഭവസമാഹരണങ്ങൾ നൂതന പദ്ധതികളുടെ ഗുണമേന്മ മുതലായ പല മേഖലകളിലും സ്വയംപര്യാപ്തത ആവശ്യമാണ്. പതിമൂന്നാം പഞ്ചവൽസര പദ്ധതിക്കാലത്ത് വിവിധ മേഖലകളുടെ അസന്തുലിതാവസ്ഥ പരിഹരിക്കുന്നതിനും അനുയോജ്യമായ നയപരിപാടികൾ ആസൂത്രണം ചെയ്യുന്നതിനും ജില്ലാപദ്ധതിയിലെ വിവിധ ഉപസമിതികളുടെ നിർദ്ദേശങ്ങൾ നിർണ്ണായകമായ പങ്കുവഹിക്കേണ്ടതാണ്. കാർഷിക മേഖലയുടെ വളർച്ചാ സാധ്യതകൾ മനസ്സിലാക്കി കൃഷിയിൽ പൊതുനിക്ഷേപം വർദ്ധിപ്പിച്ചും ജലസേചന ശൃംഖലകൾ നവീകരിച്ചും പച്ചക്കറിയുടെ

ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിച്ചും, നെൽവയൽ സംരക്ഷണം, ഗവേഷണം എന്നിവ മെച്ചപ്പെടുത്തിയും ജില്ലയിൽ കൃഷി മെച്ചപ്പെടുത്താവുന്നതാണ്. ഇതുവഴി ഭക്ഷ്യസുരക്ഷ ഉറപ്പാക്കാനും തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കാനും സാധിക്കും. സാമ്പത്തിക വളർച്ചയ്ക്ക് വ്യവസായ വികസനം വളരെ നിർണ്ണായകമാണ്. ജില്ലാവികസനത്തോടൊപ്പം ഉല്പാദന, നിർമ്മാണ തൊഴിൽ മേഖലകളും അഭിവൃദ്ധിപ്പെടേണ്ടതാണ്. ജില്ലയുടെ സുസ്ഥിര വികസനത്തിന് പരിസ്ഥിതി സംരക്ഷണവും അത്യന്താപേക്ഷിതമാണ്. ആഗോളതാപനം, കാലാവസ്ഥാ വ്യതിയാനം, എന്നീ പരിസ്ഥിതി പ്രശ്നങ്ങൾമൂലമുണ്ടാകുന്ന പ്രകൃതി ക്ഷോഭങ്ങൾക്ക് പരിഹാരം കണ്ടേ തീരൂ. ജില്ലയിലെ വിവിധ മേഖലകളിലെ അസന്തുലിതാവസ്ഥ പരിഹരിക്കുന്നതിന് അനുയോജ്യമായ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിൽ വിവിധ വിഷയ മേഖലാ ഉപസമിതികൾ ജില്ലാ പദ്ധതിക്ക് നിർണ്ണായകമായ പങ്ക് വഹിക്കാൻ കഴിയും.

# അദ്ധ്യായം 2

# വിഭവ ലഭ്യത

ഏതൊരു മേഖലയുടെയും സമഗ്ര വികസനം സാദ്ധ്യമാകുന്നത് കൃത്യതയുള്ള ആസൂത്രത്തിലൂടെയാണ് ആസൂത്രണ പ്രക്രിയയുടെ നട്ടെല്ലായി മാറുന്നതാവട്ടെ വിഭവങ്ങളുടെ പിന്തുണയാണ്. വിഭവങ്ങളുടെ കൃത്യതയാർന്ന വിതരണം കാര്യക്ഷമമായി നിർവ്വഹിക്കുന്നതിലൂടെ മാത്രമെ ഓരോ വികസന മേഖലയും രൂപീകരിക്കുന്ന വികസന കാഴ്ചപ്പാട് ഫലവത്താക്കാൻ കഴിയൂ. വികസന പ്രക്രിയയിൽ സഹായകമാവുന്നതെന്തും വിഭവങ്ങൾ തന്നെയാണ്. വിഭവലഭ്യത ഉറപ്പാക്കുന്നതുമാത്രമല്ല അവയുടെ ഫലപ്രദമായി ഉപയോഗവും അവയുടെ സമന്വയവും ആസൂത്രണത്തിൽ പ്രാധാന്യമർഹിക്കുന്നവയാണ്.

ജില്ലാ പദ്ധതി ലക്ഷ്യംവെയ്ക്കുന്ന വികസന പരിപ്രേക്ഷ്യത്തിന് പിന്തുണ നൽകുന്നതിന് ഉതകുന്ന ജില്ലയിലെ ലഭ്യമായ വിഭവങ്ങളുടെ വിലയിരുത്തലും സാദ്ധ്യതകളുമാണ് താഴെപ്പറയുന്ന നാല് മേഖലകളിലായി ഈ അദ്ധ്യായം ചർച്ചചെയ്യുന്നത്.

1. പ്രകൃതി വിഭവങ്ങൾ
2. മനുഷ്യ വിഭവങ്ങൾ
3. ധന വിഭവങ്ങൾ
4. സ്ഥാപന വിഭവങ്ങൾ

## പ്രകൃതി വിഭവങ്ങൾ

കേരളത്തിലെ ഏറ്റവും ചെറിയ ജില്ലയാണ് ആലപ്പുഴ. തെക്ക് കൊല്ലം ജില്ലയും കിഴക്ക് പത്തനംതിട്ട കോട്ടയം ജില്ലകളും വടക്ക് എറണാകുളം ജില്ലയും പടിഞ്ഞാറ് അറബിക്കടലുമാണ് അതിർത്തികൾ. ആലപ്പുഴ ജില്ല ഉത്തര അക്ഷാംശം $9^0$5' നും $9^0$55' നും പൂർവ്വ രേഖാംശം $76^0$17' നും $76^0$46' നും ഉള്ളിലായി സ്ഥിതിചെയ്യുന്നു. മൂന്ന് പ്രധാന നദികളും വലുതും ചെറുതുമായ ധാരാളം ഇടത്തോടുകളും കായലുകളും കുളങ്ങളുമൊക്കെ കൂടിച്ചേർന്നിട്ടുള്ള നീരൊഴുക്കുകളുടെ ഒരു ശൃംഖല, ആലപ്പുഴ ജില്ലയെ കേരളത്തിലെ മറ്റ് ജില്ലകളിൽനിന്നും ഏറെ വ്യത്യസ്തമാക്കുന്നു. ഈ ജല സമൃദ്ധിതന്നെ ആലപ്പുഴയുടെ ഹൃദയഹാരിയായ ഹരിത സമൃദ്ധിക്കും കാരണമാകുന്നു.

സംസ്ഥാനത്തെ വിസ്തീർണ്ണത്തിൽ ഏറ്റവും ചെറുതും എന്നാൽ ജനസാന്ദ്രത കൂടിയതുമായ ജില്ലയാണ് ആലപ്പുഴ. കായലും തോടുകളും പുഴകളും കൊണ്ട് സമ്പന്നമായ ഈ ജില്ലയിൽ കുട്ടനാട് താലൂക്കിന്റെ നല്ലൊരു ഭാഗവും സമുദ്രനിരപ്പിന് താഴെ സ്ഥിതിചെയ്യുന്നു. കനാലുകളും ബണ്ടുകളും എങ്ങും കാണപ്പെടുന്ന ഈ പ്രദേശം കേരളത്തിന്റെ ഹോളണ്ട് എന്നാണ് വിശേഷിപ്പിക്കപ്പെടുന്നത് ആലപ്പുഴ ജില്ലയുടെ തീരക്കടലിൽ കാണുന്ന പ്രതിഭാസമാണ് ചാകര. തിരയടങ്ങി, കടൽ നിശ്ചലമാകുന്നതും ചെളി അടിഞ്ഞുകിടക്കുന്നതുമാണ് ചാകരയുടെ പ്രധാന സവിശേഷത. മത്സ്യബന്ധന യാനങ്ങൾക്ക് നങ്കൂരമിടുന്നതിന് അനുയോജ്യമാവുകയും വിവിധയിന മത്സ്യങ്ങളുടെ ധാരാളിത്തവും ഈ സമയത്തെ പ്രത്യേകതയാണ്.

1414 ചതുരശ്ര കിലോമീറ്റർ ഭൂവിസ്തൃതിയുള്ള ഈ ജില്ലയെ ഭൂപ്രകൃതിക്കനുസരിച്ച് ഇടനാട്, തീരപ്രദേശം താഴ്ന്നപ്രദേശം എന്നിങ്ങനെ തരംതിരിക്കാം. ജില്ലയ്ക്ക് 82 കിലോമീറ്റർ ദൂരം കടൽത്തീരമുണ്ട്. മാവേലിക്കര ചെങ്ങന്നൂർ താലൂക്കുകളുടെ കിഴക്കൻ പ്രദേശങ്ങൾ ഇടനാട്ടിൽ ഉൾപ്പെടുമ്പോൾ, ചേർത്തല താലൂക്ക് മുഴുവനായും അമ്പലപ്പുഴ, കാർത്തികപ്പള്ളി മാവേലിക്കര താലൂക്കുളുടെ ചില ഭാഗങ്ങളും തീരപ്രദേശങ്ങളിൽ ഉൾപ്പെടുന്നു. കുട്ടനാട് താലൂക്ക് മുഴുവനായും അമ്പലപ്പുഴ, മാവേലിക്കര, കാർത്തികപ്പള്ളി താലൂക്കുകളുടെ ചില ഭാഗങ്ങളും താഴ്ന്ന പ്രദേശത്തിൽ പ്പെടുന്നു. കാർഷിക, കാലാവസ്ഥാ മേഖലകളുടെ തരംതിരിവനുസരിച്ച് ജില്ലയിലെ കൃഷി ഭൂമി അപ്പർ കുട്ടനാട്, ലോവർ കുട്ടനാട്, കായൽ, ഓണാട്ടുകര, കരപ്പാടം എന്നീ മേഖലകളായി തരം തിരിക്കുന്നു.

**ജില്ലയിലെ ഭൂപ്രകൃതി തരംതിരിവ്** *(ച.കി. മീറ്ററിൽ)*

| നം. | താലൂക്ക് | ഇടനാട് | തീരപ്രദേശം | മലനാട് | ആകെ |
|---|---|---|---|---|---|
| 1 | ചേർത്തല | – | 320.40 | – | 320.40 |
| 2 | അമ്പലപ്പുഴ | – | 178.80 | – | 178.80 |
| 3 | കുട്ടനാട് | – | 265.90 | – | 265.90 |
| 4 | ചെങ്ങന്നൂർ | 54.70 | 86.50 | – | 141.20 |
| 5 | മാവേലിക്കര | 230.60 | 55.40 | – | 286.00 |
| 6 | കാർത്തികപ്പള്ളി | – | 224.60 | – | 224.60 |

*(അവലംബം : ലാന്റ് റിസോഴ്സസ് ഓഫ് കേരള (KSULB)*

ആകെ ഭൂപ്രകൃതിയുടെ 79.9% (1131.6 ച.കി.മീ.) തീരപ്രദേശവും 20.1% (285.3 ച.കി.മീ.) ഇടനാടുമാണ് ആലപ്പുഴ ജില്ലയിൽ ഉള്ളത്.

ജില്ലയുടെ പ്രധാന ജലസ്രോതസ്സുകൾ പമ്പ, അച്ചൻകോവിൽ, മണിമല എന്നീ നദികളാണ്. ഇവ കൂടാതെ ഇവയുടെ കൈത്തോടുകളും കുളങ്ങളും വേമ്പനാട്, കായംകുളം എന്നീ കായലുകളും ഈ ജില്ലയിലുൾപ്പെടുന്നു. കേരളത്തിലെ ഏറ്റവും വലിയ കായലായ വേമ്പനാട്ടുകായൽ, ആലപ്പുഴ, കോട്ടയം, എറണാകുളം ജില്ലകളിലായി വ്യാപിച്ചു കിടക്കുന്നു. നെഹ്രുട്രോഫി വള്ളംകളിയിലൂടെ വേമ്പനാട് കായൽ അന്താരാഷ്ട്ര പ്രസിദ്ധി നേടി. റാംസർ ഉടമ്പടി പ്രകാരം വേമ്പനാട് കായൽ അന്താരാഷ്ട്ര പ്രാധാന്യമുള്ള കായലായി അംഗീകരിക്കപ്പെട്ടിട്ടുണ്ട്. ഇതിനോട് ചേർന്നുകിടക്കുന്ന പ്രദേശങ്ങളിലെ പുഞ്ച നെൽകൃഷിയും ഏറെ പ്രസിദ്ധമാണ്. വേമ്പനാട്ടുകായലിൽ ധാരാളമായി വളരുന്ന സ്വാദിഷ്ടമായ കരിമീൻ, കൊഞ്ച് എന്നിവ വിദേശനാണ്യം നേടിത്തരുന്ന മത്സ്യ ഇനങ്ങളാണ്. അറബിക്കടലിനോട് ചേർന്നുകിടക്കുന്ന കായംകുളം കായൽ ചവറ-പന്മന തോടുവഴി അഷ്ടമുടിക്കായലുമായും തോട്ടപ്പള്ളി-കരുമാടി തോടുവഴി പമ്പാ നദിയുമായി ബന്ധപ്പെട്ടുകിടക്കുന്നു.

കേരളത്തിൽ റിസർവ് വനപ്രദേശമില്ലാത്ത ഒരേയൊരു ജില്ലയാണ് ആലപ്പുഴ. കാർത്തികപ്പള്ളി, തുക്കുന്നപ്പുഴ തുടങ്ങിയ തീരപ്രദേശങ്ങൾ മോണോസൈറ്റ് പോലെയുള്ള ധാതുക്കളുടെ നിക്ഷേപംകൊണ്ട് സമൃദ്ധമാണ്. ചേർത്തലയിൽ കടലോരത്തോട് ചേർന്ന പ്രദേശങ്ങളിൽ കാണപ്പെടുന്ന പഞ്ചാരമണൽ വളരെയേറെ വാണിജ്യ പ്രാധാന്യമുള്ളതാണ്. ചില്ലുണ്ടാക്കുന്നതിന് ഏറ്റവും അനുയോജ്യമായ മണലാണ് ഇവിടെയുള്ളത്. വേമ്പനാട്ട കായലിലെ മനോഹരമായ ദ്വീപാണ് പാതിരാമണൽ. കായലോരത്തിന്റെ സൌന്ദര്യം കൂടാതെ ദേശാടനപക്ഷികളുടെ സങ്കേതം കൂടിയായ ഈ ദ്വീപ് കേരളത്തിലെത്തുന്ന വിനോദ സഞ്ചാരികളുടെ പ്രധാന സന്ദർശന കേന്ദ്രമാണ്. അനുയോജ്യമായ ഭൂപ്രദേശ മായിരുന്നതിനാൽ കേര നിരകളാൽ സമ്പന്നമായിരുന്നു ആലപ്പുഴ. ഇതിനോടനുബന്ധിച്ചുള്ള കയർ വ്യവസായം, ഭൂരിപക്ഷം ജനസംഖ്യയുടെയും തൊഴിൽ മേഖലയായിരുന്നുവെങ്കിലും ഇന്ന് നിരവധി പ്രതിസന്ധികളിലൂടെ കടന്നുപോവുകയാണ്.

## മണ്ണ്

പ്രകൃതിദത്തമായ വിഭവങ്ങളും അവയുടെ വിന്യാസവും വ്യക്തമായി മനസിലാക്കിയാൽ മാത്രമെ സ്ഥലജല സംബന്ധമായി മേഖലകളിൽ സ്ഥായിയായ വികസനം ഉറപ്പുവരുത്തുവാൻ കഴിയൂ. പ്രകൃതിജന്യവും ജീവന്റെ നിലനിൽപ്പിന് അത്യന്താപേക്ഷിതവുമായ രണ്ട് ഘടകങ്ങളാണ് മണ്ണും ജലവും. ആലപ്പുഴ ജില്ലയിൽ മണ്ണ് സീരിസിനെ അവയുടെ വ്യത്യസ്തമായ സ്വഭാവ വിശേഷമായി 21 തരം അസ്സോസിയേഷനുകളായി തരം തിരിച്ചിരിക്കുന്നു. ജില്ലയിലെ മണ്ണ് അസ്സോസിയേഷനുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | അസ്സോസിയേഷൻ | വിസ്തൃതി (ഹെ.) | ശതമാനം |
|---|---|---|---|
| 1 | പുന്നപ്ര - കാട്ടൂർ സോയിൽ അസ്സോസിയേഷൻ | 5754 | 4.07 |
| 2 | കലവൂർ - കാട്ടൂർ സോയിൽ അസ്സോസിയേഷൻ | 21099 | 14.92 |
| 3 | ആലപ്പുഴ - കാട്ടൂർ സോയിൽ അസ്സോസിയേഷൻ | 6772 | 4.79 |
| 4 | മാന്നാർ - ചെറുകോൽ സോയിൽ അസ്സോസിയേഷൻ | 16265 | 11.50 |
| 5 | തെക്കേക്കര - ചെറുകോൽ സോയിൽ അസ്സോസിയേഷൻ | 2081 | 1.47 |
| 6 | ചെറുകോൽ - ശ്രീരനാട് സോയിൽ അസ്സോസിയേഷൻ | 4233 | 2.99 |
| 7 | പള്ളിപ്പാട് - കണ്ണമംഗലം സോയിൽ അസ്സോസിയേഷൻ | 519 | .37 |
| 8 | കരുവാറ്റ - കണ്ണമംഗലം സോയിൽ അസ്സോസിയേഷൻ | 2149 | 1.52 |
| 9 | ചമ്പക്കുളം-എടത്വ - രാമങ്കരി സോയിൽ അസ്സോസിയേഷൻ | 29303 | 20.72 |
| 10 | വച്ചൂർ സോയിൽസ് | 5865 | 4.15 |
| 11 | തോട്ടപ്പള്ളി-പുറക്കാട് സോയിൽ അസ്സോസിയേഷൻ | 1155 | .82 |
| 12 | അമ്പലപ്പുഴ - തകഴി സോയിൽ അസ്സോസിയേഷൻ | 1965 | 1.39 |
| 13 | എടത്വ - തകഴി സോയിൽ അസ്സോസിയേഷൻ | 887 | .63 |
| 14 | തുറവൂർ - കാവുർ - കാട്ടൂർ സോയിൽ അസ്സോസിയേഷൻ | 1736 | 1.23 |
| 15 | പുന്നമട - ആലപ്പുഴ സോയിൽ അസ്സോസിയേഷൻ | 1644 | 1.16 |
| 16 | ഐരൂർ - മുഹമ്മ സോയിൽ അസ്സോസിയേഷൻ | 8218 | 5.81 |
| 17 | മുഹമ്മ-വെണ്മണി-ശ്രീരനാട് സോയിൽ അസ്സോസിയേഷൻ | 1174 | .83 |
| 18 | വെട്ടിക്കോട് - കല്ലട സോയിൽ അസ്സോസിയേഷൻ | 1728 | 1.22 |
| 19 | ഏറത്ത് - ന്യറനാട് - കണ്ണമംഗലം സോയിൽ അസ്സോസിയേഷൻ | 1626 | 1.16 |
| 20 | പാലമേൽ - അടൂർ സോയിൽ അസ്സോസിയേഷൻ | 6645 | 4.70 |

| | | | |
|---|---|---|---|
| 21 | അട്ടർ കുതിരവട്ടംകുന്ന് നട്ടുവൻപാറ സോയിൽ അസ്സോസിയേഷൻ | 5996 | 4.24 |
| 22 | ജലാശയങ്ങൾ | 14586 | 10.31 |
| | **ആകെ** | **141400** | |

*(അവലംബം : ജില്ലാ മണ്ണ് പര്യവേഷണ റിപ്പോർട്ട് 2007)*

ആലപ്പുഴ ജില്ലയിൽ താഴ്ന്ന പ്രദേശവും ഇടനാടും മാത്രമാണുള്ളത്. കാർഷിക കാലാവസ്ഥയ്ക്കനുസരിച്ച് ഈ ജില്ല പ്രധാന പ്രദേശ മേഖലയിലാണ് സ്ഥിതിചെയ്യുന്നത്. ഈ പ്രദേശങ്ങളെ ഓണാട്ടുകര മേഖല, തെക്കൻ ഇടനാട് മേഖല, കുട്ടനാടൻ മേഖല, തീരദേശ മണൽ മേഖല എന്നിങ്ങനെ നാല് മേഖലകളായി തരം തിരിച്ചിരിക്കുന്നു.

## ഓണാട്ടുകര മേഖല

കാർത്തികപ്പള്ളി, മാവേലിക്കര താലൂക്കുകൾ ഉൾപ്പെടുന്ന ഓണാട്ടുകര മേഖല പൂർണ്ണമായു താഴ്ന്ന പ്രദേശമാണ്. തെങ്ങ്, നെല്ല്, കിഴങ്ങ് വർഗ്ഗം, കശുമാവ്, എള്ള് എന്നിവയ്ക്ക് യോജിച്ച പ്രദേശമാണ്.

## തെക്കൻ ഇടനാട് മേഖല

ഭരണിക്കാവ്, ചെങ്ങന്നൂർ പ്രദേശങ്ങളുൾപ്പെടുന്ന 18160 ഹെക്ടർ പ്രദേശമാണ് തെക്കൻ ഇടനാട് മേഖല. ലാറ്ററൈറ്റ് കലർന്ന മണ്ണാണിത്. ഫലഭ്രയിഷ്ടമായ ഈ മേഖലയിലെ പ്രധാന വിളകൾ ഏത്തവാഴ, തെങ്ങ്, റബ്ബർ, നെല്ല് എന്നിവയാണ്.

## തീരദേശ മണൽ മേഖല

അമ്പലപ്പുഴ, ചേർത്തല താലൂക്കുകളിലായി വ്യാപിച്ചു കിടക്കുന്ന തീരദേശ മണൽ മേഖല കക്കയുടെ സാന്നിദ്ധ്യം ധാരാളമായി കാണുന്നു. നീർവാർച്ച കൂടിയ മണ്ണാണിത്. പ്രധാന വിളകൾ നെല്ലും തെങ്ങുമാണ്.

## കുട്ടനാടൻ മേഖല

കാർഷിക കാലാവസ്ഥാ മേഖലയിൽ തെക്കൻ ഇടനാട് കഴിഞ്ഞുള്ള മുഴുവൻ പ്രദേശങ്ങളും കുട്ടനാടൻ മേഖലയിലാണ്. നീർവാർച്ച കുറവുള്ള ഫലഭ്രയിഷ്ടമായ ചെളിമണ്ണാണ് ഈ പ്രദേശത്തിന്റെ പ്രത്യേകത. നെല്ല് പ്രധാന വിളയാണ്. കുട്ടനാട്ടിലെ ജനവാസമുള്ള സ്ഥലങ്ങൾ സമുദ്ര ജല വിതാനത്തിൽ നിന്നും ഒന്നേമുക്കാലടി മുതൽ മൂന്നടി വരെ ഉയരത്തിലാണ് സ്ഥിതിചെയ്യുന്നത്. ഈ പ്രദേശങ്ങളെ പുരയിടങ്ങൾ, വെള്ളക്കെട്ടുള്ള പ്രദേശം, ജലാശയം എന്നിങ്ങനെ മൂന്നായി തരം തിരിക്കാം. പാരിസ്ഥിതിക ഘടങ്ങൾ അടിസ്ഥാനപ്പെടുത്തി കുട്ടനാടിനെ നാല് വിഭാഗങ്ങളായി തിരിക്കാം. അപ്പർ കുട്ടനാട്, ലോവർ കുട്ടനാട്, കായൽ പ്രദേശങ്ങൾ, കരി പ്രദേശങ്ങൾ.


മണ്ണ് പരിവേഷണ മണ്ണ് സംരക്ഷണ വകുപ്പ് തയാറാക്കിയ ജില്ലാ മണ്ണ് പര്യവേഷണ റിപ്പോർട്ട് അനുസരിച്ച് ആലപ്പുഴ ജില്ലയിൽ അഞ്ചിനം സീരിയസുകളിലുള്ള മണ്ണുകളാണുള്ളത്.

1. ആലപ്പുഴ സീരിസ്
2. പുന്നപ്ര സീരിസ്
3. പുറക്കാട് സീരിസ്
4. ചമ്പക്കുളം സീരിസ്
5. മാന്നാർ സീരിസ്

## ജില്ലയിലെ മണ്ണിനങ്ങൾ

| ക്രമ നം. | തരം | കാണപ്പെടുന്ന താലൂക്കുകൾ |
|---|---|---|
| 1 | ചെളി കലർന്ന മണൽ | കാർത്തികപ്പള്ളി, മാവേലിക്കരയുടെ ചില ഭാഗങ്ങൾ |
| 2 | മണൽ | ചേർത്തല, അമ്പലപ്പുഴ |
| 3 | പശിമയുള്ള മണൽ | കുട്ടനാട് |
| 4 | വെട്ടുകൽ മണ്ണ് | ചെങ്ങന്നൂർ, മാവേലിക്കരയുടെ ചില ഭാഗങ്ങൾ |

*(അവലംബം : www.kerala agriculture.gov.in )*



## ഭൂവിനിയോഗക്രമം

കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡ് ജില്ലയിലെ ആകെ വിസ്തൃതിയെ അഞ്ചായി തരംതിരിച്ചിരിക്കുന്നു. അവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | വിസ്തൃതി (ഹെക്ടർ) | ശതമാനം |
|---|---|---|---|
| 1 | കാർഷിക ഭൂമി | 121762 | 86.04 |
| 2 | ജലാശയങ്ങൾ | 17550 | 12.4 |
| 3 | നികത്തിയെടുത്ത കരഭൂമി | 1894 | 1.34 |
| 4 | തരിശുഭൂമി | 297 | .21 |
| 5 | മറ്റുള്ളവ | 26 | .02 |
| | ആകെ | 141400 | |

*(അവലംബം: സംസ്ഥാന ഭൂവിനിയോഗ ബോർഡ്)*

## ജല വിഭവം

ജില്ലയിലെ പ്രധാന ജലസ്രോതസ്സുകൾ പമ്പയാർ, അച്ചൻകോവിലാർ എന്നിവയാണ്. കൂടാതെ പരമ്പരാഗത സ്രോതസ്സുകളായ കിണർ, കുളം, മറ്റ് ജലാശയങ്ങൾ എന്നിവയും ഉപയോഗിക്കുന്നു. ആലപ്പുഴയുടെ 2011 പാൻ ഫിഷ് ബുക്ക് കണക്കുപ്രകാരം താഴെ പറയുന്ന ജല സ്രോതസ്സുകൾ ഉണ്ട്.

**അലപ്പുഴ ജില്ലയിലെ ജലസ്രോതസ്സുകൾ**

| ക്രമ നമ്പർ | പേര് | എണ്ണം |
|---|---|---|
| 1 | പഞ്ചായത്ത് കുളങ്ങൾ | 342 |
| 2 | ജലസേചന ടാങ്കുകൾ | 268 |
| 3 | ക്ഷേത്രകുളങ്ങൾ | 416 |
| 4 | പാറമടകൾ | 6 |
| 5 | പൊതുജലാശയങ്ങൾ | 548 |
| 6 | സ്വകാര്യ ജലാശയങ്ങൾ | 8283 |
| 7 | ചെമ്മീൻ വാറ്റുകൾ | 247 |
| 8 | പാടശേഖരങ്ങൾ | 555 |
| 9 | സ്വകാര്യ ശുദ്ധജലാശയങ്ങൾ | 3270 |
| 10 | സ്വകാര്യ ഓരു ജലാശയങ്ങൾ | 381 |
| | **ആകെ** | **14316** |

*(അവലംബം: ആലപ്പുഴയുടെ 2011 പാൻ ഫിഷ് ബുക്ക്)*

2015-16 കാലയളവിലെ ജലസേചന സൌകര്യമുള്ള പ്രദേശങ്ങളുടെ സ്രോതസ്സ് തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**യഥാർത്ഥ ജലസേചിത വിസ്തൃതി – വിവിധ ജല സ്രോതസ്സുകൾ മുഖേന – 2015-16 (ഹെക്ടറിൽ)**

| ഇനം | സർക്കാർ | സ്വകാര്യം |
|---|---|---|
| ചെറിയ കനാലുകൾ | 6237 | 1 |
| കുളം | | 462 |
| കിണർ | | 819 |
| കുഴൽ കിണർ | 7728 | |
| ചെറുകിട ജലസേചനവും ലിഫ്റ്റ് ഇറിഗേഷനും | 0 | 0 |
| മറ്റുള്ളവ | | |
| 1) പുഴയിൽ നിന്നും തടാകത്തിൽ നിന്നും<br>a. പമ്പ്<br>b. ചക്രം<br>c. മറ്റ് രീതികൾ | <br>5567<br>0<br>19255 | |
| 2) മറ്റ് സ്രോതസ്സുകൾ | 335 | |
| **ആകെ** | **40404** | |

*(അവലംബം: സാമ്പത്തിക സ്ഥിതിവിവര വകുപ്പ്)*

## കാലാവസ്ഥ

കോപ്പൻ കാലാവസ്ഥ വർഗ്ഗീകരണ ശാസ്ത്രമനുസരിച്ച് ഇന്ത്യ 4 പ്രധാനപ്പെട്ട കാലാവസ്ഥ മേഖലകളിൽ ഉൾപ്പെടുന്നു. കേരളവും ആലപ്പുഴ ജില്ലയും ടോപ്പിക്കൽ വെറ്റ് ഹ്യൂമിഡ് കാലാവസ്ഥ മേഖലയിലാണ് ഉൾപ്പെടുന്നത്. തെക്കുപടിഞ്ഞാറൻ കാലവർഷവും വടക്കുകിഴക്കൻ കാലവർഷവും ആലപ്പുഴ ജില്ലയുടെ കാലാവസ്ഥയെ സ്വാധീനിക്കുന്നതിൽ പങ്കുവഹിക്കുന്നു. ജൂൺ മുതൽ സെപ്റ്റംബർ വരെയുള്ള മാസങ്ങളിൽ തെക്കുപടിഞ്ഞാറൻ മൺസൂൺ അനുഭവപ്പെടുന്നു. ഒക്ടോബർ നവംബർ മാസങ്ങളിൽ വടക്കുകിഴക്കൻ മൺസൂൺ അനുഭവപ്പെടുന്നു. ജില്ലയിൽ 2016ൽ ലഭ്യമായ മഴ 367 മില്ലീമീറ്ററാണ്. സാധാരണ ലഭിക്കേണ്ടതിൽ നിന്നും 23 ശതമാനം കുറവ് മഴയാണിത്.

**ആലപ്പുഴ ജില്ലയിലെ ശരാശരി മഴലഭ്യതയും അതിന്റെ വ്യതിയാനവും**

| കാലവർഷത്തിന് മുൻപ് (മാർച്ച് മുതൽ മെയ് വരെ) | | | തെക്ക് പടിഞ്ഞാറൻ കാലവർഷം (ജൂൺ മുതൽ സെപ്റ്റംബർ വരെ) | | | വടക്കുകിഴക്കൻ കാലവർഷം (ഒക്ടോബർ മുതൽ ഡിസംബർ വരെ) | | |
|---|---|---|---|---|---|---|---|---|
| ലഭ്യമായ മഴ (മി.മി.) | സാധാരണ മഴ (മി.മി.) | വ്യതിയാനം (%) | ലഭ്യമായ മഴ (മി.മി.) | സാധാരണ മഴ (മി.മി.) | വ്യതിയാനം (%) | ലഭ്യമായ മഴ (മി.മി.) | സാധാരണ മഴ (മി.മി.) | വ്യതിയാനം (%) |
| 367 | 477.8 | -23 | 1135.3 | 1745.9 | -35 | 208.4 | 572.1 | -64 |

*(അവലംബം: സാമ്പത്തിക അവലോകനം മാർച്ച് 2017)*

ആലപ്പുഴയിലെ 1980 മുതൽ 2016 വരെയുള്ള മഴകണക്കുകൾ വിശകലനം ചെയ്തതിൽ ശരാശരി ഒരു വർഷത്തെ അളവ് 2447.35 എം.എം. ആണ്. 1991 ജൂൺ മാസത്തിലാണ് (1214.9 എം.എം.) ഏറ്റവും കൂടുതൽ മഴ രേഖപ്പെടുത്തിയിട്ടുള്ളത്. കുറഞ്ഞ മഴ ലഭിക്കുന്ന മാസങ്ങൾ ജനുവരി, ഫെബ്രുവരി, മാർച്ച്, ഡിസംബർ ആണ്. മഴ ദിവസങ്ങൾ വിശകലനം ചെയ്തതിൽ 1991 ജൂണിലും 1997 ജൂലൈയിലും 28 ദിവസം മഴ ലഭിച്ചതായി കാണുന്നു.

2016 ലെ മഴകണക്ക് (1800.2 എം.എം.) മാസ ശരാശരി ഏറ്റവും കൂടുതൽ മഴ ലഭിച്ചത് ജൂൺ 2016 (505.4 എം.എം.) മഴദിനങ്ങൾ (93) എന്നിങ്ങനെയാണ് – 1980 മുതൽ 2016 വരെയുള്ള ആലപ്പുഴ ജില്ലയിൽ ലഭിച്ച ശരാശരി മാസ മഴ ദിനങ്ങൾ, മാസ ശരാശരി മഴ കണക്കുകൾ എന്നിവ സി.പി.സി.ആർ.ഐ. കായംകുളത്തു നിന്ന് ലഭിച്ചത് പട്ടികയായി ചുവടെ ചേർക്കുന്നു.

**ആലപ്പുഴയിൽ 2016 ൽ ലഭിച്ച വിവിധ മഴക്കാലങ്ങൾ**

| വിവിധ മഴക്കാലങ്ങൾ | ആകെ മഴയുടെ ശതമാനം |
|---|---|
| കാലവർഷം ജൂൺ മുതൽ സെപ്റ്റംബർ വരെ | 64.63 |
| തുലാവർഷം ഒക്ടോബർ മുതൽ ഡിസംബർ വരെ | 6.32 |
| ശീതകാലവർഷം – ജനുവരി, ഫെബ്രുവരി | 4.17 |
| വേനൽ മഴ | 24.88 |

*(അവലംബം : മങ്കൊമ്പ് നെല്ല് ഗവേഷണകേന്ദ്രം)*

ആലപ്പുഴ ജില്ലയിലെ ശരാശരി മഴ ലഭ്യതയുടെ 1980 മുതൽ 2017 വരെയുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | മഴ ദിനങ്ങൾ | വർഷം | മഴ ദിനങ്ങൾ | വർഷം | മഴ ദിനങ്ങൾ | വർഷം | മഴ ദിനങ്ങൾ |
|---|---|---|---|---|---|---|---|
| 1980 | 2358.7 | 1990 | 2320.6 | 1999 | 2352.7 | 2008 | 2412.5 |
| 1981 | 2873.5 | 1991 | 2721.1 | 2000 | 2034.3 | 2009 | 2285.1 |
| 1982 | 1866.9 | 1992 | 3294.8 | 2001 | 2610.3 | 2010 | 2818 |
| 1983 | 1910.7 | 1993 | 2793.8 | 2002 | 2178.8 | 2011 | 2379.9 |
| 1984 | 1696.7 | 1994 | 2947.2 | 2003 | 1836.5 | 2012 | 1899.5 |
| 1985 | 2441.3 | 1995 | 2298.6 | 2004 | 2438.3 | 2013 | 2613.9 |
| 1986 | 1800.9 | 1996 | 1839.8 | 2005 | 2252.2 | 2014 | 2320.2 |
| 1987 | 2563.9 | 1997 | 2964.00 | 2006 | 3129.1 | 2015 | 2553.7 |
| 1988 | 2533.1 | 1998 | 2440.2 | 2007 | 3293.8 | 2016 | 1800.2 |
| 1989 | 23.9.9 | | | | | | |

*(അവലംബം: സി.പി.സി.ആർ.ഐ. കായംകുളം)*

ആലപ്പുഴ ജില്ലയിലെ 1980 മുതൽ 2017 വരെയുള്ള മഴ ദിനങ്ങളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| വർഷം | മഴ ദിനങ്ങൾ | വർഷം | മഴ ദിനങ്ങൾ | വർഷം | മഴ ദിനങ്ങൾ | വർഷം | മഴ ദിനങ്ങൾ |
|---|---|---|---|---|---|---|---|
| 1980 | 109 | 1990 | 114 | 1999 | 115 | 2008 | 120 |
| 1981 | 124 | 1991 | 108 | 2000 | 118 | 2009 | 116 |
| 1982 | 104 | 1992 | 123 | 2001 | 116 | 2010 | 135 |
| 1983 | 97 | 1993 | 119 | 2002 | 117 | 2011 | 116 |
| 1984 | 104 | 1994 | 121 | 2003 | 110 | 2012 | 90 |
| 1985 | 112 | 1995 | 123 | 2004 | 114 | 2013 | 122 |
| 1986 | 99 | 1996 | 117 | 2005 | 108 | 2014 | 120 |
| 1987 | 121 | 1997 | 123 | 2006 | 127 | 2015 | 124 |
| 1988 | 120 | 1998 | 129 | 2007 | 125 | 2016 | 93 |
| 1989 | 124 | | | | | | |

*(അവലംബം: സി.പി.സി.ആർ.ഐ. കായംകുളം)*

## ഭൂഗർഭ ജല വിഭവങ്ങൾ 2006

സംസ്ഥാനത്തെ വിവിധ ആവശ്യങ്ങൾക്കായുള്ള ജലവിതരണത്തിന്റെ പ്രധാന സ്രോതസ്സുകളിൽ ഉപരിതല ജലം പോലെതന്നെ പ്രധാനമാണ് ഭൂഗർഭജലവും. ഓരോ പ്രദേശത്തിന്റെയും ഭൂഗർഭജലത്തിന്റെ വാർഷിക അളവ് കണക്കാക്കുന്നത് കാലവർഷ സമയത്തും വേനൽക്കാലത്തും ലഭ്യമാകുന്ന ഭൂഗർഭജലത്തിന്റെ അളവിനെ അടിസ്ഥാനപ്പെടുത്തിയാണ്. ആലപ്പുഴ ജില്ലയിലെ ഭൂഗർഭ ജലത്തിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

**ആലപ്പുഴയിലെ ഭൂഗർഭജലത്തിന്റെ അടിസ്ഥാന വിവരങ്ങൾ – 2011 – (ഹെ. മീ.)**

| | |
|---|---|
| ഭൂഗർഭ ജലത്തിന്റെ ആകെ വാർഷിക റീചാർജ്ജ് | 48645.9 |
| മൺസൂൺ ഇല്ലാത്ത സീസണിൽ ഭൂഗർഭ ജലത്തിന്റെ സ്വാഭാവിക റീചാർജ്ജ് | 335578 |
| യഥാർത്ഥ വാർഷിക ഭൂഗർഭ ജല ലഭ്യത | 45290.11 |
| ജലസേചനത്തിനുവേണ്ടി നിലവിലുള്ള മൊത്ത ഭൂഗർഭജലത്തിന്റെ ഡ്രാഫ്റ്റ് | 2991.88 |
| ഗാർഹിക, വ്യാവസായിക അവശ്യത്തിനുവേണ്ടി നിലവിലുള്ള മൊത്തം ഭൂഗർഭ ജലം | 10040.47 |
| എല്ലാ ആവശ്യത്തിനുംവേണ്ടി നിലവിലുള്ള മൊത്തം ഭൂഗർഭ ജലം | 13032.34 |
| ഗാർഹിക, വ്യാവസായിക അവശ്യത്തിനുവേണ്ടി 2025 വരെയുള്ള ഭൂഗർഭ ജലത്തിന്റെ വിഹിതം | 10371.6 |
| ഭാവി ജലസേചനത്തിന് ആവശ്യമായ യഥാർത്ഥ ഭൂഗർഭ ജലം | 31926.64 |
| നിലവിലുള്ള ഭൂഗർഭജല വികസനത്തിന്റെ സ്ഥിതി | 28.78 |

*(അവലംബം: സാമ്പത്തിക അവലോകനം മാർച്ച് 2017)*

## കുടിവെള്ളം

മഴയും മറ്റ് ജലസ്രോതസ്സുകളുംകൊണ്ട് സമ്പന്നമാണെങ്കിലും നമ്മുടെ ജില്ല അതി ഗുരുതരമായ ശുദ്ധജലദൌർലഭ്യം നേരിടുന്നുണ്ട്. ജില്ലയിലെ പല ഭാഗങ്ങളിലും കുഴൽ കിണറുകളിൽനിന്നുമുള്ള ജലമാണ് ഉപയോഗിക്കുന്നത്. ഇതിൽ ഫ്ലൂറൈഡ്, ക്ലോറൈഡ് തുടങ്ങിയ ലവണങ്ങൾ അനുവദനീയമായ അളവിനെക്കാൾ വളരെയധികമാണെന്ന് കണ്ടെത്തിയിട്ടുണ്ട്.

കുടിവെള്ള സ്രോതസ്സിലേക്കുള്ള ദൂരത്തിന്റെ അടിസ്ഥാനത്തിലുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു

| ദൂരം | ഗ്രാമം | നഗരം | ആകെ |
|---|---|---|---|
| പരിസരത്തുനിന്നും | 172093 | 212146 | 384239 |
| പരിസരത്തിന് സമീപത്തുനിന്നും | 44000 | 40378 | 84378 |
| പരിസരത്തിൽ നിന്നും ദൂരെ | 29756 | 29902 | 59658 |

*(അവലംബം: സാമ്പത്തിക അവലോകനം മാർച്ച് 2017)*

**ആലപ്പുഴ ജില്ലയിലെ കുടിവെള്ളത്തിന്റെ ഗുണമേന്മയുടെ രൂപരേഖ**
**(31.03.2016 ലെ കണക്ക് പ്രകാരം)**

| | |
|---|---|
| പരിശോധനാ വിധേയമായ സ്രോതസ്സുകൾ | 6577 |
| ഏക രാസമാലിന്യ സാന്നിദ്ധ്യമുള്ള സ്രോതസ്സുകളുടെ എണ്ണം | |
| ഇരുമ്പ് | 41 |
| ഫ്ലൂറൈഡ് | 0 |
| ലവണം | 0 |
| നൈട്രേറ്റ് | 0 |
| ആർസനിക് | 0 |
| മറ്റുള്ളവ | 2923 |
| ബാക്ടീരിയൽ മാലിന്യങ്ങളുടങ്ങിയവ | |
| ഇ-കോളി | 1743 |
| കോളി ഫോം | 6052 |
| ഒന്നിലധികം മാലിന്യങ്ങളുടങ്ങിയവ (ഇരുമ്പ്/ഫ്ലൂറൈഡ്) | 50 |
| മറ്റ് മാലിന്യങ്ങളുടങ്ങിയവ | 540 |


*(അവലംബം: സാമ്പത്തിക അവലോകനം)*

## കാർഷിക വിഭവങ്ങൾ

കുട്ടനാട് താലൂക്ക് കേന്ദ്രീകരിച്ചിരിച്ചിട്ടുള്ള നെൽകൃഷിയുടെ അടിസ്ഥാനത്തിലാണ് കേരളത്തിന്റെ നെല്ലറ എന്ന പെരുമ ആലപ്പുഴയ്ക്ക് ലഭ്യമായിരിക്കുന്നത്. ജില്ലയിലെ പ്രധാനപ്പെട്ട കാർഷിക വിളകൾ നെല്ലും നാളികേരവുമാണ്. ജില്ലയിലെ അടിസ്ഥാന കാർഷിക വിനിയോഗക്രമം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | വിസ്തൃതി (ഹെക്ടർ) |
|---|---|---|
| 1 | ആകെ ഭൂവിസ്തൃതി | 1,41,400 |
| 2 | കൃഷി ചെയ്യുന്ന വിസ്തൃതി | 1,05,158 |
| 3 | ആകെ വിസ്തൃതി | 85,697 |
| 4 | തത്കാല തരിശ് | 1,344 |
| 5 | കൃഷിക്കനുയോജ്യമല്ലാത്ത വിസ്തൃതി | 12,829 |
| 6 | മറ്റ് വൃക്ഷ വിളകൾ | 175 |
| 7 | ഒന്നിൽക്കൂടുതൽ പ്രാവശ്യം കൃഷി ചെയ്യുന്ന സ്ഥലം | 19,461 |
| 8 | വെള്ളക്കെട്ട് മേഖല | 326 |
| 9 | കാർഷികേതര പ്രവർത്തന മേഖല | 27,755 |
| 10 | കൃഷിക്കുപയുക്തമല്ലാത്ത ഭൂമി | 176 |
| 11 | ചതുപ്പ് പ്രദേശം | 33 |
| 12 | ദീർഘകാല തരിശ് ഭൂമി | 4,064 |
| 13 | നിശ്ചല ജല പ്രദേശം | 12,144 |
| 14 | സാമൂഹ്യ വന പ്രദേശം | 33 |

*(അവലംബം: ഇക്കണോമിക്സ് സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ട്മെന്റ് അഗ്രി സ്റ്റാറ്റ്, ആലപ്പുഴ)*




## കാറ്റ്

ആലപ്പുഴ ജില്ലയിൽ രാവിലെ കിഴക്കുനിന്നും വടക്ക് കിഴക്കുനിന്നും വൈകുന്നേരങ്ങളിൽ പടിഞ്ഞാറുനിന്നും വടക്കുപടിഞ്ഞാറുനിന്നും കാറ്റ് വീശുന്നു. കാറ്റിന്റെ വേഗത കായംകുളം ഭാഗത്ത് കുറവായി കാണപ്പെടുന്നു. മെയ് മാസത്തിലാണ് വേഗത കൂടുതലായി അനുഭവപ്പെടുന്നത് (13.6 കി.മി./മണിക്കൂർ) കാറ്റിന്റെ വേഗം (24 മണിക്കൂർ/കി.മീറ്റർ)

| വർഷം | ജനുവരി | ഫെബ്രുവരി | മാർച്ച് | ഏപ്രിൽ | മെയ് | ജൂൺ | ജൂലൈ | ആഗസ്റ്റ് | സെപ്റ്റംബർ | ഒക്ടോബർ | നവംബർ | ഡിസംബർ |
|---|---|---|---|---|---|---|---|---|---|---|---|---|
| 2012 | 55.5 | 59.9 | 71.1 | 80.8 | 74.2 | 71.7 | 71.1 | 63.3 | 58.0 | 70.3 | 60.4 | 55.3 |
| 2013 | 59.0 | 60.5 | 63.3 | 77.1 | 76.1 | 67.1 | 72.1 | 92.0 | 89.9 | 65.8 | 60.8 | 50.7 |
| 2014 | 57.2 | 67.6 | 79.9 | 87.6 | 82.4 | 77.5 | 66.0 | 68.7 | 73.7 | 65.0 | 52.8 | 52.7 |
| 2015 | 58.6 | 63.9 | 70.6 | 76.7 | 78.0 | 97.6 | 68.3 | 75.7 | 72.20 | 67.8 | 68.7 | 56.4 |
| 2016 | 56.7 | 64.2 | 71.6 | 75.9 | 104.5 | 78.5 | 74.5 | 83.6 | 96.2 | 85.2 | 56.68 | 69.07 |

*(അവലംബം: മങ്കൊമ്പ് നെല്ല് ഗവേഷണ കേന്ദ്രം)*

5 വർഷ കാലത്തിനിടയിൽ ഏറ്റവും കൂടിയ വേഗം മണിക്കൂറിൽ 4.35 കി.മീറ്റർ രേഖപ്പെടുത്തിയത് 2016 മെയ് മാസത്തിൽ ഏറ്റവും കുറവ് 2.11 കി.മി 2013 ഡിസംബറിലുമാണ്.

## താപനില

ജില്ലയിൽ മാർച്ച്, ഏപ്രിൽ മാസങ്ങളിലാണ് ചൂട് അധികമായി അനുഭവപ്പെടുന്നത്. ഡിസംബർ ജനുവരി മാസങ്ങളിൽ കുറഞ്ഞ താപനിലയും. മാസശരാശരി കൂടിയ താപനില 36.6°c രേഖപ്പെടുത്തിയത് 1992 ജൂൺ, 1983 സെപ്റ്റംബർ മാസങ്ങളിലാണ്. മാസ ശരാശരി കുറഞ്ഞ താപ നില 12.8°c രേഖപ്പെടുത്തിയത് ജനുവരി 2016 ലാണ്. 2016 ലെ മാസ ശരാശരി കൂടിയ താപിനില 36°c (മാർച്ച്) ഉം കുറഞ്ഞ താപനില 21.1°c (ജനുവരി) ആണ്. 2016, 2017 വർഷങ്ങളിലെ ആലപ്പുഴ ജില്ലയിലെ കൂടിയ താപനില, കുറഞ്ഞ താപനില എന്നിവ സി.പി.സി.ആർ.ഐ. കായംകുളത്തിൽ നിന്നും ലഭിച്ചത് ചുവടെ ചേർക്കുന്നു.

**2016 വർഷം**

| മാസം | കൂടിയ താപനില (°C) | കുറഞ്ഞ താപനില (°C) |
|---|---|---|
| ജനുവരി | 33.7 | 21.1 |
| ഫെബ്രുവരി | 36 | 23.2 |
| മാർച്ച് | 35.6 | 25 |
| ഏപ്രിൽ | 34.8 | 26.2 |
| മെയ് | 32.2 | 24 |
| ജൂൺ | 30 | 22.8 |
| ജൂലൈ | 30.3 | 24.3 |
| ആഗസ്റ്റ് | 30.1 | 23.5 |
| സെപ്റ്റംബർ | 30.1 | 23 |
| ഒക്ടോബർ | 31 | 23.9 |
| നവംബർ | 31.8 | 24.1 |
| ഡിസംബർ | 32.2 | 23.3 |

*(അവലംബം: സി.പി.സി.ആർ.ഐ കായംകുളം)*

**2017 വർഷം**

| മാസം | കൂടിയ താപനില (°C) | കുറഞ്ഞ താപനില (°C) |
|---|---|---|
| ജനുവരി | 33 | 22.2 |
| ഫെബ്രുവരി | 33.4 | 21.8 |
| മാർച്ച് | 32.8 | 24.3 |
| ഏപ്രിൽ | 33.1 | 25.4 |
| മെയ് | 32 | 25.3 |
| ജൂൺ | 30.5 | 24.1 |
| ജൂലൈ | 30.6 | 24.3 |
| ആഗസ്റ്റ് | 30.3 | 24 |
| സെപ്റ്റംബർ | 30.3 | 24 |
| ഒക്ടോബർ | 3.1 | 23.7 |

*(അവലംബം: സി.പി.സി.ആർ.ഐ കായംകുളം)*

## ആർദ്രത

ജൂൺ മുതൽ സെപ്റ്റംബർ വരെയുള്ള മൺസൂൺ മാസങ്ങളിലാണ് ആലപ്പുഴ ജില്ലയിൽ ആർദ്രത കൂടുതലായി അനുഭവപ്പെടുന്നത്. പുലർകാലത്താണ് ആർദ്രത ഏറ്റവും കൂടുതലായി അനുഭവപ്പെടുന്നത്. വേനൽകാലത്ത് മണിക്കൂറിൽ നാലു മുതൽ ഏഴ് മീറ്റർ വരേയും മഴക്കാലത്ത് മണിക്കൂറിൽ രണ്ടു മുതൽ മൂന്ന് മീറ്റർ വരേയും ബാഷ്പീകരണം നടക്കുന്നുണ്ട്. ശരാശരി കൂടിയ ബാഷ്പീകരണം രേഖപ്പെടുത്തിയത് 5.6 mm ഏപ്രിൽ 1983, ഫെബ്രുവരി 2004 ലും, കുറഞ്ഞത് 1.8 mm ജൂൺ 1989 തിലുമാണ്. 2016, 2017 വർഷങ്ങളിലെ ആലപ്പുഴ ജില്ലയിലെ ബാഷ്പീകരണം സി.പി.സി.ആർ.ഐ. കായംകുളത്തിൽ നിന്നും ലഭിച്ചത് ചുവടെ ചേർക്കുന്നു.

2016 വർഷം

| മാസം | ബാഷ്പീകരണം (mm) |
|---|---|
| ജനുവരി | 3.9 |
| ഫെബ്രുവരി | 4 |
| മാർച്ച് | 3.9 |
| ഏപ്രിൽ | 3.9 |
| മെയ് | 3.6 |
| ജൂൺ | 3.3 |
| ജൂലൈ | 3.5 |
| ആഗസ്റ്റ് | 3.5 |
| സെപ്റ്റംബർ | 3.5 |
| ഒക്ടോബർ | 3.6 |

*(അവലംബം: സി.പി.സി.ആർ.ഐ. കായംകുളം)*

2017 വർഷം

| മാസം | ബാഷ്പീകരണം (mm) |
|---|---|
| ജനുവരി | 4.1 |
| ഫെബ്രുവരി | 3.1 |
| മാർച്ച് | 3.4 |
| ഏപ്രിൽ | 4.5 |
| മെയ് | 3.2 |
| ജൂൺ | 3.1 |
| ജൂലൈ | 3.4 |
| ആഗസ്റ്റ് | 3.5 |
| സെപ്റ്റംബർ | 3.5 |
| ഒക്ടോബർ | 3.8 |
| നവംബർ | 3.4 |
| ഡിസംബർ | 3.7 |

## മത്സ്യവിഭവം

ആലപ്പുഴ ജില്ലയിലെ ഉൾനാടൻ ജല സ്രോതസ്സുകളിൽ നിന്നും പ്രധാനമായും ലഭിക്കുന്ന മത്സ്യങ്ങൾ കരിമീൻ, കണമ്പ്, പൂമീൻ, അറിഞ്ഞിൽ (നന്തൻ), ചൂട, പ്രാച്ചി, കൂരി, ഒറത്ത, തിരുത, പള്ളത്തി, കോലാൻ, വരാൽ, വേളൂരി, പൂളാൻ, കരിംകണമ്പ് തുടങ്ങിയവയാണ്. കൂടാതെ ഷെല്ലോടുകൂടിയ കക്ക, ഞണ്ട്, കൊഞ്ച് എന്നിവയും സുലഭമായി ലഭിക്കുന്നു.

കുട്ടനാട്ടിലെ ജലശേഖരം പോഷകാംശങ്ങളുടെ കാര്യത്തിൽ സമൃദ്ധമാണ്. ജല നിരപ്പിൽനിന്നും വേണ്ടത്ര ആഴത്തിൽ സൂര്യപ്രകാശം ലഭിക്കുന്നതു കാരണം ഇവിടുത്തെ കായലുകളിൽ മത്സ്യങ്ങൾ, കൊഞ്ച്, കക്ക തുടങ്ങിയവയുടെ വളർച്ചയ്ക്ക് അനുകൂലമാണ്. വേമ്പനാട്ടുകായലിലെ മുഖ്യ വിഭവങ്ങളിലൊന്നാണ് കക്ക. ആലപ്പുഴ ജില്ലയുടെ ഒരു പ്രധാനം ഉൾനാടൻ വരുമാന മാർഗ്ഗം കൂടിയാണ് കക്കാ വ്യവസായം. ഉൾനാടൻ മത്സ്യോത്പാദനത്തിൽ ആലപ്പുഴ ജില്ല സംസ്ഥാന തലത്തിൽ ഒന്നാം സ്ഥാനത്താണ്.

നാല് താലൂക്കുകളിലായി 30 മത്സ്യ ഗ്രാമങ്ങളും 20,278 മത്സ്യത്തൊഴിലാളി കുടുംബങ്ങളും ഉള്ള ആലപ്പുഴ ജില്ല മത്സ്യത്തൊഴിലാളികളുടെ എണ്ണത്തിൽ സംസ്ഥാനത്ത് രണ്ടാം സ്ഥാനത്ത് നിൽക്കുന്നു.

**ആലപ്പുഴ ജില്ലയിലെ മത്സ്യത്തൊഴിലാളികളുടെ എണ്ണം - 2015-2016**

| സമുദ്ര മത്സ്യ മേഖല | | | | ഉൾനാടൻ മത്സ്യമേഖല | | | | ആകെ |
|---|---|---|---|---|---|---|---|---|
| ആണ് | പെൺ | കുട്ടികൾ | ആകെ | ആണ് | പെൺ | കുട്ടികൾ | ആകെ | |
| 52139 | 47620 | 28738 | 128497 | 25014 | 23954 | 12962 | 61929 | 190426 |

*(അവലംബം: ഫിഷറീസ് ഡയറക്ടറേറ്റ്)*

## പരമ്പരാഗത ഫിഷ് ലാൻഡിംഗ് സെന്ററുകൾ

| ബ്ലോക്ക് | പഞ്ചായത്ത് | ക്രമ നമ്പർ | ജെട്ടികളുടെ പേരുകൾ | ഇനങ്ങൾ | ഗുണഭോക്താക്കൾ | തൊഴിലാളികൾ | ഉടമസ്ഥത |
|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 |
| തൈക്കാട്ടുശ്ശേരി | അരൂക്കുറ്റി | 1 | അരൂക്കുറ്റി ജെട്ടി | ബാക്ക് വാട്ടർ | | | |
| പട്ടണക്കാട് | ചെന്നാം പള്ളിപ്പുറം | 2 | തവണക്കടവ് | " | | | |
| | | 3 | പള്ളിപ്പുറം | " | | | |
| | പാണാവള്ളി | 4 | അഞ്ചുതുരുത്ത് | " | | | |
| | | 5 | പൂച്ചാക്കൽ | " | | | |
| | പെരുംമ്പളം | 6 | പെരുംമ്പളം ജെട്ടി | " | | | |
| | തൈക്കാട്ടുശ്ശേരി | 7 | മാക്കി കടവ് | " | | | |
| | കടക്കരപ്പള്ളി | 8 | തൈക്കൽ ബീച്ച് | മൈറൈൻ | 1000 | 500 | |
| | വയലാർ | 9 | വയലാർ കടവ് | ബാക്ക് വാട്ടർ | | | |
| | പട്ടണക്കാട് | 10 | അന്തകാരനാഴി | നാച്ചുറൽ മൈറൈൻ | 800 | | |
| | കുത്തിയതോട് | 11 | ചാപ്പാ കടപ്പുറം | നാച്ചുറൽ മൈറൈൻ | | | |
| | എഴുപുന്ന | 12 | നീയർ അമൽഗ്രം | ബാക്ക് വാട്ടർ | | | |
| കഞ്ഞിക്കുഴി | മാരാരിക്കുളം നോർത്ത് | 13 | കാറ്റാടി (ചെത്തി) | മൈറൈൻ | 500 | 1000 | |
| | മുഹമ്മ | 14 | കായിപ്പുറം | ബാക്ക് വാട്ടർ | | | |
| | ചേർത്തല സൌത്ത് | 15 | കോമളപുരം | ബാക്ക് വാട്ടർ | | | |
| ആര്യാട് | മാരാരിക്കുളം സൌത്ത് | 16 | കോളേജ് ജം. | നാച്ചുറൽ മൈറൈൻ | | 20 | |
| | | 17 | ശാസ്ത്രി മുക്ക് | മാൻമേയ്ഡ് | | 15 | |
| | | 18 | ചെട്ടികാട് | നാച്ചുറൽ മൈറൈൻ | | 10 | |
| അമ്പലപ്പുഴ | പുറക്കാട് | 19 | പുറക്കാട് ബീച്ച് | മൈറൈൻ | 8000 | | |
| | | 20 | പൂന്തല ബീച്ച് | മൈറൈൻ | 8000 | | |
| | അമ്പലപ്പുഴ | 21 | വളഞ്ഞവഴി | മൈറൈൻ | 20000 | 600 | ഫിഷറീസ് ഡിപ്പാർട്ട്മെന്റ് |
| | | 22 | നീർക്കുന്നം | മൈറൈൻ | 10000 | | |
| | | 23 | അമ്പലപ്പുഴ ലാന്റിങ്ങ് സെന്റർ | മൈറൈൻ | 18000 | | |

| | | | | | | | |
|---|---|---|---|---|---|---|---|
| | | 24 | പള്ളിമുക്ക് | മൈനർ | 5000 | | |
| | | 25 | മാധവൻ മുക്ക് | മൈനർ | 7000 | | |
| | പുന്നപ്ര | 26 | പുന്നപ്ര | ട്രഡീഷണൽ | 22000 | | |
| | | 27 | പറവൂർ | ട്രേഡീഷണൽ | 30000 | | |
| | | 28 | വാടയ്ക്കൽ | " | 20000 | | |
| ചമ്പക്കുളം | തലവടി | 29 | നീരേറ്റുപുറം | " | | | |
| | എടത്വ | 30 | എടത്വ | " | | | |
| | നെടുമുടി | 31 | നെടുമുടി | " | | | |
| | കൈനകരി | 32 | കൈനകരി | " | | | |
| | ചമ്പക്കുളം | 33 | ചമ്പക്കുളം | " | | | |
| വെളിയനാട് | വെളിയനാട് | 34 | കിടങ്ങറ | " | | | |
| | നീലംപേരൂർ | 35 | കൈനടി | " | | | |
| | കാവാലം | 36 | കോ-സൊസൈറ്റി | " | 25 | | കോ-സൊസൈറ്റി |
| | പുളിങ്കുന്ന് | 37 | പുളിങ്കുന്ന് | " | | | |
| | രാമങ്കരി | 38 | രാമങ്കരി | " | | | |
| ചെങ്ങന്നൂർ | ബുധനൂർ | 39 | ബുധനൂർ 4,7,9 വാർഡ് | " | | | |
| | മാന്നാർ | 40 | കുരുത്ത് കടവ് | " | | | |
| ഹരിപ്പാട് | തൃക്കുന്നപ്പുഴ | 41 | തൃക്കുന്നപ്പുഴ | " | | | |
| | തെക്കേക്കര | 42 | വലിയ പെരുംമ്പുഴ | " | | | |
| | ചെന്നിത്തല | 43 | പ്രായിക്കര | " | | | |
| ഭരണിക്കാവ് | നൂറനാട് | 44 | നൂറനാട് | " | | | |
| മുതുകുളം | ആറാട്ടുപുഴ | 45 | പെരുംപള്ളി | നാച്ചുറൽ മൈനർ | | | |
| | | 46 | ആറാട്ടുപുഴ | നാച്ചുറൽ മൈനർ | | | |
| ആലപ്പുഴ മുൻസിപ്പാലിറ്റി | ആലപ്പുഴ | 47 | വാടക്കൽ ഫിഷ് ലാന്റിങ്ങ് സെന്റർ | മൈനർ | | | |
| | | 48 | ഇ.എസ്.ഐ.ബീച്ച് ഫിഷ് ലാന്റിങ്ങ് സെന്റർ | മൈനർ | | | |
| | | 49 | കാഞ്ഞിരംചിറ ഫിഷ് ലാന്റിങ്ങ് സെന്റർ | മൈനർ | | | |
| | | 50 | തുംബോളി ഫിഷ് ലാന്റിങ്ങ് സെന്റർ | മൈനർ | | | |

*(അവലംബം: പാൻ ഫിഷ് ബുക്ക് 2011 ആലപ്പുഴ)*

## പുതുക്കിയ ഫിഷ് ലാന്റിംഗ് സെന്ററുകൾ

| ബ്ലോക്കുകളുടെ പേരുകൾ | പഞ്ചായത്തുകളുടെ പേരുകൾ | ക്രമ നമ്പർ | പേര്/സ്ഥലം | ഇനങ്ങൾ | നമ്പർ | തൊഴിലാളികളുടെ എണ്ണം | ഉടമസ്ഥത |
|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 |
| തൈക്കാട്ടുശ്ശേരി | അരൂക്കുറ്റി | 1 | അരൂക്കുറ്റി ജെട്ടി | രാവിലെ & വൈകിട്ട് | 50 | 50 | പഞ്ചായത്ത് |
| കഞ്ഞിക്കുഴി | തണ്ണീർമുക്കം | 2 | തണ്ണീർമുക്കം കടവ് | മനുഷ്യനിർമ്മിതം | 100 | 50 | പഞ്ചായത്ത് |
| | മുഹമ്മ | 3 | ഇല്ല | ദിവസവും | 300 | | പഞ്ചായത്ത് |
| | ചേർത്തല സൌത്ത് | 4 | അർത്തുങ്കൽ | വ്യതിയാനം | | | പഞ്ചായത്ത് |
| അമ്പലപ്പുഴ | പുറക്കാട് | 5 | തോട്ടപ്പള്ളി | മറൈൻ | 5000 | | ഫിഷറീസ് ഡിപ്പാർട്ട്മെന്റ് |
| | അമ്പലപ്പുഴ | 6 | വളഞ്ഞവഴി | മറൈൻ | 20000 | 600 | ഫിഷറീസ് ഡിപ്പാർട്ട്മെന്റ് |
| | പുന്നപ്ര | 7 | ചള്ളിയിൽ കടപ്പുറം | വ്യതിയാനം | 7000 | | ഫിഷറീസ് ഡിപ്പാർട്ട്മെന്റ് |
| വെളിയനാട് | നീലംപേരൂർ | 8 | മത്സ്യതൊഴിലാളി കോ-സൊസൈറ്റി കരിനാട്ടുവല | വ്യതിയാനം | 150 | | കോ-സൊസൈറ്റി |

*(അവലംബം:പാൻ ഫിഷ് ബുക്ക് 2011 ആലപ്പുഴ)*

## മത്സ്യ ഉറമുഖം

| ബ്ലോക്കുകളുടെ പേരുകൾ | പഞ്ചായത്തുകളുടെ പേരുകൾ | ക്രമ നമ്പർ | പേര്/സ്ഥലം | ഇനങ്ങൾ | നമ്പർ | തൊഴിലാളികളുടെ എണ്ണം | ഉടമസ്ഥത/ |
|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 |
| അമ്പലപ്പുഴ | പുറക്കാട് | | തോട്ടപ്പള്ളി | | | | |

*(അവലംബം: പാൻ ഫിഷ് ബുക്ക് 2011 ആലപ്പുഴ)*

## മത്സ്യ ശേഖരണ കേന്ദ്രങ്ങൾ

| ബ്ലോക്കുകളുടെ പേരുകൾ | പഞ്ചായത്തുകളുടെ പേരുകൾ | ക്രമ നമ്പർ | പേര്/സ്ഥലം | ഇനങ്ങൾ | നമ്പർ | തൊഴിലാളികളുടെ എണ്ണം | ഉടമസ്ഥത/ |
|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 |
| കഞ്ഞിക്കുഴി | മാരാരിക്കുളം നോർത്ത് | 1 | സബാസ്റ്റ്യൻ പുരയ്ക്കൽ | മറൈൻ | 1000 | 10 | |

| | | | | | | | |
|---|---|---|---|---|---|---|---|
| അമ്പലപ്പുഴ | പുറക്കാട് | 2 | തോട്ടപ്പള്ളി | ഇൻലാന്റ് | 500 | 400 | പഞ്ചായത്ത് |
| | | 3 | തൈച്ചിറ, പുറക്കാട് | ഇൻലാന്റ് | 200 | 200 | പഞ്ചായത്ത് |
| | അമ്പലപ്പുഴ | 4 | വളഞ്ഞവഴി ജംഗ്ഷൻ | മറൈൻ | | | |
| | പുന്നപ്ര | 5 | പത്തിൽ കടവ് | ഇൻലാന്റ് | | 40 | |
| | | 6 | ചളളി കടപ്പുറം | മറൈൻ | | | |
| ആലപ്പുഴ മുൻസിപ്പാലിറ്റി | | 7 | നാസർ, ആറാട്ടുവഴി | മറൈൻ | 50 | 2 | |

*(അവലംബം:പാൻ ഫിഷ് ബുക്ക് 2011 ആലപ്പുഴ)*

## മത്സ്യ ലേല കേന്ദ്രങ്ങൾ

| ബ്ലോക്കുകളുടെ പേരുകൾ | പഞ്ചായത്തുകളുടെ പേരുകൾ | ക്രമ നമ്പർ | പേര്/സ്ഥലം | ഇനങ്ങൾ | നമ്പർ | തൊഴിലാളികളുടെ എണ്ണം | ഉടമസ്ഥത/ |
|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 |
| പട്ടണക്കാട് | കടക്കരപ്പള്ളി | 1 | കടക്കരപ്പള്ളി | | | | |
| കഞ്ഞിക്കുഴി | മാരാരിക്കുളം.നോ | 2 | കാറ്റാടി | | | | |
| അമ്പലപ്പുഴ | പുറക്കാട് | 3 | തോട്ടപ്പള്ളി | മറൈൻ | | | |
| | അമ്പലപ്പുഴ.നോ | 4 | വഴഞ്ഞവഴി | മറൈൻ | 20000 | 60 | ഫിഷറീസ് ഡിപ്പാർട്ട്മെന്റ് |
| | പുന്നപ്ര.സൌത്ത് | 5 | ചെള്ളിയിൽ കടപ്പുറം | മറൈൻ | | | |
| വെളിയനാട് | നീലംപേരൂർ | 6 | കരുനാട്ടുവല | | 150 | 50 | കോ.സൊസൈറ്റി |
| | കാവാലം | 7 | കാവാലം ലിസിയോ | | 25 | | കോ.സൊസൈറ്റി |

*(അവലംബം:പാൻ ഫിഷ് ബുക്ക് 2011 ആലപ്പുഴ)*

## മത്സ്യ ബ്രൂഡുകൾ

| ബ്ലോക്കുകളുടെ പേരുകൾ | പഞ്ചായത്തുകളുടെ പേരുകൾ | ക്രമ നമ്പർ | പേര്/സ്ഥലം | ഇനങ്ങൾ | നമ്പർ | തൊഴിലാളികളുടെ എണ്ണം | ഉടമസ്ഥത/ |
|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 |
| തൈക്കാട്ടുശ്ശേരി | അരൂക്കുറ്റി | 1 | കെ.എ.മാത്യു ആന്റണി, നവാസ് മൻസിൽ,അരൂക്കുറ്റി | 250 250 Kg capacity | | | Private |
| | | 2 | അബ്ദുൾ നിസാർ, നൌഫൽ മൻസിൽ, ചന്ദിരൂർ | Crab & fishes, Live crab export | 10 | | " |
| | | 3 | മണി മടത്തിൽ, അരൂക്കുറ്റി | Crab | 10 | | " |
| | | 4 | മൂസാക്കുട്ടി, ജിയാസ് മഹൽ, അരൂക്കുറ്റി | Crab | 10 | | " |
| | | 5 | സെൽ മുഹമ്മദ് കൊക്കൻതറ, അരൂക്കുറ്റി | Crab | 10 | | " |
| | | 6 | വാസു.പി.വി., ബൈജൂ നിവാസ്, അരൂക്കുറ്റി | Crab & fish (live) | 10 | | " |
| | പാനാവള്ളി | 7 | ശശി, നികർത്തിൽ | Insulated fish boxes & Accessories | | | " |
| | | 8 | വിജയൻ, പിത്തൻ നികർത്ത് | " | | | " |
| | | 9 | മാധവൻ, വാഴക്കാട് | " | | | " |
| | തൈക്കാട്ടുശ്ശേരി | 10 | തേവർവട്ടം, ഇൻലാന്റ് ഫിഷർമാൻ സൊസൈറ്റി | " | | | Co-op. Society |
| | | 11 | വനിത കോ-ഓപ്പറേറ്റീവ് സൊസൈറ്റി | " | | | Private |
| കഞ്ഞിക്കുഴി | തണ്ണീർമുക്കം | 12 | കുഞ്ഞുമോൻ, ചക്കനാട്ട് | " | | | " |
| | | 13 | രാജമ്മ, ചക്കനാട്ട് | " | | | " |
| | | 14 | മനോഹരൻ, പുത്തമണേൽ | " | | | " |
| | | 15 | കാർത്തികേയൻ, താഴയിൽ | " | | | " |
| | | 16 | ബാബു, ചക്കനാട്ട് | " | | | " |
| | | 17 | മോഹൻ, ചക്കനാട്ട് | " | | | " |
| | | 18 | സുഗുണൻ, കൈതവളപ്പിൽ | " | | | " |
| | | 19 | തങ്കമ്മ വാസുദേവൻ | " | | | " |
| | | 20 | ശ്രീധർ എൻ, താഴയിൽ | " | | | " |

| | | | | | | | |
|---|---|---|---|---|---|---|---|
| | മുഹമ്മ | 21 | ഒ.എം.പുരുഷൻ, ജനശക്തി | “ | | | “ |
| | | 22 | സജിനി, മുഹമ്മ മാർക്കറ്റ് | “ | | | “ |
| | | 23 | വിശ്വംഭരൻ, വടക്കേത്തറ | “ | | | “ |
| | | 24 | കുസുമൻ, വലിയവീട് | “ | | | “ |
| | | 25 | രവീന്ദ്രൻ,കൊച്ചുചിറ | “ | | | “ |
| | | 26 | കുമാരൻ, പട്ടാറച്ചിറ | “ | | | “ |
| | | 27 | ചന്ദ്രൻ, ദൈവത്തുങ്കൽ | “ | | | “ |
| | | 28 | കുഞ്ഞുമോൻ, പട്ടാറച്ചിറ | “ | | | “ |
| | മണ്ണഞ്ചേരി | 29 | ഫിഷ് ബൂത്ത്, മണ്ണഞ്ചേരി മാർക്കറ്റ് | “ | | | “ |
| വെളിയനാട് | വെളിയനാട് | 30 | ഫിഷ് ബൂത്ത്, വെളിയനാട് മാർക്കറ്റ് | “ | | | “ |
| | രാമങ്കരി | 31 | ഫിഷ് ബൂത്ത്, രാമങ്കരി മാർക്കറ്റ് | “ | | | “ |
| ഹരിപ്പാട് | കരുവാറ്റ | 32 | ഫിഷ് ബൂത്ത്, റ്റി.ബി.ജംഗ്ഷന് അടുത്ത് | “ | | | “ |

## ധാതുവിഭവം

സാമ്പത്തിക പ്രധാന്യമുള്ള ധാതുക്കൾ സിലിക്കാ മണലും കക്കയുമാണ്. കടൽതീരത്തെ മണലിൽ ഗണ്യമായ അളവിൽ മോണോസൈറ്റ്, ഇൽമനൈറ്റ് എന്നിവയും അടങ്ങിയിരിക്കുന്നു. ആലപ്പുഴയ്ക്കും ചേർത്തലയ്ക്കുമിടയിൽ കാണപ്പെടുന്ന പഞ്ചാരമണൽ ഗ്ലാസ്സ് നിർമ്മാണത്തിനായി ഉപയോഗിക്കുന്നു. ബോക്സൈറ്റ്, ലിഗ്നൈറ്റ് തുടങ്ങിയവ ചെറിയ തോതിൽ ജില്ലയുടെ വിവിധ ഭാഗങ്ങളിൽ കാണപ്പെടുന്നു.

## ജൈവ വൈവിധ്യം

ആലപ്പുഴ തീരങ്ങളെ സംമ്പുഷ്ടമാക്കുന്നതിൽ പ്രധാന ഘടകങ്ങളാണ് നീർത്തടങ്ങളും കണ്ടൽക്കാടുകളും. ആലപ്പുഴയിൽ കണ്ടൽക്കാടുകൾ ഏറ്റവും കൂടുതൽ കാണപ്പെടുന്നത് കായംകുളം ഭാഗത്താണ്. തുക്കുന്നപ്പുഴ, ആറാട്ടുപുഴ, അർത്തുങ്കൽ, പള്ളിത്തോട്, അരൂർ, അരൂക്കുറ്റി, പെരുമ്പളം, തണ്ണീർമുക്കം എന്നീ പ്രദേശങ്ങളിലും ചെറിയ രീതിയിൽ കണ്ടൽ വനങ്ങൾ കാണപ്പെടുന്നു.

ആലപ്പുഴ ജില്ലയിലാകെ 1028 സസ്യങ്ങൾ 18.4% വൃക്ഷങ്ങൾ (199 ഇനം) 19.77% കുറ്റിച്ചെടികൾ (214 ഇനം) 61.83% പുൽച്ചെടികൾ (669 ഇനം) അടങ്ങിയിരിക്കുന്നു.

ഏറ്റവും കൂടുതൽ കാവുകളുള്ള ജില്ലയാണ് ആലപ്പുഴ. ആലപ്പുഴയിൽ 2250 കാവുകൾ ഉണ്ടെന്നാണ് 2017-ൽ ഇൻസ്റ്റിറ്റ്യൂഷൻ ഓഫ് ഫോറസ്ട്രി നടത്തിയ പഠനം. കണ്ടെത്തിയ കാവുകൾ ജൈവവൈവിദ്ധ്യം സംരക്ഷണത്തിനും ഭൂഗർഭ ജലവിതാനം നിലനിർത്താനും ഉപകരിക്കും.

# മനുഷ്യ വിഭവം

മനുഷ്യ വിഭവം മറ്റേതൊരു വിഭവത്തെക്കാളുപരി സാമ്പത്തിക, സാമൂഹിക, സാംസ്കാരിക രംഗത്തെ വികസനത്തിന് അത്യന്താപേക്ഷിതമാണ്. മനുഷ്യവിഭവത്തിന്റെ അഭാവത്തിൽ വികസനം അപ്രസക്തവും അപ്രാപ്യവുമാണ്. ഏതൊരു രാഷ്ട്രത്തിന്റെയും വികസനത്തിന് നിർണ്ണായകമായ സ്വാധീനം ചെലുത്തുന്ന ഒന്നാണ് മനുഷ്യവിഭവം. ഭാരതത്തെപ്പോലെ ജനസംഖ്യ കൂടുതലുള്ള രാജ്യത്തിൽ മനുഷ്യ വിഭവശേഷിയെ ഫലപ്രദമായി ഉപയോഗിക്കുക എന്നതാണ് പ്രധാനം. ഉത്പാദന പ്രക്രിയയിലെ നിർണ്ണായക ഘടകമായ മനുഷ്യ ശേഷിയെ വേണ്ടവിധം ഉപയോഗപ്പെടുത്തുന്നതിന് ഊന്നൽ നൽകിക്കൊണ്ടുള്ള പദ്ധതി ആസൂത്രണമായിരിക്കണം നമ്മുടെ ലക്ഷ്യം. ആരോഗ്യം, വിദ്യാഭ്യാസം, തൊഴിൽ എന്നീ മേഖലകളിലെ വികസനത്തിന്റെ വിവേചനരഹിതമായുള്ള വിന്യാസം മുന്നിൽക്കണ്ടുവേണം മനുഷ്യവിഭവശേഷി ഉപയോഗിച്ചു കൊണ്ടുള്ള സാമ്പത്തിക വികസനം. "മഹാന്മാരായ വ്യക്തികളില്ലാതെ മഹത്തായ കാഴ്ചപ്പാട് അപ്രസക്തമാണ്" എന്ന ശ്രീ. ജിം കോളിൻസിന്റെ വാക്യം ഇവിടെ വളരെ പ്രസക്തമാണ്. 'മനുഷ്യ വിഭവ ശേഷി' എന്നത് വാച്യാർത്ഥത്തിൽ മനുഷ്യനുമായി ബന്ധപ്പെട്ട് നിൽക്കുന്നതിനാൽ നമ്മുടെ ജില്ലയിലുള്ള മുഴുവൻ ജനങ്ങളെയും ഇതിന്റെ പരിധിയിൽ കൊണ്ടുവരേണ്ടതുണ്ട്.

## ജനസംഖ്യ

ആലപ്പുഴ ജില്ല സംസ്ഥാനത്തെ ഏറ്റവും ചെറിയ ജില്ലയാണ്. ജില്ലയുടെ ആകെ ജനസംഖ്യ 2011 സെൻസസ് പ്രകാരം 21,27,789 ആണ്. 2001 ലെ കണക്ക് പ്രകാരം 2,109,160 ആളുകളാണ് ജില്ലയിൽ ഉണ്ടായിരുന്നത്. ദശവർഷ ജനസംഖ്യാ വളർച്ചാനിരക്ക് 0.9 ആണ്.

സംസ്ഥാനത്തിന്റെ ആകെ ജനസംഖ്യ 2011 ൽ 3,34,06,061 ആണ്. 2001-ൽ ഇത് 3,18,41,324 ആയിരുന്നു. ദശവർഷ വളർച്ചാനിരക്ക് 4.9 ആണ്. സംസ്ഥാന തലത്തിലുള്ള ദശവർഷ വളർച്ചാ നിരക്കുമായി താരതമ്യം ചെയ്യുമ്പോൾ ആലപ്പുഴ ജില്ലയിലെ ജനസംഖ്യയുടെ വളർച്ചാനിരക്ക് വളരെ കുറവാണ്. സംസ്ഥാന ശരാശരിയുടെ 18.36% മാത്രമാണ് ആലപ്പുഴ ജില്ലയിലെ വളർച്ചാനിരക്ക്. ഇത് ജില്ലയുടെ മനുഷ്യവിഭവശേഷി കുറയുന്നതിന്റെ സൂചനയാണ്. ഏതൊരു രാജ്യവും വികസനത്തിലേയ്ക്ക് കുതിക്കുമ്പോൾ ജനസംഖ്യാ വളർച്ച നിരക്ക് കുറയാറുണ്ട്. മനുഷ്യ വിഭവശേഷിയുടെ കാര്യത്തിൽ വൻതോതിലുള്ള കുറവ് ഉണ്ടാകാതിരിക്കാൻ വികസനത്തോടൊപ്പം തന്നെ ശ്രദ്ധിക്കേണ്ടതായിട്ടുണ്ട്.

**ജനസംഖ്യയുടെ ദശവർഷ വളർച്ചാ നിരക്ക്**

| | വർഷം | വർദ്ധിച്ച ജനസംഖ്യ | ദശവർഷ വളർച്ചാനിരക്ക് | ദശവർഷ വളർച്ചാ നിരക്കിന്റെ ശതമാനം |
|---|---|---|---|---|
| കേരളം | 2001-2011 | 1564687 | **4.9** | 18.36 |
| ആലപ്പുഴ | 2001-2011 | 18629 | 0.9 | |

*(അവലംബം: ജില്ലാ സെൻസസ്സ് ഹാൻഡ് ബുക്ക്)*

## താലൂക്കുതല ജനസംഖ്യാ വിതരണം

| ജില്ല / താലൂക്ക് | TRU | ജനസംഖ്യ | | | ബാല ജനസംഖ്യ | | | പട്ടികജാതി ജനസംഖ്യ | | | പട്ടികവർഗ്ഗ ജനസംഖ്യ | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | T | M | F | T | M | F | T | M | F | T | M | F |
| ആലപ്പുഴ ജില്ല | T | 2127789 | 1013142 | 1114647 | 192046 | 98444 | 93602 | 201211 | 97183 | 104028 | 6574 | 3175 | 3399 |
| | R | 979643 | 464713 | 514930 | 89414 | 45728 | 43686 | 111931 | 53941 | 57990 | 2961 | 1440 | 1521 |
| | U | 1148146 | 548429 | 599717 | 102632 | 52716 | 49916 | 89280 | 43242 | 46038 | 3613 | 1735 | 1878 |
| ചേർത്തല | T | 542657 | 265583 | 277074 | 48358 | 24915 | 23443 | 46023 | 22377 | 23646 | 2357 | 1127 | 1230 |
| | R | 193645 | 95023 | 98622 | 17466 | 9080 | 8386 | 15304 | 7406 | 7898 | 967 | 453 | 514 |
| | U | 349012 | 170560 | 178452 | 30892 | 15835 | 15057 | 30719 | 14971 | 15748 | 1390 | 674 | 716 |
| ആമ്പലപ്പുഴ | T | 454864 | 220417 | 234447 | 43401 | 22345 | 21056 | 16041 | 7745 | 8296 | 1473 | 724 | 749 |
| | R | 107163 | 51913 | 55250 | 10542 | 5379 | 5163 | 5535 | 2624 | 2911 | 503 | 255 | 248 |
| | U | 347701 | 168504 | 179197 | 32859 | 16966 | 15893 | 10506 | 5121 | 5385 | 970 | 469 | 501 |
| കുട്ടനാട് | T | 193007 | 93013 | 99994 | 18638 | 9501 | 9137 | 17803 | 8683 | 9120 | 383 | 190 | 193 |
| | R | 193007 | 93013 | 99994 | 18638 | 9501 | 9137 | 17803 | 8683 | 9120 | 383 | 190 | 193 |
| | U | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| കാർത്തികപ്പള്ളി | T | 406524 | 189185 | 217339 | 37191 | 18985 | 18206 | 36301 | 17407 | 18894 | 1162 | 571 | 591 |
| | R | 119620 | 55819 | 63801 | 11549 | 5822 | 5727 | 11590 | 5555 | 6035 | 243 | 124 | 119 |
| | U | 286904 | 133366 | 153538 | 25642 | 13163 | 12479 | 24711 | 11852 | 12859 | 919 | 447 | 472 |
| ചെങ്ങന്നൂർ | T | 197419 | 91351 | 106068 | 16032 | 8232 | 7800 | 31712 | 15268 | 16444 | 463 | 214 | 249 |
| | R | 145037 | 66987 | 78050 | 11840 | 6137 | 5703 | 25394 | 12218 | 13176 | 335 | 155 | 180 |
| | U | 52382 | 24364 | 28018 | 4192 | 2095 | 2097 | 6318 | 3050 | 3268 | 128 | 59 | 69 |
| മാവേലിക്കര | T | 333318 | 153593 | 179725 | 28426 | 14466 | 13960 | 53331 | 25703 | 27628 | 736 | 349 | 387 |
| | R | 221171 | 101958 | 119213 | 19379 | 9809 | 9570 | 36305 | 17455 | 18850 | 530 | 263 | 267 |
| | U | 112147 | 51635 | 60512 | 9047 | 4657 | 4390 | 17026 | 8248 | 8778 | 206 | 86 | 120 |

*(അവലംബം : സ്റ്റാറ്റിസ്റ്റിക്സ് ഫോർ പ്ലാനിംഗ് 2014 ഡയറക്ടറേറ്റ് സാമ്പത്തിക സ്ഥിതിവിവര കണക്ക്)*

കേരളത്തിൽ കുട്ടികളിലെ ആൺ-പെൺ അനുപാതം 2011 -ലെ സെൻസസ് പ്രകാരം 964 ആണ്. 2001-ൽ ഇത് 960 ആയിരുന്നു, ആലപ്പുഴയുടേത് 951 ആണ്. ആലപ്പുഴ (-5), ഇടുക്കി, തൃശ്ശൂർ എന്നീ ജില്ലകളിൽ കുട്ടികളിലെ ആൺ-പെൺ അനുപാതത്തിൽ ദശാബ്ദ വളർച്ച പൂജ്യത്തിലും താഴെയാണ്.

## ആൺ പെൺ അനുപാതം

| സംസ്ഥാനം/ജില്ല | ബാല ആൺ പെൺ അനുപാതം | | |
|---|---|---|---|
| | 2001 | 2011 | ദശവർഷംമാറ്റം |
| കേരളം | 960 | 964 | 4 |
| ആലപ്പുഴ | 956 | 951 | -5 |
| ഇടുക്കി | 969 | 964 | -5 |
| തൃശ്ശൂർ | 958 | 950 | -8 |

*(അവലംബം: ജില്ലാ സെൻസസ്സ് ഹാൻഡ് ബുക്ക്)*

സംസ്ഥാന തലത്തിൽ വിവിധ പ്രായ വിഭാഗങ്ങളിലായി ജനസംഖ്യയുടെ വിതരണം പരിശോധിക്കുമ്പോൾ 0-14 പ്രായ വിഭാഗത്തിലുള്ള ജനസംഖ്യ 1961-ൽ 43 ശതമാനമായിരുന്നത് 2011-ൽ 23 ശതമാനമായി കുറഞ്ഞു. എന്നാൽ തൊഴിൽ സേനയുൾപ്പെടുന്ന 15-59 വിഭാഗം വളരെകുറഞ്ഞ നിരക്കിൽ വർദ്ധിച്ചു വരുന്നതായി കാണാം. മെച്ചപ്പെട്ട ആരോഗ്യ സംവിധാനങ്ങളുടെ ലഭ്യതയും, ആയുർദൈർഘ്യം വർദ്ധിക്കുന്നതും കാരണം 60 വയസ്സിനു മുകളിലുള്ള ആശ്രിതവിഭാഗം 1961-ലെ 5 ശതമാനത്തിൽ നിന്നും 2011-ലെ 13 ശതമാനമായി ഉയർന്നിട്ടുണ്ട്.

**വിവിധ പ്രായ വിഭാഗം**

| പ്രായ വിഭാഗം | ജനസംഖ്യ ശതമാനത്തിൽ | |
|---|---|---|
| | 1961 | 2011 |
| 0-14 | 43% | 23% |
| 15-59 | 52% | 64% |
| 60 നും അതിന് മുകളിലും | 5% | 13% |

*(അവലംബം: ജില്ലാ സെൻസസ്സ് ഹാൻഡ് ബുക്ക്)*

തൊഴിൽ സേനയുൾക്കൊള്ളുന്ന (15-59) പ്രായവിഭാഗത്തിലെ വർദ്ധനവ് സാമ്പത്തിക അഭിവൃദ്ധിക്ക് അനുകൂലമാണ്. എന്നാൽ 0-14 പ്രായവിഭാഗത്തിലെ കുറവ് ഉത്കണ്ഠയുളവാക്കുന്നു, അതുപോലെ 60 വയസ്സിനു മുകളിലുള്ളവരുടെ എണ്ണം കൂടുന്നത്, അവർക്ക് സാമൂഹ്യ സുരക്ഷിതത്വ നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## ജനസംഖ്യാ വിതരണം

ആലപ്പുഴ ജില്ലയിലെ 2011 സെൻസസ് പ്രകാരമുള്ള ആകെ ജനസംഖ്യയിൽ (21,27,789) സ്ത്രീകൾ 1,114,647 ഉം പുരുഷന്മാർ 1,013,142 ഉം ആണ്. അതിൽ തന്നെ ഗ്രാമപ്രദേശങ്ങളിൽ 5,14,930 സ്ത്രീകളും 4,64,713 പുരുഷന്മാരും വസിക്കുന്നു, നഗരപ്രദേശങ്ങളിൽ 5,99,717 സ്ത്രീകളും 5,48,429 പുരുഷന്മാരുമാണ് ഉള്ളത്. ആകെ ജനസംഖ്യയിൽ 46.04% ഗ്രാമപ്രദേശങ്ങളിലും 53.96% നഗരപ്രദേശങ്ങളിലും വസിക്കുന്നു.

**ആലപ്പുഴ ജില്ലയിലെ ഗ്രാമ-നഗര ജനസംഖ്യാ വിതരണം**

| സംസ്ഥാനം /ജില്ല | വർഷം | ആകെ ജനസംഖ്യ | നഗര ജനസംഖ്യ | ഗ്രാമ ജനസംഖ്യ | ജനസംഖ്യാ ശതമാനം | |
|---|---|---|---|---|---|---|
| | | | | | നഗരം | ഗ്രാമം |
| കേരളം | 2011 | 3,34,06,061 | 1,59,34,926 | 1,74,71,135 | 47.77 | 52.23 |
| ആലപ്പുഴ | 2011 | 21,27,789 | 11,48,146 | 9,79,643 | 53.96 | 46.04 |

*(അവലംബം: ജില്ലാ സെൻസസ്സ് ഹാൻഡ് ബുക്ക്)*

നഗരപ്രദേശങ്ങളിലെ ജനസംഖ്യ സംസ്ഥാന തലത്തിൽ 47.7% ആയിരിക്കുമ്പോൾ ആലപ്പുഴ ജില്ലയിൽ 53.96% ആണ്. കൂടാതെ ഗ്രാമപ്രദേശങ്ങളിൽ ഇത് യഥാക്രമം 52.23 ഉം 46.04 ഉം ശതമാനമാണ്. ആകെ ജനസംഖ്യയിൽ പട്ടികജാതി വിഭാഗത്തിലായി 2,01,211 ആളുകളാണുള്ളത് അതിൽ 97,183 പുരുഷന്മാരും 1,04,028 സ്ത്രീകളും ഉൾക്കൊള്ളുന്നു.

പട്ടികവർഗ്ഗ വിഭാഗത്തിൽ 3,175 പുരുഷന്മാരും 3,399 സ്ത്രീകളും കൂടി ആകെ 6,574 പേർ ആണുള്ളത്.

## ബാലജനസംഖ്യ

ബാലജനസംഖ്യ 2011 സെൻസസ് പ്രകാരം കേരളത്തിലാകെ 34,72,955 ആണ്. ഏറ്റവും കൂടുതൽ ബാലജനസംഖ്യയുള്ളത് മലപ്പുറത്തും ഏറ്റവും കുറവ് വയനാട് ജില്ലയിലുമാണ്. ജില്ലയിൽ ബാലജനസംഖ്യ 1,92,046 ആണ്. ബാല ജനസംഖ്യയുടെ ദശവർഷമാറ്റം ജില്ലയിൽ -2 ശതമാനമാണ്. ഈ രീതി തുടർന്നാൽ അടുത്ത 15 വർഷം കഴിയുമ്പോൾ മനുഷ്യ വിഭവ ശേഷി ലഭ്യതയിൽ കാര്യമായ കുറവ് അനുഭവപ്പെടുന്നതാണ്.

**ബാലജനസംഖ്യ ദശവർഷ മാറ്റം**

| സംസ്ഥാനം/ജില്ല | വർഷം | ജനസംഖ്യ | വർഷം | ജനസംഖ്യ | ദശവർഷ മാറ്റം ശതമാനം |
|---|---|---|---|---|---|
| കേരളം | 2001 | 3793146 | 2011 | 3472955 | -2 |
| ആലപ്പുഴ | 2001 | 226408 | 2011 | 192046 | -2 |

## സാക്ഷരത

2011 സെൻസസ് പ്രകാരം സംസ്ഥാനതലത്തിൽ സാക്ഷരതാ നിരക്കിൽ നാലാം സ്ഥാനത്തു നിൽക്കുന്ന ആലപ്പുഴ ജില്ലയുടെ സാക്ഷരതാ നിരക്ക് 95.72 ശതമാനമാണ്. ജില്ലയിലാകെ 18,52,797 പേർ സാക്ഷരരായുണ്ട്. ഇതിൽ 8,90,552 (97.36%) പേർ പുരുഷന്മാരും 9,62,245 (94.24%) പേർ സ്ത്രീകളുമാണ്. പട്ടികജാതിക്കാരായ 2,01,211 (9.46%) പേർ സാക്ഷരരായിട്ടുള്ളതിൽ 97,183 (9.59% പുരുഷന്മാരും 1,04,028 (9.33%) സ്ത്രീകളുമാണ്. പട്ടികവർഗ്ഗക്കാരായ 6,574 (0.31%) സാക്ഷരായിട്ടുള്ളവരിൽ 3175 (0.31%) പുരുഷന്മാരും 3,399 (0.30%) സ്ത്രീകളുമുൾപ്പെടുന്നു.

**സാക്ഷരതാ നിരക്ക്**

| സംസ്ഥാനം / ജില്ല | വ്യക്തികൾ | ആൺ | പെൺ | ആകെ |
|---|---|---|---|---|
| കേരളം | 28135824 | 96.11% | 92.07% | 94.00% |
| ആലപ്പുഴ | 1852797 | 97.36% | 94.24% | 95.72% |

## തൊഴിലാളികൾ

2011 സെൻസസ് പ്രകാരം ജില്ലയിൽ ആകെ 8,04,471 തൊഴിലാളികളുള്ളതിൽ 51,96,387 പേർ മെയിൻ തൊഴിലാളികളും 2,08,084 പേർ മാർജിനൽ തൊഴിലാളികളുമാണ്. മെയിൻ തൊഴിലാളികളിൽ 4,34,391 പേർ (42.88%) പുരുഷന്മാരും 1,61,996 (14.53%) പേർ സ്ത്രീകളുമാണ്. ആകെയുള്ള 2,08,084 മാർജിനൽ തൊഴിലാളികളിൽ 1,02,347 (10.10%) പേർ പുരുഷന്മാരും 1,05,737 (9.47%) പേർ സ്ത്രീകളുമാണ്. മെയിൻ മാർജിനൽ വർക്കേഴ്സിൽ 25,237 പേർ കൃഷിക്കാരാണ്. അതിൽ തന്നെ 20,679 പുരുഷന്മാരായ കർഷകരും 4,558 പേർ സ്ത്രീകളുമാണ്.

2011 സെൻസസ് പ്രകാരം 4,76,404 പുരുഷന്മാരും 8,46,914 സ്ത്രീകളുമായി 13,23,318 പേർ തൊഴിലാളികളല്ലാത്തവരായി ജില്ലയിൽ ജീവിക്കുന്നു. സെൻസസ്സിനുശേഷം 6 വർഷങ്ങൾ

പിന്നിട്ടതിനാൽ തൊഴിലാളികളല്ലാത്തവരുടെ എണ്ണം വർദ്ധിച്ചിരിക്കാനിടയുണ്ട്. തൊഴിൽ സേനയുൾക്കൊള്ളുന്ന ആകെ ജനസംഖ്യയുടെ 62.19 ശതമാനം ആളുകൾ തൊഴിലാളികളല്ലാത്തവരായി നിലവിലുണ്ട്. ഇതിൽ തൊഴിൽസേന ഉൾക്കൊള്ളുന്ന വിഭാഗത്തിനായി പ്രത്യേക പദ്ധതികൾ തയ്യാറാക്കേണ്ടതുണ്ട്.

## പൊതുമേഖലയിലെ തൊഴിൽ നില (2015-2016)

സംസ്ഥാനത്ത് പൊതുമേഖലയിൽ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ ആകെ ജനസംഖ്യയിൽ 5,749,57 പേരാണ്. അതിൽ 1,868,65 പേർ സ്ത്രീകളാണ്. ആലപ്പുഴ ജില്ലയിൽ ആകെ 17,060 പേരാണ് പൊതുമേഖലയിൽ ജോലി ചെയ്യുന്നത്. ഇതിൽ 7,084 പേർ സ്ത്രീകളാണ്.

| ജില്ല/സംസ്ഥാനം | പൊതുമേഖലയിലെ തൊഴിൽ നില | |
|---|---|---|
| | ആകെ | സ്ത്രീ |
| കേരളം | 574957 | 186865 |
| ആലപ്പുഴ | 17060 | 7084 |

*(അവലംബം: സാമ്പത്തിക അവലോകനം 2016)*

## തൊഴിൽ പങ്കാളിത്ത നിരക്ക്

സംസ്ഥാനത്തെ ആകെ ജനസംഖ്യയിൽ തൊഴിലാളികളുടെ ശതമാനമാണ് തൊഴിൽ പങ്കാളിത്ത നിരക്ക്. സംസ്ഥാനതലത്തിൽ തൊഴിൽ പങ്കാളിത്ത നിരക്കിൽ നാലാം സ്ഥാനത്താണ് ആലപ്പുഴ ജില്ല. അതുപോലെ സ്ത്രീ തൊഴിൽ പങ്കാളിത്ത നിരക്കിൽ മൂന്നാം സ്ഥാനത്തും. 2011 സെൻസസ് പ്രകാരം 34.78% ആണ് സംസ്ഥാനത്തെ തൊഴിൽ പങ്കാളിത്ത നിരക്ക്. 2001 ലെ സെൻസസ് അപേക്ഷിച്ച് 2.48% വർദ്ധനവ് തൊഴിൽ പങ്കാളിത്ത നിരക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ആലപ്പുഴ ജില്ലയിലെ തൊഴിൽ പങ്കാളിത്ത നിരക്ക് 37.8% അതിൽ 37.9% ഗ്രാമീണ മേഖലയിലും 37.7% നഗര പ്രദേശങ്ങളിലുമാണ്. സംസ്ഥാനത്തെ തൊഴിൽ പങ്കാളിത്ത നിരക്കുമായി താരതമ്യം ചെയ്യുമ്പോൾ തൊഴിൽ പങ്കാളിത്ത നിരക്ക് ആലപ്പുഴ ജില്ലയിൽ കൂടുതലാണ്.

**തൊഴിൽ പങ്കാളിത്ത നിരക്ക് - സംസ്ഥാന - ജില്ലാ താരതമ്യം**

| | തൊഴിലാളികളുടെ എണ്ണം | ശതമാനം |
|---|---|---|
| കേരളം | 1,16,19,063 | 34.8 |
| ആലപ്പുഴ | 8,04,471 | 37.8 |

*(അവലംബം: ജില്ലാ സെൻസസ് ഹാൻഡ് ബുക്ക്)*

## കർഷകർ

സംസ്ഥാന തലത്തിൽ 6,70,253 പേർ കൃഷിക്കാരാണ്. അതിൽ തന്നെ 5,46,906 പേർ പുരുഷന്മാരും 1,23,347 പേർ സ്ത്രീകളുമാണ്. സംസ്ഥാനതലത്തിൽ 5.77% പേർ കർഷകരായിരിക്കുമ്പോൾ ജില്ലാ തലത്തിൽ 3.14% പേർ മാത്രമേ കൃഷിക്കാരായിട്ടുള്ളൂ. സംസ്ഥാനതലത്തിൽ പുരുഷന്മാരായ കർഷകർ 6.47% ആയിരിക്കുമ്പോൾ ജില്ലാ തലത്തിൽ 3.85% മാത്രമേ കർഷകരായിട്ടുള്ളൂ. അതുപോലെ സംസ്ഥാനതലത്തിൽ 3.89% സ്ത്രീകൾ കൃഷിക്കാരായിരിക്കുമ്പോൾ ജില്ലാതലത്തിൽ 1.70% മാത്രമേ ഉള്ളൂ. ഇവിടെ കാർഷിക മേഖലയിൽ കൂടുതൽ കർഷകരെ ആകർഷിക്കുന്ന തരത്തിലുള്ള പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്.

തൊഴിലില്ലാത്ത ധാരാളം ആളുകളെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കുന്ന തരത്തിലുള്ള പദ്ധതികൾ തയ്യാറാക്കേണ്ടതാണ്.

**ജില്ലയിലെ കർഷകരുടെ എണ്ണം**

| | വ്യക്തികൾ | സംസ്ഥാനം | ആലപ്പുഴ |
|---|---|---|---|
| കൃഷിക്കാർ | ആകെ | 6,70,253 | 25,237 |
| | ആൺ | 5,46,906 | 20,629 |
| | പെൺ | 1,23,347 | 4,558 |

*(അവലംബം: ജില്ലാ സെൻസസ്സ് ഹാൻഡ് ബുക്ക്)*

## കർഷക തൊഴിലാളികൾ

ആലപ്പുഴ ജില്ലയിൽ 2011 സെൻസസ് പ്രകാരം കർഷക തൊഴിലാളികളുടെ എണ്ണം 71,706 ആണ്. അതിൽതന്നെ 42,917 പേർ പുരുഷന്മാരും 28,789 പേർ സ്ത്രീകളുമാണ്. ആകെ ജനസംഖ്യയുടെ 8% പുരുഷന്മാരും 10.75% സ്ത്രീകളും കർഷകത്തൊഴിലാളികളാണ്. എന്നാൽ സംസ്ഥാന തലത്തിൽ ആകെ ജനസംഖ്യയുടെ 11.39% പേർ കർഷകതൊഴിലാളികളാണ്. സംസ്ഥാന ശരാശരിയെക്കാൾ കുറവ് കർഷകത്തൊഴിലാളികളുള്ള ജില്ലയിൽ കൂടുതൽ തൊഴിലാളികളെ ഈമേഖലയിലേക്ക് ആകർഷിക്കാനുതകുന്ന പദ്ധതികൾ തയ്യാറാക്കേണ്ടതുണ്ട്.

**സംസ്ഥാന – ജില്ലാ തലങ്ങളിലെ കർഷകതൊഴിലാളുടെ താരതമ്യം**

| വ്യക്തികൾ | സംസ്ഥാനം | ശതമാനം | ആലപ്പുഴ | ശതമാനം |
|---|---|---|---|---|
| ആകെ | 1322850 | 11.39 | 71706 | 8.91 |
| പുരുഷന്മാർ | 857995 | 10.15 | 42917 | 8.00 |
| സ്ത്രീകൾ | 464855 | 14.68 | 28789 | 10.75 |

*(അവലംബം: ജില്ലാ സെൻസസ്സ് ഹാൻഡ് ബുക്ക്)*

## ഗാർഹിക വ്യവസായം

ഗാർഹിക തൊഴിലുകളിലേർപ്പെട്ടിരിക്കുന്ന തൊഴിലാളികളുടെ കാര്യത്തിൽ സംസ്ഥാന തലത്തിൽ ജില്ല രണ്ടാം സാഥാനത്താണ്. സംസ്ഥാനത്താകെ ഗാർഹിക വ്യവസായത്തി ലേർപ്പെട്ടിരിക്കുന്ന തൊഴിലാളികളുടെ ആകെ എണ്ണം 2,73,022 (2.35%)ഉം അതിൽ 1,64,615 (1.95%) പേർ പുരുഷന്മാരും 1,08,407 (3.42%) പേർ സ്ത്രീകളുമാണ്. സംസ്ഥാനത്തെ ആകെ ജനസംഖ്യയുടെ 2.35% ഗാർഹിക തൊഴിലാളികളാണ്.

**ഗാർഹിക വ്യവസായ തൊഴിലാളികൾ**

| ഇനങ്ങൾ | വ്യക്തികൾ | സംസ്ഥാനം | ശതമാനം | ആലപ്പുഴ ജില്ല | ശതമാനം |
|---|---|---|---|---|---|
| ഗാർഹിക വ്യവസായ തൊഴിലാളികൾ | പുരുഷന്മാർ | 164615 | 1.95 | 16741 | 3.12 |
| | സ്ത്രീകൾ | 108407 | 3.42 | 19124 | 7.14 |

ജില്ലയിലാകെയുള്ള ജനസംഖ്യയിൽ 35,865 (4.46%) പേർ ഗാർഹിക വ്യവസായത്തിലേർപ്പെട്ടിരിക്കുന്നവരാണ്. അതിൽ 16,471 (3.12%) പേർ പുരുഷന്മാരും 19,124 (7.14%) പേർ സ്ത്രീകളുമാണ്. ഇത് സംസ്ഥാന ശതമാനത്തേക്കാൾ കൂടുതലാണ്. ഈ മേഖലയിൽ സംസ്ഥാന ശരാശരിയെക്കാൾ കൂടുതലാളുകൾ ഗാർഹിക വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്നുവെങ്കിലും പരമ്പരാഗത വ്യസായങ്ങളെക്കൂടാതെ കമ്പ്യൂട്ടർ ചിപ്പ് നിർമ്മാണം പോലെയുള്ള നൂതന മേഖലകൾ കൂടി ഉൾപ്പെടുത്തി കൂടുതൽ യുവാക്കളുൾപ്പെടെയുള്ള തൊഴിലാളികളെ ആകർഷിക്കുകവഴി ജില്ലയിലെ തൊഴിലില്ലായ്മ ഒരു പരിധിവരെ പരിഹരിക്കാവുന്നതാണ്.

## മറ്റ് തൊഴിലാളികൾ

മറ്റ് തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർ 6,71,663 പേർ ജില്ലയിലുള്ളതായി 2011 സെൻസസ് കാണിക്കുന്നു. അതിൽ പുരുഷന്മാർ 4,56,401 പേരും സ്ത്രീകൾ 2,15,262 പേരുമാണ്.

**മറ്റ് തൊഴിലാളികൾ**

| ഇനങ്ങൾ | വ്യക്തികൾ | സംസ്ഥാനം | ശതമാനം | ആലപ്പുഴ ജില്ല | ശതമാനം |
|---|---|---|---|---|---|
| മറ്റ് തൊഴിലാളികൾ | പുരുഷന്മാർ | 6882053 | 81.43 | 456401 | 85.03 |
| | സ്ത്രീകൾ | 2470885 | 78.01 | 215262 | 80.40 |

*(അവലംബം: ജില്ലാ സെൻസസ്സ് ഹാൻഡ് ബുക്ക്)*

## സർക്കാർ ജീവനക്കാർ

സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പിന്റെ റിപ്പോർട്ട് പ്രകാരം സംസ്ഥാന സർക്കാരിന്റെ കീഴിൽ വിവിധ വകുപ്പുകളിലായി ജില്ലയിൽ ആകെ 27108 പേർ ജോലി ചെയ്യുന്നുണ്ട്. ഇതിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടാകാനുള്ള സാധ്യതയുണ്ട്. കേന്ദ്രസർക്കാർ, പൊമേഖല സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ എണ്ണം ലഭ്യമല്ല.

## ഭിന്നശേഷിക്കാർ

2011ലെ സെൻസസ് പ്രകാരം ഭിന്നശേഷിക്കാരായ 57,964 പേർ ആലപ്പുഴ ജില്ലയിലുണ്ട്. അതിൽ 29,572 പേർ പുരുഷന്മാരും 28,392 പേർ സ്ത്രീകളുമാണ്. ഇവർക്കാവശ്യമായ സാമൂഹ്യ-സാംസ്കാരിക-സാമ്പത്തിക-തൊഴിൽ സുരക്ഷിതത്വം ഉറപ്പാക്കുന്ന പദ്ധതികൾ രൂപീകരിക്കേണ്ടതായിട്ടുണ്ട്.

## കുടിയേറ്റ തൊഴിലാളികൾ

സംസ്ഥാനത്തെ ആകെ കുടിയേറ്റതൊഴിലാളികളിൽ 4.2 ശതമാനം ആലപ്പുഴ ജില്ലയിൽ തൊഴിലെടുക്കുന്നുണ്ട്. ആവാസ് പദ്ധതി പ്രകാരം എൻറോൾമെന്റിനായി ആലപ്പുഴ ജില്ലയിൽ അപേക്ഷ സമർപ്പിച്ച കുടിയേറ്റ തൊഴിലാളികളുടെ എണ്ണം തൊഴിൽ വകുപ്പിന്റെ കണക്കു പ്രകാരം 21-12-2017 വരെ 7,534 ആണ്. അതിൽ 2,059 തൊഴിലാളികൾക്ക് ഇൻഷുറൻസ് കാർഡ് വിതരണം ചെയ്തിട്ടുള്ളതാണ്. ജില്ലയിലെ തൊഴിൽ സേനയിൽ ഇവർ കൂടി ഉൾപ്പെടുന്നതിനാൽ കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കേണ്ടതായിട്ടുണ്ട്. കൂടാതെ ഇവരുടെ ക്ഷേമത്തിനായുള്ള പദ്ധതികളും ആവിഷ്കരിക്കേണ്ടതുണ്ട്.

## പ്രവാസികൾ

2014ലെ കണക്ക് പ്രകാരം സംസ്ഥാനത്താകെ 24,00,375 പ്രവാസികൾ ഉള്ളതിൽ 93,096 പേർ ആലപ്പുഴ ജില്ലയിലുള്ളവരാണ്. ഇവരിൽ സംസ്ഥാനത്താകെയുള്ള 12,52,469 പേർ മടങ്ങിവന്നതിൽ 70,104 പേർ ആലപ്പുഴക്കാരാണ്. തിരികെയെത്തിവരിൽ 80 ശതമാനത്തിനെങ്കിലും തൊഴിൽ നല്കുന്ന തരത്തിൽ പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതായിട്ടുണ്ട്.

## ട്രാൻസ്ജെന്റർ

ആലപ്പുഴ ജില്ലയിൽ കുടുംബശ്രീ വഴിയായി റജിസ്റ്റർ ചെയ്തിട്ടുള്ള ട്രാൻസ്ജെന്റേഴ്സിന്റെ എണ്ണം 30 ആണ്. മനുഷ്യവിഭവത്തിന്റെ ഭാഗമായി നിലകൊള്ളുന്ന ഇത്തരക്കാർക്ക് സാമൂഹ്യ-സാംസ്കാരിക-സാമ്പത്തിക-തൊഴിൽ സുരക്ഷിതത്വം ഉറപ്പാക്കുന്ന പദ്ധതികൾ രൂപീകരിക്കേണ്ടതായിട്ടുണ്ട്.

## തൊഴിലന്വേഷകർ

2016 സെപ്തംബർ അന്ത്യം വരെ 13,31,200 പുരുഷന്മാരും 21,92,032 സ്ത്രീകളുമുൾപ്പെടെ ആകെ 35,23,232 പേർ പൊതു, സാങ്കേതിക/പ്രൊഫഷണൽ തൊഴിലന്വേഷകരായി സംസ്ഥാന തലത്തിലുണ്ട്. അതിൽ 1,25,273 പുരുഷന്മാരും 1,93,305 സ്ത്രീകളും ഉൾപ്പെടെ ആകെ 3,18,578 പേർ ആലപ്പുഴ ജില്ലയിലുള്ളവരാണ്. സംസ്ഥാനതലത്തിലെ ആകെ തൊഴിലന്വേഷകരുടെ 9.042% മാണിത്. ജില്ലാ എംപ്ലോയ്മെന്റ് ഓഫീസിന്റെ കണക്ക് പ്രകാരം 3,577 പുരുഷന്മാരും 1,769 സ്ത്രീകളുമുൾപ്പെടെ ആകെ 5,346 പേർ ഡിപ്ലോമ യോഗ്യതയുള്ള തൊഴിലന്വേഷകരാണ്. 9,572 പുരുഷന്മാരും 1,248 സ്ത്രീകളും ഉൾപ്പെടെ 10,820 പേർ ഐ.റ്റി.ഐ. യോഗ്യതയുള്ള തൊഴിലന്വേഷകരുമുണ്ട്. സാങ്കേതിക പരിജ്ഞാനമുള്ള തൊഴിലന്വേഷകർക്കായി പ്രത്യേക പാക്കേജ് ജില്ലാ പദ്ധതിയിലുൾപ്പെടുത്തേണ്ടതാണ്.

**തൊഴിലന്വേഷകർ**

| ജില്ല/സംസ്ഥാനം | തൊഴിലന്വേഷകർ | | |
|---|---|---|---|
| | പുരുഷൻ | സ്ത്രീ | ആകെ |
| കേരളം | 1331200 | 2192032 | 3523232 |
| ആലപ്പുഴ | 125273 | 193305 | 318578 |

*(അവലംബം: സാമ്പത്തിക അവലോകനം 2016)*

വർദ്ധിതമായ മനുഷ്യവിഭവശേഷി കൈമുതലായുള്ള ആലപ്പുഴ ജില്ലയ്ക്ക് കാര്യക്ഷമമായ തൊഴിൽ സേന സൃഷ്ടിക്കാനാവും. ഈ തൊഴിൽ സേനയ്ക്ക് തൊഴിൽ ചെയ്യുവാനുള്ള അവസരം ഉറപ്പാക്കുന്നതരത്തിലുള്ള പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതുണ്ട്. കുടിയേറ്റത്തൊഴിലാളികളുൾപ്പെടെയുള്ള എല്ലാ തൊഴിലാളികൾക്കും തൊഴിൽ അവസരം ഉണ്ടാക്കുകയും മികച്ച കൂലി, തൊഴിൽ സ്ഥലത്തെ സുരക്ഷിതത്വം, അവരുടെ കുടുംബാംഗങ്ങൾക്കുൾപ്പെടെ സാമൂഹ്യ സുരക്ഷ, വ്യക്തി വികസനം, സാമൂഹികാവബോധം, തങ്ങളുടെ അവകാശങ്ങൾ ഉറന്നുപറയാനുള്ള സ്വാതന്ത്ര്യം, സംഘടിച്ച്, തീരുമാനങ്ങളെടുക്കുവാനുള്ള അവസരങ്ങൾ എന്നിവ ഉറപ്പുവരുത്തേണ്ടതാണ്.

# ധനവിഭവങ്ങൾ

ജില്ലയുടെ സമഗ്രവികസന ലക്ഷ്യം കൈവരിക്കുന്നതിൽ പ്രധാനപ്പെട്ട ഘടകമാണ്. വിവിധ സ്രോതസ്സുകളിൽ നിന്നുള്ള ധനവിഭവ സമാഹരണം. പ്രകൃതി-സ്ഥാപന-മനുഷ്യവിഭവങ്ങളെക്കുറിച്ച് മുൻഭാഗത്ത് പ്രതിപാദിച്ചിട്ടുണ്ട്. ഈ വിഭവങ്ങളെ ഉപയോഗിച്ചുകൊണ്ടുള്ള സുസ്ഥിര വികസനത്തിന് അനിവാര്യമായ ഘടകമാണ് ധനവിഭവം. ജില്ലയുടെ സമഗ്ര വികസനത്തിനായി ഏതെല്ലാം സ്രോതസ്സുകളിൽ നിന്ന് ധനസമാഹരണം നടത്തുവാൻ കഴിയുമോ, അപ്രകാരം സമാഹരിക്കുകയും അവ പൂർണ്ണമായി വിനിയോഗിക്കുകയും ചെയ്യണം. ധനസമാഹരണം പോലെ തന്നെ പ്രാധാന്യമർഹിക്കുന്നതാണ് അവയുടെ ഫലവത്തായ ഉപയോഗതയും. ജില്ലയ്ക്ക് ഓരോ വർഷവും സംസ്ഥാന പദ്ധതികളിലൂടേയും, കേന്ദ്രപദ്ധതികളിലൂടെയും വിഹിതം ലഭിക്കുന്നുണ്ട്. ഇത് കൂടാതെ സാമൂഹ്യ പ്രതിബദ്ധതാ ഫണ്ട് ഉൾപ്പെടെയുള്ള മാർഗ്ഗങ്ങളിലൂടേയും സ്വകാര്യ സംരംഭ സാധ്യതകളിലൂടേയും ധനവിഭവ സമാഹരണ സാധ്യത പ്രയോജനപ്പെടുത്തേണ്ടതാണ്.

ജില്ലയ്ക്ക് നിലവിൽ ലഭിക്കുന്ന ധനവിഭവത്തിൽ പ്രധാനപ്പെട്ടവയാണ് സംസ്ഥാന ബഡ്ജറ്റിലൂടെ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും വിവിധ വകുപ്പുകൾ ലഭ്യമാക്കുന്ന വിഹിതം, വിവിധ കേന്ദ്ര സംസ്ഥാന പദ്ധതികളിലൂടെയുള്ള ഫണ്ട്, തദ്ദേശ ഭരണ സ്ഥാപനങ്ങൾ സമാഹരിക്കുന്ന തനത് ഫണ്ടുൾപ്പെടെയുള്ള വിഹിതം, എം.പി.മാരുടേയും, എം.എൽ.എ.മാരുടേയും പ്രാദേശിക വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ലഭിക്കുന്ന വിഹിതം തുടങ്ങിയവ.

ജില്ലയുടെ സമഗ്രവികസന ലക്ഷ്യം കൈവരിക്കുന്നതിനായി ഓരോ വികസന യൂണിറ്റും വിവിധ സ്രോതസ്സുകളിൽ നിന്ന് ലഭിക്കാനിടയുള്ള ധനവിഭവം പരമാവധി സമാഹരിക്കേണ്ടതും അതിനനുസൃതമായി പദ്ധതികൾ തയ്യാറാക്കേണ്ടതുമാണ്. ഏതൊരു മേഖലയിൽ ഉൾപ്പെടുന്ന പദ്ധതികൾ ഏറ്റെടുക്കുമ്പോഴും അവയ്ക്ക് ഏതെല്ലാം മാർഗ്ഗങ്ങളിൽ നിന്ന് ധനസമാഹരണം നടത്തുവാൻ കഴിയുമെന്ന കാര്യം തദ്ദേശഭരണ സ്ഥാപനങ്ങളും വകുപ്പുകളും കണ്ടത്തേണ്ടതും അപ്രകാരം സമാഹരിക്കേണ്ടതുമാണ്.

## ജില്ലയിലെ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ധനസമാഹരണം

ആലപ്പുഴ ജില്ലയിൽ 72 ഗ്രാമപഞ്ചായത്തുകൾ, 12 ബ്ലോക്ക് പഞ്ചായത്തുകൾ, 6 മുനിസിപ്പാലിറ്റികൾ, ജില്ലാപഞ്ചായത്ത് എന്നിങ്ങനെ ആകെ 91 തദ്ദേശ ഭരണ സ്ഥാപനങ്ങളാണ് നിലവിലുള്ളത്. തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ഓരോ വർഷവും സംസ്ഥാന ബഡ്ജറ്റ് പ്രകാരം വികനസ ഫണ്ട് ലഭ്യമാകുന്നുണ്ട്. ഇത് കൂടാതെ മെയിന്റനൻസ് (റോഡും, റോഡിതരവും) ലഭിക്കുന്നുണ്ട്. ഇത്തരത്തിൽ ബഡ്ജറ്റ് പ്രകാരം ലഭിക്കുന്ന വിഹിതം കൂടാതെ തനതുഫണ്ട്, മറ്റ് വിവിധ സ്രോതസുകളിൽ നിന്നു ലഭിക്കുന്ന വിഹിതം എന്നിവ ഉൾപ്പെടുത്തിയാണ് തദ്ദേശ ഭരണ സ്ഥാപനങ്ങൾ വാർഷികപദ്ധതി പ്രോജക്ടുകൾ തയ്യാറാക്കുന്നത്. ഇത്തരത്തിൽ തയ്യാറാക്കപ്പെടുന്ന പ്രോജക്ടുകൾ ഉത്പാദനം, സേവനം, പശ്ചാത്തലം എന്നീ മൂന്ന് മേഖലകളിലാണ് ഉൾപ്പെടുന്നത്.

## തദ്ദേശഭരണ സ്ഥാപനങ്ങളുടെ വികസന ഫണ്ട്

സാധാരണ വിഹിതം, ഫിനാൻസ് കമ്മീഷൻ അവാർഡ്, ലോകബാങ്ക് വിഹിതം, പ്രത്യേക ഘടക പദ്ധതി പ്രകാരമുള്ള വിഹിതം, പട്ടിക വർഗ ഉപപദ്ധതി വിഹിതം എന്നിവ ഉൾപ്പെടുന്ന വികസന ഫണ്ടാണ് ബഡ്ജറ്റ് വിഹിതത്തിൽ പ്രധാനപ്പെട്ടത്. ജില്ലയിലെ

ഗ്രാമപഞ്ചായത്തുകൾ, ബ്ലോക്ക് പഞ്ചായത്തുകൾ, ജില്ലാപഞ്ചായത്ത്, നഗരസഭകൾ എന്നിവയ്ക്ക് 2013-2014 മുതൽ 2017-2018 വരെ വികസന ഫണ്ടിനത്തിൽ ലഭ്യമായ വിഹിതം പട്ടിക 1 മുതൽ 5 വരെ കാണിച്ചിരിക്കുന്നു.

**പട്ടിക-1**

**ഗ്രാമപഞ്ചായത്തുകൾക്ക് ലഭ്യമായ വികസന ഫണ്ട്**

*(രൂപ ലക്ഷത്തിൽ)*

| വർഷം | പ്രാരംഭ വിഹിതം | ബഡ്ജറ്റ് വിഹിതം | ആകെ |
|---|---|---|---|
| 2013-2014 | 2699.74 | 14850.75 | 17550.49 |
| 2014-2015 | 2755.46 | 17716.34 | 20471.86 |
| 2015-2016 | 6769.68 | 14185.07 | 20955.81 |
| 2016-2017 | - | 20269.98 | 20269.98 |

*(അവലംബം : സൂലേഖ, ഐ.കെ.എം.)*

**പട്ടിക-2**

**ബ്ലോക്ക് പഞ്ചായത്തുകൾക്ക് ലഭ്യമായ വികസന ഫണ്ട്**

*(രൂപ ലക്ഷത്തിൽ)*

| വർഷം | പ്രാരംഭ വിഹിതം | ബഡ്ജറ്റ് വിഹിതം | ആകെ |
|---|---|---|---|
| 2013-2014 | 445.25 | 3405.49 | 3845.74 |
| 2014-2015 | 188.46 | 3902.09 | 4090.55 |
| 2015-2016 | 371.88 | 3946.81 | 4318.59 |
| 2016-2017 | - | 4167.29 | 4167.29 |

*(അവലംബം : സൂലേഖ, ഐ.കെ.എം.)*

**പട്ടിക-3**

**നഗരസഭകൾക്ക് ലഭ്യമായ വികസന ഫണ്ട്**

*(രൂപ ലക്ഷത്തിൽ)*

| വർഷം | പ്രാരംഭ വിഹിതം | ബഡ്ജറ്റ് വിഹിതം | ആകെ |
|---|---|---|---|
| 2013-2014 | 1309.82 | 4115.58 | 5425.40 |
| 2014-2015 | 1369.41 | 4848.75 | 6218.17 |
| 2015-2016 | 2421.50 | 5313.28 | 7734.77 |
| 2016-2017 | - | 7936.98 | 7936.98 |

*(അവലംബം : സൂലേഖ, ഐ.കെ.എം.)*

**പട്ടിക-4**

**ജില്ലാപഞ്ചായത്തിന് ലഭ്യമായ വികസന ഫണ്ട്**

*(രൂപ ലക്ഷത്തിൽ)*

| വർഷം | പ്രാരംഭ വിഹിതം | ബഡ്ജറ്റ് വിഹിതം | ആകെ |
|---|---|---|---|
| 2013-2014 | 916.58 | 3529.35 | 4345.93 |
| 2014-2015 | 1116.41 | 3950.17 | 5066.58 |
| 2015-2016 | 2338.14 | 3950.17 | 6288.31 |
| 2016-2017 | - | 4167.37 | 4167.37 |

*(അവലംബം : സൂലേഖ, ഐ.കെ.എം. )*

**പട്ടിക–5**

**2017–2018 വർഷത്തിൽ ജില്ലയിലെ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് ലഭ്യമായ വികസന ഫണ്ട്**

*(രൂപ ലക്ഷത്തിൽ)*

| തദ്ദേശഭരണ സ്ഥാപനം | ബഡ്ജറ്റ് വിഹിതം |
|---|---|
| ഗ്രാമപഞ്ചായത്തുകൾ | 21008.14 |
| ബ്ലോക്ക് പഞ്ചായത്തുകൾ | 5025.96 |
| നഗര സഭകൾ | 8082.21 |
| ജില്ലാ പഞ്ചായത്തുകൾ | 5026.07 |
| **ആകെ** | **39142.37** |

*(അവലംബം : സൂലേഖ, ഐ.കെ.എം. )*

2013–2014 മുതൽ 2017–2018 വരെയുള്ള കാലയളവിൽ ജില്ലയിലെ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് സംസ്ഥാന ബഡ്ജറ്റ് പ്രകാരം അനുവദിച്ച പദ്ധതി വിഹിതമാണ് പട്ടിക 1–മുതൽ 5 വരെ കാണിച്ചിരിക്കുന്നത്. 2013–2014, 2014–2015, 2015–2016 എന്നി വർഷങ്ങളിലെ പദ്ധതി വിഹിതത്തിൽ പ്രാരംഭ ബാക്കിയും ഉൾപ്പെട്ടിരുന്നു. എന്നാൽ 2016–2017 സാമ്പത്തിക വർഷം മുതൽ പ്രാരംഭ വിഹിതം ഒഴിവാക്കി ബഡ്ജറ്റ് വിഹിതം മാത്രമാണ് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമായിരിക്കുന്നത്. 2017–2018 സാമ്പത്തിക വർഷത്തിൽ ജില്ലയിലെ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് 39142.37 ലക്ഷം രൂപയാണ് സംസ്ഥാന ബഡ്ജറ്റ് പ്രകാരം വികസന ഫണ്ടിനത്തിൽ ലഭ്യമായിരിക്കുന്നത്.

**പട്ടിക 6**

**2017–2018 വർഷത്തിൽ ജില്ലയിലെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ച വികസന ഫണ്ട് – വിഭാഗം തിരിച്ച്**

*(രൂപ ലക്ഷത്തിൽ)*

| തദ്ദേശഭരണ സ്ഥാപനം | ലഭ്യമായ വിഹിതം | | | |
|---|---|---|---|---|
| | പൊതു വിഭാഗം | പ്രത്യേക ഘടക പദ്ധതി | പട്ടിക വർഗ്ഗ ഉപപദ്ധതി | ആകെ |
| ഗ്രാമപഞ്ചായത്ത് | 16893.83 | 4037.06 | 77.25 | 21008.14 |
| ബ്ലോക്ക് പഞ്ചായത്ത് | 3646.67 | 1353.43 | 25.86 | 5025.96 |
| മുനിസിപ്പാലിറ്റി | 7427.49 | 654.45 | 0.27 | 8082.21 |
| ജില്ലാപഞ്ചായത്ത് | 3646.77 | 1353.43 | 25.87 | 5026.07 |
| **ആകെ** | **31614.76** | **7398.37** | **129.25** | **39142.37** |

*(അവലംബം : സൂലേഖ, ഐ.കെ.എം.)*

പതിമൂന്നാം പഞ്ചവത്സര ആദ്യവർഷമായ 2017–2018 സാമ്പത്തിക വർഷം ജില്ലയിലെ വിവിധ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പൊതുവിഭാഗത്തിൽ 31614.76 ലക്ഷം രൂപയും പട്ടികജാതി വിഭാഗത്തിന് 7398.37 ലക്ഷം രൂപയും പട്ടികവർഗ്ഗ വിഭാഗത്തിന് 129.25 ലക്ഷം രൂപയും വികസന ഫണ്ടിനത്തിൽ അനുവദിച്ചിട്ടുണ്ട്. വികസന ഫണ്ട് പ്രകാരമുള്ള തുകയും മറ്റ് വിവിധ സ്രോതസുകളിൽ നിന്നുമുള്ള വിഹിതവും ഉൾപ്പെടുത്തി തദ്ദേശ ഭരണ സ്ഥാപനങ്ങൾ പ്രോജക്ട് തയ്യാറാക്കി നടപ്പിലാക്കിവരുന്നു.

## മെയിന്റനൻസ് ഗ്രാന്റ്

വികസന ഫണ്ട് കൂടാതെ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് സംസ്ഥാന ബഡ്ജറ്റ് പ്രകാരം ലഭിക്കുന്ന പ്രധാന ധനവിഭവമാണ് മെയിന്റനൻസ് ഗ്രാന്റ്. മെയിന്റനൻസ് ഗ്രാന്റ് രണ്ട് തരമാണുള്ളത്.

1. തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള റോഡുകളുടെ സംരക്ഷണത്തിനായുള്ള മെയിന്റനൻസ് ഗ്രാന്റ് (റോഡ്)
2. തദ്ദേശ ഭരണ സ്ഥാപങ്ങൾക്ക് വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ ആസ്തി സംരക്ഷണത്തിനായുള്ള മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം)

ജില്ലയിലെ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് 2013-2014 വർഷം മുതൽ ലഭ്യമായ മെയിന്റനൻസ് ഗ്രാന്റ് സംബന്ധിച്ച വിശദാംശം പട്ടിക (7) പ്രകാരം.

**പട്ടിക-7**

**മെയിന്റനൻസ് ഗ്രാന്റ് വിശദാംശങ്ങൾ**

(രൂപ ലക്ഷത്തിൽ)

| വർഷം | മെയിന്റനൻസ് ഗ്രാന്റ് | | ആകെ |
|---|---|---|---|
| | റോഡിതരം | റോഡ് | |
| 2013-2014 | 3985.19 | 4220.47 | 8205.65 |
| 2014-2015 | 4875.09 | 4554.98 | 9430.07 |
| 2015-2016 | 5984.34 | 5393.94 | 11378.28 |
| 2016-2017 | 6094.72 | 5103.08 | 11197.79 |
| 2017-2018 | 6371.80 | 8430.64 | 14802.44 |

*(അവലംബം : സൂലേഖ, ഐ.കെ.എം.)*

ജില്ലയിലെ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് 2016-2017 വർഷത്തിൽ 11197.79 ലക്ഷം രൂപയും 2017-2018 വർഷത്തിൽ 14802.44 രൂപയും മെയിന്റനൻസ് ഗ്രാന്റ് ഇനത്തിൽ ലഭിക്കുകയുണ്ടായി.

## തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ബഡ്ജറ്റ് വിഹിതത്തിന് പുറമേയുള്ള ധനവിഭവ സമാഹരണം

തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് സംസ്ഥാന ബഡ്ജറ്റ് പ്രകാരം ലഭിക്കുന്ന വിഹിതം കൂടാതെ മറ്റു വിവിധ സ്രോതസുകളിൽ നിന്നും ലഭിക്കുന്ന വിഹിതം കൂടി ഉൾക്കൊള്ളിച്ചുകൊണ്ടാണ് വാർഷിക പദ്ധതി പ്രോജക്ടുകൾ തയ്യാറാക്കുന്നത്. തനത് ഫണ്ട്, സംസ്ഥാനാവിഷ്കൃത പരിപാടികൾ, കേന്ദ്രാവിഷ്കൃത പരിപാടികൾ, ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പ, ഗുണഭോക്തൃ വിഹിതം, സന്നദ്ധ സേവനം/സംഭാവന തുടങ്ങിയ ഫണ്ടുകൾ

ഇപ്രകാരം വകയിരുത്താറുണ്ട്. ജില്ലയിലെ തദ്ദേശ ഭരണ സ്ഥാപനങ്ങൾ ഇപ്രകാരം 2016–2017, 2017–2018 എന്നീ വർഷങ്ങളിൽ പ്രോജക്ടുകളിൽ ഉൾപ്പെടുത്തിയ ഫണ്ടുകളുടെ വിശദാംശം പട്ടിക (8), (9) പ്രകാരം.

**പട്ടിക–8**

**തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ 2016–2017 ബഡ്ജറ്റ് വിഹിതത്തിനു പുറമേയുള്ള ധനവിഭവ സമാഹരണം.**

(രൂപ ലക്ഷത്തിൽ)

| ക്രമ നമ്പർ | വിഭവ സ്രോതസ് | ഗ്രാമ പഞ്ചായത്തുകൾ | ബ്ലോക്ക് പഞ്ചായത്തുകൾ | ജില്ലാ പഞ്ചായത്ത് | നഗരസഭ | ആകെ |
|---|---|---|---|---|---|---|
| 1 | തനത് ഫണ്ട് | 3335.21 | 227.39 | 680.57 | 127.42 | 4370.59 |
| 2 | കേന്ദ്രാവിഷ്കൃത പരിപാടികൾ | 1397.73 | 1328.65 | 20.00 | 1226.16 | 3972.54 |
| 3 | സംസ്ഥാനാവിഷ്കൃത പരിപാടികൾ | 686.53 | 448.91 | 1224.87 | 562.74 | 2923.05 |
| 4 | ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പ | 263.81 | 97.90 | – | 904.54 | 1266.25 |
| 5. | സഹകരണ സംഘങ്ങളിൽ നിന്നുള്ള വായ്പ | 21.28 | – | – | – | 21.28 |
| 6 | സന്നദ്ധസേവനം/ സംഭാവന | 2.5 | 0.30 | – | – | 2.80 |
| 7 | ഗുണഭോക്തൃവിഹിതം (സ്ഥാപനത്തിൽ അടയ്ക്കുന്നത്) | 623.06 | 73.88 | 69.90 | 462.02 | 1228.86 |
| 8. | എക്സ്റ്റേണലി എയ്ഡഡ് പരിപാടികൾ | 298.07 | 120.90 | – | 23.89 | 442.86 |
| 9. | നിർമ്മൽ പുരസ്കാര വിഹിതം | 42.05 | 64.89 | – | – | 106.94 |
| 10 | ബാങ്കിൽ നിന്നുള്ള നിക്ഷേപ വിഹിതം | 12.37 | – | – | 56.00 | 68.37 |
| **ആകെ** | | **6682.61** | **2362.82** | **1995.34** | **3362.77** | **14403.54** |

*(അവലംബം : സൂലേഖ, ഐ.കെ.എം.)*

പട്ടിക-9

## തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ 2017-2018 ബഡ്ജറ്റ് വിഹിതത്തിനു പുറമേയുള്ള ധനവിഭവ സമാഹരണം

*(രൂപ ലക്ഷത്തിൽ)*

| ക്രമ നമ്പർ | വിഭവ സ്രോതസ് | ഗ്രാമ പഞ്ചായത്തുകൾ | ബ്ലോക്കു പഞ്ചായത്തുകൾ | ജില്ലാ പഞ്ചായത്തുകൾ | നഗരസഭ | ആകെ |
|---|---|---|---|---|---|---|
| 1 | തനത് ഫണ്ട് | 3717.11 | 193.21 | 593.21 | 185.21 | 4688.74 |
| 2 | കേന്ദ്രാവിഷ്കൃത പരിപാടികൾ | 1299.21 | 508.25 | 381.86 | 320.76 | 2510.08 |
| 3 | സംസ്ഥാനാവിഷ്കൃത പരിപാടികൾ | 720.22 | 129.60 | 1224.87 | 271.23 | 2345.95 |
| 4 | ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പ | 441.03 | 112.99 | – | – | 554.02 |
| 5. | സഹകരണ സംഘങ്ങളിൽ നിന്നുള്ള വായ്പ | 2.00 | – | – | – | 2.00 |
| 6 | സന്നദ്ധസേവനം/ സംഭാവന | 93.9 | 0.30 | – | 30.00 | 124.2 |
| 7 | ഗുണഭോക്തൃ വിഹിതം (സ്ഥാപനത്തിൽ അടയ്ക്കുന്നത്) | 1322.03 | 76.24 | 80.90 | 203.39 | 1682.56 |
| 8. | എക്സ്റ്റേണലി എയ്ഡഡ് പരിപാടികൾ | 198.85 | 3.9 | – | 23.89 | 226.64 |
| 9. | നിർമ്മൽ പുരസ്കാര വിഹിതം | 19.04 | 62.02 | – | – | 81.06 |
| 10 | ബാങ്കിൽ നിന്നുള്ള നിക്ഷേപ വിഹിതം | 60.54 | 185.15 | – | – | 245.69 |
| **ആകെ** | | **7873.93** | **1271.66** | **2280.84** | **1034.48** | **12460.94** |

*(അവലംബം : സൂലേഖ, ഐ.കെ.എം.)*

ജില്ലയിലെ തദ്ദേശ ഭരണ സ്ഥാപനങ്ങൾ ബഡ്ജറ്റ് പ്രകാരമുള്ള വിഹിതത്തിനു പുറമേ 2016-2017, 2017-2018 സമാഹരിച്ച ധനവിഭവമാണ് പട്ടിക (8), (9)ൽ ഉൾപ്പെടുത്തിയിരിക്കുന്നത്. 2016-2017 വാർഷിക പദ്ധതിയിൽ 14403.54 ലക്ഷം രൂപയും 2017-2018 പദ്ധതിയിൽ 12460.94 ലക്ഷം രൂപയും ജില്ലയിലെ തദ്ദേശ ഭരണ സ്ഥാപനങ്ങൾ ഇപ്രകാരം വകയിരുത്തുകയുണ്ടായി. ഇത്തരത്തിൽ സമാഹരിച്ച വിഹിതത്തിൽ പ്രധാനപ്പെട്ടത് തനത് ഫണ്ടാണ്. ഗ്രാമപഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കുമാണ് നികുതി വരുമാന മാർഗ്ഗത്തിലൂടെ തനതുഫണ്ട് ലഭിക്കുന്നത്. ബ്ലോക്ക് പഞ്ചായത്തുകളും ജില്ലാപഞ്ചായത്തും ജനറൽ പർപ്പസ് ഗ്രാന്റിനത്തിൽ ലഭിക്കുന്ന വിഹിതമാണ് തനത് ഫണ്ടിനത്തിൽ പ്രോജക്ടിൽ വകയിരുത്തുന്നത്. 2016-2017 വർഷത്തിൽ 4370.59 ലക്ഷം രൂപയും 2017-2018 വർഷത്തിൽ 4688.74 ലക്ഷം രൂപയും ജില്ലയിലെ തദ്ദേശ ഭരണ സ്ഥാപനങ്ങൾ തനത് ഫണ്ടിനത്തിൽ പ്രോജക്ടിൽ വകയിരുത്തുകയുണ്ടായി. കേന്ദ്രാവിഷ്കൃത, സംസ്ഥാനാവിഷ്കൃത പദ്ധതികളിലുള്ള വകയിരുത്തൽ 2016-2017 സാമ്പത്തിക വർഷത്തിലേതിനേക്കാളും കുറവാണ്. 2017-2018 സാമ്പത്തിക വർഷത്തിൽ പ്രോജക്ടുകളിൽ വകയിരുത്തിയിരിക്കുന്നത്. ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പയിനത്തിൽ 2016-2017 വർഷം വകയിരുത്തിയ തുകയേക്കാൾ കുറവാണ് 2017-2018 വർഷത്തിലെ വകയിരുത്തൽ. 2016-2017 വർഷത്തിൽ 1266.25 ലക്ഷം രൂപ വായ്പയിനത്തിൽ വകയിരുത്തിയപ്പോൾ 2017-2018 വർഷത്തിൽ ഇത് 554.02 ലക്ഷം രൂപ മാത്രമാണ്.

## സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾക്കുള്ള കെ.എൽ.ജി.എസ്.ഡി.പി. വിഹിതം

ലോകബാങ്ക് പദ്ധതിയിൽ ഉൾപ്പെടുത്തി ജില്ലയിലെ 4 തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് 2016-2017 വർഷത്തിൽ 2 കോടി രൂപ വീതം അധിക ധന സഹായമായി ലഭിക്കുകയുണ്ടായി.

| | | |
|---|---|---|
| വീയപുരം ഗ്രാമപഞ്ചായത്ത് | - | 2 കോടി |
| മുട്ടാർ ഗ്രാമപഞ്ചായത്ത് | - | 2 കോടി |
| മാവേലിക്കര മുനിസിപ്പാലിറ്റി | - | 2 കോടി |
| ആലപ്പുഴ മുനിസിപ്പാലിറ്റി | - | 2 കോടി |
| ആകെ | - | 8 കോടി |

പശ്ചാത്തല, ആരോഗ്യ മേഖലയിൽ ഉൾപ്പെട്ട പ്രോജക്ടുകൾക്ക് മേൽ തദ്ദേശഭരണ സ്ഥാപനങ്ങൾ അധിക ധനസഹായം വകയിരുത്തുകയുണ്ടായി.

## തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രോജക്ട് വകയിരുത്തൽ - വിഭാഗം തിരിച്ച്

തദ്ദേശ ഭരണ സ്ഥാപനങ്ങൾ പ്രോജക്ടുകൾ തയ്യാറാക്കുന്നത് പ്രധാനമായും മൂന്ന് വിഭാഗത്തിലായാണ്. പൊതുവിഭാഗം, പട്ടികജാതി വിഭാഗത്തിനായുള്ള പ്രത്യേക ഘടകപദ്ധതി, പട്ടികവർഗ്ഗ വിഭാഗം എന്നിങ്ങനെയാണ് പ്രോജക്ടുകൾക്ക് തുക വകയിരുത്തുന്നത്. 2016-2017, 2017-2018 എന്നീ വർഷങ്ങളിലെ ജില്ലയിലെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഭാഗം തിരിച്ചുള്ള വകയിരുത്തൽ പട്ടിക (10) പ്രകാരം.

പട്ടിക-10

## 2016-2017 ലെ വിവിധ ഫണ്ടുകളുടെ വിഭാഗം തിരിച്ചുള്ള വകയിരുത്തൽ

*(രൂപ ലക്ഷത്തിൽ)*

| ക്രമ നമ്പർ | വിഭവസ്രോതസ് | പൊതുവിഭാഗം തുക | | പ്രത്യേക ഘടകപദ്ധതി (എസ്.സി.പി.) | | പട്ടികവർഗ്ഗ ഉപപദ്ധതി (ടി.എസ്.പി) | | ആകെ |
|---|---|---|---|---|---|---|---|---|
| | | തുക | % | തുക | % | തുക | % | |
| 1 | വികസന ഫണ്ട് | 33772.27 | 77.61 | 9597.27 | 22.05 | 147.9 | 0.34 | 43517.44 |
| 2 | തനത് ഫണ്ട് | 4201.02 | 94.53 | 212.86 | 4.79 | 30.11 | 0.68 | 4443.99 |
| 3 | കേന്ദ്രാവിഷ്കൃത പദ്ധതികൾ | 3179.68 | 79.86 | 797.16 | 20.02 | 4.6 | 0.12 | 3981.44 |
| 4 | സംസ്ഥാനാവിഷ്കൃത പദ്ധതികൾ | 2560.84 | 86.43 | 387.91 | 13.09 | 14.31 | 0.48 | 2963.06 |
| 5 | ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പ | 1056.15 | 83.41 | 202.1 | 15.96 | 8 | 0.63 | 1266.25 |
| 6 | സഹകരണ സ്ഥലങ്ങളിൽ നിന്നുള്ള വായ്പ | – | – | 7.5 | 100 | – | – | 7.5 |
| 7 | സന്നദ്ധ സേവനം/സംഭാവന | 2.8 | 100 | – | – | – | – | 2.8 |
| 8 | ഗ്രണഭോക്തൃ വിഹിതം | 1109.07 | 90.25 | 118.36 | 9.63 | 1.43 | 0.12 | 1228.86 |
| 9 | എക്സ്റ്റേണലി എയ്ഡഡ് പരിപാടികൾ | 322.14 | 72.74 | 120.72 | 27.26 | – | – | 442.86 |
| 10 | നിർമ്മൽ പുരസ്കാരം | 97.94 | 91.58 | – | | 9 | 8.42 | 106.94 |
| 11 | ബാങ്കിൽനിന്നുള്ള നിക്ഷേപ വിഹിതം | 12.37 | 18.09 | 56 | 81.91 | – | – | 68.37 |
| **ആകെ** | | **46314.28** | **79.81** | **11499.88** | **19.81** | **215.35** | **0.37** | **58029.51** |

*(അവലംബം : സൂലേഖ, ഐ.കെ.എം.)*

പട്ടിക-11

2017-2018 ലെ വിവിധ ഫണ്ടുകളുടെ വിഭാഗം തിരിച്ചുള്ള വകയിരുത്തൽ

*(രൂപ ലക്ഷത്തിൽ)*

| ക്രമ നമ്പർ | വിഭവസ്രോതസ് | പൊതുവിഭാഗം | | പ്രത്യേക ഘടകപദ്ധതി (എസ്.സി.പി.) | | പട്ടികവർഗ്ഗ ഉപ പദ്ധതി (ടി.എസ്.പി) | | ആകെ |
|---|---|---|---|---|---|---|---|---|
| | | തുക | % | തുക | % | തുക | % | |
| 1 | ബഡ്ജറ്റ് വിഹിതം | 42921.90 | 80.26 | 10374.31 | 19.40 | 179.63 | 0.34 | 53475.84 |
| 2 | തനത് ഫണ്ട് | 4480.78 | 95.56 | 189.82 | 4.05 | 18.16 | 0.39 | 4688.76 |
| 3 | കേന്ദ്രാവിഷ്കൃത പദ്ധതികൾ | 2201.52 | 87.71 | 304.87 | 12.15 | 3.69 | 0.15 | 2510.08 |
| 4 | സംസ്ഥാനാവിഷ്കൃത പദ്ധതികൾ | 2275.79 | 97.01 | 57.65 | 2.46 | 12.48 | 0.53 | 2345.92 |
| 5 | ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പ | 517.49 | 88.65 | 65.60 | 11.24 | 0.67 | 0.11 | 583.76 |
| 6 | സഹകരണ സംഘങ്ങളിൽ നിന്നുള്ള വായ്പ | 2.00 | – | – | – | – | – | 2.00 |
| 7 | സന്നദ്ധ സേവനം/ സംഭാവന | 124.20 | 100.00 | – | – | – | – | 124.20 |
| 8 | ഗ്രണഭോക്തൃ വിഹിതം | 1523.58 | 90.60 | 156.91 | 9.33 | 1.15 | 0.07 | 1681.64 |
| 9 | എക്സ്റ്റേണലി എയ്ഡഡ് പരിപാടികൾ | 201.89 | 89.08 | 24.75 | 10.92 | – | – | 226.64 |
| 10 | നിർമ്മൽ പുരസ്കാരം | 72.07 | 88.90 | – | | 9.00 | 11.10 | 81.07 |
| 11 | ബാങ്കിൽ നിന്നുള്ള നിക്ഷേപ വിഹിതം | 166.15 | 67.62 | 79.55 | 32.38 | – | – | 245.70 |
| **ആകെ** | | **54487.37** | **82.6** | **11253.46** | **17.06** | **224.78** | **0.02** | **65963.61** |

*(അവലംബം : സൂലേഖ, ഐ.കെ.എം.)*

## പ്രോജക്ടുകളുടെ മേഖലാ തരംതിരിവ്

തദ്ദേശ ഭരണ സ്ഥാപനങ്ങൾ ഉല്പാദനം, സേവനം, പശ്ചാത്തലം എന്നീ മൂന്ന് മേഖലകളിലായിട്ടാണ് പ്രോജക്ടുകൾ തയ്യാറാക്കുന്നതും അതിനനുസൃതമായാണ് ഫണ്ട് വകയിരുത്തുന്നതും. കൃഷി, ജലസേചന പ്രവർത്തികൾ, മണ്ണ് സംരക്ഷണം, ജലസംരക്ഷണം, പരിസ്ഥിതി സംരക്ഷണം, മൃഗസംരക്ഷണം, ക്ഷീരവികസനം, മത്സ്യബന്ധനം, വ്യവസായം, ഊർജ്ജോല്പാദനം തുടങ്ങിയവയാണ് പ്രധാനമായും ഉല്പാദന മേഖലയിൽ ഉൾപ്പെടുന്നത്. വിദ്യാഭ്യാസം, കല-സംസ്കാരം, ആരോഗ്യം, കുടിവെള്ളം, ശുചിത്വം, മാലിന്യപരിപാലനം, പാർപ്പിടം, സാമൂഹിക നീതി, ഗാർഹിക വൈദ്യുതികരണം തുടങ്ങിയവ സേവന മേഖലയിൽ ഉൾപ്പെടുന്നു. റോഡ്, പാലങ്ങൾ, ബസ് സ്റ്റാൻഡുകൾ, നടപ്പാതകൾ, ഓഫീസ് കെട്ടിടങ്ങൾ, തുടങ്ങിയവ പശ്ചാത്തല മേഖലയിൽ ഉൾപ്പെടുന്നു.

2015-2016, 2016-2017, 2017-2018 എന്നീ വർഷങ്ങളിൽ ജില്ലയിലെ തദ്ദേശ ഭരണ സ്ഥാപനങ്ങൾ തയ്യാറാക്കിയ പ്രോജക്ടുകളുടെ മേഖല തിരിച്ചുള്ള വകയിരുത്തൽ പട്ടിക (12, 13, 14) പ്രകാരം.

പട്ടിക 12

## 2015-2016 വാർഷിക പദ്ധതിയിലെ മേഖല വകയിരുത്തൽ

(രൂപ ലക്ഷത്തിൽ)

| തദ്ദേശഭരണ സ്ഥാപനം | ഉല്പാദന മേഖല | | സേവന മേഖല | | പശ്ചാത്തലം | | ആകെ |
|---|---|---|---|---|---|---|---|
| | വകയിരുത്തൽ | % | വകയിരുത്തൽ | % | വകയിരുത്തൽ | % | |
| ഗ്രാമപഞ്ചായത്തുകൾ | 4650.7 | 12.10 | 18218.84 | 47.40 | 15566.57 | 40.50 | 38436.11 |
| ബ്ലോക്ക് പഞ്ചായത്തുകൾ | 707.26 | 6.73 | 7855.72 | 74.75 | 1946.84 | 18.52 | 10509.82 |
| മുനിസിപ്പാലിറ്റി | 563.76 | 5.53 | 5008.75 | 49.13 | 4623.27 | 45.34 | 10195.78 |
| ജില്ലാപഞ്ചായത്ത് | 1400.07 | 15.21 | 3857.01 | 41.89 | 3950.03 | 42.90 | 9207.11 |
| **ആകെ** | **7321.79** | **10.71** | **34940.32** | **51.12** | **26086.71** | **38.17** | **68348.82** |

*(അവലംബം : സൂലേഖ, ഐ.കെ.എം.)*

പട്ടിക 13

## 2016-2017 വാർഷിക പദ്ധതിയിലെ മേഖല വകയിരുത്തൽ

(രൂപ ലക്ഷത്തിൽ)

| തദ്ദേശഭരണ സ്ഥാപനം | ഉല്പാദന മേഖല | | സേവന മേഖല | | പശ്ചാത്തലം | | ആകെ |
|---|---|---|---|---|---|---|---|
| | തുക | % | തുക | % | തുക | % | |
| ഗ്രാമ പഞ്ചായത്തുകൾ | 7803.76 | 19.04 | 19521.37 | 47.64 | 13651.2 | 33.31 | 40976.33 |
| ബ്ലോക്ക് പഞ്ചായത്തുകൾ | 1150.35 | 13.21 | 5579.94 | 14.93 | 1974.66 | 22.68 | 8704.95 |
| മുനിസിപ്പാലിറ്റി | 1505.02 | 9.68 | 8141.04 | 21.78 | 5908.32 | 37.98 | 15554.38 |
| ജില്ലാപഞ്ചായത്ത് | 2791.19 | 26.26 | 4123.33 | 11.03 | 3712.98 | 34.94 | 10627.50 |
| ആകെ | 13250.32 | 17.47 | 37365.68 | 49.25 | 25247.16 | 33.28 | 75863.16 |

*(അവലംബം : സൂലേഖ, ഐ.കെ.എം.)*

പട്ടിക 14

## 2017-2018 വാർഷിക പദ്ധതിയും മേഖല വകയിരുത്തൽ

(രൂപ ലക്ഷത്തിൽ)

| തദ്ദേശഭരണ സ്ഥാപനം | ഉല്പാദന മേഖല | | സേവന മേഖല | | പശ്ചാത്തലം | | ആകെ |
|---|---|---|---|---|---|---|---|
| | വകയിരുത്തൽ | % | വകയിരുത്തൽ | % | വകയിരുത്തൽ | % | |
| ഗ്രാമപഞ്ചായത്തുകൾ | 8850.75 | 17.86 | 22705.79 | 45.81 | 18011.12 | 36.34 | 49567.66 |
| ബ്ലോക്ക് പഞ്ചായത്തുകൾ | 2115.45 | 23.66 | 4629.43 | 51.78 | 2196.15 | 24.56 | 8941.03 |
| മുനിസിപ്പാലിറ്റി | 1409.78 | 9.03 | 7250.96 | 46.42 | 6959.41 | 44.55 | 15620.15 |
| ജില്ലാപഞ്ചായത്ത് | 3402.29 | 26.52 | 5782.44 | 45.08 | 3643.03 | 28.40 | 12827.76 |
| ആകെ | 15778.27 | 18.14 | 40368.62 | 46.42 | 30809.71 | 35.43 | 86956.60 |

*(അവലംബം : സൂലേഖ, ഐ.കെ.എം.)*

2015-2016 വർഷത്തിൽ ജില്ലയിലെ വിവിധ തദ്ദേശ ഭരണ സ്ഥാപനങ്ങൾ 68348.82 ലക്ഷം രൂപ അടങ്കൽ വരുന്ന പ്രോജക്ടുകൾ വിവിധ മേഖലകളിലായി ഏറ്റെടുത്തിരുന്നു. ഏറ്റവും കൂടുതൽ തുക വകയിരുത്തിയിരിക്കുന്നത് സേവന മേഖലയിലാണ് (51.12%) ഉല്പാദന മേഖലയ്ക്ക് ജില്ലയിലെ എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളും കൂടി ആകെ അടങ്കലിന്റെ 10.71% മാത്രമാണ് വകയിരുത്തിയിരിക്കുന്നത്. 2016-2017, 2017-2018 എന്നീ വർഷങ്ങളിൽ ഉല്പാദന മേഖലയുടെ വകയിരുത്തൽ യഥാക്രമം 17.47 ശതമാനവും, 18.14 ശതമാനവുമാണ്. മൂന്ന് വാർഷിക പദ്ധതി പരിശോധിക്കുമ്പോഴും ഏറ്റവും അധികം വിഹിതം വകയിരുത്തിയിരിക്കുന്നത് സേവന മേഖലയിലെ പ്രോജക്ടുകൾക്കാണ്.

## 2017-2018 വാർഷിക പദ്ധതി - പ്രധാന മേഖലകൾക്കുള്ള വകയിരുത്തൽ

2017-2018 വർഷത്തിൽ ജില്ലയിലെ വിവിധ തദ്ദേശ ഭരണ സ്ഥാപനങ്ങൾ പ്രധാന മേഖലകൾക്ക് വകയിരുത്തിയ തുകയുടെ വിശദാംശം പട്ടിക 15 പ്രകാരം.

**പട്ടിക 15**

**പ്രധാന മേഖലകൾക്ക് വകയിരുത്തിയ വിഹിതം**

(രൂപ ലക്ഷത്തിൽ)

| ക്രമ നമ്പർ | മേഖല | അടങ്കൽ തുക |
|---|---|---|
| 1. | കൃഷി | 5725.64 |
| 2. | മൃഗസംരക്ഷണം | 2357.40 |
| 3. | ക്ഷീരവികസനം | 1020.41 |
| 4. | വിദ്യാഭ്യാസം | 4473.22 |
| 5. | ആരോഗ്യം | 2874.93 |
| 6. | കുടിവെള്ളം | 2254.81 |
| 7. | സാമൂഹ്യക്ഷേമം | 3536.65 |
| 8. | മത്സ്യബന്ധനം | 331.56 |
| 9. | മണ്ണ് ജല സംരക്ഷണം | 458.96 |
| 10. | ഊർജ്ജം | 377.52 |
| 11. | ജലസേചനം | 477.67 |
| 12 | വ്യവസായം | 1329.16 |
| 13 | ശുചിത്വം, മാലിന്യ സംസ്കരണം | 4540.91 |
| 14 | പാർപ്പിടം | 7573.74 |
| 15 | കല-സംസ്കാരം, യുവജനക്ഷേമം | 270.63 |
| 16 | അനുപൂരക പോഷക ആഹാരം | 1965.53 |
| 17 | അംഗനവാടികൾ | 2077.07 |
| 18 | തെരുവ് വിളക്ക് | 1789.69 |
| 19 | ഗതാഗതം | 12991.10 |
| 20 | പൊതു കെട്ടിടങ്ങൾ | 3371.65 |

*(അവലംബം : സുലേഖ, ഐ.കെ.എം.)*

## തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി മറ്റു പ്രത്യേക വിഭാഗങ്ങൾക്കുള്ള വകയിരുത്തൽ

തദ്ദേശ ഭരണ സ്ഥാപനങ്ങൾ വാർഷിക പദ്ധതി തയ്യാറാക്കുമ്പോൾ, വനിതകൾ, കുട്ടികൾ, വൃദ്ധർ, ഭിന്നശേഷിക്കാർ തുടങ്ങിയവർക്കായി വിഹിതം വകയിരുത്താറുണ്ട്. 2015-2016, 2016-2017 എന്നീ വർഷങ്ങളിൽ ജില്ലയിലെ തദ്ദേശഭരണ സ്ഥാപനങ്ങൾ വാർഷിക പദ്ധതി പ്രോജക്ടുകളിൽ പ്രത്യേക വിഭാഗങ്ങൾക്കായി വകയിരുത്തിയ വിഹിതവും ചെലവും പട്ടിക (16) പ്രകാരം.

**പട്ടിക 16**

**പ്രത്യേക വിഭാഗങ്ങൾക്കുള്ള വകയിരുത്തൽ (2016-17)**

*(രൂപ ലക്ഷത്തിൽ)*

| വിഭാഗം | 2015-2016 | | | 2016-2017 | | |
|---|---|---|---|---|---|---|
| | വകയിരുത്തൽ | ചെലവ് | % | വകയിരുത്തൽ | ചെലവ് | % |
| വനിതാ ഘടകപദ്ധതി | 6460.5 | 3527.56 | 54.60 | 7000.24 | 3368.79 | 48.12 |
| കുട്ടികൾ | 1605.98 | 1180.13 | 73.48 | 2015.39 | 1480.68 | 73.47 |
| വൃദ്ധർ | 79.87 | 68.71 | 86.03 | 1018.15 | 522.73 | 51.34 |
| ഭിന്നശേഷിക്കാർ | 826.04 | 600.42 | 72.69 | 1221.06 | 753.13 | 61.68 |
| മറ്റ് ദുർബല വിഭാഗക്കാർ | 1098.04 | 565.25 | 51.48 | 740.23 | 437.83 | 59.15 |
| പാലിയേറ്റീവ് കെയർ | 248.99 | 206.55 | 82.96 | 599.25 | 437.4 | 72.99 |
| യുവജന വികസന പരിപാടി | 1322.58 | 538.81 | 40.74 | 1243.26 | 509.85 | 41.01 |

*(അവലംബം : സൂലേഖ, ഐ.കെ.എം.)*

**പട്ടിക 17**

**പ്രത്യേക വിഭാഗങ്ങൾക്കുള്ള വകയിരുത്തൽ (2017-18)**

*(രൂപ ലക്ഷത്തിൽ)*

| വിഭാഗം | ആകെ വികസന ഫണ്ട് (39142.37) | വകയിരുത്തൽ | ശതമാനം (ആകെ വികസന ഫണ്ടിന്റെ അടിസ്ഥാനത്തിൽ) |
|---|---|---|---|
| വനിതാ ഘടകപദ്ധതി | | 3538.38 | 9.04 |
| കുട്ടികൾ | | 1570.24 | 4.01 |
| വൃദ്ധർ | | 1331.28 | 3.40 |
| ഭിന്നശേഷിക്കാർ | | 1259.31 | 3.22 |
| മറ്റ് ദുർബല വിഭാഗക്കാർ | | 257.95 | 0.66 |
| പാലിയേറ്റീവ് കെയർ | | 451.28 | 1.15 |
| യുവജന വികസന പരിപാടി | | 695.92 | 1.78 |

*(അവലംബം : സൂലേഖ, ഐ.കെ.എം.)*

## ജില്ലയിലെ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ വികസന ഫണ്ട് വകയിരുത്തലും ചെലവും

തദ്ദേശ ഭരണ സ്ഥാപനങ്ങൾ വിവിധ സ്രോതസുകളിൽനിന്നുള്ള ധനവിഭവം സമാഹരിച്ചാണ് വാർഷിക പദ്ധതി പ്രോജക്ടുകൾ തയ്യാറാക്കുന്നത്. ധന വിഭവ സമാഹരണം പോലെതന്നെ പ്രാധാന്യമർഹിക്കുന്നതാണ് അവ എത്രമാത്രം ഓരോ വർഷവും ചെലവഴിക്കപ്പെടുന്നു എന്നുള്ളത് ഓരോ തദ്ദേശ ഭരണ സ്ഥാപനവും തങ്ങൾക്ക് ലഭ്യമാകുന്ന ധനവിഭവം 100 ശതമാനവും ചെലവഴിക്കുന്നതിന് പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടതാണ്. ഇങ്ങനെ ലഭിക്കുന്ന വിഹിതം പൂർണ്ണമായും ചെലവഴിക്കപ്പെടാൻ കഴിയുന്നില്ലായെങ്കിൽ അത് പ്രോജക്ട് രൂപീകരണത്തിലും അവയുടെ സമയബന്ധിത നിർവഹണത്തിലും ഉണ്ടായ പിഴവാണെന്ന് വിലയിരുത്തേണ്ടതായി വരുന്നു.

**പട്ടിക 18**

**2016-2017 വർഷത്തിലെ വികസന ഫണ്ട് വിഹിതവും ചെലവും**

*(രൂപ ലക്ഷത്തിൽ)*

| തദ്ദേശ ഭരണ സ്ഥാപനം | പൊതുവിഭാഗം | | | പ്രത്യേക ഘടക പദ്ധതി | | | പട്ടികവർഗ ഉപപദ്ധതി | | | ആകെ | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | ലഭ്യമായ തുക | ചെലവ് | % | ലഭ്യമായ തുക | ചെലവ് | % | ലഭ്യമായ തുക | ചെലവ് | % | ലഭ്യമായ തുക | ചെലവ് | % |
| ഗ്രാമ പഞ്ചായത്ത് | 16623.02 | 11339.73 | 68.22 | 3578.42 | 2722.72 | 76.09 | 68.49 | 44.05 | 64.32 | 20269.98 | 14106.50 | 69.59 |
| ബ്ലോക്ക് പഞ്ചായത്ത് | 2944.66 | 2089.65 | 70.96 | 1199.68 | 1054.32 | 87.88 | 22.90 | 14.92 | 65.15 | 4167.29 | 3158.89 | 75.80 |
| നഗരസഭ | 7356.62 | 4273.43 | 58.09 | 580.10 | 349.28 | 60.21 | 0.24 | 0.24 | 100.00 | 7936.98 | 4622.94 | 58.25 |
| ജില്ലാ പഞ്ചായത്ത് | 2944.77 | 2122.84 | 72.09 | 1199.67 | 716.60 | 59.73 | 22.93 | 17.34 | 75.62 | 4167.37 | 2856.78 | 68.55 |
| **ആകെ** | **29869.07** | **19825.65** | **66.38** | **6557.87** | **4842.92** | **73.85** | **114.56** | **76.55** | **66.82** | **36541.62** | **24745.11** | **67.72** |

*(അവലംബം : സൂലേഖ, ഐ.കെ.എം.)*

2016-2017 വർഷത്തിൽ ജില്ലയ്ക്ക് 36541.62 ലക്ഷം രൂപ വികസന ഫണ്ടിനത്തിൽ ലഭിക്കുകയുണ്ടായി. എന്നാൽ 24745.11 ലക്ഷം രൂപയാണ് ചെലവഴിക്കുകയുണ്ടായത്. (67.72%) 11796.51 ലക്ഷം രൂപ 2016-2017 സാമ്പത്തിക വർഷത്തിൽ ചെലവഴിക്കുവാൻ സാധിച്ചിട്ടില്ല. ബ്ലോക്ക് പഞ്ചായത്തുകളാണ് വികസന ഫണ്ട് ഏറ്റവും കൂടുതൽ ചെലവഴിച്ചത് (75.80%) ചെലവ് ശതമാനത്തിൽ പിന്നിൽ നില്ക്കുന്നത് ജില്ലയിലെ മുനിസിപ്പാലിറ്റികളാണ് (58.25%) പട്ടികജാതി വിഭാഗത്തിനായുള്ള പ്രത്യേക ഘടകപദ്ധതി തുക 73.84 ശതമാനവും പട്ടികവർഗ്ഗ ഉപ പദ്ധതി പ്രകാരമുള്ള തുക 66.82 ശതമാനവും ചെലവഴിക്കുകയുണ്ടായി.

## പതിമൂന്നാം പഞ്ചവത്സര കാലയളവിൽ ജില്ലയിലെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാകുന്ന പ്രതീക്ഷിത വിഹിതം

ജില്ലയുടെ സമഗ്ര വികസനത്തിനായി പദ്ധതികൾ തയ്യാറാക്കുമ്പോൾ നമുക്ക് വരും വർഷങ്ങളിൽ ലഭ്യമാകുന്ന ധനവിഭവ സ്രോതസിന് പ്രമുഖ പങ്കുണ്ട്. വരും വർഷങ്ങളിൽ ലഭിക്കാനിടയുള്ള പ്രതീക്ഷിത വിഹിതംകൂടി കണക്കാക്കിയാവണം പ്രോജക്ടുകൾ തയ്യാറാക്കേണ്ടത്. ജില്ലയിലെ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് 2017-2018 വർഷത്തിൽ വിവിധ സ്രോതസുകളിൽ നിന്നും ലഭ്യമായ വിഹിതവും അവ വിവിധ മേഖലയിലെ പ്രോജക്ടിൽ

വകയിരുത്തിയിട്ടുള്ളതും സംബന്ധിച്ച വിവരങ്ങൾ മുൻ ഭാഗങ്ങളിൽ പ്രതിപാദിച്ചിട്ടുണ്ട്. ഇതിനെ അടിസ്ഥാനമാക്കി വരും വർഷങ്ങളിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കുന്ന പ്രതീക്ഷിത വിഹിതം കണക്കാക്കാവുന്നതാണ്. ഇപ്രകാരം കണക്കാക്കുന്നതിന് പൊതുവായി അവംലംബിക്കുന്ന മാർഗ്ഗം ഓരോ വർഷവും ലഭ്യമാകുന്ന വിഹിതത്തിന്റെ 10 ശതമാനം അധികരിച്ച വിഹിതം വരും വർഷത്തിൽ ലഭിക്കും എന്നുള്ള രീതിയായാണ്. ഓരോ മേഖലയ്ക്കും ലഭ്യമാകുന്ന പ്രതിക്ഷിത വിഹിതവും ഇപ്രകാരം കണക്കാക്കാവുന്നതാണ്.

വികസന ഫണ്ടിനത്തിൽ പതിമൂന്നാം പഞ്ചവൽത്സര പദ്ധതിയുടെ വരും വർഷങ്ങളിൽ ജില്ലയിലെ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കാനിടയുള്ള പ്രതീക്ഷിത വരുമാനം പട്ടിക പ്രകാരം.

**പട്ടിക 19**

**തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പതിമൂന്നാം പദ്ധതിക്കാലയളവിലെ പ്രതീക്ഷിത വികസനഫണ്ട്**

*(രൂപ ലക്ഷത്തിൽ)*

| തദ്ദേശഭരണ സ്ഥാപനം | 2017-2018-ൽ ലഭ്യമായ വിഹിതം | 2018-2019 മുതൽ 2021-2022 വരെയുള്ള പ്രതീക്ഷിത വിഹിതം | | | |
|---|---|---|---|---|---|
| | | 2018-2019 | 2019-2020 | 2020-2021 | 2021-2022 |
| ഗ്രാമപഞ്ചായത്ത് | 21008.14 | 23108.80 | 25418.8 | 27959.80 | 30754.90 |
| ബ്ലോക്ക് പഞ്ചായത്ത് | 5025.96 | 5527.50 | 6079.70 | 6686.90 | 7354.60 |
| നഗരസഭ | 8082.21 | 8890.43 | 9779.00 | 10756.90 | 11831.60 |
| ജില്ലാ പഞ്ചായത്ത് | 5026.07 | 5528.60 | 6080.80 | 6688.00 | 7356.80 |
| **ആകെ** | **39142.37** | **43055..33** | **47358.30** | **52091.60** | **57297.9** |

ജില്ലയിലെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വിവിധ സ്രോതസുകളിൽ നിന്ന് പതിമൂന്നാം പഞ്ചവത്സര പദ്ധതികാലയളവിൽ ലഭിക്കാനിടയുള്ള പ്രതീക്ഷിത ധനസമാഹരണം പട്ടിക (20) പ്രകാരം

**പട്ടിക 20**

**തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പതിമൂന്നാം പദ്ധതിക്കാലയളവിലെ പ്രതീക്ഷിത ധമസമാഹാരം**

*(രൂപ ലക്ഷത്തിൽ)*

| വിഭവസ്രോതസ് | വർഷം | | | | | ആകെ |
|---|---|---|---|---|---|---|
| | 2017-2018 | 2018-2019 | 2019-2020 | 2020-2021 | 2021-2022 | |
| വികസന ഫണ്ട് | 39142.37 | 43055.33 | 47358.3 | 52091.6 | 57297.9 | 238945.5 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 6371.8 | 7008.1 | 7708.91 | 8479.8 | 9327.78 | 38896.39 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) | 8430.64 | 9273 | 10200.3 | 11220.33 | 12342.36 | 51466.63 |
| സംസ്ഥാനാവിഷ്കൃത പരിപാടികൾ | 2345.95 | 2579.5 | 2837.45 | 3121.19 | 3433.31 | 14317.4 |
| കേന്ദ്രാവിഷ്കൃത പരിപാടികൾ | 2510.08 | 2761 | 3037.1 | 3340.81 | 3674.89 | 15323.88 |
| തനത് ഫണ്ട് | 4688.74 | 5156.8 | 5672.48 | 5239.72 | 6863.7 | 27621.44 |
| **ആകെ** | **63489.58** | **69833.73** | **76814.54** | **83493.45** | **92939.94** | **386571.2** |

## വകുപ്പുകൾ മുഖേന ജില്ലയ്ക്ക് ലഭിക്കുന്ന വിഹിതം

സംസ്ഥാന ഗവൺമെന്റ് ബഡ്ജറ്റിലൂടേയും വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടേയും വിവിധ വകുപ്പുകൾ മുഖാന്തിരം ജില്ലയ്ക്ക് വിവിധ ഫണ്ടുകൾ അനുവദിച്ചു കിട്ടുന്നുണ്ട്. ഇത്തരം ഫണ്ട് ഉപയോഗിച്ച് വകുപ്പുകൾ നേരിട്ട് നടപ്പിലാക്കുന്ന വികസന പ്രവർത്തനങ്ങൾ ജില്ലയുടെ മൊത്തം വികസനത്തിൽ സുപ്രധാന പങ്ക് വഹിക്കുന്നുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങൾ തങ്ങൾക്ക് ലഭിക്കുന്ന വിവിധ ഫണ്ടുപയോഗിച്ച് തദ്ദേശഭരണ സ്ഥാപന പരിധിയിൽ ഒതുങ്ങുന്ന താരതമ്യേന ചെറുതായ പ്രവർത്തനങ്ങൾ ഏറ്റെടുക്കുമ്പോൾ വകുപ്പുകൾ നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ കുറച്ചുകൂടി വിശാലവും ഓരോ മേഖലയുടേയും സമഗ്ര വികസനത്തിന് സഹായകരമാകുന്ന വിധത്തിലുമുള്ളതാണ്. ജില്ലയുടെ ധനവിഭവ ശേഖരണത്തിലെ പ്രധാനപ്പെട്ടതാണ് വകുപ്പുകൾ മുഖാന്തിരം ജില്ലയ്ക്ക് ലഭ്യമാകുന്ന ഫണ്ട്. ഓരോ വർഷവും ഇത്തരത്തിൽ ജില്ലയ്ക്ക് ലഭ്യമാകുന്ന ഫണ്ടിൽ വർദ്ധനവ് ഉണ്ടാകുന്നുണ്ട്.

2015-2016, 2016-2017 എന്നീ വർഷങ്ങളിൽ ജില്ലയ്ക്ക് ഇത്തരത്തിൽ ലഭ്യമായ വിഹിതവും അവയുടെ ചെലവും താഴെ പറയുന്ന പട്ടിക പ്രകാരം.

**പട്ടിക 21**

**2015-16, 2016-17 വർഷങ്ങളിലെ വിഹിതവും ചെലവും**

*(രൂപ ലക്ഷത്തിൽ)*

| ഫണ്ട് തരം | വർഷം | | | | | |
|---|---|---|---|---|---|---|
| | 2015-2016 | | | 2016-2017 | | |
| | ലഭിച്ച തുക | ചെലവ് | % | ലഭിച്ച തുക | ചെലവ് | % |
| സംസ്ഥാന പദ്ധതിവിഹിതം | 23060 | 20857.86 | 90.45 | 30998.42 | 29219.98 | 94.26 |
| കേന്ദ്രസഹായ പദ്ധതിവിഹിതം | 17935.41 | 17918.2 | 99.90 | 30067.02 | 30001.77 | 99.78 |
| മറ്റ് കേന്ദ്രസഹായ പദ്ധതി വിഹിതം | 17810.77 | 16089.07 | 90.33 | 14289.75 | 14074.96 | 98.50 |
| **ആകെ** | **58806.18** | **54865.13** | **93.30** | **75355.19** | **73296.71** | **97.27** |

*(അവലംബം : പ്ലാൻ സ്പേസ്)*

2015-2016 വർഷത്തിൽ ജില്ലയ്ക്ക് 58806.29 ലക്ഷം രൂപയും 2016-2017 വർഷത്തിൽ 75355.19 ലക്ഷം രൂപയും വിവിധ വകുപ്പുകൾ മുഖാന്തിരം ലഭിക്കുകയുണ്ടായി. ഈ വർഷങ്ങളിലെ ചെലവ് ശതമാനം യഥാക്രമം 93.29 ഉം 97.26 ശതമാനവുമാണ്.

## 2016-17 വർഷത്തിൽ പ്രധാന വികസന മേഖലകൾക്ക് ലഭ്യമായ വിഹിതം

2016-2017 വാർഷിക പദ്ധതിയിൽ വകുപ്പുകൾ മുഖാന്തിരം ജില്ലയിലെ പ്രധാന വികസന മേഖലകൾക്ക് സംസ്ഥാന ബജറ്റിലൂടെയും വിവിധ കേന്ദ്രവിഷ്കൃത പദ്ധതിയകളിലൂടെയും ലഭ്യമായ വിഹിതം പട്ടി 22 പ്രകാരം.

**പട്ടിക 22**

**വികസന മേഖലകൾക്ക് ലഭ്യമായ വിഹിതം**

(രൂപ ലക്ഷത്തിൽ)

| ക്രമ നമ്പർ | വികസന മേഖല | ആകെ |
|---|---|---|
| 1. | കൃഷി | 3467.93 |
| 2. | മൃഗസംരക്ഷണം | 279.49 |
| 3. | ക്ഷീരവികസനം | 366.64 |
| 4. | വിദ്യാഭ്യാസം | 1012.66 |
| 5. | ആരോഗ്യം | 2808.40 |
| 6. | കുടിവെള്ളം | 1209.90 |
| 7. | സാമൂഹ്യക്ഷേമം | 1905.79 |
| 8. | മത്സ്യവകുപ്പ് | 3387.87 |
| 9. | മണ്ണ് ജല സംരക്ഷണം | 142.56 |
| 10. | ഊർജ്ജം | 5899.46 |
| 11. | ജലസേചനം | 471.58 |
| 12. | സഹകരണം | 48.52 |
| 13. | ദാരിദ്ര്യ ലഘൂകരണം | 1857.23 |
| 14. | പട്ടികജാതി വികസനം | 4312.88 |
| 15. | പട്ടികവർഗ്ഗ വികസനം | 161.52 |
| 16. | കയർ | 1582.96 |
| 17. | ഇറമുഖ വികസനം | 880.86 |
| 18. | പൊതുമരാമത്ത് | 5704.20 |
| 19. | കുട്ടനാട് പാക്കേജ് | 7620.55 |
| 20. | വ്യവസായം | 418.14 |
| 21. | സാമൂഹ്യ വനവൽക്കരണം | 122.32 |
| 22. | എം.എൻ.ആർ.ഇ.ജി.എസ്. | 28973.56 |

*(അവലംബം : പ്ലാൻ സ്പേസ്)*

## 2017–2018 വർഷത്തിൽ ലഭ്യമായ വിഹിതം

2017–18 വർഷത്തിൽ വകുപ്പുകൾ മുഖാന്തിരം വിവിധ സ്രോതസ്സുകളിലൂടെ ലഭ്യമായ ധന വിഭവം പട്ടിക 23 പ്രകാരം.

**പട്ടിക 23**

**2017–2018 വർഷത്തിൽ ലഭ്യമായ വിഹിതം**

*(രൂപ ലക്ഷത്തിൽ)*

| ഫണ്ട് തരം | അടങ്കൽ തുക |
|---|---|
| സംസ്ഥാന പദ്ധതി വിഹിതം | 27022.23 |
| കേന്ദ്രസഹായ പദ്ധതി വിഹിതം | 187.10 |
| മറ്റ് കേന്ദ്രസഹായ പദ്ധതി വിഹിതം | 23893.23 |
| **ആകെ** | **51102.56** |

*(അവലംബം : പ്ലാൻ സ്പേസ്)*

2017 ഒക്ടോബർ മാസം വരെ ജില്ലയിലെ വിവിധ വകുപ്പുകൾക്ക് ബഡ്ജറ്റ് പ്രകാരം അനുവദിച്ച വിഹിതമാണ് പട്ടികയിൽ കാണിച്ചിരിക്കുന്നത്. അടങ്കൽ തുക മാറ്റം വരാവുന്നതാണ്.

**പതിമൂന്നാം പഞ്ചവത്സര കാലയളവിൽ വകുപ്പുകൾ മുഖാന്തിരം ലഭ്യമാകുന്ന പ്രതീക്ഷിത വിഹിതം**

പതിമൂന്നാം പഞ്ചവത്സര കാലയളവിൽ ജില്ലയിലെ വിവിധ വകുപ്പുകൾ മുഖാന്തിരം ലഭ്യമാകുന്ന പ്രതീക്ഷിത വിഹിതം പട്ടിക 24 പ്രകാരം.

**പട്ടിക 24**

**പതിമൂന്നാം പഞ്ചവത്സര കാലയളവിൽ വകുപ്പുകൾ മുഖാന്തിരം ലഭ്യമാകുന്ന പ്രതീക്ഷിത വിഹിതം**

*(രൂപ ലക്ഷത്തിൽ)*

| വർഷം | പ്രതീക്ഷിത വിഹിതം |
|---|---|
| 2017-2018 | 82890.50 |
| 2018-2019 | 91179.55 |
| 2019-2020 | 100297.50 |
| 2020-2021 | 110327.25 |
| 2021-2022 | 121359.90 |
| **ആകെ** | **506053.8** |

## എം.പി.മാരുടെ പ്രാദേശിക വികസന പദ്ധതി

എം.പി.മാരുടെ പ്രാദേശിക വികസന പദ്ധതിയിൽ ഉൾപ്പെടുത്തി വിവിധ പ്രവർത്തികൾക്കായി ജില്ലയ്ക്ക് ഓരോ വർഷവും ഫണ്ട് ലഭിക്കുന്നുണ്ട്. ജില്ലയ്ക്ക് നിലവിൽ ശ്രീ.കെ.സി. വേണുഗോപാൽ, ശ്രീ.എ.കെ.ആന്റണി, ശ്രീ.വയലാർ രവി, ശ്രീ. കൊടിക്കുന്നിൽ സുരേഷ് എന്നീ എം.പി.മാരുടെ ഫണ്ടാണ് പ്രധാനമായും ലഭിക്കുന്നത്. ഇത് കൂടാതെ പ്രൊഫ. പി.ജെ.കുര്യൻ, ശ്രീ. സോമപ്രസാദ്, ശ്രീ. സുരേഷ്ഗോപി, ശ്രീ. റിച്ചാർഡ് ഹേ, ശ്രീ. വിരേന്ദ്രകുമാർ എന്നീ എം.പി.മാരും ജില്ലയിൽ വിവിധ പ്രവർത്തികൾക്കായി തങ്ങളുടെ പ്രാദേശിക വികസന ഫണ്ടിൽ ഉൾപ്പെടുത്തി ഫണ്ട് അനുവദിക്കാറുണ്ട്. ഇപ്രകാരം എം.പി.മാർ ജില്ലയ്ക്ക് അനുവദിച്ച തുക സംബന്ധിച്ച വിശദാംശം പട്ടിക പ്രകാരം.

**പട്ടിക 25**

**എം.പി. ഫണ്ട് സംബന്ധിച്ച വിശദാംശം**

*(രൂപ ലക്ഷത്തിൽ)*

| വർഷം | പ്രവർത്തികളുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|
| 2016-2017 | 145 | 1144 |
| 2017-2018 (2017 നവംബർ വരെ) | 74 | 554.88 |

*(അവലംബം : MPLADS പുരോഗതി റിപ്പോർട്ട് )*

## എം.എൽ.എ. മാരുടെ പ്രാദേശിക വികസന പദ്ധതി

ആലപ്പുഴ ജില്ലയെ പ്രതിനിധാനം ചെയ്ത് നിലവിൽ 9 എം.എൽ.എ.മാരാണുള്ളത്. എം.എൽ.എ.മാർക്കുള്ള വികസനപദ്ധതി ഫണ്ടിൽ ഉൾപ്പെടുത്തി ഓരോ വർഷവും ജില്ലയ്ക്ക് വിഹിതം ലഭ്യമാക്കുന്നുണ്ട്. രണ്ട് തരത്തിലുള്ള വികസന ഫണ്ടാണ് ഇപ്രകാരം ലഭ്യമാക്കുന്നത്. പ്രത്യേക വികസനഫണ്ടും, ആസ്തി വികസന ഫണ്ടും. ഇപ്രകാരം ജില്ലയ്ക്ക് 2016–2017, 2017–2018 വർഷങ്ങളിൽ ലഭ്യമായ ഫണ്ടിന്റെ വിശദാംശം പട്ടിക പ്രകാരം

**പട്ടിക 26**

**എം.എൽ.എ. ഫണ്ട് സംബന്ധിച്ച വിശദാംശം**

*(രൂപ ലക്ഷത്തിൽ)*

| വർഷം | MLA SDF | | MLA ADF | |
|---|---|---|---|---|
| | പ്രവർത്തികളുടെ എണ്ണം | തുക | പ്രവർത്തികളുടെ എണ്ണം | തുക |
| 2016–2017 | 129 | 663.81 | 109 | 2697.35 |
| 2017–18 (2017 നവംബർ വരെ) | 125 | 488.83 | 8 | 360.5 |

*(അവലംബം എം.എൽ.എ. ഫണ്ട് പുരോഗതി റിപ്പോർട്ട്)*

## പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിനായുള്ള മറ്റു പദ്ധതികൾ

പട്ടികജാതി വിഭാഗത്തിനായുള്ള കോർപ്പസ് ഫണ്ട് ഇനത്തിൽ ജില്ലയ്ക്ക് 2017–2018 വർഷത്തിൽ 376.00 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ ഈ വിഭാഗത്തിനായുള്ള പ്രത്യേക കേന്ദ്ര സഹായപദ്ധതി പ്രകാരം 2017–2018 വർഷത്തിൽ 19.16 ലക്ഷം രൂപ ലഭ്യമായിട്ടുണ്ട്.

പട്ടികവർഗ്ഗ വികസനത്തിനായുള്ള 7.5 ലക്ഷം രൂപയുടെ ഭക്ഷ്യ സുരക്ഷ പദ്ധതിക്കും 2017–2018 ൽ വിഹിതം ലഭ്യമായിട്ടുണ്ട്.

## ജില്ലയുടെ പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിലെ പ്രതീക്ഷിത ധനസമാഹരണം – ഒറ്റനോട്ടത്തിൽ

ജില്ലയിലെ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കും, വികസന വകുപ്പുകൾക്കും വിവിധ സ്രോതസുകളിൽ നിന്നും ലഭിക്കുന്ന ധനവിഭവത്തെ കുറിച്ച് മുൻഭാഗങ്ങളിൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. ജില്ലയുടെ സമഗ്ര വികസന ലക്ഷ്യം കൈവരിക്കുവാൻ ലഭ്യമാകുന്ന എല്ലാ സ്രോതസുകളിൽ നിന്നും ധനസമാഹരണം നടത്തേണ്ടതുണ്ട്. തദ്ദേശ ഭരണ സ്ഥാപനങ്ങളും വകുപ്പുകളും പദ്ധതികൾ നടപ്പിലാക്കുമ്പോൾ തങ്ങൾക്ക് ലഭിക്കുന്ന വിഹിതത്തിൽ ഒതുങ്ങുന്ന പ്രോജക്ടുകളാണ് പലപ്പോഴും തയ്യാറാക്കുന്നതും നടപ്പിലാക്കുന്നതും. പലപ്പോഴും ഇത്തരത്തിൽ സമാഹരിക്കുന്ന വിഹിതം പ്രോജക്ടിന്റെ പൂർണ്ണ ലക്ഷ്യസാക്ഷാൽക്കാരത്തിന് മതിയാകാതെ വരുന്നതായി കാണാം. പലപ്പോഴും പല പദ്ധതികളും ഫണ്ടിന്റെ അഭാവം മൂലം പൂർണ്ണതയിലെത്താറില്ല. ഇവിടെയാണ് മറ്റ് സ്രോതസുകളിൽനിന്നും കണ്ടെത്തുവാൻ സാധിക്കുന്ന ധന വിഭവത്തിന്റെ പ്രസക്തി. ഏതൊരു പദ്ധതി തയ്യാറാക്കുമ്പോഴും അതിന്റെ സംയോജന–ഏകോപന സാധ്യതകൾ പ്രത്യേകമായി പരിശോധിക്കേണ്ടതാണ്. ധനസമാഹരണത്തിലും ഈ സാധ്യത പരമാവധി ഉപയോഗപ്പെടുത്തണം. പലപ്പോഴും ഇത്തരത്തിൽ ധനസമാഹരണം നടന്നു കാണുന്നില്ല. ജില്ലയുടെ സമഗ്രവികസനം ലക്ഷ്യം വെച്ച്

ഏത് മേഖലയിലും പദ്ധതി തയ്യാറാക്കുമ്പോൾ അതിനായി ഏതെല്ലാം സ്രോതസിൽനിന്ന് ധനസമാഹരണം നടത്തുവാൻ കഴിയും എന്നത് കണ്ടത്തേണ്ടതും അപ്രകാരം ധനവിഭവം സമാഹരിക്കേണ്ടതുമാണ്.

ഇപ്രകാരം വികസന ലക്ഷ്യങ്ങൾ നേടാൻ ശ്രമിക്കുമ്പോൾ വരും വർഷങ്ങളിൽ സമാഹരിക്കുവാൻ കഴിയുന്ന വിഹിതവും കൂടി മുന്നിൽ കണ്ടുകൊണ്ട് പദ്ധതികൾ വിഭാവനം ചെയ്യാവുന്നതാണ്. ഇപ്രകാരം ജില്ലയ്ക്ക് പതിമൂന്നാം പഞ്ചവത്സര കാലയളവിൽ ലഭിക്കാനിടയുള്ള പ്രതീക്ഷിത വിഹിതം നമുക്ക് കണക്കാക്കാവുന്നതാണ്. ഇപ്രകാരമുള്ള പ്രതീക്ഷിത ധനവിഭവം കൂടി കണക്കാക്കിവേണം ഓരോ മേഖലയിലും പദ്ധതികൾ തയ്യാറാക്കേണ്ടത്.

പതിമൂന്നാം പദ്ധതി കാലയളവിൽ വിവിധ സ്രോതസുകളിൽ നിന്നും ലഭിക്കാനിടയുള്ള പ്രതീക്ഷിത വിഹിതം പട്ടിക 27 പ്രകാരം.

**പട്ടിക 27**

**ജില്ലയുടെ പ്രതീക്ഷിത ധനസമാഹരണം**

(രൂപ കോടിയിൽ)

| വിഭവ സ്രോതസ് | 2017-2018 | 2018-2019 | 2019-2020 | 2020-2021 | 2021-2022 | ആകെ |
|---|---|---|---|---|---|---|
| തദ്ദേശഭരണ സ്ഥാപനങ്ങൾ വഴിയുള്ള വിഭവസമാഹരണം | 634.89 | 698.33 | 768.14 | 844.95 | 929.39 | 3875.70 |
| വകുപ്പുകൾക്ക് ലഭ്യമാകുന്ന വിഹിതം | 828.90 | 911.79 | 1002.97 | 1103.27 | 1213.59 | 5060.53 |
| എം.പി.ഫണ്ട് | 12.00 | 12.00 | 12.00 | 12.00 | 12.00 | 60.00 |
| എം.എൽ.എ. ഫണ്ട് | 34.00 | 34.00 | 34.00 | 34.00 | 34.00 | 170.00 |
| **ആകെ** | **1509.79** | **1656.12** | **1817.11** | **1984.20** | **2188.98** | **9156.24** |

പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിൽ വിവിധ സ്രോതസുകളിൽ നിന്നും ജില്ലയ്ക്ക് ലഭിക്കാനിടയുള്ള പ്രതീക്ഷിത ധനവിഭവത്തിന്റെ ഏകദേശ കണക്കാണ് പട്ടിക 27-ൽ കാണിച്ചിരിക്കുന്നത്. ഇതിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടാവാം. എന്നിരുന്നാലും വിവിധ സ്രോതസുകളിൽ നിന്നായി 9156.24 കോടി രൂപ ആലപ്പുഴ ജില്ല പ്രതീക്ഷിക്കുന്നുണ്ട്. ഇതിനുമപ്പുറം ധനവിഭവം സമാഹരിക്കുവാൻ ലക്ഷ്യമിടേണ്ടതാണ്. ധനകാര്യ സ്ഥാപനങ്ങളിൽനിന്നുള്ള വായ്പ, സാമൂഹിക പ്രതിബദ്ധതാ ഫണ്ട് ഉൾപ്പെടെയുള്ളവയുടെ സാധ്യത പ്രത്യേകമായി പരിശോധിക്കേണ്ടതും അപ്രകാരം സമാഹരിക്കേണ്ടതുമാണ്.

## ജില്ലയിലെ വികസന മേഖലകളുടെ പ്രതീക്ഷിത ധനസമാഹരണം

ജില്ലയിലെ തദ്ദേശ ഭരണ സ്ഥാപനങ്ങൾ വഴിയും വിവിധ വകുപ്പുകൾ മുഖാന്തിരവും ജില്ലയ്ക്ക് പതിമൂന്നാം പഞ്ചവത്സര കാലയളവിൽ വിവിധ സ്രോതസ്സുകളിൽനിന്നും ലക്ഷ്യമിടുന്ന പ്രതീക്ഷിത ധനസമാഹരണത്തെക്കുറിച്ച് മുൻഭാഗത്ത് വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. ഇപ്രകാരം ജില്ലയിലെ വിവിധ വികസന മേഖലകൾക്ക് ലഭ്യമാകുന്ന പ്രതീക്ഷിത ധനവിഭവവും കണക്കാക്കാവുന്നതാണ്. ഇപ്രകാരം ഓരോ മേഖലയുടേയും പ്രതീക്ഷിത ധനവിഭവം

കണക്കാക്കുന്നത്, വരും വർഷങ്ങളിൽ ആ മേഖലയിൽ വികസന പദ്ധതികൾ ആവിഷ്കരിക്കുന്നതിന് സഹായകരമാവും. ജില്ലയിലെ പ്രധാന വികസന മേഖലകൾക്ക് പതിമൂന്നാം പഞ്ചവത്സര പദ്ധതികാലയളവിൽ ലഭ്യമാകുന്ന പ്രതീക്ഷിത ധനവിഭവ സമാഹരണം പട്ടിക(28) പ്രകാരം.

**പട്ടിക 28**

**വികസന മേഖലകളുടെ പ്രതീക്ഷിത ധനസമാഹരണം**

(കോടി രൂപ)

| ക്രമ നമ്പർ | മേഖലകൾ | വർഷം | | | | | ആകെ |
|---|---|---|---|---|---|---|---|
| | | 2017-2018 | 2018-2019 | 2019-2020 | 2020-2021 | 2021-2022 | |
| 1. | കൃഷി | 91.93 | 101.13 | 111.24 | 122.36 | 134.60 | **561.28** |
| 2. | മൃഗസംരക്ഷണം | 26.37 | 29.00 | 31.91 | 35.09 | 38.60 | **160.98** |
| 3. | ക്ഷീരവികസനം | 13.87 | 15.26 | 16.78 | 18.46 | 20.31 | **84.68** |
| 4. | വിദ്യാഭ്യാസം | 54.86 | 60.34 | 66.37 | 73.01 | 80.32 | **334.92** |
| 5. | ആരോഗ്യം | 56.83 | 62.51 | 68.76 | 75.64 | 83.21 | **346.97** |
| 6. | കുടിവെള്ളം | 34.64 | 38.11 | 41.92 | 46.11 | 50.73 | **211.52** |
| 7. | സാമൂഹ്യക്ഷേമം | 95.85 | 105.43 | 115.97 | 127.58 | 140.33 | **585.18** |
| 8. | മത്സ്യവകുപ്പ് | 37.19 | 40.91 | 45.00 | 49.51 | 54.46 | **227.07** |
| 9. | മണ്ണ് ജല സംരക്ഷണം | 6.01 | 6.61 | 7.27 | 8.01 | 8.81 | **36.72** |
| 10. | ഊർജ്ജം | 62.76 | 69.04 | 75.95 | 83.54 | 91.90 | **383.22** |
| 11. | ജലസേചനം | 9.49 | 10.44 | 11.48 | 12.63 | 13.89 | **57.95** |
| 12. | സഹകരണം | 0.48 | 0.53 | 0.58 | 0.64 | 0.71 | **2.96** |
| 13. | ദാരിദ്ര്യ ലഘൂകരണം | 94.30 | 103.74 | 114.11 | 125.52 | 138.08 | **575.77** |
| 14. | പട്ടികജാതി വികസനം | 117.11 | 128.82 | 141.70 | 155.88 | 171.46 | **714.98** |
| 15. | പട്ടികവർഗ്ഗ വികസനം | 2.91 | 3.19 | 3.51 | 3.87 | 4.25 | **17.75** |
| 16. | കയർ | 15.82 | 17.41 | 19.15 | 21.06 | 23.18 | **96.64** |
| 17. | ഇറമുഖ വികസനം | 8.81 | 9.68 | 10.65 | 11.72 | 12.89 | **53.77** |
| 18. | മരാമത്ത് പ്രവർത്തികൾ | 220.66 | 242.74 | 267.01 | 293.71 | 323.08 | **1347.21** |
| 19. | വ്യവസായം | 17.47 | 19.22 | 21.14 | 23.26 | 25.58 | **106.67** |
| 20. | സാമൂഹ്യ വനവൽക്കരണം | 1.22 | 1.35 | 1.48 | 1.63 | 1.79 | **7.47** |
| 21. | എം.എൻ.ആർ.ഇ.ജി.എസ്. | 289.73 | 318.71 | 350.58 | 385.64 | 424.20 | **1768.86** |
| 22. | കല-സംസ്കാരം-യുവജനക്ഷേമം | 2.71 | 2.98 | 3.27 | 3.60 | 3.96 | **16.52** |
| 23. | ശുചിത്വം-മാലിന്യസംസ്കരണം | 45.40 | 49.95 | 54.94 | 60.44 | 66.48 | **277.72** |

# സ്ഥാപന വിഭവങ്ങൾ

പ്രകൃതി വിഭവങ്ങളുടെ ശരിയായ വിനിയോഗത്തിന് മനുഷ്യ വിഭവങ്ങളുടെ വികസനവും പരിപാലനവും അത്യന്താപേക്ഷിതമായ ഘടകമാണ്. ഇതിനായി മനുഷ്യ വിഭവങ്ങളെ രൂപാന്തരപ്പെടുത്തുന്നതിൽ വിദ്യാഭ്യാസ ഗവേഷണ സ്ഥാപനങ്ങൾ മുതൽ തൊഴിൽ പരിശീലന സ്ഥാപനങ്ങൾവരെ സുപ്രധാന പങ്കാണ് വഹിക്കുന്നത്. പ്രകൃതി വിഭവങ്ങളുടെയും മനുഷ്യ വിഭവങ്ങളുടെയും വിനിയോഗം സുസ്ഥിര വികസനമെന്ന ആശയത്തിൽ അധിഷ്ഠിതമായിരിക്കണം. ഇന്നത്തെ ആവശ്യങ്ങൾ നാളത്തെ തലമുറയുടെ ആവശ്യങ്ങൾ കവർന്നെടുക്കുന്നത് ആകരുതെന്നാണ് സുസ്ഥിര വികസനത്തിലെ പ്രധാന ആശയം. ജില്ലയിലെ സാമൂഹ്യ-വിദ്യാഭ്യാസ-സാംസ്കാരിക ആരോഗ്യ സ്ഥാപനങ്ങൾ മനുഷ്യ വിഭവശേഷി വളർത്തുന്നതിലൂടെ പാരിസ്ഥിത സുസ്ഥിരത, സാമ്പത്തിക സുസ്ഥിരത, സാമൂഹ്യ-രാഷ്ട്രീയ സുസ്ഥിരത തുടങ്ങിയ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിൽ മുഖ്യ പങ്കാണ് വഹിക്കുന്നത്.

കാർഷിക വ്യവസായിക സേവന മേഖലകളിൽ ഉൾപ്പെടുന്ന എല്ലാ തൊഴിലിടങ്ങളിലും ജില്ലയിലെ മാനവശേഷിയുടെ സമീകൃതമായ വിതരണം അനിവാര്യമാണ്. ജീവിത നിലവാരം ഉയർത്തുന്നതിൽ ജില്ലയുടെ സാമൂഹിക-സാമ്പത്തിക വളർച്ച ത്വരിതപ്പെടുത്തുന്നതിലും നമ്മെ പ്രാപ്തമാക്കുന്നത് ജില്ലയിലെ വിദ്യാഭ്യാസ തൊഴിൽ നൈപുണ്യ വികസന ഗവേഷണ സ്ഥാപനങ്ങളാണ്.

## വിദ്യാഭ്യാസ സ്ഥാപനം

വ്യക്തിത്വ രൂപീകരണത്തിലും അറിവും വൈവിദ്ധ്യവും മെച്ചപ്പെടുത്തുന്നതിനും വിദ്യാഭ്യാസം വലിയ പങ്കാണ് വഹിക്കുന്നത്. സാർവ്വത്രിക വിദ്യാഭ്യാസമെന്ന ലക്ഷ്യത്തിലുപരി ഗുണമേന്മയുള്ളതും വിദ്യാർത്ഥികളുടെ കഴിവുകളെ വളർത്തുന്നതിനും സ്വഭാവ രൂപീകരണത്തിനുതകുന്നതുമായ വിദ്യാഭ്യാസ സംവിധാനമാണ് ജില്ലയ്ക്ക് ആവശ്യം. ജില്ലയുടെ സാമൂഹികവും, സാമ്പത്തികവും ചരിത്രപരവുമായ സവിശേഷതകളെ ഉൾക്കൊള്ളുന്നതിന് വിശ്വപൌരന്മാരായി മാറുന്നതിന് യുവാക്കളെ സജ്ജമാക്കുന്നതുമാകണം നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ. വികലാംഗർക്കും ഭിന്നശേഷിക്കാർക്കും പാവപ്പെട്ടവനും പിന്നോക്ക പ്രദേശങ്ങളിൽ വസിക്കുന്നവർക്കും വിദ്യാഭ്യാസം പ്രാപ്യമായ രീതിയിൽ പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടത് ജില്ലയുടെ വളർച്ചയ്ക്ക് അനിവാര്യമാണ്.


പ്രാഥമിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ മുതൽ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾവരെ ജില്ലയുടെ സമഗ്ര പുരോഗതിക്ക് അനിവാര്യമാണ്. ഇവയുടെ പ്രവർത്തനങ്ങളും അടിസ്ഥാന സൌകര്യങ്ങളും ഉയർത്തുന്നതിലൂടെ മാത്രമേ ജില്ലയുടെ സമഗ്ര പുരോഗതി കൈവരിക്കുന്നതിന് സഹായകരമാവുകയുള്ളൂ.

**പട്ടിക 1**

**ഗവൺമെന്റ് / മാനേജ്മെന്റ് തിരിച്ചുള്ള ആലപ്പുഴ ജില്ലയിലെ സെക്കണ്ടറിതലം വരെയുള്ള സ്കൂളുകളുടെ എണ്ണം**

| വിഭാഗം | ഗവൺമെന്റ് | പ്രൈവറ്റ് എയ്ഡഡ് | പ്രൈവറ്റ് അൺ എയ്ഡഡ് | ആകെ |
|---|---|---|---|---|
| ഹൈസ്കൂൾ | 62 | 128 | 7 | 197 |
| യു.പി. | 69 | 79 | 8 | 156 |
| എൽ.പി. | 199 | 188 | 23 | 410 |

*(അവലംബം: സാമ്പത്തിക അവലോകനം 2016)*





ജില്ലയിൽ സെക്കണ്ടറിതലം വരെയുള്ള 763 വിദ്യാലയങ്ങളാണ് പ്രവർത്തിക്കുന്നത്. ഇതിൽ 330 എണ്ണം ഗവൺമെന്റ് സ്കൂളുകളും 335 എണ്ണം പ്രൈവറ്റ് എയ്ഡഡ് സ്കൂളുകളുമാണ്. 38 സ്കൂളുകൾ മാത്രമാണ് അൺ എയ്ഡഡ് മേഖലയിൽ ഉള്ളത്. ആലപ്പുഴ ജില്ലയുടെ പൊതുവിദ്യാഭ്യാസ രംഗത്ത് സ്വകാര്യ എയ്ഡഡ് സ്ഥാപനങ്ങൾ മുഖ്യ പങ്കാണ് വഹിക്കുന്നത്.

**പട്ടിക 2**

**സംസ്ഥാന സിലബസ്സില്ലാത്ത ജില്ലയിലെ സ്കൂളുകളുടെ എണ്ണം**

| വിഭാഗം | എണ്ണം |
|---|---|
| സി.ബി.എസ്.ഇ. | 81 |
| ഐ.സി.എസ്.ഇ. | 14 |
| കേന്ദ്രീയ വിദ്യാലയം | 1 |
| ജവഹർ നവോദയ | 1 |

*(അവലംബം: സാമ്പത്തിക അവലോകനം 2016)*



സംസ്ഥാന സിലബസ്സില്ലാത്ത 97 സ്കൂളുകൾ ആലപ്പുഴ ജില്ലയിൽ പ്രവർത്തിക്കുന്നു. ഇതിൽ 81 എണ്ണം സി.ബി.എസ്.ഇ. വിഭാഗത്തിലും 14 എണ്ണം ഐ.സി.എസ്.ഇ. വിഭാഗത്തിലും ഒന്നു വീതം കേന്ദ്രീയ വിദ്യാലയവും ജവഹർ നവോദയ വിദ്യാലയവും ജില്ലയിൽ പ്രവർത്തിക്കുന്നു.


അടിസ്ഥാന സൌകര്യങ്ങളുടെ കാര്യത്തിൽ ജില്ലയിലെ ഗവൺമെന്റ് സ്കൂളുകൾ മുൻപന്തിയിലാണ്. ജില്ലയിൽ ആകെയുള്ള 330 ഗവൺമെന്റ് സ്കൂളുകളിൽ 312 സ്കൂളുകൾ കുടിവെള്ള സൌകര്യവും 316 സ്കൂളുകളിൽ കക്കൂസ്-മൂത്രപ്പുര സൗകര്യവുമുണ്ട്. ജില്ലയിലെ ഹൈസ്കൂൾതലം വരെയുള്ള സ്കൂളുകളിൽ 411 എണ്ണം അൺ ഇക്കണോമിക് ഗണത്തിൽ പെടുന്നതാണ്. ഇതിൽ 231 എണ്ണം ഗവൺമെന്റ് സ്കൂളുകളാണ്. ഇത്തരം സ്കൂളുകളുടെ പുനരുജ്ജീവനം ജില്ലയിലെ വിദ്യാഭ്യാസ മേഖലയുടെ വളർച്ചയ്ക്ക് അനിവാര്യമാണ്.

**പട്ടിക 3**

**ജില്ലയിലെ മാനേജ് മെന്റ് തിരിച്ചുള്ള ഹയർ സെക്കണ്ടറി സ്കൂളുകളുടെ എണ്ണം**

| വിഭാഗം | എണ്ണം |
|---|---|
| ഗവൺമെന്റ് | 46 |
| എയ്ഡഡ് | 64 |
| അൺ എയ്ഡഡ് | 15 |

*(അവലംബം: സാമ്പത്തിക അവലോകനം 2016)*





ജില്ലയിലെ ഹയർ സെക്കണ്ടറി സ്കൂളുകളിൽ ആകെയുള്ള 125 സ്കൂളുകളിൽ 46 എണ്ണം ഗവൺമെന്റ് മേഖലയിലും 64 എണ്ണം എയ്ഡഡ് മേഖലയിലും 15 എണ്ണം അൺ എയ്ഡഡ് മേഖലയിലുമാണ് പ്രവർത്തിക്കുന്നത്. ജില്ലയിലാകെ 24427 കുട്ടികൾ ഹയർ സെക്കണ്ടറി സ്കൂളുകളിൽ പഠിക്കുന്നു. ഇതിൽ 7704 കുട്ടികൾ ഗവൺമെന്റ് മേഖലയിലും 7856 കുട്ടികൾ എയ്ഡഡ് മേഖലയിലും 1011 കുട്ടികൾ അൺ എയ്ഡഡ് മേഖലയിലും പഠിക്കുന്നു.

**പട്ടിക 4**

**ജില്ലയിലെ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളുടെ എണ്ണം**

| വിഭാഗം | എണ്ണം |
|---|---|
| ഗവൺമെന്റ് | 14 |
| എയ്ഡഡ് | 7 |
| അൺ എയ്ഡഡ് | 0 |

*(അവലംബം: സാമ്പത്തിക അവലോകനം 2016)*





**ജില്ലയിലെ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ ആകെയുള്ള** 21 സ്കൂളുകളിൽ 14 എണ്ണം ഗവൺമെന്റ് മേഖലയിലും 7 എണ്ണം എയ്ഡഡ് മേഖലയിലും പ്രവർത്തിക്കുന്നു. **തൊഴിൽ വൈദഗ്ധ്യം നൽകുന്ന വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകൾ വൈദഗ്ധ്യമുള്ള തൊഴിൽസേന രൂപീകരിക്കുന്നതിന് പ്രധാന പങ്കാണ് വഹിക്കുന്നത്.**

**പട്ടിക 5**

**ജില്ലയിലെ ആർട്സ് & സയൻസ് കോളേജുകളുടെ എണ്ണം**

| വിഭാഗം | എണ്ണം |
|---|---|
| ഗവൺമെന്റ് | 1 |
| പ്രൈവറ്റ് | 12 |

*(അവലംബം: സാമ്പത്തിക അവലോകനം 2016)*




കേരളത്തിൽ ആർട്സ് & **സയൻസ് കോളേജ് വിഭാഗത്തിൽ സർക്കാർ മേഖലയിൽ** 60 **കോളേജുകളാണ് പ്രവർത്തിക്കുന്നത്. എന്നാൽ ആലപ്പുഴ ജില്ലയിൽ ഈ വിഭാഗത്തിൽ സർക്കാർ മേഖലയിൽ ഒരു കോളേജ് മാത്രമാണ് പ്രവർത്തിക്കുന്നത്. സ്വകാര്യ മേഖലയിൽ** 12


കോളേജുകളാണ് പ്രവർത്തിക്കുന്നത്. ജില്ലയിലെ ഭൂരിപക്ഷം വരുന്ന വിദ്യാർത്ഥികൾക്കും മറ്റ് ജില്ലകളിലെ സ്വകാര്യ കോളേജുകളെ ആശ്രയിക്കേണ്ട സ്ഥിതിയാണ് നിലവിലുള്ളത്. ഉന്നത ഗുണനിലവാരവും കുറഞ്ഞ ഫീസുമുള്ള സർക്കാർ കോളേജുകളുടെ അഭാവം ഉന്നത വിദ്യാഭ്യാസ രംഗത്തെ ആലപ്പുഴ ജില്ലയുടെ വികസനത്തെ സാരമായി ബാധിക്കുന്നു.

**പട്ടിക 6**

**ജില്ലയിലെ അദ്ധ്യാപക പരിശീലന സ്ഥാപനങ്ങളിലെ സീറ്റുകളുടെ എണ്ണം**

| വിഭാഗം | എണ്ണം |
|---|---|
| ഗവൺമെന്റ് | 130 |
| എയ്ഡഡ് | 240 |

*(അവലംബം: സാമ്പത്തിക അവലോകനം 2016)*





ജില്ലയിലെ അദ്ധ്യാപക പരിശീലന സ്ഥാപനത്തിന്റെ ആകെയുള്ള 370 സീറ്റുകളിൽ 130 സീറ്റുകൾ ഗവൺമെന്റ് മേഖലയിലും 240 സീറ്റുകൾ എയ്ഡഡ് മേഖലയിലും ഉണ്ട്. ഗവൺമെന്റ് മേഖലയുടെ കീഴിൽ മൂന്നും എയ്ഡഡ് മേഖലയുടെ കീഴിൽ ആറും പരിശീലന സ്ഥാപനങ്ങളാണ് ജില്ലയിലുള്ളത്.

**പട്ടിക 7**

**ജില്ലയിലെ പ്രീ-പൈമറി അദ്ധ്യാപക പരിശീലന സ്ഥാപനങ്ങളിലെ സീറ്റുകളുടെ എണ്ണം**

| വിഭാഗം | എണ്ണം |
|---|---|
| ഗവൺമെന്റ് | 30 |
| അൺ എയ്ഡഡ് | 30 |

*(അവലംബം: സാമ്പത്തിക അവലോകനം 2016)*





ജില്ലയിൽ പ്രീ-പ്രൈമറി അദ്ധ്യാപക പരിശീലന സ്ഥാപനത്തിൽ ഗവൺമെന്റ് മേഖലയിലും, അൺ എയ്ഡഡ് മേഖലയിലും 30 വീതം സീറ്റുകളാണ് ഉള്ളത്. ഓരോ സ്ഥാപങ്ങൾ വീതം ഗവണ്മെന്റ് മേഖലയിലും അൺ എയ്ഡഡ് മേഖലയിലും പ്രവർത്തിക്കുന്നു. ഇത്തരം സ്ഥാപനങ്ങളുടെ പുനരുജ്ജീവനം ജില്ലയിലെ വിദ്യാഭ്യാസ മേഖലയുടെ വളർച്ചയ്ക്ക് അനിവാര്യമാണ്.

**പട്ടിക 8**

**ജില്ലയിലെ എഞ്ചിനീയറിംഗ് കോളേജുകളുടെ എണ്ണം**

| വിഭാഗം | എണ്ണം |
|---|---|
| ഗവൺമെന്റ് | 0 |
| പ്രൈവറ്റ് | 0 |
| അൺ എയ്ഡഡ് | 12 |

*(അവലംബം: സാമ്പത്തിക അവലോകനം 2016)*




സർക്കാർ എയ്ഡഡ് മേഖലയിൽ ആലപ്പുഴ ജില്ലയിൽ എഞ്ചിനീയറിംഗ് കോളേജുകൾ ഒന്നുംതന്നെയില്ല. അൺ എയ്ഡഡ് മേഖലയിൽ പ്രവർത്തിക്കുന്ന 12 കോളേജുകൾ മാത്രമാണ് എഞ്ചിനീയറിംഗ് പഠനത്തിന് ആലപ്പുഴ ജില്ലയിലെ വിദ്യാർത്ഥികളുടെ ഏക ആശ്രയം. ജില്ലയിൽ 3930 കുട്ടികൾ എഞ്ചിനീയറിംഗ് വിഭാഗത്തിൽ അൺ എയ്ഡഡ് മേഖലയിൽ പഠിക്കുന്നു. മേൽ വസ്തുത സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് ജില്ല നേരിടുന്ന പിന്നോക്കാവസ്ഥയ്ക്ക് ഉദാഹരണമാണ്.

**പട്ടിക 9**
**ജില്ലയിലെ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ**

| വിഭാഗം | ഗവ. | എയ്ഡഡ് | അൺ എയ്ഡഡ് |
|---|---|---|---|
| ടെക്നിക്കൽ ഹൈസ്കൂൾ | 5 | 0 | 0 |
| പോളിടെക്നിക് കോളേജുകൾ | 2 | 1 | 0 |
| വ്യവസായിക പരിശീലന കേന്ദ്രങ്ങൾ | 8 | 0 | 42 |
| ഗവ. കോമേർഷ്യൽ ഇൻസ്റ്റിറ്റ്യൂട്ട് | 1 | 0 | 0 |

*(അവലംബം: ഇൻഡസ്ട്രിയൽ പൊട്ടൻഷ്യൽ റിപ്പോർട്ട്, ആലപ്പുഴ 2017)*





തൊഴിൽ നൈപുണ്യവും സാങ്കേതിക മികവുമുളള തൊഴിൽ ജനത ജില്ലയുടെ വികസനത്തിന് മുതൽക്കൂട്ടാണ്. പരമ്പരാഗത വിദ്യാഭ്യാസ ശൈലിയിൽനിന്നു മാറി തൊഴിൽ നൈപുണ്യവും സാങ്കേതിക മികവും പ്രദാനം ചെയ്യുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ ജില്ലയിലെ തൊഴിലില്ലായ്മ ഇല്ലാതാക്കുന്നതിന് ഉയർന്ന ജീവിത നിലവാരം ഉറപ്പു വരുത്തുന്നതിനും നമ്മെ സഹായിക്കുന്നു. ടെക്നിക്കൽ ഹൈസ്കൂൾ / പോളി ടെക്നിക്കൽ കോളേജ് വിഭാഗത്തിൽ ഗവ. സ്ഥാപനങ്ങൾക്കാണ് മുൻതൂക്കം. അൺ എയ്ഡഡ് മേഖലയിൽ ഈ വിഭാഗത്തിൽ സ്ഥാപനങ്ങൾ ഒന്നുംതന്നെ പ്രവർത്തിക്കുന്നില്ല. എന്നാൽ വ്യവസായ പരിശീലന കേന്ദ്രങ്ങളുടെ എണ്ണം പരിശോധിക്കുമ്പോൾ ജില്ലയിൽ ഗവ. മേഖലയിൽ 8 സ്ഥാപനങ്ങളും അൺ എയ്ഡഡ് മേഖലയിൽ 42 സ്ഥാപനങ്ങളും പ്രവർത്തിക്കുന്നുണ്ട്. ഇത്തരം സ്ഥാപനങ്ങളിൽനിന്നും പഠിച്ചിറങ്ങുന്ന വിദ്യാർത്ഥികളിൽ തൊഴിൽ നൈപുണ്യവും തൊഴിൽ സുരക്ഷിതത്വവും ഉറപ്പു വരുത്തേണ്ടതു ഈ മേഖലയിൽ നിലനിൽക്കുന്ന ചൂഷണം ഇല്ലാതാക്കുന്നതിനുളള നയസമീപനങ്ങൾ സ്വീകരിക്കേണ്ടത് അനിവാര്യമാണ്.

പട്ടിക 10

**ജില്ലയിലെ മെഡിക്കൽ വിദ്യാഭ്യാസ രംഗത്തെ സ്ഥാപനങ്ങൾ**

| വിഭാഗം | ഗവ. | അൺ എയ്ഡഡ് |
|---|---|---|
| മെഡിക്കൽ കേളേജുകൾ | 1 | 0 |
| നേഴ്സിംഗ് സ്കൂൾ | 1 | 11 |
| നേഴ്സിംഗ് കേളേജുകൾ | 1 | 4 |
| ഫാർമസി കേളേജുകൾ | 1 | 5 |
| ദന്തൽ കേളേജുകൾ | 1 | 0 |

*(അവലംബം: ഇൻഡസ്ട്രിയൽ പൊട്ടൻഷ്യൽ റിപ്പോർട്ട്, ആലപ്പുഴ 2017)*




ജില്ലയുടെ ആരോഗ്യ മേഖലയിൽ സുപ്രധാന പങ്കാണ് മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ വഹിക്കുന്നത്. 1963ൽ സ്ഥാപിതമായ ആലപ്പുഴ മെഡിക്കൽ കോളേജ് സംസ്ഥാനത്തെ നാലാമത്തെ സർക്കാർ മെഡിക്കൽ കോളേജ് ആണ്. മെഡിക്കൽ വിദ്യാഭ്യാസ രംഗത്തെ സ്വകാര്യ മേഖലയിൽ ജില്ലയിൽ മെഡിക്കൽ കേളേജുകൾ ഒന്നുംതന്നെയില്ല. നേഴ്സിംഗ് പഠനത്തിനായി ജില്ലയിൽ ആകെയുള്ള 17 കോളേജുകളിൽ 2 കോളേജുകൾ മാത്രമമാണ് സർക്കാർ മേഖലയിലുള്ളത്. ജില്ലയിൽ 6 ഫാർമസി കേളേജുകളിൽ ഒന്നു മാത്രമാണ് സർക്കാർ മേഖലയിൽ പ്രവർത്തിക്കുന്നത്. ദന്തൽ പഠന രംഗത്ത് ജില്ലയിൽ ആകെയുള്ളത് സർക്കാർ മേഖലയിൽ പ്രവർത്തിക്കുന്ന ഒരു കോളേജ് മാത്രമാണ്. ആയുർവ്വേദ പഠനത്തിന് ജില്ലയിലെ വിദ്യാർത്ഥികൾ മറ്റ് ജില്ലകളെ ആശ്രയിക്കേണ്ട സ്ഥിതിവിശേഷമാണ് നിലവിലുള്ളത്.

നിയമ, വെറ്റിനറി, ഡയറി സയൻസ്, കൃഷി എന്നീ മേഖലകളിലെ പഠനത്തിന് ജില്ലയിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളൊന്നുംതന്നെയില്ല. കൃഷിക്കും ടൂറിസത്തിനും ഏറെ പ്രാധാന്യമുള്ള ആലപ്പുഴ ജില്ലയിൽ ഈ മേഖലയിൽ പ്രൊഫഷണലുകളെ വാർത്തെടുക്കുന്നതിനും മികച്ച സ്ഥാപനങ്ങൾ ജില്ലയിൽ ഇല്ലാത്തത് ഉന്നത വിദ്യാഭ്യാസ മേഖലയിൽ ജില്ലയുടെ പിന്നോക്കാവസ്ഥയെ സൂചിപ്പിക്കുന്നു. ഈ മേഖലയിൽ കൂടുതൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉണ്ടാവേണ്ടത് ജില്ലയുടെ വികസന ആവശ്യങ്ങളിൽ പ്രധാനപ്പെട്ടതാണ്.

## ആരോഗ്യ സ്ഥാപനങ്ങൾ


കേരളത്തിലെ ആരോഗ്യ സ്ഥാപനങ്ങൾ ജില്ലയിലെ മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയാണ്. ശിശു മരണനിരക്കിലും ജനന മരണ നിരക്കിലും ആയുർ ദൈർഘ്യത്തിലും കേരളം ഇന്ന് ലോകത്തിലെ വികസിത രാജ്യങ്ങൾക്ക് തുല്യമായ പുരോഗതിയാണ് കൈവരിച്ചിരിക്കുന്നത്. ജനങ്ങളുടെ ജീവിത നിലവാരത്തെ ഏറ്റവുമധികം സ്വാധീനിക്കുന്ന ഘടകമാണ് ആരോഗ്യം. സംസ്ഥാനത്തിന്റെ ആരോഗ്യനയം പാവപ്പെട്ടവർക്കും ദുർബ്ബല വിഭാഗങ്ങൾക്കും ആധുനിക ആരോഗ്യ സംവിധാനങ്ങൾ പ്രാപ്യമാക്കുന്നതിന് സഹായകരമായിട്ടുണ്ട്. മുൻകാലങ്ങളിൽനിന്ന് വ്യത്യസ്തമായി ജീവിതശൈലീരോഗങ്ങളാണ് കേരളത്തിന്റെ ആരോഗ്യമേഖലയിൽ പ്രധാനമായും ബാധിക്കുന്നത്. ശാരീരിക ആരോഗ്യം പോലെതന്നെ മാനസികാരോഗ്യവും ഒരു ജനതയെ സംബന്ധിച്ച പ്രധാനപ്പെട്ടതാണ്. ആരോഗ്യരംഗത്ത് ജില്ലയിലെ സൌകര്യങ്ങൾ മറ്റ് മേഖലകളുടെ വികസനത്തെയും സ്വാധീനിക്കുന്നു. കേരളത്തിൽ ദിനംപ്രതി വർദ്ധിച്ചുവരുന്ന ആത്മഹത്യകൾ മദ്യപാനാസക്തി കൌമാരാരോഗ്യ പ്രശ്നങ്ങൾ റോഡപകടങ്ങൾ എന്നിവയുടെ തോത് കുറയ്ക്കുന്നതിൽ ആരോഗ്യമേഖലയിലെ നയങ്ങൾ പ്രധാന പങ്ക് വഹിക്കുന്നു. അലോപ്പതി, ആയുർവ്വേദം, ഹോമിയോ തുടങ്ങിയ പ്രധാന ചികിത്സാ സമ്പ്രദായം ജില്ലയിലെ ജനങ്ങൾക്ക് ഒരുപോലെ പ്രയോജനപ്രദമാക്കുക എന്നതാണ് നമ്മുടെ ലക്ഷ്യം. ജില്ലയുടെ വർദ്ധിച്ചുവരുന്ന ജനസംഖ്യയ്ക്ക് ആനുപാതികമായി ആരോഗ്യസ്ഥാപനങ്ങളുടെ എണ്ണത്തിലും അടിസ്ഥാന സൌകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിലും ജില്ലാ പദ്ധതി പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണ്.

**പട്ടിക 11**

**ജില്ലയിലെ ആരോഗ്യ സ്ഥാപനങ്ങൾ**

| വിഭാഗം | എണ്ണം |
|---|---|
| അലോപ്പതി ആശുപത്രികൾ | 14 |
| ആയുർവ്വേദ ആശുപത്രികൾ | 11 |
| ആയുർവ്വേദ ഡിസ്പൻസറികൾ | 59 |
| ഹോമിയോ ആശുപത്രികൾ | 3 |
| ഹോമിയോ ഡിസ്പൻസറികൾ | 55 |
| കമ്മ്യൂണിറ്റി ഹെൽത്ത് സെന്റേഴ്സ് | 16 |
| പ്രൈമറി ഹെൽത്ത് സെന്റേഴ്സ് | 59 |
| കുഷ്ഠരോഗാശുപത്രി | 1 |
| മാനസികാരോഗ്യ കേന്ദ്രം | 2 |
| ഉപ ആരോഗ്യകേന്ദ്രങ്ങൾ/കുടുംബക്ഷേമ കേന്ദ്രം | 366 |
| ക്ഷയരോഗകേന്ദ്രം | 4 |

*(അവലംബം: ഇൻഡസ്ട്രിയൽ പൊട്ടൻഷ്യൽ റിപ്പോർട്ട്, ആലപ്പുഴ 2017)*




ജില്ലയിൽ ആകെയുള്ള 590 ആരോഗ്യ സ്ഥാപനങ്ങളിൽ 14 എണ്ണം അലോപ്പതി ആശുപത്രികളാണ്. ഇവിടെ 2680 കിടക്കകളാണ് ആകെയുള്ളത്. 11 ആയുർവ്വേദ ആശുപത്രികളിൽ 210 കിടക്കകളും 3 ഹോമിയോ ആശുപത്രികളിൽ 25 കിടക്കകളും 16 കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിൽ 436 കിടക്കകളും 59 പ്രൈമറി ഹെൽത്ത് സെന്ററുകളിൽ 308 കിടക്കകളുമാണ് ഉള്ളത്.

ജില്ലയിൽ കുഷ്ഠരോഗ ചികിത്സയ്ക്കായി ഒരു ആശുപത്രിയാണ് നിലവിലുള്ളത്. മാനസികാരോഗ്യകേന്ദ്രങ്ങൾ 2 എണ്ണമാണ് ജില്ലയിൽ ഉള്ളത്. 366 ഉപ ആരോഗ്യകേന്ദ്രങ്ങളും 4 ക്ഷയരോഗകേന്ദ്രങ്ങളുമാണ് ഉള്ളത്. ജലജന്യരോഗങ്ങളും പകർച്ചവ്യാധികളും ധാരാളമായി റിപ്പോർട്ട് ചെയ്യുന്ന ജില്ലയിൽ അവ പ്രതിരോധിക്കുന്നതിനും മുൻകരുതലുകളെടുക്കുന്നതിനും ആരോഗ്യ സ്ഥാപനങ്ങൾ പ്രധാന പങ്ക് വഹിക്കുന്നതിനാൽ ജില്ലയിലെ ആരോഗ്യ സ്ഥാപനങ്ങളിൽ കൂടുതൽ വിദഗ്ധ ഡോക്ടർമാരുടെയും പാരാ മെഡിക്കൽ സ്റ്റാഫുകളുടെയും സേവനം ഉറപ്പുവരുത്തുന്നതിനും അടിസ്ഥാന സൌകര്യങ്ങൾ ഒരുക്കുന്നതിനും പ്രധാന്യം നൽകേണ്ടതുണ്ട്.

## ധനകാര്യ സ്ഥാപനങ്ങൾ

ജില്ലയുടെ വികസനത്തെ സ്വാധീനിക്കുന്ന പ്രധാന ഘടകമാണ് ധനകാര്യ സ്ഥാപനങ്ങൾ. ജില്ലയിലെ സാധാരണ ജനങ്ങളുടെ സാമ്പത്തിക ആവശ്യങ്ങൾ നിറവേറ്റുന്നതിനും നിക്ഷേപങ്ങൾ സുരക്ഷിതമായി ജില്ലയുടെ വികസന പ്രവർത്തനങ്ങൾക്കായി ക്രിയാത്മകമായി ഉപയോഗിക്കുന്നതിനും ധനകാര്യ സ്ഥാപനങ്ങൾ വഹിക്കുന്ന പങ്ക് വലുതാണ്. കാർഷിക വ്യവസായ മേഖലയുടെ വികസനത്തിന് അനിവാര്യമായ ഘടകമാണ് ധനകാര്യ സ്ഥാപനങ്ങൾ. ജില്ലയിൽ പ്രവർത്തിക്കുന്ന ദേശസാൽകൃത ബാങ്കുകൾ, സ്വകാര്യ ബാങ്കുകൾ,


സഹകരണ ബാങ്കുകൾ എന്നിവ തൊഴിൽ വരുമാനം എന്നിവ സൃഷ്ടിക്കുന്നതിനും ദാരിദ്ര്യ ലഘൂകരണത്തിനും സഹായിക്കുന്നു. ജില്ലയിലെ ബാങ്കുകളുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്ന ലീഡ് ബാങ്കായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ പ്രവർത്തിക്കുന്നു.

പട്ടിക 12

**ജില്ലയിലെ പ്രധാന ബാങ്കിംഗ് സ്ഥാപനങ്ങൾ**

| വിഭാഗം | റൂറൽ (എണ്ണം) | അർബൻ (എണ്ണം) |
|---|---|---|
| ദേശസാൽകൃത ബാങ്കുകൾ | 133 | 105 |
| സ്വകാര്യ ബാങ്കുകൾ | 86 | 51 |

*(അവലംബം: ഇൻഡസ്ട്രിയൽ പൊട്ടൻഷ്യൽ റിപ്പോർട്ട്, ആലപ്പുഴ 2017)*





ജില്ലയിൽ ആകെയുള്ള 375 ബാങ്കിംഗ് സ്ഥാപനങ്ങളിൽ 219 എണ്ണം ഗ്രാമീണ മേഖലയിലും 156 എണ്ണം നഗരപ്രദേശത്തും പ്രവർത്തിക്കുന്നു. ഇതിൽ 238 എണ്ണം ദേശസാൽകൃത ബാങ്കുകളും 137 എണ്ണം സ്വകാര്യ ബാങ്കുകളുമാണ്.

പട്ടിക 13

**ജില്ലയിലെ സഹകരണ ബാങ്കുകളുടെ എണ്ണം**

| വിഭാഗം | ബ്രാഞ്ചുകളുടെ എണ്ണം |
|---|---|
| സംസ്ഥാന സഹകരണ ബാങ്ക് | 1 |
| ആലപ്പുഴ ജില്ലാ സഹകരണ ബാങ്ക് | 55 |
| സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കുകൾ | 163 |
| സഹകരണ-കാർഷിക-ഗ്രാമ വികസന ബാങ്കുകൾ | 8 |

*(അവലംബം: ഇൻഡസ്ട്രിയൽ പൊട്ടൻഷ്യൽ റിപ്പോർട്ട്, ആലപ്പുഴ 2017)*




ജില്ലയിൽ സഹകരണ മേഖലയിൽ 219 ബാങ്കുകളാണ് പ്രവർത്തിക്കുന്നത്. ഗ്രാമീണ മേഖലയിലെ സാമ്പത്തിക പ്രവർത്തനങ്ങളെ സ്വാധീനിക്കുന്ന പ്രധാന സ്ഥാപനങ്ങളാണ് ഇവ. കാർഷിക വിദ്യാഭ്യാസ വായ്പകൾ ഗ്രാമീണ ജനതയ്ക്ക് ലഭ്യമാക്കുന്നതിന് സഹകരണ സ്ഥാപനങ്ങൾ പ്രധാന പങ്ക് വഹിക്കുന്നു.

## കാർഷിക സ്ഥാപനങ്ങൾ

ആലപ്പുഴ ജില്ലയുടെ വികസനത്തിൽ മുഖ്യ പങ്കാണ് കാർഷിക മേഖല വഹിക്കുന്നത്. എന്നാൽ കാർഷികോത്പന്നങ്ങളുടെ വിലയിലും ഉത്പാദനോപാധികളുടെ വിലയിലുമുള്ള അന്തരം കാർഷിക മേഖലയെ പ്രതികൂലമായി ബാധിക്കുന്നു. ആധുനിക കാർഷികരീതികൾ അവലംബിക്കുന്നതിലൂടെയും അടിസ്ഥാന സൌകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിലൂടെയും ജില്ലയിലെ കാർഷികമേഖലയിൽ പുത്തനുണർവുണ്ടാക്കാൻ നമുക്ക് സാധിക്കും. ആലപ്പുഴയുടെ മുഖ്യ ഭക്ഷ്യവിളയാണ് നെല്ല്. എന്നാൽ നെൽകൃഷിയുടെ വിസ്തൃതി നാൾക്കുനാൾ കുറഞ്ഞുകൊണ്ടിരിക്കുകയാണ്. ഉത്പാദനക്ഷമതയുടെ കാര്യത്തിൽ വളരെ കുറഞ്ഞ വർദ്ധനവ് മാത്രമാണ് നേടുവാൻ സാധിച്ചത്. സംസ്ഥാനത്തെ നെല്ലുത്പാദനത്തിൽ 16 ശതമാനമാണ് ആലപ്പുഴ ജില്ലയുടെ വിഹിതം. എന്നാൽ 2015-16 കാലയളവിൽ ജില്ലയിൽ ഉത്പാദനം ഗണ്യമായി കുറഞ്ഞു. നെൽകൃഷിയുടെ ചെലവ് കൂടിയത് മറ്റ് വിളകളുമായുള്ള താരതമ്യ വിലവിത്യാസവും തൊഴിലാളികളുടെ അപര്യാപ്തതയും കൃഷിഭൂമിയുടെ കാർഷികേതര പ്രവർത്തനങ്ങൾക്കു വേണ്ടിയുള്ള ഉപയോഗവും ഇതിന് പ്രേരകമായി. അതുത്പാദനശേഷിയും രോഗപ്രതിരോധശേഷിയും ജില്ലയുടെ പ്രത്യക കാലാവസ്ഥയ്ക്ക് യോജിച്ചതുമായ വിത്തിനങ്ങൾ ഉപയോഗിക്കുന്നതിലൂടെ മാത്രമെ ഉത്പാദനവർദ്ധനവ് സാധ്യമാകൂ. ഇതിനായി കാർഷിക ഗവേഷണ സ്ഥാപനങ്ങളുടെ ഇടപെടൽ ഈ രംഗത്ത് മാറ്റത്തിന് കാരണമാകും.

### മങ്കൊമ്പ് നെല്ല് ഗവേഷണ കേന്ദ്രം

ആലപ്പുഴ ജില്ലയിലെ കുട്ടനാട് താലൂക്കിലെ ചമ്പക്കുളം പഞ്ചായത്തിലെ തെക്കേക്കരയിലാണ് മങ്കൊമ്പ് നെല്ല് ഗവേഷണ കേന്ദ്രം സ്ഥിതിചെയ്യുന്നത്. 1940ലാണ് ഈ കേന്ദ്രം സ്ഥാപിതമായത്. കുട്ടനാട് പോലുള്ള സമുദ്ര നിരപ്പിനും താഴെയുള്ള പ്രദേശത്ത് കർഷകർ നേരിടുന്ന കാർഷിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പ്രധാന പങ്കാണ് ഈ കേന്ദ്രം

വഹിച്ചുകൊണ്ടിരിക്കുന്നത്. വിളവെടുപ്പ് മെച്ചപ്പെടുത്തുന്നതിനും കുട്ടനാട് പോലുള്ള പ്രദേശത്തിന് അനുയോജ്യമായ കൃഷി രീതികൾ അവലംബിക്കുന്നതിനും പുതിയ വിത്തിനങ്ങൾ ഉത്പാദിപ്പിക്കുന്നതിനും വലിയ സംഭാവനകൾ ഈ കേന്ദ്രം നൽകിയിട്ടുണ്ട്. കുട്ടനാടിന്റെ തനതായ കൃഷി സമ്പ്രദായങ്ങൾ ഉപയോഗപ്പെടുത്തുന്നതിലൂടെ അനുയോജ്യമായ സാങ്കേതികവിദ്യ പ്രയോഗിക്കുന്നതിലൂടെയും മെച്ചപ്പെട്ട ഉത്പാദനവർദ്ധനവ് കൈവരിക്കുന്നതിന് പ്രധാനപങ്കാണ് ഈ കേന്ദ്രം വഹിച്ചത്.

## റീജിയണൽ അഗ്രികൾച്ചർ റിസർച്ച് സ്റ്റേഷൻ ഓണാട്ടുകര

കായംകുളത്തെ ഓണാട്ടുകര റീജിയണൽ അഗ്രികൾച്ചർ റിസർച്ച് സ്റ്റേഷൻ 1937ലാണ് സ്ഥാപിതമായത്. സാങ്കേതിക വിദ്യയിലൂടെ ഭക്ഷ്യ-തൊഴിൽ-വരുമാന സുരക്ഷ ഉറപ്പുവരുത്തുന്നതിനും നവീനവും സുസ്ഥിരവുമായി കൃഷി രീതികൾ വികസിപ്പിക്കുന്നതിനും കേന്ദ്രം സുപ്രധാന പങ്കാണ് വഹിച്ചത്. നെല്ല്, എള്ള്, പയർ വർഗ്ഗങ്ങൾ തുടങ്ങിയവയുടെ മെച്ചപ്പെട്ട ഇനങ്ങൾ വികസിപ്പിക്കുന്നതും കർഷകർക്കിടയിൽ പുതിയ സാങ്കേതികവിദ്യകളുടെ പ്രചാരവും അവയിൽ പരിശീലനം നൽകലും കേന്ദ്രത്തിന്റെ പ്രധാന ലക്ഷ്യങ്ങളാണ്. കീടങ്ങളിൽനിന്നും രോഗങ്ങളിൽനിന്നും വിളകളെ സംരക്ഷിക്കുന്നതിനും കാർഷികോത്പന്നങ്ങളുടെ ഗുണ നിലവാരവും സുരക്ഷിതത്വവും മെച്ചപ്പെടുത്തുന്നതിനും മണ്ണും മറ്റ് പ്രകൃതിവിഭവങ്ങളുടെ സംരക്ഷണം തുടങ്ങിയ പ്രവർത്തനങ്ങൾ കേന്ദ്രം നടപ്പിലാക്കിവരുന്നു. യു.ആർ. 19, യു.ആർ. 110, കൊട്ടാരം 1, ലക്ഷ്മി, ഓണം, ഭാഗ്യ, ധന്യ, സാഗര, മകം, കുഭം, ചിങ്ങം, ധനു, തുലാം എന്നീ അത്യുത്പാദനശേഷിയുള്ള നെല്ലിനങ്ങൾ ഈ കേന്ദ്രത്തിന്റെ സംഭാവനയാണ്. കായംകുളം 1, കായംകുളം 2, തിലക്, തിൽതാര എന്നീ എള്ളിനങ്ങളും സി.യു.എൽ. 608, സി.യു.എൽ. 612 എന്നീ നിലക്കടലയിനങ്ങളും ഈ കേന്ദ്രത്തിൽ വികസിപ്പിച്ചെടുത്ത മികച്ച വിത്തിങ്ങളാണ്.

## സെൻട്രൽ പ്ലാന്റേഷൻ ക്രോപ്സ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, കായംകുളം

ഇന്ത്യൻ കൌൺസിൽ ഓഫ് അഗ്രികൾച്ചർ റിസർച്ച് (ഐ.സി.ഐ.ആർ.) ന് കീഴിൽ വരുന്ന പ്രമുഖ കാർഷിക ഗവേഷണ സ്ഥാപനമാണ് ഇത്. കാർഷികാവശ്യങ്ങൾക്കുള്ള പുത്തൻ സാങ്കേതിക വിദ്യകൾ വികസിപ്പിക്കുകയാണ് ഈ സ്ഥാപനത്തിന്റെ മുഖ്യ ലക്ഷ്യം. നാളീകേരം, അടയ്ക്ക, കൊക്കോ എന്നിവയുടെ ഉത്പാദനം, സരക്ഷണം, സംസ്കരണം എന്നീ പ്രവർത്തനങ്ങൾക്ക് അനുയോജ്യമായ സാങ്കേതിക വിദ്യകൾ വികസിപ്പിക്കുന്നതിൽ പ്രധാന പങ്കാണ് ഈ കേന്ദ്രം വഹിക്കുന്നത്. വിളകളുടെ ജനിതക സവിശേഷതകളുടെ ഒരു ദേശീയ ശേഖരമായി ഈ കേന്ദ്രം പ്രവർത്തിക്കുന്നു. രാജ്യത്തുടനീളമുള്ള കാർഷിക ഗവേഷണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിൽ പ്രധാന പങ്ക് ഈ കേന്ദ്രത്തിനുണ്ട്.

## വ്യവസായിക സ്ഥാപനങ്ങൾ

ജില്ലയുടെ സാമ്പത്തിക പുരോഗതിയെയും തൊഴിലവസരങ്ങളുടെ സൃഷ്ടിയെയും സന്തുലിത പ്രാദേശിക വികസനത്തെയും സ്വാധീനിക്കുന്ന പ്രധാന ഘടകമാണ് വ്യവസായിക സ്ഥാപനങ്ങൾ. മികച്ച റോഡുകൾ, വാർത്താ വിനിമയ സൌകര്യങ്ങൾ, മികച്ച മനുഷ്യ വിഭവങ്ങൾ എന്നിവ ജില്ലയിൽ സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായങ്ങളുടെ വളർച്ചയ്ക്ക് സഹായകരമായ ഘടകമാണ്. മികച്ച അടിസ്ഥാന സൌകര്യങ്ങൾ, വ്യവസായിക ക്ളസ്റ്ററുകൾ എന്നിവ വ്യവസായിക വളർച്ചയെ ത്വരിതപ്പെടുത്തുന്നതിൽ സുപ്രധാന പങ്ക് വഹിക്കുന്നു. വ്യവസായിക വളർച്ച ജില്ലയിലെ കാർഷിക മേഖലയുടെ വളർച്ചയെ സഹായിക്കുന്നു. അസംസ്കൃത ഉല്പന്നങ്ങളുടെ വ്യവസായിക വളർച്ചയെ സ്വാധീനിക്കുന്ന പ്രധാന ഘടകമാണ്.

പട്ടിക 14

**ജില്ലയിലെ വ്യവസായ സ്ഥാപനങ്ങളുടെ ദ്രുത വീക്ഷണം**

| ക്രമ നം. | വിഭാഗം | വിശദാംശങ്ങൾ |
|---|---|---|
| 1 | രജിസ്റ്റർചെയ്ത വ്യവസായ യൂണിറ്റുകൾ | 8830 എണ്ണം |
| 2 | ആകെ നിക്ഷേപം | 108243 ലക്ഷം |
| 3 | ആകെ തൊഴിലാളികൾ | 62664 എണ്ണം |
| 4 | ഇടത്തരം-വൻകിട വ്യവസായശാലകളിലെ തൊഴിലാളികൾ | 6118 എണ്ണം |
| 5 | വ്യവസായ പ്രദേശം | 6 എണ്ണം |
| 6 | ചെറുകിട വ്യവസായ എസ്റ്റേറ്റ് | 7 എണ്ണം |

*(അവലംബം: ഇൻഡസ്ട്രിയൽ പൊട്ടൻഷ്യൽ റിപ്പോർട്ട്, ആലപ്പുഴ 2017)*


ജില്ലയിൽ പ്രവർത്തിക്കുന്ന 8830 വ്യവസായിക യൂണിറ്റുകളിലായി 62,667 തൊഴിലാളികൾ ജോലി ചെയ്യുന്നു. ഇതിൽ 6618 **പേർ മാത്രമാണ് വൻകിട ഇടത്തരം വ്യവസായിക യൂണിറ്റുകളിൽ** ജോലി ചെയ്യുന്നത്. **ജില്ലയിൽ ആകെ** 6 വ്യവസായ പ്ലോട്ടുകളും 7 **ചെറുകിട വ്യവസായ** എസ്റ്റേറ്റുകളും പ്രവർത്തിക്കുന്നു.

പട്ടിക 15

**ജില്ലയിലെ സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായങ്ങളുടെ തരംതിരിച്ചുള്ള കണക്ക്**

| ഇനം | സൂക്ഷ്മം | ചെറുകിട | ഇടത്തരം | ആകെ |
|---|---|---|---|---|
| എണ്ണം | 8603 | 191 | 36 | 8830 |
| നിക്ഷേപം (ലക്ഷത്തിൽ) | 52380 | 21509 | 34354 | 108243 |
| തൊഴിലവസരങ്ങൾ | 53591 | 5025 | 4048 | 62664 |

*(അവലംബം: ഇൻഡസ്ട്രിയൽ പൊട്ടൻഷ്യൽ റിപ്പോർട്ട്, ആലപ്പുഴ 2017)*



ഉല്പാദന മേഖലയിൽ 25 ലക്ഷത്തിനുതാഴെയും സേവന മേഖലയിൽ 10 ലക്ഷത്തിനു താഴെയും കുറവ് മൂലധന നിക്ഷേപമുളള സ്ഥാപനങ്ങളെയാണ് സൂക്ഷ്മ വ്യവസായ വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുളളത്. ജില്ലയിൽ 8603 സൂക്ഷ്മ വ്യവസായ യൂണിറ്റുകൾ പ്രവർത്തിക്കുന്നു. ഏകദേശം 523.80 കോടി രൂപയുടെ നിക്ഷേപമാണ് സൂക്ഷ്മ വ്യവസായങ്ങളിൽ ജില്ലയിൽ നടത്തിയിട്ടുളളത്. 53591 പേർ ഈ മേഖലയിൽ പണിയെടുക്കുന്നു. ജില്ലയിലെ ഭൂമിയുടെ ലഭ്യത കണക്കിലെടുത്താൽ ജില്ലയ്ക്ക് ഏറ്റവും അനുയോജ്യമായതാണ് സൂക്ഷ്മ വ്യവസായം. കുറഞ്ഞ മതൽമുടക്കിൽ ആരംഭിക്കാവുന്നതും പാരിസ്ഥിതിക പ്രശ്നങ്ങൾ സൃഷ്ടിക്കാത്തതുമായ സൂക്ഷ്മ വ്യവസായം ജില്ലയുടെ സാമ്പത്തിക വികസനത്തിലെ മുഖ്യ പങ്കാളിത്തം വഹിക്കുന്നു.

ഉല്പാദന മേഖലയിൽ 25 ലക്ഷത്തിനു മുകളിലും 5 കോടിക്ക് താഴെയും സേവന മേഖലയിൽ 10 ലക്ഷത്തിനു മുകളിലും 2 കോടിക്ക് താഴെയും മൂലധന നിക്ഷേപമുളളവയെയാണ് ചെറുകിട വ്യവസായ വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുളളത്. ജില്ലയിൽ 191 ചെറുകിട വ്യവസായ യൂണിറ്റുകൾ പ്രവർത്തിക്കുന്നു. 5025 പേർ ഈ മേഖലയിൽ തൊഴിലെടുക്കുന്നു. 215.09 കോടി രൂപയുടെ നിക്ഷേപമാണ് ഈ മേഖലയിൽ ജില്ലയിൽ നടത്തിയിട്ടുളളത്. ജില്ലയുടെ സാമ്പത്തിക വികസനത്തിന് സുപ്രധാന പങ്കാണ് ചെറുകിട വ്യവസായങ്ങൾ വഹിക്കുന്നത്. പ്രദേശവാസികൾക്ക് ഏറ്റവും കൂടുതൽ തൊഴിൽ നൽകുന്ന മേഖലയാണ് ചെറുകിട വ്യവസായം. ജൈവ ഉല്പന്നങ്ങളുടെ ഉല്പാദനത്തിൽ ചെറുകിട വ്യവസായം മുഖ്യ പങ്ക് വഹിക്കുന്നു. ചെറുകിട വ്യവസായങ്ങളുടെ വികസനം പ്രോത്സാഹിപ്പിക്കുന്നതിനുളള കേരള സർക്കാർ സ്ഥാപനമാണ് സിഡ്കോ. ജില്ലയിൽ 2 പ്രമുഖ വ്യവസായിക എസ്റ്റേറ്റുകൾ സിഡ്കോയുടെ കീഴിൽ ചേർത്തലയിലും മാവേലിക്കരയിലെ കൊല്ലക്കടവിലും പ്രവർത്തിച്ചുവരുന്നു.

ഉല്പാദന മേഖലയിൽ 5 കോടിക്ക് മുകളിലും 10 കോടിക്ക് താഴെയും സേവന മേഖലയിൽ 2 കോടിക്കു മുകളിലും 5 കോടിക്ക് താഴെയും മൂലധന നിക്ഷേപമുളള സ്ഥാപനങ്ങളെയാണ് ഇടത്തരം വ്യവസായങ്ങളിൽ ഉൾപ്പെടുത്തിയിട്ടുളളത്. ജില്ലയിൽ 36 ഇടത്തരം വ്യവസായ യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നതിൽ 4,048 പേർ തൊഴിലെടുക്കുന്നു. 343.54 കോടി രൂപയുടെ നിക്ഷേപമാണ് ജില്ലയിൽ ഈ മേഖലയിൽ നടന്നിട്ടുളളത്.

**പട്ടിക 16**

**ജില്ലയിലെ വൻകിട വ്യവസായങ്ങൾ**

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | മേഖല പൊതു/സ്വകാര്യ | നിക്ഷേപം (ലക്ഷത്തിൽ) | തൊഴിലാളികൾ |
|---|---|---|---|---|
| 1 | കേരള സ്റ്റേറ്റ് ഇലക്ട്രോണിക് ഡവലപ്മെന്റ് കോർപ്പറേഷൻ, അരൂർ | പൊതുമേഖല | 2748.97 | 256 |
| 2 | ആട്ടോകാസ്റ്റ് ലിമിറ്റഡ്, ചേർത്തല | പൊതുമേഖല | 3019.41 | 333 |
| 3 | കേരള സ്റ്റേറ്റ് ഡ്രഗ്സ് & ഫാർമസ്യൂട്ടിക്കൽസ്, കലവൂർ | പൊതുമേഖല | 1168.32 | 183 |
| 4 | ആലപ്പി കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ് | പൊതുമേഖല | 572 | 350 |
| 5 | മിൽമ, പുന്നപ്ര | പൊതുമേഖല | 800 | 89 |
| 6 | എക്സൽ ഗ്ളാസ്സ് പ്രൈവറ്റ് ലിമിറ്റഡ് | സ്വകാര്യമേഖല | 6384 | 600 |
| 7 | ഡി.സി. മിൽസ് (3 യൂണിറ്റ്) | സ്വകാര്യമേഖല | 10700 | 739 |
| 8 | പാം ഫൈബർ, പാതിരപ്പള്ളി | സ്വകാര്യമേഖല | 1827 | 1128 |

*(അവലംബം: ബ്രീഫ് ഇൻഡസ്ട്രിയൽ പ്രൊഫൈൽ ഓഫ് ആലപ്പുഴ ഡിസ്ട്രിക്ട് 2016-17)*

ജില്ലയിൽ 8 വൻകിട വ്യവസായ സ്ഥാപനങ്ങളാണ് പ്രവർത്തിക്കുന്നത്. ഇതിൽ 5 എണ്ണം പൊതുമേഖലാ സ്ഥാപനങ്ങളും 3 എണ്ണം സ്വകാര്യ സ്ഥാപനങ്ങളുമാണ്. ജില്ലയിൽ 3678 തൊഴിലാളികൾ വൻകിട വ്യവസായ മേഖലയിൽ തൊഴിലെടുക്കുന്നു.

## വ്യവസായിക വളർച്ചാ കേന്ദ്രങ്ങൾ

ചേർത്തല താലൂക്കിലെ പള്ളിപ്പുറത്താണ് ജില്ലയിലെ എറ്റവും വലിയ (278.79 ഏക്കർ) വ്യവസായിക വളർച്ചാ കേന്ദ്രം പ്രവർത്തിക്കുന്നത്. മികച്ച അടിസ്ഥാന സൌകര്യങ്ങളും മികച്ച റോഡ് ശൃംഖലയും വ്യവസായ വളർച്ചാ കേന്ദ്രത്തിന്റെ പ്രത്യേകതയാണ്. മലബാർ സിമന്റ്സ്, കെ.എസ്.ഐ.ടി.ഐ.എൽ. (ഇൻഫോപാർക്ക്), ഐ.എച്ച്.ആർ.ഡി. എഞ്ചിനീയിംഗ് കേളേജ് എന്നിവ ഇവിടെ പ്രവർത്തിക്കുന്നു. ഇവിടെ പ്രവർത്തിക്കുന്ന 44 യൂണിറ്റുകളിൽ 25 എണ്ണം വിവിധ പ്രശ്നങ്ങൾമൂലം പ്രവർത്തന രഹിതമാണ്. 70 കോടി രൂപയുടെ നിക്ഷേപമാണ് ഈ കേന്ദ്രത്തിൽ നടത്തിയിട്ടുളളത്. 643 തൊഴിലാളികൾ ഇവിടെ ജോലി ചെയ്യുന്നു.

## സംരംഭകത്വ വികസന ക്ളബ്ബുകൾ (ED Clubs)

വിദ്യാർത്ഥികളുടെ ഇടയിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിന് കേരള സർക്കാരിന്റെയും ഡയറക്ടറേറ്റ് ഓഫ് ഇൻഡസ്ട്രീസ് & കോമേഴ്സിന്റെയും നേതൃത്വത്തിൽ ആരംഭിച്ച പ്രസ്ഥാനമാണ് ഇത്. സംസ്ഥാനത്തെ സ്കൂളുകളിലും ഐ.ടി.ഐ.കളിലും എഞ്ചിനീയറിംഗ് കോളേജുകളിലും മറ്റ് കോളേജുകളിലെയും വിദ്യാർത്ഥികൾക്കിടയിൽ വിശ്വാസവും വൈദഗ്ധ്യവും വളർത്തിയെടുക്കുന്നതിലൂടെ അവരിൽ സംരംഭകത്വ സംസ്കാരം വികസിപ്പിക്കുക എന്നതാണ് ഇത്തരം ക്ളബ്ബുകളുടെ ലക്ഷ്യം. വർക് ഷോപ്പുകൾ, ചർച്ചകൾ, ഈ മേഖലയിലെ വ്യവസായിക സന്ദർശനം, വിദഗ്ധരും വിജയം വരിച്ചവരുമായുളള ആശയവിനിമയം എന്നിവയിലൂടെ വിദ്യാർത്ഥികൾക്കിടയിൽ സംരംഭകത്വ താത്പര്യം സൃഷ്ടിക്കുക എന്നതും ഇതിന്റെ ലക്ഷ്യത്തിൽപ്പെടുന്നു. ജില്ലയിൽ രജിസ്റ്റർചെയ്ത 56 സംരംഭകത്വ ക്ളബ്ബുകൾ പ്രവർത്തിക്കുന്നു.

## കയർ വ്യവസായം

ആലപ്പുഴ ജില്ലയെ സംബന്ധിച്ച് പ്രധാനപ്പെട്ട പാരമ്പര്യ വ്യവസായമാണ് കയർ വ്യവസായം. ഏകദേശം 2 ലക്ഷത്തോളം തൊഴിലാളികൾ ഈ മേഖലയിൽ തൊഴിലെടുക്കുന്നു. ഇതിൽ 84 ശതമാനവും സ്ത്രീകളാണ്. സംസ്ഥാനത്തെ കയർ ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുളള 9,078 കയർ യൂണിറ്റുകളിൽ 7,584 യൂണിറ്റുകളും ആലപ്പുഴ ജില്ലയിലാണ് പ്രർത്തിക്കുന്നത്. കേരളത്തിലെ കയർ ഉല്പാദനത്തിന്റെ 95 ശതമാനവും നടക്കുന്നത് ആലപ്പുഴ ജില്ലയിലാണ്. കുറഞ്ഞ ഉല്പാദനക്ഷമത, നിക്ഷേപം, അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവ് എന്നിവയാണ് ജില്ലയിലെ കയർമേഖല അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നം. കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ ലിമിറ്റഡ്, ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ്, കയർഫെഡ് 3 പൊതുമേഖലാ സ്ഥാപനങ്ങൾ ജില്ലയിൽ പ്രവർത്തിച്ചു വരുന്നു. കയർ പ്രോജക്ട് സ്കീമിനു കീഴിൽ 246 കയർ സൊസൈറ്റികൾ ജില്ലയിൽ പ്രവർത്തിച്ചു വരുന്നു.

## സെൻട്രൽ കയർ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

കേന്ദ്ര കയർ ബോർഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രധാന കയർ ഗവേഷണ കേന്ദ്രമാണിത്. 1959ൽ ആലപ്പുഴയിലെ കലവൂരിലാണ് ഇത് സ്ഥിതി ചെയ്യുന്നത്. കയർ വ്യവസായം നേരിടുന്ന പ്രശ്നങ്ങൾക്ക് ശാസ്ത്രീയ ഗവേഷണങ്ങളിലൂടെ പരിഹാരം കാണുന്നതിന് ഈ കേന്ദ്രം പ്രധാന പങ്ക് വഹിച്ചിട്ടുണ്ട്. കയർ നേഴ്സറി ഉല്പന്നങ്ങളുടെ ഉല്പാദനം, സംസ്കരണം എന്നിവയുമായി ബന്ധപ്പെട്ട ഗവേഷണങ്ങളാണ് ഈ കേന്ദ്രത്തിൽ നടന്നു വരുന്നത്. കയർ ഉല്പാദിപ്പിക്കുവാനുള്ള മെച്ചപ്പെട്ട രീതികൾ വികസിപ്പിച്ചെടുക്കുക, കയർ നാരുകളുടെ സംസ്കരണം മെച്ചപ്പെടുത്തൽ, വൈവിദ്ധ്യവത്കരണം എന്നീ മേഖലകളിലും ഈ കേന്ദ്രം ഗവേഷണം നടത്തുന്നു. സാങ്കേതിക കൺസൾട്ടൻസി, ഫീൽഡ് എക്സ്റ്റൻഷൻ സർവ്വീസസ് എന്നീ സേവനങ്ങളും ഈ കേന്ദ്രം നൽകി വരുന്നു.

## മറ്റ് പരിശീലന കേന്ദ്രങ്ങൾ

1) റൂറൽ സെൽഫ് എംപ്ലോയ്മെന്റ് ട്രയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് (RSETI)

ഗ്രാമീണ യുവജനങ്ങളുടെ ഇടയിൽ സംരംഭകത്വ വികസനത്തിനായി പരിശീലനം നൽകുന്നതിനായി രാജ്യത്തെ ഓരോ ജില്ലയിലും കേന്ദ്ര മാനവശേഷി വികസന മന്ത്രാലയത്തിന്റെ ആഭിമുഖ്യത്തിലാണ് ഈ കേന്ദ്രങ്ങൾ രൂപീകരിച്ചിട്ടുള്ളത്. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സജീവ സഹകരണത്തോടെയാണ് ഇത്തരം കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നത്. ബി.പി.എൽ. വിഭാഗത്തിൽപ്പെടുന്ന ഗ്രാമീണ യുവജനങ്ങളുടെ തൊഴിലില്ലായ്മ പ്രശ്നം പരിഹരിക്കുന്നതിനും അവരുടെ കഴിവുകൾ മെച്ചപ്പെടുത്തുന്നതിനും, നൈപുണ്യം വർദ്ധിപ്പിക്കുന്നതിനും ഈ കേന്ദ്രങ്ങൾ പ്രത്യേക പരിശീലനങ്ങൾ നൽകി വരുന്നു. ജില്ലയിലെ പ്രമുഖ ബാങ്കിംഗ് സ്ഥാപനത്തിന്റെ നേതൃത്വത്തിലും മേൽനോട്ടത്തിലും നടത്തിവരുന്ന മേൽപദ്ധതികളിൽ പരിശീലനം വിജയകരമായി പൂർത്തിയാക്കിയശേഷം സംരംഭങ്ങളാരംഭിക്കുന്നതിന് ക്രഡിറ്റ് ലിങ്കേജ് സഹായം നൽകി വരുന്നു. ജില്ലയിൽ ആര്യാട് ബ്ലോക്കിൽ ഈ പരിശീലനകേന്ദ്രം പ്രവർത്തിച്ചു വരുന്നു.

2) ഫുഡ്ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട്

ഹോട്ടൽ വിനോദ വ്യവസായ മേഖലകളിലെ വിവിധ ട്രേഡുകളിൽ യുവതീ-യുവാക്കൾക്ക് പരിശീലനം നൽകുക എന്ന ഉദ്ദേശത്തോടെ ആരംഭിച്ചതാണ് ഫുഡ്ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട്. 1967ൽ കളമശ്ശേരിയിലാണ് ആദ്യത്തെ ഫുഡ്ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിതമായത്. കേരളത്തിൽ 12 ഫുഡ്ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടുകൾ പ്രവർത്തിച്ചു വരുന്നു. ആലപ്പുഴ ജില്ലയിൽ ചേർത്തലയിലാണ് ഫുഡ്ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് പ്രവർത്തിക്കുന്നത്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന യുവതീ-യുവാക്കൾക്കിടയിൽ തൊഴിലില്ലായ്മ ഇല്ലാതാക്കുന്നതിനും ഹോട്ടൽ ടൂറിസം രംഗത്തെ മികച്ച അവസരങ്ങൾ ഉപയോഗപ്പെടുത്തുന്നതിനും അവരെ പ്രാപ്തരാക്കുന്നതിന് ഈ കേന്ദ്രങ്ങൾ പ്രധാന പങ്ക് വഹിക്കുന്നു. ഫ്രണ്ട് ഓഫീസ്, ഫുഡ് ആന്റ് ബിവറേജ് സർവ്വീസ്, ഹോട്ടൽ അക്കമഡേഷൻ ഓപ്പറേഷൻ, ഫുഡ് പ്രോഡക്ഷൻ, ബേക്കറി ആന്റ് കൺഫക്ഷണറി എന്നിവയാണ് പ്രധാന കോഴ്സുകൾ. 9 മാസത്തെ ക്ളാസ്സും പഠനവും 3 മാസത്തെ ഹോട്ടൽ വ്യവസായ പരിശീലനവും ഉൾക്കൊള്ളുന്നതാണ് കോഴ്സ്.

3) പ്രധാനമന്ത്രി കൌശൽ വികാസ് കേന്ദ്ര

നൈപുണ്യ വികസനത്തിലൂടെ തൊഴിലവസരശേഷി വർദ്ധിപ്പിക്കുക എന്ന ഉദ്ദേശത്തോടെ 2015 ജൂലൈ 15-നാണ് പി.എം.കെ.വി.വൈ. പദ്ധതി ആരംഭിച്ചത്. മിനിസ്ട്രി ഓഫ് സ്കിൽ ഡവലപ്മെന്റ് ആന്റ് എന്റർപ്രണർഷിപ്പിന്റെ മാർഗ്ഗനിർദ്ദേശത്തോടെ നാഷണൽ സ്കിൽ ഡവലപ്മെന്റ് കോർപ്പറേഷൻ (NSDC) നടപ്പിലാക്കുന്ന പദ്ധതിയാണിത്. വൈദഗ്ധ്യപൂർണ്ണമായ ഇന്ത്യ എന്നതാണ് ഈ പദ്ധതിയുടെ പ്രധാന കാഴ്ചപ്പാട്. വൈദഗ്ധ്യ പരിശീലനത്തിനുള്ള ഈ പദ്ധതിയിൽ രാജ്യത്തെ 24 ലക്ഷം പേർക്ക് പരിശീലനം നൽകുന്നതിനുള്ള പദ്ധതിയാണ് തയ്യാറാക്കിയിട്ടുള്ളത്. വ്യവസായിക തലത്തിലുള്ള മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കിയാണ് പരിശീലന പരിപാടികൾ തയ്യാറാക്കിയിട്ടുള്ളത്. ഈ സ്കീമിനു കീഴിലുള്ള ഒരു കേന്ദ്രം ആലപ്പുഴ നഗരസഭയിൽ പ്രവർത്തിച്ചു വരുന്നു.

4) ഏക്സാത് (സെന്റർ ഫോർ ഹ്യൂമൻ റിസോഴ്സസ് ഡവലപ്മെന്റ് ആന്റ് റിസർച്ച്)

കുടുംബശ്രീ യുവശ്രീ തൊഴിൽ പദ്ധതിയിലുൾപ്പെടുത്തി സംസ്ഥാനതലത്തിൽ മാനവശേഷി വികസന പരിശീലന സ്ഥാപനമായി 2006 മാർച്ചിലാണ് ഈ സ്ഥാപനം രൂപീകരിച്ചത്. പ്രാദേശിക സാമ്പത്തിക വികസനത്തിനു ഉപജീവന വികസനത്തിനും സംരംഭകത്വ വികസനത്തിനും തൊഴിൽ വൈദഗ്ധ്യത്തിനും പദ്ധതി രൂപീകരണത്തിനും നിർവ്വഹണ പ്രവർത്തനങ്ങൾക്കും ഏക്സാത് നിർണ്ണായകമായ സംഭാവന നൽകി വരുന്നു. സംഘടനാ ശാക്തീകരണം, സ്ത്രീപദവി സ്വയംപഠന പ്രക്രിയ, പഞ്ചായത്തീരാജ് സംവിധാനത്തെ ശക്തമാക്കൽ, വിവിധ ഗവൺമെന്റ് സ്ഥാപനങ്ങൾക്കും വകുപ്പുകളിലെ ഉദ്യോഗസ്ഥർക്കും പരിശീലനം നൽകുക എന്നീ പ്രവർത്തനങ്ങൾ നടത്തിവരുന്നു. കുടുംബശ്രീ, തദ്ദേശ ഭരണ സ്ഥാപനങ്ങൾ, മറ്റ് വകുപ്പുകൾ എന്നിവർക്കുള്ള പരിശീലന പരിപാടികളുടെ ഉള്ളടക്ക വികസനം, മൊഡ്യൂൾ വികസനം, പദ്ധതി പ്രവർത്തനങ്ങളും തന്ത്രങ്ങളും വികസിപ്പിക്കൽ തുടങ്ങിയവയ്ക്ക് എക്സാതിന്റെ സേവനങ്ങൾ പ്രയോജന പ്പെടുത്തുന്നുണ്ട്. ജില്ലയിൽ കലവൂരിലാണ് ഈ കേന്ദ്രം പ്രവർത്തിച്ചു വരുന്നത്.

5) സ്മാർട്ട് (സൊലൂഷൻ ഫോർ മൈക്രോ എന്റർപ്രൈസസ് ആന്റ് റിസോഴ്സ്ഫുൾ ടെയിനിംഗ്)

സംസ്ഥാന ദാരിദ്ര്യ ലഘൂകരണ മിഷന്റെ അംഗീകാരത്തോടെ പ്രവർത്തിക്കുന്ന മനുഷ്യ വിഭവശേഷി വികസന പരിശീലന ഗവേഷണ കേന്ദ്രമാണിത്. സംരംഭകത്വ വികസനം, സോഫ്റ്റ് സ്കിൽ വികസനം, മറ്റ് സംഘടനകൾക്കുവേണ്ടിയുള്ള സർവ്വേ പ്രവർത്തനങ്ങൾ, വർക് ഷോപ്പുകൾ, കുട്ടികളുടെയും യുവജനങ്ങളുടെയും സർഗ്ഗശേഷി വളർത്തുന്നതിനുള്ള പരിശീലനങ്ങൾ, കൌമാരക്കാർക്കുവേണ്ടിയുള്ള പരിശീലനങ്ങൾ എന്നിവ നടത്തിവരുന്നു. വിവിധ വിഷയങ്ങൾക്കായി ഇരുപത്തിരണ്ടോളം ഫാക്കൽറ്റികൾ ഈ കേന്ദ്രത്തിൽ പ്രവർത്തിക്കുന്നു. കുടുംബശ്രീ ടെയിനിംഗുകൾ, സംരംഭകത്വ വികസന പ്രോഗ്രാമുകൾ, ബിസിനസ് കൌൺസിലിംഗ് തുടങ്ങിയ പരിശീലന പരിപാടികൾ കേന്ദ്രം നടത്തിവരുന്നു. തയ്യൽ, ഫാഷൻ ഡിസൈനിംഗ്, എംബ്രോയ്ഡറി, ബ്യൂട്ടി പാർലർ മാനേജ്മെന്റ്, റക്സിൻ ബാഗ് നിർമ്മാണം തുടങ്ങി നിരവധി പ്രോഗ്രാമുകൾ ഈ കേന്ദ്രം നടത്തി വരുന്നു.


# അദ്ധ്യായം 3

# വികസനത്തിന്റെ സ്ഥലമാനം

## 3.1. റീജിയണൽ സെറ്റിംഗ്

സംസ്ഥാനത്ത് ആലപ്പുഴ ജില്ലയുടെ സ്ഥാനം എന്താണെന്നും അത് സംസ്ഥാനത്തിന്റെ മറ്റ് ഭാഗങ്ങളുമായി എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു എന്നതുമാണ് റീജിയണൽ സെറ്റിംഗ് എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. ആലപ്പുഴ ജില്ലയുടെ വടക്ക് ഭാഗത്ത് എറണാകുളം ജില്ലയും കിഴക്ക് ഭാഗത്ത് കോട്ടയം, പത്തനംതിട്ട ജില്ലകളും തെക്ക് ഭാഗത്ത് കൊല്ലം ജില്ലയും പടിഞ്ഞാറ് ഭാഗത്ത് ലക്ഷദ്വീപ് കടലും ആണ്.

ജില്ലയുടെ ആസ്ഥാനം ആലപ്പുഴ പട്ടണമാണ്. ഇതിന്റെ സ്ഥാനം സംസ്ഥാന തലസ്ഥാനമായ തിരുവനന്തപുരത്തുനിന്ന് 157.00 കി.മീറ്റർ വടക്കും കൊച്ചിയിൽനിന്ന് 64.00 കി.മീറ്റർ തെക്കും കോഴിക്കോട് നിന്ന് 260.00 കി.മീറ്റർ തെക്കുമാണ്. ആലപ്പുഴ ജില്ലയിൽ 6 നഗരസഭകളും 32 പട്ടണങ്ങളും 2011 സെൻസ്സസ് പ്രകാരമുണ്ട്. കൊച്ചി, കോയമ്പത്തൂർ, തിരുവനന്തപുരം, കോഴിക്കോട് എന്നിവയാണ് ജില്ലയോട് അടുത്തുള്ള നഗര കേന്ദ്രങ്ങൾ. ഇവ (ചിത്രം 1.3.1.1) ൽ കാണിച്ചിരിക്കുന്നു.




ചിത്രം 3.1.1 ആലപ്പുഴ ജില്ലയുടെ സ്ഥാനം

2011 സെൻസസ് പ്രകാരം ആലപ്പുഴയുടെ ജനസംഖ്യ 2127789 ആണ്. ഇത് സംസ്ഥാനത്തിന്റെ ജനസംഖ്യയുടെ 6.4% ആണ്. ജനസംഖ്യ അടിസ്ഥാനത്തിൽ ജില്ലയ്ക്ക് ഒമ്പതാം സ്ഥാനമാണ്. വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ ഏറ്റവും ചെറിയ ജില്ലയാണ് ആലപ്പുഴ (3.64%). ജില്ലയെ മറ്റ പ്രധാന സ്ഥലങ്ങളുമായി റോഡ്, റെയിൽ, ജലമാർഗ്ഗം ബന്ധിപ്പിക്കുന്നു. 64 കി.മീറ്റർ വടക്കായി സ്ഥിതി ചെയ്യുന്ന കൊച്ചി വിമാനത്താവളം ആണ് ജില്ലയോട് ഏറ്റവും അടുത്തുള്ളത്. രാജ്യാന്തര വിമാനത്താവളങ്ങളായ നെടുമ്പാശ്ശേരി 90.00 കി.മീറ്റർ വടക്കും, തിരുവനന്തപുരം 159.00 കി.മീറ്റർ തെക്കുമാണ്. ദേശീയ പാത, എം.സി.റോഡ്, റെയിൽ മാർഗ്ഗം എന്നിവ വഴി ഈ വിമാനത്താവളങ്ങളെ ജില്ലയുമായി ബന്ധിപ്പിക്കുന്നു.

പ്രധാനമായും ഒരു നല്ല റോഡ് ശ്രംഖലയാണ് ആലപ്പുഴയ്ക്കുള്ളത്. ദേശീയ പാതയും, 8 സംസ്ഥാന പാതകളും ജില്ലയിലൂടെ കടന്നുപോകുന്നു. തൊട്ടടുത്തുള്ള കൊല്ലം, എറണാകുളം ജില്ലകളെ ദേശീയ പാതവഴിയും കോട്ടയം, പത്തനംതിട്ട ജില്ലകളെ സംസ്ഥാന പാത വഴിയും ജില്ലയുമായി ബന്ധിപ്പിക്കുന്നു. മുമ്പ് ജലമാർഗ്ഗം മാത്രം ബന്ധിപ്പിച്ചിരുന്ന പ്രദേശം കൂടി ബന്ധപ്പെടുത്തുന്നതിന് കഴിഞ്ഞ ദശാബ്ദത്തോടുകൂടി സാധിച്ചിട്ടുണ്ട്. നെൽ വയലുകളുടേയും ജലാശയങ്ങളുടേയും സാന്നിദ്ധ്യം റോഡ് ശ്രംഖലയുടെ വിസ്തൃതി പരിമിതപ്പെടുത്തിയിരുന്നു. ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ കണക്കിലെടുക്കുമ്പോൾ ജില്ലയ്ക്ക് താരതമ്യേന നല്ലൊരു റോഡ് ശ്രംഖല ലഭ്യമാണ്.

ജില്ലാ ആസ്ഥാനമായ ആലപ്പുഴയെ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ പട്ടണങ്ങളുമായും റെയിൽ മാർഗ്ഗം ബന്ധിപ്പിക്കുന്നു. ഒപ്പംതന്നെ സംസ്ഥാനത്തിന് പുറത്തുള്ള മുംബൈ, ബൊക്കാറോ, ചെന്നൈ, ബംഗലൂരു, കൊൽക്കത്ത, ന്യൂഡെൽഹി എന്നിവയുമായും റെയിൽ മാർഗ്ഗം ബന്ധിപ്പിക്കുന്നു. ജില്ലയിലൂടെ 2 റെയിൽപ്പാതകൾ കടന്നുപോകുന്നു ചെങ്ങന്നൂർ വഴിയും, ആലപ്പുഴ വഴിയുമുള്ള കായംകുളം-എറണാകുളം പാത. പാത ഇരട്ടിപ്പിക്കൽ പണി പൂർത്തിയാകുന്നതോടുകൂടി റെയിൽ ഗതാഗതം പൂർണ്ണമായി ഉപയോഗപ്പെടുത്താവുന്നതാണ്. ആലപ്പുഴ, കായംകുളം, ചെങ്ങന്നൂർ, ചേർത്തല, മാവേലിക്കര, ഹരിപ്പാട് എന്നിവയാണ് പ്രധാന റെയിൽവേ സ്റ്റേഷനുകൾ.

ജില്ലയ്ക്ക് കനാലുകളും, തോടുകളും, കായലുകളും ചേർന്ന ഒരു നല്ല ജലാശയ ശ്രംഖലയുണ്ട്. ഈ ജലാശയങ്ങൾ ശാശ്വതവും എല്ലാ കാലത്തും ഗതാഗത യോഗ്യവുമാണ്. ആലപ്പുഴയെ ഈ ജലാശയങ്ങൾ വഴി കൊല്ലം, ചങ്ങനാശ്ശേരി, കോട്ടയം തുടങ്ങിയ സ്ഥലങ്ങളുമായി ബന്ധിപ്പിക്കുന്ന ജല ഗതാഗത സൌകര്യം ലഭ്യമാണ്. ജല ഗതാഗത വകുപ്പിന്റെ ആസ്ഥാനം ആലപ്പുഴയാണ്. ദീർഘദൂര സർവ്വീസുകളായ ആലപ്പുഴ-കൊല്ലം, അമ്പലപ്പുഴ-കോട്ടയം, എറണാകുളം-ചെങ്ങന്നൂർ എന്നീ സർവീസുകൾ ഏതാണ്ട് നിലച്ച രീതിയിലാണ്. ജല ഗതാഗത വകുപ്പ് പ്രധാനമായും ഹ്രസ്വ ദൂര സർവീസുകൾക്കാണ് ഊന്നൽ നല്കുന്നത്. കളകൾ, എക്കൽ മണ്ണ് എന്നിവയുടെ സാന്നിദ്ധ്യവും കാലാകാലങ്ങളിലുള്ള പരിപാലനത്തിന്റെ അഭാവവും കാരണം ഉൾനാടൻ ജല മാർഗ്ഗങ്ങൾ പലതും ജല ഗതാഗതത്തിന് അനുയോജ്യമല്ലാതായി തീർന്നു. എന്നാൽ കുട്ടനാട് പ്രദേശത്തെ ചില ഭാഗങ്ങളിലും വേമ്പനാട് കായലിലെ തുരുത്തുകളിലും ഇപ്പോഴും ജല ഗതാഗതം മാത്രമാണുള്ളത്.

**സാമൂഹിക സാമ്പത്തിക കാഴ്ചപ്പാട്**

സാമൂഹിക സാമ്പത്തിക കാഴ്ചപ്പാട് ജീവിതത്തിന്റെ ഭൗതിക നിലവാരം അളക്കുന്നതിന് സഹായിക്കുന്നു. ഇത് സംസ്ഥാനത്തിന്റെ മറ്റ് ഭാഗങ്ങളുമായി താരതമ്യപ്പെടുത്തി ജില്ലയുടെ മൂല്യം

നിർണ്ണയിക്കുന്നതിന് സഹായിക്കുന്നു. ഇതിനായി താഴെപ്പറയുന്ന ഘടകങ്ങൾ വിശകലനം ചെയ്യുന്നു.

1. സാക്ഷരതാ നിരക്ക്
2. തൊഴിലാളികളുടെ പങ്കാളിത്ത നിരക്ക്
3. Net State domestic product
4. പ്രതിശീർഷ വരുമാനം

### 1. സാക്ഷരതാ നിരക്ക്

2011 സെൻസസ് പ്രകാരം, കേരളത്തിന്റെ സാക്ഷരതാ നിരക്ക് 94% ആണ്. സാക്ഷരതാ നിരക്കിൽ കേരളം രാജ്യത്ത് ഒന്നാമതാണ്. കേരളത്തിലെ ജില്ലകളുടെ സാക്ഷരത വിശകലനം ചെയ്തതിൽ ഒന്നാം സ്ഥാനം കോട്ടയം ജില്ലയ്ക്കും (97.21%) ഏറ്റവും കുറഞ്ഞ നിരക്ക് പാലക്കാട് ജില്ലയ്ക്കും (88.49%) ആണ്. ആലപ്പുഴയുടെ സാക്ഷരതാ നിരക്ക് 96.26% ആണ്. സംസ്ഥാന ശരാശരിയേക്കാൾ കൂടിയിരിക്കുന്ന ജില്ലയുടെ സ്ഥാനം സംസ്ഥാനത്ത് മൂന്നാമതാണ്.

### 2. തൊഴിലാളികളുടെ പങ്കാളിത്ത നിരക്ക്

തൊഴിൽ പങ്കാളിത്ത അനുപാതം (WPR) സൂചിപ്പിക്കുന്നത് മൊത്തം ജനസംഖ്യയിൽ തൊഴിലാളികളുടെ പങ്കാളിത്തമാണ്. കേരളത്തിലെ തൊഴിൽ പങ്കാളിത്ത അനുപാതം 2001ൽ 35.93% ആയിരുന്നത് 2011ൽ 35% ആണ്. ആലപ്പുഴ ജില്ലയുടെ WPR സംസ്ഥാന ശരാശരിയേക്കാൾ കൂടുതലാണ് (38%). മറ്റ് ജില്ലകളുമായി താരതമ്യം ചെയ്യുമ്പോൾ ആലപ്പുഴയുടെ സ്ഥാനം 4-ാം മത് ആണ്.

### 3. NSDP (Net State Domestic Product)

NSDP ജില്ല തല വിതരണത്തിന്റെ അടിസ്ഥാനത്തിൽ 2016-17ൽ ഏറ്റവും കൂടിയ വരുമാനം എറണാകുളം ജില്ലയിലും (5491752 ലക്ഷം) ഏറ്റവും കുറവ് വയനാട് ജില്ലയിലും (802473 ലക്ഷം) ആണ്. 7-ാം സ്ഥാനത്ത് നിൽക്കുന്ന ആലപ്പുഴ ജില്ലയിലെ വരുമാനം 3069069 ലക്ഷം ആണ്. (പ്രാഥമിക മേഖലയിൽ 188210 ഉം ദ്വിതീയ മേഖലയില് 941231 ഉം തൃതീയ മേഖലയിൽ 1939628 ഉം ആണ്). ഇത് സംസ്ഥാന വരുമാനത്തിന്റെ 7.22% ആണ്.

**മൂല്യവർദ്ധിത ജില്ലാ വരുമാനം (അടിസ്ഥാന വിലയിൽ) – സ്ഥിരവിലയിൽ 2016-17**
**അടിസ്ഥാന വർഷം 2011-12**

| ക്രമ നമ്പർ | ജില്ലയുടെ പേര് | പ്രഥമം ലക്ഷത്തിൽ | ദ്വിതീയം ലക്ഷത്തിൽ | തൃതീയം ലക്ഷത്തിൽ | ആകെ ലക്ഷത്തിൽ |
|---|---|---|---|---|---|
| 1 | തിരുവനന്തപുരം | 357695 | 1167868 | 2786196 | 4311759 |
| 2 | കൊല്ലം | 384471 | 998107 | 2443059 | 3825637 |
| 3 | പത്തനംതിട്ട | 292788 | 289686 | 636017 | 1218491 |
| 4 | ആലപ്പുഴ | 188210 | 941231 | 1939628 | 3069069 |
| 5 | കോട്ടയം | 371303 | 558746 | 1696960 | 2627009 |
| 6 | ഇടുക്കി | 441687 | 278726 | 765349 | 1485762 |
| 7 | എറണാകുളം | 466655 | 1232358 | 3792739 | 5491752 |

| | | | | | |
|---|---|---|---|---|---|
| 8 | തൃശ്ശൂർ | 332438 | 1022737 | 2988308 | 4343483 |
| 9 | പാലക്കാട് | 471046 | 766528 | 1796803 | 3034377 |
| 10 | മലപ്പുറം | 405991 | 1020357 | 2718108 | 4144456 |
| 11 | കോഴിക്കോട് | 293308 | 1097468 | 2242426 | 3633202 |
| 12 | വയനാട് | 176912 | 174149 | 451412 | 802473 |
| 13 | കണ്ണൂർ | 3167780 | 929594 | 1781139 | 3027513 |
| 14 | കാസർഗോഡ് | 285340 | 389188 | 769379 | 1443907 |
| | **ആകെ** | **4784624** | **10866743** | **26807523** | **42458890** |

*(അവലംബം : സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ്)*

**പ്രതിശീർഷ വരുമാനം**

ആലപ്പുഴ ജില്ലയുടെ പ്രതിശീർഷ വരുമാനം 136,804 രൂപയാണ്. ഇത് സംസ്ഥാന ശരാശരിയേക്കാൾ (117311) കൂടുതലാണ്. ജില്ലയുടെ സ്ഥാനം സംസ്ഥാനത്ത് 2-മതാണ്. പ്രതിശീർഷ വരുമാനം ഏറ്റവും കൂടുതൽ എറണാകുളം ജില്ലയ്ക്കാണ്. (152318)

**പ്രതിശീർഷ വരുമാനം – സ്ഥിരവില (2011-12)**

| ക്രമ നമ്പർ | ജില്ല | 2015-16 (താൽക്കാലികം) | സ്ഥാനം | 2016-17 (സ്ഥിരം) |
|---|---|---|---|---|
| 1 | തിരുവനന്തപുരം | 122,679 | 73 | 129,137 |
| 2 | കൊല്ലം | 136,282 | 12 | 143,638 |
| 3 | പത്തനംതിട്ട | 96,134 | 2 | 103,460 |
| 4 | ആലപ്പുഴ | 136,804 | 6 | 143,542 |
| 5 | കോട്ടയം | 126,238 | 4 | 132,267 |
| 6 | ഇടുക്കി | 132,107 | 1 | 135,316 |
| 7 | എറണാകുളം | 152,318 | 5 | 162,297 |
| 8 | തൃശ്ശൂർ | 129,922 | 10 | 135,518 |
| 9 | പാലക്കാട് | 100,128 | 14 | 103,855 |
| 10 | മലപ്പുറം | 89,357 | 8 | 94,012 |
| 11 | കോഴിക്കോട് | 109,632 | 13 | 113,307 |
| 12 | വയനാട് | 92,353 | 9 | 95,715 |
| 13 | കണ്ണൂർ | 109,602 | 11 | 116,982 |
| 14 | കാസർഗോഡ് | 100,198 | | 105,555 |
| | **കേരളം** | **117,811** | | **123,707** |

*(അവലംബം: സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ്)*

**അടിസ്ഥാന സൗകര്യങ്ങൾ**

അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യത ആ പ്രദേശത്തെ ആളുകളുടെ ജീവിതനിലവാരത്തിന്റെ സൂചികയാണ്. ഇത് വികസനത്തിന്റെ തോതിനെ സൂചിപ്പിക്കുന്നു. ഈ താരതമ്യ പഠനം, സംസ്ഥാനത്ത് ജില്ലയുടെ സ്ഥാനം കണക്കാക്കുന്നതിന് സഹായിക്കുന്നു. ഇതിനായി താഴെ പറയുന്ന ഘടകങ്ങളെ വിശകലനം ചെയ്യുന്നു.

1. റോഡിന്റെ നീളം
2. വിദ്യാഭ്യാസ സൗകര്യങ്ങൾ/1000 ജനസംഖ്യ
3. ആരോഗ്യ സ്ഥാപനങ്ങൾ/1000 ജനസംഖ്യ
4. ജലസേചന സൗകര്യം ലഭ്യമാകുന്ന ജനസംഖ്യ

### 1. റോഡിന്റെ നീളം

സ്ഥിതിവിവര കണക്ക് പ്രകാരം സംസ്ഥാനത്തെ റോഡുകളുടെ നീളം 33623.12 km ആണ്. ആലപ്പുഴയിലെ റോഡ് നീളം സംസ്ഥാനത്തിന്റെ 4.67% (1570.88 km) ഉം ആണ്. ഒരു യൂണിറ്റ് വിസ്തൃതിയിൽ ലഭ്യമായ റോഡു നീളം പരിഗണിക്കുമ്പോൾ ആലപ്പുഴയ്ക്ക് സംസ്ഥാനത്തെ മറ്റു ജില്ലകളേക്കാൾ മികച്ച സ്ഥാനമാണുള്ളത്. എന്നാൽ ദേശീയപാതയുടേയും സംസ്ഥാനപാതയുടേയും ലഭ്യത കൂടി പരിഗണിക്കുമ്പോൾ ആലപ്പുഴയുടെ സ്ഥാനം കോട്ടയത്തിന് പിന്നിലാണെങ്കിലും ജലാശയങ്ങളും, കൃഷിഭൂമികളും കൂടി കണക്കിലെടുക്കുമ്പോൾ റോഡ് സാന്ദ്രതയിൽ ആലപ്പുഴ മികച്ചു നിൽക്കുന്നു.

### 2. വിദ്യാഭ്യാസ സൗകര്യങ്ങൾ

ആലപ്പുഴ ജില്ലയിൽ എൽപി മുതൽ ഹയർ സെക്കന്ററി വരെ 728 സ്കൂളുകളുണ്ട്. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നിലവാരത്തിൽ ജില്ലയിൽ 12 ആർട്സ് ആൻറ് സയൻസ് കോളേജുകളും 13 എഞ്ചിനീയറിംഗ് കോളേജുകളും 1 മെഡിക്കൽ കോളേജും 3 പോളിടെക്നിക്കുകളും 6 ITI ഉം 9 ടെയിനിംഗ് കോളേജുകളും 10 ടീച്ചർ എഡ്യുക്കേഷൻ കോളേജും 1 സ്പെഷ്യൽ എഡ്യുക്കേഷൻ കോളേജും 3 നഴ്സിംഗ് കോളേജും 1 ഫാർമസി കോളേജും 3 റിസർച്ച് കോളേജും 1 ലളിതകലാ അക്കാഡമിയും ഉണ്ട്. ജില്ലയിലെ വിദ്യാർത്ഥികളുടെ എണ്ണം പരിഗണിയ്ക്കുമ്പോൾ ആവശ്യമായ സ്ഥാപനങ്ങൾ ജില്ലയിൽ ലഭ്യമാണ്. എന്നാൽ അധ്യാപക-വിദ്യാർഥി അനുപാതം, തൊഴിലധിഷ്ഠിത നൂതന പാഠക്രമം എന്നിവയുടെ അപര്യാപ്തത അനുഭവപ്പെടുന്നുണ്ട്.

### 3. ആരോഗ്യ സ്ഥാപനങ്ങൾ

അലോപ്പതി, ആയുർവേദ, ഹോമിയോ മേഖലകളിലായി ജില്ലയിൽ 263 ആരോഗ്യ സ്ഥാപനങ്ങളുണ്ട്. ഇതിൽ 93 എണ്ണം അലോപതി മേഖലയിലും 85 എണ്ണം ആയുർവേദ മേഖലയിലും 85 എണ്ണം ഹോമിയോ മേഖലയിലുമാണ്. സ്ഥാപനങ്ങളുടെ എണ്ണം നോക്കുമ്പോള് ജില്ലയുടെ ജനസംഖ്യയ്ക്ക് പര്യാപ്തമാണെങ്കിലും അടിസ്ഥാന സൗകര്യ വികസനം പ്രഥമ പരിഗണന അർഹിക്കുന്നു.

### 4. ജലവിതരണം

സംസ്ഥാനത്ത് 67.8% ജനങ്ങളും സർക്കാരിന്റെ ജലവിതരണ പദ്ധതിയുടെ ഉപഭോക്താക്കളാണ്. സംസ്ഥാനവുമായി താരതമ്യം ചെയ്യുമ്പോൾ ആലപ്പുഴ ജില്ലയിലെ ഉപഭോക്താക്കളുടെ ശതമാനം വളരെ കൂടുതലാണ് (90%). ജില്ലയിലെ ജലസ്രോതസ്സുകളുടെ ശോഷണം, മലിനീകരണം എന്നിവ പരിഗണിയ്ക്കുമ്പോൾ മലിനീകരണ നിയന്ത്രണ നടപടികൾ സ്വീകരിയ്ക്കുന്നതോടൊപ്പം കടൽവെള്ളം ശുദ്ധികരിക്കുന്നതും, മഴവെള്ള സംഭരണം പ്രോത്സാഹിപ്പിയ്ക്കേണ്ടതും ഭാവി ജല ലഭ്യതയ്ക്ക് അത്യന്താപേക്ഷിതമാണ്.

## 3.2. ഭൂപ്രകൃതി

കായലുകളാലും, നദികളാലും കനാലുകളാലും ചുറ്റിപ്പിണഞ്ഞു കിടക്കുന്ന മണൽ പ്രദേശമാണ് ആലപ്പുഴ ജില്ലയുടെ പ്രത്യേകത. ജില്ലയിൽ മലപ്രദേശങ്ങൾ ഉൾപ്പെട്ടിട്ടില്ല എന്നിരിക്കിലും, ഭരണിക്കാവ്, ചെങ്ങന്നൂർ, ബ്ലോക്ക് പഞ്ചായത്ത് പ്രദേശങ്ങൾക്കിടയിൽ അവിടവിടെയായി ചില കുന്നുകൾ ചിതറി കിടപ്പുണ്ട്. ചേർത്തല അമ്പലപ്പുഴ, കുട്ടനാട്, കാർത്തികപ്പള്ളി എന്നീ താലൂക്കുകൾ മുഴുവനായും തീരദേശ മേഖലയിൽ(low land)പെടുന്നു. ജില്ലയുടെ 80% ഭൂഭാഗവും തീരദേശ മേഖലയിലും ബാക്കി ഭാഗം ഇടനാട് (mid land) പ്രദേശത്തിലും ഉൾപ്പെടുന്നു. സംസ്ഥാനത്ത് മലനാട് (high land) പ്രദേശം ഉൾപ്പെടാത്ത ഏക ജില്ലയാണ് ആലപ്പുഴ. ജില്ലയുടെ വിസ്തൃതിയുടെ 13% ത്തോളം ജലാശയങ്ങളാണ്. കുട്ടനാട് പ്രദേശമാകട്ടെ സമുദ്ര നിരപ്പിനെക്കാൾ താഴ്ന്ന പ്രദേശവുമാണ്. **പട്ടിക 3.2.1. ഭൂമിയുടെ തരം- താലൂക്ക് അടിസ്ഥാനത്തിൽ**

| താലൂക്ക് | തീരദേശം | ഇടനാട് | മൊത്തം വിസ്തൃതി (ച.കി.മീ.) |
|---|---|---|---|
| ചേർത്തല | 320.4 | | 320.4 |
| അമ്പലപ്പുഴ | 178.8 | | 178.8 |
| കുട്ടനാട് | 265.9 | | 265.9 |
| ചെങ്ങന്നൂർ | 86.5 | 54.7 | 141.2 |
| മാവേലിക്കര | 55.4 | 230.6 | 286 |
| കാർത്തികപ്പള്ളി | 224.6 | | 224.6 |

*അവലംബം: NREDB*

ജില്ലയുടെ വടക്ക് കിഴക്ക് ഭാഗത്തോട് ചേർന്ന് വേമ്പനാട് കായൽ സ്ഥിതി ചെയ്യുന്നു. ആലപ്പുഴ പ്രദേശത്തെ പ്രധാനമായും 3 സബ് മൈക്രോ റീജിയണലുകളായി തിരിച്ചിട്ടുണ്ട്. ഇവ (1) ആലപ്പുഴ തീര പ്രദേശം (Alappuzha coastal) (2) കുട്ടനാട് താഴ്ന്ന സമതലങ്ങൾ (Kuttanad low lying plains) (3) ചെങ്ങന്നൂർ നിമ്നോന്നത സമതല പ്രദേശം (Chengannur Rolling plains) എന്നിവയാണ്. ജില്ലയിലെ ഭൂപ്രകൃതി അനുസരിച്ചുള്ള ഉപവിഭാഗം പട്ടിക 3.2.2.ൽ നല്കിയിരിക്കുന്നു.




വേമ്പനാട് കായൽ, കായംകുളം കായൽ എന്നിവയും സമുദ്ര നിരപ്പിൽനിന്ന് താഴെയുള്ള നെല്പാടങ്ങൾ ഉൾപ്പെടുന്ന കുട്ടനാട് പ്രദേശവും മണിമല, പമ്പ, അച്ചൻകോവിൽ എന്നീ ആറുകളും ആലപ്പുഴ ജില്ലയിലെ ഭൂപ്രകൃതിയെ സമ്പന്നമാക്കുന്നു.

പട്ടിക 3.2.2. ജില്ലയിലെ ഭൂപ്രകൃതി

| സ്വഭാവ വിശേഷം | പ്രദേശം | വിസ്തൃതി(%) |
|---|---|---|
| കടൽത്തീരവും നദീമുഖപ്പരപ്പുകളും മണല്പുനയും ഉൾപ്പെടുന്ന തീരദേശ സമതലം | ലക്ഷദ്വീപ് കടലിനും വേമ്പനാട് കായലിനും ഇടയിലുള്ള മണൽ നിക്ഷേപങ്ങൾ | 27.4 |
| പാലിയോ തീരദേശ സമതലം | ഓണാട്ടുകര മണൽ | 13.0 |
| പഴയ അലൂവിയൽ സമതലം | അപ്പർ കുട്ടനാട് പ്രദേശത്തെ ചെളിമണ്ണ് | 7.6 |
| പുതിയ അലൂവിയൽ സമതലം | വേമ്പനാട് കായലിന്റെ തെക്കു ഭാഗത്തെ അതിർത്തിയിൽ കാണുന്ന ചെളിമണ്ണ് | 17.9 |
| താള  നിമ്നോത സമതലം | ജില്ലയുടെ കിഴക്കൻ അതിർത്തി | 25.1 |
| ജലാശയങ്ങൾ | | 9.5 |

*(അവലംബം : ജില്ലാ നഗരവല്കരണ റിപ്പോർട്ട് 2011)*

## 3.3. ഭൂവിനിയോഗത്തിന്റെ വിന്യാസവും കേന്ദ്രീകരണവും


ഭൂപ്രകൃതിയുടെ സവിശേഷതകളുടെയും മാനുഷ പ്രവർത്തികളുടേയും ഭൗതിക പ്രകടനമാണ് ഭൂവിനിയോഗം. ആയതിനാൽ തന്നെ ഭൂവിനിയോഗം സ്ഥലമാന വിശകലനത്തിനും ആസൂത്രണത്തിലും മുൻഗണന നല്കുന്ന വിഷയമാണ്.

പട്ടിക 3.3.1 കേരളത്തിലെ ഭൂവിനിയോഗം


| ക്രമ നമ്പർ | ഭൂവിനിയോഗം | മൊത്തം വിസ്തൃതിയുടെ ഭാഗം %ൽ |
|---|---|---|
| 1 | വനം | 23.20 |
| 2 | ജലാശയങ്ങൾ | 3.51 |
| 3 | ചതുപ്പ പ്രദേശം | 0.34 |
| 4 | പാർപ്പിടം | 3.86 |
| 5 | കൃഷി | 9.72 |
| 6 | തോട്ടം | 10.93 |
| 7 | പാർപ്പിട/കാർഷിക മിശ്രണം | 40.69 |
| 8 | മറ്റ് വികസന ഭൂവിനിയോഗം | 0.65 |
| 9 | മറ്റുളളവ | 7.60 |
| | **ആകെ** | **100.00** |

പട്ടിക 3.3.2 ആലപ്പുഴയിലെ ഭൂവിനിയോഗം

| ക്രമ നമ്പർ | ഭൂവിനിയോഗം | മൊത്തം വിസ്തൃതിയുടെ ഭാഗം % ല് | ശതമാനം |
|---|---|---|---|
| 1 | വനം | 0.00 | 0.00 |
| 2 | ജലാശയങ്ങൾ | 182.83 | 12.85 |
| 3 | ചതുപ്പ പ്രദേശം | 3.17 | 0.22 |
| 4 | പാർപ്പിടം | 2.13 | 0.15 |
| 5 | കൃഷി | 215.10 | 15.12 |
| 6 | തോട്ടം | 0.00 | 0.00 |
| 7 | പാർപ്പിട/കാർഷിക മിശ്രണം | 1003.47 | 70.55 |
| 8 | മറ്റ് വികസന ഭൂവിനിയോഗം | 8.96 | 0.63 |
| 9 | മറ്റുള്ളവ | 6.75 | 0.47 |
| | **ആകെ** | **1422.41** | **100.00** |




ചിത്രം 3.3.1





ചിത്രം 3.3.2

*(അവലംബം : NREDB)*

ജില്ലാ നഗരവല്കരണ റിപ്പോർട്ട് 2011-ൽ സംസ്ഥാന ഭൂവിനിയോഗ ബോർഡ് തയ്യാറാക്കിയ (Natural resources & Environmental Data Base, (NREDB) വിവരങ്ങളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തേയും ആലപ്പുഴ ജില്ലയിലെയും വിവിധ ഭൂവിനിയോഗങ്ങളെ തരംതിരിച്ച് വിശകലനം നടത്തിയിട്ടുണ്ട്. ആയത് പട്ടിക 3.3.1, 3.3.2, ചിത്രം 3.3.1, 3.3.2. എന്നിവയില് ഉൾപ്പെടുത്തിയിരിക്കുന്നു.

സംസ്ഥാനത്തിന്റെ ഏകദേശം നാലിലൊരു ഭാഗം, വനപ്രദേശമാണ് എന്നിരിക്കിലും വനപ്രദേശമേ ഇല്ലാത്ത കേരളത്തിലെ ഏക ജില്ലയാണ് ആലപ്പുഴ. മറ്റ സംസ്ഥാനങ്ങളിൽ നിന്നും വ്യത്യസ്തമായി തൃശ്ശൂർ-വാസഗൃഹ സമ്മിശ്ര ഭൂവിനിയോഗമാണ് (Residential/Agriculture mixed land use) കേരളത്തിന്റെ പ്രത്യേകത. ഇതു തന്നെയാണ് ആലപ്പുഴയുടേയും. സംസ്ഥാനത്തിലെ ഭൂപ്രദേശത്തിന്റെ 9.72% കൃഷിക്കും, 3.86% വാസ പ്രദേശങ്ങൾക്കുമായി പ്രത്യേകം പ്രത്യേകം രൂപപ്പെടുത്തിയിട്ടുണ്ടെങ്കിലും, 40.69% ഭൂമിയും ഇത്തരം വേർതിരിവില്ലാതെ കൃഷി-വാസഗൃഹ സമ്മിശ്ര പ്രദേശമായാണ് കാണപ്പെടുന്നത്. ആലപ്പുഴ ജില്ലയിലാകട്ടെ, കൃഷി സ്ഥലം, 15.12%-ഉം, ആവാസ പ്രദേശം വെറും 0.15%-ഉം ആയിരിക്കെ കൃഷി- വാസഗൃഹ-സമ്മിശ്ര-ഭൂവിനിയോഗം 70.55% ആണ്. ജലാശയങ്ങളാൽ സമൃഷ്ടമായ ജില്ലയാണ് ആലപ്പുഴ.

സംസ്ഥാനത്തിന്റെ 3.01% ഭൂവിസ്തൃതി മാത്രമാണ് ജലാശയങ്ങൾ. ആലപ്പുഴ ജില്ലയുടെ 12.85% വിസ്തൃതിയും ജലാശയങ്ങളാണ്. എന്നാൽ ശുദ്ധജല തടാകങ്ങളൊന്നും ജില്ലയിലില്ല.




ചിത്രം 3.3.3 ആലപ്പുഴ ജില്ലയുടെ ഭൂവിനിയോഗം

## ഭൂവിനിയോഗത്തിന്റെ കേന്ദ്രീകരണം


വിവിധ ഭൂവിനിയോഗങ്ങളുടെ വിന്യാസത്തിന്റെയും തീവ്രതകളുടെയും യഥാർത്ഥ ചിത്രം ലഭ്യമാകുന്നതിനും താരതമ്യ പഠനത്തിനും കേന്ദ്രീകരണ സൂചിക സഹായിക്കുന്നു. ജില്ലയിലെ ഏതെല്ലാം തദ്ദേശ സ്ഥാപനങ്ങളിൽ വിവിധ സൂചികയുടെ ഭാഗങ്ങൾ ജില്ലാ ശരാശരിയെക്കാൾ എത്രമാത്രം കൂടുതലായി കേന്ദ്രീകരിച്ചിരിക്കുന്നു എന്നു മനസ്സിലാക്കാൻ കേന്ദ്രീകരണ സൂചികയുടെ അടിസ്ഥാനത്തിലുള്ള വിശകലനം ഉപകാരപ്രദമാകും.

കേന്ദ്രീകരണ സൂചിക 1-ൽ കൂടിയിരിക്കുന്ന പ്രദേശങ്ങൾ സൂചിപ്പിക്കുന്നത് ആ പ്രദേശത്തിലെ പ്രത്യേക ഭൂവിനിയോഗത്തിന്റെ തീവ്രത ജില്ലാ ശരാശരിയെക്കാൾ കൂടിയിരിക്കുന്നു എന്നാണ് (ജലാശയങ്ങൾ, ചതുപ്പ പ്രദേശം, പാർപ്പിടം, കൃഷി, പാർപ്പിട /കാർഷിക മിശ്രിതം, മറ്റുള്ളവ).

## കാർഷിക ഭൂവിനിയോഗം


NREDBൽ തയ്യാറാക്കിയിട്ടുള്ള ഭൂവിനിയോഗ ഭൂപടത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്, കാർഷിക ഭൂവിനിയോഗത്തിൽ കശുവണ്ടി/കുരുമുളക്, കൈതച്ചക്ക, വിരിപ്പ് (ഒന്നാം വിള)/മുണ്ടകൻ, കുറ്റിച്ചെടികളില്ലാത്ത സ്ഥലം, സമാന്തര വിളകൾ, കൃഷിതോട്ടം (ഫലോദ്യാനങ്ങൾ), സമ്മിശ്ര വൃക്ഷങ്ങൾ തുടങ്ങിയവ ആണ്. ജില്ലയിലെ കാർഷിക മേഖല പ്രധാനമായും കേന്ദ്രീകരിക്കുന്നത് കുട്ടനാട്ടിലും, ഓണാട്ടുകരയിലുമാണെന്ന് കാർഷിക ഭൂവിനിയോഗത്തിന്റെ കേന്ദ്രീകരണം വ്യക്തമാകുന്നു. കാർഷിക ഭൂവിനിയോഗത്തിന്റെ കേന്ദ്രീകരണ രീതിയെ അതതു പ്രദേശത്തെ ജലാശയങ്ങൾ സ്വാധീനിക്കുന്നു.

കാർഷിക ഭൂവിനിയോഗത്തിന്റെ കേന്ദ്രീകരണ സൂചിക 1-നെക്കാൾ കുറവായ തദ്ദേശ സ്ഥാപനങ്ങൾക്കിടയിൽ കാർഷിക ഭൂവിനിയോഗത്തിന്റെ കേന്ദ്രീകരണ സൂചിക വ്യതിയാനം ചിത്രം 3.3.4. ൽ കാണിക്കുന്നു. പുളിങ്കുന്ന്, കാവാലം, കൈനകരി, എഴുപുന്ന എന്നീ ഗ്രാമ പഞ്ചായത്തുകളിലാണ് കാർഷിക ഭൂവിനിയോഗത്തിന്റെ ഏറ്റവും ഉയർന്ന കേന്ദ്രീകരണം കാണുന്നത്.




**ചിത്രം 3.3.4 ആലപ്പുഴ ജില്ലയുടെ കാർഷിക ഭൂവിനിയോഗത്തിന്റെ കേന്ദ്രീകരണം**

പാർപ്പിട/കാർഷിക മിശ്രണ ഭൂവിനിയോഗം





ചിത്രം 3.3.5 പാർപ്പിട/കാർഷിക മിശ്രണ ഭൂവിനിയോഗത്തിന്റെ കേന്ദ്രീകരണം

NREDB ലെ ഭൂവിനിയോഗ വിവര പ്രകാരം പാർപ്പിട ഉപയോഗത്തിനൊപ്പം അടയ്ക്ക, പഴം, പഴവും മരച്ചീനിയും, തേങ്ങ/തേങ്ങയും, അടയ്ക്കയും / തേങ്ങയും, മരച്ചീനിയും തേങ്ങ പ്രധാന്യമുള്ള മിശ്രണ വിള, നിലവിലുള്ള തരിശുനിലം, മിശ്രണ വിള, റബ്ബർ, മിശ്രണ വിളയും, മരച്ചീനിയും തുടങ്ങിയവ കാർഷിക ഉപയോഗങ്ങളും പാർപ്പിട/കാർഷിക മിശ്രണ ഭൂവിനിയോഗത്തിൽ ഉൾക്കൊള്ളുന്നു. ജില്ലയുടെ ഭൂരിഭാഗം പ്രദേശത്തും പാർപ്പിട/കാർഷിക മിശ്രണ ഭൂവിനിയോഗങ്ങൾ കേന്ദ്രീകരിക്കുന്നു. ഈ ഭൂവിനിയോഗത്തിന്റെ കേന്ദ്രീകരണ രീതി (ചിത്രം 3.3.5.)ൽ കാണിക്കുന്നു. ചേർത്തല മേഖലയിലെ തീരദേശ പ്രദേശങ്ങളിലും ആലപ്പുഴ നഗരത്തിനു തെക്ക് ഓണാട്ടുകര ഉൾപ്പെടെയുള്ള പ്രദേശങ്ങളിലുമാണ് പാർപ്പിട/ കാർഷിക ഭൂവിനിയോഗത്തിന്റെ കേന്ദ്രീകരണം കൂടുതലെന്ന് ഇതിൽനിന്നും വ്യക്തമാകുന്നു. പാർപ്പിട/കാർഷിക മിശ്രണ ഭൂവിനിയോഗം ജില്ലയിൽ പരക്കെ മുന്നിട്ടു നില്ക്കുന്ന ഭൂവിനിയോഗമാണ്.

ആയതിനാൽ തന്നെ, ജില്ലയുടെ കാർഷിക സമ്പത്തിന്റെ നല്ലൊരു ഭാഗം ഈ ഭൂവിനിയോഗത്തെ ആശ്രയിക്കുന്നു. എന്നാൽ ഈ മിശ്രണ സ്വഭാവംകൊണ്ടുതന്നെ, വ്യക്തമായ ആസൂത്രണത്തിന്റെയും കാർഷിക പദ്ധതികളുടേയും കർഷക ക്ഷേമ പദ്ധതികളുടേയും അപര്യാപ്തത ഉണ്ടായാൽ, കാലക്രമേണ കാർഷികേതര ഉപയോഗങ്ങൾക്ക് പ്രത്യേകിച്ച് പാർപ്പിടങ്ങൾക്ക് കൃഷിഭൂമി വഴിമാറി കൊടുക്കുവാനും സാദ്ധ്യത നിഴലിക്കുന്നു.

## പാർപ്പിട ഭൂവിനിയോഗം





**ചിത്രം 3.3.6 പാർപ്പിട ഭൂവിനിയോഗത്തിന്റെ കേന്ദ്രീകരണം**

പൂർണ്ണമായും പാർപ്പിട ഉപയോഗത്തിനുള്ള ഭൂമിയല്ല, മറിച്ച് പാർപ്പിട/കാർഷിക മിശ്രണ ഭൂവിനിയോഗമാണ് ജില്ലയിൽ കൂടുതലായി കാണുന്നത്. എന്നിരിക്കിലും, പാർപ്പിട ഭൂവിനിയോഗം കൂടുതലായി കേന്ദ്രീകൃതമായ തദ്ദേശ ഭരണ പ്രദേശങ്ങൾ ജില്ലയുടെ വടക്കും തെക്കും ഭാഗത്തുമാണ് കേന്ദ്രീകരിക്കുന്നത് എന്ന് പാർപ്പിട ഭൂവിനിയോഗ കേന്ദ്രീകരണ രീതി (ചിത്രം 3.3.6.)ൽനിന്നും മനസ്സിലാക്കാം. കേന്ദ്രീകരണ സൂചിക 8.53 ഉള്ള മുതുകുളം ഗ്രാമ പഞ്ചായത്തലാണ് ജില്ലയിലെ പാർപ്പിട ഭൂവിനിയോഗത്തിന്റെ ഉയർന്ന കേന്ദ്രീകരണം കാണുന്നത്.


## മറ്റുവികസന ഭൂവിനിയോഗം

വാണിജ്യം, വ്യവസായം/ വ്യവസായ പാർക്ക്, വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങിയവ മറ്റു വികസന ഭൂവിനിയോഗത്തിൽ ഉൾപ്പെടുന്നു. ഈ ഭൂവിനിയോഗത്തിന്റെ കേന്ദ്രീകരണ രീതി (ചിത്രം 3.3.7) ൽ കാണുന്നു. മുഖ്യ ഇടനാഴികളുടെ സമീപത്തുള്ള തദ്ദേശ സ്ഥാപനങ്ങളിലും,

നഗര തദ്ദേശ സ്ഥാപനങ്ങളിലും വികസന ഭൂവിനിയോഗത്തിന്റെ കേന്ദ്രീകരണ സൂചിക താരതമ്യേന ഉയർന്നതാണ് എന്ന് ഈ ചിത്രത്തിൽനിന്നും വ്യക്തമാകുന്നത്. കുട്ടനാട്ടിൽ പ്രധാന ഗതാഗത ഇടനാഴികളുടെ സമീപത്തുള്ള തദ്ദേശ സ്ഥാപനങ്ങളിൽ പോലും ഈ ഭൂവിനിയോഗങ്ങളുടെ കുറഞ്ഞ കേന്ദ്രീകരണ സൂചിക ഉണ്ട് എന്നും മേഖലയിലെ പ്രവർത്തനം ദ്വിതീയ/തൃതീയ മേഖലകളെ ഗണ്യമായി ആശ്രയിക്കുന്നില്ല എന്നും മനസ്സിലാകുന്നു.




**ചിത്രം 3.3.7 മറ്റ വികസന ഭൂവിനിയോഗത്തിന്റെ കേന്ദ്രീകരണം**




**ചിത്രം 3.3.8 ജലാശയ ഭൂവിനിയോഗത്തിന്റെ കേന്ദ്രീകരണം**

### ജലാശയങ്ങൾ

വറ്റാത്ത നദികൾ, കനാലുകൾ, കായലുകൾ തുടങ്ങിയവ ജലാശയങ്ങളിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ജില്ലയുടെ ആകെ ഭൂവിസ്തൃതിയുടെ 12.85%-ത്തോളം ജലാശയങ്ങളാണ്. വേമ്പനാട്, കായംകുളം, പ്രധാന കായലുകളിലും, പമ്പ, അച്ചൻ കോവിൽ, മണിമല എന്നീ നദികളിലും ജലാശയ ഭൂവിനിയോഗം കേന്ദ്രീകരിക്കുന്നു.


ആലപ്പുഴയിലെ തദ്ദേശ സ്ഥാപനങ്ങളിൽ ജലാശയങ്ങൾക്ക് കീഴിലുള്ള സ്ഥലത്തിന്റെ പരിധി അടിസ്ഥാനമാക്കിയുള്ള കേന്ദ്രീകരണ രീതി ചിത്രം 3.3.8 ൽ കാണിക്കുന്നു.

## 3.4 മാനവവിഭവശേഷി


സെൻസസ് 2011 അനുസരിച്ച് ആലപ്പുഴ ജില്ലയിലെ ആകെ ജനസംഖ്യ 2127789 ആണ്. ഇത് സംസ്ഥാനത്തെ ആകെ ജനസംഖ്യയുടെ 6.4% ആണ്. കഴിഞ്ഞ ദശകത്തിലെ ജില്ലയുടെ ജനസംഖ്യയുടെ വളർച്ചാനിരക്ക് 0.9% ആണ്. ഇതേ കാലയളവിലെ സംസ്ഥാന

ശരാശരിയായ 4.9%-ത്തേക്കാൾ കുറവാണിത്. ജനസംഖ്യയുടെ വളർച്ചാ നിരക്ക് ജില്ലയിലെന്നപോലെ സംസ്ഥാനത്തും കുറയുന്നതായാണ് അപഗ്രഥനം വ്യക്തമാക്കുന്നത്.

ആലപ്പുഴ ജില്ലയുടെ മൊത്തം ജനസാന്ദ്രത ചതുരശ്ര കിലോമീറ്ററിന് 860 പേർ എന്നതിനേക്കാള് ഉയർന്നതാണ്. സമീപ ജില്ലകളുമായി താരതമ്യം ചെയ്യുമ്പോൾ ആലപ്പുഴ ജില്ലയുടെ സ്ഥാനം ഒന്നാമതാണ്. തുടർന്നുള്ള സ്ഥാനങ്ങളിൽ കൊല്ലം ജില്ലയും എറണാകുളം ജില്ലയും വരുന്നു. ഏറ്റവും പിന്നിൽ പത്തനംതിട്ട ജില്ലയാണ്.




**ചിത്രം 3.4.1 ജനസംഖ്യ വളർച്ചാനിരക്കിന്റെ സ്ഥലപരവിന്യാസം - ആലപ്പുഴ 2001-2011**





**ചിത്രം 3.4.2 ജനസാന്ദ്രത സ്ഥലപരവിന്യാസം - ആലപ്പുഴ 2011**

*അവലംബം: സെൻസസ് റിപ്പോർട്ട്*

2011ൽ ജില്ലയിലെ ജനസംഖ്യ വളർച്ചാനിരക്കിന്റെ സ്ഥലപര വിന്യാസം, ചിത്രം 3.4.1 ൽ കാണിക്കുന്നു.

ജില്ലയുടെ ജനസാന്ദ്രതയുടെ സ്ഥലപര വിന്യാസ രീതി വ്യക്തമാക്കുന്നത് തീരപ്രദേശ മേഖലയും കുട്ടനാട് മേഖലയിലെ താണ പ്രദേശങ്ങളും തമ്മിൽ വ്യക്തമായ വേർതിരിവ് ഉള്ളതായാണ്. ജില്ലയിലെ തീരദേശ മേഖലയിലെ ഗ്രാമ പഞ്ചായത്തുകളിലും, ഓണാട്ടുകര മേഖലയിലും ജനസാന്ദ്രത കൂടുതലാണ്. ഏറ്റവും കൂടുതൽ ജനസാന്ദ്രത ആര്യാട് ഗ്രാമ പഞ്ചായത്തിലും തുടർന്ന് ആലപ്പുഴ നഗരസഭാ പ്രദേശത്തുമാണ്. ഇതിന്റെ പ്രധാന കാരണം വിദ്യാഭ്യാസ രംഗം, ആരോഗ്യ രംഗം, അടിസ്ഥാന സൌകര്യം എന്നിവയിലുള്ള ലഭ്യത ആയിരിക്കാം. ജനസാന്ദ്രത ഏറ്റവും കുറവ് കൈനകരി, പെരുമ്പളം എന്നീ ഗ്രാമ പഞ്ചായത്തുകളിലാണ്. (ചിത്രം 3.4.2)

ആലപ്പുഴ ജില്ലയുടെ 2011 സെൻസസ് പ്രകാരമുള്ള ജനസംഖ്യ കേന്ദ്രീകരണ രീതി പരിശോധിക്കുമ്പോൾ 1/3 കേന്ദ്രീകരിച്ചിരിക്കുന്നത് 14 തദ്ദേശ സ്ഥാപനങ്ങളിലായാണ്. അതിൽ 3 നഗരസഭകളും (ആലപ്പുഴ, കായംകുളം, ചേർത്തല) ഉൾപ്പെടുന്നു. ജനസംഖ്യയുടെ പകുതിയും ഹരിപ്പാട് നഗരസഭ ഉൾപ്പെടെ 25 തദ്ദേശ സ്വയം ഭരണ പ്രദേശങ്ങളിലായും 2/3 ഉം, 38 തദ്ദേശ സ്വയം ഭരണ പ്രദേശങ്ങളിലായും കേന്ദ്രീകരിച്ചിരിക്കുന്നു. ഈ സ്വയം ഭരണ സ്ഥാപന പ്രദേശങ്ങൾ നിലവിലെ നഗര പ്രദേശങ്ങളും തീരദേശ പ്രദേശങ്ങളും പ്രധാന ഗതാഗത ഇടനാഴികളുടെ സമീപമുള്ളവയുമാണ്. (ചിത്രം 3.4.3.)





**ചിത്രം 3.4.3 ജനസംഖ്യ കേന്ദ്രീകരണരീതി – ആലപ്പുഴ 2011**

സെൻസസ് 2011 പ്രകാരം ആലപ്പുഴ ജില്ലയുടെ തൊഴിൽ പങ്കാളിത്ത നിരക്ക് 37.81% ആണ്. കർഷകരും കർഷക തൊഴിലാളികളും ആകെ തൊഴിലാളികളുടെ 2.8% നഗര പ്രദേശങ്ങളിലും 9.27% ഗ്രാമ പ്രദേശങ്ങളിലുമാണ് ഉള്ളതെന്ന് കാണാം. എന്നാൽ കൂടിൽ വ്യവസായങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾ 2.6% നഗര പ്രദേശങ്ങളിലും 1.9% ഗ്രാമ പ്രദേശങ്ങളിലുമാണ്. നഗര പ്രദേശങ്ങളിൽ 48.48% ഉം, ഗ്രാമ പ്രദേശങ്ങളിൽ 35% ഉം തൊഴിലാളികൾ തൃതീയ മേഖലയിൽ പണിയെടുക്കുന്നു. ഗ്രാമ പ്രദേശങ്ങളിൽ പോലും പ്രാഥമിക മേഖല മന്ദീഭവിക്കുന്നു എന്നാണ് ഇതിനർത്ഥം. കഴിഞ്ഞ ദശകങ്ങളിൽ കർഷകരുടേയും, കർഷക തൊഴിലാളികളുടേയും എണ്ണത്തിൽ വൻതോതിൽ കുറവ് സംഭവിക്കുകയുണ്ടായി. അതേസമയം മറ്റ തൊഴിലാളികളുടെ എണ്ണത്തിൽ വർദ്ധനവും ഉണ്ടായി. ജില്ലയുടെ പ്രാഥമിക മേഖലയുടെ പ്രത്യേകിച്ചും കാർഷിക മേഖലയുടെ തളർച്ചയെയാണ് ഇത് സൂചിപ്പിക്കുന്നത്. ഒരു പ്രദേശത്തിന്റെ സമ്പദ് വ്യവസ്ഥയുടെ നട്ടെല്ലാണ് ഉല്പാദന മേഖല എന്നിരിക്കെ അതിന്റെ ശോഷണം ആ പ്രദേശത്തിന്റെ സ്വയംപര്യാപ്തത, സാമ്പത്തിക ഭദ്രത എന്നിങ്ങനെ ബഹുമുഖ തലങ്ങളിൽ പ്രതിഫലിക്കും.


സംസ്ഥാനത്ത് നെല്കൃഷിക്ക് പ്രാമുഖ്യമുള്ള ജില്ലകളിലൊന്നാണ് ആലപ്പുഴ. എന്നിരിക്കിലും ഈ മേഖലകളിൽ തൊഴിലാളികളുടെ എണ്ണം കുറയുന്നതായാണ് കണ്ടുവരുന്നത്. നെല്കൃഷി നടത്തുന്ന സ്ഥലത്തിന്റെ വിസ്തൃതി കുറയുന്നതായി കാണുന്നു. കാർഷിക മേഖലയുടെ തളർച്ചയെയാണ് ഇത് സൂചിപ്പിക്കുന്നത്. 2001 സെൻസസ് പ്രകാരം ജില്ലയിൽ 27535 കർഷകരും 99094 കർഷക തൊഴിലാളികളും 52112 കൂടിൽ വ്യവസായങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവരും 544613 മറ്റ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവരും ആയിരുന്നു. 2011 സെൻസസ് പ്രകാരം ഇത് യഥാക്രമം 25237, 71706, 35765, 671663 എന്നായി. കഴിഞ്ഞ

ദശകത്തിൽ കർഷകർ, കർഷക തൊഴിലാളികൾ, കുടിൽ വ്യവസായങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവർ കുറയുന്നതായും മറ്റു തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവരും കൂടുന്നതായും ആണ് ഇത് സൂചിപ്പിക്കുന്നത്.

2001 ആയി താരതമ്യം ചെയ്യുമ്പോൾ പ്രാഥമിക മേഖലയിൽ പണിയെടുക്കുന്നവർ 126629ൽ നിന്ന് 96943 ആയും ദ്വിതീയ മേഖലയിൽ പണിയെടുക്കുന്നവർ 52112ൽ നിന്നും 35865 ആയും കുറയുകയും തൃതീയ മേഖലയിൽ പണിയെടുക്കുന്നവർ 544613ൽ നിന്നും 671663 ആയി വർദ്ധിച്ചതായും കാണുന്നു.




**ചിത്രം 3.4.4 കർഷക തൊഴിലാളികളുടെ കേന്ദ്രീകരണ സൂചിക – 2011**





**ചിത്രം 3.4.5 കർഷകരുടെ കേന്ദ്രീകരണ സൂചിക – 2011**

*അവലംബം: സെൻസസ് റിപ്പോർട്ട്*


വിവിധ മേഖലകളിലുള്ള തൊഴിലാളികളുടെ എണ്ണം കേന്ദ്രീകരണം മനസ്സിലാക്കുന്നതിന് അവയെ കേന്ദ്രീകരണ സൂചിക ഉപയോഗിച്ച് താരതമ്യം ചെയ്തിരിക്കുന്നു. ജില്ലയിലെ തദ്ദേശ സ്വയം ഭരണ സ്ഥാപന ആനുപാതികമായി ഒരു പ്രത്യേക വിഭാഗത്തിലുള്ള തൊഴിലാളികളുടെ കേന്ദ്രീകരണം കേന്ദ്രീകരണ സൂചികയിൽ നിന്ന് മനസ്സിലാക്കുന്നു.

ചിത്രം 3.4.4.ൽ കർഷക തൊഴിലാളികളുടെ കേന്ദ്രീകരണം കാണിക്കുന്നു. കുട്ടനാട് പ്രദേശത്തും ഓണാട്ടുകര പ്രദേശത്തുമായാണ് കാർഷിക തൊഴിലാളികള് കേന്ദ്രീകരിച്ചിരിക്കുന്നത് എന്ന് ഇതിൽ നിന്ന് മനസ്സിലാകും. ചിത്രം 3.4.5.ൽ കർഷകരുടെ കേന്ദ്രീകരണ രീതി കാണിച്ചിരിക്കുന്നു. കർഷക തൊഴിലാളികളുടെ ഏകദേശം അതേ കേന്ദ്രീകരണ രീതി തന്നെയാണ് കർഷകരിലും കാണുന്നത്. ചിത്രം 3.4.6.ൽ കുടിൽ വ്യവസായങ്ങളിൽ ഏർപ്പെടുന്നവരുടെ കേന്ദ്രീകരണ സൂചിക കാണിച്ചിരിക്കുന്നു. പുറക്കാടിനു

ചുറ്റുമുള്ള തീരപ്രദേശങ്ങളിലും ചേർത്തല പ്രദേശങ്ങളിലുമായാണ് ഇവരുടെ കേന്ദ്രീകരണം കൂടുതലുള്ളത് എന്ന് ചിത്രത്തിൽ വ്യക്തമാകുന്നു. ചിത്രം 3.4.7.ൽ മറ്റു തൊഴിലാളികളുടെ കേന്ദ്രീകരണം കാണിച്ചിരിക്കുന്നു. കുട്ടനാട് പ്രദേശത്തും, ചെങ്ങന്നൂർ ബ്ലോക്കിലെ ഗ്രാമ പഞ്ചായത്തുകളിലുമാണ് ഇവരുടെ കേന്ദ്രീകരണം ഏറ്റവും കുറഞ്ഞിരിക്കുന്നത് എന്ന് ചിത്രത്തിൽ നിന്ന് സ്പഷ്ടമാകുന്നു. ജില്ലയുടെ വടക്കൻ പ്രദേശങ്ങളിലാണ് ഇവരുടെ കേന്ദ്രീകരണം കൂടുതലായി കാണുന്നത്. മെട്രോ നഗരമായ കൊച്ചിയുടെ സാമിപ്യമായിരിക്കാം ഇതിന്റെ പ്രധാന കാരണം.




**ചിത്രം 3.4.6 കൂടിൽ വ്യവസായ തൊഴിലാളികളുടെ കേന്ദ്രീകരണ സൂചിക – 2011**




**ചിത്രം 3.4.7 മറ്റു തൊഴിലാളികളുടെ കേന്ദ്രീകരണ സൂചിക – 2011**

*(അവലംബം: സെൻസസ് റിപ്പോർട്ട്)*


## 3.5. നഗരവല്ക്കരണം

സെൻസസ് 2011 പ്രകാരം ഇന്ത്യയുടെ ജനസംഖ്യയുടെ 31.25% ഉം നാഗരികരാണ്. രാജ്യത്തെ നാഗരിക ജനസംഖ്യയുടെ വലർച്ചാ നിരക്ക് 1991–2001 കാലയളവിൽ 27.8% ആയിരുന്നത് 2001–2011 കാലഘട്ടത്തിൽ 31.2% ആയി വർദ്ധിച്ചു. കേരളത്തിൽ 47.7% ജനങ്ങളും നാഗരികരായി കഴിഞ്ഞിരിക്കുന്നു. നഗരവല്ക്കരണം തോതാകട്ടെ, രാജ്യത്തെ തന്നെ ഏറ്റവും ഉയർന്ന നിരക്കുകളിലൊന്നാണ്. 1991–2001 കാലയളവിൽ നഗര ജനസംഖ്യ മോത്തം ജനസംഖ്യയുടെ 29.6% ആയിരുന്നത് 2001–2011 ഓടെ 47.75% ആയി കുതിച്ചു ഉയരുകയാണുണ്ടായത്. ഒരു ദശലക്ഷത്തിലേറെ ജനസംഖ്യയുള്ള നഗരസഞ്ചയങ്ങൾ ഏറ്റവും കൂടുതലുള്ള സംസ്ഥാനങ്ങളിൽ ഒന്ന്) കേരളമാണ്. (7 എണ്ണം) ഇന്ത്യയിൽ പൊതുവെ നഗരവല്ക്കരണം മന്ദഗതിയിലാണെങ്കിലും സംസ്ഥാനത്ത് ആയതിന്റെ ഗതിവേഗം വളരെ കൂടുതലാണ് എന്നാണ് സെൻസസ് വിവരങ്ങൾ സൂചിപ്പിക്കുന്നത്. കേരളത്തിന്റെ ചരിത്രത്തിലെതന്നെ ഏറ്റവും ഉയർന്ന നഗരവല്ക്കരണ തോതായ 83.25% വർദ്ധനവ്

അനുഭവപ്പെട്ടത് 2001-2011 കാലഘട്ടത്തിലാണ്. തൊഴിൽ ഘടനയിലെ മാറ്റം നിമിത്തം ഗ്രാമ പ്രദേശങ്ങളെ നഗരമായും തരംതിരിച്ചതാണ് കേരളത്തിലെ നഗരവല്ക്കരണത്തിന്റെ പ്രധാന കാരണം. ആയതിനാൽ തന്നെ സംസ്ഥാനത്ത് സെൻസസ് പട്ടണങ്ങളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ഇത് സംസ്ഥാനത്ത് സംഭവിക്കുന്ന പ്രത്യേക തരം നഗരവല്ക്കരണ വ്യാപനമാണ് കാണിക്കുന്നത്.

2011 സെൻസസ് പ്രകാരം ആലപ്പുഴ ജില്ലയിലെ ജനസംഖ്യയുടെ പകുതിയിലേറെയും നാഗരികരാണ്. 1961 മുതൽ 2011 വരെയുള്ള 50 വർഷത്തിനുള്ളിൽ സംസ്ഥാനത്ത് ഏറ്റവും കൂടിയ നാഗരിക ജനസംഖ്യാ വർദ്ധന തോത് (169.05%)രേഖപ്പെടുത്തിയിരിക്കുന്ന ജില്ല ആലപ്പുഴയാണ്. 2001ൽ 29.46% ജനങ്ങൾ നാഗരികരായിരുന്നുവെങ്കിൽ 2011-ഓടെ അത് 54.06% ആയി വർദ്ധിച്ചിട്ടുണ്ട്. 2001-2011 ദശകത്തിൽ നാഗരിക ജനസംഖ്യയിൽ 84.8% വർദ്ധനവാണ് ജില്ലയിൽ ഉണ്ടായത്.

മുനിസിപ്പൽ പ്രദേശങ്ങളോടൊപ്പം ചേർന്നു കിടക്കുന്ന സെൻസസ് പട്ടണങ്ങൾ, ഔട്ട് ഗ്രോത്തുകൾ എന്നിവ ചേർന്ന നഗര സഞ്ചയങ്ങൾ മൂന്നെണ്ണം ജില്ലയിലുണ്ട്. ചേർത്തല (ജനസംഖ്യ 2011ൽ -455408), കായംകുളം (427091), ആലപ്പുഴ (241072) എന്നിവയാണവ. ആയതിനാൽ, കൊച്ചി, കോഴിക്കോട്, തിരുവനന്തപുരം നഗരങ്ങൾക്ക് അതതു ജില്ലകളിൽ ഉള്ളതുപോലെയുള്ള നഗര മേധാവിത്യ സ്വഭാവം (Primate city character) ആലപ്പുഴ ജില്ലയിൽ ഒരു പട്ടണത്തിനുമില്ല എന്നു കാണാം.





**ചിത്രം 3.5.1 കേരളത്തിലെ നഗരവൽകരണവീക്ഷണം - 2021**

*(അവലംബം: സംസ്ഥാന നഗരവൽകരണ റിപ്പോർട്ട് - 2012)*

സംസ്ഥാനത്തെ ജനസംഖ്യ ശാസ്ത്രപരമായ മാറ്റം, അതിവാസ പ്രദേശങ്ങളുടെ പ്രവർത്തന സ്വഭാവം, നഗരവല്ക്കരണ പ്രവണത, നഗര സഞ്ചയ രൂപീകരണം, നഗരവല്ക്കരണത്തിന്റെ ഗതിവേഗവും, ഭൌതികവശങ്ങളും എന്നിവ പഠനമാക്കിയശേഷം സംസ്ഥാന നഗരവല്ക്കരണ റിപ്പോർട്ട് 2012ൽ തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിലെ നഗരവല്ക്കരണ വീക്ഷണം പ്രകാരം 2021ൽ നഗര സഞ്ചയങ്ങളും, തുടർന്ന് 2031-ഓടെ അവ നഗര ഇടനാഴികളായും വളരുന്നതാണ് എന്ന് കണ്ടെത്തിയിട്ടുണ്ട്.(ചിത്രം 3.5.1, 3.5.2).

2021ലെ ആലപ്പുഴ നഗര സമുച്ചയത്തിൽ നിലവിലെ ആലപ്പുഴ, ചേർത്തല നഗര സമുച്ചയങ്ങൾക്ക് പുറമെ, മറ്റ് സമീപ ഗ്രാമ പഞ്ചായത്തുകളിലെ പ്രദേശങ്ങളും ഉൾപ്പെടുന്നതാണ്. 2031 ഓടെ കൂടുതൽ പ്രദേശങ്ങൾ ഉൾക്കൊള്ളുമെങ്കിലും കൊച്ചി, തൃശ്ശൂർ, ആലപ്പുഴ നാഗരിക പ്രദേശങ്ങൾ ഒത്തുചേർന്ന് ആലപ്പുഴ-എറണാകുളം-തൃശ്ശൂർ നഗര ഇടനാഴി രൂപപ്പെടുകയും ചെയ്യുമെന്ന് വീക്ഷിക്കുന്നു.





**ചിത്രം 3.5.2 കേരളത്തിലെ നഗരവൽകരണവീക്ഷണം – 2031**

*(അവലംബം: സംസ്ഥാന നഗരവൽകരണ റിപ്പോർട്ട് – 2012)*

സംസ്ഥാന നഗരവല്ക്കരണ റിപ്പോർട്ട് 2012 പ്രകാരം നഗര കേന്ദ്രങ്ങളുടെ ഭാവിയിലെ ക്രമത്തിൽ ആലപ്പുഴ നഗര സഞ്ചയത്തിന് അതിന്റെ ഭൂമിശാസ്ത്രപരമായ പരിമിതികൾ ക്കൊണ്ട് സേവന പ്രദേശവും, സേവന ജനസംഖ്യയും കുറവാണ്. (ചിത്രം 3.5.3.). എന്നാൽ ആലപ്പുഴ നഗര ജില്ലയിലെ ജനസംഖ്യാ തോതും, നഗരവല്ക്കരണ വേഗതയും ഉയർന്ന നില്ക്കുന്നതിനാൽ ആലപ്പുഴ നഗര സഞ്ചയത്തെ മൂന്നാം ക്രമ നഗര കേന്ദ്രമായാണ് കണ്ടെത്തിയിരിക്കുന്നത്.

ആലപ്പുഴ ജില്ലയിൽ 6 നഗരസഭ കളാണുള്ളത്. ഇതിൽ ഹരിപ്പാട് 2011 ജനസംഖ്യ സെൻസസ് കാലയളവിനുശേഷം രൂപീകൃതമായ നഗരസഭയാണ്. നഗരസഭാ പ്രദേശങ്ങളിലെല്ലാം തന്നെ ജനസംഖ്യ വർദ്ധനവിന്റെ തോത് തീരെ കുറവാണ് എന്ന് കാണാം. 2001-2011 കാലഘട്ടത്തിൽ മാവേലിക്കര, ചെങ്ങന്നൂർ നഗരസഭാ പ്രദേശങ്ങളിലാകട്ടെ ജനസംഖ്യയിൽ കാര്യമായ കുറവ് രേഖപ്പെടുത്തിയിട്ടുണ്ട്. 7% ത്തോളം കുറവാണ് പ്രസ്തുത പട്ടണങ്ങളിൽ ഉണ്ടായത്. പട്ടിക 3.5.1. ഇത് വ്യക്തമാക്കുന്നു.




**ചിത്രം 3.5.3 സേവനപ്രദേശം**

**പട്ടിക- 3.5.1 ജനസംഖ്യാ വർദ്ധനവിന്റെ തോത് (2001-2011)**

| നഗരസഭ | ജനസംഖ്യ | | ജനസംഖ്യാ വർദ്ധനവിന്റെ തോത് (ശതമാനത്തിൽ) |
|---|---|---|---|
| | 2001 | 2011 | |
| ആലപ്പുഴ | 177029 | 174176 | -1.6 |
| കായംകുളം | 68585 | 68634 | 0.1 |
| ചേർത്തല | 45105 | 45827 | 1.6 |
| മാവേലിക്കര | 28439 | 26421 | -7.1 |
| ചെങ്ങന്നൂർ | 25397 | 23466 | -7.6 |
| ഹരിപ്പാട് | - | 31151* | |

*കണക്കാക്കിയിട്ടുള്ളത്

## പട്ടിക-3.5.2 നഗരവ്യാപനവും നഗര ജനസംഖ്യാ വിന്യാസവും ആലപ്പുഴ ജില്ല (1991-2011)

| 1991 | | 2001 | | 2011 | |
|---|---|---|---|---|---|
| നഗരസഞ്ചയം/ നഗരം | ജനസംഖ്യ | നഗര സഞ്ചയം/ നഗരം | ജനസംഖ്യ | നഗര സഞ്ചയം/ നഗരം | ജനസംഖ്യ |
| ആലപ്പുഴ നഗരസഞ്ചയം | 264969 | ആലപ്പുഴ നഗരസഞ്ചയം | 282675 | ആലപ്പുഴ നഗരസഞ്ചയം | 240991 |
| ആലപ്പുഴ (M) | 174666 | ആലപ്പുഴ (M) | 177029 | ആലപ്പുഴ(M) | 174176 |
| കളർകോട് (OG) | 23267 | കളർകോട് (OG) | 26964 | പുന്നപ്ര(OG) | 38066 |
| പുന്നപ്ര (OG) | 29783 | പുന്നപ്ര (OG) | 35391 | കളർകോട്(OG) | 28749 |
| കോമളപുരം (CT) | 37253 | കോമളപുരം (CT) | 43291 | | |
| ചേർത്തല നഗരസഞ്ചയം | 132883 | ചേർത്തല നഗരസഞ്ചയം | 216361 | ചേർത്തല നഗരസഞ്ചയം | 432053 |
| ചേർത്തല (M) | 43326 | ചേർത്തല (M) | 45105 | അരൂർ (CT) | 39214 |
| കൊക്കോതമംഗലം (CT) | 15904 | വയലാർ (OG) | 24216 | അരൂക്കുറ്റി (CT) | 19411 |
| മുഹമ്മ (CT) | 22541 | തണ്ണീർമുക്കം (OG) | 30866 | എഴുപുന്ന (CT) | 27528 |
| തണ്ണീർമുക്കം (CT) | | കൊക്കോതമംഗലം (CT) | 16863 | കോടംതുരുത്ത് (CT) | 21295 |
| വയലാർ (CT) | | മുഹമ്മ (CT) | 24518 | തൈക്കാട്ടുശ്ശേരി (CT) | 20874 |
| അരൂക്കുറ്റി (CT) | | അരൂർ (CT) | 35283 | കുത്തിയതോട് (CT) | 23669 |
| അരൂർ (CT) | | അരൂക്കുറ്റി (CT) | 17393 | വയലാർ (CT) | 24804 |
| കോടംതുരുത്ത് (CT) | | കഞ്ഞിക്കുഴി (CT) | 22127 | | |
| മണ്ണഞ്ചേരി (CT) | | | | പള്ളിപ്പുറം (CT) | 28276 |
| കായംകുളം (M) | | കായംകുളം (M) | 68585 | തണ്ണീർമുക്കം (CT) | 31525 |
| മാവേലിക്കര (M) | | മാവേലിക്കര (M) | 28349 | കൊക്കോതമംഗലം (CT) | 17047 |
| ചെങ്ങന്നൂർ (M) | | ചെങ്ങന്നൂർ (M) | 25397 | കഞ്ഞിക്കുഴി (CT) | 23681 |
| | | | | മുഹമ്മ (CT) | 25861 |
| | | | | ചേർത്തല(M) | 45827 |
| | | | | മണ്ണഞ്ചേരി (CT) | 32139 |
| | | | | പാതിരാപ്പള്ളി (CT) | 27445 |
| | | | | കോമളപുരം (CT) | 47126 |
| | | | | കായംകുളം നഗരസഞ്ചരം | 427967 |
| | | | | ഹരിപ്പാട് (CT) | 15588 |
| | | | | കുമാരപുരം (CT) | 26943 |
| | | | | കാർത്തികപ്പള്ളി (CT) | 19021 |
| | | | | ചിങ്ങോലി (CT) | 14981 |
| | | | | ചേപ്പാട് (CT) | 20052 |
| | | | | പത്തിയൂർ (CT) | 23460 |
| | | | | കീരിക്കാട് (CT) | 10465 |
| | | | | മുതുകുളം (CT) | 20740 |
| | | | | കണ്ടല്ലൂർ (CT) | 19925 |
| | | | | പുതുപ്പള്ളി (CT) | 20390 |
| | | | | കൃഷ്ണപുരം (CT) | 26705 |
| | | | | മാന്നാർ (CT) | 17067 |
| | | | | കുരട്ടിശ്ശേരി (CT) | 11849 |
| | | | | കണ്ണമംഗലം (CT) | 23344 |
| | | | | ചെന്നിത്തല (CT) | 12360 |
| | | | | തഴക്കര (CT) | 14596 |
| | | | | ഭരണിക്കാവ് (CT) | 15922 |
| | | | | കറ്റാനം (CT) | 19504 |
| | | | | കായംകുളം(M) | 68634 |
| | | | | മാവേലിക്കര(M) | 26421 |
| | | | | ചെങ്ങന്നൂർ(M) | 23466 |

*(അവലംബം- സംസ്ഥാന നഗരവല്ക്കരണ റിപ്പോർട്ട്-2012)*

ജനസംഖ്യാ വർദ്ധനവ് നഗരസഭാ പ്രദേശങ്ങളിൽ തുലോം കുറവായിരിക്കെ, ജില്ലയിലെ മൊത്തം നഗരവല്ക്കരണ തോത് 84.8% എന്നത് തികച്ചും വൈരുദ്ധ്യമായി തോന്നാം. ഇവിടെയാണ് സംസ്ഥാനത്തിന്റെതുപോലെ തന്നെ ജില്ലയിലെയും നഗരവല്ക്കരണത്തിന്റെ

പ്രത്യേകത. 1991–2011 കാലയളവിലെ നഗര വ്യാപനവും നഗര ജനസംഖ്യാ വിന്യാസവും പട്ടിക 3.5.2.ൽ കാണിക്കുന്നു.

നഗരങ്ങളിൽ ജനസംഖ്യ കേന്ദ്രീകരിക്കുകയല്ല, മറിച്ച് ഗ്രാമ ജനതയിലേക്ക് നഗര സ്വഭാവം വ്യാപിക്കുന്നതാണ് ജില്ലയിൽ കാണുന്നത്. ജില്ലയിൽ 50% ത്തിലധികം ജനങ്ങൾ 2011ൽ തന്നെ നാഗരികരായെന്നും, ഉയർന്ന തോതിൽ നഗരവല്ക്കരണം നടക്കുന്നെന്നും ഇന്ത്യന് സെൻസസ് പ്രകാരം കണ്ടെത്തിയിട്ടുണ്ടെങ്കിലും ഭൌതിക സാമ്പത്തിക മേഖലകളിൽ അതേപോലെ ദൃശ്യമായിട്ടില്ല. ചുരുക്കത്തിൽ സംസ്ഥാത്തിനെന്നപോലെ ജില്ലയിലെ നഗരവല്ക്കരണവും പ്രധാനമായും നഗര വ്യാപനം (Urban spread) മൂലമാണ് എന്നും, ഇത് നഗരങ്ങളുടേയും, ഗ്രാമങ്ങളുടേയും സാമ്പത്തിക അടിത്തറയെ ദുർബ്ബലമാക്കാൻ സാദ്ധ്യതയുണ്ട് എന്നും അനുമാനിക്കാം. ജില്ലയിലെ നിലവിലുള്ള നഗരങ്ങളിലെ ജനസംഖ്യയും വിസ്തൃതിയും പരിശോധിച്ചാൽ അവയിൽ പോലും സാന്ദ്രീകരണത്തിന് – ജനസംഖ്യയുടേയും നിർമ്മിതികളുടേയും – ഇപ്പോഴും സാദ്ധ്യതയുണ്ട് എന്നതാണ് വാസ്തവം. ആ സാദ്ധ്യത ഉപയോഗപ്പെടുത്താതെ, നഗരങ്ങൾ ഗ്രാമങ്ങളിലേക്കും, അവിടങ്ങളിലെ കൃഷിയിടങ്ങളിലേക്കും കൂടുതൽ കൂടുതലായി വ്യാപിക്കുന്നത് ആശങ്ക ഉളവാക്കുന്നു. പ്രസ്തുത സാഹചര്യത്തിൽ ആസൂത്രിത ഇടപെടലുകളിലൂടെ ജില്ലയിലെ 6 നഗര പ്രദേശങ്ങളിൽ കേന്ദ്രീകരണം സഹായകമാകും വിധം സാന്ദ്രീകരണം ഒരു പരിധിവരെ നടത്താവുന്നതാണ്. ആയതിലൂടെ പ്രസ്തുത നഗരങ്ങളെ വികസനത്തിന്റെ ചാലക ശക്തി കേന്ദ്രങ്ങളാക്കി മാറ്റുകയും ചെയ്യാവുന്നതാണ്.

## 3.6. അധിവാസ കേന്ദ്രങ്ങളുടെ സ്ഥാനക്രമം

നിലവിലുള്ള സൗകര്യങ്ങളുടെ എണ്ണവും ക്രമവും അടിസ്ഥാനമാക്കി അധിവാസ കേന്ദ്രങ്ങളുടെ (തദ്ദേശ സ്ഥാപനങ്ങൾ) സ്ഥാനക്രമം കണക്കാക്കുകയും നിർണ്ണയിക്കുകയും ചെയ്യുന്നു. പ്രാദേശിക ആസൂത്രണത്തിലെ അടിസ്ഥാന ലക്ഷ്യങ്ങളിൽ ഒന്ന് പ്രദേശത്തെ വികസനങ്ങളിൽ അസമത്വവും അസന്തുലിതാവസ്ഥയും കുറയ്ക്കുകയെന്നതാണ്. എന്നാൽ, ഇടപെടലുകലിലും നിക്ഷേപ താല്പര്യങ്ങളിലുമുള്ള അവസരങ്ങളും ആവശ്യങ്ങളും വിവിധ ആവാസ കേന്ദ്രങ്ങളിലും സമാനമല്ല. പരിമിതവും അപര്യാപ്തവുമായ വിഭവങ്ങളുടെ ലഭ്യത പരിഗണിച്ചുകൊണ്ട് ഇതിൽ മുൻഗണന പ്രധാനമായതാണ്. അധിവാസ കേന്ദ്രങ്ങളുടെ സ്ഥാനക്രമത്തിന്റെ നിര്ണ്ണയം ഈ സന്ദർഭത്തിൽ ഉയർന്ന പ്രാധാന്യം ഏറ്റെടുക്കുന്നു. ഭൌതിക വികസനം, സ്ഥാനപരമായ പ്രാധാന്യം, ഭരണ പദവി, നഗരവല്ക്കരണ പ്രവണത എന്നിവ പോലുള്ള ഘടകങ്ങളെ അടിസ്ഥാനമാക്കി അധിവാസ കേന്ദ്രങ്ങളുടെ സ്ഥാനക്രമം അനുമാനിക്കുന്നു. ജില്ലയിലെ പല അധിവാസ കേന്ദ്രങ്ങളുടെ നിലവിലുള്ളതും നിർദ്ദേശിച്ചതുമായ സ്ഥാനക്രമം തിരിച്ചറിയുവാന് ഈ ഭാഗത്തിലൂടെ ശ്രമിക്കുന്നു.

സൌകര്യങ്ങളുടെ കേന്ദ്രീകരണവും ജില്ലയിലെ തദ്ദേശ സ്ഥാപനങ്ങൾക്കിടയിൽ ബന്ധപ്പെട്ട വിന്യാസത്തിനുമുള്ള ഒരു സൂചനയാണ് അധിവാസ കേന്ദ്രത്തിന്റെ സ്ഥാനക്രമ മൂല്യം. വ്യത്യസ്ത സ്ഥാനക്രമങ്ങളുമായി അധിവാസ കേന്ദ്രത്തിന്റെ സ്ഥലപര വിന്യാസവും ജനസംഖ്യാ വിന്യാസവുമായി പൊരുത്തമുള്ളതിലും ഇല്ലാത്തതിലുമായ സൂഷ്മപരിശോധന ഏതെങ്കിലും പ്രധാന ആസൂത്രണത്തില് സംബോധന ചെയ്യാന് ആവശ്യപ്പെടുന്ന ഒരു വിഷയമാണ്. 2011ലെ ജില്ലാ നഗരവല്ക്കരണ റിപ്പോർട്ടിൽ അധിവാസ കേന്ദ്രങ്ങളുടെ സ്ഥാനക്രമം നിശ്ചയിച്ചിട്ടുണ്ട്.

ജില്ലയിലെ അധിവാസ കേന്ദ്രങ്ങളെ 2011ലെ ജില്ലാ നഗരവല്ക്കരണ റിപ്പോർട്ട് പ്രകാരം 4 ഗ്രൂപ്പുകളായി തിരിക്കുന്നു.

**ക്രമം – 1.**, അധിവാസ കേന്ദ്രം –1 എണ്ണം

(ആലപ്പുഴ പട്ടണം)

**ക്രമം – 2.**, അധിവാസ കേന്ദ്രം – 4 എണ്ണം


(മാവേലിക്കര, ചെങ്ങന്നൂർ, കായംകുളം, ചേർത്തല തുടങ്ങിയ മുനിസിപ്പല് പട്ടണങ്ങൾ)

**ക്രമം – 3.**, അധിവാസ കേന്ദ്രം – 19 എണ്ണം


(അമ്പലപ്പുഴ വടക്ക്, അമ്പലപ്പുഴ തെക്ക്, ഹരിപ്പാട്, ചുനക്കര, ഇറവൂർ, നൂറനാട്, ചമ്പക്കുളം, ഭരണിക്കാവ്, പളളിപ്പാട്, തഴക്കര, പുളിങ്കുന്ന്, മാന്നാർ, പട്ടണക്കാട്, അരൂർ, ചേർത്തല തെക്ക്, എടത്വ, തണ്ണീർമുക്കം, മുതുകുളം, ചേന്നംപളളിപ്പുറം)

**ക്രമം – 4.**, അധിവാസ കേന്ദ്രം – 54 എണ്ണം

ബാക്കി വരുന്ന ഗ്രാമ പഞ്ചായത്തുകൾ – അനുബന്ധം II കാണുക.




**ചിത്രം 3.6.1 അധിവാസകേന്ദ്രങ്ങളുടെ സ്ഥലപര വിന്യാസം**




**ചിത്രം 3.6.2 ജില്ലയിലെ നിർദ്ദിഷ്ട അധിവാസകേന്ദ്രങ്ങളുടെ സ്ഥാനക്രമം**

*അവലംബം: ജില്ലാ നഗരവൽകരണ റിപ്പോർട്ട് – 2011*

അധിവാസ കേന്ദ്രങ്ങളുടെ സ്ഥലപര വിന്യാസം (ചിത്രം 3.6.1)ൽ കാണിക്കുന്നു. ദേശീയ പാത 66ഉം, SH–11, SH–40, SH–66 എന്നീ സംസ്ഥാന പാതകളും ഒന്നാം ക്രമ അധിവാസ കേന്ദ്രമായ ആലപ്പുഴ പട്ടണത്തിലൂടെ കടന്നുപോകുന്നു. എല്ലാ ഒന്നാമത്തെയും രണ്ടാമത്തെയും ക്രമ അധിവാസ കേന്ദ്രങ്ങൾ ദേശീയപാതയോട് ചേർന്നോ സംസ്ഥാനപാതയോട് ചേർന്നോ സ്ഥിതി ചെയ്യുന്നു.

2011 ജനുവരിയിൽ പ്രസിദ്ധീകരിച്ച ജില്ലാ നഗരവല്കരണ റിപ്പോർട്ട് പ്രകാരം ജില്ലയിലെ വിവിധ തദ്ദേശ സ്വയം ഭരണ പ്രദേശങ്ങളുടെ നിർദ്ദേശിച്ചിരുന്ന സ്ഥാനക്രമം ചിത്രം 3.6.2ൽ നല്കിയിരിക്കുന്നു. നിലവിലെ ക്രമം 1, ക്രമം 2, അധിവാസ കേന്ദ്രങ്ങളെ അതുപോലെ നിലനിർത്തിയിരിക്കുന്നു. അരൂ ർ, ചേന്നംപളളിപ്പുറം, മാരാരിക്കുളം വടക്ക്, പുളിങ്കുന്ന്, അമ്പലപ്പുഴ തെക്ക്, എടത്വ, മാന്നാർ, ഹരിപ്പാട്, മുതുകുളം, തഴക്കര, നൂറനാട്, (11 എണ്ണം) എന്നിവയെ ക്രമം 3, അധിവാസ കേന്ദ്രങ്ങളായും ബാക്കി വരുന്ന ഗ്രാമ

പഞ്ചായത്തുകളെ ക്രമം 4 അധിവാസ കേന്ദ്രങ്ങളായും വിഭാവനം ചെയ്തിരിക്കുന്നു.

## 3.7. പ്രവർത്തന സ്വഭാവം

ഭൂവിനിയോഗ കേന്ദ്രീകരണം, അധിവാസ കേന്ദ്രങ്ങളുടെ നിർവഹണ സ്വഭാവം തുടങ്ങിയവയുടെ അടിസ്ഥാനത്തിൽ, ജില്ലയിലെ വിവിധ നഗരസഭ/ ഗ്രാമ പഞ്ചായത്ത് പ്രദേശങ്ങളുടെ പ്രവർത്തന രീതി കണ്ടെത്തുന്നതിനായി 2011ലെ ജില്ലാ നഗരവല്ക്കരണ റിപ്പോർട്ടിൽ ശ്രമിച്ചിട്ടുണ്ട്.

ജില്ലയിലെ വിവിധ തദ്ദേശ സ്വയം ഭരണ പ്രദേശങ്ങളിലെ ഭൂവിനിയോഗ കേന്ദ്രീകരണ പഠനത്തിൽനിന്നും പ്രമുഖ ഗതാഗത ഇടനാഴികൾ കടന്നു പോകുന്ന പ്രദേശങ്ങളിലാണ് കാർഷികേതര ഭൂവിനിയോഗം കേന്ദ്രീകരിക്കപ്പെടുന്നത് എന്ന് കാണാം. കുട്ടനാട്ടിലും, ഓണാട്ടുകരയുടെ ഭൂരിഭാഗം പ്രദേശങ്ങളിലും കാർഷിക ഭൂവിനിയോഗത്തിന്റെ കേന്ദ്രീകരണം ശക്തമാണ്. പ്രസ്തുത റിപ്പോർട്ടിലെ പഠനങ്ങളിൽനിന്നും, ചെങ്ങന്നൂർ ഒഴികെയുള്ള നഗരസഭാ പ്രദേശങ്ങളിൽ നാഗരിക സ്വഭാവം ശക്തമാണ്. കൂടാതെ, തീരദേശത്തെ ചില ഗ്രാമ പഞ്ചായത്ത് പ്രദേശങ്ങളിലും പ്രത്യേകിച്ചും ആലപ്പുഴ നഗരസഭാ പ്രദേശത്തിന് വടക്ക് ഇപ്രകാരം നഗരസഭാ സ്വഭാവം ശക്തമാണ്. അർദ്ധ നഗര സ്വഭാവവും, അർദ്ധ ഗ്രാമീണ സ്വഭാവവും കാണിക്കുന്ന പഞ്ചായത്ത് പ്രദേശങ്ങളും ജില്ലയിലുണ്ടെങ്കിലും, കുട്ടനാടൻ പ്രദേശം ഉൾപ്പെടെ ഭൂരിഭാഗം ഗ്രാമ പഞ്ചായത്തുകളും ഗ്രാമീണ സ്വഭാവം തന്നെയാണ് കാണിക്കുന്നത്. ചിത്രം 3.7.1-ൽ കാണാവുന്നതാണ്.





**ചിത്രം 3.7.1 അധിവാസകേന്ദ്രങ്ങളുടെ നഗര-ഗ്രാമ സ്വഭാവം**

**പട്ടിക 3.7.1 – തദ്ദേശസ്ഥാപനങ്ങളുടെ പ്രവർത്തനസ്വഭാവം**

| തൃതീയ പ്രവർത്തനം | ദ്വതീയ പ്രവർത്തനം | കാർഷിക അനുബന്ധം | പ്രാഥമിക പ്രവർത്തനം | | |
|---|---|---|---|---|---|
| | കൃഷി+മൃഗ സംരക്ഷണം+SSI | കൃഷി+ മൃഗസംരക്ഷണം | കൃഷി | | |
| അരൂർ | ചിങ്ങോലി | ആറാട്ടുപുഴ | ഹരിപ്പാട് | ചേർത്തല തെക്ക് | മുളക്കുഴ |
| മാന്നാർ | കാർത്തികപ്പള്ളി | തൃക്കുന്നപ്പുഴ | പുറക്കാട് | മുതുകുളം | ദേവികുളങ്ങര |
| കായംകുളം | കുത്തിയതോട് | കഞ്ഞിക്കുഴി | മുട്ടാർ | ചേന്നം - പള്ളിപ്പുറം | പത്തിയൂർ |
| ചെങ്ങന്നൂർ | കോടംതുരുത്ത് | പട്ടണക്കാട് | ചേപ്പാട് | തിരുവൻവണ്ടൂർ | കണ്ടല്ലൂർ |
| ആലപ്പുഴ | എഴുപുന്ന | ഉറവൂർ | മുഹമ്മ | പുന്നപ്ര തെക്ക് | ആല |
| മാവേലിക്കര | അമ്പലപ്പുഴ തെക്ക് | അരൂക്കുറ്റി | ചുനക്കര | ചെറുതന | ചെന്നിത്തല |

| | | | | | |
|---|---|---|---|---|---|
| ചേർത്തല | അമ്പലപ്പുഴ വടക്ക് | പുലിയൂർ | ന്യറനാട് | മാരാരിക്കുളം വടക്ക് | കുമാരപുരം |
| | മാരാരിക്കുളം തെക്ക് | തഴക്കര | കാവാലം | ചമ്പക്കുളം | നീലംപേരൂർ |
| | പുന്നപ്ര വടക്ക് | ആര്യാട് | വെളിയനാട് | തൈക്കാട്ടുശ്ശേരി | എടത്വ |
| | മണ്ണഞ്ചേരി | | തലവടി | ഭരണിക്കാവ് | വീയപുരം |
| | | | വെണ്മണി | പെരുമ്പളം | രാമങ്കരി |
| | | | പാലമേൽ | താമരക്കുളം | ബുധന്യർ |
| | | | തകഴി | കൃഷ്ണപുരം | കരുവാറ്റ |
| | | | പുളിങ്കുന്ന് | ചെട്ടികുളങ്ങര | വയലാർ |
| | | | പാണ്ടനാട് | ചെറിയനാട് | പള്ളിപ്പാട് |
| | | | വള്ളിക്കുന്നം | കടക്കരപ്പള്ളി | തെക്കേക്കര |
| | | | കൈനകരി | തണ്ണീർമുക്കം | നെടുമുടി |
| | | പാണാവള്ളി | | | |





**ചിത്രം 3.7.2 അധിവാസകേന്ദ്രങ്ങളുടെ പ്രവർത്തന സ്വഭാവം**

പ്രസ്തുത പഠനങ്ങളുടെ അടിസ്ഥാന ത്തിൽ ജില്ലയിലെ വിവിധ തദ്ദേശ സ്വയം ഭരണ പ്രദേശങ്ങളിലെ പ്രവർത്തന സ്വഭാവം പ്രസ്തുത ജില്ലാ ജില്ലാ നഗരവല്ക്കരണ റിപ്പോർട്ടിൽ കണ്ടെത്തിയിട്ടുണ്ട്. ആയത് പട്ടിക-3.7.1, ചിത്രം 3.7.2 എന്നിവയിൽ ചേർത്തിരിക്കുന്നു.

ഇതിൽ നിന്നും ജില്ലയിലെ ഭൂരിഭാഗം പഞ്ചായത്തുകളുടെയും പ്രവർത്തന സ്വഭാവം കാർഷിക വൃത്തിയിലൂന്നിയ പ്രാഥമിക വിഭാഗത്തിൽ പെടുന്നതായി കാണാം. ജില്ലയിലെ നഗരസഭാ പ്രദേശങ്ങൾക്ക് പുറമേ മറ്റ രണ്ടു പഞ്ചായത്തുകളും ജില്ലയിൽ തൃതീയ മേഖല പ്രവർത്തനങ്ങൾക്ക് ഊന്നൽ കൊടുക്കുന്നുണ്ട്. ആയതിനാൽ ജില്ലയുടെ വിവിധ തദ്ദേശ ഭരണ പ്രദേശങ്ങളുടെ ഭാവിയിലെ പ്രവർത്തന സ്വഭാവത്തിലും, സാമ്പത്തിക അടിത്തറയിലും കൃഷിയ്ക്കും അനുബന്ധ മേഖലകൾക്കും തുടർന്നും മുഖ്യമായ പങ്ക് വഹിക്കാനുണ്ടെന്ന് തന്നെ കാണാവുന്നതാണ്.

## 3.8 ഗതാഗത ശൃംഖല

### റോഡ് ശൃംഖല




**ചിത്രം 3.8.1 ജില്ലയിലെ ഗതാഗത ശൃംഖല**

ഗതാഗത സൗകര്യങ്ങളുടെ ലഭ്യതയും വികസനവും പരസ്പരം ആശ്രയിക്കുന്നു. ഗതാഗത ശൃംഖലയുടെ കാര്യക്ഷമത പലഘടകങ്ങളെ ആശ്രയിക്കുന്നു. ഗതാഗത ശൃംഖലയുടെ ലഭ്യത സേവനതലത്തിന്റെയും അതിനോടൊപ്പമുള്ള മേഖലയിലെ ജീവിത നിലവാരത്തിന്റെയും ഒരു പ്രധാന സൂചികയാണ്. നേരത്തെ സൂചിപ്പിച്ച പ്രകാരം ജില്ലയിലെ ചില മേഖലകൾ ജലമാർഗ്ഗം മാത്രം എത്തിച്ചേരാവുന്ന താണ്. റോഡ് ശൃംഖലയുടെ പ്രവേശന ക്ഷമതയും ചുമതലയും കണക്കാക്കുന്ന തിൽ ജനസംഖ്യാ വിഭജനവും സാന്ദ്രത വ്യതിയാനവും പ്രധാനമാണ്. ദേശീയ പാത 66 ഉം എട്ട് സംസ്ഥാനപാതകളും പ്രധാനമായി നിലവിലുള്ള റോഡ് ശൃംഖലയിൽ ഉൾക്കൊള്ളുന്നു. ജില്ലയിലെ നിലവിലുള്ള റോഡ് ശൃംഖലകളില് ഉയർന്ന ക്രമ റോഡുകളുടെ ലഭ്യത (ചിത്രം 3.8.1)ൽ കാണിക്കുന്നു. റോഡുകളുടെ വിവിധ ഭാഗങ്ങളുടെ തദ്ദേശ സ്ഥാപന പ്രകാരമുള്ള ദൈർഘ്യം അനുബന്ധം – IIIൽ തന്നിരിക്കുന്നു.

ആലപ്പുഴ ഒരു ചെറിയ ജില്ലയാണ്. കൊച്ചി, ചങ്ങനാശ്ശേരി, തിരുവല്ല, അടൂർ തുടങ്ങിയവ ജില്ലയുടെ പ്രാന്തപ്രദേശത്തുള്ള നഗരകേന്ദ്രങ്ങൾ ജില്ലയെ സ്വാധീനിക്കുന്നു. ഈ സ്വാധീനത്തെ പറ്റിയുള്ള വിശകലനം ഈ സന്ദർഭത്തിൽ നടത്തുന്നില്ല. പരമാവധി സംസ്ഥാനത്തെ നഗരകേന്ദ്രമായ കൊച്ചി അഭികേന്ദ്ര ബലവുമായി, വേമ്പനാട് കായലിന് കുറുകേ വടക്ക് ഭാഗത്ത് സ്ഥിതി ചെയ്യുന്നു. കൊച്ചിയിൽ നിക്ഷേപങ്ങളുടെ ഗുണിത സംഖ്യാ ഫലങ്ങൾക്ക് തീർച്ചയായും സമ്മർദ്ദമുണ്ടാകും. തിരുവല്ലയും ചങ്ങനാശ്ശേരിയും ജില്ലയ്ക്ക് ഏറ്റവും അടുത്തുള്ള നഗരകേന്ദ്രങ്ങളാണ്. ഇതും ജില്ലയെ വളരെയധികം സ്വാധീനം ചെലുത്തുന്നു. ഗതാഗതം വലിയ തലത്തിൽ കാണേണ്ടതാണ്. സൂക്ഷ്മതല നിർദ്ദേശങ്ങൾ ബൃഹത് തലത്തിലെ നിർദ്ദേശങ്ങളുടെ ഭാഗമാകേണ്ടതാണ്. ജില്ലയിലെ ചില റോഡുകൾ പ്രദേശിക തലത്തിലെ അവിഭാജ്യഘടകമായതിനാല് സംസ്ഥാന തലത്തിലോ ഏറ്റവും കുറഞ്ഞത് പ്രാദേശിക തലത്തിലോ ഉള്ള വിശകലനം റോഡ് ശൃംഖല രൂപം നൽകുവാൻ അത്യന്താപേക്ഷികമാണ്. പഠനലക്ഷ്യം ജില്ലയിലേക്ക് പരിമിതപ്പെടുത്തുന്നു. വിശകലനവും ചർച്ചകളും ജില്ലയ്ക്ക് പരിമിതമാകുന്നതിനാൽ പഠനത്തിന് പരിമിതികൾ ഉണ്ട്.

## റെയിൽവേ

തൊണ്ണൂറുകൾക്ക് മുൻപ് ആലപ്പുഴ ജില്ലയിൽ റെയിൽപാതകൾ വിരളമായിരുന്നു. ചെങ്ങന്നൂർ, മാവേലിക്കര, കായംകുളം എന്നീ സ്ഥലങ്ങളിലൂടെ കടന്നുപോകുന്ന റെയിൽപാത 1958 ഒക്ടോബർ 17നാണ് തുറന്നത്. ഇത് ജില്ലയുടെ ഒരു ഭാഗം മാത്രം സേവിച്ചു.

ജില്ലാ ആസ്ഥാനം ഉൾപ്പെടുന്ന ജില്ലയുടെ പ്രധാന ഭാഗം ഈ റെയിൽപാതയുടെ സേവനത്തിൽ നിന്ന് വളരെ അകലെ ആയിരുന്നു. 1989 ഒക്ടോബർ 16ന് എറണാകുളം – ആലപ്പുഴ റെയിൽപാത കമ്മീഷൻ ചെയ്തതോടെ ജില്ലയുടെ വികസനത്തിൽ നാഴികക്കല്ലായി. ആലപ്പുഴ മുതൽ കായംകുളം വരെ പരസ്പരം യോജിപ്പിക്കുന്ന റെയിൽപാത 1992ൽ തുറന്നു. ഇതുവഴി ജില്ല സംസ്ഥാനത്തിന്റെ മറ്റ് ഭാഗങ്ങളുമായി വ്യവസായ വികസനത്തിന്റെയും റെയിൽ ഗതാഗതത്തിന്റെയും പ്രധാന ഗതിയുമായി ലയിച്ചു. ചേർത്തല, തുറവൂർ, മാരാരിക്കുളം, ആലപ്പുഴ, അമ്പലപ്പുഴ, തകഴി, കരുവാറ്റ, ഹരിപ്പാട്, ചേപ്പാട്, കായംകുളം തുടങ്ങിയവ ഈ റൂട്ടിലെ പ്രധാന റെയിൽവേ സ്റ്റേഷനുകളാണ് (ചിത്രം 3.8.2). എന്നിരുന്നാലും രണ്ട് റൂട്ടിലെ ഇരട്ടിപ്പിക്കൽ പൂർത്തീകരണത്തോടെ മാത്രമേ റെയിൽ സേവനങ്ങളുടെ ഉപയോഗം ജില്ലയിൽ പൂർണ്ണമാകൂ.





ചിത്രം 3.8.2 ജില്ലയിലെ റെയിൽവേ ഗതാഗത ശൃംഖല

## ജലപാത

നേരത്തെ സൂചിപ്പിച്ചതുപോലെ ജലപാതകൾ ജില്ലയിലെ ഗതാഗത സമ്പ്രദായത്തിൽ ഒരു പ്രധാന പങ്ക് വഹിക്കുന്നു. ജലാശയങ്ങളുമായി ബന്ധിപ്പിക്കുന്ന ജലഗതാഗതയോഗ്യമായ പുഴകളും ഉൾനാടൻ കനാലുകളും ജില്ലയിൽ ഉണ്ട് (ചിത്രം 3.8.3).

കഴിഞ്ഞ രണ്ട് ദശകങ്ങളിൽ റോഡ് വികസനങ്ങൾ വളരെയേറെ സാധ്യമായിട്ടുണ്ടെങ്കിലും ചില മേഖലകൾ ജലത്താല് ഒറ്റപ്പെട്ടവയും യന്ത്രവൽക്കരണ ബോട്ടുകളിലോ കടൽ വഞ്ചികളിലോ കടത്തുസേവനങ്ങളിലോ കൂടിയുള്ള ബന്ധം മാത്രം സാധ്യമാകുകയും ചെയ്യുന്നു. പരസ്പരം ബന്ധിപ്പിക്കുന്ന നിലവിലുള്ള ജലാശയങ്ങൾ ഉൾനാടൻ ജലാശയങ്ങളുടെ വികസനത്തിന് അനുയോജ്യമായ വേദി നൽകുന്നു. ആലപ്പുഴ ആസ്ഥാനമായി രൂപം കൊണ്ട സംസ്ഥാന ജലഗതാഗത വകുപ്പ് പൊതുഗതാഗത സമ്പ്രദായം നടപ്പാക്കി. അതിന്റെ നിയന്ത്രണത്തിൻ കീഴിലുള്ള





ചിത്രം 3.8.3 ജില്ലയിലെ ജല ഗതാഗത ശൃംഖല

വകുപ്പിന് ജില്ലയ്ക്ക് അകത്തും പുറത്തുമുള്ള ബോട്ട് സ്റ്റേഷനുകളുണ്ട്. ദേശീയ ജലപാത 3 ഏകദേശം 100 കി. മീ. ജില്ലയിലൂടെ കടന്നുപോകുന്നു. തണ്ണീർമുക്കം, തുക്കുന്നപുഴ, ആലപ്പുഴ, കായംകുളം, എന്നിവിടങ്ങളിൽ ബോട്ട് ടെർമിനലുകളുണ്ട്. ഇതുവഴി ജലമാർഗ്ഗം ചരക്ക് ഗതാഗതം ശക്തിപ്പെടുവാൻ സാധ്യതയുണ്ട്.

## പരസ്പര ബന്ധം


ഒരു മേഖലയെ മറ്റ് പ്രദേശങ്ങളിലോ (അന്തർമേഖല) പ്രദേശത്തിനുള്ളിലോ (ആഭ്യന്തരമേഖല) തൃപ്തികരമായി ബന്ധിപ്പിക്കുന്നതിന് സൂചിപ്പിക്കുന്ന പദമാണ് പരസ്പര ബന്ധം. ഇത് വായുമാർഗ്ഗമോ റോഡുമാർഗ്ഗമോ റെയില് മാർഗ്ഗമോ ജലമാർഗ്ഗമോ ആകാവുന്നതാണ്. ജില്ലയിലെ സ്ഥല യാഥാർത്ഥ്യങ്ങളും പൊതു പ്രായോഗികതയും പരിഗണിച്ചുകൊണ്ട് രണ്ട് സൂചികകളാണ് കണക്കിലെടുത്തിരിക്കുന്നത് – ദേശീയപാത, സംസ്ഥാനപാത അല്ലെങ്കിൽ ജില്ലാ റോഡ് നിലവിലുണ്ടോ എന്നുള്ളതും ആ പ്രദേശത്തെ റെയിൽവേ സ്റ്റേഷന്റെ നിലവാരവും. ജലമാർഗ്ഗമുള്ള ഗതാഗത ബന്ധം ചില മേഖലകളിൽ മാത്രം പരിമിതപ്പെട്ടിരിക്കുന്നു. ആലപ്പുഴ ജില്ലയിലെ തദ്ദേശ സ്ഥാപനങ്ങളിൽ ഓരോന്നിൽ റെയിൽവേ സ്റ്റേഷനുകളുടെ വിവരങ്ങളും റോഡുകളുടെ തരം തിരിക്കലും അനുബന്ധം IIൽ തന്നിരിക്കുന്നു.




**ചിത്രം 3.8.4**

ദേശീയപാത, സംസ്ഥാനപാത, പ്രധാന ജില്ലാ റോഡുകൾ എന്നിവയുടെ ബഫർ മേഖലയെ മറ്റൊന്നിന് മുകളിൽ വച്ച് താരതമ്യം ചെയ്ത് ലഭ്യമായ റോഡ് ശൃംഖല വഴി സേവനം ലഭ്യമാകാത്ത പ്രദേശങ്ങൾ ഏതൊക്കെയെന്ന് വിശകലനം ചെയ്ത് കണ്ടെത്തിയിരിക്കുന്നു. NH/SHൽ നിന്നും 2 കി. മീ., MDRൽ നിന്നും 1 കി. മീ. എന്നിവ ഈ റോഡുകളുടെ സേവന പ്രദേശമായി കണക്കാക്കിയിരിക്കുന്നു. ഇങ്ങനെ കണക്കാക്കുമ്പോൾ ജില്ലയുടെ ഭൂമിശാസ്ത്രപരമായ വിസ്തൃതിയുടെ 86.55% പ്രദേശത്തും ഗതാഗത ശൃംഖലയുടെ സേവനം ലഭ്യമാകുന്നതായി കാണുന്നു (ചിത്രം 3.8.4). കുട്ടനാടൻ പ്രദേശങ്ങളും വേമ്പനാട് കായലിനോട് ചേർന്ന തുരുത്തുകളുമാണ് പ്രധാനമായും റോഡ് ഗതാഗത സൗകര്യം കുറഞ്ഞ പ്രദേശങ്ങൾ.

പൊതുവേ ജനസാന്ദ്രത കുറഞ്ഞതും, പാരിസ്ഥിതിക പ്രാധാന്യമുള്ളതുമായ പ്രദേശങ്ങളാകയാൽ തന്നെ, മറ്റ പ്രദേശങ്ങളേതിനും സമമായ റോഡുസാന്ദ്രത ഈ പ്രദേശങ്ങൾക്ക് ആശാസ്യവുമില്ല. ഈ കാരണങ്ങളാൽ തന്നെ, ജില്ലയിലെ ഗതാഗത ശൃംഖലയുടെ വ്യാപ്തി ഏറെക്കുറെ പര്യാപ്തം ആണെന്ന് കണക്കാക്കാം. ജില്ലയിലെ റോഡുസാന്ദ്രത ച.കി.മീ. വിസ്തൃതിയ്ക്ക് 0.25 കി.മീ. റോഡു നീളം എന്നതാണ്. ഇത് സംസ്ഥാനത്ത് തന്നെ ഏറ്റവും കുടിയ സാന്ദ്രതകളില് ഒന്നാണ് (പട്ടിക 3.8.1). ജില്ലയ്ക്ക് ഉതകുന്ന തരത്തിലുള്ള നിർദ്ദിഷ്ട റോഡ് ശൃംഖല 2011ലെ ജില്ലാ നഗരവൽക്കരണ റിപ്പോർട്ടിൽ കണ്ടെത്തിയിട്ടുണ്ട്. ആയത് ചിത്രം ആയത് ചിത്രം 3.8.5 ആയി ചേർക്കുന്നു.




*അവലംബം: ജില്ലാ നഗരവൽകരണ റിപ്പോർട്ട് – 2011*

**ചിത്രം 3.8.5 നിർദ്ദിഷ്ട ഗതാഗത ശൃംഖല**

**പട്ടിക 3.8.1 – ജില്ലയിലെ പ്രധാന റോഡുകൾ**


| റോഡ് | | നീളം (ച.കി.മീ.) |
|---|---|---|
| **ദേശീയപാത** | | |
| NH66 | ദേശീയപാത 66 | 97.02 |
| **സംസ്ഥാനപാത** | | |
| SH1 | മെയിൻ സെൻട്രൽ (MC) റോഡ് | 13.8 |
| SH5 | കായംകുളം – പത്തനാപുരം റോഡ് | 19.6 |
| SH6 | കായംകുളം – തിരുവല്ല റോഡ് | 21.15 |
| SH10 | മാവേലിക്കര – കോഴഞ്ചേരി റോഡ് | 48.22 |
| SH11 | ആലപ്പുഴ – ചങ്ങനാശ്ശേരി (AC) റോഡ് | 19.82 |
| SH12 | അമ്പലപ്പുഴ – തിരുവല്ല റോഡ് | 18.91 |
| SH40 | ആലപ്പുഴ – മധുര റോഡ് | 23.08 |
| SH66 | ആലപ്പുഴ – ചെല്ലാനം റോഡ് | 33.83 |
| MDR | പ്രധാന ജില്ലാ റോഡുകൾ | 1060.6 |

*(അവലംബം: പൊതുമരാമത്ത് വകുപ്പ്, ആലപ്പുഴ-2011)*

97 കി. മീ. നീളം വരുന്ന ദേശീയപാത (NH66) തന്നെയാണ് ജില്ലയിലെ ഒന്നാം ശ്രേണിയിൽ പെടുന്ന റോഡുപാത. 198 കി. മീ. നീളത്തിലുള്ള സംസ്ഥാനപാതകൾ (SH-1, SH-5, SH-6, SH-10, SH-11, SH-12, SH40, SH66) എന്നിവയാണ് ജില്ലയിലെ രണ്ടാം ശ്രേണിയിലെ റോഡുമാർഗ്ഗങ്ങൾ. ജില്ലയിലെ 1061 കി. മീ. നീളത്തിലുള്ള പ്രധാന ജില്ലാ റോഡുകൾ മൂന്നാം ശ്രേണിയിലും മറ്റ പ്രധാന റോഡുകൾ നാലാം ശ്രേണിയിലും കണക്കാക്കിയിരിക്കുന്നു. ഗതാഗത ശൃംഖലയുടെ വ്യാപ്തി പര്യാപ്തമാണെങ്കിലും, റോഡുകളുടെ ഗുണനിലവാരം ഉയർത്തേണ്ടതാണ്.

## 3.9 വികസന നിയന്ത്രണങ്ങൾ

ജില്ലയിലെ കെട്ടിട നിർമ്മാണവും, അതിനോടനുബന്ധിച്ച ഭൂവികസന പ്രവർത്തനങ്ങളും പ്രധാനമായും നിയന്ത്രിക്കുന്നത് നഗരസഭാ പ്രദേശങ്ങളിൽ കേരള മുനിസിപ്പാലിറ്റി, കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരവും, ഗ്രാമ പഞ്ചായത്ത് പ്രദേശങ്ങളിൽ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരവുമാണ്. പ്രസ്തുത കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം അതാതു തദ്ദേശ സ്വയംഭരണ പ്രദേശത്ത് കെട്ടിട നിർമ്മാണങ്ങൾ, പുനർ നിർമ്മാണങ്ങൾ, മാറ്റം വരുത്തലുകൾ, കൂട്ടിച്ചർക്കലുകൾ എന്നിവ നടത്തുന്നതിനും ഭൂമി വികസിപ്പിക്കുകയോ, പുനർ വികസിപ്പിക്കുകയോ, ചെയ്യുന്നതിനും അതാതു സ്ഥലത്തെ നഗരസഭ/ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും അനുമതി വാങ്ങേണ്ടതാണ്.





**ചിത്രം 3.9.1 വിവിധ കെട്ടിട നിർമാണ ചട്ടങ്ങൾ ബാധകമായ പ്രദേശങ്ങൾ**

അനുമതി ആവശ്യമില്ലാത്തതും ചട്ടങ്ങള് ബാധകമല്ലാത്തതുമായ ചില പ്രവർത്തികളും ചട്ടങ്ങളിൽ പ്രതിപാദിക്കുന്നുണ്ട്. അനുമതി നല്ക-

ന്നതിന് മുമ്പ് ബന്ധപ്പെട്ട വിവിധ സർക്കാർ ഏജൻസികളിൽനിന്നും വാങ്ങേണ്ടതായ അനുവാദങ്ങളും ചട്ടങ്ങളിൽ പ്രതിപാദിക്കുന്നു. കെട്ടിടത്തിനു ചുറ്റും വിടേണ്ട തുറസ്സായ സ്ഥലം, റോഡിൽനിന്നും പാലിക്കേണ്ട അകലം, ഭൂമിയുടെ ഘടന, കവറേജ്, എഫ്.എ.ആർ, പ്രവേശന മാർഗ്ഗം, കെട്ടിടത്തിന്റെ ഉയരം, പാർക്കിംഗ്, കെട്ടിടത്തിൻ വിവിധ ഭാഗങ്ങൾ, സുരക്ഷാ വ്യവസ്ഥകൾ, കെട്ടിട നിർമ്മാണവും, ഭൂവികസനവും സംബന്ധിച്ച വിവിധ വ്യവസ്ഥകൾ ഈ ചട്ടങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കെട്ടിട നിർമ്മാണ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നതിനായി കെട്ടിടങ്ങളെ വിവിധ ഒക്കുപൻസി ഗ്രൂപ്പുകളായും തിരിച്ചിട്ടുണ്ട്. കൂടാതെ ചെറിയ പ്ലോട്ടുകളിലെ വാസഗൃഹ/വാണിജ്യ കെട്ടിട നിർമ്മാണങ്ങൾക്കും നിരനിരയായുള്ള കെട്ടിട നിർമ്മാണങ്ങൾക്കും സാമ്പത്തിക അവശ വിഭാഗങ്ങൾക്കുള്ള സ്കീമുകളിൽപ്പെടുന്ന നിർമ്മാണങ്ങൾക്കും മറ്റു ലഘൂകൃത വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ റോഡ് വികസനത്തിനായി ഭൂമി സൌജന്യമായി വിട്ടുകൊടുക്കുന്നവർക്ക്, ബാക്കിയുള്ള ഭൂമിയിൽ നിർമ്മാണം നടത്തുന്നതിന് ചില ലഘൂകൃത വ്യവസ്ഥകൾ ചട്ടങ്ങളിലുണ്ട്. മഴവെള്ള സംഭരണി, സൌരോർജ്ജ സംവിധാനങ്ങൾ, ഭിന്നശേഷിക്കാർക്കുള്ള സൌകര്യങ്ങൾ എന്നിങ്ങനെയുള്ള പുരോഗമനപരമായ വ്യവസ്ഥകളും ചട്ടങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം പഞ്ചായത്തുകളെ Category-I, Category-II എന്നിങ്ങനെ അവയുടെ നഗരവല്ക്കരണ പ്രവണതയുടെ അടിസ്ഥാനത്തിൽ തരംതിരിക്കുകയും, ആയതിന്റെയുംകൂടി അടിസ്ഥാനത്തിൽ വികസന നിയന്ത്രണങ്ങൾ നിഷ്കർഷിക്കുകയും ചെയ്തിട്ടുണ്ട്.

ജില്ലയിലെ ആലപ്പുഴ, കായംകുളം എന്നീ നഗരസഭാ പ്രദേശങ്ങൾക്കായി കേരള നഗര-ഗ്രാമാസൂത്രണ ആക്ട് പ്രകാരം തയ്യാറാക്കി പ്രസിദ്ധീകരിച്ച മാസ്റ്റർ പ്ലാനുകൾ നിലവിലുണ്ട്. കൂടാതെ ആലപ്പുഴ നഗരസഭാ പ്രദേശത്ത് 9-ഉം, ചേർത്തല നഗരസഭാ പ്രദേശത്ത് 1-ഉം വീതം പ്രസിദ്ധീകരിച്ച വിശദ നഗരാസൂതണ പദ്ധതികളും ഉണ്ട്. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് ഉപരിയായി ഇവയിലെ മേഖലാ നിയന്ത്രണങ്ങളും നിർമ്മാണ വികസന പ്രവർത്തികൾ പാലിക്കേണ്ടതായുണ്ട്.




**ചിത്രം 3.9.2 മാസ്റ്റർപ്ലാനുകൾ**

കേന്ദ്ര സർക്കാരിന്റെ 06/01/2011ലെ എസ്.ഒ.19(ഇ)/നംപർ നോട്ടിഫിക്കേഷൻ പ്രകാരമുള്ള തീരദേശ മേഖല-മേഖലാ നിയന്ത്രണത്തിൽ തീരമേഖലയേയും സമുദ്രജല മേഖലയേയും നിലനിർത്തുകയും സംരക്ഷിക്കുകയും ചെയ്യുകയെന്ന ഉദ്ദേശത്തോടെ സി.ആർ.ഇസഡ്. പ്രദേശങ്ങളെ വിവിധ വിഭാഗങ്ങളായി തിരിച്ചിട്ടുണ്ട്.

പാരിസ്ഥിതികമായി പ്രത്യേകതയുള്ളതും, ഭൂരൂപ വിജ്ഞാനീയ ഘടകങ്ങളാൽ തീരദേശ മേഖലയുടെ സംയോജികതയെ നിലനിർത്തുന്നതിൽ പങ്ക് വഹിക്കുന്നതുമായി വിജ്ഞാപനത്തിൽ പ്രതിപാദിക്കുന്ന പ്രദേശങ്ങളും വേലിയേറ്റ-വേലിയിറക്ക രേഖകൾക്കിടയിലെ പ്രദേശവും സി.ആർ.ഇസഡ് I ആയി വിഭാവനം ചെയ്യുന്നു. തീരരേഖ വരെയോ, അതിനു വളരെ അടുത്തു വരെയോ വികസനം നടത്തിയിട്ടുള്ള പ്രദേശങ്ങൾ സി.ആർ.ഇസഡ്. II ആയി വിഭാവനം ചെയ്യുന്നു. മുനിസിപ്പല് പരിധിയില് പ്രദേശങ്ങൾ അല്ലെങ്കിൽ

**ബാധകമായ പ്രദേശങ്ങൾ**

നിയപരമായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ളതും നല്ല നിലയിൽ രൂപീകരിച്ചിട്ടുള്ളതും, അപ്രോച്ച് പാതകൾ, മലിനജല നിർഗ്ഗമന സംവിധാനങ്ങൾ എന്നിവയുള്ളതും, ജലവിതരണം, ഓടകൾ തുടങ്ങിയ മറ്റ അടിസ്ഥാന സൗകര്യങ്ങളും ഉള്ളതുമായ നഗര പ്രദേശങ്ങളെയാണ് 'വികസിത് പ്രദേശം' എന്ന് വിവക്ഷിക്കുന്നത്.

സി.ആർ.ഇസഡ് I, അഥവാ II എന്നിവയിൽപ്പെടാത്തതും താരതമ്യേന സ്വച്ഛവും, ഉൾപ്രദേശങ്ങളിലെ തീരപ്രദേശ മേഖലകൾ ഉൾപ്പെടുന്നതും (വികസിതവും, അവികസിതവും), മുനിസിപ്പൽ പരിധിയിൽ പ്രദേശങ്ങളോ മറ്റ നിയമ പ്രകാരം നിർദ്ദേശിക്കപ്പെട്ടിട്ടുള്ള നഗര പ്രദേശങ്ങളിലോ, എന്നാൽ കാര്യമായ രീതിയിൽ വികസന പ്രവർത്തനങ്ങളൊന്നും നടന്നിട്ടില്ലാത്ത പ്രദേശങ്ങൾ സി.ആർ.ഇസഡ്. III ആയി വിഭാവനം ചെയ്യുന്നു. വേലിയിറക്ക രേഖയിൽ നിന്നും കടലിലേക്ക് പന്ത്രണ്ട് നോട്ടിക്കൽ മൈൽ ദൂരംവരെയുള്ള ജല പ്രദേശമാണ് സി.ആർ.ഇസഡ്. IV ആയി വിവക്ഷിക്കുന്നത്.

ഇവ കൂടാതെ തീരദേശ പരിസ്ഥിതി സംരക്ഷണത്തിനും പ്രാദേശിക സമൂഹം നേരിടുന്ന ബുദ്ധമുട്ടുകൾ കണക്കിലെടുത്ത് പ്രത്യേകം പരിഗണന ആവശ്യമായി വരുന്ന പ്രദേശങ്ങൾ, ടി വിജ്ഞാപനത്തിൽ പ്രതിപാദിക്കുന്നുണ്ട്. ആയതിൽ കേരളത്തിലെ കായലുകളും, കായൽ തുരുത്തുകളും അടങ്ങുന്ന സി.ആർ.ഇസഡ്. പ്രദേശങ്ങൾ ഉൾപ്പെടുന്നുണ്ട്. തീരദേശ മേഖലാ പ്രദേശത്തുള്ള വികസന നിയന്ത്രണങ്ങൾ പ്രസ്തുത വിജ്ഞാപനത്തിൽ പ്രതിപാദിക്കുന്നുണ്ട്. www.moef.nic.in/content/gsr-1203e-wetlands-conservation-and-management-rules- 2017ൽ ലഭ്യമാണ്.

ജില്ലയിൽ പ്രാബല്യത്തിലുള്ള വികസന നിയന്ത്രണങ്ങളിൽ മറ്റൊന്നാണ് ദേശീയ വെറ്റ്ലാന്റ് (സംരക്ഷണവും നിർവഹണവും) നിയമങ്ങൾ 2017. ഈ നിയമത്തിൻ കീഴിൽ 'രാജ്യാന്തരം പ്രധാന്യം അർഹിക്കുന്ന വെറ്റ്ലാന്റ്' ആയി റാംസ ർ കൺവെൻഷനിൽ തരംതിരിച്ചവയും കേന്ദ-സംസ്ഥാന സർക്കാരുകൾ വെറ്റ്ലാന്റ് ആയി കണ്ടെത്തിയവയിൽ ഉൾപ്പെടുന്നു. അതിനാൽ ഈ പ്രദേശം വെറ്റ്ലാന്റ് അതോറിറ്റിയുടെ തീരുമാന പ്രകാരം സംരക്ഷിക്കേണ്ടതാണ്.

താഴെ പറയുന്ന പ്രവർത്തനങ്ങൾ ഈ നിയമ പ്രകാരം ഈ പ്രദേശത്ത് നിരോധിച്ചിരിക്കുന്നു.

കൈയ്യേറ്റം ഉൾപ്പെടെ ഇതര പ്രവർത്തനങ്ങൾക്കായുള്ള പരിവർത്തനം പുതിയ വ്യവസായങ്ങൾ ആരംഭിക്കുകയോ നിലവിലുള്ളവയുടെ വികസനമോ, (Construction & demolition Waste Management rules, 2016 ഉൾപ്പെടുന്നവയുടെ ഉല്പാദനമോ, കൈകാര്യം ചെയ്യലോ, സംഭരണമോ ഒഴിവാക്കലോ, ആപല്കരമായ വസ്തുക്കളുടെ ഉല്പാദനം സംഭരണം ഇറക്കുമതി, ആപല്കരമായ അണു ജീവികളുടെ ഉപയോഗം, ഇറക്കുമതി, കയറ്റുമതി, സംഭരണം, ഇലക്ട്രോണിക് വേസ്റ്റുകളുടെ കൈകാര്യം), ഖരമാലിന്യ നിക്ഷേപം, അധിവാസ കേന്ദ്രങ്ങൾ, വില്ലേജുകൾ, പട്ടണങ്ങൾ, നഗരങ്ങൾ, വ്യവസായങ്ങൾ എന്നിവയിൽനിന്നുള്ള വേസ്റ്റുകളും മാലിന്യങ്ങളും സംസ്കരിക്കാതെ പുറംതള്ളുക, ഉടർന്ന വെള്ളപ്പൊക്ക നിരപ്പിൽനിന്നും 50.00 മീറ്ററിനുള്ളിലുള്ള പ്രദേശത്ത് ബോട്ട്ജെട്ടി ഒഴികെയുള്ള സ്ഥിരമായ കെട്ടിടങ്ങളുടെ നിർമ്മമാണം, വേട്ടയാടൽ എന്നിവ ഈ നിയമ പ്രകാരം ഇത്തരം പ്രദേശങ്ങളിൽ നിരോധിച്ചിട്ടുണ്ട്.

പ്രസ്തുത ആക്ട്/ചട്ടങ്ങൾ www.moef.nic.in/content/gsr-1203e-wetlands-conservation-and-management-rules-2017 ൽ ലഭ്യമാണ്.

തണ്ണീർത്തടങ്ങളാലും, നെൽകൃഷിയാലും സമ്പന്നമാണ് ആലപ്പുഴ ജില്ല. ജില്ലാ നഗരവല്കരണ റിപ്പോർട്ട് പ്രകാരം ജില്ലയുടെ മൊത്തം വിസ്തൃതിയുടെ 15.12% പാടശേഖരങ്ങളാണ്. സമുദ്രനിരപ്പിനു താഴെയുള്ള നെൽകൃഷിയിടങ്ങളും ഇതിൽപ്പെടും. സംസ്ഥാനത്തെ തണ്ണീർത്തടങ്ങളാലും, നെൽകൃഷിയാലും സമ്പന്നമാണ് ആലപ്പുഴ ജില്ല. ജില്ലാ നഗരവല്കരണ

റിപ്പോർട്ട് പ്രകാരം ജില്ലയുടെ മൊത്തം വിസ്തൃതിയുടെ 15.12% പാടശേഖരങ്ങളാണ്. സമുദ്ര നിരപ്പിനു താഴെയുള്ള നെൽകൃഷിയിടങ്ങളും ഇതിൽപ്പെടും. സംസ്ഥാനത്തെ ഇത്തരം പാടങ്ങളുടെ സിംഹഭാഗവും ആലപ്പുഴ ജില്ലയിലാണ്. ആയതിൽ തന്നെ 2008ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ആക്ട് പ്രകാരമുള്ള നിയന്ത്രണങ്ങൾ ഇത്തരം പ്രദേശങ്ങളിലെ നിർമ്മാണ/ഭൂവികസന പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നുണ്ട്.

സംസ്ഥാനത്തെ കാർഷിക വളർച്ച പ്രോത്സാഹിപ്പിക്കുകയും, ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുകയും പാരിസ്ഥിതിക വ്യവസ്ഥയുടെ സുസ്ഥിരത ഉറപ്പാക്കുകയും ചെയ്യുന്നതിനുവേണ്ടി നെൽവയലുകളും തണ്ണീർത്തടങ്ങളും സംരക്ഷിക്കുകയും അവ പരിവർത്തനപ്പെടുത്തുകയും രൂപാന്തരപ്പെടുത്തുകയും ചെയ്യുന്നത് നിയന്ത്രിക്കുന്നതിന് വ്യവസ്ഥ ചെയ്യേണ്ടതിലേക്കായി ടി നിയമം പ്രാബല്യത്തിൽ കൊണ്ടുവന്നിട്ടുള്ളത്. ഈ ആക്ട് പ്രാബല്യത്തിൽ വരുന്ന തീയതിയിലും അതു മുതല്ക്കും ഏതെങ്കിലും നെൽവയലിന്റെ ഉടമസ്ഥനോ, അധിവാസിയോ, കൈവശക്കാരനോ, ഈ ആക്ടിലെ വ്യവസ്ഥകൾക്കനുസൃതമല്ലാതെ, പ്രസ്തുത നെൽവയൽ പരിവർത്തനപ്പെടുത്തുന്നതിനോ രൂപാന്തരപ്പെടുത്തുന്നതിനോ ഉള്ള യാതൊരു പ്രവർത്തിയും ചെയ്യാൻ പാടുള്ളതല്ല. ഉപവകുപ്പില് അടങ്ങിയിരിക്കുന്ന യാതൊന്നും തന്നെ പ്രസ്തുത നെൽവയലിന്റെ പാരിസ്ഥിതിക സ്വഭാവത്തിന് മാറ്റം വരുത്താതെ കൃഷി ചെയ്യുന്ന ഏതെങ്കിലും ഇടക്കാല വിളയുടെ കൃഷിക്കോ കൃഷി സംരക്ഷണത്തിനായി പുറംബണ്ടുകൾ ബലപ്പെടുത്തുന്നതിനോ ബാധകമാകുന്നില്ല.

ഈ ആക്ടിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നത് നിരീക്ഷിക്കുന്നതിലേക്കായി, ഓരോ ഗ്രാമ പഞ്ചായത്തിലും, മുനിസിപ്പാലിറ്റിയിലും, ഒരു പ്രാദേശിക നിരീക്ഷണ സമിതി ഉണ്ടായിരിക്കുന്നതാണ്. സർക്കാർ പൊതു ആവശ്യങ്ങൾക്കായി നെൽവയൽ നികത്തുന്നതിന്, സമിതി സ്വപാർശ ചെയ്തിട്ടുള്ള അപേക്ഷകൾ വിശദ പരിശോധന നടത്തി സർക്കാരിന് റിപ്പോർട്ട് നല്കുന്നതിലേക്കായി, ഒരു സംസ്ഥാനതല സമിതി രൂപീകരിക്കുന്നതിനും, നെൽവയലിന്റെ ഉടമസ്ഥന് താമസിക്കുന്നതിന് വീട് വെയ്ക്കുന്നതിനുവേണ്ടി നെൽവയൽ രൂപാന്തരപ്പെടുത്തുന്നതിനുള്ള അപേക്ഷ പരിഗണിക്കുന്നതിനും യുക്തമായ തീരുമാനം കൈക്കൊള്ളുന്നതിനുംവേണ്ടി കളക്ടർ ഓരോ ജില്ലയിലും, ജില്ലാതല അധികൃത സമിതി രൂപീകരിക്കുന്നതിനും വ്യവസ്ഥയുണ്ട്. പ്രസ്തുത ആക്ട്/ചട്ടങ്ങൾ www3.commonlii.org/in/legis/kl/kcoplaw2008anx0228498 ൽ ലഭ്യമാണ്.

## 3.10 സ്വപാർശകൾ

- ജില്ലയിലെ നിലവിലുള്ള നഗരങ്ങളിലെ ജനസംഖ്യയും വിസ്തൃതിയും പരിശോധിച്ചാൽ, അവയിൽപ്പോലും സാന്ദ്രീകരണത്തിന് ജനസംഖ്യയുടെയും നിർമ്മിതികളുടെയും ഇപ്പോഴും സാധ്യതയുണ്ട് എന്നതാണ് വാസ്തവം. ആ സാധ്യത ഉപയോഗപ്പെടുത്താതെ, നഗരങ്ങള് ഗ്രാമങ്ങളിലേയ്ക്കും, അവിടങ്ങളിലെ കൃഷിയിടങ്ങളിലേയ്ക്കും കൂടുതൽ കൂടുതലായി വ്യാപിക്കുന്നത് ആശങ്കയുളവാക്കുന്നു. പ്രസ്തുത സാഹചര്യത്തിൽ ആസൂത്രിത ഇടപെടലുകളിലൂടെ ജില്ലയിലെ 6 നഗരപ്രദേശങ്ങളിൽ കേന്ദ്രീകരണം സഹായകമാകുംവിധം സാന്ദ്രീകരണം ഒരു പരിധിവരെ നടത്താവുന്നതാണ്. ആയതിലൂടെ പ്രസ്തുത നഗരങ്ങളെ വികസനത്തിന്റെ ചാലകശക്തി കേന്ദ്രങ്ങളാക്കി മാറ്റുകയും ചെയ്യാവുന്നതാണ്.
- ഓരോ നഗരങ്ങളുടെയും പ്രത്യേകതകൾക്കനുസൃതമായ വികസന വീക്ഷണങ്ങൾക്ക് ഭംഗം വരാതെ, നിലവിലെ നഗരസഭാ പ്രദേശങ്ങളുടെ സാന്ദ്രീകരണം സാധ്യമാകുംവിധം മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കാവുന്നതാണ്. ആലപ്പുഴ, കായംകുളം എന്നീ ജില്ലയിലെ രണ്ട് നഗരസഭാ പ്രദേശങ്ങളിൽ മാസ്റ്റർ പ്ലാനുകൾ ഇതിനകം തന്നെ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആയതുകൂടാതെ, മറ്റ് നാല് നഗരസഭാ പ്രദേശങ്ങളിലും മാസ്റ്റർ

പ്ലാനുകൾ പ്രാബല്യത്തിൽ വരുത്തേണ്ടതാണ്. സംസ്ഥാന നഗരവൽക്കരണ റിപ്പോർട്ട് പ്രകാരം 2031 ഓടെ നഗര ഇടനാഴികളാകാൻ (അനുബന്ധം IV കാണുക) സാദ്ധ്യതയേറിയ ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിലെ നഗരവൽക്കരണ ത്വരത നിരീക്ഷിക്കേണ്ടതും, ആവശ്യഘട്ടങ്ങളിൽ അവയുടെ ആസൂത്രിത വികസനം ഉറപ്പാക്കുന്നതിൻ മാസ്റ്റർ പ്ലാനുകൾ അതാത് ഗ്രാമപഞ്ചായത്തുകൾ തയ്യാറാക്കുകയോ; ജോയിന്റ് പ്ലാനിംഗ് കമ്മിറ്റികൾ രൂപീകരിച്ച് തയ്യാറാക്കുകയോ ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കാവുന്നതാണ്. ഇതിനായി മുഴുവൻ തദ്ദേശഭരണ സ്ഥാപനങ്ങളുടെയും വാർഡ് അതിരുകൾ ഉൾപ്പെടുത്തി ഭൂവിനിയോഗ മാപ്പുകൾ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

- ഗ്രാമപഞ്ചായത്തുകളിൽ (പ്രത്യേകിച്ച് നഗര ഇടനാഴികൾക്ക് പുറത്തുള്ളവ) കൃഷിയുടെയും അനുബന്ധ ഗ്രാമീണമേഖലയുടെയും വികസനത്തിന് ശക്തി പകരുന്നതും, പരിധിവിട്ട നഗരവൽക്കരണത്തെ നിരുൽസാഹപ്പെടുത്തുന്നതുമായ നടപടികൾ സ്വീകരിക്കേണ്ടതും, പദ്ധതികൾ നടപ്പാക്കേണ്ടതുമാണ്.
- കുട്ടനാട് ഓണാട്ടുകര പ്രദേശങ്ങളാണ് ജില്ലയിൽ ഭൂവിനിയോഗ കേന്ദ്രീകരണ സൂചിക ഏറ്റവും ഉയർന്ന പ്രദേശങ്ങൾ. പ്രസ്തുത പ്രദേശങ്ങളിലെ കാർഷിക ഉല്പന്നങ്ങളുടെ സംസ്കരണം, മൂല്യവർദ്ധനം എന്നിവയിലധിഷ്ഠിതമായ വ്യവസായങ്ങൾ പ്രസ്തുത മേഖലയിൽപെടുന്ന രണ്ടും മൂന്നും ശ്രേണിയിലുള്ള നോഡുകളിൽ പ്രോൽസാഹിപ്പിക്കേണ്ടതാണ്. ആയതുവഴി പ്രാഥമിക മേഖലയായ കാർഷികരംഗത്തെ ഉത്തേജിപ്പിച്ച് നിലനിർത്തുന്നതിനും, സാമ്പത്തിക വികസനത്തിന്റെ നട്ടെല്ലായ ദ്വിതീയമേഖലയായ വ്യവസായരംഗത്തിന് ഉണർവ് നൽകാനും സാധിക്കും.
- ഗതാഗതശൃംഖലയുടെ വിശകലനങ്ങളില് നിന്നും, ജില്ലയ്ക്ക് തൃപ്തികരമായ ഒരു റോഡ് നെറ്റ് വർക്ക് ഉണ്ടെന്ന് കാണാവുന്നതാണ്. എന്നാൽ പ്രസ്തുത ശൃംഖലയുടെ വ്യാപ്തി പര്യാപ്തമാണെങ്കിലും റോഡുകളുടെ ഗുണനിലവാരം ഉയർത്തേണ്ടതുണ്ട്. ദേശീയപാത, സംസ്ഥാനപാത എന്നീ ഉയർന്ന ശ്രേണിയിലുള്ള റോഡുകൾ ജില്ലയ്ക്ക് പുറത്തുള്ള പ്രദേശങ്ങളുമായി ബന്ധിപ്പിക്കുന്ന പ്രധാന കണ്ണികളാണെന്നതിനാൽ ആയവയെ സർക്കാർ നിശ്ചയിക്കുന്ന പ്രകാരമുള്ള വീതിയിലും രൂപകല്പനയിലും വികസിപ്പിക്കേണ്ടതാണ്.
- ജില്ലയുടെ ഭൂപ്രകൃതിയും ഘടനയും കണക്കാക്കുമ്പോൾ എല്ലാ റോഡുകളും തമ്മിൽ റോഡുമാർഗ്ഗം ബന്ധിപ്പിക്കുന്നത് പ്രായോഗികമല്ല. എന്നിരിക്കിലും സാദ്ധ്യമായ വിധം വിവിധ ശ്രേണിയിലുള്ള റോഡുകളെ ബന്ധിപ്പിക്കുന്നതിൻ റോഡ് ലഭ്യത കണക്കാക്കി ജില്ലയ്ക്കായി നിർദ്ദിഷ്ട റോഡ് ശൃംഖല 2011ലെ ജില്ലാ നഗരവൽക്കരണ പഠനങ്ങളിലൂടെ കണ്ടെത്തിയിട്ടുണ്ട്. ഈ റോഡുകളുടെ വികസനത്തിന് കൂടുതല് ഊന്നല് നൽകേണ്ടതുണ്ട്.
- കുട്ടനാടൻ പ്രദേശങ്ങളും വേമ്പനാട് കായലിനോട് ചേർന്ന തുരുത്തുകളുമാണ് പ്രധാനമായും റോഡുഗതാഗതസൗകര്യം കുറഞ്ഞ ജില്ലയിലെ പ്രദേശങ്ങൾ. പൊതുവേ ജനസാന്ദ്രത കുറഞ്ഞതും, എന്നാൽ പരിസ്ഥിതി പ്രാധാന്യമുള്ള പ്രദേശങ്ങളാണവ. ആയതിനാൽ തന്നെ, മറ്റ് പ്രദേശങ്ങൾക്ക് സമാനമായ റോഡ് ശൃംഖലാ ഘടന ഈ പ്രദേശങ്ങൾക്ക് അനുയോജ്യമല്ല. ഗതാഗതസൗകര്യം ഉറപ്പാക്കുന്നതിന് ഈ പ്രദേശങ്ങളിലെ ഉൾനാടൻ ജലഗതാഗത ശൃംഖല ശക്തിപ്പെടുത്തേണ്ടതുണ്ട്.

## അനുബന്ധം – I

## വിവിധ ഭൂവിനിയോഗങ്ങളുടെ തദ്ദേശസ്ഥാപനങ്ങൾ അനുസരിച്ചുള്ള കേന്ദ്രീകരണ സൂചിക

| ക്രമ നമ്പർ | തദ്ദേശഭരണ സ്ഥാപനത്തിന്റെ പേര് | കേന്ദ്രീകരണ സൂചിക | | | | | | | |
|---|---|---|---|---|---|---|---|---|---|
| | | ജലാശയം | ചതുപ്പ് പ്രദേശം | പാർപ്പിടം | കൃഷി | തോട്ടം | പാർപ്പിടം/ കാർഷികം | മാറ്റ് വികസനം | മറ്റുള്ളവ |
| 1 | പെരുമ്പളം | 4.87 | 0.00 | 2.06 | 0.00 | 0.00 | 0.53 | 0.00 | 0.00 |
| 2 | പാണാവള്ളി | 2.76 | 0.00 | 1.74 | 0.05 | 0.00 | 0.90 | 0.00 | 0.00 |
| 3 | തൈക്കാട്ടുശ്ശേരി | 2.25 | 0.00 | 1.98 | 0.10 | 0.00 | 0.98 | 0.00 | 0.00 |
| 4 | ചേന്നം – പള്ളിപ്പുറം | 3.47 | 0.00 | 1.79 | 0.07 | 0.00 | 0.77 | 0.00 | 0.00 |
| 5 | അരൂക്കുറ്റി | 3.43 | 0.00 | 1.87 | 0.08 | 0.00 | 0.77 | 0.00 | 0.00 |
| 6 | എഴുപുന്ന | 1.44 | 0.00 | 0.51 | 2.44 | 0.00 | 0.62 | 0.85 | 0.00 |
| 7 | അരൂർ | 3.28 | 0.00 | 2.78 | 0.05 | 0.00 | 0.80 | 0.43 | 0.00 |
| 8 | കോടംതുരുത്ത് | 1.40 | 0.00 | 0.62 | 2.41 | 0.00 | 0.64 | 0.00 | 0.00 |
| 9 | കുത്തിയതോട് | 0.80 | 0.00 | 0.00 | 2.32 | 0.00 | 0.88 | 0.00 | 0.75 |
| 10 | തുറവൂർ | 1.43 | 0.00 | 1.53 | 1.64 | 0.00 | 0.80 | 0.00 | 0.14 |
| 11 | പട്ടണക്കാട് | 0.00 | 0.00 | 0.00 | 1.82 | 0.00 | 0.99 | 0.00 | 4.98 |
| 12 | കടക്കരപ്പള്ളി | 0.00 | 0.00 | 0.00 | 0.59 | 0.00 | 1.24 | 0.00 | 8.16 |
| 13 | വയലാർ | 1.75 | 0.00 | 0.00 | 0.02 | 0.00 | 1.09 | 0.00 | 0.00 |
| 14 | ചേർത്തല തെക്ക് | 0.00 | 0.00 | 0.00 | 0.00 | 0.00 | 1.36 | 0.00 | 8.04 |
| 15 | മാരാരിക്കുളം വടക്ക് | 0.04 | 0.00 | 0.00 | 0.00 | 0.00 | 1.35 | 0.00 | 8.58 |
| 16 | തണ്ണീർമുക്കം | 2.43 | 0.00 | 0.00 | 0.05 | 0.00 | 0.96 | 0.00 | 0.00 |
| 17 | കഞ്ഞിക്കുഴി | 0.00 | 0.00 | 0.09 | 0.00 | 0.00 | 1.42 | 0.00 | 0.00 |
| 18 | മുഹമ്മ | 4.31 | 0.00 | 0.02 | 0.01 | 0.00 | 0.63 | 0.00 | 0.00 |
| 19 | മണ്ണഞ്ചേരി | 3.60 | 0.00 | 0.00 | 0.11 | 0.00 | 0.73 | 1.62 | 0.00 |
| 20 | മാരാരിക്കുളം തെക്ക് | 0.02 | 0.00 | 0.21 | 0.00 | 0.00 | 1.33 | 0.00 | 13.16 |
| 21 | ആര്യാട് | 0.00 | 0.00 | 0.00 | 0.00 | 0.00 | 1.19 | 25.64 | 0.35 |
| 22 | നെടുമുടി | 1.22 | 0.00 | 0.00 | 0.76 | 0.00 | 1.03 | 0.00 | 0.00 |
| 23 | ചമ്പക്കുളം | 0.98 | 0.00 | 0.00 | 0.00 | 0.00 | 1.24 | 0.00 | 0.00 |
| 24 | എടത്വ | 0.52 | 0.00 | 0.00 | 0.00 | 0.00 | 1.32 | 0.00 | 0.00 |
| 25 | തലവടി | 0.15 | 0.00 | 0.00 | 0.00 | 0.00 | 1.39 | 0.00 | 0.00 |
| 26 | തകഴി | 0.58 | 0.00 | 1.45 | 0.01 | 0.00 | 1.31 | 0.00 | 0.00 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 27 | കൈനകരി | 2.50 | 0.00 | 0.00 | 3.44 | 0.00 | 0.23 | 0.00 | 0.00 |
| 28 | പുന്നപ്ര തെക്ക് | 0.17 | 0.00 | 0.00 | 0.00 | 0.00 | 1.30 | 0.00 | 12.97 |
| 29 | പുന്നപ്ര വടക്ക് | 0.15 | 0.00 | 0.00 | 0.00 | 0.00 | 1.35 | 0.00 | 5.73 |
| 30 | അമ്പലപ്പുഴ തെക്ക് | 0.19 | 0.00 | 0.00 | 0.00 | 0.00 | 1.35 | 0.00 | 5.08 |
| 31 | അമ്പലപ്പുഴ വടക്ക് | 0.14 | 0.00 | 3.20 | 0.00 | 0.00 | 1.28 | 0.00 | 15.27 |
| 32 | പുറക്കാട് | 0.54 | 0.00 | 0.00 | 0.00 | 0.00 | 1.30 | 0.00 | 3.27 |
| 33 | കരുവാറ്റ | 0.25 | 0.00 | 0.00 | 0.13 | 0.00 | 1.34 | 0.00 | 0.00 |
| 34 | ചെറുതന | 0.43 | 3.13 | 0.00 | 2.60 | 0.00 | 0.77 | 0.15 | 0.00 |
| 35 | വീയപുരം | 0.55 | 0.00 | 0.25 | 0.86 | 0.00 | 1.13 | 0.32 | 0.00 |
| 36 | പള്ളിപ്പാട് | 0.09 | 0.00 | 0.15 | 0.10 | 0.00 | 1.38 | 0.00 | 0.00 |
| 37 | കുമാരപുരം | 0.00 | 0.00 | 0.00 | 0.11 | 0.00 | 1.39 | 0.14 | 0.00 |
| 38 | തുക്കുന്നപ്പുഴ | 0.72 | 0.00 | 2.73 | 0.00 | 0.00 | 1.26 | 0.00 | 2.79 |
| 39 | കാർത്തികപ്പള്ളി | 0.60 | 0.00 | 0.00 | 0.26 | 0.00 | 1.23 | 2.70 | 0.00 |
| 40 | ചിങ്ങോലി | 0.02 | 0.00 | 0.78 | 0.63 | 0.00 | 1.27 | 0.57 | 0.00 |
| 41 | ആറാട്ടുപുഴ | 3.96 | 0.00 | 0.73 | 0.03 | 0.00 | 0.66 | 0.00 | 4.67 |
| 42 | ചേപ്പാട് | 0.06 | 0.00 | 0.00 | 0.34 | 0.00 | 1.33 | 0.00 | 0.00 |
| 43 | പത്തിയൂർ | 0.04 | 0.00 | 1.55 | 0.70 | 0.00 | 1.26 | 0.06 | 0.00 |
| 44 | മുതുകുളം | 0.00 | 0.00 | 8.53 | 0.82 | 0.00 | 1.21 | 1.04 | 0.00 |
| 45 | കണ്ടല്ലൂർ | 0.55 | 0.00 | 0.07 | 0.46 | 0.00 | 1.22 | 0.00 | 0.00 |
| 46 | ദേവികുളങ്ങര | 2.07 | 0.00 | 8.16 | 0.36 | 0.00 | 0.94 | 0.90 | 0.00 |
| 47 | കൃഷ്ണപുരം | 0.08 | 0.00 | 1.99 | 0.77 | 0.00 | 1.23 | 0.85 | 0.00 |
| 48 | മാന്നാർ | 0.00 | 0.00 | 0.95 | 0.76 | 0.00 | 1.24 | 1.34 | 0.00 |
| 49 | ബുധനൂർ | 0.15 | 4.27 | 1.59 | 3.22 | 0.00 | 0.68 | 0.00 | 0.00 |
| 50 | പുലിയൂർ | 0.05 | 5.55 | 0.19 | 2.22 | 0.00 | 0.92 | 0.00 | 0.00 |
| 51 | പാണ്ടനാട് | 0.46 | 22.35 | 3.87 | 2.66 | 0.00 | 0.69 | 0.00 | 0.00 |
| 52 | തിരുവൻവണ്ടൂർ | 0.21 | 0.00 | 0.67 | 0.36 | 0.00 | 1.30 | 0.04 | 0.00 |
| 53 | ആല | 0.02 | 0.00 | 0.21 | 0.89 | 0.00 | 1.22 | 0.00 | 0.00 |
| 54 | മുളക്കുഴ | 0.00 | 0.00 | 0.79 | 0.64 | 0.00 | 1.28 | 0.00 | 0.00 |
| 55 | വെണ്മണി | 0.24 | 0.00 | 0.27 | 0.31 | 0.00 | 1.31 | 0.00 | 0.00 |
| 56 | ചെറിയനാട് | 0.12 | 0.00 | 0.27 | 0.40 | 0.00 | 1.30 | 0.87 | 0.00 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 57 | ചെന്നിത്തല – തൃപ്പെരുന്തുറ | 0.13 | 0.00 | 0.00 | 0.57 | 0.00 | 1.27 | 0.00 | 0.00 |
| 58 | ചെട്ടികുളങ്ങര | 0.02 | 0.00 | 0.53 | 1.47 | 0.00 | 1.09 | 1.40 | 0.00 |
| 59 | തഴക്കര | 0.03 | 0.00 | 0.23 | 1.69 | 0.00 | 1.00 | 5.12 | 0.00 |
| 60 | മാവേലിക്കര തെക്കേക്കര | 0.01 | 0.00 | 0.32 | 1.84 | 0.00 | 1.01 | 0.71 | 0.00 |
| 61 | ഭരണിക്കാവ് | 0.03 | 0.00 | 5.04 | 1.63 | 0.00 | 1.04 | 0.96 | 0.00 |
| 62 | ചുനക്കര | 0.01 | 0.00 | 2.77 | 1.73 | 0.00 | 1.03 | 1.46 | 0.00 |
| 63 | ന്യറനാട് | 0.49 | 0.00 | 4.24 | 0.78 | 0.00 | 1.15 | 0.58 | 0.00 |
| 64 | പാലമേൽ | 0.26 | 8.08 | 4.73 | 0.12 | 0.00 | 1.30 | 0.50 | 0.00 |
| 65 | മാവേലിക്കര താമരക്കുളം | 2.21 | 0.42 | 2.19 | 0.16 | 0.00 | 0.84 | 0.87 | 0.00 |
| 66 | വള്ളിക്കുന്നം | 0.05 | 0.00 | 0.61 | 0.76 | 0.00 | 1.12 | 0.18 | 0.00 |
| 67 | പുലിങ്കുന്ന് | 1.09 | 0.00 | 0.00 | 1.32 | 0.00 | 0.11 | 0.00 | 0.00 |
| 68 | കാവാലം | 1.09 | 0.00 | 0.00 | 5.24 | 0.00 | 0.00 | 0.00 | 0.00 |
| 69 | വെളിയനാട് | 0.76 | 0.00 | 0.77 | 5.99 | 0.00 | 1.06 | 0.00 | 0.00 |
| 70 | രാമങ്കരി | 0.88 | 0.00 | 0.00 | 1.00 | 0.00 | 1.26 | 0.00 | 0.00 |
| 71 | മുട്ടാർ | 0.50 | 0.00 | 0.04 | 0.00 | 0.00 | 1.33 | 0.00 | 0.00 |
| 72 | നീലംപേരൂർ | 0.47 | 32.49 | 3.05 | 0.00 | 0.00 | 1.10 | 0.00 | 0.00 |
| 73 | ആലപ്പുഴ (M) | 0.78 | 0.00 | 0.00 | 1.00 | 0.00 | 0.86 | 20.91 | 1.89 |
| 74 | കായംകുളം (M) | 0.30 | 0.00 | 2.47 | 0.28 | 0.00 | 1.29 | 0.91 | 0.00 |
| 75 | ചേർത്തല (M) | 0.07 | 0.00 | 0.00 | 0.03 | 0.00 | 1.40 | 0.00 | 0.00 |
| 76 | ചെങ്ങന്നൂർ (M) | 0.23 | 0.00 | 0.24 | 0.32 | 0.00 | 1.30 | 0.12 | 0.00 |
| 77 | മാവേലിക്കര (M) | 0.05 | 0.00 | 0.91 | 0.51 | 0.00 | 1.29 | 0.59 | 0.00 |
| 78 | ഹരിപ്പാട് (M) | 0.03 | 0.40 | 0.41 | 0.08 | 0.00 | 1.39 | 0.05 | 0.00 |

| അനുബന്ധം II | | | |
|---|---|---|---|
| അധിവാസകേന്ദ്രങ്ങളുടെ സ്ഥാനക്രമവും CFIയും | | | |
| ക്രമ നമ്പർ | തദ്ദേശ സ്ഥാപനത്തിന്റെ പേര് | CFI | അധിവാസകേന്ദ്രങ്ങളുടെ സ്ഥാനക്രമം |
| 1 | ആലപ്പുഴ (M) | 550.91 | ഒന്നാം ക്രമം |
| 2 | ചെങ്ങന്നൂർ (M) | 367.99 | രണ്ടാം ക്രമം |
| 3 | മാവേലിക്കര (M) | 302.46 | |
| 4 | ചേർത്തല (M) | 256.76 | |
| 5 | കായംകുളം (M) | 235.21 | |
| 6 | അമ്പലപ്പുഴ വടക്ക് | 96.71 | മൂന്നാം ക്രമം |
| 7 | അമ്പലപ്പുഴ തെക്ക് | 77.3 | |
| 8 | ഹരിപ്പാട് (M) | 76.73 | |
| 9 | ചുനക്കര | 71.63 | |
| 10 | തുറവൂർ | 63.76 | |
| 11 | നൂറനാട് | 61.58 | |
| 12 | ചമ്പക്കുളം | 61.04 | |
| 13 | ഭരണിക്കാവ് | 56.78 | |
| 14 | പള്ളിപ്പാട് | 54.9 | |
| 15 | തഴക്കര | 54.6 | |
| 16 | പുളിങ്കുന്ന് | 54.42 | |
| 17 | മാന്നാർ | 54.25 | |
| 18 | പട്ടണക്കാട് | 54.1 | |
| 19 | അരൂർ | 50.88 | |
| 20 | ചേർത്തല തെക്ക് | 50.68 | |
| 21 | എടത്വ | 50.57 | |
| 22 | തണ്ണീർമുക്കം | 50.17 | |
| 23 | മുതുകുളം | 48.56 | |
| 24 | ചേന്നംപള്ളിപ്പുറം | 45.64 | |

## അനുബന്ധം III

| ക്രമ നമ്പർ | തദ്ദേശ സ്ഥാപനത്തിന്റെ പേര് | റോഡിന്റെ നീളം (കി. മീ.) | | | | റെയിൽവേ സ്റ്റേഷന് | |
|---|---|---|---|---|---|---|---|
| | | ദേശീയപാത | സംസ്ഥാന പാത | മുഖ്യജില്ലാ പാത | മറ്റുള്ളവ | എണ്ണം | പദവി |
| 1 | പെരുമ്പളം | 0.00 | 0.00 | 0.00 | 12.50 | – | – |
| 2 | പാണാവള്ളി | 0.00 | 0.00 | 11.00 | 52.80 | – | – |
| 3 | തൈക്കാട്ടുശ്ശേരി | 0.00 | 0.00 | 32.35 | 0.00 | – | – |
| 4 | ചേന്നം – പള്ളിപ്പുറം | 0.00 | 0.00 | 8.80 | 0.00 | – | – |
| 5 | അരൂക്കുറ്റി | 0.00 | 0.00 | 6.60 | 0.00 | – | – |
| 6 | എഴുപുന്ന | 3.00 | 0.00 | 5.00 | 16.00 | – | – |
| 7 | അരൂർ | 10.20 | 0.00 | 6.00 | 0.00 | 2 | D |
| 8 | കോടംതുരുത്ത് | 2.30 | 1.20 | 3.10 | 0.00 | – | – |
| 9 | കുത്തിയതോട് | 1.25 | 0.00 | 4.30 | 0.00 | 1 | D |
| 10 | തുറവൂർ | 2.80 | 0.00 | 8.53 | 36.76 | – | – |
| 11 | പട്ടണക്കാട് | 2.50 | 0.00 | 7.20 | 0.00 | – | – |
| 12 | കടക്കരപ്പള്ളി | 0.00 | 0.00 | 9.60 | 22.50 | – | – |
| 13 | വയലാർ | 1.50 | 0.00 | 8.10 | 0.00 | – | – |
| 14 | ചേർത്തല തെക്ക് | 0.00 | 0.00 | 14.00 | 35.35 | 2 | B, D |
| 15 | മാരാരിക്കുളം വടക്ക് | 0.00 | 4.00 | 17.00 | 18.00 | 1 | D |
| 16 | തണ്ണീർമുക്കം | 1.50 | 7.00 | 11.00 | 97.60 | – | – |
| 17 | കഞ്ഞിക്കുഴി | 4.70 | 0.00 | 7.70 | 46.97 | – | – |
| 18 | മുഹമ്മ | 0.00 | 4.50 | 3.10 | 29.10 | – | – |
| 19 | മണ്ണഞ്ചേരി | 3.20 | 6.00 | 7.70 | 0.00 | – | – |
| 20 | മാരാരിക്കുളം തെക്ക് | 7.00 | 0.00 | 14.50 | 43.00 | 1 | D |
| 21 | ആര്യാട് | 2.00 | 2.50 | 5.50 | 28.00 | – | – |
| 22 | നെടുമുടി | 0.00 | 3.00 | 18.00 | 0.00 | – | – |
| 23 | ചമ്പക്കുളം | 0.00 | 5.00 | 3.90 | 0.00 | – | – |
| 24 | എടത്വ | 0.00 | 4.20 | 4.00 | 0.00 | – | – |
| 25 | തലവടി | 0.00 | 5.00 | 3.00 | 70.00 | – | – |
| 26 | തകഴി | 0.00 | 0.00 | 6.00 | 7.00 | – | – |
| 27 | കൈനകരി | 0.00 | 2.00 | 4.00 | 32.00 | – | – |

| | | | | | | | |
|---|---|---|---|---|---|---|---|
| 28 | പുന്നപ്ര തെക്ക് | 2.80 | 0.00 | 5.60 | 0.00 | – | – |
| 29 | പുന്നപ്ര വടക്ക് | 2.50 | 0.00 | 5.20 | 0.00 | – | – |
| 30 | അമ്പലപ്പുഴ തെക്ക് | 2.50 | 5.00 | 0.00 | 115.19 | 1 | B |
| 31 | അമ്പലപ്പുഴ വടക്ക് | 2.40 | 0.00 | 3.10 | 0.00 | – | – |
| 32 | പുറക്കാട് | 7.80 | 0.00 | 2.00 | 0.00 | – | – |
| 33 | കരുവാറ്റ | 5.00 | 4.20 | 0.90 | 0.00 | 1 | D |
| 34 | ചെറുതന | 0.00 | 0.00 | 3.30 | 0.00 | – | – |
| 35 | വീയപുരം | 0.00 | 0.00 | 9.20 | 0.00 | – | – |
| 36 | പള്ളിപ്പാട് | 4.00 | 0.00 | 10.00 | 9.00 | – | – |
| 37 | കുമാരപുരം | 0.00 | 0.00 | 5.00 | 21.00 | – | – |
| 38 | തുക്കുന്നപ്പുഴ | 0.00 | 0.00 | 7.50 | 0.00 | – | – |
| 39 | കാർത്തികപ്പള്ളി | 2.00 | 0.00 | 9.00 | 0.00 | – | – |
| 40 | ചിങ്ങോലി | 4.00 | 0.00 | 32.00 | 10.70 | – | – |
| 41 | ആറാട്ടുപുഴ | 0.00 | 0.00 | 13.00 | 0.00 | – | – |
| 42 | ചേപ്പാട് | 8.40 | 0.00 | 19.00 | 61.00 | 1 | B |
| 43 | പത്തിയൂർ | 3.00 | 2.00 | 16.00 | 84.00 | – | – |
| 44 | മുതുകുളം | 0.00 | 0.00 | 11.00 | 65.12 | – | – |
| 45 | കണ്ടല്ലൂർ | 0.00 | 0.00 | 11.10 | 62.00 | – | – |
| 46 | ദേവികുളങ്ങര | 0.00 | 0.00 | 7.00 | 0.00 | – | – |
| 47 | കൃഷ്ണപുരം | 0.00 | 0.75 | 3.14 | 0.00 | – | – |
| 48 | മാന്നാർ | 0.00 | 5.00 | 10.50 | 100.00 | – | – |
| 49 | ബുധനൂർ | 0.00 | 0.00 | 13.86 | 0.00 | – | – |
| 50 | പുലിയൂർ | 0.00 | 2.50 | 11.70 | 0.00 | – | – |
| 51 | പാണ്ടനാട് | 0.00 | 0.00 | 12.60 | 0.00 | – | – |
| 52 | തിരുവൻവണ്ടൂർ | 0.00 | 1.90 | 1.75 | 0.00 | – | – |
| 53 | ആല | 0.00 | 0.00 | 13.00 | 47.30 | – | – |
| 54 | മുളക്കുഴ | 0.00 | 5.67 | 8.32 | 0.00 | – | – |
| 55 | വെണ്മണി | 0.00 | 0.00 | 17.10 | 118.46 | – | – |
| 56 | ചെറിയനാട് | 0.00 | 5.50 | 5.70 | 0.00 | 1 | D |
| 57 | ചെന്നിത്തല – തൃപ്പെരുന്തുറ | 0.00 | 7.00 | 16.50 | 105.00 | – | – |

| | | | | | | | |
|---|---|---|---|---|---|---|---|
| 58 | ചെട്ടികുളങ്ങര | 0.00 | 4.40 | 6.30 | 0.00 | – | – |
| 59 | തഴക്കര | 0.00 | 3.70 | 18.00 | 110.00 | – | – |
| 60 | മാവേലിക്കര തെക്കേക്കര | 0.00 | 0.00 | 35.50 | 112.62 | – | – |
| 61 | ഭരണിക്കാവ് | 0.00 | 4.30 | 26.75 | 0.00 | – | – |
| 62 | ചുനക്കര | 0.00 | 2.90 | 10.70 | 97.00 | – | – |
| 63 | ന്യറനാട് | 0.00 | 3.60 | 6.70 | 0.00 | – | – |
| 64 | പാലമേൽ | 0.00 | 5.00 | 8.20 | 275.00 | – | – |
| 65 | മാവേലിക്കര താമരക്കുളം | 0.00 | 0.00 | 10.00 | 0.00 | – | – |
| 66 | വള്ളികുന്നം | 0.00 | 0.00 | 17.80 | 0.00 | – | – |
| 67 | പുളിങ്കുന്ന് | 0.00 | 0.00 | 4.00 | 0.00 | – | – |
| 68 | കാവാലം | 0.00 | 0.00 | 0.00 | 39.61 | – | – |
| 69 | വെളിയനാട് | 0.00 | 4.50 | 6.00 | 82.00 | – | – |
| 70 | രാമങ്കരി | 0.00 | 2.40 | 0.60 | 86.40 | – | – |
| 71 | മുട്ടാർ | 0.00 | 0.00 | 6.00 | 37.12 | – | – |
| 72 | നീലംപേരൂർ | 0.00 | 0.00 | 0.00 | 42.45 | – | – |
| 73 | ആലപ്പുഴ (M) | 14.90 | 6.50 | 14.91 | 127.46 | 1 | A |
| 74 | കായംകുളം (M) | 6.00 | 6.30 | 8.64 | 149.88 | 1 | B |
| 75 | ചേർത്തല (M) | 4.80 | 4.16 | 10.11 | 85.26 | 1 | B |
| 76 | ചെങ്ങന്നൂർ (M) | 0.00 | 10.30 | 22.00 | 130.00 | 1 | B |
| 77 | മാവേലിക്കര (M) | 0.00 | 6.50 | 10.11 | 69.07 | 1 | B |
| 78 | ഹരിപ്പാട് (M) | 4.60 | 2.00 | 12.85 | 65.21 | 1 | B |

**അനുബന്ധം IV**

**നഗരവീക്ഷണം (2031) – നഗര ഇടനാഴിയും മറ്റ് നഗരപ്രദേശങ്ങളും**

| ക്രമ നമ്പർ | ആലപ്പുഴ – എറണാകുളം – തൃശ്ശൂർ നഗര ഇടനാഴിയിൽ ഉൾപ്പെടുന്ന ആലപ്പുഴ ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ/ സെൻസസ് ടൗണുകൾ | |
|---|---|---|
| 1 | ആലപ്പുഴ | ആലപ്പുഴ |
| | | കളർകോട് |
| | | പുന്നപ്ര |
| | | കോമളപുരം |

| | | |
|---|---|---|
| 2 | ചേർത്തല | ചേർത്തല |
| | | വയലാർ |
| | | തണ്ണീർമുക്കം |
| | | കൊക്കോതമംഗലം |
| | | മുഹമ്മ |
| 3 | അരൂർ | |
| 4 | പെരുമ്പളം | |
| 5 | അരൂക്കുറ്റി | |
| 6 | എഴുപുന്ന | |
| 7 | പാണാവള്ളി | |
| 8 | കോടംതുരുത്ത് | |
| 9 | പട്ടണക്കാട് | |
| 10 | തുറവൂർ | |
| 11 | കടക്കരപ്പള്ളി | |
| 12 | ചേർത്തല തെക്ക് | |
| 13 | കഞ്ഞിക്കുഴി | |
| 14 | മാരാരിക്കുളം വടക്ക് | |
| 15 | മാരാരിക്കുളം തെക്ക് | |
| 16 | തിരുവൻവണ്ടൂർ | |
| 17 | ചെങ്ങന്നൂർ | |
| 18 | മണ്ണഞ്ചേരി | |
| 19 | മുളക്കുഴ | |

അദ്ധ്യായം 4

# വികസന മേഖലകൾ:

# അവസ്ഥയും പരിപ്രേക്ഷ്യവും

## 4.1 ഉല്പാദന മേഖല

# നീർത്തടാധിഷ്ഠിത വികസനം

## കൃഷി

കിഴക്കിന്റെ വെനീസ് എന്ൻ വിശേഷിപ്പിക്കപ്പെടുന്ന ആലപ്പുഴ ജില്ലയുടെ പ്രകൃതി രമണീയത കായൽ പരപ്പുകളാലും കടൽ തീരങ്ങളാലും കതിരണിഞ്ഞു നിൽക്കുന്ന നെൽ പാടങ്ങളാലും കേരനിരകളാലും പച്ചക്കറി സമൃദ്ധിയാലും സമൃഷ്ടമാണ്. ദൈവത്തിന്റെ സ്വന്തം നാടായ കേരളത്തിന് ആ പേർ ലഭിക്കുവാനുള്ള പ്രധാന കാരണം ആലപ്പുഴ ജില്ലയാണ്. ഗ്രാമ ഭംഗിയാണ് കേരളത്തിനെ മറ്റ സംസ്ഥാനങ്ങളില് നിന്ന് വേർതിരിക്കുന്നത്. എല്ലാ ജില്ലകൾക്കും തനതു പ്രത്യേകതകൾ ഉണ്ടെങ്കിൽ തന്നെയും ആലപ്പുഴയുടെ ഗ്രാമചാരുത അവർണ്ണനീയമാണ്. വേമ്പനാട്ടു കായലിന്റെയും പമ്പയാറ്റിന്റെയും ജല സമൃദ്ധിയെ ചുറ്റിപ്പറ്റിയാണ് ആലപ്പുഴയുടെ കാർഷികവൃത്തി മുന്നേറുന്നത്. ആലപ്പുഴയുടെ കാർഷിക വികസനം എന്നത് പ്രധാനമായും കുട്ടനാടിന്റെ കൃഷി വികസനങ്ങളെ ആശ്രയിച്ചിരിക്കുന്നു. പമ്പ, അച്ചൻകോവിൽ, മണിമലയാർ എന്നീ 3 നദികളുടെ സംഗമവും, വേമ്പനാട് കായലിനാൽ ചുറ്റപ്പെട്ടതും, അതിനോട് ചേർന്ന നദീതടമാണ് കുട്ടനാട്. ഒരു മീറ്റർ മുതൽ രണ്ടര മീറ്റർ വരെ സമുദ്രനിരപ്പിൽ താഴെയായി നെൽകൃഷി ചെയ്യുന്നു എന്നതും, കുട്ടനാടിന്റെ പ്രത്യേകതയാണ്. കുട്ടനാടിനെ അപ്പർ കുട്ടനാട് ലോവർ കുട്ടനാട് എന്നിങ്ങനെ ഭാഗിച്ചിരിക്കുന്നു. ചെളിയും മണ്ണും അടിഞ്ഞു പ്രകൃത്യാ തന്നെ ഉണ്ടായതാണ് അപ്പർ കുട്ടനാട്. പത്തൊൻപതാം നൂറ്റാണ്ടോടുകൂടി വേമ്പനാട് കായലിൽ മനുഷ്യ പ്രയത്നം കൊണ്ട് ചെളിയും മണ്ണും ഉപയോഗിച്ച് ബണ്ട് രൂപീകരിച്ചതാണ് കായൽ നിലങ്ങൾ ഉൾപ്പെടുന്ന ലോവർ കുട്ടനാട്. ഇതിനു അനുമതി നൽകിയ തിരുവിതാംകൂർ രാജകുടുംബത്തോടുള്ള നന്ദി സൂചകമായാണ് കായൽ നിലങ്ങൾക്ക് റാണി, ചിത്തിര, മാർത്താണ്ഡം എന്നീ പേരുകൾ നൽകിയത്. പുറക്കാട് മേഖലയിൽപ്പെട്ട കരിനിലങ്ങളും കുട്ടനാട്ടിൽ ഉൾപ്പെടുന്നു. ജില്ലയിൽ നെൽകൃഷി, തെങ്ങു കൃഷി, പച്ചക്കറി കൃഷി, താറാവു കൃഷി, മത്സ്യ കൃഷി തുടങ്ങിയ കാർഷിക ഉപജീവനമാർഗങ്ങൾ സ്വീകരിച്ചിരിക്കുന്നവരാണ് ഏറെയും. കേരളത്തിന്റെ അരിക്കിണ്ണം എന്ന് വിശേഷിപ്പിക്കപെടുന്ന ആലപ്പുഴ ജില്ലയിലെ കുട്ടനാട് മേഖലകൾ നെൽകൃഷിയാൽ സമൃദ്ധമാണ്. കാർഷിക രംഗത്തിന്റെ മുന്നേറ്റങ്ങളിൽ മുൻനിരയിൽ തന്നെ ഉണ്ടായിരുന്ന ഹരിത വിപ്ലവത്തിന്റെ പിതാവായ Dr.M.S.സ്വാമിനാഥൻ ആലപ്പുഴ ജില്ലക്കാരൻ ആണ് എന്നുള്ളത് തന്നെ ഒരു മുതൽക്കൂട്ട് ആണ്. കായൽ കൃഷിക്ക് പ്രശസ്തമാണ് കുട്ടനാട്. ഒരു നെല്ലും ഒരു മീനും എന്ന കൃഷിരീതിക്ക് തുടക്കം കുറിച്ചതു തന്നെ ആലപ്പുഴയിൽ നിന്നു തന്നെയാണ്. ആലപ്പുഴ ജില്ലയിൽ നെൽകൃഷിക്ക് കുട്ടനാട് എന്നുപറയുന്നതു പോലെ തന്നെ കിഴങ്ങുവിളകൾക്കും എണ്ണ വിളകൾക്കും ഓണാട്ടുകരയും പ്രശസ്തമാണ്.

പച്ചക്കറി കൃഷിയിൽ കഞ്ഞിക്കുഴിപയർ വഴി ഒരു പൊൻതൂവൽ കൂടി ആലപ്പുഴക്ക് സ്വന്തമായിട്ടുണ്ട്. കഞ്ഞിക്കുഴി പയർ ഇന്ന് വളരെ പ്രശസ്തമാണ്. കൃഷിയുമായി ബന്ധപ്പെട്ട സംശയനിവാരണത്തിന് കൃഷി വകുപ്പ് കൂടാതെ തന്നെ രണ്ടു ഗവേഷണകേന്ദ്രങ്ങൾ കൂടി ആലപ്പുഴക്ക് സ്വന്തമാണ്. കേരളത്തിൽ തന്നെ അപൂർവമായി എള്ളുകൃഷി ചെയ്യുന്ന ഒരു സ്ഥലമാണ് ഓണാട്ടുകര. തിലോത്തമ എന്ന എള്ള് ഇനം ഈ ഗവേഷണകേന്ദ്രത്തിന്റെ സംഭാവനയാണ്. കേരളത്തിലെ പതിനാല് ജില്ലകളും ഓരോ കാർഷിക വിളകൾക്ക് പ്രശസ്തമാണ്. എന്നാൽ ആലപ്പുഴ ജില്ലക്ക് നെൽ കൃഷി, പച്ചക്കറി, തോട്ടവിള, റബ്ബർ, കിഴങ്ങ് വിളകൾ എന്നീ വിളകളിലും പ്രത്യേക സ്ഥാനം കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. കുട്ടനാട്, പൊക്കാളി, ഓണാട്ടുകര, ചേർത്തല കരപ്പാടങ്ങൾ എന്നിവയാണ് ആലപ്പുഴ ജില്ലയിലെ

നെൽകൃഷിയുമായി ബന്ധപ്പെട്ട മേഖലകൾ. ജില്ലയിൽ എല്ലാ പഞ്ചായത്തുകളിലും, കൂടുതലായി തീരദേശവുമായിട്ടുള്ള സ്ഥലത്ത് തെങ്ങ്കൃഷി കാണുന്നു. തഴക്കര, വീയപുരം, ചെറുതന, വെണ്മണി, ചാരുംമൂട് എന്നീ സ്ഥലങ്ങളിലാണ് വാഴക്കൃഷി കൂടുതലായുള്ളത്. റബ്ബർ കൃഷി ചെങ്ങന്നൂർ, ചാരുംമൂട് പ്രദേശങ്ങളിലും കിഴങ്ങ് വർഗ്ഗങ്ങൾ, ഇഞ്ചി, മഞ്ഞൾ എന്നിവ കൂടുതലായുള്ളത് ചാരുംമൂട്, വെണ്മണി, തഴക്കര എന്നിവിടങ്ങളിലുമാണ്.

അഞ്ചു ലക്ഷം തെങ്ങ് കൃഷിയിടങ്ങൾ ജില്ലയിൽ കാണുന്നു. തെങ്ങു കൃഷി കൂടാതെ ഇടവിളകളായി വാഴ, പച്ചക്കറി, കിഴങ്ങുവർഗ്ഗം എന്നിവയും ഇതര സംരംഭങ്ങളായ പശു/കോഴി/താറാവ്/മത്സ്യം എന്നിവയടങ്ങിയതുമായ ഒരു സംയോജിത കൃഷി രീതി അവലംബിച്ചാൽ 5 ലക്ഷം തെങ്ങിൻ കൃഷിയിടങ്ങളെ 5 ലക്ഷം സംയോജിത കൃഷിയിടങ്ങളാക്കി മാറ്റാവുന്നതാണ്. സംയോജിത കൃഷി രീതിക്ക് ഏറ്റവും അനുയോജ്യമായ ഘടനയാണ് കുട്ടനാടിനുള്ളത്. 4 വശവും ബണ്ടോടു കൂടിയ 1 ഏക്കർ സ്ഥലത്ത് നെല്ലുഷിയോടനുബന്ധിച്ച് ബണ്ടുകളിൽ 20 തെങ്ങുകൾ, 40 വാഴകൾ, 20/40 ചേമ്പ്/ചേന/മരച്ചീനി എന്നിങ്ങനെ വിവിധ കൃഷികൾ ചെയ്യാവുന്നതാണ്.

കുട്ടനാടിന്റെ തനതായ കുട്ടനാടൻ എരുമകളെയും വളർത്താവുന്നതാണ്. പുഞ്ച കൃഷി മാത്രം ചെയ്യുന്ന കുട്ടനാടിലെ കായൽ നിലങ്ങളിൽ മഴക്കാലത്ത് 1 മീറ്റർ ഉയരത്തിൽ വെള്ളം നിർത്തിയാൽ ഗ്രാസ്സ് കാർപ്പ് മത്സ്യങ്ങളെയും വളർത്താവുന്നതാണ്. ഓണാട്ടുകരയിലെയും, ചേർത്തലയിലെയും പാടങ്ങളിൽ നെല്ലുഷിക്കുശേഷം പച്ചക്കറി, എള്ള്, പയറ് വർഗ്ഗങ്ങൾ എന്നിവ കൃഷി ചെയ്യത്തക്കവിധത്തിൽ അനുയോജ്യമാക്കിയെടുക്കാവുന്നതാണ്.

ജില്ലയിൽ 15 ലക്ഷത്തോളം വീടുകളുടെ ടെറസ്സുകൾ പച്ചക്കറി കൃഷിക്ക് അനുയോജ്യമാണ്. ഇവയും ഉപയോഗപ്പെടുത്താവുന്നതാണ്.

## ആലപ്പുഴയിലെ നെൽകൃഷി മേഖലകൾ



ആലപ്പുഴ ജില്ലയിൽ നെൽകൃഷി മേഖലയിൽ പ്രധാനമായും പാടശേഖരാടിസ്ഥാനത്തിലും 670 നെൽ ഉല്പാദക സമിതിയുടെ നേതൃത്വത്തിലും നെല്കൃഷി ചെയ്തുവരുന്നു.

**നെൽകൃഷി വിസ്തൃതിയും ഉല്പാദനവും (2014-15, 15-16, 16-17)**

| ക്രമ നം. | ജില്ലയിലെ വിവിധ തരം നെൽ കൃഷികൾ | 2014-15 | | 2015-16 | | 2016-17 | |
|---|---|---|---|---|---|---|---|
| | | വിസ്തീർണ്ണം (ഹെക്ടർ) | ഉല്പാദനം (എം.റ്റി.) | വിസ്തീർണ്ണം (ഹെക്ടർ) | ഉല്പാദനം (എം.റ്റി.) | വിസ്തീർണ്ണം (ഹെക്ടർ) | ഉല്പാദനം (എം.റ്റി.) |
| 1 | വിരിപ്പ് (കരപ്പാടം) | 434 | 1303 | 248 | 622 | 240 | 600 |
| 2 | അഡീഷണൽ പുഞ്ച (കുട്ടനാട്) | 11191 | 55955 | 10301 | 36053 | 10066 | 54356 |
| 3 | മുണ്ടകൻ (ചാരുംമൂട്, ചെങ്ങന്നൂർ) | 1197 | 3112 | 1143 | 2286 | 991 | 422 |
| 4 | കൂട്ട് മുണ്ടകൻ (ചേർത്തല) | 70 | 127 | 125 | 225 | 29 | 53 |
| 5 | പുഞ്ച | 26205 | 144127 | 25454 | 120907 | 26606 | 119727 |
| 6 | പൊക്കാളി | 405 | 1134 | 473 | 1326 | 104 | 182 |
| | **ആകെ** | **39502** | **205758** | **37744** | **161419** | **38036** | **175340-** |

*അവലംബം - വാർഷിക ഭരണ റിപ്പോർട്ട് കൃഷി വകുപ്പ്, ആലപ്പുഴ*

- കുട്ടനാട് പാടശേഖരങ്ങളിൽ ജല നിയന്ത്രണത്തിനുള്ള ഉപാധികളുടെ അഭാവം, പുറം ബണ്ടുകളുടെ ബലക്ഷയം, വാച്ചാലുകൾ കൃഷിക്ക് മുൻപായി ആഴം കൂട്ടുന്നതിൽ ഉള്ള ശ്രദ്ധക്കുറവ്, ഫാം റോഡുകളുടെയും ജല ചരക്കു ഗതാഗതത്തിന്റെയും അഭാവം, ഉല്പാദനോപാദികൾ കൃഷിസ്ഥലത്ത് സമയത്ത് എത്തിക്കുന്നതിന് സാധിക്കുന്നില്ല, കൃഷി സമയത്ത് തുടർച്ചയായി വൈദ്യുതി ലഭിക്കാത്തതുമൂലം ജലനിർഗ്ഗമനം സമയത്ത് നടക്കാതെ വരുന്നു, മണ്ണിലെ അമ്ലാംശവും ഉപ്പ വെള്ളത്തിന്റെ സാന്നിദ്ധ്യവും നെൽ ചെടിയുടെ വളർച്ചയെ ബാധിക്കുന്നു, കീടരോഗ ബാധകളായ മുഞ്ഞ, ഇലചുരുട്ടിപ്പുഴു, തണ്ടു തുരപ്പൻ പുഴു, പോളരോഗം, ബ്ലാസ്റ്റ്, കളകളായ വരിനെല്ല്, കവട മുതലായവയുടെ സാന്നിദ്ധ്യം, ഉമ, ജ്യോതി മുതലായവ കൂടാതെ പിന്നീട് കുട്ടനാടിന് അനുയോജ്യമായ നെല്ല് വിത്തിനങ്ങൾ വികസിപ്പിക്കുന്നില്ല, ഉല്പാദനോപാദികളായ വളം, വിത്ത് മുതലായവക്ക് അനിയന്ത്രിതമായ വില മൂലം ശരിയായ അനുപാതത്തിൽ ഇവ ഉപയോഗിക്കുവാൻ സാധിക്കുന്നില്ല, കൃഷി പണികൾക്ക് തൊഴിലാളികളുടെ അഭാവം, വെള്ളപ്പൊക്കം, ഉപ്പുവെള്ളത്തിന്റെ സാന്നിദ്ധ്യം ഇവ കൃഷിനാശത്തിന് കാരണമാകുന്നു, നിലവിലെ കൃഷിചെലവുമായി താരതമ്യപ്പെടുത്തുമ്പോൾ അനുയോജ്യമായ നെല്ലുവില കർഷകർക്ക് കിട്ടുന്നില്ല, കുട്ടനാട്ടിൽ ചെറുകിട റൈസ് മില്ലുകളുടെ അഭാവം, ഗോഡൌൺ സൌകര്യമില്ലായ്മ, കാലാവസ്ഥ മാറ്റം മൂലം ഉല്പാദനത്തിൽ ഗണ്യമായ നഷ്ടം ഉണ്ടാകുന്നു എന്നിവയാണ് കുട്ടനാട് മേഖല അഭിമുഖീകരിക്കുന്ന കാർഷിക പ്രശ്നങ്ങൾ.
- ഈ മേഖലയിൽ കൃഷി ചെയ്യുന്ന ചെട്ടി വിരിപ്പ്, പൊക്കാളി ഇനങ്ങൾ മഴയെ മാത്രം ആശ്രയിച്ച് വളരുന്നു. 1 മീറ്റർ വരെ ആഴമുള്ള വെള്ളം ഇതിന്റെ വളർച്ചയ്ക്ക് അത്യന്താപേക്ഷിതമാണ്. വെള്ളത്തിലിറങ്ങി കൊയ്യുന്നതിന് തൊഴിലാളികളെ ലഭിക്കുന്നില്ല എന്നത് ഈ കൃഷി അന്യംനിന്ന് പോകുവാൻ കാരണമാകുന്നു. തോടുകളും

കനാലുകളും അടഞ്ഞ് നീർവാർച്ചാ സൌകര്യം തീരെ ഇല്ലാത്തതുമൂലവും തൊഴിലാളികളുടെ ദൌർലഭ്യം മൂലവും സമയത്ത് വിതയ്ക്കുന്നതിനോ, കൃഷിപ്പണികൾ ചെയ്യുന്നതിനോ സാധിക്കുന്നില്ല. നീർവാർച്ചാ സൌകര്യങ്ങളുടെ അഭാവം, തൊഴിലാളികളുടെ ദൌർലഭ്യം, വിളവ് കുറവുള്ള പരമ്പരാഗത ഇനങ്ങൾ എന്നിവയാണ് കരപ്പാടങ്ങളിലെ വികസന വിടവുകൾ. ആലപ്പുഴ ജില്ലയിൽ തെങ്ങുകൃഷി, കർഷകർക്ക് ഒരു വരുമാനമാർഗമല്ലാതായിരിക്കുന്നു. തോട്ടമടിസ്ഥാനത്തിൽ തെങ്ങുകൃഷി ചെയ്യുന്നില്ല. വീട്ടുവളപ്പിൽ മാത്രം കാണുന്ന ശരാശരി 20-25 സെന്റ് സ്ഥലത്തു 10 തെങ്ങുകൾ കാണുന്നു.

**നാളികേര കൃഷി വിസ്തൃതിയും ഉല്പാദനവും (2014 - 15, 2015 - 16, 2016 - 17)**

| ക്രമ നം : | വിളയുടെ പേര് | 2014 - 15 | | 2015 -16 | | 2016 - 17 | |
|---|---|---|---|---|---|---|---|
| | | വിസ്തീർണ്ണം (ഹെ) | ഉത്പദാനം എണ്ണം | വിസ്തീർണ്ണം (ഹെ) | ഉത്പദാനം എണ്ണം | വിസ്തീർണ്ണം (ഹെ) | ഉത്പദാനം എണ്ണം |
| 1 | തെങ്ങ് കൃഷി | 56482 | 3460 ലക്ഷം | 58000 | 4060 ലക്ഷം | 58500 | 3510 ലക്ഷം |

*അവലംബം - വാർഷിക ഭരണ റിപ്പോർട്ട് കൃഷി വകുപ്പ്, ആലപ്പുഴ*

ഏകവിളയായി കൃഷി ചെയ്യുന്നതും കീടങ്ങളായ ചെമ്പൻചെല്ലി, കൊമ്പൻചെല്ലി മുതലായവ മൂലം ഉത്പാദനക്ഷമത കുറഞ്ഞുവരുന്നതും ജലസേചന സൌകര്യങ്ങളുടെയും യന്ത്രവല്കരണത്തിന്റെ അഭാവവും തെങ്ങുകയറുന്നതിനുള്ള തൊഴിലാളികളുടെ ദൌർലഭ്യം കാരണം തേങ്ങയിടൽ 2 മാസമെന്നത് 6 മാസത്തിൽ ഒരിക്കലാകുന്നു. വില സ്ഥിരതയില്ലാത്തതും നാളികേര സംഭരണം യഥാവിധി നടക്കാത്തതും, കർഷകർ തെങ്ങ് കൃഷിയിൽ നിന്നും പിൻവാങ്ങുന്നു. അതുൽപാദനശേഷിയുള്ള തെങ്ങിനങ്ങൾ കർഷകർക്ക് ലഭിക്കുന്നില്ല. മണ്ണിന്റെ ജൈവാംശം കുറയുകയും സൂക്ഷ്മ മൂലകങ്ങളുടെ അഭാവവും മൂലം ഉല്പാദനം കുറയുന്നു. നാളികേരത്തിന്റെ മൂല്യം വർദ്ധിച്ചത്, ഉത്പന്ന സംരംഭങ്ങളുടെ അഭാവം എന്നിവയാണ് തെങ്ങുകൃഷി മേഖലയിലെ വികസന വിടവുകൾ.

**വാഴകൃഷി വിസ്തീർണ്ണവും ഉത്പാദനവും**

| ഇനം | 2014 - 15 | | 2015 - 16 | | 2016 - 17 | |
|---|---|---|---|---|---|---|
| | വിസ്തീർണ്ണം (ഹെ) | ഉത്പദാനം (മെ. ടൺ) | വിസ്തീർണ്ണം (ഹെ) | ഉത്പദാനം (മെ. ടൺ) | വിസ്തീർണ്ണം (ഹെ) | ഉത്പദാനം (മെ. ടൺ) |
| ഏത്തവാഴ | 3565 | 35650 | 1793 | 17930 | 1950 | 19500 |
| മറ്റ് വാഴയിനങ്ങൾ | 4500 | 56250 | 2544 | 30528 | 2800 | 33600 |

*അവലംബം - വാർഷിക ഭരണ റിപ്പോർട്ട് കൃഷി വകുപ്പ്, ആലപ്പുഴ*

ഗുണനിലവാരമുള്ള ടിഷ്യുകൾച്ചർ തൈകളുടെ അഭാവം, രോഗകീടബാധ ഉത്പാദനക്ഷമതയെ ബാധിക്കുന്നതും, വിപണനവുമായി ബന്ധപ്പെട്ട് അടിസ്ഥാന മാർക്കറ്റുകളുടെ അഭാവം, മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ ചെറുകിട സംരംഭങ്ങൾ ഇല്ലാത്തതുമൂലം അമിതോല്പാദനസമയത്ത് വിലയിടിഞ്ഞ് കർഷകർക്ക് നഷ്ടമുണ്ടാകുന്നതും കർഷകർക്ക് കൃഷിചെയ്യുന്നതിന്റെ മുടക്കുമുതൽ പോലും വിപണിയിൽ നിന്നും ലാഭമായി ലഭിക്കുന്നില്ല എന്നതുമാണ് വാഴകൃഷിയിലെ വികസന വിടവുകൾ.

### പച്ചക്കറി കൃഷി – വിസ്തീർണ്ണവും, ഉല്പാദനവും

| 2014-15 | | 2015-16 | | 2016-17 | |
|---|---|---|---|---|---|
| വിസ്തീർണ്ണം (ഹെക്ടർ) | ഉല്പാദനം (എം.ടി) | വിസ്തീർണ്ണം (ഹെക്ടർ) | ഉല്പാദനം (എം.ടി) | വിസ്തീർണ്ണം (ഹെക്ടർ) | ഉല്പാദനം (എം.ടി) |
| 2682 | 34866 | 5500 | 77000 | 6300 | 81000 ടച,ക,സയ. |

*അവലംബം – വാർഷിക ഭരണ റിപ്പോർട്ട് കൃഷി വകുപ്പ്, ആലപ്പുഴ*

ആലപ്പുഴ ജില്ലയിൽ കൂടുതൽ പ്രദേശത്തും വീട്ടുവളപ്പിലാണ് കൃഷി ചെയ്യുന്നത്. അതുല്പാദന ശേഷിയുള്ള വിത്തിനങ്ങളുടെ ദൌർലഭ്യം, കാലാവസ്ഥ വ്യതിയാനം മൂലമുണ്ടാകുന്ന രോഗ കീട ബാധയും ഉല്പാദനക്കുറവും, കൃത്യതാകൃഷി മുതലായവ നൂതന കൃഷി രീതികളെ സ്വീകരിക്കുന്നതിന് കർഷകർക്കുള്ള വിമുഖത, ഉല്പന്നങ്ങൾ മാർക്കറ്റിംഗിന്റെ അഭാവത്തിൽ വില കിട്ടാതെ വരികയും, കൃഷിയിൽ നിന്ന് കർഷകർ പിന്നോക്കം പോകുകയും ചെയ്യുന്നു, മണ്ണിന്റെ ജൈവാംശക്കുറവ് നീർവാർച്ച സൌകര്യങ്ങളുടെ അഭാവവും എന്നിവയാണ് പച്ചക്കറി കൃഷിയുടെ വികസന വിടവുകൾ.

അതുല്പാദന ശേഷിയുള്ള കൂൺ വിത്തിനങ്ങളുടെ ലഭ്യതക്കുറവ്, കൂൺ വിലയിലുണ്ടാകുന്ന വിലവ്യതിയാനങ്ങൾ, കൂൺകൃഷി ചെയ്യുന്നതിനുള്ള ശിതീകരണമുറികൾ, സംഭരണമാർഗ്ഗങ്ങൾ എന്നിവയുടെ ലഭ്യതക്കുറവ് എന്നിവയാണ് കൂൺകൃഷിയിലെ വികസന വിടവുകൾ.

## കാഴ്ചപ്പാട്

നവകേരളം കർമ്മ പദ്ധതിയിലെ ഏറ്റവും പ്രധാന മിഷനായ ഹരിതകേരളം മിഷന്റെ ലക്ഷ്യങ്ങൾ നിറവേറ്റുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഏറ്റെടുക്കുവാനുദ്ദേശിക്കുന്ന ജൈവകൃഷിക്ക് പ്രാമുഖ്യം കൊടുത്തുകൊണ്ടുള്ള "സുജലം സുഫലം" പദ്ധതിപ്രകാരം ജില്ലയിലെ പച്ചക്കറി കൃഷിയിലും, നെല്ല്, പഴവർഗ്ഗങ്ങൾ എന്നീ അടിസ്ഥാന കൃഷി ഉല്പന്നങ്ങളിലും സ്വയംപര്യാപ്തത നേടുക, ഗാർഹിക – സ്ഥാപനതല ജൈവ കമ്പോസ്റ്റ് ഉപയോഗിച്ച് പരിസ്ഥിതി സംരക്ഷണം ഉറപ്പാക്കി ജൈവകൃഷി പ്രോത്സാഹിപ്പിക്കുക, തരിശ് സ്ഥലങ്ങൾ, നിലങ്ങൾ എന്നിവയിൽ കൃഷി നടപ്പാക്കുക, സംഭരണ വിപണന കേന്ദ്രങ്ങൾ ആരംഭിച്ച് മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ നിർമ്മാണം നടത്തി സമ്പദ്വ്യവസ്ഥയുടെ വളർച്ചയ്ക്ക് പങ്കാളികളാവുക, ജലസ്രോതസ്സുകൾക്ക് ചുറ്റും വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുക തുടങ്ങിയ കാർഷിക പ്രവർത്തനങ്ങൾ ഏറ്റെടുക്കുകയാണ് പ്രധാനമായി ലക്ഷ്യമിടുന്നത്.

ജില്ലയിലെ നെല്കൃഷി വിസ്തീർണ്ണം, ഉത്പാദനം എന്നിവ 10% അധികം വർദ്ധിപ്പിക്കുക എന്ന കാഴ്ചപ്പാടിനാണ് കൃഷി വികസന ഉപസമിതി രൂപം നല്കിയിട്ടുള്ളത്. ഇതിനായി കുട്ടനാട്ടിലെ നെല്കൃഷിയിൽ കാർഷിക കലണ്ടർ പ്രാവർത്തികമാക്കുന്നതിലേയ്ക്ക് പമ്പിംഗ് ലേലം ജൂലൈ മാസത്തിൽ ക്രമീകരിക്കുവാൻ ഉദ്ദേശിക്കുന്നു. കൂടാതെ റാണി ചിത്തിര കായൽ കൃഷിയോഗ്യമാക്കിയ മാതൃകയിൽ തരിശുനിലങ്ങൾ കൃഷിയോഗ്യമാക്കുക, തൊഴിലാളി ക്ഷാമവും കൃഷിചെലവും പരിഹരിക്കുന്നതിന് അഗ്രോ സർവീസ് സെന്ററുകളേയും കർമ്മസേനകളേയും ശാക്തീകരിക്കുക. എന്നിവയും കാഴ്ചപ്പാടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എല്ലാ നെൽ കർഷകർക്കും സോയിൽ ഹെൽത്ത് കാർഡ് ലഭ്യമാക്കുക, കാർഷിക വാഴ്സിറ്റിയുടെ പാക്കേജ് ഓഫ് പ്രാക്ടീസ്, പാരിസ്ഥിതിക എഞ്ചിനീയറിംഗ്, ജൈവിക കീടനിയന്ത്രണ രീതികൾ എന്നിവ ഉൾക്കൊള്ളിച്ച് കുട്ടനാട്ടിൽ "നല്ല കാർഷിക മുറകൾ" എന്ന പദ്ധതി പ്രാവർത്തികമാക്കുക, പോള നിയന്ത്രണത്തിന് മൊബൈൽ കംപോസ്റ്റ് യൂണീറ്റുകളും, വൈക്കോൽ പുനരുപയോഗത്തിനായി

ബെയിൽ യൂണീറ്റുകളും സ്ഥാപിക്കുക എന്നിങ്ങനെയുള്ള പ്രവർത്തനങ്ങളും ഏറ്റെടുത്ത് നടത്തുവാൻ ഉദ്ദേശിക്കുന്നു.

ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലും ഓരോ വിളയ്ക്കും ജില്ലയുടെ പരിസ്ഥിതിക്ക് അനുയോജ്യമായ രീതിയിൽ നീർത്തടാധിഷ്ഠിതമായി ഒരു പദ്ധതി എന്ന നിലയിൽ തയ്യാറാക്കുമ്പോൾ അതിൽ ഉൾപ്പെടുന്ന ഓരോ നീർത്തടത്തിന്റെയും ആവശ്യമായ ഘടങ്ങൾ അതാതു നീർത്തടത്തിന്റെ പദ്ധതികളായി ഒറ്റ പദ്ധതിക്കുള്ളിൽ ഉൾപ്പെടുത്തി നിർവ്വഹണം നടത്തുന്നതിന് വിഷയസമിതി ഉദ്ദേശിക്കുന്നു.

അപ്പർ കുട്ടനാട്ടിനെ നെൽ വിത്തുല്പാദക മേഖലയായി പ്രഖ്യാപിക്കുക, KCPM, ATMA, കാർഷിക യൂണിവേഴ്സിറ്റി എന്നിവ മുഖാന്തിരം കർഷകർക്ക് സാങ്കേതിക സഹായം നല്കുകയും ഹരിതകേരള മിഷനുമായി ചേർന്ന് സംയോജിത നെല്കൃഷി പദ്ധതി നടപ്പിലാക്കി വിപണന സംവിധാനം ശക്തിപ്പെടുത്തുക എന്ന ലക്ഷ്യവും വിഷയസമിതി ഉദ്ദേശിക്കുന്നു. പാടശേഖരങ്ങൾക്ക് സ്ഥിരമായ വൈദ്യുതി കണക്ഷൻ ലഭ്യമാക്കുകയും പുഞ്ചകൃഷി മാത്രം ചെയ്യുന്ന കായൽ നിലങ്ങളിൽ ഒരു നെല്ലും ഒരു മീനും പദ്ധതി പ്രാവർത്തികമാക്കുന്നതിനും പൊക്കാളി നെല്കൃഷിയിൽ ബോട്ട് മാതൃകയിലുള്ള കൊയ്ത്ത് യന്ത്രം നിർമ്മിക്കുക എന്നതും കാഴ്ചപ്പാടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

രോഗബാധയുള്ള തെങ്ങുകൾ മാറ്റി പകരം തൈനടുക, സംയോജിത കൃഷിരീതി നടപ്പിലാക്കുക, സമഗ്ര ജലസേചന പദ്ധതി നടപ്പിലാക്കുക, അത്യുല്പാദനശേഷിയുള്ള തൈകളുടെ ഉത്പാദനം ഉറപ്പാക്കുക, തെങ്ങിന് പരിചരണ മുറകൾ നല്കുന്നതിന് അഗ്രോ സർവീസ് സെന്ററുകളെയും, കർമ്മസേനയെയും ശാക്തീകരിക്കുക, മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ യൂണിറ്റുകൾ സ്ഥാപിക്കുക എന്നിവയാണ് തെങ്ങുകൃഷി പുനരുദ്ധരിക്കുന്നതിനുള്ള കാഴ്ചപ്പാട്.

കിഴങ്ങു വർഗ്ഗം, ഇഞ്ചി, മഞ്ഞൾ കൃഷി, ഫലവർഗ്ഗങ്ങൾ, പുഷ്പകൃഷി, ഓണാട്ടുകരയിലെ എള്ള് കൃഷി, ക്ഷൺകൃഷി എന്നിവയ്ക്കായി പ്രത്യേകപദ്ധതി ആവിഷ്കരിക്കാൻ കൃഷി ഉപസമിതി ഉദ്ദേശിക്കുന്നു.

കാർഷിക കലണ്ടർ പ്രകാരം പംബിങ് ലേലം ജൂലൈ 31 നകം ക്രമീകരിക്കേണ്ടതും കലണ്ടർ പാലിക്കുന്നത് നിയമവിധേയവുമാക്കണം. കുട്ടനാട്ടിലെ സ്ഥലങ്ങളിൽ 1/3 സ്ഥലത്ത് മാത്രമേ രണ്ടാം കൃഷി നടത്തേണ്ടതുള്ളൂ. ബാക്കി വരുന്ന 2/3 പാടശേഖരങ്ങളിൽ മഴവെള്ളം കെട്ടി നിർത്തുന്നത് കുട്ടനാടിനെ വെള്ളപൊക്കത്തിൽനിന്നും സംരക്ഷിക്കുന്നതിനു സഹായിക്കുന്നു, കൂടാതെ മടവീഴ്ച്ചവന്നു കൃഷി നശിക്കുന്നത് ഒഴിവാക്കുന്നതിനു സഹായിക്കുന്നു. പാടശേഖരങ്ങളിൽ ഇങ്ങനെ കെട്ടിനിർത്തുന്ന മഴവെള്ളം പുഞ്ചകൃഷി സമയത്ത് പംമ്പിംഗ് ചെയ്യുമ്പോൾ കായലിലെ ഓരിന്റെ അംശം കുറയ്ക്കുന്നതിനും, പാടശേഖരത്തിനകത്തെ വാച്ചാലുകളിൽ നല്ലവെള്ളം നിർത്തുന്നതിനും സാധിക്കും.

രണ്ട് വിള കൃഷി ചെയ്യുന്ന സ്ഥലങ്ങളിൽ രണ്ടാം കൃഷിക്ക് ഹ്രസ്വകാലയിനങ്ങളും പുഞ്ച കൃഷിയിൽ മധ്യകാലയിനങ്ങളും നിർബന്ധമാക്കണം. ഇതിന് അനുയോജ്യമായ നെല്ലിനങ്ങൾ ശുപാർശ ചെയ്യുന്നത് മങ്കൊമ്പ് നെല്ലഗവേഷണ കേന്ദ്രമായിരിക്കും. തരിശുനിലങ്ങൾ കൃഷിയോഗ്യമാക്കാൻ ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്ത്, കൃഷി വകുപ്പ്, മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി എന്നിവ സംയോജിപ്പിച്ച് പ്രോജക്ട് തയ്യാറാക്കി നടപ്പിലാക്കാവുന്നതാണ്. ജില്ലയിലെ 5000 ഹെക്ടറോളം വരുന്ന തരിശു നിലങ്ങൾ ഒരു വർഷം ആയിരം ഹെക്ടർ എന്ന നിലയിൽ കൃഷി ചെയ്താൽ 5 വർഷം കൊണ്ട് തരിശു രഹിത ജില്ലയായി മാറ്റുവാൻ സാധിക്കും. റാണിചിത്തിര കായൽ കൃഷിയോഗ്യമാക്കിയത് അനുകരണീയ

മാതൃകയാണ്. കുട്ടനാട്ടിൽ ഏകദേശം അഞ്ചുവർഷമായി തരിശ്ശുകിടക്കുന്ന 240 ഹെക്ടർ വരുന്ന പുത്തനാറായിരം പാടശേഖരം ഈ നടപടിയിലൂടെ കൃഷി യോഗ്യമാക്കുവാൻ സാധിക്കും. അടിസ്ഥാന സൗകര്യങ്ങളായ ബണ്ട് ബലപ്പെടുത്തൽ, വാച്ചാൽ ആഴം കൂട്ടൽ, മോട്ടോർ തറയുടെ ബലപ്പെടുത്തൽ, പെട്ടി, പറ, മോട്ടോർ സ്ഥാപിക്കൽ എന്നിവ വഴി 2000 ഹെക്ടർ സ്ഥലത്തെ ഒരുപ്പകൃഷി ചെയ്യുന്ന പാടശേഖരങ്ങളെ ഇരുപ്പക്കൃഷിയിലേക്ക് കൊണ്ടുവരാൻ കഴിയുന്നതാണ്. ത്രിതല പഞ്ചായത്തുകളുടെ പദ്ധതികളെ ഇതിലേയ്ക്ക് ഏകോപിപ്പിക്കാവുന്നതാണ്. താഴെ പറയുന്ന സമയക്രമം പാലിച്ച് ഇത് നടപ്പിലാക്കാവുന്നതാണ്.

കർഷകരെ നെൽകൃഷി മേഖലയിൽ നിന്നും അകറ്റുന്ന പ്രധാന പ്രശ്നമാണ് വർദ്ധിച്ചുവരുന്ന കൃഷിചെലവും തൊഴിലാളി ക്ഷാമവും. ഒരു ബ്ലോക്കിൽ രണ്ട് അഗ്രോ സർവീസ് സെന്ററുകളും രണ്ട് കർമ്മസേനകളും രൂപീകരിക്കണം. യന്ത്രങ്ങളുടെ കേടുപാടുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിലേയ്ക്ക് അഗ്രോ സർവീസ് സെന്ററുകളെ ശാക്തീകരിക്കണം. നിലവിൽ സർക്കാർ ഉടമസ്ഥതയിലുള്ള കൊയ്ത്തുമെതി യന്ത്രങ്ങളെ അഗ്രോ സർവീസ് സെന്ററുകൾക്ക് കൈമാറി അവ പ്രവർത്തനക്ഷമമാക്കണം. എല്ലാ നെൽകർഷകർക്കും സോയിൽ ഹെല്ത്ത് കാർഡ് ലഭ്യമാക്കണം. ആയതിലേയ്ക്ക് കൃഷി സീസണിനു മുമ്പായി മണ്ണ് പരിശോധന ശാലകളുടെ സേവനം ഇതിലേയ്ക്ക് ഉപയോഗിക്കണം. ഏകദേശം മുപ്പതിനായിരത്തോളം കർഷകർക്ക് ഇതിന്റെ പ്രയോജനം ലഭിക്കും.

നിലവിൽ നെൽകൃഷി മേഖലയിൽ അനിയന്ത്രിതമായി ഉപയോഗിച്ചുവരുന്ന രാസവസ്തുക്കൾ പരിസരമലിനീകരണത്തിനും മാരകരോഗങ്ങൾക്കും കാരണമാകുന്നു. ഇതിനായി ജൈവരീതികളെയും നല്ല കാർഷിക മുറകളേയും കുറിച്ച് കർഷകരെ ബോധാവാന്മാരക്കണം. സുസ്ഥിര നെൽകൃഷി അനുവർത്തിക്കുന്നതിലേയ്ക്ക് ജൈവീക നിയന്ത്രിതരീതികളും പാരിസ്ഥിതിക എഞ്ചിനിയറിംഗ് രീതികളും കള നിയന്ത്രണത്തിന് യാന്ത്രിക രീതികളും ഉൾക്കൊള്ളിച്ചുള്ള പ്രദർശനത്തോട്ടങ്ങൾ ഒരു കൃഷിഭവന് മൂന്ന് എണ്ണം എന്നതോതിൽ പ്രാവർത്തികമാക്കണം.

കുട്ടനാട്ടിൽ തോടുകൾ ആഴം കൂട്ടി പോളകൾ നിർമ്മാർജ്ജനം ചെയ്യുന്നതിനായി മൊബൈൽ കമ്പോസ്റ്റിംഗ് യൂണിറ്റുകൾ സ്ഥാപിക്കേണ്ടതാണ്. കർഷകർക്ക് അധിക വരുമാനമായി നിലവിൽ കത്തിച്ചുകളഞ്ഞ് അന്തരീക്ഷമലിനീകരണത്തിന് കാരണമാകുന്ന വൈക്കോൽ ബെയിലാക്കുന്നതിനു യൂണിറ്റുകൾ സ്ഥാപിക്കുക. അപ്രകാരം ഉത്പാദിപ്പിക്കുന്ന ഉത്പന്നങ്ങൾക്ക് ഉയർന്ന വില ലഭ്യമാക്കുകയും ചെയ്യണം. ഉത്പന്ന വൈവിധ്യവൽക്കരണം വഴി കൂടുതൽ ലാഭം കർഷകർക്ക് ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. ഇതിനായി കുട്ടനാട്ടിൽ മിനി റൈസ് മില്ലുകൾ സ്ഥാപിക്കുന്നതിന് സഹായം നൽകേണ്ടതാണ്.

കുട്ടനാട്ടിലെ വിത്ത് ക്ഷാമം പരിഹരിക്കുന്നതിന് അപ്പർ കുട്ടനാട് മേഖലയെ രജിസ്റ്റേർഡ് വിത്ത് ഉത്പാദന മേഖലയായി പ്രഖ്യാപിക്കുക. അവിടെയുള്ള ആയിരം ഹെക്ടർ സ്ഥലത്ത് രജിസ്റ്റേർഡ് വിത്തുല്പാദനം നടപ്പിലാക്കണം.

- കൃഷി സീസണിൽ കർഷകർക്ക് ആവശ്യമായ സാങ്കേതിക സഹായം സമയാസമയത്ത് നല്കുന്നതിന് കൃഷിവകുപ്പും കാർഷിക സർവ്വകലാശാലയും സംയുക്തമായി പ്രവർത്തിക്കുന്നു. മങ്കൊമ്പ് ആസ്ഥാനമായി പ്രവർത്തിക്കുന്ന കൃഷി വകുപ്പിന്റെ കേരള സെന്റർ ഫോർ പെസ്റ്റ് മാനേജ്മെന്റ് എന്ന സ്ഥാപനത്തിലെ

സാങ്കേതിക വിദഗ്ദ്ധരും , മങ്കോമ്പ് നെല്ല് ഗവേഷണ കേന്ദ്രവും , ആത്മ പദ്ധതി പ്രകാരം സ്ഥാപിച്ചിട്ടുള്ള അഗ്രോക്ലിനിക്കുകളും ഇക്കാര്യത്തിൽ സജീവമായി പ്രവർത്തിക്കുന്നു.

- നെൽ കൃഷിയുടെ വളർച്ചയും വിവിധ കീടരോഗ ബാധയും മറ്റ് പാരിസ്ഥിതിക പ്രശ്നങ്ങളും നിരീക്ഷിച്ച് പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിന് കാർഷിക സർവ്വകലാശാല വിദഗ്ദ്ധർ അടങ്ങുന്ന മൾട്ടി ഡിസിപ്ലിനറി ഡയഗ്നോസ്റ്റിക്ക് ടീം രൂപീകരിക്കണം. കെ.സി.പി.എം ന്റെ നിയന്ത്രണത്തിൽ പാരിസ്ഥിതിക സൌഹൃദ സോളാർ വിളക്ക് കെണികൾ സ്ഥാപിച്ച് പെസ്റ്റ് സ്കൌട്ടുകളെ നിയോഗിച്ച് കീടങ്ങളുടെ തീവ്രത നിരീക്ഷിക്കണം. കുട്ടനാട്ടിലെ കൃഷി ഭവനുകളിൽ 2 എന്ന തോതിൽ വിളക്ക് കെണി സ്ഥാപിക്കണം.

ഹരിതകേരള മിഷൻ വിഭാവനം ചെയ്യുന്ന വെള്ളം, വൃത്തി കോർത്തിണക്കികൊണ്ടുള്ള സുസ്ഥിരവും ജൈവ വൈവിധ്യം പരിപോഷിപ്പിക്കുന്ന സംയോജിത കൃഷിരീതി വികസിപ്പിച്ചെടുക്കുന്ന അനുയോജ്യമായ ഘടനയാണ് കുട്ടനാടിന് ഉള്ളത്. കുട്ടനാടിന്റെ തനതായ കുട്ടനാടൻ എരുമകളെയും വളർത്താവുന്നതാണ്. ഇത് മൃഗസംരക്ഷണ വകുപ്പുമായി ചേർന്ന് നടപ്പിലാക്കാവുന്നതാണ്. മായം ചേർക്കാത്ത അരി, ജൈവരീതിയിൽ ഉൽപാദിപ്പിക്കുന്ന അരിയും, ഇതിന്റെ ഉപോല്പന്നങ്ങളും വിപണനം ചെയ്യുന്നതിലേയ്ക്കും ആലപ്പുഴ കേന്ദ്രമാക്കി അഗ്രി റൈസ് ബസാർ സ്ഥാപിക്കണം. കുട്ടനാട്ടിൽ മിനി റൈസ് മില്ലുകൾ സ്ഥാപിക്കണം.

കുട്ടനാട്ടിലെ കാർഷിക വികസനത്തിന് സ്ഥിരമായ വൈദ്യുതി കണക്ഷൻ പാടശേഖരങ്ങൾക്ക് നൽകേണ്ടതുണ്ട്. സ്ഥിരമായ വൈദ്യുതി ലഭ്യത ഉറപ്പുവരുത്തുന്നതിന് കുട്ടനാട് കേന്ദ്രീകരിച്ച് ഒരു സബ്സ്റ്റേഷൻ സ്ഥാപിക്കണം. ഒരു വിള മാത്രം കൃഷി ചെയ്യുന്ന കായൽനിലങ്ങളിൽ മഴക്കാലത്ത് 1 മീറ്റർ ഉയരത്തിൽ വെള്ളം നിർത്തിയ ശേഷം എല്ലാ മൂട്ടകളും അടച്ചു വെള്ളം പുറത്തുപോകാതെ ഡാമുകളിലെപ്പോലെ റിസർവോയർ ആക്കി മാറ്റുക. ഇതിൽ ഗ്രാസ് കാർപ്പ് പോലുള്ള മത്സ്യങ്ങളെ വളർത്തിയാൽ കളകൾ പൂർണമായും ഇല്ലാതാക്കുവാൻ സാധിക്കും. ഇത് ഫിഷറീസ് വകുപ്പുമായി ചേർന്ന് സംയോജിത പദ്ധതിയായി നടപ്പിലാക്കുക. പൊക്കാളി കൃഷിയിടങ്ങളില് ബോട്ട് മാതൃകയിൽ വെള്ളത്തിൽ പൊങ്ങി കിടക്കുന്ന കൊയ്ത്തുയന്ത്രം നിർമ്മിക്കുന്നതിന് കാർഷിക യൂണിവേഴ്സിറ്റിക്കു നിർദ്ദേശം നൽകണം. അല്ലെങ്കിൽ പൊക്കാളി കൃഷി അന്യംനിന്നു പോകും.

തെങ്ങിൻ തോട്ടങ്ങളിൽ സാനിറ്റേഷൻ പ്രോഗ്രാം നടപ്പിലാക്കണം. ആരോഗ്യം കുറഞ്ഞതും പ്രായാധിക്യമുള്ളതും, രോഗകീടബാധ മൂലം നശിച്ചതുമായ തെങ്ങുകൾ വെട്ടി മാറ്റണം. ഇതിനായി ഒരു തെങ്ങിന് ആയിരം രൂപ ധന സഹായം നല്കണം. പകരം നടുന്നതിന് കുള്ളൻ ഇനത്തിൽപ്പെട്ട തെങ്ങിൻ തൈകൾ നല്കണം. ഓരോ വർഷവും ഒരു കൃഷിഭവൻ ആയിരം തെങ്ങുകൾ ഇപ്രകാരം വെട്ടിമാറ്റണം. ജില്ലയിലെ 5 ലക്ഷം വരുന്ന തെങ്ങിൻ പുരയിടങ്ങളിൽ സംയോജിത കൃഷിരീതി അവലംബിക്കണം. തെങ്ങിന് ഇടവിളയായി കിഴങ്ങുവർഗ്ഗങ്ങൾ, പച്ചക്കറി മുതലായവയും, കോഴി /താറാവ് / ആട് / പശുവളർത്തൽ എന്നിവയും ചേർന്ന് സംയോജിത കൃഷിയിടങ്ങളാക്കി മാറ്റാം. മൃഗസംരക്ഷണ വകുപ്പുമായി ചേർന്ന് ഇത് നടപ്പിലാക്കാവുന്നതാണ്.

നിലവിലുള്ള ജല സ്രോതസ്സുകളായ കുളം, തോട് മുതലായവ എല്ലാവർഷവും വേനൽകാലങ്ങളിൽ വെട്ടിവൃത്തിയാക്കി മഴക്കാലവെള്ളം സംഭരിക്കുന്നതിന് സജ്ജമാക്കുക. ഇതിൽനിന്നും ലഭിക്കുന്ന ചെളി തെങ്ങിൻചുവട്ടിൽ നിക്ഷേപിക്കുക. കേരകൃഷിയ്ക്ക് ജലസേചന സൌകര്യം വർദ്ധിപ്പിക്കുന്നതിന് പമ്പ്സെറ്റ്, മൈക്രോ ഇറിഗേഷൻ ഫെർട്ടിഗേഷൻ യൂണിറ്റ്, പുതയിടൽ എന്നിവ അവലംബിക്കുന്നതിന് കർഷകർക്ക് 25 സെന്റിന് 15,000 രൂപ സബ്സിഡി

ആയി നല്കണം. ഇതിലേയ്ക്ക് ആദ്യവർഷം എല്ലാകൃഷി ഭവനുകളിലും പത്ത് പ്രദർശനത്തോട്ടങ്ങൾ സ്ഥാപിക്കണം.

അത്യുല്പാദനശേഷിയുള്ളതും, കുള്ളൻ ഇനത്തിൽപ്പെട്ടതുമായ തെങ്ങിൻതൈകൾ ഉത്പാദിപ്പിച്ചു നടുന്നതിന് കായംകുളം സി.പി.സി.ആർ.ഐ യുമായി ചേർന്ന് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കണം. വർദ്ധിച്ചുവരുന്ന കൂലിചെലവും, തെങ്ങുകയറുന്ന തൊഴിലാളികളുടെ അഭാവവും മൂലം വേണ്ട പരിചരണമുറകൾ നല്കുന്നതിന് കർഷകർ വിമുഖത കാണിക്കുന്നു. ആയതിനാൽ കൃഷിഭവനുകളിൽ രൂപീകൃതമായ അഗ്രോ സർവീസ് സെന്ററുകളിലെ തൊഴിലാളികൾക്ക് പരിശീലനവും യന്ത്രോപകരണങ്ങളും നല്കി തെങ്ങുകൃഷിയിൽ, വ്യാപകമായ സസ്യസംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കാവുന്നതാണ്. വ്യാപകമായി മരുന്ന് തളിക്കുന്നതിനും തെങ്ങ് കയറുന്നതിനും അഗ്രോ സർവീസ് സെന്ററുകൾ, കർമ്മസേനകൾ ഇവയെ ശാക്തീകരിക്കുക. ഇതിനായി ത്രിതല പഞ്ചായത്തുകളിൽ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കണം.

തെങ്ങ് കൃഷി പ്രോത്സാഹനത്തിന് വിലസ്ഥിരതാ ഫണ്ട് രൂപീകരിക്കുക, കേരഫെഡുമായി ചേർന്ന് കൃഷിഭവനുകളിൽ നാളികേര സംഭരണം എന്നിവ നടപ്പിലാക്കാം. പ്രാദേശികമായി ലോക്കൽ വെളിച്ചെണ്ണ ഉണ്ടാക്കുന്നതിനു ഒരു ബൃഹത്തായ പദ്ധതി ഉണ്ടാക്കണം. ഇതിനായി, നാളികേര സംസ്കരണവുമായി ബന്ധപ്പെട്ട മിനി സോളാർ ഡ്രയറുകൾ സ്ഥാപിക്കണം. നാളികേരാധിഷ്ഠിത മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ നിർമ്മാണ യൂണിറ്റുകൾ സ്ഥാപിക്കുന്നതും പരിഗണിക്കാവുന്നതാണ്. കൂടാതെ, സാങ്കേതിക മികവുള്ള നീര ഉല്പാദന യൂണീറ്റുകൾ കാർഷിക സർവകലാശാലയുടെ സഹകരണത്തോടെ ആരംഭിക്കണം.

തീരദേശത്തിന് ഏറ്റവും അനുയോജ്യമായ വിളയാണ് മധുരകിഴങ്ങ്. ഉപ്പിന്റെ അംശത്തെ പ്രതിരോധിക്കുവാൻ കഴിവുള്ളതിനാൽ തീരദേശത്തു മധുരകിഴങ്ങ് കൃഷി വ്യാപിപ്പിക്കുക. ചേന, ചേമ്പ്, കാച്ചിൽ ഇവ ഓണാട്ടുകരയിൽ വ്യാപിപ്പിക്കുന്നതിന് പ്രത്യേക പരിഗണന നൽകുക. ഇഞ്ചി, മഞ്ഞൾ മുതലായ തണൽ ഇഷ്ടപ്പെടുന്ന വിളകൾ വീട്ടുവളപ്പിൽ ചെയ്യുന്നതിന് മികച്ചയിനം വിത്തുകൾ ലഭ്യമാക്കുന്നതിന് കാർഷിക സർവകലാശാലയുമായി ചേർന്ന് പദ്ധതി നടപ്പിലാക്കുക. മഞ്ഞൾ സംസ്കരിച്ചു പൊടിയാക്കി വിപണനം നടത്തുന്നതിന് യൂണിറ്റുകൾ സ്ഥാപിക്കുക.

ഓണാട്ടുകരയിൽ കുടംപുളിക്കായി ഗ്രാഫ്റ്റ് തൈകൾ നല്കുന്നതിന് കുമരകം കാർഷിക സർവകലാശാലയുമായി ബന്ധപ്പെട്ട് പദ്ധതി നടപ്പിലാക്കണം. കുടംപുളി സംസ്കരിക്കുന്നതിനായി മിനി സോളാർ ഡ്രയർ നൽകുകയും പ്രത്യേക ബ്രാൻഡിനമായി വിപണനം ചെയ്യുന്നതിന് പദ്ധതി നടപ്പിലാക്കണം. എല്ലാ വീടുകളിലേയും സെപ്റ്റിക് ടാങ്കിന് സമീപത്തായി 3 മുതൽ 5 വരെ പപ്പായ തൈകൾ വച്ച് കൊടുക്കുന്നത് മൂലം ടാങ്കിനു സമീപമായുള്ള അധികം നൈട്രജൻ വലിച്ചെടുത്തു ഉപയോഗിക്കുന്നു. ഇതുവഴി ഭൂഗർഭജലം മലിനമാകാതെ വരികയും ചെയ്യും. റെഡ് ലേഡി ഇനത്തിൽ പെട്ട ഉയരം കുറഞ്ഞ പപ്പായ ഇതിനു അനുയോജ്യമാണ്. കട്ട് ഫ്ലവേഴ്സ് ഇനത്തിൽപ്പെട്ട റോസ്, ആന്തൂറിയം, ഓർക്കിഡ് മുതലായവ ഹരിത ഗൃഹകൃഷി ഉപയോഗിച്ച് ഉത്പാദനം വർദ്ധിപ്പിച്ച് കയറ്റുമതി ലക്ഷ്യമിടണം.

ഓണാട്ടുകര പ്രദേശത്തെ എള്ള് കൃഷി പ്രോത്സാഹിപ്പിയ്ക്കുന്നതിനും കൂടുതൽ സംസ്കരണ യൂണീറ്റുകളും ഓണാട്ടുകര വികസന ഏജൻസിയുമായി ചേർന്ന് സ്ഥാപിയ്ക്കുന്നതിനുള്ള നടപടികൾ ഉണ്ടാകണം. ഹൈടെക് മാതൃകയിൽ പോൾ ഹൌസുകളിൽ ക്ഷൺകൃഷി

നടപ്പിലാക്കണം. ബ്ലോക്ക്തല സംഭരണ കേന്ദ്രങ്ങളിൽ കർഷകരിൽ നിന്നുള്ള ക്ഷീര സംഭരിച്ച് വിപണനം ചെയ്യണം.

കൃഷിയിടങ്ങളിലും ധാന്യസംഭരണ കേന്ദ്രങ്ങളിലും, കടകളിലും ഏറ്റവും കൂടുതൽ നഷ്ടം എലികൾ മൂലമാണ് ഉണ്ടാകുന്നത്. വെയർ ഹൌസിംഗ് കോർപ്പറേഷനുമായി സഹകരിച്ച് എലി നശീകരണത്തിന് ക്യാമ്പയിനുകൾ സംഘടിപ്പിക്കണം.

- കുട്ടനാട്ടിലെ നിലം ശുദ്ധീകരണ പ്രക്രിയയോടൊപ്പം മത്സ്യകൃഷിക്കുകൂടി വലിയ പ്രയോജനം ലഭിക്കണമെങ്കിൽ തണ്ണീർമുക്കം ബണ്ടിന്റെ ഷട്ടറുകൾ കൃഷിക്ക് തടസംവരാതെ തന്നെ കൂടുതൽ ദിവസങ്ങൾ തുറന്നുവയ്ക്കണം. കേരള കാർഷിക സർവകലാശാല, ആത്മ, CPCRI എന്നിവയുടെ സാങ്കേതിക സഹായങ്ങൾ ലഭ്യമാക്കണം. ജില്ലയിൽ ഓണാട്ടുകര പ്രദേശത്ത് കാർഷിക കലണ്ടറിന് അനുസരിച്ച് വെള്ളം ലഭ്യമാകണമെങ്കിൽ KIP, PIP എന്നീ കനാലുകൾ സമയബന്ധിതമായി തുറന്ന് വിടേണ്ടിയിരിക്കുന്നു. വിത്തിന് പരിധി നിശ്ചയിക്കാതെ കർഷകന് സബ്സിഡി നൽകണം. അപ്പർകുട്ടനാടൻ മേഖലയിൽ വിരുപ്പ് കൃഷി പ്രോത്സാഹിപ്പിക്കുന്നത് ഗുണമേന്മയുള്ള വിത്തുകൾ ഉൽപ്പാദിപ്പിക്കുന്നതിന് സഹായകരമാകും.

## നിർദ്ദേശങ്ങൾ

### മേല്പട്ട്

- സംസ്ഥാന പദ്ധതികളുടെ ഭരണാനുമതികളും ഫണ്ടുകളും എല്ലാ വർഷവും ഏപ്രിൽ മാസത്തിൽ തന്നെ ലഭ്യമാക്കണം.
- സബ്സിഡി മാനദണ്ഡങ്ങൾ ഓരോ പ്രദേശത്തിന്റെയും പ്രത്യേകതകൾ പരിഗണിച്ച് മാറ്റം വരുത്തുന്ന സാഹചര്യം നിലവിൽ വരണം.
- ഓരോ വർഷത്തേയും പദ്ധതി നടത്തുന്നതിന് പ്ലാൻ അംഗീകാരം മുൻ വർഷങ്ങളിൽ പൂർത്തിയാക്കുന്നത് കാർഷിക മേഖലയിലെ പ്രവർത്തനങ്ങൾക്ക് ഉത്തേജനം നല്കും.
- കുട്ടനാടൻ മേഖലയിലെ പ്രധാന പ്രശ്നങ്ങളായ ബണ്ടുകളുടെ അടിസ്ഥാന സൌകര്യ വികസനം, പോള നിർമാർജ്ജനം, കൃത്യ സമയത്ത് ഓരു മുട്ട് സ്ഥാപിക്കൽ എന്നിവയ്ക്ക് പ്രത്യേക പരിഗണന അല്ലെങ്കിൽ പാക്കേജ് വരണം.
- നാളികേര വികസന ബോർഡിന്റെ സഹായത്തോടെ തൊണ്ടുകൃഷി പുനരുജ്ജീവന പദ്ധതി നടപ്പാക്കുന്നതിനുള്ള സാധ്യത തേടണം.
- ഫാമുകളിൽ ആവശ്യത്തിന് തൊഴിലാളികളെ നിയമിക്കുകയും അവർക്ക് ആവശ്യമായ പരിശീലനം നൽകുകയും ചെയ്യണം.
- ഫാമുകളിൽ നിൽക്കുന്ന പ്രായമായതും കൃഷിക്ക് ദോഷകരമാകുന്നതുമായ വൃക്ഷങ്ങൾ നീക്കം ചെയ്യുന്നതിന് ജില്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർക്ക് അധികാരം നൽകണം.
- സ്വകാര്യ കൃഷിയിടങ്ങളിൽ അയൽ ഭൂമിയിലെ വൃക്ഷങ്ങളും ശാഖകളും വളർന്ന് കൃഷിക്ക് തടസ്സമാകുന്നത് ബോധ്യപ്പെട്ടാൽ അവ നീക്കം ചെയ്യിക്കുന്നതിനുള്ള അധികാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നിർബന്ധമായും നടപ്പാക്കുന്ന തരത്തിലെ ഉത്തരവുകൾ തന്നെ ഉണ്ടാവണം.

- കൃഷിഭവനുകൾ കാർഷികമേഖലയുടെ വളർച്ചയ്ക്ക് നിർണ്ണായക പങ്കുവഹിക്കുന്ന സേവനകേന്ദ്രമാകയാൽ അവ യഥാർത്ഥ കർഷക സൌഹൃദകേന്ദ്രങ്ങളായിമാറണം. എണ്ണമറ്റ ഫയലുകളും അടിക്കടി കോൺഫ്രൻസുകളും മൂലം ഒരു സർക്കാർ ഓഫീസ് മാത്രമായി ചുരുങ്ങിയിരിക്കുന്ന ഇന്നത്തെ അവസ്ഥ മാറണം.
- ബയോഗ്യാസ് പ്ലാന്റുകൾ ജൈവവളത്തിന്റെ ലഭ്യതയ്ക്കും പരിസരമാലിന്യ സംസ്കരണത്തിനും, ഇന്ധനക്ഷാമ പരിഹാരത്തിനും കൊമ്പൻചെല്ലി തുടങ്ങിയ കീടങ്ങളുടെ മുട്ട പെരുകുന്നതു തടയാനും സഹായിക്കുന്നതും വളരെ ഫലപ്രദമാണ്. ഈ ബഹുമുഖ ഗുണങ്ങൾ കണക്കിലെടുത്ത് ബയോഗ്യാസ്പ്ലാന്റ് നിർമ്മാണത്തിന് പൂർണ്ണ സബ്സിഡി നൽകണം. ബയോഗ്യാസ് നിർമ്മാണ പരിശീലനം വനിത സംരംഭകർക്കും കുടുംബശ്രീ അംഗങ്ങൾക്കും നൽകണം.
- ഒരു തദ്ദേശ ഭരണ സ്ഥാപനത്തിന്റെ പരിധിയിൽ വരുന്ന ഭൂപ്രദേശത്തെ അടിസ്ഥാനമാക്കി നിലവിലുള്ള ലാന്റ് യൂസ് പ്ലാൻ പ്രയോജനപ്പെടുത്തി ഫാം പ്ലാൻ തയ്യാറാക്കണം. ഇതിന്റെ അടിസ്ഥാന ഘടകമായി എടുക്കുന്നത് ആ ഭൂപ്രദേശത്ത് ഉൾപ്പെടുന്ന നീർത്തടങ്ങളെയാണ്. ഒരോ പ്രദേശത്തും ഓരോ സീസണിലും ഏറ്റവും അനുയോജ്യമായ കൃഷി എന്താണെന്ന് തിരിച്ചറിഞ്ഞുകൊണ്ടുള്ള ഫാം പ്ലാൻ ആണ് ഹരിതകേരളം മിഷന്റെ ഭാഗമായി കാർഷിക മേഖലയിൽ തയ്യാറാക്കുന്നത്.
- മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സാദ്ധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തിക്കൊണ്ട് സർക്കാർ, അർദ്ധസർക്കാർ, സ്വകാര്യ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, പുറമ്പോക്കു ഭൂമി, മട്ടുപ്പാവുകൾ എന്നിവിടങ്ങളിൽ ജൈവ പച്ചക്കറി കൃഷി സമയബന്ധിതമായി നടപ്പാക്കണം. പ്രദേശിക തലത്തിൽ ഗുണഭോക്താക്കൾ ഉൾപ്പെടുന്ന പങ്കാളിത്ത നിരീക്ഷണ സംവിധാനം ഫലപ്രദമാക്കണം.
- വെറ്റില കൃഷി ഓണാട്ടുകരയിൽ വ്യാപകമായിരുന്നു. ഈറ കിട്ടാത്തതാണ് വെറ്റിലകൃഷി പ്രതിസന്ധി. അതിനാൽ ഈറ ലഭ്യമാക്കണം / ബദൽ മാർഗ്ഗങ്ങൾ തേടണം.
- ബണ്ടുകൾ പുനർനിർമ്മിക്കുന്നതിന് ജനകീയാസൂത്രണം പദ്ധതി മാർഗ്ഗരേഖയിലെ തടസ്സങ്ങൾ മാറ്റണം.

**കീഴ്ത്തട്ട്**


- ജില്ലാ ബ്ലോക്ക് പദ്ധതികളുടെ ഏകോപനം മുൻകൂറായി നിശ്ചയിക്കണം.
- ഗുണഭോക്തൃവിഹിതം ഏപ്രിൽ മാസത്തിൽ തന്നെ ലഭ്യമാകണം.
- തരിശ് രഹിത ജില്ലയായി ആലപ്പുഴ ജില്ലയെ മാറ്റണം. നെൽകൃഷി, പയറുകൃഷി, പച്ചക്കറികൃഷി, തെങ്ങുകൃഷി, പഴവർഗങ്ങളുടെ കൃഷി എന്നിവ മുഖ്യവിളകളായി ഇപ്പോൾ തരിശായി കിടക്കുന്നതും കൃഷിയോഗ്യവുമായ പ്രദേശങ്ങളിൽ വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സമയബന്ധിതമായി ഏറ്റെടുക്കണം.
- സംയോജിത കൃഷിക്ക് ഊന്നൽ നൽകി വിവിധ പുരയിട കൃഷി പദ്ധതികൾ നടപ്പാക്കണം.
- കൊയ്ത്തുമെതി യന്ത്രങ്ങൾ നെല്ലുല്പാദക സമിതികൾക്ക് കൈമാറുകയും അവയ്ക്ക് പ്രവർത്തന മൂലധനം നൽകുകയും ചെയ്യുക.

- ജില്ലയിൽ ഫലപ്രദമായും സംയോജിതമായും പ്രവർത്തിക്കുന്ന ട്രായ്റ്റർ, ടില്ലർ, കൊയ്ത്തുയന്ത്രം, പമ്പുസെറ്റ്, പ്ലെയറുകൾ തുടങ്ങിയവയുടെ കേടുപാടുകൾ തീർക്കുന്ന കാർഷിക പന്നിശാല **(Agriculture work shop)** സ്ഥാപിക്കുക.
- എല്ലാ പഞ്ചായത്തുകളിലും പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ സ്ഥാപിക്കുക.
- സോഷ്യൽ മീഡിയകൾ വഴി പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുക.
- പച്ചക്കറി കൃഷിയിൽ പ്രസിഷൻ ഫാമിംഗ് മഴമറ സ്ഥിരമായ പന്തൽ എന്നിവയ്ക്ക് കൂടുതൽ പ്രാധാന്യം നൽകുക.
- തെങ്ങ്കൃഷിയിൽ സംയോജിത കീടനിയന്ത്രണമാർഗ്ഗങ്ങൾ കേരഗവേഷണ സ്ഥാപനങ്ങളുടെ സഹായത്തോടെ കർഷകരിലെത്തിക്കുക.
- ആലപ്പുഴ ജില്ലയിൽ 250 ഓളം നാളികേര ഉല്പാദക സംഘങ്ങൾ വാർഡ് അടിസ്ഥാനത്തിൽ നിലവിലുണ്ട്. 20 ഓളം നാളികേര ഉല്പാദക ഫെഡറേഷനുകൾ പഞ്ചായത്ത് അടിസ്ഥാനത്തിലും നിലവിലുണ്ട്. കേരസംരക്ഷണത്തിലും, നല്ലയിനം നടീൽ വസ്തുക്കളുടെ ഉല്പാദനത്തിലും, നാളികേര സംരക്ഷണത്തിലും അവയുടെ മൂലവർദ്ധിത ഉല്പന്ന നിർമ്മാണത്തിനും ലക്ഷ്യമിട്ട് രൂപം കൊടുത്ത ടി സംഘങ്ങളെ ശക്തിപ്പെടുത്തുന്നതൊടൊപ്പം കേരകൃഷി മേഖലയിൽ ടി സംഘങ്ങൾ ഇല്ലാത്തിടത്ത് പുതിയതായി അവയ്ക്ക് രൂപം കൊടുക്കുകയും ചെയ്യണം.
- കായംകുളം തോട്ടവിള ഗവേഷണകേന്ദ്രത്തിന്റെ സഹായത്തോടെ അത്യുല്പാദനശേഷിയുള്ള തെങ്ങിൻ തൈകൾ ജില്ലയിലെ എല്ലാ പഞ്ചായത്തിലും ലഭ്യമാക്കണം.
- തെങ്ങുകൃഷിയുമായി ബന്ധപ്പെട്ട് ചങ്ങാതിക്കൂട്ടം പരിശീലനം, തീരപരിശീലനം, കാർഷിക യന്ത്രങ്ങളുടെ പരിശീലനം എന്നിവയ്ക്ക് വിവിധ ഏജൻസികളുമായി ബന്ധപ്പെട്ട് കൂടുതൽ പേർക്ക് നൽകുന്നതിനും പരിശീലനം ലഭിച്ചവർ മേല്പറഞ്ഞ തൊഴിലുകളിൽ ഉറച്ചു നിൽക്കത്തക്കവിധം ബോണ്ട്, സ്റ്റൈഫന്റ്, യൂണിഫോം തുടങ്ങിയവ നൽകുന്നതിനുള്ള പദ്ധതികൾ ഉണ്ടാവണം.
- ഹരിതകേരളം പദ്ധതിയുടെ ഭാഗമായി പച്ചക്കറികൃഷിയിലും മറ്റും മാതൃകാപരമായ ഇടപെടലുകളും, കൃഷിപദ്ധതികളും നടപ്പിലാക്കുന്ന സഹകരണ ബാങ്കുകളുടെ വിജയം കണക്കിലെടുത്ത് ജില്ലയിലെ മറ്റു ബാങ്കുകളെ പരമാവധി ഈ രംഗത്ത് എത്തിക്കുന്നതിന് ശ്രമിക്കണം.
- പശുകൃഷി രീതി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി താല്പര്യമുള്ള കർഷകർക്ക് നാടൻ പശുക്കളെ വിതരണം ചെയ്യണം.
- വലിയ പാടശേഖരങ്ങളെ തിരിവ് ബണ്ട് ചെയ്ത് ശരിയാക്കുക. മടവീഴ്ചയുടെ കാഠിന്യം കുറയ്ക്കാൻ സാധിക്കും.
- കുട്ടനാട്, വെളിയനാട്, ഡി-ബ്ലോക്ക്, പുത്തനാറായിരം പാടശേഖരം മൂന്ന് വർഷമായി തരിശ് കിടക്കുന്ന ഭൂമി കൃഷി യോഗ്യമാക്കുന്നതിന് അടിയന്തിരമായ ഇടപെടൽ വേണം.
- കരിങ്ങാലിച്ചാൽ/പെരുവേലിച്ചാൽ പുഞ്ചകളെ കൃഷിയോഗ്യമാക്കാനുള്ള പദ്ധതികൾ ആവിഷ്കരിക്കണം.

- ഗ്രോബാഗ് എന്നത് മാറ്റി പകരം കയർ ബാഗ് ആക്കണം.
- പൊടി നിലങ്ങൾ തരിശായി കിടക്കുന്നത് കാർഷിക വിളകൾ ഉത്പാദിപ്പിക്കുന്നതിനായി വികസിപ്പിച്ചെടുക്കണം.
- ഏകദേശം 500 ഏക്കറോളം വരുന്ന തരിഭൂനിലം കൃഷിയോഗ്യമാക്കണം. നിലം ഉഴുന്നതും വളവും പൂർണ്ണമായി സൌജന്യമാക്കണം.
- നല്ല ഉത്പാദനശേഷിയും പ്രതിരോധശേഷിയും ഉള്ള കരുമുളക് കൃഷിചെയ്യണം.
- കൃഷിക്ക് ആവശ്യമായ ചെറുയന്ത്രങ്ങൾ ജില്ലാപഞ്ചായത്ത് സബ്സിഡിയോടെ പ്രാപ്യമാക്കുക.
- ജെ.സി.ബി. പോലുള്ള യന്ത്രങ്ങൾ ബ്ലോക്ക് തലത്തിൽ ലഭ്യമാക്കുക

ഭൂപരിഷ്കരണത്തിലൂടെ ലോകത്തിനു മാതൃകയായ കേരളത്തിൽ കർഷക കുടുംബങ്ങളെ കേന്ദ്രീകരിച്ച് ശാസ്ത്രീയമായ കാർഷിക പരിഷ്കരണം ആസൂത്രിതമായി ഉറപ്പുവരുത്തുക യാണെങ്കിൽ കർഷക കുടുംബങ്ങളുടെ ജീവിത നിലവാരം സുസ്ഥിരമായി ഉയർത്തുവാൻ സാധിക്കും. കാർഷിക മേഖലയുടെ പൊതു അവസ്ഥ നിലവിൽ അത്ര കണ്ട് ആശാവഹമല്ല. ഇവയെ മറികടക്കുന്നതിന് പ്രാദേശികമായ ശാസ്ത്രീയ സ്ഥിതി വിശകലനവും സാധ്യതനിർണ്ണയവും അതിനനുസൃതമായ ഇടപെടലുകളും ലക്ഷ്യമാക്കി രൂപികരിച്ചതാണ് കാർഷിക മേഖലയിലെ ഈ ജില്ലാ പദ്ധതി. ജില്ലയുടെ കാർഷിക മേഖലയിലെ പ്രശ്നങ്ങളും അവയ്ക്കുള്ള പരിഹാരമാർഗ്ഗങ്ങളും ഉൾപ്പെടുത്തി തയ്യാറാക്കിയ ഈ പദ്ധതിരേഖയിലൂടെ ജില്ലയുടെ കാർഷിക മേഖലയിൽ സമഗ്രമായ മാറ്റം വരുത്തുന്നതിന് സാധിക്കും.

# ജലസേചനം


DRAINAGE
ALAPPUZHA DISTRICT
AREA - 1,41,400 ha
N
0 2.5 5 7.5 Km
To Eranakulam
Aluva
ERANAKULAM DISTRICT
Perumbalam
Ezhupunna
Vayalar lake
Cherthala
Thanneermukkam Regulator
KOTTAYAM DISTRICT
Vembanad kayal
ALAPPUZHA
LAKSHADWEEP SEA
Manoombu
Ambalapuzha
Edathua
To Kottayam
Chengannur
Thottappally spillway
Haripad
Mavelikara
Achankovil Ar
PATHANAMTHITTA DISTRICT
LEGEND
National Highway
Railway line
Stream / Thode
Water body
District Boundary
Kayamkulam
Kayamkulam Kayal
To Kollam
KOLLAM DISTRICT
Soil Survey Organisation, Kerala

ആലപ്പുഴയുടെ പ്രധാന ശുദ്ധജല നദികളിൽ പ്രധാനപ്പെട്ടവ പമ്പ, മണിമല, അച്ചൻകോവിൽ എന്നിവയാണ്.

പമ്പ നദിയുടെ ഉത്ഭവം പീരുമേട്ടിലെ പുലച്ചിമല എന്ന സ്ഥലത്തുനിന്നുമാണ്. ഇത് പിന്നീട് പാണ്ടനാട്, വീയപുരം, തകഴി, തിരുവല്ല, ചെങ്ങന്നൂർ, കുട്ടനാട്, അമ്പലപ്പുഴ എന്നീ സ്ഥലങ്ങളിലൂടെ ഒഴുകി ഒടുവിൽ വേമ്പനാട് കായലിൽ ചേരുന്നു. ആലപ്പുഴയുടെ നെല്ലറയായ കുട്ടനാട്ടിലെ കൃഷിയ്ക്ക് പരമപ്രധാനമായ പങ്ക് ഈ നദിയ്ക്കുണ്ട്. 117 കി.മി. നീളമുള്ള ഈ നദിയുടെ സംഭരണ വിസ്തൃതി 1987.17 ചതുരശ്ര കിലോമീറ്ററാണ്. പീരുമേടിനടുത്ത് കോട്ടയം ജില്ലയിലെ മുത്തുവാര എന്ന മലയിൽ നിന്നും ഉത്ഭവിക്കുന്ന മണിമലയാർ കുട്ടനാട് താലൂക്കിലെ തലവടി, മണിമല, കവിയൂർ, മല്ലപ്പള്ളി, കോഴിമുക്ക്, കല്ലൂപ്പാറ, ചമ്പക്കുളം എന്നീ ഗ്രാമങ്ങളിൽ കൂടി കടന്ന് മൂട്ടാറിൽ വെച്ച് പമ്പാ നദിയിൽ ചേരുന്നു. ഈ നദിയുടെ ആകെ നീളം 91.73 കി.മീ ആണ്. നാനാ മതങ്ങളിലെ നിരവധി ആരാധാനാലയങ്ങൾ ഈ നദിയുടെ തീരത്ത് സ്ഥിതിചെയ്യുന്നു. കൊല്ലത്ത് പശുക്കിടമേട്ട് - രാമക്കല് തേരി - ഋഷികലയിൽ നിന്നും ഉത്ഭവിക്കുന്ന അച്ചൻ കോവിലാർ ആലപ്പുഴ വെണ്മണിയിൽ എത്തി നോർത്ത് ചെറിയനാട്, പുലിയൂർ, ചെങ്ങന്നൂർ എന്നീ സ്ഥലങ്ങളിലൂടെ ഒഴുകി മാവേലിക്കര താലൂക്കിലൂടെ ഒടുവിൽ വീയപുരത്തുവെച്ച് പമ്പാനദിയിൽ ലയിക്കുന്നു. കുള്ളലാട നദി എന്ന മറ്റൊരു പേരുള്ള ഈ നദിക്ക് 32.19 കി.മീ നീളവും 1155.14 ചതുരശ്ര കിലോമീറ്റർ സംഭരണ ഭ്രവിസ്തൃതിയുമുണ്ട്. മേൽ വിവരിച്ച നദികൾക്ക് പുറമേ അനേകം തോടുകളും നീർച്ചാലുകളും നിലവിലുണ്ട്.

**പ്രധാന ജലാശയങ്ങളുടെ വിശദാംശങ്ങൾ**

| ക്രമ നം. | ജലാശയം | നീളം | വിസ്തൃതി |
|---|---|---|---|
| 1 | പമ്പ | 117.കി.മീ | 1987.17 ച.കി.മീ |
| 2 | മണിമല | 91.73 കി.മീ | |
| 3 | അച്ചൻകോവിൽ | 32.19 കി.മീ | 1155.14 ച.കി.മീ |
| 4 | വേമ്പനാട് കായൽ | | 2033 ച.കി.മീ |
| 5 | കായംകുളം കായൽ | | |
| 6 | വിവിധ കൈവഴികൾ | | |

ജില്ലയിലെ ഭ്രപ്രകൃതിയെ പ്രധാനമായും താഴ്ന്ന പ്രദേശം, ഇടത്തട്ട് പ്രദേശം എന്നിങ്ങനെ തരം തിരിക്കാവുന്നതാണ്.

**ജില്ലയിലെ ഭ്രപ്രകൃതി തരം തിരിവ്**

| ക്രമ നം | താലൂക്ക് | ഇടനാട് | തീരപ്രദേശം | മലനാട് | ആകെ വിസ്തീർണ്ണം |
|---|---|---|---|---|---|
| 1 | ചേർത്തല | | 320.40 | | 320.40 |
| 2 | അമ്പലപ്പുഴ | | 178.80 | | 178.80 |
| 3 | കുട്ടനാട് | | 265.90 | | 265.90 |
| 4 | ചെങ്ങന്നൂർ | 54.70 | 86.50 | | 141.20 |
| 5 | മാവേലിക്കര | 230.6 | 55.40 | | 286 |
| 6 | കാർത്തികപ്പള്ളി | | 224.60 | | 224.60 |

*(ഉറവിടം -Land Resourses of Kerala (KSLUB))*

ചേർത്തല, അമ്പലപ്പുഴ, കുട്ടനാട്, കാർത്തികപ്പള്ളി എന്നീ താലൂക്കുകൾ ഈ വിഭാഗത്തിൽപ്പെടുന്നു. ഈ പ്രദേശങ്ങൾ കടലിനോട് ചേർന്ന് കടൽ നിരപ്പിന് താഴെയായതിനാൽ വെള്ളക്കെട്ട് പ്രദേശങ്ങളാണ്. ഇവിടെ ധാരാളം കുളങ്ങളും തോടുകളും ഉണ്ടെങ്കിലും ശുദ്ധജല ലഭ്യത വളരെ കുറവാണ്. തോടുകൾ നികന്നും മലിനപ്പെട്ടും കിടക്കുന്നു. ഈ തോടുകൾ ആഴം കൂട്ടി തീരസംരക്ഷണം നടത്തി ജലനിർഗ്ഗമനത്തിന് വഴി ഒരുക്കേണ്ടത് അനിവാര്യമാണ്. കൈയ്യേറ്റം ഒഴിപ്പിച്ച് അതിർത്തി നിർണ്ണയിച്ചുവേണം തോടുകളുടെ തീര സംരക്ഷണം നടപ്പിലാക്കേണ്ടത്. കുളങ്ങൾ കയർ ഭൂവസ്ത്രം ഉപയോഗിച്ച് സംരക്ഷിച്ചു നിർത്താവുന്നതാണ്. ഇപ്രകാരം സംരക്ഷിക്കപ്പെടുന്ന ജലാശയങ്ങളിൽ മഴവെള്ളം ശേഖരിക്കപ്പെടുകയും കൃഷിക്കും മറ്റ് ദൈനംദിന ആവശ്യങ്ങൾക്കും ഉപയോഗപ്പെടുത്താവുന്നതുമാണ്. വേനൽ കാലത്ത് ഉപ്പുവെള്ളം കയറുന്നത് തടയാനായി ഓരുമുട്ടുകൾ നിർമിച്ച് കൃഷിയെയും കുടിവെള്ള സ്രോതസ്സുകളെയും സംരക്ഷിക്കേണ്ടതുണ്ട്. ഇപ്രകാരം നിർമ്മിക്കുന്ന ഓരുമുട്ടുകൾ മഴക്കാലം ആരംഭിക്കുമ്പോൾ പൂർണ്ണമായും തുറന്നുവിടേണ്ടതുണ്ട്.

ജില്ലയുടെ കിഴക്കൻ മേഖലയിലെ മാവേലിക്കര, ചെങ്ങന്നൂർ, താലൂക്കുകൾ ഈ വിഭാഗത്തിൽപ്പെടുന്നു. ഈ പ്രദേശങ്ങളിലെ നദികൾ മഴക്കാലത്ത് നിറഞ്ഞും വേനൽക്കാലത്ത് വെള്ളം കുറഞ്ഞും കാണപ്പെടുന്നു. ഈ പ്രദേശങ്ങളില് മഴക്കുഴികൾ നിർമ്മിച്ചും കിണറുകളിലേക്കും കുളങ്ങളിലേക്കും ചാലുകൾ കീറിയും മഴവെള്ളം ശേഖരിക്കാവുന്നതാണ്.ആലപ്പുഴ ജില്ലയിലെ ജലലഭ്യതയും ജല ആവശ്യകതയും പരിഗണിക്കുമ്പോൾ രണ്ടായിരത്തി ഇരുപതാമാണ്ടാകുമ്പോൾ 0.85 ബില്യൺ ക്യുബിക്ക് മീറ്റർ വെള്ളത്തിന്റെ ദൗർലഭ്യം ഉണ്ടാകുമെന്നാണ് കണക്കാക്കപെട്ടിട്ടുള്ളത് എന്നാൽ കാലവർഷത്തെ തുടർന്ന് ലഭ്യമാകുന്ന മഴവെള്ളം 48 മണിക്കൂർകൊണ്ട് ഒഴുകി കടലിൽ ചേരുന്നു. ജലത്തിന്റെ ഈ അപര്യാപ്തത നികത്തുന്നതിന് ലഭ്യമായ ജലസ്രോതസ്സുകളെ സുരക്ഷിതമായി നിലനിർത്തി പരിപോഷിപ്പിക്കുവാനും, മഴക്കാലത്ത് കടലിലേക്ക് ഒഴുകിപ്പോകുന്ന അധികജലത്തെ കടലിലേക്ക് കടത്തിവിടാതെ പ്രധാന നദികളുടെ കൈവഴികൾ, കുളങ്ങൾ, കിണറുകൾ, കൃഷിചെയ്യാതെ നിലനിലവിലുള്ള പാടശേഖരങ്ങൾ, മഴക്കുഴികൾ എന്നിവയെ പുനരുജ്ജീവിപ്പിച്ചും ആവശ്യമെങ്കിൽ ഇടത്തട്ട് പ്രദേശത്തെ പ്രധാന നദികളിൽ അവയുടെ നൈസർഗികമായ ഒഴുക്കിന് തടസ്സം വരാത്ത വിധത്തിൽ തടയണകൾ നിർമിച്ചും ഈ അധിക ജലത്തെ സംരക്ഷിക്കാം.

ലഭ്യമായ ജലത്തിന്റെ 85 ശതമാനവും കാർഷികാവശ്യങ്ങൾക്കും 1 ശതമാനം കുടിവെള്ളമായും 7 ശതമാനം വ്യാവസായികാവശ്യങ്ങൾക്കും 6 ശതമാനം ഊർജോൽപ്പാദനത്തിനും ബാക്കി മറ്റാവശ്യങ്ങൾക്കും ഉപയോഗിക്കുന്നു. ഇപ്പോഴുള്ള സ്ഥിതി വിവരകണക്കുകൾ അനുസരിച്ച് ജില്ലയിലെ ജലലഭ്യത 1.3247 ബില്യൺ ക്യൂബിക്ക് മീറ്ററും ജല ആവശ്യകത 1.552 ബില്യൺ ക്യൂബിക്ക് മീറ്ററും ഇവ തമ്മിലുള്ള വിടവ് 0.2283 ബില്യൺ ക്യൂബിക്ക് മീറ്ററും ആണ് 2020 വർഷം ആകുമ്പോഴേക്കും ജലത്തിന്റെ ആവശ്യകത 1.559 ബില്യൺ ക്യൂബിക്ക് മീറ്ററും വിടവ് 0.2342 ബില്യൺ ക്യൂബിക്ക് മീറ്ററായും അധികരിക്കും ശരിയായ ജല വിനിയോഗ പ്രവർത്തനങ്ങൾ തയ്യാറാക്കിയാൽ മാത്രമേ 100 ശതമാനം ഉൽപ്പാദനവും ഭക്ഷ്യ സുരക്ഷയും കൈവരിക്കുവാൻ സാധിക്കുകയുള്ളു.

### ജല ഉപഭോഗം

| ക്രമ നം | ആവശ്യകത | ഉപഭോഗം (%) |
|---|---|---|
| 1 | കൃഷി | 85 |
| 2 | ഗാർഹികം | 1 |
| 3 | വ്യവസായം | 7 |
| 4 | ഊർജ്ജോല്പ്പാദനം | 6 |
| 5 | മറ്റാവശ്യങ്ങൾ | 1 |

*(ഉറവിടം -KILA Training details)*

### ജലലഭ്യതയും ആവശ്യകതയും

| വർഷം | ജല ലഭ്യത (ബില്യൻ) | ആവശ്യകത (ബില്യൻ) | വിടവ് (ബില്യൻ) |
|---|---|---|---|
| 2016 | 1.3247 | 1.552 | 0.2283 |
| 2020 | 1.3248 | 1.559 | 0.2342 |

*(ഉറവിടം ജില്ലാ പദ്ധതി - 2016)*

ജില്ലയുടെ ഭൂപ്രകൃതി അനുസരിച്ച് തീരപ്രദേശം സമുദ്ര നിരപ്പിനും താഴെ സ്ഥിതിചെയ്യുന്ന പ്രദേശങ്ങളായ ചേർത്തല, അമ്പലപ്പുഴ, കുട്ടനാട്, കാർത്തികപ്പള്ളി എന്നീ താലൂക്കുകൾ മുഴുവനായും ചെങ്ങന്നൂർ, മാവേലിക്കര എന്നീ താലൂക്കുകളുടെ ഏതാനം ഭാഗങ്ങളും ഉൾപ്പെടുന്നു. പടിഞ്ഞാറ് അറബിക്കടൽ അതിരായും വടക്ക് വേമ്പനാട് കായലും തെക്ക് കായംകുളം കായലും കൂടാതെ പ്രധാന നദികളും അവയുടെ കൈവഴികളാലും ജലസാന്ദ്രമായ തീര പ്രദേശം സദാ ഈർപ്പമുള്ളതായി അനുഭവപ്പെടുന്നു. ആയതിനാൽ കാർഷിക മേഘലയുടെ ആവശ്യകതയ്ക്കായി പ്രത്യേകിച്ച് ജലസേചന വിതരണ സൗകര്യങ്ങൾ ആവശ്യമില്ല കാലാകാലങ്ങളിലുള്ള മഴയും കൃഷിക്ക് സഹായകമാകുന്നു. എന്നാൽ ഇടനാട് പ്രദേശങ്ങളായ ചെങ്ങന്നൂർ, മാവേലിക്കര താലൂക്കുകളിലെ അപ്പർ കുട്ടനാട്, കരപ്പാടം തുടങ്ങിയ മേഖലകളില് കൃഷിക്ക് ജലസേചന സൗകര്യങ്ങളായ ലിഫ്റ്റ് ഇറിഗേഷൻ, പമ്പ - കല്ലട ജലസേചന പദ്ധതികൾ എന്നിവ ഉപയോഗപ്പെടുത്തുന്നു.

## മഴ ലഭ്യത

### (മങ്കൊമ്പ് നെല്ല് ഗവേഷണ കേന്ദ്രത്തിൽനിന്നും ലഭ്യമായത്)

| മാസം | കൂടിയ ചൂട് | കുറഞ്ഞ ചൂട് | ശരാശരി ആർദ്രത | ആകെ മഴയുടെ അളവ് | കാറ്റിന്റെ വേഗത Km/24hr |
|---|---|---|---|---|---|
| 2010 | | | | | |
| ജനുവരി | 33 | 22.9 | | 23.4 | |
| ഫെബ്രുവരി | 33.3 | 24.1 | 73.9 | 0 | |
| മാർച്ച് | 34.4 | 25.3 | 75.3 | 42.2 | |
| ഏപ്രിൽ | 34 | 25.2 | 75.6 | 191.8 | |
| മെയ് | 32.8 | 25.3 | 79.1 | 346.5 | |
| ജൂൺ | 30.3 | 24.3 | 84.7 | 544.8 | |
| ജൂലൈ | 29.6 | 23.5 | 86.4 | 469.4 | |
| ആഗസ്റ്റ് | 29.6 | 24 | 84.9 | 253.2 | |
| സെപ്റ്റംബർ | 30.2 | 24.5 | 84.2 | 253.6 | |

| | | | | | |
|---|---|---|---|---|---|
| ഒക്ടോബർ | 30.7 | 24.7 | 83.6 | 562.2 | |
| നവംബർ | 30.6 | 24.1 | 83.1 | 241.8 | |
| ഡിസംബർ | 31.4 | 23.6 | 80.7 | 131 | |
| **2011** | | | | | |
| ജനുവരി | 32 | 22.4 | 77 | 86 | |
| ഫെബ്രുവരി | 32.1 | 22.4 | 74.5 | 40.2 | |
| മാർച്ച് | 33.2 | 24 | 77.5 | 2.8 | |
| ഏപ്രിൽ | 33 | 24.1 | 77.7 | 286.2 | 61.2 |
| മെയ് | 32.7 | 26 | 77.3 | 289.2 | 79.7 |
| ജൂൺ | 30.2 | 24.6 | 85.1 | 467 | 84 |
| ജൂലൈ | 29.9 | 24 | 85.2 | 349.1 | 62.7 |
| ആഗസ്റ്റ് | 29.9 | 24.6 | 84.2 | 252.2 | 66.7 |
| സെപ്റ്റംബർ | 29.8 | 24.8 | 83.8 | 336.6 | 58.2 |
| ഒക്ടോബർ | 32 | 25 | 77.9 | 164.2 | 64 |
| നവംബർ | 32.4 | 23.8 | 76.6 | 160.5 | 65.5 |
| ഡിസംബർ | 32.1 | 23.1 | 76.3 | 159 | 54.9 |
| **2012** | | | | | |
| ജനുവരി | 32.3 | 21.8 | 74.4 | 51 | 55.5 |
| ഫെബ്രുവരി | 32.8 | 22.5 | 75.2 | 3 | 59.9 |
| മാർച്ച് | 32.5 | 24.5 | 79.8 | 42.4 | 71.1 |
| ഏപ്രിൽ | 33.1 | 25 | 78.9 | 277.8 | 80.8 |
| മെയ് | 32.2 | 26.4 | 79.1 | 94.1 | 74.2 |
| ജൂൺ | 30.9 | 24.9 | 82.4 | 226.8 | 71.7 |
| ജൂലൈ | 30.6 | 24.5 | 82.5 | 249.5 | 71.1 |
| ആഗസ്റ്റ് | 30.2 | 24.4 | 84.1 | 345.8 | 63.3 |
| സെപ്റ്റംബർ | 31.2 | 24.6 | 81.8 | 147.4 | 58 |
| ഒക്ടോബർ | 31.9 | 24.7 | 79.4 | 122.2 | 70.3 |
| നവംബർ | 32.1 | 24.5 | 77.2 | 91 | 60.4 |
| ഡിസംബർ | 32.9 | 23.4 | 74.1 | 0 | 55.3 |
| **2013** | | | | | |
| ജനുവരി | 33.1 | 22.2 | 74.3 | 5.8 | 59 |
| ഫെബ്രുവരി | 33 | 23.1 | 76.8 | 180.6 | 60.5 |
| മാർച്ച് | 33.5 | 24.6 | 78.2 | 47.1 | 63.3 |
| ഏപ്രിൽ | 33.6 | 26.5 | 76 | 17.8 | 77.1 |
| മെയ് | 32.7 | 26.3 | 78.7 | 150.2 | 76.1 |
| ജൂൺ | 29.2 | 24 | 88.2 | 943.6 | 67.1 |
| ജൂലൈ | 29 | 24.1 | 87 | 709 | 72.1 |
| ആഗസ്റ്റ് | 30.2 | 24.7 | 84.5 | 268.2 | 92 |
| സെപ്റ്റംബർ | 30.3 | 24.5 | 86 | 258 | 80.9 |
| ഒക്ടോബർ | 30.7 | 25 | 83 | 133.8 | 65.8 |
| നവംബർ | 31.7 | 24.8 | 81 | 149.8 | 60.8 |
| ഡിസംബർ | 32 | 22.6 | 75.6 | 20.4 | 50.7 |
| **2014** | | | | | |
| ജനുവരി | 32.8 | 22.4 | 71.3 | 0 | 57.2 |
| ഫെബ്രുവരി | 33.2 | 22.9 | 72.5 | 23.2 | 67.6 |

| | | | | | |
|---|---|---|---|---|---|
| മാർച്ച് | 34 | 24.4 | 77.4 | 46.6 | 78.9 |
| ഏപ്രിൽ | 33.4 | 26.1 | 75.1 | 101.4 | 87.6 |
| മെയ് | 32.7 | 26.3 | 77.9 | 227.2 | 82.4 |
| ജൂൺ | 31.2 | 25.7 | 85.6 | 425 | 77.5 |
| ജൂലൈ | 30.1 | 24.4 | 82.7 | 312.6 | 66 |
| ആഗസ്റ്റ് | 30 | 24.9 | 85.8 | 633.1 | 68.7 |
| സെപ്റ്റംബർ | 31.1 | 25.4 | 82.7 | 271.8 | 73.7 |
| ഒക്ടോബർ | 31.6 | 24.8 | 82.5 | 179.2 | 65 |
| നവംബർ | 32.8 | 24.8 | 80.6 | 125.2 | 52.8 |
| ഡിസംബർ | 31.7 | 24.4 | 79.2 | 21.4 | 52.7 |
| **2015** | | | | | |
| ജനുവരി | 32.2 | 22.3 | 73.8 | 5 | 58.64 |
| ഫെബ്രുവരി | 32.9 | 22.9 | 74.7 | 0 | 63.19 |
| മാർച്ച് | 33.8 | 23.2 | 76.4 | 74.3 | 70.64 |
| ഏപ്രിൽ | 33.3 | 24.8 | 77.7 | 255.8 | 76.7 |
| മെയ് | 32.4 | 25.9 | 80.3 | 233.6 | 78 |
| ജൂൺ | 31.8 | 24.6 | 81.8 | 334.5 | 97.6 |
| ജൂലൈ | 30.7 | 24.5 | 81.7 | 237.6 | 68.3 |
| ആഗസ്റ്റ് | 31.9 | 24.8 | 80.2 | 197.5 | 75.7 |
| സെപ്റ്റംബർ | 31.1 | 25.4 | 82.7 | 271.8 | 72.2 |
| ഒക്ടോബർ | 31.5 | 24.7 | 83.2 | 554.5 | 67.8 |
| നവംബർ | 32 | 25.3 | 82.1 | 120.8 | 68.7 |
| ഡിസംബർ | 32.7 | 23.8 | 80.1 | 110.2 | 56.4 |
| **2016** | | | | | |
| ജനുവരി | 33.1 | 22.4 | 75 | 0 | 56.6 |
| ഫെബ്രുവരി | 33.5 | 23.6 | 74.6 | 75.2 | 72.5 |
| മാർച്ച് | 33.9 | 24.8 | 76.2 | 103 | 70 |
| ഏപ്രിൽ | 34.3 | 27.4 | 76.8 | 7.4 | 75.9 |
| മെയ് | 33.4 | 25.6 | 79.8 | 337.5 | 83.3 |
| ജൂൺ | 30.5 | 24.6 | 85 | 533.8 | 78.5 |
| ജൂലൈ | 30.3 | 24.3 | 82.7 | 400.4 | 74.54 |
| ആഗസ്റ്റ് | 31.3 | 24.5 | 79.6 | 165.4 | 83.64 |
| സെപ്റ്റംബർ | 29.8 | 24.1 | 83.1 | 20.62 | 96.15 |
| ഒക്ടോബർ | 29.8 | 25.1 | 81.1 | 144.8 | 125.21 |
| നവംബർ | 31.5 | 24.1 | | 13.5 | |
| ഡിസംബർ | | | | | |

ജില്ലയിലെ നിലവിലുള്ള ജലസേചന പദ്ധതികൾക്ക് ആവശ്യമായ പുനരുദ്ധാരണ പദ്ധതികൾ അതാതു വർഷം ആവിഷ്കരിക്കുമെങ്കിലും അവ പൂർണ്ണമായും നടപ്പിലാക്കുവാനോ പദ്ധതിയുടെ ലക്ഷ്യ പ്രാപ്തി കൈവരിക്കുവാനോ സാധിക്കുന്നില്ല ജലസ്രോതസ്സുകളുടെ (ജലസേചന പദ്ധതികളുടെ) സംരക്ഷണവും പുനരുദ്ധാരണവും യഥാസമയം നടപ്പിലാക്കി തരിശു നിലംങ്ങളെ പുനരുജ്ജീവിപ്പിച്ച് ജല സംഭരണികളാക്കുക, കുളങ്ങൾ, കിണറുകൾ, മഴക്കുഴികൾ എന്നിവയുടെ റീചാർജിംഗ്, മഴ സംഭരണികളുടെ നിർമ്മാണം എന്നിവ നടപ്പിലാക്കുന്നതിലൂടെ അധികമായി കടലിലേക്ക് ഒഴുകി പോകുന്ന ശുദ്ധജലത്തെ നമുക്ക് സുരക്ഷിതമായി സംഭരിച്ച് വെയ്ക്കുവാൻ സാധിക്കുന്നു.

തെക്ക് വലിയഴീക്കൽ മുതൽ വടക്കു ചാപ്പക്കടവുവരെ 75 കി.മീ. നീളമുള്ള കടൽത്തീരമാണ് ആലപ്പുഴ ജില്ലയിലുള്ളത്. കാർത്തികപ്പള്ളി, അമ്പലപ്പുഴ, ചേർത്തല താലൂക്കുകളിലായി നിലകൊള്ളുന്ന തീരദേശമേഖലയിൽ ശക്തമായ കടലാക്രമണമാണ് നേരിട്ടു കൊണ്ടിരിക്കുന്നത്. തീരദ്ദേശവാസികളുടേയും തീരപ്രദേശങ്ങളുടേയും സംരക്ഷണത്തിനായി ആറാട്ടുപുഴ, തുക്കുന്നപ്പുഴ, മാരാരിക്കുളം തെക്ക്, മാരാരിക്കുളം വടക്ക്, ചേർത്തല തെക്ക് പഞ്ചായത്തുകളിലായി ഐ.ഐ.റ്റി ചെന്നൈയുടെ പഠന റിപ്പോർട്ടിന്റെയും ഇറിഗേഷൻ, കോസ്റ്റൽ എൻജിനീയറിംഗ് ഫീൽഡ് സ്റ്റഡീസിന്റെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ കഴിഞ്ഞ അഞ്ച് വർഷങ്ങളിലായി 115 പുലിമുട്ടുകളാണ് നിർമ്മിച്ചിട്ടുള്ളത്. കൂടാതെ പൊതുജനങ്ങളുടേയും ജനപ്രതിനിധികളുടേയും ആവശ്യപ്രകാരം കടലാക്രമണ പ്രദേശങ്ങളിൽ കടൽഭിത്തി നിർമ്മാണവും പുനരുദ്ധാരണവും ഫണ്ടിന്റെ ലഭ്യത അനുസരിച്ച് നടപ്പിലാക്കിവരുന്നു. കൂടാതെ ജില്ലയിലെ ജലാശയങ്ങൾ ടൗൺ കനാലുകൾ ആലപ്പുഴ - ചങ്ങനാശ്ശേരി കനാൽ, ആലപ്പുഴ- ചേർത്തല കനാൽ എന്നിവയുടെ സംരക്ഷണവും പുനരുദ്ധാരണവും ഓരുമുട്ടുകളുടെ നിർമ്മാണം തോട്ടപ്പള്ളി പൊഴി സംബന്ധിച്ച നിർമ്മാണ പ്രവർത്തികൾ, ദേശീയ ജല പാത - III വികസനവുമായി ബന്ധപ്പെടുത്തി ആലപ്പുഴ - കൂട്ടനാട്, ആര്യാർ - ചേർത്തല മണ്ഡലങ്ങളിലെ ബോട്ടുജെട്ടികളുടെ പുനരുദ്ധാരണവും പള്ളാത്തുരുത്തി ഫീഡർ കനാലിന്റെ നവീകരണം പാടശ്ശേഖരങ്ങളുടെ പുറം ബണ്ട് ബലപ്പെടുത്തല്, ഓരുമുട്ടുകളുടെ നിർമ്മാണം - അവയ്ക്കുള്ള സ്ഥിരം സംവിധാനം, തടയണകളുടെ നിർമ്മാണം, കിണറുകൾ, കുളങ്ങൾ, മഴക്കുഴി, മഴവെള്ള സംഭരണി എന്നിവകളുടെ നിർമ്മാണം എന്നിവ മറ്റു പ്രധാന പ്രവർത്തനങ്ങളാണ്.

നിലവിലുള്ള ജലസേചന പദ്ധതികളുടെ പോരായ്മ മൂലം 100 ശതമാനം ലക്ഷ്യം കൈവരിക്കുവാൻ സാധിക്കുന്നില്ല. മേൽ വിവരിച്ച പദ്ധതികളുടെ പോരായ്മകൾ ചുവടെ ചേർക്കുന്നു.

- അനധികൃത കൈയ്യേറ്റം, അശാസ്ത്രീയമായ നിർമ്മാണ പ്രവർത്തനങ്ങൾ, മാലിന്യ നിക്ഷേപം, കാലാകാലങ്ങളായി മണ്ണും മറ്റു അവശിഷ്ട്ടങ്ങളും അടിഞ്ഞു കൂടുന്നതും നിമിത്തം പല ജലാശയങ്ങൾക്കും അവയുടെ സ്വഭാവികമായ അതിരുകൾ നഷ്ടപ്പെടുകയും തന്മൂലം നീരൊഴുക്ക് ഇല്ലാതാകുകയും പല ഭാഗങ്ങളിലും അവ ശോഷിക്കുകയും ചെയ്തിരിക്കുന്നു
- ഒരു കാലത്ത് ശുദ്ധ ജല സ്രോതസ്സായിരുന്ന പല ജലാശയങ്ങളും ഗുണമേന്മ നശിച്ച് ഉപയോഗശൂന്യമായി തീർന്നിരിക്കുന്നു.
- സുലഭമായി ലഭിക്കുന്ന മഴ വെള്ളം യഥാസമയം സംഭരിക്കുവാനുള്ള സാങ്കേതികത സംബന്ധിച്ച് ജനങ്ങളുടെ അവബോധം ഇല്ലായ്മ വേനൽക്കാലത്തെ രൂക്ഷമായ കുടിവെള്ള ക്ഷാമത്തിന് കാരണമാക്കുന്നു.
- ജലത്തിന്റെ അമിത ചൂഷണം ഭൂഗർഭജലത്തിന്റെ അളവിനെ കുറയ്ക്കുന്നു.
- ജലാശയങ്ങൾ എല്ലാത്തരം മാലിന്യങ്ങളുടെയും സംഭരണ കേന്ദ്രമായി മാറിയിരിക്കുന്നു തന്മൂലം ആരോഗ്യ പ്രശ്നങ്ങൾ ആപൽക്കരമാകും വിധത്തിൽ പരിസ്ഥിതിയ്ക്ക് മാറ്റം വന്നു ചേർന്നിരിക്കുന്നു.
- ജല സമ്പത്ത് – കക്ക, പുഴ മത്സ്യങ്ങൾ, സൂക്ഷ്മ ജീവികൾ എന്നിവയ്ക്ക് ഉന്മൂലനാശം സംഭവിക്കുന്നു.

- മഴയുടെ ലഭ്യതകുറവും ശുദ്ധജല ക്ഷാമവും നിമിത്തം ഓരുവെള്ളത്തിന്റെ സാനിദ്ധ്യം അധികരിക്കുകയും ഇത് കൃഷിയെ ദോഷകരമായി ബാധിക്കുകയും ചെയ്യുന്നു.
- കാലാകാലങ്ങളിലുള്ള മടവീഴ്ച്ചയും അതുമൂലമുള്ള കൃഷി നാശവും കാർഷികോൽപ്പാദനത്തെ സാരമായി ബാധിക്കുന്നു.
- 25 കി.മീ. റോളം തീരം കടൽഭിത്തി താഴ്ന്നും തകർന്നും കടലാക്രമണ ഭീഷണിയിലാണ്. പ്രതിരോധ സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കേണ്ടതുണ്ട്.
- ജലസേചന പദ്ധതികളുടെ പഴക്കത്താൽ കനാൽ നിർമ്മിതികൾ പലതും മതിയായ അറ്റക്കുറ്റപ്പണികളുടെ അഭാവം മൂലം കേടുപാടുകൾ സംഭവിക്കുകയും തൻമൂലം ജലവിതരണ സമയത്ത് ചോർച്ചയും വെള്ളക്കെട്ടും പതിവായിരിക്കുന്നു.

## കാഴ്ചപ്പാട്

നീർത്തടം അടിസ്ഥാനപ്പെടുത്തിയുള്ള ശാസ്ത്രീയമായ വികസന പരിപാടികൾ വിവിധ വകുപ്പുകളുടെയും ജനപങ്കാളിത്തത്തോടെയും നടപ്പിലാക്കുകവഴി ജലാശയങ്ങളെ അതിർത്തി നിശ്ചയിച്ച് സുരക്ഷിതമായി നിലനിർത്തുക, ആവശ്യമെങ്കിൽ പുനരുജ്ജീവിപ്പിക്കുക, കൈയേറ്റം, മാലിന്യ നിക്ഷേപം ഇവയ്ക്കെതിരെ ജനങ്ങളെ ബോധവൽക്കരിക്കുക, ശുദ്ധ ജല ലഭ്യത വർഷം മുഴുവൻ ഉറപ്പാക്കാൻ കുളങ്ങൾ, കിണറുകൾ, മഴക്കുഴികൾ, മഴവെള്ള സംഭരണികൾ ഇവ നിർമ്മിക്കുക, ജലസേചന പദ്ധതികളുടെ അറ്റകുറ്റ പണികൾ പൂർണ്ണമായും പ്രാവർത്തികമാക്കുക, ഓരുവെള്ളം മൂലമുള്ള കൃഷി നാശം തടയുന്നതിന് സ്ഥിരം സംവിധാനം ഏർപ്പെടുത്തുക, പാടശേഖരങ്ങളുടെ ബണ്ട് ബലപ്പെടുത്തുക, തരിശ്ശ് കിടക്കുന്ന പാടശേഖരങ്ങൾ ശുദ്ധജല സ്രോതസ്സുകളാക്കി മാറ്റുക, വേമ്പനാട് കായൽ ആലപ്പുഴ – ചേർത്തല കനാല്, ആലപ്പുഴ – ചങ്ങനാശ്ശേരി കനാൽ, കുട്ടംപേരൂർ നദി എന്നീ ജലാശയങ്ങൾക്ക് ആവശ്യമായ നവീകരണ പദ്ധതികൾ ആവിഷ്കരിക്കുക.

മേൽ വിവരിച്ച പദ്ധതികൾ നടപ്പിലാക്കുന്നതിലൂടെ 100 ശതമാനം കാർഷികോൽപ്പാദനം ജലസംരക്ഷണം ജലസേചനം പരിസ്ഥിതി സംരക്ഷണം മാലിന്യ - ഉറവിട സംസ്കരണം ഇവയെല്ലാം തന്നെ നടപ്പിലാക്കുന്നതിനുള്ള ജില്ലാ പ്രവർത്തനങ്ങൾ ഉൾപ്പെടുന്നു. ഇതിനായി ഏറ്റവും അടിസ്ഥാനപരമായ വികസനം പഞ്ചായത്തടിസ്ഥാനത്തിൽ ക്രോഡീകരിച്ച് വിവിധ വകുപ്പുകളുടെ ആശയങ്ങൾ സംയോജിപ്പിച്ച് നീർത്തടം അടിസ്ഥാനത്തിൽ പദ്ധതികൾ ആവിഷ്കരിക്കുകയാണ് ചെയ്യേണ്ടത്.

### മുൻഗണനാ പ്രവർത്തനങ്ങൾ

- രൂക്ഷമായ കടലാക്രമണം തടയുന്നതിന് പുലിമുട്ട്/കടൽഭിത്തി ഇവ നിർമ്മിക്കുക.
- ജലാശയങ്ങളുടെ സംരക്ഷണവും നവീകരണവും, മലീനീകരണ നിയന്ത്രണവും ഉറപ്പുവരുത്തുക.
- ജലസേചന പദ്ധതികളുടെ അറ്റകുറ്റപണികൾ, കനാൽ വൃത്തിയാക്കൽ അടിയന്തിരമായി നടപ്പിലാക്കുന്നതിനും കനാൽ ബണ്ടു റോഡുകളും, ഇൻസ്പെക്ഷൻ റോഡുകളും ടാർ ചെയ്ത് സഞ്ചാരയോഗ്യമാക്കണം.

- തോട്ടപ്പള്ളി സ്പിൽവേയുടെയും, ലീഡിംഗ് ചാനലിന്റെയും നവീകരണത്തിനും ആഴവും വീതിയും കൂട്ടുന്നതിനുള്ള പദ്ധതികൾ ഏറ്റെടുക്കുക.
- ലിഫ്റ്റ് ഇറിഗേഷൻ സ്കീമിൽപ്പെടുത്തി പാടശ്ശേഖരങ്ങളുടെ കാർഷികാവശ്യങ്ങൾക്കായി വരൾച്ചാക്കാലത്ത് ജലലഭ്യത ഉറപ്പാക്കുക.
- കുളങ്ങൾ, കിണറുകൾ, മഴക്കുഴികൾ, മഴവെള്ള സംഭരണികൾ എന്നിവയുടെ നിർമ്മാണം, പുനരുജ്ജീവനം തടുതിരിച്ചുള്ള കൃഷിരീതി എന്നിവയിലൂടെ ശുദ്ധജല ലഭ്യത ഉറപ്പാക്കുക.
- തണ്ണീർമുക്കം ബണ്ടിന്റെ മൂന്നാം ഘട്ടത്തിലുള്ള മണൽച്ചിറ നീക്കം ചെയ്ത് റെഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണവും ഒന്നും രണ്ടും ഘട്ടങ്ങളിലെ ഷട്ടറുകളുടെയും ലോക്കുകളുടെയും നവീകരണ പ്രവർത്തനങ്ങളും നടപ്പിലാക്കുക
- പാടശേഖരങ്ങളുടെ പുറം ബണ്ട് ബലപ്പെടുത്തുന്നതിനും മറ്റ് കൃഷിയാവശ്യങ്ങൾ പരിഹരിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുക.

കേരളത്തിലെ ആദ്യത്തെ ജിയോട്യൂബ് കടൽഭിത്തി 100 മീറ്റർ നീളത്തിൽ പരീക്ഷണാടിസ്ഥാനത്തിൽ ആലപ്പുഴ ജില്ലയിലെ വണ്ടാനത്താണ് നിർമ്മിച്ചിട്ടുള്ളത്. നിർമ്മാണം പൂർത്തീകരിച്ച് രണ്ടുവർഷമായപ്പോഴും പ്രസ്തുത കടൽഭിത്തി വിജയകരമായി കടലാക്രമണത്തെ ചെറുത്ത് തീരം സംരക്ഷിക്കുന്നു. ഇപ്രകാരമുള്ള കടൽഭിത്തി കടലാക്രമണ ബാധിത പ്രദേശങ്ങളിൽ നിർമ്മിയ്ക്കണമെന്ന് പൊതുജനങ്ങളും ജനപ്രതിനിധികളും ജില്ലാ ഭരണകൂടവും ആവശ്യപ്പെട്ടിട്ടുണ്ട്. ഉപരിയായി എല്ലാ വർഷവും ദുരന്തനിവാരണ അതോറിറ്റിയുടെ നിർദ്ദേശപ്രകാരം അടിയന്തിര കടൽത്തീരസംരക്ഷണം (മുൻവർഷങ്ങളിൽ കരിങ്കല്ലുപയോഗിച്ചും നടപ്പു വർഷത്തിൽ ജിയോസിന്തറ്റിക്ക് ബാഗുകളിലും ലാറ്റക്സ് മിക്സഡ് കയർ ബാഗുകളിലും കടൽ മണ്ണു നിറച്ചു അടുക്കിയും) നടപ്പിലാക്കി വരുന്നു

ആലപ്പുഴ ടൗണിലെ 9 കനാലുകളിലെയും ഉപകനാലുകളിലെയും കായലും ചെളിയും നീക്കം ചെയ്യുന്നതിനും ഓരുവെള്ളം കയറ്റി അതുവഴി നീരൊഴുക്ക് ഉണ്ടാക്കുന്നതിനും പായലും പോളയും നശിപ്പിക്കുന്നതിനും വെള്ളപ്പൊക്കം നിയന്ത്രിക്കുന്നതിനും വേണ്ടിയുള്ള പദ്ധതിക്ക് കിഫ്ബി അനുവദിച്ച 108 കോടി രൂപയ്ക്ക് ജലസേചന വകുപ്പ് മുഖേന പദ്ധതി നടപ്പിലാക്കുന്നതാണ്. കടലാക്രമണം ചെറുക്കുന്നതിനായി തീരപ്രദേശങ്ങളില് പുലിമുട്ട് നിർമ്മാണം, കടൽഭിത്തി നിർമ്മാണം പുനരുദ്ധാരണം – കണ്ടൽ, കാറ്റാടി എന്നിവയുടെ വളർത്തൽ എന്നീ മാർഗ്ഗങ്ങൾ നടപ്പിലാക്കേണ്ടതായിട്ടുണ്ട്. ദേശീയ ജലപാത –III ന്റെ വികസനത്തിന്റെ ഭാഗമായി തുക്കുന്നപ്പുഴ ലോക്കിന്റെയും മേൽപ്പാലത്തിന്റെയും പുനർനിർമ്മാണത്തിന് ഇൻലാന്റ് വാട്ടർ വേയ്സ് അതോറിറ്റി (IWAI) യുടെ 34 കോടി രൂപയുടെ ഫണ്ട് ജലസേചന വകുപ്പിന് അനുവദിയ്ക്കുകയും പ്രവൃത്തിയുടെ സാങ്കേതികാനുമതി നടപടി ക്രമങ്ങൾ നടന്നുവരികയുമാണ്. ദേശീയ ജലപാത പുനരുദ്ധാരണം ജില്ലയിലെ ടൂറിസം വികസനത്തിന് സഹായകമാകുന്നു.

## നിർദ്ദേശങ്ങൾ

### മേൽത്തട്ട്

- കുട്ടനാട്, കാർത്തികപ്പള്ളി താലൂക്ക് പാടശേഖരങ്ങളുടെ പുറം ബണ്ട് ബലപ്പെടുത്തേണ്ടതായിട്ടുണ്ട്. കുട്ടനാട് താലൂക്കിൽ 19271 ഹെക്ടർ പ്രദേശത്തിനായി

എൺപതോളം പാടശേഖരങ്ങളുടെ പുറം ബണ്ട് 127 കി.മീ നീളത്തിൽ സംരക്ഷിച്ചിട്ടുണ്ട് 1174 കി.മീ ഇനിയും സംരക്ഷിക്കേണ്ടതായിട്ടുണ്ട്.

- ഉപ്പുവെള്ളം കയറി കൃഷിയും കുടിവെള്ള സ്രോതസും മലിനമാകുന്നതു തടയുന്നതിനായി സ്ഥിരം റഗുലേറ്റർ സംവിധാനങ്ങൾ നടപ്പിലാക്കേണ്ടതായിട്ടുണ്ട്.
- കടൽത്തീര സംരക്ഷണ പ്രവൃത്തികൾ ഉൾപ്പെട്ട പദ്ധതികൾ നടപ്പിലാക്കേണ്ടതാണ്.
- നാഷണൽ വാട്ടർവേയ്സ് പുനരുദ്ധരിച്ച് ജലഗതാഗതം സുഗമമാക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിയ്ക്കേണ്ടതാണ്. തോട്ടപ്പള്ളി പൊഴിയും ലീഡിംഗ് ചാനലും മണൽ നീക്കം ചെയ്ത് ആഴം കൂട്ടി വെള്ളപ്പൊക്കത്തിൽ നിന്നും താഴ്ന്ന പ്രദേശങ്ങളെ സംരക്ഷിക്കേണ്ടതാണ്.
- ലിഫ്റ്റ് ഇറിഗേഷന്റെ പുനരുദ്ധാരണം – ലീഡിംഗ് ചാനൽ നിർമ്മാണം
- വേമ്പനാട് കായൽ ആലപ്പുഴ – ചേർത്തല കനാൽ, ആലപ്പുഴ – ചങ്ങനാശ്ശേരി കനാൽ, കുട്ടംപേരൂർ നദി എന്നീ ജലാശയങ്ങളുടെ നവീകരണ പദ്ധതികൾ
- പമ്പ, കല്ലട, തുടങ്ങിയ വിവിധ ജലസേചനപദ്ധതികളുടെ നവീകരണ പ്രവൃത്തികൾ.
- തണ്ണീർമുക്കം, തോട്ടപ്പള്ളി, സ്പിൽവേകളുടെ അടിസ്ഥാന സൗകര്യങ്ങൾ

**കീഴ്ഘട്ട്**

- തോടുകളും കുളങ്ങളും നവീകരിച്ച് ശുദ്ധജല ലഭ്യത ഉറപ്പാക്കുന്ന പദ്ധതികൾ നടപ്പിലാക്കണം.
- കല്ലട, പമ്പാ ജലസേചന കനാലുകൾ വർഷാവർഷം ശുചീകരിയ്ക്കുകയും പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുകയും ചെയ്യേണ്ടതാണ്.
- തണ്ണീർമുക്കം ബണ്ട് പൂർത്തീകരിക്കേണ്ടതാണ്.
- എ.സി. കനാൽ ക്ലീനിംങ്-എ.സി. കനാലിലെ പോളവാരി ആഴംകൂട്ടി ശുദ്ധീകരിച്ച് ഉപയോഗ യോഗ്യമാക്കി മാറ്റുന്നതിന് പദ്ധതി ഏറ്റെടുക്കുന്നതിന്റെ സാദ്ധ്യത പരിഗണിക്കണം.
- മേൽ പ്രവർത്തികൾ നടപ്പിലാക്കുന്നതിനായി കേന്ദ്ര വിഹിതംസംസ്ഥാന –**NABARD, PMKSY, MNREGS, MLA-ADF, MP-LADS,** തദ്ദേശ സ്വയംഭരണ വകുപ്പ് വിഹിതം എന്നിവയിലൂടെ ആവശ്യമായ ഫണ്ട് ലഭ്യമാക്കേണ്ടതാണ്.
- വേനൽകാലത്ത് ശുദ്ധജല ലഭ്യത ഉറപ്പാക്കുന്നതിന് അപ്പർകുട്ടനാടൻ മേഖലകളിൽ വിവിധ സ്ഥലങ്ങളിലായി തടയണകളുടെ നിർമ്മാണം.
- പാടശേഖരങ്ങളുടെ അടിസ്ഥാന സൌകര്യങ്ങൾ - പുറംബണ്ട്, മറ്റ് അടിസ്ഥാന സൌകര്യങ്ങൾ എന്നിവ.
- മാലിന്യ സംസ്കരണം - ജലസ്രോതസ്സുകളിൽ അടിഞ്ഞ് കൂടിയിട്ടുള്ള മാലിന്യങ്ങളും മറ്റ് നിക്ഷേപങ്ങളും, കണ്ടൽ, കടകൽ എന്നിവയുടെ സംസ്കരണം.
- ചരിവുള്ള പ്രദേശങ്ങളെ തട്ടുതിരിച്ച് നിലം ഒരുക്കുകവഴി ഭൂഗർഭജലത്തിന്റെ പ്രഭാവം വർഷം മുഴുവൻ നിലനിർത്തുന്ന പ്രവൃത്തികൾ.

# മണ്ണ് – ജല സംരക്ഷണം

കാർഷിക സംസ്കാരത്തിലും, ഭ്രപ്രകൃതിയിലും, കേരളത്തിലെ മറ്റ് ജില്ലകളിൽ നിന്നും വേറിട്ട് നിൽക്കുന്ന പ്രദേശമാണ് ആലപ്പുഴ ജില്ല. ഏകദേശം 3000 മില്ലീ മീറ്റർ വാർഷിക മഴയാൽ അനുഗ്രഹീതമാണ് ഈ ജില്ല. എന്നാൽ വർഷകാലത്ത് ജലം ആവശ്യത്തിൽ വളരെ അധികമായും വേനൽക്കാലത്ത് ജലം ദുർലഭമായും വന്നിരിയ്ക്കുന്നു. 1414 സ്ക്വയർ കിലോ മീറ്റർ ഭ്രവിസ്തൃതിയുള്ള ഈ ജില്ലയെ ഭ്രപ്രകൃതി അനുസരിച്ച് ഇടനാട്, തീരപ്രദേശം, താഴ്ന്ന പ്രദേശം (Mid land, Low land, below land) എന്നിവയായി തരം തിരിക്കാം. മാവേലിക്കര, ചെങ്ങന്നൂർ താലൂക്കുകളുടെ കിഴക്കൻ പ്രദേശങ്ങൾ ഇടനാടിൽ ഉൾപ്പെടുമ്പോൾ ചേർത്തല താലൂക്ക് മുഴുവനായും, അമ്പലപ്പുഴ, കാർത്തികപ്പള്ളി, മാവേലിക്കര താലൂക്കുകളുടെ ചില ഭാഗങ്ങളും തീരപ്രദേശങ്ങളിൽ ഉൾപ്പെടുന്നു. കുട്ടനാട് താലൂക്ക് മുഴുവനായും അമ്പലപ്പുഴ, മാവേലിക്കര, കാർത്തികപ്പള്ളി താലൂക്കുകളുടെ ചില ഭാഗങ്ങളും താഴ്ന്ന പ്രദേശങ്ങളിൽപ്പെടുന്നു.

**ജില്ലയിലെ ഭ്രപ്രകൃതി തരംതിരിവ്**

*(വിസ്തീർണ്ണം: ച.കി.മീ)*

| ക്രമ നം. | താലൂക്ക് | ഇടനാട് | തീരപ്രദേശം | മലനാട് | ആകെ |
|---|---|---|---|---|---|
| 1 | ചേർത്തല | | 320.40 | | 320.40 |
| 2 | അമ്പലപ്പുഴ | | 178.80 | | 178.80 |
| 3 | കുട്ടനാട് | | 265.90 | | 265.90 |
| 4 | ചെങ്ങന്നൂർ | 54.70 | 86.50 | | 141.20 |
| 5 | മാവേലിക്കര | 230.60 | 55.40 | | 286.00 |
| 6 | കാർത്തികപ്പള്ളി | | 224.60 | | 224.60 |

*( ഉറവിടം:- Land Resourses of Kerala (KSLUB)*

കാർഷിക കാലാവസ്ഥ മേഖലാ തരംതിരിവ് പ്രകാരം ജില്ലയിലെ കൃഷി ഭ്രമികൾ കാർഷിക കാലാവസ്ഥ അനുസരിച്ച് അപ്പർ കുട്ടനാട്, ലോവർ കുട്ടനാട്, കായൽ, ഓണാട്ടുകര, കരപ്പാടം എന്നീ മേഖലകളിലായി തരംതിരിക്കപ്പെട്ടിരിയ്ക്കുന്നു.

ഈ മേഖലകളിലെയെല്ലാം തന്നെ കാർഷിക പ്രവർത്തികൾ വർഷം തോറും കുറഞ്ഞുവരുന്നതായാണ് കാണുന്നത്. പരമ്പരാഗത കർഷകർ കാർഷിക വൃത്തിയിൽ നിന്നും ഒഴിഞ്ഞുപോകുകയും, തന്മൂലം നെൽപ്പാടങ്ങളും, കരപുരയിടങ്ങളും തരിശാകുന്നതുമായ സാഹചര്യമാണ് ഉണ്ടായിരുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഇടപെടലുകൾ മൂലം മാറ്റങ്ങൾ കാണപ്പെട്ടു തുടങ്ങിയിരിയ്ക്കുന്നു. കൂടുതൽ മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ നടത്തുന്നതുവഴി ഈ മേഖലയിൽ വിപ്ലവകരമായ മാറ്റങ്ങളിലേയ്ക്ക് നയിക്കാൻ സാധിക്കും.

## കായലുകൾ

| നം. | പേര് | വിസ്തൃതി (ഹെക്ടർ) |
|---|---|---|
| 1 | കായംകുളം കായൽ | 1511.75 |
| 2 | പൂമീൻ കായൽ | 3.37 |
| 3 | വടക്കൻ കായൽ | 1.46 |
| 4 | ചെത്തി കായൽ | 4.11 |
| 5 | അർത്തുങ്കൽ കായൽ | 5.96 |
| 6 | പൊഴിച്ചാൽ കായൽ | 20.41 |
| 7 | വട്ടച്ചാൽ കായൽ | 27.10 |
| 8 | വേമ്പനാട് കായൽ | 10661.23 |
| | **ആകെ** | **12235.34** |

*( ഉറവിടം:- Land Resourses of Kerala State, 1995)*

കുളങ്ങൾ, കായലുകൾ, കിണറുകൾ എന്നിങ്ങനെ ദൃശ്യ ജലവ്യൂഹങ്ങളായും, ഭൂഗർഭജലമായി അദൃശ്യ ജലവ്യൂഹങ്ങളായും, ജില്ലയുടെ ജലവ്യൂഹം ശോഷിച്ചതും, ഉപ്പുവെള്ളത്തിന്റെ തള്ളിക്കയറ്റത്തിന് സാദ്ധ്യതയുള്ളതുമാണ്. കൂടാതെ വേമ്പനാട് കായലും, കായംകുളം കായലും ജില്ലയെ ജലസമൃദ്ധമാക്കുന്നു. ആലപ്പുഴ ജില്ലയുടെ ഏറ്റവും വലിയ പ്രത്യേകതയാണ് കാലവർഷകാലത്തെ വെള്ളപ്പൊക്കവും, വേനൽക്കാലത്തെ ശുദ്ധജല ദൌർലഭ്യവും. ഇവ നേരിടുന്നതിനായി മഴക്കാലത്ത് പരമാവധി വെള്ളം സംഭരിക്കുകയും, അധികമുള്ള ജലം സുരക്ഷിതമായി ഒഴുക്കിക്കളയുകയും വേണം. വേനൽക്കാലത്ത് സംഭരിച്ച ജലം ഉപയോഗിക്കുവാൻ സാധിക്കും. ഈ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിലേയ്ക്കായി ശാസ്ത്രീയമായ മണ്ണ് – ജല സംരക്ഷണ പ്രവർത്തികൾ അവലംബിക്കേണ്ടതാണ്. മണിമല, അച്ചൻകോവിൽ, പമ്പ എന്നീ 3 നദികളുടേയും ജലസംഭരണ കേന്ദ്രമായി വർത്തിക്കുന്ന കുട്ടനാട് മേഖല സമുദ്ര നിരപ്പിൽ നിന്നും താഴെ സ്ഥിതിചെയ്യുന്ന കൃഷി ഭൂമികളായും, തോടുകളുടെ ശൃംഖലകളായും വർത്തിക്കുന്നു. കാലാവസ്ഥാ വ്യതിയാനം, മഴയുടെ ലഭ്യതയിലുള്ള വ്യതിയാനങ്ങൾ, മണലൂറ്റ്, അജൈവ മാലിന്യങ്ങളുടെ നിക്ഷേപം, നീരൊഴുക്കിന്റെ തടസ്സപ്പെടൽ തുടങ്ങിയ പ്രശ്നങ്ങൾ മൂലം ഈ നദികളുടെ ആവാസ വ്യവസ്ഥ നശിച്ചുകൊണ്ടിരിയ്ക്കുന്നു.

ജില്ലയിലെ ജലസ്രോതസ്സുകളിൽ ഉയർന്ന ഫ്ലൂറൈഡ് അംശം, കീടനാശിനികളുടെ അവശിഷ്ടം, വിസർജ്യ വസ്തുക്കളുടെ സാന്നിദ്ധ്യം എന്നിവ കാണുന്നു. ഇവ കാരണം ജലസ്രോതസ്സുകൾ മലിനമാകുകയും, മത്സ്യ – കക്ക സമ്പത്ത് കുറയുകയും ചെയ്യുന്നു. ജലജന്യ രോഗങ്ങൾ കണ്ടുവരുന്നു. തോടുകളിലും മറ്റും, പായലും, പോളയും നിറഞ്ഞ് സ്വാഭാവികമായുള്ള ഒഴുക്കിനെ തടസ്സപ്പെടുത്തുന്നു. ഇത്തരത്തിൽ കായലുകളും,, നദികളും ഉൾപ്പെടുന്ന ജല ശൃംഖലയുടെ സംരക്ഷണത്തിനും, പരിപോഷണത്തിനും സർക്കാർ തലത്തിൽ നയരൂപീകരണവും, നിയമ നിർമ്മാണവും അത്യന്താപേക്ഷിതമാണ്.

2011–ൽ മണ്ണ് പര്യവേഷണ – മണ്ണ് സംരക്ഷണ വകുപ്പ് തയ്യാറാക്കിയ ആലപ്പുഴ ജില്ലയുടെ വാട്ടർഷെഡ് അറ്റ്ലസ് പ്രകാരം ജില്ലയെ 229 ചെറു നീർത്തടങ്ങളായി തിരിച്ചിട്ടുണ്ട്. ഈ വാട്ടർഷെഡുകളിൽ വിവിധതരത്തിലുള്ള മണ്ണ്സംരക്ഷണ പ്രവർത്തനങ്ങൾ ആവശ്യമാണ്. ഇവയിൽ 79 എണ്ണം അതീവ മുൻഗണന ആവശ്യമുള്ള 45288 ഹെക്ടർ വിസ്തൃതിയുള്ള പ്രദേശങ്ങളാണ്. ബാക്കിയുള്ള 81359 ഹെക്ടർ വിസ്തൃതിയുള്ള 150 വാട്ടർഷെഡുകൾ മിതമായ പദ്ധതി പ്രവർത്തനങ്ങൾ ആവശ്യമുള്ളവയുമാണ്.

തീരദേശ ജില്ലയായ ആലപ്പുഴയിൽ ഉയർന്ന പ്രദേശങ്ങൾ വളരെക്കുറവാണ്. ആ പ്രദേശങ്ങളിൽ മാത്രമെ നിർത്തടം എന്ന ആശയം ഫലവത്തായി പ്രയോജനപ്പടുത്താൻ കഴിയൂ.

മഴയെ അതാതിടങ്ങളിൽ കഴിയുന്നത്ര സംഭരിക്കുന്നതിന് നീർക്കുഴികൾ, ഡഗ് ഔട്ട് പോണ്ട്, തടമെടുക്കൽ എന്നീ പ്രവർത്തനങ്ങൾ ഈ പ്രദേശങ്ങളിൽ ഉപയോഗപ്പെടുത്താവുന്നതാണ്. മറ്റ് നിരപ്പായ പ്രദേശങ്ങളിൽ അതാത് പ്രാദേശിക അടിസ്ഥാനത്തിലുള്ള പ്രശ്നപരിഹാര മാർഗ്ഗങ്ങളാണ് അവലംബിക്കേണ്ടത്. ഇടനാട് പ്രദേശങ്ങളെ അപേക്ഷിച്ച് ഇവിടങ്ങളിൽ ഉയർന്ന ഭൂഗർഭ ജലവിതാനം ഉണ്ട്. എങ്കിലും ഭൂരിഭാഗവും ഉപ്പുകലർന്നതോ, ഗുണനിലവാരം കുറഞ്ഞതോ ആയ ജലമാണ്. ഇതിനായി മഴവെള്ള സംഭരണികൾ പ്രോൽസാഹിപ്പിക്കേണ്ടതാണ്.

മണ്ണ് പര്യവേഷണ-മണ്ണ് സംരക്ഷണ വകുപ്പ് തയ്യാറാക്കിയ ജില്ലാ മണ്ണ് പര്യവേഷണ റിപ്പോർട്ട് അനുസരിച്ച് ആലപ്പുഴ ജില്ലയിൽ ആലപ്പുഴ സീരിസ്, പുന്നപ്ര സീരിസ്, പുറക്കാട് സീരിസ്, ചമ്പക്കുളം സീരിസ്, മാന്നാർ സീരിസ് എന്നിങ്ങനെ 5 ബെഞ്ച്മാർക്ക് ശ്രേണിയിലുള്ള മണ്ണാണുള്ളത്. ശ്രേണി എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് മണ്ണിന്റെ വ്യത്യസ്ത സ്വഭാവങ്ങൾ മനസ്സിലാക്കുന്നതിനായി വ്യത്യസ്ത ഭൂപ്രകൃതികളിൽ ഓരോന്നിലും വിശദമായ പഠനം നടത്തി സമാന രാസ-ഭൌതിക സ്വഭാവം ഉള്ളവയെ ഒരു മണ്ണ് ശ്രേണിയായി തിട്ടപ്പെടുത്തുന്നതിനെയാണ്. സമാന സ്വഭാവമുള്ള മൂന്നോ, നാലോ മണ്ണ് ശ്രേണികളെ ഒരു അസ്സോസിയേഷനിൽ ഉൾപ്പെടുത്തുന്നു. ഇത്തരത്തിൽ മണ്ണിനെ നാമകരണം ചെയ്യുന്നത് അവ കാണപ്പെടുന്ന സ്ഥലത്തിന്റെ അടിസ്ഥാനത്തിലാണ്.

ജില്ലയിലെ മണ്ണിന്റെ ആഴം അടിസ്ഥാനമാക്കി മൂന്ന് വിഭാഗത്തിൽപ്പെട്ട പ്രദേശങ്ങളുണ്ട്. ആയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | മണ്ണിന്റെ ആഴം | കാണപ്പെടുന്ന പഞ്ചായത്തുകൾ |
|---|---|---|
| 1 | 75 സെ.മീ. – 100 സെ.മീ | മുളക്കുഴ പഞ്ചായത്ത് |
| 2 | 100 സെ.മീ – 150 സെ.മീ. | ആല, വെൺമണി, ന്യൂറനാട്, പാലമേൽ, മാവേലിക്കര, താമരക്കുളം, ചെറിയനാട്, പഞ്ചായത്തുകൾ |
| 3 | 150 സെ.മീ.നേക്കാൾ കൂടുതൽ | ബാക്കിയുള്ള 66 പഞ്ചായത്തുകൾ |

*( ഉറവിടം:- ജില്ലാ മണ്ണ്പര്യവേഷണ റിപ്പോർട്ട്)*

**ജില്ലയിലെ മണ്ണിനങ്ങൾ**

| ക്രമ നം. | തരം | കാണപ്പെടുന്ന താലൂക്കുകൾ |
|---|---|---|
| 1 | ചെളികലർന്ന മണൽ | കാർത്തികപ്പള്ളി, മാവേലിക്കരയുടെ ചില ഭാഗങ്ങൾ |
| 2 | മണൽ | ചേർത്തല, അമ്പലപ്പുഴ |
| 3 | പശിമയുള്ള കളിമണ്ണ് | കുട്ടനാട് |
| 4 | വെട്ടുകൽ മണ്ണ് | ചെങ്ങന്നൂർ, മാവേലിക്കരയുടെ ചില ഭാഗങ്ങൾ |

*(ഉറവിടം:- www.keralaagriculture.gov.in)*

ജില്ലയിൽ തീരദേശ മണ്ണ്, എക്കൽ മണ്ണ്, കരിമണ്ണ്, വെട്ടുകൽ മണ്ണ് എന്നിവ കാണുന്നു. ഇതിൽ കുട്ടനാട് കാണപ്പെടുന്ന മണ്ണ് അമ്ലത കൂടിയതും, പോഷകമൂല്യം കുറവുള്ളതുമാണ്. ചേർത്തല താലൂക്ക് സിലിക്ക മണ്ണിന്റെ സ്രോതസ്സാണ് .

# ഭൂഗർഭജലം

## ഭൂഗർഭ ജലത്തിന്റെ വിശദാംശങ്ങൾ ( as on 2011 )

| ക്രമ നം. | ഇനം | മില്യൺ ക്യൂബിക് മീറ്റർ |
|---|---|---|
| 1 | ആകെ വാർഷിക റീചാർജ് | 483.75 |
| 2 | വാർഷിക ലഭ്യത | 452.90 |
| 3 | ആകെ ഉപയോഗിക്കാവുന്നത് | 130.32 |
| 4 | ഭാവിയിലെ ജലസേചനത്തിനുള്ള ലഭ്യത | 319.27 |
| 5 | ഭൂഗർഭ ജല വികസനം | 28.78 % |

**വാർഷിക ഭൂഗർഭ ജല റീചാർജ്ജ്**

| ക്രമ നം. | സ്രോതസ്സ് | മില്യൺ ക്യൂബിക് മീറ്റർ |
|---|---|---|
| 1 | കാലവർഷം | 304.07 |
| 2 | കാലവർഷമല്ലാത്ത മറ്റുള്ളവ | 1.48 |
| 3 | വേനൽമഴ | 73.00 |
| 4 | വേനൽക്കാലത്തെ മറ്റ് സ്രോതസ്സുകൾ | 108.69 |
| 5 | ആകെ റീചാർജ്ജ് | 486.46 |
| 6 | ഭൂഗർഭ ജല ലഭ്യത ( Net) | 452.90 |

*(ഉറവിടം:- Land Resourses of Kerala, KSLUB)*

### മഴവെള്ള ലഭ്യത

***( % വ്യതിയാനം) 6/15 മുതൽ 9/16 വരെ)***

| | |
|---|---|
| വടക്കുകിഴക്ക് മൺസൂൺ ( October - December) | 20 |
| വിന്റർ ( June - February) | 28 |
| പ്രീ മൺസൂൺ ( March - May) | -23 |
| തെക്ക് പടിഞ്ഞാറ് മൺസൂൺ ( June - September) | -35 |

*(ഉറവിടം:- സാമ്പത്തിക അവലോകനം 2016)*

ജില്ലയിലെ ഭൂഗർഭ ജലത്തിന്റെ വാർഷിക ലഭ്യത 452.90 മില്യൺ ക്യൂബിക് മീറ്ററാണ്. ഭാവിയിലെ ലഭ്യത 319.27 മി.ക്യു.മീ. ആണ്. എന്നാൽ ഉപയോഗിക്കാവുന്നത് 130.32 മില്യൺ ക്യൂബിക് മീറ്റർ മാത്രമാണ്. ഈ വിടവ് പരിഹരിക്കുന്നതിനായി സാദ്ധ്യമായ പ്രദേശങ്ങളിൽ തൽസ്ഥല ജല സംരക്ഷണം നടപ്പിലാക്കേണ്ടതാണ്.

കൂടാതെ ശുചിത്വ കുറവ് മൂലവും, താഴ്ന്ന ഭൂഗർഭ വിതാനം മൂലവും, ഭൂഗർഭ ജലം ഭൂരിഭാഗം പ്രദേശങ്ങളിലും മലിനമാക്കപ്പെട്ടിരിയ്ക്കുന്നു. കൂടാതെ ഉയർന്ന ഫ്ലൂറൈഡിന്റെ അംശവും കണ്ടുവരുന്നു. ഇക്കാരണം കൊണ്ടുതന്നെ ഭൂഗർഭ ജലത്തിലേയ്ക്കുള്ള സംഭരണത്തിനേക്കാൾ മെച്ചപ്പെട്ടത് ടാങ്കുകളിലുള്ള മഴവെള്ള സംഭരണവും, നേരിട്ടുള്ള ഉപയോഗവും ആണ്. ഇടനാട് പ്രദേശങ്ങളിൽ ഭൂഗർഭ ജല സംഭരണം നടത്താവുന്നതുമാണ്. കാലാകാലങ്ങളിലുള്ള മടവീഴ്ചയും, അതുമൂലമുള്ള കൃഷി നാശവുമാണ് കുട്ടനാടൻ പാടശേഖരങ്ങളിലെ പ്രധാന പ്രശ്നം. വേനൽക്കാലത്ത് ഉപ്പുവെള്ളം കയറുന്നത് കൃഷിക്ക് അനുയോജ്യമല്ലാത്ത അവസ്ഥയാണ്. കരിനിലങ്ങളിൽ ഉപരിതല നീർവാർച്ച സൌകര്യങ്ങളും അത്യാവശ്യമാണ്.

## വികസന വിടവ് /പോരായ്മകൾ

കായലുകൾ, നദികൾ, തോടുകൾ, കുളങ്ങൾ എന്നീ ജല സ്രോതസ്സുകളുടെ മലീനീകരണവും, കൈയ്യേറ്റങ്ങളും, അനിയന്ത്രിതമായ മണലൂറ്റും, എക്കൽ അടിയുന്നതുമൂലം ആഴം കുറയുകയും, നീരൊഴുക്ക് തടസ്സപ്പെടുകയും ചെയ്യുക. പ്രകൃതിദത്ത അതിരുകൾ കണക്കിലെടുക്കാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അതിർത്തി/റോഡ് എന്നിവയുടെ അടിസ്ഥാനത്തിൽ (അശാസ്ത്രീയമായ നീർത്തട ത്രുപരേഖ ലേഖനം (delineation)) മൂലം നീർത്തടം എന്ന ആശയം (concept) ഫലവത്താകുന്നില്ല. പ്രകൃതിയുടെ ഏറ്റവും വലിയ ജല സംഭരണിയായി വർത്തിക്കുന്ന മണ്ണിൽ അശാസ്ത്രീയ ഇടപെടലുകളായ മലയിടിച്ചിൽ, ഖനനം, സിലിക്ക മണലിന്റെ നീക്കം ചെയ്യൽ എന്നിവ മൂലം സഞ്ചലിതാവസ്ഥ നഷ്ടപ്പെടുകയും, ഭ്രഗർഭ ജലത്തിന്റെ സംഭരണം കുറയുന്നതായും കാണപ്പെടുന്നു. ശുദ്ധജല സ്രോതസ്സായ മഴവെള്ളത്തിന്റെ സംഭരണത്തിന്റേയും, ഉപയോഗത്തിന്റേയും പ്രാധാന്യം ജനങ്ങളുടെ അവബോധം ഇല്ലായ്മ മൂലം ശ്രദ്ധിക്കപ്പെടാതെ പോകുന്നു. അതുമൂലം ശുദ്ധജല ദൌർലഭ്യം നേരിടുന്നു. ജലസംഭരണത്തിലുള്ള ഈ അലംഭാവം ഭ്രഗർഭ ജലത്തിന്റെ ഗുണമേന്മ കുറവായ ആലപ്പുഴ ജില്ലയിൽ കൂടുതൽ പ്രസക്തമാണ്.

കൃഷിഭ്രമിയുടെ തുണ്ടുവൽക്കരണം, അശാസ്ത്രീയമായ കൃഷി രീതികൾ, കാർഷിക രീതിയിലുള്ള വ്യതിയാനം, നെൽപ്പാടം നികത്തൽ, കാർഷിക മേഖലയോടുള്ള വിരക്തി, കാർഷികേതര വിളകളിലേക്കുള്ള ചുവട് മാറ്റം, നെൽപ്പാടങ്ങളിലെ വർഷം മുഴുവനുമുള്ള മീൻ വളർത്തൽ എന്നിവ മൂലം മണ്ണിന്റെ ഘടനയും, ജലത്തിന്റെ ഗുണമേന്മയും ജലസംഭരണ ശേഷിയും സാരമായി ബാധിച്ചിട്ടുണ്ട്. ഓരുവെള്ളം കയറുന്നതും, വെള്ളപ്പൊക്കം മൂലവും വിളനാശവും, ശുദ്ധജല ദൌർലഭ്യവും, സാമൂഹികമായ പിന്നോക്കാവസ്ഥ ഉണ്ടാവുകയും ജനജീവിതം ദുസ്സഹമാവുകയും ചെയ്യുന്നു.

## ലക്ഷ്യങ്ങൾ

മണ്ണിന്റെ ആരോഗ്യം നിലനിർത്തി കൃഷിയെ സംരക്ഷിച്ച് ആരോഗ്യമുള്ള ഭക്ഷണം ഉണ്ടാക്കാനുതകുന്ന തരത്തിലുള്ള പദ്ധതികളും, പ്രവർത്തനങ്ങളുമാണ് മണ്ണ് പര്യവേഷണ – മണ്ണുസംരക്ഷണ വകുപ്പ് നടപ്പിലാക്കുന്നത്. ഭ്രവിഭവങ്ങളെ ശാസ്ത്രീയമായി സംരക്ഷിക്കുകയും, പരിപോഷിപ്പിക്കുകയും, വിനിയോഗിക്കുകയും ചെയ്തുകൊണ്ട് സ്ഥായിയായ വികസനം കൈവരിക്കുവാനുള്ള പദ്ധതികളാണ് നടപ്പിലാക്കുന്നത്. ജില്ലയുടെ താഴ്ന്ന പ്രദേശങ്ങളിലേയും, കൃഷിഭ്രമികളിലേയും വെള്ളക്കെട്ട് ഒഴിവാക്കുന്നതിനുള്ള പദ്ധതികളും, ഇടനാട് പ്രദേശങ്ങളിലെ നീർത്തട പരിപാലന പദ്ധതികളും, ജലസ്രോതസ്സുകളെ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള പദ്ധതികളും വകുപ്പുവഴി നടപ്പിലാക്കിവരുന്നു. ഇതോടൊപ്പം പാടശേഖരങ്ങളുടെ അടിസ്ഥാന സൌകര്യ വികസനത്തിനായുള്ള പദ്ധതികളും, ഭ്രഗർഭ ജല പരിപോഷണത്തിനുള്ള കിണർ റീചാർജ്ജിംഗ്, മഴവെള്ള സംഭരണി നിർമ്മാണം എന്നിവയും നടപ്പിലാക്കിവരുന്നു.

കാർഷിക വികസന പദ്ധതികൾ നടപ്പിലാക്കുമ്പോൾ കൃഷിവകുപ്പും, ജലവിഭവ വകുപ്പുമായുള്ള ഏകോപന സാദ്ധ്യതകൾ പരിഗണിക്കേണ്ടതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ എം.എൻ.ആർ.ഇ.ജി.എസുമായി സഹകരിച്ച് പദ്ധതികൾ നടപ്പിലാക്കാവുന്നതാണ്. മണ്ണ് സംരക്ഷണ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളിൽ സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്ത് സംരക്ഷിക്കേണ്ടതാണ്.

## കാഴ്ചപ്പാട്

കേരളത്തിന്റെ സുസ്ഥിര വികസനം ഉറപ്പാക്കുന്നതിനുവേണ്ടി ആവിഷ്കരിച്ച നവകേരളം കർമ്മപദ്ധതിയിലെ ഏറ്റവും പ്രധാന മിഷനായ ഹരിതകേരളം മിഷന്റെ ലക്ഷ്യങ്ങൾ നിറവേറ്റുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്ന ജല സംരക്ഷണ (ജലസമൃദ്ധി) പ്രവർത്തനങ്ങളുടെ ആസൂത്രണവും നിർവ്വഹണവും നീർത്തടാടിസ്ഥാനത്തിൽ നടത്തി ജലലഭ്യതയും ഉല്പാദന ക്ഷമതയും ഉറപ്പുവരുത്തുകയാണ്. കൂടാതെ പുതിയ ജല സംരക്ഷണ വിനിയോഗ സംസ്കാരവും ജല സാക്ഷരതയും ജനങ്ങളിൽ വളർത്തിയെടുക്കുക, ജലസുരക്ഷയും പാരിസ്ഥിതിക സുരക്ഷയും ഭാവിതലമുറയ്ക്ക് ഉറപ്പാക്കുക, നിലവിലുള്ള ജലസ്രോതസുകളുടെ നവീകരണവും, ശുദ്ധീകരണവും വിനിയോഗവും, സുസ്ഥിര പരിപാലനവും ഉറപ്പാക്കുക എന്നിവ ലക്ഷ്യമിടുന്നു.

കിണറുകളുടെ ശുചീകരണവും, മഴവെള്ള റീചാർജിങ്ങും നടപ്പാക്കുക, മഴവെള്ളം പരമാവധി മണ്ണിലേയ്ക്ക് ഇറങ്ങുംവിധം അനുയോജ്യമായ സാങ്കേതിക വിദ്യകൾ പ്രയോഗിക്കുക, ജലത്തിന്റെ വ്യാവസായ-ഗാർഹിക ദുർവ്യയം കുറയ്ക്കുക, ജല ബജറ്റിംഗ്, ഓഡിറ്റിംഗ് നടപ്പാക്കുക, മണ്ണിന്റെ ആഴം, ഘടന, മണ്ണൊലിപ്പ് എന്നിവ അടിസ്ഥാനമാക്കി ജൈവസമ്പത്ത് സംരക്ഷിക്കുകയും, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലൂടെ ജലസംരക്ഷണം ഉറപ്പാക്കുകയും ചെയ്യുക എന്നിവയാണ് പ്രാധാന്യം നൽകുവാൻ ഉദ്ദേശിക്കുന്നത്.

മാലിന്യം നിക്ഷേപിച്ച് ഒഴുക്ക് നിലച്ച തോടുകളും, കനാലുകളും പുനരുജ്ജീവിപ്പിക്കുക, ഗ്രാമപഞ്ചായത്ത് തലത്തിൽ ചെറു നീർത്തടങ്ങൾ വേർതിരിച്ചുള്ള വിവരശേഖരണം നടത്തി നീർത്തടപ്ലാനുകൾ തയ്യാറാക്കി ബ്ലോക്ക് പരിധിക്കകത്തുള്ള ചെറു നീർത്തടങ്ങളെ അടിസ്ഥാന യൂണിറ്റായി എടുത്ത് മുൻഗണനാക്രമത്തിൽ പദ്ധതികൾക്ക് രൂപം നൽകുന്നതിനാണ് നിശ്ചയിച്ചിട്ടുള്ളത്. മണ്ണ്, ജലം, ജൈവ സമ്പത്ത് എന്നീ അമൂല്യങ്ങളായ പ്രകൃതി വിഭവങ്ങളുടെ ശാസ്ത്രീയമായ വിവര ശേഖരണം നടത്തുകയും, മണ്ണിന്റെ ഘടന, രാസ - ഭൌതിക സ്വഭാവങ്ങൾ, കഴിവുകൾ പരിമിതികൾ എന്നിവ കൃത്യമായി മനസ്സിലാക്കി അതിന്റെ അടിസ്ഥാനത്തിൽ ആ പ്രദേശത്തിന്റെ സുസ്ഥിര വികസനത്തിനായുള്ള വികസന പദ്ധതികളും വിവിധ മണ്ണ് - ജല സംരക്ഷണ പദ്ധതികളും ശാസ്ത്രീയമായി നടപ്പിലാക്കേണ്ടതാണ്.

ജില്ലയിൽ നബാർഡിന്റെ സാമ്പത്തിക സാഹായത്തോടെയുള്ള മണ്ണ് ജല സംരക്ഷണ പദ്ധതി (ആർ.എ.ഡി.എഫ്) കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി പരിസ്ഥിതി പുനരുജ്ജീവന ത്തിനുള്ള കുളങ്ങളുടെ പുനരുദ്ധാരണം, ദേശീയ നീർമറി വികസന പദ്ധതി, ജില്ലാ പഞ്ചായത്ത് പദ്ധതികൾ എന്നിവ മുഖേനയാണ് മണ്ണ് - ജല സംരക്ഷണ പ്രവർത്തികൾ നടപ്പിലാക്കി വരുന്നത്. എന്നാൽ ഈ പദ്ധതികളിലെല്ലാം തന്നെ അംഗീകരിക്കപ്പെട്ട പദ്ധതി പ്രദേശത്തു മാത്രമെ മണ്ണ് ജല സംരക്ഷണ പ്രവർത്തികൾ നടപ്പിലാക്കാൻ കഴിയൂ. ആയതിനാൽ മഴ, വെള്ളപ്പൊക്കം തുടങ്ങിയ പ്രകൃതിക്ഷോഭം മൂലമോ, അശാസ്ത്രീയമായ ഇടപെടലുകൾ മൂലമോ വ്യക്തിക്കോ, വ്യക്തികൾക്കോ ഉണ്ടാകുന്ന അടിയന്തിരമായി പരിഹരിക്കപ്പെടേണ്ടുന്ന പ്രശ്നങ്ങൾക്ക് വകുപ്പു തലത്തിൽ പരിഹാരം കാണുവാൻ സാധിക്കുന്നില്ല. അത്തരത്തിൽ വിനിയോഗിക്കപ്പെടുവാനുള്ള കണ്ടിജന്റ് ഫണ്ട് വകുപ്പിന് അനുവദിക്കപ്പെടേണ്ടതാണ്.

141400 ഭൂവിസ്തൃതിയുള്ള ജില്ലയിൽ ഭൂവിനിയോഗം 105158 ഹെക്ടർ ആണ്. ഇതിൽ 20,000 ഹെക്ടറിൽ മണ്ണ് -ജല സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. ബാക്കിയുള്ളവയിൽ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി മണ്ണ് - ജല സംരക്ഷണ പദ്ധതികൾ നടപ്പാക്കേണ്ടതാണ്.

## പരിഹാര നിർദ്ദേശങ്ങൾ

പ്രകൃതി വിഭവ സംരക്ഷണം അതിപ്രധാനമാണ്. പ്രകൃതി വിഭവങ്ങളായ മണ്ണ്, ജലം, സസ്യ സമ്പത്ത്, എന്നിവ പരസ്പര പൂരകങ്ങളാണ്. മനുഷ്യന്റെ പ്രകൃതിയുടെമേലുള്ള കടന്നാക്രമണം ഇവയ്ക്ക് ദോഷം ചെയ്യുകയും, ജീവന്റെ നിലനില്പിനുതന്നെ ഭീഷണിയാവുകയും പ്രശ്നങ്ങൾ ഉയർന്നുവരികയും ചെയ്യുന്നു. അതിന് ശാസ്ത്രീയമായ ആസൂത്രണവും, നിർവ്വഹണവും അത്യന്താപേക്ഷിതമാണ്. പ്രകൃതിവിഭവങ്ങൾ ശാസ്ത്രീയമായി പരിപാലിക്കുന്നതിലേയ്ക്കായി അപ്പർ കുട്ടനാട്, ഓണാട്ടുകര എന്നിവിടങ്ങളിൽ സംയോജിത നീർത്തട അടിസ്ഥാനത്തിൽ ശാസ്ത്രീയമായി ഗ്രാമപഞ്ചായത്ത് തലത്തിൽ ചെറുനീർത്തടങ്ങൾ തിരിച്ച് വികസന പരിപാടികൾ തയ്യാറാക്കി ബ്ലോക്ക് അടിസ്ഥാനത്തിൽ ക്രോഡീകരിച്ച് മുൻഗണനാക്രമത്തിൽ കർമ്മ പരിപാടികൾ നിർവ്വഹിക്കാവുന്നതാണ്. സമതലങ്ങൾ, തീരപ്രദേശങ്ങൾ, വെള്ളക്കെട്ടുകൾ തുടങ്ങിയ പ്രത്യേക പ്രശ്ന മേഖലകളിൽ വാട്ടർഷെഡ് അടിസ്ഥാനത്തിൽ പ്രകൃതിവിഭവ പരിപാലന പ്രവർത്തനങ്ങൾക്ക് പ്രസക്തി വളരെ കൂറവാണ്. പ്രശ്നമേഖല പ്രദേശങ്ങളെ വിവിധ യൂണിറ്റ്/ ബ്ലോക്ക് ആയി തിരിച്ച് നീർവാർച്ചയ്ക്ക് സഹായകമായ പ്രവർത്തനങ്ങൾ അവലംബിക്കേണ്ടതാണ്. ചാലുകളുടെ പാർശ്വങ്ങളിൽ കൽക്കെട്ട്, കോൺക്രീറ്റ്, പരിസ്ഥിതി സൌഹാർദമായ സസ്യോപാധികൾ, കയർഭൂവസ്ത്രം എന്നിവ ഉപയോഗിച്ച് പാർശ്വസംരക്ഷണം നടപ്പിലാക്കി സംരക്ഷിക്കാവുന്നതാണ്.

നമ്മുടെ സംസ്ഥാനത്ത് ജലത്തിന്റെ പ്രധാന സ്രോതസ്സ് മഴയാണ്. മഴയിലൂടെ ലഭ്യമാകുന്ന ജലത്തെ നഷ്ടമാകാതെ സംഭരിക്കുന്നതിന് അനുയോജ്യമായ സംഭരണിയാണ് ഭൂമി. ഈ മണ്ണിലേയ്ക്ക് മഴക്കാലത്ത് ലഭ്യമാകുന്ന ജലത്തെ സംഭരിക്കുവാൻ ജലത്തിന്റെ നീതിപൂർവ്വമായ വിനിയോഗത്തിനുവേണ്ട പ്രവർത്തനങ്ങൾ ആവശ്യമാണ്. ജലം ഭൂതലത്തിലെ മൺപാളികളിലും, ഭൂഗർഭ പാളികളിലും സംരക്ഷിക്കപ്പെട്ടെങ്കിൽ മാത്രമേ ഉറവകളായും മറ്റുരീതികളിലും ക്രമാനുഗതമായ ഉപയോഗത്തിന് ലഭ്യമാകുകയുള്ളൂ. ഉപരിതലത്തിലൂടെ വെള്ളത്തിന്റെ ഒഴുക്ക് വളരെ വേഗത്തിലുള്ളതാണ്. ഈ ഒഴുക്കിനെ ശാസ്ത്രീയ പ്രവർത്തനങ്ങളിലൂടെ ദീർഘിപ്പിച്ച് ഭൂമിയിലേയ്ക്ക് കിഴിഞ്ഞിറങ്ങി സംഭരണശേഷി കൂട്ടാവുന്നതാണ്. ജലക്ഷാമവും, ജലമലിനീകരണവും തടയുന്നതിന് പ്രാദേശികാടിസ്ഥാനത്തിൽ കുളങ്ങൾ, കനാലുകൾ, കിണറുകൾ എന്നിവ പുനരുജ്ജീവിപ്പിക്കുന്നതിനും, നിലനിർത്തുന്നതിനും പദ്ധതി തയ്യാറാക്കണം. നീർച്ചാലുകളിലൂടെ ഒഴുകി എത്തുന്ന ജലത്തെ സമീപപ്രദേശങ്ങളിലെ നിരപ്പായ പ്രദേശത്ത് ഉപരിതല സംഭരണികൾ നിർമ്മിച്ച്, സംഭരിച്ച് ഉപയോഗപ്പെടുത്താവുന്നതാണ്.

മഴയെ അതാതിടങ്ങളിൽ കഴിയുന്നത്ര സംഭരിക്കുന്നതിന് നിർക്കുഴികൾ, ഡഗ്ഗ്ഔട്ട് പോണ്ടുകൾ, തടമെടുക്കൽ എന്നീ പ്രവർത്തനങ്ങൾ വഴി നടപ്പിലാക്കാം. ഇടനാടുകളിലെ ചെറുനീർച്ചാലുകളിൽ തടയണകൾ നിർമ്മിച്ച് ഭൂഗർഭ ജലം പരിപോഷിപ്പിക്കുവാൻ വേണ്ടുന്ന പദ്ധതികൾ ഉൾപ്പെടുത്തണം. ഈ പ്രവർത്തനം വഴി പ്രധാന ചാലുകളിലെ ജലനിരപ്പ് വർദ്ധിപ്പിക്കുവാനും, എല്ലാ സീസണിലും ജലത്തിന്റെ ഒഴുക്ക് നിലനിർത്തുവാനും സാധിക്കും. സമുദ്ര നിരപ്പിൽ നിന്നും താഴ്ന്നകിടക്കുന്ന പ്രദേശങ്ങളിലെ നീർച്ചാലുകളിലേയ്ക്ക് ഉപ്പുവെള്ളം കയറുകയും, കാർഷിക വിളനാശവും, ജലത്തിൽ ഉപ്പിന്റെ അംശം വർദ്ധിച്ച് ഉപയോഗ ശൂന്യമാവുകയും ചെയ്യുന്നു. ഇത് തടയുന്നതിന് തീരദേശ മേഖലകളിൽ കായലിൽ ചേരുന്ന നീർച്ചാലുകളിൽ ഓരുമുട്ട് നിർമ്മിച്ച് സുരക്ഷിതമാക്കാവുന്നതാണ്. കിണർ റീച്ചാർജ്ജിംഗ് പദ്ധതികൾ, മഴവെള്ള സംഭരണികൾ എന്നിവ പ്ലാനിൽ ഉൾപ്പെടുത്തേണ്ടതാണ്.

പാടശേഖരങ്ങളുടെ അടിസ്ഥാന സൌകര്യങ്ങൾ വികസിപ്പിക്കുകയും, അതുവഴി ഉത്പാദനക്ഷമത വർദ്ധിപ്പിക്കുവാനും സാധിക്കുന്നു. പാടശേഖരങ്ങളിലേയ്ക്ക് വെള്ളം, കയറ്റുവാനും, ഇറക്കുവാനും ആവശ്യമായ സ്ലൂയിസുകളുടേയും, എഞ്ചിൻ തറകളുടേയും നിർമ്മാണം ആവശ്യമാണ്. പാടശേഖരങ്ങളുടെ തകർന്നു കിടക്കുന്ന ബണ്ടുകൾ ശക്തിപ്പെടുത്തുകയും, ഉയർത്തുകയും ചെയ്യേണ്ടതാണ്. പാടശേഖരങ്ങളിലേയ്ക്ക് സാധന സാമഗ്രികൾ എത്തിക്കുന്നതിനും, കാർഷിക ഉല്പന്നങ്ങൾ കൊണ്ടുപോകുന്നതിനും ആവശ്യമായ ഫാം റോഡുകൾ നിർമ്മിക്കേണ്ടതും ആവശ്യമാണ്. കൃഷിയ്ക്ക് വേണ്ട യന്ത്രസാമഗ്രികൾ പാടശേഖരങ്ങളിലേയ്ക്ക് ഇറക്കുന്നതിന് ആവശ്യമായ റാമ്പുകളുടെ നിർമ്മാണവും ആവശ്യമാണ്. കൃഷിയ്ക്ക് ഉപയോഗപ്പെടുത്തുവാൻ കഴിയാത്ത തരിശുകിടക്കുന്ന പാടശേഖരങ്ങളുടെ പുറംഭിത്തി ബലപ്പെടുത്തി മറ്റ് കൃഷികൾക്ക് ഉപയോഗപ്പെടുത്തുകയും, താഴ്ന്നപ്രദേശങ്ങൾ മത്സ്യകൃഷിക്കോ, ശുദ്ധജല സ്രോതസ്സായോ ഉപയോഗപ്പെടുത്താവുന്നതാണ്. അതുമൂലം പ്രദേശം മാലിന്യമുക്തമാവുകയും സമീപ പ്രദേശങ്ങളിലെ ജലലഭ്യത ഉറപ്പുവരുത്തുവാനും സാധിക്കും.

വർഷകാലത്ത് ലഭ്യമാകുന്ന മഴവെള്ളം കുടിവെള്ളമായി ഉപയോഗിക്കുവാൻ അനുയോജ്യമാണ്. ഇത് സൂര്യപ്രകാശം ഏൽക്കാതെ സംഭരിച്ചാൽ ഒരു വർഷത്തിലേറെ ഉപയോഗപ്രദമായി സൂക്ഷിക്കുവാൻ സാധിക്കും. ആലപ്പുഴ ജില്ലയുടെ ഭൂരിഭാഗം പ്രദേശങ്ങളിലും ശുദ്ധജല ലഭ്യത കുറവാണ്. വെള്ളത്താൽ ചുറ്റപ്പെട്ട് കിടക്കുന്നു എങ്കിലും ലഭ്യമായ ജലം ഉപയോഗപ്രദമല്ല. ഇവയ്ക്ക് പരിഹാരമായി ലഭ്യമാകുന്ന മഴവെള്ളം ശുദ്ധീകരിച്ച് സംഭരിക്കുവാൻ മേൽക്കൂരകളിൽ നിന്ന് ജലസംഭരണികളിലേയ്ക്കും, കിണറുകളിലേയ്ക്കും തിരിച്ചുവിടാവുന്നതാണ്.

ചെങ്ങന്നൂർ, മാവേലിക്കര താലൂക്കുകളിൽപ്പെട്ട ഇടനാട് പ്രദേശത്തെ വെട്ടുകല്ലുമണ്ണ് ഭൂഗർഭ ജലത്തിനെ സംഭരിക്കുവാൻ കഴിവുള്ളതാണ്. ആയതിനാൽ ഈ പ്രദേശങ്ങളിൽ ശാസ്ത്രീയമായ മണ്ണ്-ജല സംരക്ഷണ പ്രവർത്തനം നടത്തുന്നതുവഴി പരമാവധി മഴവെള്ളം ഭൂമിയിലേയ്ക്ക് സംഭരിക്കുവാൻ സാധിക്കും. മറ്റു പ്രദേശങ്ങളിൽ ഭൂഗർഭ ജലത്തിന്റെ ഗുണനിലവാരം കുറവായതിനാൽ മഴ നേരിട്ട് ഉപയോഗപ്പെടുത്തുവാനും വർഷകാലത്ത് സംഭരിച്ച ജലം വേനൽക്കാലത്ത് ഉപയോഗിക്കുവാനും പ്രോൽസാഹിപ്പിക്കേണ്ടതാണ്. ശാസ്ത്രീയമായ മണ്ണ്-ജല പരിപാലനം സമഗ്ര വികസനത്തിന് മുന്നോടിയാണ്. മണ്ണ് സംരക്ഷണവുമായി ബന്ധപ്പെട്ട് ഈ ജില്ലയിലെ കാർഷിക മേഖല നേരിടുന്ന പ്രശ്നങ്ങളെ ഇങ്ങനെ സംഗ്രഹിക്കാം.

## നിർദ്ദേശങ്ങൾ

### മേൽത്തട്ട്

- പൊതു ജലസ്രോതസ്സുകളുടേയും, തണ്ണീർത്തടങ്ങളുടേയും സംരക്ഷണവും, പരിപാലനവും ഉറപ്പാക്കുന്നതിനുള്ള നിയമ നിർമ്മാണം.
- ശാസ്ത്രീയമായ ഭൂവിനിയോഗം നിർബന്ധമാക്കുക.
- കെട്ടിടങ്ങളുടെ മേൽക്കൂരകളിൽ നിന്നുള്ള മഴവെള്ള സംഭരണം നിർബന്ധമാക്കുക.
- ശാസ്ത്രീയമായ നീർത്തട ഭൂപലേഖനം വകുപ്പ് മുഖേന നടത്തി പ്രസിദ്ധീകരിക്കുകയും, എല്ലാ വികസന പദ്ധതികളും നീർത്തടാടിസ്ഥാനത്തിൽ നടപ്പാക്കുന്നതിനുള്ള നയ രൂപീകരണം.
- മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾക്ക് വകുപ്പ് മുഖാന്തിരം വ്യക്തിഗതാനുകൂല്യം നൽകുന്നതിനുള്ള നയരൂപീകരണം.

- ജില്ലയിലെ ജലസ്രോതസ്സുകളിൽ ഓരുവെള്ളം നിയന്ത്രിക്കുന്നതിനുള്ള സ്ഥിരം സംവിധാനം.

**കീഴ്ക്കട്ട്**

- പ്രകൃതി വിഭവങ്ങൾ ശാസ്ത്രീയമായി പരിപാലിക്കുന്നതിലേയ്ക്കായി അപ്പർ കുട്ടനാട്, ഓണാട്ടുകര എന്നിവിടങ്ങളിൽ സംയോജിത നീർത്തടാടിസ്ഥാനത്തിൽ മുൻഗണനാ ക്രമത്തിൽ കർമ്മ പരിപാടികൾ നിർവ്വഹിക്കാവുന്നതാണ്.
- വീടുകളുടെ മേൽക്കൂരകളിൽ വീഴുന്ന മഴവെള്ളം കിണർ റീചാർജ്ജിംഗിനും ഫെറോ സിമന്റ് ടാങ്കിൽ കരുതി സൂക്ഷിക്കുന്നതിനും ഉതകുന്ന പ്രവർത്തനങ്ങൾ നടപ്പാക്കാവുന്നതാണ്.
- വേനൽക്കാലത്ത് കായലിൽനിന്നും മറ്റും ഉപ്പുവെള്ളത്തിന്റെ തള്ളിക്കയറ്റം തടയാനായി നീർച്ചാലുകളിലെ പ്രസക്തമായ ഭാഗങ്ങളിൽ ഓരുമുട്ട് വെന്റഡ് ക്രോസ്സാർ എന്നിവ നിർമ്മിക്കാവുന്നതാണ് .
- തരിശുകിടക്കുന്ന പാടശേഖരങ്ങളുടെ പുറംഭിത്തി ബലപ്പെടുത്തി താഴ്ന്ന ഭാഗത്ത് മത്സ്യകൃഷിക്കായോ, ശുദ്ധജല സംഭരണികളായോ ഉപയോഗപ്പെടുത്തുവാനുള്ള പ്രവർത്തനങ്ങൾ നടപ്പാക്കാവുന്നതാണ്.
- തീരപ്രദേശങ്ങളിൽ പ്രകൃതിദത്തമായ ജലസ്രോതസുകളെ പരമാവധി ആശ്രയിച്ച് (നീർത്തടത്തിന് സമാനമായ രീതിയിലുള്ള) പദ്ധതികൾ ആവിഷ്കരിക്കണം. ഓരുവെള്ളം തടയുന്നതിന് ഇത് സഹായകമാകും. കുളങ്ങൾ പരമാവധി സംരക്ഷിക്കുന്നതും ഓരുവെള്ളത്തെ തടഞ്ഞ് നിർത്തും.


# മൃഗസംരക്ഷണം

ആലപ്പുഴ ജില്ലയിലെ 17,000-ത്തോളം കുടുംബങ്ങളുടെ മുഖ്യ തൊഴിലും 49,000 ത്തോളം കുടുംബങ്ങളുടെ മുഖ്യ ഉപതൊഴിലും മൃഗസംരക്ഷണ മേഖലയുമായി ബന്ധപ്പെട്ടതാണ്. നെല്ലും തെങ്ങും സമൃദ്ധമായി വളരുന്ന ആലപ്പുഴയിൽ ഇവയ്ക്ക് ഒപ്പവും പരസ്പരം ആശ്രയിച്ചും മൃഗപരിപാലനം തുല്യപ്രാധാന്യത്തോടെ വളരുകയാണ്. കയറിന്റേയും കയറുല്പന്നങ്ങളുടേയും പെരുമ ലോകശ്രദ്ധയിൽ എത്തിച്ച ആലപ്പുഴ ജില്ല ജൈവകൃഷിരംഗത്തും മുന്നേറുകയാണ്. ജൈവകൃഷിയിലേക്ക് മടങ്ങിക്കൊണ്ടിരിക്കുന്ന കാർഷിക രംഗത്തിന് കന്നുകാലി പരിപാലനം ഒഴിച്ചുകൂടാൻ കഴിയാത്തതാണ്. ഒരു ജീവനോപാധി എന്ന നിലയിൽ മൃഗസംരക്ഷണ മേഖലയെ ആശ്രയിക്കുന്നവർ മുതൽ ഹൈടെക് ഫാമിന്റെ അനന്തസാധ്യതകൾ ഉപയോഗപ്പെടുത്തി പലവിധനേട്ടങ്ങൾ കൈവരിക്കുന്നവർ വരെ ഉൾപ്പെടുന്നതാണ് ഈ മേഖലയിലെ കർഷകർ പാൽ, മുട്ട, മാംസം എന്നിവയുടെ ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാൻ ജില്ലയിലെ മൃഗസംരക്ഷണ മേഖലാ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായും ഭൂപ്രകൃതിയ്ക്ക് അനുസൃതമായും ആസൂത്രണം ചെയ്ത് ക്രമീകരിക്കേണ്ടതുണ്ട്.

2012 കന്നുകാലി കാനേഷുമാരി കണക്കു പ്രകാരം ബ്ലോക്കു/മുൻസിപ്പാലിറ്റി തലത്തിലുള്ള പക്ഷിമൃഗാദികളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| ക്രമനം | ബ്ലോക്കുകൾ | പശു | എരുമ | ആട് | പന്നി | ആകെ | കോഴി | താറാവ് | മറ്റുള്ളവ | ആകെ |
|---|---|---|---|---|---|---|---|---|---|---|
| 1 | തൈക്കാട്ടുശ്ശേരി | 3402 | 503 | 3861 | 167 | 7914 | 15080 | 10578 | | 25658 |
| 2 | കഞ്ഞിക്കുഴി | 7273 | 426 | 6472 | 90 | 13606 | 30827 | 11104 | | 41931 |
| 3 | പട്ടണക്കാട് | 5306 | 970 | 5660 | 113 | 11690 | 19929 | 25331 | | 45260 |
| 4 | അമ്പലപ്പുഴ | 3585 | 225 | 2925 | 41 | 6769 | 28364 | 47214 | | 75578 |
| 5 | ആര്യാട് | 4106 | 257 | 2936 | 40 | 8357 | 20584 | 7032 | | 27616 |
| 6 | ചമ്പക്കുളം | 3955 | 372 | 3938 | 24 | 8277 | 46566 | 290010 | | 336576 |
| 7 | വെളിയനാട് | 2298 | 135 | 2934 | 0 | 5352 | 58979 | 65179 | | 124158 |
| 8 | ഭരണിക്കാവ് | 10925 | 694 | 7576 | 22 | 19256 | 72289 | 8049 | | 80308 |
| 9 | മാവേലിക്കര | 6624 | 330 | 3658 | 2 | 12148 | 44182 | 30114 | | 74296 |
| 10 | ഹരിപ്പാട് | 6631 | 639 | 3953 | 0 | 10736 | 46890 | 130213 | | 177103 |
| 11 | മുതുകുളം | 7079 | 741 | 2785 | 0 | 10848 | 60761 | 18339 | | 79100 |
| 12 | ചെങ്ങന്നൂർ | 9212 | 378 | 4795 | 67 | 13779 | 80855 | 6360 | | 87215 |
| 13 | ചേർത്തല | 1392 | 60 | 662 | | 2119 | 3693 | 1573 | | 5266 |
| | **നഗരസഭകൾ** | | | | | | | | | |
| 14 | ആലപ്പുഴ | 1096 | 75 | 1100 | 0 | 2276 | 14511 | 1923 | | 16434 |
| 15 | മാവേലിക്കര | 693 | 21 | 357 | | 1076 | 4778 | 457 | | 5235 |
| 16 | കായംകുളം | 1656 | 107 | 1073 | | 2830 | 15220 | 4879 | | 20099 |
| 17 | ചെങ്ങന്നൂർ | 688 | 40 | 473 | 3 | 1182 | 5308 | 204 | | 5512 |
| | ആകെ | 75921 | 5973 | 55158 | 590 | 137652 | 568816 | 658559 | 304810 | 1532185 |

*അവലംബം 19- മത് ലൈവ്സ്റ്റോക്ക് സെൻസസ്സ് (2012, സംസ്ഥാന മൃഗസംരക്ഷണ വകുപ്പ്)*




*അവലംബം 19- മത് ലൈവ്സ്റ്റോക്ക് സെൻസസ്സ് (2012, സംസ്ഥാന മൃഗസംരക്ഷണ വകുപ്പ്)*

ഭരണിക്കാവ്, കഞ്ഞിക്കുഴി, ചെങ്ങന്നൂർ ബ്ലോക്കുകളിലും, ചേർത്തല, ആലപ്പുഴ എന്നീ മുൻസിപ്പാലിറ്റികളിലും കന്നുകാലികളുടെ എണ്ണം കൂടുതലായി കാണപ്പെടുന്നു. ഈ മേഖലകളിൽ കന്നുകാലികളിൽ നിന്നുള്ള ഉൽപന്നങ്ങളുടെയും, ഉപോല്പന്നങ്ങളുടെയും സംഭരണ വിപണനത്തിനായി യൂണിറ്റുകൾ ആരംഭിക്കുകയും തീറ്റപ്പുൽ കൃഷി പ്രോത്സാഹിപ്പിക്കുകയും ചെയ്യേണ്ടതാണ്. കൂടാതെ സ്വയംപര്യാപ്തതയിലേക്ക് എത്തുന്നതിനുള്ള വിടവ് പരിഹരിക്കാനുതകുന്ന വിധം പശുക്കളെ വിതരണം ചെയ്യും കന്നുകുട്ടി പരിപാലന പദ്ധതി, കാലിത്തീറ്റയ്ക്ക് സബ്സിഡി പദ്ധതി എന്നിവ നടപ്പാക്കിയും പാൽ ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാവുന്നതാണ്.


19-mw മത് ലൈവ്സ്റ്റോക്ക് സെൻസസ്സ് പ്രകാരം ജില്ലയിൽ 620 നാടൻ പശുക്കളുണ്ട്. വെച്ചൂർ, കാസർഗോഡ് ഡ്വാർഫ്, ഗിർ തുടങ്ങിയ ഇനങ്ങളിൽപ്പെട്ട കന്നുകാലികളെയാണ് ഇപ്പോൾ പരിരക്ഷിച്ച് വരുന്നത്. ഇവയുടെ പ്രജനനത്തിന് ആവശ്യമായ സൌകര്യങ്ങൾ മൃഗസംരക്ഷണ വകുപ്പ് ലഭ്യമാക്കിയിട്ടുണ്ട്.

## കാനേഷുമാരി കണക്കുകളിലൂടെ (ആലപ്പുഴ ജില്ല)

*(ലക്ഷത്തിൽ)*

| | 2003 | 2007 | 2012 |
|---|---|---|---|
| പശു | 1.01 | .983 | .7592 |
| എരുമ | .028 | .009 | .06 |
| ആട് | .493 | .77 | .55 |
| പന്നി | .012 | .006 | .0059 |
| കോഴികൾ | 5.9 | 6.9 | 6.6 |
| താറാവ് | 2.5 | 0.6 | 6.6 |
| മറ്റുള്ളവ | 0.3 | 0.2 | 3.04 |


*അവലംബം ലൈവ്സ്റ്റോക്ക് സെൻസസ്സ് (സംസ്ഥാന മൃഗസംരക്ഷണ വകുപ്പ്)*





*അവലംബം ലൈവ്സ്റ്റോക്ക് സെൻസസ്സ് (സംസ്ഥാന മൃഗസംരക്ഷണ വകുപ്പ്)*

പശുക്കളുടെ എണ്ണം 2012-ൽ താരതമ്യേന കുറവായാണ് കാണുന്നത്. പശുക്കളുടെ എണ്ണത്തിൽ കുറവ് ഉണ്ടായെങ്കിലും വകുപ്പിന്റെ ഇടപെടൽ മൂലം പശുക്കളുടെ ഉല്പാദനക്ഷമത വർദ്ധിച്ചിട്ടുണ്ട്. ഏരുമയുടെ എണ്ണത്തിൽ കാലാനുസൃതമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ആടുകളുടെ എണ്ണം 2003 സെൻസസ്സിനെ അപേക്ഷിച്ച് കൂടുതലും 2007 സെൻസസ്സിനെ അപേക്ഷിച്ച് കുറവും ആണ്. പന്നികളുടെ എണ്ണത്തിൽ 2007 സെൻസസ്സിനെ അപേക്ഷിച്ച് നേരിയ കുറവ് ഉണ്ടായിട്ടുണ്ട്. കോഴികളുടെ എണ്ണം 2007-നെ അപേക്ഷിച്ച് കുറവായി കാണുന്ന താറാവുകളെ എണ്ണം ഗണ്യമായി ഉയർന്നിട്ടുണ്ട്. മറ്റുള്ളവയുടെ എണ്ണത്തിലും ഉയർച്ച കാണുന്നു.

**കന്നുകാലികൾ – ആൺ/പെൺ**





ആകെയുള്ള പശുവർഗ്ഗത്തിൽ 89% പെണ്ണും 11% ആണും ആണ് **സെക്സ്സോർട്ടഡ്** ബീജത്തിന്റെ ഉപയോഗം **വ്യാപകമാക്കു**ന്നതിലൂടെ ആൺവർഗ്ഗത്തി**ന്റെ** ശതമാനം കുറയ്ക്കാവുന്നതാണ്.




*അവലംബം 19– **മത്* ലൈവ്സ്റ്റോക്ക് സെൻസസ്സ് *(2012, സംസ്ഥാന **മൃ**ഗസംരക്ഷണ വകുപ്പ്)*

കോഴിവർഗ്ഗത്തിന്റെ സാന്ദ്രത കൂടുതലായി കാണുന്നത് ചമ്പക്കുളം, ഹരിപ്പാട്, വെളിയനാട് തുടങ്ങിയ ബ്ലോക്കുകളിലും ആലപ്പുഴ, കായംകുളം തുടങ്ങിയ മുനിസിപ്പാലിറ്റികളിലുമാണ് ഈ പ്രദേശങ്ങളിൽ സംഭരണ വിപണന കേന്ദ്രങ്ങളും എഗ്ഗ് കോ-ഓപ്പറേറ്റിവ് സൊസൈറ്റികളും ആരംഭിക്കാവുന്നതാണ്.

**കോഴിവർഗ്ഗം ശതമാനത്തിൽ**




*അവലംബം 19- മത് ലൈവ്സ്റ്റോക്ക് സെൻസസ്സ് (2012, സംസ്ഥാന മൃഗസംരക്ഷണ വകുപ്പ്)*

ജില്ലയിലെ ആകെ കോഴിവർഗ്ഗത്തിൽ 50% പിടക്കോഴികളും 10% പൂവൻകോഴികളും, 12% കോഴിക്കുഞ്ഞുങ്ങളും 3% പൂവൻ താറാവുകളും 17% പിടതാറാവുകളും 4% താറാവിൻ കുഞ്ഞുങ്ങളും 1% വീതം ടർക്കി കാട എന്നിവയും 2% മറ്റുകോഴിവർഗ്ഗങ്ങളും ആണ്.

2012 കാനേഷുമാരി കണക്കു പ്രകാരം വിവിധ ബ്ലോക്കുകളിലുള്ള നായ്ക്കളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ബ്ലോക്കുകൾ | വളർത്തു നായ്ക്കൾ | തെരുവ് നായ്ക്കൾ |
|---|---|---|---|
| 1 | തൈക്കാട്ടുശ്ശേരി | 2430 | 848 |
| 2 | കഞ്ഞിക്കുഴി | 6415 | 2305 |
| 3 | പട്ടണക്കാട് | 6635 | 1938 |
| 4 | അമ്പലപ്പുഴ | 3667 | 834 |
| 5 | ആര്യാട് | 4526 | 595 |
| 6 | ചമ്പക്കുളം | 2593 | 590 |
| 7 | വെളിയനാട് | 1784 | 435 |
| 8 | ഭരണിക്കാവ് | 6518 | 3613 |
| 9 | മാവേലിക്കര | 6269 | 1478 |
| 10 | ഹരിപ്പാട് | 5303 | 1961 |


| | | | |
|---|---|---|---|
| 11 | മുതുകുളം | 7174 | 7472 |
| 12 | ചെങ്ങന്നൂർ | 7462 | 4065 |
| | **നഗരസഭകൾ** | | |
| 13 | ചേർത്തല | 1856 | 575 |
| 14 | ആലപ്പുഴ | 3448 | 1543 |
| 15 | മാവേലിക്കര | 1587 | 371 |
| 16 | കായംകുളം | 1917 | 462 |
| 17 | ചെങ്ങന്നൂർ | 1482 | 269 |
| | **ആകെ** | **71,066** | **24354** |


*അവലംബം 19- മത് ലൈവ്സ്റ്റോക്ക് സെൻസസ്സ് (സംസ്ഥാന മൃഗസംരക്ഷണ വകുപ്പ്)*

**ചിത്രം – 7**

**ചിത്രം – 8**

പട്ടണക്കാട്, കഞ്ഞിക്കുഴി ചെങ്ങന്നൂർ, മുതുകുളം, ഭരണിക്കാവ്, മാവേലിക്കര തുടങ്ങിയ ബ്ലോക്കുകളിലും ആലപ്പുഴ മുൻസിപ്പാലിറ്റിയിലും വളർത്തുനായ്ക്കളുടെ എണ്ണം കൂടുതലായി കാണപ്പെടുന്നു. ആലപ്പുഴ ജില്ലയിലെ എല്ലാ വളർത്തു നായ്ക്കളേയും പേവിഷ പ്രതിരോധ





കുത്തിവയ്പിന് വിധേയമാക്കുകയും സമ്പൂർണ്ണ ലൈസൻസിംഗ് നടപ്പിലാക്കുകയും ചെയ്യേണ്ടതാണ്. ആയതിനായുള്ള പദ്ധതികൾ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴിയും നിർബന്ധമായും നടപ്പിലാക്കേണ്ടതാണ്.

മുതുകുളം, ചെങ്ങന്നൂർ, ഭരണിക്കാവ്, കഞ്ഞിക്കുഴി തുടങ്ങിയ ബ്ലോക്കുകളിലും, ആലപ്പുഴ മുൻസിപ്പാലിറ്റിയിലും തെരുവുനായ്ക്കൾ കൂടുതലായി കാണപ്പെടുന്നു. എല്ലാ ബ്ലോക്കുകളിലും എ.ബി.സി സെന്ററുകൾ നിർബന്ധമായും സ്ഥാപിച്ച് തെരുവ് നായ്ക്കളെ വന്ധ്യംകരണം ചെയ്യേണ്ടതാണ്. ആയതിന് വേണ്ടുന്ന പദ്ധതികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കേണ്ടതാണ്.

**നായ്ക്കളുടെ വിവരങ്ങൾ – ശതമാനകണക്കിൽ**




*അവലംബം: 19- **മത് ലൈവ്സ്റ്റോക്ക് സെൻസസ്സ്** (2012, സംസ്ഥാന മൃഗസംരക്ഷണ വകുപ്പ്)*

ആലപ്പുഴ ജില്ലയിലെ ആകെ നായ്ക്കളിൽ 74% വളർത്തുനായ്ക്കളും 26 % തെരുവ് നായ്ക്കളും ആണ് ഏ.ബി.സി പദ്ധതി പ്രകാരം തെരുവ് നായ്ക്കളുടെ ശതമാനം കുറയ്ക്കാവുന്നതാണ്.

**ഇറച്ചി പാൽ മുട്ട ഉൽപ്പാദന നില**

| ക്രമനം. | ഇനം | ഇന്ത്യ | സ്ഥാനം (ലോകത്തിൽ) | കേരളം | സ്ഥാനം (ഇന്ത്യയിൽ) | ആലപ്പുഴ | സ്ഥാനം കേരളത്തിൽ |
|---|---|---|---|---|---|---|---|
| 1 | പാൽ | 1636936710 MT | 1 | 2520340 MT | 14 | 157311 MT | 10 |
| 2 | മുട്ട | 88138511000 No. | 3 | 2344383000 No. | 9 | 166956846 No. | 9 |
| 3 | ഇറച്ചി | 7385610 MT | 5 | 468840 MT | 7 | 21020 MT | 10 |

*അവലംബം സാമ്പത്തിക സ്ഥിതിവിവര വകുപ്പ്.*

**ഉൽപ്പാദനം – താരതമ്യം**

| Sl. No. | | Alappuzha Dist. | Kerala | % wrt Kerala |
|---|---|---|---|---|
| 1 | പാൽ | 157311 | 2520340 | 6.24 |
| 2 | മുട്ട | 166956846 | 2344383000 | 7.12 |
| 3 | ഇറച്ചി | 21020 | 468840 | 4.48 |


*അവലംബം: സാമ്പത്തിക സ്ഥിതിവിവര വകുപ്പ്,*


| ക്രമനം. | ഇനം | 2015-16 | 2016-17 |
|---|---|---|---|
| 1 | പാൽ | 162160 MT | 157311 MT |
| 2 | മുട്ട | 161529368 Nos. | 166959846 Nos. |
| 3 | മാംസം കോഴിയിറച്ചി | 7500 MT | 9760 MT |
| 4 | കോഴിയിറച്ചി ഇതരം | 7780 MT | 11260 MT |


*അവലംബം: സാമ്പത്തിക സ്ഥിതിവിവര വകുപ്പ്*

2016-17 പാൽ ഉത്പാദനത്തിൽ ആലപ്പുഴ സംസ്ഥാന പാൽ ഉത്പാദനത്തിന്റെ 6.24% സംഭാവന ചെയ്യുകൊണ്ട് 157311 MT യോടുകൂടി പത്താം സ്ഥാനത്ത് നിൽക്കുന്നു. 2015-16-ൽ ഇത് സംസ്ഥാന ഉൽപാദനത്തിൽ 6.12% ആയിരുന്നു. മുട്ട ഉൽപാദനത്തിൽ 7.12% സംഭാവന നൽകികൊണ്ട് ആലപ്പുഴയുടെ സ്ഥാനം 9-ാം മത് ആണ്. ഇറച്ചി ഉൽപാദനത്തിൽ 4.48% സംഭാവന നൽകികൊണ്ട് ആലപ്പുഴ പത്താം സ്ഥാനത്ത് എത്തിനിൽക്കുന്നു.

**ഉൽപ്പാദനം - താരതമ്യം**






*അവലംബം: സാമ്പത്തിക സ്ഥിതിവിവര വകുപ്പ്,*


**പാൽ, മുട്ട, മാംസം എന്നിവയുടെ ഉല്പാദനത്തിൽ സ്വയംപര്യാപ്തത എത്തുവാനുള്ള വിടവ്**


ആലപ്പുഴ ജില്ലയിലെ ജനസംഖ്യ 2127789 ആണ്. ആയതിൻ പ്രകാരം ആവശ്യമായ പാൽ, മുട്ട, ഇറച്ചി എന്നിവയുടെ കണക്കുകൾ ചുവടെ ചേർക്കുന്നു.

| Item | ICMR Recommendation | Annual Requirement (Ltr.) | Availability Ltr/NoLtr/No | Difference (Ltr.) |
|---|---|---|---|---|
| പാൽ | 250ml./day | 194160746 | 162160081 | 32000665 |
| മുട്ട | 180 NO./YRS | 383002020 | 161529368 | 221472652 |
| മാംസം | 10.95Kg/Yrs | 23299289 | 15281427 | 8017862 |

*(അവലംബം – (സാമ്പത്തിക സ്ഥിതിവിവര വകുപ്പ്)*

**ഉൽപ്പാദനം – വിടവ്**







*(അവലംബം – (സാമ്പത്തിക സ്ഥിതിവിവര വകുപ്പ്)*

ക്ഷീരമേഖല **അവസ്ഥാ വിശകലനത്തിൽ** നിന്നും ജില്ലയ്ക്ക് പാൽ ഉല്പാദനത്തിൽ സ്വയം പര്യാപ്തതയിലേക്ക് എത്തുവാൻ 16% ത്തിന്റെ വിടവ് ഉണ്ട് അതായത് **പ്രതിവർഷം** 3,20,00,665 ലിറ്റർ (പ്രതിദിനം 87,673 **ലിറ്റർ**) കുറവുണ്ട് **സ്വയം പര്യാപ്തത ലക്ഷ്യം കൈവരിക്കുന്നതിന്** ശരാശരി 10 ലിറ്ററിൽ കുറയാത്ത **പാൽ** ഉല്പാദനമുള്ള 8767 പശുക്കളെ ജില്ലയിൽ പുതുതായി **ഉല്പാദനത്തിനായി സജ്ജമാക്കേണ്ടതുണ്ട്.**

മുട്ട ഉല്പാദനത്തിൽ **ജില്ലയ്ക്ക് സ്വയംപര്യാപ്തതയിലേക്ക് എത്തുവാൻ** 58% **ത്തിന്റെ** വിടവ് ഉണ്ട് അതായത് പ്രതിവർഷം 221472652 മുട്ടകൾ കൂടി അധികം **വേണ്ടിവരും.** ഇതിനായി ജില്ലയിൽ പ്രതിവർഷം 1,00,000 ത്തോളം കോഴി/**താറാവുകളെ കൂടുതലായി വിതരണം ചെയ്യുകവഴി ഈ ലക്ഷ്യം കൈവരിക്കാനാകും.**




ഇറച്ചി ഉല്പാദനത്തിൽ ജില്ലയ്ക്ക് **സ്വയം** പര്യാപ്തതയിലേയ്ക്ക് എത്തുവാൻ 34% **ത്തിന്റെ** വിടവ് ഉണ്ട് അതായത് 8017862 **കിലോഗ്രാം മാംസത്തിന്റെ കുറവുണ്ട്.**

## വികസന വിടവുകൾ

- പാൽ ഉല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിനായി ഒരു വർഷം 32,000,665 ലിറ്റർ പാലിന്റെ കുറവുണ്ട്. അതായത് ഒരു ദിവസം 87673 ലിറ്റർ പാലിന്റെ കുറവുണ്ട്.
- മുട്ട ഉല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിനായി 221472652 എണ്ണം മുട്ടകൾ അധികമായി പ്രതിവർഷം ഉല്പാദിപ്പിക്കേണ്ടതുണ്ട്. അതായത് പ്രതിദിനം 606774 എണ്ണം മുട്ടകളുടെ കുറവുണ്ട്.
- മാംസോല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിനായി 8017862 കിലോഗ്രം മാംസം അധികമായി ഉല്പാദിപ്പിക്കേണ്ടതുണ്ട്. അതായത് പ്രതിദിനം 22114 കിലോഗ്രാം മാംസത്തിന്റെ കുറവുണ്ട്.
- **24** മണിക്കൂറും വെറ്റിനറി സേവനം കേരളത്തിൽ ലഭ്യമല്ല.
- വകുപ്പിന്റെ ക്രമീകരണത്തിലുള്ള പാളിച്ചമൂലം ലഭ്യമായ മുഴുവൻ വിഭവശേഷിയും കാര്യക്ഷമമായി ഉപയോഗപ്പെടുത്തുവാൻ കഴിയുന്നില്ല.
- സർക്കാർ നിയന്ത്രണത്തിലുള്ള സംഭരണ വിപണന കേന്ദ്രങ്ങൾ ഇല്ല.
- മൃഗാശുപത്രികളിൽ ഡേറ്റാ എൻട്രിക്കും ലബോറട്ടറി പ്രവർത്തനത്തിനുമുള്ള മാനവവിഭവ ശേഷി ഇല്ല.
- സംരംഭകത്വ സഹായസെൽ**,** ലേബർ ബാങ്ക് എന്നിവ ഇല്ല.
- ന്യായ വില മെഡിക്കൽ ഷോപ്പുകൾ ഇല്ല.
- എല്ലാ ബ്ലോക്കുകളിലും എ.ബി.സി കേന്ദ്രങ്ങൾ ഇല്ല.
- ബ്ലോക്കുതല അറവുശാലകൾ ചെറുകിട പൌൾട്രി/ഡക്ക് സംഭരണ കേന്ദ്രങ്ങൾ ഇല്ല.
- വില നിർണ്ണയ ഏജൻസി ഇല്ല

## കാഴ്ചപ്പാട്

ആലപ്പുഴ ജില്ല പാൽ, മുട്ട, മാംസം എന്നിവയുടെ ഉല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്ന ജില്ലയാവണം. കൂടാതെ മൃഗസംരക്ഷണ മേഖലയിലെ കർഷകർക്ക് 24 മണിക്കൂറും വെറ്ററിനറി സേവനം ലഭ്യമാക്കുന്നതിലൂടെ കർഷകനിൽ ആത്മവിശ്വാസം വളർത്തുവാനും കൂടുതൽ കർഷകരെ ഈ രംഗത്തേയ്ക്ക് ആകർഷിക്കുവാനും കഴിയണം ഇതിനായി മൃഗസംരക്ഷണ വകുപ്പിനെ ഫലപ്രദമായ രീതിയിൽ പുനക്രമീകരിക്കുകയും വെറ്ററിനറി ചികിത്സ, പദ്ധതി നിർവ്വഹണം ബോധവല്കരണ പ്രവർത്തനങ്ങൾ തുടങ്ങിയവ ലഭ്യമായ മാനവവിഭവശേഷി ഉപയോഗിച്ച് കാര്യക്ഷമമായി നിർവഹിക്കുകയും ചെയ്യണം. എല്ലാ മൃഗാശുപത്രികളിലും ഡേറ്റാ എൻട്രിക്കും ലബോറട്ടറി പ്രവർത്തനത്തിനുമുള്ള മാനവവിഭവ ശേഷി ലഭ്യമാക്കുകയും അടിസ്ഥാന സൌകര്യങ്ങൾ വികസിപ്പിക്കുകയും ചെയ്യണം. എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിലും ന്യായവില മെഡിക്കല് ഷോപ്പുകൾ സ്ഥാപിക്കുന്നവഴി കർഷകർക്ക് കുറഞ്ഞവിലയ്ക്ക് മരുന്നുകൾ ലഭ്യമാക്കുവാൻ സാധിക്കണം. എല്ലാ ബ്ലോക്കുകളിലും ലൈസൻസ്ഡ് അറവുശാലകൾ സ്ഥാപിക്കുന്നത് വഴി സുരക്ഷിതമായ മാംസം സമൂഹത്തിന് ലഭ്യമാക്കണം.

പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നവർക്ക് യഥാരീതിയിലുള്ള മാർഗ്ഗനിർദ്ദേശം നൽകുന്നതിനായി ഒരു സംരംഭകത്വ സഹായസെൽ രൂപീകരിക്കുകയും മൃഗസംരക്ഷണ മേഖലയിലെ വിവിധ ഇനം തൊഴിലുകൾ (ഉദാഹരണം – കറവ) ചെയ്യുവാൻ പരിശീലനം ലഭിച്ച തൊഴിലാളികളുടെ ലേബർ ബാങ്ക് രൂപീകരിക്കുകയും ചെയ്ത് ഈ മേഖലയിലെ കർഷകർക്ക് വേണ്ടുന്ന എല്ലാവിധ സഹായങ്ങളും ചെയ്യാൻ സാധിക്കണം കൂടാതെ സർക്കാർ നിയന്ത്രണത്തിലുള്ള സംഭരണ വിപണന കേന്ദ്രങ്ങൾ സ്ഥാപിച്ച് ഉല്പന്നങ്ങൾക്കും, ഉപോല്പന്നങ്ങൾക്കും സുസ്ഥിരമായ വിപണി ഉറപ്പവരുത്താം. ആവശ്യത്തിന് എ.ബി.സി. കേന്ദ്രങ്ങൾ സ്ഥാപിച്ച് തെരുവുനായ്ക്കളെ വന്ധ്യംകരണം ചെയ്യുകയും പേവിഷ പ്രതിരോധ കുത്തിവയ്പ് ചെയ്യുന്നതുവഴി പേവിഷബാധയെ പൂർണ്ണമായും നിയന്ത്രണ വിധേയമാക്കി പേവിഷ മുക്തമായ ജില്ലയായി ആലപ്പുഴയെ മാറ്റണം. കൂടാതെ പൊതുജന ആരോഗ്യത്തിൽ മൃഗസംരക്ഷണ മേഖലയുടെ പങ്ക് വെളിവാക്കുന്നവിധം ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടപ്പാക്കണം.

ഈ വിധ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതുവഴി ജില്ലയിലെ മൃഗസംരക്ഷണ മേഖല വികസന കാര്യത്തിൽ വളരെയധികം മുന്നോട്ടുപോകുമെന്ന കാര്യത്തിൽ തർക്കമില്ല.

## ജില്ലാതല ലക്ഷ്യങ്ങൾ

- **32000665 Lt**/വർഷം ഉയർത്തുക അതായത് 87673 ലിറ്റർ/പ്രതിദിനം ഉൽപ്പാദന വർദ്ധനവ് ഉണ്ടാക്കുക.
- **221472652 Nos**/പ്രതിവർഷം ഉയർത്തുക – പ്രതിദിനം 606774 മുട്ടകൾ കൂടി ഉൽപ്പാദിപ്പിക്കുക
- **8017862 Kg**/ പ്രതിവർഷം ഉയർത്തുക – പ്രതിദിനം 22114 **Kg**അധികമായി ഉൽപാദിപ്പിക്കണം
- **24** മണിക്കൂർ വെറ്ററിനറി സേവനം
- സംരഭകത്വ സഹായസെൽ**,** ലേബർ ബാങ്ക് .
- സർക്കാർ നിയന്ത്രണത്തിലുള്ള സംഭരണ വിപണന സൌകര്യത്തോടുകൂടിയ വെറ്ററിനറി യൂണിറ്റുകൾ
- ന്യായവില മെഡിക്കൽ ഷോപ്പുകൾ
- ബ്ലോക്ക്തല അറവുശാലകൾ
- **ABC** കേന്ദ്രങ്ങൾ
- ചെറുകിട പൌൾട്രി/ഡക്ക് സംസ്കരണ കേന്ദ്രങ്ങൾ
- കാര്യക്ഷമമായ വിഭവശേഷിയുടെ ഉപയോഗം
- വില നിർണ്ണയ ഏജൻസി

## മുൻഗണനകൾ

- പാൽ ഉല്പാദനത്തിൽ സ്വയംപര്യാപ്തത
- മുട്ടയുല്പാദനത്തിൽ സ്വയം പര്യാപ്തത

- മാംസോല്പാദനത്തിൽ സ്വയം പര്യാപ്തത
- 24 മണിക്കൂർ വെറ്ററിനറി സേവനം
- ന്യായവില മെഡിക്കൽ ഷോപ്പുകൾ
- ABC കേന്ദ്രങ്ങൾ
- ബ്ലോക്ക്തല അറവുശാലകൾ
- സർക്കാർ നിയന്ത്രണത്തിലുള്ള സംഭരണ വിപണന സൌകര്യത്തോടുകൂടിയ വെറ്ററിനറി യൂണിറ്റുകൾ
- ചെറുകിട പൌൾട്രി/ഡക്ക് സംസ്കരണ കേന്ദ്രങ്ങൾ
- സംരംഭകത്വ സെൽ, ലേബർ ബാങ്ക്.
- കാര്യക്ഷമമായ മാനവ വിഭവശേഷിയുടെ ഉപയോഗം.
- വില നിർണ്ണയ ഏജൻസി

മൃഗസംരക്ഷണ മേഖലയിലെ ഉത്പന്നങ്ങളായ പാൽ, മുട്ട, പക്ഷിമൃഗാദികൾ, ഉപോല്പന്നങ്ങളായ പാൽ ഉല്പന്നങ്ങൾ, ഇറച്ചി ഉൽപന്നങ്ങൾ ജൈവവളം തുടങ്ങിയവയ്ക്ക് മെച്ചപ്പെട്ട വിപണി ഉറപ്പുവരുത്താൻ സർക്കാർ നിയന്ത്രണത്തിലുള്ള സംഭരണ വിപണന യൂണിറ്റുകൾ സ്ഥാപിക്കാവുന്നതാണ്. കൂടാതെ കർഷകന് ആവശ്യമുള്ളതെല്ലാം ലഭിക്കുന്ന ഒരു കേന്ദ്രമായി ഇതുമാറ്റാം. (കോഴി/താറാവ് കുഞ്ഞുങ്ങൾ /പുൽ കടകൾ / പുൽ വിത്തുകൾ) വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾക്കുള്ള ഒരു കേന്ദ്രമായി ഓരോ പഞ്ചായത്തിലും ഇവയ്ക്ക് പ്രവർത്തിക്കുവാൻ കഴിയും.

കേന്ദ്രീകൃത മോണിറ്ററിംഗ് സംവിധാനത്തിനായി വെബ് സൈറ്റ് രൂപകൽപന ചെയ്യുക, എല്ലാ ബ്ലോക്കിലും ശാസ്ത്രീയമായി പ്രവർത്തിക്കുന്ന അറവുശാലകൾ സ്ഥാപിക്കുക, നിലവിൽ അറവു ജോലികളിൽ ഏർപ്പെട്ടിരിക്കുന്ന അസംഘടിത തൊഴിലാളികൾക്ക് ഈ അറവുശാലകളിൽ തൊഴിലിനായി മുൻഗണന നൽകുകയും പരിശീലനം ലഭ്യമാക്കുകയും ചെയ്യുക, അറവുശാലകൾ വഴി സംസ്കരിക്കുന്ന ഇറച്ചി വിപണന യൂണിറ്റുകൾ വഴി വിപണനം ചെയ്യുക എന്നിവ വിവിധ യൂണിറ്റുകളുടെ സാദ്ധ്യതയായി പരിഗണിക്കാവുന്നതാണ്.

മുട്ടഗ്രാമം പദ്ധതി കുടുംബശ്രീയുമായി സഹകരിച്ച് വനിതാഗ്രൂപ്പുകൾക്ക് കോഴിയും കൂടും വിതരണം ചെയ്യുകയും അതുവഴി മുട്ട ഉല്പാദനത്തിൽ സ്വയം പര്യാപ്തതയിലേക്ക് എത്തിക്കുവാൻ കഴിയും. തൊഴിലുറപ്പ് പദ്ധതി പ്രകാരം തൊഴുത്ത് നിർമ്മിക്കുകയും തീറ്റപ്പുൽ കൃഷി നടത്തുകയും ചെയ്യാവുന്നതാണ്.

## പൊതുനിർദ്ദേശങ്ങൾ

- പാൽ ഉത്പന്നങ്ങളുടെയും മറ്റ് ഉൽപ്പന്നങ്ങളായ ചാണകപ്പൊടി, ഗോമൂത്രം എന്നിവയുടെ വിപണനത്തിന് സാഹചര്യങ്ങൾ ഒരുക്കി കൊടുക്കുകയും അധികവരുമാനം ലഭ്യമാക്കുകയും ചെയ്യാം.
- കൃഷിയുടെ ഭാഗമായി വരുന്ന അവശിഷ്ടങ്ങൾ കന്നുകാലികളുടെ തീറ്റയ്ക്കായി ഉപയോഗിക്കുവാനുള്ള സംവിധാനം സർക്കാർ നിയന്ത്രണത്തിൽ നടപ്പിൽ വരുത്തുക.

- അതുപോലെ ജൈവവളം കൃഷിയ്ക്കായി ഉപയോഗിക്കുവാൻ വകുപ്പുകൾ തമ്മിലുള്ള ഏകോപനത്തിലൂടെ സാധ്യമാകും.
- ശ്രദ്ധാപൂർണ്ണമായതും ചിട്ടയൊത്തതുമായ പരിപാലനമുറകൾ, ഫാം ടൂറിസം എന്ന വിജയസാധ്യതയുള്ള മേഖലയിലേയ്ക്ക് കർഷകർക്ക് വഴി തുറക്കുകയും അതുവഴി അധിക വരുമാനം ലഭിക്കുകയും സാമ്പത്തിക സുസ്ഥിരത ഉറപ്പുവരുത്താനാവുകയും ചെയ്യും.

**മേൽത്തട്ട്**

- എ.പി.എൽ. – ബി.പി.എൽ. മാനദണ്ഡത്തിന് പകരം ബി.പി.എൽ. ന് മുൻഗണന എന്ന മാനദണ്ഡം സ്കീമുകളിൽ അനുവർത്തിക്കുക.
- ബ്ലോക്കുതല പദ്ധതികളിൽ ഗുണഭോക്തൃ മാനദണ്ഡത്തിൽ ഗ്രൂപ്പുകളോടൊപ്പം തന്നെ വ്യക്തികൾക്കും ആനുകൂല്യം നല്കേണ്ടതാണ്.
- ക്ഷീരമേഖലയിലെ കർഷകരെ തൊഴിലുറപ്പു പദ്ധതിയുടെ ഭാഗമാക്കുക.
- വൈദ്യുതിയും വെള്ളവും കൃഷി ആവശ്യങ്ങൾക്ക് നല്കുന്ന അതേ നിരക്കിൽ മൃഗസംരക്ഷണ മേഖലയിലും അനുവദിക്കുക.
- മൃഗസംരക്ഷണ മേഖലയിൽ ബാങ്ക് ലോണുകളുടെ പലിശ നിരക്ക് കാർഷിക മേഖലയിലെ പലിശ നിരക്കിന് തുല്യമാക്കുക.
- കന്നുകാലി ഇൻഷുറൻസ് – ഉരുക്കളുടെ മരണം മൂലം താരതമ്യേന താഴ്ന്ന വരുമാനക്കാരായ ക്ഷീരകർഷകർക്ക് ഉണ്ടാകുന്ന ആഘാതം ലഘൂകരിക്കുന്നതിനായി നാമമാത്ര നിരക്കിൽ കറവ പശുക്കൾക്കും, ഗർഭിണി കിടാരികൾക്കും, ഇൻഷുറൻസ് പരിരക്ഷ ഉറപ്പുവരുത്തുക.
- കന്നുകാലികളുടെ പോഷകാഹാരകമ്മി പരിഹരിക്കുന്നതിനായി പശു ഉള്ള കർഷകർക്കെല്ലാം കർഷക രജിസ്ട്രേഷന്റെ അടിസ്ഥാനത്തിൽ കാലിത്തീറ്റ റേഷനിംഗ് സമ്പ്രദായത്തിലൂടെ നൽകുക
- കന്നുകുട്ടി പരിപാലനം പദ്ധതിക്കായി കന്നുകുട്ടികളെ തെരഞ്ഞെടുക്കുമ്പോൾ ഗ്രാമസഭാ ലിസ്റ്റിനെ ആശ്രയിക്കുന്നതിനു പകരം മൃഗാശുപത്രിയിലെ കാഫ് ബർത്ത് രജിസ്റ്ററിൽ നിന്നുള്ള ഗുണഭോക്താക്കളെ മുൻഗണനാക്രമത്തിൽ തെരഞ്ഞെടുക്കുകയും പിന്നീട് ആ ലിസ്റ്റ് ഗ്രാമസഭയിൽ വച്ച് അംഗീകാരം ലഭ്യമാക്കുകയും ചെയ്യുക.
- ബയോഗ്യാസ് പ്ലാന്റും തീറ്റപ്പുൽ കൃഷിയും ഫാം ലൈസൻസിംഗിന് നിർബന്ധിത ഘടകങ്ങളാക്കുക.
- സൗരോർജ്ജത്തിന്റെ ഉപയോഗം ഫാമുകളിൽ പ്രോത്സാഹിപ്പിക്കുക.
- മേഖലയിലെ നിർവഹണ ഏജൻസികളായ ക്ഷീരവികസന വകുപ്പും മൃഗസംരക്ഷണ വകുപ്പും ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതികളിൽ ഇരട്ടിപ്പ് സംഭവിക്കുന്നുണ്ട്. ഇത് തടയാൻ പ്ലാൻ മോണിറ്ററിംഗ് സിസ്റ്റം നടപ്പിലാക്കുക.
- കന്നുകാലികളിലെ ജനിതക മേന്മ ഉറപ്പാക്കുന്നതിനും പ്രജനന നയത്തിന്റെ കാര്യക്ഷമമായ നിർവ്വഹണത്തിനും യാതൊരു തത്വദീക്ഷയുമില്ലാതെ പ്രവർത്തിക്കുന്ന സ്വകാര്യ കൃത്രിമ ബീജധാനകേന്ദ്രങ്ങളെ നിയന്ത്രിക്കേണ്ടതാണ്. സ്ഥലം വെറ്റിനറി സർജൻ മുഖേന മാത്രം ബീജലഭ്യത ഉറപ്പുവരുത്തുക.

- പശുക്കുട്ടികളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനായി സെക്സ്സോർട്ടഡ് ബീജത്തിന്റെ ഉപയോഗം വ്യാപകമാക്കുക.
- കറവയന്ത്രം സ്ഥാപിക്കുന്നതിനുള്ള സബ്സിഡിതുക ഉയർത്തുക.
- മൃഗങ്ങളെ മാത്രം വിതരണം ചെയ്യാതെ തീറ്റ, മരുന്ന് എന്നിവ കൂടി ഉൾപ്പെടുന്ന സമഗ്രപദ്ധതി രൂപീകരിക്കുക.
- മാലിന്യ സംസ്കരണത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് ചാണകക്കുഴിയോട്ടി നിർമ്മാണ പദ്ധതിയുടെ സബ്സിഡി തുക വർദ്ധിപ്പിക്കേണ്ടതാണ്.
- മുട്ടയുടെ സംഭരണത്തിനും വിപണനത്തിനുമായി എഗ്ഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ രൂപീകരിക്കുക.
- കൂടുതൽ കോഴികളെ വളർത്തുന്ന കർഷകർക്കും റേഷനിംഗ് സമ്പ്രദായത്തിലൂടെ കോഴിത്തീറ്റയും ലഭ്യമാക്കുക.
- അത്യുല്പാദനശേഷിയും രോഗപ്രതിരോധ ശേഷിയുള്ളതുമായ മെച്ചപ്പെട്ട ഇനം നാടൻ കോഴികളെ / താറാവുകളെ ഉരുത്തിരിയിച്ച് എടുക്കുന്നതിനുള്ള ഗവേഷണങ്ങളെ പ്രോത്സാഹിപ്പിക്കണം. നാടൻ കോഴികളേയും താറാവുകളേയും കണ്ടെത്തി സംരക്ഷിക്കുക.
- താറാവിൻ കുഞ്ഞുങ്ങളുടെ ലഭ്യതക്കുറവ് പരിഹരിക്കുന്നതിനായി പുതിയ ഡക്ക് ഹാച്ചറികൾ ജില്ലയിൽ സ്ഥാപിക്കുക.
- താറാവുകളുടെ രോഗ നിർണ്ണയത്തിനും നിയന്ത്രണത്തിനും ഒരു ഗവേഷണ സ്ഥാപനം കുട്ടനാട് കേന്ദ്രീകരിച്ച് ഉണ്ടാവേണ്ടത് അത്യന്താപേക്ഷിതമാണ്. ഏറ്റവും കുറഞ്ഞത് തിരുവല്ല **ADDL** ന്റെ ഒരു സാറ്റലൈറ്റ് യൂണിറ്റ് കുട്ടനാട്ടിൽ സ്ഥാപിക്കാവുന്നതാണ്.
- അപൂർവ്വങ്ങളായ രോഗങ്ങൾ മൃഗങ്ങളിൽ പ്രത്യക്ഷപ്പെടുമ്പോൾ നിർബന്ധമായും ആ വിഷയത്തിൽ ഗവേഷണം നടത്തി ആധികാരികത ഉറപ്പുവരുത്തേണ്ടതാണ്.
- ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയുടെ കപ്പാസിറ്റി ഉയർത്തുക.
- ചെറിയ മുതൽമുടക്കോടുകൂടിയ ഇൻകുബേറ്ററുകൾ അടങ്ങുന്ന യൂണിറ്റുകൾ സ്ഥാപിക്കുക.
- എല്ലാ ബ്ലോക്കുകളിലും ലൈസൻസുള്ള അറവുശാല നിർമ്മിക്കുക വഴി സുരക്ഷിതമായ മാംസം ഭക്ഷണത്തിനായി ലഭ്യമാക്കാവുന്നതാണ്.
- കൂടുതൽ ആടുകളെ വളർത്തുന്ന കർഷകർക്ക് തീറ്റയ്ക്ക് സബ്സിഡി ലഭ്യമാക്കുന്നതിനും നടപടി ഉണ്ടാക്കുക.
- ആട്ടിൻ കുഞ്ഞുങ്ങളുടെ ലഭ്യതക്കുറവ് പരിഹരിയ്ക്കുന്നതിനായി ബ്രീഡിംഗ് ഫാമുകൾ സ്ഥാപിക്കുക.
- കന്നുകുട്ടി പരിപാലന പദ്ധതിയിലെ ആനുകൂല്യം ലിംഗഭേദമില്ലാതെ എല്ലാ കിടാക്കൾക്കും ലഭ്യമാക്കുന്നതിലൂടെ പാൽ ഉത്പാദനത്തിലെന്ന പോലെ മാംസോല്പാദനത്തിലും പുരോഗതി കൈവരിക്കാം.
- മാംസോല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിനായി താരതമ്യേന ചെലവ് കുറഞ്ഞ മാർഗ്ഗം പന്നി വളർത്തലാണ്. നിലവിൽ പന്നികൾ കൂടുതലുള്ള ബ്ലോക്കുകളിൽ

എം.പി.ഐ. യുമായി സംയോജിപ്പിച്ച് രാഷ്ട്രീയ കൃഷി വികാസ് യോജനയിൽപ്പെടുത്തി പദ്ധതികൾ ഏറ്റെടുക്കാവുന്നതാണ്.

- പൊതുജന ആരോഗ്യത്തിൽ നിർണ്ണായക സ്വാധീനം ചെലുത്തുന്ന ഒന്നാണ് വെറ്ററിനറി സേവനം. 24 മണിക്കൂറും വെറ്ററിനറി സേവനം ലഭ്യമാകുന്ന രീതിയിൽ വകുപ്പിന്റെ ഓഫീസുകളെ പുനഃക്രമീകരിക്കേണ്ടതാണ്.
- ചികിത്സയ്ക്കും പദ്ധതി പ്രവർത്തനങ്ങൾക്കും കൂടി ഒരു വിഭാഗം എന്നുള്ളതിനു പകരം വകുപ്പിനെ പുനഃക്രമീകരിച്ച് ഓരോന്നിനും ഓരോ വിഭാഗങ്ങളെ ചുമതലപ്പെടുത്തുക വഴി ഒരോ മേഖലയിലും കാര്യക്ഷമമായ പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുവാൻ വകുപ്പിന് കഴിയുന്നതാണ്.
- പോളിക്ലിനിക്കുകൾ, ജില്ലാ വെറ്ററിനറി കേന്ദ്രങ്ങൾ തുടങ്ങിയവയിൽ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരെ നിയമിക്കുക. അതുവഴി ഈ കേന്ദ്രങ്ങളെ യഥാക്രമം താലൂക്ക്/ജില്ലയുടെ റഫറൽ കേന്ദ്രങ്ങളായി ഉയർത്താൻ സാധിക്കുകയും വെറ്ററിനറി ചികിത്സയുടെ ഗുണനിലവാരം വർദ്ധിപ്പിക്കുവാൻ സഹായിക്കുകയും ചെയ്യും. ഇതിനായി ബിരുദാനന്തര ബിരുദമോ/ഡിപ്ലോമയോ ഉള്ള ഡോക്ടർമാരുടെ സേവനം പ്രയോജന പ്പെടുത്താവുന്നതാണ്. കാലാനുസൃതമായി പരിശീലനം നൽകേണ്ടതുമാണ്.
- ജന്തുജന്യ രോഗങ്ങളുമായി അടുത്തിടപഴകുന്ന ഒരു വിഭാഗം എന്ന നിലയ്ക്ക് മൃഗസംരക്ഷണ വകുപ്പിലെ ജീവനക്കാർക്ക് ആരോഗ്യ സംരക്ഷണത്തിനായി പ്രത്യേക പദ്ധതികൾ രൂപീകരിക്കേണ്ടതാണ്.
- വെറ്റിനറി മേഖലയിൽ ചികിത്സാരംഗത്തും ഫാമിംഗ് രംഗത്തും നൂതന മാറ്റങ്ങൾക്കായി നടത്തുന്ന ഗവേഷണങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ എടുക്കുക.
- മൃഗസംരക്ഷണ വകുപ്പിലെ ജീവനക്കാരുടെ പ്രവർത്തനങ്ങളെ കാലാകാലങ്ങളിൽ വിലയിരുത്തി നല്ല പ്രവർത്തിയെ അംഗീകരിക്കുകയും ചെയ്യുന്നതിലൂടെ ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിക്കുവാൻ ഇടയാകും.
- ആശുപത്രികളിലെ അടിസ്ഥാന സൗകര്യ വികസനത്തിന് ശ്രദ്ധ ചെലുത്തേണ്ടതാണ്. ലബോറട്ടറി സൗകര്യങ്ങളോടൊപ്പം അവ പ്രവർത്തിപ്പിക്കുന്നതിനുള്ള ജീവനക്കാരെ നിയമിക്കുകയും ചെയ്യേണ്ടതാണ്. എല്ലാ മൃഗാശുപത്രികളിലും ഡേറ്റാ എൻട്രി ഓപ്പറേറ്റർ കം ക്ലാർക്ക് തസ്തിക സൃഷ്ടിക്കേണ്ടതാണ്. പഞ്ചായത്തുകൾക്ക് താൽക്കാലിക അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിനുള്ള അനുമതി നൽകുക.
- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി വിഹിതം ഉപയോഗിച്ച് 24 മണിക്കൂർ വെറ്റിനറി സേവനം ലഭ്യമാക്കുന്നതിന് അനുമതി നൽകുക.
- മോട്ടോർബോട്ട് മൃഗാശുപത്രിയുടെ പ്രവർത്തനത്തിലേക്കായി സ്വന്തമായി ബോട്ടും അത് അനുസരിച്ചുള്ള ജീവനക്കാരേയും ലഭ്യമാക്കണം.
- ആംബുലേറ്ററി ക്ലിനിക്കിന്റെ ഭാഗമായി പ്രവർത്തിപ്പിക്കുന്ന ആംബുലൻസിന് സ്ഥിരം ഡ്രൈവർ തസ്തിക സൃഷ്ടിച്ച് പ്രവർത്തനം കാര്യക്ഷമമാക്കുക.
- പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നവർക്ക് ധനസഹായം ലഭ്യമാക്കുക.
- ജന്തുക്ഷേമ സമാജങ്ങളുടെ തുടർ പ്രവർത്തനങ്ങൾക്ക് ആവശ്യമായ ധനസഹായം ലഭ്യമാക്കുക.

- മരുന്ന വാങ്ങൽ പദ്ധതി നിർബന്ധിതമാക്കണം, മിനിമം തുകയ്ക്കുള്ള മരുന്ന വാങ്ങിയിരിക്കണം എന്ന നിബന്ധന ഉണ്ടാവണം.

## കീഴ്ക്കുട്ട്

- പാൽ ഉത്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി നിലവിലുള്ള പശുക്കളുടെ ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും, ജനിക്കുന്ന പെൺകിടാങ്ങളെ നല്ല രീതിയിൽ പരിപാലിക്കുക വഴി നല്ല പശുക്കളാക്കി മാറ്റിയെടുക്കുന്നതിലൂടെ പശുക്കളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ അവലംബിക്കുക.
- കന്നുകുട്ടി പരിപാലന പദ്ധതിയുടെ ആനുകൂല്യം കൂടുതൽ കിടാങ്ങൾക്ക് ലഭ്യമാക്കുന്നതിലൂടെ ആരോഗ്യമുള്ള കൂടുതൽ പശുക്കളെ ഒരോ ഇടവേളകളിലും സൃഷ്ടിച്ചെടുക്കാൻ കഴിയുന്നു.
- ധാതുലവണ മിശ്രിതവും വിരമരുന്നും എല്ലാ പശുക്കൾക്കും ലഭ്യമാക്കണം.
- ചെറുകിട യൂണിറ്റുകൾക്ക് പകരം പത്തോ അതിലധികമോ പശുക്കളെ വളർത്തുന്ന യൂണിറ്റുകൾക്ക് സഹായം നല്കുന്നത് വഴി ഈ മേഖല ലാഭകരമാകുകയും കൂടുതൽ കർഷകരെ ഈ മേഖലയിലേക്ക് ആകർഷിക്കുകയും ചെയ്യാം.
- പരിപാലനച്ചെലവിൽ 80% വരുന്ന തീറ്റച്ചെലവിന് ആശ്വാസമേകാനും അടിക്കടിയുണ്ടാകുന്ന കാലിത്തീറ്റ വിലവർദ്ധന ലഘൂകരിക്കുന്നതിനും പോഷകകുറവ് പരിഹരിക്കുന്നതിനുമായി എല്ലാ പശുക്കൾക്കും റേഷനിംങ്ങ് സമ്പ്രദായം വഴി സബ്സിഡി നിരക്കിൽ കാലിത്തീറ്റ നൽകുക.
- മൃഗസംരക്ഷണ മേഖലയിലെ ഉത്പ്പന്നങ്ങൾക്കും ഉപോല്പന്നങ്ങൾക്കും സുസ്ഥിരമായ വിപണി ഉറപ്പുവരുത്തുന്നതിന് എല്ലാ പഞ്ചായത്തിലും സംഭരണ വിപണന കേന്ദ്രങ്ങൾ സ്ഥാപിക്കുക.
- പാലിനോടൊപ്പം തന്നെ പാൽ ഉല്പന്നങ്ങൾക്കും ഉപോല്പന്നങ്ങളായ ചാണകം, ഗോമൂത്രം എന്നിവയ്ക്കും വിപണി ഉറപ്പുവരുത്തുകയും അധിക വരുമാനത്തിനുള്ള സഹായവും ഉറപ്പുവരുത്തുകയും ചെയ്യുക.
- ജൈവവള സംഭരണ വിപണന യൂണിറ്റുകൾ പ്രോത്സാഹിപ്പിക്കുക വഴി പൊതുജന ആരോഗ്യത്തിനും ക്ഷീരമേഖലയ്ക്കും മുതൽക്കൂട്ടാവും.
- ജൈവവളങ്ങൾ അവയുടെ ശുദ്ധതയ്ക്കും ഗുണനിലവാരത്തിനും അനുസൃതമായി ഗ്രേഡ് ചെയ്ത് വിപണനം ചെയ്യേണ്ടതാണ് സംയോജിതവും സംഘടിതവുമായ ഫാമിംഗിന് മുൻതൂക്കം നൽകുക.
- വിപണന സംവിധാനത്തിൽ വിവിധ വകുപ്പുകളുടെ ഏകോപനം സാധ്യമാക്കുക.
- ഉദാഹരണത്തിന് കാലിവളം, കോഴിവളം, ആട്ടിൻകാഷ്ടം, ഗോമൂത്രം തുടങ്ങിയ ഉപോല്പന്നങ്ങൾ കൃഷി ആവശ്യങ്ങൾക്കായി കൃഷി വകുപ്പ് സംഭരിക്കുകയും കൃഷിയുടെയും ഉപോല്പന്നങ്ങളുടേയും സംഭരണവും വിപണനവും കേന്ദ്രീകൃത സംവിധാനത്തിലൂടെ നടപ്പിലാക്കുകയും ചെയ്യുക.

- മൃഗസംരക്ഷണ മേഖലയിലെ വിവിധ പ്രവർത്തനങ്ങൾ (കറവ ഉൾപ്പടെയുള്ള ജോലികൾ ) ചെയ്യുവാൻ തല്പരരായ ആളുകളെ കണ്ടെത്തി അവർക്ക് പരിശീലനം നല്കുകയും ഒരു ലേബർ ബാങ്ക് രൂപീകരിക്കുകയും ചെയ്യുക.
- എല്ലാ ജില്ലകളിലും സംരംഭകത്വ സഹായസെൽ രൂപീകരിക്കുകയും അതുവഴി ശരിയായ മാർഗ്ഗ നിർദ്ദേശത്തിലൂടെയും മേൽനോട്ടത്തിലൂടെയും കൂടുതൽ സംരംഭകരെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കാൻ കഴിയും.
- ഫാം ടൂറിസം പ്രത്സാഹിപ്പിക്കുന്നതിന് ആവശ്യമായ ധനസഹായം നൽകുക.
- കോഴിക്കൂട് തൊഴിലുറപ്പുപദ്ധതി വഴി നിർമ്മിച്ചു നല്കുകയും കോഴിത്തീറ്റ സബ്സിഡി ബ്ലോക്കുതലത്തിൽ ലഭ്യമാക്കുകയും വിപണന സംവിധാനം ജില്ലാതലത്തിലാക്കുകയും ചെയ്യുക.
- മുട്ട ഉല്പാദനത്തിൽ മൂല്യ വർദ്ധനവും അതനുസരിച്ച് ഗ്രേഡിംഗും നടത്തുകവഴി മെച്ചപ്പെട്ട വില കർഷകന് ലഭ്യമാക്കാവുന്നതാണ്.
- കാടവളർത്തൽ പ്രോത്സാഹിപ്പിക്കുകവഴി കാടമുട്ടയുടെ ഗുണങ്ങൾ ജനങ്ങളിലേക്ക് എത്തിക്കുന്നതിനുള്ള നടപടികൾ സാധ്യമാക്കുക.
- എല്ലാ പഞ്ചായത്തുകളിലും എഗ്ഗർ നഴ്സറികൾ സ്ഥാപിച്ച് കോഴി/താറാവിൻ കുഞ്ഞുങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുക.
- സ്വകാര്യ താറാവ് ഹാച്ചറികളുടെ പ്രവർത്തനങ്ങൾ നിയന്ത്രണ വിധേയമാക്കുക. ലൈസ്സൻസിങ് ഏർപ്പെടുത്തുക.
- സ്കൂൾ കുട്ടികൾക്ക് ഇപ്പോൾ നടപ്പിലാക്കുന്ന പദ്ധതികൾക്ക് പുറമേ വകുപ്പിന്റെ ഡമോൺസ്ട്രേഷൻ ഫാം/ ഹാച്ചറികളിലേയ്ക്ക് പഠനയാത്രകൾ സംഘടിപ്പിക്കുക. കർഷകരുടെ നൂതന ആശയങ്ങൾ കണ്ടെത്തുകയും അവയെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.
- ബ്രോയിലർ ഫാമിംഗ് പ്രോത്സാഹിപ്പിക്കുക ചെറുകിട ബ്രോയിലർ യൂണിറ്റുകൾ തുടങ്ങുന്നതിനായി വനിതകളെ സജ്ജരാക്കുക.
- ചെറുകിട ബ്രോയിലർ ഡ്രസ്സിംഗ് യൂണിറ്റുകളും ഇറച്ചി സംസ്കരണ യൂണിറ്റുകളും സ്ഥാപിക്കുക.
- കാളക്കുട്ടന്മാരെ വളർത്തലും പോത്തുകുട്ടി വളർത്തലും പ്രോത്സാഹിപ്പിക്കുക.
- ആട്ടിറച്ചി ലഭ്യത പരമാവധി ഉറപ്പുവരുത്തുന്നതിനായി ഉത്പാദനത്തോടൊപ്പം തന്നെ വിപണനവും ഉറപ്പു വരുത്തുക
- എല്ലാ പഞ്ചായത്തുകളിലും മൃഗസംരക്ഷണ വിജ്ഞാന വ്യാപന കേന്ദ്രങ്ങൾ സ്ഥാപിക്കുക.
- മൃഗാശുപത്രികളിൽ മരുന്നുകളുടെ ലഭ്യത എല്ലാ സമയത്തും ഉറപ്പുവരുത്തണം.
- തെരുവുനായ്ക്കളുടെ വർദ്ധനവ് പൊതുജന ആരോഗ്യത്തിനു തന്നെ ഭീഷണിയായിരിക്കുന്ന കാലഘട്ടത്തിൽ അവയുടെ നിയന്ത്രണവും പേവിഷ രോഗ പ്രതിരോധവും വർദ്ധിച്ച പ്രാധാന്യത്തോടെ ഏറ്റെടുത്തു ചെയ്യേണ്ടുന്ന പദ്ധതികളാണ്. പൊതുജനാരോഗ്യത്തിൽ വെറ്റിനറി മേഖലയ്ക്കുള്ള പ്രാധാന്യത്തെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കുവാൻ

ഉതകുന്നതരത്തിലുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുക. ഉദാഹരണമായി ആന്റിബയോട്ടിക്കുകളുടെ ഉപയോഗം.

- പുതിയരോഗങ്ങളെപ്പറ്റിയും അവയുടെ പൊതുജനാരോഗ്യ പ്രാധാന്യത്തെപ്പറ്റിയും ഗവേഷണം നടത്തുന്നതിനുള്ള ഗവേഷണഫലങ്ങൾ ജനങ്ങളിലേക്ക് എത്തിച്ച് അവരെ ബോധവൽക്കരിക്കുന്നതിനും വേണ്ടുന്ന പ്രതിരോധ നടപടികൾ എടുക്കുന്നതിനുമായി ഒരു **"One Health Approach"** ഉണ്ടാകേണ്ടതാണ്.
- വൺഹെൽത്ത് എന്ന ആശയത്തിൽ അധിഷ്ഠിതമായി ആരോഗ്യ വകുപ്പ്, മൃഗസംരക്ഷണ വകുപ്പ്, പരിസ്ഥിതി വകുപ്പ്, മറ്റനുബന്ധ വകുപ്പുകൾ കൂട്ടായി പ്രവർത്തിച്ച് പൊതുജനാരോഗ്യ പ്രവർത്തനങ്ങൾ നടപ്പിലാക്കുക.

# ക്ഷീരവികസനം

ആലപ്പുഴ ജില്ലയിലെ ഗ്രാമീണ സമ്പദ്ഘടനയിൽ ഗണ്യമായ സ്വാധീനം ചെലുത്തുന്ന മേഖലയാണ് ക്ഷീര കാർഷിക വൃത്തി. 12000 ത്തോളം കുടുംബങ്ങളുടെ ഒരു പ്രധാന വരുമാന സ്രോതസ്സായി ക്ഷീരകാർഷിക വൃത്തി വളർന്നിരിക്കുന്നു. കൂടാതെ 600 റോളം കുടുംബങ്ങൾക്ക് ഉപവരുമാന മാർഗ്ഗമായും ഈ മേഖല പ്രവർത്തിക്കുന്നു. ക്ഷീരകാർഷിക വൃത്തിയിൽ ഏർപ്പെട്ടിരിക്കുന്നതിൽ ബഹുഭൂരിപക്ഷവും സ്ത്രീകളാണെന്നത് സ്ത്രീ ശാക്തീകരണത്തിൽ ഈ മേഖല വഹിക്കുന്ന പങ്ക് വിളിച്ചോതുന്നു. ഉല്പാദനം, സംഭരണം, സംസ്കരണം, വിപണന മേഖലകളിൽ കർഷക പങ്കാളിത്തം ഉറപ്പുവരുത്തിക്കൊണ്ടുള്ള പ്രവർത്തനം ഈ സഹകരണ മേഖലകൾക്ക് മാതൃകാപരമായി ക്ഷീരമേഖല നിർവ്വഹിച്ചുപോരുന്നു. ജില്ലയിലെ ഉപഭോക്താക്കൾക്ക് കൃത്രിമങ്ങളില്ലാത്ത ആരോഗ്യ സംരക്ഷകമായ പാൽ കൃത്യമായി എത്തിച്ചുകൊടുക്കുന്നതിനും സുപ്രധാന പങ്കാണ് ഈ മേഖലയ്ക്കുള്ളത്.


മേഖലയിൽ ഇപ്പോൾ പ്രതിദിനം 4.94 ലക്ഷം ലിറ്റർ പാലാണ് ആവശ്യമായിട്ടുള്ളത്. എന്നാൽ ഉല്പ്പാദനം 4.25 ലക്ഷം ലിറ്റർ പാൽ ആണ്. ജില്ലയിലെ ആവശ്യത്തിന്റെ 86 ശതമാനം ജില്ലയിൽ തന്നെ ഉല്പ്പാദിപ്പിക്കുന്നു എന്നത് സന്തോഷകരമായ വസ്തുതയാണ്. വിസ്തൃതിയിൽ സംസ്ഥാനത്തെ ഏറ്റവും ചെറിയ ജില്ലയും ആകെ വിസ്തൃതിയുടെ 31 ശതമാനവും വെള്ളക്കെട്ടോടു കൂടിയതുമായ ആലപ്പുഴ ജില്ല സംസ്ഥാനത്ത് പാൽ ഉല്പാദനത്തിൽ 8-mw സ്ഥാനത്ത് എത്തി നില്കുന്നു എന്നത് ഈ മേഖലയിലെ കർഷക മുന്നേറ്റത്തിന്റെ പ്രത്യക്ഷ ഉദാഹരണമാണ്.

## വികസന വിടവുകൾ

ജില്ലയിൽ പ്രതിദിനം 1786 മെടിക് ടൺ തീറ്റപ്പുൽ അധികമായി ഉല്പ്പാദിപ്പിക്കേണ്ടതുണ്ട്. ഇതിനായി ഒരു പഞ്ചായത്തിൽ ശരാശരി 30 ഹെക്ടർ വീതം സ്ഥലത്ത് അധികമായി തീറ്റപ്പുൽ കൃഷി തുടങ്ങേണ്ടതുണ്ട്. ജനസാന്ദ്രതയിൽ മുന്നിട്ട് നില്കുന്ന ആലപ്പുഴ ജില്ലയിൽ തീറ്റപ്പുൽ കൃഷി ചെയ്യുന്നതിനാവശ്യമായ സ്ഥല ലഭ്യത തുലോം കുറവാണ്.

| ക്രമ നം. | വിവരം | എണ്ണം / അളവ് |
|---|---|---|
| 1 | പശുക്കളുടെ എണ്ണം | 106000 |
| 2 | വേണ്ട പച്ച പുല്ലിന്റെ അളവ് (പ്രതി വർഷം) | 11.61 ലക്ഷം മെടിക് ടൺ. |
| 3 | ഉൽപാദനം (പ്രതി വർഷം) | 5.09 ലക്ഷം മെടിക് ടൺ. |
| 4 | അധികമായി ഉൽപാദിപ്പിക്കേണ്ടത് (പ്രതി വർഷം) | 6.52 ലക്ഷം മെടിക് ടൺ. |
| 5 | പ്രതിദിനം ഉൽപാദിപ്പിക്കേണ്ട പുല്ലിന്റെ അളവ് | 1786 മെടിക് ടൺ. |


*അവലംബം-ക്ഷീരവികസന വകുപ്പ് ക്ഷീരസംഘങ്ങളിൽനിന്ന് ശേഖരിച്ചത്*




പാൽ ഉൽപാദനത്തിൽ സ്വയം പര്യാപ്തത കൈവരിയ്ക്കുന്നതിന് നമ്മുടെ ജില്ലയിൽ പ്രതിദിനം 87673 ലിറ്റർ പാൽ അധികമായി ഉൽപാദിപ്പിയ്ക്കേണ്ടതുണ്ട്.

| ക്രമ നം. | വിവരണം (പ്രതിദിനം) | അളവ് |
|---|---|---|
| 1 | പാലിന്റെ ആവശ്യകത (ഒരു വ്യക്തിയ്ക്ക്) | 250 ഗ്രാം (ലോകാരോഗ്യ സംഘടനയുടെ നിർദ്ദേശം) |
| 2 | ആലപ്പുഴ ജില്ലയ്ക്ക് വേണ്ട പാലിന്റെ അളവ് | 5.5 ലക്ഷം ലിറ്റർ. |
| 3 | പാലിന്റ ഉല്പാദനം | 4.75 ലക്ഷം ലിറ്റർ. |
| 4 | അധികമായി ഉൽപാദിപ്പിയ്ക്കേണ്ടത് | 0.75 ലക്ഷം ലിറ്റർ. |

*അവലംബം-ക്ഷീരവികസന വകുപ്പ് ക്ഷീരസംഘങ്ങളിൽനിന്ന് ശേഖരിച്ചത്*



അടുത്ത വർഷത്തിനുള്ളിൽ 7500 റോളം മേൽത്തരം കറവമാടുകളെ സംസ്ഥാനത്തിനു പുറത്തുനിന്ന് എത്തിച്ച് പെട്ടെന്നുള്ള ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ ഉണ്ടാകേണ്ടിയിരിക്കുന്നു.

| ക്രമ നം | വിവരണം (പ്രതിദിനം) | എണ്ണം / ലിറ്റർ. |
|---|---|---|
| 1 | അധികമായി ഉൽപാദിപ്പിയ്ക്കേണ്ട പാലിന്റെ അളവ് | 75000 ലിറ്റർ. |
| 2 | ഒരു കറവമാടിൽനിന്ന് ശരാശരി ഉൽപാദനം | 10 ലിറ്റർ. |
| 3 | അധികമായി കൊണ്ടുവരേണ്ട കറവമാടുകൾ | 7500 എണ്ണം |

*അവലംബം-ക്ഷീരവികസനം-മൃഗസംരക്ഷണം*

ശാസ്ത്രീയമായ പാലുൽപാദനത്തിന് നവീനവും ശാസ്ത്രീയവുമായ രീതിയിൽ നിർമ്മിച്ച കാലിത്തൊഴുത്തുകൾ ഒഴിച്ചുകൂടാനാവാത്തതാണ്. പശുക്കളുടെ ഉൽപാദനക്ഷമതയും ആരോഗ്യവും കൂട്ടുന്നതിന് അത്തരം തൊഴുത്തുകൾ സഹായിക്കുന്നു.

| ക്രമ നം. | വിവരണം | എണ്ണം |
|---|---|---|
| 1 | ക്ഷീരസംഘങ്ങളിൽ പാൽനൽകുന്ന കർഷകർ (2016-17) | 15027 |
| 2 | ആകെ കാലിത്തൊഴുത്തുകളുടെ എണ്ണം | 12450 |
| 3 | ശാസ്ത്രീയവും വൃത്തിയുള്ളതുമായ തൊഴുത്തുകൾ | 8300 |
| 4 | അശാസ്ത്രീയവും വൃത്തിഹീനവുമായ തൊഴുത്തുകൾ | 4150 |
| 5 | തൊഴുത്ത് ഇല്ലാതെ താൽക്കാലിക സൌകര്യം | 2577 |

*അവലംബം-ക്ഷീരവികസന വകുപ്പ് ക്ഷീരസംഘങ്ങളിൽനിന്ന് ശേഖരിച്ചത്*

1. ആകെ കാലിത്തൊഴുത്തുകളുടെ എണ്ണം - 12450
2. ശാസ്ത്രീയവും വൃത്തിയുള്ളതുമായ തൊഴുത്തുകൾ - 8300
3. അശാസ്ത്രീയവും വൃത്തി ഹീനവുമായ തൊഴുത്തുകൾ - 4150

4150 തൊഴുത്തുകൾ നവീകരിയ്ക്കുകയും 2577 തൊഴുത്തുകൾ നിർമ്മിയ്ക്കുകയും, ചാണകം ഗോമൂത്രം എന്നിവ ശാസ്ത്രീയമായി സംഭരിക്കുകയും ചെയ്യുന്നതോടെ പശുപരിപാലനത്തിലെ ഈ പ്രശ്നങ്ങൾ ദൂരീകരിയ്ക്കാവുന്നതാണ്. ജില്ലയിലെ മാർക്കറ്റിൽ ലഭ്യമായ പാലിന്റെ ഗുണമേന്മ പൂർണ്ണമായി ഉറപ്പുവരുത്തുന്നതിന് നിലവിലെ സംവിധാനത്തിൽ സാധിയ്ക്കുകയില്ല. ആതന സാങ്കേതിക സംവിധാനങ്ങൾ, ആധുനിക ലാബുകൾ എന്നിവയുടെ അഭാവം മൂലം പാലിന്റെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിന് തടസ്സമാകുന്നു. ഇവിടെ വിപണനം ചെയ്യുന്ന വിവിധ ബ്രാൻഡുകളിലെ കാലിത്തീറ്റകളുടെ ഗുണനിലവാരക്കുറവ് കർഷകരുടെ പ്രധാന പ്രശ്നമാണ്.

പ്രതിവർഷം ആവശ്യമായ കാലിത്തീറ്റ - 1.55 ലക്ഷം (മെട്രിക് ടൺ)
ജില്ലയിലെ നിലവിലെ ലഭ്യത(മിൽമ) - 1.09 ലക്ഷം (മെട്രിക് ടൺ)
വിടവ് - 0.46 ലക്ഷം (മെട്രിക് ടൺ)

ശാസ്ത്രീയ പശുപരിപാലന രീതികളിൽ മതിയായ പരിജ്ഞാനമില്ലാതെ ഫാമുകൾ നടത്തുന്നത് സാമ്പത്തിക നഷ്ടം ഉണ്ടാക്കുന്നതാണ്. ക്ഷീരോല്പന്ന നിർമ്മാണ വിപണന രംഗങ്ങളിൽ മതിയായ ശാസ്ത്രീയ പരിശീലനം നൽകുന്നതിന് ആവശ്യമായ അടിസ്ഥാന സൌകര്യങ്ങൾ ജില്ലയിൽ നിലവിലില്ല. ഇത് ഈ രംഗത്തേയ്ക്ക് കൂടുതൽ ആളുകൾ പുതുതായി

കടന്നുവരുന്നതിന് തടസ്സമാകുന്നു. കർഷകർക്ക് നല്ല ഉരുക്കളെ വാങ്ങുന്നതിന് നിലവിലുള്ള സൌകര്യങ്ങൾ അപര്യാപ്തമാണ്. കറവമാടുകളെ വിൽക്കുന്നതിനും ഈ കുറവ് ഉണ്ട്. തന്മൂലം ഇടത്തട്ടുകാർ രണ്ടു കൂട്ടരെയും ചൂഷണം ചെയ്യുന്നു.

കന്നുകാലി ഇൻഷ്വറൻസ് സ്കീം പല ഇൻഷ്വറൻസ് കമ്പനികളും നടപ്പാക്കുന്നുണ്ട് എങ്കിലും ഇവയുടെ അമിതമായ പ്രീമീയം നിരക്കുകളും നഷ്ടപരിഹാരം ലഭിക്കുന്നതിനുള്ള കർക്കശമായ നിബന്ധനകളും മൂലം കർഷകർ ഇൻഷ്വർ ചെയ്യുന്നതിന് വിമുഖരാക്കുന്നു. കർഷകനേയും അവരുടെ ഉരുക്കളേയും കുറഞ്ഞ പ്രീമിയത്തിൽ ഇൻഷ്വർ ചെയ്ത് സംരക്ഷണം നല്കുന്നതിനുള്ള ഒരു സമഗ്ര ഇൻഷ്വറൻസ് പദ്ധതിയുടെ അപര്യാപ്തത ഈ മേഖല അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നമാണ്.

## കാഴ്ച്ചപ്പാട്

പാൽ ഉല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിയ്ക്കുക, പാൽ ഉല്പ്പന്ന നിർമ്മാണ മേഖലയിൽ പ്രതിവർഷം കുറഞ്ഞത് 350 പേർക്ക് തൊഴിൽ നൽകുക, മായം ചേർക്കാത്തതും ആരോഗ്യ സംരക്ഷകവുമായ പാലിന്റെ ലഭ്യത ഉറപ്പ് വരുത്തുക, പോഷക സമൃഷ്ടവും ഗുണനിലവാരമുള്ളതുമായ കാലിത്തീറ്റയുടെ ലഭ്യത ഉറപ്പ് വരുത്തുക, കറവമാടുകൾക്ക് ആവശ്യമുള്ള തീറ്റപ്പുല്ല് ഇവിടെത്തന്നെ ഉൽപ്പാദിപ്പിയ്ക്കുക, എല്ലാ ക്ഷീര കർഷകർക്കും പരിസ്ഥിതി സൌഹൃദമായ കാലിത്തൊഴുത്തുകൾ നിർമ്മിക്കുക, ചാണകം, ഗോമൂത്രം എന്നിവ വളമാക്കി മാറ്റുന്നതിനുള്ള സംവിധാനം ഒരുക്കുക, എല്ലാ ക്ഷീരസംഘങ്ങളും ലാഭകരമായി പ്രവർത്തിയ്ക്കുന്നതിനും 2006 ലെ ഭക്ഷ്യസുരക്ഷാ നിയമങ്ങൾ പാലിച്ച് പ്രവർത്തിക്കുന്നതിനുമുള്ള സാഹചര്യം സൃഷ്ടിക്കുക.

## ലക്ഷ്യങ്ങൾ

ജില്ലയിലെ കറവമാടുകൾക്ക് പ്രതിവർഷം 11.61 ലക്ഷം തീറ്റപ്പുല്ല് ആവശ്യമുണ്ട്. എന്നാൽ നിലവിലെ തീറ്റപ്പുൽ ഉല്പാദനം 5.09 ലക്ഷം മെടിക് ടൺമാത്രമാണ്. പ്രതിവർഷം 6.52 ലക്ഷം മെടിട് ടൺ തീറ്റപ്പുല്ലിന്റെ കുറവ് നിലനിൽക്കുന്നു. ഇത് പരിഹരിയ്ക്കുന്നതിന് ആകെ 260 ഹെക്ടർ സ്ഥലത്ത് തീറ്റപ്പുൽകൃഷി അധികമായി നടപ്പിലാക്കേണ്ടതാണ്. ശരാശരി ഒരു പഞ്ചായത്തിൽ 35.50 ഹെക്ടർ സ്ഥലത്ത് വീതം പുൽകൃഷിത്തോട്ടങ്ങൾ നിർമ്മിച്ചാൽ ഈ ലക്ഷ്യം സാക്ഷാത്കരിയ്ക്കാവുന്നതാണ്. കാർഷിക വൃത്തിയിലെ ഉപ ഇനങ്ങളായ ചക്ക, വാഴ, ശീമക്കൊന്ന, വൈക്കോൽ എന്നിവ പശുഷാഹാരമായി ഉൾപ്പെടുത്താവുന്നതാണ്. ജില്ലയിലെ സർക്കാർസ്ഥാപനമായ K.S.D.P യുടെ വിറ്റാമിൻ A പ്ലാൻറിലൂടെ വിറ്റാമിൻ A മിശ്രിതം നിർമ്മിച്ച് കറവമാടുകൾക്ക് ലഭ്യമാക്കാവുന്നതാണ്. വൈയ്ക്കോൽ-യൂറിയ സമൃഷ്ടീകരണം എൻസൈലേജിംഗ് ഹേ നിർമ്മാണം മുതലായ ശാസ്ത്രീയ സമൃഷ്ടീകരണ രീതികൾ പ്രായോഗികമാക്കേണ്ടതാണ്.

ആധുനിക കന്നുകാലി ചന്തകൾ കർഷകർക്ക് നല്ല ഉരുക്കളെ വാങ്ങുന്നതിന് നിലവിലുള്ള സൌകര്യങ്ങൾ അപര്യാപ്തമാണ്. കറവമാടുകളെ വിൽക്കുന്നതിനും ഈ കുറവ് ഉണ്ട്. നമ്മുടെ കറവമാടുകളിൽ 92%വും സങ്കര വർഗ്ഗത്തിൽപ്പെട്ടവയാണ്. ഇവയുടെ ശരാശരി പ്രതിദിന ഉൽപാദന ശേഷി 9.8 ലിറ്ററാണ്.

| ഇനം | ആകെ | ഉൽപാദനത്തിലുള്ളത് |
|---|---|---|
| സങ്കരവർഗ്ഗം | 97538 (92)% | 47058 |
| നാടൻ പശുക്കൾ | 2078 (1.96%) | 940 |
| എരുമകൾ | 6384 (6.0%) | 2410 |
| ആകെ | 1,06,000 | 50,408 |

*അവലംബം (ക്ഷീരസംഘങ്ങളിലൂടെയുള്ള സ്ഥിതിവിരക്കണക്ക്)*

ഇപ്രകാരം ജില്ലയിലെ പ്രതിദിന പാൽ ഉല്പാദന ഉപഭോഗ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ആകെ പ്രതിദിന ഉപഭോഗം – 5.5 ലക്ഷം ലിറ്റർ

ആകെ പ്രതിദിന ഉൽപ്പാദനം – 4.75 ലക്ഷം ലിറ്റർ

ആകെ വിടവ് – 87673 ലിറ്റർ (പ്രതിദിനം)

ഈ വിടവ് നികത്തുന്നതിലേയ്ക്ക് 7500 കറവമാടുകൾ അധികമായി ജില്ലയിൽ ലഭ്യമാക്കേണ്ടതാണ്.

ആലപ്പുഴ ജില്ലയിലെ ഡയറി ഫാമുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം | ഘടകം | എണ്ണം |
|---|---|---|
| 1 | 100 പശുക്കൾക്ക് മേലെ വളർത്തുന്നവർ | 2 |
| 2 | 51–100 പശുക്കളെ വളർത്തുന്നവർ | 4 |
| 3 | 21–50 പശുക്കളെ വളർത്തുന്നവർ | 38 |
| 4 | 11–20 പശുക്കളെ വളർത്തുന്നവർ | 129 |
| 5 | 5–10 പശുക്കളെ വളർത്തുന്നവർ | 542 |

*വിവരശേഖരണം-കഷീരസംഘങ്ങളിലൂടെ ക്ഷീരവികസന വകപ്പ് ശേഖരിച്ചത്*

ഡയറിഫാം യൂണിറ്റുകളോടൊപ്പം ജൈവ പച്ചക്കറി കൃഷി ഇറച്ചിക്കോഴി കൃഷി, മുയൽഫാം മത്സ്യകൃഷി, താറാവ് കൃഷി, ആട് വളർത്തൽ എന്നിവ ഉൾക്കൊള്ളിച്ച് സമ്മിശ്ര കൃഷി രീതി നടപ്പാക്കുന്നത് അധിക വരുമാനദായകമായ ഒരു കാർഷിക വൃത്തിയാണ്.

## നിർദ്ദേശങ്ങൾ

**മേൽത്തട്ട്**

- കറവുമാടുകളുടേയും കിടാരികളുടേയും ലഭ്യത ഉറപ്പാക്കൽ
- ക്ഷീര വികസന വകുപ്പിന്റെ നിലവിലുള്ള എം.എസ്.ഡി.പി. പദ്ധതിയിൽ നിർദ്ദേശിക്കുന്ന രീതിയിൽ ത്രിതല പഞ്ചായത്തുകളിലും 1പശു, 2പശു, 5പശു, 10പശു, ഡയറി ഫാമുകൾ നടപ്പിലാക്കുന്നതിന് ധന സഹായം.
- കൂട്ടനാട്ടിൽ വിളവെടുപ്പിനുശേഷം കത്തിച്ചുകളയുന്ന വൈയ്ക്കോൽ സംഭരിച്ച് ബെയിൽ ചെയ്ത് സംഭരിച്ച് സൂക്ഷിച്ച് വിപണനം നടത്തുന്ന പദ്ധതി തെരഞ്ഞെടുത്ത ക്ഷീര സംഘങ്ങളുടെ സഹകരണത്തോടെ നടപ്പാക്കുന്ന പദ്ധതിയാണ്. ഇത് കാർഷിക

എൻജിനീയറിംഗ് വിഭാഗത്തിന്റെ ത്രിതല പഞ്ചായത്ത് സംയുക്ത പദ്ധതിക്കായി നടപ്പാക്കാവുന്നതാണ്.

- ബൾക്ക് മിൽക്ക് കൂളർ സ്ഥാപിച്ചിട്ടുള്ള ക്ഷീര സഹകരണ സംഘങ്ങളിൽ മലിനജലം ശാസ്ത്രീയമായി പുനരുപയോഗിക്കുന്നതിന് സംസ്ഥാന ശുചിത്വമിഷനുമായി സഹകരിച്ച് എഫ്ളുവന്റ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പാക്കാവുന്നതാണ്.
- പാൽ സംഭരണം വളരെകുറവുള്ള സംഘങ്ങളിൽ വരുമാനം കുറവായതിനാൽ ജീവനക്കാരെ കിട്ടാനില്ലാത്ത അവസ്ഥമൂലം ബുദ്ധിമുട്ടുന്ന ക്ഷീര സംഘങ്ങളിൽ ജീവനക്കാർക്ക് ശമ്പളം നല്കുന്നതിന് മാനേജീരിയൽ സബ്സിഡിയായി ധനസഹായം അനുവദിച്ച് ടി ക്ഷീര സംഘങ്ങളെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരാവുന്നതാണ്.
- കർഷകനെയും അവന്റെ ഉരുക്കളെയും ഒന്നിച്ച് ഇൻഷുർ ചെയ്ത് നടപ്പാക്കുന്ന സമഗ്ര ഇൻഷുറൻസ് പദ്ധതി ആകർഷകമായി നടപ്പാക്കാവുന്നതാണ്.
- പുതുതായി ഡയറി ഫാം തുടങ്ങുന്ന യുവ സംരംഭകർ ലൈസൻസ്, രജിസ്ട്രേഷൻ ആവശ്യങ്ങൾക്കായി പല ഓഫിസുകളിൽ കയറിയിറങ്ങുന്നതിന് പകരം ബ്ലോക്ക്തലത്തിൽ ഏക ജാലക സംവിധാനങ്ങൾ തുടങ്ങേണ്ടതാണ്.
- തുടർച്ചയായി ഉണ്ടാകുന്ന വെള്ളപ്പൊക്കം ഗതാഗത സൌകര്യങ്ങളുടെ അപര്യാപ്തത എന്നിവ മൂലം ഇതര പ്രദേശങ്ങളിൽ നിന്ന് വ്യത്യസ്തമായി കുട്ടനാട്ടിലെ ക്ഷീര കാർഷിക മേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ ശാശ്വതമായി പരിഹരിക്കുന്നതിന് അഭിലഷണീയമായ എലിവേറ്റഡ് കാലിത്തൊഴുത്തുകൾ, ട്രാൻസ്പോർട്ടേഷണൽ എന്നിവ ഈ മേഖലയിൽ നടപ്പാക്കാവുന്നതാണ്.
- ജില്ലയിലെ ചില ക്ഷീരസംഘങ്ങൾ പ്രവർത്തിച്ചുവരുന്നത് മതിയായ സൌകര്യങ്ങളില്ലാതെയാണ്. ടി സംഘങ്ങൾക്ക് ആവശ്യമായ കെട്ടിടം, ഫർണ്ണീച്ചർ, പാൽ പരിശോധന സൌകര്യങ്ങൾ, തുടങ്ങിയവ ഏർപ്പെടുത്തേണ്ടത് അത്യാവശ്യമാണ്.
- ജില്ലയിൽ വിപണനം ചെയ്യുന്ന പാലിന്റെയും കാലിത്തീറ്റയുടെയും ഗുണനിലവാരം പരിശോധിച്ച് ഉറപ്പുവരുത്തുന്നതിനായി അത്യാധുനിക സൌകര്യങ്ങളോടുകൂടിയ ഒരു ലാബ് ഏർപ്പെടുത്തേണ്ടത് അത്യാവശ്യമാണ്.
- ക്ഷീരമേഖലയിലേയ്ക്ക് പുതുതായി കടന്നുവരുന്ന ക്ഷീരകർഷകർക്ക് ശാസ്ത്രീയമായ പാലുൽപാദനം, തീറ്റപ്പുൽകൃഷി, ക്ഷീരമേഖലയിലെ നവീന സാങ്കേതിക വിദ്യകൾ എന്നിവ പ്രയോജനപ്പെടുത്തുന്നതിനായി മതിയായ പരിശീലനം നൽകുന്നതിന് വകുപ്പിന്റെ ഉടമസ്ഥതയിലുള്ള പട്ടണക്കാട് മിൽക്ക് പ്രോഡക്ട്സ് മാനുഫാക്ചറിംഗ് ആൻഡ് സിലിറ്റേഷൻ സെന്ററിനെ മതിയായ ജീവനക്കാരെ നിയമിയ്ക്കുന്നത് ഉൾപ്പടെയുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തി ക്ഷീരപരിശീലന കേന്ദ്രമായി ഉയർത്തേണ്ടതുണ്ട്.
- ക്ഷീരസംഘത്തിൽ പാൽ അളക്കുന്ന കർഷകർക്ക് 1 ലിറ്റർ പാലിന് 4 രൂപ പ്രകാരം ഉള്ള മിൽക്ക് ഇൻസെന്റിവ് ത്രിതല പഞ്ചായത്ത് മുഖേന കാലാനുസൃതമായി വർദ്ധിപ്പിച്ച് നൽകാവുന്നതാണ്. പാലിന് നിലവിലുള്ള ഇൻസെന്റിവ്- പൊതു മാർക്കറ്റിന് സമാനമായി 5 രൂപ എന്നത് 8 രൂപയായി വർദ്ധിപ്പിക്കുക.
- ആട്ടുമാടുകളുടെ തീറ്റചെലവ് കുറയ്ക്കുന്നതിനായി നിലവിലുള്ള കാലിതീറ്റ സബ്സിഡി കാലാനുസൃതമായി വർദ്ധിപ്പിച്ച് നൽകാവുന്നതാണ്.

- ഗ്രാമപഞ്ചായത്ത് തലത്തിൽ ക്ഷീരകർഷകർക്ക് അസോള കൃഷി നടപ്പിലാക്കുന്ന പദ്ധതി ഉൾപ്പെടുത്താവുന്നതാണ്.

**കീഴ്ട്ട്**

- ക്ഷീര സംഘങ്ങളിലൂടെ കാലിത്തീറ്റ സബ്സിഡി
- കാലിത്തീറ്റയുടെ അമിത വില മൂലം ബുദ്ധിമുട്ടുന്ന കർഷകർക്ക് ക്ഷീര സംഘങ്ങളിലൂടെ കാലിത്തീറ്റ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്ന പദ്ധതി ത്രിതല പഞ്ചായത്ത്-സംയുക്ത പ്രോജക്ടായി നടപ്പാക്കാവുന്നതാണ്.
- ക്ഷീര സംഘങ്ങളിൽ പാലളക്കുന്ന കർഷകർക്ക് നിലവിൽ നല്കുന്ന 1 ലിറ്ററിന് 4 രൂപ പ്രകാരമുള്ള മിൽക്ക് ഇൻസെന്റീവ് ലിറ്ററിന് 6 രൂപ പ്രകാരം 12 മാസവും നൽകത്തക്ക വിധം ജില്ലാ ബ്ലോക്ക് ഗ്രാമപഞ്ചായത്തുകളുടെ സംയുക്ത പ്രോജക്ടായി നടപ്പാക്കാവുന്നതാണ്. ടി തുക കാലാകാലങ്ങലിൽ വർദ്ധിപ്പിക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.
- തെരഞ്ഞെടുത്ത ബ്ലോക്കുകളിലെ താല്പര്യമുള്ള ക്ഷീര സഹകരണ സംഘങ്ങൾക്ക് മിനി കാലിത്തീറ്റ നിർമ്മാണ യൂണിറ്റ്/ മിനി ഫീഡ് മിക്സിംങ് യൂണിറ്റ് സബ്സിഡി നല്കി നടപ്പിലാക്കുക. കാർഷിക ഉപോല്പന്നങ്ങളായ വൈക്കോൽ തവിട് മുതലായവ ചേർത്ത് റ്റി.എം.ആർ. തീറ്റകൾ നിർമ്മിക്കാവുന്നതാണ്.
- കർഷക ഭവനങ്ങളിൽ കുറഞ്ഞത് 5 സെന്റ് സ്ഥലം മുതൽ തീറ്റപ്പുൽ കൃഷി തോട്ടങ്ങൾ നിർമ്മിക്കുന്നതിന് സെന്റിന് 200 രൂപ പ്രകാരം സബ്സിഡിയോടെ പുൽ കൃഷി തോട്ടം നിർമ്മിക്കണം.
- ഗ്രാമപഞ്ചായത്തുകളുടെ മേൽനോട്ടത്തിൽ സർക്കാർ- സ്വകാര്യമേഖലകളിലെ തരിശ്ശു ഭൂമികളിൽ കുടുംബശ്രീ-സ്വയം സഹായ, വനിതാ തൊഴിൽ ഗ്രൂപ്പുകൾ ക്ഷീര സഹകരണ സംഘങ്ങൾ എന്നിവർക്ക് ജലസേചന സൌകര്യങ്ങളോടെ വാണിജ്യ അടിസ്ഥാനത്തിൽ തീറ്റപ്പുൽ കൃഷി തോട്ടം നിർമ്മിച്ച് തീറ്റപ്പുൽ വില്പന നടത്തുന്ന പദ്ധതി. കൂടാതെ അഗ്രോ ഫോറസ്ട്രീ വിഭാഗത്തിന്റെ പ്രവർത്തനങ്ങളിൽ ദീർഘകാല കാലിത്തീറ്റ വൃക്ഷവിളകളായ സുബാബുൾ, അഗത്തി, പ്ലാവ് മുതലായവ ഉൾപ്പെടുത്തി തീറ്റപ്പുൽ ലഭ്യത വർദ്ധിപ്പിക്കാവുന്നതാണ്.
- ഓണാട്ടുകര മുതലായ പ്രദേശങ്ങളിലെ ഇരുപ്പുനിലങ്ങളിൽ ചോളം, വൻപയർ മുതലായ ഹ്യസ്വകാല തീറ്റപ്പുല്ലിനങ്ങൾ കൃഷി ചെയ്യുന്ന പദ്ധതി
- മാഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി തീറ്റപ്പുൽ കൃഷിത്തോട്ടങ്ങൾ പരമാവധി നിർമ്മിക്കണം.
- കന്നുകുട്ടി പരിപാലന പദ്ധതി, കന്നുകുട്ടി ദത്തെടുക്കൽ പദ്ധതി മുതലായവ എല്ലാ പഞ്ചായത്തിലും സമയബന്ധിതമായി നടപ്പിലാക്കേണ്ടതാണ്.
- ക്ഷീര മേഖലയിൽ കറവപ്പശുക്കളെ വാങ്ങുന്ന വായ്പകൾക്കുള്ള അമിത പലിശ ഒഴിവാക്കി കർഷകരെ സഹായിക്കുന്നതിന് റിവോൾവിംഗ് ഫണ്ട് പദ്ധതി ക്ഷീര സംഘങ്ങളുമായി സഹകരിച്ച് എല്ലാ പഞ്ചായത്തിലും നടപ്പാക്കാവുന്നതാണ്.

- ഗ്രാമീണ മേഖലയിൽ വനിതകൾക്ക് ക്ഷീരോല്പ്പന്നങ്ങൾ നിർമ്മിച്ച് വിപണനം നടത്തുന്നതിനുള്ള യൂണിറ്റുകൾ തുടങ്ങി അവിടെ അടിസ്ഥാന സൌകര്യങ്ങൾ ക്രമീകരിക്കുന്ന പദ്ധതി ത്രിതല പഞ്ചായത്തുകളുടെ സംയുക്ത പ്രോജക്ടായി നടപ്പാക്കാവുന്നതാണ്.
- ക്ഷീര കർഷക ഭവനങ്ങളിലുള്ള ചാണകം ഗോമൂത്രം മുതലായവ പ്രയോജനപ്പെടുത്തി പവർ ഡ്രയർ ഉപയോഗിച്ച് ജൈവവള നിർമ്മാണ യൂണിറ്റുകൾ ക്ഷീര കർഷക ഭവനങ്ങളിലും, ക്ഷീര സംഘങ്ങളുടെ ആഭിമുഖ്യത്തിലും തുടങ്ങുന്ന പദ്ധതി. കൂടാതെ ചാണകവറളി നിർമ്മിച്ച് അധികവരുമാനം നേടുന്നതിനും പദ്ധതി.
- ജൈവകീടനാശിനികൾ നിർമ്മിക്കുന്നതിനുള്ള ഔഷധ സസ്യങ്ങൾ ക്ഷീര കർഷക ഭവനങ്ങളിൽ നട്ടുവളർത്തുന്ന പദ്ധതി.
- ആധുനിക രീതിയിലുള്ള കാലിതൊഴുത്തുകൾ നിർമ്മിച്ചു നല്കുന്നതിന് ത്രിതല പഞ്ചായത്തുകളുടെ സംയുക്ത പ്രോജക്ടായി പദ്ധതി നടപ്പാക്കാവുന്നതാണ്. കൂടാതെ നിർമ്മാണ പ്രവർത്തനങ്ങളിൽ മഹാത്മഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്താവുന്നതാണ്.
- കറവയന്ത്രങ്ങൾക്കുള്ള അമിതവില ഒഴിവാക്കി വാങ്ങുന്നതിന് കർഷകരെ സഹായിക്കുന്നതിനായി കറവയന്ത്രങ്ങൾ വാങ്ങുന്നതിന് സബ്സിഡി അനുവദിച്ച് കറവക്കാരുടെ ദൌർലഭ്യം പരിഹരിക്കുന്ന പദ്ധതി 75 ശതമാനം സബ്സിഡിയോടെ സംയുക്ത പ്രോജക്ടായി നടപ്പാക്കാവുന്നതാണ്.
- ക്ഷീരമേഖലയിലെ നവീന പദ്ധതികൾ നൂതന സാങ്കേതിക വിദ്യകൾ ക്ഷീരകർഷകരിലെത്തിയ്ക്കുന്നതിന് ക്ഷീരസംഘങ്ങൾ, ബ്ലോക്ക് തലത്തിലും, ജില്ലാതലത്തിലും ആവശ്യമായ പ്രചരണ പരിപാടികൾ സംഘടിപ്പിയ്ക്കേണ്ടതും ക്ഷീരമേഖലയുടെ പുരോഗതിയ്ക്ക് അത്യാവശ്യമാണ്.

# മത്സ്യവികസനം

വലിപ്പത്തിൽ ഏറ്റവും ചെറിയ ജില്ലയാണെങ്കിലും, അച്ചൻ കോവിൽ, മണിമല, പമ്പ എന്നീ നദികളും അവയുടെ കൈവഴികളും, വേമ്പനാട് കായലും, പടിഞ്ഞാറെ അതിരിലെ 82 കിലോ മീറ്റർ ദൂരമുള്ള കടൽതീരവും, മത്സ്യമേഖലയുടെ വൈവിധ്യവും അതോടൊപ്പം തന്നെ വിഭവസമ്പന്നതയും കാണിക്കുന്നു. ജില്ലയുടെ ആകെ വിസ്തൃതിയുടെ 20 ശതമാനവും ജലാശയങ്ങളും 8000 ഹെക്ടർ കരിനിലങ്ങളും 17300 ഹെക്ടർ പാടശേഖരങ്ങളും ആണ്. കേരളത്തിന്റെ ആകെ കടൽ തീരത്തിന്റെ 13.9 ശതമാനത്തോളം വരുന്ന ആലപ്പുഴയുടെ കടൽതീരത്ത് മാത്രം കാണപ്പെടുന്ന ഒരു പ്രതിഭാസമാണ് ചാകര. ഇത്രയും ജലവിഭവ സാധ്യതയുള്ളതിനാൽ മത്സ്യബന്ധനത്തിനും, മത്സ്യ കൃഷിക്കും മറ്റനുബന്ധ തൊഴിലവസരങ്ങൾക്കും ഉളെയധികം സാധ്യതയുള്ള ജില്ലയാണ് ആലപ്പുഴ. എന്നാൽ വിഭവചൂഷണവും മലിനീകരണ പ്രശ്നങ്ങളും, പ്രകൃതിക്ഷോഭങ്ങളും ഈ മേഖലയെ തളർത്തുന്നു.

ജില്ലയുടെ നാല് താലൂക്കുകളിലായി 30 മത്സ്യഗ്രാമങ്ങളും, 20,278 മത്സ്യത്തൊഴിലാളി കുടുംബങ്ങളും ഉള്ള ആലപ്പുഴ മത്സ്യതൊഴിലാളി കുടുംബങ്ങളുടെ എണ്ണത്തിൽ സംസ്ഥാനത്ത് രണ്ടാം സ്ഥാനത്ത് നിൽക്കുന്നു. ജില്ലയുടെ മത്സ്യ ഉൽപ്പാദനത്തിൽ ഉൾനാടൻ മത്സ്യ മേഖല വളരെ വലിയ പങ്ക് വഹിക്കുന്നുണ്ട്. ജില്ലയിൽ 4000-ഓളം ഹെക്ടറിൽ ആയി മത്സ്യകൃഷി നടത്തി വരുന്നുണ്ട്. കൂടാതെ ജില്ലയിലെ വിവിധ നദികളിലും കായലുകളിലും കൈത്തോടുകളിൽ നിന്നും മത്സ്യബന്ധനം നടക്കുന്നു. ആലപ്പുഴയുടെ തീരപ്രദേശം മത്സ്യ സമ്പത്തിനാൽ സമൃഷ്ടമായിരുന്നു. എന്നാൽ സുസ്ഥിരമായ മത്സ്യബന്ധന രീതി അവലംബിക്കാത്തതിനാൽ ആ സമ്പത്തിൽ ഗണ്യമായ കുറവ് സംഭവിച്ചിട്ടുണ്ട്. മത്സ്യ തൊഴിലാളികളുടെ ക്ഷേമ പ്രവർത്തനങ്ങൾക്ക് കൂടുതൽ ഊന്നൽ നൽകേണ്ടതുണ്ട്. മത്സ്യ മേഖലയുമായി ബന്ധപ്പെട്ട വ്യവസായങ്ങളുടെയും, വാണിജ്യ, സ്വയംതൊഴിൽ സംരംഭങ്ങളുടെ കാര്യങ്ങളിൽ വളരെ പിന്നിലാണ് ആലപ്പുഴ ജില്ല.

മൊത്തം മത്സ്യ തൊഴിലാളികളിൽ പകുതിയിൽ താഴെ മാത്രം ആളുകളെ ഈ മേഖലയിൽ പ്രവർത്തിക്കുന്നുള്ളു. മത്സ്യതൊഴിലാളി ക്ഷേമനിധി ബോർഡ് രജിസ്ട്രേഷൻ പ്രകാരം 35,972 മറൈൻ കുടുംബങ്ങളും 7488 ഉൾനാടൻ കുടുംബങ്ങളും ഉണ്ട്. ഇതിൽ തന്നെ ക്ഷേമനിധിയിൽ അംഗത്വം ഉള്ളവർ 26831 ഉം പെൻഷൻ ആയവർ 7572 ഉം ആണ്. അനുബന്ധ മത്സ്യ തൊഴിലാളികളുടെ കണക്ക് എടുത്താൽ 20429 അനുബന്ധ മത്സ്യ തൊഴിലാളികളായിട്ട് ഉണ്ട്.

**മത്സ്യതൊഴിലാളി കുടുംബങ്ങൾ**

| | |
|---|---|
| മറൈൻ | 35972 |
| ഉൾനാടൻ | 7488 |
| ക്ഷേമനിധിയിൽ അംഗത്വമുളളവർ | 26831 |
| പെൻഷനായവർ | 7572 |
| ആകെ | 77863 |

*(ഉറവിടം : മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ്)*

### മത്സ്യ അനുബന്ധതൊഴിലാളികളെ സംബന്ധിച്ച വിവരം

| | |
|---|---|
| പുരുഷൻ | 1423 |
| സ്ത്രീ | 19500 |
| ആകെ | 20923 |

*(ഉറവിടം : മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ്)*

### തൊഴിൽമേഖല തിരിച്ചുള്ള വിവരം

| ചുമട് | | വിപണന | | | പീലിംഗ് | |
|---|---|---|---|---|---|---|
| പുരുഷൻ | സ്ത്രീ | പുരുഷൻ | സ്ത്രീ | ആകെ | പുരുഷൻ | സ്ത്രീ |
| 426 | | 997 | 70 | 1067 | | 18935 |

*(ഉറവിടം : മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ്)*

### മത്സ്യ തൊഴിലാളി വനിതകളെ സംബന്ധിച്ചവിവരം

| ക്രമ നം. | വിഷയം | ആലപ്പുഴ മുൻസിപ്പാലിറ്റി | അമ്പലപ്പുഴ ബ്ലോക്ക് | ഹരിപ്പാട് ബ്ലോക്ക് | കഞ്ഞിക്കുഴി ബ്ലോക്ക് | മുഹകുളം ബ്ലോക്ക് | പട്ടണക്കാട് ബ്ലോക്ക് | ആര്യാട് ബ്ലോക്ക് |
|---|---|---|---|---|---|---|---|---|
| 1 | മത്സ്യ അനുബന്ധ തൊഴിലാളികളെസംബന്ധിച്ച വിവരം | 60 | 2432 | 1000 | 335 | 331 | 325 | 17 |
| 2 | ഇതര മേഖലയിൽ | 300 | 200 | – | 775 | 175 | 350 | |
| 3 | സ്വയംതൊഴിൽ | 150 | 23 | 35 | 185 | 88 | 60 | 2 |
| 4 | സാഫ് തൊഴിൽ | 2 | 11 | 9 | 21 | 11 | 12 | 7 |
| 5 | കുടുംബശ്രീ സംരംഭം | 15 | 120 | 8 | 14 | 10 | 50 | 15 |
| | **ആകെ** | **527** | **2786** | **1052** | **1330** | **615** | **797** | **41** |

*(ഉറവിടം : മത്സ്യവകുപ്പ് സർവ്വേ)*

മത്സ്യബന്ധനത്തിലും അനുബന്ധ തൊഴിലുകളിലും സ്ത്രീ സാന്നിദ്ധ്യം വളരെ കുറവാണ്. സ്ത്രീകളെ മുന്നോട്ടു കൊണ്ടുവരുവാൻ വനിതാ സംരംഭകർക്ക് പ്രത്യേക പരിണന നൽകുകയും സ്ത്രീ സൗഹൃദ ഹാർബറുകളും ലാൻറിംഗ് സെന്ററുകളും സ്ഥാപിക്കുകയും വേണം. വിധവകളായ വനിതകൾക്കും പ്രത്യേക പരിഗണന അർഹിക്കുന്നവരാണ്. വയോജനങ്ങൾക്കുവേണ്ടി പാലിയേറ്റീവ് യൂണിറ്റുകളും ആശ്രമങ്ങളും ആരംഭിക്കുകയും അവർക്ക് സൗജന്യമായി ചികിത്സയും മരുന്നുകളും ലഭ്യമാക്കുകയും വേണം. സാഫ് വഴിയുള്ള പ്രവർത്തനങ്ങളിൽ യൂണിറ്റുകൾ നിലനിൽക്കുന്നതിനുവേണ്ടിയുള്ള പദ്ധതികൾ ആവിഷ്കരിക്കുക. മത്സ്യബന്ധനത്തിലും അനുബന്ധ തൊഴിലുകളിലും സ്ത്രീ സാന്നിദ്ധ്യം വളരെ കുറവാണ്. സ്ത്രീകളെ മുന്നോട്ട് കൊണ്ടുവരുവാൻ വനിതാ സംരംഭകർക്ക് പ്രത്യേക പരിഗണന നൽകുകയും സ്ത്രീ സൗഹൃദ ഹാർബറുകളും ലാന്റിംഗ് സെന്ററുകൾ സ്ഥാപിക്കുകയും വേണം.

## പ്രകൃതി വിഭവ സവിശേഷതകൾ

| ക്രമ നം. | | ആലപ്പുഴ മുൻസിപ്പാലിറ്റി | അമ്പലപ്പുഴ ബ്ലോക്ക് | ഹരിപ്പാട് ബ്ലോക്ക് | കഞ്ഞിക്കുഴി ബ്ലോക്ക് | മുതുകുളം ബ്ലോക്ക് | പട്ടണക്കാട് ബ്ലോക്ക് | ആര്യാട് ബ്ലോക്ക് |
|---|---|---|---|---|---|---|---|---|
| 1 | കണ്ടൽ കാടുകൾ | – | ഉണ്ട് | – | – | ഉണ്ട് | ഉണ്ട് | – |
| 2 | പാരിന്റെ സാമിപ്യം | – | – | – | ഉണ്ട് | – | – | – |
| 3 | ചാകര | ഉണ്ട് | ഉണ്ട് | – | ഉണ്ട് | – | ഉണ്ട് | ഉണ്ട് |
| 4 | കടലാമയുടെ സാന്നിദ്ധ്യം | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | – | ഉണ്ട് | – |
| 5 | ദേശാടനപക്ഷികളുടെ വരവ് | ഉണ്ട് | ഉണ്ട് | – | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 6 | കടലാക്രമണം | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 7 | സുനാമി പ്രദേശം | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 8 | ടൂറിസം സ്പോട്ട് | ഉണ്ട് | – | – | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |

*(ഉറവിടം : മത്സ്യവകുപ്പ് സർവ്വേ)*


ആലപ്പുഴ തീരങ്ങളെ സമൃഷ്ടമാക്കുന്നതിൽ പ്രധാന ഘടകങ്ങളാണ് നീർത്തടങ്ങളും, കണ്ടൽ കാടുകളും. ആലപ്പുഴയിൽ കണ്ടൽ കാടുകൾ ഏറ്റവും കൂടുതലായി കാണപ്പെടുന്നത് കായംകുളം ഭാഗത്താണ്. തുക്കുന്നപ്പുഴ, ആറാട്ടുപുഴ, അർത്തുങ്കൽ, പള്ളിത്തോട്, അരൂർ, അരൂക്കുറ്റി, പെരുമ്പളം, തണ്ണീർമുക്കം എന്നീ പ്രദേശങ്ങളിൽ ചെറിയ രീതിയിൽ കണ്ടൽ വനങ്ങൾ കാണപ്പെടുന്നു.

തീരദേശ പഞ്ചായത്തുകളിൽ ഭൂരിഭാഗവും കടലാക്രമണ സാധ്യതയുള്ളവയാണ്. കടൽ ഭിത്തി നിർമ്മാണം ഫലപ്രദമായി കാണപ്പെടാത്തതിനാൽ ബയോഷീൽഡ് മുഖാന്തരം കടൽക്ഷോഭത്തിന് ഒരു പരിധിവരെ തടയിടാമെന്ന് റിസർച്ചുകൾ തെളിയിക്കുന്നു. ജില്ലയിലെ ഉൾനാടൻ പ്രദേശങ്ങളിൽ ധാരാളം ദേശാടനപക്ഷികൾ എത്താറുണ്ടെങ്കിലും തീരപ്രദേശങ്ങളിൽ അവയുടെ വരവ് കുറവാണ്. അതുപോലെ തന്നെ കടലാമകളുടെയും സാന്നിദ്ധ്യം ആലപ്പുഴ തീരത്ത് കുറവാണ്

ഉൽപാദന മേഖലയുടെ വളർച്ചയ്ക്കും വികസനത്തിനുമാണ് ആദ്യം ഊന്നൽ നൽകേണ്ടത്. തീരദേശത്തിന്റെയും കടലിന്റെയും അതുപോലെതന്നെ നീർത്തടങ്ങളുടെ സംരക്ഷണവും പരിപാലനത്തിനും ഊന്നൽ നൽകണം. തീരദേശത്തിന്റെ മണ്ണിന്റെയും ജലത്തിന്റെയും, വൃത്തിയും സുരക്ഷയും ഉൽപാദനത്തിനെ സ്വാധീനിക്കുന്ന ഘടകങ്ങൾ ആണ്. പ്ലാസ്റ്റിക്ക് അതുപോലുള്ള മറ്റ് ദൃഷ്യകരമായ വസ്തുക്കളുടെ വിപണനവും വ്യാപനവും കുറയ്ക്കുകയും ചെയ്യുക.

### കഴിഞ്ഞ മൂന്ന് വർഷത്തെ സമുദ്രമത്സ്യ ഉൽപാദനം (ടണ്ണിൽ)

| ക്രമ നം | വർഷം | ഉൽപ്പാദനം |
|---|---|---|
| 1 | 201213 | 120965 |
| 2 | 201314 | 116159 |
| 3 | 201415 | 108312 |





*(ഉറവിടം : എഫ്.എഫ്.ഡി.എ)*

ഉൽപാദന മേഖലയുടെ വികസനത്തിനായി മത്സ്യഗ്രാമങ്ങളിൽ കൂടുതൽ അടിസ്ഥാന സൗകര്യങ്ങളും സ്ഥാപനലഭ്യതയും വർദ്ധിപ്പിക്കുകയും, സുസ്ഥിര മത്സ്യബന്ധന പ്രവർത്തനങ്ങളെ പറ്റി ബോധവൽക്കരണവും നടത്തുകയാണ് വേണ്ടത്. ഉൽപാദനമേഖലയുടെ വളർച്ചയ്ക്കും വികസനത്തിനുമാണ് ആദ്യം ഊന്നൽ നൽകേണ്ടത്. തീരദേശത്തിന്റെയും കടലിന്റെയും അതുപോലെതന്നെ നീർത്തടങ്ങളുടെ സംരക്ഷണവും പരിപാലനത്തിനും ഊന്നൽ നൽകണം. തീരദേശത്തിന്റെ മണ്ണിന്റെയും ജലത്തിന്റെയും, വൃത്തിയും സുരക്ഷയും ഉൽപാദനത്തിനെ സ്വാധീനിക്കുന്ന ഘടകങ്ങൾ ആണ്. പ്ലാസ്റ്റിക്ക് അതുപോലുള്ള മറ്റ് ദൂഷ്യകരമായ വസ്തുക്കളുടെ വിപണനവും വ്യാപനവും കുറയ്ക്കുകയും ചെയ്യുക.

ജൂൺ മാസങ്ങളിൽ ആലപ്പുഴയുടെ തീരങ്ങളിൽ നടക്കുന്ന ഒരു പ്രതിഭാസമാണ് ചാകര. ഏകദേശം 25 കിലോ മീറ്റർ ദൈർഘ്യത്തിൽ പുറക്കാട് തീരങ്ങളിലാണ് ചാകര കാണപ്പെടുന്നത്. പലതരം മീനുകളും ചെമ്മീനുകളുമാണ് ചാകര സമയത്ത് ലഭിക്കുന്നത്. മത്സ്യസമ്പത്തിന്റെ വളർച്ചയ്ക്ക് പരിസ്ഥിതി കാലാവസ്ഥാ മാറ്റങ്ങൾ വളരെയധികം ബാധിക്കുന്നു. ആലപ്പുഴയുടെ തീരപ്രദേശങ്ങളിൽ കാണപ്പെട്ട വിവിധതരം കടൽമത്സ്യങ്ങളുടെ ലഭ്യതക്കുറവ് മത്സ്യ തൊഴിലാളികളുടെ ജീവിത നിലവാരത്തെ വളരെയധികം ബാധിക്കുന്നു. ചെറുമത്സ്യങ്ങളെ പിടിക്കുന്നതിനാൽ ഈ രീതിയിലും ഉള്ള ചൂഷണം കടൽ മത്സ്യലഭ്യതയിൽ കുറവ് വരുത്തുന്നു. ഗവൺമെന്റ് നിർദേശങ്ങൾ പ്രകാരമുള്ള വലകൾ മാത്രം ഉപയോഗിച്ച് മത്സ്യ ബന്ധനം നടത്തുവാൻ കർശന നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ബ്ലോക്ക് തിരുച്ചുള്ള മത്സ്യ വിപണനകേന്ദ്രങ്ങളുടെ ചാർട്ട്**

| ക്രമ നം | ബ്ലോക്ക് | സ്വകാര്യം | പഞ്ചായത്ത് |
|---|---|---|---|
| 1 | തൈക്കാട്ടുശ്ശേരി | 4 | 7 |
| 2 | പട്ടണക്കാട് | 3 | 9 |
| 3 | കഞ്ഞിക്കുഴി | 3 | 9 |
| 4 | ആര്യാട് | 1 | 1 |
| 5 | അമ്പലപ്പുഴ | 1 | 1 |
| 6 | ചമ്പക്കുളം | 0 | 6 |
| 7 | വെളിയനാട് | 1 | |
| 8 | ചെങ്ങന്നൂർ | 1 | 4 |
| 9 | ഹരിപ്പാട് | 0 | 5 |
| 10 | മാവേലിക്കര | 1 | 7 |
| 11 | ഭരണിക്കാവ് | 0 | 4 |
| | **ആകെ** | **15** | **53** |





*(ഉറവിടം : പാൻഫിഷ് ബുക്ക് 2011, ആലപ്പുഴ)*

ജില്ലയിലെ 72 പഞ്ചായത്തുകളിലായി ആകെ 68 ഫിഷ് മാർക്കറ്റുകളാണ് പാൻഫിഷ് ബുക്ക് പ്രകാരമുള്ള കണക്കുകൾ കാണിക്കുന്നത്. കൂടുതൽ മത്സ്യ വിപണനകേന്ദ്രങ്ങൾ നിർമ്മിക്കുക വഴി നിലവിലുള്ള വഴിയോര മത്സ്യകച്ചവടം ഒഴുവാക്കുകയും അതുവഴി മത്സ്യത്തിന്റെ ഗുണനിലവാരം നിലനിർത്തുവാനും പരിസര ശുചിത്വം നേടുവാനും സാധിക്കും.

## ആലപ്പുഴ ജില്ലയുടെ നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങൾ

| ക്രമ നം | അടിസ്ഥാന സൗകര്യങ്ങൾ | എണ്ണം |
|---|---|---|
| 1 | ബോട്ട് യാർഡ് | 8 |
| 2 | ഐസ് ഫാക്ടറി | 52 |
| 3 | കോൾഡ് സ്റ്റോറേജ് | 15 |
| 4 | ഫ്രീസിംഗ് പ്ലാൻറ് | 12 |
| 5 | ക്യൂറിംഗ് യാർഡ് | 0 |
| 6 | പീലിംഗ് ഷെഡ് | 106 |
| 7 | പ്രൊസസിംഗ് പ്ലാൻറ് | 2 |
| 8 | ഫിഷ് മീൽ പ്ലാൻറ് | 1 |
| 9 | എക്സ്ട്രാക്ഷൻ പ്ലാൻറ് | |
| 10 | ഫിഷ്മീൽപ്ലാൻറ് | |





*(ഉറവിടം : മറൈൻ റിഷറീസ് സെൻസസ് 2010, CMFRI)*

പീലിങ്ങ് തൊഴിലാളികൾ കൂടുതൽ ഉണ്ടായിട്ടും പീലിങ്ങ് ഷെഡുകളുടെ എണ്ണം 106 മാത്രമാണ്. 8 ബോട്ട്യാർഡുകൾ ജില്ലയിൽ ഉണ്ട്. 52 ഐസ് ഫാക്ടറികളും, 15 കോൾഡ് സ്റ്റോറേജുകളും, 12 ഫ്രീസിങ്ങ് പ്ലാൻറുകളും പ്രവർത്തിക്കുന്നു. എന്നാൽ എക്സ്ട്രാക്ഷൻ പ്ലാൻറുകളോ, ഫിഷ്മീൽ യാർഡുകളോ, ഫിഷ് മീൽ പ്ലാൻറുകളോ ഒന്നും തന്നെ ആലപ്പുഴയിൽ പ്രവർത്തിക്കുന്നില്ല. മത്സ്യമേഖലയുടെ വികസനത്തിന്റെ ഭാഗമായി കൂടുതൽ പ്രോസസിംഗ് യൂണിറ്റുകളും, എക്സ്ട്രാക്ഷൻ യൂണിറ്റുകളും, പീലിങ്ങ് യൂണിറ്റുകളും ആരംഭിക്കുകയും അവയുടെ കാര്യക്ഷമമായ പ്രവർത്തനങ്ങളെ നിരീക്ഷിക്കുകയും ചെയ്യുക. ഹാർബറുകളും ലാൻറിംഗ് സെന്ററുകളും പുനരുദ്ധരിക്കുന്നതിനും പദ്ധതികൾ ആവശ്യമുണ്ട്.

മൂല്യവർദ്ധിത വസ്തുക്കളുടെ നിർമ്മാണവും വിതരണവും പ്രോത്സാഹിപ്പിക്കുകയും അതിനായുള്ള ചെറിയ യൂണിറ്റുകളും സ്ഥാപിക്കുക. അതോടൊപ്പം തന്നെ മത്സ്യകൃഷിയുടെ അനന്ത സാധ്യതകളെ പറ്റി മത്സ്യ തൊഴിലാളികൾക്ക് ബോധവൽക്കരണവും പരിശീലന പരിപാടികളും സംഘടിപ്പിക്കുക.

**ജില്ലയിലെ മത്സ്യ മേഖലയിലെ യുവജനങ്ങളുടെ വിദ്യാഭ്യാസ നിലവാരം**




| ക്രമ നം. | | എണ്ണം |
|---|---|---|
| 1 | കൊഴിഞ്ഞ് പോയവർ | 1999 |
| 2 | തൊഴിൽ രഹിതര് | 2911 |
| 3 | സാക്ഷരതാമിഷൻ വഴി വിദ്യാഭ്യാസം നേടിയവർ | 0 |
| 4 | ബിരുദധാരികൾ | 2154 |
| 5 | ബിരുദാനന്തര ബിരുദം ഉള്ളവർ | 553 |
| 6 | പ്രൊഫഷണൽ ബിരുദം നേടിയവർ | 684 |
| 7 | ബിരുദം ഉണ്ടായിട്ടും തൊഴിൽ രഹിതർ | 629 |

*ഉറവിടം - മറൈൻ ഫിഷറീസ് സെൻസസ് 2010, സി.എം.എഫ്.ആർ.ഐ.*

ഭൂരിഭാഗം തൊഴിലാളികളും പ്രൈമറി വിദ്യാഭ്യാസം പോലും നേടാത്തവരും സ്കൂളിൽ ചേരാത്തവരും ആയിരിക്കും. ആയതിനാൽ കൂടുതൽ സ്കൂളുകളും സ്ഥാപനങ്ങളും നിർമിക്കുന്നതിനൊപ്പം സ്കൂൾ വിദ്യാഭ്യാസത്തിന്റെ പ്രാധാന്യവും കൂടി അവരെ ബോധിപ്പിക്കുക.

**ബ്ലോക്ക്തല മത്സ്യത്തൊഴിലാളി കുടുംബാംഗങ്ങളുടെ വിദ്യാഭ്യാസ നിലവാരം**

| ക്രമ നം. | വിദ്യാഭ്യാസ നിലവാരം | ആലപ്പുഴ മുൻസിപ്പാലിറ്റി | അമ്പലപ്പുഴ ബ്ലോക്ക് | ഹരിപ്പാട് ബ്ലോക്ക് | കഞ്ഞിക്കുഴി ബ്ലോക്ക് | മുഹകുളം ബ്ലോക്ക് | പട്ടണക്കാട് ബ്ലോക്ക് | ആര്യാട് ബ്ലോക്ക് |
|---|---|---|---|---|---|---|---|---|
| 1 | സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കാതെ കൊഴിഞ്ഞുപോയവർ | 450 | 913 | 52 | 1485 | 66 | 705 | 122 |
| 2 | തൊഴിൽ രഹിതർ | 525 | 350 | 185 | 455 | 583 | 1210 | 60 |
| 3 | സാക്ഷരതാ പ്രവർത്തനം വഴി ബിരുദം നേടിയവർ | – | – | – | – | – | – | – |
| 4 | ബിരുദധാരികൾ | 527 | 345 | 45 | 525 | 187 | 370 | 186 |
| 5 | ബിരുദാനന്തര ബിരുദമുള്ളവർ | 80 | 113 | 8 | 60 | 50 | 82 | 62 |
| 6 | പ്രൊഫഷണൽ ബിരുദമുള്ളവർ | 20 | 121 | 14 | 340 | 96 | 39 | 75 |
| 7 | ബിരുദം /ബിരുദാനന്തര ബിരുദം/ പ്രൊഫഷണൽ ബിരുദം ഉണ്ടായിട്ടും തൊഴിൽ രഹിതർ | 75 | 139 | 37 | 220 | 120 | 125 | 10 |
| | ആകെ | 1227 | 1068 | 289 | 1600 | 1036 | 1826 | 393 |

*(ഉറവിടം : മത്സ്യവകുപ്പ് സർവ്വേ)*

ജില്ലയിലെ 30 മത്സ്യഗ്രാമങ്ങളിലായി 51 പ്രൈമറി സ്കൂളുകളും 17 ഹയർസെക്കന്ററി സ്കൂളുകളും 9 ടെക്നിക്കൽ സ്ഥാപനങ്ങളും പ്രവർത്തിക്കുന്നു. കൂടാതെ 4 കോളേജും ഈ മത്സ്യഗ്രാമങ്ങളിൽ പ്രവർത്തിച്ചുവരുന്നു.30 ഗ്രാമങ്ങൾ പരിശോധിച്ചതിൽ 34449 പേർ മാത്രമേ പ്രൈമറി വിദ്യഭ്യാസം നേടിയിട്ടുള്ളൂ. 7362 പേർ സ്കൂൾ വിദ്യാഭ്യാസം പോലും നേടാത്തവരാണ്. ആയതിനാൽ വിദ്യാഭ്യാസത്തിന്റെ പ്രാധാന്യത്തെ പറ്റി ഈ കുടുംബാംഗങ്ങൾക്ക് ബോധവത്ക്കരണം നടത്തുകയും മുതിർന്ന ആളുകൾക്കായി രാത്രികാല പഠനശാലകളും മറ്റും ആരംഭിക്കുകയും ചെയ്യുക. മത്സ്യഗ്രാമങ്ങളിലെ യുവജനങ്ങളെ സംഘടിപ്പിക്കാൻ ചെറിയ യുവജന സംഘടനകളും സ്വയംതൊഴിൽ ശാഖകളും രൂപികരിക്കുക.

ജില്ലയുടെ പ്രധാന പശ്ചാത്തല വികസനത്തിന്റെ ഭാഗമായി ഹാർബറിൽ വികസനം വളരെ പ്രധാനപ്പെട്ട ഒരു വിഷയമായി മുൻഗണന കൊടുക്കേണ്ടതാണ്.

### ഹാർബറുകൾ

| ക്രമ നം | ഹാർബറുകൾ | അവസ്ഥ |
|---|---|---|
| 1 | കായംകുളം | പൂർത്തിയായത് |
| 2 | തോട്ടപ്പള്ളി | പൂർത്തിയായത് |
| 3 | ചെത്തി 1 & 2 | പണിപുരോഗമിക്കുന്നു. |
| 4 | അർത്തുങ്കൽ 1 | പൂർത്തിയായത് |
| 5 | അർത്തുങ്കൽ 2 | പണിപുരോഗമിക്കുന്നു. |

### ഫിഷ് ലാൻഡിംഗ് സെൻറുകൾ

| | | |
|---|---|---|
| 1 | അർത്തുങ്കൽ | പൂർത്തിയായവ |
| 2 | കാട്ടൂർ | |
| 3 | പൊള്ളെത്തൈ | |
| 4 | പുന്നപ്ര | |
| 5 | പതിയാങ്കര | |
| 6 | വലിയഴീക്കൽ | പണിപുരോഗമിക്കുന്നു. |

*(ഉറവിടം : പാൻഫിഷ് ബുക്ക്, 2011)*

### രജിസ്റ്റേഡ് മത്സ്യ ബന്ധന യാനങ്ങൾ


| ക്രമ നം | പേര് | എണ്ണം |
|---|---|---|
| 1 | നോൺ മോട്ടറൈസ്ഡ് | 313 |
| 2 | മെക്കനൈസ്ഡ് & മോട്ടറൈസ്ഡ് | 4469 |
| 3 | മോട്ടറൈസ്ഡ് | 313 |
| | **ആകെ** | **5095** |

ആലപ്പുഴ ജില്ലയിൽ മത്സ്യത്തൊഴിലാളികൾക്ക് ലാൻറിംഗ് സെൻറോ ഹാർബറോ ഇല്ലാത്തതുമൂലം മറ്റ് ജില്ലകളിലേയ്ക്ക് ഫിഷിംഗ് സീസണിൽ മൈഗ്രേറ്റ് ചെയ്യ പോകുകയും അവ നിയന്ത്രിക്കുന്ന സഹകരണസംഘങ്ങൾക്ക് പോലും അവർ പിടിച്ചു കൊണ്ടു വരുന്ന ഉല്പ്പന്നങ്ങളുടെ മേൽ ഇടപെടാനുള്ള അവസരങ്ങൾ നഷ്ടപെടുകയും ചെയ്യുന്നു.

എല്ലാ ഗ്രാമങ്ങളിലും വൈദ്യുതികണക്ഷനും മൊബൈൽ റെയ്ഞ്ചും ഉണ്ട്. 30 ഗ്രാമങ്ങളിൽ ബസ്സ്റ്റോപ്പുകളും ഉണ്ട്. ജില്ലയുടെ ആധുനിക സാങ്കേതിക, വിവരസാങ്കേതിക വിദ്യയുടെ നിലവാരമെടുത്താൽ മറ്റ ജില്ലകളെ അപേക്ഷിച്ച് വളരെ കുറവ് ശതമാനം മാത്രമാണ് ജീവൻ രക്ഷാഉപകരണങ്ങളുടെ ഉപയോഗം.

### ജീവൻ രക്ഷാ ഉപകരണങ്ങൾ

| | എണ്ണം |
|---|---|
| ജീവൻ രക്ഷാ ഉപകരണങ്ങൾ | 205 |
| മൊബൈൽ ഫോൺ | 10454 |
| ജി.പി.എസ് സൗകര്യം | 221 |
| മറ്റുള്ളവ | 547 |




ഓരോ മത്സ്യ ഗ്രാമങ്ങളിലും വിവിധ തരത്തിലുള്ള വികസന പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. റോഡ് വികസനം, വാർത്താവിനിമയം, ഇൻറർനെറ്റ് കണക്ഷൻ, മൊബൈൽ കണക്ഷൻ എന്നിവയെല്ലാം വികസനത്തിന്റെ ചില ഉദാഹരണങ്ങളാണ്. ഓരോ മത്സ്യ ഗ്രാമങ്ങൾ പരിശോധിക്കുമ്പോഴും മത്സ്യബന്ധന അനുബന്ധകാര്യങ്ങളിലും, മത്സ്യതൊഴിലാളി കുടുംബങ്ങളിലെ വിദ്യാഭ്യാസത്തിന്റെ കാര്യങ്ങളിലും കൂടുതൽ ഊന്നൽ നൽകേണ്ടതുണ്ട്.

**അനുബന്ധ സ്ഥാപനങ്ങൾ**

| | | |
|---|---|---|
| 1 | ഗവൺമെന്റ ഏജൻസികൾ | മത്സ്യകർഷക വികസന ഏജൻസി |
| 2 | | അഡാക്ക് |
| 3 | | **മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ്** |
| 4 | | മത്സ്യഫെഡ് |
| 5 | സഹകരണ സംഘങ്ങൾ | 116 എണ്ണം |
| 6 | ഗവൺമെന്റ് ഇതര ഏജൻസികൾ | 5 എണ്ണം |
| 7 | ചാരിറ്റബൾ സംഘങ്ങൾ | 2 എണ്ണം |
| 8 | സാമുദായിക സംഘടനകളുടെ സംഘങ്ങൾ | 23 എണ്ണം |
| 9 | മത്സ്യത്തൊഴിലാളി സ്വയം സഹായസംഘങ്ങൾ | 400 എണ്ണം |
| 10 | വനിത ബാങ്ക് | 1 എണ്ണം |

*(ഉറവിടം: പാൻഫിഷ് ബുക്ക്, 2011)*

മത്സ്യഫെഡിന്റെ കീഴിൽ 116 ഫിഷറീസ് സഹകരണ സംഘങ്ങൾ വിവിധ മത്സ്യഗ്രാമങ്ങളിലായി പ്രവർത്തിച്ചുവരുന്നു. മത്സ്യഫെഡ് വഴി ലേലം നടത്തുന്നത് 40 സംഘങ്ങളും, ആകെയുള്ള 116 സംഘങ്ങളിൽ 52 എണ്ണം മാത്രം നിലവിൽ പ്രവർത്തിച്ച് വരുന്നു. നിലവിൽ 60 മൈക്രോഫിനാൻസ് എസ്.എച്ച്. ജി. കൾ മത്സ്യ ഫെഡിന്റെ കീഴിൽ പ്രവർത്തിക്കുന്നു. മറ്റ് സഹകരണ സംഘങ്ങളുടെ എണ്ണം 34 ആണ്. 7 കമ്മ്യൂണിറ്റി സെൻറുകളാണ് വിവിധ മത്സ്യഗ്രാമങ്ങൾക്കായിട്ടുള്ളത്.

പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗക്കാർ, വനിതകൾ, വയോജനങ്ങൾ, കുട്ടികൾ ഭിന്നശേഷിക്കാർ, ട്രാൻസ്ജെന്റർ എന്നിവരാണ് പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗം. ആലപ്പുഴയിലെ മത്സ്യഗ്രാമങ്ങളിലായ് മൊത്തം മത്സ്യതൊഴിലാളികളിൽ പട്ടികജാതി പട്ടികവർഗ വിഭാഗത്തിൽപ്പെടുന്നവർ തീരെ കുറവാണ്. ഉൾനാടൻ മത്സ്യതൊഴിലാളി കളിലായാലും ഈ വിഭാഗക്കാർ ന്യൂനപക്ഷമാണ്. ഭിന്നശേഷിക്കാരായിട്ടുള്ള മത്സ്യതൊഴിലാളികളുടെ കുടുംബങ്ങൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുവാൻ ധനസഹായം നൽകുകയും വായ്പയിൽ ഇളവ് നൽകുകയും ചെയ്യുക.

കേരളത്തിലെ ഉൾനാടൻ മത്സ്യ മേഖലയിലെ ജനസംഖ്യ നിരീക്ഷിക്കുമ്പോൾ കാണുന്നത് ഉൾനാടൻ മത്സ്യ തൊഴിലാളികളുടെ എണ്ണത്തിൽ രണ്ടാം സ്ഥാനത്ത് നിൽക്കുന്നത് ആലപ്പുഴ ജില്ലയാണ്. ആലപ്പുഴ ജില്ലയിലെ സജീവ ഉൾനാടൻ തൊഴിലാളികളുടെ എണ്ണം ഏകദേശം 3352 ആണ്. ഇത് ആലപ്പുഴ ജില്ലയിലെ ആകെ മത്സ്യ തൊഴിലാളികളുടെ എണ്ണത്തിന്റെ 5.5% ആണ്. ഉപജീവനത്തിനായി മത്സ്യ ബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്ന കേരള മത്സ്യതൊഴിലാളി ക്ഷേമനിധിബോർഡിനു കീഴിൽ രജിസ്റ്റർ ചെയ്തിരിക്കുന്ന മത്സ്യ തൊഴിലാളികളെയാണ് സജീവ ഉൾനാടൻ മത്സ്യ തൊഴിലാളികളായി കണക്കാക്കിയിരിക്കുന്നത്.

പല കാരണങ്ങൾ കൊണ്ടും തൊഴിൽ മേഖലയിലെ കൊഴിഞ്ഞു പോക്ക് ഉൾനാടൻ മത്സ്യ മേഖലയിലും കണ്ടുവരുന്നു. പ്രധാന കാരണങ്ങളിൽ ഒന്ന് മത്സ്യ സമ്പത്തിൽ ഉണ്ടായിരിക്കുന്ന കുറവാണ്. ആലപ്പുഴ ജില്ലയിൽ ഏകദേശം 2893 കുടുംബങ്ങളിൽ നിന്നായി ഏകദേശം 3352 പേരാണ് ഉൾനാടൻ മത്സ്യ മേഖലയിൽ നിന്നും കൊഴിഞ്ഞുപോയത്. ഇതിൽ പുരുഷന്മാരുടെ എണ്ണം ഏകദേശം 3290 ആണ്. എന്നാൽ സ്ത്രീകളുടെ കാര്യത്തിൽ കൊഴിഞ്ഞു പോക്ക് അസാധാരണമാണ്. 62 സ്ത്രീകൾ മാത്രമാണ് ഉൾനാടൻ മത്സ്യ മേഖലയിൽ നിന്നും കൊഴിഞ്ഞു പോയതായി കണക്കുകൾ കാണിക്കുന്നത്.

**ആലപ്പുഴ ജില്ലയിലെ കായലുകളും വിസ്തീർണ്ണവും**

| ക്രമ നം | കായലുകളുടെ പേര് | വിസ്തീർണ്ണം |
|---|---|---|
| 1 | കായംകുളം കായൽ | 1511.75 |
| 2 | പൂമീൻ | 3.37 |
| 3 | വാടക്കൽ കായൽ | 1.46 |
| 4 | ചെത്തി കായൽ | 4.11 |
| 5 | അർത്തുങ്കൽ കായൽ | 5.96 |
| 6 | പൊഴിച്ചാൽ കായൽ | 20.41 |
| 7 | വെട്ടകൽച്ചൽ കായൽ | 27.1 |
| 8 | വേമ്പനാട്ട് കായൽ | 10661.23 |
| | ആകെ | 12235.39 |


## ആലപ്പുഴ ജില്ലയിലെ നദികൾ

| ക്രമ നം | ആറിന്റെ പേര് | നീളം (കി.മീ) | ഉദ്ഭവ സ്ഥാനം | പതന സ്ഥാനം | ഒഴുകുന്നജില്ല |
|---|---|---|---|---|---|
| 1 | മണിമലയാർ | 90 | തട്ടമല | പമ്പാനദി | ഇടുക്കി, കോട്ടയം പത്തനംതിട്ട, ആലപ്പുഴ |
| 2 | അച്ചൻകോവിലാർ | 128 | പശുക്കിടമേട് | പമ്പാനദി | കൊല്ലം, പത്തനംതിട്ട, ആലപ്പുഴ |
| 3 | പമ്പാനദി | 176 | പുളിച്ചിമല | വേമ്പനാട്ട് കായൽ | ഇടുക്കി, പത്തനംതിട്ട, ആലപ്പുഴ |

ആലപ്പുഴയുടെ 2011 പാൻ ഫിഷ്ബുക്ക് കണക്ക് പ്രകാരം താഴെ പറയുന്ന ജലസ്രോതസ്സുകൾ ഉണ്ട്.

| ക്രമ നം. | പേര് | എണ്ണം |
|---|---|---|
| 1 | പഞ്ചായത്ത് കുളങ്ങൾ | 342 |
| 2 | ജലസേചന ടാങ്കുകൾ | 268 |
| 3 | ക്ഷേത്രകുളങ്ങൾ | 416 |
| 4 | പാറമടകൾ | 6 |
| 5 | പൊതുജലാശങ്ങൾ | 548 |
| 6 | സ്വകാര്യ ജലാശയങ്ങൾ | 8283 |
| 7 | ചെമ്മീൻ വാറ്റുകൾ | 247 |
| 8 | പാടശേഖരങ്ങൾ | 555 |
| 9 | സ്വകാര്യ ശുദ്ധജലാശയങ്ങൾ | 3270 |
| 10 | സ്വകാര്യ ഓരു ജലാശങ്ങൾ | 381 |
| | **ആകെ** | **14316** |

## ആലപ്പുഴ ജില്ലയിലെ ഉൾനാടൻ മത്സ്യോൽപാദനം



### ഉൾനാടൻ മത്സ്യോൽപാദനം (ടൺ)

| വർഷം | ശുദ്ധജലം | ഓരുജലം | ആകെ |
|---|---|---|---|
| 2014–15 | 2460 | 605 | 3065 |
| 2015–16 | 3934 | 1900 | 5834 |
| 2016–17 | 3993 | 1681 | 5674 |

*(ഉറവിടം എഫ്.എഫ്.ഡി.എ)*

മത്സ്യ കൃഷി ഈ കാലത്ത് വളരെയധികം പ്രാധാന്യം അർഹിക്കുന്നതാണ്. മത്സ്യകൃഷി, അക്വാകൾച്ചർ എന്നിവയെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക. കൂടുതൽ മത്സ്യതൊഴിലാളികളെയും കർഷകരേയും ഈ മേഖലയിലേക്ക് ആകർഷിക്കുക. സർക്കാർ പദ്ധതിയിൽ കൂടി അവർക്ക് വേണ്ടിയുള്ള പരീശീലനവും ധനസഹായവും നൽകുക. ഉണനിലവാരമുള്ള മത്സ്യ വിത്തുൽപ്പാദനവും വിത്തുകളുടെ സാക്ഷ്യപ്പെടുത്തലുകളും രോഗനിർണ്ണയവും മറ്റ് അടിസ്ഥാന ആരോഗ്യ പരിപാലനവും 12–പഞ്ചവൽസര പദ്ധതിയില് ഉൾപ്പെടുത്തിയിരിക്കുന്നു. മത്സ്യ കൃഷിക്ക് കൂടുതൽ പ്രചാരം നൽകുകയും വർഷംതോറും മത്സ്യ കർഷകർക്കായി പ്രത്യേകം പരിശീലനവും സൗജന്യ വിത്ത് വിതരണവും നടത്തുക.

### ഉൾനാടൻ മത്സ്യകൃഷി വിവരങ്ങൾ (2017–18)

| ക്രമ നം | പേര് | വിസ്തീർണ്ണം (ഹെ) |
|---|---|---|
| 1 | ശുദ്ധജല മത്സ്യ കൃഷി | 1200 |
| 2 | പാടശേഖര മത്സ്യ കൃഷി | 1204 |
| 3 | ഓരു ജല ചെമ്മീൻ കൃഷി | 1000 |
| | **ആകെ** | **3404** |

### ഉൾനാടൻ മത്സ്യ കർഷകർ

| ക്രമ നം | പേര് | എണ്ണം |
|---|---|---|
| 1 | ശുദ്ധജല മത്സ്യ കൃഷി | 3994 |
| 2 | ഓരു ജല ചെമ്മീൻ കൃഷി | 1681 |
| 3 | മറ്റുള്ളവർ | 100 |
| | **ആകെ** | **5775** |


*(ഉറവിടം എഫ്.എഫ്.ഡി.എ)*

ജില്ലയിലെ കർഷകർ മത്സ്യകൃഷി ഒരു പ്രധാനകൃഷിയായി കരുതുന്നില്ല. ഒരു അധിക വരുമാനത്തിനു വേണ്ടിമാത്രമാണ് മത്സ്യകൃഷി നടപ്പിലാക്കുന്നത്. മത്സ്യകൃഷി ഒരു പ്രധാന കൃഷിയാക്കി മാറ്റണമെങ്കിൽ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള സാഹചര്യങ്ങൾ കർഷകർക്ക് ഒരുക്കിക്കൊടുക്കുന്ന പദ്ധതികൾ ആവിഷ്കരിക്കുക. ഉൾനാടൻ മത്സ്യകർഷകർ മത്സ്യ വിപണനം നേരിട്ട് നടത്തുന്നവരാണ്. ഇടനിലക്കാർ വഴി നടക്കുന്ന മത്സ്യവിപണനത്തിന്റെ കണക്കുകൾ ലഭ്യമല്ല. മത്സ്യഫെഡ് വഴി ലേലം നടക്കുന്നത് ഏകദേശം 70 സംഘങ്ങൾ വഴിയാണ്.

## ആലപ്പുഴ ജില്ലയിലെ പൊതുജലാശങ്ങളുടെ ഉപയോഗം

| | ആകെ | ഉപയോഗ മുള്ളത് | മത്സ്യകൃഷി ചെയ്യുന്നത് | നിലവിൽ ഉപയോഗിക്കാത്തത് (ഏക്കർ) |
|---|---|---|---|---|
| തൈക്കാട്ടുശേരി | 14.48 | 2.52 | 11.64 | 0.32 |
| പട്ടണകാട് | 4.19 | 1.9 | 2.04 | 0.25 |
| കഞ്ഞിക്കുഴി | 11.59 | 7.69 | | 9.05 |
| ആര്യാട് | 2.15 | 1.6 | 0.4 | 0.15 |
| അമ്പലപ്പുഴ | 36.82 | 0.55 | 0.25 | 36.02 |
| ചമ്പക്കുളം | 0.84 | 0 | 0.84 | 0 |
| വെളിയനാട് | 6.68 | 4.93 | 1.45 | 0 |
| ചെങ്ങന്നൂർ | 25.75 | 21.4 | 2.1 | 2.25 |
| ഹരിപ്പാട് | 30.93 | 0 | 29.32 | 1.61 |
| മാവേലിക്കര | 15.14 | 3.29 | 0.35 | 12.3 |
| ഭരണിക്കാവ് | 60.36 | 59.04 | 1.3 | 0.55 |
| മുതുകുളം | 7.29 | 5.53 | 0 | 1.76 |
| ചെങ്ങന്നൂർ മുൻസിപ്പാലിറ്റി | 1.8 | 0 | 0 | 1.8 |
| ചേർത്തല മുൻസിപ്പാലിറ്റി | 0.8 | 0.8 | 0 | 0 |
| ആലപ്പുഴ മുൻസിപ്പാലിറ്റി | 0.35 | 0.2 | 0 | 0.15 |
| ആകെ | 219.17 | 109.45 | 49.69 | 66.21 |

*(ഉറവിടം: പാൻഫിഷ് ബുക്ക് 2011)*




ആലപ്പുഴ ജില്ലയുടെ വിവിധ ബ്ലോക്കുകളിലായി 92.5 ഹെ, പൊതുകുളങ്ങളും മറ്റ് ജലശ്രോതസ്സുകളും ഉണ്ട്. അതിൽ തന്നെ ഗാർഹിക ഉപയോഗം, കുടിവെള്ളം, മത്സ്യകൃഷി, എന്നിവയ്ക്കായി ഉപയോഗിക്കുന്നത് കഴിഞ്ഞാൽ 20 ഹെക്ടറോളം ജലാശയം

ഉപയോഗരഹിതമായിട്ടുണ്ട്. ഈ പ്രദേശം കൂടി യോഗ്യമാക്കിയാൽ ഉൾനാടൻ മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കാൻ സാധിക്കും. ആലപ്പുഴ ജില്ലയിൽ അമ്പലപ്പുഴ, ചെങ്ങന്നൂർ, മാവേലിക്കര, കാർത്തികപള്ളി, ചേർത്തല എന്നീ അഞ്ച് താലൂക്കുകളിൽ പതിനെട്ട് പഞ്ചായത്തുകളിലായി 34 ഉൾനാടൻ മത്സ്യ ലാന്റിംഗ് സെന്ററുകൾ ആണ് ഉള്ളത്. ഇതിൽ കൂടുതലും രാവിലെ അഞ്ച് മണിക്കും പത്ത് മണിക്കും ഇടയിലാണ് പ്രവർത്തിക്കുന്നത്. ലാൻറിംഗ് സെന്ററിനോട് അനുബന്ധിച്ച് തന്നെ ലേല കേന്ദ്രങ്ങളും പ്രവർത്തിക്കുന്നുണ്ട്. എല്ലാ ലാൻറിംഗ് സെന്ററുകളിലും 5 മുതൽ 35 വരെ വള്ളങ്ങൾ അടുക്കുന്ന കടവുകളും ലേലം സെന്ററുകളും മാർക്കറ്റുകളുമാണ് ഉള്ളത്. ഇതിൽ ഏകദേശം ഇരുപത് ലാന്റിംഗ് സെന്ററുകളിലും 30 വള്ളത്തിൽ കൂടുതൽ അടുക്കുന്നുണ്ട്.

| ക്രമ നം. | പേര് | രജിസ്ട്രേഡ് തൊഴിലാളികൾ | സജീവ കക്കാവാരൽ തൊഴിലാളികൾ | പ്രതിമാസ കക്കാതോട് വിപണനം (ടൺ) |
|---|---|---|---|---|
| 1 | കുത്തിയതോട് സംഘം നം.എ 193 | 745 | 560 | 5960 |
| 2 | തൈക്കാട്ടുശ്ശേരി സംഘം നം എ 239 | 855 | 600 | 2963 |
| 4 | മുഹമ്മ സംഘം നം2551 | 525 | 474 | 22000 |
| 5 | മുഹമ്മ മാർക്കറ്റ് സംഘം നം എ 1078 | 525 | 410 | 3688 |
| 6 | ആര്യാട് സംഘം നം 2462 | 583 | 560 | 3236 |
| 7 | പള്ളാത്തുരുത്തി സംഘം നം 3145 | 428 | 190 | 5456 |
| 8 | കാവാലം സംഘം നം എ 886 | 252 | 76 | 700 |
| | **ആകെ** | **3913** | **2870** | **44003** |

ആലപ്പുഴ ജില്ലയിലെ ഉൾനാടൻ ജലസ്രോതസ്സുകളിൽ വിവിധ തരം മത്സ്യങ്ങളെ ലഭിക്കുന്നു. കൂടാതെ ഷെല്ലോടുകൂടി കക്ക, ഞണ്ട്, കൊഞ്ച് എന്നിവയും സുലഭമായി ലഭിക്കുന്നു. കൂടുതൽ മത്സ്യങ്ങളും ലേലം വിതരണ കേന്ദ്രത്തിൽ നിന്നും മൊത്തമായും വിൽക്കപ്പെടുന്നു. ബാക്കിയുള്ളവ ഗാർഹിക ഉപയോഗത്തിനായി വിൽക്കപ്പെടുന്നു. കൂടുതൽ വിറ്റഴിക്കപ്പെടുന്ന വില കൂടിയതുമായ വിഭവങ്ങളാണ് കരിമീൻ, ഞണ്ട്, കൊഞ്ച്, കണമ്പ്, തുടങ്ങിയവ. ഈ വിഭവങ്ങൾക്കാണ് ആവശ്യക്കാർ ഏറെയും. ഷെല്ലോടുകൂടി പിടിക്കപ്പെടുന്ന കക്ക ലാൻറിംഗ് സെന്ററിനു സമീപപ്രദേശത്തുവെച്ച് തന്നെ ഷെൽ നീക്കം ചെയ്ത് കച്ചവട യോഗ്യമാക്കുന്നു. സാധാരണയായി ഇങ്ങനെയുള്ള കേന്ദ്രങ്ങൾ തികച്ചും വൃത്തി ഹീനമായ അന്തരീക്ഷത്തിലാണ് പ്രവർത്തിക്കുന്നത്. കക്കാ പ്രോസസിംഗ് നടത്തുന്നതിനു വേണ്ടി സർക്കാർ സഹായത്തോടുകൂടെയുള്ള കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് ആനുകൂല്യങ്ങൾ നൽകാവുന്നതാണ്.

വേമ്പനാട് കായലുമായി ബന്ധപ്പെട്ട് നടക്കുന്ന ഒരു വ്യവസായമാണ് കക്കാവ്യവസായം. ആലപ്പുഴ ജില്ലയുടെ ഒരു പ്രധാന ഉൾനാടൻ വരുമാന മാർഗ്ഗം കൂടിയാണ് കക്കാ വ്യവസായം. കക്കയുടെ വൻ ശേഖരമാണ് വേമ്പനാട്ട കായലിൽ ഉണ്ടായിരുന്നത്. കക്കയിനത്തിൽ ഏറ്റവും കൂടുതൽ കാണപ്പെടുന്ന കറുത്തകക്ക ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് ഒരു നല്ല വരുമാന മാർഗ്ഗമാണ്. 8 കറുത്ത കക്കാ സഹകരണ സംഘങ്ങളും 3 വെളുത്ത കക്കാ സഹകരണസംഘങ്ങളും ജില്ലയിൽ പ്രവർത്തിച്ചുവരുന്നു. രജിസ്റ്റർ ചെയ്യപ്പെട്ട എട്ട് സംഘങ്ങളിലായി 4163 രജിസ്ട്രേഡ് അംഗങ്ങളും, 2980 അനുബന്ധത്തൊഴിലാളികളും പ്രവർത്തിച്ചു വരുന്നു. ഉൾനാടൻ മത്സ്യത്തൊഴിലാളികളുടെ ഇടയിൽ കക്കാവ്യവസായത്തിനും

വളരെയധികം പ്രാധാന്യമുണ്ട്. എട്ട് കക്കാ സഹകരണസംഘങ്ങളിലും ആയി കക്കാ ഉൽപാദനം പ്രതിവർഷം ഏകദേശം 461 ടൺ ആണ്.

തണ്ണീർമുക്കം ബണ്ടിന്റെ വരവും, അശാസ്ത്രീയ കക്കാവാരൽ, അനധികൃത ഡ്രെഡ്ജിംഗ്, കായൽ മലിനീകരണം, അമിതമായ പായൽ എന്നിവ, ഈ വ്യവസായത്തിന്റെ വളർച്ചയെ വളരെയധികം തളർത്തുന്നു. ബണ്ടിന്റെ വരവോടെ തെക്ക് ഭാഗത്തുള്ള കക്കയുടെ ലഭ്യത വളരെയധികം കുറഞ്ഞതായി കണ്ട് ഫിഷറീസ് വകുപ്പ് നടപ്പിലാക്കി വരുന്ന ഒരു പദ്ധതിയാണ് വേമ്പനാട്ട് കായലിലെ കക്ക പുനരുജ്ജീവന പദ്ധതി. ഇതിനോടൊപ്പം തന്നെ മല്ലി കക്കാവാരുന്നത് തടയുന്നതിനുള്ള ഒരു നടപടി കൂടി എടുത്താൽ ഈ വ്യവസായത്തെ വളർത്തികൊണ്ട് വരുവാൻ സാധിക്കും എന്ന് സർവ്വേകൾ സൂചിപ്പിക്കുന്നു. മല്ലികക്കാ വാരുന്നത് തടയാൻ ഫിഷറീസ് ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ പെട്രോളിംഗ് നടപടികൾ എടുത്തുവരുന്നു.

## കാഴ്ച്ചപ്പാട്

മത്സ്യമേഖലയുടെ വികസനത്തിനുതകുന്ന രീതിയിലുള്ള പദ്ധതികൾ ആവിഷ്കരിച്ച്, മത്സ്യത്തൊഴിലാളികളുടെ ജീവിതനിലവാരം ഉയർത്തുന്നതിനും, സാമ്പത്തികസ്ഥിതി മെച്ചപ്പെടുത്തുന്നതിനും വേണ്ടി ഫിഷറീസ് മാനേജ്മെന്റ് കൗൺസിൽ ശക്തിപ്പെടുത്തി കേരള മറൈൻ ഫിഷറീസ് ആക്ട് നടപ്പിലാക്കേണ്ടതുണ്ട്. ഇതുവഴി, മത്സ്യ ഉദ്പാദനം വർദ്ധിപ്പിക്കുവാനും തനത് മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കുന്നതിനും സാധിക്കുന്നതാണ്. ഫിഷറീസ് സ്റ്റേഷൻ നിർമ്മാണവും, ഹാർബറുകളുടെ വികസനവും, മത്സ്യബന്ധനമേഖലയുടെ സമഗ്ര വികസനത്തിനുതകുന്നതും, പ്രകൃതി കാലാവസ്ഥാ വ്യതിയാനങ്ങൾ മൂലം മത്സ്യത്തൊഴിലാളികളുടെ ജിവിതത്തിലുണ്ടാകാവുന്ന ആഘാതങ്ങളെ കുറയ്ക്കുവാനും സാധിക്കുന്നതാണ്. വിവരസാങ്കേതിക വിദ്യ വളരെയധികം ഉയർന്ന് നിൽക്കുന്ന ഈ കാലഘട്ടത്തിൽ സമുദ്ര മേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളികളുടെ ജിവനും സ്വത്തിനും സംരക്ഷണം നൽകുന്ന രീതിയിലുള്ള ഒരു മൊബൈൽ ആപ്ലിക്കേഷൻ അവതരിപ്പിക്കുക. തീരസംരക്ഷണം പ്രകൃതി വിഭവങ്ങൾക്ക് കോട്ടം വരാത്ത രീതിയിൽ നടപ്പിലാക്കുക. വൻ മത്സ്യകൃഷി സാധ്യതയുള്ള ഉൾനാടൻ മേഖലയിലേക്ക് വേണ്ട ഗുണനിലവാരമുള്ള മത്സ്യവിത്തുകൾ ലഭ്യമാക്കുക, ലബോറട്ടറി സൌകര്യങ്ങൾ ഒരുക്കുക, നാടൻ മത്സ്യ ഇനങ്ങളെ വളർത്തുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുക. ഉൾനാടൻ ജലാശയങ്ങളുടെ മലിനീകരണം തടഞ്ഞ്, ആഴം കൂട്ടി മത്സ്യബന്ധനത്തിനുപയോഗിക്കാവുന്ന രീതിയിലെത്തിക്കുകയും, ഫിഷറീസ് വകുപ്പിന്റെ നേതൃത്വത്തിൽ വേമ്പനാട് കായൽ വികസന അതോറിറ്റി സ്ഥാപിക്കുകയും ചെയ്യുക.

## ലക്ഷ്യങ്ങൾ

- കേരള മറൈൻ ഫിഷറീസ് റെഗുലേഷൻ ആക്ട് നടപ്പിലാക്കുന്നതിനും കടൽ പെട്രോളിംഗ് ശക്തമാക്കുന്നതിനുമുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു. ജൂവനയിൽ ഫിഷിങ്ങ് തടയുന്നതിനുള്ള പെട്രോളിംഗ്, ഫിഷറീസ് മാനേജ്മെന്റ് കൗൺസിൽ ശക്തിപ്പെടുത്തുന്നതിനുള്ള സംവിധാനങ്ങൾ നടപ്പിലാക്കുക.
- ഹാർബറുകളുടെ വികസനം.
- ഇലക്ട്രോണിക്, മൊബൈൽ മാധ്യമങ്ങളുടെ വളരെ ഉയർന്ന ഉപയോഗമുള്ള ഈ നൂറ്റാണ്ടിൽ മത്സ്യത്തൊഴിലാളികൾക്ക് വേണ്ടിയുള്ള, കാലാവസ്ഥാ വ്യതിയാന നിർദ്ദേശങ്ങൾ, മത്സ്യം കൂടുതൽ കാണപ്പെടുന്ന കടൽതീരം, തുടങ്ങിയ നിർദ്ദേശങ്ങൾ നൽകുന്ന ഒരു മൊബൈൽ ആപ്ലിക്കേഷൻ പദ്ധതി നടപ്പിൽ വരുത്തുക.

- ജില്ലയിൽ മത്സ്യവിത്തുല്പാദനകേന്ദ്രവും സീഡ് സെന്ററും ആരംഭിക്കുക.
- വേമ്പനാട് കായലിന്റെയും, മറ്റ് ജലാശങ്ങളുടെ മലിനികരണവും, പ്ലാസ്റ്റിക് മാലിന്യ നിക്ഷേപവും പോളയുടെയും പായലിന്റെയും ആധിക്യം, ഉൾനാടൻ മത്സ്യസമ്പത്തിനെ വളരെയധികം ബാധിക്കുന്നു. മലിനീകരണ നിയന്ത്രണവും, പോള നശിപ്പിക്കലും വേണ്ടവിധം നടപ്പിലാക്കി നാടൻ മത്സ്യ സമ്പത്തിനെ സംരക്ഷിക്കുക.

**മേൽത്തട്ട്**

- ഹാർബർ നിർമ്മാണം പൂർത്തിയാക്കൽ. ജില്ലയുടെ പ്രധാന പശ്ചാത്തല വികസനത്തിന്റെ ഭാഗമായി ഹാർബറിൽ വികസനം വളരെ പ്രധാനപ്പെട്ട ഒരു വിഷയമായി മൻഗണന കൊടുക്കേണ്ടതാണ്.
- തീരദേശ പഞ്ചായത്തുകളിലും, ഉൾനാടൻ മത്സ്യസമ്പത്ത് കൂടുതലുള്ള പ്രദേശങ്ങളിലും നവീന മാതൃകയിലുള്ള മത്സ്യമാർക്കറ്റുകൾ നിർമ്മിക്കുക.
- ജില്ലയിലെ മത്സ്യതൊഴിലാളികളുടെ വിദ്യാഭ്യാസനിലവാരം എടുത്താൽ ഉന്നതവിദ്യാഭ്യാസം ഉണ്ടായിട്ടും തൊഴിൽ രഹിതർ കൂടുതലായിട്ടു കാണപ്പെടുന്നു. തീരദേശ മേഖലയുമായി ബന്ധപ്പെട്ടുള്ള വിവിധ വകുപ്പുകളിൽ അഭ്യസ്തവിദ്യരായുള്ള മത്സ്യത്തൊഴിലാളി കുട്ടികൾക്ക് മൻഗണന നൽകണം.
- അധ്യായം **6**-ൽ വിവരിച്ചിരിക്കുന്ന പ്രധാന ന്യൂനതകളിൽ ഒന്നായ നിർവഹണ ഉദ്യോഗസ്ഥരുടെ അഭാവം വളരെ അനുഭവപ്പെടുന്ന സാഹചര്യത്തില് ഓരോ തീരദേശ പഞ്ചായത്തുകൾ തോറും മത്സ്യ ഭവനുകൾ അനുവദിക്കുകയും ഉദ്യോഗസ്ഥരെ നിയമിക്കുകയും ചെയ്യേണ്ടതുണ്ട്.
- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കുന്ന മത്സ്യ തൊഴിലാളികൾക്കുള്ള ക്ഷേമപദ്ധതികളിൽ **50%** ഗ്രണഭോക്തൃവിഹിതം അടക്കേണ്ടരീതി നിർത്തലാക്കി **100%** സബ്സിഡി ആയി പദ്ധതി നടത്തിപ്പ് ആസൂത്രണം ചെയ്യേണ്ടതാണ്.
- തീരപ്രദേശത്ത് ഹരിതതീരം പദ്ധതിയിൽ ഉൾപെടുത്തി കണ്ടലും കാറ്റാടിയും നട്ടുപിടിപ്പിക്കുന്ന പദ്ധതി നടപ്പിലാക്കണം. കടലും കടൽ മേഖലയുടെ ഉൽപാദനം വർദ്ധിപ്പിക്കുന്നതിനു വേണ്ടിയുള്ള പദ്ധതികളായ സീ-റാഞ്ചിംഗ്, പാരുകളുടെ സ്ഥാപനം തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കുക.
- മത്സ്യവകുപ്പിലെ രജിസ്റ്റേഡ് വള്ളങ്ങളിലെ തൊഴിലാളികളുടെ എണ്ണത്തിന് ആനുപാധികമായി സുരക്ഷ ഉപകരണങ്ങളുടെ വിതരണ പദ്ധതി ആവിഷ്കരിക്കാവുന്നതാണ്.
- മത്സ്യത്തൊഴിലാളികൾക്ക് എം.എസ്. സ്വാമിനാഥൻ റിസർച്ച് ഫൗണ്ടേഷൻ അവതരിപ്പിച്ച മെബൈൽ ആപ്ലിക്കേഷൻ പദ്ധതിയായ ഫിഷർ ഫ്രണ്ട് മൊബൈൽ ആപ്ലിക്കേഷൻ **(FFMA)** പദ്ധതി മത്സ്യ വകുപ്പിന് ഏറ്റെടുത്ത് നടപ്പിലാക്കാവുന്നതാണ്.
- മത്സ്യ സഹകരണ സംഘങ്ങൾ ശക്തിപ്പെടുത്തുക.
- മത്സ്യത്തൊഴിലാളികൾക്കും കർഷകർക്കും മത്സ്യത്തിന് ന്യായവില ലഭിക്കുന്നതിന് സർക്കാർ അത് നേരിട്ട് വാങ്ങി അഡാക്ക്/മത്സ്യഫെഡ് ഔട്ട് ലെറ്റുകളിലൂടെ വിതരണം ചെയ്യുക.

- ജില്ലയിൽ മത്സ്യവിത്തുല്പാദനകേന്ദ്രവും സീഡ് സെന്ററും ആരംഭിക്കുക.
- വേമ്പനാട് കായൽ സമഗ്ര വികസനത്തിനു യോഗ്യമായ പദ്ധതി നടപ്പിലാക്കുക. (തണ്ണീർതടം) കായൽത്തീരം കല്ലുകെട്ടി സംരക്ഷിക്കുകയും, പോളമാറ്റി കായലിൽ കാണുന്ന മണൽത്തിട്ടകൾ മാറ്റുന്നതിനായി ഡ്രഡ്ജിംഗ് നടത്തി ആഴം കൂട്ടുക, ഹൗസ് ബോട്ടുകളെ നിയന്ത്രിച്ച്, ജലമലിനീകരണം നിയന്ത്രീക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുക. മത്സ്യ കുഞ്ഞുങ്ങളുടെ റാഞ്ചിംഗ് നടത്തി അനിയന്ത്രിതവും അശാസ്ത്രീയവുമായ മത്സ്യ ബന്ധനം നിയന്ത്രിച്ച് വേമ്പനാട് കായൽ ഡെവലപ്പ്മെന്റ് അതോറിറ്റി സ്ഥാപിക്കുക.
- ജില്ലയിലെ അർത്തുങ്കൽ ഹാർബറിന്റെ പൂർത്തീകരണം, തോട്ടപ്പള്ളി ഹാർബറിന്റെ നവീകരണം, കായംകുളം ഹാർബറിന്റെ വടക്കേകരയിലെ അനുബന്ധ സൌകര്യങ്ങളുടെ ലഭ്യത എന്നിവയിലൂടെ തൊഴിലാളികളുടെ വികസനത്തിന് വലിയ സംഭാവന നൽകുവാൻ കഴിയും.
- കായംകുളം ഫിഷിംങ് ഹാർബറിന്റെ വടക്കേകരയിൽ മത്സ്യലേലം തുടങ്ങുന്നതിനും അതുവഴി നമ്മുടെ ജില്ലയുടെ തെക്കൻ മേഖലയിൽ തൊഴിലാളികൾക്ക് ഏറെ സഹായം ലഭ്യമാക്കാനും കഴിയും.
- പ്രകൃതിജന്യമായ മത്സ്യസമ്പത്ത് നഷ്ടപ്പെടുന്നതിനാൽ അത് പരിഹരിക്കുന്നതിനായി കായലിൽ വിവിധ ഇനങ്ങളിലുള്ള മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിക്കണം.
- മത്സ്യതൊഴിലാളി മേഖലയിൽ (ഉൾനാടൻ) പലപ്പോഴും അവർക്ക് വേണ്ടിയുള്ള പദ്ധതികൾ നടപ്പിലാക്കുവാൻ സബ്സ്ിഡി മാനദണ്ഡം വരുമ്പോൾ നടപ്പിലാക്കാൻ പറ്റാതെ വരുന്നു. എസ്.സി., എസ്.റ്റി പരിഗണന സബ്സ്ിഡിയിൽ ഉണ്ടാവണം.
- ബ്ലോക്ക് പഞ്ചായത്തിന് ഇംപ്ലിമെന്റിങ്ങ് ഓഫീസർ ഇല്ലാത്തതിനാലും യൂണിറ്റ് കോസ്റ്റ് തീരുമാനിക്കുവാനും കഴിയുന്നില്ലാത്തതുകൊണ്ട് പദ്ധതി നടപ്പിലാക്കുവാൻ വിഷമിക്കുന്നു.
- തോട്ടപ്പള്ളി കേന്ദ്രീകരിച്ച് സ്ഥിരം ഫിഷറീസ് സ്റ്റേഷൻ സ്ഥാപിക്കണം.
- ഉൾനാടൻ മത്സ്യകൃഷിയ്ക്ക് സഹായകരമായ ലാബടി സൌകര്യം ഒരുക്കുക, മത്സ്യകൃഷിയ്ക്ക് സഹായകരമാകുന്ന വിധത്തിൽ പായൽ/പോള വിവിധ വകുപ്പുകളുടെ സഹായത്തോടെ നീക്കം ചെയ്യണം.

## കീഴ്ക്കുട്ട്

- ജില്ലയിലെ വിവിധ ബ്ലോക്കുകളിലായി ഉപയോഗമില്ലാതെ കിടക്കുന്ന ഏകദേശം **20**– ഹെക്ടർ ജലാശയങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്ത് മത്സ്യകൃഷിക്ക് അനുയോജ്യമാക്കി എടുത്താൽ ഉൾനാടൻ മത്സ്യ ഉൽപാദനവും, മത്സ്യസമ്പത്തും വർദ്ധിപ്പിക്കുവാൻ സാധിക്കും.
- മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് സൗജന്യ കോച്ചിംഗിനായി മെഡിക്കൽ/ എഞ്ചനിയറിംഗ് എൻടൻസ് കോച്ചിംഗ് സെന്റർ ആരംഭിക്കാവുന്നതാണ്.
- മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ഐ.എ.എസ്/ബാങ്ക്/പി.എസ്.സി കോച്ചിംഗ് സെന്റർ ആരംഭിക്കാവുന്നതാണ്.

- ആലപ്പുഴ ജില്ലയുടെ സൗകര്യപ്രദമായ പ്രദേശങ്ങളിൽ മത്സ്യസംസ്കരണം, ടെയിലറിംഗ്/കയർ, കമ്മ്യൂണിറ്റി ഫെസിലിറ്റേഷൻ സെന്ററുകൾ എന്നിവ തുടങ്ങാവുന്നതാണ്. ഇതു പ്രകാരം ഒരു സെന്ററിൽ **80** മുതൽ **120** വരെ മത്സ്യത്തൊഴിലാളി വനിതകൾക്ക് ജോലി നൽകാൻ സാധിക്കും.

- മത്സ്യത്തൊഴിലാളികളുടെ വിദ്യാർത്ഥിനികളായ പെൺമക്കൾക്ക് സൈക്കിൾ, **+2** നു മുകളിൽ വിദ്യാഭ്യാസം നടത്തുന്ന മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ലാപ്പ്ടോപ്പ് വിതരണം ചെയ്യുന്ന പദ്ധതി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഏറ്റെടുത്ത് നടത്താവുന്നതാണ്.

- തീരദേശത്തുള്ള മത്സ്യത്തൊഴിലാളി വനിതകളുടെ ഗ്രൂപ്പുകൾക്ക് (തീരമൈത്രി യൂണിറ്റ്) റിവോൾവിംഗ് ഫണ്ട്, ടെക്നോളജി ഇംപ്രൂവ്മെൻറിന് ധനസഹായം എന്നിവ നൽകാവുന്നതാണ്. നിലവിലുള്ള ഗ്രൂപ്പുകൾക്ക് പുറമേ തീരദേശ മത്സ്യത്തൊഴിലാളി വനിതകളുടെ ഗ്രൂപ്പുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കണ്ടെത്തി ഏറ്റെടുത്ത് നടത്താവുന്നതാണ്.

- ഉൾനാടൻ ജലസ്രോതസുകളായ കായൽ, നദികൾ, കുളങ്ങൾ, കുട്ടനാടൻ പാടശേഖരങ്ങൾ, പൊക്കാളി പാടശേഖരങ്ങൾ എന്നീ പൈതൃക സമ്പത്ത് സംരക്ഷിക്കുന്നതിനും, ജല ആഗമന-നിർഗ്ഗമനം സുഗമമാക്കുന്നതിനും തോടുകളുടെയും ചാലുകളുടെയും ആഴം കൂട്ടുന്നതിനും മറ്റും എല്ലാ പഞ്ചായത്തുകളിലും ഒന്നോ രണ്ടോ ജെ.സി.ബി. വാങ്ങി പഞ്ചായത്ത് തലത്തിൽ പ്രവർത്തിപ്പിച്ച് പരിസ്ഥിതി ശുദ്ധമാക്കുക.

- മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ, ക്ഷേമ പ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന എല്ലാ മത്സ്യ ഗ്രാമങ്ങളിലും നടപ്പിലാക്കുക.

- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി മത്സ്യ ഉല്പാദനമേഖലയിൽ നടപ്പിലാക്കുവാൻ പ്രായോഗികമായ പദ്ധതി നിർദ്ദേശങ്ങൾ നൽകേണ്ടതാണ്.

- 'കോസ്റ്റ് ടു മാർക്കറ്റ്' എന്ന മത്സ്യഫെഡ് പദ്ധതി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്ത് ഔട്ട് ലെറ്റുകൾ വർദ്ധിപ്പിക്കാവുന്നതാണ്.

- മത്സ്യതൊഴിലാളി സഹകരണ സംഘങ്ങളെ ഫലപ്രദമായി ഉപയോഗിച്ച് മത്സ്യത്തിന്റെ ന്യായവില മത്സ്യം പിടിച്ചുകൊണ്ടുവരുന്ന തൊഴിലാളികൾക്ക് ലഭ്യമാക്കണം. ഇൻപുട്ട് സബ്സിഡി ആവശ്യത്തിന് ലഭ്യമാക്കണം.

- പഞ്ചായത്തുകളിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലൂടെ നിർമ്മിച്ചതും ആഴം കൂട്ടിയതുമായ കുളങ്ങളിൽ മത്സ്യകൃഷി നടത്തണം.

# പരിസ്ഥിതി, കാലാവസ്ഥാ വ്യതിയാനം, വനവികസനം

ലോകത്തിലെ ഏറ്റവും ജൈവവൈവിദ്ധ്യ സമ്പന്നമായ ആവാസ വ്യവസ്ഥകളിലൊന്നായ പശ്ചിമഘട്ടത്താൽ അനുഗ്രഹീതമാണ് നമ്മുടെ കേരളം. പത്തൊമ്പതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ ഇവിടെ 75% വനങ്ങളായിരുന്നു. നൂറു വർഷം കൊണ്ട് ഇത് 50% മായി കുറഞ്ഞു. ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യ മൂന്നു ദശകങ്ങളിൽ ഇത് 35% ആയി ചുരുങ്ങി. നിലവിലുള്ള ഔദ്യോഗിക കണക്കുകൾ പ്രകാരം ഏതാണ്ട് 11309 ച.കി.മീ വനഭൂമിയാണ് നമുക്ക് ഇന്നുള്ളത്. അതായത് കേരളത്തിന്റെ വിസ്തൃതിയുടെ 29% ഇന്ത്യൻ വനനയം 1988 പ്രകാരം വനവിസ്തൃതി 33% ആകണമെന്ന് നിഷ്കർഷിക്കുന്നുണ്ട്.

## A) പരിസ്ഥിതി

**Quality analysis of water in Pamba river after Sabarimala Pilgrim season**

| Station | Temp. (ºC) | pH | Conductivity (µmhos/cm) | DO (Mg/L) | BOD (Mg/L) | TC (MPN/ 100ml) | FC (MPN/ 100ml) |
|---|---|---|---|---|---|---|---|
| Pulinkunnu | 28 | 6.1 | 68 | 7.1 | 0.6 | 1930 | 1780 |
| Thakazhi | 28 | 6.5 | 56 | 7.0 | 0.2 | 2210 | 2070 |
| Edathua | 29 | 6.3 | 46 | 6.2 | 0.3 | 1870 | 1750 |
| Chegannoor | 29 | 6.1 | 41 | 6.7 | 0.2 | 2100 | 1970 |
| Kozhencherry | 28 | 6.3 | 44 | 6.6 | 0.3 | 1760 | 1650 |
| Ranny | 28 | 6.6 | 40 | 6.9 | 0.6 | 1830 | 1690 |
| Athikkayam | 28 | 6.4 | 36 | 6.2 | 0.5 | 1640 | 1520 |
| Vadasserikkara | 29 | 6.2 | 34 | 6.5 | 0.4 | 2200 | 2070 |
| Pamba d/s | 28 | 6.7 | 64 | – | 1.2 | 680000 | 310000 |
| Triveni | 28 | 6.4 | 60 | 4.8 | 0.6 | 48000 | 21000 |
| Kakkiyar | 28 | 6.7 | 62 | 5.0 | 3.8 | 52000 | 16000 |
| Kochu Pamba | 28 | 6.5 | 54 | 7.5 | 1.2 | 14000 | 8000 |
| Njunagar | 28 | 6.8 | 64 | 4.2 | 1.0 | 800000 | 450000 |

*Source: Data from Pollution control board*

**Quality analysis of water in Pamba river in August**

| Station | Temp. (ºC) | pH | Conducti-vity (µ mhos/cm) | DO (Mg/L) | BOD (Mg/L) | TC (MPN/ 100ml) | FC (MPN/ 100ml) |
|---|---|---|---|---|---|---|---|
| Pulinkunnu | 28 | 6.6 | 92 | 5.0 | 1.2 | 520 | 410 |
| Thakazhi | 28 | 6.4 | 58 | 5.2 | 1.0 | 560 | 440 |
| Edathua | 28 | 6.3 | 62 | 6.2 | 0.7 | 590 | 460 |
| Chegannoor | 28 | 6.6 | 66 | 6.0 | 0.6 | 380 | 270 |
| Kozhencherry | 28 | 6.5 | 44 | 5.8 | 0.5 | 450 | 330 |
| Ranny | 27 | 6.8 | 68 | 6.6 | 0.4 | 490 | 350 |
| Athikkayam | 27 | 6.4 | 48 | 6.9 | 0.3 | 420 | 310 |

| | | | | | | | |
|---|---|---|---|---|---|---|---|
| Vadasserikkara | 27 | 6.9 | 54 | 7.2 | 0.2 | 560 | 450 |
| Pamba d/s | 27 | 6.2 | 66.5 | 6.8 | 0.4 | 1080 | 940 |
| Triveni | 27 | 6.3 | 62.7 | 7.0 | 0.1 | 660 | 550 |
| Kakkiyar | 27 | 6.5 | 42 | 6.5 | 0.6 | 540 | 420 |
| Kochu Pamba | 27 | 6.1 | 48 | 6.7 | 0.3 | 420 | 290 |
| Njunagar | 27 | 6.6 | 118 | 6.0 | 0.5 | 1170 | 1020 |

*Source: Data from Pollution control board*

**TABLE SHOWING MICROPLASTIC ABUNDANC & POLYMER TYPE IN SEDIMENTS OF VEMBANADU LAKE**

| Sl. No | Latitude | Longitude | MP abundance (particles/M³) | Polymer components |
|---|---|---|---|---|
| 1 | 9°41' 21.03" | 76°22' 54.34" | 352 ± 7 | LDPE,PS, OTHERS |
| 2 | 9°40' 46.67" | 76°24' 00.37" | 460 ± 2 | HDPE,PP,OTHERS |
| 3 | 9°40' 11.78" | 76°23' 48.79" | 240 ± 1 | LDPE, & OTHERS |
| 4 | 9°38' 43.97" | 76°24' 07.12" | 304 ± 4 | LDPE, PS, OTHERS |
| 5 | 9°37' 24.57" | 76°24' 05.91" | 96 ± 5 | HDPE,OTHERS |
| 6 | 9°36' 08.80" | 76°24' 59.61" | 160 ± 3 | PS,HDPE, OTHERS |
| 7 | 9°35' 18.89" | 76°24' 30.35" | 128 ± 4 | PP,LDPE & OTHERS |
| 8 | 9°34' 39.78" | 76°24' 04.13" | 192 ± 3 | LDPE OTHERS |
| 9 | 9°33' 48.05" | 76°24' 01.09" | 272 ± 4 | LDPE, PD & OTHERS |
| 10 | 9°33' 15.74" | 76°23' 13.17" | 288 ± 7 | HDPE & OTHERS |

*(Source :- Environmental Pollution 222 (2017) 315 - 322 )*

2011 തീരദേശ നിയന്ത്രണ വിജ്ഞാപനം വേമ്പനാട് കായലിനെ അതിലോല തീരപ്രദേശം (critically Vulnerable Coastal Area – CVCA) ആയിട്ടാണ് നിർണ്ണയിച്ചത്. മത്സ്യത്തിന്റെയും, കക്കയുടെയും, ചെമ്മീന്റെയും, ഉരഗങ്ങളുടെയും, സസ്തനികളുടെയും, പ്രാണികളുടെയും, ദേശാടന പക്ഷികളുടെയും മറ്റനവധി സൂക്ഷ്മജീവജാലങ്ങളുടെയും പ്രജനനകേന്ദ്രവും ആവാസ വ്യവസ്ഥയുമാണ് വേമ്പനാട് കായൽ. ഈ തണ്ണീർതടത്തിന്റെ പാരിസ്ഥിതിക സന്തുലനാവസ്ഥ, മലിനീകരണവും തൽഭലമായി ജൈവനാശം, കായലിന്റെ നാശം എന്നിവയെല്ലാം കണക്കിലെടുത്താണ് വേമ്പനാടിനെ ദേശീയ കായൽ സംരക്ഷണ പരിപാടിയിൽ ( National Lake Conservation Programme – NLCP) ഉൾപ്പെടുത്തിയത്.

നിലവിൽ കായലിന്റെ വിസ്തൃതി 10661.23 ഹെക്ടർ ആണ്. മുൻപ് ഇത് 36500 ഹെക്ടർ ഉണ്ടായിരുന്നു. പിൽക്കാലത്ത് നെൽ കൃഷി, ചെമ്മീൻ കൃഷി, വ്യവസായങ്ങൾക്ക് ഒക്കെ ആയി നികത്തപ്പെട്ടു. കായലിന്റെ ജലസംഭരണശേഷി കുറഞ്ഞിട്ടുണ്ട്. ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ 2.449 ക്യൂബിക് കി.മീ. ആയിരുന്നത് 1985-ൽ അത് 0.599 ക്യൂബിക് കി.മീ. മാത്രമാണ്. വേമ്പനാട് കായലിന്റെ ജലവാഹകശേഷി മുൻപത്തേതിൽ നിന്ന് 78% ആയി കുറഞ്ഞിട്ടുണ്ട്.

ഇന്ത്യയിൽ ശരാശരി ഒരു വർഷം 5-6 മില്യൺ ടൺ പ്ലാസ്റ്റിക് ഉപയോഗിക്കുന്നു. 4-6 % മുനിസിപ്പൽ ഖരമാലിന്യവും പ്ലാസ്റ്റിക് ആണ്. ഈ മാലിന്യങ്ങൾ 4 മുതൽ 6 മാസം വരെ നീണ്ടു

നിൽക്കുന്ന മഴക്കാലത്ത് മഴവെള്ളത്തോടൊപ്പം തോടുകളിലൂടെ ഒഴുകി വേമ്പനാട് തടാകത്തിലും തുടർന്ന് അറബിക്കടലിലും എത്തുന്നു.

വേമ്പനാട് കായലിലെ വിവിധസ്ഥലങ്ങളിൽ നിന്ന് ജലസാമ്പിൾ എടുത്ത് വിശകലനം ചെയ്ത് എൻവയോൺമെന്റിൽ പൊല്യൂഷണിലെ പ്രസിദ്ധീകരിച്ച റിപ്പോർട്ട് പ്രകാരം ഉള്ള പഠനത്തിൽ കാണുന്നത് വേമ്പനാട് കായലിലെങ്ങും 252.8 മൈക്രോപ്ലാസ്റ്റിക് കണങ്ങൾ / ച. മീറ്റർ ഉണ്ടെന്നാണ്. LDPE ലോ ഡെൻസിറ്റി പോളി എഥിലീൻ ആണ് ഏറ്റവും അധികം കാണപ്പെട്ട മൈക്രോപ്ലാസ്റ്റിക്. പ്ലാസ്റ്റിക് ക്യാരിബാഗുകൾ, മീൻ വലകൾ, പാക്കിംഗ് സാമഗ്രികൾ, പ്ലാസ്റ്റിക് പാത്രങ്ങൾ തുടങ്ങിയവ വിഘടിച്ചാണ് മൈക്രോപ്ലാസ്റ്റിക് ഉണ്ടാകുന്നത്. ഇത് കക്കയും മത്സ്യവും ആഹാരമാക്കുന്നതിലൂടെ ഭക്ഷ്യശ്രൃംഖലയിലെത്തി ഗുരുതരമായ ആരോഗ്യ ഭീഷണി ഉയർത്തുന്നു. വേമ്പനാട് കായലിലെ വിവിധ സ്ഥലങ്ങളിലെ മൈക്രോപ്ലാസ്റ്റിക്കിന്റെ അളവ് മുകളിൽ പട്ടികയിൽ ചേർക്കുന്നു. ഇത് ഇന്ത്യയിൽ ഒരു തടാകത്തിൽ ആദ്യമായി മൈക്രോപ്ലാസ്റ്റിക്ക് കണ്ടെത്തിയ പഠനമാണ്.

കായലിന്റെ മനോഹാരിത, കുട്ടനാടിന്റെ ഭൂപ്രകൃതി, അനവധി ചെറുതോടുകൾ, അതുമായി ബന്ധപ്പെട്ട ജീവിത രീതികൾ എന്നിവയൊക്കെയാണ് ധാരാളം വിനോദ സഞ്ചാരികളെ ഇങ്ങോട്ട് ആകർഷിക്കുന്നതിന് പ്രധാന കാരണം. എന്നാൽ അനിയന്ത്രിതമായി ടൂറിസം ഈ ഭൂപ്രദേശത്തിന്റെ നിലനില്പിനെ തന്നെ തകിടം മറിക്കുന്ന രീതിയിലാണ് കഴിഞ്ഞ രണ്ടു പതിറ്റാണ്ടായി രൂപം പ്രാപിച്ചിട്ടുള്ളത്. ടൂറിസത്തിന്റെ വരവോടെ കായൽ തീരങ്ങൾക്കും, കുട്ടനാടൻ നെൽപ്പാടങ്ങൾക്കും റിയൽ എസ്റ്റേറ്റ് താല്പര്യങ്ങൾ വർദ്ധിച്ചു. തൽഭലമായി കായൽ കൈയ്യേറ്റം, നെൽപ്പാടം നികത്തലുകൾ ഒക്കെ വ്യാപകമായി അരങ്ങേറി. ഇത് വേമ്പനാടിന്റെ ആവാസവ്യവസ്ഥയുടെ നിലനില്പിന് തന്നെ ഭീഷണിയായി മാറിയിരിക്കുന്നു. കായലിൽ പ്ലാസ്റ്റിക് മലിനീകരണം, അജൈവ മാലിന്യങ്ങൾ കായലിൽ എത്തിച്ചേരുന്നു. ജലമലിനീകരണം വർദ്ധിക്കുന്നു. തീരങ്ങൾ കൈയ്യേറി തങ്ങളുടെ സ്വകാര്യ ആവശ്യങ്ങൾക്കു മാത്രമായി ഉപയോഗിക്കുന്നു. പണ്ട് ഈ തീരങ്ങൾ ഒക്കെ തന്നെ മത്സ്യ പ്രജനനത്തിന് ഉതകുന്ന ഇടമായിരുന്നു. കണ്ടലുകൾ മറ്റ് തീരത്തോട് ചേർന്ന് വളരുന്ന സസ്യങ്ങൾ ഒക്കെ തന്നെ ഇന്ന് കരിങ്കൽ കെട്ടുകളായി മാറിയിരിക്കുന്നു.

കായലിലെ പ്രകൃതി വിഭവസമ്പത്തിൽ പ്രധാനമായ ഒന്നാണ് കറുത്ത കക്കയും, വെളള കക്കയും (കാലങ്ങളായി വെളളത്തിൽ അടിഞ്ഞു കൂടിയ കക്കതോടുകളുടെ ശേഖരം ). ഇന്ത്യയിൽ നിന്നും മൊത്തമായി ലഭിക്കുന്ന 65000 ടൺ കക്കയുടെ 67 /70 % നല്കുന്നത് കറുത്ത കക്കയാണ്. ഇതിൽ വേമ്പനാട് കായൽ ഉൽപ്പാദിപ്പിക്കുന്നത് 25000 - 30000 ടണ്ണിന് ഇടയിലാണ്. കറുത്ത കക്ക കൂടാതെ ചെറിയ തോതിൽ വെളള കക്ക, മഞ്ഞ കക്ക, കല്ലികക്ക എന്നിവ കായലിന്റെ പല ഭാഗങ്ങളിൽ ലഭ്യമാണ്. വേമ്പനാട്ടിലെ പ്രധാന കക്കാവാരൽ കേന്ദ്രങ്ങളായ അരൂർ, വടുതല, കുത്തിയതോട്, തൈക്കാട്ടുശേരി, പളളിപ്പുറം, തണ്ണീർമുക്കം, ചേർത്തല, മുഹമ്മ, ആര്യാട്, ആലപ്പുഴ, കൈനകരി എന്നിവ ആലപ്പുഴ ജില്ലയിലാണ്. പൊടികക്കാ വാരൽ വ്യാപകമായി നടക്കുന്നു. ഈ പ്രവണത കക്കാ സമ്പത്തിനെ ദോഷം ചെയ്യുന്നു. സുസ്ഥിരമായ ഉൽപ്പാദനം നടക്കണമെങ്കിൽ പൊടികക്കാ വാരൽ നിരോധിക്കുകയും, കക്കാവാരൽ തൊഴിലാളികളെ ഇതിന്റെ അപകടം ബോധിപ്പിക്കേണ്ടതും ഉണ്ട്. കക്കാ സമ്പത്തിന്റെ സംരക്ഷണത്തിനും ഉൽപ്പാദന വർദ്ധനവിനും വേണ്ടി കായലിന്റെ ചില ഭാഗങ്ങളിൽ കക്കാ സംരക്ഷണ മേഖലകൾ ആയി പ്രഖ്യാപിക്കണം. ഇവിടെ കക്കാ വാരാതെ സൂക്ഷിക്കേണ്ടത് കക്കാ വാരൽ തൊഴിലാളികളുടെയും പഞ്ചായത്തിന്റെയും ചുമതല ആകണം.

ഓരു ജലം നിയന്ത്രിക്കുവാൻ വിഭാവനം ചെയ്ത് തണ്ണീർമുക്കം ബണ്ടും പ്രളയ ജലം അറബിക്കടലിലേക്ക് ഒഴുക്കി കളയാൻ സ്ഥാപിച്ച തോട്ടപ്പള്ളി സ്പിൽവേ കനാലും ഈ ഭൂപ്രകൃതിയിൽ മനുഷ്യർ നടത്തിയ രണ്ടു പ്രധാന ഇടപെടലുകൾ ആണ്. ഇവ ഉദ്ദേശിച്ച ഫലം കണ്ടില്ല എന്നു മാത്രമല്ല അത് ഒട്ടനവധി പരിസ്ഥിതി പ്രശ്നങ്ങൾക്ക് കൂടി വഴി വച്ചു എന്നതാണ് ഇന്നത്തെ തിരിച്ചറിവ്. തോട്ടപ്പള്ളി സ്പിൽവേ പ്രളയ ജലത്തെ ഒഴുക്കി കളയുന്നതിൽ പരാജയപ്പെട്ടു. തണ്ണീർമുക്കം ബണ്ട് വേമ്പനാട് കായലിന്റെ കുറുകെ ആലപ്പുഴ കോട്ടയം ജില്ലയെ ബന്ധിപ്പിച്ചു. 1974-ൽ പണി തുടങ്ങി 1978-ൽ (ഭാഗികമായി) കമ്മീഷൻ ചെയ്തു. മൂന്നാംഘട്ടം പണി പൂർത്തീകരിച്ചു കൊണ്ടിരിക്കുന്നു. ഇതിന്റെ നീളം 1250 മീറ്റർ ആണ്. തണ്ണീർമുക്കം ബണ്ട് കൊണ്ട് വേമ്പനാട് കായൽ രണ്ട് വ്യത്യസ്ത തണ്ണീർത്തട അവസ്ഥയിലേക്ക് മാറ്റപ്പെടുകയാണ് ഉണ്ടായത്. ഓര് നിലനിൽക്കുന്ന വടക്കൻ കായൽ പ്രദേശവും വർഷത്തിന്റെ പാതി ശുദ്ധജല തടാകമായി മാറുന്ന തെക്കൻ പ്രദേശവും തൽഫലമായി വേമ്പനാട് കായലിന്റെ തെക്കൻ പ്രദേശത്തു മത്സ്യം, കക്കാ, ചെമ്മീൻ എന്നിവയുടെ ലഭ്യതയിൽ വൻകുറവുണ്ടാക്കി. ബണ്ടു തണ്ണീർമുക്കത്തിന് തെക്കോട്ടുള്ള വേലിയേറ്റ / ഇറക്ക പ്രക്രിയയെ തടസ്സപ്പെടുത്തുകയും സ്വാഭാവികമായി സംഭവിച്ചുകൊണ്ടിരിക്കുന്ന ഒഴുക്കിനെ തടസ്സപ്പെടുത്തി. ഇതു മൂലം തെക്കൻ പ്രദേശത്ത് മാലിന്യം തങ്ങി നിന്ന് കായൽ ഒരു കുപ്പത്തൊട്ടിയായി പരിണമിച്ചു. ഒഴുക്ക് കുറഞ്ഞതു മൂലം കായലിൽ ചെളി അടിയുകയും കായലിന്റെ ആഴവും ജലവാഹക ശേഷിയും ഗണ്യമായി കുറവ് സംഭവിക്കുകയും ചെയ്തു. കാർഷിക മേഖലയിൽ നിന്നും കായലിലേക്ക് എത്തുകയും ജലത്തിൽ ലയിക്കുകയും ചെയ്യുന്ന രാസമാലിന്യങ്ങൾ പോളകൾ തിങ്ങി വളരാനുള്ള സാഹചര്യം സൃഷ്ടിക്കുകയും ചെയ്തു. ഇത് ജല ഗതാഗതത്തെ മാത്രമല്ല, മത്സ്യബന്ധനത്തിനും, മത്സ്യസമ്പത്തിനും കൂടി ഭീഷണിയായി ഭവിച്ചു.

ആലപ്പുഴ ജില്ലയിലെ പ്രധാന മേഖലയും ധാരാളം മത്സ്യസംസ്കരണ സ്ഥാപനങ്ങളും സ്ഥിതി ചെയ്യുന്ന ഒരു പ്രദേശമാണ് അരൂർ – ചന്തിരൂർ മത്സ്യസംസ്കരണ മേഖലയിൽ നിന്നുള്ള മാലിന്യ പ്രശ്നം പരിഹാരം കാണാതെ തുടരുകയാണ്. ചന്തിരൂർ തോട്ടും ഈ പ്രദേശത്തെ മറ്റ് തോടുകളും മാലിന്യം നിറഞ്ഞ് ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാക്കുകയും തുടർന്ന് അതുമായി ബന്ധപ്പെട്ട് നിരവധി പ്രാദേശിക സമരങ്ങളും അരങ്ങേറിയിട്ടുണ്ട്. ഇതുപോലെ തന്നെ അമ്പലപ്പുഴയിലെ കാക്കാഴം പ്രദേശവും സമാനമായ വിഷയങ്ങൾ കൊണ്ട് പല തവണ ജനരോഷം ഉണ്ടായ പ്രദേശമാണ്. ചെറുകിട സംരംഭങ്ങളും ചേർത്തു കൊണ്ട് ഒരു പൊതുമാലിന്യ സംസ്കരണ സംവിധാനവും, വൻകിട സ്ഥാപനങ്ങൾക്ക് അവരുടേതായ സംസ്കരണ സംവിധാനങ്ങളും ആലോചനയിൽ ഉണ്ടെങ്കിലും പലതും ഫലപ്രാപ്തിയിൽ എത്തുന്നില്ല.

നൂറോളം വർഗ്ഗത്തിലും 56 കുടുംബങ്ങളിൽപ്പെട്ട ഏതാണ്ട് 161 ഇനം മത്സ്യ ഇനങ്ങൾ വേമ്പനാട് കായലിൽ നിന്ന് പിടിച്ചെടുക്കപ്പെടുന്നുണ്ട്. 6 തരം ചെമ്മീനും, 5 തരം കൊഞ്ചും, ഞണ്ടിന്റെയും കക്കയുടെയും 3 ഇനങ്ങൾ വീതം വേമ്പനാട് കായലിൽ നിന്നും ലഭിക്കുന്നുണ്ട്. വർഷത്തിൽ 25000 ടൺ കക്ക-മത്സ്യ-ചെമ്മീൻ ലഭിക്കുന്നുണ്ടെന്നാണ് തിട്ടപ്പെടുത്തിയിരിക്കുന്നത്. ഇതിൽ 77 % കക്കയും ബാക്കി മത്സ്യവും ചെമ്മീനുമാണ്. പിടിച്ചെടുക്കുന്ന 42 തരം വാണിജ്യ പ്രാധാന്യമുള്ള മത്സ്യങ്ങൾ 3300 ടണ്ണാണ്. 400 ടൺ വരെ വർഷത്തിൽ ലഭിച്ചുകൊണ്ടിരുന്ന കൊഞ്ച് ഇപ്പോൾ ക്രമാതീതമായി കുറഞ്ഞു. 30 ടൺ മാത്രമാണ് ലഭിക്കുന്നത്.

മത്സ്യോൽപ്പാദനത്തെ സാരമായി ബാധിക്കുന്ന ഒരു ഘടകം ജലാശയത്തിന്റെ ശോഷണം ആണ്. ഉൽപാദനക്ഷമത ഉള്ള ഒരു കായൽ പല ഇടങ്ങളിലായി നികത്തപ്പെടുന്ന ഒരു പ്രവണത നാം കാണുന്നതാണ്. ഇത് കൂടാതെ തീരങ്ങൾ വളച്ചുകെട്ടി കായൽ കൈയ്യേറുന്നതുമൂലം മത്സ്യങ്ങളുടെ പ്രജനന കേന്ദ്രങ്ങളും നശിപ്പിക്കപ്പെടുന്നു. ജല മലിനീകരണം

മത്സ്യസമ്പത്തിന് ആപത്താണ്. കായലിൽ മത്സ്യ ലഭ്യത കുറഞ്ഞിട്ടുണ്ട് എന്ന് നിസംശയം പറയാൻ സാധിക്കും. പാരിസ്ഥിതിക പ്രശ്നങ്ങൾ മൂലം കായൽ മത്സ്യബന്ധനത്തിലും പ്രജനനത്തിലും ഉണ്ടായേക്കാവുന്ന കുറച്ചിലുകൾ ഇതു മൂലമായി ബന്ധപ്പെട്ട് ഉപജീവനം നടത്തുന്ന സമൂഹത്തിന്റെ ജീവിത നിലവാരത്തിലും കാര്യമായി പ്രതിഫലിക്കും എന്നത് വളരെ പ്രാധാന്യത്തോടെ വീക്ഷിക്കേണ്ടതാണ്.

ഒരു ഭൂപ്രദേശത്ത് ഉത്പാദിപ്പിക്കപ്പെടുന്ന CO2 നെ ആഗീരണം ചെയ്യാൻ ആവശ്യമായ വൃക്ഷ സമ്പത്ത് ഉണ്ടെങ്കിൽ ആ പ്രദേശം കാർബൺ ന്യൂട്രലായി കരുതാം. ജില്ലയിലെ ഓരോ ഗ്രാമങ്ങളേയും കാർബൺ ന്യൂട്രൽ ആക്കുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കിയ ഹരിതകേരളം പദ്ധതി പൂർണ്ണമായ ലക്ഷ്യലെത്തിക്കാൻ കഴിഞ്ഞിട്ടില്ല. ഫണ്ടിന്റെ അപര്യാപ്തത മൂലം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ആവശ്യപ്പെടുന്ന വൃക്ഷത്തൈകളുടെ ചെറിയ ഒരു ശതമാനം മാത്രമേ നൽകാൻ കഴിയുന്നുള്ളു. വേമ്പനാട് കായൽ, പമ്പാനദി, തുടങ്ങിയ നദികളെയും, മറ്റ ജലാശയങ്ങളിലേയും പ്ലാസ്റ്റിക് നിക്ഷേപം മൂലമുള്ള മാലിന്യം നിയന്ത്രിക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല.

## കാഴ്ചപ്പാട്

പരിസ്ഥിതിയുടെ സന്തുലനാവസ്ഥ നിലനിർത്തുന്നതിന് വനവല്കരണം നടത്തുക, പരിസര ശുചിത്വം ഉറപ്പാക്കുക, വായു മലിനീകരണവും ജല മലീനികരണവും തടയുക എന്നുള്ളതാണ് പ്രധാന കാഴ്ചപ്പാട്. പരിസ്ഥിതി സംരക്ഷണത്തിന് ജില്ലയിലെ ഓരോ പഞ്ചായത്തും സമ്പൂർണ്ണ കാർബൺ ന്യൂട്രൽ ആക്കുക എന്നുള്ളതാണ് മുഖ്യ ലക്ഷ്യം.

പരിസ്ഥിതിയ്ക്ക് ദോഷമായി തീരുന്ന അകേഷ്യ മരങ്ങൾ പടിപടിയായി ഉന്മൂലനം ചെയ്യണം എന്ന കാഴ്ചപ്പാടാണ് വിഷയ ഉപസമിതിയ്ക്ക് ഉള്ളത്. ജില്ലയുടെ വൃക്ഷാവരണം വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളായ വനവൽകരണം, നക്ഷത്രവനം, ജൈവവൈവിധ്യ ഉദ്യാനങ്ങൾ, ഔഷധസസ്യ തോട്ടം, ഫലവൃക്ഷതോട്ടം, ചിത്രശലഭ ഉദ്യാനങ്ങൾ എന്നിങ്ങനെയുള്ള പദ്ധതികൾ പരിസ്ഥിതി സംഘടനകൾ വിദ്യാലയങ്ങളുമായി സഹകരിച്ച് പ്രകൃതിയെ ഹരിതാഭമാക്കുന്നു എന്നും, കാവു സംരക്ഷണ സമിതികൾ, കാവുകളുമായി ബന്ധപ്പെട്ട വനവത്കരണം, ബോധവത്കരണ ക്ലാസ്സുകൾ തുടങ്ങിയവ ഏറ്റെടുത്ത് നടത്തുന്നു എന്നും ഉപസമിതി കണ്ടെത്തിയിരിക്കുന്നു.

## നിർദ്ദേശങ്ങൾ

### മേൽത്തട്ട്

- കായലും നദികളും അതിരിടുന്ന പഞ്ചായത്തുകളിൽ തങ്ങളുടെ പ്രദേശത്തെ കായലിന്റെയും നദിയുടെയും അതിരുകൾ, റവന്യൂ വകുപ്പുമായി ചേർന്ന് നിർണ്ണയിക്കുക.
- പഞ്ചായത്തിന്റെ പരിധിയിൽ കായലിലേക്കോ നദിയിലേക്കോ എത്തുന്ന ചെറുതും വലുതുമായ തോടുകൾ കൃത്യമായി നിർണ്ണയിച്ച് കൈയ്യേറ്റങ്ങളും, നികത്തലുകളും തിരിച്ചുപിടിക്കുവാനുള്ള നടപടി ക്രമങ്ങൾ നടത്തണം.
- തോടുകളുടെ ഉൾഭാഗങ്ങളിൽ കയർ ഭൂവസ്ത്രം ഉപയോഗിച്ചും, കായലിലേക്കോ, നദിയിലേക്കോ ചേരുന്ന പ്രദേശം ജൈവവേലി ഉപയോഗിച്ച് സംരക്ഷിക്കുവാൻ പരിപാടികൾ ആസൂത്രണം ചെയ്യണം.

- കായൽ സംരക്ഷണത്തിനായി ഒരു പ്രാദേശിക തല നിരീക്ഷണസമിതി ഉണ്ടാക്കണം.
- പ്രദേശത്തെ പരിസ്ഥിതി പ്രവർത്തകൻ, രാഷ്ട്രീയപ്രവർത്തകൻ, സാമൂഹ്യസംഘടന പ്രവർത്തകൻ തുടങ്ങിയവരെ ഉൾപ്പെടുത്തി ഒരു ജില്ലാസമിതി രൂപീകരിക്കണം.
- ഭൂപ്രകൃതിക്കു യോജിച്ച രീതിയിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുക.
- ഹരിത ചട്ടം പാലിച്ചുള്ള നിർമ്മിതികൾക്കു മാത്രം ലൈസൻസ് നൽകുക.
- മാലിന്യ നിർമ്മാർജ്ജന രീതികൾ കർശനമാക്കുക.
- കായൽ നികത്താതെ കടൽത്തീരം കൈയേറാതെ, മാലിന്യം വലിച്ചെറിയാതെ, പച്ചപ്പ് കുറക്കാതെ ഉള്ള ടൂറിസം പ്രോത്സാഹിപ്പിക്കുക.
- ടൂറിസം വ്യവസായം പാരിസ്ഥിതിക ഉത്തരവാദിത്വം പുലർത്തുന്നുണ്ടോ എന്ന് പരിശോധിക്കാൻ മാർഗ്ഗനിർദ്ദേശം തയ്യാറാക്കുക, പാലിക്കുന്നുണ്ടോ എന്ന് ഉറപ്പാക്കുക.
- ജല ഉപയോഗം കുറക്കുകയും, ഉപയോഗിച്ച ജലം പുനരുപയോഗിക്കുവാൻ ഉതകുന്ന തരത്തിലുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുവാൻ മാർഗ്ഗനിർദ്ദേശം തയ്യാറാക്കുക.
- മത്സ്യപ്രജനനത്തിനും സഹായമാകുന്ന തീര സസ്യങ്ങൾ കായലിനോടും നദിയോടും ചേർന്നുള്ള പ്രദേശങ്ങളിൽ വച്ച് പിടിപ്പിക്കാൻ പദ്ധതി തയ്യാറാക്കുക, ഉള്ളവ സംരക്ഷിച്ചു നിർത്താനും ശ്രമിക്കുക. അത് നിലനിൽക്കുന്ന സ്വകാര്യഭൂമി ഉടമകൾക്കും. നാടൻ ഇനങ്ങളുടെ കുഞ്ഞുങ്ങളെ ഫിഷറീസ് വകുപ്പുമായി ചേർന്ന് റാഞ്ചിംഗ് നടത്തുക.
- കീടനാശിനി/ കളനാശിനി എന്നിവയെപ്പറ്റി ശാസ്ത്രീയമായ അറിവ് കർഷകരിൽ എത്തിക്കുക. കുട്ടനാട്ടിലെ പഞ്ചായത്തുകളിൽ കീടനാശിനി / കളനാശിനി വിതരണക്കാരുടെ പട്ടിക തയ്യാറാക്കി ലൈസൻസിന്റെ അടിസ്ഥാനത്തിൽ മാത്രം പ്രവർത്തിക്കാൻ അനുവദിക്കുക.
- കീടനാശിനി / കളനാശിനി വിതരണക്കാരിൽ നിന്നും വാങ്ങുന്നതിന് കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തിയതും കൃഷിയിടത്തിന്റെ വിസ്തൃതിയ്ക്ക് ആവശ്യമായ അളവിൽ മാത്രം വിൽപ്പന നടത്തുക.
- നെല്ല് വയൽ, തണ്ണീർത്തട സംരക്ഷണ നിയമം കർശനമായി നടപ്പിലാക്കുക.
- തരിശായി കിടക്കുന്ന ജില്ലയിലെ എല്ലാ ഭൂമിയിലും മരങ്ങൾ നട്ടു പിടിപ്പിച്ച് പരിസ്ഥിതി സംതുലനം നിലനിറുത്തുക

**കീഴ്ക്കുട്ട്**

- കനാലുകളുടെ / തോടുകളുടെ ബണ്ടുകളിൽ മണ്ണൊലിപ്പ് തടയാൻ കയർ ഭൂവസ്ത്രം വിരിച്ച് രാമച്ചം വച്ചുപിടിപ്പിക്കാവുന്നതാണ്.
- നദീതീരങ്ങൾ മുള / ഈറ്റ എന്നിവ നട്ടുപരിപാലിച്ചാൽ നദീതീരസംരക്ഷണം ഉറപ്പാക്കാവുന്നതാണ്.
- മഴവെള്ള സംഭരണത്തിലൂടെ കിണർ റീചാർജ്ജ് ചെയ്യൽ, മഴകുഴി തുടങ്ങിയവ പ്രോത്സാഹിപ്പിക്കുക.
- നിലവിലുള്ള എല്ലാ കെട്ടിടങ്ങളിലും മഴവെള്ള സംഭരണ സംവിധാനം ഉണ്ടാക്കുക.

- ഭൂഗർഭജലം ചൂഷണം ചെയ്യുന്നത് നിയന്ത്രിക്കുക.
- ബോർ വെല്ലുകൾക്ക് ലൈസൻസ് ഏർപ്പെടുത്തുക.
- കാവ് / കുളം സംരക്ഷിക്കുക.
- പ്ലാസ്റ്റിക്കിന്റെ ഉപയോഗം കുറക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക. **'Reduce Re-use Recycle'** പ്രാവർത്തികമാക്കുന്നതിന് ഖരമാലിന്യ സംസ്കരണ യൂണിറ്റുകൾ എല്ലാ വാർഡുകളിലും സ്ഥാപിക്കുക.
- കേന്ദ്ര സർക്കാരിന്റെ പരിഷ്കരിച്ച പ്ലാസ്റ്റിക് മാലിന്യ മാനേജ്മെന്റ് ചട്ടങ്ങൾ നിർബന്ധമായും നടപ്പിലാക്കുക

## B) കാലാവസ്ഥ

കോപ്പൻ കാലാവസ്ഥ വർഗ്ഗീകരണ ശാസ്ത്രമനുസരിച്ച് ഇന്ത്യ 4 പ്രധാനപ്പെട്ട കാലാവസ്ഥ മേഖലകളിൽ ഉൾപ്പെടുന്നു. കേരളവും ആലപ്പുഴ ജില്ലയും ട്രോപ്പിക്കൽ വെറ്റ് ഹ്യൂമിഡ് (Tropical Wet Humid ) കാലാവസ്ഥ മേഖലയിലാണ് ഉൾപ്പെടുന്നത്. പശ്ചിമഘട്ടവും മലബാർ തീരവും ഉൾപ്പെടുന്ന കേരളം ട്രോപ്പിക്കൽ മൺസൂൺ ക്ലൈമറ്റ് മേഖലയിലാണ് ഉൾപ്പെടുന്നത്. മെയ് മുതൽ നവംബർ വരെ നല്ല മഴ ലഭിക്കുന്നു. സമുദ്രനിരപ്പിൽ നിന്നുള്ള ഉയരം, മഴയുടെ അളവ്, മണ്ണിന്റെ സവിശേഷതകൾ എന്നിവയെ ആസ്പദമാക്കി കേരളത്തെ 13 അഗ്രോക്ലൈമറ്റിക് സോൺ ആയി തിരിച്ചിട്ടുണ്ട്. ആലപ്പുഴ ജില്ല ഓണാട്ടുകര, കോസ്റ്റൽ സാണ്ടി, കുട്ടനാട് അഗ്രോക്ലൈമറ്റിക്ക് മേഖലയിൽ ഉൾപ്പെടുന്നു.

| ക്രമ നം. | സോൺ | Attitude Type | Rainfall Type | Topography Type | Sand Type |
|---|---|---|---|---|---|
| 1 | ഓണാട്ടുകര | I | I | I | Sandy loam |
| 2 | സാണ്ടി | I | I | I | Sandy loam |
| 3 | കുട്ടനാട് | I | I | I | Peat ( Kari) |

ആലപ്പുഴയിലെ 1980 മുതൽ 2016 വരെയുള്ള മഴകണക്കുകൾ വിശകലനം ചെയ്തതിൽ ശരാശരി ഒരു വർഷത്തെ അളവ് 2447.35 എം.എം. ആണ്. 1991 ജൂൺ മാസത്തിലാണ് (1214.9 എം.എം.) ഏറ്റവും കൂടുതൽ മഴ രേഖപ്പെടുത്തിയിട്ടുള്ളത്. കുറഞ്ഞ മഴ ലഭിക്കുന്ന മാസങ്ങൾ ജനുവരി, ഫെബ്രുവരി, മാർച്ച്, ഡിസംബർ ആണ്. മഴ ദിവസങ്ങൾ വിശകലനം ചെയ്തതിൽ 1991 ജൂണിലും 1997 ജൂലൈയിലും 28 ദിവസം മഴ ലഭിച്ചതായി കാണുന്നു. 2016 ലെ മഴകണക്ക് ( 1800.2 എം.എം. ) മാസ ശരാശരി ഏറ്റവും കൂടുതൽ മഴ ലഭിച്ചത് - ജൂൺ 2016 ( 505.4 എം.എം ) മഴദിനങ്ങൾ ( 93) എന്നിങ്ങനെയാണ് .

### ആലപ്പുഴയിൽ 2016 ൽ ലഭിച്ച വിവിധ മഴക്കാലങ്ങൾ

| വിവിധ മഴക്കാലങ്ങൾ | ആകെ മഴയുടെ % |
|---|---|
| കാലവർഷം ജൂൺ മുതൽ സെപ്റ്റംബർ വരെ | 64.63 |
| തുലാവർഷം ഒക്ടോബർ മുതൽ ഡിസംബർ വരെ | 6.32 |
| ശീതകാലവർഷം - ജനുവരി, ഫെബ്രുവരി | 4.17 |
| വേനൽ മഴ | 24.88 |

** സ്രോതസ്സ് മങ്കൊമ്പ് നെല്ല് ഗവേഷണകേന്ദ്രം*

1980 മുതൽ 2009 വരെയും 2010 മുതൽ 2016 വരെയുമുള്ള അന്തരീക്ഷ താപനില വിശകലനം ചെയ്യുമ്പോൾ ഉയർന്ന അന്തരീക്ഷ താപനില 32$^0$c ൽ ഏറെക്കുറെ സ്ഥിരമായി നിൽക്കുന്നതായി കാണുന്നു. എന്നാൽ ശരാശരി കുറഞ്ഞ അന്തരീക്ഷ താപനിലയിൽ വ്യത്യാസങ്ങൾ വരുന്നതായി കാണാം. 1980 മുതൽ 2009 വരെയുള്ള കാലയളവിലെ അന്തരീക്ഷ താപനില വിശകലനം ചെയ്യുമ്പോൾ കുറഞ്ഞ ശരാശരി അന്തരീക്ഷ താപനില 20$^0$c ൽ സ്ഥിരമായി നിൽക്കുന്നതായി കാണാം. എന്നാൽ 2010 നു ശേഷം കുറഞ്ഞ അന്തരീക്ഷ താപനില കൂടുന്ന പ്രവണതയാണുള്ളത്. 1980 മുതൽ 2009 വരെയും 2010 മുതൽ 2016 വരെയുമുള്ള അന്തരീക്ഷ താപനില വിശകലനം ചെയ്യുമ്പോൾ ഉയർന്ന അന്തരീക്ഷ താപനില 32$^0$C മാസശരാശരി കൂടിയ താപനില 36$^0$c രേഖപ്പെടുത്തിയത് 1992 ജൂൺ, 1983 സെപ്റ്റംബർ മാസങ്ങളിലാണ്. മാസ ശരാശരി കുറഞ്ഞ താപനില 12.80 1980 മുതൽ 2009 വരെയും 2010 മുതൽ 2016 വരെയുമുള്ള അന്തരീക്ഷ താപനില വിശകലനം ചെയ്യുമ്പോൾ ഉയർന്ന അന്തരീക്ഷ താപനില 32$^0$c മാസശരാശരി കൂടിയ താപനില 36.6$^0$c 1980 മുതൽ 2009 വരെയും 2010 മുതൽ 2016 വരെയുമുള്ള അന്തരീക്ഷ താപനില വിശകലനം ചെയ്യുമ്പോൾ ഉയർന്ന അന്തരീക്ഷ താപനില 32$^0$c മാസശരാശരി കൂടിയ താപനില 36.6$^0$c രേഖപ്പെടുത്തിയത് ജനുവരി 2016 ലാണ്. 2016 ലെ മാസ ശരാശരി കൂടിയ താപനില 36$^0$ c (മാർച്ച് )ഉം കുറഞ്ഞ താപനില 21.1$^0$c (ജനുവരി) ആണ്. അനുദിന ബാഷ്പീകരണ തോത് 1980 മുതൽ 2016 വരെ ഏറെക്കുറെ 3.5 എം.എം. ൽ സ്ഥിരമായി നിൽക്കുന്നത് കാണാം. വേനൽകാലത്ത് മണിക്കൂറിൽ 4 മുതൽ 7 മീറ്റർ വരെയും മഴക്കാലത്ത് മണിക്കൂറിൽ 2 മുതൽ 3 മീറ്റർവരെയും ബാഷ്പീകരണം നടക്കുന്നുണ്ട്. ശരാശരി കൂടിയ ബാഷ്പീകരണം രേഖപ്പെടുത്തിയത് 5.6 mm ഏപ്രിൽ 1983, ഫെബ്രുവരി 2004 ലും കുറഞ്ഞത് 1.8 mm ജൂൺ 1989 ലുമാണ്. പട്ടിക അനുബന്ധമായി ചേർക്കുന്നു.

### കാറ്റിന്റെ വേഗം ( 24 മണിക്കൂർ / കി. മീറ്റർ)

| വർഷം | ജനു | ഫെബ്രു | മാർച്ച് | ഏപ്രിൽ | മെയ് | ജൂൺ | ജൂലൈ | ആഗസ്റ്റ് | സെപ്റ്റ. | ഒക്ടോ. | നവം | ഡിസം |
|---|---|---|---|---|---|---|---|---|---|---|---|---|
| 2012 | 55.5 | 59.9 | 71.1 | 80.8 | 74.2 | 71..7 | 71..1 | 63.3 | 58.0 | 70.3 | 60.4 | 55.3 |
| 2013 | 59.0 | 60.5 | 63.3 | 77.1 | 76.1 | 67.1 | 72.1 | 92.0 | 89.9 | 65.8 | 60.8 | 50.7 |
| 2014 | 57.2 | 67.6 | 79.9 | 87.6 | 82.4 | 77.5 | 66.0 | 68.7 | 73.7 | 65.0 | 52..8 | 52.7 |
| 2015 | 58.6 | 63.9 | 70.6 | 76.7 | 78.0 | 97.6 | 68.3 | 75.7 | 72.20 | 67.8 | 68.7 | 56.4 |
| 2016 | 56.7 | 64.2 | 71.6 | 75.9 | 104.5 | 78.5 | 74.5 | 83.6 | 96.2 | 85.2 | 56.68 | 69.07 |

** സ്രോതസ്സ് മങ്കൊമ്പ് നെല്ല് ഗവേഷണകേന്ദ്രം*

5 വർഷകാലത്തിനിടയിൽ ഏറ്റവും കൂടിയ വേഗം മണിക്കൂറിൽ 4.35 കി. മീറ്റർ രേഖപ്പെടുത്തിയത് 2016 മേയ് മാസത്തിലും ഏറ്റവും കുറവ് 2.11 കി. മീറ്റർ 2013 ഡിസംബറിലുമാണ്.

**സൂര്യപ്രകാശം ( മണിക്കൂറിൽ )**

| വർഷം | ജനു | ഫെബ്രു | മാർച്ച് | ഏപ്രിൽ | മെയ് | ജൂൺ | ജൂലൈ | ആഗസ്റ്റ് | സെപ്. | ഒക്ടോ. | നവം | ഡിസം |
|---|---|---|---|---|---|---|---|---|---|---|---|---|
| 2012 | 8.6 | 8.3 | 6.8 | 6.0 | 5.1 | 3.4 | 4.3 | 3.8 | 4.9 | 5.5 | 6.4 | 6.8 |
| 2013 | 8.1 | 8.3 | 6.5 | 7.0 | 4.8 | 1.5 | 1.8 | 2.5 | 1.. 2 | 2.7 | 5.9 | 7.1 |
| 2014 | 8.0 | 8.4 | 7.1 | 6.8 | 6.5 | 4.2 | 2.9 | 3.3 | 5.1 | 4.4 | 4.0 | 4.8 |
| 2015 | 8.5 | 8.0 | 5.9 | 6.8 | 4.5 | 3.9 | 4.1 | 6.5 | 5.2 | 4.4 | 3.6 | 5.0 |
| 2016 | 5.7 | 6.5 | 6.2 | 4.2 | 4.0 | 1.3 | 2.0 | 5.0 | 3.2 | 4.6 | 4.1 | 3.7 |

** സ്പോതസ്സ് മങ്കൊമ്പ് നെല്ല് ഗവേഷണകേന്ദ്രം*

കാലാവസ്ഥാഘടകങ്ങളുടെ വിശകലനം സൂചിപ്പിക്കുന്നത് 2010 മുതൽ മഴദിനങ്ങളുടെ എണ്ണത്തിൽ വന്ന കുറവും, കുറഞ്ഞ ശരാശരി അന്തരീക്ഷ താപനില ഉയരുന്ന പ്രവണതയുമാണുള്ളത്. ഇത് നിലവിലുള്ള അനുദിന ബാഷ്പീകരണ തോതിൽ വർദ്ധനവ് ഉണ്ടാക്കും. കാലവർഷത്തെ മാത്രം ആശ്രയിച്ച് നടത്തുന്ന കൃഷികൾ മണ്ണിലെ ജലാംശത്തിന്റെ കുറവ് ഡിസംബർ മുതൽ ഏപ്രിൽ വരെയുള്ള കാലയളവിൽ അഭിമുഖീകരിക്കേണ്ടി വരുന്നു. വേനൽ കാലത്ത് നിലം ഉഴൽ, പുത ഇടൽ, തൊണ്ട് അഴുക്കൽ, പച്ചയില വളപ്രയോഗം, ജൈവവള പ്രയോഗം തുടങ്ങി പ്രവൃത്തികൾ മണ്ണിലെ ജലാംശം സംരക്ഷിക്കുന്നതിനു വേണ്ടി നിർദ്ദേശിക്കാം. ശേഷി കൂടിയ ജലസേചന മാർഗ്ഗങ്ങളായ സ്പ്രിങ്ക്ളർ, ഡ്രിപ്പ് ഇറിഗേഷൻ മുതലായവ വേനൽ കാലത്ത് ഉപയോഗിക്കാം. എല്ലാ കാർഷിക രീതികളും മണ്ണിൽ പരമാവധി ജൈവാംശം വർദ്ധിപ്പിക്കുന്നതിനും വികേന്ദ്രീകൃത വളപ്രയോഗത്തിലും അധിഷ്ഠിതമായിരിക്കണം.

ഭൂഗർഭജലവിതാനവും ലഭിക്കുന്ന മഴയും തമ്മിൽ അഭേദ്യമായ ബന്ധമാണ് ഉള്ളത്. മഴലഭ്യത ഭൂഗർഭ ജലവിതാനം ഉയർത്തുന്നു. ആലപ്പുഴ ജില്ലയിലെ വിവിധ താലൂക്കുകളിലെ കഴിഞ്ഞ 10 വർഷത്തെ ജലവിതാനത്തിലുള്ള വ്യത്യാസം പരിശോധിച്ചാൽ മാവേലിക്കര, കാർത്തികപ്പള്ളി താലൂക്കുകളിൽ പ്രകടമായ വ്യത്യാസം കാണാവുന്നതാണ്. കൂടാതെ പ്രത്യേക ശ്രദ്ധ കൊടുക്കേണ്ട താലൂക്കുകളാണ് കുട്ടനാടും. ചെങ്ങന്നൂരും. കൂടുതൽ വരൾച്ച അനുഭവപ്പെടുന്ന താലൂക്കാണ് ചെങ്ങന്നൂർ. ആലപ്പുഴയിലും കുട്ടനാടിലും ഭൂഗർഭജലവിതാനത്തിലുള്ള ചെറിയ വ്യത്യാസം പോലും ഉപ്പുവെള്ളം കയറുന്നതിനും തന്മൂലം ശുദ്ധജല ദൌർലഭ്യം ഉണ്ടാകുന്നതിനും കാരണമാകുന്നു. ഭൂഗർഭജല വകുപ്പിൽ നിന്നും ലഭ്യമായ വിവിധ സ്ഥലങ്ങളിലെ ഭൂഗർഭ ജലത്തിന്റെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| bltk | Well No | Village | WL d2 | WL d3 | AvgOf wl | N | Text 24 | Text 26 | Text 27 | txtRemark | WL d1 |
|---|---|---|---|---|---|---|---|---|---|---|---|
| Ambalapuzha | 20 Alappuzha | Alappuzha | 7.31 | 7.53 | 6.92 | 6 | - | 0.217 | -0.391 | | |
| Ambalapuzha | 16 Ambalappuzha | Ambalapuzha | 4.12 | 3.61 | 3.3 | 8 | -1.806 | -0.511 | -0.825 | 2.32 | |
| Ambalapuzha | 21 Aryad-south | Aryad south | 2.71 | 2.85 | 2.71 | 5 | - | 0.139 | 0.003 | | |
| Ambalapuzha | 05 Chingoly | Chingoly | 0.8 | 0.83 | 0.91 | 7 | -0.056 | 0.029 | 0.106 | 0.75 | |
| Ambalapuzha | 22 Kalavoor | Kalavoor | 3.06 | 2.91 | 2.94 | 6 | - | -0.146 | -0.12 | | |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| Ambalapuzha | OW-29 Kalavoor | Kalavoor | 2.39 | 1.61 | 1.94 | 6 | - | -0.777 | -0.447 | | |
| Ambalapuzha | 23 Kattoor | Kattoor | 1.69 | 1.41 | 1.5 | 6 | - | -0.276 | -0.185 | | |
| Ambalapuzha | OW-28 Mannanchery | Mannanchery | 3 | 2.46 | 2.84 | 6 | - | -0.541 | -0.16 | | |
| Ambalapuzha | OW-21 Alappuzha | Pazhaveedu | 1.57 | 1.31 | 1.25 | 7 | - | -0.262 | -0.318 | | |
| Ambalapuzha | 15 Purakkad | Purakkad | 2.42 | 1.53 | 1.57 | 8 | -0.873 | -0.893 | -0.849 | 1.55 | |
| Ambalapuzha | OW-05 Purakkad | Purakkad | 2.5 | 2.17 | 2.16 | 8 | -0.516 | -0.331 | -0.346 | 1.99 | |
| Chengannur | OW-15 Chengannur | Chengannur | 5.01 | 4.11 | 6.94 | 7 | 2.564 | -0.901 | 1.929 | 7.57 | |
| Chengannur | 12 Mannar | Kurattissery | 6.61 | 6.04 | 6.04 | 8 | -0.943 | -0.567 | -0.565 | 5.66 | |
| Chengannur | 35 Pennukkara | Mulakkuzha | 4.31 | 3.78 | 4.26 | 7 | -0.126 | -0.533 | -0.054 | 4.19 | |
| Chengannur | OW-11 Karakkad | Mulakkuzha | 5.75 | 5.41 | 5.63 | 7 | -0.081 | -0.341 | -0.117 | 5.67 | |
| Chengannur | OW-13 Puliyoor | Puliyoor | 10.53 | 9.79 | 9.74 | 8 | -0.557 | -0.737 | -0.782 | 9.97 | |
| Chengannur | OW-17 Thiruvanvandoo | Thiruvanvandoor | 4.37 | 3.02 | 3.11 | 8 | -0.953 | -1.348 | -1.254 | 3.41 | |
| Chengannur | 36 Punthala | Venmony | 3.7 | 3.86 | 4.13 | 6 | 0.174 | 0.159 | 0.427 | 3.88 | |
| Chengannur | OW-10 Venmony | Venmony | 4.13 | | 4.31 | 6 | 0.274 | - | 0.18 | 4.41 | |
| Cherthala | 33 Aroor | Aroor | 0.73 | 0.94 | 1.08 | 6 | - | 0.206 | 0.342 | | |
| Cherthala | 32 Chandiroor | Chandiroor | 1.82 | | 1.72 | 2 | - | - | -0.104 | | |
| Cherthala | 31 Ezhupunna | Ezhupunna | 1.6 | 1.52 | 1.55 | 6 | - | -0.076 | -0.043 | | |
| Cherthala | 29 Kuthiathodu | Kuthiyathodu | 2.41 | 2.41 | 2.63 | 6 | - | -1.00E-03 | 0.215 | | |
| Cherthala | 24Thanneermukkom | Thanneermukkam | 0.96 | 0.92 | 0.95 | 7 | -0.14 | -0.044 | -0.014 | 0.82 | |
| Cherthala | OW-08 Thaneermukkom | Thanneermukkom | 0.9 | 0.66 | 0.76 | 7 | -0.201 | -0.241 | -0.139 | 0.7 | |
| Cherthala | 28 Thuravoor | Thuravur | 2.54 | 2.47 | 2.7 | 6 | - | -0.066 | 0.16 | | |
| Cherthala | OW-09 Thuravoor | Thuravur | 2.93 | 2.61 | 2.69 | 6 | - | -0.316 | -0.233 | | |
| Cherthala | 26 Vayalar | Vayalar | 3.27 | 3.26 | 3.61 | 6 | - | -0.006 | 0.345 | | |
| Karthikappally | 06 Karthikappally | Karthikappally | 2.89 | 2.4 | 2.22 | 8 | -1.002 | -0.492 | -0.673 | 1.89 | |
| Karthikappally | 14 Karuvatta | Karuvatta | 3.38 | 2.52 | 2.64 | 8 | -0.994 | -0.859 | -0.74 | 2.38 | |
| Karthikappally | 01 CPCRI,Kayamkulam | Kayamkulam | 4.56 | 4.21 | 3.97 | 8 | -0.817 | -0.346 | -0.592 | 3.74 | |
| Karthikappally | OW-01 Kayamkulam | Kayamkulam | 0.74 | 0.97 | 0.92 | 8 | 0.114 | 0.234 | 0.179 | 0.85 | |
| Karthikappally | 02 Krishnapuram | Krishnapuram | 3.09 | 2.97 | 2.79 | 7 | -0.389 | -0.118 | -0.294 | 2.7 | |
| Karthikappally | 07 Nangiarkulangara | Nangiarkulangara | 6.12 | 5.4 | 4.97 | 8 | -1.819 | -0.724 | -1.158 | 4.3 | |
| Karthikappally | OW-04 Nangiarkulanga | Nangiarkulangara | 2.52 | 1.82 | 1.5 | 8 | -1.269 | -0.701 | -1.022 | 1.25 | |
| Karthikappally | 13 Pallippad | Pallippad | 4.58 | 5.39 | 5.25 | 8 | 0.091 | 0.806 | 0.662 | 4.68 | |
| Karthikappally | 08 Thrikkunnappuzha | Thrikkunnappuzha | 0.95 | 1.1 | 1.02 | 8 | -0.081 | 0.147 | 0.066 | 0.87 | |
| Kuttanad | 19 Moncombu | Moncombu | 5.02 | 4.55 | 4.35 | 8 | -0.877 | -0.472 | -0.667 | 4.14 | |
| Kuttanad | OW-18 Muttar | Muttar | 1.63 | 1.55 | 1.6 | 8 | 0.299 | -0.081 | -0.028 | 1.93 | |
| Kuttanad | OW-27 Chambakkulam | Nedumudi | 1.47 | | 1.06 | 3 | -0.85 | - | -0.405 | 0.62 | |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| Kuttanad | OW-22 Kainady | Neeelamperoo r | 2.2 | | 3.94 | 5 | 2.637 | - | 1.74 | 4.84 | |
| Kuttanad | OW-06 Pulinkunnu | Pulinkunnu | 0.86 | | 0.32 | 3 | -0.558 | - | -0.542 | 0.31 | |
| Kuttanad | 18 Ramankary | Ramankary | 4.36 | 3.98 | 3.27 | 6 | -1.878 | -0.383 | -1.093 | 2.48 | |
| Mavelikara | 04 Charumoodu | Charummoodu | 21.49 | | 18.77 | 7 | -3.949 | - | -2.724 | 17.54 | |
| Mavelikara | OW-02 Kattanam | Kattanam | 12.82 | 12.36 | 12.08 | 7 | -0.658 | -0.463 | -0.742 | 12.16 | |
| Mavelikara | OW-14 Mannar | Korattissery | 3.48 | 3.25 | 2.97 | 7 | -0.552 | -0.233 | -0.513 | 2.93 | |
| Mavelikara | OW-03 Mavelikkara | Mavelikara | 5.3 | 4.95 | 4.16 | 8 | -1.316 | -0.351 | -1.144 | 3.98 | |
| Mavelikara | 37Mavelikkara | Mavelikkara | 10.83 | | 9.62 | 7 | -2.008 | - | -1.212 | 8.82 | |
| Mavelikara | OW-12 Thripperunthur | Thripperunthur | 3.05 | 2.55 | 2.47 | 6 | -0.822 | -0.497 | -0.575 | 2.22 | |
| Mavelikara | 09 Vallikkavu | Vallikkavu | 6.41 | 5.68 | 5.23 | 8 | -1.224 | -0.733 | -1.182 | 5.19 | |

** സ്രോതസ്സ് – ഭൂഗർഭ ജല വകുപ്പ്*

ഹരിതാവരണം വർദ്ധിപ്പിച്ച് അതുവഴി ആഗോളതാപനത്തിന് തടയിടാൻ വേണ്ടി വിവിധ പദ്ധതികൾ വനം വകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കിയെങ്കിലും ലക്ഷ്യം ഇനിയും അകലെയാണ്. ഒരു ഭൂപ്രദേശത്ത് ഉത്പാദിപ്പിക്കപ്പെടുന്ന CO2 നെ ആഗീരണം ചെയ്യാൻ ആവശ്യമായ വൃക്ഷ സമ്പത്ത് ഉണ്ടെങ്കിൽ ആ പ്രദേശം കാർബൺ ന്യൂട്രലായി കരുതാം. ജില്ലയിലെ ഒരോ ഗ്രാമങ്ങളേയും കാർബൺ ന്യൂടൽ ആക്കുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കിയ ഹരിതകേരളം പദ്ധതി പൂർണ്ണമായ ലക്ഷ്യത്തിലെത്തിക്കാൻ കഴിഞ്ഞിട്ടില്ല. ഫണ്ടിന്റെ അപര്യാപ്തത മൂലം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ആവശ്യപ്പെടുന്ന വൃക്ഷത്തൈകളുടെ ചെറിയ ഒരു ശതമാനം മാത്രമേ നൽകാൻ കഴിയുന്നുള്ളു. വിശാലമായ തീരപ്രദേശമുളള ജില്ലയാണ് ആലപ്പുഴ. തീരത്തെ കടലാക്രമണത്തിൽ നിന്നും കാറ്റിൽ നിന്നും സംരക്ഷിക്കുന്നതിനു വേണ്ടി ആവിഷ്കരിച്ച് നടപ്പാക്കിയ പദ്ധതിയാണ് ഹരിതതീരം. ഇത് നടപ്പാക്കിയ പ്രദേശങ്ങളിൽ വൻവിജയമാണെങ്കിലും കൂടുതൽ സ്ഥലത്ത് നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല.

## കാഴ്ചപ്പാട്

ആഗോളതാപനത്തേപ്പറ്റിയും അതിന്റെ ഫലമായി ഉണ്ടാകുന്ന കാലാവസ്ഥ വ്യതിയാനത്തെപ്പറ്റിയും പൊതുജനങ്ങളെ ബോധവൽകരിക്കുന്നതിനുള്ള വിവിധ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിന് വനം വകുപ്പ് മുഖ്യ പരിഗണന നൽകുന്നു. സമുദ്രനിരപ്പിൽ നിന്നും താഴ്ന്ന പ്രദേശമായ കുട്ടനാട് ഉൾപ്പെടുന്ന ആലപ്പുഴ ജില്ലയിലെ ജനങ്ങൾക്ക് കാലാവസ്ഥാ വ്യതിയാനം മൂലമുണ്ടാകുന്ന പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് മുന്നറിയിപ്പ് നൽകുന്നതിനുളള സ്ഥിരം സംവിധാനം ഉണ്ടാകലും ഹരിതതീരം പദ്ധതി കൂടുതൽ സ്ഥലങ്ങളിൽ വ്യാപിപ്പിക്കലും.

വന്യജീവി നിയമം 1972ലെ പട്ടികയിൽ ഉൾപ്പെടുന്ന കടൽ ജീവികളുടെ സംരക്ഷണത്തിനുളള ബോധവത്കരണ പ്രവർത്തനങ്ങൾ തീരദേശ സ്കൂളുകളിൽ നടത്തുക, നാടുമാവിൻ തൈകളുടെ ഉല്പാദനം, തോട്ടം തയ്യാറാക്കൽ, നാടു മാവിൻ തൈ വിതരണം, കണ്ടൽ സംരക്ഷണ പ്രവർത്തനങ്ങൾ, മരങ്ങളിൽ ആണി അടിച്ച് പരസ്യ ഫലകങ്ങൾ സ്ഥാപിച്ച് അവ നശിപ്പിക്കുന്നതിനെതിരെ പ്രചാരണം, കണക്കെടുപ്പുകൾ (വൃക്ഷ കണക്കെടുപ്പ്, നീർപക്ഷി സർവ്വേ, കടൽപക്ഷി സർവ്വേ), സർവ്വേകൾ, പദയാത്രകൾ, ബോധവത്കരണ ക്ലാസ്സുകൾ, നദി പുനരുജ്ജീവന പ്രവർത്തനങ്ങളിൽ വിദ്യാർത്ഥികളുടെ / സ്കൂളുകളുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ (കുട്ടംപേരൂർ ആറ്, വരട്ടാറ്,

ഉത്തരപ്പള്ളിയാറ്) ഹരിത നിയമാവലി പാലിക്കുന്നതിന് പൊതുജനങ്ങൾക്ക് ബോധവത്കരണം നടത്തുക എന്നിവയാണ് വനവൽകരണം പ്രോത്സാഹിപ്പിക്കുന്നതിനുള്ള കാഴ്ചപ്പാട്.

## നിർദ്ദേശങ്ങൾ

### മേൽത്തട്ട്

- കാലാവസ്ഥ വ്യതിയാനം ഏറ്റവും ഗുരുതരമായ തോതിൽ ബാധിക്കുന്ന തൊഴിൽ മേഖലയാണ് മത്സ്യബന്ധന മേഖല. മത്സ്യബന്ധനം ഉപജീവന മാർഗ്ഗമാക്കിയിട്ടുള്ള മത്സ്യതൊഴിലാളികൾക്ക് കാലാവസ്ഥാ വ്യതിയാനം, ചുഴലിക്കാറ്റുകൾ തുടങ്ങിയവ മുൻകൂട്ടി മനസ്സിലാക്കുന്നതിനുള്ള സംവിധാനം ഹാർബറുകളിലോ, ലാൻറിംഗ് സെൻറർകളിലോ സ്ഥാപിക്കുക.
- 'SMS Alert System' കാലാവസ്ഥാ വ്യതിയാനം മുൻകൂട്ടി മത്സ്യതൊഴിലാളികളെ അറിയിക്കുന്നതിന് ഉപയോഗിക്കുക.
- പരമ്പരാഗത മത്സ്യ തൊഴിലാളികൾക്ക് ജീവൻ രക്ഷയ്ക്ക് ഉതകുന്ന താഴെ പറയുന്ന ഉപകരണങ്ങൾ പഞ്ചായത്ത് തലത്തിൽ പദ്ധതികളിൽ ഉൾപ്പെടുത്തി ലഭ്യമാക്കുക.
- ലൈഫ് ജാക്കറ്റ്- ടൈപ്പ് I PFD ആഴക്കടൽ മത്സ്യബന്ധനത്തിന് യോജിച്ചത്.
- ലൈഫ് ജാക്കറ്റ്- ടൈപ്പ് III PFD തീരക്കടൽ മത്സ്യബന്ധനത്തിന് യോജിച്ചത്.
- റിങ്ങ് ലൈഫ് ബോയ്- മറ്റുള്ളവരെ രക്ഷിക്കാനായി എറിഞ്ഞുകൊടുക്കാൻ ഉപകാരപ്രദം ലൈഫ് റാഫ്ട ഇ.പി.ഐ.ആർ.ബി ഫ്രീ ഫ്ലോട്ട് ടൈപ്പ് 406 മെഗാഹെഡ്സ് പി.എൽ.ബി. എൽ.ഇ.ഡി. ഫ്ലയർ എ.ഐ.എസ്സ് ക്ലാസ്സ് ബി ട്രാൻസ്പോണ്ടർ ജി.പി.എസ്സ്. റേഡിയോ വാക്കിടോക്കി & വയർലെസ്സ് ഫസ്റ്റ് എയ്ഡ്കിറ്റ് ആഴക്കടൽ മത്സ്യബന്ധനം, റിഫ്ളക്ടർ
- കാലാവസ്ഥാ വ്യതിയാനത്തിന്റെ പശ്ചാത്തലത്തിൽ പ്രത്യേകവിള കലണ്ടറുകൾ തയ്യാറാക്കുക.
- ശുദ്ധജല, പെലാജിക് മത്സ്യങ്ങളുടെ മൈഗ്രേഷൻ പ്രവണതകളുടെ ഗവേഷണ ഫലങ്ങളുടെ ഡാറ്റാ മത്സ്യത്തൊഴിലാളികൾക്ക് പ്രയോജനം ലഭിക്കുന്നതിനായി പ്രസിദ്ധീകരിക്കുക
- കാറ്റിന്റെ ദിശ, വിൻഡ് വെയ്ൻ, അനിമോമീറ്റർ, വേഗത എന്നിവ മനസ്സിലാക്കുന്നതിനുള്ള ഉപകരണങ്ങൾ ഉൾനാടൻ ജലാശയങ്ങളിൽ സ്ഥാപിക്കുക.
- കർഷകർക്ക് കാലാവസ്ഥ അടിസ്ഥാനമാക്കിയുള്ള മുന്നറിയിപ്പ് വ്യാപകമായി നൽകുക. കാലാവസ്ഥ അടിസ്ഥാനത്തിലുള്ള കന്നുകാലി ഇൻഷ്വറൻസ് നടപ്പിലാക്കുക.
- പഴയ യന്ത്രങ്ങളും ഉപകരണങ്ങളും മാറ്റി പകരം കാര്യക്ഷമമായവ ഉപയോഗിക്കുക.
- കാലാവസ്ഥാ വ്യതിയാന സമയത്ത് ആരോഗ്യ വകുപ്പ് വഴി പൊതുജനങ്ങൾക്ക് സുരക്ഷാ നിർദ്ദേശങ്ങൾ നൽകുക.
- ശാസ്ത്രീയ വിള പരിപാലന രീതികൾ, ഡ്രിപ്പ് സ്പ്രിങ്ക്ലർ, പോളിഹൌസ് ഫാമിംഗ് തുടങ്ങിയവ പ്രോത്സാഹിപ്പിക്കുക.

- കാലാവസ്ഥാ വ്യതിയാന പ്രശ്നങ്ങളെ നേരിടുന്നതിനുള്ള പ്രധാന നടപടികളിലൊന്നാണ് നിലവിലുള്ള തണ്ണീർത്തടങ്ങളുടെ സംരക്ഷണം, സംയോജിത ജലപരിപാലന പരിപാടികൾക്ക് ഏറ്റവും മുൻഗണന നൽകുക.
- ഹരിതതീരം പദ്ധതി ജില്ലയിലെ മുഴുവൻ തീരങ്ങളിലും വ്യാപിപ്പിക്കുക. ഇറസ്സായ സ്ഥലങ്ങളിലെല്ലാം മരങ്ങൾ നട്ട് പിടിപ്പിച്ച് ഗ്രീൻ ബെൽറ്റ് രൂപീകരിക്കുക.

**കീഴ്ത്തട്ട്**


- കാറ്റിനെ പ്രതിരോധിക്കുവാൻ മഴക്കാല പൂർവ്വ തയ്യാറെടുപ്പുകൾ നടത്തുക. (വീടുകളോട് ചേർന്ന് അപകടകരമായി നിൽക്കുന്ന തെങ്ങുകൾ മുറിച്ച് മാറ്റുകയോ സംരക്ഷണ വടം കെട്ടുകയോ ചെയ്യുക. പകരം കാറ്റിനെ പ്രതിരോധിക്കുന്ന കാറ്റാടി പോലുള്ള മരങ്ങൾ നട്ടു പിടിപ്പിക്കുക.
- ദുരന്തങ്ങളോട് പ്രതികരിക്കുന്നതിന് പ്രത്യേക ട്രയിനിംഗിന് ബോധവല്ക്കരണ ക്ലാസ്സുകൾ നടത്തുക. (പഞ്ചായത്ത് തലത്തിൽ )
- സൈക്ലിംഗ് പ്രോത്സാഹിപ്പിക്കുക. എല്ലാ പ്രധാന റോഡുകളിലും സൈക്കിൾ ട്രാക്കുകൾ ഉണ്ടാക്കുക
- കാർബൺ സങ്കലനശേഷി വർദ്ധിപ്പിക്കുന്ന പ്രവർത്തനങ്ങൾ - കാർബൺ ക്രെഡിറ്റ് സംവിധാനം എല്ലാ വീട്ടിലും കാർബൺ ഡയോക്സൈഡ് ഉദ്വമനം കുറയ്ക്കാൻ കൊണ്ടുവരണം.
- പ്ലാസ്റ്റിക്കിന്റെ ഉപയോഗം കുറക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക. ' **Reduce Reuse Recycle** ' പ്രാവർത്തികമാക്കുന്നതിന് ഖരമാലിന്യ സംസ്കരണ യൂണിറ്റുകൾ എല്ലാ വാർഡുകളിലും സ്ഥാപിക്കുക.

## C) വനവികസനം

വികസന ലക്ഷ്യങ്ങൾക്കായി പരിസ്ഥിതിയെ, അവയുടെ പ്രത്യേകതകളെ ലോലമായ അവസ്ഥയെ മറന്നുകൊണ്ട് ഇടപെടലുകൾ ചിലത് അപരിഹാര്യം തന്നെയാണ്. എന്നാൽ ചിലത് നമുക്ക് ഇടപെട്ടുകൊണ്ട് പരിഹരിക്കാം. ഇങ്ങനെ പരിഹാരത്തിലേക്ക് എന്തെങ്കിലും നീക്കം നടക്കണമെങ്കിൽ, വളരെ ഉയർന്നതലത്തിൽ ഉള്ള രാഷ്ട്രീയവും ഭരണപരവുമായ തീരുമാനങ്ങളും, ഇടപെടലുകളും ആവശ്യമാണ്. അത്തരത്തിൽ എന്തെങ്കിലും ഫലവത്താകണമെങ്കില് താഴെ തട്ടിലുള്ള ഭരണ സംവിധാനത്തിൽ നിന്നും തന്നെ ഉയർന്ന വരികയും വേണം. ഇത്തരത്തിൽ ജില്ലയുടെ ലോലമായ പരിസ്ഥിതിയും ഇന്നത്തെ ഒരു അവസ്ഥയും, അത് മുൻനിർത്തികൊണ്ട് പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലത്ത പരിസ്ഥിതി, വനം, കാലാവസ്ഥാ വ്യതിയാനം എന്നീ മണ്ഡലങ്ങളില് നടപ്പിലാക്കേണ്ട കർമ്മപദ്ധതികൾക്ക് രൂപം നൽകുന്നതിനാണ് ഈ വികസന പരിപ്രേക്ഷ്യം ഉദ്ദേശിക്കുന്നത്.

**വനവിസ്തൃതി 2001 മുതൽ 2015 വരെ**

*Source :- State of Forest Reports , Forest Survey of India*




*Source :- State of Forest Reports , Forest Survey of India*

**സ്വാഭാവികമായ വനാവരണം ഇല്ലാത്ത ജില്ലയാണ്** ആലപ്പുഴ **എങ്കിലും വൃക്ഷാവരണം** 2015 ൽ 112 ച.കി.മീ. ഉണ്ട്. ഇത് 2013 ൽ ഉണ്ടായിരുന്നതിൽ നിന്നും 1 ച.കി.മീ. **കുറവാണെന്നു** കാണുന്നുണ്ട്. **ആലപ്പുഴ ജില്ലയിൽ** ഇൻസ്റ്റിറ്റ്യൂഷൻ ഓഫ് ഫോറസ്റ്റേഴ്സ് കേരള 2017-ൽ നടത്തിയ പഠനത്തിൽ 2241 **കാവുകളുണ്ട് എന്ന് വ്യക്തമാക്കുന്നു.** ( ആകെ വിസ്തൃതി 182.55 **ഹെക്ടർ** )

ലവണജല ആവാസ **വ്യവസ്ഥയിൽ** വളരുന്ന കണ്ടൽക്കാടുകൾ **ജൈവസമൃദ്ധിയുടെ** കലവറകളാണ്. **അഴിമുഖ ആവാസ** വ്യവസ്ഥ ഏറെയുള്ള ആലപ്പുഴ **ജില്ലയുടെ സവിശേഷ** സാഹചര്യത്തിൽ **കണ്ടൽക്കാടുകളുടെ** സംരക്ഷണത്തിന് പ്രത്യേക **പ്രാധാന്യമുണ്ട്.** കായലുകളോടു ചേർന്ന **മിക്കയിടങ്ങളിലും സ്വകാര്യ** ഭൂമികളിൽ കണ്ടൽമരങ്ങൾ വളരുന്നുണ്ട്. അവയാകട്ടെ ഇന്ന് **നശീകരണ ഭീഷണി നേരിടുന്നു.** എങ്കിലും ചിലരെങ്കിലും **കണ്ടൽക്കാടുകളുടെ ജൈവിക പ്രാധാന്യം കണ്ടറിഞ്ഞ് അവയെ സംരക്ഷിക്കുകയും നട്ടുവളർത്തി പരിപാലിക്കുകയും** ചെയ്യുന്നുണ്ട്. വനം - **പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾക്ക് ദോഷകരമാവുന്നവയാണ് തടിയധിഷ്ഠിത വ്യവസായ സ്ഥാപനങ്ങൾ.** ജില്ലയിൽ ആകെ 342 **സോ മില്ലുകൾക്കാണ്** ലൈസൻസ് നൽകിയിട്ടുള്ളത്. **കുട്ടിവനം രൂപീകരണത്തിനായി** ഈ ഡിവിഷന്റെ കീഴിലുള്ള 8 ബ്ലോക്കുകളിലായി 8 സ്ഥലങ്ങൾ കണ്ടെത്തിയിട്ടുണ്ട്. **അനുദിനം എണ്ണം കുറഞ്ഞുവരുന്ന** അങ്ങാടി **കുരുവികളുടെ വംശനാശം തടയുന്നതിനായി ജില്ലയുടെ വിവിധ ഭാഗങ്ങളിലായി** അങ്ങാടി കുരുവികൾക്ക് **ചേക്കേറാനായി** 100 കൂടുകൾ സ്ഥാപിച്ചിട്ടുണ്ട്.2017-18 വർഷത്തിൽ പല്ലനയിൽ സെപ്റ്റംബർ 9 ന് ഒലീവ് റെഡ് ലി കടലാമകളുടെ പ്രജനനകേന്ദ്രങ്ങൾ കണ്ടെത്തി താത്ക്കാലിക **സംവിധാനം ഒരുക്കി മുട്ടകൾവിരിയിച്ച്** 60 **ഓളം കുഞ്ഞുങ്ങളെ** 29-10-17 ന് കടലിലേയ്ക്ക് വിട്ടിട്ടുണ്ട്.

**പ്രാദേശിക ജൈവവിഭവങ്ങൾ കൂടുതലുള്ളതും വംശനാശ ഭീഷണി നേരിടുന്ന** ജീവജാലങ്ങൾ കൂടുതലുള്ളതും ആവാസ വ്യവസ്ഥയുടെ നിലനിൽപ്പിന് ആധാരമായ ജൈവജാതികൾ **ഉള്ളതും പരിണാമ പ്രധാന്യമുള്ള ജീവജാലങ്ങൾ നിലനിൽക്കുന്നതും**

പരിസ്ഥിതിലോല ആവാസ കേന്ദ്രങ്ങൾ നിലനിൽക്കുന്നതും വളർത്തുന്നതും കൃഷി ചെയ്യുന്നതുമായ ജീവജാലങ്ങളുടെ പൂർവ്വിക ഗണത്തിൽപ്പെട്ടതും വന്യജന്തുക്കളായ ജീവജാലങ്ങൾ നിലനിൽക്കുന്നതുമായ ആലപ്പുഴ ജില്ലയിലെ മുഹമ്മ പഞ്ചായത്തിൽ ഉൾപ്പെട്ട പാതിരാമണൽ ദ്വീപ് ജൈവവൈവിധ്യ ബോർഡ് ജൈവവൈവിധ്യ പൈതൃക കേന്ദ്രമായി തെരഞ്ഞെടുത്തിട്ടുണ്ട്. അതീവ ജൈവവൈവിധ്യ പ്രാധാന്യമുള്ള പ്രദേശമാണ് BHS. 82 കി.മീറ്ററോളം വരുന്ന ആലപ്പുഴയുടെ കടൽത്തീരം കേരളത്തിന്റെ കടൽ ത്തീരത്തിന്റെ 13.9% ആണ്. തീരദേശ കടലോര ജൈവവൈവിധ്യമുള്ള പ്രദേശമായി (important coastal & marine bo diversity area) ആലപ്പുഴ ജില്ലയിലെ താഴെ പട്ടികയിൽ പറയുന്ന സ്ഥലങ്ങളെ തെരഞ്ഞെടുത്തിട്ടുണ്ട്.

| **ക്രമ നം.** | **തീരദേശ കടലോര ജൈവവൈവിധ്യമുള്ള പ്രദേശം** | **ജി.പി.എസ്. റീഡിംഗ്** | **വിസ്തീർണ്ണം (കി.മീ. സ്ക്വയർ )** |
|---|---|---|---|
| 1 | വേമ്പനാട് | 9 0 37.882–<br>76 0 25.125 | 21 |

കേരള തീരത്തും കടലിലുമായി 5000 ഇനത്തിൽപ്പെടുന്ന ജീവികൾ കാണുന്നു. ആയതിന്റെ പട്ടിക താഴെ കൊടുക്കുന്നു.

| **ക്രമ നം.** | **ഇനം** | **എണ്ണം** |
|---|---|---|
| 1 | സസ്തനികൾ | 17 |
| 2 | പക്ഷികൾ | 66 |
| 3 | ഉരഗങ്ങൾ | 9 |
| 4 | മത്സ്യങ്ങൾ | 740 |
| 5 | ട്യൂണിക്കേറ്റ | 9 |
| 6 | എക്കൈനോഡേം | 64 |
| 7 | ആർത്രോപോഡ | 1000 |
| 8 | മൊളസ്ക | 250 |
| 9 | അനലിഡ | 20 |
| 10 | ബ്രൈയോസോവ | 90 |
| 11 | സ്നിഡേറിയ | 26 |
| 12 | സ്പോഞ്ച് | 30 |
| 13 | പ്രോട്ടിസ്റ്റ | 50 |
| 14 | സീ വീഡ് | 92 |

*ENVIS CENTRE KERALA*

19-08-2002 -ൽ റാംസാർ പ്രദേശമായി പ്രഖ്യാപിച്ച വേമ്പനാട് - കോൾ തണ്ണീർതടമുള്ള ജില്ലകളിൽ ആലപ്പുഴയെ ഒന്നാമതെത്തിക്കുന്നു. തണ്ണീർതട മാപ്പിംഗ് ഉപഗ്രഹ ഫോട്ടോകൾ എന്നിവയുടെ സഹായത്തോടെയുള്ള NWIA യുടെ കണക്കുകളിൽ ആലപ്പുഴ ജില്ലയിലെ തണ്ണീർതടങ്ങളുടെ വിസ്തീർണ്ണം 26079 ഹെക്ടർ ആണ്. ഇത് കേരളത്തിലെ തണ്ണീർതടങ്ങളുടെ വിസ്തീർണ്ണത്തിന്റെ 16.24 % ആണ്.

ഇതിൽ മനുഷ്യനിർമ്മിത ഉൾനാടൻ തണ്ണീർതടങ്ങൾ 1.83% വും പ്രകൃതിദത്ത തണ്ണീർതടങ്ങൾ 47.21% വും തീരപ്രദേശ തണ്ണീർതടങ്ങൾ 50.47% വും ഉൾപ്പെടുന്ന 2.25 ഹെക്ടറിൽ താഴെയുള്ള ജലാശയങ്ങൾ 0.48%വും ആകുന്നു. പുരവഞ്ചികളിലെ മാലിന്യങ്ങൾ അശാസ്ത്രീയമായി കായലിൽ തളളുന്നത് കായൽ / നെൽ വയൽ ഭൂമാഫിയ കയ്യേറ്റം തണ്ണീർതടങ്ങൾ നികത്തി കൃഷി ചെയ്യുന്നത്. നെൽവയലുകളിലെ കീടനാശിനികളുടെ പ്രയോഗം എന്നിവ തണ്ണീർത്തടങ്ങൾക്ക് ഭീഷണിയാണ്.

സ്വഭാവിക വനഭൂമി നാമമാത്രമായ ജില്ലയിൽ നിരവധി സർപ്പക്കാവുകളും കണ്ടൽ കാടുകളും ഉണ്ട്. ഇവയിൽ ഏറിയ പങ്കും സ്വകാര്യ ഭൂമിയിലാണ് സ്ഥിതി ചെയ്യുന്നത്. ഇവയുടെ സംരക്ഷണം ഉറപ്പാക്കാൻ വേണ്ടി കാവുടമകൾക്കും കണ്ടൽ കർഷകർക്കും ധനസഹായം നല്കുന്നതിന് പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയെങ്കിലും ഫണ്ടിന്റെ അപര്യാപ്തത കാരണം പദ്ധതിയിൽ കൂടുതൽ സർപ്പക്കാവുകളേയും കണ്ടൽ കാടുകളേയും ഉൾപ്പെടുത്തുവാൻ കഴിഞ്ഞിട്ടില്ല. പൊതു സ്ഥലങ്ങളിൽ ഹരിതാവരണം പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി നടപ്പാക്കിയ പദ്ധതികളാണ് ബ്ലോക്ക് പ്ലാന്റിംഗ്, ഇൻസ്റ്റിറ്റ്യൂഷണൽ പ്ലാന്റിംഗ്, വഴിയോരത്തണൽ പദ്ധതി മുതലായവ. വഴിയോരത്തണൽ ഒരു പരിധിവരെ വ്യാപിപ്പിക്കുവാൻ കഴിഞ്ഞുവെങ്കിലും ബ്ലോക്ക് പ്ലാന്റിംഗ്, ഇൻസ്റ്റിറ്റ്യൂഷണൽ പ്ലാന്റിംഗ് എന്നിവ വ്യാപിപ്പിക്കുവാൻ കഴിഞ്ഞിട്ടില്ല. ജൈവവൈവിദ്ധ്യ സംരക്ഷണത്തിനു വേണ്ടി നടപ്പാക്കിയ കരുവിക്ക് ഒരു കുട്, കടലാമ സംരഷണം തുടങ്ങിയ പദ്ധതികൾ കൂടുതൽ പ്രദേശത്തേയ്ക്ക് വ്യാപിപ്പിക്കാൻ കഴിഞ്ഞിട്ടില്ല. പുറക്കാട് ഗ്രാമപഞ്ചായത്തിൽ ഉൾപ്പെട്ടതും വനംവകുപ്പ് ഗാന്ധിസ്മൃതിവനത്തിനുവേണ്ടി ഏറ്റെടുത്തതുമായ വേമ്പനാട് തണ്ണീർത്തടത്തിൽ ഉൾപ്പെട്ടിട്ടുള്ള 350 ഏക്കറോളം വരുന്ന പ്രദേശത്ത് യാതൊരു വികസന പ്രവർത്തനങ്ങളും നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല. പരിസ്ഥിതി, കൃഷി, കാലാവസ്ഥ തുടങ്ങിയ മേഖലകളിലെ വിവിധ പദ്ധതികൾക്കും ഗവേഷണ പ്രവർത്തനങ്ങൾക്കും വിനിയോഗിക്കാവുന്ന ടി പ്രദേശം ഇപ്പോൾ യാതൊരു പ്രവർത്തനവും ഇല്ലാതെ കിടക്കുകയാണ്. സാമൂഹ്യവനവൽക്കരണത്തിന് വേണ്ടി ഒരുകാലത്ത് നട്ടുപിടിപ്പിച്ച അക്കേഷ്യ, മാഞ്ചിയം തുടങ്ങിയ വിദേശ സസ്യങ്ങൾ പിൽക്കാലത്ത് പാരിസ്ഥിതിക ദുരന്തമായി മാറി.

## കാഴ്ചപ്പാട്

ആഗോളതാപനത്തേപ്പറ്റിയും അതിന്റെ ഫലമായി ഉണ്ടാകുന്ന കാലാവസ്ഥ വ്യതിയാനത്തെപ്പറ്റിയും പൊതുജനങ്ങളെ ബോധവൽകരിക്കുന്നതിനുള്ള വിവിധ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിന് വനം വകുപ്പ് മുഖ്യ പരിഗണന നൽകുന്നു. ഉണമേന്മയുള്ള വൃക്ഷത്തൈകൾ ഉൽപ്പാദിപ്പിച്ച് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും സന്നദ്ധ സംഘടനകൾക്കും വിതരണം ചെയ്ത് ഹരിതവൽക്കരണ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കണം. പങ്കാളിത്ത ഹരിത സമിതികളുമായി സഹകരിച്ച് ഹരിതതീരം പദ്ധതി കൂടുതൽ സ്ഥലത്തേയ്ക്ക് വ്യാപിപ്പിക്കണം. വിവിധ സർക്കാർ വകുപ്പുകളുമായി സഹകരിച്ച് ലഭ്യമായ സർക്കാർ ഭൂമികളിൽ എല്ലാംതന്നെ വനവൽക്കരണ പ്രവർത്തനങ്ങൾ നടപ്പാക്കണം. അതുപോലെ തന്നെ പരിസ്ഥിതിക്ക് ദോഷമായി തീർന്ന അക്കേഷ്യ മരങ്ങൾ പടിപടിയായി ഉന്മൂലനം ചെയ്യണം.

ജില്ലയിലെ ഓരോ പഞ്ചായത്തും സമ്പൂർണ്ണ ഹരിതവൽക്കരണത്തിലെത്തിച്ച് കാർബൺ ന്യൂടലാക്കി കാലാവസ്ഥാ വ്യതിയാനത്തെ പ്രതിരോധിക്കുകയാണ് ലക്ഷ്യം.

# നിർദ്ദേശങ്ങൾ

## മേൽത്തട്ട്

- പൊതുസ്ഥലങ്ങളിൽ കേടായി അപകടാവസ്ഥയിൽ നിൽക്കുന്ന മരങ്ങളുടെ കണക്കെടുത്ത് ടി മരങ്ങൾ മുറിച്ചു മാറ്റി പകരം മുറിച്ചു മാറ്റിയ ഓരോ മരത്തിനും പകരം 10 തദ്ദേശീയ ഇനം മരങ്ങൾ വച്ചു പിടിപ്പിക്കുന്ന പദ്ധതികൾ ഉൾപ്പെടുത്തുക.
- ' ഒരു വീട്ടിൽ ഒരു പ്ലാവും ' – കൃഷി / വനം വകുപ്പുകൾ വഴി നല്ലയിനം പ്ലാവിൻ തൈകൾ വിതരണം ചെയ്യാനുള്ള പദ്ധതി രൂപീകരിക്കാവുന്നതാണ്.
- ഗ്രീൻ ഇൻഡ്യാ മിഷൻ – പങ്കാളിത്ത ഹരിത സമിതികളിലൂടെയുള്ള – സമഗ്ര പരിസ്ഥിതി പരിപാലനം
- വർഷം മുഴുവനും വൃക്ഷങ്ങളുടെ വിത്തുകൾ ലഭ്യമാക്കുന്നതിനു വേണ്ടി വൃക്ഷ വിത്ത് ബാങ്ക് ജില്ലയിൽ സ്ഥാപിക്കേണ്ടതാണ്.
- വൃക്ഷം വളർത്തുന്ന കർഷകർക്ക് പ്രോത്സാഹന ധനസഹായം
- സർക്കാർ പൊതുമേഖലാസ്ഥാപനങ്ങളുടെ അധീനതയിലുള്ള സ്ഥലങ്ങളിലുള്ള അക്കേഷ്യ/ യൂക്കാലിപ്റ്റസ് തുടങ്ങിയ പരിസ്ഥിതിക്ക് കോട്ടം ചെയ്യുന്ന വൃക്ഷങ്ങൾ മുറിച്ചുമാറ്റി പകരം തദ്ദേശീയ ഇനം വൃക്ഷത്തൈകൾ (ചന്ദനം, കുമ്പിൾ, തേന്മാവ്, കുന്നിവാക, ആഞ്ഞിലി, പ്ലാവ്) നട്ടുപിടിപ്പിക്കേണ്ടതാണ്.
- ലവണാംശം ഉള്ള പൊഴി / കായൽ തീരഭാഗങ്ങളിൽ അനുയോജ്യമായ ഇനം കണ്ടൽ തൈകൾ നട്ടുപിടിപ്പിക്കാവുന്നതാണ്.
- അഗ്രോമൊബൈൽ ക്ലിനിക്കുകൾ പോലെ വൃക്ഷ ക്ലിനിക്കുകൾ നടപ്പിലാക്കാവുന്നതാണ്.
- കാർഷിക വനവൽക്കരണം ത്വരിതപ്പെടുത്തുക
- ദേശാടനപക്ഷികളെ സംരക്ഷിക്കുന്നതിനുള്ള പദ്ധതികൾ ഉൾപെടുത്തുക
- ജൈവവൈവിദ്ധ്യത്തിന് ഭീഷണിയാകുന്ന അധിനിവേശ സസ്യങ്ങൾ നശിപ്പിച്ച് തദ്ദേശീയിനങ്ങൾ പരിപാലിക്കുന്നതിനുമുള്ള പദ്ധതികൾ ഉൾപ്പെടുത്താവുന്നതാണ്.

## കീഴ്ത്തട്ട്

- തെരഞ്ഞെടുക്കപ്പെടുന്ന ചെറുപ്രദേശങ്ങളിൽ ജനപങ്കാളിത്തത്തോടെ വനവൽക്കരണം നടത്തുക വഴി ആലപ്പുഴ ജില്ലയിലെ വൃക്ഷാവരണം വർദ്ധിപ്പിക്കാവുന്നതാണ് .
- ഇന്ധനക്ഷമതയുള്ള അടുപ്പുകൾ പ്രചരിപ്പിച്ച് വിറകിന്റെ ഉപയോഗം കുറയ്ക്കുകയും മറ്റ് പുനരുപയോഗക്ഷമങ്ങളായ ഇന്ധന ഉപയോഗം വർദ്ധിപ്പിക്കുക.
- സ്ഥലലഭ്യത പരിമിതമായ ആലപ്പുഴ ജില്ലയിൽ രണ്ടുനിലയിൽ അധികം ഉയരം കൂടിയകെട്ടിടങ്ങൾ നിർമ്മിക്കാനിരിക്കുമ്പോൾ നിശ്ചിത അളവിൽ / എണ്ണം വൃക്ഷത്തൈകൾ നട്ടുപരിപാലിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിഷ്കർഷിക്കാവുന്നതാണ്.
- കുടുംബശ്രീ – നേഴ്സറി പദ്ധതി എല്ലാ പഞ്ചായത്ത് വാർഡുകളിലും സാമൂഹ്യ വനവല്ക്കരണ വിഭാഗത്തിന്റെ സഹകരണത്തോടെ നടപ്പിലാക്കുക.
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഔഷധവനം / ശലഭ ഉദ്യാനം /ജൈവവൈവിധ്യ ഉദ്യാനം / ഫലവൃക്ഷപാർക്കുകൾ സ്ഥാപിക്കാവുന്നതാണ്.

# വ്യവസായം / പ്രാദേശിക സാമ്പത്തികം

ഏതൊരു രാജ്യത്തിന്റെയും സാമ്പത്തിക പുരോഗതിക്ക് കാർഷിക വ്യവസായ മേഖലയ്ക്ക് അനിഷേധ്യമായ സ്ഥാനമാണുള്ളത്. വ്യവസായ വൽക്കരണത്തിന്റെ കാര്യത്തിൽ ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളം പിൻനിരയിലാണ്. പ്രാദേശിക തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിൽ ചെറുകിട സംരംഭങ്ങൾക്ക് മുഖ്യപങ്കുണ്ട്.

ആലപ്പുഴ ജില്ലയിൽ 8830 വ്യവസായ സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇവയിൽ സിംഹഭാഗവും ആഗ്രോ ആൻഡ് ഫുഡ് മേഖലയിലുള്ളതും, ജനറൽ എഞ്ചിനീയറിംഗ് റെഡിമെയ്ഡ് ഗാർമെന്റ് എന്നീ വിഭാഗത്തിൽപ്പെടുന്നതുമാണ്. ജില്ലയിലെ ജനങ്ങളിൽ സംരംഭകത്വം കുറവായതിനാൽ വ്യവസായ മേഖലയിലേയ്ക്ക് ആളുകൾ വരുവാൻ വിമുഖത കാണിക്കുന്നു. ആലപ്പുഴ ജില്ലയിൽ വ്യവസായം ആരംഭിക്കുന്നതിന് പ്രധാന തടസ്സം കരഭൂമിയുടെ ലഭ്യതക്കുറവാണ്. ഇതിനുള്ള ഒരു പരിഹാരമാണ് ഇൻഡസ്ട്രിയൽ ഗാലകൾ. വിവിധ വ്യവസായ സ്ഥാപനങ്ങളെ ഒരു കുടക്കീഴിലെന്നവണ്ണം പ്രവർത്തിപ്പിക്കുക എന്നതാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. കാർഷിക സംസ്കാരമാണ് ജില്ലയുടെ മുഖമുദ്ര. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് വ്യവസായ പദ്ധതികളുടെ ഫണ്ട് ഉപയോഗിച്ച് ഭൂമി വാങ്ങാവുന്നതും ടി ഭൂമിയിൽ ബഹുനില വ്യവസായ സമുച്ചയങ്ങൾ സർക്കാർ ധനസഹായം ഉൾപ്പടെ ഉപയോഗിച്ച് നിർമ്മിച്ച് സംരംഭകർക്ക് വാടകയ്ക്ക് നൽകാവുന്നതാണ്. സ്വകാര്യ വ്യവസായ എസ്റ്റേറ്റുകൾക്കും സാദ്ധ്യതയുണ്ട്. ജില്ലയിലുള്ള ഭൂമി കൃഷിക്ക് അനുയോജ്യമായതാണ്. സർക്കാർ രേഖകളിൽ വെറ്റ് ലാൻഡ് എന്ന് രേഖപ്പെടുത്തിയിട്ടുള്ള ഭൂമിയിൽ നിലവിലുള്ള നിയമം അനുസരിച്ച് വ്യവസായം ആരംഭിക്കുന്നതിന് ലൈസൻസ് ലഭിക്കുകയില്ല. സംസ്ഥാന സർക്കാർ നടപ്പിലാക്കാൻ പോകുന്ന പുതിയ വ്യവസായ നയം കൂടുതൽ വ്യവസായ സംരംഭകരെ ആകർഷിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഇതിന്റെ ഭാഗമായി ഏകജാലക ക്ലിയറൻസ് ബോർഡ് (എസ്.ഡബ്ലിയു.സി.ബി) ശക്തിപ്പെടുത്തുന്നുണ്ട്. നിലവിലെ ലൈസൻസിംഗ് സമ്പ്രദായത്തിലെ സമൂല പരിഷ്കരണം വ്യവസായ വൽക്കരണം ത്വരിതപ്പെടുത്തും. വ്യവസായ സംബന്ധമായ എല്ലാ രജിസ്ട്രേഷനുകളും / ലൈസൻസുകളും ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ മേൽനോട്ടത്തിൽ നടപ്പിലാക്കുമെന്നുമാണ് പ്രതീക്ഷിക്കുന്നത്. കേവല വ്യക്തി വിരോധം സംരംഭകത്വത്തിന് തടസ്സമാകരുത്. പലപ്പോഴും പരിസ്ഥിതി വിഷയങ്ങൾ ഉന്നയിച്ച് വ്യവസായ സ്ഥാപനങ്ങൾ പൂട്ടിക്കുന്ന സാഹചര്യം നിലവിലുണ്ട്. വ്യവസായ കേന്ദ്രത്തിന്റെ ഇടപെടൽ മൂലം ഒരു പരിധിവരെ സംരംഭകരെ സഹായിക്കാൻ സാധിക്കുന്നുണ്ട്. ജില്ലയിൽ കാർഷികവും വ്യവസായവും ഒന്നിച്ച് കൊണ്ടുപോകാൻ കഴിയണം. എങ്കിൽ മാത്രമെ പുരോഗതി കൈവരിക്കാൻ സാധിക്കൂ. മൂല്യ വർദ്ധിത ഉല്പന്നങ്ങൾ അടിസ്ഥാനമാക്കിയുള്ള പരിസ്ഥിതി സൌഹൃദമായ കാർഷിക വ്യവസായങ്ങൾക്ക് നമ്മുടെ ജില്ലയിൽ നല്ല സാധ്യത ഉണ്ട്.

സംസ്ഥാനത്തെ ഏറ്റവും ചെറിയ ജില്ലയാണ് ആലപ്പുഴ. ഇന്ത്യയിലെ തന്നെ പ്രകൃതിഭംഗികൊണ്ട് അനുഗ്രഹീതമായതും ധാരാളം വിനോദ സഞ്ചാരികൾ സന്ദർശിക്കുന്ന ജില്ലയുമാണ് ആലപ്പുഴ. സഞ്ചാര യോഗ്യമായ ധാരാളം നദികളും, പുഴകളും കായലുകളും നമ്മുടെ ആലപ്പുഴയുടെ മുതൽക്കൂട്ടാണ്. എന്നാൽ ജില്ലയിലെ വ്യവസായിക രംഗം അത്ര ശോഭനമായ നിലയിലല്ല എന്നതാണ് സത്യം. പരമ്പരാഗത വ്യവസായങ്ങളായ കയർ, കരകൌശലം കൈത്തറി എന്നീ വ്യവസായങ്ങളിൽ കയർ വ്യവസായം ഒഴിച്ച് ബാക്കിയുള്ളവ ശോചനീയമായ നിലയിലാണ്. കയർവ്യവസായ രംഗവും പ്രതിസന്ധിയിൽ നിന്നും മോചിതമായിട്ടില്ല. ടൂറിസം

വികസനത്തിന് അനുയോജ്യമായ പശ്ചാത്തല സൌകര്യങ്ങൾ വേണ്ടതിലധികം ഈ ജില്ലയിലുണ്ട്. ആയിരത്തിലധികം ഹൌസ് ബോട്ടുകളും ശിക്കാര വള്ളങ്ങളും ആഭ്യന്തര /വിദേശ ടൂറിസ്റ്റുകളുടെ സഞ്ചാരത്തിനായി ഏർപ്പെടുത്തിയിട്ടുണ്ട്. ജില്ലയിലെ എംഎസ്എംഇ യൂണിറ്റുകൾ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിൽ പ്രധാന ഒരു ഘടകമാണ്. ജില്ലയിലെ കാർഷിക വിഭവങ്ങളുടെ ലഭ്യത അനുസരിച്ച് ഏറ്റവും കൂടുതൽ ഉൽപ്പാദനം നെല്ല്, തേങ്ങ, മാങ്ങ, കപ്പ തുടങ്ങിയവയാണ്. എന്നാൽ ഈ കാർഷിക വിഭവങ്ങളുമായി ബന്ധപ്പെട്ട മൂല്യവർദ്ധിത വ്യവസായങ്ങൾക്ക് ജില്ലയിൽ അനന്തസാധ്യതകളാണ് ഉള്ളത്. ജില്ലയിലെ വ്യവസായ യൂണിറ്റുകളുടെ വിവരം ചുവടെ കൊടുക്കുന്നു.

**വ്യവസായ സംരംഭങ്ങൾ ഒറ്റനോട്ടത്തിൽ**

| | | |
|---|---|---|
| 1 | രജിസ്റ്റർ ചെയ്ത വ്യവസായ സ്ഥാപനങ്ങൾ | -8830 |
| 2 | രജിസ്റ്റർ ചെയ്ത വ്യവസായ സ്ഥാപനങ്ങളുടെ മൊത്തം മുതൽ മുടക്ക് (ലക്ഷത്തിൽ) | 108243 |
| 3 | മൊത്തം എംപ്ലോയ്മെൻറ് (എണ്ണം) | 62664 |
| 4 | 10 കോടി മുകളിൽ വ്യവസായ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവരുടെ എണ്ണം | 6118 |
| 5 | വ്യവസായ എസ്റ്റേറ്റുകളുടെ എണ്ണം (ഡിഐ/ഡിപി) | 6 |
| 6 | മിനി വ്യവസായ എസ്റ്റേറ്റുകളുടെ എണ്ണം | 7 |

**പൊതുമേഖലാ സ്ഥാപനങ്ങൾ**

| Sl. No. | Name of the Unit | Public /Pvt. | Investment (in lakh) | Employment |
|---|---|---|---|---|
| 1 | Kerala State Electronic Development Corporation, Aroor | Public | 2748.97 | 256 |
| 2 | Autocast Ltd., Cherthala | Public | 3019.41 | 333 |
| 3 | Kerala State Drugs & Pharmaceuticals Kalavoor, | Public | 1168.32 | 183 |
| 4 | Alleppey Co-operative Spinning Mills Ltd | Public | 572 | 350 |
| 5 | MILMA, Punnapra | Public | 800 | 89 |
| 6 | Excel Glasses Pvt. Ltd. | | 6384 | 600 |
| 7 | DC Mill (3 Unit) | | 10700 | 739 |
| 8 | Palm Fibre, Pathirappally. | | 1827 | 1128 |
| 9 | Malabar Cements Panavally | Public | 1600 | 250 |

*( Source – Industrial Potential Survey 2017 by Department of Industries & Commerce)*

## KSIDC-യുടെ കീഴിലുള്ള വ്യവസായ ഭൂമി സംബന്ധിച്ചുള്ള വിവരങ്ങൾ

| | |
|---|---|
| മൊത്തം വിസ്തീർണ്ണം | - 278.79 ഏക്കർ |
| മെഗാ ഫുഡ്പാർക്ക് | - 68 ഏക്കർ |
| ഇൻഫോ പാർക്ക് | - 66.2 ഏക്കർ |
| ഡെവലപ്പ് ചെയ്യാത്ത ഭൂമി | - 38.47 ഏക്കർ |
| സ്ഥാപനങ്ങൾക്ക് നൽകിയ ഭൂമി | - 106.12 ഏക്കർ |

## വ്യവസായ സ്ഥാപനങ്ങളുടെ ഇനം തിരിച്ചുള്ള കണക്ക്

| | മൈക്രോ (25 ലക്ഷത്തിൽ താഴെ) | സ്മാൾ (25 ലക്ഷം മുതൽ 5 കോടി വരെ | മീഡിയം (5 കോടി മുതൽ 10 കോടി വരെ) | ആകെ |
|---|---|---|---|---|
| എണ്ണം | 8603 | 191 | 36 | 8830 |
| മുതൽ മുടക്ക് (ലക്ഷം) | 52380 | 21509 | 34354 | 108243 |
| തൊഴിൽ എണ്ണം | 53591 | 5025 | 4048 | 62664 |

*(Source - Industrial Potential Survey 2017 by Department of Industries & Commerce)*

## 31.03.2017-ൽ ജില്ലയിൽ നിലവിലുള്ള സൂക്ഷ്മ/ചെറുകിട/കരകൌശല സംരംഭങ്ങൾ

| നം. | വിവിധ തരം വ്യവസായങ്ങൾ | യൂണിറ്റുകളുടെ എണ്ണം | ഇൻവെസ്റ്റ്മെൻറ് (ലക്ഷത്തിൽ) | തൊഴിൽ |
|---|---|---|---|---|
| 1 | ആഗ്രോ ആൻഡ് ഫുഡ് ബേസ്ഡ് | 1895 | 26502 | 14569 |
| 2 | സോഡാ വാട്ടർ/പാക്കേജ്ഡ് ഡ്രിങ്കിംഗ് വാട്ടർ | 188 | 965 | 1154 |
| 3 | കോട്ടൺ ടെക്സ്റ്റൈൽ | 5 | 67 | 59 |
| 4 | വൂളൻ, സിൽക്ക് ആർട്ടിഫിഷ്യൽ ത്രഡ് ബേസ്ഡ് ക്ലോത്ത് | 7 | 38 | |
| 5 | റെഡിമെയ്ഡ് ഗാർമെൻറ്സ് ആൻഡ് എംബ്റോയിഡറി | 977 | 4803 | 4887 |
| 6 | വുഡ് /വുഡൻ ബേസ്ഡ് ഫർണീച്ചർ | 643 | 4146 | 3071 |
| 7 | പേപ്പർ ആൻഡ് പേപ്പർ പ്രോഡക്ട്സ് | 129 | 1074 | 613 |
| 8 | ലതർ ബേസ്ഡ് പ്രോഡക്ട്സ് | 19 | 93 | 65 |
| 9 | കെമിക്കൽ/കെമിക്കൽ ബേസ്ഡ് പ്രോഡക്ട്സ് | 132 | 1475 | 571 |

| | | | | |
|---|---|---|---|---|
| 10 | റബ്ബർ, പ്ലാസ്റ്റിക്ക് ആൻഡ് പെട്രോൾ ബേസ്ഡ് | 257 | 3682 | 1365 |
| 11 | മിനറൽ ബേയ്സ്ഡ് | 108 | 1499 | 480 |
| 12 | മെറ്റൽ ബേസ്ഡ് (സ്റ്റീൽ ഫാബ്രിക്കേറ്റഡ്) | 275 | 1464 | 860 |
| 13 | എഞ്ചിനിയറിംഗ് യൂണിറ്റ്സ് | 1161 | 6667 | 4417 |
| 14 | ഇലക്ട്രിക്കൽ മെഷിനറി ആൻറ് ട്രാൻസ്പോർട്ട്എക്വിപ്പിമെൻറ് | 133 | 1767 | 825 |
| 15 | റിപ്പയറിംഗ് ഓഫ് സർവ്വീസസ് | 919 | 5227 | 3178 |
| 16 | ജെം ഡിസൈനിംഗ് | 62 | 410 | 610 |
| 17 | ഫാഷൻ ഡിസൈനിംഗ് | 60 | 172 | 281 |
| 18 | മറ്റുള്ളവ | 2376 | 25668 | 16992 |
| 19 | ആർട്ടിസൻസ് യൂണിറ്റ് | 93 | 766 | 604 |
| | **ആകെ** | **9439** | **86484** | **54621** |

*(Source – Industrial Potential Survey 2017 by Department of Industries & Commerce)*

**സൂക്ഷ്മ/ചെറുകിട/ഇടത്തരം സംരംഭങ്ങളുടെ കഴിഞ്ഞ 5 വർഷത്തെ വളർച്ച**

**(2012–13 മുതൽ 2016–17)**

| യൂണിറ്റുകളുടെ എണ്ണം | മേഖല | 2012–13 | 2013–14 | 2014–15 | 2015–16 | 2016–17 |
|---|---|---|---|---|---|---|
| സൂക്ഷമം | ഉൽപ്പാദന മേഖല | 795 | 824 | 777 | 805 | 787 |
| | സേവന മേഖല | 271 | 256 | 292 | 327 | 311 |
| ചെറുകിടം | ഉൽപ്പാദന മേഖല | 31 | 25 | 34 | 36 | 29 |
| | സേവന മേഖല | 8 | 8 | 6 | 7 | 13 |
| ഇടത്തരം | ഉൽപ്പാദന മേഖല | 2 | 1 | 3 | 5 | 3 |
| | സേവന മേഖല | 1 | 0 | 1 | 2 | 2 |
| **ആകെ** | | **1108** | **1114** | **1103** | **1182** | **1145** |

*( Source – Industrial Potential Survey 2017 by Department of Industries & Commerce)*

**സൂക്ഷ്മ/ചെറുകിട/ഇടത്തരം സംരംഭങ്ങളിലെ തൊഴിൽ വളർച്ച (2012–13 മുതൽ 2016–17)**

| യൂണിറ്റുകളുടെ എണ്ണം | | 2012–13 | 2013–14 | 2014–15 | 2015–16 | 2016–17 |
|---|---|---|---|---|---|---|
| സൂക്ഷമം | ഉൽപ്പാദന മേഖല | 4576 | 4494 | 3192 | 3205 | 3026 |
| | സേവന മേഖല | 817 | 857 | 649 | 956 | 777 |
| ചെറുകിടം | ഉൽപ്പാദന മേഖല | 1200 | 507 | 976 | 290 | 251 |
| | സേവന മേഖല | 95 | 100 | 86 | 88 | 147 |
| ഇടത്തരം | ഉൽപ്പാദന മേഖല | 76 | 63 | 96 | 123 | 38 |
| | സേവന മേഖല | 30 | 0 | 58 | 0 | 25 |
| ആകെ | | 6794 | 6021 | 5057 | 4662 | 4264 |

*( Source – Industrial Potential Survey 2017 by Department of Industries & Commerce)*

## കരകൗശല തൊഴിലാളികളും മേഖലയും

| കാറ്റഗറി | തൊഴിലാളികളുടെ എണ്ണം | കാഡ്കോയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടോ ഇല്ലയോ |
|---|---|---|
| വുഡ് ബേസ്ഡ് ഹാന്റിക്രാഫ്റ്റ് | 112 | ഇല്ല |
| അതർദാൻ വുഡ് ബേസ്ഡ് ഹാൻറിക്രാഫ്റ്റ് | 12 | ഇല്ല |
| ഹാൻറ് ലൂം | 30 | മെമ്പേഴ്സ് ഓഫ് എസ്.സി സൊസൈറ്റി |
| ഗോൾഡ് ബേസ്ഡ് | 427 | ഇല്ല |
| മെറ്റൽ ബേസ്ഡ് | 213 | ഇല്ല |
| സ്റ്റോൺ ബേസ്ഡ് | 14 | ഇല്ല |
| ബാംബൂ ആൻറ് കെയ്ൻ ബേസ്ഡ് | 31 | ഇല്ല |
| കോക്കനട്ട് ഷെൽസ് | 2 | ഇല്ല |
| കയർ ഫൈബർ ഓർണമെൻറ്സ് | 1 | ഇല്ല |
| കേര ഗ്രാസ് ആൻറ് ബനാനാ ഫൈബർ ആർട്ടിക്കിൾസ് | 576 | ഇല്ല |

*( Source – Industrial Potential Survey 2017 by Department of Industries & Commerce)*

പരമ്പരാഗത വ്യവസായമായ കയറിന്റെ മേഖലയിൽ ജില്ലയിൽ 2016-17 വർഷം കയർപിരി മേഖലയിൽ 85,633 പേരും ഉല്പന്നമേഖലയിൽ 27,351 പേരും ജോലി ചെയ്തു വരുന്നു. ജില്ലയിൽ കയർ ഉല്പാദനം നടത്തുന്നത് കയർ വ്യവസായ സംഘങ്ങൾ മുഖേനയും സ്വകാര്യ കയർ യൂണിറ്റുകൾ മുഖേനയും ആണ്. ഈ വ്യവസായം പല വിധ പ്രതിസന്ധികളെ നേരിടുന്നു. പുതിയ പ്ലാസ്റ്റിക് കയറുകളും മറ്റ് സിന്തറ്റിക് ഉൽപ്പന്നങ്ങളും രംഗത്ത് വന്നതിന്റെ ഫലമായി കയർ ഉൽപ്പന്നങ്ങൾക്ക് കമ്പോളമില്ലാതെയായി. തൊണ്ടിന്റെ ദൌർലഭ്യം മൂലവും ഉയർന്ന വില മൂലവും ഉൽപ്പാദന ചെലവ് കൂടുകയും അതുമൂലം ഈ രംഗത്തെ പ്രതിസന്ധി വർദ്ധിക്കുകയും ചെയ്യുന്നു. പല വിധ പദ്ധതികൾ സർക്കാർ ഈ രംഗത്ത് ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു. വിപണനത്തിനായി കയർ ബോർഡ്, കയർ ഫെഡ് എന്നീ സ്ഥാപനങ്ങളും ജില്ലയിൽ ഉണ്ട്.

ജില്ലയിലാകെ 25 കൈത്തറി സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 4 എണ്ണം നല്ല നിലയിൽ പ്രവർത്തിച്ചു വരുന്നു. ആയതിൽ 2 എണ്ണം പട്ടികജാതി സഹകരണ സംഘവും അതിൽ ഒരെണ്ണം പട്ടികജാതി വനിതാ സംഘവുമാണ്. പ്രവർത്തിക്കുന്ന സംഘങ്ങൾ ചേർത്തല, മാവേലിക്കര പ്രദേശങ്ങളിലാണ്. ജില്ലയിൽ 21 കരകൌശല സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും നിലവിൽ 5 സംഘങ്ങൾ മാത്രമാണ് പ്രവർത്തിക്കുന്നത്. ഇതിൽ തന്നെ ചെങ്ങന്നൂർ സ്റ്റോൺ മെറ്റൽ ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി നല്ല നിലയിൽ പ്രവർത്തിക്കുന്നുണ്ട്. അസംസ്കൃത വസ്തുവായ മരം, ഈറ്റ, പനമ്പ് തുടങ്ങിയവയുടെ ദൌർലഭ്യം മൂലം ഈ മേഖല പ്രതിസന്ധിയിലാണ്.

ഖാദി ഗ്രാമ വ്യവസായ ബോർഡിനു കീഴിൽ ജില്ലയിൽ വിവിധ ഭാഗങ്ങളായി 12 നൂൽനൂൽപ് കേന്ദ്രങ്ങളും 4 നെയ്ത്ത് കേന്ദ്രങ്ങളും പ്രവർത്തിച്ചു വരുന്നു. കുറഞ്ഞ മുതൽ മുടക്കിൽ കൂടുതൽ പേർക്ക് തൊഴിൽ നൽകുക എന്ന അടിസ്ഥാനത്തിലാണ് ഈ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നത്. 99% സ്ത്രീ തൊഴിലാളികളാണ് ഈ മേഖലയിൽ ജോലി ചെയ്യുന്നത്. ഈറ്റ, മുള എന്നിവ അടിസ്ഥാനമാക്കിയുള്ള വ്യവസായങ്ങൾ ജില്ലയിൽ വളരെ നാമമാത്രമാണ്. ഈറ്റ, മുള എന്നിവയുടെ ദൌർലഭ്യം ഈ വ്യവസായത്തെ പ്രതിസന്ധിയിലാക്കുന്നു.

ജില്ലയിൽ വലിയഴീക്കൽ മുതൽ അരൂർ വരെ 82 കിലോമീറ്റർ തീരദേശമുണ്ട്. മത്സ്യ സംസ്കരണ മേഖല പ്രധാനമായും ചേർത്തല താലൂക്കിലാണ് കേന്ദ്രീകരിച്ചിരിക്കുന്നത്. വിദേശ കമ്പോളത്തെ ആശ്രയിച്ചാണ് ഈ മേഖലയിലെ യൂണിറ്റുകളുടെ നിലനിൽപ്പ്. ധാരാളം ചെമ്മീൻ പീലിംഗ് ഷെഡ്ഡുകളും, ഐസ് ഫാക്ടറികളും ജില്ലയിൽ ഉണ്ട്. ഇതുമൂലം പാരിസ്ഥിതികമായി നിരവധി ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാകുന്നുണ്ടെങ്കിലും നിരവധി ആളുകൾ ഈ മേഖലയിൽ തൊഴിൽ എടുക്കുന്നു. മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളിലേക്ക് ഈ മേഖല വളർന്നിട്ടില്ല. ജില്ലയിലെ കുട്ടനാട് പോലുള്ള സ്ഥലത്ത് ഉൾനാടൻ മത്സ്യ കൃഷിക്ക് സാദ്ധ്യതയുണ്ട്.

ജില്ലയിൽ 1161 യൂണിറ്റുകൾ എഞ്ചിനീയറിംഗ് മേഖലയിൽ പ്രവർത്തിക്കുന്നുണ്ട്. കുറഞ്ഞ മുതൽ മുടക്കിൽ പ്രവർത്തിക്കാൻ സാധിക്കുന്ന യൂണിറ്റുകൾ എന്ന നിലയിൽ ഇത്തരത്തിലുള്ള യൂണിറ്റുകൾക്ക് ഇനിയും സാദ്ധ്യതയുണ്ട്. ജില്ലയിൽ റബ്ബർ, പ്ലാസ്റ്റിക് മേഖലയിൽ 257 യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. കൂടുതൽ യൂണിറ്റുകളും റബർ മാറ്റ് പോലുള്ള ഉൽപ്പന്നങ്ങളാണ് നിർമ്മിക്കുന്നത്. മിക്ക യൂണിറ്റുകളും ഉൽപ്പന്നങ്ങൾ മറ്റ് രാജ്യങ്ങളിലേക്ക് കയറ്റി അയക്കുന്നുണ്ട്.

ജില്ലയിൽ 643 തടി അധിഷ്ഠിത യൂണിറ്റുകൾ ഈ മേഖലയിൽ ഉണ്ട്. തടി ഫർണ്ണീച്ചർ യൂണിറ്റുകൾക്ക് ഈ മേഖലയിൽ ധാരാളം സാധ്യതകൾ ഉണ്ട്. തടി അധിഷ്ഠിത വ്യവസായങ്ങൾ ലാഭകരമായി പ്രവർത്തിക്കുന്നു. ഫർണീച്ചർ കൂടാതെ വീട് നിർമ്മാണ സാമഗ്രികൾ നിർമ്മിക്കുന്ന യൂണിറ്റുകളും ഉണ്ട്. ജില്ലയുടെ ത്വരിത നഗരവൽക്കരണത്തിന്റെ ഭാഗമായി കെട്ടിട നിർമ്മാണ സാമഗ്രികളുടെ ഉൽപ്പന്ന യൂണിറ്റുകൾക്ക് വലിയ വളർച്ചയുണ്ടായിട്ടുണ്ട്. സിമൻറ് പ്രോഡക്ട്, ഹോളോ ബ്ലോക്ക്, സോളിഡ് ബ്ലോക്ക് യൂണിറ്റുകൾ എന്നിവ ധാരാളം ജില്ലയിൽ പ്രവർത്തിക്കുന്നുണ്ട്.

പ്ലാസ്റ്റിക് അധിഷ്ഠിത വ്യവസായങ്ങൾ ജില്ലയിൽ വളരെ കുറവാണുള്ളത്. റീ സൈക്ലിംഗ് യൂണിറ്റുകൾ ആരംഭിക്കേണ്ട ആവശ്യകതയുണ്ട്. ജില്ലയുടെ ത്വരിത നഗരവൽക്കരണവും സാങ്കേതിക പരിജ്ഞാനമുള്ള തൊഴിലന്വേഷകരുടെ ലഭ്യതയും ഐ.ടി. മേഖലയുടെ വളർച്ചയ്ക്ക് ആക്കം കൂട്ടുന്നു. ചെറുതും വലുതുമായ ധാരാളം സംരംഭകർ ഈ മേഖലയിൽ ജില്ലയിൽ പ്രവർത്തിക്കുന്നു. ചേർത്തല താലൂക്കിലെ പള്ളിപ്പുറത്ത് (കെ.എസ്.ഐ.ഡി.സി-യുടെ ഇൻഡസ്ട്രിയൽ ഗ്രോത്ത് സെൻറർ) കേരള സർക്കാർ ഇൻഫോ പാർക്ക് പ്രവർത്തിക്കുന്നു.

റെഡിമെയ്ഡ് ഗാർമെൻറുകളുടെ നിർമ്മാണ മേഖലയ്ക്ക് ജില്ലയിൽ വളരെ സാധ്യതകളുണ്ട്. ഒറ്റയ്ക്കും കൂട്ടായും സ്ത്രീകളാൽ നടത്തപ്പെടുന്ന ധാരാളം ഗാർമെൻറ് യൂണിറ്റുകൾ ജില്ലയിൽ പ്രവർത്തിച്ചുവരുന്നു. വ്യവസായ വികസനത്തിന് ആവശ്യമായ അടിസ്ഥാന ഘടകങ്ങളായ റോഡ്, റെയിൽവേ, വൈദ്യുതി, വാർത്താ വിനിമയ സൌകര്യങ്ങൾ, ജലഗതാഗതം എന്നീ ഘടകങ്ങൾ ഈ ജില്ലയിൽ സുലഭമാണ്. വ്യവസായ വകുപ്പ് വികസിപ്പിച്ചെടുത്തിട്ടുള്ള വ്യവസായ വികസന ഏരിയകളും വികസന പ്ലോട്ടുകളും, വ്യവസായ എസ്റ്റേറ്റുകളും ജില്ലയിലുണ്ട്. ഇവയും വ്യവസായ വികസനത്തിന് വളരെയധികം സഹായകരമായിട്ടുണ്ട്. നല്ല ബാങ്കിംഗ് സംവിധാനം, ഉയർന്ന സാക്ഷരതാ നിരക്ക്, നല്ല വ്യവസായികാന്തരീക്ഷം എന്നിവയും ജില്ലയുടെ വ്യവസായ വികസനത്തിന് വളരെയധികം സംഭാവന നൽകിയിട്ടുണ്ട്.

വ്യവസായ ഭൂമിയുടെ അപര്യാപ്തത തരണം ചെയ്യുന്നതിനായി പരമ്പരാഗത പശ്ചാത്തല വികസന സമ്പ്രദായങ്ങളിൽ നിന്ന് വ്യതിചലിച്ചുകൊണ്ട് കൂടുതൽ വ്യവസായ സംരംഭങ്ങൾ ഒരിടത്ത് കേന്ദ്രീകരിക്കുന്നതിനാണ് സർക്കാർ ഈ പദ്ധതി രൂപീകരിച്ചിട്ടുള്ളത്. ഇത്തരത്തിലുള്ള

ആലപ്പുഴ ജില്ലയിലെ ആദ്യ പദ്ധതി അമ്പലപ്പുഴ താലൂക്കിലെ പുന്നപ്ര വ്യവസായ എസ്റ്റേറ്റിൽ സ്ഥാപിക്കുന്നതിനുള്ള നടപടികളുമായി വ്യവസായ വകുപ്പ് മുമ്പോട്ട് പോകുന്നു.

ജില്ലയിലെ ആറ് താലൂക്കുകളും ജലലഭ്യതയുള്ള സ്ഥലങ്ങളാണ്. ജലം ഉപയോഗിക്കുന്നതിന് ഈ പ്രദേശങ്ങളിൽ നിയന്ത്രണങ്ങൾ ഒന്നും തന്നെയില്ല. എന്നാൽ ശുദ്ധ ജല ലഭ്യത ഏറ്റവും കുറവുള്ള ജില്ലയാണിത്. സംസ്ഥാനത്തിന്റെ ടൂറിസം മേഖലയിലുള്ള വരുമാനത്തിന്റെ ഒരു വലിയ ഭാഗം ആലപ്പുഴ ജില്ലയിലാണ്. 2014 മുതൽ 2016 വരെ ജില്ല സന്ദർശിച്ച ആഭ്യന്തര /വിദേശ വിനോദ സഞ്ചാരികളുടെ എണ്ണം ചുവടെകൊടുക്കുന്നു.

| | 2014 | | 2015 | | 2016 | |
|---|---|---|---|---|---|---|
| | വിദേശം | ആഭ്യന്തരം | വിദേശം | ആഭ്യന്തരം | വിദേശം | ആഭ്യന്തരം |
| ആലപ്പുഴ | 55198 | 234523 | 59412 | 243104 | 72581 | 273973 |
| കുട്ടനാട് | 5139 | 11633 | 4426 | 27403 | 5468 | 41493 |
| **ആകെ** | **60337** | **246156** | **63838** | **270507** | **78049** | **315466** |

*( Source – Industrial Potential Survey 2017 by Department of Industries & Commerce)*

മേൽ സൂചിപ്പിക്കുന്ന കണക്കുകൾ അനുസരിച്ച് ടൂറിസം മേഖലയിലുള്ള വ്യവസായങ്ങൾ തുടങ്ങുന്നതിന് ധാരാളം സാധ്യതകൾ നിലനിൽക്കുന്നു. കേരളസംസ്ഥാന വ്യവസായ വാണിജ്യ വകുപ്പ് സംസ്ഥാനത്തെ എല്ലാ വ്യവസായ സംരംഭങ്ങളുടേയും ഫെസിലിറ്റേഷൻ സെൻറുകളുടേയും അടിസ്ഥാന വിവരങ്ങൾ ഡിജിറ്റലൈസ് ചെയ്യുന്ന പ്രവർത്തനങ്ങൾ പൂർത്തിയാക്കിക്കൊണ്ടിരിക്കുകയാണ്. ഇതോടനുബന്ധിച്ച് ആലപ്പുഴ ജില്ലയിൽ ഇൻഡസ്ട്രിയൽ പൊട്ടൻഷ്യൽ സർവ്വേ പൂർത്തീകരിച്ചിട്ടുണ്ട്. നമ്മുടെ ജില്ലയിൽ സാധ്യതയുള്ള വ്യവസായങ്ങളുടെ പട്ടിക തയ്യാറാക്കി ക്രോഡീകരിച്ചത് ചുവടെ കൊടുക്കുന്നു.

**Potential Sectors Identified at District Level**

| Category | Potential Sectors Identified | Strategies for Development of Identified Sector |
|---|---|---|
| Nano | Food Processing, Readymade<br>Coir Units, Ornaments<br>Candle Manufacturing, Paper Carry Bag<br>Bakery Products, Handicraft Item | Extending the benefit of Mudra & other loan scheme of Govt.<br>Training Programme of different sectors.<br>Marketing incentives.<br>Ensuring availability of land.<br>Arranging working capital loan for existing units.<br>Build multi storied gala in every block.<br>EDP training<br>Setting up of CFSC & ETP. |
| Micro | General Engineering, Coir Product<br>Automobile Workshop, Wooden Furniture<br>Bell Metal, Food Processing<br>Readymade Garments | |
| Small | Food Processing<br>Coir & Value added product<br>Production of building material | |
| Medium | Sea Food Processing<br>And Marine Food exporting<br>Coir and value added coir products | |

*( Source – Industrial Potential Survey 2017 by Department of Industries & Commerce)*

## വികസന വിടവുകൾ

- വ്യവസായ ആവശ്യത്തിനുള്ള സ്ഥല ദൌർലഭ്യം.
- സംരംഭകത്വമില്ലായ്മ.
- അമിതമായുള്ള ഹെൽത്ത് കോൺഷ്യസ്.
- അമിതമായുള്ള കൂലി വർദ്ധനവ്.
- നിലവിലുള്ള നിയമങ്ങൾ (ഉദാ–ഭൂമിയുടെ തരം).
- വിവിധ ഡിപ്പാർട്ടുമെന്റുകൾ തമ്മിലുള്ള ഏകോപനമില്ലായ്മ.
- നിലവിലുള്ള ലൈസൻസിംഗ് സമ്പ്രദായം.
- വായ്പ ലഭ്യമാക്കുന്നതിൽ ധനകാര്യ സ്ഥാപനങ്ങൾക്കുള്ള വിമുഖത.
- വ്യവസായ ബാങ്ക് വായ്പകൾക്ക് ഉയർന്ന പലിശ നിരക്ക്.

## പരിപ്രേക്ഷ്യം

വരുന്ന അഞ്ച് വർഷംകൊണ്ട് ജില്ലയിൽ കേന്ദ്ര സംസ്ഥാന പദ്ധതികളിലൂടെ പതിനായിരം പുതിയ വ്യവസായ യൂണിറ്റുകൾ തുടങ്ങുക എന്നതാണ് വ്യവസായ, വാണിജ്യ വികസന ഉപസമിതിയുടെ കാഴ്ചപ്പാട്. ഇതിനുവേണ്ടി ജനങ്ങളിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിച്ചെങ്കിൽ മാത്രമേ പുതിയ സംരംഭകരെ ഈ മേഖലയിലേക്ക് കൊണ്ടുവരുവാൻ സാധിക്കുകയുള്ളൂ. അഗ്രോഫുഡ് ഗാർമെന്റ്സ്, ജനറൽ എഞ്ചിനിയറിംഗ് യൂണിറ്റ്, സിമന്റ് പ്രോഡക്ട്, റിപ്പയർ ആന്റ് സർവ്വീസ് യൂണിറ്റ് എന്നിവയ്ക്കും ടൂറിസം അടിസ്ഥാനമാക്കിയുള്ള വ്യവസായങ്ങൾ, ഹോം സ്റ്റേ അടക്കമുള്ള വ്യവസായങ്ങൾക്കും സാദ്ധ്യതകൾ ഉള്ളതായി വ്യവസായ ഉപസമിതി കാണുന്നു.

കൈത്തറി, കയർ, കരകൗശല സംരംഭങ്ങളെ ടൂറിസം മേഖലയുമായി ബന്ധപ്പെടുത്തി പദ്ധതികൾ ആവിഷ്കരിക്കുവാൻ വിഷയ ഉപസമിതി ഉദ്ദേശിക്കുന്നു. പീഡിത വ്യവസായങ്ങളെ കണ്ടുപിടിച്ച് ധനകാര്യ സ്ഥാപനങ്ങളുടെ സഹായത്തോടെ പുനരുദ്ധരിക്കുവാൻ പുതിയ പാക്കേജ് പ്രഖ്യാപിച്ചുകൊണ്ട് അവയെ ശക്തിപ്പെടുത്തുന്നതിനു വേണ്ട നടപടികളും കാഴ്ചപ്പാടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

വ്യവസായം തുടങ്ങുവാൻ മുന്നോട്ട് വരുന്നവരെ പ്രോത്സാഹിപ്പിക്കുന്നതിനായി, നിലവിൽ സംരംഭകർക്കുവേണ്ടി കേന്ദ്രസംസ്ഥാന സർക്കാരിന്റെ വിവിധ പദ്ധതികളെക്കുറിച്ച് സംരംഭകർക്കിടിയിൽ ബോധവൽക്കരണം നടത്തുക, ആയതിന് വ്യവസായകേന്ദ്രം തന്നെ മുൻകൈയെടുത്ത് ഗ്രാമ ബ്ലോക്കുകളിൽ സംരംഭക ക്ലബ്ബുകൾ രൂപീകരിക്കുക, ആയതിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുക, വിജയിച്ച സംരംഭകരെകൊണ്ട് സെമിനാറുകൾ സംഘടിപ്പിക്കുക എന്നീ പ്രവർത്തനത്തിലൂടെ പുതിയ സംരംഭകരെ ആകർഷിക്കുവാനും അവർക്ക് ആത്മ വിശ്വാസവും പ്രോത്സാഹനവും നൽകുവാനും സാധിക്കുക എന്നിവ വ്യവസായ ഉപസമിതി കാഴ്ചപ്പാടിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ജില്ലയിലെ വ്യവസായ ആവശ്യത്തിനുള്ള ഭൂമി ലഭ്യതക്കുറവ് പരിഹരിക്കുന്നതിനുവേണ്ടി ത്രിതല പഞ്ചായത്തുകളുടെ പദ്ധതികളിലൂടെ വ്യവസായ

ആവശ്യത്തിനുള്ള ഭൂമി വാങ്ങി മിനി വ്യവസായ എസ്റ്റേറ്റുകൾക്ക് രൂപം നൽകാനുള്ള കാഴ്ചപ്പാടും ഉപസമിതി നിർദ്ദേശിക്കുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സംരംഭക സഹായ സെല്ലുകൾ (ഇ.ജി.സെൽ) സ്ഥാപിക്കുക, കോളേജുകളിൽ സംരംഭക വികസന ക്ലബ്ബുകൾ തുടങ്ങിയവയ്ക്കായി കൂടുതൽ പണം അനുവദിക്കുക, പല തലങ്ങളിലായി വർക്ക്ഷോപ്പുകൾ, ക്ലാസുകൾ, പരിശീലനങ്ങൾ തുടങ്ങിയവ നടത്തുക, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഇൻകുബേഷൻ സെന്ററുകൾ തുറക്കുക, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്ക് സ്വയം തൊഴിൽ സംബന്ധിച്ച ക്ലാസുകൾ നൽകുകയും അവർ ജനങ്ങളിലേയ്ക്ക് ക്ലാസുകൾ മുഖേന അറിവ് പകരുകയും ചെയ്യുക എന്ന കാഴ്ചപ്പാടിലാണ് വ്യവസായ ഉപസമിതി രൂപം നൽകിയിട്ടുള്ളത്.

ജില്ലയിൽ ലഭ്യമായ അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ച് പരമാവധി ഉൽപ്പാദന യൂണിറ്റുകൾ സ്ഥാപിക്കുക, ഉൽപ്പന്ന വൈവിധ്യവത്ക്കരണം നടപ്പിലാക്കുക, വിപണനം ശക്തമാക്കുക എന്നിവ വ്യവസായ വകുപ്പിന്റെ ലക്ഷ്യമാണ്. ജില്ലയിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന ഉൽപ്പന്നത്തിന്റെ വിപണനം മെച്ചപ്പെടുത്തുന്നതിന് വിപണന മേളകൾ സംഘടിപ്പിക്കാനും വ്യവസായ ഉപസമിതിയുടെ കാഴ്ചപ്പാടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## ലക്ഷ്യങ്ങൾ

- ഇൻഡസ്ട്രിയൽ ഗാലകൾ / ബഹുനില കെട്ടിട സമുച്ചയങ്ങൾ
- സ്കൂൾ പാഠ്യ പദ്ധതിയിൽ സംരംഭകത്വം ഒരു വിഷയമായി പഠിപ്പിക്കുക.
- ഇപ്പോൾ നടപ്പാക്കാൻ പോകുന്ന പുതിയ വ്യവസായ നയം. **Ease of doing business** പോലുള്ള സംവിധാനങ്ങൾ ശക്തിപ്പെടുത്തൽ.
- കുറഞ്ഞ പലിശ നിരക്കിലുള്ള ബാങ്ക് വായ്പ (കാർഷിക വായ്പ പോലെ 4% പലിശക്ക് വായ്പ അനുവദിക്കുക) ഗവൺമെൻറ് തലത്തിൽ നടപടികൾ സ്വീകരിക്കുക.
- വിവിധ ഡിപ്പാർട്ടുമെൻറുകൾ തമ്മിലുള്ള ഏകോപനം.
- **ASAP (Additional Skill Acquisition Programme)** പ്രവർത്തനം മെച്ചപ്പെടുത്തൽ.

## മുൻഗണനകൾ

പുന്നപ്രയിലുള്ള ഇൻഡസ്ട്രിയൽ ഗാലയുടെ നിർമ്മാണ പ്രവർത്തനം ഉൽഘാടനം ചെയ്യപ്പെട്ടിരിക്കുകയാണ്. ഇൻഡസ്ട്രിയൽ ഗാലയുടെ നിർമ്മാണം കിറ്റ്കോയെ ഏൽപ്പിച്ചിരിക്കുകയാണ്. നിർമ്മാണം ത്വരിതപ്പെടുത്തുന്നതിനും കൂടുതൽ വ്യവസായ യൂണിറ്റുകൾ ഗാലകളിൽ ആരംഭിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. നിലവിൽ സ്കൂൾ, കോളേജ്, ഐറ്റിഐ, പോളിടെക്നിക്കുകൾ ഇവിടങ്ങളിൽ സംരംഭകത്വ ക്ലബുകൾ പ്രവർത്തിച്ചു വരുന്നുണ്ട്. ഇതു കൂടാതെ എല്ലാ പഞ്ചായത്തുകളിലും യൂത്ത് ക്ലബുകൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

സർക്കാരിന്റെ പുതിയ വ്യവസായ നയത്തിന്റെ ഭാഗമായി ease of doing business ശക്തിപ്പെടുത്തുന്നതിന് തദ്ദേശ സ്വയം ഭരണ സ്ഥാപന അദ്ധ്യക്ഷൻമാർക്കും, സെക്രട്ടറിമാർക്കും ഏകദിന വ്യവസായ ബോധവൽക്കരണ പരിപാടി വ്യവസായ വകുപ്പ് ഈ വർഷം നടത്തുന്നതാണ്. തന്മൂലം ഗ്രാമ പഞ്ചായത്തുകളിൽ വ്യവസായം ആരംഭിക്കുന്നതിന്

ലൈസൻസിംഗ് സമ്പ്രദായം സുഗമമാവുന്നതാണ്. ചേർത്തല താലൂക്കിലെ ഐറ്റി പാർക്ക്, കെ.എസ്.ഐ.ഡി.സി-യുടെ കീഴിലുള്ള മെഗാ ഫുഡ് പാർക്ക്, വ്യവസായ കേന്ദ്രത്തിന്റെ കീഴിലുള്ള വ്യവസായ എസ്റ്റേറ്റുകൾ എന്നിവയുടെ അടിസ്ഥാന സൌകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതാണ്. ജില്ലയിൽ വ്യവസായം ആരംഭിക്കുന്നതിനുള്ള ഭൂമിയുടെ ലഭ്യതക്കുറവ് പരിഹരിക്കുന്നതിനായി ജില്ലാ, ഗ്രാമ, ബ്ലോക്ക് പഞ്ചായത്തുകൾ സംയുക്തമായി ഭൂമി വാങ്ങി ബഹുനില വ്യവസായ സമുച്ചയങ്ങൾ നിർമ്മിക്കാവുന്നതാണ്. സ്വകാര്യ വ്യവസായ എസ്റ്റേറ്റുകൾ ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് എന്നിവരുടെ സഹായ സഹകരണത്തോട് നടപ്പിലാക്കാവുന്നതാണ്. ഗ്രാമ പഞ്ചായത്തുകളിൽ യുവ സംരംഭകത്വ ക്ലബുകൾ ആരംഭിക്കുന്നതിന് വ്യവസായ വകുപ്പുമായി സഹകരിച്ച് നടപ്പിലാക്കാവുന്നതാണ്. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും പ്ലാസ്റ്റിക് റീ-സൈക്ലിംഗ് യൂണിറ്റുകൾ സ്ഥാപിക്കാവുന്നതാണ്. ഭക്ഷ്യ സംസ്കരണവുമായി ബന്ധപ്പെട്ട മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള വ്യവസായ യൂണിറ്റുകൾക്ക് വളരെയധികം സാധ്യതയുള്ളതിനാൽ ശുദ്ധ ജല ലഭ്യത ഉറപ്പാക്കി ഇവിടെ ഉൽപ്പാദിപ്പിക്കുന്ന നെല്ല്, തേങ്ങ, മറ്റ് കാർഷിക ഉൽപ്പന്നങ്ങൾ എന്നിവ സംസ്കരിക്കുന്നതിനുള്ള വ്യവസായ യൂണിറ്റുകൾ ജില്ലയിൽ ആരംഭിക്കാവുന്നതാണ്.

ഗ്രാമ ബ്ലോക്ക് ജില്ലാ പഞ്ചായത്തുകൾ നടപ്പിലാക്കുന്ന വ്യവസായ പ്രോജക്ടുകളുടെ ഗുണഭോക്താക്കൾക്ക് ആവശ്യമായ Skill updation, വ്യവസായ ബോധവൽക്കരണം ജില്ലാ വ്യവസായ കേന്ദ്രം, മലിനീകരണ നിയന്ത്രണ ബോർഡ് , ബന്ധപ്പെട്ട മറ്റ് വകുപ്പുകൾ എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ നടപ്പിൽ വരുത്താവുന്നതാണ്.

## നിർദ്ദേശങ്ങൾ

### മേൽത്തട്ട്

- വ്യവസായ സംരംഭങ്ങൾക്ക് താരതമ്യേന കൂടുതൽ മുതൽ മുടക്ക് ആവശ്യമുള്ളതിനാൽ വാർഷിക പദ്ധതികൾക്കായുള്ള ഗുണഭോക്താക്കളെ നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ പ്രത്യേകിച്ചും വരുമാന പരിധിയിൽ ആവശ്യമായ മാറ്റം അനിവാര്യമാണ്.
- തേങ്ങ അടിസ്ഥാനമാക്കിയുള്ള മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾക്ക് സാദ്ധ്യത ആരായേണ്ടതാണ്.
- പ്രകൃതി ചൂഷണത്തിന് വിധേയമായ സ്ഥലങ്ങൾ ജില്ലയിൽ ധാരാളം ഉണ്ട്. ഉപയോഗശൂന്യമായ ഇത്തരം സ്ഥലങ്ങൾ ഏറ്റെടുത്ത് വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിന് ഉപയോഗിക്കാവുന്നതാണ്.
- പിഎംഇജിപി പോലുള്ള കേന്ദ്ര സ്വയം തൊഴിൽ പദ്ധതികൾക്ക് വായ്പ എല്ലാ മേഖലയിലുമു സംരംഭങ്ങളെയും ഉൾപ്പെടുത്തുക
- സംരഭകരുടെ അർഹതാ മാനദണ്ഡങ്ങൾ പുനർനിർവ്വചിക്കേണ്ടതാണ്.
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പാക്കുന്ന വ്യവസായ പ്രോജക്ടുകൾ വ്യക്തികൾക്ക് നൽകാവുന്ന വിധത്തിൽ സബ്സിഡി മാനദണ്ഡത്തിൽ മാറ്റം വരുത്തണം.
- വാർഷിക വരുമാനം 5 ലക്ഷം ആയി ഉയർത്തുക അല്ലെങ്കിൽ വ്യവസായത്തിന്റെ കാര്യത്തിൽ ഇത് ഒഴിവാക്കുക.

- സ്വയം തൊഴിൽ പദ്ധതികൾ ഇപ്പോൾ വിവിധ ഡിപ്പാർട്ടുമെൻറുകൾ നടപ്പിലാക്കുന്നുണ്ട്. ആയത് വ്യവസായ വകുപ്പിന്റെ കീഴിൽ വരുകയാണെങ്കിൽ കൂടുതൽ ഫലപ്രദമായി നടപ്പിലാക്കുവാൻ സാധിക്കും.
- ന്യായമായ വിലയ്ക്ക് അസംസ്കൃത വസ്തുക്കൾ നൽകാനുള്ള സംവിധാനം സർക്കാർ തലത്തിൽ നടപ്പിലാക്കുക.

**കീഴ്ക്കുട്ട്**

- ലഭ്യമായ മാനവശേഷി ക്രിയാത്മകമായി പ്രയോജനപ്പെടുത്തുന്നതിന് സംരംഭകത്വ ബോധവൽക്കരണം അനിവാര്യമായും നടപ്പാക്കുക. ഇതിലൂടെ ഗ്രണഭോക്തൃ യൂണിറ്റുകളുടെ നിലവാരം മെച്ചപ്പെടുത്തുവാൻ കഴിയും.
- പ്രദേശത്തിന്റെ കാർഷിക മേഖലയെ അടിസ്ഥാനമാക്കി ഭക്ഷ്യ സംസ്കരണ മേഖലയിൽ മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള പദ്ധതി വിഭാവനം ചെയ്യേണ്ടതാണ്.
- കുടുംബിനികളായ വിട്ടമ്മമാർക്ക് നൈപുണ്യ വികസനത്തിനായി വിവിധ മേഖലകളിൽ പരിശീലനം നൽകി വീടുകളിൽ ചെയ്യാവുന്ന, പരിസ്ഥിതി സൌഹൃദമായ നാനോ യൂണിറ്റുകൾ പ്രോത്സാഹിപ്പിക്കുന്നതു വഴി കുടുംബത്തിന്റെ സാമ്പത്തിക ഭദ്രത മെച്ചപ്പെടുത്തുവാൻ കഴിയും
- മൽസ്യ ബന്ധനം, കയർ, ഡയറി ഉൽപ്പന്നങ്ങൾ എന്നിവക്ക് കൂടുതൽ പ്രാധാന്യം നൽകുന്ന പദ്ധതികൾ നടപ്പിലാക്കുക
- വ്യവസായ സംരംഭങ്ങൾക്ക് പുതിയ മാർക്കറ്റിംഗ് സ്ട്രാറ്റജീസ് പഠിപ്പിക്കേണ്ടതുണ്ട്. ആയതിനുള്ള ട്രെയിനിംഗ് നടത്തേണ്ടതുണ്ട്.
- വ്യവസായ സ്ഥാപനങ്ങളിൽ ശുദ്ധ ജല ക്ഷാമം രൂക്ഷമാണ്. ആയത് പരിഹരിക്കുന്നതിന് റെയിൻ ഹാർവെസ്റ്റിംഗ് ഓരോ വ്യവസായ യൂണിറ്റിലും നിർബന്ധമാക്കാവുന്നതാണ്
- പഞ്ചായത്ത് തലത്തിൽ പ്രവർത്തിക്കുന്ന സംരംഭകത്വ ക്ലബ്ബുകൾ രൂപീകരിക്കാവുന്നതാണ്.
- ഉൽസവ സീസണുകളോട് ബന്ധപ്പെടുത്തി വർഷം തോറും വ്യവസായ വിപണന മേളകൾ സംഘടിപ്പിക്കാവുന്നതാണ്.
- തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കാൻ ശ്രമിക്കുമ്പോൾ ഓഡിറ്റ് ഒബ്ജക്ഷൻ വരുമെന്ന കാരണത്താൽ നിർവ്വഹണ ഉദ്യോഗസ്ഥർ പദ്ധതിയോട് വിമുഖത കാട്ടാറുണ്ട്. അതിനുള്ള പരിഹാരമായി താഴെപ്പറയുന്ന കാര്യങ്ങൾ ചെയ്യാവുന്നതാണ്.
- പദ്ധതി രൂപീകരണ സമയത്ത് തന്നെ ലോക്കൽ ഫണ്ട് ഓഡിറ്റ് / പെർഫോമൻസ് ഓഡിറ്റ് എന്നിവരെ പ്രോജക്ട് അപ്രൈസൽ ടീമിൽ ഉൾപ്പെടുത്തുക. അവർ പരിശോധിച്ചതിന് ശേഷം മാത്രം പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് ഉദ്യോഗസ്ഥർക്ക് നൽകുക.
- 6 മാസത്തെ ഗ്രേഡിംഗ് പൂർത്തിയാക്കിയ ഗ്രൂപ്പുകൾ ആകണമെന്ന് നിബന്ധനയുള്ളതിനാൽ ഇത്തരം ഗ്രൂപ്പുകളെ ലഭ്യമാക്കാനും പദ്ധതി നിർവ്വഹിക്കാനും കഴിയാത്ത സാഹചര്യമാണുള്ളത്.
- ഗ്രണഭോക്തൃ ലിസ്റ്റ് യഥാസമയം ലഭ്യമാകാത്തതിനാൽ പദ്ധതികൾ നിർവ്വഹിക്കാനോ നടപടിക്രമങ്ങൾ പൂർത്തിയാക്കാനോ കഴിയുന്നില്ല.

- സാമ്പത്തിക വർഷത്തിന്റെ അവസാന പാദം ഗുണഭോക്തൃലിസ്റ്റും അനുബന്ധ രേഖകളും ലഭ്യമാകുന്ന പ്രവണതയാണുള്ളത്. ഇത് കാര്യക്ഷമമായി നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്നതിന് തടസ്സമാകുന്നു.
- സബ്സിഡി മാനദണ്ഡം പാലിക്കാതെയാണ് പലപ്പോഴും ഗുണഭോക്തൃ ലിസ്റ്റ് ലഭിക്കുന്നത്.
- ഗ്രൂപ്പുകൾക്ക് ബാങ്ക് വായ്പ ലഭിക്കുന്നതിന് ബുദ്ധിമുട്ട് നേരിടുന്നതിനാൽ ഇംപ്ലിമെന്റേഷൻ താമസിക്കുന്നു.
- ഗ്രൂപ്പ് സംരംഭങ്ങൾക്ക് പകരം വ്യക്തിഗത പ്രോജക്ടുകൾ അനുവദിക്കുകയാണെങ്കിൽ സമയബന്ധിതമായി നടപ്പിലാക്കാൻ കഴിയും.
- വ്യവസായ സംരംഭങ്ങൾക്ക് തങ്ങളുടെ സംരംഭങ്ങൾ തുടങ്ങുന്നതിന് നിലവിൽ വിവിധ ഡിപ്പാർട്ടുമെൻറുകളുടെ പദ്ധതികളിലൂടെ സബ്സിഡി നൽകുന്നുണ്ട്. വായ്പ ബന്ധിത പ്രോജക്ടുകൾക്ക് സബ്സിഡിക്ക് പകരം കാർഷിക വായ്പയ്ക്ക് ഇപ്പോൾ നൽകുന്ന 4 ശതമാനം പലിശയിൽ വായ്പ നൽകുകയാണെങ്കിൽ കൂടുതൽ വ്യവസായ സംരംഭകരെ ഈ മേഖലയിലേക്ക് ആകർഷിക്കുവാൻ സാധിക്കും.
- വിവിധ വകുപ്പുകൾ നൽകുന്ന സ്വയം തൊഴിൽ പദ്ധതികളിൽ ലോൺ ലഭിക്കുന്ന സംരംഭകർക്ക് പരിശീലനം നൽകുന്നതിന് വ്യവസായ വകുപ്പിനെ ഏൽപ്പിക്കാവുന്നതാണ്.
- പ്രാദേശികമായ വികസനത്തിന് സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ വലിയ പങ്ക് വഹിക്കുന്നു. തൊഴിലില്ലായ്മ, സാമ്പത്തിക അസമത്വം തുടങ്ങിയവ ലഘൂകരിക്കാൻ ഈ സംരംഭങ്ങൾ സഹായിക്കുന്നു.

# സ്വയം തൊഴിൽ സംരംഭങ്ങൾ – കയർ

ആലപ്പുഴയുടെ സാമ്പത്തിക ജീവനാഡിയാണ് കയർ. കയർ വ്യവസായത്തിന്റെ ആഗോള തലസ്ഥാനമായി ആലപ്പുഴയെ കാണാം. ആറ് താലൂക്കുകളിലായി പരന്ന് കിടക്കുന്ന ആലപ്പുഴ ജില്ലയിൽ ചേർത്തല, അമ്പലപ്പുഴ, കാർത്തികപ്പള്ളി എന്നീ താലൂക്കുകളിലാണ് മുഖ്യമായും കയർ വ്യവസായം കണ്ടുവരുന്നത്. ഇതിൽ അമ്പലപ്പുഴ, ചേർത്തല താലൂക്കുകളിലാണ് കയർ ഉത്പന്ന മേഖലയിലുള്ള വ്യവസായ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത്. കയർ വ്യവസായത്തിൽ സഹകരണ മേഖല പ്രമുഖ പങ്ക് വഹിക്കുന്നുണ്ട്. ചേർത്തല താലൂക്കിലുള്ള കയർ പാർക്ക് 1, 2 കയർ മേഖലയുമായി ബന്ധപ്പെട്ട ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിന് കയർ കയറ്റുമതി സ്ഥാപനങ്ങൾക്ക് മാത്രമായി പ്രവർത്തിക്കുന്ന വ്യവസായ എസ്റ്റേറ്റാണ്.

സംസ്ഥാന സർക്കാരിന്റെ ഉടമസ്ഥതയിൽ കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ, ഫോം മാറ്റിംഗ്സ് ഇന്ത്യ ലിമിറ്റഡ്, കേരള കയർ മെഷീൻ മാനുഫാക്ച്ചറിംഗ് കമ്പനി, കയർഫെഡ് എന്നീ സ്ഥാപനങ്ങളും, 312 ഓളം കയർ സഹകരണ സംഘങ്ങളും അറുപതോളം വൻകിട ഇടത്തരം കയറ്റുമതി സ്ഥാപനങ്ങളും ജില്ലയിൽ പ്രവർത്തിച്ചു വരുന്നു.

കയർ ഉല്പന്നങ്ങളുടെ ആഗോള, തദ്ദേശീയ വിപണികൾ വികസപ്പിക്കുവാനും കയറിന്റെയും പ്രകൃതിദത്ത നാരുകളുടെയും പ്രചരണത്തിനായി 2011 മുതൽ കയർ കേരള എന്ന ഒരു അന്തർദ്ദേശീയ മേള ആലപ്പുഴയിൽ വച്ച് നടത്തിവരുന്നു. 2017 ഒക്ടോബറിൽ ഏഴാമത് കയർ കേരളയും ആലപ്പുഴ ഇ.എം.എസ്. സ്റ്റേഡിയത്തിൽ വച്ച് നടന്നു. അൻപതോളം വിദേശ രാജ്യങ്ങളിൽ നിന്ന് 170 ഓളം പ്രതിനിധികളും ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിൽനിന്ന് പ്രതിനിധികളും പങ്കെടുത്ത കയർ കേരള 2017 നോട് അനുബന്ധിച്ച് അന്തർദേശീയ പവലിയൻ, ദേശീയ പവലിയൻ, ബിസിനസ് മീറ്റ്, അന്തർദേശീയ ദേശീയ സെമിനാറുകൾ, കലാപരിപാടികൾ, വിവിധ മത്സരങ്ങൾ, തൽസമയ കയർ ചാപ്ര, ചിത്ര പ്രദർശനങ്ങൾ എന്നിവ നടന്നു. കയർ കേരളയുടെ സ്ഥിരം ആസ്ഥാനം ആലപ്പുഴയാണ്.

ആലപ്പുഴയിലും കായംകുളത്തുമായി രണ്ട് കയർ പ്രോജക്ട് ഓഫീസുകളാണ് ജില്ലയിൽ നിലവിലുള്ളത്. ആലപ്പുഴ ജില്ലയിൽ ഇപ്പോൾ 224 കയർപിരി സംഘങ്ങളും 34 കയർ മാറ്റ്സ് & മാറ്റിംഗ്സ് സംഘങ്ങളും 54 കയർ മാറ്റ്സ് & മാറ്റിംഗ്സ് പ്രൊഡ്യൂസേഴ്സ് സംഘങ്ങളും അടക്കം ആകെ 312 സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. നാളികേരം ഉല്പാദനമാണ് തൊണ്ടിന്റെയും ചകിരിയുടെയും കയറിന്റെയും ആധാരം. ആലപ്പുഴ ജില്ലയിൽ 33227 ഹെക്ടറിലായി 1870000 ടണ് തേങ്ങയാണ് 2015–16 ൽ ഉല്പാദിപ്പിച്ചത്. ആലപ്പുഴ ജില്ലയിൽ 2016–17 വർഷം 705.45 ക്വിൻറൽ ചകിരി മാത്രമാണ് ഉല്പാദിപ്പിച്ചത്. 2016–17 ലെ ജില്ലയിലെ കയർഉല്പാദനം 72481.58 ക്വിൻറലാണ്. കയർ മാറ്റ്സ്, മാറ്റിംഗ്സ് എന്നിവയുടെ ആകെ ഉല്പാദനം 141849.79 ക്വിൻറലാണ്. 2016 –17 വർഷം കയർ പിരിമേഖലയിൽ ആകെ 78875 തൊഴിലാളികൾ ജോലിചെയ്തിട്ടുണ്ട്. കയർ ഉല്പന്ന നിർമ്മാണ മേഖലയിൽ 8779 പേരും ജോലി ചെയ്തിട്ടുണ്ട്. ആകെ 88654 പേർ.

**ആലപ്പുഴ ജില്ലയിലെ നാളികേര ഉല്പാദനം**

| വർഷം | കൃഷി ഭൂമിയുടെ വിസ്തീർണ്ണം ഹെക്ടറിൽ | നാളികേരത്തിൻറെ എണ്ണം |
|---|---|---|
| 2013–14 | 36880 | 218000000 |
| 2014–15 | 35161 | 217000000 |
| 2015–16 | 33227 | 187000000 |

*(അവലംബം – Agricultural Statistics 2013–14, 2014–15, 2015–16 of published by the Department of Economics and Statistics)*

**2012-13 മുതൽ 2016–17 വരെ ആലപ്പുഴയിലെ കയർ തൊഴിലാളികൾ ഉല്പാദിപ്പിച്ച ചകിരി, കയർ, കയർ തടുക്ക്, പായ എന്നിവകൾ സംബന്ധിച്ച വിവരങ്ങൾ**

*(തുക ലക്ഷത്തിൽ)*

| വർഷം | തൊഴിലാളികളുടെ എണ്ണം | ചകിരി ഉല്പാദനം | | കയർ ഉല്പാദനം | | കയർ ഉല്പന്നങ്ങളുടെ ഉല്പാദനം | |
|---|---|---|---|---|---|---|---|
| | | കിന്റൽ | വില | കിന്റൽ | വില | കിന്റൽ | വില |
| 2012–13 | 61359 | 76.84 | 1.30 | 62431.68 | 2196.04 | 85116,04 | 2786.11 |
| 2013–14 | 89622 | 226.06 | 3.84 | 6952.21 | 2804.09 | 49732.45 | 7072.51 |
| 2014–15 | 92413 | 664.89 | 11.303 | 70703.2 | 3692.24 | 15965.3 | 12293.32 |
| 2015–16 | 96017 | 710.9 | 12.08 | 93650.80 | 3618.21 | 96211.83 | 7412.31 |
| 2016–17 | 88654 | 2378.26 | 40.43 | 72481.58 | 3261.67 | 141849.79 | 10314.70 |

*(അവലംബം – Working Report of Coir Cooperative Societies, Alappuzha and Kayamkulam Projects)*

**വികസന വിടവുകൾ**

ജില്ലയിലെ നാളികേര ഉല്പാദനം പ്രതിവർഷം കുറയുന്നത് കാണാം. ഉല്പാദിപ്പിക്കുന്ന നാളികേരത്തിന്റെ തന്നെ തൊണ്ട് സംഭരിക്കാൻ കഴിയുന്നില്ല. പ്രധാന തൊഴിൽ മേഖലയായ കയർ മേഖലയിലെ അസംസ്കൃത വസ്തുവായ ചകിരിയുടെ ലഭ്യതക്കുറവും ഉല്പാദനക്കുറവും ഈ മേഖലയുടെ വളർച്ചയെ സാരമായി ബാധിക്കുന്നു. ജില്ലയിൽ ലഭ്യമാകുന്ന ചകിരിയുടെ 90 ശതമാനം തമിഴ്നാട്ടിൽ നിന്നാണ് എത്തുന്നത്. ചകിരി വിലയുടെ നിയന്ത്രണാതീതമായ ഏറ്റക്കുറച്ചിലുകൾ കയർ, കയർ ഉത്പന്നങ്ങളുടെയും വില സ്ഥിരതയെ പ്രതികൂലമായി ബാധിക്കുന്നു. ജില്ലയിൽ ലഭ്യമാകുന്ന തൊണ്ടുകളുടെ 50 ശതമാനത്തോളം ചകിരി ഉത്പാദന മേഖലയിൽ ലഭ്യമാവുകയാണെങ്കിൽ തന്നെ ഈ പ്രതിസന്ധിക്ക് ഒരു പരിധിവരെ പരിഹാരമുണ്ടാക്കാൻ കഴിയുന്നതാണ്.

കയർ, കയർ-ഉത്പന്ന മേഖലയിൽ വളരെ വിദഗ്ധരായ തൊഴിലാളികൾ ഉണ്ടെങ്കിലും പുതിയ തലമുറ ഈ തൊഴിലിനോട് പുറംതിരിഞ്ഞ് നില്ക്കുന്ന അവസ്ഥയാണുള്ളത്. കയർ മേഖലയിൽ തൊഴിലെടുക്കുന്ന തൊഴിലാളികളുടെ ശരാശരി പ്രായം 46 വയസിനും 60 വയസിനും ഇടയിലാണ്. പുതിയ തലമുറയിലുള്ള യുവതിയുവാക്കളെ ഈ മേഖലയിലേക്ക് ആകർഷിക്കുവാനുള്ള പരിശീലന പരിപാടികൾ ആവിഷ്കരിക്കേണ്ടതുണ്ട്.

സ്വയം തൊഴിൽ രംഗത്ത് പ്രധാന വികസന വിടവ് ലൈസൻസിംഗ് ഏജൻസികൾ പലപ്പോഴും പുതുസംരംഭങ്ങളോട് പുറം തിരിഞ്ഞ് നിൽക്കുന്നു എന്നുള്ളതാണ്. പുതുസംരഭങ്ങളുണ്ടാവുക, നിലവിലുള്ള സംരംഭങ്ങൾ വികസിക്കുക എന്നിവ ലൈസൻസിംഗ്, ക്ലിയറൻസ്, ധനകാര്യ സ്ഥാപനങ്ങൾ തങ്ങളുടെ കൂടി ആവശ്യമായി കരുതേണ്ടിയിരിക്കുന്നു.

കയർ സ്വയം തൊഴിൽ മേഖലകളുമായി ബന്ധപ്പെട്ട ആലപ്പുഴ ജില്ല നേരിടുന്ന പ്രധാന പ്രശ്നങ്ങൾ

- നാളികേര ഉല്പാദനമുണ്ടെങ്കിലും തൊണ്ടിന്റെ ലഭ്യതകുറവ്.
- ചകിരിയുടെ ലഭ്യത ഇല്ലായ്മ. തമിഴ്നാടിനോടുള്ള ആശ്രിതത്വം മൂലം വിലയിൽ നിയന്ത്രണമില്ല.
- തൊണ്ട് സംഭരിക്കുവാനും ചകിരിയാക്കുവാനും കഴിയുന്നില്ല.
- യന്ത്രവത്ക്കരണത്തിന്റെ അപര്യാപ്തമൂലം ഉത്പാദനക്ഷമത കുറവ്.
- കയർ മേഖലയിലെ കുറഞ്ഞ കൂലി നിരക്ക്.
- ചകിരി, കയർ, കയർ ഉത്പന്നമേഖലകളിലെ യന്ത്രവത്ക്കരണത്തിന്റെ അഭാവവും മന്ദഗതിയും.
- ആലപ്പുഴയിൽ ലഭ്യമാകുന്ന തൊണ്ടുകളിൽ നിന്നും ലഭിക്കുന്ന ചകിരിയുടെ അളവിന്റെ കുറവും ഗുണമേന്മയിലെ കുറവും.
- കയർ ഉത്പന്ന നിർമ്മാണ രംഗത്തെ വിദേശ കമ്പോളത്തിലെ ഇടിവ്.
- പുതുസംരഭകന് വായ്പ നൽകാൻ ബാങ്കുകൾ മടിക്കുന്നു.
- പുതുസംരംഭങ്ങൾക്ക് സ്ഥലം, കെട്ടിടം തുടങ്ങിയവയുടെ അലഭ്യത.
- സംരഭങ്ങൾക്ക് ആവശ്യമായ ലൈസൻസുകൾ, ക്ലിയറൻസുകൾ, തുടങ്ങിയവ ലഭിക്കുന്നതിനുള്ള തടസ്സങ്ങൾ, കാലതാമസം.
- ഓരോ പ്രദേശത്തും വിജയകരമായി നടത്താവുന്ന സംരഭങ്ങളെയും അവയ്ക്ക് ലഭ്യമായ സഹായങ്ങളെയും കുറിച്ചുള്ള അറിവിന്റെ അഭാവം

## കാഴ്ചപ്പാട്

- പ്രാദേശികമായി ചകിരി ഉത്പാദന രംഗത്ത് ഉത്പാദന ക്ഷമത വർദ്ധിപ്പിക്കുവാനും അത് മൂലം ചകിരി ക്ഷാമം പരിഹരിക്കുവാനും തമിഴ്നാടിനോടുള്ള അമിത ആശ്രയത്വം മാറ്റിയെടുക്കുവാനുമായി സഹകരണ മേഖലയിൽ പുതിയതായി ഡിഫൈബറിംഗ് മില്ലുകൾ സ്ഥാപിക്കുക. കയറിന്റെ ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി നിലവിലുള്ള പരമ്പരാഗത റാട്ടിനു പകരം ഇലക്ട്രോണിക് റാട്ടുകൾ നല്കിയും സ്ഥല സൌകര്യങ്ങൾ ആവശ്യത്തിന് ലഭ്യമായ സഹകരണ സംഘങ്ങളിൽ ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിച്ച് കയർപിരി മേഖലയിൽ ഇപ്പോഴുള്ള ഉത്പാദനക്ഷമത നാലിരട്ടിയിൽ അധികം വർദ്ധിപ്പിക്കുക.
- സ്വകാര്യ മേഖലയിലും പുതിയ ഡീഫൈബറിംഗ് മില്ലുകൾ സ്ഥാപിച്ച് ജില്ലയിൽ ആവശ്യമായി വരുന്ന ചകിരിയുടെ 50 ശതമാനത്തോളം ജില്ലയിൽ തന്നെ ഉത്പാദിപ്പിക്കുക എന്നതാണ് പരിഹാരം. ജില്ലയിൽ ലഭ്യമാകുന്ന നാളികേരം പരമാവധി സംഭരിച്ച് ചകിരിയാക്കുവാൻ കഴിയുകവഴി തമിഴ്നാടിനെ മാത്രം ആശ്രയിച്ച് നില്ക്കുന്ന കയർ മേഖലയ്ക്ക് പുത്തൻ ഉണർവുണ്ടാക്കുക. ചകിരി ഉത്പാദനം അതാത് നാളികേര ഉത്പാദന മേഖലയിൽ തന്നെ പ്രോത്സാഹിപ്പിച്ച് കൃഷിക്കാരുമായി ബന്ധപ്പെടുത്തിയും

പഞ്ചായത്തുകൾതോറും കുടുംബശ്രീയുമായി ബന്ധപ്പെടുത്തിയും, നാളികേര ക്ലസ്റ്ററുകളായി ബന്ധപ്പെടുത്തിയും കയർ സഹകരണ സംഘങ്ങൾ മുഖേനയും തൊണ്ട് സംഭരണം ത്വരിതപ്പെടുത്തുക. കയർ രംഗത്തെ കേന്ദ്രഗവേഷണ സ്ഥാപനമായ സി.ഡി.ആർ.ഐ. സംസ്ഥാനതല ഗവേഷണ സ്ഥാപനമായ എൻ.സി.ആർ.എം.ഐ. എന്നിവയുടേയും മറ്റ സർവകലാശാലകളുടേയും ഗവേഷണ സ്ഥാപനങ്ങളുടേയും അറിവുകൾ ഉത്പാദന രംഗത്ത് കൊണ്ട് വരുക. ഉദാഹരണമായി ജലാശയങ്ങളിൽ അഴിക്കിയിരുന്ന തൊണ്ടിൽ നിന്നും ലഭിച്ചിരുന്ന സുവർണ്ണ നാര് ജലാശയങ്ങളിൽ അഴുക്കാതെയും രാസവസ്തുക്കൾ ഉപയോഗിക്കാതെയും ഉത്പാദിപ്പിക്കുന്ന സാങ്കേതികവിദ്യ തിരുവനന്തപുരത്തെ **NIIST-CSIR** വികസിപ്പിച്ചിട്ടുണ്ട്. സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുവാനായി വായ്പക്കാരന് സർക്കാർ ജാമ്യം നൽകുന്ന അഥവാ ധനസഹായ സ്ഥാപനത്തിന് ഗ്യാരണ്ടി നൽകുന്ന **CGTMSE** യുടെ വ്യവസ്ഥകൾ കൂടുതൽ ഉദാരമാക്കുക. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ കമ്മറ്റികൾ രൂപീകരിച്ച് ഇക്കാര്യത്തിൽ കൂടുതൽ സജീവമായി ഇടപെടുക. തിരിച്ചടവ് സംബന്ധിച്ച് ധനകാര്യ സ്ഥാപനങ്ങളുടെ ബുദ്ധിമുട്ട് പങ്കുവെച്ച് വായ്പക്കാരെകൊണ്ട് തിരിച്ചടക്കാൻ സമ്മർദ്ദം ചെലുത്തുക. സർക്കാർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സഹകരണബാങ്കുകൾ തുടങ്ങിയവ ബഹുനിലസംരംഭപാർക്കുകൾ സ്ഥാപിക്കുക. കെട്ടിടനിർമ്മാണ ചട്ടങ്ങളിൽ ഇളവ് വരുത്തുക. ജില്ലാ കളക്ടർ ചെയർപേഴ്സണും ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ കൺവീനറുമായ വ്യവസായ ഏക ജാലക സംവിധാനത്തെ സുശക്തമാക്കുക. ബ്ലോക്ക്, പഞ്ചായത്ത്, മുനിസിപ്പാലിറ്റി തലങ്ങളിലും ഇത്തരം സംവിധാനങ്ങൾ ഉണ്ടാക്കുക. സ്വയം സാക്ഷ്യപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ സംരംഭങ്ങൾ ആരംഭിക്കാനുള്ള താൽക്കാലിക അനുമതി നൽകുക. ജില്ലാ വ്യവസായ കേന്ദ്രത്തോടൊപ്പമുള്ള സംരംഭക സഹായ സെല്ലുകളെ (EG cell) വിവിധ സംരംഭക സഹായ ഏജൻസികളുമായി ബന്ധിപ്പിച്ച് വിപുലീകരിക്കുക. ലഭ്യമായ സംവിധാനങ്ങളെ സംബന്ധിച്ച പൂർണ്ണമായ അറിവ് ബോർഡുകൾ, പുസ്തകങ്ങൾ, ഇൻറർനെറ്റ്, സോഫ്റ്റ് കോപ്പികൾ, ലഘുലേഖകൾ, നേരിട്ടുള്ള അഭിമുഖ സഹായം തുടങ്ങിയവയിലൂടെ നൽകുക. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സംരംഭക സഹായ സെല്ലുകൾ (EG cell ) സ്ഥാപിക്കുക. കോളേജുകളിൽ സംരംഭക വികസന (ഇ.ഡി.) ക്ലബ്ബുകൾ, സംരംഭക സഹായ (EG cell) സെൽ തുടങ്ങിയവയ്ക്കായി കൂടുതൽ പണം അനുവദിക്കുക. പലതലങ്ങളിലായി വർക്ക് ഷോപ്പുകൾ, ക്ലാസ്സുകൾ, പരിശീലനങ്ങൾ തുടങ്ങിയവ നടത്തുക. തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ വ്യവസായ ഇൻകുബേഷൻ സെൻറുകൾ തുറക്കുക. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്ക് സ്വയം തൊഴിൽ സംബന്ധിച്ച് ക്ലാസ്സ് നൽകുകയും അവർ ജനങ്ങളിലേയ്ക്ക് ക്ലാസുകൾ മുഖേന അറിവ് പകരുകയും ചെയ്യുക.

## ലക്ഷ്യങ്ങൾ

- ജില്ലയിൽ ലഭ്യമാകുന്ന തൊണ്ടിന്റെ 50 ശതമാനം പഞ്ചായത്തുകൾ, കുടുംബശ്രീ, കയർ സഹകരണ സംഘങ്ങൾ എന്നിവ മുഖേന സംഭരിക്കുക.
- ചകിരി ഉത്പാദന രംഗത്ത് സഹകരണ മേഖലയിൽ 25 ഓളം ഡീഫൈബറിംഗ് മില്ലുകളും ചകിരി അഴിയിപ്പിക്കുന്നതിനുള്ള വില്ലോയിംഗ് മെഷീനുകളും സ്ഥാപിക്കുക.
- കയർ മേഖലയിലെ യന്ത്രവത്ക്കരണത്തിന്റെ ഭാഗമായി 6000 ഇലക്ട്രോണിക് റാട്ടുകളും 500 ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകളും സ്ഥാപിച്ച് കയർ ഉത്പാദന രംഗത്ത്

വർദ്ധനവുണ്ടാക്കുകയും ആ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് കൂലി വർദ്ധനവുണ്ടാക്കുകയും തൊഴിൽ സാഹചര്യങ്ങൾ മെച്ചപ്പെടുത്തുകയും ചെയ്യുക.


- കയർ മാറ്റ്സ് ആന്റ് മാറ്റിംഗ്സ് സഹകരണ സംഘങ്ങളിൽ 5 ടഫ്റ്റഡ് മാറ്റ്സ് മാനുഫാക്ച്ചറിംഗ് യൂണിറ്റുകൾ സ്ഥാപിച്ച് കയർ ഉത്പന്ന നിർമ്മാണ രംഗത്ത് ഉത്പാദന ക്ഷമത വർദ്ധിപ്പിക്കുക, ഉത്പന്ന വൈവിധ്യവത്ക്കരണം നടപ്പിലാക്കുക.
- ആലപ്പുഴയിൽ തൽസമയ കയർമ്യൂസിയം സ്ഥാപിക്കുക.
- ചകിരി ഉത്പാദന രംഗത്ത് നിന്ന് ലഭിക്കുന്ന ചകിരിച്ചോറ് ഉപയോഗിച്ച് വിവിധ തരത്തിലുള്ള ഉത്പന്നങ്ങൾ നിർമ്മിക്കുക, കയർ – കരകൌശല ഉത്പന്നങ്ങളുടെ വിപണനം ശക്തമാക്കുക എന്നിവയും വകുപ്പിന്റെ ലക്ഷ്യമാണ്.
- പൊടിച്ചകിരി ഉപയോഗിച്ച് ചെടിച്ചട്ടികൾ മെത്തകൾ തുടങ്ങിയവ ഉല്പാദിപ്പിക്കുന്ന യൂണിറ്റുകൾ ആരംഭിക്കുക.
- നീഡിൽ ഫെല്റ്റ് ഫാക്ടറികൾ സ്ഥാപിക്കുക.
- സർക്കാർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സഹകരണബാങ്കുകൾ തുടങ്ങിയവ ബഹുനിലസംരംഭപാർക്കുകൾ സ്ഥാപിക്കുക.
- പലതലങ്ങളിലായി വർക്ക് ഷോപ്പുകൾ, ക്ലാസ്സുകൾ, പരിശീലനങ്ങൾ തുടങ്ങിയവ നടത്തുക.
- കയർ, തദ്ദേശീയ ഉല്പന്നങ്ങളുടെ ആഭ്യന്തര വിപണി വികസിപ്പിക്കുന്നതിനായി വിപണന മേളകൾ സംഘടിപ്പിക്കുക.
- കാർഷിക വകുപ്പുമായി ബന്ധപ്പെട്ട് തെങ്ങ് കൃഷിയുടെ വ്യാപനത്തിനു വേണ്ടി ദീർഘകാല പദ്ധതികൾ ആവിഷ്കരിക്കാവുന്നതാണ്.
- കൃഷി വകുപ്പുമായി ചേർന്നുകൊണ്ട് ലഭ്യമായ നാളികേരത്തിൽ നിന്ന് പരമാവധി തൊണ്ട് സംഭരിക്കുവാനും അതിന് കർഷകർക്ക് ന്യായവില ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.
- സഹകരണ മേഖലയിൽ ഡി.എഫ്. യൂണിറ്റുകൾ ഉള്ളവരും മറ്റുള്ള സഹകരണ സംഘങ്ങളും ഓരോ പഞ്ചായത്തുകളിലെയും വാർഡുകൾ കേന്ദ്രീകരിച്ച് പഞ്ചായത്തിന്റെയും കുടുംബശ്രീയുടെയും സഹായത്തോടെ തൊണ്ട് സംഭംരണശാലകൾ സ്ഥാപിക്കുന്നത് തൊണ്ട് സംഭംരണ പ്രക്രിയയ്ക്ക് ആക്കം കൂട്ടാൻ സഹായിക്കും.
- ടൂറിസം വകുപ്പുമായി ബന്ധപ്പെട്ട് ടൂറിസം മേഖലയിൽ കയർ ഉത്പന്നങ്ങളുടെ പ്രദർശനത്തിനും വിപണനത്തിനുമായി വിൽപ്പന കേന്ദ്രങ്ങൾ ആരംഭിക്കുക.

രണ്ടാം കയർ പുന:സംഘടനയുടെ ഭാഗമായി കയർ മേഖലയിൽ ഈ വർഷം ആരംഭിച്ച പുതിയ വികസന മാതൃകയാണ് കയർ ഭ്രുവസ്തു വിതാനം. വിവിധ ഭ്രുപ്രദേശങ്ങളിലെ സംരക്ഷണ പ്രുവർത്തനങ്ങൾക്ക് കയർ ഭ്രുവസ്തുത്തിന്റെ ആവശ്യകത മനസ്സിലാക്കി പരിസ്ഥിതിക്ക് ദോഷം വരാത്ത ഉത്പന്നമായ കയർ ഭ്രുവസ്തും ഉപയോഗിച്ച് കൊണ്ട് സംസ്ഥാനത്ത് ഉടനീളം നീർത്തട സംരക്ഷണത്തിനായി ജില്ലയിലെ പഞ്ചായത്തുകളിൽ നിന്നും 22 കോടി രുപയുടെ ഭ്രുവസ്തുത്തിനുള്ള ഓർഡറുകൾ ശേഖരിക്കുകയും സംസ്ഥാനത്താകെ 120 കോടി രുപയുടെ ഓർഡറുകൾ ശേഖരിക്കുകയും വഴി ആലപ്പുഴ ജില്ലയിലെ കയർ മേഖലയുമായി ബന്ധപ്പെട്ട എല്ലാ


തലങ്ങളിലും ഗണ്യമായ തൊഴിലവസരങ്ങളുടെ വർദ്ധനവിനും മെച്ചപ്പെട്ട വേതന ലഭ്യതയ്ക്കും കാരണമായിട്ടുണ്ട്.

കൂടാതെ കടൽത്തീര സംരക്ഷണത്തിനായി കയർ പായ ഒരുവശം ലാറ്റക്സ് ലെയർ ചെയ്ത് വലിയ ചാക്കുകളിൽ മണൽ നിറച്ച് അടുക്കി വയ്ക്കുന്ന പരീക്ഷണവും ആലപ്പുഴ ഓമനപ്പുഴ കടൽത്തീരത്ത് ചെയ്തുവരുന്നു. ദേശീയ കയർ ഗവേഷണ മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് (NCRMI) ഫോംമാറ്റിംഗ്സും ചേർന്ന് നടത്തുന്ന ഈ പരീക്ഷണം വിജയിച്ചാൽ കേരളത്തിന്റെ തീരസംരക്ഷണത്തിന് അത് വലിയൊരു ഹരിതപരിഹാരമാവും. ഒപ്പം കയർമേഖലയ്ക്ക് വലിയൊരു വളർച്ചാ സാധ്യതയും തുറക്കും.

**സ്ഥലപരാസൂത്രണ രേഖാചിത്രം**



# COIR INDUSTRY-IMPORTANT OFFICES IN ALAPPUZHA



## നിർദ്ദേശങ്ങൾ

### മേല്ലട്ട്

- അതിവേഗമുള്ള യന്ത്രവത്ക്കരണവും ആധുനിക വത്ക്കരണവുമാണ് ചകിരി, കയർ, കയർ ഉല്പന്ന രംഗത്തെ തളർച്ചകൾ പരിഹരിക്കുന്നതിനും ഉല്പാദനക്ഷമതയും, കൂലിനിരക്കും ഉയർത്തുവാനുമുള്ള വഴി.
- കയർ കമ്പോസ്റ്റ് ബോർഡുകൾ, നീഡിൽ ഫെൽറ്റ്, ടഫ്റ്റിംഗ് മാറ്റ് തുടങ്ങിയ മേഖലകളിൽ ഗവേഷണ – വികസന – ഉല്പാദന പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കേണ്ടതാണ്.
- സർക്കാർ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ തുടങ്ങിയവയിൽ ഹരിത പ്രോട്ടോക്കോൾ പാലിച്ചുകൊണ്ട് കയർ തടുക്കുകളും, കയർ പായകളും വാങ്ങി ഉപയോഗിക്കാൻ നയപരമായി തീരുമാനം എടുക്കാവുന്നതാണ്.

### കീഴ്ട്ട്

- തൊണ്ട് പരമാവധി സംഭരിച്ച് ചകിരി ഉല്പാദിപ്പിക്കാം. അതിനായി പഞ്ചായത്തുകളുടെ സഹായത്തോടെ കുടുംബശ്രീകൾക്ക് ചകിരിമില്ലുകൾ സ്ഥാപിക്കാം.
- കയർ തടുക്ക്, കയറ്റുപായ, കരകൌശല ഉല്പന്നങ്ങൾ തുടങ്ങിയവയ്ക്കുള്ള ദേശീയ വിപണി കണ്ടെത്തുകയും വികസിപ്പിക്കുകയും ചെയ്യുക.
- കയർ ഉല്പന്നങ്ങൾ സർക്കാർ ഓഫീസുകളിൽ വ്യാപകമായി ഉപയോഗിക്കുവാനുള്ള നിർദ്ദേശം നല്കാവുന്നതാണ്. കയർ ഉല്പന്നങ്ങൾ ഹരിത ഉല്പന്നങ്ങൾ എന്ന നിലയിലും നാടൻ ഉല്പന്നം എന്ന നിലയിലും ആലപ്പുഴക്കാരും കേരളീയരും കൂടുതൽ വാങ്ങുന്ന ഒരു ശീലം വളർത്താനും നാം ശ്രമിക്കേണ്ടതുണ്ട്.
- ഇന്ന് കയർ വ്യവസായം ഇല്ലാത്ത കുട്ടനാട്, മാവേലിക്കര, ചെങ്ങന്നൂർ താലൂക്കുകളിൽ യന്ത്രവല്കരണത്തിന്റെ പുതിയ സാഹചര്യത്തിൽ കയർ സഹകരണ സംഘങ്ങൾ രൂപീകരിക്കാവുന്നതാണ്.
- ചകിരിച്ചോറ് ഉപയോഗിച്ച് മൂല്യവർദ്ധിത ഉല്പന്നങ്ങളായ ജൈവവളം, ബ്രിക്കറ്റ് തുടങ്ങിയവ ഉല്പാദിപ്പിക്കുന്ന യൂണിറ്റുകൾക്ക് പ്രോത്സാഹനവും സബ്സിഡിയും നല്കാവുന്നതാണ്.
- പൊടിച്ചകിരി ഉപയോഗിച്ച് ചെടിച്ചട്ടികൾ, മെത്തകൾ തുടങ്ങിയവ ഉല്പാദിപ്പിക്കുന്ന യൂണിറ്റുകൾ ആരംഭിക്കുന്നതിന് പ്രോത്സാഹനം നല്കാവുന്നതാണ്.
- ഹൈവേകളിലും പ്രധാന റോഡുകളിലും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലോ, ധന സഹായത്തോടെയോ കയർ ഉല്പന്നങ്ങളുടെയും മറ്റ് തദ്ദേശീയ ഉല്പന്നങ്ങളുടെയും വിപണന ഷോറൂമുകൾ ആരംഭിക്കാവുന്നതാണ്.
- കയർ ഉല്പന്നങ്ങളുൾപ്പടെയുള്ള മറ്റ് തദ്ദേശീയ ഉല്പന്നങ്ങളുടെ വിപണനത്തിനായി വിപണന മേളകൾ എല്ലാതട്ടുകളിലും നടത്താവുന്നതാണ്.
- ആലപ്പുഴയുടെ വിഭവങ്ങളുപയോഗിച്ച് കൂടുതൽ വൈവിധ്യമുള്ള ഉൽപന്നങ്ങൾ ഉണ്ടാക്കുകയും അവ വിപണനം നടത്തുകയും ചെയ്യുന്നതുവഴി കൂടുതൽ തൊഴിൽ മേഖലകൾ നമുക്ക് തുറക്കാൻ കഴിയും.
- തെങ്ങ് തടി സംസ്കരിച്ച് ഫർണ്ണിച്ചറുകളും മറ്റും നിർമ്മിക്കാവുന്നതാണ്.

- മെടഞ്ഞ ഓലയ്ക്ക് ഇന്ന് വിനോദസഞ്ചാര റിസോർട്ടുകൾ, പുരവഞ്ചികൾ തുടങ്ങിയവയുമായി ബന്ധപ്പെട്ട് പുതിയ വിപണി ഉണ്ടായിട്ടുണ്ട്. എന്നാൽ ആലപ്പുഴയിൽ ഓലമെടയൽ തീരെയില്ല. പരിശീലനം നൽകി യൂണിറ്റുകൾ ഉണ്ടാക്കാവുന്നതാണ്.
- കയർ, കോമ്പോസിറ്റ് ബോർഡുകൾ, ടഫ്റ്റിംഗ് മാറ്റുകൾ, നീഡിൽഫെൽറ്റ് തുടങ്ങിയ മേഖലകളിൽ വികസിക്കുന്ന ആഗോള വിപണിക്ക് അനുസൃതമായി കൂടുതൽ യൂണിറ്റുകൾക്ക് സാധ്യതയുണ്ട്.
- ചിരട്ട ഉപയോഗിച്ച് കരകൗശല വസ്തുക്കൾ, ഐസ്ക്രീം കപ്പ് തുടങ്ങിയവയ്ക്ക് അന്തർദേശീയ വിപണിയിൽ നല്ല ഡിമാന്റ് ഉണ്ട്. ഈ മേഖലയിൽ പരിശീലനം നൽകാം.
- ചിരട്ട നിയന്ത്രിതമായി കരിച്ച് **Activated Charcoal** ഉല്പാദിപ്പിക്കുന്ന യൂണിറ്റുകളെ പ്രോത്സാഹിപ്പിക്കാം.
- തെങ്ങിൽ നിന്നുള്ള കരകൗശല വസ്തുക്കൾക്ക് വലിയ സാധ്യതയുണ്ട്.
- ചെറുകിട സംരംഭകർക്ക് ഉൽപന്ന വിപണനത്തിനായി സ്ഥിരം സംവിധാനങ്ങൾ ദേശീയ പാതയിലും ടൗൺഷിപ്പുകളിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഉറക്കാൻ കഴിയും.
- കേരളത്തിന്റെ മുഖ്യനെല്ലറയായ കുട്ടനാട്ടിൽ നെല്ല് / അരി സംസ്കരണ കേന്ദ്രങ്ങളില്ല. അരി, തവിട് എന്നിവ സംസ്കരിക്കുന്ന യൂണിറ്റുകൾ ആരംഭിക്കാവുന്നതാണ്.
- മത്സ്യ, കക്ക സംസ്കരണ യൂണിറ്റുകൾ കൂടുതലായി ആരംഭിക്കാവുന്നതാണ്.
- അലങ്കാര മത്സ്യം, മറ്റ് മത്സ്യങ്ങളുടെ ഫാമുകൾ എന്നിവയ്ക്ക് കൂടുതൽ സാധ്യതയുണ്ട്.
- പ്ലാസ്റ്റിക്ക്, ഇലക്ട്രോണിക് മാലിന്യങ്ങൾ, മറ്റ് മാലിന്യങ്ങൾ തുടങ്ങിയവ പുതിയ ഉല്പന്നങ്ങളാക്കി മാറ്റാവുന്നതാണ്. അങ്ങനെ മലിനീകരണം തടയുന്നതോടൊപ്പം കൂടുതൽ തൊഴിലവസരങ്ങളും ഉണ്ടാകും.
- കൂടുതൽ പരിശീലന പരിപാടികൾ പൊതുവിലും സ്ത്രീകൾക്ക് പ്രത്യേകിച്ചും നടപ്പിലാക്കണം. പൊതു സംരംഭവികസന വിഷയങ്ങളിലും നൈപുണ്യ വികസനരംഗത്തും പരിശീലനം ആവശ്യമാണ്.

സർക്കാർ, ജില്ലാപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റികൾ എന്നീ മേല്ത്തട്ട് കീഴ്ത്തട്ട് ഭരണ ആസൂത്രണ തലങ്ങളുടെ പരസ്പര സഹകരണത്തോടെ മേല്പറഞ്ഞവ നടപ്പിലാക്കാൻ കഴിയട്ടെ എന്ന് പ്രത്യാശിക്കുന്നു.

# 4.2 സേവന മേഖല

# ആരോഗ്യം

## a) അലോപ്പതി

കേരളത്തിന്റെ പൊതുവായ ആരോഗ്യസ്ഥിതിയിൽ നിന്നും വലിയ വ്യത്യാസം ഒന്നും ഇല്ലാത്തതാണ് ആലപ്പുഴയിലെയും ആരോഗ്യ രംഗം. ഭൂമിശാസ്ത്രപരമായി മൂന്ന് വ്യത്യസ്ത മേഖലയായി ജില്ലയെ തരംതിരിക്കാവുന്നതാണ്. അരൂർ മുതൽ വലിയഴിക്കൽ വരെ നീട്ടുന്ന തീരദേശമാണ് ഒന്ന്. ഏറെ പ്രത്യേകതകൾ ഉള്ള കുട്ടനാട് മറ്റൊന്ന്. ജില്ലയിലെ തെക്ക് കിഴക്കൻ മേഖലയാണ് മറ്റൊന്ന്. ഭൂമിശാസ്ത്രപരമായുള്ള പ്രത്യേകതകൾ നേരിയ തോതിലെങ്കിലും പ്രസ്തുത മേഖലകളിലെ വ്യത്യസ്തമായ പൊതുജനാരോഗ്യ പ്രശ്നങ്ങളിലും പ്രതിഫലിക്കുന്നതാണ്.

**ജില്ലയിലെ മറ്റ് ചില സൂചികകൾ താഴെ ചേർക്കുന്നു.**

| | |
|---|---|
| ജനന നിരക്ക് | 9.39 |
| മരണ നിരക്ക് | 7.66 |
| ശിശുമരണ നിരക്ക് | 130 |
| മാതൃമരണ നിരക്ക് | 9 |

*(അവലംബം: ജില്ലാ സ്റ്റാറ്റിസ്റ്റിക് വിഭാഗം)*

**ലിംഗാനുപാതം**

| | |
|---|---|
| അഞ്ചു വയസ്സുവരെയുള്ള കുട്ടികളിൽ | 1000-939 |
| അതിന് മുകളിലുള്ള പ്രായമുള്ളവരിൽ | 1000-1100 |
| പ്രായമായവരുടെ ശതമാനം | 13.79 |
| ഭിന്നശേഷിയുള്ളവരുടെ വിവരങ്ങൾ | ലഭ്യമല്ല |

*(അവലംബം: ജില്ലാ സ്റ്റാറ്റിസ്റ്റിക് വിഭാഗം)*

**എസ്.സി.വിഭാഗത്തിൽപ്പെട്ട ആൺ-പെൺ പ്രായാടിസ്ഥാനത്തിലുള്ള വിവരങ്ങൾ**

| | |
|---|---|
| ആകെ ജനസംഖ്യ | 201211 |
| ആണ് | 97183 |
| പെണ്ണ് | 107028 |

*(അവലംബം – പട്ടികജാതി വികസന കാര്യാലയം)*

| | |
|---|---|
| 6 വയസ്സുവരെയുള്ള കുട്ടികൾ ആകെ | 18403 |
| ആണ് | 9427 |
| പെണ്ണ് | 8979 |

*(അവലംബം: ജില്ലാ സ്റ്റാറ്റിസ്റ്റിക് വിഭാഗം)*

| | |
|---|---|
| ഇതര സംസ്ഥാനക്കാരുടെ ജനസംഖ്യ | 19851 |
| ആൺ | 18861 |
| പെൺ | 990 |

*(അവലംബം: ലേബർ ഡിപ്പാർട്ട്മെന്റ്)*

**മരണം സംബന്ധിച്ച വിവരങ്ങൾ**

| | |
|---|---|
| പൊതു മരണം | 16385 |
| മരണനിരക്ക് | 7.66 |
| പകർച്ചവ്യാധി മരണങ്ങൾ | 2016 ൽ 13 ഉം 2017 ൽ 11 ഉം |
| പകർച്ചവ്യാധിയേതര മരണങ്ങൾ | 2016 ൽ 1321 ഉം |
| മാതൃമരണങ്ങൾ | 0.15 |
| ശിശു മരണങ്ങൾ | 3.14 |
| ആത്മഹത്യ | 509 |

*(അവലംബം: ജില്ലാ സ്റ്റാറ്റിസ്റ്റിക് വിഭാഗം)*

പ്രാണിജന്യരോഗങ്ങൾ, ജലം ഭക്ഷ്യജന്യരോഗങ്ങൾ, വായിൽക്കൂടി പകരുന്ന രോഗങ്ങൾ എന്നിവ എല്ലാം ഏറിയും കുറഞ്ഞും നമ്മുടെ ജില്ലയിൽ വരുന്നു.

പ്രാണിജന്യരോഗങ്ങളിൽ ജപ്പാൻ ജ്വരം, ചിക്കൻഗുനിയ, ഡങ്കിപ്പനി, മന്ത്, മലമ്പനി, എലിപ്പനി, എന്നിവയാണ് ഇതിൽ പ്രധാനികൾ. ജപ്പാൻ ജ്വരത്തിനെതിരായ പ്രതിരോധ വാക്സിൻ നൽകുന്നതിനായി തെരഞ്ഞെടുത്തിട്ടുള്ള ജില്ലയാണ് ആലപ്പുഴ. ഡങ്കിപ്പനി കേരളത്തിൽ താരതമ്യേന ഈ പകർച്ചവ്യാധി വർഷംതോറും കൂടുതൽ ആളുകളെ ബാധിക്കുകയും ചെയ്യുന്നു. പ്രാണിജന്യ രോഗങ്ങളിൽ നാം ഇന്ന് നേരിടുന്ന മറ്റൊരു രോഗമാണ് എലിപ്പനി. ധാരാളം പേർക്ക് ബാധിക്കുകയും കുറെയേറെ ആളുകൾ മരണപ്പെടുകയും ചെയ്യുന്നു. ഈ രോഗം പടർന്നു പിടിക്കുന്നതിനുള്ള സൌകര്യം ഒരുക്കുന്ന ഭൂപ്രകൃതിയും പരിസരവുമാണ് ആലപ്പുഴ ജില്ലയിലുള്ളത്. ഇവയുടെ പ്രതിരോധത്തിനും നിയന്ത്രണത്തിനും ആരോഗ്യത്തെ നിർണ്ണയിക്കുന്ന പ്രധാന സാമൂഹിക ഘടകങ്ങൾ പരിസര ശുചിത്വം മാലിന്യ നിർമ്മാർജ്ജനം, കൊതുക് നിയന്ത്രണം, കുടിവെള്ള ശുചിത്വം തുടങ്ങിയവയ്ക്ക് മുഖ്യ പങ്കുണ്ട്. ജില്ലയിൽ 2016-17 വർഷം ചികിത്സ തേടിയവരുടെ വിവരം ചേർക്കുന്നു.

| **പകർച്ചവ്യാധികൾ** | **2016** | **2017** |
|---|---|---|
| വൈറൽ ഫീവർ | 1334439 | 151503 |
| എഡിഡി | 22928 | 15567 |
| സി-പോക്സ് | 2679 | 2321 |
| മഞ്ഞപ്പിത്തം എ | 14 | 2 |
| മഞ്ഞപ്പിത്തം ബി | 5 | 6 |
| മഞ്ഞപ്പിത്തം സി | 0 | 10 |

| | | |
|---|---|---|
| ലെപ്റ്റോ | 291 | 182 |
| മീസിൽസ് | 58 | 19 |
| മലേറിയ | 49 | 15 |
| ഡങ്കിപ്പനി | 829 | 1319 |
| ടൈഫോയിഡ് | 5 | 0 |
| മുണ്ടിനീര് | 163 | 35 |
| എച്ച് 1. എൻ 1. | 0 | 72 |
| ലെപ്റ്റോ | 291 | 182 |

*(അവലംബം – ഐ.ഡി.എസ്.പി)*

ജീവിത ശൈലി രോഗങ്ങൾ മൂലം കണ്ണുകൾ, വൃക്കകൾ, ഞരമ്പുകൾ തുടങ്ങിയ തകരാറു ബാധിച്ചവരെ യഥാസമയം കണ്ടുപിടിക്കുന്നതിനോടൊപ്പം പ്രസ്തുത സങ്കീർണ്ണതകൾ ഉണ്ടായിട്ടുള്ളവർക്ക് ഡയാലിസിസ് ഉൾപ്പടെ ശാസ്ത്രീയമായ ചികിത്സകളും ഏർപ്പെടുത്തി കൊടുക്കേണ്ടതാണ്.

**പകർച്ചവ്യാധികൾ – ആലപ്പുഴ 2016**

| | |
|---|---|
| Rheumatic Fever | 888 |
| Hypertension | 79923 |
| Isonomic Heart Diseases | 4076 |
| Congenital Heart Diseases | 33 |
| Other Cardio Vascular | 4346 |
| Cerebro Vascular Accident | 1458 |
| Chrome/Neuro logical Disorder | 273 |
| Other Neurological Disorders | 180 |
| Diabetes Mellitus | |
| Type 1 | 2505 |
| Type 2 | 47826 |
| Lungs Diseases | |
| Bronchitis | 30849 |
| Asthma | 56454 |
| Psychiatric disorder | |
| Common Mental Disorders | 2991 |
| Severe Mental Disorders | 21 |
| Accidental injuries | 5061 |
| Cancer (Malignant & Benign) | |
| Cervira Cancer | 45 |
| Breast Cancer | 100 |
| Lung Cancer | 39 |
| Oral Cancer | 42 |
| Other Cancer | 78 |
| Road Traffic Accident | 2424 |

*(അവലംബം - എൻ.സി.ഡി)*

ആലപ്പുഴ ജനറൽ ആശുപത്രിയിൽ കാർഡിയോളജി യൂണിറ്റ് അനുവദിച്ചിട്ടുണ്ട്. ഇതിലേയ്ക്ക് ഒരു കൺസൾട്ടന്റ് കാർഡിയോളജി തസ്തികയും ഇതിന് അനുബന്ധിച്ച് ജൂനിയർ കൺസൾട്ടന്റിന്റേയും അനുബന്ധ ജീവനക്കാരേയും അനുവദിച്ചിട്ടുണ്ട്. കൂടാതെ ജനറൽ ആശുപത്രി ആലപ്പുഴയിൽ കാത്ത് ലാബ് അനുവദിച്ചിട്ടുണ്ട്. ഇതിനുള്ള ഫണ്ട് സ്റ്റേറ്റ് ഗവൺമെന്റ് ഫണ്ടും സ്റ്റേറ്റ് എൻ.എച്ച്.എം. ഫണ്ടും ലഭ്യമാണ്. കൂടാതെ ജില്ലാ ആശുപത്രികൾ ആയ മാവേലിക്കരയിലും ചെങ്ങന്നൂരും കാർഡിയോളജി യൂണിറ്റ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കാവുന്നതാണ്.

ജില്ലയിൽ മാനസികരോഗ ചികിത്സയ്ക്കായുള്ള സംവിധാനങ്ങൾ പരിമിതമാണ്. ആലപ്പുഴയിലെ മെഡിക്കൽ കോളേജ് ആശുപത്രിയിൽ മാത്രമാണ് കാര്യമായ മനോരോഗ ചികിത്സ സംവിധാനമുള്ളത്. മനോരോഗ ചികിത്സയ്ക്ക് ഒപ്പം തന്നെ മാനസിക അനാരോഗ്യങ്ങൾ ഉള്ളവരെ കണ്ടെത്തുന്നതിനും, കൗൺസിലിംഗിനും ചികിത്സയ്ക്കും ഉള്ള സംവിധാനങ്ങൾ സ്കൂൾ തലം മുതൽ ഉണ്ടാകേണ്ടിയിരിക്കുന്നു. ജില്ലയിൽ 20 ജില്ലാ മെന്റൽ ഹെൽത്ത് ക്ലിനിക്കുകളും രണ്ട് ഡേ കെയർ സെന്ററുകളും പ്രവർത്തിച്ചുവരുന്നു. മാസം 1300 ഓളം രോഗികൾ ഒ.പി.വിഭാഗത്തിൽ ചികിത്സ തേടുന്നു. കോംപ്രിഹെൻസീവ് മെന്റൽ ഹെൽത്ത് പ്രോഗ്രാമിന്റെ രണ്ട് സെന്ററുകൾ ജില്ലയിൽ ഉണ്ട്. ഏകദേശം 95 രോഗികൾ എത്തിച്ചേരുന്നു. ഇവർക്ക് പകൽ സമയങ്ങളിൽ ചെലവഴിക്കുന്നതിന് പകൽവീട് പോലുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതാണ്. ഇവർ ഉണ്ടാക്കുന്ന ഉത്പ്പന്നങ്ങൾ വിറ്റഴിക്കുന്നതിന് വാർഡ് റിസോഴ്സ് സെന്ററിനോട് ചേർന്ന് ഔട്ട് ലെറ്റുകൾ സ്ഥാപിക്കുകയും ആശ പ്രവർത്തകരുടെ സഹായത്തോടെ വിറ്റഴിക്കാവുന്നതുമാണ്. ഇങ്ങനെ വിൽക്കുന്ന സാധനങ്ങൾക്ക് ലഭിക്കുന്ന തുകയുടെ ഒരു ശതമാനം ഇൻസെന്റീവായി നൽകുന്ന നൂതന പദ്ധതി ആവിഷ്കരിക്കാവുന്നതാണ്.

എതാണ്ട് കാൽ നൂറ്റാണ്ട് മുമ്പ് വരെ ജില്ലയിലെ പോഷണവുമായി ബന്ധപ്പെട്ട പ്രധാന പ്രശ്നം പൊതുവായ പോഷണക്കുറവായിരുന്നു. ശിശുക്കൾ, സ്കൂൾകുട്ടികൾ, കൗമാര പ്രായക്കാർ, മുതിർന്നവർ തുടങ്ങി എല്ലാ വിഭാഗം ജനങ്ങളിലും ഈ നൂതന പ്രകടമായിരുന്നു. തൂക്കക്കുറവിന് ഒപ്പം തന്നെ ജീവകങ്ങളുടേയും ലവണങ്ങളുടേയും അഭാവത്തിൽ ഉണ്ടാകുന്ന രോഗങ്ങളും ഇവയിൽ ഒപ്പമുണ്ടായിരുന്നു. ഇന്നും ചില പ്രത്യേക തൊഴിൽ മേഖലകളിലെ പാർശ്വവത്ക്കരിക്കപ്പെട്ട ജനങ്ങളുടെ ഇടയിൽ ഈ സ്ഥിതി തുടരുന്നുണ്ട്. എന്നാൽ, അമിത പോഷണത്തിന്റെ ഫലമായുള്ള പൊണ്ണത്തടി ഇന്ന് എല്ലാ വിഭാഗം ജനങ്ങളിലും അധികമായി കണ്ടു വരുന്നു. (കുട്ടികളിൽ മുതൽ മുതിർന്നവരിൽ വരെ).

ജനനസമയത്തെ ഭാരക്കുറവ് ശിശുക്കളുടെ വളർച്ചയേയും വികാസത്തേയും ദോഷകരമായി ബാധിക്കുന്നതാണ്. 2.5 കിലോഗ്രാമിൽ താഴെ തൂക്കവുമായി ജനിക്കുന്ന കുട്ടികൾ ഇന്നും വിരളമല്ല. അമ്മമാരുടെ തൂക്കക്കുറവാണ് ഇതിന് പ്രധാന കാരണം. മാസം തികയാതെയുള്ള പ്രസവം രണ്ടാം സ്ഥാനത്തും. രണ്ടിനും എതിരായ പ്രതിരോധ നടപടികൾ സ്വീകരിക്കേണ്ടതാണ്.

കേരളം നേരിടുന്ന എറ്റവും പ്രധാനപ്പെട്ട ഒരു പൊതുജനാരോഗ്യ-സാമൂഹ്യ മാനസിക വെല്ലുവിളിയാണ് വർദ്ധിച്ചുവരുന്ന ലഹരിയുടെ ഉപയോഗം. ഗാർഹിക സംസ്കാരത്തിലുണ്ടായ മാറ്റം, സ്ത്രീ സ്വാതന്ത്ര്യം, സ്ത്രീകളുടെ തൊഴിൽ മേഖലയിൽ വന്ന മാറ്റം, വീട് വിട്ടുള്ള താമസം ഇവയെല്ലാം സ്ത്രീകളേയും മദ്യത്തിന്റെ ഉപയോഗത്തിലേയ്ക്ക് ആനയിച്ച് തുടങ്ങിയിരിക്കുന്നു.

## അപകടങ്ങൾ

അപകടങ്ങൾ മൂലമുള്ള അനാരോഗ്യം ജില്ലയിൽ ഏറിയേറിവരുന്നു. റോഡപകടങ്ങൾ ഇവയിൽ മുഖ്യം എങ്കിലും മറ്റ് തൊഴിൽ മേഖലകളിലും വീടുകളിൽ പോലും പലതരത്തിലുള്ള അപകടങ്ങൾ കഴിഞ്ഞാൽ മരങ്ങളിൽ നിന്നും കെട്ടിടങ്ങളിൽ നിന്നും ഉള്ള വീഴ്ച ആണ് ഇവയിൽ പ്രാധാനം. അശ്രദ്ധ മൂലമുണ്ടാകുന്ന തീ പിടുത്തങ്ങൾ, വൈദ്യുതിയുമായി ബന്ധപ്പെട്ട അപകടങ്ങൾ, മുങ്ങി മരണങ്ങൾ ഇവയെല്ലാം തന്നെ ഗണനീയമാണ്.

ജില്ലയിൽ പ്രത്യേകം പരിഗണന അർഹിക്കുന്ന ചില തൊഴിൽ മേഖലകളാണ് കയർ കശുവണ്ടി, മത്സ്യബന്ധനം എന്നിവ. തൊഴിലുറപ്പ് തൊഴിലാളികളും ഇന്ന് ഒരു വ്യത്യസ്ത തൊഴിൽ മേഖല തന്നെയാണ്. ബഹുഭൂരിപക്ഷവും സ്ത്രീകളാണ് മേൽപ്പറഞ്ഞ പ്രസ്തുത മേഖലയിൽ ഉളളത്. മത്സ്യബന്ധനത്തിന് പൊതുവെ പുരുഷന്മാരാണ് പോകുക എങ്കിലും ഇവയുടെ വിപണന രംഗത്ത് സ്ത്രീകൾ തന്നെയാണ് മുൻപന്തിയിൽ. ഈ മേഖലകളിലെല്ലാം പണിയെടുക്കുന്നവർക്ക് സവിശേഷമായ ചില ആരോഗ്യ പ്രശ്നങ്ങളുണ്ട്. ഉദാഹരണമായി ആസ്മ, മറ്റ് ശ്വാസകോശ രോഗങ്ങൾ, എലിപ്പനി തുടങ്ങിയവ. ഇവ സമഗ്രമായ പഠനം അർഹിക്കുന്നു. മറ്റൊരു പ്രധാന കാര്യം അടിസ്ഥാനപരമായ ആരോഗ്യ ആവശ്യങ്ങൾ നിറവേറ്റാനുളള ഭൗതിക സാഹചര്യങ്ങൾ ഇവർക്ക് തൊഴിലിടങ്ങളിൽ ലഭിക്കുന്നില്ല എന്നുളളതാണ്. ആഹാരം ശുചിയായി സൂക്ഷിക്കുന്നതിനോ, കൈകൾ വൃത്തിയാക്കുന്നതിനോ, ശുദ്ധജലം ലഭിക്കുന്നതിനോ ഉള്ള സൗകര്യം ലഭ്യമല്ല. മാത്രമല്ല മലമൂത്ര വിസർജ്ജനത്തിനുളള മതിയായ സൗകര്യം പോലും മിക്ക തൊഴിലിടങ്ങളിലും ലഭിക്കാറില്ല. മുലയൂട്ടുന്ന അമ്മമാർക്ക് ആറുമാസത്തെ അവധി അനുവദിക്കുന്ന സ്ഥാപനങ്ങളും കുറവാണ്.

സ്ത്രീകളുടെ പ്രധാനപ്പെട്ട ക്യാൻസറുകളായ ഗർഭാശയ ക്യാൻസർ, സ്തനാർബുദം എന്നിവ ആരംഭത്തിൽ തന്നെ കണ്ടുപിടിക്കുവാനുളള സൗകര്യങ്ങൾ ജില്ലയിൽ വളരെ കുറവാണ്. ഇതുപോലുള്ള രോഗങ്ങളുടെ സമഗ്രമായ ചികിത്സയ്ക്കുളള കേന്ദ്രങ്ങളും ജില്ലയിൽ തീരെ അപര്യാപ്തമാണ്. ഈ സ്ഥിതി മാറേണ്ടിയിരിക്കുന്നു. ഗാർഹിക പീഡനം ജില്ലയിൽ ഒട്ടും കുറവല്ല. പുരുഷന്മാരുടെ മദ്യപാനം മയക്കുമരുന്നിന്റെ ഉപയോഗം എന്നിവയെല്ലാം തിക്തഫലം അനുഭവിക്കേണ്ടിവരിക സ്ത്രീകളാണ്. ശാരീരിക പീഡനങ്ങൾ മുതൽ സാമ്പത്തിക ചൂഷണങ്ങൾ വരെ ഇവർ അനുഭവിക്കുന്നു.

സാന്ത്വന ചികിത്സ വേണ്ടിവരുന്ന ആളുകളുടെ എണ്ണം അനുദിനം പെരുകിക്കൊണ്ടിരിക്കുകയാണ്. നമ്മുടെ ജില്ലയിൽ കുറഞ്ഞത് 40 നും 50 നും ഇടയ്ക്ക് രോഗികൾ ഈ വിഭാഗത്തിൽ എല്ലായ്പോഴും ഉണ്ടായിരിക്കും. പ്രധാനമായും ക്യാൻസർ, പക്ഷാഘാതം, അപകടങ്ങൾ, അൽഷിമേസ് ഡിസീസ്, പാർക്കിൻ സോണിസം, രക്ത രോഗികൾ, കാഴ്ച നഷ്ടപ്പെടുന്നവർ, മറ്റു അവശതകളാൽ കിടപ്പിലായവർ എന്നിവരാണ് സാന്ത്വന പരിചരണത്തിന് കീഴിൽ വരുന്നത്.

പാലിയേറ്റീവ് കെയർ രോഗികൾക്ക് ചിലപ്പോൾ വേണ്ടിവന്നേക്കാവുന്ന ലബോറട്ടറി പരിശോധനകൾ എന്നിവയെല്ലാം പല കാരണങ്ങളാൽ ഇന്ന് അതീവ ക്ലേശകരമാണ്. ഇവയ്ക്കായി വാഹന സൗകര്യം ഉൾപ്പടെയുള്ള സംവിധാനങ്ങൾ സജ്ജമാക്കേണ്ടിയിരിക്കുന്നു.

അന്യസംസ്ഥാന തൊഴിലാളികൾക്ക് നമ്മുടെ നാട്ടിലെ സാധാരണ പകർച്ചവ്യാധികൾ മാത്രമല്ല പിടിപെടുന്നത്. സ്വദേശത്തുനിന്നും കിട്ടുന്ന മറ്റ് പകർച്ചവ്യാധികളും കൂടി ഇവർ ഇവിടേക്ക് കൊണ്ടുവരുന്നു. വേണ്ടത്ര കരുതൽ നടപടികൾ കൈക്കൊണ്ടില്ലെങ്കിൽ ഇവർ കേരളത്തിലെ പൊതുജനാരോഗ്യരംഗത്തെ കൂടുതൽ സങ്കീർണ്ണമാക്കാനാണ് ഇട. മെച്ചപ്പെട്ട പാർപ്പിട

സാഹചര്യങ്ങൾ ഇടയ്ക്കിടെയുള്ള ആരോഗ്യപരിശോധന മതിയായ ചികിത്സാ സൗകര്യം എന്നിവയ്ക്കൊപ്പം ഹോട്ടലുകളിലും മറ്റും പണിയെടുക്കുന്നവർക്ക് ഹെൽത്ത് കാർഡും ഏർപ്പെടുത്തേണ്ടതാണ്.

മറ്റ് പരമ്പരാഗത തൊഴിൽ മേഖലകളിൽ ഏർപ്പെട്ടിരിക്കുന്നവർ, വിധവകൾ, അഗതികൾ ഇവരെല്ലാം തന്നെ പാർശ്വവത്ക്കരിക്കപ്പെട്ടവരുടെ കൂട്ടത്തിൽപ്പെടുന്നു. കോളനികളിൽ താമസിക്കുന്നവരും ഇക്കൂട്ടത്തിൽ മതിയായ ജീവിത സാഹചര്യങ്ങളുടെ കുറവ്, ശുദ്ധമായ കുടിവെള്ളത്തിന്റെ അഭാവം, മാലിന്യ നിർമ്മാർജ്ജനത്തിനുള്ള അസൗകര്യം ഇവയെല്ലാം ഇവർക്ക് പകർച്ച വ്യാധികൾ പിടിപെടുവാൻ സാഹചര്യം ഒരുക്കുന്നു. ജീവിതശൈലി രോഗങ്ങളുടെ നിർണ്ണയത്തിനും, ചികിത്സയ്ക്കും മറ്റും ഇവർ പൊതു സമൂഹത്തിലെ മറ്റുള്ളവരെക്കാൾ കൂടുതലായി ക്ലേശിക്കുന്നു. ഇവരുടെ സമഗ്ര ആരോഗ്യരക്ഷയ്ക്കായി പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്. കുടുംബമായി താമസിക്കുന്നവരുടെ കുട്ടികൾക്ക് പ്രതിരോധ കുത്തിവെയ്പ്പുകൾ നൽകുന്നത് ഉൾപ്പെടെയുള്ള കാര്യങ്ങൾ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

അംഗപരിമിതരും ഭിന്നശേഷിക്കാരും ജില്ലയിൽ ഗണ്യമായ ഒരു വിഭാഗം വരും. കുട്ടികൾ മുതൽ മുതിർന്നവർ വരെ ഇവരിലുണ്ട്. അസ്ഥിരോഗങ്ങൾ, പേശിവൈകല്യം, കാഴ്ചശക്തി കുറഞ്ഞവരും ഇല്ലാത്തവരും ശ്രവണശേഷി കുറഞ്ഞവർ, മാനസിക രോഗമുള്ളവർ, ബുദ്ധിമാന്ദ്യമുള്ളവർ, ഓട്ടിസമുള്ളവർ ഇങ്ങനെ പലതരം അവശതകളാണിവർക്കുള്ളത്. ഇവരുടെ പുനരധിവാസം എന്നിവയ്ക്കായി പദ്ധതികൾ ആവിഷ്കരിക്കണം.

**ജില്ലയിലെ ആരോഗ്യസ്ഥാപനങ്ങൾ**

| | |
|---|---|
| ജനറൽ ആശുപത്രി | 1 |
| ജില്ലാ ആശുപത്രികൾ | 2 |
| താലൂക്കാസ്ഥാന ആശുപത്രികൾ | 5 |
| സാമൂഹ്യാരോഗ്യകേന്ദ്രങ്ങൾ | 15 |
| പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ | 57 (ഇതിൽ 14 എണ്ണം കുടുംബാരോഗ്യകേന്ദ്രങ്ങൾ ആക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു) |
| വനിതാ-ശിശു ആശുപത്രി | 1 |
| ലെപ്രസി സാനിട്ടോറിയം, നൂറനാട് | 1 |
| ലെപ്രസി ട്രെയിനിംഗ് സെന്റർ, നൂറനാട് | 1 |
| റ്റി.ബി. സെന്റർ | 2 |
| സ്കൂൾ ഓഫ് നേഴ്സിംഗ് | 1 |
| ജില്ലാ പബ്ലിക് ഹെൽത്ത് ലാബ് | 1 |
| ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റ് | 1 |
| ഗവ. ഫിഷറീസ് ഡിസ്പെൻസറി, ആറാട്ടുപ്പുഴ | 1 |
| ഗവ. ഫിഷറീസ് ഹോസ്പിറ്റൽ, പല്ലന | 1 എന്നിവയാണ് കൂടാതെ 366 സബ് സെൻറുകളും പ്രവർത്തിക്കുന്നു. |

*(സ്രോതസ് - ജില്ലാ മെഡിക്കൽ ആഫീസ്, ആരോഗ്യം)*

ആർദ്രത്തിന്റെ ഭാഗമായി ജില്ലയിലെ 59 പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ ആക്കുന്നിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഈ സ്ഥാപനങ്ങളിലേയ്ക്ക് 14 ഡോക്ടർ 28 സ്റ്റാഫ് നേഴ്സ് 14 ലാബ് ടെക്നീഷ്യൻ തസ്തികൾ സൃഷ്ടിക്കുകയുണ്ടായി. കുടുംബാരോഗ്യകേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ രാവിലെ 8.30 മുതൽ വൈകിട്ട് 6.00 മണി വരെയാണ്. എന്നാൽ ഈ സ്ഥാപനങ്ങളിലൊക്കെ ഒരു ഫാർമസിസ്റ്റ് തസ്തിക മാത്രമാണ് ഉള്ളത്. ഓരോ ഫാർമസിസ്റ്റിന്റെ തസ്തിക സൃഷ്ടിക്കുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണ്.

കൊതുക് നശീകരണം ആണ് മറ്റൊരു പ്രധാന വെല്ലുവിളി. ഡ്രൈനേജ് സൗകര്യങ്ങൾ മെച്ചപ്പെടുത്തി വൻതോതിലുള്ള ബോധവൽക്കരണത്തിൽകൂടിയും മാത്രമേ ഈ വിപത്തിനെ നേരിടാൻ കഴിയൂ. ഖരമാലിന്യങ്ങളുടെ കുന്നുകൂടുന്നതു തന്നെ കൊതുകുകളുടെ പെരുകലിന് കാരണമാകുന്നു.

## പ്രാദേശികമായി കാണുന്ന ആരോഗ്യ പ്രശ്നങ്ങൾ

വെള്ളക്കെട്ടുകൾ നിറഞ്ഞ സമുദ്രനിരപ്പിൽ നിന്നും താഴ്ന്ന് കിടക്കുന്ന കുട്ടനാടൻ പ്രദേശമാണ് ജില്ലയിൽ സവിശേഷമായ ആരോഗ്യ പ്രശ്നങ്ങൾ പ്രധാനമായും അഭിമുഖികരിക്കുന്നത്. ജലജന്യരോഗങ്ങളായ വയറിളക്ക രോഗങ്ങളും, എലിപ്പനിയും ഇവയിൽ ചിലത് മാത്രമാണ്. മഞ്ഞപ്പിത്തരോഗങ്ങൾ ജില്ലയിൽ പൊതുവേ ഉണ്ടെങ്കിലും ജില്ലയുടെ തെക്ക് കിഴക്കൻ മേഖലകളിൽ (ചെങ്ങന്നൂർ, മുളക്കുഴ, പാലമേൽ, ചാരുംമൂട്) എന്നിവിടങ്ങളിൽ ചിലപ്പോൾ അധികമായി റിപ്പോർട്ട് ചെയ്യപ്പെടുന്നു. ചേർത്തല അമ്പലപ്പുഴ മേഖലകളിൽ കാണപ്പെട്ടിരുന്ന മന്ത് രോഗം ഇപ്പോൾ അധികമായില്ല. എങ്കിൽ കൂടിയും ഇന്ന് ജില്ലയുടെ തെക്കൻ മേഖലകളിലും കാണപ്പെടുന്നു. നൂറനാട്, പാലമേൽ, പ്രദേശങ്ങളിൽ ആത്മഹത്യയും കൂടുതലായി കാണപ്പെടുന്നു.

ജില്ലയുടെ ചില പ്രദേശങ്ങളിൽ ക്യാൻസർ രോഗബാധ താരതമ്യേന അധികമാണെന്ന് പരാമർശിക്കപ്പെട്ടിട്ടുണ്ടെങ്കിലും കൃത്യമായ പഠനം നടത്തി സ്ഥിരീകരിക്കപ്പെട്ടിട്ടില്ല.

## വികസന വിടവുകൾ

- ഒരേസമയം പല തരത്തിലുള്ള പകർച്ച വ്യാധികളുടെയും ജീവിതശൈലി രോഗങ്ങളുടെയും മറ്റ് സ്ഥായിരോഗങ്ങളുടെയും സമ്മിശ്ര രംഗമാണ് നമ്മുടെ ആരോഗ്യരംഗം
- പകർച്ച വ്യാധികൾ പ്രതിരോധ കുത്തിവെയ്പുകൾ, പരിസര ശുചീകരണം ജനസംഖ്യാ നിയന്ത്രണം, മാതൃശിശു സംരക്ഷണം, ഇവയ്ക്കെല്ലാം വേണ്ടി കേന്ദ്രാവിഷ്കൃതവും, സംസ്ഥാനാവിഷ്കൃതവുമായ പദ്ധതികൾ ഉണ്ടെങ്കിലും പ്രശ്നങ്ങളുടെ വൈകല്യം വിഭവങ്ങളുടെ പരിമിതിയും ജീവനക്കാരുടെ എണ്ണത്തിലുള്ള കുറവും ബോധവത്ക്കരണത്തിന്റെ അഭാവവും നിമിത്തം വേണ്ടത്ര ഫലപ്രാപ്തി എത്തുന്നില്ല.
- ജീവിതശൈലി രോഗങ്ങൾക്ക് എതിരായ പൊതുപരിപാടികൾ താരതമ്യേന അടുത്തകാലത്ത് തുടങ്ങിയവയാണെങ്കിലും പലവിധത്തിലുള്ള പരിമിതികളാലും വേണ്ടത്ര ഫലപ്രദമാകുന്നില്ല.
- ജീവിതശൈലി രോഗങ്ങൾ ക്യാൻസർ എന്നിവ ആരംഭത്തിലെ തന്നെ കണ്ടെത്തുവാനുള്ള സ്ക്രീനിംഗ് സൗകര്യങ്ങൾ താരതമ്യേന ഇല്ലായെന്ന് വേണം പറയാൻ ഈ സ്ഥിതികാരണം പ്രമേഹം, പ്രഷർ കൊളസ്ട്രോൾ ആധിക്യം തുടങ്ങിയ സ്ഥായി

രോഗങ്ങൾ ഉള്ളവർക്ക് മുടങ്ങാതെയുള്ള ചികിത്സ, സങ്കീർണ്ണതകൾക്ക് വേണ്ടിയുള്ള പരിശോധനയും ചികിത്സയും (ഡയാലിസിസ് ഉൾപ്പെടെ)കൂടുതൽ കേന്ദ്രങ്ങളിൽ ലഭ്യമാക്കണം.

- മദ്യം, മയക്കുമരുന്ന് എന്നിവയ്ക്കെതിരായ ബോധവത്ക്കരണ ശ്രമങ്ങൾ ഒട്ടും തന്നെ ഫലപ്രദമായി ആവിഷ്കരിക്കാൻ കഴിഞ്ഞിട്ടില്ല. ഇവയുടെ ലഭ്യതയാകട്ടെ കൂടുതൽ സുഗമമായി തീർന്നിരിക്കുകയുമാണ്

- കൊതുക് നശീകരണം ഖരമാലിന്യസംസ്കരണം പ്ലാസ്റ്റിക് നിയന്ത്രണം എന്നിവ ഒട്ടും തന്നെ ഫലപ്രാപ്തിയിലെത്തുന്നില്ല.

- വാഹനങ്ങൾ അനിയന്ത്രിതമായി പെരുകുമ്പോഴും റോഡുകൾ ശാസ്ത്രീയമായി നവീകരിക്കപ്പെടുന്നില്ല. റോഡു സുരക്ഷാ കാര്യങ്ങൾ പ്രചരിപ്പിക്കപ്പെടുകയോ നിയമങ്ങൾ പാലിക്കപ്പെടുന്നുവെന്നോ ഉറപ്പാക്കപ്പെടുന്നില്ല

- മുതിർന്ന പൗരന്മാരുടെ ശാരീരികവും, മാനസികവും, സാമൂഹ്യവുമായ പ്രശ്നങ്ങൾ ഒട്ടും തന്നെ പരിഹരിക്കപ്പെടാൻ കഴിഞ്ഞിട്ടില്ല.

- പാലിയേറ്റീവ് കെയർ സംവിധാനങ്ങൾ ഏകോപിപ്പിക്കുകയും, ശാസ്ത്രീയമായ പാലിയേറ്റീവ് കെയർ എങ്ങനെ എന്ന് പരിശീലിക്കുകയും സമഗ്രമായ ഇടപെടലുകൾ നടത്തുകയും വേണം.

- പുതിയ പകർച്ചവ്യാധികൾ ജീവിതശൈലി രോഗങ്ങൾ എന്നിവയെല്ലാം കടന്നാക്രമണത്തിന്റെ വെളിച്ചത്തിൽ പൊതു ലബോറട്ടറി സൗകര്യങ്ങൾ വിവിധ തലത്തിൽ മെച്ചപ്പെടുത്തണം

- പ്രതിരോധകുത്തിവെപ്പുകളുടെ കാര്യത്തിൽ ജില്ല പൊതുവേ മുൻപന്തിയിലാണെങ്കിലും പകർച്ചവ്യാധികളുടേയും കാര്യമായുണ്ടാകുന്ന മറ്റ് ആരോഗ്യ പ്രശ്നങ്ങളുടേയും വെലിയേറ്റത്തിൽ ഈ പരിപാടിയിൽ അലംഭാവം വരാതെ നോക്കേണ്ടതാണ്. ഡിഫ്തിരിയ വില്ലൻചുമ എന്നിവ നിത്യഭീക്ഷണിയായി നിലനിൽക്കുന്നതിനാൽ എന്നിവ കൗമാരപ്രായക്കാർക്ക് നയിക്കുന്നത് അഭികാമ്യമായിരിക്കും.

- ജില്ലയിലെ ആരോഗ്യസ്ഥാപനങ്ങളുടെ ഭൗതിക സാഹചര്യം വളരെ മെച്ചപ്പെട്ടിട്ടുണ്ടെങ്കിലും മുതിർന്ന പൗരന്മാർ മുലയൂട്ടുന്ന അമ്മമാർ തുടങ്ങിയവർക്ക് പ്രത്യേക പരിഗണന ലഭിക്കാത്ത സാഹചര്യത്തിൽ അവയെ കൂടുക്കുടി രോഗിസൗഹൃദപരമായി മാറ്റേണ്ടതാണ്.

- മറ്റ് സംസ്ഥാന തെഴിലാഴികൾക്ക് ആരോഗ്യരക്ഷ ഉറപ്പ് വരുത്തുകയും അവരുടെ കുട്ടികളെ പ്രതിരോധചികിത്സാ സംവിധാനത്തിൽ കൊണ്ടുവരേണ്ടതുമാണ്. ഭക്ഷ്യവസ്തുക്കൾ കൈകാര്യം ചെയ്യുന്നവർക്കെങ്കിലും ഹെൽത്ത് കാർഡ് നൽകേണ്ടതാണ്.

- കൊതുക് നശീകരണത്തിന് ഉറവിട നശീകരണമാണ് ഏറ്റവും ഫലപ്രദമായ മാർഗ്ഗം. ഫലപ്രദമായ വേയ്സ്റ്റ് നിർമ്മാർജ്ജനവും കൃത്യമായി നടപ്പിലാക്കേണ്ടതാണ്. മാലിന്യ സംസ്കരണത്തിന് വിഴ്ചവരുത്തുന്നവരിൽ നിന്ന് പിഴ ഈടാക്കുന്നതിന് പ്ലാസ്റ്റിക് നിരോധിക്കുന്നതുപോലുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## കാഴ്ചപ്പാട്

- പകർച്ചവ്യാധികളുടെ എണ്ണം നിയന്ത്രണ വിധേയമാക്കുക
- ജീവിതശൈലിരോഗങ്ങൾ പ്രതിരോധിക്കുകയും നേരത്തെ കണ്ടെത്തി ശരിയായ ചികിത്സ നൽകി നിയന്ത്രണ വിധേയമാക്കുക.
- മദ്യം മയക്കുമരുന്ന് എന്നിവയുടെ വ്യാപനം ഫലപ്രദമായി തടയുക
- സാന്ത്വനപരിചരണം ഫലപ്രദമായി നടപ്പിലാക്കുക
- മുതിർന്ന പൗരന്മാരുടെ ശാരിരികവും മാനസികവുമായ ആരോഗ്യം ഉറപ്പുവരുത്തുക
- ജില്ലയിൽ ആകമാനം 100 ശതമാനം പ്രതിരോധകുത്തിവയ്പ് ഉറപ്പുവരുത്തുക
- ജില്ലയിലെ ആരോഗ്യസ്ഥാപനങ്ങളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുക
- അന്യസംസ്ഥാനതൊഴിലാളികളുടെ ആരോഗ്യരക്ഷ ഉറപ്പാക്കുക
- വാഹനാപകടത്തിപ്പെടുന്നവർക്ക് ഏറ്റവും നൂതനമായ ചികിത്സാ സൗകര്യവും പുനരധിവാസവും

## ലക്ഷ്യങ്ങൾ

- ആലപ്പുഴ ജില്ല പകർച്ചവ്യാധികൾ ഇല്ലാത്ത ജില്ല
- ആലപ്പുഴ ജില്ല 100 ശതമാനം ജീവിതശൈലിരോഗങ്ങൾ നിയന്ത്രിക്കുകയും പ്രതിരോധക്കുകയും ചെയ്യുന്ന ജില്ല
- ജനറൽ ആശുപത്രികളിലും, ജില്ലാ ആശുപത്രികളിലും സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യം ഉള്ള ജില്ല
- മാനസികാരോഗ്യ രംഗത്ത് വളരെ ഉന്നത നിലവാരം പുലർത്തുന്ന ജില്ല
- അംഗീകരിക്കപ്പെട്ട ലഹരിയുടെ ഉപയോഗം നിയമാനുസൃതമായി നടപ്പിലാക്കുന്ന ജില്ല
- അപകടങ്ങൾ വരുത്തുന്നവർക്ക് കർശന ശിക്ഷയും അപകടത്തിപ്പെടുന്നവർക്ക് ഏറ്റവും നൂതനമായ ചികിത്സാ സൗകര്യവും പുനരധിവാസവും നടപ്പിലാക്കുന്ന ജില്ല
- വയോജനങ്ങളിലെ ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ആരോഗ്യവകുപ്പിനും, ആരോഗ്യ വിദ്യാഭ്യാസ വകുപ്പിനും വയോജനവിഭാഗം (ജറിയാട്രിക് ഡിപ്പാർട്ട്മെന്റ്) പ്രവർത്തിക്കുന്ന ജില്ല
- പാലിയേറ്റീവ് കെയർ പദ്ധതിപ്രകാരം ഏറ്റവും നല്ല ചികിത്സയും പരിചരണവും കൂടാതെ കിടപ്പിലായ ആരോഗ്യമുള്ള രോഗികൾക്കും ഭിന്നശേഷിക്കാർക്കും മാസവരുമാനവും ആവിഷ്കരിച്ച ജില്ല
- ഇതരസംസ്ഥാന തൊഴിലാളിൾക്കുവേണ്ടി കൃത്യമായ ഒരു ചികിത്സാ രീതി ആവിഷ്കരിച്ചിട്ടുള്ള ഒരു ജില്ല
- സ്കൂൾ വിദ്യാർത്ഥികളും കൗമാരക്കാരും യാതൊരു ലഹരിക്കടിമപ്പെടാതെ അവരുടെ പഠനകാര്യങ്ങളിലും പാഠ്യേതരപ്രവർത്തനങ്ങളിലും ഉന്നത നിലാവാരം പുലർത്തുന്ന ജില്ല

## സംയുക്ത പ്രവർത്തന സാധ്യതകൾ

- പകർച്ചവ്യാധി നിയന്ത്രണ പ്രവർത്തനങ്ങളിൽ എൽ.എസ്.ജി.ഡി വകുപ്പ്, വാട്ടർ അതോറിറ്റി, കുടുംബശ്രീ, ശുചിത്വമിഷൻ, സാമൂഹ്യനീതി വകുപ്പ്, വിദ്യാഭ്യാസ വകുപ്പ്, എന്നിവയുടെ സാന്നിദ്ധ്യം ഉറപ്പാക്കണം. ജീവിതശൈലിരോഗങ്ങൾക്കും ഈ വകുപ്പുകളുമായി ചേർന്നുള്ള പ്രവർത്തനം ഉറപ്പുവരുത്തേണ്ടതാണ്.
- പ്രതിരോധകുത്തിവെപ്പുകൾ ഉറപ്പാക്കുന്നതിനും കുട്ടികളുടെ ആരോഗ്യ സുരക്ഷ ഉറപ്പാക്കുന്നതിനും സാമൂഹ്യക്ഷേമ വകുപ്പ് വിദ്യാഭ്യാസ വകുപ്പ് എന്നിവർക്ക് വലിയ പങ്കു വഹിക്കാനുണ്ട്.
- മദ്യം ലഹരി വസ്തുക്കളുടെ ഉപയോഗം തടയുന്നതിന് എക്സൈസ് വകുപ്പിനും, തദ്ദേശ വകുപ്പിനും അവരുടെതായ പങ്ക് വഹിക്കാൻ കഴിയും
- അന്യസംസ്ഥാന തൊഴിലാളികളുടെ ആരോഗ്യസുരക്ഷ ഉറപ്പാക്കുന്നതിന് തൊഴിൽ വകുപ്പ്, എൽ.എസ്.ജി.ഡി വകുപ്പ് എന്നിവയുടെ സംയുക്തമായ പ്രവർത്തനങ്ങൾ ആവശ്യമാണ്.
- വാഹനാപകടങ്ങൾ തടയുന്നതിന് മോട്ടോർ വാഹനവകുപ്പും പോലീസ് വകുപ്പുമായി കൈകോർത്ത് പ്രവർത്തിക്കാൻ സാധിക്കുന്നതാണ്.

മാനസിക വൈകല്യമുള്ളവരും പാലിയേറ്റീവ് പരിചരണം ലഭിക്കുന്നവരും അവരുടെ വിശ്രമവേളയിൽ ഉണ്ടാക്കുന്ന ഉത്പ്പന്നങ്ങൾ വിറ്റഴിക്കുന്നതിന് വാർഡ് മെമ്പർക്ക് അനുവദിച്ചിട്ടുള്ള വാർഡ് റിസോഴ്സ് സെന്ററുകളോട് ചേർന്ന് ഔട്ട് ലെറ്റുകൾ സ്ഥാപിക്കുകയും ആശാപ്രവർത്തകർ, കുടുംബശ്രീ പ്രവർത്തകർ എന്നിവരുടെ സഹായത്തോടുകൂടി വില്പനനടത്തുകയും ഇവർക്ക് ഉത്പന്നത്തിന്റെ 1 ശതമാനം തുക ഇൻസെന്റീവായി നൽകുന്നതിന് നൂതനപദ്ധതികൾ ആവിഷ്കരിക്കാവുന്നതാണ്.

### മേല്പട്ട്

- ജീവിതശൈലി രോഗങ്ങൾക്കുള്ള ക്ലിനിക്കുകൾ എല്ലാ താലൂക്ക് ആശുപത്രികളിലും സി.എച്ച്.സി തലങ്ങളിലും നടന്നുവരുന്നു. രോഗങ്ങൾ തുടക്കത്തിൽതന്നെ കണ്ടു പിടിക്കുന്നതിനും തുടർ പരിശോധനയും നടത്തുന്നതിനുള്ള ആവശ്യമായ സൗകര്യങ്ങൾ ഒരുക്കേണ്ടതാണ്. എല്ലാ പൗരന്മാർക്കും താഴെപ്പറയുന്ന രീതിയിൽ 30 വയസ്സിനുമുകളിലുള്ളവർക്ക് വർഷത്തിലൊരിക്കലും 50 വയസ്സിനു മുകളിലുള്ളവർക്ക് ആറ് മാസത്തിലൊരിക്കലും 60 വയസ്സിനു മുകളിലുള്ളവർക്ക് മൂന്ന് മാസത്തിലൊരിക്കലും സൗജന്യമായി താലൂക്ക്, സി.എച്ച്.സി തലത്തിൽ പരിശോധന ലഭ്യമാക്കുന്നതിനും മരുന്നുകൾ നൽകുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.
- ജില്ലാ ആശുപത്രി, മാവേലിക്കര, ചെങ്ങന്നൂർ ജില്ലാ ആശുപത്രികളിലും രോഗികൾക്ക് കൂടുതൽ ചികിത്സ ലഭ്യമാക്കുന്നതിന് കാർഡിയോളജി യൂണിറ്റ് ആരംഭിക്കാവുന്നതാണ്.
- കർശനമായുള്ള ശിക്ഷ അപകടങ്ങൾ വരുത്തിവയ്ക്കുന്ന വ്യക്തികൾക്ക് നൽകുന്നതിനുള്ള നടപടി സ്വീകരിക്കണം. ഡ്രൈവിംഗ് ലൈസൻസിനുവേണ്ടി ട്രെയിനിംഗ് മൂന്ന് മാസത്തെ കോഴ്സായി നടപ്പിലാക്കേണ്ടതാണ്. അപകടങ്ങൾമൂലം തളർന്നു കിടക്കുന്നവർക്ക് മാനസികാരോഗ്യങ്ങൾ പറഞ്ഞിട്ടുള്ള പദ്ധതി നടപ്പിലാക്കാവുന്നതാണ്.

- ഒരു വിദഗ്ധസമിതിയെ നിയോഗിച്ച് ഈ മേഖലയിൽ ഒരു പഠനം നടത്തുന്നത് നല്ലതായിരിക്കും.
- 15 വയസ്സു മുതൽ വിവാഹിതയായി ഗർഭിണിയാകുന്നതുവരെ എല്ലാ വർഷവും 6 മാസത്തിലൊരിക്കൽ സർക്കാർ ആശുപത്രിയിൽ ആരോഗ്യ പരിശോധന നടത്തേണ്ടതാണ്.
- ഗർണികൾ മുലയൂട്ടുന്ന അമ്മമാരും ഡോക്ടർ നിർദ്ദേശിക്കുന്ന രീതിയിൽ പരിശോധന നടത്തേണ്ടതാണ്.
- 35 വയസ്സുമുതൽ 60 വയസ്സുവരെ 6 മാസത്തിലോരിക്കൽ എല്ലാ സ്ത്രീകളും മെഡിക്കൽ ചെക്കപ്പ് നടത്തേണ്ടതാണ്.
- 60 വയസ്സു മുതൽ ജീവിതാവസാനം വരെ മൂന്നുമാസത്തിലൊരിക്കൽ മെഡിക്കൽ പരിശോധന നടത്തേണ്ടതാണ്.
- ആരോഗ്യവകുപ്പിലും ആരോഗ്യവിദ്യാഭ്യാസ വകുപ്പിലും ജറിയാട്രിക് ഡിപ്പാർട്ട്മെന്റ് ആരംഭിക്കുന്നതിന് നിർദ്ദേശിക്കാവുന്നതാണ്. കൂടാതെ വയോജന സംരക്ഷണ നിയമം കർശനമായി നടപ്പിലാക്കേണ്ടതാണ്.
- കൗമാര, സ്കൂൾ വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി സ്കൗട്ട്, എൻ.സി.സി, എൻ.എസ്.എസ്, സ്റ്റുഡന്റ് പോലീസ് കേഡറ്റ് തുടങ്ങിയ പ്രസ്ഥാനങ്ങളെ ശക്തിപ്പെടുത്തുക. വിദ്യാർത്ഥികളെ വെറുതെയിരിക്കാനുള്ള സന്ദർഭങ്ങൾ ഒഴിവാക്കി അവരുടെ കലാപരവും കായികപരവുമായ കഴിവുകളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുക.
- അന്യസംസ്ഥാന തൊഴിലാളികൾ വരുമ്പോൾ തന്നെ ലേബർ ഓഫീസിൽ റിപ്പോർട്ട് ചെയ്ത് കർശനമായ ആരോഗ്യപരിശോധന അടുത്തുള്ള ആരോഗ്യസ്ഥാപനത്തിൽ നടത്തുകയും അസുഖങ്ങൾ ഉണ്ടെങ്കിൽ ചികിത്സ നടത്തുകയും രോഗം പൂർണ്ണമായതിനു ശേഷം ജോലിയിൽ പ്രവേശിക്കുകയും ചെയ്യുന്നതിനുള്ള നടപടി ഉണ്ടാകേണ്ടതാണ്. ഇതിന്റെ ഉത്തരവാദിത്വം അതാത് ഏജൻസികളിൽ നിഷിപ്തമാക്കുകയും ചെയ്യാവുന്നതാണ്.
- പ്ലാസ്റ്റിക് കിറ്റ് നിരോധിക്കുക. ഖരമാലിന്യസംസ്കരണത്തിനായി ഗ്യാസ്, ഇലക്ട്രിക്, ക്രിമിറ്റോറിയങ്ങൾ നിർമ്മിക്കുക. ശുചിത്വ നിയമങ്ങൾ പാലിക്കാത്ത വ്യക്തി, സ്ഥാപന ഉടമകൾ എന്നിവർക്ക് പിഴശിക്ഷ മാറ്റി തടവുശിക്ഷ ഏർപ്പെടുത്തേണ്ടതാണ്.

**കീഴ്ക്കുട്ട്**

- പകർച്ചവ്യാധി രോഗങ്ങൾ നിയന്ത്രിക്കുന്നതിന് പ്ലാസ്റ്റിക് കിറ്റ് ജില്ലയിൽ പൂർണ്ണമായി നിരോധിക്കാം. ജില്ലയിൽ തരിശായി കിടക്കുന്ന സ്വകാര്യവ്യക്തികളുടേത് ഉൾപ്പടെയുള്ള സ്ഥലങ്ങളിൽ കൃഷി ചെയ്യുകയോ (കൊതുകുവളരാനുള്ള സാഹചര്യം ഒഴിവാകും) ഇല്ലെങ്കിൽ ഈ സ്ഥലങ്ങളിൽ കാടുകളും പുല്ലും നശിപ്പിച്ച് വൃത്തിയാക്കുക. (തൊഴിലുറപ്പ് ജീവനക്കാരെക്കൊണ്ട് മുനിസിപ്പാലിറ്റികൾ ചെയ്യിക്കുന്ന നടപടിയുണ്ടാക്കുക). കൊതുക നശീകരണത്തിനും ശുചിത്വത്തിനുമായി ആരോഗ്യസേന രൂപീകരിക്കുക. കൊതുക നശീകരണത്തിന് ബാറ്റ് ഉപയോഗം പ്രോത്സാഹിപ്പിക്കുക

- പകൽവീട് പോലുള്ള സൗകര്യങ്ങൾ ഏർപ്പെടുത്താവുന്നതാണ്. കൂടാതെ അംഗനവാടികളിലെ കുട്ടികൾ കുറയുന്ന സാഹചര്യത്തിൽ അംഗനവാടി അടിസ്ഥാനമാക്കി വാർദ്ധ്യക്യവാടികൾ തുടങ്ങാവുന്നതാണ്.
- മതിയായ ഭക്ഷണക്രമത്തെക്കുറിച്ചും ഭക്ഷണത്തെക്കുറിച്ചും തെറ്റായ ആശയം ജനങ്ങൾക്കിടയിൽ നിലനിൽക്കുന്നു. ഇതിനെക്കുറിച്ച് ഒരു ബോധവത്ക്കരണം സ്ത്രീകളെ കേന്ദ്രീകരിച്ച് നടപ്പാക്കുന്നത് നന്നായിരിക്കും. ഗർഭിണികൾക്ക് മുലയൂട്ടുന്ന അമ്മമാർക്കും ഗർഭിണികളുടെ ആരോഗ്യക്രമം അമ്മമാരുടെ ആരോഗ്യക്രമം എന്നിവയെ സംബന്ധിച്ച ബോധവൽക്കരണം മാസത്തിലെ രണ്ടാം ശനിയാഴ്ചകളിൽ ബ്ലോക്ക്/പഞ്ചായത്ത് തലത്തിൽ നടത്താവുന്നതാണ്.
- സ്കൂൾവിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി സ്കൗട്ട്, എൻ.സി.സി, എൻ.എസ്.എസ്, സ്റ്റുഡന്റ് പോലീസ് കേഡറ്റ് തുടങ്ങിയ പ്രസ്ഥാനങ്ങളെ ശക്തിപ്പെടുത്തുക വിദ്യാർത്ഥികളെ വെറുതെയിരിക്കാനുള്ള സന്ദർഭങ്ങൾ ഒഴിവാക്കി അവരുടെ കലാപരവും കായികപരവുമായ കഴിവുകളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുക
- പകൽവീട് പോലുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുക കിടപ്പിലായ എല്ലാ രോഗികൾക്കും എയർബെഡ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണ്. രോഗികളുടെ ബന്ധുക്കൾക്ക് ബോധവൽക്കരണം നടത്തുന്നതിന് നടപടി സ്വീകരിക്കാവുന്നതാണ്. രോഗികളും ബന്ധുജനങ്ങളും ഉണ്ടാക്കുന്ന വസ്തുക്കൾ വിറ്റഴിക്കുന്നതിന് വാർഡ് റിസോഴ്സ് സെന്ററിനോട് ചേർന്ന് ഔട്ട്ലെറ്റുകൾ സ്ഥാപിക്കുകയും ആശാ, കുടുംബശ്രീ പ്രവർത്തകരുടെ സഹകരണത്തോടെ വിറ്റഴിക്കാവുന്നതാണ്.
- ഇംഗ്ലീഷ് മാധ്യമത്തിലുള്ള വെബ്സൈറ്റ്.
- തീരദേശ പഞ്ചായത്തുകളിൽ രാത്രികാല ഡോക്ടർമാരുടെ സേവനം ഉറപ്പുവരുത്തുക.
- തീരദേശത്തെ ക്യാൻസർ രോഗികൾക്ക് ചികിത്സാ ധനസഹായം.
- മഴക്കാല പൂർവ്വരോഗ മുന്നൊരുക്കങ്ങൾ.
- പാലിയേറ്റീവ് സേവനം പ്രതിവാരമാക്കുക.

## b) ആയുർവേദം

ഇന്ന് നമ്മുടെ സംസ്ഥാനം നേരിടുന്ന എല്ലാ ആരോഗ്യ വെല്ലുവിളികളുടെയും കേന്ദ്രീകൃത മേഖലയായി ആലപ്പുഴ മാറിക്കൊണ്ടിരിക്കുന്നു. പകർച്ചവ്യാധികൾ, ജീവിതശൈലീ രോഗങ്ങൾ, കയർ, കൃഷി, മത്സ്യബന്ധനം തുടങ്ങിയ വിവിധ തൊഴിൽ മേഖലകൾ നേരിടുന്ന ആരോഗ്യ ഭീഷണികൾ എന്നിവ ആലപ്പുഴ ജില്ലയിലെ ആരോഗ്യ മേഖലയെ വളരെ ഗുരുതരമായി ബാധിക്കുന്നുണ്ട്. കയർ മേഖലയിലെ തൊഴിലാളികൾക്ക് ഉണ്ടാകുന്ന ശ്വാസകോശ സംബന്ധമായ രോഗങ്ങൾ, തീരദേശ മേഖലയിലെ ജനങ്ങളെ ആധിക്യേന ബാധിക്കുന്ന തൈറോയ്ഡ് രോഗങ്ങൾ എന്നിവ ചില ഉദാഹരണങ്ങൾ മാത്രം. ടൂറിസം മേഖലയടക്കം ലോകരാഷ്ട്രങ്ങൾ സശ്രദ്ധം വീക്ഷിക്കുന്ന കേരളത്തിലെ പ്രധാന ഭൂപ്രദേശമായ ആലപ്പുഴ ജില്ലയെ ബാധിക്കുന്ന ഈ വെല്ലുവിളികൾ അതീവ ഗൗരവമായി നമ്മൾ കാണേണ്ടതാണ്.

വൈവിധ്യങ്ങൾ കൊണ്ടുതന്നെ അന്തരീക്ഷത്തിന്റെ ഈർപ്പത്തിന്റെ വ്യതിയാനം ജീവജാലങ്ങളെ വളരെ പ്രതികൂലമായി ബാധിക്കുന്നു എന്നതാണ് ആലപ്പുഴ ജില്ലയെ പകർച്ച വ്യാധികളുടെ വിളനിലമാക്കുന്നത്.

ഇത്തരത്തിലുള്ള പ്രതികൂല സാഹചര്യങ്ങളെയൊക്കെ നമ്മുടെ പൂർവ്വികർ അതിജീവിച്ചിരുന്നത് നമുക്ക് പൈതൃകമായി ലഭിച്ചിരുന്ന ആയുർവേദീയ അനുശീലനങ്ങളുടെ അറിവുകൊണ്ടും ആചരണം കൊണ്ടുമാണ്. കൂടാതെ ഔഷധ സസ്യങ്ങളുടെ അറിവും പ്രയോഗവും ഇപ്പോൾ അന്യംനിന്ന് പോയിരിക്കുന്നു. ഇത്തരത്തിലുള്ള വീഴ്ചകളാണ് ഇന്നു നാം കാണുന്ന ജീവിത ശൈലീരോഗങ്ങൾ തുടങ്ങി ക്യാൻസർവരെയുള്ള അവസ്ഥയിലേക്ക് നമ്മെ തളളി നീക്കാൻ കാരണമാകുന്നത്. ആയുർവേദീയമായ അറിവുകളും ആചാരങ്ങളും പുത്തൻ തലമുറയിലേയ്ക്ക് സന്നിവേശിപ്പിക്കേണ്ടത് നമ്മുടെ കടമയാണ്.

ആരോഗ്യ മേഖലയെ സാരമായി ബാധിക്കുന്ന ഈ വിഷയങ്ങളെ ശക്തമായി സമീപിച്ച് പരിഹരിക്കേണ്ടത് ഏറ്റവും അനിവാര്യമാണ്.

## ജില്ലയിൽ ചികിത്സ നേടിയ ഒ.പി. രോഗികളുടെ എണ്ണം

| സ്ഥാപനങ്ങൾ | ആൺ | | പെൺ | | കുട്ടികൾ | | മൊത്തം | |
|---|---|---|---|---|---|---|---|---|
| | 2015-2016 | 2016-2017 | 2015-2016 | 2016-2017 | 2015-2016 | 2016-2017 | 2015-2016 | 2016-2017 |
| ആശുപത്രികൾ 11 എണ്ണം | 215984 | 198461 | 326915 | 287884 | 12597 | 14153 | 555496 | 500498 |
| ISM ഡിസ് പെൻസറികൾ 59 എണ്ണം | 413350 | 436456 | 787849 | 1142779 | 2381 | 12512 | 1243580 | 1184966 |
| NHM AYUSH PHC(AYU) | 171086 | 142625 | 256581 | 264615 | 16191 | 15782 | 422572 | 423658 |

*(അവലംബം. ഭാരതീയ ചികിത്സാ വകുപ്പ്, ആലപ്പുഴ)*

ജില്ലയിൽ ചികിത്സ നേടിയ I P രോഗികളുടെ എണ്ണം

| | ആൺ | | പെൺ | | കുട്ടികൾ | | മൊത്തം | |
|---|---|---|---|---|---|---|---|---|
| | 2015-2016 | 2016-2017 | 2015-2016 | 2016-2017 | 2015-2016 | 2016-2017 | 2015-2016 | 2016-2017 |
| ഗവ:ആയുർവേദ ആശുപത്രികൾ(11) | 1371 | 1421 | 1704 | 1664 | 12 | 52 | 3087 | 3137 |

*(അവലംബം. ഭാരതീയ ചികിത്സാ വകുപ്പ്, ആലപ്പുഴ)*

രോഗവിവരം തരംതിരിച്ച് 2015-16/ 2016-17

| അസുഖങ്ങൾ | ആശുപത്രികൾ (11) | | | | ഡിസ്പൻസറികൾ (59) | |
|---|---|---|---|---|---|---|
| | I P | | OP | | OP | |
| | 2015-16 | 2016-17 | 2015-16 | 2016-17 | 2015-16 | 2016-17 |
| വാതരോഗം | 1666 | 1527 | 199756 | 162000 | 504371 | 580070 |
| ജ്വരം, ശ്വാസ, കാസ | 521 | 700 | 70217 | 58000 | 188663 | 208550 |
| ജീവിതശൈലിരോഗം | 217 | 250 | 56223 | 52000 | 145086 | 137030 |
| സ്ത്രീരോഗം | 5 | 5 | 36050 | 35750 | 69081 | 69000 |

| | | | | | | |
|---|---|---|---|---|---|---|
| ശിരോരോഗം | 172 | 175 | 32623 | 30150 | 81203 | 80500 |
| ഉദരരോഗം | 24 | 20 | 44406 | 43880 | 68095 | 69050 |
| ശല്യരോഗം | 191 | 150 | 34055 | 34630 | 34502 | 32150 |
| മനോരോഗം | 1 | 10 | 2324 | 2560 | 5575 | 5350 |
| ത്വക്ക് രോഗം | 250 | 250 | 50060 | 50790 | | 3266 |
| മറ്റ് രോഗങ്ങൾ | 40 | 50 | 29782 | 30738 | | |

*(അവലംബം. ഭാരതീയ ചികിത്സാ വകുപ്പ്, ആലപ്പുഴ )*

**പകർച്ചവ്യാധി പ്രതിരോധ മെഡിക്കൽക്യാമ്പ്**

| വർഷം | ക്യാമ്പുകളുടെ എണ്ണം | രോഗികളുടെ എണ്ണം |
|---|---|---|
| 2015–2016 | 276 | 33120 |
| 2016–2017 | 235 | 25850 |

*(അവലംബം. ഭാരതീയ ചികിത്സാ വകുപ്പ്, ആലപ്പുഴ)*

## പകർച്ചാവ്യാധി സംയോജിത ക്യാമ്പ്

ജില്ലയിൽ ആദ്യമായി N.U.H.M. ഫണ്ടുപയോഗിച്ച് ഭാരതീയ ചികിത്സാവകുപ്പിന്റെ ആഭിമുഖ്യത്തിൽ ആലപ്പുഴ ജില്ലയിൽ സംയോജിതമായി 8 പകർച്ചവ്യാധി പ്രതിരോധ മെഡിക്കൽ ക്യാമ്പുകളും ബോധവത്ക്കരണ പരിപാടികളും സംഘടിപ്പിക്കുക ഉണ്ടായി. ഇത് ഫണ്ടിന്റെ ലഭ്യതക്കുറവുമൂലം കൂടുതൽ തലത്തിലേക്ക് വ്യാപിപ്പിക്കേണ്ടതിന് സാധിക്കുന്നില്ല. ആയതിനാൽ ആവശ്യത്തിന് മരുന്ന് ലഭ്യമാക്കി മറ്റ് പഞ്ചായത്തുകളിലേക്ക് വ്യാപിപ്പിക്കുക.

| തീയതി | പങ്കെടുത്ത രോഗികൾ | സ്ഥലം |
|---|---|---|
| 06–07–2017 | 208 | എരുവ ഈസ്റ്റ് കായംകുളം |
| 06–07–2017 | 226 | ഇരവുകാട് ആലപ്പുഴ |
| 06–07–2017 | 208 | ആറാട്ടുവഴി ആല്പുഴ |
| 06–07–2017 | 207 | കരളകം ആലപ്പുഴ |
| 06–07–2017 | 210 | കൊമ്മാടി ആലപ്പുഴ |
| 06–07–2017 | 158 | നെഹ്രുട്രോഫി ആലപ്പുഴ |
| 06–07–2017 | 213 | പുളിക്കണക്ക് കായംകുളം |
| 06–07–2017 | 207 | I M A HALL കായംകുളം |
| ആകെ | 1637 | |

*(അവലംബം. ഭാരതീയ ചികിത്സാ വകുപ്പ്, ആലപ്പുഴ)*

**ഔഷധങ്ങളുടെ തുക വിവരം**

| വർഷം | അനുവദിച്ച തുക |
|---|---|
| 2016–17 | 66000 |
| 2017–18 | 71000 |

*(അവലംബം. ഭാരതീയ ചികിത്സാ വകുപ്പ്, ആലപ്പുഴ)*

മേൽ വിവരിച്ചിരിക്കുന്നത് ജില്ലയിലെ ആശുപത്രികളിലും ഡിസ് പെൻസറികളിലും വർഷംതോറും ലഭിക്കുന്ന ഔഷധങ്ങളുടെ തുക വിവരം ആണ്. പ്രസ്തുത തുക നിലവിൽ ഈ സ്ഥാപനങ്ങളിൽ ചികിത്സ തേടുന്ന രോഗികളുടെ എണ്ണവുമായി കണക്കാക്കുമ്പോൾ വളരെ അപര്യാപ്തമാണ്. കൂടാതെ ഔഷധങ്ങളുടെ വിലയും വർദ്ധിപ്പിച്ച സാഹചര്യമാണ്. ഇതിലേക്കായി ഡിപ്പാർട്ട്മെന്റ് ഫണ്ട് ക്രമാനുഗതമായി വർദ്ധിപ്പിക്കേണ്ടത് അനിവാര്യമാണ്.

**ജില്ലയിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ**

| ക്രമ നം | സ്ഥാപനം |
|---|---|
| 1 | ഗവ.ആയുർവേദ ഡിസ്പെൻസറി, ഹരിപ്പാട് |
| 2 | ഗവ.ആയുർവേദ ഡിസ്പെൻസറി, കുമാരപുരം |
| 3 | ഗവ.ആയുർവേദ ഡിസ്പെൻസറി, മുട്ടാർ |
| 4 | ഗവ.ആയുർവേദ ഡിസ്പെൻസറി, ഒളവെയ്പ് |
| 5 | ഗവ.ആയുർവേദ ഡിസ്പെൻസറി, തുക്കുന്നപ്പുഴ |
| 6 | ഗവ.ആയുർവേദ ഡിസ്പെൻസറി, വീയപുരം |

*(അവലംബം. ഭാരതീയ ചികിത്സാ വകുപ്പ്, ആലപ്പുഴ)*

## അവസ്ഥാ വിശകലനം

20 കിടക്കകൾ ഉള്ള പഞ്ചകർമ്മ ആശുപത്രി നിലവിൽ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. സ്ഥലപരിമിധി രോഗികൾക്ക് വളരെ ബുദ്ധിമുട്ട് അനുഭവപ്പെട്ടുകൊണ്ടിരിക്കുകയാണ്. ആലപ്പുഴ ആയുർവേദ പഞ്ചകർമ്മ ആശുപത്രി സൊസൈറ്റിയുടെ കീഴിൽ വലിയചുടുകാടിനു സമീപം 1 ഏക്കർ 60 സെന്റ് സ്ഥലത്ത് കേന്ദ്ര ആയുഷ് വകുപ്പിന്റെ ധന സഹായത്തോടുകൂടി പുതിയ കെട്ടിടത്തിന്റെ പണി ആരംഭിച്ചെങ്കിലും നിലവിൽ പ്രവർത്തനം നിലച്ച സാഹചര്യമാണുള്ളത്.

ജില്ലയിലെ നിലവിലുള്ള പതിനൊന്ന് കിടത്തി ചികിത്സയുള്ള ആശുപത്രികളിൽ കിടക്കയുടെ എണ്ണത്തിൽ ആനുപാതികമായി മെഡിക്കൽ ഓഫീസർമാർ അടക്കം മറ്റ് ജീവനക്കാരുടെ സേവനം ലഭ്യമല്ലാത്തത് രോഗികളുടെ ഫലവത്തായ ചികിത്സയെ പ്രതികൂലമായി ബാധിക്കുന്നു. ജില്ലയിലെ 15 NHM ആയുഷ് PHC (ആയു)-കളിൽ ഒരു ഡോക്ടറുടെ സേവനവും അതാത് പഞ്ചായത്ത് നിയമിക്കുന്ന താത്ക്കാലിക ജീവനക്കാരുടെ സഹായത്തോടുകൂടിയാണ് ഫീൽഡ് വർക്ക് അടക്കമുള്ള എല്ലാ ജോലികളും ചെയ്യുന്നത്.

ആലപ്പുഴ ജില്ലയിൽ ഭാരതീയ ചികിത്സാ വകുപ്പിൽ ഒരു താലൂക്ക് ആശുപത്രി പോലും ഇല്ലാത്തതിനാൽ ആ ഇനത്തിൽ ലഭ്യമാക്കേണ്ട പല കേന്ദ്രാവിഷ്കൃത പദ്ധതി ഫണ്ടുകളും വിനിയോഗിക്കാൻ സാധിക്കുന്നില്ല. അവശ്യം വേണ്ട ജീവനക്കാരുടെ ദൌർലഭ്യം മൂലം പകർച്ചവ്യാധി പ്രതിരോധ ചികിത്സ മേഖലയിൽ പ്രവർത്തനങ്ങൾ വേണ്ടവിധത്തിൽ കാര്യക്ഷമമായി നടത്താൻ സാധിക്കുന്നില്ല. അതിൽ തന്നെ ഈ മേഖലയിൽ വിവരശേഖരണത്തിനും മറ്റും നിമയബന്ധിതമായി ഫലവത്തായുള്ള പ്രവർത്തനങ്ങൾ കാഴ്ചവെയ്ക്കാൻ സാധിക്കുന്നില്ല.

പ്രാഥമികാരോഗ്യ മേഖലയിൽ ഭാരതീയ ചികിത്സാ വകുപ്പിൽ ജില്ലയിൽ OUT REACH' പ്രവർത്തനം ആയ മെഡിക്കൽ ക്യാമ്പുകൾ, അംഗനവാടി, പാലിയേറ്റീവ് കെയർ, ജെറിയാട്രിക്ക് കെയർ, സ്കൂൾ ഹെൽത്ത് പ്രോഗ്രാം പോലെയുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ ജില്ലയിൽ നടപ്പാക്കിവരുന്നെങ്കിലും മാനവവിഭവശേഷിയുടെ പരിമിതിമൂലം വിവരശേഖരണവും

തുടർപ്രവർത്തനം നടത്തുവാൻ സാധിക്കുന്നില്ല. ജില്ലയിൽ പല സ്ഥാപനങ്ങളും വാടക കെട്ടിടത്തിലാണ് പ്രവർത്തിച്ചുവരുന്നത്. ജില്ലയിൽ നിലവിൽ 6 സബ് സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. ഈ സെന്ററുകളിൽ ഒന്നും സ്ഥിരമായി ജീവനക്കാരുടെ സേവനം ലഭ്യമല്ല.

24 മണിക്കൂർ പ്രവർത്തിക്കുന്ന ആശുപത്രികളിൽ സ്റ്റാഫുകളുടെ അഭാവം മൂലം മിക്ക ജീവനക്കാരും NIGHT DUTY ഉൾപ്പെടെ 10 മണിക്കൂറിൽ കൂടുതൽ ജോലി ചെയ്യേ വരുന്ന സാഹചര്യമാണ് നിലവിലുള്ളത്. ആശുപത്രികളിൽ പഞ്ചകർമ്മ ചികിത്സ വിധികൾ നടപ്പിലാക്കുന്നതിൻ കിടക്കൾക്ക് ആനുപാതികമായി തെറാപ്പിസ്റ്റുകൾ ഇല്ല. ഭിന്നശേഷിക്കാരായ രോഗികൾക്ക് വേണ്ട അടിസ്ഥാന സൌകര്യങ്ങൾ പല സ്ഥാപനങ്ങളിലും നിലവില്ല. മിക്ക സ്ഥാപനങ്ങളിലും COMPUTER & INTERNET സംവിധാനങ്ങൾ ഉണ്ടെങ്കിലും വിവരശേഖരണത്തിലും അപഗ്രഥനത്തിനും വേണ്ട ഏകീകൃത SOFTWARE സംവിധാനമില്ല

ആലപ്പുഴ ജില്ലയിൽ കുട്ടനാടിന്റെ പല മേഖലകളും സമുദ്ര നിരപ്പിന്റെ താഴെയാണ്. ഈ മേഖലകളും കുട്ടനാടിന്റെ പല കായൽ മേഖലകളിലേയും ഉൾപ്രദേശത്തുള്ള ജനവാസകേന്ദ്രങ്ങളും ആരോഗ്യ രംഗത്ത് ഒട്ടേറെ ഭീഷണികൾ നേരിടുന്നുണ്ട്.

മഴക്കാലത്തോട് അനുബന്ധിച്ചുള്ള പകർച്ചവ്യാധി കാലങ്ങളിലാണ് ഏറെ ദുരിതം അനുഭവിക്കുന്നത്. പലയിടങ്ങളിലും ചികിത്സാകേന്ദ്രങ്ങളിൽ എത്തിപ്പെടാൻ പറ്റാത്ത സാഹചര്യം ആണ്. ജലഗതാഗതം ആണ് ആളുകൾ ഏറെയും ആശ്രയിക്കുന്നത്. ഈ പ്രതികൂല സാഹചര്യങ്ങളെ മറികടക്കാൻ അലോപ്പതി വിഭാഗത്തിനും ഹോമിയോ വകുപ്പിനും ഫ്ളോട്ടിംഗ് ഡിസ്പെൻസറി നിലവിൽ പ്രവർത്തിക്കുന്നുണ്ട്. ഭാരതീയ ചികിത്സാ വകുപ്പിൽ നാളിതുവരെ ഫ്ളോട്ടിംഗ് ഡിസ്പെൻസറി സൗകര്യം ലഭ്യമായിട്ടില്ല. പകർച്ചവ്യാധി പ്രതിരോധ രംഗത്തും ജീവിതശൈലി രോഗപ്രതിരോധ രംഗത്തും ജില്ലയിൽ മാതൃകാപരമായ പ്രവർത്തനങ്ങൾ കാഴ്ചവെക്കുന്നു. ഭാരതീയ ചികിത്സാവകുപ്പിന് ഫ്ളോട്ടിംഗ് ഡിസ്പെൻസറി എത്രയും വേഗം ലഭ്യമാക്കേണ്ടതാണ്.

## കാഴ്ചപ്പാട്

ഔഷധ സസ്യങ്ങളുടെ ദൌർലഭ്യം പരിഹരിക്കുന്നതിനും ഔഷധസസ്യകൃഷി, പരിപാലനം, ഔഷധനിർമ്മാണ സൌകര്യം എന്നിവയുമുള്ള ദീർഘ വീക്ഷണത്തോടെയുള്ള പദ്ധതികൾ രൂപീകരിച്ച് ജില്ലയുടെ പ്രത്യേക ഭൂപ്രകൃതിക്ക് അനുസൃതമായ ജൈവവൈവിധ്യ സംരക്ഷണവും ഔഷധസസ്യകൃഷിയും വിപുലമാക്കുക.

ലോകമെമ്പാടുമുള്ള ജനങ്ങൾ ആയുർവേദ ചികിത്സയ്ക്കായി ജില്ലയിൽ എത്തുന്ന ഈ സാഹചര്യത്തിലും തനതായ ചികിത്സാരീതികൾ അവർക്ക് ലഭ്യമാക്കാനുള്ള ലോകനിലവാരത്തിലുള്ള സ്ഥാപനങ്ങൾ പരിമിതമാണ്. സർക്കാർ തലത്തിൽ മാതൃകാ സ്ഥാപനങ്ങൾ ഈ മേഖലയിൽ ഉണ്ടാക്കേണ്ടതാണ്. ഇതിനായി ടൂറിസം രംഗത്ത് ആയുർവേദത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുന്ന പദ്ധതികൾ സർക്കാർ തലത്തിൽ ഉണ്ടാകണം. ടൂറിസം ഡിപ്പാർട്ടുമെന്റുമായി ചേർത്ത് ഇതിനുള്ള പദ്ധതികൾ ആവിഷ്കരിക്കാവുന്നതാണ്. ഇതിനായി മൂന്നാറുമുക്ക്, പുത്തനങ്ങാടി എന്നിവിടങ്ങളിലെ KTDC സംരംഭങ്ങൾ ഇത്തരത്തിൽ മാറ്റി എടുക്കാവുന്നതാണ്. കൂടാതെ വട്ടക്കായലിൽ വരാൻപോകുന്ന പുതിയ BOAT TERMINAL നോട് അനുബന്ധിച്ച KTDC യോട് ചേർന്ന് ഭാരതീയ ചികിത്സാ വകുപ്പിന്റെ നേതൃത്വത്തിൽ തുടങ്ങാവുന്നതാണ്.

ആയുർവേദീയമായ അറിവുകൾ ജനകീയമാക്കുകയും ആയുർവേദ മൂല്യങ്ങൾ ജനങ്ങളിലെത്തിക്കുകയും കാലഘട്ടത്തിന്റെ അനിവാര്യതയാണ്. അതിനുവേണ്ടി പ്രൈമറിതലം മുതൽ ആയുർവേദം പാഠ്യപദ്ധതിയുടെ ഭാഗമാക്കേണ്ടതുണ്ട്. ഗവേഷണ പ്രവർത്തനങ്ങളിൽ വളരെയധികം പിന്നിലാണ് ഈ മേഖല. ആയുർവേദത്തിന്റെ അടിസ്ഥാന സിദ്ധാന്തങ്ങളെ ആധുനിക കാലഘട്ടത്തിന്റെ ആരോഗ്യ കാഴ്ചപ്പാടുകളും ആധുനികമായ അറിവുകളും സന്നിവേശിപ്പിച്ച് നൂതനവും കാര്യക്ഷമവുമായ ചികിത്സാമാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനുവേണ്ടി ഗവേഷണ പ്രവർത്തനങ്ങൾ ആവശ്യമാണ്. അതിനുവേണ്ടി ഇട്ടി അച്ചുതന്റെ നാമധേയത്തിൽ ഒരു ഗവേഷണകേന്ദ്രം സ്ഥാപിക്കുക.

പുത്തൻ തലമുറ ലഹരി മരുന്നിന്റെയും മറ്റും പിന്നാലെപോയി ക്രീയാത്മകത നശിച്ച ഒരു സമൂഹമായി മാറിക്കൊണ്ടിരിക്കുകയാണ്. ഈ സാഹചര്യത്തിൽ ആയുർവേദം അനുശാസിക്കുന്ന മൂല്യബോധനത്തിനുവേണ്ടി സ്കൂൾതലത്തിൽ സംയോജിതമായ തീവ്രശ്രമം ആവശ്യമാണ്. എല്ലാ സ്കൂളിന്റേയും ആയുഷ് ക്ലബ്ബുകൾ രൂപീകരിച്ചുകൊണ്ട് പ്രവർത്തനം നടത്താവുന്നതാണ്.

പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടപ്പിലാക്കാൻ പരിസര ശുചിത്വത്തിനും, കൊതുക നശീകരണത്തിനും ഫലപ്രദമായി ഉപയോഗിക്കാവുന്ന നാട്ടറിവുകളും ആയുർവേദ മാർഗ്ഗങ്ങളും പ്രയോജനപ്പെടുത്തേണ്ടതുണ്ട്. അതോടൊപ്പം ഓരോ വ്യക്തിയുടേയും സ്വതസിദ്ധമായ രോഗപ്രതിരോധശേഷി വർദ്ധിപ്പിക്കുന്നതിൻ ആയുർവേദം അനുശാസിക്കുന്ന മാർഗ്ഗങ്ങൾ ഫലപ്രദമായി കാലികമായ മാറ്റങ്ങൾ ഉൾക്കൊണ്ടുകൊണ്ട് നടപ്പിലാക്കേണ്ടതുണ്ട്. ഇതിനായി ഇതര വകുപ്പുകളുമായി ചേർന്ന് സംയോജിത പദ്ധതികൾ ഉണ്ടാകേണ്ടതുണ്ട്.

പകർച്ചവ്യാധി പ്രതിരോധത്തോടൊപ്പം സഹജമായ ശാരീരിക മാനസിക ബലം വർദ്ധിപ്പിക്കുന്ന രീതികൾക്കും കാലികമായി ഏറെ പ്രസക്തിയുണ്ട്. ഇവിടെ ആയുർവേദ ചികിത്സാ ശാസ്ത്രത്തിന്റെ സംഭാവനകളെ വളരെയേറെ ജനകീയമാക്കേണ്ട കടമ നമുക്കുണ്ട്. ഇതിലേക്കായി ആയുർവേദ മേഖല നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധി മാനവ വിഭവ ശേഷിക്കുറവ്, അതുമൂലമുള്ള വിവരശേഖരണത്തിന്റെ പേരായ്മയും ആണ്.

ജില്ലയിൽ ആയുർവ്വേദ ചികിത്സാമേഖയിൽ നേരിടുന്ന ഏറ്റവും വലിയ പോരായ്മയാണ് പകർച്ച വ്യാധി പ്രതിരോധ മേഖല കാര്യക്ഷമമാക്കാനും മറ്റ് ഔട്ട് റീച്ച് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ ജില്ലയിലെ എല്ലാ താലൂക്കുകളിലും ആയുർവേദ താലൂക്കാശുപത്രികൾ അടിയന്തിരമായി ആരംഭിക്കേണ്ടതാണ്

എല്ലാ താലൂക്കുകളിലും "KASH" നിലവാരത്തിൽ താലൂക്ക് ആശുപത്രികൾ സജ്ജമാക്കേണ്ടതാണ്. ജില്ലയിൽ വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്ന താഴെപ്പറയുന്ന ISM, NHM സ്ഥാപനങ്ങൾ സ്വന്തം കെട്ടിടത്തിലേക്ക് മാറ്റേണ്ടതാണ്

ആവശ്യമുള്ള പഞ്ചായത്തുകളിൽ സബ്സെന്റർ ആരംഭിക്കുക, മതിയായ ജീവനക്കാരെ നിയമിക്കുക. ഇതിലേക്കായി ഡോക്ടർമാർ അടക്കമുള്ള മറ്റ ജീവനക്കാരുടെ നിയമത്തിനും ഔഷധം ലഭ്യമാക്കുന്നതിനും NHM (Nation Health Mission) NAM (National Ayush Mission)ന്റെ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്. അടിസ്ഥാന സൌകര്യങ്ങളും ഔഷധങ്ങളും പഞ്ചായത്ത് ഉറപ്പാക്കേണ്ടതാണ്.

- ആശുപത്രികൾ 10 കിടക്കൾക്ക് **1:1** എന്ന അനുപാതത്തിൽ പുരുഷ-സ്ത്രീ തെറാപ്പിസ്റ്റുകളുടെ തസ്തിക ഉറപ്പാക്കേണ്ടതാണ്.

- എല്ലാ സ്ഥാപനങ്ങളും ഭിന്നശേഷി സൌഹൃത സ്ഥാപനങ്ങളാക്കി മാറ്റുക.
- ഡിപ്പാർട്ട്മെന്റിൽ paperless സംവിധാനം കൊണ്ടുവരുക ഇതിനുവേണ്ടി ഏകീകൃത software രൂപികരിക്കുക കൂടാതെ OP,IP data, out reach പ്രവർത്തനങ്ങൾ തുടങ്ങി വിവരശേഖരങ്ങൾക്ക് പ്രത്യേക software സംവിധാനം കൊണ്ടു വരുക.
- ഗവേഷണ സംരംഭങ്ങളുടെ അഭാവം
- ജില്ലയിൽ ആയുർവ്വേദ മേഖലയിൽ ഗവേഷണകേന്ദ്രം ആരംഭിക്കുക.

എല്ലാ ആശുപത്രികളിലും ലാബ് സൌകര്യങ്ങൾ ലഭ്യമാക്കാൻ ഉള്ള സ്ഥലങ്ങൾ വിപുലീകരിക്കുകയും ചെയ്യണം. ഇവയുടെ ദൌർലഭ്യം മൂലം രോഗികൾ വല്ലാതെ കഷ്ടത അനുഭവിക്കുന്ന സാഹചര്യമാണ് നിലവിലുള്ളത്. ജില്ലയിലുള്ള ഡിസ്പൻസറികളിൽ ഒന്നിൽപോലും ലാബ് സൌകര്യമില്ല. ഏറ്റവും അടിസ്ഥാനപരമായ നിർണ്ണയോപാധികളെങ്കിലും സാധ്യമാക്കുന്ന ലാബ് സൌകര്യങ്ങൾ ഉണ്ടാകേണ്ടത് ആവശ്യമാണ്. ഇതിന് സാധ്യത കൈവരുന്നതുവരെ ഓരോ ഡിസ്പൻസറി തൊട്ടടുത്തുള്ള PHC യിലോ, CHC യിലോ ഈ സൌകര്യങ്ങൾ ലഭ്യമാക്കാനുള്ള നടപടികൾ എത്രയും വേഗം ചെയ്യേണ്ടതാണ്.

കാവുകൾ, കുളങ്ങൾ, മറ്റ തണ്ണീർത്തടങ്ങൾ, മുതലായവയുടെയൊക്കെ സംരക്ഷണം സാധ്യമാക്കേണ്ടത് ഏറ്റവും കാമ്പുള്ള കാര്യമാണ്. എല്ലാ വിദ്യാലയങ്ങൾ തോറും ബോധവൽക്കരണ പരിപാടികളും ശിൽപ്പശാലകളും തുടർച്ചയായി നടത്തുന്ന പദ്ധതിയാണ് "ആയുർധർമ്മ". സ്കൂളുകളിലെ ആയുഷ് ക്ലബ്ബുകൾ വഴി നടപ്പാക്കാവുന്നതാണ്.

വ്യായാമ മുറകൾ, പഞ്ചകർമ്മ ചികിത്സാവിധികൾ തുടങ്ങിയവ സമന്വയിപ്പിച്ചുകൊണ്ട് ജില്ലയിലെ ആയുർവ്വേദ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് ആയുർവ്വേദ ജീവിതശൈലി ക്ലിനിക്കുകൾ ആരംഭിക്കേണ്ടതുണ്ട്. ഇതിനായി കൃത്യമായ ഔഷധ ലഭ്യത ഇല്ലായ്മ, ലാബ് സൌകര്യങ്ങൾ ഇല്ലായ്മ, ജീവനക്കാരുടെ അഭാവം ക്ലിനിക്കിന്റെ ഭാഗമായി ജീവിതശൈലീ രോഗങ്ങൾ പ്രതിരോധിക്കുന്നതിന്റെ ഭാഗമായി ത്രിതല പഞ്ചായത്ത് തലത്തിൽ സ്കൂൾതലം മുതൽ ചിട്ടയായ ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കുക ഫണ്ട് ലഭ്യമാക്കി ഏകീകൃത വിധത്തിൽ ക്ലാസ്സുകൾ സംഘടിപ്പിക്കുക. ചിട്ടയായ വ്യായാമ മുറകൾ പരിശീലിപ്പിക്കുക എന്നിവ പരിഗണിക്കേണ്ടതാണ്.

പരമ്പരാഗത അറിവുകളുടെ അജ്ഞാനം, ആയുർവ്വേദ മരുന്നുകളുടെ അമിതമായ വിലവർദ്ധന, സർക്കാർ തലത്തിലുള്ള പരിശീലകരുടെ അഭാവം തുടങ്ങിയവ മൂലം പ്രസവാനന്തര ശ്രുശ്രൂഷ സമൂഹത്തിൽ അന്യംനിന്ന് പോകുന്ന അവസ്ഥയാണുള്ളത്. ഇതിന് ഒരു പരിഹാരമായി ജില്ലയിലെ എല്ലാ പഞ്ചായത്തുകളിലും സർക്കാർ തലത്തിൽ പ്രസവാനന്തര ശ്രുശ്രൂഷ എന്ന പദ്ധതി നടപ്പിലാക്കേണ്ടതാണ്. ഇതിന്റെ ഭാഗമായി എല്ലാ പഞ്ചായത്തിലും വാർഡ് തലത്തിൽ ഒരാൾ എന്ന നിലയിൽ ആൾക്കാരെ വിദഗ്ധ ഡോക്ടർമാരെക്കൊണ്ട് പരിശീലനം നൽകിച്ച് പ്രസവാനന്തര ശ്രുശ്രൂഷയ്ക്ക് നൽകുകയും ചെയ്യുന്നത് നന്നായിരിക്കും. ഈ പദ്ധതി ആദ്യന്തം ബന്ധപ്പെട്ട മെഡിക്കൽ ഓഫീസർമാരുടെ മേൽനോട്ടത്തിൽതന്നെ ആയിരിക്കണം നടത്തേണ്ടത്. ആയുർവ്വേദ സംബന്ധമായ കൃത്യമായതും സർക്കാർതല സേവനങ്ങൾ വിശദീകരിക്കുന്നതുമായ വെബ്സൈറ്റുകൾ ഡെവലപ്പ് ചെയ്യണം.

ജീവിതശൈലി രോഗങ്ങളിൽ നിന്നും സ്ത്രീകളും മുക്തരല്ല. ഇവയ്ക്കൊപ്പം വീട്ടിലേയും ജോലിസ്ഥലത്തേയും സമ്മർദ്ദങ്ങൾ കൂടിയാകുമ്പോൾ ആർത്തവ സംബന്ധമായ പ്രശ്നങ്ങളും

ക്രമാതീതമായി കൂടിവരുന്നതായി കാണുന്നു. സ്ത്രീകളുടെ ആരോഗ്യ പ്രശ്നങ്ങൾ അടുത്ത തലമുറയെക്കൂടി ബാധിക്കും എന്നതിനാൽ ഈ വിഷയത്തെ വളരെ ഗൌരവമായി കാണേണ്ടതുണ്ട്. സ്ത്രീകൾക്കു നൽകുന്ന അറിവ് വരും തലമുറക്കു കൂടി പകർന്നുകിട്ടും എന്നതിനാൽ ബോധവൽകരണത്തിന്റെ പ്രാധാന്യം വളരെ ഏറെയാണ്. അതിനാൽ തന്നെ കൃത്യമായ ബോധവൽക്കരണവും തനത് ആഹാര- ആരോഗ്യ ശീലങ്ങൾ വളർത്തി എടുക്കുകയും ഫലപ്രദവും താരതമ്യേന പാർശ്വരഹിതവുമായ ആയുർവ്വേദ ചികിത്സ ഉപയോഗപ്പെടുത്തി കൌമാരക്കാരായ പെൺകുട്ടികൾക്കുള്ള ആർത്തവ പ്രശ്നങ്ങൾക്ക് പരിഹാരം കാണേണ്ടത് ആവശ്യകാര്യമാണ്. ഒപ്പം മാനസിക-ശാരീരിക സമ്മർദ്ദങ്ങൾ ഫലപ്രദമായി കൈകാര്യം ചെയ്ത് ആരോഗ്യമുള്ള ഒരു തലമുറയെ വാർത്തെടുക്കുവാനും സഹായിക്കുന്നു.

വയോജനങ്ങളുടെ ശാരീരികവും മാനസികവും സാമൂഹികവുമായ ആരോഗ്യ പ്രശ്നങ്ങളെ നമ്മുടെ ഉത്തരവാദിത്വമായി ഏറ്റെടുത്ത് പരിഹാരം കാണുന്ന വിധത്തിലുള്ള പദ്ധതികൾ വിഭാവനം ചെയ്യേണ്ടതാണ്. സർക്കാർ-എയ്ഡഡ് സ്കൂളുകൾ കേന്ദ്രീകരിച്ച് ഗ്രാന്റ് പേരന്റ്സ് അസോസിയേഷൻ രൂപികരിച്ച് ബോധവത്കരണം അടക്കമുള്ള പ്രവർത്തനങ്ങൾ നടത്തുന്നത് നന്നായിരിക്കും. വയോജനങ്ങളുടെ നാഡീ-പേശീ-സന്ധി സംബന്ധമായുള്ള അസുഖങ്ങൾക്ക് തുടർ ആയുർവ്വേദ ചികിത്സയും ആഹാര-വ്യായാമ ശീലങ്ങളെ കുറിച്ച് ബോധവത്കരണവും നടത്തുക. ജീവിതശൈലി രോഗങ്ങളെ ഫലപ്രദമായും പാർശ്വഫലങ്ങളില്ലാതേയും അഭിമുഖീകരിക്കുന്നതിന് രക്തപരിശോധനയും തുടർ ചികിത്സയും ബോധവത്കരണവും നടത്തുക. നിലവിലുള്ള സർക്കാർ ആയുർവ്വേദ സ്ഥാപനങ്ങളുമായി ബന്ധപ്പെടുത്തി ആഴ്ചയിലൊരിക്കൽ പ്രത്യേക ഒ.പി നടത്തുന്ന വൃദ്ധജന സൌഹൃദ ക്ലിനിക്കുകളും ഗ്രാന്റ് പേരന്റ്സ് അസോസിയേഷനുകളും സംയുക്തമായി സ്കൂളുകളിൽ വയോജനദിനം തുടങ്ങിയ അവസരങ്ങളിൽ പ്രത്യേക പരിപാടികൾ സംഘടിപ്പിക്കുക. ഒ.പി. തലത്തിൽ നടത്താവുന്ന ചികിത്സകൾ (നസ്യം, ഏകാംഗസ്വേദം, ബാന്റേജിംഗ്) പരമാവധി ഒ.പി.യിലൂടെ ലഭ്യമാക്കുക.

ശാരീരികവും മാനസികവുമായ മെച്ചപ്പെട്ട ആരോഗ്യവും മൂല്യങ്ങളിൽ അധിഷ്ഠിതമായ ഒരു ജീവിത വീക്ഷണവും വിദ്യാർത്ഥികളിൽ വളർത്തി എടുക്കുന്നതിനുള്ള പദ്ധതികൾ വിഭാവനം ചെയ്യേണ്ടിയിരിക്കുന്നു. ഇതിനാൽ സർക്കാർ സ്കൂളുകളിൽ ആയുഷ് ക്ലബ്ബുകൾ രൂപികരിക്കുന്നത് നന്നായിരിക്കും.

## മുൻഗണനകൾ

- ജില്ലയിൽ ഭാരതീയ ചികിത്സ വകുപ്പ് നേരിടുന്ന മാനവവിഭവശേഷിക്കുറവ് അടിയന്തിരമായി പരിഹരിക്കുക.
- ജില്ലാ ആയുർവ്വേദ ആശുപത്രിക്ക് മതിയായ പുതിയ സ്ഥലം കണ്ടെത്തി 300 കിടക്കകൾ ഉള്ള മൾട്ടി സ്പെഷ്യാലിറ്റി ആയി ഉയർത്തുക.
- ജില്ലാ ആശുപത്രിയിൽ അടിയന്തിരമായി നേത്രരോഗം Ano rectal, ബാലചികിത്സ, സ്ത്രീരോഗ ചികിത്സ, മാനസിക ചികിത്സ എന്നിവയ്ക്ക് സ്പെഷിലിസ്റ്റ് തസ്തികകൾ അനുവദിക്കുക.
- ഭാരതീയ ചികിത്സ വകുപ്പ് ജില്ലാ ഓഫീസിലെ പുതിയ തസ്തികകൾ അനുവദിക്കുക.
- എല്ലാ താലൂക്കുകളിലും താലൂക്ക് തല ആയുർവ്വേദ ആശുപത്രികൾ എല്ലാ സ്പെഷ്യാലിറ്റികളോടു കൂടി അനുവദിക്കുക.
- എല്ലാ സ്ഥാപനങ്ങളും 'KASH നിലവാരത്തിലേക്ക് ഉയർത്തുക.

- NHM ആയുഷ് PHC കളിൽ Pharmacist, Attender, Sweeper തസ്തികകൾ സൃഷ്ടിക്കുക.
- എല്ലാ പഞ്ചായത്തുകളിലും സബ് സെന്ററുകൾ തുടങ്ങുക, പുതിയ തസ്തികകൾ അനുവദിക്കുക.
- ആർദ്രം മിഷന്റെ ഭാഗമായി ജില്ലയിൽ ആയുർവ്വേദ മേഖലയിൽ കുടുംബാരോഗ്യ കേന്ദ്രങ്ങൾ ആക്കുക.
- ജില്ലയിൽ ആയുർവ്വേദ സ്പോർട്ട്സ് മെഡിസിന് ചികിത്സാ കേന്ദ്രം ആരംഭിക്കുന്നതിനുള്ള ചികിത്സാ പദ്ധതി തയ്യാറാക്കുക.
- ജില്ലയിൽ സർക്കാർ മേഖലയിൽ ഔഷധ നിർമ്മാണ യൂണിറ്റ് ആരംഭിക്കുക.
- ജില്ലയിൽ സർക്കാർ മേഖലയിൽ PPP മോഡൽ (Private Public Partnership) ഔഷധ സസ്യ കൃഷി തുടങ്ങുക.
- പരിസ്ഥിതിയുടെ താളലയം സാധ്യമാക്കാന് ജൈവ വൈവിധ്യ സംരക്ഷണം.( കാവുകൾ, കുളങ്ങൾ, തണ്ണീർതടങ്ങൾ)
- പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങളിലും, out reach പ്രവർത്തനങ്ങളിലും ഫലപ്രദമായി ഇടപെടുവാൻ ഭാരതീയ ചികിത്സാ വകുപ്പിനെ സജ്ജമാക്കുക.
- കുട്ടികളുടെ പഠന വൈകല്യം ലഹരി ഉപയോഗം തുടങ്ങിയവ പരിഹരിക്കുന്നതിന് “ആയുർ ധർമ്മ“ പദ്ധതി നടപ്പിലാക്കുക.
- എല്ലാ സ്ഥാപനങ്ങളിലും ജീവിത ശൈലിരോഗ ക്ലീനിക്കുകൾ ആരംഭിക്കുക.
- എല്ലാ ആശുപത്രികളിലും ലാബ് സൌകര്യങ്ങൾ ഉറപ്പുവരുത്തുക കൂടാതെ PH സെന്ററുകളോട് അനുബന്ധിച്ചുള്ള ലാബുകൾ ആയുർവേദ ഡിസ്പെൻസറിയിലെ രോഗികൾക്കു കൂടി പ്രയോജനപ്പെടുത്തുവാനുള്ള സംവിധാനം ഉണ്ടാക്കുക.
- ജില്ലയിലെ എല്ലാ സ്ഥാപനങ്ങളും ഭിന്നശേഷി സൌഹൃദമാക്കുക.
- എല്ലാ സർക്കാർ, എയ്ഡഡ് സ്കൂളുകളിലും “ ആയുഷ് ക്ലബ്ബ് “ രൂപികരിക്കുക.
- എല്ലാ ആശുപത്രികളിലും സെക്യൂരിറ്റി ജീവനക്കാരെ നിയമിക്കുക.
- പഞ്ചകർമ്മ ആശുപത്രിയുടെ കെട്ടിടം പണി ഉടനടി പൂർത്തിയാക്കി മികവിന്റെ കേന്ദ്രമാക്കി മാറ്റുക.
- ജില്ലയിൽ ആയുർവേദ മേഖലയിൽ ഗവേഷണ കേന്ദ്രം ആരംഭിക്കുക.
- ആയുർവേദ ഡയറക്ടർ മുതൽ മെഡിക്കൽ ഓഫീസർമാർ വരെ എല്ലാവർക്കും ഡിപ്പാർട്ട്മെന്റ് വക മൊബൈൽ ഫോൺ സംവിധാനം ഏർപ്പെടുത്തുക.
- പ്രൈമറി തലം മുതൽ ആയുർവേദം പാഠ്യവിഷയമാക്കുക
- പഞ്ചായത്തിലുള്ള പാലിയേറ്റീവ് രോഗികളുടെ ലിസ്റ്റ് സംഘടിപ്പിച്ചതിനുശേഷം അവയിൽ വൈദ്യപരിശോധനയ്ക്ക് ശേഷം ആയുർവ്വേദ ചികിത്സ സംയോജിപ്പിക്കാവുന്ന രോഗികളെ കണ്ടെത്തി ലിസ്റ്റാക്കുക.
- അവർക്കാവശ്യമുള്ള മരുന്നുകൾ (പഞ്ചകർമ്മ ചികിത്സ, ശമന ചികിത്സ) നൽകേണ്ടതിന്റെ ഇന്റെന്റ് തയ്യാറാക്കി സമയക്രമം (കലണ്ടർ ) തയ്യാറാക്കുക.

- സമയ ബന്ധിതമായി വൈദ്യനിർദ്ദേശത്തോടെ മേൽ നിർദ്ദേശിച്ചവരുടെ സഹായത്തോടെ പദ്ധതി നടപ്പാക്കുക.
- മെഡിക്കൽ ഓഫീസർ, ആരോഗ്യ സ്റ്റാന്റിംഗ് കമ്മറ്റി അംഗങ്ങൾ എന്നിവർ ഉൾപ്പെടുന്ന സമിതി മോണിറ്ററിംഗ് കൃത്യമായി നടത്തി പദ്ധതിയുടെ മേന്മകളും പോരായ്മകളും വിലയിരുത്തുക.
- ബൊട്ടാണിക്കൽ ഗാർഡൻ, കൃഷിവകുപ്പ് എന്നിവരുമായി സഹകരിച്ചുകൊണ്ട് ഔഷധ സസ്യ കൃഷി ഒരുക്കുക.
- പഞ്ചായത്തിന്റെ നിർദ്ദേശപ്രകാരം കൃഷി ഓഫീസറുടെ മേൽനോട്ടത്തിൽ കൃഷിയിടങ്ങൾ ഒരുക്കുക.
- പ്രാദേശികമായി അനുഭവജ്ഞാനമുള്ള വൈദ്യസമൂഹത്തിന്റേയും മുതിർന്ന കർഷകരുടേയും സഹായത്തോടെ ദേശകാലങ്ങൾക്ക് യോജിക്കുന്ന ഔഷധ സസ്യങ്ങളുടെ ലിസ്റ്റുണ്ടാക്കുക.
- സമയക്രമം പാലിച്ചുകൊണ്ട് (കലണ്ടർ ) സസ്യങ്ങൾ നടുക. അയൽക്കൂട്ടം, സന്നദ്ധസംഘനകളുടെ സഹായത്തോടെ പരിപാലനം സമയബന്ധിതമായി നടത്തുക.
- MO, കൃഷിയോഫീസർ ഇവർ സംയുക്തമായി പ്രായോഗ്യ യോജ്യമായ ഭാഗങ്ങൾ ശേഖരിക്കുന്നതിന് മേൽനോട്ടം വഹിക്കുക.
- സൊസൈറ്റികളുടെ സഹായത്തോടെ ഔഷധം നിർമ്മാണ യൂണിറ്റുകളിൽ കേടുകൂടാതെ സൂക്ഷിക്കുക.
- നിർമ്മാണ യൂണിറ്റുകൾ കൃത്യമായി ഔഷധ കൽപ്പനകൾ നിർമ്മിച്ച് പഞ്ചായത്തിന്റെ സഹായത്തോടെ വിപണനവും ചെയ്യാവുന്നതാണ്.
- ആരോഗ്യവകുപ്പുമായി സഹകരിച്ച് പകർച്ചവ്യാധിപ്രതിരോധ ചികിത്സ മേഖലകളിൽ ബോധവൽക്കരണ പരിപാടികൾ, മെഡിക്കൽ ക്യാമ്പുകൾ എന്നിവ സമയ ബന്ധിതമായി സംഘടിപ്പിക്കുക. അതിനായി ആവശ്യം വേണ്ട മരുന്നുകൾ ലഭ്യമാക്കുക.
- ശുചിത്വ മിഷനുമായി സഹകരിച്ച് ആയുർവ്വേദ വകുപ്പിനെ ഉൾക്കൊള്ളിച്ചുകൊണ്ട് പരിസര ശുചീകരണമാർഗ്ഗങ്ങൾ വാർഡ് സാനിറ്റേഷൻ കമ്മറ്റിയുടെ സഹായത്തോടെ ഊർജ്ജിതമായി നടപ്പാക്കണം.
- ജൈവകീടനാശിനി പഞ്ചായത്തിൽതന്നെ ഉൽപ്പാദിപ്പിക്കാവുന്നതാണ് (പുകയില കഷായം- തുടങ്ങിയവ), അണുനാശക സ്വഭാവമുള്ള (കൊതുക നിവാരണം), ധൂപങ്ങൾ (അപരാജിത) ഉൽപ്പാദിപ്പിക്കാം.
- ക്ഷേമനിധിബോർഡുമായി സഹകരിച്ചുകൊണ്ട് അവശത അനുഭവിക്കുന്നവർക്കായി പ്രതിരോധവും ചികിത്സയും.
- മെഡിക്കൽ ഓഫീസർമാരുടെ മേൽനോട്ടത്തിൽ രോഗനിർണ്ണയവും ഹെൽത്ത് കാർഡ് വിതരണവും.
- ഓരോ തൊഴിൽ മേഖലകൾക്കായി പ്രത്യേകം ചികിത്സയും മരുന്ന വിതരണവും ഹെൽത്ത് കാർഡ് അനുസരിച്ച് സമയ ബന്ധിതമായി മരുന്നുകളും വൈദ്യ നിർദ്ദേശങ്ങളും നൽകാവുന്നതാണ്.

- ജില്ലാ സ്പോർട്ട്സ് കൌൺസിലുമായി ബന്ധപ്പെട്ട് സ്പോർട്ട്സ് താരങ്ങളുടെ കായിക, മാനസിക ക്ഷമതയ്ക്ക് അനുസരിച്ച് പ്രതിരോധമാർഗ്ഗങ്ങളും ചികിത്സയും
- സ്കൂളുകളുടെ ലിസ്റ്റ് ചെയ്ത് കുട്ടികളെ തിരഞ്ഞെടുത്ത് സമയബന്ധിതമായി പരിശോധനയും ക്ഷമത വർദ്ധിപ്പിക്കുന്ന മാർഗ്ഗങ്ങളും വിശദമാക്കുന്ന ബോധവൽക്കരണം നടപ്പിലാക്കുക. ഇതിനായി ക്ലാസ്സുകളും സെമിനാറും സംഘടിപ്പിക്കാം. തുടർന്ന് ചികിത്സാ പ്രോട്ടോക്കോൾ തയ്യാറാക്കി പദ്ധതി ആരംഭിക്കാം.
- ജില്ലയുടെ പ്രാദേശിക പ്രത്യേകതകൾക്ക് അനുസരിച്ച് പ്രതിരോധ മാർഗ്ഗങ്ങളും ചികിത്സക്കായി അവലംബിക്കുന്ന ഗവേഷണ കേന്ദ്രമാണ് ആവശ്യം. ആരോഗ്യവകുപ്പുമായി സഹകരിച്ച് ലാബുകളും മറ്റും ഉൾപ്പെടുത്തിയുള്ള കേന്ദ്രമാണ് നിർദ്ദേശിക്കേണ്ടത്.
- പകർച്ചവ്യാധി പ്രതിരോധം തുടങ്ങി ക്യാൻസർ പ്രതിരോധം, ചികിത്സ വരെയുള്ള വിഷയങ്ങൾക്കായുള്ള ഗവേഷണം വിപുലമായി ആരംഭിക്കേണ്ടതാണ്. പഞ്ചകർമ്മ ആശുപത്രിയുടെ നിർദ്ദേശങ്ങളോട് ചേർന്ന് തന്നെ ഗവേഷണ കേന്ദ്രവും നിർമ്മിക്കാവുന്നതാണ്.
- ജില്ലാ ടൂറിസം വകുപ്പുമായി സഹകരിച്ചുകൊണ്ട് വിദേശികൾക്കായി ആയുർവ്വേദ ചികിത്സയുടെ മേന്മകൾ ഉൾക്കൊള്ളുന്ന ചികിത്സ പദ്ധതികൾ രൂപീകരിക്കുക.
- ആരോഗ്യവകുപ്പുമായി സഹകരിച്ചുകൊണ്ട് ഇവർക്കുവേണ്ടിയുള്ള രോഗനിർണ്ണയോപാധികളും മറ്റും സജ്ജമാക്കണം. അന്താരാഷ്ട്ര നിലവാരമുള്ള ലാബ് സൌകര്യങ്ങൾ ഇതിനായി ഒരുക്കണം.
- രോഗനിർണ്ണയാനന്തരം ചികിത്സകൾ (പഞ്ചകർമ്മ ചികിത്സയുൾപ്പെടെ) നിർദ്ദേശിച്ച്, വൈദഗ്ധ്യം ലഭിച്ച ജീവനക്കാരുടെ സഹായത്തോടെ പഞ്ചകർമ്മ തെറാപ്പിയും മറ്റും നിർവ്വഹിക്കാം.
- തുടർന്ന് രോഗശമന പുരോഗതി,നിർണ്ണയോപാധികളുടെ സഹായത്തോടെ തന്നെ ബോധ്യപ്പെടുത്തി ചികിത്സ പൂർത്തിയാക്കണം.
- ഇതിനായി ആധുനിക സൌകര്യത്തോടു കൂടിയ ചികിത്സാ കേന്ദ്രം പഞ്ചകർമ്മ ആശുപത്രിയോട് അനുബന്ധിച്ച് തുടങ്ങാവുന്നതാണ്.
- ആരോഗ്യ വകുപ്പുമായി സഹകരിച്ച് ക്യാൻസർ പ്രതിരോധത്തിനുള്ള മാർഗ്ഗങ്ങൾ ചികിത്സ എന്നിവ സജ്ജമാക്കണം.
- അലോപ്പതി ചികിത്സയോടൊപ്പം തന്നെ പാർശ്വഫലങ്ങൾ (റേഡിയേഷൻ, കീമോതെറാപ്പി) ലഘൂകരിക്കാനുള്ള ചികിത്സ സംയോജിപ്പിക്കുന്നത് ഈ രംഗത്ത് വളരെ പ്രയോജന പ്രദമാണ്.
- ക്യാൻസർ ചികിത്സയിൽ ഗവേഷണങ്ങൾ നടത്താനുള്ള പദ്ധതികൾ ഈ രംഗത്ത് വൈദഗ്ധ്യം നേടിയ ആയുർവ്വേദ ഡോക്ടർമാരുമായി ചേർന്ന് നടത്താവുന്നതാണ്.
- പ്രമേഹം, പൊണ്ണത്തടി തുടങ്ങിയ പല ജീവിത ശൈലീരോഗങ്ങളും സംയുക്തമായ ചികിത്സകൊണ്ട് ഫലപ്രദമായി നിയന്ത്രിക്കാവുന്നതാണ്.

- പ്രമേഹം ഉള്ളവർ നിലവിലുള്ള ചികിത്സകൾ (അലോപ്പതി, ഹോമിയോ etc) തുടർന്ന് കൊണ്ടുതന്നെ മറ്റു ഉപദ്രവ വ്യാധികളെ നിയന്ത്രിക്കാന് ആയുർവ്വേദ ചികിത്സകൊണ്ട് സാധ്യമാണ്.
- ആയുർവ്വേദ ചികിത്സയോടൊപ്പം "യോഗ"യും ഫിസിയോതെറാപ്പിയും മറ്റും സംയുക്തമായി സംയോജിപ്പിച്ച് രോഗികൾക്ക് വളരെ ആശ്വാസം നൽകാൻ സാധിക്കും.
- ഇതിനായി ജീവിതശൈലിരോഗ ക്ലിനിക്കുകൾ സ്ഥാപനങ്ങൾതോറും ആരംഭിക്കാവുന്നതാണ് ഇത് കൃത്യമായി വിവരശേഖരണം നടത്തേണ്ടതുമാണ്.
- ജലഗതാഗത വകുപ്പുമായി സഹകരിച്ച് ചികിത്സയെത്താത്ത പല സ്ഥലങ്ങളിലും ജലമാർഗ്ഗം സഞ്ചരിച്ച് ചികിത്സയും പകർച്ചവ്യാധി പ്രതിരോധവും ഈ സംരംഭം വഴി സാധ്യമാക്കാം. ഈ ഫ്ലോട്ടിംഗ് ഡിസ്പെൻസറിയിൽ ഇതര വൈദ്യശാസ്ത്ര പ്രവർത്തകരുടെ സഹായവും(H1, JPHN) ലഭ്യമാക്കാവുന്നതാണ്.
- വിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ച് ആയുഷ് ക്ലബ്ബ് രൂപീകരിച്ച് മികച്ച രീതിയിലുള്ള സ്കൂൾ ഹെൽത്ത് പ്രോഗ്രാം നടപ്പിലാക്കാം
- വിളർച്ച തുടങ്ങിയ അസുഖങ്ങൾ കൌമാര പ്രായക്കാരുടെ ആതുരതകൾ തുടങ്ങിയവയെല്ലാം കണ്ടുപിടിച്ച് നിർണ്ണയിച്ച് ഫലപ്രദമായി ചികിത്സ നടപ്പിലാക്കാം.
- ആരോഗ്യവകുപ്പ് പ്രവർത്തകരുമായി സഹകരിച്ച് രോഗനിർണ്ണയവും ചികിത്സ പുരോഗതിയും നടപ്പിലാക്കാം.
- പഠനവൈകല്യങ്ങൾ പരിഹരിക്കാനുള്ള ബോധവൽക്കരണ പരിപാടിയും ചികിത്സയും നടപ്പിലാക്കാം. ആയുഷ് ക്ലബ്ബുമായി സഹകരിച്ചാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഇതിനായി റെഡ് ക്രോസ് പ്രവർത്തകർപോലെയുള്ളവരുടെ സഹകരണവും തേടാവുന്നതാണ്.
- പ്രസവാനന്തര ചികിത്സ ഫലപ്രദമായി നൽകുന്ന പദ്ധതി നടപ്പിലാക്കുന്നതിന് വിദഗ്ധരായവരെ അയൽക്കൂട്ടങ്ങളിൽ നിന്നും മറ്റും തെരെഞ്ഞെടുത്ത് പരിശീലനം നൽകാവുന്നതാണ്.
- ഇതിനായി സ്ത്രീരോഗ പ്രസൂതി ചികിത്സയിൽ സ്പെഷ്യാലിറ്റി ക്ലിനിക്കുകൾ സ്ഥാപിക്കേണ്ടതാണ് ഇവയോടൊപ്പമുള്ള ടെയിനിംഗ് സെന്ററിൽ ടെയിനിംഗ് നടത്താവുന്നതാണ്.
- സ്ത്രീകളുടെ മറ്റുരോഗ ചികിത്സകളും ഈ പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്.
- ജില്ലാ പോലീസ് സേനയുമായി സഹകരിച്ചുകൊണ്ട് സ്കൂളുകളിൽ ദുർമാർഗ്ഗങ്ങൾക്കും ദുശ്ശീലങ്ങൾക്കും അടിമകളായ വിദ്യാർത്ഥികൾക്ക് നന്മയിലേക്കുള്ള പാതയാണ് ഈ പദ്ധതി.
- ലഹരി ഉപയോഗം ഇന്റർനെറ്റിലും മറ്റും അശ്ലീല സൈറ്റുകളിൽ അഡിക്ഷനുള്ള കുട്ടികൾ, അനാരോഗ്യകരമായ ശീലങ്ങളുള്ള കുട്ടികൾ, തുടങ്ങിയവരെ മാതാപിതാക്കളുടേയും അധ്യാപകരുടേയും സഹായത്തോടെ പ്രത്യേക പരിഗണന നൽകി മാനസികമായി തളർത്താതെ ബോധവൽക്കരിക്കുന്ന പദ്ധതി.
- ജില്ലാ ആശുപത്രി തുടങ്ങിയ സ്ഥാപനങ്ങളിൽ കൌൺസിലിംങ് സെന്ററുകൾ സ്ഥാപിക്കണം.

- ഇവിടെ "മാനസിക" ചികിത്സയിൽ സ്പെഷ്യാലിറ്റി ഉള്ള ഡോക്ടർമാരെ നിയമിക്കണം.
- ഇവരോടൊപ്പം ഇതേ ക്ലീനിക്കൽ സൈക്കോളജിസ്റ്റിന്റെ സേവനവും ലഭ്യമാക്കണം ഇതിനാൽ രോഗികൾക്ക് ഇവരുടെ സംയുക്തമായ നിർദ്ദേശ പ്രകാരം കൌൺസിലിങ്ങും ചികിത്സയും ലഭ്യമാക്കാൻ സാധിക്കും.
- പൊണ്ണത്തടി തുടങ്ങിയ ജീവിതശൈലീ രോഗങ്ങൾ വിളർച്ച, പ്രതിരോധശേഷിക്കുറവ്, പഠനവൈകല്യങ്ങൾ ഇവയ്ക്ക് പ്രത്യേക ഊന്നൽ നൽകി അംഗൻവാടി മുതൽ ഏഴാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്കുള്ള പരിപാടി.
- ബഡ്സ് സ്കൂളുകളിലെ കുട്ടികളേയും കൂടി ഉൾക്കൊള്ളിച്ചുകൊണ്ടുവേണം ഈ പദ്ധതി നടപ്പിലാക്കാൻ.
- തസ്തികൾ ലഭ്യമാക്കി മാനവവിഭവ ശേഷി വർദ്ധിപ്പിക്കാനും വിവരശേഖരണവും വികസനവും സുസാധ്യമാക്കാനുമുള്ള തീരുമാനം.
- ജില്ലയിലെ എല്ലാ സ്ഥാപനങ്ങളും ആർദ്രം മിഷനിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുക.
- സ്പോർട്ട്സ് മെഡിസിൻ യൂണിറ്റ് ജില്ലാ ആയുർവേദ ആശുപത്രിയിൽ ആരംഭിക്കുക.
- ജില്ലയിൽ ഔഷധ നിർമ്മാണ യൂണിറ്റ് ആരംഭിക്കുക. സർക്കാർ തലം.
- ജില്ലയിൽ PPP മോഡൽ (Private Public Partnership) ഔഷധ സസ്യകൃഷി ആരംഭിക്കുക. – പഞ്ചായത്ത് തലം
- പരിസ്ഥിതി താളലയം സാധ്യമാക്കാന് ജൈവ വൈവിധ്യ സംരക്ഷണം (കാവുകൾ കുളങ്ങൾ, തണ്ണീർത്തടങ്ങൾ) – സർക്കാർ തലം
- പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങളിലും ഔട്ട് റീച്ച് പ്രവർത്തനങ്ങളിലും വകുപ്പ് ഫലപ്രദമായി ഇടപെടുക.
- കുട്ടികളുടെ പഠന വൈകല്യം ലഹരി ഉപയോഗം തുടങ്ങിയ ദുശ്ശീലങ്ങൾ പരിഹരിക്കുന്നതിന് "ആയുർധർമ്മ" പദ്ധതി നടപ്പിലാക്കുക

## മേൽത്തട്ട്

- ജില്ലയിൽ വകുപ്പ് നേരിടുന്ന മാനവ വിഭവശേഷിക്കുറവ് പരിഹരിക്കാനുള്ള നിർദ്ദേശങ്ങൾ
- ജില്ലാ ആയുർവേദ ആശുപത്രിയിൽ സ്പെഷ്യലിസ്റ്റുകളെ അനുവദിക്കുക
- ഭാരതീയ ചികിത്സാ വകുപ്പ് ജില്ലാ ഒഫീസിലെ നിയമനങ്ങൾ
- താലൂക്ക് ആശുപത്രികൾ ആരംഭിക്കൽ
- ജില്ലയിലെ എല്ലാ സ്ഥാപനങ്ങളും KASH നിലവാരത്തിലേക്ക് ഉയർത്തുക
- NHM ആയുഷ് PHC കളിൽ ജീവനക്കാരെ നീയമിക്കുക
- ജില്ലയിലെ എല്ലാ സ്ഥാപനങ്ങളും ആർദ്രം മിഷനിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുക.

- സ്പോർട്സ് മെഡിസിൻ യൂണിറ്റ് ജില്ലാ ആശുപത്രിയിൽ ആരംഭിക്കുക
- ജില്ലയിൽ ഔഷധ നിർമ്മാണ യൂണിറ്റ് ആരംഭിക്കുക
- ജൈവ വൈവിധ്യ സംരക്ഷണം
- പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ a) പ്രതിരോധ ഔഷധം, b) പകർച്ചവ്യാധി പ്രതിരോധത്തിനും മുന്നൊരുക്ക പ്രവർത്തനങ്ങൾക്ക് വേണ്ടി ബ്ലോക്ക് തലത്തിൽ ജീവനക്കാരെ നിയമിക്കുക
- സ്കൂൾ ഹെൽത്ത് പ്രോഗ്രം
- കുട്ടികളുടെ കായിക ക്ഷമതയ്ക്കുള്ള സംയോജിത പദ്ധതി
- ജിവിതശൈലീ രോഗ ക്ലിനിക്ക് എല്ലാ സ്ഥാപനങ്ങളിലും ആരംഭിക്കുക
- എല്ലാ സ്ഥാപനങ്ങളിലും ലാബ് സൗകര്യം ഉറപ്പ് വരുത്തുക
- എല്ലാ സർക്കാർ എയ്ഡഡ് സ്കൂളുകളിലും ആയുഷ് ക്ലബ് രൂപികരിക്കുക
- എല്ലാ ആശുപത്രികളിലും സെക്യൂരിറ്റി ജീവനക്കാരെ നിയമിക്കുക
- പഞ്ചകർമ്മ ആശുപത്രി കെട്ടിട നിർമ്മാണം പൂർത്തിയാക്കുക
- ജില്ലയിൽ ആയുർവേദ മേഖലയിൽ ഗവേഷണ കേന്ദ്രം ആരംഭിക്കുക
- ആയുർവേദ ഡയറക്ടർ മുതൽ മെഡിക്കൽ ഓഫീസർമാർ വരെ മൊബൈൽ ഫോൺ സംവിധാനം ഏർപ്പെടുത്തുക
- പ്രൈമറി തലം മുതൽ ആയുർവേദം പാഠ്യ വിഷയമാക്കുക
- എല്ലാ ആശുപത്രികളിലും കിടക്കകൾക്ക് ആനുപാതികമായി പുരുഷ / സ്ത്രീ തെറാപ്പിസ്റ്റുകളെ നിയമിക്കുക.
- എല്ലാ ആശുപത്രികളിലും 2 മണി മുതൽ 8 മണി വരെ (രാത്രി) മെഡിക്കൽ ഓഫീസറെ നിയമിക്കുക. R.M.O പോസ്റ്റും ഉണ്ടാക്കുക
- ഡിപ്പാർട്ട്മെന്റിൽ കടലാസ് രഹിതമാക്കുന്നതിന് ഏകീകൃത സോഫ്റ്റ്വെയർ സംവിധാനം കൊണ്ടുവരിക
- ഫ്ളോട്ടിംഗ് ഡിസ്പെൻസറി ആരംഭിക്കുക
- ആയുർവേദ ഹെൽത്ത് ടൂറിസം മേഖലയിൽ അന്തർദേശീയ നിലവാരത്തിലുള്ള സ്ഥാപനം ആരംഭിക്കുക
- ക്യാൻസർ ചികിത്സാ പദ്ധതി
- ജില്ലയിലെ എല്ലാ ആയുർവേദ ആശുപത്രികളിലും ഇ.എസ്.ഐ. യൂണിറ്റ് ആരംഭിക്കുക.

## കീഴ്ഘടകം

- ജില്ലാ ആയുർവേദ ആശുപത്രി വികസനം.
- എല്ലാ പഞ്ചായകളിലും സബ്സെന്റർ ആരംഭിക്കുക

- ആർദ്രമിഷൻ
- ജില്ലയിൽ ഔഷധ നിർമ്മാണ യൂണിറ്റ് ആരംഭിക്കുക
- ജില്ലയിൽ സ്വകാര്യ പൊതു പങ്കാളിത്തത്തോടുകൂടി ഔഷധ സസ്യകൃഷി ആരംഭിക്കുക
- ജൈവ വൈവിധ്യ സംരക്ഷണം
- പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾക്കുള്ള ഔഷധം
- ആയുർധർമ്മ പദ്ധതി നടപ്പിലാക്കുക
- ജിവിതശൈലീ രോഗ ക്ലിനിക്ക് എല്ലാ സ്ഥാപനങ്ങളിലും ആരംഭിക്കുക
- എല്ലാ സ്ഥാപനങ്ങളിലും ഭിന്നശേഷി സൗഹൃദമാക്കുക
- ഫ്ളോട്ടിംഗ് ഡിസ്പെൻസറിക്ക് ഔഷധം വാങ്ങൽ
- തീരദേശ മേഖലയിൽ തൈറോയ്ഡ് രോഗനിർണ്ണയവും ചികിത്സയും ലഭ്യമാക്കുക
- ഋതു പദ്ധതി (പെൺകുട്ടികൾക്കു വേണ്ടിയുള്ള ആരോഗ്യ പദ്ധതി – സ്കൂൾതലം)
- വയോജന ആരോഗ്യ പദ്ധതി
- അഗതി മന്ദിരം (ആരോഗ്യ പരിരക്ഷ )
- സാന്ത്വന ചികിത്സ
- തെഴിൽജന്യ രോഗ ചികിത്സ
- കൗൺസിലിംഗ് സെന്റർ
- സുഖപ്രസവം, പ്രസവാനന്തര ശ്രുശ്രൂഷകൾ എന്നിവയ്ക്ക് ആയുർവേദ സാധ്യതകൾ പ്രോത്സാഹിപ്പിക്കുക.
- വീട്ടുവളപ്പിൽ വളർത്താവുന്ന 5 ഔഷധ സസ്യങ്ങളെങ്കിലും വ്യാപിപ്പിക്കുക. (സ്കൂളുകൾ, ഓഫീസുകൾ, സ്ഥാപനങ്ങൾ ഉൾപ്പടെ)

## c) ഹോമിയോ

ജില്ലയിലെ ഹോമിയോപ്പതി വകുപ്പിന് കീഴിൽ ഒരു ജില്ലാ ഹോമിയോ ആശുപത്രിയും 2 താലൂക്ക് ഹോമിയോ ആശുപത്രികളും 52 ഡിസ്പെൻസറികളും 27 ആയുഷ് പ്രൈമറി ഹോമിയോ ഡിസ്പെൻസറികളും 3 ഫ്ലോട്ടിംഗ് ഡിസ്പെൻസറികളും പ്രവർത്തിച്ചുവരുന്നു. ഈ സ്ഥാപനങ്ങൾ വഴി സമഗ്ര പൊതുജനാരോഗ്യ പരിരക്ഷയും ആരോഗ്യ ബോധവത്കരണ പരിപാടികളും പ്രത്യേക വിഭാഗങ്ങൾ / അസുഖങ്ങൾ ഇവയ്ക്കുള്ള ചികിത്സാ സേവനങ്ങൾ ലഭ്യമാക്കി വരുന്നു.

**52 ജി.എച്ച്.ഡി കളിൽ 2016 ൽ ചികിത്സ തേടിയ രോഗികളുടെ എണ്ണം**

| പുരുഷൻ | സ്ത്രീ | കുട്ടികൾ | ആകെ |
|---|---|---|---|
| 1,94,644 | 3,84,369 | 2,15,556 | 7,94,569 |

*ഉറവിടം: ജില്ലാ മെഡിക്കൽ ഓഫീസ്(ഹോമിയോ) ആലപ്പുഴ*


മെയിൻ സ്ട്രീമിംഗ് ഓഫ് ആയുഷ് അണ്ടർ എൻ.എച്ച്.എം. (Main streaming of AYUSH under NHM)എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയിൽപെടുത്തി 2008 മുതൽ പലഘട്ടങ്ങളിലായി ജില്ലയിൽ ആയുഷ് പ്രൈമറി ഹോമിയോ ഡിസ്പെൻസറികൾ തുടങ്ങിയിട്ടുണ്ട്.

**27 ആയുഷ് പ്രൈമറി ഹോമിയോ ഡിസ്പെൻസറികൾ 2016 ചികിത്സ നൽകിയ രോഗികളുടെ എണ്ണം**

| പുരുഷൻ | സ്ത്രീ | കുട്ടികൾ | ആകെ |
|---|---|---|---|
| 1,24,511 | 2,44,592 | 1,24,843 | 4,93,946 |

*ഉറവിടം: ജില്ലാ മെഡിക്കൽ ഓഫീസ്(ഹോമിയോ) ആലപ്പുഴ*

**ജില്ലയിലെ 27 ആയുഷ് പ്രൈമറി ഹോമിയോ ഡിസ്പൻസറികളിൽ 2016ൽ റിപ്പോർട്ട് ചെയ്ത രോഗങ്ങളുടെ കണക്ക്**




*അവലംബം: ആയുഷ് എൻ എച്ച് എം ഡിസ്പൻസറികളുടെ പ്രതിമാസ റിപ്പോർട്ട്*

| ആശുപത്രി | ഒ.പി. | ഐ.പി. | ആകെ |
|---|---|---|---|
| ജില്ലാ ആശുപത്രി ആലപ്പുഴ | 31224 | 360 | 31584 |
| താലൂക്ക് ആശുപത്രി ചേർത്തല | 37392 | 432 | 37824 |
| താലൂക്ക് ആശുപത്രി കായംകുളം | 24372 | 312 | 24684 |
| **ആകെ** | **92988** | **1104** | **94092** |

*അവലംബം: ആശുപത്രികളിൽ നിന്നുള്ള പ്രതിമാസ റിപ്പോർട്ട്*


വെള്ളത്താൽ ചുറ്റപ്പെട്ടതും റോഡ് ഗതാഗത സൗകര്യം, ചികിത്സാ സൌകര്യങ്ങൾ എന്നിവ കുറഞ്ഞതുമായ കുട്ടനാടൻ പ്രദേശങ്ങളിലെ സാധാരണക്കാരായ ജനങ്ങളുടെ ശാരീരിക, മാനസിക ആരോഗ്യ പ്രശ്നങ്ങൾക്ക് ഫലപ്രദമായ ചികിത്സ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ജില്ലയിൽ നടപ്പിലാക്കിവരുന്ന പദ്ധതിയാണ് ഫ്ളോട്ടിംഗ് ഡിസ്പെൻസറി. ഹരിപ്പാട്, ചമ്പക്കുളം, ആലപ്പുഴ എന്നീ പ്രദേശങ്ങൾ കേന്ദ്രീകരിച്ചാണ് ഇവ പ്രവർത്തിക്കുന്നത്.

**ഫ്ലോട്ടിംഗ് ഡിസ്പെൻസറികളിൽ 2016 – ൽ ചികിത്സ നൽകിയ രോഗികളുടെ എണ്ണം**


| പുരുഷൻ | സ്ത്രീ | കുട്ടികൾ | ആകെ |
|---|---|---|---|
| 14081 | 46940 | 8497 | 69518 |

*അവലംബം: ഫ്ലോട്ടിംഗ് ഡിസ്പൻസറികളിൽ നിന്നുള്ള പ്രതിമാസ റിപ്പോർട്ട്*

**വയോജന ക്ലിനിക്കിൽ 2012 മുതൽ 2017 വരെ ചികിത്സ തേടിയ രോഗികളുടെ കണക്ക്**




| | 2012-13 | 2013-14 | 2014-15 | 2015-16 | 2016-17 |
|---|---|---|---|---|---|
| New Male | 304 | 557 | 166 | 386 | 278 |
| New Female | 441 | 877 | 237 | 418 | 425 |
| Revisit Male | 788 | 1321 | 1465 | 2541 | 2525 |
| Revisit Female | 849 | 1545 | 2463 | 3157 | 3394 |




*അവലംബം: ജെറിയാട്രിക് ക്ലിനിക്കിന്റെ 2016 –2017 വാർഷിക റിപ്പോർട്ട്*

സമൂഹത്തിൽ വർദ്ധിച്ചുവരുന്ന ഗാർഹികപീഡനം, വിവാഹമോചനം, ലൈംഗികപീഡനം, കുട്ടികൾക്കെതിരെയുള്ള അതിക്രമം, കുടുംബാംഗങ്ങളുടെ മദ്യം / പുകയില തുടങ്ങിയ ലഹരികളുടെ ഉപയോഗം, അസുഖങ്ങൾ, ആത്മഹത്യ പ്രവണത, കൌമാരക്കാരുടെ പ്രശ്നങ്ങൾ, തുടങ്ങിയ സമൂഹത്തിലെ ഇത്തരം പ്രവണതകൾ ഏറ്റവും അധികം വ്രണപ്പെടുത്തുന്നത് സ്ത്രീകളെയാണ്. ആയതിനാൽ അവരുടെ ശാരീരിക, മാനസിക വൈകാരിക പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിനുവേണ്ടി ഹോമിയോപ്പതി വകുപ്പ് തുടങ്ങിയ ലിംഗാടിസ്ഥിത പദ്ധതിയാണ് സീതാലയം. മെഡിക്കൽ ഓഫീസറും പാരാമെഡിക്കൽ ജീവനക്കാരും വനിതകളാണ്. ചികിത്സക്ക് പുറമേ കൌൺസിലിങ്ങും നിയമ സഹായവും ലഭ്യമാണ്. സ്ത്രീകളുടെ പ്രശ്നങ്ങൾക്ക് പ്രധാന കാരണങ്ങളായ വന്ധ്യത, കുടുംബത്തിലെ അംഗങ്ങളുടെ വിവിധ ലഹരികളുടെ ഉപയോഗം എന്നിവയ്ക്കായി ആഴ്ചയിൽ ഒരു ദിവസം ചികിത്സ (യഥാക്രമം ഇൻഫെർട്ടിലിറ്റി ക്ലിനിക്, ഡി-അഡിക്ഷൻ ക്ലിനിക്) നടത്തി വരുന്നു.

**സീതാലയം ക്ലിനിക്കിൽ ചികിത്സ തേടിയ ആകെ രോഗികളുടെ എണ്ണം**

| വർഷം | പുതിയത് | തുടർച്ച |
|---|---|---|
| 2012 | 332 | 755 |
| 2013 | 358 | 1739 |
| 2014 | 414 | 1959 |
| 2015 | 737 | 2425 |
| 2016 | 741 | 3673 |

*അവലംബം: സീതാലയം യൂണിറ്റിന്റെ വാർഷിക റിപ്പോർട്ടുകൾ*

**ഡി-അഡിക്ഷൻ ക്ലിനിക്കിൽ 2016 ജനുവരി മുതൽ 2017 ഒക്ടോബർ വരെ പുതുതായി ചികിത്സ തേടിയ രോഗികളുടെ എണ്ണം**

| | |
|---|---|
| മദ്യം ഉപയോഗം | 118 |
| മദ്യം, പുകയില ഉത്പന്നങ്ങൾ | 229 |
| കഞ്ചാവ് / മയക്കുമരുന്ന് | 27 |
| ആകെ ചികിത്സ തേടിയവർ | 374 |

*അവലംബം ഡി-അഡിക്ഷൻ ക്ലിനിക്കിന്റെ പ്രതിമാസറിപ്പോർട്ടുകൾ*

**ഇൻഫെർട്ടിലിറ്റി ക്ലിനിക്കിൽ 2015 ഏപ്രിൽ മുതൽ 2017 സെപ്റ്റംബർ വരെ പുതുതായി ചികിത്സ തേടിയ രോഗികളുടെ എണ്ണം.**

| | |
|---|---|
| ചികിത്സ തേടിയവർ | 360 |
| ഗർഭം ധരിച്ചവർ | 46 |

*അവലംബം ഇൻഫർട്ടിലിറ്റി ക്ലിനിക്കിൽ നിന്നുള്ള പ്രതിമാസ റിപ്പോർട്ടുകൾ*


കൌമാരക്കാരുടെ ശാരീരിക മാനസിക പ്രശ്നങ്ങൾ, സ്വഭാവ വൈകല്യങ്ങൾ, പഠന വൈകല്യങ്ങൾ, ലൈംഗിക വൈകൃതങ്ങൾ, മദ്യം / മയക്കുമരുന്ന് ഇവയുടെ ഉപയോഗം, ആധുനിക ഇലക്ട്രോണിക് മാധ്യമങ്ങളുടെ ദുരുപയോഗം എന്നിവ സമൂഹത്തിൽ വർധിച്ചുവരുന്നു. ഇത്തരം കൌമാരപ്രശ്നങ്ങൾക്ക് ഹോമിയോപ്പതിയിലൂടെ പരിഹാരം കാണുന്നത്തിനു 2014 ഏപ്രിൽ മുതൽ ആരംഭിച്ച പ്രത്യേക പദ്ധതിയാണ് സദ്ഗമയ. ഹോമിയോപ്പതി ചികിത്സയും അനുബന്ധ സേവനങ്ങളും നൽകുന്നു. സ്പെഷ്യൽ എഡ്യുക്കേഷൻ ടീച്ചർ, സൈക്കോളജിസ്റ്റ് എന്നിവരുടെ സേവനം ഇവിടെ ലഭ്യമാണ്.

**2015 ഡിസംബർ മുതൽ 2017 ഒക്ടോബർ വരെ ചികിത്സ തേടിയവരുടെ കണക്ക്**

| | |
|---|---|
| MR | 6 |
| ADHD | 53 |
| സ്വഭാവ വൈകല്യങ്ങൾ | 11 |
| പഠന വൈകല്യങ്ങൾ | 33 |
| ഓട്ടിസം | 5 |
| **ആകെ** | **108** |

*അവലംബം: സദ്ഗമയ ക്ലിനിക്കിൽ നിന്നുള്ള പ്രതിമാസ റിപ്പോർട്ടുകൾ*

**2017 മെയ് മുതൽ ഒക്ടോബർ വരെ പഞ്ചായത്ത് തല ഡെൻങ്കുപ്രതിരോധ മരുന്ന് വിതരണത്തിന്റ സ്ഥലപരാസൂത്രണ ചിത്രം**




**2016 നവംബർ മുതൽ 2017 ഒക്ടോബർ വരെ നൽകിയ പാലിയേറ്റിവ് പരിചരണ കണക്ക്**

| കിടത്തി ചികിത്സ | ഗൃഹ പരിചരണം |
|---|---|
| 35 | 31 |

*അവലംബം: പാലിയേറ്റീവ് ക്ലിനിക്കിൽ നിന്നുള്ള പ്രതിമാസ റിപ്പോർട്ടുകൾ*

ഹോമിയോപ്പതി ഔഷധങ്ങളുടെ ഇന്ത്യയിലെ കമ്പോള വിഹിതം 4600 കോടി രൂപയും ആഗോളതലത്തിൽ 26300 കോടി രൂപയുമാകുന്നു. ഈ മേഖലയിലെ വളർച്ച ഇന്ത്യയിൽ 30% വും ആഗോളതലത്തിൽ 25% വും എന്നാൽ ഇത് ഫ്രാൻസിൽ 35% വും ആണ്. കേരളത്തിൽ പൊതുമേഖലയിൽ പ്രവർത്തിക്കുന്ന കേരള ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി (ഹോംകൊ) ആണ് കേരളത്തിലെ സർക്കാർ സ്ഥാപനങ്ങൾക്ക് ആവശ്യമുള്ള മരുന്നുകൾ ലഭ്യമാക്കുന്നത്. ഹോംകോയുടെ പരമാവധി പരിശ്രമത്തിനുശേഷവും ആവശ്യത്തിനുള്ള

ഉത്പാദനം നടത്തുവാൻ സാധിക്കാത്ത സാഹചര്യമാണ് നിലവിലുള്ളത്. രണ്ടാംഘട്ട വികസനത്തിന് ആവശ്യമായ 2.75 ഏക്കർ സ്ഥലം കെ.എസ്.ഡി.പി.ക്ക് സമീപം ലഭ്യമാക്കിയിട്ടുണ്ട്. ഇത് യാഥാർഥ്യമാകുമ്പോൾ ആവശ്യത്തിനനുസരിച്ചു ഉത്പാദനം സാധ്യമാകും. ഇതിനോട് അനുബന്ധിച്ചു ഫാർമസി അനുബന്ധ കോഴ്സുകൾ ആരംഭിക്കുന്നതിനും പ്രത്യക്ഷമായും പരോക്ഷമായും നിരവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും കഴിയും.

## വിവരവിശകലനം

ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ജില്ലയിലെ മുഴുവൻ പഞ്ചായത്തുകളിലും ആലപ്പുഴ ചേർത്തല എന്നീ നഗരസഭകൾ ഒഴികെയുള്ള മറ്റ് എല്ലാ നഗരസഭകളിലും പൊതുമേഖലയിൽ പ്രാഥമിക ഹോമിയോപതി ആരോഗ്യസേവനങ്ങൾ ഉണ്ട്. ജില്ലയിലെ ബ്ലോക്ക്പഞ്ചായത്തുകളുടെ കീഴിലൊന്നും തന്നെ ഹോമിയോ ആരോഗ്യസ്ഥാപനങ്ങൾ ഇല്ല എന്നുള്ളത് എടുത്തു പറയേണ്ടതാണ്. നാല് താലൂക്കുകളിൽ ഇനിയും താലൂക്ക് ആശുപത്രികൾ തുടങ്ങേണ്ടതുണ്ട്.

പൊതുവിഭാഗത്തിൽ ജില്ലയിൽ 2016 ൽ ആകെ 1288515 ആളുകൾ ചികിത്സ തേടി ഇതിൽ കുട്ടികൾ-340399 (26.42%), സ്ത്രീകൾ 628961 (48.81%) പുരുഷന്മാർ 319155 (24.77%) എന്നിങ്ങനെ ആണ്. ലഭ്യമായ കണക്കുകൾ പ്രകാരം ഹോമിയോപ്പതി പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ പകർച്ചവ്യാധി വിഭാഗത്തിൽ Influvnza Like liiness, Upper respiratory illness, പകർച്ചവ്യാധി ഇതരവിഭാഗങ്ങളിൽ Allergy, Asthma, Diabetics ,Hypertension, Dyslipidaemia തുടങ്ങിയവയാണ് കൂടുതലായി റിപ്പോർട്ട് ചെയ്യപ്പെടുന്നത്

ജില്ലയിലെ 27 ആയുഷ് പ്രൈമറി ഹോമിയോ ഡിസ്പൻസറികളിൽ 16 എണ്ണത്തിനു സ്വന്തം കെട്ടിടം ഉള്ളപ്പോൾ 11 എണ്ണം വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നു വൈദ്യുതി ഇല്ലാത്ത ഒന്നും, ജല ലഭ്യത ഇല്ലാത്ത മൂന്ന് ഡിസ്പൻസറികളും കുടിവെള്ളം ഇല്ലാത്ത ആറും, ശൌചാലയം ഇല്ലാത്ത ഏഴും, പൊതുഗതാഗത സൗകര്യം ഇല്ലാത്ത സ്ഥലത്ത് സ്ഥിതിചെയ്യുന്നവ മൂന്നും എന്ന കണക്കിൽ ആണ്. ജില്ലയിലെ 43 ഡിപ്പാർട്ട്മെന്റ് ഡിസ്പൻസറികളിൽ 35 എണ്ണത്തിന് സ്വന്തം കെട്ടിടം ഉള്ളപ്പോൾ ഒൻപത് ഡിസ്പൻസറികൾക്ക് കെട്ടിടം സ്വന്തമായിട്ടില്ല.

ജില്ലാ ഹോമിയോപ്പതി വിഭാഗത്തിന് കീഴിൽ 87 ഡോക്ടർമാർ സേവനം അനുഷ്ടിക്കുന്നു, 2016 വർഷത്തിൽ പൊതുവിഭാഗത്തിലും പ്രത്യേക പദ്ധതികളിലും കൂടി 1461927 പേർക്ക് പുറംവാതിൽ ചികിത്സയും 1139 പേർക്ക് കിടത്തി ചികിത്സയും ഹോമിയോപ്പതി വിഭാഗം നൽകുകയുണ്ടായി. ഇതിൻ പ്രകാരം വർഷത്തിൽ ഒരു ഡോക്ടർ ശരാശരി 16804 പേർക്ക് ചികിത്സ നൽകുന്നു. സംസ്ഥാന സർക്കാർ വിവിധ സ്കീമുകളിലായി പ്രത്യേക പദ്ധതികൾ ക്ലിനിക്കുകൾ എന്നിവ നടത്തിവരുന്നു. റോഡ് യാത്രാ സൌകര്യങ്ങൾ പരിമിതമായ കുട്ടനാടൻ പ്രദേശങ്ങളെ കണക്കിലെടുത്തുകൊണ്ടുള്ള ഫ്ലോട്ടിംഗ് ഡിസ്പൻസറികൾ വയോജനങ്ങൾക്കുള്ള പ്രത്യേക ക്ലിനിക്, സ്ത്രീകൾക്ക് വേണ്ടിയുള്ള പ്രത്യേക പദ്ധതിയായ സീതാലയം എന്നിവടങ്ങളിൽ ചികിത്സ തേടുന്നവരുടെ എണ്ണം വർഷം തോറും കൂടിവരുന്നതായി കാണാം. കൂടാതെ കൌമാര ആരോഗ്യ പദ്ധതി സ്വാന്തന പരിചരണം വന്ധ്യതാ ചികിത്സ, ലഹരി വിമോചനം, ജീവത ശൈലീരോഗങ്ങൾക്കായുള്ള പ്രത്യേക പദ്ധതി എന്നിവ ജില്ലയിൽ നടപ്പാക്കിവരുന്നു. അഞ്ചു വയസിനു താഴെയുള്ള കുട്ടികളുടെ ആരോഗ്യ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനായി പ്രത്യേക ക്ലിനിക്കുകളോ പദ്ധതികളോ ഇല്ല എന്നത് ശ്രദ്ധേയമാണ്.

കണക്കുകൾ പ്രകാരം ജില്ലയിൽ പകർച്ചവ്യാധി രോഗങ്ങളിൽ വയറിളക്ക രോഗങ്ങൾ ഡെങ്കിപനി എന്നിവ മുന്നിട്ടുനിൽക്കുന്നു. നഗരവൽക്കരണവും അശാസ്ത്രീയമായ മാലിന്യ സംസ്കരണവും, ശുദ്ധജല ദൌർലഭ്യതയിലേക്കുമാണ് ഇത് വിരൽചൂണ്ടുന്നത്. 2017ൽ ജില്ലയിലുണ്ടായ ഡെങ്കു പകർച്ച വ്യാധിക്കെതിരെയുള്ള ഹോമിയോപ്പതി പ്രതിരോധ ഔഷധ വിതരണം ഫലപ്രദമായി 27 പഞ്ചായത്തുകളിൽ മാത്രമാണ് നടപ്പിലാക്കാൻ കഴിഞ്ഞതെന്നത് സ്ഥലപരാസൂത്രണ ചിത്രത്തിൽ നിന്നും വ്യക്തമാണ്.

ICMR, PHFI, IHME എന്നിവർ സംയോജിതമായി സംസ്ഥാനങ്ങളിലെ ജനങ്ങളിലെ രോഗാതുരതയെ കുറിച്ച് നടത്തിയ പഠനത്തിന്റെ ഫലമായി പുരുഷന്മാരുടെയും സ്ത്രീകളുടെയും ആയുർദൈർഘ്യം 1990 ൽ ക്രമേണ പുരുഷന്മാരിൽ 67.6, സ്ത്രീകളിൽ 74.5 എന്നത് 2016 ആയപ്പോൾ പുരുഷന്മാരിൽ 73.8 ഉം സ്ത്രീകളിൽ 78.7 എന്നായി വർദ്ധിച്ചിരിക്കുന്നു. വിവിധ പ്രായവിഭാഗങ്ങളിലെ പ്രധാന മരണകാരണങ്ങൾ 0 മുതൽ 14 വയസുവരെ നവജാത ശിശുരോഗങ്ങളും മറ്റ പകർച്ചവ്യാധി ഇതര അസുഖങ്ങളും ആണ്. 15 മുതൽ 25 വരെയുള്ള വയസുകാരിൽ അക്രമം, ആത്മഹത്യ, ശ്വാസകോശ രോഗങ്ങൾ എന്നിവ മൂലമാണെന്ന് കാണാം. എന്നാൽ 40 മുതൽ 69 വയസുവരെയുള്ള കാലയളവിൽ ഹൃദ്രോഗവും ക്യാൻസറുമാണ് പ്രധാന മരണകാരണങ്ങൾ. 70 വയസു മുതൽ ഏതാണ്ട പകുതിയോളം മരണ കാരണങ്ങൾ ഹൃദ്രോഗത്തിന് വഴിമാറുന്നു.

## പ്രശ്നങ്ങൾ

ജില്ലാ മെഡിക്കൽ ഓഫീസ് വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നതിനാൽ വാടക ഇനത്തിൽ സർക്കാരിനു നഷ്ടം സംഭവിച്ചുകൊണ്ടിരിക്കുന്നു. ഇടയ്ക്ക് കെട്ടിടം മാറേണ്ടിവരുന്നതിനാൽ ഭരണതലത്തിൽ വളരെയധികം ബുദ്ധിമുട്ടുണ്ടാകുന്നു. പൊതുജനങ്ങൾക്ക് വിവിധ സേവനങ്ങൾ ലഭിക്കുന്നതിന് ഇത് പ്രയാസമുണ്ടാക്കുന്നു. ജില്ലാ ആശുപത്രി, 2 താലൂക്ക് ആശുപത്രികൾ, 52 ഗവ.ഹോമിയോ ഡിസ്പെൻസറികൾ, 27 ആയുഷ് പ്രൈമറി ഹോമിയോ ഡിസ്പെൻസറികൾ എന്നിവയുടെ ഏകോപനവും ഭരണ ചുമതലയും ജീവനകാര്യവും വിവിധ പദ്ധതികളുടെ നടത്തിപ്പും ധനവിനിയോഗവും ആഡിറ്റിനും മറ്റ കാര്യങ്ങൾക്കുമായി ഒരു സീനിയർ സൂപ്രണ്ട് ഉൾപ്പെടെ 4 മിനിസ്റ്റീരിയൽ ജീവനക്കാരാണ് ഉള്ളത്. ജീവനക്കാരുടെ അഭാവവും അടിസ്ഥാന സൌകര്യങ്ങളുടെയും ഉപകരണങ്ങളുടെയും അപര്യാപ്തതയും ത്രിതീയ/ദ്വിതീയതല പരിചരണത്തിനു വിഘാതമാകുന്നു.

25 വീതം കിടപ്പുരോഗികൾ ഉള്ള ആശുപത്രികളിൽ മെഡിക്കൽ സൂപ്രണ്ട് / മെഡിക്കൽ ഓഫീസർ എന്നിവർക്ക് രാവിലെ 9 മണി മുതൽ ഉച്ചയ്ക്ക് 2 മണി വരെയും ആർ. എം.ഒ. യ്ക്ക് ഉച്ചയ്ക്ക് 1 മണി മുതൽ വൈകിട്ട് 6 മണി വരെയും ആണ് ഒ.പി. / ഐ.പി. ചുമതല. ബാക്കി സമയങ്ങളിൽ ആർ. എം.ഒ. യുടെ സേവനം ഓൺകാൾ ഡ്യൂട്ടി പ്രകാരമാണ്. സൂപ്രണ്ടിനും ആർ. എം.ഒ.യ്ക്കും വിവിധ ഭരണകാര്യങ്ങളും പദ്ധതികളും നടത്തേണ്ടിവരികയും മീറ്റിങ്ങുകളിൽ പങ്കെടുക്കേണ്ടിവരികയും ചെയ്യുമ്പോൾ ഒ.പി. / ഐ.പി. ചുമതലകൾ ഒരു മെഡിക്കൽ ഓഫീസറിൽ മാത്രം നിക്ഷിപ്തമാകുന്നു. അത് പൊതുജനങ്ങൾക്ക് സേവനം ലഭ്യമാകുന്നതിന് തടസ്സമാകുന്നു. സൂപ്രണ്ടോ മെഡിക്കൽ ഓഫീസറോ അവധി എടുക്കുന്ന സാഹചര്യത്തിൽ ഒപി/ഐപി സേവനം രാവിലെ 9 മണി മുതൽ 2 മണി വരെ മാത്രം പരിമിതപ്പെടുന്ന സാഹചര്യം ഉണ്ടാകുന്നു.

25 കിടക്കകൾ ഉള്ള ആശുപത്രികളിൽ ഒരു ഫാർമസിസ്റ്റ്, 3 നഴ്സ്, 4 നഴ്സിംഗ് അസിസ്റ്റന്റ്, ഒരു കുക്ക്, 2 ക്ലീനർ എന്നതാണ് ആകെ ജീവനക്കാർ. ഡിസ്പെൻസറികളിൽ പോലും ഒരു

മെഡിക്കൽ ഓഫീസർക്ക് ഒരു ഫാർമസിസ്റ്റ് ഉള്ളപ്പോൾ ആശുപത്രികളിൽ 3 മെഡിക്കൽ ഓഫീസർമാർക്ക് ഒരു ഫാർമസിസ്റ്റ് മാത്രമാണുള്ളത്. ആശുപത്രികളിലെ പ്രത്യേക ക്ലിനിക്കുകളിലും ഫാർമസിസ്റ്റ് തസ്തിക നിലവിലില്ല. നഴ്സിംഗ് സൂപ്രണ്ടിന്റെ അഭാവം നഴ്സിംഗ് പരിചരണത്തിന്റെ കാര്യക്ഷമത ഉറപ്പുവരുത്തുവാൻ കഴിയാത്ത സാഹചര്യം സംജാതമാക്കുന്നു. കുക്ക് അവധിയെടുക്കുന്ന സാഹചര്യത്തിൽ ക്ലീനറോ മറ്റു ജീവനക്കാരോ ഭക്ഷണം പാകം ചെയ്യേണ്ടി വരുന്നു. കിടപ്പുരോഗികൾ ഉള്ള സ്ഥാപനത്തിന് നിലവിൽ നൈറ്റ് വാച്ചർ തസ്തിക ഇല്ല. ആകെയുള്ള 7 താലൂക്കുകളിൽ രണ്ടു താലൂക്കുകളിൽ മാത്രമേ കിടത്തിചികിത്സ ലഭ്യമായിട്ടുള്ളൂ.

സ്ഥാപനങ്ങളിലും സ്പെഷ്യൽ ക്ലിനിക്കുകളിലും മരുന്നിനുവേണ്ടി മുൻകൂർ പണമടച്ച് ഓർഡർ ചെയ്താലും ആ വർഷമോ അടുത്ത വർഷമോ മരുന്ന് ലഭ്യമാകാത്ത സാഹചര്യമാണുള്ളത്. പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുവാനും ആസൂത്രണം ചെയ്യുവാനും ഇത് മൂലം കഴിയുന്നില്ല.

ആശുപത്രിയിലെയും ഡിസ്പെൻസറികളിലെയും കുമിഞ്ഞുകൂടുന്ന മരുന്ന് കുപ്പികൾ, ആശുപത്രിയിലെ ജൈവ / അജൈവ മാലിന്യങ്ങൾ ഫലപ്രദമായി സംസ്കരിക്കുവാൻ കഴിയുന്നില്ല.

രോഗികളുടെയും രോഗങ്ങളുടെയും വിവരശേഖരണവും വിശകലനവും വസ്തുനിഷ്ഠമായും സമയബന്ധിതമായും പൂർത്തീകരിക്കുവാൻ കഴിയുന്നില്ല. ഹെൽത്ത് മാനേജ്മെന്റ് ഇൻഫർഷൻ സിസ്റ്റം വകുപ്പിൽ നിലവില്ല.

പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതും സംഘടിപ്പിക്കുന്നതും നിലവിൽ ഒരു മെഡിക്കൽ ഓഫീസറുടെ അധിക ചുമതലയായി നിർവഹിച്ചുവരുന്നു. പകർച്ചവ്യാധികളുടെ പ്രാരംഭഘട്ടത്തിൽ താഴെതട്ടിൽ നിന്നും വിവരങ്ങൾ ലഭിക്കുന്നതിനും ഇടപെടുന്നതിനും കാലതാമസം ഉണ്ടാകുന്നു. വിവര ശേഖരണത്തിനും ബോധവത്കരണങ്ങൾ സംഘടിപ്പിക്കുന്നതിനും പ്രതിരോധ മരുന്ന് വിതരണത്തിനും മറ്റ് ഇടപെടലുകൾ നടത്തുന്നതിനും ഫീൽഡ് ജീവനക്കാരുടെ അഭാവം എന്നിവ ഈ മേഖലയിലെ പ്രധാന പ്രശ്നങ്ങളാണ്. കൊതുകുജന്യരോഗങ്ങൾ, ജലജന്യരോഗങ്ങൾ മുതലായവ ജില്ലയിൽ വർദ്ധിച്ചുവരുന്നു. നഗരവത്കരണവും മാലിന്യപ്രശ്നങ്ങളും അശാസ്ത്രീയ നിർമ്മാണങ്ങളും കാലാവസ്ഥയിലുണ്ടായ വ്യതിയാനങ്ങളും ഇതിനു ആക്കം കൂട്ടി.

## വികസന വിടവുകൾ

- മെഡിക്കൽ തസ്തികകളുടെ ഭീമമായ കുറവ് വകുപ്പ് നേരിടുന്ന പ്രധാന വിടവാണ്.
- ക്ലിനിക്കൽ വിഷയങ്ങളിൽ പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ / ഡിഗ്രിയുടെ അഭാവം.
- കാലാനുസൃതമായ യോഗ്യതയുള്ള പാരാമെഡിക്കൽ ജീവനക്കാരുടെ കുറവ്.
- മിനിസ്റ്റീരിയൽ / ഫീൽഡ് ജീവനക്കാരുടെ കുറവ് / അഭാവം.
- പഠന / ഗവേഷണങ്ങളുടെ കുറവും ഉള്ളവ കീഴ്തട്ടിൽ എത്താതിരിക്കുകയും ചെയ്യുന്നു.
- ആരോഗ്യമേഖലയിലെ വിഭാഗങ്ങൾ തമ്മിൽ ക്രോസ് റഫറൻസും വിവര കൈമാറ്റവും ആശയവിനിമയവും പരസ്പര സഹകരണവും നടത്താതിരിക്കൽ.
- ഹോമിയോപ്പതി ചികിത്സക്ക് ഇൻഷുറൻസ് പരിരക്ഷയുടെ അഭാവം.

## കാഴ്ചപ്പാട്

ആശുപത്രികളുടെ അടിസ്ഥാന സൌകര്യങ്ങൾ മെച്ചപ്പെടുത്തുക. പാരമ്പര്യേതര ഊർജ്ജ ഉറവിടങ്ങൾ ആയ സൌരോർജ്ജ ജില്ലാ ആശുപത്രി 100 കിടക്കകളുള്ള ആശുപത്രിയായി ഉയർത്തുക. 24 മണിക്കൂറും രോഗികൾക്ക് സേവനം ലഭ്യമാക്കുന്നതിനു വേണ്ടി മെഡിക്കൽ ഓഫീസർമാരുടെയും പാരാമെഡിക്കൽ ജീവനക്കാരുടെയും അധിക തസ്തികകൾ സൃഷ്ടിക്കുക. ആശുപത്രികൾക്ക് വാഹന സൌകര്യം ലഭ്യമാക്കുക. ലാബ് സൗകര്യം മെച്ചപ്പെടുത്തുക. ഇ.സി.ജി. / എക്സ്റേ സൌകര്യം / അൾട്രാ സൌണ്ട് സ്കാൻ സൌകര്യങ്ങൾ എന്നിവ സ്ഥാപിച്ചു ദ്വിതീയതല പരിചരണം നൽകുന്നതിനു പ്രാപ്തമാക്കുക. ചെലവു കൂടിയ പരിശോധനകൾക്ക് മെഡിക്കൽ കോളേജ്, ആരോഗ്യവകുപ്പിലെ മറ്റു സ്ഥാപനങ്ങൾ എന്നിവയിലൂടെ നടത്തുന്നതിനുവേണ്ട സംവിധാനമുണ്ടാക്കുക. ആശുപത്രികളിൽ പേവാർഡ് സൗകര്യം ഏർപ്പെടുത്തുക. ആശുപത്രികൾ ഇല്ലാത്ത താലൂക്കുകളിൽ കിടത്തി ചികിത്സാ സൗകര്യം നൽകുന്നതിന് ആശുപത്രികൾ സ്ഥാപിക്കുക. പ്രത്യേക ക്ലിനിക്കുകൾ പൂർണ്ണമായും റഫറൽ അടിസ്ഥാനത്തിലാക്കുക. KASH/NABH പ്രകാരമുള്ള അടിസ്ഥാന / ചികിത്സാ സൌകര്യങ്ങൾ ഒരുക്കി ആശുപത്രികൾ ആധുനികവത്കരിക്കണം. അടിസ്ഥാന സൌകര്യങ്ങളുടെ നിലവിലുള്ള ടൈപ്പ് ഡിസൈൻ പുതുക്കി ആശുപത്രികൾ ആധുനികവത്കരിക്കുക.

പ്രാഥമിക ചികിത്സാ കേന്ദ്രങ്ങളുടെ അടിസ്ഥാന സൌകര്യങ്ങൾ ആധുനികവത്കരിക്കുകയും ചികിത്സാ സൌകര്യങ്ങൾ മെച്ചപ്പെടുത്തുകയും ചെയ്യുക. 15000 ത്തിൽ അധികം ജനസംഖ്യയുള്ള പഞ്ചായത്തുകളിൽ സബ് സെന്ററുകൾ തുടങ്ങുക. പഞ്ചായത്തുകളിൽ യാത്രാ സൌകര്യം / ജനസാന്ദ്രത കുറവുള്ള സ്ഥലങ്ങളിൽ പ്രവർത്തിക്കുന്ന ഡിസ്പെൻസറികൾ പ്രധാനകേന്ദ്രങ്ങളിലേയ്ക്ക് മാറ്റി സ്ഥാപിക്കുക. അടിസ്ഥാന സൌകര്യങ്ങളുടെ നിലവിലുള്ള ടൈപ്പ് ഡിസൈന് പുതുക്കി ഡിസ്പെൻസറികളെ ആധുനികവത്കരിക്കുക. പുതുക്കിയ ടൈപ്പ് ഡിസൈൻ, ഡിസ്പെൻസറികളുടെ പുതിയ കെട്ടിട നിർമ്മാണത്തിൽ പിന്തുടരുന്നുണ്ടെന്ന് ഉറപ്പുവരുത്തുക.

ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിൽ നിലവിൽ ഹോമിയോപതി ആരോഗ്യ സ്ഥാപനങ്ങൾ ഇല്ലാത്തതിനാൽ പ്രസ്തുത ബ്ലോക്ക് പഞ്ചായത്തിന് ഏറ്റെടുത്ത് നടത്തുവാൻ കഴിയുന്ന ഹോമിയോപതി പൊതുജനാരോഗ്യ പദ്ധതികളും പ്രവർത്തനങ്ങളും നിർവ്വഹിക്കുവാൻ കഴിയാതെവരുന്നു. ഇതിന് പരിഹാരം, അതാത് ബ്ലോക്ക് പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന ഉചിതമായ ഒരു ഹോമിയോപതി ഡിസ്പൻസറി കണ്ടെത്തി അവിടെ മെഡിക്കൽ ഓഫീസറെ കൂടാതെ ഒരു ചീഫ് മെഡിക്കൽ ഓഫീസർ, ഒരു ക്ലാർക്ക്, ഒരു അറ്റൻഡർ എന്നീ തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് ഒരു ബ്ലോക്ക്തല ഹോമിയോപ്പതി ആരോഗ്യ സ്ഥാപനമായി ഉയർത്തുക. പ്രസ്തുത ബ്ലോക്ക് പരിധിയിൽവരുന്ന ഗ്രാമപഞ്ചായത്തുകളിലെ മുഴുവൻ ഹോമിയോ സ്ഥാപനങ്ങളുടെയും പദ്ധതികളുടെ അംഗീകാരം, മേൽനോട്ടം ഇവ ഓരോ ബ്ലോക്ക്പഞ്ചായത്തിലും നിയമിതരാവുന്ന ചീഫ് മെഡിക്കൽ ഓഫീസർക്ക് നൽകുക. നിലവിൽ പ്രസ്തുത ചുമതല ജില്ലാ മെഡിക്കൽ ഓഫീസറിൽ നിക്ഷിപ്തം ആണ്. ബ്ലോക്കിന് കീഴിൽവരുന്ന വിവിധ ഡിസ്പൻസറികളിലെ ഫാർമസിസ്റ്റ്, അറ്റൻണ്ടർ എന്നിവരുടെ പ്രതിമാസ യോഗങ്ങൾ, പ്രവർത്തനങ്ങളുടെ ഏകോപനം എന്നിവ നടത്തുക, ബ്ലോക്ക് ലെവൽ ഡിസ്പെൻസറിയിൽ നിയമിതരാവുന്ന ക്ലർക്കിനെ ചുമതലപ്പെടുത്തി ആ ബ്ലോക്കിനു കീഴിൽ വരുന്ന ഇതര ഹോമിയോ ഡിസ്പെൻസറികളിലെ ക്ലറിക്കൽ ജോലികൾ ചെയ്യിക്കുക എന്നിവ വഴി ഫലപ്രദമായ വികേന്ദ്രീകൃത ഭരണ നിർവ്വഹണവും, ആ ബ്ലോക്കിന് കീഴിൽ വരുന്ന പഞ്ചായത്ത് തല ഹോമിയോ ഡിസ്പെൻസറികളുടെ മെച്ചപെട്ട പ്രവർത്തനം ഉറപ്പുവരുത്തുന്നതിനും കഴിയുന്നു.

ആയുഷ് പ്രൈമറി ഹോമിയോ ഡിസ്പെൻസറികളുടെ അടിസ്ഥാന സൌകര്യങ്ങളും പശ്ചാത്തല സൌകര്യങ്ങളും മെച്ചപ്പെടുത്തുക. ഈ ഡിസ്പെൻസറികൾ ശാക്തീകരിക്കുന്നതിനും മുഖ്യധാരയിൽ എത്തിക്കുന്നതിനും ആർദ്രം ദൌത്യത്തിൽ ഉൾപ്പെടുത്തി ജീവനക്കാരെ സ്ഥിരപ്പെടുത്തണം.

കാലാകാലങ്ങളിൽ ഉണ്ടാകുന്ന ഒഴിഞ്ഞ മരുന്ന് കുപ്പികൾ, മരുന്ന് സ്ലിപ്പുകൾ, കൂടകൾ മുതലായവ പരിമിതമായ സ്ഥലസൌകര്യം മാത്രമുള്ള മിക്ക സ്ഥാപനങ്ങളിലും ഗുരുതരമായ മാലിന്യപ്രശ്നം സൃഷ്ടിക്കുന്നു. പുനഃരുപയോഗ സാധ്യതയുള്ളവ പുനഃരുപയോഗിക്കുന്നതിനു വേണ്ടിയും ബാക്കിയുള്ളവ ശാസ്ത്രീയമായി സംസ്കരിക്കുന്നതിനും വേണ്ടിയുള്ള മാർഗ്ഗങ്ങൾ വിവിധ യൂണിറ്റുകളായി ഹോംകോയിൽ സ്ഥാപിക്കുക. ആശുപത്രികളിലെ ജൈവ/അജൈവ മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് ബയോഗ്യാസ് പ്ലാന്റ്, ഇൻസിനറേറ്റർ എന്നിവ സ്ഥാപിക്കുക.

രോഗികളുടെയും രോഗങ്ങളുടെയും കൃത്യമായ വിവരങ്ങൾ ശേഖരിക്കുന്നതിനും വിശകലനം ചെയ്യുന്നതിനും ഹെൽത്ത് മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം (HMIS) അടിയന്തിരമായി നടപ്പിലാക്കുക. മിക്ക സ്ഥാപനങ്ങളിലും അടിസ്ഥാന ആവശ്യങ്ങളായ കമ്പ്യൂട്ടറും മറ്റും ലഭ്യമാണ്. ആയതിനാൽ കുറഞ്ഞ മുതൽ മുടക്കിൽ ഈ സംവിധാനം നടപ്പിലാക്കുവാൻ കഴിയും. ഇതിനോടനുബന്ധിച്ച് ഇ-ഹോസ്പിറ്റൽ സംവിധാനം നടപ്പിലാക്കുമ്പോൾ പൊതുജനത്തിന് മെച്ചപ്പെട്ട ആരോഗ്യസേവനങ്ങൾ നൽകുവാൻ സാധിക്കും. ഒരു സ്ഥാപനത്തിൽ നൽകിയ ചികിത്സാ വിവരങ്ങൾ ജില്ലയിലെ മറ്റു സ്ഥാപനങ്ങളിൽ ചെന്നാലും ലഭ്യമാകുന്നു. ചികിത്സാ രേഖകൾ നഷ്ടപെടാതെ സൂക്ഷിക്കുവാനും സമയം മുൻകൂട്ടി തീരുമാനിച്ച് ഡോക്ടറെ കാണുന്നതുവഴി രോഗിയുടെ സമയനഷ്ടവും ബുദ്ധിമുട്ടുകളും കുറയ്ക്കുവാനും കഴിയും.

സ്വതന്ത്ര ചുമതലയിൽ ഒരു മെഡിക്കൽ ഓഫീസറെ നിയമിച്ച് രോഗപ്രതിരോധ പ്രവർത്തങ്ങൾ കാര്യക്ഷമമാക്കുക. ഫലപ്രദമായ സർവൈലൻസിനുവേണ്ടി ഐ.ഡി.എസ്.പി.യുമായി വിവരകൈമാറ്റം സാധ്യമാക്കുക. മുഖ്യധാര പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങളിൽ ഹോമിയോപ്പതി വിഭാഗത്തിന്റെ സാന്നിധ്യം ഉറപ്പുവരുത്തുക. സുസ്ഥിരമായ പകർച്ചവ്യാധികളുടെ നിയന്ത്രണത്തിന് കാർഷിക വകുപ്പും മൃഗസംരക്ഷണ വകുപ്പും ചേർന്ന് നൂതനമായ പദ്ധതികൾ ആവിഷ്കരിക്കുകയും നടപ്പിലാക്കുകയും ചെയ്യുക. പക്ഷിപ്പനി തുടങ്ങിയ വളർത്തു മൃഗങ്ങളിൽ ഉണ്ടാകുന്ന പകർച്ചവ്യാധികൾക്ക് ഹോമിയോപ്പതി ഔഷധങ്ങൾ ഫലപ്രധമാണ്. ആയതിനാൽ ഹോമിയോപ്പതിയുടെ സാധ്യതകൾ മൃഗചികിത്സയിൽ പ്രയോജനപ്പെടുത്തുന്നതിന് സംയുക്ത പദ്ധതികൾ ആവിഷ്കരിക്കുക. 2007 ലും 2008 ലും കൃഭയിൽ പടർന്നുപിടിച്ച എലിപ്പനി, ചെലവുകുറഞ്ഞ രീതിയിൽ ഹോമിയോപ്പതി ഔഷധങ്ങൾ ഉപയോഗിച്ച് രോഗാതുരതയും മരണവും കുറയ്ക്കുവാൻ കഴിഞ്ഞു. ഇത്തരം മാതൃകകൾ നമ്മുടെ നാട്ടിൽ അവലംബിക്കാവുന്നതാണ്. യൂണിവേഴ്സൽ ഇമ്മ്യൂണൈസേഷൻ പരിപാടിയിൽ ഹോമിയോപ്പതി സ്ഥാപനങ്ങളെ ഭാഗഭാക്കാക്കുക.

എല്ലാ സ്പെഷ്യാലിറ്റി ക്ലിനിക്കുകളും റഫറൽ കേന്ദ്രങ്ങളാക്കുക. സ്പെഷ്യാലിറ്റി ക്ലിനിക്കുകളിൽ ഡോക്ടർമാരുടെ സ്ഥിരം തസ്തികകൾ സൃഷ്ടിക്കുക. വിദഗ്ധ ചികിത്സയ്ക്ക് പ്രോട്ടോകോൾ രൂപീകരിക്കുക. ഡോക്ടർമാർക്ക് അതാത് മേഖലകളിൽ വിദഗ്ധ പരിശീലനം നൽകുക. സീതാലയത്തിനു കീഴിൽ പ്രവർത്തിക്കുന്ന ഡി-അഡിക്ഷൻ ക്ലിനിക്, ഇൻഫർട്ടിലിറ്റി ക്ലിനിക്ക് എന്നിവ പ്രത്യേക ക്ലിനിക്കുകൾ ആക്കുക. ജെറിയാട്രിക്, പാലിയേറ്റീവ് ക്ലിനിക്കുകൾ ട്രെയ്നിംഗ് കേന്ദ്രങ്ങൾ ആക്കി ഉയർത്തുക. കരൾ രോഗങ്ങൾ, ഗൈനക്കോളജി, റുമാറ്റോളജി, ബാലചികിത്സ, ത്വക്ക് രോഗങ്ങൾ എന്നിവയിൽ സ്പെഷ്യാലിറ്റി ക്ലിനിക്കുകൾ തുടങ്ങുക.

സ്പെഷ്യാലിറ്റി ക്ലിനിക്കുകളിൽ പഠന ഗവേഷണങ്ങൾ നിർബന്ധമാക്കുക. ഡി-അഡിക്ഷൻ ക്ലിനിക്കിനെ 'വിമുക്തി' പദ്ധതിയുമായി യോജിച്ചു പ്രവർത്തിക്കുന്നതിനുള്ള സാധ്യതകൾ കണ്ടെത്തുക. സ്കീം ഫോർ പ്രിവെൻഷൻ ഓഫ് ആൽക്കഹോളിസം ആൻഡ് സബ്സ്റ്റൻസ് അബ്യൂസ് എന്ന പദ്ധതിയുടെ സഹായം തേടാവുന്നതാണ്.

ജീവശൈലീ രോഗങ്ങൾ പ്രതിരോധിക്കുന്നതിനും ചികിത്സിക്കുന്നതിനും ഹോമിയോപ്പതി ചികിത്സയോടൊപ്പം വ്യായാമത്തിന്റെ പ്രാധാന്യം ഉൾക്കൊണ്ട് യോഗയുടെ ഇടപെടലും ആരോഗ്യകരമായ ഭക്ഷണശീലങ്ങൾ അനുവർത്തിക്കാത്തത് പ്രകൃതി ചികിത്സയുടെ ഇടപെടലുകൾ സമന്വയിപ്പിച്ചു ഹോമിയോപ്പതി വകുപ്പ് പുതിയ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നു. ആയുഷ്മാൻഭവ എന്ന ഈ പദ്ധതി കൂടുതൽ ആശുപത്രികളിൽ തുടങ്ങുക.

പൊതുമേഖലാ മരുന്ന് നിർമാണസ്ഥാപനമായ ഹോംകോയുടെ രണ്ടാംഘട്ട വികസനം ത്വരിത ഗതിയിൽ പൂർത്തിയാക്കുക.. മരുന്ന് നിര്മ്മാണത്തിന് ആവശ്യമായ ഔഷധസസ്യങ്ങൾ തദ്ദേശീയമായി ഉത്പാദിപ്പിക്കുന്നത്തിന് കുടുംബശ്രീ പോലെയുള്ള സംരംഭങ്ങളുമായി ചേർന്ന് പദ്ധതികൾ ആവിഷ്കരിക്കാവുന്നതാണ്.

ഹോംകോയോട് അനുബന്ധമായി ഫാർമസി കോളേജ് സ്ഥാപിച്ച് ഡിപ്ലോമ ബിരുദ കോഴ്സുകൾ ആരംഭിക്കുകയും കേന്ദ്രഹോമിയോ ഗവേഷണ കൌൺസിലുമായി സഹകരിച്ച് ഔഷധ ഗവേഷണങ്ങൾ ഊർജ്ജിതമാക്കുന്നതിനും സാധ്യതയുണ്ട്.

ഇൻഷുറൻസ് പരിരക്ഷയിൽ ഹോമിയോപ്പതി ചികിത്സയുടെ ചെലവും ഉൾപ്പെടുത്തുന്നത് കുറഞ്ഞ ചെലവിൽ മെച്ചപ്പെട്ട പൊതുജനാരോഗ്യം ഉറപ്പുവരുത്തുന്നതിന് സഹായിക്കും.

## ജില്ലാതല ലക്ഷ്യങ്ങൾ

- 2025 ആകുമ്പോൾ സമൂഹത്തിൽ ഹോമിയോപതി ചികിത്സ ആശ്രയിക്കുന്നവരുടെ എണ്ണം 25% ആക്കി ഉയർത്തുക. ഇതുവഴി ജനങ്ങളുടെ ചികിത്സാ ചെലവ് കുറയ്ക്കുക
- താരതമ്യേന ചെലവുകുറഞ്ഞ ഹോമിയോപ്പതി പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ ശാക്തീകരിക്കുക.
- ഹോമിയോപ്പതി പൊതുജനാരോഗ്യ സേവന മേഖലകൾ മെച്ചപ്പെടുത്തുക, ഗുണമേന്മ വർദ്ധിപ്പിക്കുക, രോഗീസൌഹൃദമാക്കുക.
- വർത്തമാന ആരോഗ്യപ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻ ഉതകുന്നവിധത്തിൽ ഹോമിയോപ്പതിയിൽ സ്പെഷ്യാലിറ്റി ചികിത്സ ഏർപ്പെടുത്തുക.
- ഹോമിയോപ്പതി ഔഷധ വ്യവസായം വികസിപ്പിക്കുക.
- അഞ്ചു വയസിനുതാഴെയുള്ള കുട്ടികളുടെ ആരോഗ്യപ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനായി പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കുവുന്നതാണ്

## പദ്ധതി നിർദേശങ്ങൾ

### മേൽത്തട്ട്

- ജീവനക്കാർക്ക് ഡ്യൂട്ടി മാന്വൽ അടിയന്തിരമായി നടപ്പിലാക്കുക.
- വകുപ്പിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിൽ ജില്ലാ മെഡിക്കൽ ഓഫീസിൽ കൂടുതൽ തസ്തികകൾ അനുവദിക്കുക.
- ഡിസ്പൻസറികളിൽ സ്റ്റാഫ് ഘടന ഏകീകരിക്കുക, ക്ലറിക്കൽ സ്റ്റാഫിനെയും ഫീൽഡ് ജീവനക്കാരെയും നിയമിക്കുക.
- തെരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങളെ ബ്ലോക്ക്തല ഡിസ്പെൻസറികളായി ഉയർത്തി അവശ്യമായ തസ്തികകൾ സൃഷ്ടിച്ച് കാര്യക്ഷമമായ ഭരണ നിർവ്വഹണവും പദ്ധതി നിർവ്വഹണവും സാധ്യമാക്കുക.
- കൂടുതൽ ജനങ്ങൾക്ക് ഹോമിയോപ്പതി വിഭാഗത്തിന്റെ സേവനം മെച്ചപെട്ട രീതിയിൽ ലഭ്യമാക്കുന്നതിലേക്കായി പ്ലാൻ/നാഷണൽ ആയുഷ് മിഷൻ/ആർദ്രം മിഷൻ എന്നിവ വഴി ഡോക്ടർമാരെ അടിയന്തിരമായി നിയമിക്കുക.
- താലൂക്ക് ആശുപത്രി ഇല്ലാത്ത താലൂക്കുകളിൽ അവ ആരംഭിക്കുക.
- കാഷ് / എൻ.എ.ബി.എച്ച്. അക്രഡിറ്റെഷൻ നടപ്പിലാക്കി ഘട്ടംഘട്ടം ആയി സ്ഥാപനങ്ങളുടെ നിലവാരം മെച്ചപ്പെടുത്തുക.
- ജില്ലാ/താലൂക്ക് ആശുപത്രികളിൽ ദ്വിതീയതല പരിചരണം മെച്ചപ്പെട്ട രീതിയിൽ നൽകുന്നതിലേക്കായി ആശുപത്രികൾ വികസിപ്പിക്കുക.
- ആശുപത്രികളിൽ സ്ത്രീരോഗങ്ങൾ, ബാലചികിൽസ, ശ്വാസകോശസംബന്ധമായ രോഗങ്ങൾ, കരൾരോഗങ്ങൾ, കൊസ്മറ്റോളജി, ത്വക്ക് രോഗചികിത്സ എന്നിവയിൽ സ്പെഷ്യാലിറ്റികൾ ആരംഭിക്കുക.
- ആശുപത്രികളിൽ 24 മണിക്കൂറും ഡോക്ടറുടെ സേവനം ഉറപ്പാക്കുന്നതിന് ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുക.
- ജില്ലാ ആശുപത്രിയിലെ കിടക്കകളുടെ എണ്ണം 100 ആയി വർധിപ്പിക്കുക.
- ജില്ലാ ആശുപത്രിയിൽ പ്രവർത്തിക്കുന്ന ജെറിയാട്രിക്ക് ക്ലിനിക്, പാലിയേറ്റിവ് ക്ലിനിക് എന്നിവ ടെയിനിങ്ങ് സെന്ററുകളായി ഉയർത്തുക.
- ചികിത്സകൾക്ക് പ്രൊട്ടോക്കോൾ ഏർപ്പെടുത്തുക.
- ഗവേഷണങ്ങൾ, പഠനങ്ങൾ നിർബന്ധമാക്കുക. കേന്ദ്ര ഹോമിയോപതി ഗവേഷണ കൌൺസിലിന്റെ പഠന ഗവേഷണഫലങ്ങൾ ജനങ്ങളിലേക്ക് എത്തിക്കുന്നതിന് ആവശ്യമായ പദ്ധതികൾ ആവിഷ്കരിക്കുക.
- ഹോംകോയുടെ രണ്ടാംഘട്ട വികസനം എത്രയും പെട്ടെന്ന് പൂർത്തിയാക്കുക.
- രോഗികളുടെയും രോഗങ്ങളുടെയും വിവരശേഖരണവും വിശകലനവും വസ്തുനിഷ്ടമായും സമയബന്ധിതമായും പൂര്ത്തീകരിക്കുവാൻ ഹെൽത്ത് മാനേജ്മെന്റ് ഇൻഫോർമേഷൻ സംവിധാനം ഏർപ്പെടുത്തുക.
- പകർച്ചവ്യാധി പ്രതിരോധ സംവിധാനം സ്ഥിരം ചുമതലയുള്ള ഡോക്ടറുടെ കീഴിൽ ആക്കുക. IDSP വിവര ശേഖരസംവിധാനത്തിൽ പങ്കാളി ആക്കുക.

- നമ്മുടെ പൊതുജനാരോഗ്യ മേഖല ശാക്തീകരിക്കുന്നതിന് ഇതര വൈദ്യശാസ്ത്ര വിഭാഗങ്ങളുമായി വിവര കൈമാറ്റം നടത്തുകയും, യോജിച്ച് പ്രവർത്തിക്കാവുന്ന മേഖലകൾ കണ്ടെത്തി പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്യുക.
- യാത്രാസൗകര്യം തീരെയില്ലാത്ത പെരുമ്പളം, കക്കാതുരുത്ത് എന്നിവയെ ബന്ധിപ്പിച്ചും കൂട്ടനാട്ടിൽ നിലവിൽ സേവനം നൽകാൻ സാധിക്കാത്ത സ്ഥലങ്ങളിലും ഫ്ലോട്ടിംഗ് ഹോമിയോ ഡിസ്പൻസറികൾ തുടങ്ങുക.
- ഹോമിയോപതിയുടെ പ്രചാരം വർദ്ധിപ്പിക്കുന്നതിനായി ഗവേഷണ സ്ഥാപനങ്ങൾ, ഔഷധ നിർമ്മാതാക്കൾ, ആരോഗ്യ സ്ഥാപനങ്ങൾ, കേന്ദ്ര-സംസ്ഥാന ഏജൻസ്സികൾ എന്നിവരെ പങ്കെടുപ്പിച്ച് ആരോഗ്യമേളകൾ സംഘടിപ്പിക്കുക.
- മെഡിക്കൽ ചികിത്സാവകുപ്പുമായി ചേർന്ന് സംയുക്ത പദ്ധതികൾ വേണം
- ഇൻഫെർട്ടിലിറ്റി ക്ലീനിക്ക്, ബാലചികിത്സ എന്നിവയ്ക്കും പദ്ധതികൾ വേണം.

## കീഴ് തട്ട്

- സ്വന്തമായി കെട്ടിടങ്ങൾ ഇല്ലാത്ത സ്ഥാപനങ്ങൾക്ക് അത് ഉണ്ടാവുന്നതിന് ആവശ്യമായ പദ്ധതികൾ ആവിഷ്കരിക്കുക.
- സ്ഥാപനങ്ങളുടെ പശ്ചാത്തല സൗകര്യം മെച്ചപ്പെടുത്തുന്നതിന് വേണ്ടിയുള്ള പദ്ധതികൾ ഏറ്റെടുക്കുക.
- പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ കണ്ടെത്തി അവ ഉപയോഗിക്കുന്നതിന് ആവശ്യമായ പദ്ധതികൾ ഏറ്റെടുക്കുക.
- ആശുപത്രികളിൽ ജൈവ/അജൈവ മാലിന്യ സംസ്കരണത്തിനായി ബയോഗ്യാസ് പ്ലാന്റ്, ഇൻസിനറേറ്റർ എന്നിവ സ്ഥാപിക്കുന്നതിന് ആവശ്യമായ പദ്ധതികൾ ഏറ്റെടുക്കുക.
- ഇ-ഹോസ്പിറ്റൽ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുക.
- പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾക്ക് ഇതര ചികിത്സാ വിഭാഗങ്ങളുമായി ചേർന്നു ആവശ്യമായ പദ്ധതികൾ ആവിഷ്കരിക്കുക.
- പ്രാദേശികമായി കാണുന്ന ആരോഗ്യപ്രശ്നങ്ങൾക്ക് ഹോമിയോപതി ചികിത്സാ-പദ്ധതികൾ ആവിഷ്കരിക്കുക, ജില്ലയിൽ സമാനപ്രശ്നങ്ങൾ ഏകോപിപ്പിച്ച് സമഗ്രപദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുക.
- ലഹരി വിമോചനം, ജീവിതശൈലീ രോഗങ്ങൾ, വയോജന ആരോഗ്യ പ്രശ്നങ്ങൾ, പാലിയേറ്റീവ് പരിചരണം എന്നിവയ്ക്ക് മുൻഗണന നൽകി പദ്ധതികൾ ആവിഷ്കരിക്കുക

# കുടിവെള്ളം

കേരളത്തിൽ ശരാശരി 3000 മി.മീ. മഴ ലഭിയ്ക്കുന്നുവെങ്കിലും 2016 കാലഘട്ടത്തിൽ 25% മഴ കുറവാണ് ലഭിച്ചത്. ആലപ്പുഴ ജില്ലയിൽ തെക്ക്- പടിഞ്ഞാറൻ മൺസൂൺ മഴയിൽ 35 ശതമാനത്തിന്റെ കുറവാണ് രേഖപ്പെടുത്തിയിട്ടുള്ളത്. 2016 വേനൽകാലത്ത് ജില്ലയിൽ അതിരൂക്ഷമായ കുടിവെള്ള ക്ഷാമം നേരിട്ടിരുന്നു. ജില്ലയിലെ പ്രധാന ജലസ്രോതസ്സുകൾ, പമ്പയാർ, അച്ചൻകോവിലാർ എന്നിവയാണ്. കൂടാതെ പരമ്പരാഗത സ്രോതസ്സുകളായ കിണർ, കുളം, മറ്റു ജലാശയങ്ങൾ എന്നിവയും ഉപയോഗിക്കുന്നു. ജില്ലയിൽ വേമ്പനാട്ടുകായൽ നല്ല ജല ലഭ്യത ഉണ്ടെങ്കിലും കുട്ടനാടൻ പാടശേഖരത്തിലെ അമിതമായ കീടനാശിനി പ്രയോഗത്താലും തണ്ണീർമുക്കം-തോട്ടപ്പള്ളി സ്പിൽവേ തുടങ്ങിയവയിലൂടെ കടൽ വെള്ളം കയറുന്നതിനാലും കുടിവെള്ളത്തിന് ഉപയോഗയോഗ്യമല്ല. ജില്ലയിൽ വാട്ടർ അതോറിറ്റിയുടെ 12 ജല ശുദ്ധീകരണ ശാലകളോടുള്ള പദ്ധതികളും 35 ശുദ്ധീകരണ ശാലകളില്ലാതെ പ്രവൃത്തിക്കുന്ന പദ്ധതികളും ജനങ്ങളിൽ എത്തിയിട്ടുണ്ട്. ജില്ലയിലെ ജനസംഖ്യയുടെ 67 ശതമാനം മാത്രമേ ശുദ്ധ ജലം എത്തിയ്ക്കാൻ സാധിച്ചിട്ടുള്ളൂ. കണക്കുകൾ പ്രകാരം ജില്ലയിൽ ഏറ്റവും കൂടുതൽ വ്യാപനം ചേർത്തല താലൂക്കിലും, ഏറ്റവും കുറവ് ചെങ്ങന്നൂർ താലൂക്കിലും ആണ്. അമ്പലപ്പുഴ താലൂക്കിലെ പലപ്രദേശങ്ങളിലും ഫ്ളൂറൈഡിന്റെ അളവ് കൂടുതലാണ്. കുട്ടനാട് താലൂക്കിലെ വെള്ളക്കെട്ടും മലിന ജലവും ടി താലൂക്കിൽ പലവിധ രോഗ സാധ്യതകളും കൂടുന്നു. ഇതിനെല്ലാം പരിഹാരമായി ജില്ലയിൽ ദീർഘകാല, ഹ്രസ്വകാല പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടതായിട്ടുണ്ട്.

## കുടിവെള്ളത്തിന്റെ ഗുണനിലവാരം

ആലപ്പുഴ ജില്ലാതല ലാബോറട്ടറിയിലെ അസിസ്റ്റന്റ് എൻജിനീയർ എല്ലാ മാസവും മുൻകൂട്ടി തയ്യാറാക്കിയ ക്രിയാപദ്ധതി പ്രകാരമുള്ള ജല അതോറിറ്റിയുടെ പദ്ധതികളുടെ ജല സാമ്പിളുകളുടെ ശേഖരണം നടത്തുന്നു. ഇവ പിന്നീട് ജില്ലാ തല ലാബിൽ ടെസ്റ്റ് ചെയ്ത് ഫലം ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ യഥാസമയം അറിയിക്കുന്നു. ഇതിനു പുറമെ ആലപ്പുഴ സബ്ഡിവിഷണൽ ലാബിൽ ദേശീയ ഗ്രാമീണ ശുദ്ധജല പദ്ധതി പ്രകാരമുള്ള ജല സാമ്പിളുകൾ ടെസ്റ്റ് ചെയ്ത് യഥാസമയം കേന്ദ്ര ഗവൺമെന്റിന്റെ കുടിവെള്ള ശുചിത്വ മന്ത്രാലയത്തിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ അപ്ലോഡ് ചെയ്യുന്നുണ്ട്.

ജില്ലയിലെ നദികളിലെയും ജല അതോറിറ്റിയുടെ സ്കീമുകളുമായി ബന്ധപ്പെട്ട സ്രോതസ്സുകളുടെയും സാമ്പിളുകൾ എല്ലാ മാസവും എടുക്കുന്നുണ്ട്. ഇവ പിന്നീട് രാസ, ഭൗതീക രോഗാണു സാന്നിദ്ധ്യം അറിയുന്നതിനുള്ള പരീക്ഷണങ്ങൾക്ക് വിധേയമാക്കി ഫലങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് അയച്ചു കൊടുക്കുന്നു. ആലപ്പുഴ ജില്ലയിലെ ജല അതോറിറ്റിയുടെ സ്കീമുകൾ അശ്രയിക്കുന്ന പമ്പ, അച്ചൻകോവിൽ എന്നീ നദികളിലെ സാമ്പിളുകൾ ഇത്തരത്തിൽ പരീക്ഷണങ്ങൾക്ക് വിധേയമാക്കുന്നുണ്ട്.

കുടിവെള്ളത്തിന്റെ ഉപഭോഗം കൃത്യമായി അറിയുന്നതിനായി സാക്ഷ്യപ്പെടുത്തപ്പെട്ട വാട്ടർ മീറ്ററുകൾ വ്യാപകമായി ഉപയോഗത്തിലുണ്ടെങ്കിലും ഇപ്രകാരമുള്ള വാട്ടർ മീറ്ററുകളുടെ ഗുണനിലവാരം ശാസ്ത്രീയമായി പരിശോധിച്ചറിയുന്നതിനുള്ള ലാബുകൾ വിരളമായാണ് കണ്ടു വരുന്നത്. എന്നാൽ എറണാകുളത്ത് നെട്ടൂരിൽ വാട്ടർ അതോറിറ്റിക്ക് ഒരു വാട്ടർ മീറ്റർ ടെസ്റ്റിങ്ങ് ലാബ് പ്രവർത്തിച്ചുവരുന്നു. ഇന്ത്യൻ സ്റ്റാൻഡേർഡ് പ്രകാരമുള്ള ശാസ്ത്രീയ പരീക്ഷണങ്ങൾ ഇവിടെ നടത്താൻ സാധിക്കും.

മേൽപ്പറഞ്ഞ പ്രവൃത്തികൾ കൂടാതെ ഏതെങ്കിലും സ്ഥലത്ത് ജലജന്യ സാംക്രമിക രോഗങ്ങളോ കുടിവെള്ളത്തിന്റെ മാലിന്യം കലർന്നുള്ള പ്രശ്നങ്ങളോ ശ്രദ്ധയിൽപ്പെട്ടാൽ ഉടൻ തന്നെ അവിടെയെത്തി കുടിവെള്ള സാമ്പിളുകൾ എടുത്ത് പ്രത്യേക പരിശോധനയ്ക്ക് വിധേയമാക്കുന്നു. മേൽപ്പറഞ്ഞ എല്ലാ പ്രവർത്തനങ്ങൾക്കും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നിർലോഭമായ സഹകരണവും അത്യന്താപേക്ഷിതമാണ്.

**ആലപ്പുഴ ജില്ലയിൽ നടപ്പിലാക്കിയ ചെറുകിട കുടിവെള്ള വിതരണ പദ്ധതികളുടെ വിവരങ്ങൾ**

| ക്രമ നമ്പർ | പഞ്ചായത്ത് | താലൂക്ക് | ചെറുകിട പദ്ധതികളുടെ എണ്ണം |
|---|---|---|---|
| 1 | തകഴി | കുട്ടനാട് | 13 എണ്ണം |
| 2 | നെടുമുടി | കുട്ടനാട് | 9 എണ്ണം |
| 3 | വീയപുരം | കുട്ടനാട് | 2 എണ്ണം |
| 4 | കാവാലം | കുട്ടനാട് | 1 എണ്ണം |
| 5 | പുളിങ്കുന്ന് | കുട്ടനാട് | 1 എണ്ണം |
| 6 | ചെറുതന | കാർത്തികപ്പള്ളി | 1 എണ്ണം |
| 7 | മുതുകുളം | കാർത്തികപ്പള്ളി | 2 എണ്ണം |
| 8 | കരുവാറ്റ | കാർത്തികപ്പള്ളി | 5 എണ്ണം |
| 9 | പുന്നപ്ര സൗത്ത് | അമ്പലപ്പുഴ | 1 എണ്ണം |
| 10 | പുന്നപ്ര നോർത്ത് | അമ്പലപ്പുഴ | 1 എണ്ണം |
| 11 | പത്തിയൂർ | കാർത്തികപ്പള്ളി | 1 എണ്ണം |
| 12 | കണ്ടല്ലൂർ | കാർത്തികപ്പള്ളി | 4 എണ്ണം |
| 13 | ഭരണിക്കാവ് | മാവേലിക്കര | 6 എണ്ണം |
| 14 | വള്ളികുന്നം | മാവേലിക്കര | 4 എണ്ണം |
| 15 | താമരക്കുളം | മാവേലിക്കര | 9 എണ്ണം |
| 16 | ചുനക്കര | മാവേലിക്കര | 13 എണ്ണം |
| 17 | പാലമേൽ | മാവേലിക്കര | 24 എണ്ണം |
| 18 | തഴക്കര | മാവേലിക്കര | 2 എണ്ണം |
| 19 | ബുധനൂർ | ചെങ്ങന്നൂർ | 3 എണ്ണം |
| 20 | മാന്നാർ | ചെങ്ങന്നൂർ | 2 എണ്ണം |
| 21 | വെണ്മണി | ചെങ്ങന്നൂർ | 3 എണ്ണം |
| 22 | പുലിയൂർ | ചെങ്ങന്നൂർ | 1 എണ്ണം |
| 23 | മുളക്കുഴ | ചെങ്ങന്നൂർ | 16 എണ്ണം |
| 24 | ആല | ചെങ്ങന്നൂർ | 5എണ്ണം |
| 25 | മാരാരിക്കുളം സൗത്ത് | അമ്പലപ്പുഴ | 2 എണ്ണം |
| 26 | മാരാരിക്കുളം നോർത്ത് | ചേർത്തല | എണ്ണം |

*(ഉറവിടം :GWD)*

**ഭൂഗർഭ ജല വകുപ്പ് നിർമ്മിച്ച കിണറുകളുടെ വിവരണം**

| വർഷം | ട്യൂബ് വെല്ലുകളുടെ എണ്ണം | ബോർ വെല്ലുകളുടെ എണ്ണം | ഫിൽട്ടർ പോയിന്റുകളുടെ എണ്ണം |
|---|---|---|---|
| 2012–13 | 23 | 19 | 191 |
| 2013–14 | 45 | 34 | 218 |
| 2014–15 | 41 | 15 | 246 |
| 2015–16 | 27 | 5 | 196 |
| 2016–17 | 27 | 3 | 182 |

## ആലപ്പുഴ ജില്ലയിലെ കഴിഞ്ഞ 10 വർഷത്തെ ഭൂജല വ്യതിയാന റിപ്പോർട്ട്

(അളവ് ഭൂനിരപ്പിൽ നിന്നുമുള്ള അളവ് മീറ്ററിൽ)

| താലൂക്ക് | ജൂലൈ 2007 മീറ്റർ | ജൂലൈ 2016 | ജൂലൈ 2017 | ശരാശരി ജല നിലവാരം (അളവ്:ഭൂനിരപ്പിൽ നിന്നുള്ള അളവ് മീറ്ററിൽ |
|---|---|---|---|---|
| അമ്പലപ്പുഴ | 1.827 | 1.644 | 1.874 | 2.041 |
| ചെങ്ങന്നൂർ | 4.599 | 4.92 | 4.495 | 4.991 |
| ചേർത്തല | 1.363 | 1.486 | 1.514 | 1.742 |
| കാർത്തികപ്പള്ളി | 1.554 | 1.829 | 1.762 | 2.025 |
| കുട്ടനാട് | 1.359 | 2.49 | 1.481 | 1.632 |
| മാവേലിക്കര | 5.64 | 6.471 | 6.704 | 6.56 |

*(ഉറവിടം :GWD)*

## ആലപ്പുഴ ജില്ലയിലെ 2006 മുതൽ 2011 വരെയുള്ള കാലയളവിലെ മഴ ലഭ്യത

(അളവ് മില്ലിമീറ്റർ)

| Month | 2006 | 2007 | 2008 | 2009 | 2010 | 2011 |
|---|---|---|---|---|---|---|
| January | 11.7 | 0 | 0 | 1.7 | 16.6 | 18 |
| February | 0 | 30.5 | 88.2 | 4.4 | 2.2 | 28 |
| March | 58.4 | 2.2 | 175.5 | 45.3 | 92.7 | 43 |
| April | 73.6 | 139.7 | 166.3 | 131.9 | 161.6 | 180 |
| May | 495.3 | 284.2 | 127.8 | 256.4 | 322 | 254 |
| June | 481.5 | 597.3 | 366.5 | 559.8 | 529.3 | 571 |
| July | 442.6 | 780.2 | 660.7 | 503.3 | 474.6 | 557 |
| August | 332.4 | 368.3 | 189.4 | 164.0 | 255.9 | 341 |
| September | 400.2 | 417.6 | 332.6 | 250.3 | 242.3 | 277 |
| October | 450.8 | 306.8 | 313.7 | 210.9 | 555.1 | 333 |
| November | 268.1 | 173.4 | 122.3 | 318.5 | 309.3 | 187 |
| December | 6.0 | 6.4 | 41.9 | 54.6 | 96.8 | 52 |
| **Total** | **3020.6** | **3106.6** | **2584.9** | **2501.1** | **3058.4** | **2841** |

*(ഉറവിടം :GWD)*

## ഭൂജല വകുപ്പ് ജില്ലാ ആഫീസ് മുഖേന പൂർത്തീകരിക്കേണ്ട പദ്ധതികൾ

| ക്രമ നമ്പർ | പഞ്ചായത്ത് | താലൂക്ക് | ചെറുകിട പദ്ധതികളുടെ എണ്ണം |
|---|---|---|---|
| 1 | താമരക്കുളം | മാവേലിക്കര | 3 എണ്ണം |
| 2 | ആല | ചെങ്ങന്നൂർ | 1 എണ്ണം |
| 3 | തഴക്കര | ചെങ്ങന്നൂർ | 4 എണ്ണം |
| 4 | പാലമേൽ | മാവേലിക്കര | 8 എണ്ണം |

| | | | |
|---|---|---|---|
| 5 | ഭരണിക്കാവ് | മാവേലിക്കര | 1 എണ്ണം |
| 6 | ചേപ്പാട് | കാർത്തികപ്പള്ളി | 1 എണ്ണം |
| 7 | ചെങ്ങന്നൂർ മുനിസിപ്പാലിറ്റി | ചെങ്ങന്നൂർ | 1 എണ്ണം |
| 8 | വെണ്മണി | ചെങ്ങന്നൂർ | 7എണ്ണം |
| 9 | വീയപുരം | കുട്ടനാട് | 1എണ്ണം |
| 10 | തകഴി | കുട്ടനാട് | 1എണ്ണം |
| 11 | വള്ളികുന്നം | മാവേലിക്കര | 1എണ്ണം |
| 12 | ചുനക്കര | മാവേലിക്കര | 1എണ്ണം |
| 13 | മുളക്കുഴ | ചെങ്ങന്നൂർ | 1എണ്ണം |
| 14 | ചെറിയനാട് | ചെങ്ങന്നൂർ | 1എണ്ണം |
| ആകെ | | | 32 എണ്ണം |

*(ഉറവിടം :GWD)*

**പഞ്ചായത്തുതല കിണറുകൾ, കുളങ്ങൾ – കുടിവെള്ള പദ്ധതികൾ**

| ക്രമ നം. | പഞ്ചായത്തിന്റെ പേര് | കിണറുകളുടെ എണ്ണം | കുളങ്ങളുടെ എണ്ണം | സ്വന്തമായി കുടിവെള്ള പദ്ധതി ഉണ്ടെങ്കിൽ വിശദാംശങ്ങൾ |
|---|---|---|---|---|
| 1 | ആല | 35 | 2 | ഇല്ല |
| 2 | അമ്പലപ്പുഴ | 0 | 1 | ഇല്ല |
| 3 | അമ്പലപ്പുഴ (നോർത്ത്) | 511 | 81 | ഇല്ല, 268 കിണറുകൾ റീ ചാർജ്ജ് ചെയ്തു |
| 4 | ആറാട്ടുപുഴ | 0 | 0 | ഇല്ല |
| 5 | അരൂക്കുറ്റി | 21 | 4 | ഇല്ല |
| 6 | അരൂർ | 56 | 3 | ഇല്ല |
| 7 | ആര്യാട് | 630 | 270 | സ്വന്തമായി കുടിവെള്ള പദ്ധതി ഇല്ല |
| 8 | ഭരണിക്കാവ് | 12420 | 22 | ഇല്ല |
| 9 | ബുധനൂർ | 35 | 14 | ഇല്ല |
| 10 | ചമ്പക്കുളം | 6 | 15 | ഇല്ല |
| 11 | ചേന്നംപള്ളിപ്പുറം | 16 | 9 | ബാധകമല്ല |
| 12 | ചെന്നിത്തല തൃപ്പെരുന്തുറ | 33 | 14 | ഇല്ല |
| 13 | ചേപ്പാട് | 4200 | 770 | ഇല്ല |
| 14 | ചെറിയനാട് | 31 | 35 | ഇല്ല |
| 15 | ചേർത്തല സൗത്ത് | 695 | 2638 | ഇല്ല |
| 16 | ചെറുതന | 49 | 108 | ഇല്ല |
| 17 | ചെട്ടിക്കുളങ്ങര | 28 | 15 | ഇല്ല |
| 18 | ചിങ്ങോലി | 5 | 1 | ഇല്ല |
| 19 | ചുനക്കര | 59 | 25 | ഗ്രാമഭോക്തൃ സമിതി മുഖേന പ്രവർത്തിപ്പിക്കുന്ന 17 ഓളം ചെറുകിട കുടിവെള്ള പദ്ധതികൾ ഗ്രാമപഞ്ചായത്ത് പരിധിയിൽ ഉണ്ട്. |
| 20 | ദേവികുളങ്ങര | 15 | 8 | ഇല്ല |
| 21 | എടത്വാ | 220 | 28 | ഇല്ല |
| 22 | എഴുപുന്ന | 296 | 144 | ഇല്ല |
| 23 | കടക്കരപ്പള്ളി | 14 | 35 | ഇല്ല |
| 24 | കൈനകരി | 2 | 262 | വേനൽ കാലത്ത് വള്ളത്തിൽ വെള്ളം വിതരണം ചെയ്യുന്നുണ്ട്. |
| 25 | കണ്ടല്ലൂർ | 22 | 6 | ഗാർഹിക കുടിവെള്ള പദ്ധതി പ്രകാരം 200 |

| | | | | |
|---|---|---|---|---|
| 26 | ബുധന്നൂർ | 920 | 2532 | ഇല്ല |
| 27 | കാർത്തികപ്പള്ളി | 676 | 208 | ഇല്ല |
| 28 | കരുവാറ്റ | 15 | 9 | ഇല്ല |
| 29 | കാവാലം | 88 | 168 | ഇല്ല |
| 30 | കോടംതുരുത്ത് | 1084 | 523 | ബാധകമല്ല |
| 31 | കൃഷ്ണപുരം | 4060 | 61 | ഇല്ല |
| 32 | കുമാരപുരം | 8 | 5 | ഇല്ല |
| 33 | കുത്തിയതോട് | 11 | 15 | ഇല്ല |
| 34 | മണ്ണഞ്ചേരി | 3052 | 1012 | പൊന്നാട് മനയത്തുശ്ശേരി കുടിവെള്ള പദ്ധതി വാർഡ്- 4, പൊന്നാട് കുടിവെള്ള പദ്ധതി വാർഡ് 4 |
| 35 | മാന്നാർ | 22 | 5 | 0 |
| 36 | മാരാരിക്കുളം നോർത്ത് | 580 | 2860 | ഇല്ല |
| 37 | മാരാരിക്കുളം സൗത്ത് | 2691 | 1426 | ഇല്ല |
| 38 | മാവേലിക്കര താമരക്കുളം | 67 | 37 | ഇല്ല |
| 39 | മാവേലിക്കര തെക്കേക്കര | 9 | 21 | ഇല്ല |
| 40 | മുഹമ്മ | 960 | 4390 | ഇല്ല |
| 41 | മുളക്കുഴ | 2006 | 30 | 25 |
| 42 | മുതുകുളം | 8 | 2 | ഇല്ല |
| 43 | മുട്ടാർ | 4 | 3 | 5 ആർ.ഒ. പ്ലാന്റ് പദ്ധതികൾ നിലവിലുണ്ട് |
| 44 | നെടുമുടി | 0 | 0 | 12ട്യൂബ് വെല്ലുകൾ പഞ്ചായത്തിന്റെ അധീനതയിൽ ഉണ്ട്. |
| 45 | നീലംപേരൂർ | 13 | 26 | ഇല്ല |
| 46 | നൂറനാട് | 23 | 9 | ഇല്ല |
| 47 | പാലമേൽ | 42 | 32 | 20 |
| 47 | പള്ളിപ്പാട് | 10 | 7 | ഇല്ല |
| 49 | പാണാവള്ളി | 2 | 5 | ഇല്ല |
| 50 | പാണ്ടനാട് | 21 | 1 | ഇല്ല |
| 51 | പത്തിയൂർ | 29 | 5 | ഇരുബണ്ണി ലക്ഷം വീട് കുടിവെള്ള പ്രോജക്ട് |
| 52 | പട്ടണക്കാട് | 210 | 1375 | ഇല്ല |
| 53 | പെരുമ്പളം | 890 | 1144 | ഇല്ല |
| 54 | പുളിങ്കുന്ന് | 90 | 3 | ഇല്ല |
| 55 | പുലിയൂർ | 13 | 12 | ഇല്ല |
| 56 | പുന്നപ്ര | 200 | 31 | സ്വന്തമായി കുടിവെള്ള പദ്ധതിയില്ല |
| 57 | പുന്നപ്ര നോർത്ത് | 562 | 754 | ഇല്ല |
| 58 | പുറക്കാട് | 200 | 92 | ഇല്ല |
| 59 | രാമങ്കരി | 120 | 34 | 0 |
| 60 | തൈക്കാട്ടുശ്ശേരി | 12 | 75 | ഇല്ല |
| 61 | തകഴി | 6 | 2 | 3 ആർ.ഒ പ്ലാന്റ് |
| 62 | തലവടി | 1 | 1 | ഇല്ല |
| 63 | തണ്ണീർമുക്കം | 7 | 11 | ഇല്ല |
| 64 | തഴക്കര | 44 | 15 | ഇല്ല |

| | | | | |
|---|---|---|---|---|
| 65 | തിരുവൻവണ്ടൂർ | 5 | 3 | ഇല്ല |
| 66 | തുക്കുന്നപ്പുഴ | 310 | 345 | ഇല്ല |
| 67 | തുറവൂർ | 63 | 33 | ഇല്ല |
| 68 | വള്ളിക്കുന്നം | 15 | 20 | 5 എണ്ണം |
| 69 | വയലാർ | 298 | 335 | ഇല്ല |
| 70 | വീയപുരം | 20 | 4 | സ്വന്തമായി കുടിവെള്ള പദ്ധതി ഇല്ല |
| 71 | വെളിയനാട് | 1 | 1 | ഇല്ല |
| 72 | വെന്മണി | 20 | 68 | ചാങ്ങമല കുടിവെള്ള് പദ്ധതി വാർഡ് 4,5 |

*(ഉറവിടം :DDP)*

**ആലപ്പുഴ ജില്ലയിൽ കുടിവെള്ള വിതരണത്തിനായി ശുദ്ധികരണശാലകളോടു കൂടി നിലവിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന പദ്ധതികൾ**

| ക്രമ നം. | പഞ്ചായത്ത്/ മുനിസിപ്പാലിറ്റി | സ്കീമിന്റെ പേര് | ഉറവിടം | ഉത്പാദന ശേഷി (MLD) |
|---|---|---|---|---|
| 1 | ചേർത്തല താലൂക്ക് | ജിക്കാ ചേർത്തല | മൂവാറ്റുപുഴ ആർ | 107 |
| 2 | കായംകുളം മുനിസിപ്പാലിറ്റി & ആറാട്ടുപുഴ പഞ്ചായത്ത് | സമഗ്ര കുടിവെള്ള പദ്ധതി- കായംകുളം | അച്ചൻകോവിലാർ | 12 |
| 3 | രാമങ്കരി, ചമ്പക്കുളം, കൈനകരി, തലവടി, മുട്ടാർ, പുളിംങ്കുന്ന്, എടത്വ, കാവാലം, നീലംപെരുർ, വീയപുരം, തകഴി, നെടുമുടി, വെളിയനാട് പഞ്ചായത്ത് | കുട്ടനാട് കുടിവെള്ള വിതരണ പദ്ധതി | പമ്പയാർ | 14 |
| 4 | ആലപ്പുഴ മുനിസിപ്പാലിറ്റിയും 8 പഞ്ചായത്തുകളും<br>1. പുറക്കാട്<br>2. അമ്പലപ്പുഴ സൗത്ത്<br>3. അമ്പലപ്പുഴ നോർത്ത്<br>4. പുന്നപ്ര സൗത്ത്<br>5. പുന്നപ്ര നോർത്ത്<br>6. ആര്യാട്<br>7. മാരാരികുളം സൗത്ത്<br>8. മണ്ണഞ്ചേരി | ആലപ്പുഴ കുടിവെള്ള വിതരണ പദ്ധതി | പമ്പയാർ (പന്നയിക്കടവ്) | 62 |
| 5 | മാവേലിക്കര മുനിസിപ്പാലിറ്റി, തഴക്കര (പാർട്ട്) & ചെട്ടികുളങ്ങര (പാർട്ട്), തെക്കേകര (പാർട്ട്) പഞ്ചായത്ത് | നഗര ശുദ്ധജല വിതരണ പദ്ധതി- മാവേലിക്കര | അച്ചൻകോവിലാർ | 4.5 |

| | | | | |
|---|---|---|---|---|
| 6 | ചെങ്ങന്നൂർ മുനിസിപ്പാലിറ്റി | നഗര ശുദ്ധജല വിതരണ പദ്ധതി-ചെങ്ങന്നൂർ | പമ്പയാർ | 2.25 |
| 7 | ചെങ്ങന്നൂർ മുനിസിപ്പാലിറ്റി | നഗര ശുദ്ധജല വിതരണ പദ്ധതി- ചെങ്ങന്നൂർ | പമ്പയാർ | 2.5 |
| 8 | ചെറിയനാട് പഞ്ചായത്ത് | ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി- ചെറിയനാട് | അച്ചൻകോവിലാർ | 2.5 |
| 9 | മാന്നാർ, കുരുട്ടുശ്ശേരി | കുരുട്ടുശ്ശേരിക്കും, സമീപ ഗ്രാമങ്ങൾക്കുമായുള്ള ത്വരിത ഗ്രാമീണ ശുദ്ധ ജല വിതരണ പദ്ധതി | അച്ചൻകോവിലാർ | 5 |
| 10 | ന്യറനാട്, ചുനക്കര | ന്യറനാട്, ചുനക്കര പഞ്ചായത്തുകൾക്കായുള്ള ത്വരിത ഗ്രാമീണ ശുദ്ധ ജല വിതരണ പദ്ധതി | അച്ചൻകോവിലാർ | 10 |
| 11 | പാലമേൽ, താമരക്കുളം | പാലമേൽ, താമരക്കുളം പഞ്ചായത്തുകൾക്കായുള്ള സമഗ്ര കുടിവെള്ള വിതരണ പദ്ധതി | അച്ചൻകോവിലാർ | |
| 12 | വെളിയനാട് പഞ്ചായത്ത് | കുട്ടനാട് സമഗ്ര കുടിവെള്ള വിതരണ പദ്ധതി | മണിമലയാർ | 3 |
| | **ആകെ** | | | **224.75** |

*(ഉറവിടം :GWD)*

**ആലപ്പുഴ ജില്ലയിൽ കുടിവെള്ള വിതരണത്തിനായി ശുദ്ധികരണശാലകൾ ഇല്ലാതെ നിലവിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന സ്കീമുകൾ**

| ക്രമ നം. | പഞ്ചായത്ത്/ മുനിസിപ്പാലിറ്റി | സ്കീമിന്റെ പേര് | ഉറവിടം | ഉത്പാദന ശേഷി (MLD) |
|---|---|---|---|---|
| 1 | ഹരിപ്പാട് | ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി - ഹരിപ്പാട് | കുഴൽ കിണർ | 1.1 |
| 2 | ചെറുതന | ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി-ചെറുതന | കുഴൽ കിണർ | 1.03 |
| 3 | തുക്കുന്നപ്പുഴ | ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി- തുക്കുന്നപ്പുഴ | കുഴൽ കിണർ | 3.73 |
| 4 | പള്ളിപ്പാട് | ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി- പള്ളിപ്പാട് | കുഴൽ കിണർ | 0.78 |
| 5 | കുരുവാറ്റ | ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി- കുരുവാറ്റ | കുഴൽ കിണർ | 1.33 |
| 6 | കാർത്തികപള്ളി | ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി- കാർത്തികപള്ളി | കുഴൽ കിണർ | 2.11 |
| 7 | ചിങ്ങോലി | ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി- ചിങ്ങോലി | കുഴൽ കിണർ | 0.58 |
| 8 | ചേപ്പാട് | ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി-ചേപ്പാട് | കുഴൽ കിണർ | 0.73 |
| 9 | കുമാരപുരം | ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി- കുമാരപുരം | കുഴൽ കിണർ | 1.24 |
| 10 | ആറാട്ടുപ്പുഴ | ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി-ആറാട്ടുപ്പുഴ | കുഴൽ കിണർ | 2.7 |
| 11 | കൃഷ്ണപുരം | ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി - കൃഷ്ണപുരം | കുഴൽ കിണർ | 0.78 |

| | | | | |
|---|---|---|---|---|
| 12 | പത്തിയൂർ | ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി- പത്തിയൂർ | കുഴൽ കിണർ | 0.41 |
| 13 | ദേവികുളങ്ങര | ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി-ദേവികുളങ്ങര | കുഴൽ കിണർ | 1.602 |
| 14 | മുതുകുളം | ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി- മുതുകുളം | കുഴൽ കിണർ | 0.98 |
| 15 | കണ്ടല്ലൂർ | ഗ്രാമീണ ശു.ജ.വിത.പദ്ധതി-കണ്ടല്ലൂർ | കുഴൽ കിണർ | 1.53 |
| 16 | പാണ്ടവൻപാറ | ഗ്രാമീണ ശു.ജ.വിത.പദ്ധതി-ചെങ്ങന്നൂർ മുനിസിപ്പാലിറ്റി | ഇറന്ന കിണർ | 0.122 |
| 17 | പുലിയൂർ | ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി- നൂറ്റവൻപാറ | ഇറന്ന കിണർ | 0.49 |
| 18 | പാണ്ടനാട് | ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി- പാണ്ടനാട് | കുഴൽകിണർ | 0.3 |
| 19 | തഴക്കര | ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി-തഴക്കര | ഇൻടേക്ക് വെല്ല് | 1.43 |
| 20 | ചുനക്കര | ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി-ചുനക്കര | ഇറന്ന കിണർ & കുഴൽകിണർ | 0.4 |
| 21 | നൂറനാട് | ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി-നൂറനാട് | കുഴൽ കിണർ | 0.7 |
| 22 | താമരക്കുളം | ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി- താമരക്കുളം | കുഴൽ കിണർ | 0.46 |
| 23 | വള്ളികുന്നം | ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി-വള്ളികുന്നം | കുഴൽ കിണർ | 0.35 |
| 24 | തെക്കേകര | ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി-തെക്കേകര | കുഴൽ കിണർ | 0.13 |
| 25 | ഭരണിക്കാവ് | ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി- ഭരണിക്കാവ് | കുഴൽ കിണർ | 0.48 |
| 26 | ചെട്ടികുളങ്ങര | ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി-ചെട്ടികുളങ്ങര | കുഴൽ കിണർ | 0.51 |
| 27 | മാരാരിക്കുളം സൗത്ത് | ഗ്രാമീണ ശു.ജ.വിത.പദ്ധതി-മാരാരിക്കുളം സൗത്ത് | കുഴൽ കിണർ | 1 |
| 28 | മണ്ണഞ്ചേരി | ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി- മണ്ണഞ്ചേരി | കുഴൽ കിണർ | 1.5 |
| 29 | തകഴി | ഗ്രാമീണ കുടിവെള്ള പദ്ധതി-തകഴി | കുഴൽ കിണർ | 2.06 |
| 30 | വീയപുരം | ഗ്രാമീണ കുടിവെള്ള പദ്ധതി-വീയപുരം | കുഴൽ കിണർ | 0.66 |
| 31 | എടത്വ | ഗ്രാമീണ കുടിവെള്ള പദ്ധതി-എടത്വാ | കുഴൽ കിണർ | 1.4 |
| 32 | നെടുമുടി | ഗ്രാമീണ കുടിവെള്ള പദ്ധതി-നെടുമുടി | കുഴൽ കിണർ | 2.2 |
| 33 | കൈനകരി | ഗ്രാമീണ കുടിവെള്ള പദ്ധതി-കൈനകരി | കുഴൽ കിണർ | 1.05 |
| 34 | നീലംപേരൂർ | ഗ്രാമീണ കുടിവെള്ള പദ്ധതി-നീലംപേരൂർ | കുഴൽ കിണർ | 0.2 |
| 35 | ചമ്പക്കുളം | ഗ്രാമീണ കുടിവെള്ള പദ്ധതി-ചമ്പക്കുളം | കുഴൽ കിണർ | 1.45 |
| | **ആകെ** | | | **37.524** |

## ആലപ്പുഴ ജില്ലയിൽ കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കുന്ന ജലവിതരണ സംവിധാനത്തിന്റെ വിശദാംശങ്ങൾ

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | ജല സ്രോതസ്സ് | ഗുണഭോക്തൃ പ്രദേശം |
|---|---|---|---|
| 1 | മറവൻതുരുത്ത് പഞ്ചായത്തിലെ നിലവിലുള്ള ജി.ആർ.പി പൈപ്പ് ലൈൻ മാറ്റി എം.എസ് പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തി | മൂവാറ്റുപ്പുഴ ആറ് | ചേർത്തല മുനിസിപ്പാലിറ്റിയും 18 സമീപ പഞ്ചായത്തുകളും |
| 2 | നബാർഡിന്റെ സഹായത്തോടെ ചേർത്തല താലൂക്കിലെ 18 പഞ്ചായത്തുകളിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ പ്രവൃത്തി | മൂവാറ്റുപ്പുഴ ആറ് | ചേർത്തല താലൂക്കിലെ 18 പഞ്ചായത്തുകൾ |
| 3 | അമൃത് നവീകരണം & ആധുനീകവത്കരണം- ആലപ്പുഴ മുനിസിപ്പാലിറ്റിയിലെ ശുദ്ധജല വിതരണ ശൃംഖലയുടെ നവീകരണ പ്രവൃത്തികൾ (1 ഘട്ടം) കൊമ്മാടി, തത്തംപള്ളി, പഴവങ്ങാടി, വലിയകുളം, എന്നിവിടങ്ങളിൽ ഉന്നതതല ജല സംഭരണികളുടെ നിർമ്മാണ പ്രവൃത്തികൾ | പമ്പാ നദി | ആലപ്പുഴ മുനിസിപ്പാലിറ്റി |
| 4 | അമൃത് നവീകരണം & ആധുനീവത്കരണം- ആലപ്പുഴ മുനിസിപ്പാലിറ്റിയിലെ ശുദ്ധജല വിതരണ ശൃംഖലയുടെ നവീകരണ പ്രവൃത്തികൾ (2ഘട്ടം) ആലപ്പുഴ മുനിസിപ്പാലിറ്റിയിലെ സോൺ നമ്പർ 3, സോൺ 4 വിതരണ പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തി | പമ്പാ നദി | ആലപ്പുഴ മുനിസിപ്പാലിറ്റി |
| 5 | അമൃത് നവീകരണം & ആധുനീവത്കരണം- ആലപ്പുഴ മുനിസിപ്പാലിറ്റിയിലെ ശുദ്ധജല വിതരണ ശൃംഖലയുടെ നവീകരണ പ്രവൃത്തികൾ (3ഘട്ടം) ആലപ്പുഴ മുനിസിപ്പാലിറ്റിയിലെ സോൺ നമ്പർ 6, സോൺ 9 വിതരണ പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തി | പമ്പാ നദി | ആലപ്പുഴ മുനിസിപ്പാലിറ്റി |
| 6 | ഭരണിക്കാവിനും സമീപ വില്ലേജുകൾക്കും സമഗ്ര ത്വരിത ഗ്രാമീണ കുടിവെള്ള പദ്ധതി | അച്ചൻകോവിലാർ | ഭരണിക്കാവ്, തെക്കേക്കര കൃഷ്ണപുരം, വള്ളികുന്നം പഞ്ചായത്തുകൾ |
| 7 | ഹരിപ്പാടും സമീപ പഞ്ചായത്തുകൾക്കുള്ള സമഗ്ര കുടിവെള്ള പദ്ധതി | അച്ചൻകോവിലാർ | ഹരിപ്പാട് മുനിസിപ്പാലിറ്റി, ആറാട്ടുപ്പുഴ, പള്ളിപ്പാട്, ചിങ്ങോലി, കരുവാറ്റ, മുതുകുളം, തൃക്കുന്നപ്പുഴ, കുമാരപുരം, ചെറുതന, കാർത്തികപള്ളി പഞ്ചായത്തുകൾ |

## ആലപ്പുഴ ജില്ലയിലെ ഉപഭോക്താക്കളെ സംബന്ധിച്ച സ്ഥിതിവിവര കണക്കുകൾ

| മുനിസിപ്പാലിറ്റി/ പഞ്ചായത്ത് | ജനസംഖ്യ (2011) | ഗാർഹികം എണ്ണം | ഗാർഹികേതരം എണ്ണം | വ്യവസായം എണ്ണം | പൊതുടാപ്പ് എണ്ണം |
|---|---|---|---|---|---|
| അരൂക്കുറ്റി | 19411 | 3744 | 33 | 2 | 112 |
| പളളിപ്പുറം | 28276 | 3540 | 45 | 8 | 282 |
| പാണാവളളി | 31570 | 4691 | 68 | 16 | 201 |
| തൈക്കാട്ടുശ്ശേരി | 20874 | 3768 | 44 | 4 | 36 |
| പെരുംമ്പളം | 9733 | 912 | 22 | 0 | 0 |
| കടക്കരപ്പളളി | 17496 | 2398 | 21 | 1 | 273 |
| വയലാർ | 24804 | 2606 | 27 | 5 | 283 |
| പട്ടണക്കാട് | 34620 | 3819 | 34 | 3 | 397 |
| തുറവൂർ | 28802 | 5233 | 36 | 8 | 313 |
| കുത്തിയതോട് | 23669 | 4806 | 39 | 12 | 230 |
| കോടംതുരുത്ത് | 25385 | 4571 | 33 | 18 | 300 |
| എഴുപുന്ന | 21506 | 5944 | 53 | 26 | 262 |
| അരൂർ | 41146 | 8345 | 149 | 97 | 387 |
| മാരാരിക്കുളം (നോർത്ത്) | 31322 | 1884 | 43 | 4 | 317 |
| കഞ്ഞിക്കുഴി | 29951 | 1582 | 26 | 0 | 93 |
| തണ്ണീർമുക്കം | 42302 | 4761 | 54 | 5 | 427 |
| മുഹമ്മ | 25861 | 1570 | 46 | 3 | 215 |
| ചേർത്തല (സൗത്ത്) | 40102 | 2700 | 31 | 5 | 396 |
| ആര്യാട് | 32265 | 4047 | 119 | 2 | 762 |
| മണ്ണഞ്ചേരി | 50990 | 1082 | 19 |  | 387 |
| മാരാരിക്കുളം (സൗത്ത്) | 53263 | 3406 | 85 | 3 | 1270 |
| പൂറക്കാട് | 29782 | 3776 | 250 | 9 | 1195 |
| അമ്പലപ്പുഴ (സൗത്ത്) | 23205 | 2995 | 187 | 5 | 1116 |
| അമ്പലപ്പുഴ (നോർത്ത്) | 30492 | 3075 | 114 | 7 | 721 |
| പുന്നപ്ര (സൗത്ത്) | 28377 | 8692 | 405 | 4 | 1238 |
| പുന്നപ്ര (നോർത്ത്) | 28749 |  |  |  |  |
| ചെറിയനാട് | 22018 | 2142 | 84 | 0 | 129 |
| പുലിയൂർ | 16668 | 0 | 0 | 0 | 16 |
| മുളക്കുഴ | 28280 | 0 | 0 | 0 | 0 |
| വെണ്മണി | 19932 | 0 | 0 | 0 | 0 |
| ആല | 13395 | 0 | 0 | 0 | 0 |

| | | | | | |
|---|---|---|---|---|---|
| ബുധനൂർ | 18444 | 0 | 0 | 0 | 0 |
| പാണ്ടനാട് | 11489 | 239 | 3 | 0 | 104 |
| ചിങ്ങോലി | 14981 | 1282 | 35 | 0 | 147 |
| കാർത്തികപള്ളി | 18956 | 3342 | 50 | 2 | 330 |
| തൃക്കുന്നപ്പുഴ | 26679 | 6460 | 112 | 3 | 651 |
| കുമാരപുരം | 20572 | 3021 | 38 | 0 | 490 |
| കരുവാറ്റ | 21211 | 2161 | 22 | | 325 |
| തിരുവൻവണ്ടൂർ | 14701 | 0 | 0 | 0 | 0 |
| പള്ളിപ്പാട് | 24625 | 955 | 9 | 0 | 130 |
| ചെറുതന | 12854 | 942 | 23 | 0 | 264 |
| മാവേലിക്കര തെക്കേകര | 32373 | 258 | 4 | 0 | 106 |
| ചെട്ടികുളങ്ങര | 37495 | 642 | 18 | 1 | 292 |
| തുപ്പെരുന്തുറ | 27586 | 188 | 5 | 0 | 151 |
| തഴക്കര | 35989 | 3164 | 95 | 9 | 698 |
| നൂറനാട് | 25375 | 1556 | 42 | 3 | 426 |
| വള്ളികുന്നം | 30394 | 503 | 9 | 1 | 275 |
| ഭരണിക്കാവ് | 35426 | 331 | 9 | 0 | 188 |
| താമരക്കുളം | 27017 | 1023 | 27 | 2 | 573 |
| ചുനക്കര | 22730 | 782 | 24 | 1 | 159 |
| പത്തിയൂർ | 33925 | 690 | 5 | 0 | 256 |
| പലമേൽ | 32556 | 0 | 0 | 0 | 0 |
| കണ്ടല്ലൂർ | 19925 | 3125 | 36 | 0 | 425 |
| ചേപ്പാട് | 20052 | 816 | 16 | 1 | 187 |
| ദേവികുളങ്ങര | 20390 | 2209 | 31 | 0 | 407 |
| ആറാട്ടുപ്പുഴ | 29264 | 5845 | 97 | 2 | 1212 |
| മുതുകുളം | 20740 | 2757 | 32 | 0 | 589 |
| കൃഷ്ണപുരം | 26705 | 524 | 12 | 0 | 294 |
| ആലപ്പുഴ മുനിസിപ്പാലിറ്റി | 174176 | 28918 | 2125 | 34 | 2646 |
| ചേർത്തല മുനിസിപ്പാലിറ്റി | 45827 | 4829 | 162 | 11 | 522 |
| മാവേലിക്കര മുനിസിപ്പാലിറ്റി | 26421 | 3565 | 348 | 3 | 438 |
| കായംകുളം മുനിസിപ്പാലിറ്റി | 68634 | 4479 | 42 | 0 | 686 |
| ചെങ്ങന്നൂർ മുനിസിപ്പാലിറ്റി | 23466 | 2192 | 226 | 1 | 358 |
| ഹരിപ്പാട് മുനിസിപ്പാലിറ്റി | 15691 | 606 | 68 | 6 | 132 |

| | | | | | |
|---|---|---|---|---|---|
| എടത്വ | 19094 | 2147 | 40 | 0 | 265 |
| വീയപുരം | 11320 | 1088 | 5 | 0 | 228 |
| മുട്ടാർ | 9288 | 1364 | 13 | 0 | 213 |
| തകഴി | 18826 | 2279 | 37 | 0 | 347 |
| തലവടി | 20459 | 2676 | 44 | 0 | 359 |
| മാന്നാർ | 28916 | 588 | 20 | 0 | 179 |
| രാമങ്കരി | 14026 | 1479 | 14 | 2 | 240 |
| ചമ്പക്കുളം | 15848 | 2574 | 52 | 0 | 178 |
| കൈനകരി | 19094 | 1221 | 0 | 0 | 197 |
| കാവാലം | 14010 | 193 | 2 | 0 | 194 |
| നീലംപേരൂർ | 13514 | 189 | 4 | 0 | 130 |
| വെളിയനാട് | 12501 | 1190 | 10 | 0 | 283 |
| പുളിംകുന്ന് | 20947 | 596 | 3 | 0 | 252 |
| നെടുമുടി | 19701 | 2951 | 52 | 0 | 275 |

**താലൂക്ക് തല ശുദ്ധജല ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ**

| താലൂക്ക് | ജനസംഖ്യ | ഗുണഭോക്താക്കൾ | ശതമാനം |
|---|---|---|---|
| ചേർത്തല | 562823 | 448814 | 79.74 |
| അമ്പലപ്പുഴ | 468070 | 421564 | 90.06 |
| കുട്ടനാട് | 246373 | 175908 | 71.40 |
| കാർത്തികപ്പള്ളി | 409891 | 277885 | 67.79 |
| മാവേലിക്കര | 345751 | 136706 | 39.54 |
| ചെങ്ങന്നൂർ | 174650 | 35754 | 20.47 |
| **ആകെ** | **2207558** | **1496631** | **67.80** |

**താലൂക്ക് തല ശുദ്ധജല കണക്ഷനുകളുടെ വിശദാംശങ്ങൾ**

| താലൂക്ക് | ഗാർഹിക കണക്ഷൻ | പൊതുടാപ്പ് |
|---|---|---|
| ചേർത്തല | 71703 | 5046 |
| അമ്പലപ്പുഴ | 55991 | 9335 |
| കുട്ടനാട് | 20535 | 3340 |
| കാർത്തികപ്പള്ളി | 39214 | 6525 |
| മാവേലിക്കര | 12012 | 3306 |
| ചെങ്ങന്നൂർ | 4573 | 607 |
| **ആകെ** | **204028** | **28159** |

നമ്മുടെ പരമ്പരാഗത സ്രോതസ്സുകളായ കിണറുകൾ, കുളങ്ങൾ, തോടുകൾ മറ്റു ജലാശയങ്ങൾ എന്നിവ ഭൂരിഭാഗവും മദ്ധ്യ വേനൽ ആകുന്നതോടെ വറ്റി വരളുകയും രൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവപ്പെടുകയും ചെയ്യുന്നു. കൂടാതെ കുടിവെള്ളത്തിൽ മാലിന്യം കലരുന്നതു മൂലമുണ്ടാകുന്ന ജലജന്യ രോഗങ്ങളും വലിയ ഭീഷണിയാകുന്നു. മാത്രമല്ല വേനൽ രൂക്ഷമാകുന്നതോടെ കുടിവെള്ളത്തിന്റെ ദുരുപയോഗവും കൂടുന്നു. മഴക്കാലത്ത് പെയ്തിറങ്ങുന്ന വെള്ളം അവിടെത്തന്നെ താഴ്ന്ന് ഭൗമോപരിതലത്തിലെ ജല സമ്പത്ത് അന്ന് സമൃദ്ധമായിരുന്നു. എന്നാൽ ഇന്ന് കൃഷി ഭൂമി കിളക്കാറില്ല. ഇക്കാരണങ്ങളാൽ പെയ്തിറങ്ങുന്ന വെള്ളം അപ്പാടെ തോടുകളിലൂടെയും നദികളിലൂടെയും ഒഴുകി കായലിൽ ചെന്നു ചേരുന്നു. പുഴകളിലും തോടുകളിലും അടിയണകളും തടയണകളും നിർമ്മിച്ച് മഴക്കാലത്തുണ്ടാകുന്ന വെള്ളം കെട്ടി നിർത്തി ഉപയോഗിച്ചാൽ കുടിവെള്ള സ്രോതസ്സുകൾ വറ്റാതിരിക്കും. നിലവിലുള്ള കുളങ്ങളും തടാകങ്ങളും മറ്റു വെള്ളക്കെട്ടുകളും പരിപാലിക്കുക, കിണറുകളും കുളങ്ങളും ഇനിയും ഉണ്ടാക്കുക, നിലം നികത്താതിരിക്കുക, നെൽപ്പാടങ്ങൾ തരിശിടാതിരിക്കുക എന്നീ പ്രവൃത്തികൾ ജല സ്രോതസ്സുകളെ നിലനിർത്തുവാൻ ആവശ്യം സ്വീകരിക്കേണ്ട നടപടികളാണ്. ശുദ്ധ ജലലഭ്യത കുറഞ്ഞ തീരപ്രദേശത്തും ഉയർന്ന പ്രദേശങ്ങളിലും സ്വീകരിക്കാവുന്ന പദ്ധതിയാണ് മഴവെള്ള ശേഖരണം. കെട്ടിടങ്ങളുടെ മുകളിൽ പെയ്യുന്ന മഴവെള്ളം പ്രത്യേക സംവിധാനം വഴി സംഭരണികളിൽ ശേഖരിച്ച് കുളിക്കുന്നതിനും മറ്റാവശ്യങ്ങൾക്കുമായി ഉപയോഗിക്കുകയും ശുദ്ധീകരിച്ച് കുടിക്കുന്നതിനുമായി ഉപയോഗിക്കുകയും ചെയ്യാം.

## കാഴ്ചപ്പാട്

ജല അതോറിറ്റിയുടെ ചെറുതും വലുതുമായ ശുദ്ധീകരണ ശാലയോടുകൂടിയ 12 പദ്ധതികളും ശുദ്ധീകരണശാല ഇല്ലാതെ പ്രവർത്തിക്കുന്ന 35 പദ്ധതികളും ജില്ലയിലുണ്ട്. ഇവയിലെല്ലാമായി 262 ദശലക്ഷം ഉൽപ്പാദനശേഷിയുണ്ട്. ശരാശരി ഉത്പാദനം ഇപ്പോൾ 210 ദശലക്ഷം ലിറ്റർ ആകുന്നു. വ്യവസായിക വാണിജ്യ ആവശ്യങ്ങൾ കൂടി പരിഗണിക്കുമ്പോൾ ഇതു കുറവാണെന്ന് കാണാം. ജില്ലയിലെ 2207558 ജനസംഖ്യയിൽ 1470367 ജനങ്ങൾക്ക് 204028 ഗാർഹിക കണക്ഷനുകളിലൂടെയും, 28159 പൊതുടാപ്പുകൾ മുഖേനയും ശുദ്ധ ജലം നൽകി വരുന്നു. ഇത് ഏകദേശം 67% വരും. ബാക്കി വരുന്ന 33% പേർക്ക് കൂടി കുടിവെള്ളം എത്തിക്കുന്നതിനായി പുതിയ ശുദ്ധജല വിതരണപദ്ധതികൾ നടപ്പിലാക്കുകയും വിതരണ ശൃംഖല വിപുലീകരിക്കുകയും ചെയ്യേണ്ടതാണ്.

### ചേർത്തല താലൂക്ക്

ചേർത്തല താലൂക്കിലെ 18 പഞ്ചായത്തുകൾക്കും ചേർത്തല മുനിസിപ്പാലിറ്റിക്കും വേണ്ടി ജപ്പാൻ സഹായത്തോടെ നടപ്പിലാക്കിയിട്ടുള്ളതാണ് ജപ്പാൻ കുടിവെള്ള പദ്ധതി. ടി പദ്ധതിയുടെ ഭാഗമായി തൈക്കാട്ടുശ്ശേരിയിൽ സ്ഥാപിച്ചിട്ടുള്ള ജല ശുദ്ധീകരണ ശാലയിൽ പ്രതിദിനം 107 ദശലക്ഷം ലിറ്റർ ഉത്പ്പാദനശേഷി ഉണ്ടെങ്കിലും നിലവിൽ ഏകദേശം 55 ദശലക്ഷം ലിറ്റർ മാത്രമേ ഉത്പ്പാദിപ്പിക്കുന്നുള്ളൂ. ഈ പദ്ധതിയുടെ സ്രോതസ്സ് മൂവാറ്റുപ്പുഴയാറാണ്. ഈ പദ്ധതി ഏതാണ്ട് പൂർണ്ണമായും ചേർത്തല താലൂക്കിലെ ജനങ്ങൾക്ക് പ്രയോജനപ്പെടുന്നു. 03.01.2012ൽ കമ്മീഷൻ ചെയ്ത ഈ പദ്ധതിയുടെ പൂർണ്ണ ഉത്പ്പാദനശേഷി ഉറപ്പുവരുത്തുന്നതിനുള്ള പ്രവൃത്തികൾ നടന്നു വരുന്നു.


നിലവിൽ ചേർത്തല താലൂക്കിൽ ഉള്ള 562823 ജനസംഖ്യയിൽ 448814 പേർക്ക് 71703 ഗാർഹിക കണക്ഷനിലൂടെയും 5046 പൊതു ടാപ്പുകൾ മുഖേനയും ശുദ്ധ ജലം എത്തിക്കുന്നതിന് ഈ പദ്ധതി കൊണ്ട് സാധിച്ചിട്ടുണ്ട്. ഇത് ഏകദേശം 80% വരും. 100% പേർക്കും ശുദ്ധജലം ലഭ്യമാക്കുന്നതിന് നിലവിലെ വിതരണ ശൃംഖല വിപുലീകരിക്കൽ മാത്രമാണ് ചേർത്തല

താലൂക്കിൽ നടപ്പിലാക്കേണ്ടത്. ആയതിന് ചേർത്തല മുനിസിപ്പാലിറ്റിയിൽ ഏകദേശം 50 കി.മീറ്ററും 18 പഞ്ചായത്തുകളിൽ ഓരോ പഞ്ചായത്തുകളിലും 5 കി.മീറ്റർ വീതവും പൈപ്പ് ലൈൻ ദീർഘിപ്പിക്കേണ്ടതാണ്. അതോടുകൂടി ചേർത്തല താലൂക്കിലെ കുടിവെള്ള ലഭ്യത പരിഹരിക്കേണ്ടതാണ്.

കാഴ്ചപ്പാട് :20% പേർക്ക് താലൂക്കിൽ കുടിവെള്ളം ലഭ്യമാക്കുക.

## പഞ്ചായത്ത് തലത്തിൽ വാട്ടർ അതോറിറ്റി പദ്ധതികളുടെ വ്യാപനം

### ചേർത്തല താലൂക്ക്



## അമ്പലപ്പുഴ താലൂക്ക്

അമ്പലപ്പുഴ താലൂക്കിലെ 8 പഞ്ചായത്തുകൾക്കും ആലപ്പുഴ മുനിസിപ്പാലിറ്റിക്കും വേണ്ടി UIDSSMT സഹായത്തോടെ നടപ്പിലാക്കിയിട്ടുള്ള ആലപ്പുഴ കുടിവെള്ള പദ്ധതിയുടെ പ്രതിദിന ഉത്പ്പാദനശേഷി 62 ദശലക്ഷം ലിറ്ററാണ്. ഇതിന്റെ ജലശുദ്ധീകരണ ശാല കരുമാടിയിലും സ്രോതസ്സ് പത്തനംതിട്ട ജില്ലയിലെ കടപ്ര പ്രദേശത്തെ പമ്പാനദിയാണ്.

നിലവിലുണ്ടായിരുന്ന കുഴൽ കിണറുകളുടെ പ്രവർത്തനം അവസാനിപ്പിച്ച് പൂർണ്ണതോതിൽ ആലപ്പുഴ കുടിവെള്ള പദ്ധതി പ്രയോജനപ്പെടുത്തുന്നതിന് കേരള വാട്ടർ അതോറിറ്റി നടപടികൾ സ്വീകരിച്ചുവരുന്നു.

ആലപ്പുഴ കുടിവെള്ള പദ്ധതി 06.05.2017 ൽ നിലവിൽ വന്നതിനുശേഷം ആലപ്പുഴ നഗരത്തിൽ കുടിവെള്ള ലഭ്യത കൂടിയിട്ടുണ്ട്. എങ്കിലും കുടിവെള്ള വിതരണം നിലവിലെ പൈപ്പ് ലൈനിലൂടെ തന്നെ ആയതിനാൽ പൈപ്പ് ലൈൻ ചോർച്ച, കുടിവെള്ളത്തിൽ കലക്കൽ, പൈപ്പ് ലൈനിൽ തടസ്സം തുടങ്ങിയവ നേരിടുന്നുണ്ട്. ഏകദേശം 50 വർഷം മുമ്പ് സ്ഥാപിച്ചിട്ടുള്ള ആലപ്പുഴയിലെ പഴയ ഏ.സി. പൈപ്പുകളിൽ പൈപ്പ് ലൈനിലെ മർദ്ദം മൂലം പൈപ്പ് പൊട്ടലുകൾ ആലപ്പുഴ നഗരത്തിൽ ഇപ്പോൾ സാധാരണയാണ്. താലൂക്കിലുള്ള 468070 ജനസംഖ്യയിൽ 421564 പേർക്ക് 55991 ഗാർഹിക കണക്ഷനിലൂടെയും 9335 പൊതുടാപ്പുകൾ മുഖേനയും ശുദ്ധജലം എത്തിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. ഇത് ഏകദേശം 90% വരും. പക്ഷെ പൈപ്പുകളുടെയും, ജലസംഭരണികളുടെയും കാലപ്പഴക്കം മൂലം നിലവിൽ 24 മണിക്കൂറും ശുദ്ധ ജല വിതരണം ചെയ്യുന്നതിന് സാധിക്കുന്നില്ല. ആലപ്പുഴ മുനിസിപ്പാലിറ്റിയിൽ 24 മണിക്കൂറും ശുദ്ധ ജലം ലഭിക്കുന്നതിനായി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. അതനുസരിച്ച് ആലപ്പുഴ മുനിസിപ്പൽ പ്രദേശം 9മേഖലകളായി തിരിച്ച് ടി മേഖലയ്ക്ക് ഓരോന്നിനും ഓരോ ഉന്നതതല ജല സംഭരണി നിർമ്മിക്കുകയും നിലവിലെ പഴകിയ മുഴുവൻ പൈപ്പ് ലൈനുകളും മാറ്റി പുതിയ വിതരണശൃംഖല സ്ഥാപിക്കുന്നതിനാണ് തീരുമാനം. ഇതിന്റെ ഭാഗമായി ടൂറിസം വികസനവും കൂടി ലക്ഷ്യമിട്ട് പ്രധാനപ്പെട്ട സ്ഥലങ്ങളിൽ വാട്ടർ കിയോസ്കുകൾ സ്ഥാപിക്കുക, 24 മണിക്കൂറും പൊതുജനങ്ങൾക്കു വേണ്ടി കസ്റ്റമർ കെയർ ഫെസിലിറ്റി നടപ്പിലാക്കുക, പദ്ധതി കമ്പ്യൂട്ടർ വത്ക്കരിക്കുക, സഞ്ചരിക്കുന്ന ഗുണനിലവാര പരിശോധനശാല സ്ഥാപിക്കുക തുടങ്ങിയവ ഇതിൽപ്പെടുന്നു. ഇതിന്റെ ആദ്യപടിയായി അമൃത് പദ്ധതിയിൽപ്പെടുത്തി ആലപ്പുഴ മുനിസിപ്പാലിറ്റിയിൽ കൊമ്മാടി, പഴവങ്ങാടി, തത്തംപ്പള്ളി, വലിയകുളം എന്നിവിടങ്ങളിൽ 4 ഉന്നതതല ജലസംഭരണികളും 300 കി.മീ പൈപ്പ് ലൈൻ സ്ഥാപിക്കുവാനും 6 വാട്ടർ കിയോസ്കുകൾ സ്ഥാപിക്കുന്നതിനും വേണ്ട അനുമതി ലഭിച്ചിട്ടുണ്ട്.


മാസ്റ്റർ പ്ലാൻ പ്രകാരമുള്ള ബാക്കി പ്രവൃത്തികളായ 5 ഉന്നതതലജലസംഭരണികൾ ചാത്തനാട്, ചുടുകാട്, വഴിച്ചേരി, ചന്ദനക്കാവ്, വടികാട് എന്നിവിടങ്ങളിൽ സ്ഥാപിക്കുന്നതിനും ഏകദേശം 450 കി.മീറ്ററോളം പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തികളും നടപ്പിലാക്കേണ്ടതാണ്.

താലൂക്കിൽപ്പെട്ട 8 പഞ്ചായത്തുകൾക്കും ശുദ്ധ ജലം ഉറപ്പുവരുത്തുന്നതിന് ത്വരിത ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതിയിൽപ്പെടുത്തിയുള്ള (ARP) പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

കാഴ്ചപ്പാട് :10% പേർക്ക് താലൂക്കിൽ കുടിവെള്ളം ലഭ്യമാക്കുക.

## പഞ്ചായത്ത് തലത്തിൽ വാട്ടർ അതോറിറ്റി പദ്ധതികളുടെ വ്യാപനം

### അമ്പലപ്പുഴ താലൂക്ക്




### കാർത്തികപ്പള്ളി താലൂക്ക്

താലൂക്കിലെ കായംകുളം മുനിസിപ്പാലിറ്റിക്കും ആറാട്ടുപ്പുഴ പഞ്ചായത്തിനും വേണ്ടി സുനാമി പുനരധിവാസ പദ്ധതിയിൽപ്പെടുത്തി സ്ഥാപിച്ചിട്ടുള്ള 12 ദശലക്ഷം ലിറ്റർ ശേഷിയുള്ള ജലശുദ്ധീകരണ ശാലയും അനുബന്ധ പ്രവൃത്തികളും കമ്മീഷന് ചെയ്തിട്ടുണ്ട്. കൂടാതെ ചെറുകിട കുഴൽ കിണർ/ഉറന്ന കിണർ പദ്ധതികളും ടി താലൂക്കിൽ നിലവിലുണ്ട്.


ഹരിപ്പാട് മുനിസിപ്പാലിറ്റിക്കും 10 പഞ്ചായത്തുകൾക്കും വേണ്ടി പ്രവർത്തനം തുടങ്ങിയിട്ടുള്ള ഹരിപ്പാട് കുടിവെള്ള പദ്ധതി പ്രതിദിനം 52 ദശലക്ഷം ലിറ്റർ ശേഷിയുള്ളതാണ്. ഇതിന്റെ ശുദ്ധീകരണ ശാലയുടെ പ്രവൃത്തികൾ പള്ളിപ്പാട് പഞ്ചായത്തിൽ നടന്നുവരുന്നു. സ്രോതസ്സ് പമ്പാനദിയാണ്. മറ്റ അനുബന്ധ പ്രവൃത്തികൾക്കുള്ള ടെൻഡർ നടപടികൾ പ്രാരംഭ ഘട്ടത്തിലാണ്.

നിലവിലെ പദ്ധതികളിൽ നിന്നായി താലൂക്കിലെ 409891 ജനസംഖ്യ ഉള്ളതിൽ 277885 പേർക്ക് 39214 ഗാർഹിക കണക്ഷനിലൂടെയും 6525 പൊതുടാപ്പുകൾ മുഖേനയും ശുദ്ധ ജലം നൽകി വരുന്നു. ഇത് ഏകദേശം 68 % ഓളം വരും. 100% ജനങ്ങൾക്കും കുടിവെള്ളം എത്തിക്കുന്നതിനായി കായംകുളം പദ്ധതിയുടെ വിപുലീകരണവും ശുദ്ധജല പദ്ധതി ഇല്ലാത്ത കണ്ടല്ലൂർ, ദേവികുളങ്ങര പഞ്ചായത്തുകൾക്കായി ഒരു പദ്ധതിയും ആവിഷ്കരിച്ച് നടപ്പാക്കേണ്ടതായിട്ടുണ്ട്.

കാഴ്ചപ്പാട് :32% പേർക്ക് താലൂക്കിൽ കുടിവെള്ളം ലഭ്യമാക്കുക.

## പഞ്ചായത്ത് തലത്തിൽ വാട്ടർ അതോറിറ്റി പദ്ധതികളുടെ വ്യാപനം

### കാർത്തികപ്പള്ളി താലൂക്ക്




### മാവേലിക്കര താലൂക്ക്

മാവേലിക്കര മുനിസിപ്പാലിറ്റിക്കും തഴക്കര ചെട്ടിക്കുളങ്ങര എന്നീ പഞ്ചായത്തുകളിലെ ചില പ്രദേശങ്ങൾക്കും വേണ്ടി 4.5 ദശലക്ഷം ലിറ്റർ ശേഷിയുള്ള ഒരു ശുദ്ധജല വിതരണ പദ്ധതി നിലവിലുണ്ട്. ഇതിന്റെ സ്രോതസ്സ് അച്ചൻ കോവിലാറാണ്. അതോടൊപ്പം ഭരണിക്കാവിനും സമീപ ഗ്രാമങ്ങൾക്കും വേണ്ടി 10 ദശലക്ഷം ലിറ്റർ ശേഷിയുള്ള ഒരു പദ്ധതി കമ്മീഷൻ ചെയ്തിട്ടുണ്ട്. ചുനക്കര, നൂറനാട് പഞ്ചായത്തുകൾക്കുവേണ്ടി ഒരു ത്വരിത ഗ്രാമീണ ജല വിതരണ പദ്ധതി നിലവിലുണ്ട്. പാലമേൽ, താമരക്കുളം എന്നീ പഞ്ചായത്തുകൾക്കായുള്ള കുടിവെള്ള പദ്ധതികളുടെ പ്രവർത്തനങ്ങളും നടന്നുവരുന്നു. ഈ പദ്ധതികൾ കൂടാതെ ചെറുകിട കുഴൽ കിണർ/തുറന്ന കിണർ പദ്ധതികളും ടി താലൂക്കിൽ നിലവിലുണ്ട്.


താലൂക്കിലെ 345751 ജനസംഖ്യയുള്ളതിൽ 136706 പേർക്ക് 12012 ഗാർഹിക കണക്ഷനിലൂടെയും 3306 പൊതു ടാപ്പുകളിലൂടെയും ശുദ്ധജലം ലഭ്യമാക്കി വരുന്നു. ഇത് ഏകദേശം 40% ഓളം വരും. താലൂക്കിലെ 100% ജനങ്ങൾക്കും ശുദ്ധജലം എത്തിക്കുന്നതിനായി മാവേലിക്കര മുനസിപ്പാലിറ്റിക്കും, തഴക്കര, ചെട്ടികുളങ്ങര, തെക്കേക്കര തുടങ്ങിയ

പഞ്ചായത്തുകൾക്കുമായി ഒരു ബൃഹത്തായ കുടിവെള്ള പദ്ധതി ആവിഷ്കരിക്കേണ്ടതുണ്ട്. കൂടാതെ നൂറനാട്, ചുനക്കര പഞ്ചായത്തുകളിൽ കാലപ്പഴക്കം ചെന്ന എ.സി പൈപ്പുകൾ മാറ്റി അനുയോജ്യമായ പൈപ്പുകൾ സ്ഥാപിച്ച് ശുദ്ധജല വിതരണം കാര്യക്ഷമമാക്കേണ്ടതുണ്ട്. താലൂക്കിലെ എല്ലാ പഞ്ചായത്തുകൾക്കുമായി 200 കി.മീ ഓളം പൈപ്പ് ലൈൻ ദീർഘിപ്പിച്ച് കുടിവെള്ള വിതരണം കൂടുതൽ സ്ഥലങ്ങളിൽ വ്യാപിപ്പിക്കേണ്ടതായിട്ടുണ്ട്.

കാഴ്ചപ്പാട് :60% പേർക്ക് താലൂക്കിൽ കുടിവെള്ളം ലഭ്യമാക്കുക.

### പഞ്ചായത്ത് തലത്തിൽ വാട്ടർ അതോറിറ്റി പദ്ധതികളുടെ വ്യാപനം

#### മാവേലിക്കര താലൂക്ക്




#### ചെങ്ങന്നൂർ താലൂക്ക്


ചെങ്ങന്നൂർ താലൂക്കിൽ ചെങ്ങന്നൂർ മുനിസിപ്പാലിറ്റിക്കുവേണ്ടി പഴയതും പുതിയതുമായി 5 ദശലക്ഷം ലിറ്റർ ശേഷിയുള്ള ഒരു ശുദ്ധീകരണ ശാല പമ്പാനദി സ്രോതസ്സായി പ്രവർത്തിക്കുന്നു. ചെങ്ങന്നൂർ താലൂക്കിൽ പാണ്ടനാടും ചെറിയനാടും, ചെറുകിട ജലവിതരണ പദ്ധതികൾ നിലവിലുണ്ട്. മുളക്കുഴ, ആല, ബുധനൂർ, പുലിയൂർ എന്നീ പഞ്ചായത്തുകളിൽ നിലവിൽ ജല അതോറിറ്റിയുടെ കുടിവെള്ള പദ്ധതികളൊന്നും തന്നെ നിലവിലില്ല. ഇവിടെ കുളങ്ങളെയും കിണറുകളെയുമാണ് കുടിവെള്ളത്തിനായി ജനങ്ങൾ ആശ്രയിക്കുന്നത്.

താലൂക്കിലെ 174650 ജനസംഖ്യയുള്ളതിൽ 35754 പേർക്ക് 4573 ഗാർഹിക കണക്ഷനിലൂടെയും 607 പൊതു ടാപ്പുകളിലൂടെയും ശുദ്ധ ജലം ലഭ്യമാക്കുന്നുണ്ട്. ഇത് ഏകദേശം 21% മാത്രമാണ്. താലൂക്കിലെ ആല, പുലിയൂർ, ബുധനൂർ, പാണ്ടനാട് എന്നീ പഞ്ചായത്തുകൾക്കായി ത്വരിത ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതിക്ക് അനുമതി ലഭിച്ചിട്ടുണ്ട്. ഇത് എത്രയും പെട്ടെന്ന് നടപ്പിലാക്കണം. മുളക്കുഴ, വെൺമണി എന്നീ പഞ്ചായത്തുകൾക്കായി മറ്റൊരു പദ്ധതിയും ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതുണ്ട്.

കാഴ്ചപ്പാട് :79% പേർക്ക് താലൂക്കിൽ കുടിവെള്ളം ലഭ്യമാക്കുക.

**പഞ്ചായത്ത് തലത്തിൽ വാട്ടർ അതോറിറ്റി പദ്ധതികളുടെ വ്യാപനം**

## ചെങ്ങന്നൂർ താലൂക്ക്




## കുട്ടനാട് താലൂക്ക്


കുട്ടനാട് ജലവിതരണ പദ്ധതിയുടെ സ്രോതസ്സ് പമ്പയിലെ നീരേറ്റുപുറം ഭാഗത്താണ്. ഇവിടെ സ്ഥിതി ചെയ്യുന്ന ജല ശുദ്ധീകരണ ശാലയ്ക്ക് പ്രതിദിനം 14 ദശലക്ഷം ലിറ്റർ ശേഷിയുണ്ട്. മുട്ടാർ, തലവടി, എടത്വ, രാമങ്കരി, ചമ്പക്കുളം, പുളിംങ്കുന്ന് തുടങ്ങിയ പഞ്ചായത്തുകൾ ടി പദ്ധതിയുടെ ഗുണഭോക്താക്കളാണ്. കൂടാതെ തിരുവല്ലയിൽ നിന്നും പ്രതിദിനം 3 ദശലക്ഷം ലിറ്റർ കുടിവെള്ളം കിടങ്ങറയിൽ സ്ഥാപിച്ചിട്ടുള്ള ഉപരിതല സംഭരണിയിൽ ശേഖരിച്ച് വെളിയനാട് പഞ്ചായത്തിനായി വിതരണം നടത്തി വരുന്നു. താലൂക്കിലെ മറ്റു പഞ്ചായത്തുകളിൽ കുഴൽ കിണർ വഴിയുള്ള കുടിവെള്ള വിതരണമാണ് നടത്തുന്നത്.

താലൂക്കിൽ 246373 ജനസംഖ്യയുള്ളതിൽ 174081 ജനങ്ങൾക്ക് 20535 ഗാർഹിക കണക്ഷനിലൂടെയും 3340 പൊതുടാപ്പുകളിലൂടെയും ശുദ്ധ ജലം നൽകി വരുന്നു. ഇത് ഏകദേശം 71% ആണ്. കുട്ടനാട് താലൂക്കിനായുള്ള 21 എം.എൽ.ഡിയുടെ സമഗ്ര കുടിവെള്ള പദ്ധതിക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ആയത് നടപ്പിലാക്കുന്നതോടെ 100% കുടിവെള്ള വിതരണം ടി താലൂക്കിൽ ലഭ്യമാകും. അതോടൊപ്പം ഏകദേശം 100 കി.മീ പൈപ്പ് ലൈൻ ദീർഘിപ്പിക്കലും നടപ്പിലാക്കേണ്ടതായിട്ടുണ്ട്.

കാഴ്ചപ്പാട് :29% പേർക്ക് താലൂക്കിൽ കുടിവെള്ളം ലഭ്യമാക്കുക.

**പഞ്ചായത്ത് തലത്തിൽ വാട്ടർ അതോറിറ്റി പദ്ധതികളുടെ വ്യാപനം**

**കുട്ടനാട് താലൂക്ക്**




വേനൽ കാലത്ത് കുടിവെള്ള ക്ഷാമം രൂക്ഷമായ ജില്ലയുടെ താഴെപ്പറയുന്ന സ്ഥലങ്ങളിൽ ടാങ്കർലോറി മുഖേന റവന്യൂ വകുപ്പിന്റെ സഹായത്തോടെ കുടിവെള്ളം വിതരണം ചെയ്യുന്നു.

- പള്ളിപ്പാട് 3 മുതൽ 9 വരെ വാർഡുകളിൽ
- മുതുകുളം 5 മുതൽ 11 വരെയുള്ള വാർഡുകൾ (മുരിങ്ങച്ചിറ)
- കാർത്തികപ്പള്ളി പഞ്ചായത്തിൽ വലിയകുളങ്ങര- മഹാദേവികാട് പ്രദേശങ്ങൾ (5, 6, 7, 8 വാർഡുകൾ)
- കുമാരപുരം പഞ്ചായത്തിലെ എരിക്കാവ്

- തുക്കുന്നപ്പുഴ പഞ്ചായത്തിലെ പല്ലന, പാന്തർ ഭാഗങ്ങൾ
- ചെറുതന പഞ്ചായത്തിൽ 1, 2, 3 വാർഡുകൾ
- പത്തിയൂർ കിഴക്കൻ പ്രദേശങ്ങൾ
- കരുവാറ്റ പഞ്ചായത്തിലെ പടിഞ്ഞാറൻ പ്രദേശങ്ങൾ (9 മുതൽ 14 വരെയുള്ള വാർഡുകൾ)
- തഴക്കര പഞ്ചായത്തിലെ അറുന്നൂറ്റി മംഗലം, ഇറവങ്കര,തഴക്കര, കുന്നം, വെട്ടിയാർ.
- താമരക്കുളം, നൂറനാട്, ഭരണിക്കാവ്, ചുനക്കര, തെക്കേക്കര, ചെന്നിത്തല, വള്ളിക്കുന്നം,ചെട്ടികുളങ്ങര പഞ്ചായത്തുകൾ
- ചെങ്ങന്നൂർ മുനിസിപ്പാലിറ്റിയിലെ പാണ്ടവൻ പാറ, നൂറ്റവൻപാറ, പുലിക്കുന്ന്, മംഗലംകുറ്റിയിൽ,കപ്പിമല, ഐറ്റി.സിയ്ക്ക് സമീപം.
- ചെറിയനാട് പഞ്ചായത്തിലെ അയോദ്ധ്യപ്പടി, കൊല്ലക്കടവ്, മുസ്ലീം പള്ളിക്ക് സമീപം.
- കൈനകരി, കാവാലം, വെളിയനാട്, തെക്കൻ തലവടി, ചമ്പക്കുളം, രാമങ്കരിയുടെ ചില ഭാഗങ്ങൾ

## ജല അതോറിറ്റിയുടെ ടാങ്കർ ഫില്ലിംഗ് സ്റ്റേഷനുകൾ ക്രമീകരിച്ചിരിക്കുന്ന സ്ഥലങ്ങൾ

- തൈക്കാട്ടുശ്ശേരി ശുദ്ധീകരണ ശാല
- മുഹമ്മ ഉന്നതതല ജലസംഭരണി
- വഴിച്ചേരി പമ്പ് ഹൗസ്, ആലപ്പുഴ
- പുളിക്കീഴ് പമ്പ് ഹൗസ് കാർത്തികപ്പള്ളി
- പണ്ടാര ചിറ പമ്പ് ഹൗസ്, കാർത്തികപ്പള്ളി
- ഫിഷറീസ് കോമ്പൗണ്ട്, തുക്കുന്നപ്പുഴ
- തുപ്പക്കുടം, ഹരിപ്പാട്
- ചെറിയനാട് പമ്പ് ഹൗസ്
- പ്രായിക്കര ശുദ്ധീകരണ ശാല
- നീരേറ്റുപുറം ശുദ്ധീകരണ ശാല
- തിരുവല്ല ശുദ്ധീകരണ ശാല

| | നിലവിലെ ശുദ്ധ ജല ആവശ്യം | പ്രതിശീർഷ ഉപഭോഗം |
|---|---|---|
| 1. | ഗ്രാമീണ മേഖലയിലെ ജനങ്ങൾക്കാവശ്യമായത് @ 100 lpcd | 184.02 |
| 2. | നഗര പ്രദേശങ്ങളിലെ ജനങ്ങൾക്കാവശ്യമായത് @ 250 lpcd | 91.84 |
| | **ആകെ** | **275.86** |
| 3. | സ്ഥാപനങ്ങൾക്കും വ്യവസായങ്ങൾക്കും ആവശ്യമായത് @ 10% | 59.00 |
| 4. | അഗ്നിശമനത്തിന് ആവശ്യമായത് @ 10% | 59.00 |
| 5. | മൃഗ പരിപാലനത്തിന് ആവശ്യമായത് @ 4.5% | 12.41 |
| 6. | ഫ്ലോട്ടിംഗ് പോപ്പുലേഷൻ | 3.31 |
| 7. | വേയ്സ്റ്റേജ് @ 20% | 55.17 |
| | **ആകെ** | **402.00** |

**നിലവിലുള്ളതും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതുമായ ശുദ്ധ ജലവിതരണ പദ്ധതികളുടെ വിതരണ ശേഷിയുടെ (M LD) അടിസ്ഥാനത്തിലുള്ള വിലയിരുത്തൽ**

| | വിതരണം (MLD) |
|---|---|
| നിലവിലുള്ള പദ്ധതികൾ | 210.27 |
| നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ | 112.00 |
| ആകെ | 322.27 |
| നിലവിലുള്ള ആവശ്യം | 402.00 |
| **ഇനി ആവശ്യം വേണ്ടത്** | **80.73** |

## നിർദ്ദേശങ്ങൾ

**മേൽത്തട്ട്**

- സമയ ബന്ധിതമായി പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് ആവശ്യമായ ഭരണാനുമതി നൽകുക.
- ഭരണാനുമതി ലഭ്യമായ പ്രവൃത്തികൾക്ക് സാമ്പത്തിക സ്രോതസ്സ് ഉറപ്പു വരുത്തുക.
- ജല സ്രോതസ്സുകൾ മലിനമാക്കുന്നവർക്ക് ശിക്ഷ ഏർപ്പെടുത്തുക. (ഫൈൻ /കൂടിയ നികുതി നിരക്കുകൾ മുതലായവ)
- പൊതു ജലസ്രോതസ്സുകളായ നദികളുടെ സംരക്ഷണം ഏറ്റെടുക്കുക.
- ആലപ്പുഴ ജില്ലയിലെ വൻകിട ശുദ്ധജല വിതരണ പദ്ധതികൾ എല്ലാം തന്നെ മറ്റ് ജില്ലകളിലെ നദീ സ്രോതസ്സുകളെ ആശ്രയിച്ചിട്ടുള്ളതാണ്. പ്രകൃതിക്ഷോഭം, വൈദ്യുതി തടസ്സം, പ്രാദേശികവാദം തുടങ്ങിയ ഒട്ടനവധി കാരണങ്ങൾ കൊണ്ട് ഈ പദ്ധതിയുടെ പ്രവർത്തനം അപ്രതീക്ഷിതമായി മുടങ്ങിയേക്കാം. ഇതിനൊരു പരിഹാരമായി കടൽവെള്ളം ശുദ്ധീകരിച്ച് ഉപയോഗിക്കാവുന്ന സൂര്യപ്രകാശം കൊണ്ട് പ്രവർത്തിക്കുന്ന ചെറിയ പ്ലാന്റുകൾ ജില്ലയുടെ തീരപ്രദേശമായ തുക്കുന്നപ്പുഴ, ആലപ്പുഴ, അന്ധകാരനഴി എന്നീ സ്ഥലങ്ങളിൽ സ്ഥാപിക്കുക
- കനാലുകൾ, ഇടത്തോടുകൾ എന്നിവയുടെ നവീകരണവും, സംരക്ഷണവും, പരിപാലനവും ഏറ്റെടുക്കുക.
- അടിയന്തിര ഘട്ടങ്ങളിൽ ജല ഉപയോഗം കുറയ്ക്കാവുന്ന രീതികൾ ജനങ്ങൾക്ക് മനസ്സിലാക്കി കൊടുക്കുവാനുള്ള ബോധവത്ക്കരണ പരിപാടികൾ Disaster Management Unit-ന്റെ കീഴിൽ സംഘടിപ്പിക്കുക.
- വിവിധ ഡിപ്പാർട്ട്മെന്റുകളുടെ ഏകോപനം സാധ്യമാക്കുന്ന നടപടികൾ സ്വീകരിക്കുക.
- നദികളിൽ തടയണകളും, അടിയണകളും നിർമ്മിക്കുക.
- പുഴകളിലെ മണൽവാരൽ കർശനമായി നിയന്ത്രിക്കുക.
- ജലസാക്ഷരത പരിപാടി വ്യാപകമായി നടപ്പിലാക്കുക.
- പുതിയ റോഡുകളോ, നിലവിലുള്ള റോഡുകൾ വീതികൂട്ടുമ്പോഴോ വാട്ടർ അതോറിറ്റിക്ക് പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് ആവശ്യമായ സ്ഥലം പ്രത്യേകമായി അനുവദിക്കുക. (ഉദാഹരണം ഇപ്പോൾ ഫുട്പാത്തും, ഡ്രൈനും കൊടുക്കുന്നത് പോലെ)
- കുടിവെള്ള പദ്ധതികളുടെ വൈദ്യുത നിരക്ക് ഈടാക്കുന്നത് വ്യാവസായിക നിരക്കിൽ നിന്നും ഗാർഹിക/ഗാർഹികേതര നിരക്കിലേയ്ക്ക് മാറ്റുക.
- ഉപയോഗശൂന്യമായ കിണറുകൾ ശുചിയാക്കി ജല ഉപയോഗം പ്രോത്സാഹിപ്പിക്കുക.

**കീഴ്ത്തട്ട്**

- ജലസ്രോതസ്സുകൾ സംരക്ഷിക്കേണ്ട ആവശ്യകതയെ കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കണം.
- സ്കൂളുകൾ കേന്ദ്രീകരിച്ച് ക്ലാസ്സുകൾ സംഘടിപ്പിക്കുക.
- സ്വയം സഹായ സംഘങ്ങൾ /അയൽക്കൂട്ടങ്ങൾ /പഞ്ചായത്ത് വാർഡുതല കമ്മിറ്റികൾ എന്നിവ മുഖാന്തിരം ക്ലാസ്സുകൾ സംഘടിപ്പിക്കുക.
- സ്വന്തം പുരയിടത്തിലെ കിണറുകളും കുളങ്ങളും നന്നായി സംരക്ഷിക്കുന്ന ഓരോ പഞ്ചായത്ത് വാർഡുകളിലേയ്ക്ക് കുടുംബങ്ങൾക്ക് സർട്ടിഫിക്കറ്റ് വിതരണം ചെയ്യുക.
- പൊതു ജലസ്രോതസ്സുകളുടെ സംരക്ഷണം ഏറ്റെടുക്കുന്ന സന്നദ്ധ സംഘടനങ്ങൾക്ക് അവാർഡുകൾ ഏർപ്പെടുത്തുക.
- ലോക ജലദിനത്തോടനുബന്ധിച്ച് ജലശുദ്ധതാ മത്സരങ്ങൾ സംഘടിപ്പിക്കുക.
- ജലസ്രോതസ്സുകൾ മലിനമാക്കുന്നവർക്ക് ശിക്ഷ ഏർപ്പെടുത്തുക. (ഫൈൻ / കൂടിയ നികുതി നിരക്കുകൾ)
- ജില്ലയിൽ പുതുതായി സ്ഥാപിക്കുന്ന ഹോട്ടലുകൾ/ ഹോസ്പിറ്റലുകൾ, ഹോസ്റ്റൽ എന്നിവയ്ക്ക് അനുമതി നൽകുവാൻ ഗ്രേ വാട്ടർ റീസൈക്ലിംഗ് സിസ്റ്റം (Grey Water Re-Cycling System) നിർബന്ധമാക്കണം.
- കുട്ടനാട്ടിലെ ഭൂപ്രകൃതിയും തരിശു നിലങ്ങളുടെ ലഭ്യതയും കണക്കിലെടുത്ത് പ്രകൃതിദത്തമായ കിണറോ/നിലങ്ങളോ ചെളികൊണ്ട് പാകപ്പെടുത്തി മഴവെള്ള സംഭരണികളായി ഉപയോഗിക്കാവുന്നതാണ്.
- മഴവെള്ളം മണ്ണിലേക്ക് ഊർന്ന് ഇറങ്ങി പാഴാകുന്നത് തടയാൻ LDPE ഷീറ്റുകൾ ഉപയോഗിച്ച് പ്രതിരോധം സൃഷ്ടിക്കാവുന്നതാണ്. ഇങ്ങനെ സംഭരിക്കുന്ന ജലം ചെറിയ മൺ ഫിൽട്ടറുകളോ, കരിനിറച്ച ഫിൽട്ടറുകളോ ഉപയോഗിച്ച് ശുദ്ധീകരിച്ച് ഉപയോഗിക്കാം.
- വൈദ്യുതി ആവശ്യമെങ്കിൽ സോളാർ പാനൽ സ്ഥാപിച്ച് പമ്പുകൾ പ്രവർത്തിക്കാം. ഇങ്ങനെ കുട്ടനാട്ടിലെ കുടിവെള്ള ക്ഷാമത്തിന് ഒരു പരിധിവരെ പരിഹാരം കാണാൻ സാധിക്കും.
- കുട്ടനാട്ടിലെ 12 പഞ്ചായത്തുകളിലും കാർത്തികപ്പള്ളി താലൂക്കിലെ ഒരു പഞ്ചായത്തിലും ഇത്തരം മഴവെള്ള സംഭരണികൾ പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ നിർമ്മിക്കേണ്ടതും ആയതിന്റെ പരിപാലനം ഗ്രാമസഭകളോ, അയൽക്കൂട്ടങ്ങളോ ഏറ്റെടുത്ത് നടത്തേണ്ടതുമാണ്.
- അത്യാവശ്യ ഘട്ടങ്ങളിൽ ഉപയോഗിക്കുവാൻ വേണ്ടി എല്ലാ പഞ്ചായത്തുകളിലും 10 ലക്ഷം ലിറ്റർ വീതം സംഭരണ ശേഷിയുള്ള ഭൂഗർഭ ടാങ്കുകൾ നിർമ്മിച്ച് ജലം ശേഖരിച്ച് വെയ്ക്കണം.
- കുട്ടനാട് റോഡുകളിൽ പൈപ്പ് ലൈനുകൾ സ്ഥാപിക്കുമ്പോൾ മണ്ണിന്റെ പ്രത്യേകത മൂലം ആവശ്യമായ കൺസോളിഡേഷൻ ഇല്ലാതാവുന്നതിനാൽ അഗ്രിഗേറ്റ് കുഷനും,

ബെഡിംഗും നൽകുകയും ആവശ്യമായ ഭൂവസ്ത്രം അവയ്ക്ക് ചുറ്റും നൽകുകയും ചെയ്യുന്ന രീതി.

- റോഡ് കട്ട് ചെയ്യേണ്ടിവരുമ്പോൾ അനുവർത്തിക്കേണ്ട രീതികൾ എന്നിവ പരസ്പരം സമ്മതിച്ച് അതനുസരിച്ച് മാത്രമെ നിർമ്മാണം നടത്താൻ പാടുള്ളൂ.
- ജല അതോറിറ്റി പൈപ്പുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന റോഡുകളിൽ പ്രസ്തുത പണി തീർത്തതിനു ശേഷം മാത്രമെ മരാമത്ത് ടാറിംഗ് ജോലികൾ ചെയ്യുവാൻ പാടുള്ളൂ.
- നിലവിലുള്ള കിണറുകളും കുളങ്ങളും തോടുകളും പരിപാലിക്കുക
- പറമ്പുകളിൽ പരമാവധി മഴക്കുഴികളും കോണ്ടൂർ ബണ്ടുകളും നിർമ്മിക്കുക
- മഴവെള്ള സംഭരണ മാർഗ്ഗങ്ങൾ അവലംബിക്കുക
- നഗരങ്ങളിൽ പുതിയ കെട്ടിടങ്ങളും വീടുകളും നിർമ്മിക്കുമ്പോൾ മഴവെള്ള സംഭരത്തിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുക
- തടയണകളും അടിയണകളും നിർമ്മിക്കുക
- നഗരങ്ങളിലെ ഹോട്ടലുകളിലും ആശുപത്രികളിലും ലോഡ്ജുകളിലും മറ്റും പൊതു വിതരണത്തിലൂടെ ലഭിക്കുന്ന ശുദ്ധജലത്തിന്റെ ഉപയോഗം കുടിക്കുന്നതിനും പാചകത്തിനും മാത്രമായി പരിമിതപ്പെടുത്തുകയും മറ്റാവശ്യങ്ങൾക്ക് വേണ്ടിവരുന്ന വെള്ളം അതതു സ്ഥാപനങ്ങൾ കണ്ടെത്തുകയും ചെയ്യുക. ഇതു കർശനമായി നിഷ്കർഷിക്കുക.
- ജലവിതരണ ശൃംഖലയിലെ കേടുപാടുകൾ ഉടൻ നന്നാക്കുന്നതിന് പ്രാദേശികമായി ജനപങ്കാളിത്തത്തോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ഉള്ള സംവിധാനം ഉണ്ടാക്കുക.
- ജലസ്രോതസ്സുകൾ മലിനമാകാതിരിക്കാനുള്ള നടപടികൾ സ്വീകരിക്കുക
- ശുദ്ധ ജലത്തിന്റെ ദുർവിനിയോഗവും അമിതോപയോഗവും നിയന്ത്രിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
- പുഴകളിലെ മണൽവാരൽ കർശനമായി നിയന്ത്രിക്കുക.
- ജലസാക്ഷരതാ പരിപാടി വ്യാപകമായി നടപ്പാക്കുക.
- ജില്ലയിലെ ശുദ്ധജല വിതരണ ശൃംഖലയുടെ മാപ്പ് തയ്യാറാക്കി എല്ലാ ജല അതോറിറ്റി ഓഫീസുകളിലും സ്വയംഭരണ സ്ഥാപനങ്ങളിലും സൂക്ഷിക്കുക.
- വ്യാവസായിക ആവശ്യത്തിന് എടുക്കുന്ന വെള്ളത്തിന്റെ അളവു പരിശോധിക്കുകയും സെസ്സ് ഏർപ്പെടുത്തുകയും ചെയ്യുക.
- ആലപ്പുഴ മുനിസിപ്പാലിറ്റിയിലേക്കും മറ്റു സ്ഥലങ്ങളിലേയ്ക്കും ആർ.ഒ.പ്ലാന്റുകളുടെ പ്രവർത്തനത്തിനായി സോളാർ എനർജി ഉപയോഗപ്പെടുത്തുക.
- ടൂറിസ്റ്റുകൾക്ക് കെ.എസ്.ആർ.ടി.സി, റെയിൽവേ സ്റ്റേഷൻ, ബോട്ട ജെട്ടി, പുന്നമട, പള്ളാത്തുരുത്തി തുടങ്ങിയ സ്ഥലങ്ങളിൽ ശുദ്ധജലം ലഭ്യമാക്കുന്നതിന് വാട്ടർ കിയോസ്കുകൾ സ്ഥാപിക്കുക.

- നിലവിലുള്ള കിണറുകളും തോടുകളും പരിപാലിക്കുന്നത് ഗ്രാമപഞ്ചായത്തുകളുടെ ചുമതലയായിരിക്കും. ഇവയുടെ എണ്ണം വാർഡ് അടിസ്ഥാനത്തിൽ കണക്കെടുത്ത് സൂക്ഷിക്കണം. കൂടാതെ സ്വകാര്യ വ്യക്തികൾക്ക് കുളങ്ങളും കിണറുകളും നികത്തുന്നതിനു അനുമതി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് മുൻകൂട്ടി വാങ്ങിക്കേണ്ടതും ഇപ്രകാരമുള്ള അനുമതി ബന്ധപ്പെട്ടവർ നിഷ്കർഷയോടെ മാത്രം നൽകേണ്ടതുമാണ്.
- മഴവെള്ള സംഭരണ പ്രവർത്തനങ്ങളും കോണ്ടൂർ ബണ്ട് നിർമ്മാണവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നിർവ്വഹിക്കേണ്ടതാകുന്നു.
- തടയണകളും അടിയണകളും നിർമ്മിക്കുകയും ഭൗമോപരിതല ജല പരിപാലനവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർവഹിക്കാൻ കഴിയും.
- ജല വിതരണ ശൃംഖലയുടെ മാപ്പ് ഉണ്ടാക്കുന്നതിനു വേണ്ട സഹായങ്ങൾ ജില്ലാ പഞ്ചായത്ത് ജല അതോറിറ്റിയുമായി ചേർന്ന് നിർവ്വഹിക്കണം.
- ശുദ്ധ ജലത്തിന്റെ ദുരുപയോഗവും അമിതോപയോഗവും തടയാനുള്ള നടപടികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിക്കണം.
- പുതിയ കുഴൽകിണറുകൾക്ക് അനുമതി നൽകുന്നത് പരിമിതപ്പെടുത്തുകയും പഞ്ചായത്തുതലത്തിൽ നിരീക്ഷിക്കുകയും വേണം.
- നിലവിലുള്ള കുഴൽകിണറുകളുടെ പ്രവർത്തനം നിരീക്ഷിച്ച് ദോഷം ചെയ്യുന്നുവെങ്കിൽ നിർത്തലാക്കുകയും അനുമതി നൽകുന്നതിനു പഞ്ചായത്തു തലത്തിൽ നിരീക്ഷണ സംവിധാനം ഏർപ്പെടുത്തുകയും വേണം.
- നിലവിലുണ്ടായിരുന്ന തോടുകളും നീർച്ചാലുകളും കയ്യേറ്റങ്ങൾ കണ്ട് പിടിച്ച് ഒഴിവാക്കി പുനരാവിഷ്കരിക്കേണ്ടതാകുന്നു. തോടുകളുടെ വീതി പല സ്ഥലങ്ങളിലും കുറഞ്ഞു വരുന്നത് ശ്രദ്ധയിൽപ്പെടുത്താൻ ജനങ്ങളുടെ സഹകരണം തേടേണ്ടതാണ്.
- കുടിവെള്ള സ്രോതസ്സുകൾ പരിരക്ഷിക്കപ്പെടേണ്ടതും ഗുണനിലവാരം നിലനിർത്തേണ്ടതുമാകുന്നു. ജല അതോറിറ്റിയുടെ കീഴിലുള്ള സ്രോതസ്സുകൾ സംരക്ഷിക്കപ്പെടുന്നതിനും മലിനീകരണ നിയന്ത്രണത്തിനും ജില്ലാ കമ്മിറ്റി രൂപീകരിക്കേണ്ടതും നിരീക്ഷിക്കേണ്ടതുമാകുന്നു.
- ജനസാന്ദ്രതയേറിയ മുനിസിപ്പാലിറ്റി പ്രദേശങ്ങൾ ഒഴികെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിൽ വരുന്ന സ്ഥലങ്ങളുടെ വിസ്തീർണ്ണം കണക്കാക്കി ഒരു വീടിനു ഒരു കിണർ എന്ന നിലയിലോ അഞ്ചു വിട്ടുകാർക്ക് ഒരു കിണർ എന്ന നിലയിലോ പരമാവധി കിണറുകൾ നിർമ്മിക്കുന്നതിനും പരമാവധി സ്ഥലം ഉള്ള ഇടങ്ങളിൽ കുളങ്ങൾ നിർമ്മിക്കുന്നതിനും വാർഡ് തലത്തിൽ നടപടികൾ എടുക്കേണ്ടതാകുന്നു.
- കുളങ്ങൾ കുളിക്കുന്നതിനും, മത്സ്യകൃഷിക്കും കൃഷി ആവശ്യങ്ങൾക്കും ഉപയോഗിക്കേണ്ടതാകുന്നു.
- അതുപോലെത്തന്നെ അഞ്ചു വീട്ടുകാരെ ഉൾപ്പെടുത്തി ശാസ്ത്രീയമായ രീതിയിലുള്ള സെപ്റ്റിക്ക് ടാങ്കുകൾ പൊതുവായി ഉണ്ടാക്കി കിണറുകൾ ദൂരപരിധിക്കുള്ളിൽ സ്ഥാപിച്ചാൽ കുടിവെള്ളം രോഗാണുക്കളാൽ (വിസർജ്ജന്യ രോഗാണുക്കൾ) മലിനമാകുന്നത് തടയാൻ കഴിയും.

- ജനസാന്ദ്രതയേറിയ ഗ്രാമ പ്രദേശങ്ങൾ ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ പൊതുവായുള്ള സെപ്റ്റിക് ടാങ്കുകളും മാലിന്യം ശേഖരിക്കുന്ന യൂണിറ്റുകളും ഒരു പൊതു സീവറേജ് പദ്ധതിയുടെ ഭാഗമാക്കണം.
- നിലവിൽ പൊതു റോഡുകളിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുവേണ്ട സാങ്കേതിക സഹായത്തിനു ഒരു കമ്മിറ്റി രൂപവത്ക്കരിച്ച് ത്വരിതഗതിയിൽ പ്രവർത്തനം കൊണ്ടുപോകുന്നതിനു ശ്രമിക്കണം.
- കൂടാതെ പുതിയ റോഡുകളോ, പുതിയ പദ്ധതികളോ ആവിഷ്കരിക്കുമ്പോഴും നിലവിലുള്ള റോഡുകൾ വീതി കൂട്ടുമ്പോഴും വാട്ടർ അതോറിറ്റിക്ക് പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനു വേണ്ട സ്ഥലം കൂടി പരിഗണിക്കേണ്ടതാണ് (ഉദാഹരണം ഇപ്പോൾ ഫുട്പാത്തും ഡ്രൈനും കൊടുക്കുന്നതുപൊലെ)
- ഇപ്പോൾ ചെയ്യുന്ന പദ്ധതികളിൽ കുടിവെള്ള വിതരണ പൈപ്പുകൾ സ്ഥാപിക്കുമ്പോൾ പി.ഡബ്ല്യു.ഡി ക്ക് ഡെപ്പോസിറ്റ് ചെയ്യാതെ ആ റോഡിൽ പുനരുദ്ധാരണം കൂടി ജല അതോറിറ്റിക്ക് അനുവദിക്കാവുന്നതാകുന്നു. വർക്കിന്റെ ഗുണനിലവാരം പി.ഡബ്ല്യു.ഡിക്ക് സൂപ്പർ വൈസ് ചെയ്യുന്നതിനും അതിന്റെ സൂപ്പർവൈസറി ചാർജ്ജ് പി.ഡബ്ല്യു.ഡിക്ക് അടക്കാവുന്നതുമായാൽ പൈപ്പ് ലൈൻ സ്ഥാപിച്ച് പുനരുദ്ധാരണവും കഴിഞ്ഞ് പി.ഡബ്ല്യു.ഡിക്ക് കൈമാറാൻ കഴിയുന്നതാകുന്നു.
- ആലപ്പുഴ മുനിസിപ്പാലിറ്റിയിൽ സേതുപാർവ്വതീ ഭായിയുടെ കാലത്ത് സ്ഥാപിച്ചിട്ടുള്ള 4 ഉന്നതതല ജല സംഭരണികൾ (പഴവങ്ങാടി, ചന്ദനക്കാവ്, വെള്ളക്കിണർ, കോൺവെന്റ് സ്ക്വയർ) പൈതൃകമായി നിലനിർത്തി കുടിവെള്ള വിതരണം ശക്തിപ്പെടുത്തുക.

ജില്ലയിലെ ശുദ്ധജല വിതരണ പദ്ധതികളും അനുബന്ധ പ്രവൃത്തികളും സമയബന്ധിതമായി പൂർത്തീകരിയ്ക്കുന്നതോടുകൂടി 2022 ആണ്ടോടെ 100% ജനങ്ങൾക്കും 24 മണിക്കൂറും ശുദ്ധജലം ഉറപ്പുവരുത്തുവാനും അതുവഴി ശുചിത്വവും, ആരോഗ്യവുമുള്ള ഒരു ജനസമൂഹത്തെ സൃഷ്ടിക്കുവാനും കഴിയും.

# ശുചിത്വം

കേരള സർക്കാർ ആവിഷ്കരിച്ചിരിക്കുന്ന നവകേരളം കർമ്മ പദ്ധതിയുടെ ഭാഗമായ ഹരിതകേരളം മിഷൻ ശുചിത്വ മാലിന്യസംസ്കരണ ഉപമിഷൻ, ജലസംരക്ഷണ ഉപമിഷൻ സുസ്ഥിര കൃഷി വികസന ഉപമിഷൻ എന്നിവയുടെ പ്രവർത്തനം ജില്ലാതലത്തിൽ വിജയപ്രദമായി നടപ്പിലാക്കുക എന്നതാണ് സുചിത്വത്തിനുള്ള ഉപസമിതി ജില്ലാപദ്ധതിയിലൂടെ ലക്ഷ്യംവയ്ക്കുന്നത്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഒരുക്കുമ്പോൾ തന്നെ കർക്കശമായ നിയമ നടപടികൾ സ്വീകരിക്കേണ്ടതും ആവശ്യമാണ്.

നിലവിൽ ജില്ലയിലെ വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ രൂപീകരിച്ചിട്ടുള്ള പദ്ധതികൾ മാലിന്യപരിപാലനത്തിൻ തികച്ചും പര്യാപ്തമല്ല. ഹരിതകേരളം മിഷന്റെ ആഭിമുഖ്യത്തിൽ 2017 ആഗസ്റ്റ് 6 മുതൽ 13 വരെ ജില്ലയിൽ നടത്തിയ മാലിന്യത്തിന്റെ അവസ്ഥാനിർണ്ണയ പഠനക്യാമ്പയിന്റെ ഭാഗമായി നമുക്ക് ലഭ്യമായ വിവരങ്ങളിൽ നിന്നുവേണം നാം ഈ രംഗത്ത് പുതിയ പദ്ധതികൾ ആവിഷ്കരിക്കേണ്ടതും നടപ്പാക്കേണ്ടതും. ലഭിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

### ഗാർഹിക മാലിന്യം അവസ്ഥാ നിർണ്ണയം – വിശദാംശങ്ങൾ

| ഇനം | ഗ്രാമപഞ്ചായത്ത് | നഗരസഭകൾ |
|---|---|---|
| സന്ദർശിച്ച വീടുകളുടെ എണ്ണം | 478651 | 87805 |
| കുടുംബാംഗങ്ങളുടെ എണ്ണം | 1762229 | 333895 |
| 3 സെന്റിൽ താഴെ ഭൂമിയുള്ളവർ | 67034 | 15532 |
| 3–10 സെന്റ് വരെ ഭൂമിയുള്ളവർ | 216341 | 41890 |
| 10 സെന്റിൽ കൂടുതൽ ഭൂമിയുള്ളവർ | 183240 | 20384 |

*(അവലംബം: ഫ്രീഡം ഫ്രം വേസ്റ്റ് കാമ്പയിൻ സർവ്വേ 2017)*

### സാധനങ്ങൾ വാങ്ങാൻ ഉപയോഗിക്കുന്നവ

| ഇനം | ഗ്രാമപ്രദേശം | നഗരപ്രദേശം |
|---|---|---|
| ചാക്ക് / ചണം | 96789 | 16025 |
| പ്ലാസ്റ്റിക്ക് കവർ | 292585 | 54950 |
| തുണിസഞ്ചി | 84207 | 10302 |

*(അവലംബം: ഫ്രീഡം ഫ്രം വേസ്റ്റ് കാമ്പയിൻ സർവ്വേ 2017)*

### മാലിന്യം തരംതിരിച്ച് ശേഖരിച്ച് വയ്ക്കുന്നവരുടെ എണ്ണം

| ഇനം | ഗ്രാമപ്രദേശം | നഗരപ്രദേശം |
|---|---|---|
| ജൈവം / അജൈവം | 79878 | 5190 |

*(അവലംബം: ഫ്രീഡം ഫ്രം വേസ്റ്റ് കാമ്പയിൻ സർവ്വേ 2017)*

### ജൈവമാലിന്യം – വീടുകളിലെ സംസ്കരണ രീതി

| ഇനം | ഗ്രാമപ്രദേശം | നഗരപ്രദേശം |
|---|---|---|
| വളക്കുഴിയിൽ / കൃഷി നിക്ഷേപിക്കുന്നവർ | 176002 | 20747 |
| മൃഗ/ പക്ഷിയ്ക്ക് തീറ്റ കമ്പോസ്റ്റ് വളം | 123619 | 11886 |
| കമ്പോസ്റ്റ് വളം | 31458 | 2508 |
| ബയോഗ്യാസ് പ്ലാന്റ് | 9654 | 2508 |
| പഞ്ചായത്ത് ഏർപ്പെടുത്തിയ സ്ഥലത്ത് നൽകുന്നവർ | 1743 | 16163 |
| കത്തിക്കുന്നവർ | 58364 | 4871 |
| സ്വകാര്യ ഏജൻസി | 6530 | 1236 |
| പൊതു ഇടങ്ങളിൽ നിക്ഷേപിക്കുന്നവർ | 20592 | 7737 |
| വലിച്ചെറിയുന്നവർ | 31698 | 8075 |

*(അവലംബം: ഫ്രീഡം ഫ്രം വേസ്റ്റ് കാമ്പയിൻ സർവ്വേ 2017)*

### അജൈവ മാലിന്യം – വീടുകളിലെ സംസ്കരണ രീതി

| ഇനം | ഗ്രാമപ്രദേശം | നഗരപ്രദേശം |
|---|---|---|
| വീട്ടിൽ സൂക്ഷിയ്ക്കുന്നവർ | 117370 | 16110 |
| ഏജൻസികളെ ഏൽപ്പിക്കുന്നവർ | 122341 | 16552 |
| പഞ്ചായത്തിൽ നൽകുന്നവർ | 5485 | 10026 |
| കത്തിക്കുന്നവർ | 117443 | 10812 |
| പൊതു ഇടങ്ങളിൽ | 32628 | 15705 |
| അലക്ഷ്യമായി വലിച്ചെറിയുന്നു | 41587 | 11618 |

*(അവലംബം: ഫ്രീ*

*വീട്ടിലെ കമ്പോസ്റ്റിംഗ് രീതി*

| ഇനം | ഗ്രാമപ്രദേശം | നഗരപ്രദേശം |
|---|---|---|
| പൈപ്പ് കമ്പോസ്റ്റിംഗ് | 24995 | 3475 |
| ബക്കറ്റ് കമ്പോസ്റ്റിംഗ് | 20243 | 397 |
| മൺകലം കമ്പോസ്റ്റിംഗ് | 5346 | 174 |
| മണ്ണിര കമ്പോസ്റ്റിംഗ് | 11029 | 452 |
| റിംഗ് കമ്പോസ്റ്റിംഗ് | 10657 | 330 |
| കിച്ചൺബിൻ കമ്പോസ്റ്റിംഗ് | 21218 | 421 |
| മറ്റുള്ളവ (കൃഷി കമ്പോസ്റ്റ്) | 125782 | 8546 |

*(അവലംബം: ഫ്രീഡം ഫ്രം വേസ്റ്റ് കാമ്പയിൻ സർവ്വേ 2017)*

| ഇനം | ഗ്രാമ പ്രദേശം | നഗര പ്രദേശം |
|---|---|---|
| നിലവിൽ ജൈവമാലിന്യ സംസ്കരണം തൃപ്തികരമായി നടത്തുന്ന വീടുകളുടെ എണ്ണം | 162804 | 6432 |
| പഞ്ചായത്തിനെ / ഏജൻസിയെ അജൈവമാലിന്യം ഏല്പിച്ച് ഫീസ് നൽകാൻ തയ്യാറുള്ളവർ | 224035 | 23583 |
| എം.ജി.എൻ.ആർ. ഇ.ജി.എസ് / കമ്പോസ്റ് പിറ്റ് /സോക്കേജ് പിറ്റ് എന്നിവ നിർമ്മിച്ച് കമ്പോസ്റ്റിംഗ് ചെയ്യുന്നതിന് താൽപര്യമുള്ളവർ | 228349 | 28095 |

*(അവലംബം: ഫ്രീഡം ഫ്രം വേസ്റ്റ് കാമ്പയിൻ സർവ്വേ 2017)*

### ഭവനങ്ങളിലെ പാഴ്ജല സംസ്കരണം

| ഇനം | ഗ്രാമപ്രദേശം | നഗരപ്രദേശം |
|---|---|---|
| പാഴ് ജലക്കുഴി | 113294 | 39241 |
| സ്വീവേജ് പൈപ്പ് | 64057 | 4036 |
| മരങ്ങളുടെ തടത്തിൽ ഒഴുക്കുന്നവർ | 135965 | 23917 |
| കൃഷിയ്ക്ക് ഉപയോഗിക്കുന്നവർ | 50919 | 8692 |
| കോമ്പൌണ്ടിന് പുറത്തേയ്ക്ക് ഒഴുക്കുന്നത് | 67074 | 5887 |

*(അവലംബം: ഫ്രീഡം ഫ്രം വേസ്റ്റ് കാമ്പയിൻ സർവ്വേ 2017)*


| | | |
|---|---|---|
| സോക്ക് പിറ്റ് നിർമ്മിച്ച് നൽകേണ്ട കുടുംബങ്ങൾ | 133295 | 39516 |

### സെപ്റ്റിക്ക് ടാങ്ക് / കക്കൂസ് കുഴി നിറയുമ്പോൾ പരിഹരിക്കുന്ന രീതി

| ഇനം | ഗ്രാമപ്രദേശം | നഗരപ്രദേശം |
|---|---|---|
| കുഴി നിർമ്മിച്ച് അതിലേക്ക് മാറ്റുന്നവർ | 209382 | 19179 |
| (പഞ്ചായത്ത്/ മുനിസിപ്പൽ) ടാങ്കർ ലോറിയിലേക്ക് | | |
| പമ്പ് ചെയ്ത് കൊണ്ടുപോകുന്നവ) | 12422 | 116 |
| പ്രൈവറ്റ് ഏജൻസികൾ | 33548 | 44496 |
| ഓടയിൽ/ തോട്ടിൽ ഒഴുക്കും | 6042 | 370 |
| ടാങ്ക് / കുഴി ഇതുവരെ നിറയാത്ത കുടുംബങ്ങൾ | 139797 | 14127 |

*(അവലംബം: ഫ്രീഡം ഫ്രം വേസ്റ്റ് കാമ്പയിൻ സർവ്വേ 2017)*

### ദിനംപ്രതിയുള്ള മാലിന്യ ഉല്പാദനം (നഗരപ്രദേശം)





### ജൈവ – അജൈവ മാലിന്യങ്ങൾ അളവ് തരംതിരിച്ച്

| നഗരസഭ | ആകെ (ടൺ) | ജൈവം (ടൺ) | അജൈവം (ടൺ) |
|---|---|---|---|
| ആലപ്പുഴ | 58 | 40 | 18 |
| ഹരിപ്പാട് | 7 | 5 | 2 |
| ചങ്ങനാശ്ശേരി | 7 | 5 | 2 |
| ചേർത്തല | 11 | 8 | 3 |
| കായംകുളം | 10 | 7 | 3 |
| മാവേലിക്കര | 10 | 7 | 3 |

*(അവലംബം: ഫ്രീഡം ഫ്രം വേസ്റ്റ് കാമ്പയിൻ സർവ്വേ 2017)*

### ദിനംപ്രതിയുള്ള മാലിന്യ ഉല്പാദനം (ഗ്രാമപ്രദേശം)

| ഗ്രാമ പഞ്ചായത്തുകൾ | ആകെ (ടൺ) | ജൈവം (ടൺ) | അജൈവം (ടൺ) |
|---|---|---|---|
| 72 | 244 | 195 | 49 |




## പാർട്ട് – (2) അന്തരീക്ഷ മലിനീകരണം

മാലിന്യ സംസ്കരണത്തിലെ അപാകതകളും ജൈവ – അജൈവ വസ്തുക്കൾ കൂട്ടിയിട്ടു കത്തിക്കലും വായു മലിനീകരണത്തിന്റെ അളവ് ഭീതികരമാംവിധം വർദ്ധിപ്പിച്ചിരിക്കുന്നു. വ്യവസായവല്ക്കരണം മൂലമുള്ള ഹരിത ഗൃഹ വാതകങ്ങളുടെ പുറന്തള്ളൽ വഴി ആഗോള താപനം വർധിക്കുകയും കടൽ ജലനിരപ്പ് ഉയരുകയും കടലാക്രമണ സാധ്യത വർധിക്കുകയും ചെയ്യുന്നു. മത്സ്യതൊഴിലാളികളുടെയും തീരദേശവാസികളുടെയും അതിജീവനം ചോദ്യചിഹ്നമാകുന്നു.




ആലപ്പുഴ ജില്ലയിൽ 2 സ്ഥലങ്ങളാണ് ആമ്പിയന്റ് എയർ മോനിട്ടറിംഗ് സ്റ്റേഷനുകളായി തെരഞ്ഞെടുത്ത് വിവരശേഖരണം നടത്തിവരുന്നത്. സൾഫർ ഡൈഓക്സൈഡ് ($SO_2$), നൈട്രജൻ ഡൈ ഓക്സൈഡ് ($NO_2$), റെസ്പിരബിൾ സസ്പെൻഡഡ് പർട്ടിക്കുലേറ്റ് മാറ്റർ (RSPM) എന്നിവയാണ് മോണിട്ടർ ചെയ്യപ്പെടുന്നത്. ഈ ജില്ലയിൽ സൾഫർ ഡൈഓക്സൈഡ് ($SO_2$), നൈട്രജൻ ഡൈ ഓക്സൈഡ് ($NO_2$), എന്നിവ അനുവദനീയമായ പരിധിക്കുള്ളിലാണ് എങ്കിലും (RSPM) പരിധിക്കപ്പുറം ഉണ്ടാകുന്നു എന്നത് ശരിയായ മാലിന്യ സംസ്കരണത്തിന്റെ പ്രാധാന്യത്തിലേക്കാണ് വിരൽ ചൂണ്ടുന്നത്.

## പാർട്ട് (3) വേമ്പനാട് കായൽ – Ramsar site – മലിനീകരണം

പാരിസ്ഥിതികമായി അന്താരാഷ്ട്ര പ്രധാന്യമുള്ള തണ്ണീർതടങ്ങളെയാണ് റാംസർ സൈറ്റായി പ്രഖ്യാപിച്ചിട്ടുള്ളത്. 2002 ആഗസ്റ്റ് 19 നാണ് വേമ്പനാട്ടുകായലിനെ റാംസർ സൈറ്റായി പ്രഖ്യാപിച്ചത് 1512.5 ച.കി.മീ. വിസ്തൃതിയിൽ ആലപ്പുഴ, എറണാകുളം, കോട്ടയം ജില്ലകളിലായി വ്യാപിച്ചുകിടക്കുന്ന ശുദ്ധജല തടാകമാണ് വേമ്പനാട്ട കായൽ. അന്താരാഷ്ട്ര ടൂറിസ്റ്റ് കേന്ദ്രങ്ങളായ ആലപ്പുഴ, കുമരകം എന്നിവ വേമ്പനാട്ട കായലിന്റെ സാന്നിദ്ധ്യംകൊണ്ടുതന്നെയാണ് വളർന്നതും ഉയർന്നതും. സമുദ്രനിരപ്പിനും താഴെ സ്ഥിതിചെയ്യുന്ന വിശാലമായ നെൽപ്പാടങ്ങളും അപൂർവ്വങ്ങളായ മത്സ്യ ഇനങ്ങളാലും സമൃദ്ധമാണ് ഈ ഭൂപ്രദേശം. ഇത്രയേറെ പാരിസ്ഥിതിക പ്രാധാന്യമുണ്ടായിട്ടും വേമ്പനാട്ടുകായൽ ഗുരുതരമായ മലിനീകരണ ഭീഷണി നേരിടുകയാണ്. മാരകമായ കീടനാശിനികളുടെ ഉപയോഗം, പ്ലാസ്റ്റിക് മാലിന്യ നിക്ഷേപം, ടോയ്ലറ്റ് മാലിന്യം തള്ളൽ, പ്രകൃതി സൌഹൃദമല്ലാത്തതും അനിയന്ത്രിതവുമായ ടൂറിസം ഇവയെല്ലാം വേമ്പനാട്ടുകായലിനെ നാശോന്മുഖമാക്കുന്നു. വേമ്പനാട്ട കായലിന്റെ അടിത്തട്ടിൽ 80 സെ.മീ. മുതൽ ഒരു മീറ്ററോളം ഉയരത്തിൽ പ്ലാസ്റ്റിക് ബെഡ് രൂപപ്പെട്ടിരിക്കുന്നു. ഇവിടുത്തെ പ്രശസ്തമായ കരിമീൻ അടക്കമുള്ള മത്സ്യ ഇനങ്ങളും കക്ക ഉൾപ്പെടെയുള്ള ജലജീവികളും ഇന്ന് കൊടിയ വംശനാശ ഭീഷണി നേരിടുകയാണ്. ഈ പ്രകൃതി വൈവിദ്ധ്യത്തെ സംരക്ഷിക്കുന്ന കാര്യത്തിൽ ഇനിയും നാം വൈകിക്കൂടാ.

കായലിന്റെ കരകളിലും ബഫർസോണുകളിലും സ്ഥിതിചെയ്യുന്ന പഞ്ചായത്തുകളിൽ സുസ്ഥിരവും ശാസ്ത്രീയവുമായ മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഒരുക്കിക്കൊണ്ട് മലിനീകരണത്തിന്റെ തോത് കുറക്കേണ്ടതുണ്ട്. വേമ്പനാട് കായലുമായി ബന്ധപ്പെട്ടുകിടക്കുന്ന പഞ്ചായത്തുകളായ കാവാലം, പുളിംകുന്ന്, നീലംപേരൂർ, രാമങ്കരി, വെളിയനാട്, മുട്ടാർ, തലവടി, എടത്വ, തകഴി, നെടുമുടി, കൈനകരി, ചമ്പക്കുളം, ആര്യാട്, മണ്ണഞ്ചേരി, മുഹമ്മ, തണ്ണീർമുക്കം, ചേന്നംപള്ളിപ്പുറം, തൈക്കാട്ടുശ്ശേരി, പാണാവള്ളി, പെരുമ്പളം, അരൂക്കുറ്റി, അരൂർ, കുത്തിയതോട്, വയലാർ, തുറവൂർ, എഴുപുന്ന, കോടംതുരുത്ത് എന്നിവിടങ്ങളിലും രണ്ടു നഗരസഭകളായ ആലപ്പുഴയിലും, ചേർത്തലയിലും പുതിയൊരു ശുചിത്വപരിപാലന സംസ്കാരം വളർത്തിയെടുക്കേണ്ടതുണ്ട്.

**ദിനംപ്രതി ഹൌസ് ബോട്ടുകൾ സൃഷ്ടിക്കുന്ന മാലിന്യം**

| ജൈവം | അജൈവം |
|---|---|
| 4 ടൺ | 1.3 ടൺ |

*അവലംബം-പഠന റിപ്പാർട്ട്, ടൂറിസം ഡിപ്പാർട്ട്മെന്റ്*

### വിവര വിശകലനം

ഗാർഹിക തലത്തിലുള്ള ജൈവ, അജൈവ മാലിന്യങ്ങൾ ഏതെല്ലാം രീതിയിൽ, എത്രത്തോളം ശരിയായ രീതിയിൽ സംസ്കരിക്കപ്പെടുന്നുണ്ട് എന്ന അവസ്ഥാ നിർണ്ണയമാണ്, ഫ്രീഡം ഫ്രം വേസ്റ്റ് വിവരശേഖരണ ക്യാമ്പയിന്റെ ഭാഗമായി നടന്നത്. ഇതിലൂടെ ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്യുകയാണെങ്കിൽ താഴെ പറയും പ്രകാരമാണ് കാര്യങ്ങൾ എന്ന് മനസിലാക്കുവാൻ സാധിക്കും.

## ജൈവ മാലിന്യ സംസ്കരണം

| തദ്ദേശ സ്ഥാപനം | വീടുകളുടെ എണ്ണം | ജൈവമാലിന്യ പരിപാലനം ശരിയായ രീതിയിൽ നടക്കുന്ന വീടുകളുടെ എണ്ണം | ശതമാനം |
|---|---|---|---|
| നഗരസഭകൾ | 87805 | 55048 | 63 |
| ഗ്രാമപഞ്ചായത്തുകൾ | 478651 | 349006 | 73 |
| **ആകെ** | **566456** | **404054** | **71** |

*(അവലംബം: ഫ്രീഡം ഫ്രം വേസ്റ്റ് കാമ്പയിൻ സർവ്വേ 2017)*

മേൽ കൊടുത്തിരിക്കുന്ന വിശകലന പട്ടിക പരിശോധിച്ചാൽ മനസ്സിലാക്കാൻ സാധിക്കുന്നത്, ജൈവമാലിന്യം നഗര പ്രദേശങ്ങളിലെ അപേക്ഷിച്ച് ഗ്രാമ പ്രദേശങ്ങളിൽ മറ്റുള്ളവർക്ക് ബുദ്ധിമുട്ട് ഉണ്ടാവാത്ത വിധം കൂടുതലായി സംസ്കരിക്കപ്പെടുന്നുണ്ട് എന്നതാണ്. കമ്പോസ്റ്റിങ്ങ് സംവിധാനങ്ങൾ, കൃഷി, സംസ്കരണത്തിനായുള്ള കൈമാറ്റം എന്നിവ കൂടാതെ വളർത്ത് മൃഗങ്ങൾക്ക് നല്കുന്നതിലൂടെയും തൃപ്തികരമായ പരിപാലനം ജൈവ മാലിന്യത്തിന്റെ കാര്യത്തിൽ നടക്കുന്നു. മേല്പറഞ്ഞകാര്യം, നഗരപ്രദേശങ്ങളെ അപേക്ഷിച്ച് വളരെ അധികമാണ് ഗ്രാമ പ്രദേശങ്ങളിൽ.

ജില്ലയിലെ മൊത്തത്തിലുള്ള കണക്കുകൾ പരിശോധിച്ചാൽ 71 ശതമാനം വീടുകളും ജൈവമാലിന്യം തൃപ്തികരമായി പരിപാലിക്കുകയും 29 ശതമാനത്തോളം വീടുകൾ ശരിയായ രീതിയിൽ സംസ്കരിക്കുന്നില്ലെന്ന് മനസ്സിലാക്കാൻ സാധിക്കുകയും ചെയ്യും. എന്നാൽ ശരിയായ രീതിയിൽ കൈകാര്യം ചെയ്യുന്നു എന്ന് 29 ശതമാനം വീടുകൾ ഏത് രീതിയിൽ ഇത് കൈകാര്യം ചെയ്യുകയാണെന്ന് പരിശോധിക്കുകയാണെങ്കിൽ, വളരെ ഗൗരവപൂർണമായ കണ്ടെത്തലാണ് ലഭിക്കുക.

| രീതി | നഗരസഭ | പഞ്ചായത്ത് | ആകെ |
|---|---|---|---|
| ജൈവമാലിന്യം കത്തിക്കുന്നത് | 4871 | 58364 | 63235 |
| അലക്ഷ്യമായി വലിച്ചെറിയുന്നത് | 8075 | 31698 | 39773 |
| പൊതു ഇടങ്ങളിൽ നിക്ഷേപിക്കുന്നത് | 7737 | 20592 | 28329 |

*(അവലംബം: ഫ്രീഡം ഫ്രം വേസ്റ്റ് കാമ്പയിൻ സർവ്വേ 2017)*

മേൽ കൊടുത്തിരിക്കുന്ന പട്ടിക പരിശോധിച്ചാൽ മനസ്സിലാക്കാവുന്ന കാര്യം, ഗ്രാമ പ്രദേശങ്ങളിലായാലും നഗര പ്രദേശങ്ങളിലായാലും ശരിയായ രീതിയിലുള്ള ജൈവമാലിന്യ സംസ്കരണ സംവിധാനങ്ങൾ അവലംബിക്കാത്തവർ പ്രധാനമായും ചെയ്യുന്നത് അവ കത്തിച്ചുകളയുകയോ, അലക്ഷ്യമായി വലിച്ചെറിയുകയോ അല്ലെങ്കിൽ പൊതു സ്ഥലങ്ങളിൽ നിക്ഷേപിക്കുകയോ ആണ്. ശതമാനത്തിൽ കുറവാണെന്ന് പ്രത്യക്ഷത്തിൽ തോന്നിക്കുമെങ്കിലും നമ്മുടെ നാടും നഗരവും വായുവും മണ്ണും ജലാശയങ്ങളും മലിനപ്പെടാൻ ഇത് തന്നെ ധാരാളമാണ്.

## അജൈവ മാലിന്യ സംസ്കരണം – വിവര വിശകലനം

| തദ്ദേശ സ്ഥാപനം | വീടുകളുടെ എണ്ണം | അജൈവമാലിന്യ പരിപാലനം ശരിയായ രീതിയിൽ നടക്കുന്ന വീടുകളുടെ എണ്ണം | ശതമാനം |
|---|---|---|---|
| നഗരസഭകൾ | 87805 | 42688 | 49 |
| ഗ്രാമപഞ്ചായത്തുകൾ | 478651 | 24196 | 51 |
| ആകെ | 566456 | 287884 | 50 |

*(അവലംബം: ഫ്രീഡം ഫ്രം വേസ്റ്റ് കാമ്പയിൻ സർവ്വേ 2017)*

മേൽ കൊടുത്തിരിക്കുന്ന പട്ടിക പരിശോധിച്ചാൽ മനസ്സിലാക്കാൻ സാധിക്കുന്നത് ഗാർഹിക തലത്തിലും സ്ഥാപനതലത്തിലും ഉത്പാദിപ്പിക്കപ്പെടുന്ന അജൈവ മാലിന്യങ്ങളിൽ പകുതിയോളം മാത്രമേ ശരിയായ രീതിയിൽ കൈകാര്യം ചെയ്യപ്പെടുന്നുള്ളൂ. ഈ കാര്യത്തിൽ നഗര പ്രദേശങ്ങളിലും ഗ്രാമപ്രദേശങ്ങളിലും വലിയ വ്യത്യാസം ഇല്ലെന്നുള്ള കാര്യവും പട്ടികയിലെ വിവരങ്ങൾ വിശകലനം ചെയ്താൽ കാണാൻ സാധിക്കും. അജൈവ മാലിന്യങ്ങൾ വൃത്തിയായി വീട്ടിൽ സൂക്ഷിക്കുക, വിവിധ ഏജൻസികൾക്കും സ്ക്രാപ്പ്ഡീലേഴ്സിനും കൈമാറ്റം ചെയ്യുക, പഞ്ചായത്ത് നഗരസഭ ഒരുക്കുന്ന സംവിധാനത്തിലേക്ക് കൈമാറുക തുടങ്ങിയവയാണ് ശരിയായ രീതിയിൽ കൈകാര്യം ചെയ്യുക എന്നതിലൂടെ ചെയ്യുന്നത്.

അജൈവ മാലിന്യങ്ങൾ 50 ശതമാനത്തോളം ശരിയായ രീതിയിൽ കൈകാര്യം ചെയ്യപ്പെടുന്നു എന്നതിനർത്ഥം, ബാക്കി 50 ശതമാനം അജൈവ മാലിന്യങ്ങളും തെറ്റായ രീതിയിൽ ആണ് കൈകാര്യം ചെയ്യുന്നത് എന്നാണ്. ഇവ പ്രധാനമായും താഴെ പറയുന്ന രീതിയിലാണ്.

| രീതി | നഗരസഭ | പഞ്ചായത്തുകൾ | ആകെ |
|---|---|---|---|
| അജൈവമാലിന്യം കത്തിക്കുന്നവർ | 110812 | 117443 | 128255 |
| പൊതുസ്ഥലങ്ങളിൽ നിക്ഷേപിക്കുന്നവർ | 15705 | 32628 | 48333 |
| അലക്ഷ്യമായി വലിച്ചെറിയുന്നവർ | 11618 | 41587 | 43205 |

*(അവലംബം: ഫ്രീഡം ഫ്രം വേസ്റ്റ് കാമ്പയിൻ സർവ്വേ 2017)*

അമ്പത് ശതമാനം അജൈവ മാലിന്യങ്ങളും കത്തിക്കുകയോ പൊതു സ്ഥലങ്ങളിൽ നിക്ഷേപിക്കുകയോ അലക്ഷ്യമായി വലിച്ചെറിയപ്പെടുകയോ ആണ് ചെയ്യപ്പെടുന്നതെന്ന് മേൽ കൊടുത്തിരിക്കുന്ന പട്ടിക പരിശോധിച്ചാൽ നമുക്ക് മനസ്സിലാക്കാൻ സാധിക്കും.

ഗാർഹിക തലത്തിൽ ജൈവ മാലിന്യങ്ങൾ 71 ശതമാനം ശരിയായ രീതിയിൽ കൈകാര്യം ചെയ്യപ്പെടുന്നുണ്ടെന്ന് ഡേറ്റാ വിശകലത്തിൽ നിന്ന് മനസ്സിലാക്കാൻ സാധിച്ചതാണ്. ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിൽ 73 ശതമാനം ജൈവ മാലിന്യങ്ങൾ ശരിയായ രീതിയിൽ കൈകാര്യം ചെയ്യപ്പെടുന്നുണ്ട് എങ്കിലും നഗര പ്രദേശങ്ങളിൽ ഇത് 63 ശതമാനം മാത്രമാണ്. ഇതിൻ പ്രധാന കാരണങ്ങളായി കാണാവുന്നത്.

നഗര പ്രദേശങ്ങളെ അപേക്ഷിച്ച് ഗ്രാമപ്രദേശങ്ങളിൽ ജൈവ മാലിന്യങ്ങൾ നിക്ഷേപിക്കാനും പ്രകൃത്യാ അഴുകിക്കാനുള്ള സ്ഥലം കൂടുതലായി ഭവനങ്ങളോട് ചേർന്നുണ്ട്.

നഗര പ്രദേശങ്ങളെ അപേക്ഷിച്ച് ഗ്രാമ പ്രദേശങ്ങളിൽ കന്നുകാലികളെയും മൃഗങ്ങളെയും കൂടുതലായി വളർത്തുന്നു. ആയതിനാൽ വലിയൊരളവ് ജൈവ മാലിന്യങ്ങളും ഈ രീതിയിൽ കൈകാര്യം ചെയ്യപ്പെടുന്നു. 29 ശതമാനം ജൈവമാലിന്യങ്ങളും അലക്ഷ്യമായി വലിച്ചെറിയപ്പെടുകയോ, കത്തിക്കുകയോ ആണ് ചെയ്യുന്നത്. ഇത് വളരെ ഗുരുതരമായ പ്രശ്നങ്ങളിലേക്കാണ് നയിച്ചുകൊണ്ടിരിക്കുന്നത്. വാസ്തവത്തിൽ നാം ഇന്ന് അനുഭവിക്കുന്ന മാലിന്യ പ്രശ്നത്തിന്റെ പ്രധാന അടിസ്ഥാന കാരണവും ഇതുതന്നെ. ഇതിന്റെ ചില പ്രധാന പരിണിത ഫലങ്ങൾ എന്താണെന്ന് നോക്കാം. അജൈവ മാലിന്യങ്ങൾ അലക്ഷ്യമായി വലിച്ചെറിയുന്നത് നഗര പ്രദേശങ്ങളും മറ്റും ചീഞ്ഞ് നാറുന്നതിലേക്കാണ് എത്തിക്കുന്നത്. ഇവ പ്ലാസ്റ്റിക് കിറ്റുകളിൽ കെട്ടി വലിച്ചെറിയുന്നത് മൂലം പ്രകൃത്യായുള്ള അഴുകൽ സംഭവിക്കുന്നില്ല. ഭക്ഷണാവശിഷ്ടങ്ങൾ തെരുവുകളിൽ വലിച്ചെറിയപ്പെടുന്നത് മൂലം ഇന്ന് നാം അനുഭവിക്കുന്ന തെരുവ് നായ ശല്യത്തിൻ പ്രധാന കാരണമാണ്.

മേൽ പറഞ്ഞ കാര്യങ്ങളൊക്കെ പരിഗണിക്കുകയാണെങ്കിൽ താഴെ പറയുന്ന കാര്യങ്ങൾ ചെയ്യുന്നത് ഉണപ്രദമായിരിക്കും.


- നഗര പ്രദേശങ്ങളിൽ, ആവശ്യമായ രീതിയിലും എണ്ണത്തിലും, ഗാർഹിക തല ജൈവ മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഒരുക്കേണ്ടതാണ്.
- പ്രധാനമായും ഫ്ലാറ്റുകൾ, അപ്പാർട്ടുമെന്റുകൾ, റസിഡന്റ്സ് കോളനികൾ എന്നിവയെ ലക്ഷ്യം വെച്ചുകൊണ്ടുള്ള കമ്മ്യൂണിറ്റി തല ജൈവ മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഒരുക്കേണ്ടതാണ്.
- ഗ്രാമീണ മേഖലയേയും പ്രധാനമായും ലക്ഷ്യം വച്ചുകൊണ്ട് ജൈവകൃഷി, മൃഗപരിപാലനം, ജൈവമാലിന്യ പരിപാലനം എന്നിവയെ ബന്ധപ്പെടുത്തിയുള്ള നൂതന പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കണം.
- മാലിന്യം അനാരോഗ്യകരമായ രീതിയിൽ കൈകാര്യം ചെയ്യപ്പെടുന്നത് തടയാനുള്ള നിയമങ്ങൾ കൃത്യമായ രീതിയിൽ നടപ്പിലാക്കണം.
- പ്ലാസ്റ്റിക് കത്തിക്കുന്നത്, ക്യാൻസറിനും, ശ്വാസകോശ രോഗങ്ങൾക്കും കാരണമാവും എന്ന വിദഗ്ദരുടെ അഭിപ്രായം നമ്മുടെ നാട്ടിൽ വർദ്ധിച്ചുവരുന്ന ക്യാൻസർ രോഗ റിപ്പോർട്ടിമായി ബന്ധപ്പെടുത്തി കാണണം.
- പ്ലാറ്റിക് വലിച്ചെറിയുന്നത് മണ്ണിന്റെ ഘടനയേയും സൂഷ്മജീവികളേയും അതുവഴി ജൈവ വ്യവസ്ഥയേയും നശിപ്പിക്കുന്നു. നാഡീരോഗങ്ങൾക്കും പല ശാരീരിക വൈകല്യങ്ങൾക്കും ഇത് കാരണമാകുന്നു
- നഗര പ്രദേശങ്ങളിലെ ഡ്രെയിനേജ് സംവിധാനങ്ങൾ, നദികൾ, കായലുകൾ തുടങ്ങിയ എല്ലാത്തരത്തിലുള്ള ജല ആവാസ വ്യവസ്ഥയ്ക്കും വലിച്ചെറിയപ്പെടുന്ന പ്ലാസ്റ്റിക് വലിയ ഭീഷണി ഉയർത്തുന്നുണ്ട്.
- പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള പുനരുപയോഗ സാധ്യമല്ലാത്ത വസ്തുക്കളുടെ ഉപയോഗം പരമാവധി കുറയ്ക്കുക.
- ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കുക.


- **വീടുകളിൽ മാലിന്യം തരംതിരിച്ച് സൂക്ഷിക്കാനുള്ള സംവിധാനങ്ങൾ ഒരുക്കുക.**
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ കൂടുതലായി മെറ്റീരിയൽ കളക്ഷൻ സെന്ററുകൾ / റിസോഴ്സ് റിക്കവറി ഫെസിലിറ്റി സ്ഥാപിക്കുക.
- **പ്ലാസ്റ്റിക് ഉൾപ്പെടെയുള്ളവയുടെ ഉപയോഗം നിയന്ത്രിക്കുന്നതിനുള്ള നിയമങ്ങൾ** കർശനമായി നടപ്പിലാക്കുക.
- ഗ്രേഡ് കുറഞ്ഞ പ്ലാസ്റ്റിക്കുകൾ റോഡ് ടാറിങ്ങിന് ഉപയോഗിക്കുക.
- ഇ -വേസ്റ്റുകൾ ആക്രി **കച്ചവടക്കാരുടെ കൈകളിലെത്താതെ ക്ലീൻ കേരള കമ്പനിയ്ക്ക്** കൈമാറുക.
- ഇ.പി.ആർ. നയം ഫലപ്രദമായി നടപ്പിലാക്കുക.
- **മാലിന്യങ്ങൾ വലിച്ചെറിയുന്നത് തടയുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ** നിരീക്ഷണ സംവിധാനങ്ങൾ ഏർപ്പെടുത്തിക്കൊണ്ട് **ശക്തമായ ശിക്ഷാനടപടികൾ** സ്വീകരിക്കുക.

**c. പൗൾട്രി സ്റ്റാളുകൾ, സ്ലോട്ടർ ഹൗസുകൾ**

| സംവിധാനം | ആകെ | രജിസ്റ്റർ ചെയ്തവ | ചെയ്യാത്തവ |
|---|---|---|---|
| പൗൾട്രി സാറ്റാളുകൾ | 362 | 131 | 211 |
| സ്ലോട്ടർ ഹൗസുകൾ | 292 | 136 | 156 |

*(അവലംബം: സാമ്പത്തിക സ്ഥിതിവിവര വകുപ്പ്)*






ജില്ലയിലെ പൌൾട്രി സ്റ്റാളുകളുടെ എണ്ണം പരിശോധിച്ചാലും, അറവുശാലകളുടെ എണ്ണം പരിശോധിച്ചാലും പകുതിയിലധികവും ഒദ്യോഗികമായി രജിസ്റ്റർ ചെയ്യാത്തവയാണ് എന്ന് മനസിലാക്കാൻ സാധിക്കും. ഇതിന്റെ അര്ത്ഥം ഇവയ്ക്കൊന്നുതന്നെ ശരിയായ മാലിന്യ സംസ്കരണം സംവിധാനങ്ങൾ ഇല്ല എന്നുതന്നെയാണ്.

അമ്പത് ശതമാനത്തിലധികം പൌൾട്രി സ്റ്റാളുകൾക്കും അറവുശാലകൾക്കും മാലിന്യം സംസ്കരണ സംവിധാനങ്ങൾ ഇല്ല എന്നതിലൂടെ ഇവിടെ ഉത്പ്പാദിപ്പിക്കപ്പെടുന്ന മാലിന്യങ്ങൾ തെറ്റായ രീതിയിൽ കൈകാര്യം ചെയ്യപ്പെടുന്നു എന്നാണ് വ്യക്തമാക്കുന്നത്. നമ്മുടെ പാതയോരങ്ങളിലും ജലാശയങ്ങളിലും ചാക്കിൽ കെട്ടിയ നിലയിൽ വലിച്ചെരിയപ്പെട്ട് ചീഞ്ഞ് നാറി മാലിന്യപ്രശ്നങ്ങൾ ഉണ്ടാക്കുന്ന അറവ് മാലിന്യങ്ങളും കോഴി മാലിന്യങ്ങളും ഇതിന്റെ ചൂണ്ടുപലകയാണ്. രജിസ്റ്റർ ചെയ്യപ്പെട്ട എല്ലാ സ്ഥാപനങ്ങൾക്കും ശരിയായ രീതിയിൽ പ്രവര്ത്തിക്കുന്ന മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഉണ്ടെന്നും കരുതാൻ സാധ്യമല്ല. എല്ലാവിധ സംവിധാനങ്ങളും ഉള്ള ആധുനിക അറവുശാലകൾ ജില്ലയിൽ ഇല്ല എന്നത് ഈ സാഹചര്യത്തിൽ എടുത്തു പറയേണ്ടതാണ്.

ഒരു നാടിന്റെ ശുചിത്വ സംസ്കരണത്തിന് തന്നെ വെല്ലുവിളിയാകുന്ന കാര്യമാണ് പാതയോരങ്ങളിലും ജലാശയങ്ങളിലും വലിച്ചെറിയപ്പെട്ട് കിടന്നു ചീഞ്ഞു നാറുന്ന മാലിന്യങ്ങൾ. ഇത്തരത്തിൽ നോക്കിയാൽ ഇവ പ്രധാനമായും സാമൂഹ്യപരമായ പ്രശ്നങ്ങൾ, ആരോഗ്യപരമായ പ്രശ്നങ്ങൾ, ജലാശയങ്ങൾ മലിനപ്പെടൽ എന്നിവ ഉൾപ്പെടെ തദ്ദേശ സ്ഥാപനങ്ങൾക്ക് കനത്ത സാമ്പത്തിക ബാധ്യത വരുത്തിവയ്ക്കുന്നുണ്ട്. അതിനാൽ:-


- പൌൾട്രി സ്റ്റാളുകൾക്കും, **അറവുശാലകൾക്കും മാലിന്യ സംസ്കരണ സംവിധാനം** ഉണ്ടെന്ന് ഉറപ്പു വരുത്തുകയും രജിസ്ട്രേഷൻ നിർബന്ധമാക്കുകയും വേണം.
- **ആവശ്യമായത്ര ആധുനിക അറവുശാലകൾ തദ്ദേശ സ്ഥാപനങ്ങൾ സ്ഥാപിക്കുക**
- **ആവശ്യമായിടങ്ങളിൽ കമ്മ്യൂണിറ്റിതല മാലിന്യ സംസ്കരണ സംവിധാനങ്ങൾ** സ്ഥാപിക്കുക
- **തദ്ദേശ സ്ഥാപനങ്ങൾ പോലീസ് എന്നിവ ചേർന്നുള്ള നിയമനങ്ങൾ കർശനമായി** നടപ്പിലാക്കുക

**കക്കൂസ് മാലിന്യ സംസ്കരണം**

| **ക്രമ നമ്പർ** | **ഇനം** | **കുടുംബങ്ങളുടെ എണ്ണം** | **%** |
|---|---|---|---|
| 1 | **കുഴി നിർമ്മിച്ച് അതിലേക്ക് മാറ്റുന്നവർ** | 228561 | 40.34 |
| 2 | (പഞ്ചായത്ത് / **മുനിസിപ്പൽ**) ടാങ്കർ ലോറിയിലേക്ക് **പമ്പ് ചെയ്തു കൊണ്ടുപോകുന്നവ** | 12538 | 2.21 |
| 3. | പ്രൈവറ്റ് ഏജൻസികളുടെ **സേവനം** ഉപയോഗിക്കുന്നത് | 78044 | 13.77 |
| 4 | **ഓടയിൽ തോട്ടിൽ ഒഴുക്കുന്നത്.** | 6412 | 1.13 |
| 5. | സെപ്റ്റിക് ടാങ്ക് / **കുഴി ഇതുവരെ നിറയാത്തത്** | 153924 | 27.17 |
| 6. | **വിവരം ലഭ്യമാകാത്തത്** | 86977 | 15.35 |
| **ആകെ** | | **566** | **15.35** |

*(അവലംബം: ഫ്രീഡം ഫ്രം വേസ്റ്റ് കാമ്പയിൻ സർവ്വേ 2017)*

## സംസ്കരണം %



കക്കൂസ് മാലിന്യങ്ങൾ കൈകാര്യം ചെയ്യപ്പെടുന്ന രീതികളെ മേല്പറഞ്ഞ ശതമാനത്തിൽ ലഭ്യമായ വിവരങ്ങളെ അടിസ്ഥാനപ്പെടുത്തി ചിത്രീകരിക്കാവുന്നതാണ്. പ്രധാനമായും ഗാർഹിക തലത്തിലുള്ള വിവരങ്ങൾ അടിസ്ഥാനപ്പെടുത്തിയാണ് മേല്പറഞ്ഞ രീതിയിൽ തിരിച്ചിരിക്കുന്നത്.

മേൽ പറഞ്ഞിരിക്കുന്ന വിവരങ്ങൾ പരിശോധിക്കുകയാണെങ്കിൽ 40.34% വരുന്നതും ആയ കക്കൂസ് മാലിന്യങ്ങൾ കുഴി നിർമ്മിച്ച് അതിലേക്ക് മാറ്റുകയാണ് ചെയ്യുന്നത്. പ്രത്യക്ഷത്തിൽ ഇത് പ്രശ്നം സൃഷ്ടിക്കുന്നതായി തോന്നിയെങ്കിലും പലവിധ കാരണങ്ങൾ കൊണ്ടുതന്നെ ശരിയായ ഒരു മാർഗം അല്ലെന്ന് പറയേണ്ടിവരും. അത് പ്രധാനമായും ജില്ലയുടെ താഴെ പറയുന്ന പ്രത്യേകതകൾ കൊണ്ടാണ്. ജലനിരപ്പിൻ ഏകദേശം തുല്യമായും, താഴെയായും ആണ് ജില്ലയുടെ ബഹു ഭൂരിപക്ഷവും കരഭാഗവും ഉള്ളത്. ആയതിനാൽ കുഴി നിർമ്മിച്ച് അതിലേക്ക് മാറ്റുന്നത് മലിനീകരണത്തിന് ഇടവരുത്തും. ജനസാന്ദ്രത കൂടിയ പ്രദേശം ആയതിനാൽ കിണർ ഉൾപ്പെടെയുള്ള കുടിവെള്ള സ്രോതസ്സുകൾ മലിനപ്പെടും.

1.13 ശതമാനം മാത്രമാണ് ഓടയിലേക്കോ തോട്ടിലേക്കോ ഒഴുകുന്നത്. കായലുകളാലും, തോടുകളാലും, നദികളാലും പരസ്പരം ബന്ധപ്പെട്ടും ഇടതൂർന്നും സ്ഥതി ചെയ്യുന്ന പ്രദേശം ആയതിനാൽ പുറം തള്ളുന്ന ശതമാനം കുറവ് ആണെങ്കിലും മലിനീകരണം വളരെ വലുതായിരിക്കും. പ്രൈവറ്റ് ഏജൻസികളുടെ സേവനം പ്രയോജനപ്പെടുത്തുന്നത് 13.77 ശതമാനമാണ്. ഇത് പ്രത്യക്ഷത്തിൽ ഗുണകരമായി തോന്നുമെങ്കിലും ഇതിലേക്ക് കൂടുതൽ ഇറങ്ങി പരിശോധിക്കേണ്ടതുണ്ട്. കാരണം ജില്ലയിലും സംസ്ഥാനത്തും കേന്ദ്രീകൃത സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സംവിധാനങ്ങൾ വളരെ പരിമിതമാണ്. ഈ സാഹചര്യത്തിൽ സ്വകാര്യ ഏജൻസികൾ ശേഖരിക്കുന്ന കക്കൂസ് മാലിന്യങ്ങൾ എന്ത് ചെയ്യുന്നു എന്നത് വളരെ പ്രസക്തവും, ഗൌരവ പൂർണവുമായ ചോദ്യമാണ്. പാതയോരങ്ങളിലും, ജലാശയങ്ങളിലും രാത്രികാലങ്ങളിൽ കക്കൂസ് മാലിന്യങ്ങൾ കൊണ്ടുതള്ളപ്പെട്ട നിലയിൽ കാണപ്പെടുന്ന സാഹചര്യങ്ങളെ മേൽ പറഞ്ഞ ചോദ്യവുമായി ബന്ധപ്പെടുത്തി വായിക്കേണ്ടതാണ്. ഇതുവരെ കുഴി / സെപ്റ്റിക് ടാങ്ക് നിറയാത്തത് 27.17 ശതമാനം വിവരം ലഭ്യമാകാത്തത് 15.33 ശതമാനം എന്നത് കൂടി പരിഗണിക്കുമ്പോൾ സ്ഥിതി കൂടുതൽ ഗൌരവമാണെന്ന് നമുക്ക് മനസ്സിലാക്കാൻ സാധിക്കും. ഇതിന്റെ പ്രധാന പരിണിത ഫലങ്ങൾ ആരോഗ്യ പ്രശ്നങ്ങൾ, ജല സ്രോതസ്സുകളുടെ മലിനീകരണം, കുടിവെള്ള സ്രോതസ്സുകളുടെ മലിനീകരണം എന്നിവയാണ്.

## പരിഹാരമാർഗ്ഗങ്ങൾ


- സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിക്കുക.
- തോടുകളിലേക്കും, കായലുകളിലേക്കും തുറന്നിരിക്കുന്ന തീരിയിലുള്ളവ തദ്ദേശ സ്ഥാപനങ്ങളുടെ കർശ്ശന ഇടപെടലുകളിലൂടെ ഇല്ലാതാക്കുക.
- നിർമ്മിക്കപ്പെടുന്ന ശൌചാലയങ്ങൾക്ക് സെപ്റ്റിക് ടാങ്ക്, സോക്ക് പിറ്റ് സംവിധാനങ്ങൾ ഉണ്ടെന്ന് തദ്ദേശ സ്ഥാപനങ്ങൾ ഉറപ്പ് വരുത്തുക.
- കുട്ടനാട് പോലുള്ള സ്ഥലങ്ങളിൽ അനുയോജ്യമായ സാങ്കേതിക വിദ്യ ഉപയോഗിക്കുക
- സ്വകാര്യ ഏജൻസികളുടെ രജിസ്ട്രേഷൻ കർശനമാക്കുക. ഇവയെ കർശനമായി മോണിട്ടർ ചെയ്യുക.
- തദ്ദേശ സ്ഥാപനങ്ങളും പോലീസും ചേർന്നുള്ള നിയമം നടപ്പിലാക്കൽ കർശനമാക്കുക.

## പീലിംഗ് ഷെഡുകളുമായി ബന്ധപ്പെട്ട മാലിന്യ സംസ്കരണം

പൊല്യൂഷൻ കൺട്രോൾ ബോർഡ് ലഭ്യമാക്കിയിരിക്കുന്ന വിവരങ്ങൾ പരിശോധിച്ചാൽ, പീലിംഗ് ഷെഡുകളുമായി ബന്ധപ്പെട്ടുള്ള മാലിന്യ സംസ്കരണ സംവിധാനങ്ങളുടെ സ്ഥിതി താഴെപ്പറയും പ്രകാരമാണ്.

| ക്രമ നമ്പർ | ആകെ ലൈസൻസുള്ള പീലിംഗ് ഷെഡുകളുടെ എണ്ണം | ശരിയായ മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഉള്ളവയുടെ എണ്ണം | എഫ്ലുവന്റ് വാട്ടർ ശരിയായ രീതിയിൽ കൈകാര്യം ചെയ്യുന്നത് |
|---|---|---|---|
| 1 | 123 | 30 | 30 |

*(അവലംബം: മലനീകരണ നിയന്ത്രണ ബോർഡ്)*




പൊല്യൂഷൻ കൺട്രോൾ ബോർഡ് ലഭ്യമാക്കുന്ന വിവരം അനുസരിച്ച് ജില്ലയിൽ ലൈസൻസ് ഉള്ള പീലിംഗ് ഷെഡുകൾ 123 എണ്ണമാണ് ഉള്ളത്. എന്നാൽ ഇതിൽ 30 എണ്ണത്തിൻ മാത്രമേ ശരിയായ രീതിയിലുള്ള മാലിന്യ സംസ്കരണസംവിധാനങ്ങളും, ശരിയായ രീതിയിൽ എഫ്ളുവന്റ് വാട്ടർ കൈകാര്യം ചെയ്യുന്ന സംവിധാനങ്ങളും ഉള്ളത്.

ജില്ലയിലാകെ 24 ശതമാനത്തോളം പീലിംഗ് ഷെഡുകൾക്ക് മാത്രമേ ശരിയായ രീതിയിലുള്ള മാലിന്യ സംസ്കരണ സംവിധാനങ്ങളും, ശരിയായ രീതിയിൽ എഫ്ളുവന്റ് വാട്ടർ കൈകാര്യം ചെയ്യുന്ന സംവിധാനങ്ങളും ഉള്ളത് എന്നത് ലഭ്യമായ വിവരങ്ങൾ പരിശോധിച്ചാൽ നമുക്ക് മനസിലാക്കാൻ സാധിക്കും. പീലിംഗ് ഷെഡുകളിലെ എഫ്ലുവന്റ് വാട്ടർപ്രധാനമായും സമീപത്തെ ജലാശയങ്ങളിലേക്കാണ് ഒഴുകുന്നത്. വളരെ കുറഞ്ഞ അളവിൽ ശുദ്ധീകരിച്ച എഫ്ലുവന്റ് വാട്ടർ കൃഷിയിടങ്ങളിലേക്ക് ഒഴുകുന്ന രീതിയുമുണ്ട്. ഈ സാഹചര്യം പരിശോധിക്കുകയാണെങ്കിൽ, 75 ശതമാനം വരുന്ന പീലിംഗ് ഷെഡുകളിൽ നിന്നുമുള്ള ശുദ്ധീകരിക്കാത്ത മലിനജലം ജലാശയങ്ങളിലേക്കാണ് ഒഴുകുന്നത് എന്ന് മനസിലാക്കാനും സാധിക്കും. ജില്ലയുടെ വടക്കൻ മേഖലയിലാണ് ബഹു ഭൂരിപക്ഷം വരുന്ന പീലിംഗ് ഷെഡുകളും

സ്ഥിതി ചെയ്യുന്നത്. കായൽ നിരപ്പിനോളം താഴ്ന്ന ജലാശയങ്ങളുമായി ഇടകലർന്ന് കിടക്കുന്നതുമായ ഈ പ്രദേശത്ത് കുടിവെള്ള ക്ഷാമം അതിരൂക്ഷമാണ്. ഇതിൻ പ്രധാനകാരണം ഇവിടുത്തെ ഭൂഗർഭജലം മലിനപ്പെട്ടിരിക്കുന്നത് കാരണമാണ്. ഈ രീതിയിൽ ജലശ്രോതസുകൾ മലിനപ്പെടുന്നതിൽ ഒരു പങ്ക് ശരിയായ രീതിയിലുള്ള മാലിന്യസംസ്കരണ സംവിധാനങ്ങൾ ഇല്ലാത്ത പീലിംഗ് ഷെഡുകൾക്കുമുണ്ട്. കൂടാതെ ഈ പ്രദേശങ്ങളിൽ അതിരൂക്ഷമായ ദുർഗന്ധം ഉണ്ടാകുന്നതിനും ഇത് കാരണമാകുന്നുണ്ട്. എല്ലാ പീലിംഗ്ഷെഡുകളേയും പി.സി.ബി യുടെ ലൈസൻസിലേക്ക് കൊണ്ടുവരിക, ശരിയായ രീതിയിൽ മാലിന്യസംസ്കരണ സംവിധാനം ഉള്ളവയ്ക്ക് മാത്രം പ്രവർത്തനാനുമതി നൽകുന്ന നടപടി കർശനമായി നടപ്പിലാക്കുക എന്നിവയൊക്കെയാണ് ഈ പ്രശ്നം പരിഹരിക്കുന്നതിന് അഭികാമ്യമായി കാണുന്നത്.

## വിടവുകൾ

ജില്ലയിലെ ജൈവ മാലിന്യ പരിപാലനം ഗാർഹിക തലത്തിൽ 71 ശതമാനം മാത്രമേ ശരിയായ അളവിൽ നടക്കുന്നുള്ളു എന്ന് മുൻ പട്ടികകളിൽ നിന്നും, വിവര വിശകലനത്തിൽ നിന്നും നമുക്ക് മനസിലാക്കാം. ഗാർഹിക തലത്തിൽ ജൈവ മാലിന്യ സംസ്കരണ സംവിധാനങ്ങളുള്ള ഭവനങ്ങൾ., സ്വന്തമായി മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഉള്ള പൌൾട്രി സ്റ്റാളുകൾ, ജില്ലയിൽ ആകെ പ്രവർത്തിക്കുന്ന കമ്മ്യൂണിറ്റി ബയോഗ്യാസ് പ്ലാന്റുകൾ. കമ്മ്യൂണിറ്റി എയ്റോബിക് ബിന്നുകൾ. നല്ലരീതിയിൽ നടപ്പിലാക്കുന്ന ലാന്റ് ഫില്ല് സംവിധാനങ്ങൾ, നല്ല രീതിയിൽ പ്രവർത്തിക്കുന്ന മണ്ണിര, നടേപ് കമ്പോസ്റ്റുകൾ. എന്നിവ പരിശോധിക്കുകയാണെങ്കിൽ ജൈവ മാലിന്യ പരിപാലന സംവിധാനങ്ങളുടെ കാര്യത്തിൽ നാം ഒരുപാട് പിന്നിലാണ് എന്ന് മനസിലാക്കാൻ സാധിക്കും. പ്രധാനപ്പെട്ട വിടവുകൾ ചുവടെ ചേർക്കുന്നു.

- എല്ലാ ഗൃഹങ്ങളിലും ചന്തകളിലും ശരിയായ ജൈവമാലിന്യ സംസ്കരണ സംവിധാനങ്ങൾ ഇല്ല. (കമ്പോസ്റ്റിംഗ് സംവിധാനങ്ങൾ, കിച്ചൺ ബിന്നുകൾ മുതലായവ.
- കമ്മ്യൂണിറ്റിതല ബയോഗ്യാസ് പ്ലാന്റുകൾ, എയ്റോബിക് കമ്പോസ്റ്റിംഗ് സംവിധാനങ്ങൾ എന്നിവ ആവശ്യത്തിന് ഇല്ല / ഫലപ്രദമായി ഉപയോഗിക്കുന്നില്ല.
- സാനിറ്ററി ലാന്റ്ഫിൽ സംവിധാനങ്ങൾ ശരിയായ രീതിയിലല്ല
- ആധുനിക അറവുശാലകൾ ഇല്ല
- എല്ലാ പൌൾട്രി സ്റ്റാളുകൾക്കും മാലിന്യ സംസ്കരണ സംവിധാനം ഇല്ല.

### അജൈവ മാലിന്യ സംസ്കരണം

ജില്ലയിൽ ഉത്പാദിപ്പിക്കപ്പെടുന്ന അജൈവ മാലിന്യങ്ങളിൽ 50 ശതമാനത്തിൽ അധികവും ശരിയായ രീതിയിൽ സംസ്കരിക്കപ്പെടുന്നില്ല എന്നത് തന്നെയാണ്. ജില്ലയിലെ മാലിന്യ സംസ്കരണം രംഗത്ത് ഉള്ള ഏറ്റവും വലിയ വിടവ്.

| ക്രമ നമ്പർ | ആകെ തദ്ദേശ സ്ഥാപനങ്ങൾ | | | ജില്ലയിൽ പ്രവർത്തിക്കുന്ന ആർ.ആർ.എഫ് സംവിധാനങ്ങളുടെ എണ്ണം | | | ആകെ |
|---|---|---|---|---|---|---|---|
| | നഗരസഭ | ഗ്രാമ പഞ്ചായത്ത് | ബ്ലോക്ക് പഞ്ചായത്ത് | ഗ്രാമ പ്രദേശം | നഗര പ്രദേശം | ബ്ലോക്ക് പഞ്ചായത്ത് | ആർ. ആർ. എഫ് |
| 1 | 6 | 72 | 12 | 1 | 2 | 0 | 3 |

| ക്രമ നമ്പർ | ആകെ തദ്ദേശ സ്ഥാപനങ്ങൾ | | | ജില്ലയിൽ പ്രവർത്തിക്കുന്ന എം.സി.എഫ് സംവിധാനങ്ങളുടെ എണ്ണം | | | ആകെ |
|---|---|---|---|---|---|---|---|
| | നഗരസഭ | ഗ്രാമ പഞ്ചായത്ത് | ബ്ലോക്ക് പഞ്ചായത്ത് | ഗ്രാമ പ്രദേശം | നഗര പ്രദേശം | ബ്ലോക്ക് പഞ്ചായത്ത് | എം. സി.എഫ് |
| 1 | 6 | 72 | 12 | 3 | 10 | 2 | 15 |

| ക്രമ നമ്പർ | ആകെ തദ്ദേശ സ്ഥാപനങ്ങൾ | | | ജില്ലയിൽ പ്രവർത്തിക്കുന്ന എയറോബിക് / ഇമ്മൂർമുഴി സംവിധാനങ്ങളുടെ എണ്ണം | | | ആകെ |
|---|---|---|---|---|---|---|---|
| | നഗരസഭ | ഗ്രാമ പഞ്ചായത്ത് | ബ്ലോക്ക് പഞ്ചായത്ത് | ഗ്രാമ പ്രദേശം | നഗര പ്രദേശം | ബ്ലോക്ക് പഞ്ചായത്ത് | എയറോബിക് / ഇമ്മൂർ മുഴി |
| 1 | 6 | 72 | 12 | 29 | 10 | 1 | 40 |

മേൽ കൊടുത്തിരിക്കുന്ന പട്ടിക പരിശോധിച്ചാൽ മാലിന്യ സംസ്കരണ സംവിധാനങ്ങളുടെ കാര്യത്തിൽ വലിയ വിടവുള്ളതായി കാണുവാൻ സാധിക്കും. കുറഞ്ഞത് ഒരു നഗരസഭയിൽ 1, ഒരു ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ 1, എന്ന നിലയിൽ 18 റിസോഴ്സ് റിക്കവറി ഫെസിലിറ്റി സെന്ററുകൾ ആവശ്യമായ സ്ഥാനത്ത് 3 ആർ.ആർ.എഫ് കൾ മാത്രമാണ് ജില്ലയിൽ പ്രവർത്തിക്കുന്നത്. അതുപോലെ തന്നെ മെറ്റീരിയൽ കളക്ഷൻ സെന്ററിന്റെ (എം.സി.സി) കാര്യത്തിലും ആവശ്യമായ എണ്ണത്തിലും എത്രയോ കുറവാണ് നിലവിൽ ഉള്ളത് എന്നും പട്ടികയിൽ നിന്നും വ്യക്തമാക്കുന്നുണ്ട്. നഗരസഭകളിൽ കുറഞ്ഞത് 5ൽ അധികവും, ഓരോ പഞ്ചായത്തിനും മെറ്റീരിയിൽ കളക്ഷൻ സെന്ററുകൾ ആവശ്യമാണ്. എല്ലാ നഗരസഭകളും ഏകദേശം എല്ലാ ബ്ലോക്ക് പഞ്ചായത്തുകളും റിസോഴ്സ് റിക്കവറി ഫെസിലിറ്റി സെന്റർ നിർമ്മാണം പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നതും കുറെ അധികം പഞ്ചായത്തുകൾ എം.സി.സി പ്രോജക്ടിൽ അജൈവ മാലിന്യ ഉത്പാദനം കുറയ്ക്കുന്നതിൽ വളരെ പ്രാധാന്യമുള്ള ഒരു നടപടിയാണ് ഗ്രീൻ പ്രോട്ടോകോൾ എന്നത്. എന്നാൽ വിരലിൽ എണ്ണാവുന്ന തദ്ദേശ സ്ഥാപനങ്ങൾ മാത്രമാണ് കർശനമായി ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കിയതെന്ന് പട്ടിക പരിശോധിച്ചാൽ മനസിലാക്കാം. ഈ കാര്യത്തിലും വളരെ പ്രാധാന്യത്തോടെ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

ഹൗസ് ബോട്ടുമായി ബന്ധപ്പെട്ട് ഉണ്ടാവുന്ന കക്കൂസ് മാലിന്യങ്ങൾ സംസ്കരിക്കാനുള്ള ഒരു സെപ്റ്റേജ് ട്രീറ്റ്മെന്റ് ജില്ലയിൽ ഉണ്ട് എന്നല്ലാതെ ജില്ലയിലെ കക്കൂസ് മാലിന്യ സംസ്കരണത്തിൻ മറ്റ് സംവിധാനങ്ങൾ ഒന്നും തന്നെയില്ല. ജില്ലയിൽ വലിയ രീതിയിലുള്ള മാലിന്യ പ്രശ്നങ്ങൾക്ക് ഇത് കാരണമാവുന്നുണ്ട്.

| ക്രമ നമ്പർ | ജില്ലയിൽ നിലവിലുള്ള സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ് | ജില്ലയിലെ തദ്ദേശ സ്ഥാപനങ്ങൾ | |
|---|---|---|---|
| | | നഗരസഭകൾ | ഗ്രാമപഞ്ചായത്തുകൾ |
| 1 | 1 | 6 | 72 |

നിലവിൽ കക്കൂസ് മാലിന്യം സ്വകാര്യ ഏജൻസികളെ ഉപയോഗപ്പെടുത്തി വീടുകളിൽ നിന്നും സ്ഥാപനതലത്തിലും നീക്കം ചെയ്യുന്ന രീതി കൂടുതലായി കാണുന്നെങ്കിലും ഇതിന്റെ സംസ്കരണത്തിന് ആവശ്യമായത്ര എസ്.റ്റി.പി ഇല്ലാത്തത് ഇത് തെറ്റായ രീതിയിൽ കൈകാര്യം ചെയ്യുന്നതിലേക്ക് കാര്യങ്ങൾ എത്തിക്കുന്നു. മതിയായ കപ്പാസിറ്റിയോട് കൂടിയ സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ് ജില്ലയിൽ അത്യന്താപേക്ഷിതമാണ്.

ഹൗസ് ബോട്ടുകളിലെ സെപ്റ്റിക് ടാങ്ക് മാലിന്യ സംസ്കരണം എന്നത് ജില്ലയിൽ വലിയൊരു വെല്ലുവിളിയായിരിക്കുകയാണ്. നിലവിൽ ഹൗസ് ബോട്ടുകൾക്കായി ഒരു സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ് ആണ് നിലവിലുള്ളത്. നിലവിൽ 700 ഓളം രജിസ്റ്റേർഡ് ഹൗസ് ബോട്ടുകൾ ആലപ്പുഴയിൽ ഉണ്ട്. എന്നാൽ രജിസ്ട്രേഷൻ ചെയ്യാത്ത ഹൗസ് ബോട്ടുകൾ ഉൾപ്പെടെ 1000-ത്തിൽ അധികം ഹൗസ് ബോട്ട് ആലപ്പുഴയിൽ ഉണ്ടെന്നാണ് കണക്കാക്കുന്നത്. അതുകൊണ്ട് തന്നെ നിലവിലുള്ള സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ് അപര്യാപ്തമാണ്. ഇത് വൻതോതിലുള്ള കായൽ മലിനീകരണത്തിന് കാരണമായിരിക്കുകയാണ്. ഈ കാര്യത്തിൽ താഴെ പറയുന്ന കാര്യങ്ങൾ ആവശ്യമാണ്. ഹൗസ് ബോട്ടുകളിലെ സെപ്റ്റിക് ടാങ്ക് മാലിന്യം സംസ്കരിക്കാൻ കൂടുതലായി സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ നിർമ്മിക്കുക.


സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നഗരത്തോട് കൂടുതൽ അടുത്ത് സ്ഥിതി ചെയ്യുന്ന സ്ഥലത്ത് സ്ഥാപിക്കുക. ദൂരകൂടുതൽ നിമിത്തം ഹൗസ് ബോട്ടുകൾ സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ എത്താത്ത സ്ഥിതി ഇതിലൂടെ ഒഴിവാക്കാനാകും.

ജില്ലയുടെ പൊതുവായ അവസ്ഥ പരിശോധിച്ചാൽ, സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സൗകര്യം ഉള്ള ആശുപത്രികൾ വളരെ കുറവാണ്. ജില്ലയിലെ പീലിംഗ് ഷെഡുകളിലെ മലിന ജലം പരിഹരിക്കാൻ കേന്ദ്രീകൃതമായ സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ ഏറെ ഗുണപ്രദമാണ്. എന്നാൽ ജില്ലയിൽ ഇത്തരത്തിലുള്ള സംവിധാനങ്ങൾ ഒന്നുംതന്നെയില്ല. അതേപോലെ തന്നെ ജില്ലയിലെ ഓടകളിൽ നിന്നുള്ള മലിനജലം അതേപടി കനാലുകളിലേക്കും മറ്റ് ജല സ്രോതസ്സുകളിലേക്കും ഒഴുകുന്ന സ്ഥതിവിശേഷമാണ് നിലവിൽ കാണുന്നത്. കേന്ദ്രീകൃതമായ സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സംവിധാനം ഒരുക്കുന്നതിലൂടെ ഈ സ്ഥിതിവിശേഷം ഒഴിവാക്കാൻ സാധിക്കും. എന്നാൽ ജില്ലയിൽ ഈ രീതിയിലുള്ള സംവിധാനങ്ങൾ ഒന്നും നിലവിൽ ഇല്ലെന്നത് വലിയ വിടവായി നിലനിൽക്കുന്നു. പ്രധാനമായും താഴെ പറയുന്ന രീതിയിലുള്ള വിടവ് നികത്തൽ ആവശ്യമാണ്.


- താലൂക്ക് ആശുപത്രി മുതൽ മുകളിലേക്കുള്ള എല്ലാ ആശുപത്രികളിലും സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ
- പീലിംഗ് ഷെഡുകളിലെ മലിനജലം ശുദ്ധീകരിക്കാനാവശ്യമായ കേന്ദ്രീകൃത സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ
- ഓടകളിലെ മലിനജലം ശുദ്ധീകരിക്കാൻ കുറഞ്ഞത് നഗരസഭകളിലെങ്കിലും സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ

## സ്ഥലപരാസൂത്രണം


**Resource Recovery Centres (Fig. 1)**



**Material Collection Centres (Fig.2)**



**Aerobic Compost Unit Centres (Community Level) (Fig. 3)**



## കാഴ്ചപ്പാട്

നഗര പ്രദേശങ്ങളിൽ മാലിന്യ സംസ്കരണങ്ങളിലെ പോരായ്മകൾ പരിഹരിച്ചാൽ വിജയകരമാക്കാവുന്നതാണ്. തങ്ങളുടെ മാലിന്യം സംസ്കരിക്കേണ്ടത് തങ്ങളുടെ തന്നെ ഉത്തരവാദിത്ത്വമാണ് എന്ന തത്വത്തിലൂന്നി നിന്നുകൊണ്ടുള്ള ഉത്തരവാദിത്തം പൊതുജന പങ്കാളിത്ത മാലിന്യ സംസ്കരണമാർഗ്ഗമാണ് നാം ലക്ഷ്യമിടുന്നത്. അഴുകുന്ന ജൈവ മാലിന്യങ്ങൾ വീടുകളിൽ (ഉറവിടത്തിൽ) തന്നെ സംസ്കരിക്കുകയും അജൈവ മാലിന്യങ്ങൾ വേർതിരിച്ച് മെറ്റീരിയൽ കളക്ഷൻ സെന്ററിൽ ശേഖരിച്ച് പുനരുത്പാദനത്തിനോ ശാസ്ത്രീയ സംസ്കരണത്തിനോ അവസരമൊരുക്കുകയും ചെയ്യുക. പ്ലാസ്റ്റിക്കുകൾ, ഇ-വേസ്റ്റുകൾ, അപായകരമായ മാലിന്യങ്ങൾ (ബാറ്ററികൾ, പിക്ചർട്യൂബ്, സി.എഫ്.ഐ. ലാമ്പ് മുതലായവ) എന്നിവ ഇത്തരത്തിൽ കൈകാര്യം ചെയ്യാവുന്നതാണ്. മാലിന്യം വിഭവമാണ് എന്ന കാഴ്ചപ്പാടിൽ ഊന്നി നിന്നുകൊണ്ട് സീറോ വേസ്റ്റ് ആലപ്പുഴ എന്ന ലക്ഷ്യമാണ് നാം വിഭാവനം ചെയ്യുന്നത്.

മാർക്കറ്റുകൾ, പൊതുസ്ഥലങ്ങൾ, വ്യാപാര സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ മാലിന്യ സംസ്കരണത്തിൻ പൊതു സംസ്കരണ കേന്ദ്രങ്ങൾ ഒരുക്കുകയും ശാസ്ത്രീയവും കുറ്റമറ്റതുമായ രീതിയിൽ പരിപാലനം നടത്തേണ്ടതുമുണ്ട്. ആലപ്പുഴ നഗരത്തിൽ വിജയകരമായി നടന്നുകൊണ്ടിരിക്കുന്ന തുമ്പൂർമുഴി മോഡൽ കൂടുതൽ പ്രോത്സാഹിപ്പിക്കപ്പെടേണ്ടതുണ്ട്.

ശാസ്ത്രീയ അറവു ശാലയില്ലാത്തതും സെപ്റ്റേജ് മാലിന്യസംസ്കരണ കേന്ദ്രമില്ലാത്തതും ആലപ്പുഴയുടെ വലിയ പോരായ്മയാണ്. ജലാശയങ്ങളിലും പൊതുനിരത്തുകൾക്ക് അരികിലും ജനവാസ കേന്ദ്രങ്ങൾക്ക് സമീപവും വരെ ഇവകൊണ്ടുവന്നു തള്ളുന്നു. സാമൂഹ്യവും ആരോഗ്യപരവും ക്രമസമാധാനപരവുമായ പ്രശ്നങ്ങൾക്ക് ഇവ കാരണമാകുന്നു. ശാസ്ത്രീയ അറവുശാലയൊരുക്കേണ്ടതും സെപ്റ്റേജ് മാലിന്യ സംസ്കരണ കേന്ദ്രം ഉണ്ടാവേണ്ടതും ജില്ലാതല ലക്ഷ്യങ്ങളിൽപ്പെടുന്നു.

ലോക ശ്രദ്ധയാകർഷിക്കുന്ന വിനോദസഞ്ചാര കേന്ദ്രമായ ആലപ്പുഴയിൽ, ശുചിത്വമില്ലായ്മ വിനോദസഞ്ചാരമേഖലയുടെ പ്രതിച്ഛായയ്ക്ക് മങ്ങലേല്പിക്കുന്നു. വിനോദ സഞ്ചാര കേന്ദ്രങ്ങൾ ശുചിത്വപൂർണ്ണമാക്കുന്നതിനും, ഹൌസ് ബോട്ടുകൾ സൃഷ്ടിക്കുന്ന കായൽ മലിനീകരണത്തിനും ഫലപ്രദമായ മാർഗ്ഗങ്ങൾ കണ്ടേത്തേണ്ടിയിരിക്കുന്നു. പ്രകൃതി സൌഹൃദ ടൂറിസത്തിനാവണം ഊന്നൽ നൽകേണ്ടത്. ഇവിടെ മാലിന്യ സംസ്കരണത്തിൽ ബോധവത്ക്കരണവും നൂതന സാങ്കേതിക വിദ്യയുടെ പ്രയോഗവും ആവശ്യമാണ്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിലും ഉത്തരവാദിത്വത്തിലും പൊതുജനപങ്കാളിത്തത്തിലുമൂന്നിയുള്ള ഉത്തരവാദിത്വ മാലിന്യ സംസ്കരണ രീതിയാണ് ജില്ലയിൽ നാം ലക്ഷ്യമിടുന്നത്. ഓരോ വീടും വൃത്തിയാക്കുന്നതിലൂടെ ഓരോ തദ്ദേശ സ്ഥാപനവും വൃത്തിയാക്കുകയും ഓരോ തദ്ദേശ സ്ഥാപനവും വൃത്തിയാക്കുന്നതിലൂടെ ജില്ലയെ തന്നെ പരിപൂർണ്ണ ശുചിത്വത്തിലേക്കെത്തിക്കുക എന്നതാണ് നമ്മുടെ പരമമായ ലക്ഷ്യം.

Ramsar site ന്റെ സംരക്ഷണത്തിന് ഏറെ പ്രാധാന്യം നൽകിക്കൊണ്ട് പദ്ധതികൾ ഏറ്റെടുക്കേണ്ടത് നീർത്തട സംരക്ഷണത്തിനും ജീവന്റെ നിലനിൽപ്പിനും അത്യന്താപേക്ഷിതമാണ്.

## ജില്ലാതല മുൻഗണനകൾ

ആലപ്പുഴയുടെ സവിശേഷതകൾ മുന്നിൽ കണ്ടുകൊണ്ടുള്ള മാലിന്യ സംസ്കരണ മുനഗണനകൾ ചുവടെ ചേർക്കുന്നു.

- ഗാർഹിക മാലിന്യ സംസ്കരണ മാർഗ്ഗങ്ങൾ (ജൈവമാലിന്യം) മുൻ തൂക്കം നല്കുക - ഉറവിടമാലിന്യ സംസ്കരണം
- മാർക്കറ്റുകളിലെ ജൈവമാലിന്യ സംസ്കരണത്തിന് പൊതു മാലിന്യ സംസ്കരണ കേന്ദ്രങ്ങൾ പിരമിതമായെങ്കിലുമുണ്ടെങ്കിലും അജൈവ മാലിന്യ സംസ്കരണത്തിന് നിലവിൽ യാതൊരുസംവിധാനവുമില്ല. ഇതിനുള്ള സൌകര്യമൊരുക്കേണ്ടതുണ്ട്.
- അറവുമാലിന്യ സംസ്കരണം ശാസ്ത്രീയ അറവുശാലയൊരുക്കുക. അറവുമാലിന്യ സംസ്കരണം ശരിയായ രീതിയിൽ നടപ്പിലാക്കുക
- സെപ്റ്റേജ് ട്രീറ്റ്മെന്റ് കേന്ദ്രം സ്ഥാപിക്കുക ആലപ്പുഴയിലെ 96 ശതമാനം ജലാശയങ്ങളിലും, കുടിവെള്ള സ്രോതസ്സുകളിലും കോളിഫോം ബാക്ടീരിയയുടെ അളവ് അനുവദനീയമായതിലും പതിന്മടങ്ങ് വർദ്ധിച്ചതോതിലായതിനാൽ അടിയന്തിര പ്രാധാന്യമർഹിക്കുന്നു.
- കൂട്ടനാടിനുള്ള സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ് പുതിയ കാഴ്ചപ്പാടും സാങ്കേതിക വിദ്യയും ഇവിടെ അനിവാര്യമാണ്. വെള്ളപ്പൊക്കത്തിൽ കക്കൂസ് മാലിന്യം ഒഴുകിപരക്കുന്നതിനാൽ ഇവിടേയ്ക്ക് പുത്തൻ സാങ്കേതികത്വം കണ്ടെത്തി പരിപോഷിപ്പിക്കേണ്ടിയിരിക്കുന്നു.
- പ്ലാസ്റ്റിക്, ഇ - വേസ്റ്റ് ഇവ ശേഖരിയ്ക്കുന്നതിന് ബൃഹിമുട്ടുകളില്ല. ഇവശേഖരിക്കുന്നതിനുള്ള മനുഷ്യവിഭവശേഷിയൊരുക്കുകയും എം.സി.എഫ്, എം.ആർ.എഫ് ഇവയിലേക്കുള്ള മേൽപ്പറഞ്ഞ മാലിന്യങ്ങളുടെ വരവും സംസ്കരണ കേന്ദ്രത്തിലേക്കെത്തിക്കുന്നതും സുഗമമാക്കുക.
- കുടിവെള്ളത്തിലെ കോളിഫോം ബാക്ടീരിയയുടെ ആധിക്യം നിർമ്മാർജ്ജനം ചെയ്യുന്നതിന് ജലശുദ്ധീകരണ പ്രക്രിയകൾ മതിയായ തോതിൽ സ്ഥാപിക്കേണ്ടതുണ്ട്.
- അനിയന്ത്രിതമായ തോതിലുള്ള ഹൌസ് ബോട്ടുകൾ സൃഷ്ടിക്കുന്ന മാലിന്യപ്രശ്നങ്ങൾ നിയന്ത്രിക്കേണ്ടതുണ്ട്. ഇവയെ നിയന്ത്രിക്കേണ്ടതും പ്രത്യേക മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഒരുക്കേണ്ടതുമുണ്ട്.
- ജില്ലയിലെ 72 പഞ്ചായത്തുകളിലും എം.സി.സി. കൾ തുടങ്ങുക. അനുബന്ധമായി 12 ബ്ലോക്കുകളിലും ആർ.ആർ.എഫ് കേന്ദ്രങ്ങളും ആരംഭിക്കുക. ഇവയുടെ കൃത്യമായ പ്രവർത്തനത്തിലൂടെ അജൈവ മാലിന്യ സംസ്കരണ രംഗത്ത് മികച്ച രീതിയിൽ മുന്നേറുവാൻ സാധിക്കും.

ആലപ്പുഴ നഗരസഭ ഗാർഹിക ജൈവ മാലിന്യം, ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിന് പ്രാധാന്യം നൽകി നടപ്പിലാക്കിയ പദ്ധതിയാണ് നിർമ്മല ഭവനം. നിർമ്മല നഗരം പദ്ധതി മികച്ച പദ്ധതിയെന്നോടൊപ്പം രാജ്യത്തിന് തന്നെ മാതൃകയാണ്.

ജൈവ മാലിന്യസംസ്കരണ രംഗത്ത് ആലപ്പുഴ നഗരസഭയുടെ മുഖമുദ്രയാണ്, നഗരത്തിൽ അങ്ങോളമിങ്ങോളം കാണുന്ന ജൈവ മാലിന്യ സംസ്കരണ സംവിധാനമായ ത്രുമ്പർമുഴി ഐയ്റോബിക് പ്ലാന്റുകൾ, നിർമ്മല ഭവനം-നിർമ്മല നഗരം പദ്ധതിയോട് ചേർന്ന്, പ്രസ്തുത ത്രുമ്പർമുഴി എയ്റോബിക് പ്ലാന്റുകൾ ജൈവ മാലിന്യസംസ്കരണ രംഗത്ത് ആലപ്പുഴ നഗരസഭയെ ഉന്നതിയിലെത്തുന്നതിന് സഹായിച്ചു. ഗാർഹിക തലത്തിൽ മറ്റും ഉത്പാദിപ്പിക്കപ്പെടുന്ന ജൈവ മാലിന്യങ്ങൾ, പൊതു ജനങ്ങൾ കൃത്യമായി വേർതിരിച്ച് പ്രസ്തുത പ്ലാന്റുകളിൽ എത്തിക്കുകയാണ് ചെയ്യുന്നത്. ഈ സംവിധാനങ്ങളുടെ വിജയം പരിശോധിച്ചാൽ താഴെ പറയുന്ന കാരണങ്ങൾ ആണ് പ്രധാനമായും കാണാൻ സാധിക്കുന്നത്.

- **ജനങ്ങളുടെ സഹകരണം** - കൃത്യമായി ജൈവ - അജൈവ മാലിന്യങ്ങൾ തരംതിരിച്ച്, ജൈവമാലിന്യം കൃത്യമായി എത്തിക്കുന്നു.
- സംവിധാനങ്ങളുടെ ശരിയായ പരിപാലനം - ഓരോ സ്ഥലത്തെയും ത്രുമ്പർമുഴി പ്ലാന്റുകൾ പ്രവർത്തിപ്പിക്കാൻ നഗരസഭ ജീവനക്കാരെ നിയോഗിച്ചിട്ടുണ്ട്.
- ജന പ്രതിനിധികളുടെ കൃത്യമായ ഇടപെടൽ - പ്രസ്തുത പ്ലാന്റുകൾ പ്രവർത്തന വിജയം കൈവരിക്കുന്നതിനും, ജനകീയ സ്വീകാര്യത ഉണ്ടാക്കുന്നതിനും, ലോകത്തിന് മുൻപിൽ അവതരിപ്പിക്കുന്നതിനും സ്ഥലം എം.എൽ.എ കൂടിയായ ബഹു മന്ത്രി. ഡോ. തോമസ് ഐസക്ക്, കൂടാതെ ആലപ്പുഴ നഗരസഭാ അധികാരികൾ എന്നിവരുടെ ഇടപെടലുകളും പ്രവർത്തനങ്ങളും ശ്ലാഘനീയമാണ്.
- കൃത്യമായ ബോധവത്ക്കരണ പ്രവർത്തനങ്ങൾ- ശുചിത്വമിഷൻ, ഹരിത കേരളം മിഷൻ, ജനമൈത്രിപോലീസ് വിവിധ റെസിഡൻസ് അസോസിയേഷൻ എന്നിവയുടെ നേതൃത്വത്തിൽ കൃത്യമായ ബോധവത്ക്കരണ പ്രവർത്തനങ്ങൾ ജനങ്ങൾക്കിടയിൽ നടക്കുന്നു.




**എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റ്,** ആലപ്പുഴ നഗരസഭ

മാലിന്യ സംസ്കരണത്തിന് Reduce, Re-Use, Recycle എന്നീ മൂന്ന് തത്വങ്ങളാണ് ലോകമെമ്പാടും അനുവർത്തിച്ചുവരുന്നത്. പ്ലാസ്റ്റിക്കുകൾ മണ്ണ്, ജലം, എന്നിവയുമായി കലരുന്നതും മത്സ്യങ്ങൾ, വളർത്തുമൃഗങ്ങൾ, വന്യജീവികൾ എന്നിവ ആഹരിക്കുന്നതും ഇന്ന് പതിവുകാഴ്ചയാണ്. മണ്ണ്, ജലം, ജൈവസമ്പത്ത് എന്നിവയുടെ നാശത്തിന് കാരണമാകുന്ന ഈ വിപത്ത് ഒഴിവാക്കാൻ അനുയോജ്യമായ സംസ്കരണ രീതിയാണ് റിസോഴ്സ് റിക്കവറി സെൻറുകൾ വഴി റീസൈക്കിളിങ്ങിന് ഉപയോഗിക്കുന്നതും റോഡ് നിർമ്മാണത്തിന് ഉപയോഗിക്കുന്നതും.

ആലപ്പുഴ - വണ്ടാനം മെഡിക്കൽ കോളേജ് ആശുപത്രിയിലെ ബാർക്ക് മോഡൽ ബയോഗ്യാസ് പ്ലാന്റ് പ്രവർത്തന വിജയത്തിന് മികച്ച ഉദാഹരണമാണ്. ആശുപത്രിയിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന ജൈവമാലിന്യങ്ങൾ ശരിയായ രീതിയിൽ സംസ്കരിക്കുന്നതിന് വളരെ പ്രയോജനകരമാണ് നിലവിൽ പ്രവർത്തിക്കുന്ന ബാർക്ക് മോഡൽ ബയോഗ്യാസ് പ്ലാന്റ്.

ചേർത്തല താലൂക്ക് ആശുപത്രിയിൽ സ്ഥാപിച്ച സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നല്ലരീതിയിൽ പ്രവർത്തനം നടക്കുന്നു. എൻ.എച്ച്.എം. മുഖേന 3 വർഷം മുൻപാണ് നിർമ്മാണം നടത്തിയത്. ഡെയ്ലി മെയ്ൻറനൻസ് ഒരു പ്രൈവറ്റ് ഏജൻസിയ്ക്ക് വാടകയ്ക്ക് കൊടുത്താണ് പദ്ധതി സുഗമമായി നടത്തുന്നത്.

ഹൗസ് ബോട്ടിലെ കക്കൂസ് മാലിന്യം സംസ്കരിക്കുന്നതിലേയ്ക്ക് ഡി.റ്റി.പി.സി. യുടെ നേതൃത്വത്തിൽ ട്രീറ്റ്മെന്റ് പ്ലാന്റ് നീലംപേരൂർ പഞ്ചായത്തിലെ എച്ച്-ബ്ലോക്കിൽ സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ ഹൗസ് ബോട്ട് സ്റ്റേ ഗ്രൗണ്ടിൽ നിന്നും ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിച്ചിരിക്കുന്നതിലേയ്ക്ക് ദൂരം കൂടുതൽ ഉള്ളതിനാൽ ഹൗസ് ബോട്ടുകൾ ഇത് ഫലപ്രദമായി ഉപയോഗിക്കാത്തത് ഒരു പോരായ്മയാണ്.

ഗാർഹിക ഉപഭോക്താക്കൾക്ക് പുറമേ ഹോട്ടലുകൾ കോൺവൻറുകൾ, ഹോസ്റ്റലുകൾ ഹോസ്പിറ്റലുകൾ എന്നിവിടങ്ങളിൽ നിലവിലുള്ള പൈപ്പിംങ് സിസ്റ്റത്തിൽ നിന്നുകൊണ്ടുതന്നെ കക്കൂസ് ബന്ധിത ബയോഗ്യാസ് പ്ലാൻറിലേക്ക് മാലിന്യം / വിസർജ്ജം കടത്തിവിടാവുന്നതാണ്. ടി പ്ലാൻറിലേക്ക് കക്കൂസ് മാലിന്യത്തിൻ പുറമേ മറ്റ് ജൈവമാലിന്യങ്ങൾ നിക്ഷേപിക്കുവാനുള്ള സൗകര്യവും ഇതിനോടനുബന്ധിച്ച് ഉണ്ടായിരിക്കുന്നതാണ്.

ഖരമാലിന്യം ശ്രദ്ധമായി സംസ്കരിക്കപ്പെടുന്നതുപോലെ തന്നെ ശേഷിക്കുന്ന സ്ലറി ബയോഗ്യാസ് പ്ലാൻറിൽ നിന്നും നേരിട്ട് സെപ്റ്റിക് ടാങ്ക് സോക്ക്പിറ്റ് സംവിധാനം വഴി ശ്രദ്ധീകരിച്ചു സംസ്കരിക്കുന്നു. അഞ്ച് അംഗങ്ങൾ ഉൾപ്പെടുന്ന ഒരു കുടുംബത്തിൻ 2 $m^3$ ശേഷിയുള്ള പ്ലാൻറും മറ്റ് വിഭാഗങ്ങൾക്ക് കക്കൂസിന്റെ / ഉപഭോക്താക്കളുടെ എണ്ണത്തിന് അനുസൃതമായി വലിയ കപ്പാസിറ്റിയിലുള്ള പ്ലാന്റുകളും സ്ഥാപിക്കേണ്ടതാണ്. അനയ്റോബിക് ബാക്ടീരിയകളുടെ സഹായത്താൽ പ്രവർത്തിക്കുന്നതിനാൽ ഹാർപിക് പോലുള്ള ആസിഡ് കലർന്ന അണുനാശിനികൾ ഉപയോഗിക്കാൻ പാടുള്ളതല്ല.

കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി രണ്ട് ബയോ ടോയലറ്റ് ചമ്പക്കുളം ബ്ലോക്കിലെ കൈനകരി, ചമ്പക്കുളം പഞ്ചായത്തുകളിലായി സ്ഥാപിച്ചു. ഒരെണ്ണം എയ്റോബിക് ടെക്നോളജിയും, ഒരെണ്ണം ആൻഎയ്റോബിക് ടെക്നോളജിയും ആയിട്ടാണ് പൂർത്തീകരിച്ചത്. ചമ്പക്കുളം പഞ്ചായത്തിലെ വീട്ടിൽ സ്ഥാപിച്ച ടോയലറ്റ് നല്ല രീതിയിൽ പ്രവർത്തനം നടത്തുന്നു. എന്നാൽ കൈനകരിയിൽ സ്ഥാപിച്ച ടോയലറ്റ് ടാങ്കിലെ ലീക്കുകാരണം പ്രവർത്തനം

നടക്കുന്നില്ല. നിർമ്മാണത്തിൽ വന്ന അപാകതയാണ് പ്രശ്നമെന്ന് നിരീക്ഷണത്തിൽ മനസ്സിലാക്കാൻ സാധിച്ചത്.

ആധുനിക ഗ്യാസ് ക്രിമറ്റോറിയം ആലപ്പുഴ നഗരസഭ, മാവേലിക്കര നഗരസഭ, അരൂർ പഞ്ചായത്ത് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന ഗ്യാസ് ക്രിമറ്റോറിയ വിജയ മാതൃക അനുസരിച്ച് മറ്റ് നഗരസഭകളിലും പഞ്ചായത്തുകളിലും KIIFBI വഴി പദ്ധതി ഏറ്റെടുക്കാവുന്നതാണ്.

## പൊതുവായ പ്രശ്നങ്ങൾ

- സ്ഥല പരിമിതി മൂലം മതിയായ പബ്ലിക് ടോയ് ലറ്റുകളുടെ നിർമ്മാണം സാധിക്കുന്നില്ല.
- മാർക്കറ്റുകളിൽ മാലിന്യം സംസ്കരിക്കുന്നതിന് മതിയായ സൗകര്യങ്ങളില്ല.
- കായംകുളം, കുട്ടനാട്, ചേർത്തല, ആലപ്പുഴ ബീച്ച്, സിവിൽസ്റ്റേഷനുകൾ തുടങ്ങി വിവിധ സർക്കാർ ഓഫീസുകളിൽ മാലിന്യ സംസ്കരണത്തിന് മതിയായ സൗകര്യങ്ങളില്ല.
- തൊഴിൽ ഇടങ്ങളിൽ / സ്ഥാപനങ്ങളിൽ ജീവനക്കാർക്ക് ആവശ്യത്തിന് ടോയ് ലറ്റ് സൗകര്യങ്ങൾ ഒരുക്കുന്നതിന് ഉടമകൾ തയ്യാറാകുന്നില്ല.
- കക്കൂസ് മാലിന്യവും അറവുമാലിന്യങ്ങളും തോടുകളിലും കനാലുകളിലും റോഡുകളിലും രാത്രികാലങ്ങളിൽ തള്ളുന്നു.
- ഗ്രാമപഞ്ചായത്തുകളിൽ എയ്റോബിക് കമ്പോസ്റ്റ് സ്ഥാപിയ്ക്കാൻ, ഓപ്പറേഷൻ മെയിന്റനൻസ് എന്നിവയ്ക്ക് കണ്ടിജന്റ് ജീവനക്കാരെ നിയമിക്കുന്നതിൽ പ്രായോഗിക ബുദ്ധിമുട്ടുകളുണ്ട്.
- ആലപ്പുഴ കാക്കാഴത്തെ കാപ്പിത്തോട് മലിനീകരണം സ്കൂൾകുട്ടികൾക്ക് പ്രശ്നമുണ്ടാക്കുന്നു.
- അരൂർ – എഴുപുന്ന മേഖലകളിൽ മത്സ്യ സംസ്കരണ സ്ഥാപനങ്ങൾ നടത്തുന്ന മലിനീകരണം നിരന്തരം പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.

## സംയോജന / ഏകോപന സാദ്ധ്യതകൾ

- മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ പദ്ധതിയുമായി സംയോജിപ്പിച്ചുകൊണ്ട് ഓരോ ഭവനങ്ങളിലും ജൈവമാലിന്യ സംസ്കരണത്തിനായി വളക്കുഴികൾ നിർമ്മിച്ചു നല്കുക.
- സ്കൂളുകളിൽ ടോയ് ലറ്റുകൾ നിർമ്മിച്ചു നല്കുന്നതിനായി എസ്.എസ്.എ.യുമായി യോജിച്ചുകൊണ്ടുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുക.
- വിനോദ സഞ്ചാര വകുപ്പുമായി സംയോജിപ്പിച്ചുകൊണ്ട് ഹരിത ടൂറിസം പദ്ധതി നടപ്പിലാക്കാവുന്നതാണ്
- വിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ചുകൊണ്ട് വിദ്യാർത്ഥികളിലും പൊതുജനങ്ങളിലും ശുചിത്വബോധവും മാലിന്യസംസ്കരണ മാർഗ്ഗങ്ങൾ പരിചയപ്പെടുത്തുന്നതിനുമുള്ള ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തുക
- കൃഷിവകുപ്പുമായി സംയോജിച്ചുകൊണ്ട് ജൈവമാലിന്യ സംസ്കരണത്തിലൂടെ ലഭിയ്ക്കുന്ന കമ്പോസ്റ്റ് ഉപയോഗിച്ച് ജൈവകൃഷി നടത്തുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുക

- ടൂറിസം വകുപ്പുമായി ചേർന്നുകൊണ്ട് കായൽ മലിനീകരണവും മറ്റ പാരിസ്ഥിതിക പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന ജൈവ അജൈവ മാലിന്യ സംസ്കരണത്തിനുമുള്ള മാർഗ്ഗങ്ങൾ സ്വീകരിയ്ക്കുക.
- വിനോദ സഞ്ചാരികൾക്കിടയിൽ ഹരിത ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനായി ബോധവത്കരണ പ്രചാരണ പ്രവർത്തനങ്ങൾ നടത്തുക.
- വിദ്യുച്ഛക്തി വകുപ്പുമായി ചേർന്നുകൊണ്ട് സി.എഫ്.എൽ ലാമ്പ്, ട്യൂബ് ലൈറ്റ് ഇവയുടെ ഉപയോഗം ഘട്ടംഘട്ടമായി കുറച്ച് കൊണ്ടുവന്ന് LED യുടെ ഉപയോഗം വർദ്ധിപ്പിക്കുക. ഇ- വേസ്റ്റുകൾ കുറയ്ക്കുന്നതിനും ശാസ്ത്രീയ സംസ്കരണത്തിനുമുള്ള സംവിധാനമൊരുക്കുക

## പദ്ധതി നിർദ്ദേശങ്ങൾ

### മേൽത്തട്ട്

- സംസ്ഥാനതലത്തിൽ നിയമവകുപ്പും വിവിധ വകുപ്പുകളുമായി കൂടി ആലോചിച്ച് നിലവിലെ നീയമത്തിൽ പോരായ്മകൾ ഉണ്ടെങ്കിൽ അത പരിഹരിക്കുകയും ചട്ടങ്ങൾ രൂപീകരിക്കുകയും വേണം.
- Ramsar site – വേമ്പനാട് കായലിന്റെ സംരക്ഷണത്തിന് coastal development authority (Statutory body) മാതൃകയിലുള്ള സാങ്കേതിക വിദഗ്ധരുൾപ്പെട്ട അതോറിറ്റി ആയി വേമ്പനാട് മാനേജ്മെന്റ് അതോറിറ്റി രൂപീകരിച്ച് പദ്ധതികൾ നടപ്പിലാക്കുക.
- ഓംബുഡ്സ്മാനെ നീയമിച്ചുകൊണ്ട് നിയമ പരിരക്ഷ ഉറപ്പുവരുത്തുക.
- വേമ്പനാട് കായലിന്റെ (Ramzar site) സംരക്ഷണത്തിന് (Coastal development authority മാതൃകയിൽ) അതോറിറ്റി രൂപീകരിക്കുക.
- ശുചിത്വ മാലിന്യ സംസ്കരണത്തിന് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനും സ്ലോട്ടർ ഹൌസ് ക്രമിറ്റോറിയം തുടങ്ങിയവയ്ക്കും 50 മീറ്റർ ചുറ്റളവിൽ ആൾതാമസം ഇല്ലാത്ത സ്ഥലങ്ങൾ കണ്ടെത്തുമ്പോൾ അവ വെറ്റ്ലാന്റ് ആയിരിക്കും. PRIs/ULBs കണ്ടെത്തുന്ന ഭൂമിയ്ക്ക് ജില്ലാ കളക്ടർ അനുമതി നൽകുക.
- മാലിന്യം വലിച്ചെറിയുന്നവരെ പൊതുജനം കണ്ടെത്തുമ്പോഴും മാലിന്യംകൊണ്ട് പൊറുതി മുട്ടുന്നവർക്കും പരാതിപ്പെടുന്നതിന് ജില്ലകൾ തോറും പരാതിപരിഹാര സെല്ലുകൾ രൂപീകരിക്കുക.
- നൂറനാട് ലെപ്രസി സാനിറ്റോറിയം/ ക്രമറ്റോറിയം- എല്ലാ വിഭഗത്തിൽപ്പെട്ടവർക്കും ഉപയോഗിക്കത്ത രീതിയിൽ നിർമ്മിച്ച് ക്രമീകരിക്കുക.
- ലെപ്രസി സാനിറ്റോറിയത്തെ സൂപ്പർ സ്പെഷ്യാലിറ്റി/മെഡിക്കൽ കോളേജ് തലത്തിലേയ്ക്ക് ഉയർത്തുക.

### കീഴ്ത്തട്ട്

- ODF ന്റെ സുസ്ഥിരത നിലനിർത്തുക
- കുറഞ്ഞത് എല്ലാ നഗരസഭകളിലും ആധുനിക അറവുശാല സ്ഥാപിക്കണം. നിലവിൽ പ്രവർത്തിക്കുന്ന അറവുശാലകൾക്കെല്ലാം തന്നെ ലൈസൻസ് ഉണ്ടെന്നും, ഇവിടെ

മാലിന്യം സംസ്കരണത്തിനാവശ്യമായ ബയോഗ്യാസ് പ്ലാന്റ് / എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റ്, സോക് പിറ്റുകൾ എന്നിവ ഉണ്ടെന്നും ഉറപ്പുവരുത്തണം.

- കുറഞ്ഞത് എല്ലാ നഗരസഭകളിലും, കോളനി പ്രദേശങ്ങൾ അധികമായുള്ള പഞ്ചായത്തിലും ആധുനിക ഗ്യാസ് ശ്മശാനം സ്ഥാപിക്കണം.
- വാർഡ്തല സാനിട്ടേഷൻ സമിതികളിൽ പ്രാദേശികമായി സ്വകാര്യ പ്രാക്ടീസ് നടത്തുന്ന ആയുർവേദ ഹോമിയോപ്പതി അലോപ്പതി ഡോക്ടേഴ്സിനേയും ഉൾപ്പെടുത്തി മികച്ച പ്രവർത്തനം ഉറപ്പാക്കുക. ജലത്തിന്റെ മാലിന്യവും ബാക്ടീരിയ സാന്നിദ്ധ്യവും പരിശോധിക്കുക. ടൂൾ കിറ്റ് KWA മുഖേന എല്ലാ LSGI കളിലും ഉണ്ടെന്ന് ഉറപ്പാക്കുക.
- തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നിശ്ചിത അകലത്തിൽ ദേശീയ പാതയോരങ്ങളിലും, തദ്ദേശ സ്ഥാപനങ്ങൾക്ക് വിട്ടുകിട്ടപ്പെട്ട ആശുപത്രികൾ തുടങ്ങിയ പൊതുസ്ഥാപനങ്ങളിലും, മറ്റ് സർക്കാർ സ്ഥാപനങ്ങളിലും ആവശ്യമായ പബ്ലിക്ക് ടോയലറ്റുകൾ സ്ഥാപിക്കുക.
- നിലവിൽ ജില്ലയിൽ ഹൌസ് ബോട്ടുകൾക്ക് വേണ്ടിയുള്ള സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ് ഒഴികെ മറ്റ് സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സൌകര്യങ്ങളില്ല. ആയതിനാൽ ജില്ലയിൽ സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ അടിയന്തിരമായി സ്ഥാപിക്കണം. എല്ലാ താലൂക്കുകളിലും Septage treatment plant കൾ സ്ഥാപിക്കുക. ഇതിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിന് KSEB മായി ചേർന്ന് പദ്ധതി രൂപീകരിക്കുക.
- വേമ്പനാട് കായലിന്റെ ഓരങ്ങളിൽ Social Forestry യുമായി ചേർന്ന് ജലം ശുദ്ധീകരിക്കുന്നതിന് സഹായകരമായ ചെടികൾ വച്ചു പിടിപ്പിക്കുക.
- ജില്ലയിൽ ലൈസൻസുള്ളതും ഇല്ലാത്തതുമായി കുറഞ്ഞത് ആയിരത്തിലധികം ഹൌസ് ബോട്ടുകൾ ഉണ്ടെന്നാണ് കണക്കാക്കുന്നത്. എന്നാൽ ഹൌസ് ബോട്ടുകൾക്കായി ഒരു സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ് മാത്രമാണ് ജില്ലയിലുള്ളത്. ഇതിൽ തന്നെ പ്ലാന്റ് ഉപയോഗപ്പെടുത്തുന്ന ഹൌസ് ബോട്ടുകളുടെ എണ്ണം തുലോം കുറവാണ്. ദൂരക്കൂടുതൽ ആണ് ഇതിൻ പ്രധാന കാരണം. ഇത് പരിഹരിക്കുന്നതിനായി ആലപ്പുഴ നഗരസഭ പ്രദേശത്തോട് ചേർന്ന് ഹൌസ് ബോട്ടുകൾക്കായി സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കണം.
- ഓടകളിലെ ജലം ശുദ്ധീകരിക്കുന്നതിന് കുറഞ്ഞത് എല്ലാ നഗരസഭകളിലും സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് വേണം. കൂടാതെ താലൂക്ക് ആശുപത്രി മുതൽ മുകളിലേക്കുള്ള എല്ലാ ആശുപത്രികളിലും സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കണം. വൻകിട ഹോട്ടലുകളിൽ സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സംവിധാനമുണ്ടെന്ന് തദ്ദേശ സ്ഥാപനങ്ങൾ ഉറപ്പാക്കണം.
- എല്ലാ തദ്ദേശ സ്ഥാപനങ്ങൾ, ആശുപത്രികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങിയ ഇടങ്ങളിൽ തുമ്പൂർമുഴി മോഡൽ എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിക്കുക.
- എല്ലാ നഗരസഭകളിലും, ബ്ലോക്ക് പഞ്ചായത്ത് തലത്തിലും, അജൈവമാലിന്യ പരിപാലനത്തിനായുള്ള റിസോർട്ട്സ് റിക്കവറി ഫെസിലിറ്റി സെന്ററുകൾ സ്ഥാപിക്കണം.
- എല്ലാ നഗരസഭകളിലും, ഗ്രാമപഞ്ചായത്തുകളിലും പ്ലാസ്റ്റിക്, ഇ - വേസ്റ്റ് ഉൾപ്പെടെയുള്ള അജൈവ മാലിന്യങ്ങൾ ശേഖരിക്കുന്നതിനായുള്ള മെറ്റീരിയിൽ കളക്ഷൻ സെന്ററുകൾ സ്ഥാപിക്കണം.

- മഴവെള്ള സംഭരണി, സോക്ക്പിറ്റ് എന്നിവ നിർബന്ധമായും വീടുകളിൽ ഉൾപ്പെടുത്തണം
- ജില്ലയിലെ പീലിംഗ് ഷെഡുകൾക്കെല്ലാം ലൈസൻസ് ഉണ്ടെന്ന് ഉറപ്പുവരുത്തുക. കൂടാതെ ഇവിടെയെല്ലാം മതിയായ രീതിയിലുള്ള സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സംവിധാനം ഉണ്ടെന്ന് ഉറപ്പാക്കണം.
- 2-3 വർഷം കൂടുമ്പോൾ സെപ്റ്റിക് ടാങ്കുകൾ ഹണിസക്കേഴ്സ് ഉപയോഗിച്ച് ക്ലീൻ ചെയ്തശേഷം ട്രീറ്റ് ചെയ്യുന്ന സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ് വേണം, ജനങ്ങൾക്ക് ഗവൺമെന്റ് ഏജൻസിയിൽ റജിസ്റ്റർചെയ്യുവാൻ അവസരം. ഓർഡർ ലഭിച്ച ഉടൻ ഏജൻസി സേവനം നൽകുക.
- പീലിംങ് ഷെഡിനോടനുബന്ധിച്ച് എഫ്ളുവന്റ് ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മിക്കണം.

ഭാവി തലമുറയുടെ ജീവിതം ദുസ്സഹമാക്കുന്ന ഈ വിഷയത്തിൽ 'മാലിന്യ രഹിത കേരളം' എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന് ഹരിതകേരളം മിഷനിലൂടെ ജില്ലയ്ക്കും വലിയൊരു ഉത്തരവാദിത്വം ഏറ്റെടുത്ത് പൂർത്തിയാക്കാൻ കഴിയും.

# പാർപ്പിടം

വീടുകളുടെ നിർമ്മാണ പുരോഗതിയിലും സാങ്കേതിക വൈദഗ്ധ്യത്തിലും വളരെയേറെ മുന്നോട്ട പോയെങ്കിലും എല്ലാവർക്കും പാർപ്പിടമെന്നത് ഇന്നും സ്വപ്നമായി അവശേഷിക്കുകയാണ്. ജനസംഖ്യയിലുണ്ടായ വർദ്ധനവ്, അണുകുടുംബ വ്യവസ്ഥ, വാസയോഗ്യമായ ഭൂമിയുടെ ലഭ്യതക്കുറവ് ഇവയൊക്കെ പാർപ്പിട പ്രശ്നം രൂക്ഷമാക്കുന്നതിന് കാരണമായി. ഗൃഹനിർമ്മാണ സാമഗ്രികളുടെ വിലവർദ്ധനവും, ഭൂമിയുടെ ഉയർന്ന വിലയും പാവപ്പെട്ടവന് സ്വന്തമായി വീട് നിർമ്മിക്കുന്നതിന് വിലങ്ങുതടിയായി നിൽക്കുന്നുവെന്നത് യാഥാർത്ഥ്യമാണ്. മറ്റ് ജില്ലകളെ അപേക്ഷിച്ച് ആലപ്പുഴ ജില്ലയുടെ ഭൂപ്രകൃതി വ്യത്യസ്തമാണ്. ചെങ്കൽ നിറഞ്ഞ മലനാടും, ചതുപ്പും ചെളിയും കലർന്ന ഇടനാടും, ഉപ്പ വെള്ളത്താൽ ചുറ്റപ്പെട്ട തീരപ്രദേശവും ജില്ലയുടെ കിഴക്കൻ മേഖലയിൽ ഏത് രീതിയിലുള്ള നിർമ്മാണവും നടത്താവുന്നതാണ്. എന്നാൽ കുട്ടനാടൻ പ്രദേശത്തും കടലോര മേഖലയിലും ഉപയോഗിക്കുന്ന നിർമ്മാണ സാമഗ്രികളും, നിർമ്മാണ രീതിയും സാങ്കേതികമായി കുറ്റമറ്റതല്ലെങ്കിൽ ഉറപ്പുള്ളതും, ബലവത്തായതുമായ വീട് നിർമ്മിക്കുവാൻ സാധിക്കുകയില്ല. കുട്ടനാടൻ പ്രദേശത്തെ മണ്ണിന്റെ പ്രത്യേകതയും തനത് പ്രകൃതി വിഭവങ്ങളുടെ ലഭ്യതക്കുറവും അവയുടെ മൂല്യ പോഷണവും പ്രയോജനമായ രീതിയിൽ പാർപ്പിട നിർമ്മാണത്തിന് സാദ്ധ്യമല്ലാതായിരിക്കുന്നു. കൂടുതൽ വിഭവശേഷിയും അദ്ധ്വാനവും സാമ്പത്തികവും ആയതിലേക്ക് വകയിരുത്തേണ്ടിവരുന്നു.

തീരദേശ മേഖലയിൽ ചെലവ് കുറഞ്ഞതും ഉറപ്പുള്ളതുമായ വീട് നിർമ്മിക്കുമ്പോൾ- അടിത്തറ കരിങ്കല്ല് ഉപയോഗിച്ച് നിർമ്മിക്കുകയും, അടിത്തറയ്ക്ക് മുകളിൽ നിർബന്ധമായും കോൺക്രീറ്റ് ബെൽറ്റ് നിർമ്മിക്കുകയും ചെയ്യുക. ഉപ്പുവെള്ളം ഭിത്തിയിലേക്ക് കയറുന്നത് തടയാൻ കഴിയും. കൂടാതെ എംസാന്റ് കടൽമണ്ണുമായി കലരാൻ ഇടയാകാത്തവിധം സംഭരിക്കുകയും, നിർമ്മാണ ആവശ്യങ്ങൾക്ക് പൂർണ്ണമായും ശുദ്ധജലം ഉപയോഗിക്കുകയും അടിത്തറ തറനിരപ്പിൽ നിന്നും 60 സെ.മീ. കുറയാതെ ഉയരത്തിൽ നിർമ്മിക്കുകയും ചെയ്താൽ ഗുണനിലവാരമുള്ള വീട് നിർമ്മിക്കാൻ കഴിയും.

കുട്ടനാടൻ മേഖല ചെളിനിറഞ്ഞ പ്രദേശമായതിനാൽ ഭാരം താങ്ങാനുള്ള മണ്ണിന്റെ ശേഷി (ബിയറിംഗ് കപ്പാസിറ്റി) വളരെ കുറവാണ്. ആയതിനാൽ താരതമ്യേന ബലം കൂടുതലുള്ള മേൽമണ്ണ് നീക്കം ചെയ്യാതെ അടിത്തറ നിർമ്മിക്കേണ്ടതുമാണ്. അടിത്തറ ബലപ്പെടുത്തുന്നതിന് ചിരട്ടയിൽ മണൽ നിറച്ച് കമഴ്ത്തിവെച്ച് ബലപ്പെടുത്താവുന്നതും, വാനത്തിൽ മുളം കുറ്റിയടിച്ച് അടിത്തറ ബലപ്പെടുത്താവുന്ന രീതികളും സ്വീകരിക്കാവുന്നതാണ്.

**ജനസംഖ്യ സംബന്ധിച്ച വിവരങ്ങൾ**

| ജനറൽ | എസ്.സി | എസ്.റ്റി | ആകെ |
|---|---|---|---|
| 1920004 | 201211 | 6574 | 2127789 |

*സ്രോതസ്സ് : 2011 സെൻസസ്*

**പാർപ്പിടം**

| ക്രമ നം. | വിഭാഗം | എണ്ണം |
|---|---|---|
| 1 | ഭൂരഹിതർ | 20102 |
| 2 | ഭവനരഹിതർ | 14614 |

| | | |
|---|---|---|
| 3 | വിവിധ വകുപ്പുകൾ മുഖേന നിർവ്വഹണം നടത്തി ഇനിയും പൂർത്തീകരിക്കാതെ കിടക്കുന്ന ഭവനങ്ങൾ | |
| | ഗ്രാമപഞ്ചായത്തുകൾ | 530 |
| | ബ്ലോക്ക് പഞ്ചായത്തുകൾ | 1521 |
| | മുനിസിപ്പാലിറ്റി<br>ഫിഷറീസ്<br>പട്ടികജാതി വികസന വകുപ്പ്<br>പട്ടിക വർഗ വികസന വകുപ്പ്<br>ന്യൂനപക്ഷ ക്ഷേമ വകുപ്പ് | 665<br>155<br>529<br>77<br>6 |
| 4 | അറ്റകുറ്റ പണികൾ നടത്തിയാൽ വാസയോഗ്യമാക്കാവുന്ന വീടുകൾ | 14169 |

*സ്രോതസ്സ് : (ലൈഫ് മിഷൻ സർവ്വെ, ഭവന നിർമ്മാണ സഹായം നൽകുന്ന വിവിധ വകുപ്പുകളിലെ നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും, ബ്ലോക്ക് തലത്തിൽ നിന്നും ലഭിച്ച വിവരങ്ങൾ)*

**ഭ്രരഹിത ഭവനരഹിതരുടെ ജില്ലാ തിരിച്ചുള്ള വിവരം (ലൈഫ് മിഷൻ)**

| ഭ്രരഹിത ഭവനരഹിതർ | ഭവനരഹിതർ | ആകെ |
|---|---|---|
| 20102 | 14614 | 34716 |

| ഭ്രരഹിത ഭവനരഹിതർ | | | | ഭവനരഹിതർ | | | |
|---|---|---|---|---|---|---|---|
| എസ്.സി | എസ്.ടി | ജനറൽ | ആകെ | എസ്.സി | എസ്.ടി | ജനറൽ | ആകെ |
| 2807 | 230 | 17065 | 20102 | 1307 | 97 | 13210 | 14614 |

ജില്ലയിൽ നാളിതുവരെ ഭ്രരഹിത ഭവനരഹിതരായിട്ടുള്ള 20102 കുടുംബങ്ങളുണ്ടെന്ന് ലൈഫ് മിഷൻ സർവ്വെ പ്രകാരം കണ്ടെത്തിയിട്ടുണ്ട്. ഇവരെ പുനരധിവസിപ്പിക്കുന്നതിനായി അനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തുന്നതിന് ശ്രമമാരംഭിച്ചിട്ടുണ്ട്. ഇതുവരെ അനുയോജ്യമാണെന്ന് കണ്ടെത്തിയ 5 സ്ഥലങ്ങൾ തഴക്കര ഗ്രാമപഞ്ചായത്തിലെ റവന്യൂ പുറംപോക്ക് ശവക്കോട്ട ഉൾപ്പെടുന്ന 1 ഏക്കർ 56 സെന്റ് സ്ഥലത്ത് ഭവനസമുച്ചയങ്ങൾ നിർമ്മിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ എടുത്തു വരുന്നു. മറ്റ് സ്ഥലങ്ങളിലെ നിർമ്മാണ പ്രവർത്തനങ്ങൾ സംസ്ഥാന ലൈഫ് മിഷന്റെ നിർദ്ദേശം ലഭ്യമാകുന്നമുറയ്ക്ക് ആരംഭിക്കുന്നതാണ്. ജില്ലയിലെ ഭ്രരഹിതരെ പുനരധിവസിപ്പിക്കുന്നതിനായി എല്ലാ മുൻസിപ്പാലിറ്റികളിലും മറ്റ് ഗ്രാമ പഞ്ചായത്തുകളിലും അനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തുന്നതിന് ശ്രമമാരംഭിച്ചിട്ടുണ്ട്.

ജില്ലയിൽ ഭവനരഹിതരായി 14614 കുടുംബങ്ങളുണ്ടെന്ന് ലൈഫ് സർവ്വെ പ്രകാരം കണ്ടത്തിയിട്ടുണ്ട്. വിവിധ വകുപ്പുകൾ മുഖേന നടപ്പിലാക്കുന്ന ഭവന പദ്ധതികൾ വഴി ഈ ഗുണഭോക്താക്കളെ അടുത്ത അഞ്ച് വർഷത്തിനുള്ളിൽ പുനരധിവസിപ്പിക്കാൻ കഴിയും. കൂടാതെ ഇനിയും അർഹതാ ലിസ്റ്റിൽ ഉൾപ്പെടാതെ പോയിട്ടുള്ള ഗുണഭോക്താക്കളെ കണ്ടെത്തി സഹായിക്കുന്നതിന് പദ്ധതി ലക്ഷ്യമിടുന്നു.

## വികസന പ്രശ്നങ്ങൾ

| | |
|---|---|
| ജില്ലയിലെ ഭൂരഹിതഭവനരഹിതരുടെ എണ്ണം | 20102 |
| ഭവനരഹിതരുടെ എണ്ണം | 14614 |
| അറ്റകുറ്റപ്പണികൾ നടത്തേണ്ട വീടുകൾ | 14169 |
| ഇനിയും പൂർത്തീകരിക്കാതെ കിടക്കുന്ന വീടുകൾ | 3483 |

*സ്രോതസ്സ് - ലൈഫ് മിഷൻ സർവ്വെ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമായത്*

ജില്ലയിൽ ഭൂരഹിതരായി 20102 കുടുംബങ്ങളെ ലൈഫ് മിഷൻ സർവ്വെ പ്രകാരം കണ്ടത്തിയിട്ടുണ്ട്. ഇവരെ പുനരധിവസിപ്പിക്കുന്നതിന് പ്രഥമ പരിഗണന നല്കി പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. എന്നാൽ പ്രധാന പ്രശ്നം ആവശ്യമായ ഭൂമി കണ്ടത്തുക എന്നതാണ്. കായലുകളാൽ ചുറ്റപ്പെട്ട ജില്ലയിൽ കരപ്രദേശം കുറവാണ്. ആയത് കൊണ്ട് തന്നെ ഭൂമിയുടെ ലഭ്യതക്കുറവ് പ്രധാനവിഷയമായി കാണാൻ കഴിയുന്നു. ജില്ലയിലെ പല പൊതുമേഖലാ സ്ഥാപനങ്ങളിലും ആവശ്യത്തിലധികം ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലങ്ങളുണ്ട്. ഇത്തരം സ്ഥലങ്ങൾ കണ്ടെത്തി ഭൂരഹിതരെ സഹായിക്കാൻ കഴിയും..

അറ്റകുറ്റപ്പണികൾ നടത്തിയാൽ വാസയോഗ്യമാക്കാവുന്ന വളരെയധികം വീടുകൾ ജില്ലയിലുണ്ട്. ആയതിന് ആവശ്യമായ തുക കണ്ടെത്തി ഇത്തരം ഗുണഭോക്താക്കളെ സഹായിക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുൻകൈ എടുക്കേണ്ടതാണ്. കൂടാതെ സി.എസ്.ആർ ഫണ്ട് സ്വകാര്യ വ്യക്തികളിൽ നിന്നും സ്വരൂപിക്കാവുന്ന ഭവന സഹായനിധി തുടങ്ങിയവയും പ്രയോജനപ്പെടുത്തി വീടുകൾ വാസയോഗ്യമാക്കി തീർക്കുന്നതിനും പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണവും ഏറ്റെടുക്കാവുന്നതാണ്.

ഭവനനിർമ്മാണത്തിന് ആവശ്യമായ തനത് വിഭവങ്ങളുടെ ലഭ്യത പരിമിതമായ രീതിയിലാണ് ജില്ലയിൽ ലഭിക്കുന്നത്. ഭവന നിർമ്മാണത്തിനാവശ്യമായ അസംസ്കൃത വസ്തുക്കൾ മറ്റ് ജില്ലകളിൽ നിന്നാണ് കൊണ്ടുവരുന്നത്. ആയതിനാൽ ഭവനനിർമ്മാണത്തിന് കൂടുതൽ തുക ചിലവഴിക്കേണ്ടതായിവരുന്നു. കയർ, മത്സ്യം കാർഷിക മേഖലയിൽ ഏർപ്പെട്ടിരിക്കുന്ന ഭൂരിഭാഗം തൊഴിലാളികൾക്കും സ്വന്തമായി ഭവനം നിർമ്മിക്കുന്നതിന് സാമ്പത്തിക സൌകര്യ മില്ലാത്തവരാണ്.

ജില്ല നേരിടുന്ന പ്രധാന പ്രശ്നങ്ങളിലൊന്നാണ് വീടുവെക്കുന്നതിന് ഭൂമിയുടെ ലഭ്യതക്കുറവ്. കായലുകളാൽ സമൃദ്ധമായതിനാൽ ഇവിടെ കരപ്രദേശം വളരെക്കുറവാണ്. ദിനം പ്രതി ഭൂമിയുടെ വില കുതിച്ചുയരുന്നത് സാധാരണക്കാരന്റെ ഭവനനിർമ്മാണ സ്വപ്നങ്ങൾക്ക് തിരിച്ചടിയായിക്കൊണ്ടിരിക്കുന്നു.

ജില്ലയിൽ പലകുടുംബങ്ങൾക്കും ഭൂമിയുണ്ടെങ്കിലും കൈവശരേഖ ലഭ്യമല്ലാത്ത സ്ഥിതിവിശേഷമാണുള്ളത്. കൂടാതെ പുറമ്പോക്ക് സ്ഥലങ്ങളിൽ താമസിക്കുന്നവർക്ക് കൈവശഭൂമിക്ക് പട്ടയം ലഭിക്കാത്ത സാഹചര്യം നിലനിൽക്കുന്നു. ആയത് പുതിയ പാർപ്പിടം നിർമ്മിക്കുക എന്നതിന് വെല്ലുവിളിയായിരിക്കുന്നു. റോഡ്, റെയിൽവേ പുറമ്പോക്കുകളിൽ താമസിക്കുന്നവർക്ക് സർക്കാരിന്റെ തന്നെ യോഗ്യമായ പുറമ്പോക്കുകളിലോ, വിലകൊടുത്തുവാങ്ങിയ മറ്റ് ഭൂമികളിലോ പാർപ്പിട സൌകര്യമുണ്ടാക്കി കൊടുക്കണം. സർക്കാർ ആവിഷ്കരിച്ച പുതിയ ഭവനനിർമ്മാണ പദ്ധതിയായ ലൈഫിൽ ഉൾപ്പെടുത്തി ആയതിനുള്ള സൌകര്യം ഏർപ്പെടുത്താവുന്നതാണ്.

വീടുവെയ്ക്കുവാൻ നിലം നികത്തുന്നതിന് അനുവാദം ലഭിക്കുന്ന മുറയ്ക്ക് അനുമതി ലഭിച്ച വിസ്തൃതിയുടെ പതിൻമടങ്ങായിരുന്നു പലരും നികത്തിയിരുന്നത്. ഇതിന് കാലോചിതമായ മാറ്റം വരേണ്ടതാണ്. വീട് വെയ്ക്കുന്നതിനുപരിയായി മറ്റ് ആവശ്യങ്ങൾക്കും ഇത് ഉപയോഗിച്ചു. പാടശേഖരങ്ങൾക്ക് കുറുകെ റോഡുകൾ വന്നതും നികത്തൽ പ്രശ്നങ്ങൾക്ക് ആക്കം കൂട്ടിയിരുന്നു. ജില്ലയിൽ കനാലുകൾക്കിരുവശങ്ങളിലും ഭൂമി കൈയ്യേറി താമസിക്കുന്നവരുണ്ട്. വാസയോഗ്യമായ വീടില്ലാത്തവർക്ക് അർഹമായ സ്ഥലം കണ്ടെത്തി ഭവന സമുച്ചയങ്ങൾ പണിതു നൽകാവുന്നതാണ്. ഇതിലേക്കായി ഭൂമി കണ്ടെത്തുന്നതിന് പ്രത്യേക സർവെയർമാരെ നിയമിച്ച് അവരുടെ നേതൃത്വത്തിൽ അന്വേഷണം നടത്തി ഭൂമി കണ്ടെത്താവുന്നതാണ്.

പ്രാദേശികമായി ലഭിക്കുന്ന നിർമ്മാണ സാമഗ്രികൾ ഉപയോഗിച്ച് പരമാവധി ചിലവ് കുറച്ച് വീട് നിർമ്മിക്കാമെങ്കിലും പലരും അത് ചെയ്യുന്നില്ല. കുട്ടനാട് പോലെയുള്ള പ്രദേശങ്ങളിൽ ഭാരമേറിയ കോൺക്രീറ്റ് കെട്ടിടങ്ങൾക്ക് പകരം പ്രാദേശികമായി ലഭിക്കുന്ന ചെളി, വൈക്കോൽ, കെമിക്കൽ സീസണിംങ്ങ് നടത്തിയിട്ടുള്ള മുളകൾ, തെങ്ങിൻതടി, ഭാരംകുറഞ്ഞ ഇഷ്ടികൾ എന്നിവ ഉപയോഗിച്ചുള്ള നിർമ്മാണ രീതികൾ ഇവിടങ്ങളിൽ പ്രോത്സാഹിപ്പിക്കേണ്ടതാണ്. മണൽ ലഭ്യമല്ലാത്തതും മണൽ നിക്ഷേപം കുറഞ്ഞുവരുന്നതും മണൽ വില ഉയരുന്നതിന് കാരണമാകുന്നു. നിർമ്മാണ സാമഗ്രികളെല്ലാം ജില്ലയ്ക്ക് പുറത്തുനിന്നു കൊണ്ടുവരേണ്ടതിനാൽ കൂലിച്ചിലവും വർദ്ധിക്കുന്നു. ജില്ലയിൽ തന്നെ നിർമ്മാണ സാമഗ്രികൾ വിപുലമായി നിർമ്മിക്കുന്നതിനുള്ള സാഹചര്യം ഉണ്ടാകേണ്ടതാണ്. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ഗ്രാമപഞ്ചായത്തുകൾ മുഖേന നടപ്പിലാക്കാവുന്നതാണ്.

നിർമ്മാണ സാമഗ്രികളുടെ വിലക്കയറ്റവും വർദ്ധിച്ചുവരുന്ന നിർമ്മാണച്ചെലവും ഈ രംഗത്തെ മുഖ്യ പ്രശ്നങ്ങളിലൊന്നാണ്. നിർമ്മാണ സാമഗ്രികളുടെ ഭീമമായ വിലയും, കൂലിയിനത്തിൽ തൊഴിലാളികൾക്ക് നൽകേണ്ട വേതനത്തിന്റെ വർദ്ധനവും മൂലം സമയബന്ധിതമായി വീടുപണി പൂർത്തീകരിക്കുവാൻ ഗുണഭോക്താക്കൾക്ക് കഴിയാതെ വരുന്നു. ജില്ലയിൽ തന്നെ നിർമ്മാണസാമഗ്രികൾ വിപുലമായി നിർമ്മിക്കുന്നതിനുള്ള സാഹചര്യം ഉണ്ടാകേണ്ടതാണ്. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ഗ്രാമപഞ്ചായത്ത് തലത്തിൽ തന്നെ മെറ്റീരിയൽ നിർമ്മിക്കുന്നതിനും ശേഖരിക്കുന്നതിനുമുള്ള സംവിധാനം ഏർപ്പെടുത്താവുന്നതാണ്.

വിദഗ്ധ തൊഴിലാളികൾ കൂടുതൽ വേതനം തേടി അയൽ ജില്ലകളിലേക്ക് തൊഴിൽതേടി പോകുന്നത് ജില്ലയിൽ ഭവനനിർമ്മാണ മേഖലയിൽ ഉയർന്ന സാമ്പത്തിക പ്രതിസന്ധി ഉണ്ടാക്കുന്നു. കെട്ടിട നിർമ്മാണ രംഗം ഇതര സംസ്ഥാനങ്ങളെ ആശ്രയിച്ചാണ് ഇപ്പോഴും നിലനിൽക്കുന്നത്. തൊഴിലാളികളുടെ ദൌർലഭ്യം നിമിത്തം ഇവരുടെ കൂലിച്ചെലവും വളരെ കൂടുതലാണ്. നിർമ്മാണച്ചെലവിന്റെ ഗണ്യമായ ഭാഗം കൂലിച്ചെലവിനത്തിലുണ്ടാകുന്നു. കെട്ടിട നിർമ്മാണച്ചട്ടങ്ങൾ പലപ്പോഴും ബുദ്ധിമുട്ടാകുന്നുണ്ട്. പാവപ്പെട്ടവന്റെ ഭവനനിർമ്മാണം എന്ന ആശയം മുൻനിർത്തികൊണ്ട് നിർമ്മാണച്ചട്ടങ്ങളിൽ കാലോചിതമായ മാറ്റം വരുത്തേണ്ടതാണ്.

ഭവനനിർമ്മാണത്തിന് പല പദ്ധതികളുണ്ടെങ്കിലും അതിൽ നിന്ന് ലഭിക്കുന്ന തുക കൊണ്ട് പൂർണ്ണമായ വീടു നിർമ്മിക്കുന്നതിന് താഴ്ന്നവരുമാനമുള്ള ഗുണഭോക്താക്കൾക്ക് കഴിയുന്നില്ല. അവർക്ക് ആവശ്യമായ വായ്പാസൌകര്യങ്ങൾ ലഭ്യമാകുന്നില്ല. തന്നെയുമല്ല വളരെ ഉയർന്ന പലിശ നിരക്കുമാണ് ഈടാക്കുന്നത്. നിലവിൽ പി.എം.എ.വൈ പോലെയുള്ള ഭവനനിർമ്മാണ പദ്ധതിക്ക് ബാങ്കുകൾ വഴി നൽകി വരുന്ന ഡി.ആർ.ഐ ലോൺ 4 ശതമാനം നിരക്കിൽ 20,000 രൂപയാണ്. പ്രസ്തുത വായ്പ 50,000 രൂപവരെയെങ്കിലും ലഭ്യമാക്കാനുള്ള നിർദ്ദേശം സർക്കാർ തലത്തിൽ ഉണ്ടാകേണ്ടതാണ്. യഥാസമയം തിരിച്ചടയ്ക്കാനുള്ള

വരുമാനമുള്ളവർക്കേ വായ്പകൾ ലഭ്യമാകുന്നുള്ളൂ. അതുകൊണ്ട് തന്നെ സാമ്പത്തിക ദുർബ്ബല വിഭാഗത്തിൽപ്പെട്ടവർക്ക് വായ്പാസൌകര്യം എളുപ്പത്തിൽ ലഭ്യമാകാറില്ല.

കേരളസംസ്ഥാന ഭവനനിർമ്മാണ ബോർഡ്, ഹൌസിംഗ് ഡവലപ്മെൻറ് ആൻറ് ഫിനാൻസ് കോർപ്പറേഷൻ, ദേശസാൽകൃതബാങ്കുകൾ, ഹഡ്കോ, എൽ.ഐ.സി, സഹകരണ ബാങ്കുകൾ എന്നിവയെല്ലാം ഭവനനിർമ്മാണത്തിൻ വായ്പ നൽകികൊണ്ടിരിക്കുന്നു. ഇപ്പോൾ സ്വകാര്യ ഭവനനിർമ്മാണ വായ്പാ സ്വപ്നങ്ങളിൽ നിന്നും അമിതപലിശയ്ക്ക് വായ്പ എടുക്കുന്നതിന് പലരും നിർബന്ധിതരാകുന്നു.

## കാഴ്ചപ്പാട്

- നവകേരളം കർമ്മ പരിപാടി ലൈഫ് മിഷൻ സർവ്വെ പ്രകാരം ജില്ലയിൽ ഭ്രരഹിതരായി കണ്ടെത്തിയിട്ടുള്ള 20102 കുടുംബങ്ങൾക്ക് പതിമ്മൂന്നാം പദ്ധതി കാലയളവിലും തുടർന്ന് 2025 ആകുമ്പോഴേയ്ക്കും ഭവന സമുച്ചയങ്ങൾ നിർമ്മിച്ച് പുനരധിവസിപ്പിക്കുന്നതിന് ലക്ഷ്യമിടുന്നു.
- ഭവനരഹിതരായി കണ്ടെത്തിയിട്ടുള്ള 14614 കുടുംബങ്ങൾക്ക് 2022 ആകുമ്പോഴേയ്ക്കും പൂർണ്ണമായും ഭവനം നിർമ്മിച്ചു നല്കുക.
- അറ്റകുറ്റ പണികൾ നടത്തേണ്ട 14169 വീടുകളുടെ പുനരുദ്ധാരണം പതിമ്മൂന്നാം പദ്ധതി കാലയളവിൽ തന്നെ പൂർത്തീകരിക്കുക.
- ലൈഫ് മിഷൻ സർവ്വെ പ്രകാരം ഉൾപ്പെടാതെ പോയിട്ടുള്ള അർഹരായ ഭ്രരഹിത ഭവനരഹിത ഗുണഭോക്താക്കളെ കണ്ടെത്തി 2025 ആകുമ്പോഴേക്കും പൂർണ്ണമായും പുനരധിവസിപ്പിക്കുക.
- ജില്ലയിൽ എല്ലാവർക്കും വാസയോഗ്യമായ ഭവനം ലഭ്യമാക്കുക
- വർഷങ്ങളായി കൈവശം വെച്ചിരിക്കുന്ന ഭ്രമിക്ക് കൈവശ രേഖ നല്കുക
- അറ്റകുറ്റ പണികൾ നടത്തിയാൽ വാസയോഗ്യമാകാവുന്ന വീടുകൾ പൂർത്തീകരിക്കുക
- സാമ്പത്തിക സഹായം നല്കിയിട്ടും പൂർത്തീകരിക്കാൻ ശേഷിയില്ലാത്തവരുടെ ഭവനം സന്നദ്ധ സംഘടനകളെ കൊണ്ടോ മറ്റ് സർക്കാർ ഏജൻസികളെ കൊണ്ടോ പൂർത്തീകരിക്കുക
- ജില്ലയിൽ ഇനിയും അവശേഷിക്കുന്ന ഇരട്ട വീടുകളെ ഒറ്റ വീടുകളാക്കുക
- പാർപ്പിട സമുച്ചയങ്ങൾക്ക് വേണ്ടി വരുന്ന സ്ഥലം ഗ്രാമപഞ്ചായത്ത്/ നഗരസഭകൾ കണ്ടെത്തി നല്കുക
- അടുത്ത അഞ്ച് വർഷംകൊണ്ട് ജില്ലയിലെ എല്ലാ അഗതി/ആശ്രയ കുടുംബങ്ങൾക്ക് ഭവന നിർമ്മാണം സാധ്യമാക്കുക.
- ലൈഫ് ഭവന സമുച്ചയങ്ങളിൽ താമസിക്കുന്ന കുടുംബങ്ങളുടെ ജീവനോപാധികൾ ഉറപ്പാക്കുക.
- മുൻകാല സർക്കാർ ഭവനപദ്ധതികളിൽ നിർമ്മാണം ആരംഭിച്ചിട്ടും പൂർത്തിയാകാതെ 3477 വീടുകളുടെ നിർമ്മാണം 2018 മാർച്ച് 31 നകം പൂർത്തിയാക്കുക.

## ലക്ഷ്യങ്ങൾ

- പതിമ്മൂന്നാം പദ്ധതിക്കാലത്ത് എല്ലാവർക്കും ഭവനം എന്ന ലക്ഷ്യം മുൻനിർത്തി പദ്ധതികൾക്ക് രൂപം കൊടുക്കുന്നു. ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ലൈഫ് മിഷൻ സർവ്വെ (ഭാഗികം) പ്രകാരം ജില്ലയിലെ പൂർണ്ണമായും ഭവനമില്ലാത്ത 14614 കുടുംബങ്ങൾക്ക് ആദ്യഘട്ടത്തിൽ തന്നെ ഭവനം നിർമ്മിച്ചു കൊടുക്കുക എന്നത് ജില്ലയുടെ പ്രധാന ലക്ഷ്യമാണ്.

- സ്വന്തമായി ഭൂമിയില്ലാത്ത ഭൂരഹിതർക്ക് ഭൂമിയും - ഭവന സമുച്ചയങ്ങൾ നിർമ്മിച്ച് ഭവന സൌകര്യം ഏർപ്പെടുത്തുക എന്നത് പ്രധാന ലക്ഷ്യമാണ്. ലൈഫ് മിഷൻ സർവ്വെ പ്രകാരം 20102 കുടുംബങ്ങൾ ഭൂരഹിതരാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇവർക്ക് ജില്ലയിൽ തന്നെ ഭവനസമുച്ചയങ്ങൾ നിർമ്മിച്ച് അവരെ പുനരധിവസിപ്പിക്കുക എന്നതും പ്രധാന ജില്ലാതല ലക്ഷ്യങ്ങളാണ്.

- പല വകുപ്പുകൾ മുഖേന നടപ്പിലാക്കിയ, കരാർ വച്ച് പൂർത്തിയാകാത്ത വീടുകളുടെ പൂർത്തീകരണം, 2018 മാർച്ച് 31 ന് ഉള്ളിൽ പൂർത്തീകരിക്കുന്നതിന് ലക്ഷ്യമിടുന്നു.

- ഇനിയും വാസയോഗ്യമല്ലാത്ത വീടുകളുടെ പുനരുദ്ധാരണത്തിന് തുക വകയിരുത്തേണ്ടതാണ്. ആയതിന് ത്രിതല പഞ്ചായത്തുകളുടെ വികസന ഫണ്ട് ചെലവഴിക്കാവുന്നതാണ്.

ത്രിതല പഞ്ചായത്തുകളുടെ പദ്ധതി വിഹിതം പരമാവധി പ്രയോജനപ്പെടുത്തി ലക്ഷ്യത്തിലെത്താൻ കഴിയുക എന്നത് പ്രധാന ലക്ഷ്യമാണ് - വിവിധ വകുപ്പുകളുടെ ധനസമാഹരണം പരമാവധി പ്രയോജനപ്പെടുത്തുക.

കഴിഞ്ഞ പദ്ധതി കാലയളവിൽ എല്ലാം ഉയർന്നു വന്നത് പ്രധാനമായും പാർപ്പിട പ്രശ്നം തന്നെയായിരുന്നു. ജില്ലയിലെ ഗ്രാമ/ ബ്ലോക്ക്/ ജില്ലാ പഞ്ചായത്തുകളും, നഗരസഭകളും മുൻകൈയെടുത്ത് വിവിധ ഭവന നിർമ്മാണ പദ്ധതികൾ ആവിഷ്കരിച്ചു എങ്കിലും ആവശ്യബാഹുല്യം നിമിത്തം ലക്ഷ്യം പൂർത്തിയാക്കാൻ സാധിച്ചിരുന്നില്ല. വിഭവ സമാഹരണത്തിൽ കൂടുതൽ ഫണ്ട് ഈ ഇനത്തിൽ വകയിരുത്തുവാനും പഞ്ചായത്തുകൾക്ക് കഴിഞ്ഞിരുന്നില്ല.

ത്രിതല പഞ്ചായത്തുകൾ പദ്ധതികൾ തയ്യാറാക്കുമ്പോൾ ഉത്പാദനമേഖലയുടെ പരിധി കുറച്ചുകൊണ്ട് സേവനമേഖലയിൽ കൂടുതൽ തുക വകയിരുത്തിയാൽ ആവശ്യമുള്ള തുക കണ്ടെത്താൻ കഴിയും. പഞ്ചായത്തുകളുടെ മെയിന്റനൻസ് ഫണ്ട് നോൺ റോഡ് ഫണ്ട് ചിലവഴിക്കാൻ കഴിയാതെ വരുന്നുണ്ട്. ഭവനപുനരുദ്ധാരണത്തിന് കൂടി തുക ചെലവഴിക്കാൻ കഴിയുമെങ്കിൽ ധനസമാഹരണം ഇതിലൂടെ കണ്ടെത്താൻ കഴിയും.

**പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം**

| തദ്ദേശ സ്വയംഭരണ സ്ഥാപനം | ലൈഫ് മിഷൻ - പൂർത്തീകരിക്കാത്ത ഭവനങ്ങൾ ആകെ |
|---|---|
| ഗ്രാമപഞ്ചായത്ത് | 530 |
| ബ്ലോക്ക് പഞ്ചായത്ത് | 1521 |
| മുൻസിപ്പാലിറ്റികൾ | 665 |
| ഫിഷറീസ് വകുപ്പ് | 155 |
| എസ്.സി. വകുപ്പ് | 529 |
| എസ്.ടി. വകുപ്പ് | 77 |
| **ആകെ** | **3477** |

| പുതിയ ഭവനങ്ങളുടെ നിർമ്മാണം | ആവശ്യമായി വരുന്ന തുക |
|---|---|
| 14614 (ലൈഫ് മിഷൻ സർവ്വെ പ്രകാരം കണ്ടെത്തിയത്) | 5845600000 |

## നൂതന ആശയങ്ങൾ

- കുട്ടനാടൻ മേഖല ചെളി നിറഞ്ഞ പ്രദേശമായതിനാൽ ഭാരം താങ്ങാനുള്ള മണ്ണിന്റെ ശേഷി (ബിയറിമഗ് കപ്പാസിറ്റി) വളരെ കുറവാണ്. ആയതിനാൽ താരതമ്യേന ബലം കൂടുതലുള്ള മേൽമണ്ണ് നീക്കം ചെയ്യാതെ അടിത്തറ നിർമ്മിക്കേണ്ടതുമാണ്. അടിത്തറ ബലപ്പെടുത്തുന്നതിൻ ചിരട്ടയിൽ മണൽ നിറച്ച് കമഴ്ത്തി വെച്ച് ബലപ്പെടുത്താവുന്നതും, വാനത്തിൽ മുളം കുറ്റിയടിച്ച് അടിത്തറ ബലപ്പെടുത്താവുന്ന രീതികളും സ്വീകരിക്കാവുന്നതുമാണ്.
- ലൈഫ് മിഷൻ സംവിധാനത്തിലൂടെ ജില്ലയിൽ ഭൂമിയില്ലാത്ത പാവപ്പെട്ട ജനവിഭാഗങ്ങൾക്ക് ഭൂമി കണ്ടെത്തി ഭവന സമുച്ചയങ്ങൾ നിർമ്മിക്കുന്നതിന് കഴിയുന്നതാണ്. ഇതിനായി ഇതുവരെ ജില്ലയിൽ 518 സെന്റ് സ്ഥലം കണ്ടെത്തുകയും 206 സെന്റ് സ്ഥലത്തിന് ഗ്രാമപഞ്ചായത്തുകളുടെ അനുമതി ലഭിക്കുകയും ചെയ്തിട്ടുണ്ട് ഗ്രാമപഞ്ചായത്തിൽ ഭവന സമുച്ചയം നിർമ്മിക്കുന്നതിനുള്ള നടപടികൾ എടുത്തുകൊണ്ടിരിക്കുന്നു.
- പട്ടികജാതി, പൊതുവിഭാഗം ജനവിഭാഗങ്ങൾക്ക് പ്രത്യേക സമുച്ചയങ്ങൾക്ക് പകരം എല്ലാ ജനവിഭാഗങ്ങളെയും ഒന്നിച്ച് പാർപ്പിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക .
- താമസിക്കാൻ ഇടമില്ലാതെ കടത്തിണ്ണകളിലും, റെയിൽവേ, റോഡ് പുറമ്പോക്കുകളിലും താമസിക്കുന്നവരെ കണ്ടെത്തി ലൈഫ് മിഷൻ മുഖേന സ്ഥാപിക്കുന്ന പാർപ്പിട സമുച്ചയങ്ങളിൽ പുനരധിവസിപ്പിക്കുന്നതിനുള്ള നടപടികൾ ഉണ്ടാകേണ്ടതാണ്
- കുട്ടനാടൻ ഭൂപ്രകൃതിയുടെ പ്രത്യേകതയിൽ നിലവിലുള്ള കെട്ടിടങ്ങൾ ഭൂമിയിൽ ഇരിക്കുകയോ, താഴ്ന്ന് പോകുന്ന അവസ്ഥയോ നിലവിലുണ്ട്. ആയത് പരിഹരിക്കുന്നതിനായി എഞ്ചിനീയറിംഗ് മേഖലയുടെ സഹായത്തോടെ പുതിയ കെട്ടിട നിർമ്മാണ രീതികൾ ചെലവ് കുറഞ്ഞ രീതിയിൽ പ്രാവർത്തികമാക്കുക

## പൊതു നിർദ്ദേശങ്ങൾ

- സർക്കാരിന്റെ ഉടമസ്ഥതയിലുള്ള റവന്യു പുറമ്പോക്ക് ഉൾപ്പെടെയുള്ള ഭൂമികൾ എല്ലാ ഭൂരഹിതർക്കും വിതരണം ചെയ്യുക
- സർക്കാർ റവന്യു പുറമ്പോക്ക് കണ്ടെത്തുന്നതിനായി പ്രത്യേകം സർവയർമാരെ നിയമിക്കുക
- സർക്കാർ ഭൂമി ആവാസ കേന്ദ്രങ്ങളാക്കുമ്പോൾ സ്വകാര്യ ഏജൻസികളുടെ പങ്കാളിത്തം ഉറപ്പാക്കുക
- ഭൂമി പതിച്ച് നല്കുമ്പോൾ തന്നെ ഭവന നിർമ്മാണത്തിന് മുൻതൂക്കം നല്കുക.
- നഗര പ്രദേശങ്ങളിൽ കൈവശം വെയ്ക്കാവുന്ന ഭൂമിക്ക് പരിധി നല്കുക

- വർഷങ്ങളായി കൈവശമുള്ള ഭൂമിക്ക് കൈവശ രേഖ പട്ടയം നല്കുന്നതിനുള്ള നടപടികൾ എടുക്കുക
- ലൈഫ് ഭവന പദ്ധതിയിൽ ഭവന സമുച്ചയം നിർമ്മിക്കുന്നതിന് നഗര/ ഗ്രാമപഞ്ചായത്തുകൾക്ക് അടിയന്തിര നിർദ്ദേശം നല്കുക.
- വിവിധ ജനവിഭാഗങ്ങൾ ഇടകലർന്ന് താമസിക്കുന്ന പുതിയ ഭവന നിർമ്മാണ തന്ത്രം ആവിഷ്കരിച്ച് നടപ്പിലാക്കുക.
- വൻകിട ഭൂഉടമകളിൽ നിന്നും അധികമായ ഭൂമി സർക്കാർ തലത്തിൽ കണ്ടെത്തി ലൈഫ് പദ്ധതിക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുക
- ചെലവ് കുറഞ്ഞ നിർമ്മാണ രീതികളെ കുറിച്ച് ഗ്രാമ/ നഗര തലങ്ങളിൽ പ്രോത്സാഹനം നല്കുക.
- പ്രാദേശിക വിഭവങ്ങൾ ഉപയോഗിച്ച് നിർമ്മാണം നടത്തുന്നതിന് പരിശീലനങ്ങൾ സംഘടിപ്പിക്കുക
- സംസ്ഥാന സർക്കാരിന്റെയും ഹഡ്കോയുടെയും സഹായത്തോടെ ഗ്രാമ/ നഗര തലങ്ങളിൽ നിർമ്മിതി കേന്ദ്രങ്ങൾ സ്ഥാപിക്കുക
- ചെലവ് കുറഞ്ഞ കെട്ടിട നിർമ്മാണ രീതികളുടെ വ്യാപനത്തിന് ഈ രംഗത്ത് പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകളുടെ സഹായം ലഭ്യമാക്കുക
- മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സംയോജന സാധ്യതകൾ കണക്കിലെടുത്ത് നിർമ്മാണ സാമഗ്രികൾ നിർമ്മിക്കുന്നതിന് ഗ്രാമതലത്തിൽ പ്രോജക്ടുകൾ തയ്യാറാക്കി നടപ്പിലാക്കുക.
- ന്യായമായ നിരക്കിൽ കെട്ടിട നിർമ്മാണ സാമഗ്രികൾ ലഭ്യമാക്കുന്നതിനുവേണ്ടി മാർജിൻ ഫ്രീ വിപണി കലവറ എല്ലായിടത്തും ആരംഭിക്കുക
- ഭവന നിർമ്മാണ പദ്ധതികളിൽ കുടിവെള്ളം, വൈദ്യുതി, പാചക വാതകം എന്നിവ ലഭ്യമാക്കാനുള്ള നടപടികൾ നിർബന്ധമാക്കുക.
- വികസന വകുപ്പുകളും, ഏജൻസികളും സംയോജന സാധ്യതകൾ പ്രയോജനപ്പെടുത്തുക.
- മാലിന്യ നിർമാർജ്ജനം നിർബന്ധമാക്കുക
- ഭവന നിർമ്മാണത്തിനോടൊപ്പം നല്ല രീതിയിൽ മാലിന്യ നിർമ്മാർജ്ജന രീതികൾ നടപ്പിലാക്കുന്നവർക്ക് ഗ്രാമ/നഗര തലങ്ങളിൽ പ്രത്യേക പ്രോത്സാഹനം നല്കുക
- ലൈഫ് മിഷൻ ഭവന നിർമ്മാണ പദ്ധതിയിൽ വിവിധ വകുപ്പുകളുടെയും, ഏജൻസികളുടേയും സംയോജനം ഉറപ്പുവരുത്തുക.
- ഫിഷറീസ്, എസ്.സി, എസ്.റ്റി, സൈനിക ക്ഷേമവകുപ്പ്, ന്യൂനപക്ഷ ക്ഷേമവകുപ്പ് മുഖേന നടപ്പിലാക്കുന്ന ഭവന പദ്ധതികളെല്ലാം ഒരു കുടക്കീഴിൽ കൊണ്ടുവരിക.
- മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ തൊഴിലാളികൾക്ക് ഭവന നിർമ്മാണ സാമഗ്രികൾ നിർമ്മിക്കുന്നതിന് വിദഗ്ധ പരിശീലനം നല്കുക.
- ത്രിതല പഞ്ചായത്ത് തലത്തിൽ ഉൽപ്പാദന മേഖലയിൽ നീക്കിവെക്കേണ്ട തുകയുടെ ശതമാന നിരക്ക് കുറച്ചുകൊണ്ട് സേവന മേഖലയിൽ ചെലവഴിക്കാവുന്ന തുകയുടെ

ശതമാനം വർദ്ധിപ്പിക്കുക. അതുവഴി ഭവന നിർമ്മാണ സാധ്യത കൂടുതലായി ഉറപ്പുവരുത്തുക

- ചെലവ് കുറഞ്ഞ രീതിയിൽ ഒരേ ഡിസൈനിൽ വീട് നിർമ്മിക്കുന്നതിനുള്ള നിർമ്മാണ രീതി ആവിഷ്കരിക്കുക.
- വർഷങ്ങളായി ഉപയോഗിക്കാതെ പൂട്ടിക്കിടക്കുന്ന വീടുകൾ കണ്ടെത്തി തിരിച്ചെടുക്കുന്നതിനുള്ള സംവിധാനം സർക്കാർ തലത്തിൽ എടുക്കേണ്ടതാണ്
- കുടുംബത്തിൽ താമസിക്കുന്നയാളുകളുടെ എണ്ണത്തിനേക്കാൾ കൂടുതൽ പേർക്ക് താമസിക്കാവുന്ന വീടുകൾ പണിത് വരുന്നു. ഗ്രാമപഞ്ചായത്ത് തലങ്ങളിൽ പണിയുന്ന വീടുകൾ ഒരേ വിസ്തീർണ്ണം നല്കി ഏകീകരിച്ച് നല്കേണ്ടതാണ്
- വളരെയധികം വിറ്റുവരവുള്ള സ്ഥാപനങ്ങൾ അവരുടെ സി.എസ്.ആർ ഫണ്ട് ഭവന നിർമ്മാണത്തിനായി നല്കുന്നത് നിർബന്ധമാക്കേണ്ടതാണ്
- ലൈഫ് മിഷൻ മുഖേന നിർമ്മിക്കുന്ന ഭവന സമുച്ചയങ്ങളിൽ സൌരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കേണ്ടതാണ്.
- വിവിധ വകുപ്പുകൾ മുഖേന നടപ്പിലാക്കി പൂർത്തീകരിക്കാത്ത വീടുകൾ പൂർത്തിയാക്കുവാൻ ലൈഫ് മിഷൻ മുഖേന പദ്ധതി നടപ്പിലാക്കുമ്പോൾ ആയത് ഒരുമിച്ച് നിർവ്വഹണം നടത്തുന്നതിന് ഏതെങ്കിലും ഒരു ഏജൻസിയെ ചുമതലപ്പെടുത്തേണ്ടതാണ്.
- റോട്ടറി ക്ലബ്ബുകൾ, പ്രവാസി മലയാളികൾ, മത സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ എന്നിവർ ഭവന നിർമ്മാണ സഹായനിധിയിലേയ്ക്ക് നിർബന്ധമായും സംഭാവനകൾ നൽകുന്നതിന് നിർദ്ദേശിക്കാവുന്നതാണ് .
- 1000 ചതുരശ്ര അടിയിൽ കൂടുതലായി പണിയുന്ന വീടുകൾക്ക് നികുതി നിശ്ചയിക്കുമ്പോൾ, ലൈഫ് പദ്ധതി നടപ്പിലാക്കുന്നതിനുള്ള ധനസഹായത്തിന് അധിക നികുതിയായി തദ്ദേശസ്ഥാപനങ്ങൾ 2 % സെസ് ഏർപ്പെടുത്തുക.
- ദേശീയ ജലപാതകളിൽ ഡ്രെഡ്ജിംഗ് ചെയ്ത് നീക്കിയ മണ്ണ് ഇപ്പോഴും പല സ്ഥലങ്ങളിലും കെട്ടികിടക്കുന്നു. ആയത് ലൈഫ് ഭവന നിർമ്മാണം തുടങ്ങിയ ഭവന നിർമ്മാണത്തിന് ഉപയോഗിക്കുന്നതിനുള്ള സംവിധാനം സർക്കാർ തലത്തിൽ ഉണ്ടാകേണ്ടതാണ്.
- ത്രിതല പഞ്ചായത്തുകളുടെ മെയിന്റനൻസ് ഫണ്ടിൽ നിന്നുള്ള തുക ഭവന നിർമ്മാണത്തിന് ചെലവഴിക്കുവാൻ നിർദ്ദേശം ഉണ്ടാകേണ്ടതാണ്.
- ഇപ്പോഴും ഇരട്ട വീടുകളിൽ താമസിക്കുന്നവർക്ക് ഒറ്റ വീട് നിർമ്മിച്ച് കൊടുക്കുക.

## മേല്പട്ട്

- ജില്ലാതലത്തിൽ ആവശ്യമായ ഫണ്ട് വകയിരുത്തേണ്ടതാണ്. ജില്ലാ പഞ്ചായത്തിന്റെ പദ്ധതി വിഹിതം ഇതിനായി പ്രയോജനപ്പെടുത്തേണ്ടതാണ്.
- ലൈഫ് ഭവന നിർമ്മാണ പദ്ധതിക്കായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ജില്ലാ തലത്തിൽ ഏകോപിപ്പിക്കേണ്ടതാണ്. ജില്ലാതല ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ജില്ലാതല കർമ്മ സമിതി രൂപീകരിക്കണം.

- ഭവന നിർമ്മാണ പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ വിലയിരുത്തുകയും ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ ജില്ലാതലത്തിൽ നല്കേണ്ടതുമാണ്.
- ജില്ലാതലത്തിൽ മോണിറ്ററിംഗ് കമ്മറ്റി രൂപീകരിക്കണം.
- ഭവന നിധി രൂപീകരിക്കുന്നതിന് ജില്ലാ തലത്തിൽ നേതൃത്വം നല്കേണ്ടതാണ്.
- സി.എസ്.ആർ ഫണ്ട് ഉൾപ്പെടെയുള്ള വിഭവ സമാഹരണം ജില്ലാതലത്തിൽ ഏകോപിപ്പിക്കേണ്ടതാണ്.
- കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ പി.എം.എ.വൈ ഭവനപദ്ധതിയുടെ തുക ഇതിലേക്കായി വകയിരുത്താവുന്നതാണ്.
- ഭവനരഹിതരായ ജില്ലയിലെ എല്ലാവർക്കും 2018-19 വർഷം തന്നെ ഭവനം നിർമ്മിച്ച് നൽകുക.
- ഹൌസിങ് ബോർഡ് മുഖേന മുൻവർഷങ്ങളിൽ നടപ്പിലാക്കിയ ഭവന പദ്ധതികൾ ഇപ്പോൾ നിർത്തലാക്കിയിരുന്നു. ആയത് പുനരാരംഭിക്കുന്നതിന് നിർദ്ദേശം ലഭ്യമാക്കേണ്ടതാണ്.
- ലൈഫ് മിഷൻ പദ്ധതി പ്രകാരം 'ഭവന സഹായനിധി' രൂപീകരിക്കാൻ ഇപ്പോൾ ഗ്രാമപഞ്ചായത്തുകൾക്കാണ് നിർദ്ദേശം നൽകിയിരിക്കുന്നത്. ആയത് ബ്ലോക്ക് പഞ്ചായത്തുകളിലും, ജില്ലാപഞ്ചായത്തുകളിലും നടപ്പാക്കുന്നതിനുള്ള നിർദ്ദേശം.

  ലൈഫ് മിഷൻ പദ്ധതിയിൽ പാർപ്പിട പദ്ധതികൾ സംയോജിപ്പിച്ചപ്പോൾ കുടുംബം എന്ന നിർവചനത്തിൽ നിന്ന് ഒരു കുടുംബത്തിലെ തന്നെ വിവാഹിതരായ മറ്റ് അംഗങ്ങൾ പുറത്തായിട്ടുണ്ട്. നിലവിലുള്ള കുടുംബ വ്യവസ്ഥകൾ ഇവരെ കൂടി ഭൂരഹിത ഭവന രഹിതരുടെ ലിസ്റ്റിൽ ഉൾപ്പെടുത്തേണ്ടതാണ്.

## കീഴ് തട്ട്

- വാർഡ് തലം വരെയുള്ള പ്രവർത്തനങ്ങൾ ഗ്രാമപഞ്ചായത്ത് മുൻസിപ്പൽ തലത്തിൽ ഏകോപിപ്പിക്കേണ്ടതാണ്.
- വാർഡ് തല കർമ്മ പദ്ധതികൾ രൂപീകരിച്ച് പൂർത്തീകരിക്കാത്ത വീടുകളുടെ മൈക്രോ പ്ലാൻ തയ്യാറാക്കണം.
- ഗ്രാമപഞ്ചായത്ത് തലത്തിലും മുൻസിപ്പൽ തലത്തിലും ഭവന നിർമ്മാണത്തിന് ധനസമാഹരണം കണ്ടെത്തേണ്ടതാണ്.
- നിർമ്മാണ മേഖലയിൽ പ്രവർത്തിക്കുന്നവരെ ഉൾപ്പെടുത്തി ഗ്രാമപഞ്ചായത്ത് തലത്തിൽ വർക്കിംഗ് സൊസൈറ്റി രൂപീകരിക്കുക. ടി സൊസൈറ്റികൾ മുഖേന ദുർബലരായ ജനവിഭാഗങ്ങളുടെ ഭവന നിർമ്മാണം പൂർത്തീകരിക്കുക.
- ഗ്രാമപഞ്ചായത്ത് തലത്തിൽ ഹൈടോളിക് പ്രസിംഗ് സംവിധാനത്തോടുകൂടി കോൺക്രീറ്റ് കട്ടകൾ നിർമ്മിക്കുന്നതിന് സംവിധാനം ഒരുക്കുക. ആയത് ഗ്രാമപഞ്ചായത്തിലെ തന്നെ ഭവന നിർമ്മാണത്തിനായി ഉപയോഗപ്പെടുത്തുക.
- ലൈഫ് മിഷൻ-ഭവന നിർമ്മാണ സമുച്ചയങ്ങൾ നിർമ്മിക്കുന്നതിന് സ്ഥലം കണ്ടെത്തുന്നതിന് നിർബന്ധമായും ഗ്രാമപഞ്ചായത്തുകൾ പ്ലാൻഫണ്ടിൽ തുക

വകയിരുത്തുക. 50 സെന്റിൽ കുറയാത്ത സ്ഥലം കണ്ടെത്തുന്നതിന് 2018–19 സാമ്പത്തിക വർഷത്തിൽ തന്നെ പ്രോജക്ടുകൾ തയാറാക്കുന്നതിന് നിർദ്ദേശം.

- സ്വകാര്യ വ്യക്തികളുടേയും മറ്റും വീട് നിർമ്മാണത്തിനായി ഉപയോഗിച്ച് ബാക്കി വന്നിട്ടുള്ള നിർമ്മാണ സാമഗ്രികൾ ഇപ്പോഴും പല സ്ഥലങ്ങളിലും ഉപയോഗമില്ലാതെ കിടക്കുന്നു. ആയതു ശേഖരിച്ച് പൂർത്തീകരിക്കാത്ത ഭാഗങ്ങളുടെ പൂർത്തീകരണത്തിനായി ഉപയോഗപ്പെടുത്തുക. ഗ്രാമപഞ്ചായത്തുകൾ മുഖേന നടപ്പിലാക്കുന്നതിനുള്ള സംവിധാനം ആവശ്യമാണ്

- സർക്കാർ ആവിഷ്കരിച്ചിരിക്കുന്ന ലൈഫ് ഭവന നിർമ്മാണ പദ്ധതി പ്രകാരം ജില്ലയിലെ ഭൂരിഭാഗം ജനവിഭാഗങ്ങൾക്കും വാസയോഗ്യമായ ഭവനം ലഭ്യമാക്കാൻ കഴിയുമെന്ന് പ്രത്യാശിക്കാം. കൂടാതെ വിവിധ മേഖലകളിൽ നിന്നും, വിവിധ വകുപ്പുകളിൽ നിന്നും ലഭ്യമാകുന്ന ഫണ്ടിന്റെ ലഭ്യത അനുസരിച്ച് വരും വർഷങ്ങളിൽ ഓരോ ജന വിഭാഗത്തിനും പ്രാദേശിക പരിഗണന കണക്കിലെടുത്തുകൊണ്ട് തനതു സവിശേഷതകളോടുകൂടിയ ഭവന പദ്ധതികൾ ആവിഷ്കരിക്കാൻ കഴിയും. നിർമ്മാണ മേഖലയിൽ പ്രവർത്തിക്കുന്നവരെ ഉൾപ്പെടുത്തി ഗ്രാമപഞ്ചായത്ത് തലത്തിൽ വർക്കിംഗ് സൊസൈറ്റി രൂപീകരിക്കുക. ടി സൊസൈറ്റികൾ മുഖേന ദുർബലരായ ജനവിഭാഗങ്ങളുടെ ഭവന നിർമ്മാണം പൂർത്തീകരിക്കുക.

# വിദ്യാഭ്യാസം

സൗജന്യവും, സാർവ്വത്രികവുമായ വിദ്യാഭ്യാസം എന്ന ഭരണഘടന ലക്ഷ്യം പൂർണ്ണമായും നേടിയിട്ടുള്ള ജില്ലയാണ് ആലപ്പുഴ. ആലപ്പുഴ ജില്ലയുടെ സിംഹഭാഗവും തീരദേശമാണെങ്കിൽ പോലും സംസ്ഥാനത്തിന്റെ പൊതുവിദ്യാഭ്യാസ നിലവാരത്തിനൊപ്പം തന്നെയാണ് ആലപ്പുഴ ജില്ലയുടെയും സ്ഥാനം. നവകേരളമിഷന്റെ ഭാഗമായി സർക്കാർ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന് തുടക്കമിട്ടത് ജില്ലയിലെ വിദ്യാഭ്യാസ രംഗത്തിന് നവോന്മേഷം പകർന്നിട്ടുണ്ട്. ആർ.എം.എസ്.എ സർവ്വശിക്ഷാ അഭിയാൻ, ത്രിതല പഞ്ചായത്ത്, വിദ്യാഭ്യാസ വകുപ്പ് എന്നിവയുടെ പ്രവർത്തനങ്ങൾ വിദ്യാലയങ്ങളിലൂടെ അക്കാദമികവും, ഭൗതികവുമായ മെച്ചപ്പെടലിന് കാരണമായിട്ടുണ്ട്. വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കുക എന്ന പ്രഖ്യാപിത ലക്ഷ്യം നേടുന്നതിന് മുഴുവൻ സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളിലും ദീർഘകാല കാഴ്ചപ്പാടോടുകൂടിയ വിദ്യാലയത്തിന്റെ മികവ് എന്ന ആശയത്തിലൂന്നിയുള്ള പ്രവർത്തനങ്ങൾക്ക് രൂപം നൽകിവരുന്നു. അദ്ധ്യാപകർ, രക്ഷിതാക്കൾ, പൂർവ്വ വിദ്യാർത്ഥികൾ, സാമൂഹ്യ - രാഷ്ട്രീയ - സാംസ്കാരിക സന്നദ്ധ സംഘടനാ പ്രവർത്തകർ, വിവിധ സർക്കാർ, സർക്കാരിതര ഏജൻസികൾ എന്നിവയുടെ കൂട്ടായ്മയിലൂടെയാണ് ഈ മികവിലേക്ക് എത്തേണ്ടത്. ആലപ്പുഴ ജില്ല തീരദേശ ജില്ല ആയതിനാൽ ആ സാമൂഹിക പശ്ചാത്തലത്തിൽ വേണം ജില്ലയുടെ വിദ്യാഭ്യാസ പുരോഗതി വിലയിരുത്തുവാനും പദ്ധതികൾ രൂപപ്പെടുത്തുവാനും. വിദ്യാഭ്യാസ - സാസ്കാരിക പ്രവർത്തനങ്ങൾക്ക് സഹായകമായ കുഞ്ചൻനമ്പ്യാർ സ്മാരകം, തകഴി സ്മാരകം, കുമാരനാശാൻ സ്മാരകം, വയലാർ സ്മാരകം, എ.ആർ. രാജരാജവർമ്മ സ്മാരകം തുടങ്ങിയ സ്ഥാപനങ്ങളുടെയും, സംഘടനകളുടെയും ഇടപെടൽ വിദ്യാഭ്യാസ മേഖലയുടെ മെച്ചപ്പെടലിന് ഏറെ സഹായകമായിട്ടുണ്ട്.

**ജില്ലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ**

| വിദ്യാഭ്യാസ സ്ഥാപനം | എണ്ണം | വിദ്യാഭ്യാസ സ്ഥാപനം | എണ്ണം |
|---|---|---|---|
| ഗവൺമെന്റ് | 329 | ഫാർമസി കേളേജ് | 1 |
| എയ്ഡഡ് | 393 | ആർട്സ് & സയൻസ് കോളേജ് | 12 |
| പ്രീ-പ്രൈമറി | 158 | റിസർച്ച് കോളേജ് | 3 |
| എൽ.പി.എസ്. | 387 | ടൈബൽ വെൽഫയർ ഡിപ്പാർട്ട്മെന്റ് | 1 |
| യു.പി.എസ്. | 148 | ടെക്നിക്കൽ സ്കൂൾ | 4 |
| ഹൈസ്കൂൾ | 193 | സി.ബി.എസ്.ഇ. അപ്രൂവ്ഡ് സ്കൂൾ | 56 |
| ഹയർ സെക്കണ്ടറി | 125 | നവോദയ | 1 |
| വി.എച്ച്.എസ്.ഇ. | 21 | മദ്രാസ് റെക്കഗ്നൈസ്ഡ് | 2 |
| കേന്ദ്രീയ വിദ്യാലയ | 1 | അൺ എയ്ഡഡ് | 193 |
| ടി.ടി.ഐ. | 9 | അൺ എയ്ഡഡ് അൺ റെക്കഗ്നൈസ്ഡ് | 102 |
| പോളിടെക്നിക് | 3 | ലളിതകലാ അക്കാഡമി | 1 |
| ഐ.ടി.ഐ. | 3 | കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷൻ | 10 |

| | | | |
|---|---|---|---|
| മെഡിക്കൽ കോളേജ് | 1 | കോളേജ് ഓഫ് സ്പെഷ്യൽ എഡ്യൂക്കേഷൻ | 1 |
| എഞ്ചിനീയറിംഗ് കേളേജ് | 13 | | |
| നഴ്സിംഗ് കോളേജ് | 3 | **ആകെ** | **2174** |

## വിവരശേഖരണം

### സ്കൂൾ വിദ്യാഭ്യാസം

സ്കൂൾ വിദ്യാഭ്യാസ മേഖലയിൽ എൽ. പി. മുതൽ ഹയർ സെക്കണ്ടറിവരെ ആകെ 728 ക്യാമ്പസുകൾ ഉണ്ട്. പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ഈ വർഷം ഗവൺമെന്റ് എയ്ഡഡ് വിദ്യാലയങ്ങളിൽ മികവാർന്ന പ്രവർത്തനങ്ങളാണ് നടക്കുന്നത്. ഇതിന്റെ ഭാഗമായി ഒന്നാം ക്ലാസ്സിൽ മാത്രം ജില്ലയിൽ 311 കുട്ടികളുടെ വർദ്ധനവുണ്ടായി. കുട്ടികളുടെ വർദ്ധനവിന് ആനുപാതികമായ ഭൗതീക സാഹചര്യങ്ങൾ സ്കൂളുകളിൽ ഒരുക്കേണ്ടിയിരുന്നു. കേരളത്തിലെ വിദ്യാലയങ്ങൾ ഹൈടെക് ആക്കുന്നതിന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി പൈലറ്റ് പ്രോജക്ടുമായി തെരഞ്ഞെടുത്ത അഞ്ച് മണ്ഡലങ്ങളിലൊന്ന് ജില്ലയിലെ ആലപ്പുഴ അസംബ്ലി മണ്ഡലമാണ്.

**പഠിതാക്കളുടെ എണ്ണം**

| Sl. No. | Type | 1 to 8 | | | 9 to 12 | | | Grand Total |
|---|---|---|---|---|---|---|---|---|
| | | Boys | Girls | Total | Boys | Girls | Total | |
| 1 | Govt. | 20775 | 20498 | 41273 | 11785 | 13641 | 25426 | 66699 |
| 2 | Govt Aided | 38186 | 38598 | 76784 | 32027 | 30156 | 62183 | 138967 |
| 3 | Govt. Tribal Welfare | 0 | 125 | 125 | 0 | 146 | 146 | 271 |
| 4 | Private Un Aided | 42298 | 36084 | 78382 | 7561 | 7557 | 15118 | 93500 |
| 5 | Private Un Recognized | 7017 | 5905 | 12922 | 306 | 276 | 582 | 13504 |
| 6 | CBSE | 667 | 593 | 1260 | 142 | 158 | 300 | 1560 |
| 7 | Govt Technical | 178 | 19 | 197 | 445 | 144 | 589 | 786 |
| 8 | Kendreeya Vidyalaya | 286 | 217 | 503 | 100 | 89 | 189 | 692 |
| 9 | Jawhar Navodya | 131 | 98 | 229 | 140 | 117 | 257 | 486 |
| **Total** | | **109538** | **102137** | **211675** | **52506** | **52284** | **104790** | **316465** |

*കടപ്പാട് -udise data - ssa*

**ജീവനക്കാരുടെ വിവരങ്ങൾ**

| Sl. No. | Type | Teachers | | |
|---|---|---|---|---|
| | | Male | Female | Total |
| 1 | Govt. | 707 | 2763 | 3470 |
| 2 | Govt Aided | 1277 | 5261 | 6538 |
| 3 | Govt. Tribal Welfare | 5 | 15 | 20 |
| 4 | Private Un Aided | 256 | 3859 | 4115 |
| 5 | Private Un Recognized | 51 | 907 | 958 |

| | | | | |
|---|---|---|---|---|
| 6 | CBSE | 5 | 53 | 58 |
| 7 | Govt Technical | 22 | 22 | 44 |
| 8 | Kendreeya Vidyalaya | 7 | 13 | 20 |
| 9 | Jawhar Navodya | 9 | 14 | 23 |
| | **Total** | **2339** | **12907** | **15246** |

*കടപ്പാട് -udise data - ssa*

## ജീവനക്കാരുടെ വിവരങ്ങൾ

| Sl. No. | School Location | Schools | Enthronement 1 to 8 | | | Enthronement 9 to 12 | | |
|---|---|---|---|---|---|---|---|---|
| | | | Boys | Girls | Total | Boys | Girls | Total |
| 1 | Rural | 859 | 88172 | 79464 | 168495 | 40944 | 39118 | 248557 |
| 2 | Urban | 167 | 21434 | 22616 | 44217 | 11562 | 13166 | 68945 |
| | **Total** | **1026** | **109606** | **102080** | **212712** | **50506** | **52284** | **317502** |

*കടപ്പാട് -udise data - ssa*

## പഠിതാക്കൾ വിഭാഗം തിരിച്ച്

| Class | Government | | | Aided | | | Unaided | | | Grand Total | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | Boys | Girls | Total | Boys | Girls | Total | Boys | Girls | Total | Boys | Girls | Total |
| 1 | 2886 | 2760 | 5646 | 2804 | 2858 | 5662 | 839 | 828 | 1667 | 6529 | 6446 | 12975 |
| 2 | 2852 | 2800 | 5652 | 2816 | 3053 | 5869 | 896 | 856 | 1752 | 6564 | 6709 | 13273 |
| 3 | 2928 | 2709 | 5637 | 3180 | 3130 | 6310 | 899 | 844 | 1743 | 7007 | 6683 | 13690 |
| 4 | 2801 | 2652 | 5453 | 3296 | | 6565 | 914 | 1011 | 1925 | 7011 | 6932 | 13943 |
| 5 | 2296 | 2254 | 4540 | 5270 | 5651 | 10921 | 356 | 239 | 595 | 7922 | 8144 | 16066 |
| 6 | 2338 | 2317 | 4655 | 6272 | 6352 | 12624 | 321 | 232 | 553 | 8931 | 8901 | 17832 |
| 7 | 2438 | 2353 | 4791 | 6666 | 6766 | 13432 | 299 | 204 | 503 | 9403 | 9323 | 18726 |
| 8 | 2447 | 2549 | 4996 | 8213 | 7745 | 15958 | 223 | 122 | 345 | 10883 | 10416 | 21299 |
| 9 | 2551 | 2518 | 5069 | 9045 | 8369 | 17414 | 241 | 123 | 364 | 11837 | 11010 | 22847 |
| 10 | 2754 | 2666 | 5420 | 9484 | 8885 | 18369 | 257 | 113 | 370 | 12495 | 11664 | 24159 |
| **Total** | **26291** | **25578** | **51869** | **57046** | **56078** | **113124** | **5245** | **4572** | **9817** | **88582** | **86228** | **174810** |

*കടപ്പാട് -udise data - ssa*

## പഠിതാക്കൾ പട്ടികവർഗം

| Class | Government | | | Aided | | | Unaided | | | Grand Total | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | Boys | Girls | Total | Boys | Girls | Total | Boys | Girls | Total | Boys | Girls | Total |
| 1 | 16 | 7 | 23 | 5 | 12 | 17 | 0 | 1 | 1 | 21 | 20 | 41 |
| 2 | 10 | 8 | 18 | 10 | 8 | 18 | 0 | 1 | 1 | 20 | 17 | 37 |
| 3 | 12 | 16 | 28 | 11 | 7 | 18 | 2 | 1 | 3 | 25 | 24 | 49 |
| 4 | 12 | 11 | 23 | 11 | 8 | 19 | 3 | 0 | 3 | 26 | 19 | 45 |
| 5 | 14 | 4 | 18 | 18 | 10 | 28 | 0 | 1 | 1 | 32 | 15 | 47 |
| 6 | 11 | 10 | 21 | 14 | 9 | 23 | 0 | 0 | 0 | 25 | 19 | 44 |
| 7 | 14 | 13 | 27 | 13 | 15 | 28 | 0 | 0 | 0 | 27 | 28 | 55 |
| 8 | 16 | 20 | 36 | 12 | 14 | 26 | 0 | 0 | 0 | 28 | 34 | 62 |
| 9 | 14 | 22 | 36 | 16 | 16 | 32 | 0 | 0 | 0 | 30 | 38 | 68 |
| 10 | 14 | 14 | 28 | 17 | 19 | 36 | 1 | 0 | 1 | 32 | 33 | 65 |
| **Total** | **133** | **125** | **258** | **127** | **118** | **245** | **6** | **4** | **10** | **266** | **247** | **513** |

*കടപ്പാട് -udise data - ssa*

## പഠിതാക്കൾ – പട്ടികജാതി

| Class | Government | | | Aided | | | Unaided | | | Grand Total | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | Boys | Girls | Total | Boys | Girls | Total | Boys | Girls | Total | Boys | Girls | Total |
| 1 | 500 | 471 | 971 | 371 | 376 | 747 | 92 | 104 | 106 | 963 | 951 | 1914 |
| 2 | 516 | 545 | 1061 | 382 | 390 | 772 | 100 | 101 | 201 | 998 | 1036 | 2034 |
| 3 | 538 | 483 | 1021 | 386 | 379 | 765 | 79 | 81 | 160 | 1003 | 943 | 1946 |
| 4 | 500 | 460 | 960 | 434 | 406 | 840 | 94 | 140 | 234 | 1028 | 1006 | 2034 |
| 5 | 387 | 363 | 750 | 720 | 684 | 1404 | 16 | 15 | 31 | 1123 | 1062 | 2185 |
| 6 | 358 | 358 | 716 | 893 | 813 | 1706 | 17 | 15 | 32 | 1268 | 1186 | 2454 |
| 7 | 364 | 383 | 747 | 842 | 796 | 1638 | 7 | 8 | 15 | 1213 | 1187 | 2400 |
| 8 | 305 | 352 | 657 | 996 | 924 | 1920 | 3 | 4 | 7 | 1304 | 1280 | 2584 |
| 9 | 296 | 373 | 669 | 1109 | 977 | 2086 | 9 | 5 | 14 | 1414 | 1355 | 2769 |
| 10 | 334 | 366 | 700 | 1070 | 964 | 2034 | 8 | 0 | 8 | 1412 | 1330 | 2742 |
| Total | 4098 | 4154 | 8252 | 7203 | 6709 | 13912 | 425 | 473 | 898 | 11726 | 11336 | 23062 |

*കടപ്പാട് -udise data - ssa*

## പഠിതാക്കൾ – ഒ.ബി.സി.

| Class | Government | | | Aided | | | Unaided | | | Grand Total | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | Boys | Girls | Total | Boys | Girls | Total | Boys | Girls | Total | Boys | Girls | Total |
| 1 | 1289 | 1250 | 2539 | 1168 | 1349 | 2517 | 429 | 465 | 894 | 2886 | 3064 | 5950 |
| 2 | 1339 | 1247 | 2586 | 1386 | 1417 | 2803 | 391 | 458 | 849 | 3116 | 3122 | 6238 |
| 3 | 1291 | 1255 | 2546 | 1452 | 1439 | 2891 | 395 | 530 | 925 | 3138 | 3224 | 6362 |
| 4 | 1285 | 1293 | 2578 | 1526 | 1641 | 3167 | 401 | 511 | 912 | 3212 | 3445 | 6657 |
| 5 | 1124 | 1128 | 2252 | 2664 | 2721 | 5385 | 210 | 155 | 365 | 3998 | 4004 | 8002 |
| 6 | 1133 | 1078 | 2211 | 2887 | 3182 | 6069 | 185 | 135 | 320 | 4205 | 4395 | 8600 |
| 7 | 1220 | 1219 | 2439 | 3152 | 3150 | 6302 | 220 | 116 | 336 | 4592 | 4485 | 9077 |
| 8 | 1186 | 1110 | 2296 | 4153 | 3915 | 8068 | 103 | 52 | 155 | 5442 | 5077 | 10519 |
| 9 | 1343 | 1166 | 2509 | 4632 | 4263 | 8895 | 113 | 64 | 177 | 6088 | 5493 | 11581 |
| 10 | 1465 | 1316 | 2781 | 4792 | 4410 | 9202 | 102 | 63 | 165 | 6359 | 5789 | 12148 |
| **Total** | **12675** | **12062** | **24737** | **27812** | **27487** | **55299** | **2549** | **2549** | **5098** | **43036** | **42098** | **85134** |

*കടപ്പാട് -udise data - ssa*

## ആലപ്പുഴ ജില്ലയിലെ അൺ എക്കണോമിക് സ്കൂളുകൾ 2017–18

| Section | Class | Number of Schools | | | Number of Students | | | Teachig Staff | | | Non - Teachig Staff | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | Govt | Aided | Total | Govt | Aided | Total | Govt | Aided | Total | Govt | Aided | Total |
| LPS | I-IV | 141 | 134 | 275 | 5451 | 5273 | 10724 | 519 | 503 | 1022 | 125 | 1 | 126 |
| | I-V | 16 | 5 | 21 | 973 | 261 | 1234 | 77 | 19 | 96 | 16 | 0 | 16 |
| | Total | 157 | 139 | 296 | 6424 | 5534 | 11958 | 596 | 522 | 1118 | 141 | 1 | 142 |
| UPS | I-VII | 47 | 21 | 68 | 3578 | 1822 | 5400 | 344 | 171 | 515 | 82 | 17 | 99 |
| | V-VII | 1 | 23 | 24 | 0 | 943 | 943 | 0 | 122 | 122 | 0 | 21 | 21 |
| | Total | 48 | 44 | 92 | 3578 | 2765 | 6343 | 344 | 293 | 637 | 82 | 38 | 120 |
| HS | I-X | 6 | 2 | 8 | 767 | 249 | 1016 | 70 | 21 | 91 | 28 | 9 | 37 |

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | V-X | 10 | 10 | 20 | 805 | 946 | 1751 | 81 | 85 | 166 | 42 | 43 | 85 |
| | VII-X | 2 | 0 | 2 | 72 | 0 | 72 | 9 | 0 | 9 | 9 | 0 | 9 |
| | Total | 18 | 12 | 30 | 1644 | 1195 | 2839 | 160 | 106 | 266 | 79 | 52 | 131 |
| **Grand Total** | | **223** | **195** | **418** | **1164** | **9494** | **21140** | **1100** | **921** | **2021** | **302** | **91** | **393** |

*കടപ്പാട് -udise data - ssa*

## എസ്.എസ്.എൽ.സി. വിജയം 2011-17

| | | | |
|---|---|---|---|
| 2010-11 | 26094 | 23600 | 90.44 |
| 2011-12 | 26520 | 24924 | 93.48 |
| 2012-13 | 27288 | 26284 | 96.32 |
| 2013-14 | 26235 | 25303 | 96.48 |
| 2014-15 | 26966 | 26719 | 99.08 |
| 2015-16 | 26269 | 25934 | 98.72 |
| 2016-17 | 25091 | 24594 | 98.01 |

*കടപ്പാട് -Statistical Data*

**ENROLMENT OF STUDENT AS ON 6TH WORKING DAY 2012-18**

**By Management wise (All Communities)**

| YEAR | Government | | | Aided | | | Unaided | | | GRAND TOTAL | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | Boys | Girls | Total | Boys | Girls | Total | Boys | Girls | Total | Boys | Girls | Total |
| 2010-11 | 29897 | 30015 | 59912 | 79210 | 77539 | 156749 | 6101 | 5665 | 11766 | 115208 | 113219 | 228427 |
| 2011-12 | 27921 | 28302 | 56223 | 76775 | 75386 | 152161 | 5945 | 5590 | 11535 | 110641 | 109278 | 219919 |
| 2012-13 | 26793 | 27501 | 54294 | 70144 | 69131 | 139275 | 5988 | 5581 | 11569 | 102925 | 102213 | 205138 |
| 2013-14 | 26031 | 26352 | 52383 | 66616 | 65737 | 132353 | 5327 | 5212 | 10539 | 97974 | 97301 | 195275 |
| 2014-15 | 25746 | 26250 | 51996 | 64370 | 63725 | 128095 | 4585 | 4577 | 9162 | 94701 | 94552 | 189253 |
| 2015-16 | 26295 | 26445 | 52740 | 61403 | 61188 | 122591 | 4335 | 4367 | 8702 | 92033 | 92000 | 184033 |
| 2016-17 | 25806 | 25548 | 51354 | 58793 | 58576 | 117369 | 5253 | 5188 | 10441 | 89852 | 89312 | 179164 |
| 2017-18 | 26291 | 25578 | 51869 | 57041 | 56083 | 113124 | 5245 | 4572 | 9817 | 88577 | 86233 | 174810 |

**ENROLMENT OF STUDENT AS ON 6TH WORKING DAY 2016-17 (FINAL)**

**By Management wise (All Communities)**

| STD | Government | | | Aided | | | Unaided | | | GRAND TOTAL | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | Boys | Girls | Total | Boys | Girls | Total | Boys | Girls | Total | Boys | Girls | Total |
| I | 2699 | 2680 | 5379 | 2659 | 2953 | 5612 | 899 | 984 | 1883 | 6257 | 6617 | 12874 |
| II | 2733 | 2613 | 5346 | 3037 | 3045 | 6082 | 860 | 992 | 1852 | 6630 | 6650 | 13280 |
| III | 2629 | 2562 | 5191 | 3129 | 3196 | 6325 | 895 | 1095 | 1990 | 6653 | 6853 | 13506 |
| IV | 2713 | 2564 | 5277 | 3299 | 3568 | 6867 | 890 | 1054 | 1944 | 6902 | 7186 | 14088 |
| V | 2350 | 2349 | 4699 | 5620 | 5833 | 11453 | 355 | 265 | 620 | 8325 | 8447 | 16772 |
| VI | 2284 | 2277 | 4561 | 6219 | 6588 | 12807 | 285 | 190 | 475 | 8788 | 9055 | 17843 |
| VII | 2390 | 2490 | 4880 | 6826 | 6859 | 13685 | 337 | 203 | 540 | 9553 | 9552 | 19105 |
| VIII | 2414 | 2461 | 4875 | 8625 | 8268 | 16893 | 224 | 129 | 353 | 11263 | 10858 | 22121 |
| IX | 2710 | 2649 | 5359 | 9475 | 8922 | 18397 | 248 | 130 | 378 | 12433 | 11701 | 24134 |
| X | 2884 | 2903 | 5787 | 9904 | 9344 | 19248 | 260 | 146 | 406 | 13048 | 12393 | 25441 |
| TOTAL | 25806 | 25548 | 51354 | 58793 | 58576 | 117369 | 5253 | 5188 | 10441 | 89852 | 89312 | 179164 |

| Scheduled Caste | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | Boys | Girls | Total | Boys | Girls | Total | Boys | Girls | Total | Boys | Girls | Total |
| I | 483 | 526 | 1009 | 354 | 366 | 720 | 101 | 115 | 216 | 938 | 1007 | 1945 |
| II | 511 | 473 | 984 | 373 | 355 | 728 | 81 | 94 | 175 | 965 | 922 | 1887 |
| III | 482 | 451 | 933 | 406 | 390 | 796 | 96 | 146 | 242 | 984 | 987 | 1971 |
| IV | 480 | 439 | 919 | 417 | 424 | 841 | 102 | 106 | 208 | 999 | 969 | 1968 |
| V | 368 | 378 | 746 | 835 | 752 | 1587 | 24 | 24 | 48 | 1227 | 1154 | 2381 |
| VI | 356 | 383 | 739 | 795 | 787 | 1582 | 14 | 8 | 22 | 1165 | 1178 | 2343 |
| VII | 330 | 377 | 707 | 883 | 895 | 1778 | 16 | 15 | 31 | 1229 | 1287 | 2516 |
| VIII | 285 | 371 | 656 | 1084 | 972 | 2056 | 7 | 4 | 11 | 1376 | 1347 | 2723 |
| IX | 333 | 363 | 696 | 1095 | 972 | 2067 | 6 | 2 | 8 | 1434 | 1337 | 2771 |
| X | 379 | 407 | 786 | 1173 | 1034 | 2207 | 8 | 2 | 10 | 1560 | 1443 | 3003 |
| TOTAL | 4007 | 4168 | 8175 | 7415 | 6947 | 14362 | 455 | 516 | 971 | 11877 | 11631 | 23508 |
| **Scheduled Tribe** | | | | | | | | | | | | |
| I | 17 | 12 | 29 | 10 | 12 | 22 | 0 | 1 | 1 | 27 | 25 | 52 |
| II | 21 | 20 | 41 | 12 | 12 | 24 | 0 | 2 | 2 | 33 | 34 | 67 |
| III | 15 | 22 | 37 | 10 | 18 | 28 | 1 | 0 | 1 | 26 | 40 | 66 |
| IV | 22 | 8 | 30 | 13 | 9 | 22 | 1 | 0 | 1 | 36 | 17 | 53 |
| V | 16 | 11 | 27 | 11 | 11 | 22 | 3 | 1 | 4 | 30 | 23 | 53 |
| VI | 18 | 19 | 37 | 9 | 15 | 24 | 3 | 1 | 4 | 30 | 35 | 65 |
| VII | 27 | 20 | 47 | 8 | 16 | 24 | 12 | 3 | 15 | 47 | 39 | 86 |
| VIII | 17 | 23 | 40 | 13 | 23 | 36 | 0 | 0 | 0 | 30 | 46 | 76 |
| IX | 13 | 14 | 27 | 22 | 19 | 41 | 0 | 0 | 0 | 35 | 33 | 68 |
| X | 17 | 23 | 40 | 18 | 11 | 29 | 0 | 0 | 0 | 35 | 34 | 69 |
| TOTAL | 183 | 172 | 355 | 126 | 146 | 272 | 20 | 8 | 28 | 329 | 326 | 655 |
| **OBC** | | | | | | | | | | | | |
| I | 1289 | 1250 | 2539 | 1168 | 1349 | 2517 | 429 | 465 | 894 | 2886 | 3064 | 5950 |
| II | 1339 | 1247 | 2586 | 1386 | 1417 | 2803 | 391 | 458 | 849 | 3116 | 3122 | 6238 |
| III | 1291 | 1255 | 2546 | 1452 | 1439 | 2891 | 395 | 530 | 925 | 3138 | 3224 | 6362 |
| IV | 1285 | 1293 | 2578 | 1526 | 1641 | 3167 | 401 | 511 | 912 | 3212 | 3445 | 6657 |
| V | 1124 | 1128 | 2252 | 2664 | 2721 | 5385 | 210 | 155 | 365 | 3998 | 4004 | 8002 |
| VI | 1133 | 1078 | 2211 | 2887 | 3182 | 6069 | 185 | 135 | 320 | 4205 | 4395 | 8600 |
| VII | 1220 | 1219 | 2439 | 3152 | 3150 | 6302 | 220 | 116 | 336 | 4592 | 4485 | 9077 |
| VIII | 1186 | 1110 | 2296 | 4153 | 3915 | 8068 | 103 | 52 | 155 | 5442 | 5077 | 10519 |
| IX | 1343 | 1166 | 2509 | 4632 | 4263 | 8895 | 113 | 64 | 177 | 6088 | 5493 | 11581 |
| X | 1465 | 1316 | 2781 | 4792 | 4410 | 9202 | 102 | 63 | 165 | 6359 | 5789 | 12148 |
| TOTAL | 12675 | 12062 | 24737 | 27812 | 27487 | 55299 | 2549 | 2549 | 5098 | 43036 | 42098 | 85134 |
| **MUSLIM** | | | | | | | | | | | | |
| I | 392 | 428 | 820 | 387 | 465 | 852 | 238 | 234 | 472 | 1017 | 1127 | 2144 |
| II | 376 | 420 | 796 | 449 | 480 | 929 | 204 | 217 | 421 | 1029 | 1117 | 2146 |
| III | 384 | 412 | 796 | 452 | 502 | 954 | 235 | 251 | 486 | 1071 | 1165 | 2236 |
| IV | 402 | 392 | 794 | 454 | 593 | 1047 | 240 | 206 | 446 | 1096 | 1191 | 2287 |
| V | 374 | 430 | 804 | 593 | 747 | 1340 | 125 | 90 | 215 | 1092 | 1267 | 2359 |
| VI | 318 | 369 | 687 | 774 | 883 | 1657 | 113 | 77 | 190 | 1205 | 1329 | 2534 |
| VII | 342 | 365 | 707 | 738 | 899 | 1637 | 119 | 60 | 179 | 1199 | 1324 | 2523 |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| VIII | 370 | 408 | 778 | 982 | 976 | 1958 | 60 | 33 | 93 | 1412 | 1417 | 2829 |
| IX | 445 | 446 | 891 | 1052 | 1138 | 2190 | 45 | 31 | 76 | 1542 | 1615 | 3157 |
| X | 431 | 475 | 906 | 1051 | 1174 | 2225 | 38 | 28 | 66 | 1520 | 1677 | 3197 |
| TOTAL | 3834 | 4145 | 7979 | 6932 | 7857 | 14789 | 1417 | 1227 | 2644 | 12183 | 13229 | 25412 |
| **OTHER MINORITY** | | | | | | | | | | | | |
| I | 246 | 213 | 459 | 537 | 565 | 1102 | 135 | 101 | 236 | 918 | 879 | 1797 |
| II | 214 | 207 | 421 | 641 | 623 | 1264 | 155 | 145 | 300 | 1010 | 975 | 1985 |
| III | 209 | 206 | 415 | 644 | 609 | 1253 | 142 | 135 | 277 | 995 | 950 | 1945 |
| IV | 252 | 203 | 455 | 671 | 670 | 1341 | 151 | 148 | 299 | 1074 | 1021 | 2095 |
| V | 221 | 192 | 413 | 887 | 1025 | 1912 | 78 | 61 | 139 | 1186 | 1278 | 2464 |
| VI | 252 | 204 | 456 | 957 | 1089 | 2046 | 74 | 52 | 126 | 1283 | 1345 | 2628 |
| VII | 227 | 241 | 468 | 1092 | 1205 | 2297 | 72 | 64 | 136 | 1391 | 1510 | 2901 |
| VIII | 199 | 186 | 385 | 1556 | 1575 | 3131 | 62 | 47 | 109 | 1817 | 1808 | 3625 |
| IX | 232 | 217 | 449 | 1750 | 1771 | 3521 | 81 | 35 | 116 | 2063 | 2023 | 4086 |
| X | 273 | 248 | 521 | 1817 | 1842 | 3659 | 87 | 56 | 143 | 2177 | 2146 | 4323 |
| TOTAL | 2325 | 2117 | 4442 | 10552 | 10974 | 21526 | 1037 | 844 | 1881 | 13914 | 13935 | 27849 |
| Other Minority -Christians, Sikhs, Parsies, etc | | | | | | | | | | | | |

## പരിഹരിക്കപ്പെടേണ്ട വികസന വിടവുകൾ

### പ്രീപ്രൈമറി

- ഏകീകൃത സിലബസ്സിന്റെ അഭാവം.
- ശിശു സൗഹൃദപരമല്ലാത്തതും അനാകർഷകവുമായ ക്ലാസ്സ് മുറികൾ.
- വിദ്യാർത്ഥി – അദ്ധ്യാപക അനുപാതം നിശ്ചയിക്കപ്പെട്ടിട്ടില്ല.
- കളിസ്ഥലം, കളിയുപകരണങ്ങൾ, പാർക്ക് മുതലയായവ ഇല്ല.
- പ്രവർത്തിക്കുന്ന എല്ലാ സ്കൂളുകൾക്കും അംഗീകാരം കിട്ടിയിട്ടില്ല.
- എല്ലാ പ്രൈമറി സ്കൂളിലും പ്രീപ്രൈമറി ആരംഭിച്ചിട്ടില്ല.
- പ്രീപ്രൈമറി വിഭാഗത്തിന് പ്രത്യേക ടോയിലറ്റ് സൗകര്യം ഇല്ല.
- അധ്യാപകരുടേയും, ആയമാരുടേയും വേതനം ഏകീകരിച്ചിട്ടില്ല.
- അധ്യാപകർക്കും, ആയമാർക്കും ശാസ്ത്രീയമായ പരിശീലനം ലഭിച്ചിട്ടില്ല.
- നിയമനത്തിന് നിശ്ചിത മാനദണ്ഡങ്ങൾ ഇല്ല.

### ജില്ലയിലെ പ്രീപ്രൈമറി വിദ്യാലയങ്ങളുടെ എണ്ണം 2017-18

| ഉപജില്ല | ഗവണ്മെന്റ് മേഖല | | എയ്ഡഡ് മേഖല | |
|---|---|---|---|---|
| | സ്കൂൾ | കുട്ടികൾ | സ്കൂൾ | കുട്ടികൾ |
| കായംകുളം | 20 | 849 | 24 | 607 |
| മാവേലിക്കര | 36 | 703 | 20 | 316 |
| ചെങ്ങന്നൂർ | 19 | 564 | 17 | 335 |

| | | | | |
|---|---|---|---|---|
| അമ്പലപ്പുഴ | 21 | 799 | 19 | 708 |
| തലവടി | 12 | 170 | 10 | 169 |
| വെളിയനാട് | 8 | 112 | 3 | 45 |
| മങ്കൊമ്പ് | 13 | 216 | 6 | 210 |
| ആലപ്പുഴ | 16 | 690 | 24 | 572 |
| ചേർത്തല | 32 | 1938 | 15 | 694 |
| തുറവൂർ | 31 | 1317 | 18 | 1086 |
| **ആകെ** | **208** | **7358** | **156** | **4742** |

*കടപ്പാട് -Statistical Data*

## പ്രൈമറി വിദ്യാഭ്യാസം

ചെങ്ങന്നൂർ ഉപജില്ലയിലെ ഡയറ്റ് യു.പി.സ്കൂൾ, ജെ.ബി.എസ്, പാണ്ടനാട് എന്നീ വിദ്യാലയങ്ങൾ കുട്ടികളുടെ കുറവ് മൂലം അടച്ചുപൂട്ടേണ്ടി വന്നു. ഒന്ന് മുതൽ എട്ട് വരെ ക്ലാസ്സുകളിലായി ജില്ലയിലെ പൊതു വിദ്യാലയങ്ങളിൽ 118279 കുട്ടികൾ പഠനം നടത്തിവരുന്നു. 2011 ലെ സെൻസസ് പ്രകാരം ഈ പ്രായത്തിലുള്ള ആകെ കുട്ടികളുടെ 55.87 ശതമാനം മാത്രമാണ് 78382 കുട്ടികൾ അൺഎയ്ഡഡ് വിദ്യാലയങ്ങളിലും 12922 കുട്ടികൾ അൺറെഗ്ഗൈസ്ഡ് വിദ്യാലയങ്ങളിലും പഠനം നടത്തിവരുന്നു. കൂടാതെ 197 കുട്ടികൾ 4 ടെക്നിക്കൽ സ്കൂളുകളിലും 503 കുട്ടികൾ കേന്ദ്രീയ വിദ്യാലയത്തിലും 229 പേർ നവോദയസ്കൂളിലും പഠിക്കുന്നു.

**കഴിഞ്ഞ രണ്ട് വർഷത്തെ കുട്ടികളുടെ എണ്ണം ക്ലാസ്സ് തിരിച്ച് ചുവടെ ചേർക്കുന്നു.**

| ക്ലാസ്സ് | 2016-17 | 2017-18 |
|---|---|---|
| 1 | 10993 | 11308 |
| 2 | 11303 | 11521 |
| 3 | 11398 | 11947 |
| 4 | 12000 | 12018 |
| 5 | 15947 | 15471 |
| 6 | 17244 | 17279 |
| 7 | 18305 | 18223 |
| 8 | 21083 | 20954 |
| **ആകെ** | **118273** | **118721** |

*കടപ്പാട് -Statistical Data*

## വികസന വിടവുകൾ

- വിദ്യാഭ്യാസ അവകാശ നിയമം അനുശാസിക്കുന്ന 200 സാദ്ധ്യായ ദിവസങ്ങൾ ഉറപ്പു വരുത്തുവാൻ കഴിയുന്നില്ല.
- വിദ്യാലയ നിരക്ഷരത ചെറിയ രീതിയിലെങ്കിലും നിലനിൽക്കുന്നു.
- ഇംഗ്ലീഷ് പരിജ്ഞാനം വേണ്ടത്ര മെച്ചപ്പെടുന്നില്ല.
- ടേം മൂല്യനിർണ്ണയത്തിന് ശേഷം മൂല്യനിർണ്ണയ ഫലങ്ങൾ വിശദമായി വിലയിരുത്തുകയും അതിനനുസരിച്ചുള്ള റെമഡിയൽ ടീച്ചിംഗ് നടത്തുകയോ ചെയ്യുന്നില്ല.
- അൺ എയ്ഡഡ് മേഖലയിലാണ് കൂടുതൽ കുട്ടികളും പഠിക്കുന്നത്.

- ഗണിതം, സോഷ്യൽ സയൻസ്, ഹിന്ദി എന്നിവയ്ക്കായി പ്രത്യേക പരിപാടികൾ ആസൂത്രണം ചെയ്യാൻ ഇപ്പോഴും കഴിഞ്ഞിട്ടില്ല.
- സർക്കാർ മേഖലയിലെ ഭൗതിക സാഹചര്യങ്ങൾ ഗണ്യമായി മെച്ചപ്പെട്ടപ്പോഴും എയ്ഡഡ് മേഖലയിൽ വേണ്ടത്ര പുരോഗതിയുണ്ടായിട്ടില്ല. സിംഗിൾ മാനേജ്മെന്റ് വിദ്യാലയങ്ങൾ ഭൗതിക സൗകര്യങ്ങളുടെ കാര്യത്തിൽ ഏറെ പിന്നിലാണ്. ഇത്തരം വിദ്യാലയങ്ങളെ സഹായിക്കാൻ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് കഴിഞ്ഞിട്ടില്ല.
- കുട്ടനാട് മേഖലയിലെ വിദ്യാലയങ്ങളിൽ യാത്രാ സൗകര്യം തീരെ അപര്യാപ്തമാണ്. ഇത് അദ്ധ്യാപകർക്ക് എത്തിച്ചേരാനും മറ്റും വലിയ ബുദ്ധിമുട്ട് ഉണ്ടാകുന്നു.

## ആർ.എം.എസ്.എ വികസന വിടവുകൾ

- ഗവൺമെന്റ് സ്കൂളുകൾക്ക് മാത്രമാണ് പ്രധാനമായും സഹായം നൽകുന്നത്.
- എയ്ഡഡ് വിദ്യാലയങ്ങളുടെ വികസനത്തിനാവശ്യമായ ഫണ്ട് ആർ.എം.എസ്.എ. പദ്ധതിയിൽ ഉൾപ്പെടുത്താൻ കഴിയുന്നില്ല.
- മുഴുവൻ കുട്ടികളുടെ പാഠ്യപാഠ്യേതര പ്രവർത്തനങ്ങൾക്ക് സഹായം ചെയ്യുന്ന പദ്ധതികൾ ആർ.എം.എസ്.എ. വഴി ലഭ്യമാകുന്നില്ല.
- ആർ.എം.എസ്.എ. വഴി അപ്ഗ്രേഡ് ചെയ്ത വിദ്യാലയങ്ങൾക്ക് പൂർണ്ണമായ ഭൗതിക സാഹചര്യം ഒരുക്കിയിട്ടില്ല.
- പദ്ധതി പൂർണ്ണ പ്രവർത്തന സജ്ജമാക്കാൻ കഴിഞ്ഞിട്ടില്ല.

## അസാപ്

### പ്രശ്നങ്ങൾ

- എല്ലാ ഗവൺമെന്റ്/എയ്ഡഡ് വിദ്യാലയങ്ങളും അസാപ് ബാച്ചുകൾ ആരംഭിക്കേണ്ടതാണ്.
- എല്ലാ വിദ്യാലയങ്ങളിലും പ്രവർത്തനക്ഷമമായ പ്രോജക്ടർ, ലാപ്ടോപ്പ് എന്നിവ ലഭ്യമാക്കേണ്ടതാണ്.
- ശനി / ഞായർ ദിവസങ്ങളിൽ വിവിധ പരീക്ഷകളും ഓപ്പൺ സ്കൂൾ ക്ലാസ്സുകളും നടപ്പിലാക്കുന്നത് കൊണ്ട് സ്കിൽ ക്ലാസ്സുകളുടെ തുടർച്ചയെ ബാധിക്കുന്നു (സ്കിൽ ഡെവലപ്പ്മെന്റ് സെന്ററുകൾ)
- അസാപ് സ്കിൽ ഡെവലപ്പ്മെന്റ് സെന്ററുകളുടെ പരിമിതികൾ (ഓഫീസ്)

### നിർദ്ദേശങ്ങൾ

- എല്ലാ ഹയർ സെക്കണ്ടറി / വി.എച്ച്.എസ്.ഇ സ്കൂളുകളിലും അസാപ് ബാച്ചുകൾ നിർബന്ധമായി തുടങ്ങണമെന്നുള്ള നിർദ്ദേശം നൽകുകയും അത് നടപ്പിലാക്കുകയും ചെയ്യുക.
- എല്ലാ ഹയർ സെക്കണ്ടറി / വി.എച്ച്.എസ്.ഇ സ്കൂളുകളിലും പ്രോജക്ടർ, ലാപ്പ്ടോപ് സൗകര്യം ലഭ്യമല്ലാത്ത പക്ഷം ജില്ലാ പഞ്ചായത്തിന്റെയോ, എം.പി. / എം.എൽ. എ

ഫണ്ടിൽ നിന്നോ തുക കണ്ടെത്തി മേൽ പറഞ്ഞ സൗകര്യം ഉറപ്പാക്കുക. ഈ ഉപകരണങ്ങൾ കേടായാൽ നന്നാക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങളും ലഭ്യമാക്കുക.

- സ്മാർട്ട് ക്ലാസ്സ് റൂം ഇല്ലാത്ത എല്ലാ ഹയർ സെക്കണ്ടറി / വി.എച്ച്.എസ്.ഇ സ്കൂളുകളിലും എം.എൽ. എ / എം.പി. ഫണ്ടിൽ നിന്നും തുക കണ്ടെത്തി സ്മാർട്ട് ക്ലാസ് റൂം നിർമ്മിക്കുക. ലഭ്യമായ സ്മാർട്ട് ക്ലാസ്സ് റൂമുകൾ അസാപ് ക്ലാസ്സുകൾക്ക് ലഭ്യമാക്കണമെന്ന കർശന നിർദേശം നൽകുക.

- അസാപ് സ്കിൽ ഡെവലപ്മെന്റ് സെന്ററുകളെ പി.എസ്.സി / മറ്റ് പരീക്ഷകൾ എന്നിവയ്ക്കുള്ള കേന്ദ്രങ്ങളുടെ ലിസ്റ്റിൽ നിന്നും ഒഴിവാക്കുക. പരീക്ഷാ മൂല്യനിർണ്ണയ ക്യാമ്പുകളും അസാപ് സ്കിൽ ഡെവലപ്മെന്റ് സെന്ററുകളിൽ നിന്നും മാറ്റുക. മാത്രമല്ല ഓപ്പൺ സ്കൂൾ ക്ലാസ്സുകൾക്കും ബദൽ സംവിധാനം ലഭ്യമാക്കുക.

- സ്കിൽ ഡെവലപ്മെന്റ് സെന്ററുകൾ പ്രവർത്തിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് മുൻഗണന നൽകികൊണ്ട് എല്ലാ ഹയർ സെക്കണ്ടറി / വി.എച്ച്.എസ്.ഇ സ്കൂളുകളിലും എം.എൽ. എ/ എം.പി. ഫണ്ടിൽനിന്നോ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ടിൽ നിന്നോ തുക കണ്ടെത്തി ടോയ് ലറ്റുകൾ നിർമ്മിക്കുക.

- ശുദ്ധമായ കുടിവെള്ള വിതരണ സംവിധാനം എല്ലാ സ്കൂളുകളിലും ഉണ്ടെന്ന് ഉറപ്പുവരുത്തുക.

- സാനിട്ടറി നാപ്കിൻ ഡിസ്പോസലിനായി വേസ്റ്റ് ബിൻ എല്ലാ ടോയ് ലറ്റുകളിലും ലഭ്യമാക്കുക. കൃത്യമായ ഇടവേളകളിൽ ഡിസ്പോസൽ ഉറപ്പ വരുത്തുക.

- അസാപ് എസ്.ഡി.സി. മെച്ചപ്പെടുത്തലിനായി ഒരു ലക്ഷം രൂപ അനുവദിക്കുക.

അസാപിന്റെ പ്ലംബിങ്ങ് സ്കിൽ കോഴ്സ് പഠിച്ച കുട്ടികളെ ഉൾപ്പെടുത്തി ഒരു പ്ലംബേഴ്സ് ക്ലബ് രൂപവൽക്കരിച്ചിട്ടുണ്ട്. ഇതിന്റെ നേതൃത്വത്തിൽ ഗവൺമെന്റ് സ്കൂളുകളിലെ ഉപയോഗ യോഗ്യമല്ലാത്ത ടോയിലറ്റുകളുടെ പുനരുദ്ധാരണം ലക്ഷ്യമിടുന്നു. ആദ്യഘട്ടമായി കിടങ്ങറ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിലെ ടോയിലറ്റ് പുനരുദ്ധാരണം പൂർത്തിയായി. അടുത്ത ഘട്ടത്തിൽ ഡിസംബർ 31 ന് മുൻപേ 5 സ്ഥാപനങ്ങളിൽകൂടി ഈ പ്രവർത്തനം പൂർത്തിയാക്കാൻ ലക്ഷ്യമിടുന്നു.

### സ്റ്റാഫുകളുടെ വിവരങ്ങൾ (ടീച്ചിംഗ്)

| ആകെ | സർക്കാർ | എയ്ഡഡ് |
|---|---|---|
| 300 | 184 | 116 |

*കടപ്പാട് -Statistical Data*

## ആലപ്പുഴ ജില്ലയിൽ നടപ്പിലാക്കി തുടങ്ങിയതും വരും വർഷങ്ങളിൽ പൂർത്തീകരിക്കേണ്ടതുമായ പ്രവർത്തനങ്ങൾ

### ഹയർ സെക്കണ്ടറി വിഭാഗം

- വിദ്യാഭ്യാസം ആകർഷകമാക്കുവാൻ തക്കവിധം ക്ലാസ്സ് മുറികൾ, സ്കൂൾ കാമ്പസ് എന്നിവ ഇക്കോ ഫ്രണ്ട്ലി ആക്കുക. ഹരിത വിദ്യാലയം എന്ന ആശയം പ്രായോഗികമാക്കുവാൻ

തക്കവിധം ക്ലാസ്സ് മുറികളും സ്കൂൾ പരിസരവും സജ്ജീകരിക്കുക. വനം വകുപ്പിന്റെയും കൃഷി വകുപ്പിന്റെയും സഹകരണത്തോട് കൂടി നേച്ചർ ക്ലബ്ബ് രൂപീകരിച്ച് കൃഷി, ഉദ്യാനവൽക്കരണം മെഡിസിനൽ പ്ലാന്റ് പാർക്ക് എന്നിവ നിർമ്മിക്കുക. ഓരോ സ്കൂളിലും ജൈവ വൈവിധ്യ പാർക്കുകൾ നിർമ്മിക്കുക.

- ഹയർ സെക്കണ്ടറി വിഭാഗത്തിലെ ആർട്സ്, സയൻസ്, കോമേഴ്സ് ഗ്രൂപ്പിലുള്ള വിദ്യാർത്ഥികൾക്ക് അവരുടെ ഇലക്ടീവ് സബ്ജക്ടുകളുമായി ബന്ധപ്പെട്ട തലങ്ങളിൽ തദ്ദേശ സ്വയംഭരണ വകുപ്പിലെ ജന പ്രതിനിധികളുമായി ഉറന്ന ചർച്ചകൾ, സെമിനാറുകൾ ജനാധിപത്യം എന്നിവയിൽ പങ്കാളിത്തം നൽകുക.
- മങ്കൊമ്പ് നെല്ല് ഗവേഷണ കേന്ദ്രവുമായി സഹകരിച്ച് വിദ്യാർത്ഥികൾക്ക് നവീന കൃഷി അതിനൂതന കൃഷിരീതികൾ മുതലയാവ പരിചയപ്പെടുന്നതിനും ഗവേഷണ താല്പര്യം ജനിപ്പിക്കുന്നതിനുമായി അവസരം സൃഷ്ടിക്കുക.
- കായികമേഖലയിൽ പുത്തൻ ഉണർവ് ഉണ്ടാക്കുന്ന പ്രവർത്തനങ്ങൾ രൂപപ്പെടുത്തുന്നതിനും സിമ്മിംഗ്, കയാക്കിംഗ്, കനോയിംഗ്, ബാസ്കറ്റ് ബോൾ, ഫുട്ബോൾ, ബാഡ്മിന്റൺ എന്നിവയിൽ പരിശീലനം ലഭിക്കുന്ന തരത്തിൽ ഓരോ വിദ്യാഭ്യാസ ജില്ലയിലെ സ്കൂളുകൾ കേന്ദ്രങ്ങളായി തെരഞ്ഞെടുത്ത് വേണ്ട സജ്ജീകരണങ്ങളും അടിസ്ഥാന സൗകര്യങ്ങളും ഒരുക്കുക.
- ആലപ്പുഴ ജില്ലയിൽ വിദ്യാർത്ഥികൾക്കായി സിവിൽ സർവ്വീസ്, പ്രൊഫഷണൽ കോഴ്സുകൾ, സി.എ തുടങ്ങിയവയ്ക്കായുള്ള എൻടൻസ് കോച്ചിംഗ് ക്ലാസ്സുകൾ സ്കൂളുകളിൽ സംഘടിപ്പികുകയും സൗജന്യ പരീശീലനം കൊടുക്കുകയും ചെയ്യുക.
- ആലപ്പുഴ ജില്ലയെ സംബന്ധിച്ച സമഗ്രമായ പഠന റിപ്പോർട്ട് ഓരോ വിദ്യാഭ്യാസ ജില്ല കേന്ദ്രീകരിച്ച് തയ്യാറാക്കുക, പൈതൃക ചരിത്രം തയ്യാറാക്കുക. അതോടൊപ്പം, അതാത് സ്കൂളിന്റെ ചരിത്രം തയ്യാറാക്കുകയും ചെയ്യുക.
- പ്രാദേശികമായി സാംസ്കാരിക,രാഷ്ട്രീയ, കലാ – സാഹിത്യ ശാസ്ത്ര രംഗങ്ങളിലെ അതുല്യ വ്യക്തിത്വങ്ങളെ പരിചയപ്പെടുവാനും അവരുമായി സംവദിക്കാനുമുള്ള അവസരം ഒരുക്കുക. ടാലന്റ് ലാബും, പൂർവ്വ വിദ്യാർത്ഥി, അദ്ധ്യാപക സംഘടനകളും രൂപീകരിച്ച് പ്രവർത്തനക്ഷമമാക്കുക.
- ഭിന്നശേഷി വിഭാഗത്തിലെ വിദ്യാർത്ഥികൾക്കായി പ്രത്യേക കലാകായിക മേളകൾ സ്കൂൾ തലത്തിലും വിദ്യാഭ്യാസ ജില്ലാ തലത്തിലും ഒരുക്കുക.
- മാലിന്യ വിമുക്ത സന്ദേശം വിദ്യാർത്ഥികളിൽ ജനിപ്പിക്കാൻ പ്രോജക്ടുകൾ വിദ്യാർത്ഥികൾ ഏറ്റെടുത്ത ചെയ്യുന്നതിന് പ്രാപ്തരാക്കുക. പ്ലാസ്റ്റിക് ഫ്രീ കോമ്പൗണ്ട് പ്രാവർത്തികമാക്കുക.
- സെക്സ് എഡ്യൂക്കേഷൻ ലഹരി വിരുദ്ധ കാമ്പയിൻ എന്നിവ സ്കൂളുകളിൽ പോലീസ്, എക്സൈസ് വകുപ്പുകളുമായി സംയോജിപ്പിച്ച് നടപ്പിലാക്കുക.
- ഓരോ പ്രദേശത്തും സ്ഥിതി ചെയ്യുന്ന സ്കൂളുകൾ അവിടുത്തെ പരമ്പരാഗത തൊഴിൽ മേഖലയിലെ വിദ്യാർത്ഥികൾക്ക് പരിചയപ്പെടുത്തി കൊടുക്കുക.
- വിദ്യാർത്ഥികളുടെ ആരോഗ്യ പരിപാലനത്തിനായി മെഡിക്കൽ ക്യാമ്പ് മാസംതോറും നടത്തുക.

- ഓരോ സ്കൂളിനും ഓരോ കൗൺസിലറെ സ്ഥിരമായി നിയമിക്കുക. ഇത് വിദ്യാർത്ഥികളിൽ കണ്ടുവരുന്ന പിരിമുറക്കം, ആത്മഹത്യാ പ്രവണത, ഡിപ്രക്ഷൻ എന്നിവയെ നിയന്ത്രിക്കുവാൻ സഹായിക്കും.
- ഗ്രീൻപ്രോട്ടോകോൾ സ്കൂളുകളിൽ നടപ്പിലാക്കുന്നതിന്റെ ഭാഗമായി വേസ്റ്റ് ഡിസ്പോസൽ, വേസ്റ്റ് മാനേജ്മെന്റ് എന്നീ പ്രോജക്ടുകൾ ഏറ്റെടുക്കുക.

## വൊക്കേഷണൽ ഹയർ സെക്കണ്ടറി

- വൊക്കേഷണൽ കോഴ്സുകൾ നൽകുന്ന ഉൽപാദനപരിശീലന കേന്ദ്രം (പി.ടി.സി)
- കരിയർ ഗൈഡൻസ് ആൻഡ് കൗൺസിലിംഗ് സെന്റർ
- ഓൺ ദ ജോബ് ട്രെയിനിംഗ് (ഒ.ജെ.ടി)
- അപ്രൻറീസ്ഷിപ്പ് പരിശീലനം
- തൊഴിൽ മേള
- കരിയർ സ്റ്റേറ്റ്
- മുഖാമുഖം
- നിരാമയ
- സേഫ് നെറ്റ്
- തേർഡ് ബെൽ
- നാഷണൽ സ്കിൽ ക്വാളിഫിക്കേഷൻ ഫ്രെയിംവർക്ക് (NSQF)

:

## ഗവൺമെന്റ് മോഡൽ റെസിഡെൻഷ്യൽ സ്കൂൾ പുന്നപ്ര, ആലപ്പുഴ

## നിർദ്ദേശങ്ങൾ

- ഐ.എസ്.ഒ. അംഗീകാരം കിട്ടിയെങ്കിലും പ്രതീക്ഷിക്കുന്ന തരത്തിൽ കുട്ടികൾക്ക് സ്പോക്കൺ ഇംഗ്ലീഷിൽ പ്രാവീണ്യം വരുന്നില്ല. എസ്.എസ്.എ യുടെ ഹലോ ഇംഗ്ലീഷ് പ്രോഗ്രാമിൽ ഈ സ്കൂളിനേയും കൂടി ഉൾപ്പെടുത്തിയാൽ ഈ പ്രശ്നത്തിന് പരിഹാരമാകും.
- സ്ഥിരം ഒരു ഹെൽത്ത് നഴ്സിന്റെ സേവനം സ്കൂളിൽ ഉറപ്പാക്കണം. ഇത് ചെറിയ പ്രശ്നങ്ങൾക്ക് കുട്ടികളെ പുറത്തു കൊണ്ടുപോകേണ്ടി വരുന്നത് ഒഴിവാക്കാൻ സഹായിക്കും.
- ഹൈടെക് ക്ലാസ്സ് റൂമുകൾക്ക് ഇൻഫ്രാസ്ട്രക്ചർ എല്ലാ ക്ലാസ്സ് റൂമുകളിലും ശരിയാക്കിയിട്ടുണ്ട്. ഇനിയുള്ള ബാക്കി കാര്യങ്ങൾ കൂടി ചെയ്താൽ അടുത്ത അധ്യയന വർഷം പഠന പുരോഗതിയുണ്ടാക്കാൻ സാധിക്കും.
- എ.എസ്. എ.പി – ന്റെ സേവനം ലഭ്യമാക്കുന്നതിലൂടെ +2 കഴിഞ്ഞ് വിദ്യാഭ്യാസം നിറുത്തേണ്ടിവരുന്ന ഞങ്ങളുടെ കുട്ടികൾക്ക് തൊഴിൽ കണ്ടെത്താൻ സഹായകമാകും.
- +1 ന് ഒരു സയൻസ് ബാച്ച് മാത്രമേയുള്ളൂ. ഇക്കണോമിക്സ്, ഹ്യൂമാനിറ്റിക്സ് ബാച്ചുകൾ കൂടി കിട്ടിയാൽ പത്താം ക്ലാസ്സ് ജയിച്ചുവരുന്ന ഞങ്ങളുടെ എല്ലാ കുട്ടികൾക്കും അവരവരുടെ അഭിരുചിക്കനുസരിച്ച് രണ്ടുവർഷം കൂടി ഈ സ്ഥാപനത്തിൽ തന്നെ തുടർന്നു പഠിക്കുന്നതിനു സാധിക്കും.

- എച്ച്.എസ്.എസ് - ന് ഒരു കമ്പ്യൂട്ടർ റൂമില്ല. ആയത് അത്യാവശ്യമായി പരിഹരിക്കേണ്ടതുണ്ട്.
- വിവിധ ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ മുൻകൂട്ടി പ്ലാൻ ചെയ്ത് കരട് രൂപം വേണ്ടപ്പെട്ടവർ സ്വീകരിച്ച് വേണ്ടത്ര മാർഗ്ഗനിർദ്ദേശം നൽകി അതിന് അനുവദിച്ചിട്ടുള്ള ഫണ്ട് ലഭ്യമാക്കിക്കൊടുക്കുന്ന സമ്പ്രദായം എല്ലാ സ്കൂളുകൾക്കും ഗുണകരമായിരിക്കും. പ്രവർത്തനം വിലയിരുത്തി റിപ്പോർട്ട് ചെയ്യാനും മേൽത്തട്ടിൽ ആളുണ്ടാവണം.
- ഡയറ്റ് ഫാക്കൽറ്റികളുടെ സേവനം ശാസ്ത്രമേളകളിൽ കുട്ടികളുടെ നിലവാരം മെച്ചപ്പെടുത്തിയെടുക്കുന്നതിന് ഞങ്ങളുടെ സ്കൂളിൽ ലഭ്യമാക്കിത്തരുന്നത് നന്നായിരിക്കും.

## KITE (IT @ School)

പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി നിരവധി പ്രവർത്തനങ്ങൾ കൈറ്റ് (കേരളാ ഇൻഫ്രാ സ്ട്രക്ച്ചർ ആൻഡ് ടെക്നോളജി ഫോർ എജ്യുക്കേഷൻ) ആലപ്പുഴ ജില്ലയിലെ വിദ്യാലയങ്ങളിൽ നടപ്പിലാക്കിവരുന്നു. ശിൽപശാലകൾ, പരിശീലനങ്ങൾ, ഹാർഡ് വെയർ ക്ലിനിക്കുകൾ, ഇ-മാലിന്യ നിർമാർജ്ജനം, ക്ലാസ് മുറികളുടെ ഹൈടെക് വല്ക്കരണം, സ്വതന്ത്ര സോഫ്റ്റ് വെയർ ഉപയോഗവും പ്രചാരണവും, ഇ ഗവേർണൻസ്, ഹാർഡ് വെയർവിന്യാസം, ബ്രോഡ്ബാന്റ് സംവിധാനമൊരുക്കൽ, മേളകളുടെ പ്രവർത്തനത്തിനാവശ്യമായ സാങ്കേതിക സഹായം, വിദ്യാർത്ഥികളുടെ കൂട്ടായ്മയായ ഹായ് സ്കൂൾ കുട്ടിക്കൂട്ടം തുടങ്ങി വിദ്യാലയങ്ങൾക്കും വിദ്യാഭ്യാസ ഓഫീസുകൾക്കും സാങ്കേതിക രംഗത്ത് താല്പര്യവും പ്രാവീണ്യവുമുണ്ടാക്കുന്ന വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

## പരിമിതികൾ

- തുടർച്ചയായുണ്ടാകുന്ന വൈദ്യുതി തടസം.
- പുതിയ സംവിധാനങ്ങൾ വേണ്ട രീതിയിൽ പ്രയോജനപ്പെടുത്തി ക്ലാസെടുക്കുന്നതിനുള്ള അധ്യാപകരുടെ പരിചയക്കുറവ്.
- ഡിജിറ്റൽ റിസോഴ്സുകളുടെ ലഭ്യതക്കുറവ്.
- അക്കാദമിക് തലത്തിൽ വേണ്ടത്ര മോണിറ്ററിങ് സപ്പോർട്ട് ലഭ്യമല്ലാത്തത്.

ആലപ്പുഴ ജില്ലയിലെ പ്രൈമറി സ്കൂളുകളും ഹൈസ്കൂളുകളും ബ്രോഡ്ബാന്റ് കണക്ടിവിറ്റി ലഭ്യമാക്കിയിട്ടുണ്ട്.

| Primary Schools Broadband Connected BSNL | High Schools Broadband Connected | Offices |
|---|---|---|
| 534 | 193 | 18 |

## പ്രതീക്ഷിത പ്രവർത്തനങ്ങൾ

- ഐ.സി.ടി സംവിധാനങ്ങളോടെ ക്ലാസ്സുറികളുടെ ആധുനികവൽക്കരണം.
- ഓരോ വിദ്യാർത്ഥിക്കും പഠനത്തിന് ഉപയോഗിക്കാവുന്ന രീതിയിൽ സുസജ്ജമായ കമ്പ്യൂട്ടർ ലാബ്.

- ഇന്റർനെറ്റ് റഫറൻസ് സൗകര്യത്തോടെയുള്ള ലൈബ്രറി.
- അധ്യാപകർക്കും വിദ്യാർത്ഥികൾക്കും പരിശീലനം.
- സമ്പൂർണ്ണ ഉപയോഗിച്ച് ഇ-ഗവേർണൻസ് രംഗത്ത് സ്കൂളുകളിലെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുക.
- സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നതിനാവശ്യമായ ഡിജിറ്റൽ റിസോഴ്സുകൾ തയ്യാറാക്കൽ.

## ഐ.സി.ടി വിദ്യാഭ്യാസം നേരിടുന്ന പൊതു പ്രതിസന്ധികൾ

- വൈദ്യുതീകരണമില്ലാത്തതും അടച്ചുറപ്പില്ലാത്തതുമായ ക്ലാസ് മുറികൾ.
- കൂടെക്കൂടെയുള്ള വൈദ്യുതി തടസം.
- ക്ലാസ്സ് മുറിയിൽ ഐ.സി.ടി ഉപകരണങ്ങൾ സൂക്ഷിക്കുന്നതിനാവശ്യമായ അടച്ചുറപ്പുള്ള ഷെൽഫുകളുടെ അഭാവം.
- വിദ്യാർത്ഥികളുടെ എണ്ണത്തിന് ആനുപാതികമായി ഐ.സി.ടി ഉപകരണങ്ങളില്ലാത്ത ലാബുകൾ.
- ലാബ് മെയിന്റനൻസിന് പ്രത്യേക തസ്തികയില്ലാത്തതിന്റെ പോരായ്മ.
- സ്കൂൾ സെർവന്റിന്റെയും ഡാറ്റാ മാനേജ്മെന്റിന്റെയും അഭാവം.
- ഐ.സി.ടി ഉപകരണങ്ങൾക്ക് കൃത്യമായി സർവ്വീസ് ലഭ്യമാക്കുന്നതിനുള്ള ജില്ലാതല സംവിധാനത്തിന്റെ അഭാവം.
- കൂടെക്കൂടെയുള്ള ഇന്റർനെറ്റ് തടസം.
- സ്കൂൾ വെബ്പോർട്ടൽ സംവിധാനമില്ലാത്തത്.
- കാലഹരണപ്പെട്ടതും പ്രവർത്തനക്ഷമത കുറഞ്ഞതുമായ വൈദ്യുതി ഇൻസ്റ്റലേഷനുകൾ.
- ക്ലാസ്സ് മുറികൾ, ലാബ്, ഓഫീസ് തുടങ്ങിയവയുടെ നെറ്റ് വർക്കിംഗിന്റെ അഭാവം.
- ഉപകരണങ്ങൾ സുരക്ഷിതമായി സൂക്ഷിക്കുന്നതിനുള്ള പ്രയാസം.
- വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും സർക്കാർ ഓഫീസുകൾക്കും തമ്മിൽ സംവദിക്കുവാൻ കഴിയുന്ന ആധുനിക സൗകര്യത്തോടുകൂടിയ സ്റ്റുഡിയോയുടെ അഭാവം.
- ഭരണ നിർവഹണത്തിനാവശ്യമായ ഐ.സി.ടി ഉപകരണങ്ങളുടെ അഭാവം.
- വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട പ്രശ്നപരിഹാരങ്ങൾക്കുള്ള കോൾസെന്ററിന്റെ അഭാവം.
- വിദ്യാർത്ഥികൾക്ക് വായിക്കുന്നതിനും എഡ്യുടെയ്മെന്റിനും സഹായിക്കുന്ന ഇ-റീഡർ / ടാബലറ്റ് കമ്പ്യൂട്ടർ തുടങ്ങിയവയുടെ അഭാവം.
- ക്ലാസെടുക്കുന്നതിന് ആവശ്യമായ ഡിജിറ്റൽ റിസോഴ്സുകളുടെ അഭാവം.

- അദ്ധ്യാപകർക്കും ഉദ്യോഗസ്ഥർക്കും ഐ.സി.ടി സാങ്കേതിക വിദ്യയിലെ പരിജ്ഞാനമില്ലായ്മ
- ഹാർഡ് വെയർ ഉപകരണങ്ങളുടെ ചെറിയ അറ്റകുറ്റപ്പണികൾക്ക് ആവശ്യമായ പരിശീലനത്തിന്റെ അഭാവം.

## നിർദ്ദേശങ്ങൾ

- വൈദ്യുതീകരിച്ചതും അടച്ചുറപ്പുള്ളതുമായ ക്ലാസ്സ് മുറികൾ തയ്യാറാക്കൽ.
- ക്ലാസ് മുറിയിൽ ഐ.സി.ടി ഉപകരണങ്ങൾ സൂക്ഷിക്കുന്നതിനാവശ്യമായ അടച്ചുറപ്പുള്ള ഷെൽഫുകൾ തയ്യാറാക്കൽ.
- ഐ.സി.ടി ഉപകരണങ്ങൾക്ക് കൃത്യമായി സർവ്വീസ് ലഭ്യമാക്കുന്നതിനുള്ള ജില്ലാതല സംവിധാനം ഏർപ്പെടുത്തൽ.
- ജില്ലയിലെ എല്ലാ സ്കൂളുകൾക്കും വെബ് പോർട്ടൽ തയ്യാറാക്കൽ.
- ജില്ലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും സർക്കാർ ഓഫീസുകൾക്കും തമ്മിൽ സംവദിക്കുവാൻ കഴിയുന്ന ആധുനിക സൗകര്യത്തോടുകൂടിയ സ്റ്റുഡിയോ സ്ഥാപിക്കൽ.
- മുഴുവൻ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും സുരക്ഷിതത്വം ഒരു കേന്ദ്രത്തിലിരുന്ന് നിരീക്ഷിക്കുവാൻ കഴിയുന്നതിനാവശ്യമായ സി.സി.ടി.വി. ക്യാമറാ നെറ്റ് വർക്ക് സ്ഥാപിക്കൽ.
- കാലഹരണപ്പെട്ടതും പ്രവർത്തനക്ഷമത കുറഞ്ഞതും അപകട ഭീഷണി ഉളളതുമായ വൈദ്യുതി ഇൻസ്റ്റലേഷനുകൾ മാറ്റി സ്ഥാപിക്കൽ
- ഭരണ നിർവഹണത്തിനാവശ്യമായ ഐ.സി.ടി ഉപകരണങ്ങൾ ഓഫീസുകളിൽ സ്ഥാപിക്കൽ
- വിദ്യാർത്ഥികൾക്ക് വായിക്കുന്നതിനും എഡ്യൂടെയ്മെന്റിനുമായി ഇ-റീഡർ / ടാബലറ്റ് കമ്പ്യൂട്ടർ തുടങ്ങിയവ നൽകൽ.
- പഠിപ്പിക്കുന്നതിനും പഠിക്കുന്നതിനുമാവശ്യമായ ഡിജിറ്റൽ റിസോഴ്സുകൾ വിവിധമേഖലകളിലെ വിദഗ്ദ്ധരുടെ സഹായത്തോടെ തയ്യാറാക്കൽ.
- വൈദ്യുതി തടസം പരിഹരിക്കുന്നതിന് യു.പി.എസ് / ജനറേറ്റർ/ സോളാർ പാനൽ എന്നിവ സ്ഥാപിക്കുക.
- വിദ്യാർത്ഥികളുടെ എണ്ണത്തിന് ആനുപാതികമായി ലാബുകളിൽ ഐ.സി.ടി ഉപകരണങ്ങൾ തയ്യാറാക്കൽ
- ലാബ് മെയിന്റനൻസിന് ആവശ്യമായ തസ്തിക സൃഷ്ടിക്കുക.
- സ്കൂൾ സെർവർ തയ്യാറാക്കൽ.
- തടസമില്ലാതെ ഇന്റർനെറ്റ് സേവനം ലഭിക്കുന്ന ഹൈസ്പീഡ് ഫൈബർ നെറ്റ് വർക്ക് സംവിധാനം ഏർപ്പെടുത്തുക.

- വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട പ്രശ്നപരിഹാരങ്ങൾക്കായി വിളിക്കുന്നവരെ കൃത്യമായ ഓഫീസിലേക്ക് / വിഭാഗത്തിലേക്ക് / ജീവനക്കാരനിലേക്ക് നയിക്കാൻ കഴിയുന്ന കോൾ സെന്റർ സ്ഥാപിക്കുക.
- കൃത്യമായ ഇടവേളകളിൽ അധ്യാപകർക്കും ജീവനക്കാർക്കും ആവശ്യമായ ഐ.സി.ടി ശാക്തീകരണം.

## ജില്ലാ സാക്ഷരത മിഷൻ

2011 ലെ സെൻസസ് അനുസരിച്ച് സാക്ഷരതയുടെ കാര്യത്തിൽ ആലപ്പുഴ ജില്ലാ മൂന്നാം സ്ഥാനത്താണ്. സ്ത്രീകളുടെ സാക്ഷരതാ നിരക്ക് 94.2 ശതമാനവും പുരുഷന്മാരുടേത് 97.4 ശതമാനവുമാണ്. സ്ത്രീപുരുഷ സാക്ഷരതാ നിരക്കിൽ 3.2 ശതമാനം വ്യത്യാസം ഉണ്ടെന്നത് പ്രധാനമാണ്. നിരക്ഷരതാ നിർമ്മാർജന പരിപാടിയുടെ ഭാഗമായി അക്ഷര ലക്ഷം പരീക്ഷയിലൂടെ 1749 പേർ സാക്ഷരരായിട്ടുണ്ട്. അക്ഷര ലക്ഷം രണ്ടാം ഘട്ട പ്രവർത്തനങ്ങളും നടന്നു വരുന്നുണ്ട്.

സാക്ഷരതാ മിഷന്റെ പ്രവർത്തനങ്ങൾ നടത്തുന്നത് തുടർ, വികസന വിദ്യാകേന്ദ്രങ്ങൾ വഴിയാണ്. ജില്ലയിൽ 72 ഗ്രാമ പഞ്ചായത്തുകളിലും 12 ബ്ലോക്ക് പഞ്ചായത്തുകളിലും 6 നഗരസഭകളിലുമായി 161 കേന്ദ്രങ്ങളാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. പ്രേരക്മാരാണ് വിദ്യാകേന്ദ്രങ്ങളിൽ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നത്. ആകെ 161 പ്രേരക്മാരാണ് ജില്ലയിൽ ഉള്ളത്. ഇതിൽ 135 പേരും സ്ത്രീകളാണ്. 26 പുരുഷന്മാരും ഉണ്ട്. വിദ്യാകേന്ദ്രങ്ങളിൽ 41 കേന്ദ്രങ്ങൾ പഞ്ചായത്ത് / നഗരസഭ ഓഫീസുകളുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന 54 കേന്ദ്രങ്ങളുമുണ്ട്. വായനശാലകളിലും ക്ലബ്ബുകളിലുമാണ് മറ്റ് വിദ്യാകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നത്.

ആലപ്പുഴ നഗരസഭയിലെ വികസന വിദ്യാകേന്ദ്രത്തിന് മാത്രമാണ് സ്വന്തം കെട്ടിട സൗകര്യമുള്ളത്.

തുല്യതാ കോഴ്സുകളിൽ രജിസ്റ്റർ ചെയ്ത പഠിതാക്കളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| കോഴ്സ് | വർഷം | ആകെ | സ്ത്രീ | പുരുഷൻ |
|---|---|---|---|---|
| നാലാം തരം | 2016–17 | 108 | 73 | 35 |
| ഏഴാം തരം | 2016–17 | 296 | 141 | 55 |
| പത്താം തരം | 2016–17 | | | |
| ഹയർ സെക്കണ്ടറി | 2016–17 | 1155 | 672 | 483 |

ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും കണ്ടെത്തുന്ന പഠിതാക്കളുടെ ഫീസ് അതാത് വർഷം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് ജില്ലാ പഞ്ചായത്തുമായി സംയോജിപ്പിച്ചോ, എം.എൽ. എ, എം.പി. ഫണ്ടുകൾ ഉപയോഗിച്ചോ ധനസമാഹരണം നടത്താവുന്നതാണ്.

പരിപൂർണ്ണ സാക്ഷരതാ യജ്ഞത്തിനാവണം ഈ വർഷം പ്രധാനമായും ശ്രദ്ധ നൽകേണ്ടത്.

- സമ്പൂർണ്ണ സാക്ഷരതയിൽ നിന്ന് പരിപൂർണ്ണ സാക്ഷരതയിലേയ്ക്ക് എത്തുവാൻ കഴിയണം.
- സ്ത്രീകളുടെ സാക്ഷരതാ നിരക്കിൽ ആദ്യം വർദ്ധനവ് ഉണ്ടാവണം.
- പ്രാഥമിക വിദ്യാഭ്യാസം നേടിയ ആദ്യ സംസ്ഥാനമാണ് കേരളം. കൊഴിഞ്ഞ് പോയവരെയും ഇതിൽ ഉൾപ്പെടുത്താൻ കഴിയണം.
- നാലാം ക്ലാസ്സ് ജയിച്ച മുഴുവന് പേരെയും ഏഴാം തരം തുല്യതയിൽ രജിസ്റ്റർ ചെയ്യിക്കുവാനും വിജയിപ്പിക്കുവാനും കഴിയണം.
- 60 വയസ്സിനു താഴെ പ്രായമുള്ള മുഴുവൻ പേരും പത്താം ക്ലാസ്സ് ജയിച്ച ജില്ലയാക്കി മാറ്റണം.
- താല്പര്യമുള്ള മുഴുവനാളുകളെയും ഹയർ സെക്കണ്ടറി നിലവാരത്തിൽ എത്തിക്കുന്നതിനും മെച്ചപ്പെട്ട വരുമാനമുള്ള ജോലി ലഭിക്കുന്നതിനും.

ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ പരിശോധിച്ചാൽ നിലവിൽ പ്രവർത്തിക്കുന്ന വിദ്യാകേന്ദ്രങ്ങൾക്ക് ആനുപാതികമായി പഠിതാക്കളെ കണ്ടെത്തി തുല്യതാ കോഴ്സിലേയ്ക്ക് ചേർക്കുന്നതിൽ വീഴ്ചയുണ്ടാകുന്നുണ്ട് എന്ന് മനസ്സിലാക്കാം. പത്താം തരം, ഹയർ സെക്കന്ററി തുല്യതാ കോഴ്സുകളിലേയ്ക്ക് രജിസ്റ്റർ ചെയ്യുന്ന പഠിതാക്കൾക്ക് ഫീസ് പ്രധാന പ്രശ്നമായി നിൽക്കുന്നുണ്ട്. ഇത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിയിൽ ഉൾപ്പെടുത്തി പരിഹരിക്കാവുന്നതാണ്.

തുല്യതാ കോഴ്സുകളിലേയ്ക്ക് പഠിതാക്കളെ കണ്ടെത്തുന്ന കാര്യത്തിൽ പോരായ്മകൾ നിലനിൽക്കുന്നുണ്ട്. പ്രേരക്മാർ മാത്രമാണ് കോഴ്സുകളുടെ പ്രചരണ പ്രവർത്തനങ്ങളിൽ പങ്കാളികളാകുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ബഹുജന കാമ്പയിനായി നടത്തിയാൽ ഈ പ്രശ്നം പരിഹരിക്കാൻ കഴിയും. എല്ലാ സർക്കാർ ഓഫീസുകളിലും ഇടപാടുകൾക്ക് എത്തുന്നവരോട് വിദ്യാഭ്യാസ യോഗ്യത ചോദിക്കുന്നതിനും നിർബന്ധമായി തുല്യതാ കോഴ്സുകളിലേയ്ക്ക് കൂട്ടിക്കൊണ്ടു വരുന്നതിനും കഴിയണം.

ഒരു വിദ്യാകേന്ദ്രം പോലും പ്രവർത്തിക്കാത്ത 3 ഗ്രാമപഞ്ചായത്തുകളും ഒരു നഗരസഭയും ഉണ്ട്. വികസനവിദ്യാ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്ന 4 ബ്ലോക്ക് പഞ്ചായത്തുകളും ജില്ലയിൽ ഉണ്ട്. ആവശ്യമായ ഭൗതിക സൗകര്യങ്ങൾ ഒരുക്കിയാൽ നിയമനം നടത്തണമെന്ന് ആവശ്യപ്പെടാവുന്നതാണ്.

## കാഴ്ചപ്പാട്

സമ്പൂർണ്ണ സാക്ഷരതയിൽ നിന്നും പരിപൂർണ്ണ സാക്ഷരതയിലേയ്ക്ക് എത്തുകയെന്നതാണ് സാക്ഷരതാ മിഷന്റെ കാഴ്ചപ്പാട്. 60 വയസ്സിനു താഴെ പ്രായമുള്ളവരെങ്കിലും പത്താം ക്ലാസ്സ് ജയിച്ചവരായി മാറണം. ഇതോടൊപ്പം സാമൂഹിക സാക്ഷരതാ പരിപാടികൾക്ക് ഊന്നൽ നൽകണം. പരിസ്ഥിതി, സ്ത്രീസൗഹൃദം, നിയമം, ശാസ്ത്രം തുടങ്ങിയവയിൽ സാമാന്യ ബോധമുള്ളവരായി മുഴുവൻപേരും മാറണം.

ഇത്തരം പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ ഒരു പഞ്ചായത്തിൽ എല്ലാവിധ ഭൗതിക സൗകര്യങ്ങളുമുള്ള ഒരു തുടർവിദ്യാകേന്ദ്രമെങ്കിലും ഉണ്ടാവണം. വിദ്യാകേന്ദ്രങ്ങളിലൂടെ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തി പ്രേരകന്മാരുടെ അക്കാദമിക് ശേഷിയും വർദ്ധിപ്പിച്ചാൽ ജനസമ്പർക്ക കേന്ദ്രങ്ങളായി ഇതിനെ ഉയർത്താൻ കഴിയും.

സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ ഇടപാടിനായി എത്തുന്നവരുടെ വിദ്യാഭ്യാസ യോഗ്യത അന്വേഷിക്കുന്ന സ്ഥിതിയുണ്ടാവണം. ജില്ലാ ഭരണകൂടം ഇതിന് നേതൃത്വം നൽകണം. അങ്ങനെയായാൽ വിദ്യാഭ്യാസം നേടിയേതീരു എന്നൊരു ബോധ്യത്തിലേയ്ക്ക് പൊതുജനങ്ങളെയാകെ എത്തിക്കാൻ കഴിയും. ഗ്രാമസഭകളിൽ ഉണഭോക്തൃ ലിസ്റ്റ് തയ്യാറാക്കുന്നതിന് വിദ്യാഭ്യാസം മാനദണ്ഡമാക്കണം.

കോഴ്സുകളിൽ ചേരുന്നവരുടെ പഠന ചെലവ് അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഹിക്കണം. ക്ലാസ്സുകൾ നടത്തുന്നതിന് സർക്കാർ, എയ്ഡഡ് സ്കൂളുകളെ തുടർന്നും ഉപയോഗിക്കണം. സ്കൂൾ അദ്ധ്യാപകരെ തുല്യതാ ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നതിന് പ്രയോജനപ്പെടുത്തണം. ഡയറ്റിന്റെ നേതൃത്വത്തിൽ അദ്ധ്യാപകർക്ക് പരിശീലനം നൽകി വരുന്നത് തുടരണം.

## കാഴ്ചപ്പാട്

### പ്രീപ്രൈമറി

- ശിശു സൗഹൃദപരവും ആകർഷകമായതുമായ ക്ലാസ് മുറികൾ
- കളിയുപകരണങ്ങൾ, കളിസ്ഥലം, കുട്ടികൾക്കുള്ള പാർക്ക്.
- എല്ലാ പ്രൈമറി സ്കൂളിലും പ്രീപ്രൈമറി.
- പ്രീപ്രൈമറി മേഖലയിൽ പ്രത്യേകം പ്രഭാതഭക്ഷണം, ഉച്ചഭക്ഷണ പരിപാടി.
- ശാസ്ത്രീയമായി പരിശീലനം ലഭിച്ച അധ്യാപകരും, ആയമാരും.
- പ്രീപ്രൈമറി പ്രത്യേകം ടോയ് ലറ്റ് സൗകര്യം.
- ഏകീകൃത സിലബസ്.
- ഫലപ്രദമായ ഇ-വേസ്റ്റ് സംസ്കരണ സംവിധാനം.

### ഭിന്നശേഷി

- ഭിന്നശേഷിയുള്ള കുട്ടികൾക്ക് ഫിസിയോതെറാപ്പിസ്റ്റിന്റെ സേവനം, ശാരീരിക വൈകല്യം നേരിടുന്ന, വിദ്യാലയങ്ങളിൽ പോകാൻ കഴിയാത്ത കുട്ടികൾക്ക് ഗൃഹാധിഷ്ഠിത ഹിന്ദി, ഇംഗ്ലീഷ്, കണക്ക്, സോഷ്യൽ സയൻസ് വിഷയങ്ങൾക്ക് പ്രത്യേക പരിശീലനം.
- തൊഴിൽ പരിശീലന കേന്ദ്രം.
- ഭിന്നശേഷിക്കാരായ കുട്ടികൾക്ക് വിദ്യാലയത്തിൽ തടസരഹിത അന്തരീക്ഷം.
- വിദ്യാലയം ആകർഷകമാക്കുക.
- ക്ലാസ് മുറികൾ ഹൈടെക് ആക്കുക.
- സ്കൂൾ കാമ്പസ്.
- ഇക്കോഫ്രണ്ട്ലി ജൈവവൈവിധ്യ ഉദ്യാനം.
- ഔഷധോദ്യാനം.
- ഫലവൃക്ഷങ്ങൾ.
- മത്സ്യകൃഷി.
- സോളാർ.

- ആകർഷകവും സൗകര്യപ്രദവുമായ ഇരിപ്പിടങ്ങൾ, ക്ലാസ്സ് മുറി,പാർക്ക്.
- ലഹരി വിമുക്ത വിഭാഗം.

## പ്രൈമറി –എച്ച്.എസ്.എസ്.

- മികച്ച രീതിയിലുള്ള പാഠ്യാനുബന്ധ പ്രവർത്തനങ്ങൾ.
- നേതൃത്വ പരിശീലനം ലഭിച്ച പ്രഥമാധ്യാപകർ, അധ്യാപകന് കുട്ടികളുടെ പഠന പിന്നോക്കാവസ്ഥകണ്ടെത്തി പിന്തുണയും, പരിഹാരബോധവും നൽകി പഠന നേട്ടം വർദ്ധിപ്പിക്കൽ.
- പഠന പിന്നോക്കാവസ്ഥയെ ന്യൂനതയായി പരിഗണിക്കാതെ പഠിതാക്കൾക്ക് കരുതലും, സംരക്ഷണവും നൽകി പഠന പ്രവർത്തനങ്ങളിൽ താൽപര്യവും, പഠനപുരോഗതിയും ഉറപ്പുവരുത്തുന്ന നവപ്രഭ പോലുള്ള പദ്ധതികൾ.
- എല്ലാ സ്കൂളുകളിലും ജൈവവൈവിധ്യ പാർക്കുകൾ.
- നേച്ചർ ക്ലബ്ബ്.
- അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം ശാക്തീകരണം.
- മുതിർന്ന പെൺകുട്ടികൾ പഠിക്കുന്ന എല്ലാ സ്കൂളുകളിലും നാപ്കിൻ വെണ്ടിംഗ് മെഷീൻ ഇൻസിനേറ്റർ.
- എല്ലാ ഗവൺമെന്റ് എയ്ഡഡ് വിദ്യാലയങ്ങളിലും അസാപ് ബാച്ചുകൾ.
- ലഹരി വിമുക്ത വിദ്യാലയങ്ങൾ.
- എല്ലാ സ്കൂളുകൾക്കും ചുറ്റുമതിൽ, സുരക്ഷാ ഉദ്യോഗസ്ഥരും, സി.സി.ടി.വി ക്യാമറ ഉൾപ്പെടെയുള്ള സുരക്ഷാ സൗകര്യങ്ങളും.
- ജില്ലയിലെ മുഴുവൻ വിദ്യാർത്ഥികൾക്കും ആരോഗ്യവിദ്യാഭ്യാസം, യോഗ, വ്യക്തിത്വ വികസനം, നീന്തൽ പരിശീലനം, ഇൻഷ്വറൻസ് പരിരക്ഷ, മെഡിക്കൽ ചെക്കപ്പ്.
- ദിവസേന കായിക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന കുട്ടികളുടെ എണ്ണം 60 ശതമാനത്തിൽ എത്തിക്കുക.
- ഫലപ്രദമായ ഇ-വേസ്റ്റ് സംസ്കരണ സംവിധാനം
- കുട്ടികളുടെ മനശാസ്ത്രത്തെയും അവരുടെ വളർച്ചയുടെ ഘട്ടങ്ങളെയും സംബന്ധിച്ച ആധുനിക കണ്ടെത്തലുകൾ അദ്ധ്യാപകരെ പരിചയപ്പെടുത്തുന്നില്ല.
- ജ്ഞാന നിർമ്മിതി വാദച്ചിന്റെ അടിസ്ഥാനത്തിലുള്ള ബോധന രൂപങ്ങൾ കൈകാര്യം ചെയ്യാനുള്ള ശേഷികൾ അദ്ധ്യാപകർ സ്വായത്തമാക്കേണ്ടതാണ്.
- മലയാളം സ്കൂളുകളിൽ തുടങ്ങുന്ന ഇംഗ്ലീഷ് മീഡിയം ബാച്ചുകൾ മൊത്തം സ്കൂൾ അന്തരീക്ഷത്തെ ബാധിക്കാതിരിക്കണം. അത്തരം ബാച്ചുകൾക്ക് നൽകുന്ന അമിത ശ്രദ്ധ മറ്റ് മാതൃഭാഷാ ബാച്ചുകളുടെ പ്രകടനത്തെ നിഷേധാത്മകമായി ബാധിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.
- പഠനത്തോടൊപ്പം കുട്ടികൾ നേടിയ ശേഷികൾ അപ്പപ്പോൾ വിലയിരുത്തി ഓരോ കുട്ടിയേയും കഴിവിന്റെ പരമാവധിയിൽ എത്തിക്കാൻ കൈതാങ്ങ് നൽകുക എന്ന ആശയം പ്രായോഗതലത്തിൽ കൊണ്ടുവരാൻ കഴിഞ്ഞിട്ടില്ല.

- VHSE നിർദ്ദേശം - ഇന്ന് നിലവിലുള്ള താഴ്ന്ന വരുമാനം നൽകുന്ന ഉപജീവന തൊഴിലുകൾക്കുള്ള പരിശീലനങ്ങളുടെ സ്ഥാനത്ത് വ്യവസായിക സ്ഥാപനങ്ങൾ അവശ്യപ്പെടുന്ന ഗുണനിലവാരത്തോടെയുള്ള സേവനങ്ങളും ഉത്പന്നങ്ങളും നൽകാൻ കഴിയുന്ന സംരംഭങ്ങൾക്ക് രൂപം നൽകുവാനും മത്സരാധിഷ്ഠിതമായി അവ നടത്താനും പ്രാപ്തിയുണ്ടാകുന്ന പരിശീലനം ലഭ്യമാക്കുന്നതിനുള്ള വിധത്തിലേയ്ക്ക് തൊഴിൽ പരിശീലനത്തിന്റെ അടിസ്ഥാന സമീപനം മാറേണ്ടിയിരിക്കുന്നു.

## ഐ.സി.റ്റി

- ജില്ലയിലെ മുഴുവൻ വിദ്യാഭ്യാസ സ്ഥാപനങ്ങളെയും കോർത്തിണക്കിയ വെബ് പോർട്ടൽ.
- വിദ്യാർത്ഥികൾക്കും സ്കൂളിനും സ്ഥാപനത്തിനുമുള്ള മുഴുവൻ ധനസഹായങ്ങളും സാമ്പത്തിക ഇടപാടുകളും കുട്ടിയുടെ / സ്കൂളിന്റെ സ്ഥാപനത്തിന്റെ ഡിജിറ്റൽ പ്രൊഫൈലുമായി ബന്ധിപ്പിക്കൽ.
- ജില്ലയിലെ മുഴുവൻ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും വിദ്യാഭ്യാസ ഓഫീസുകൾക്കും ജില്ലാ ഭരണകൂടത്തിനും സംവദിക്കാൻ കഴിയുന്ന നെറ്റ് വർക്കോടെയുള്ള സ്റ്റുഡിയോ.
- മികവുകൾ പ്രദർശിപ്പിക്കുന്നതിന് അത്യാധുനിക സംവിധാനമുള്ള സ്ഥാപനങ്ങൾ.
- വൈ-ഫൈ സംവിധാനത്തോടുകൂടിയ ക്യാമ്പസ്.
- അന്താരാഷ്ട്ര നിലവാരത്തോടു കൂടിയ സ്കൂളുകൾ ഓരോ ഗ്രാമത്തിലും.
- ഐ.സി.റ്റി സാങ്കേതിക സഹായത്തിന് ഹാർഡ് വെയർ, സോഫ്റ്റ് വെയർ പിന്തുണാ സ്ഥാപനങ്ങൾ.
- അതിവേഗ ബ്രോഡ്ബാന്റ് ഫൈബർ കണക്ടിവിറ്റിയോട് കൂടിയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ.
- ഫലപ്രദമായ ഇ-വേസ്റ്റ് സംസ്കരണ സംവിധാനം.
- പൊതുജനങ്ങൾക്ക് കൂടിപ്രയോജനപ്പെടുന്ന ഡിജിറ്റൽ ലൈബ്രറി സമുച്ചയം, വായനമൂല എന്നിവയ്ക്കൊപ്പം ഓരോ ക്ലാസ് മുറിയും ലോകവുമായി ബന്ധിക്കപ്പെടുന്ന ഡിജിറ്റൽ ലൈബ്രറിയായി മാറണം. സമ്പൂർണ്ണ വൈ-ഫൈ സംവിധാന സാധ്യത ഉണ്ടാവണം. അന്താരാഷ്ട്ര ജേണലുകൾ തൊഴിൽ സാധ്യതകൾ എന്നിവ വിരൽത്തുമ്പിൽ ലഭിക്കണം.

## നിർദ്ദേശങ്ങൾ

### മേൽത്തട്ട്

- പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സർക്കാർ സ്കൂളുകളിൽ നൽകുന്നതുപോലെ ഏയ്ഡഡ് സ്കൂളുകളിലും പ്രഭാതഭക്ഷണം നൽകുവാൻ കഴിയുന്ന രീതിയിൽ മാർഗ്ഗരേഖയിൽ മാറ്റം വരണം.
- ആശയങ്ങൾ കൌതുകത്തോടെയും എളുപ്പത്തിലും മനസ്സിലാക്കുന്നതിനനുയോജ്യമായ ഡിജിറ്റൽ റിസോഴ്സുകളുടെ നിർമ്മാണവും ശേഖരണവും.

- ജില്ലയിലെ മുഴുവൻ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും വിദ്യാഭ്യാസ ഓഫീസുകൾക്കും ജില്ലാ ഭരണകൂടത്തിനും സംവദിക്കുവാൻ കഴിയുന്ന നെറ്റ് വർക്ക് സ്റ്റഡിയോ.
- സ്കൂൾ ഹെൽത്ത് പ്രോഗ്രാം സർക്കാർ സ്കൂളുകളിൽ മാത്രമല്ല എല്ലാ എയ്ഡഡ്, അൺ-എയ്ഡഡ് സ്കൂളുകളിലും നടത്തണം.
- ഭിന്നശേഷിയുള്ള കുട്ടികൾക്ക് ഫിസിയോ തെറാപ്പിസ്റ്റിന്റെ സേവനം.
- ശാരീരിക വൈകല്യം നേരിടുന്ന, വിദ്യാലയങ്ങളിൽ പോകുവാൻ കഴിയാത്ത കുട്ടികൾക്ക് ഗൃഹാധിഷ്ഠിത പരിശീലനം.
- തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന്റെ പരമപ്രധാന ലക്ഷ്യമായ നൈപുണ്യവികസനത്തിനായി നടത്തുന്ന 'ഓൺ ദി ജോബ്' പരിശീലനങ്ങൾ പൂർണ്ണ ഫലപ്രാപ്തിയിലെത്തിക്കുന്നതിനായി ശരിയായ പരിശീലന കേന്ദ്രങ്ങൾ.
- ലിംഗപരവും സാമ്പത്തികവും സാമൂഹ്യവുമായ വിവേചനം കൂടാതെ എല്ലാവർക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കൽ.
- പഠനപിന്നോക്കാവസ്ഥയെ ന്യൂനതയായി പരിഗണിക്കാതെ പഠിതാക്കൾക്ക് കരുതലും സംരക്ഷണവും നൽകി പഠന പ്രവർത്തനങ്ങളിൽ താത്പര്യവും പഠനപുരോഗതിയും ഉറപ്പുവരുത്തുന്ന 'നവപ്രഭ' പോലുള്ള പദ്ധതികൾ.
- സാങ്കേതിക പരിശീലന രംഗത്ത് വിദഗ്ധരുടെ സേവനം ഉറപ്പുവരുത്തി സാങ്കേതികാദ്ധ്യാപകർക്ക് പരിശീലനം.
- സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് ലാബും അദ്ധ്യാപകരെയും നിയോഗിക്കുകയും അവർക്ക് ആവശ്യമായ ഫണ്ട് നൽകി സഹായിച്ച് നിർമ്മിക്കുന്ന ഉത്പന്നങ്ങൾക്ക് വിപണി കണ്ടെത്തുക.
- പ്രവേശനം മുതൽ ഫലപ്രഖ്യാപനം വരെയുള്ള മുഴുവൻ പഠനകാര്യങ്ങളും ഇന്റർനെറ്റ് വഴി.
- സ്കൂൾതലം മുതൽ സംസ്ഥാനതലം വരെയുള്ള കലാകായിക ശാസ്ത്ര മേളകൾ, ഐ.സി.റ്റി. സാങ്കേതിക വിദ്യയുപയോഗിച്ച്.
- ഓൺലൈൻ പരീക്ഷാ സംവിധാനം.
- ഹൈടെക് സംവിധാനമുപയോഗിച്ചുള്ള ഓട്ടോമാറ്റിക് ഹാജർ സംവിധാനം രക്ഷിതാവിനും അദ്ധ്യാപകനും.
- ഓഫീസുകളുടെയും പരിശീലന കേന്ദ്രങ്ങളുടെയും അദ്ധ്യാപകരുടെയും ജീവനക്കാരുടെയും സമഗ്രമായ ഡിജിറ്റൽ വിവര ശേഖരം.
- ഫലപ്രദമായ ഇ-വേസ്റ്റ് സംസ്കരണ സംവിധാനം.
- കേരള വിദ്യാഭ്യാസ നിയമമനുസരിച്ച് (KER) കുട്ടികളുടെ അനുപാതത്തിന്റെ അടിസ്ഥാനത്തിൽ കായികാദ്ധ്യാപകനെ നിയമിക്കുമ്പോൾ അൻപത് ശതമാനത്തിലധികം ഗവൺമെന്റ് എയിഡഡ് സ്കൂളുകളിലും കായികാദ്ധ്യാപക തസ്തിക ലഭിക്കില്ല. ആയതിനാൽ ഇപ്പോൾ എസ്.എസ്.എ. യിൽ നിന്നും നിയമിച്ചതുപോലെ തദ്ദേശഭരണ സ്ഥാപനങ്ങൾ പദ്ധതികളിലുൾപ്പെടുത്തി താത്കാലികമായെങ്കിലും കായികാദ്ധ്യാപകരെ നിയമിക്കുവാനുള്ള മാർഗ്ഗം സ്വീകരിക്കേണ്ടതാണ്. ഇതിനായി

വിരമിച്ച കായികാദ്ധ്യാപകരെയും യോഗ്യതയുള്ള ഉദ്യോഗാർത്ഥികളെയും പരിഗണിക്കാവുന്നതാണ്.

- അന്താരാഷ്ട്ര നിലവാരത്തിലുള്ള സിന്തറ്റിക് ട്രാക്ക് ആലപ്പുഴ ജില്ലയിൽ നിർമ്മിക്കേണ്ടതുണ്ട്. ഇതിനോടുചേർന്ന് കുട്ടികൾക്കുള്ള താമസസൌകര്യം, മൾട്ടി ജിംനേഷ്യം, ജിംനാസ്റ്റിക് പരിശീലന ഹാൾ, ഇൻഡോർ സ്റ്റേഡിയം, മൺ ട്രാക്ക് എന്നിവ തയ്യാറാക്കേണ്ടതാണ്.
- ആലപ്പുഴ ജില്ലയിലെ എല്ലാ സ്കൂളുകളിലും പരിശീലനത്തിനാവശ്യമായ ഇരുന്നൂറ്/നാന്നൂറ് മീറ്റർ ട്രാക്ക് നിർമ്മിക്കേണ്ടതുണ്ട്. അയോധനകലകളിൽ പരിശീലനം നൽകണം.
- ജില്ലാതല കായിക മൽസരങ്ങൾ നടത്തുവാനുള്ള സൌകര്യമുള്ള വേദികൾ നാല് വിദ്യാഭ്യാസ ജില്ലകളിലും ക്രമീകരിക്കണം
- പ്രതിഭാധനരായ കുട്ടികൾക്ക് (Gifted Children) ഗവേഷണം ചെയ്യുന്നതിനായി പരിശീലന കേന്ദ്രങ്ങൾ, സിവിൽ സർവ്വീസ് പരിശീലനങ്ങൾ എന്നിവ നൽകുന്നതിന് തദ്ദേശ ഭരണ വകുപ്പിന്റെ സഹായം ലഭ്യമാക്കണം.
- ജില്ലയിലെ മുഴുവൻ വിദ്യാലയങ്ങളിലും മെഡിക്കൽ ചെക്കപ്പും ഇൻഷ്യറൻസ് പരിരക്ഷയും ഉറപ്പാക്കുക.

## കീഴ്ട്ട്

- ശിശു സൌഹൃദപരവും ആകർഷകവുമായ ക്ലാസ് മുറികൾ.
- കളിയുപകരണങ്ങൾ, കളിസ്ഥലം, കുട്ടികൾക്കുള്ള പാർക്ക്.
- എല്ലാ പ്രൈമറി സ്കൂളുകളിലും പ്രീ പ്രൈമറി.
- പ്രീ പ്രൈമറി മേഖലയിൽ പ്രത്യേക ഉച്ചഭക്ഷണം.
- ശാസ്ത്രീയമായി പരിശീലനം ലഭിച്ച അദ്ധ്യാപകരും ആയമാരും
- പ്രീ പ്രൈമറിക്ക് പ്രത്യേകം ടോയിലറ്റ് സൌകര്യം.
- 200 സാദ്ധ്യായ ദിവസങ്ങൾ ഉൾപ്പെടുത്തുക.
- സ്മാർട്ട് ക്ലാസ്സ് റൂം ഇല്ലാത്ത എല്ലാ പ്രീ-പ്രൈമറി മുതൽ ഹയർ സെക്കണ്ടറി/വി.എച്ച്.എസ്.ഇ. സ്കൂളുകളിലും എം.എൽ.എ/എം.പി ഫണ്ടിൽനിന്നും തുക കണ്ടെത്തി ഡിജിറ്റൽ സ്മാർട്ട് ക്ലാസ് റൂം നിർമ്മിക്കുക. ലഭ്യമായ സ്മാർട്ട് ക്ലാസ് റൂമുകൾ അസാപ് ക്ലാസുകൾക്ക് ലഭ്യമാക്കണമെന്ന കർശന നിർദ്ദേശം നൽകുക.
- ഹയർസെക്കന്ററി സ്കൂളിൽ പെൺകുട്ടികൾക്ക് ബെയ്സിക്ക് അമിനിറ്റീസ് ലഭ്യമാക്കുക.
- പൊതു ഇടങ്ങളെ തിരിച്ച് പിടിക്കുകയും അവിടം സർഗാത്മകമാക്കുകയും ചെയ്യുന്നതിന് വാർഡുതലങ്ങളിൽ യുവജന കൂട്ടങ്ങൾ രൂപീകരിക്കുവാൻ കഴിയണം.
- നാട്ടിൻ പുറത്തെ നാടക സമിതികൾ, കലാസംഘങ്ങൾ എന്നിവർക്ക് ധനസഹായം നൽകി ജനകീയമായി കലാപരിപാടികൾ തയാറാക്കുകയും ബ്ലോക്കുലെവൽ കൾച്ചറൽ കോ-ഓഡിനേഷൻ കമ്മിറ്റി അവർക്ക് വേദി ഒരുക്കുകയും ചെയ്യുക.

# സംസ്കാരം

1792-ൽ ആദ്യത്തെ ആസൂത്രിത പട്ടണമായി രാജാകേശവദാസൻ രൂപം നൽകിയ ആലപ്പുഴയുടെ വിസ്മയകാഴ്ചകണ്ട് തിരുവിതാംകൂർ സന്ദർശനത്തിനെത്തിയ ഇന്ത്യ വൈസ്രോയി കഴ്സൺ പ്രഭു വിശേഷണം നൽകി 'കിഴക്കിന്റെ വെനീസ്'. AD 1862 ൽ കപ്പലുകൾക്ക് ദിശയറിയാൻ കടൽതീരത്ത് 113 അടി ഉയരത്തിൽ ആദ്യത്തെ ദീപസ്തംഭം 20 മൈൽ അകലത്തിൽ പ്രകാശംപരത്തിക്കൊണ്ട് ആലപ്പുഴക്ക് അഭിമാനമായി ഇന്നും നിൽക്കുന്നു. അമ്പലമുറ്റത്ത് ഒരു രാത്രി കൂത്തിനു പിന്നിൽ താളം പകർന്നുകൊണ്ടിരുന്ന യുവാവിന്റെ കണ്ണുകളിലേക്ക് കയറിവന്ന മയക്കത്തിൽ ചാക്യാരുടെ പരിഹാസം ഏറ്റുവാങ്ങിയതിന് വരദാനമായി മലയാളമണ്ണിനു ലഭിച്ച ജനകീയ കലാരൂപമായ തുള്ളൽ പ്രസ്ഥാനത്തിനു ജന്മം കൊണ്ട ആലപ്പുഴ.

കവിതയെ ജിവിതത്തിന്റെ ആഴങ്ങളിലേയ്ക്ക് നയിച്ച മലയാള നാടിന്റെ കേരളപാണിനി രാജരാജവർമ്മയും, പള്ളിയോടനുബന്ധിച്ച് പള്ളിക്കുടവും എന്ന സന്ദേശം പകർന്നുതന്ന ചാവറ ഏലിയാസ് കുര്യക്കോസ് അച്ചൻ, നിറങ്ങളെ പ്രണയിച്ച് ലോക പ്രശസ്തനായ ചിത്രകലാപ്രതിഭ രാജാരവി വർമ്മക്കും, ജനിച്ച മണ്ണിന്റെ മക്കളുടെ കഥയെഴുതി ജ്ഞാനപീഠം കയറിയ തകഴിക്കും പർവ്വതനിരയുടെ പനിനീരാണ് പെരിയാറെന്ന് പാടിയ വയലാറിനും ഒക്കെ ജന്മം നൽകിയ ആലപ്പുഴ. നാടകത്തെ സമരായുധമാക്കി അരങ്ങിൽ വിപ്ലവ ഗാഥകൾ ജ്വലിപ്പിച്ച തോപ്പിൽ ഭാസിയും, പൊൻകുന്നം വർക്കിയും, എസ്.എൽ.പുരവും ജനിച്ച നാട്.

പിന്നെയും പറഞ്ഞാൽ തീരാത്ത എത്രയോ പേരുടെ ജന്മംകൊണ്ട് സമ്പന്നമായ ജില്ല. പാരമ്പര്യമായി ബന്ധപ്പെട്ടുകിടക്കുന്ന മൂല്യങ്ങളെല്ലാം പരിഷ്കരിക്കപ്പെട്ട ആധുനിക കാലഘട്ടത്തിന്റെ മൂല്യങ്ങളെല്ലാം പഠിച്ച് അവയെ കൂട്ടിയോജിപ്പിച്ചുകൊണ്ടുള്ള ഒരു സാംസ്കാരിക പദ്ധതിയാണ് നമുക്കാവശ്യം. നാടിന്റെ സാംസ്കാരിക വളർച്ചയിൽ വിവേകശാലികളും സേവന തത്പരരും ശക്തരുമായ ഒരു യുവതലമുറ ഏതൊരു രാഷ്ട്രത്തിന്റെയും സമ്പത്താണ്. ജനക്ഷേമ പ്രവർത്തനങ്ങളിൽ സർക്കാരിനോടൊത്തു സഞ്ചരിക്കുവാൻ സന്നദ്ധ സംഘടനകളിലൂടെ ചുമതല മുറക്ക് അവസരം നൽകണം. സാക്ഷരതാപ്രസ്ഥാനം, വായനശാലകൾ വനിതാസമാജങ്ങൾ, കലാ-കായിക സംഘടനകൾ എന്നിവരുടെ കൂട്ടായ്മയിലൂടെ ഒട്ടനവധി നേട്ടങ്ങൾ നാം നേടിക്കഴിഞ്ഞിട്ടുണ്ട് എന്നുള്ളത് ആശാവഹമാണ്. വനിതാ കൂട്ടായ്മയുടെ പങ്കാളിത്തം വലിയ പ്രതീക്ഷ നൽകുന്നു. സ്വയം സഹായ സംഘങ്ങളും കുടുംബശ്രീ ഗ്രൂപ്പുകളും വനിതാ ശാക്തീകരണത്തിന്റെ പാതയിൽ ശ്രദ്ധേയമായ സ്ഥാനം നേടി കഴിഞ്ഞു. പ്രവർത്തന സാധ്യതകൾക്ക് കൂടുതൽ ഉയരങ്ങളിലേയ്ക്ക് ഈ സംഘങ്ങൾക്ക് വഴിയൊരുക്കണം.

ശക്തമായ ഒരു യുവ തലമുറ ഏതൊരു നാടിനും സമ്പത്താണ്. ശാസ്ത്രസാങ്കേതിക രംഗത്തും വ്യവസായിക സാമ്പത്തിക മേഖലയിലും രാഷ്ട്രം എത്ര പുരോഗതിനേടിയാലും ലക്ഷ്യബോധം നഷ്ടപ്പെട്ട യുവതലമുറയ്ക്ക് അതു നിലനിർത്താനാവില്ല. അവരുടെ കർമ്മശേഷി സമൂഹനന്മക്കായി പ്രയോജനകരമാകുന്ന വിധം പരിപാടികൾക്ക് രൂപം നൽകണം. നമ്മുടെ ജില്ലയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കലാ-സാംസ്കാരിക സംഘടനകളിൽ പലതും മാതൃകാപരമായ പ്രവർത്തനങ്ങളിലൂടെ ശ്രദ്ധനേടിയിട്ടും ഉണ്ട്.

സാക്ഷരതാ പ്രവർത്തനം, ഗ്രന്ഥശാല-വായനശാലകൾ, കല-കായിക പ്രവർത്തനങ്ങൾ എന്നിവയിലൊക്കെ യുവാക്കളുടെ പങ്ക് ഏറെയാണ്. അതുപോലെ തന്നെ സമൂഹത്തിൽനിന്നും അന്യമായികൊണ്ടിരിക്കുന്ന പ്രാചീനകലകളേയും ആചാര-അനുഷ്ഠാനങ്ങളെയും ഉത്സവാഘോഷങ്ങളെയും, സംരക്ഷിക്കുവാനും യുവജന പ്രസ്ഥാനങ്ങൾക്ക്

പ്രാധാന്യം ഉണ്ട്. ഏതർത്ഥത്തിലും അവരുടെ കർമ്മശേഷി അധാർമ്മിക മാർഗങ്ങളിലേക്ക് തിരിയാതെ തുറന്ന മനസ്സോടെ യുവജന പ്രസ്ഥാനങ്ങളെ നാടിന്റെ മുൻനിരയിലേക്കെത്തിക്കേണ്ടതുണ്ട്.

കലാസാംസ്കാരിക സംഘടനകൾക്ക് ശരിയായ ഏകോപനം ഉണ്ടാകണം. മാർഗനിർദ്ദേശങ്ങൾ നൽകപ്പെടണം. ജില്ലാതലത്തിൽ നൂറുകണക്കിന് സംഘടനകൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്. വർഷത്തിലൊരിക്കൽ മാത്രം ഒരു പരിപാടി സംഘടിപ്പിക്കുന്നതിനപ്പുറം മറ്റൊന്നും നടന്നുകാണുന്നില്ല ഭൂരിപക്ഷവും.

പഞ്ചായത്തുതലം മുതൽ കലാകായിക സംഘടനകളുടെ പ്രവർത്തനങ്ങൾക്ക് ശ്രദ്ധ നൽകണം. നാടിന്റെ പൊതുവായ കാര്യങ്ങൾക്ക് സ്വതന്ത്രമായി പ്രവർത്തിക്കുവാൻ അവർക്ക് സാഹചര്യം ഒരുക്കണം ഉദാഹരണത്തിന് മാലിന്യമുക്തം, പ്ലാസ്റ്റിക് നിർമ്മാർജ്ജനം, പരിസരശുചീകരണം എന്നിവയൊക്കെ സംഘടനയുടെ പ്രവർത്തന മേഖലയിൽ ഉൾപ്പെടുത്തി ആവശ്യമായ സഹായങ്ങൾ നൽകണം.

സ്വന്തമായി ഒരു ആസ്ഥാനം ഉണ്ടാകണം. പുറംപോക്ക് സ്ഥലം പതിച്ചു നൽകിയാൽ പ്രാദേശികരായ പ്രമുഖ വ്യക്തികളുടെ സഹകരണത്തോടെ ഒരു കെട്ടിടം നിർമ്മിക്കാൻ കഴിയും. ത്രിദിന പഞ്ചായത്തുകളെ ഏകോപിപ്പിച്ചുകൊണ്ട് ജില്ലാ കേന്ദ്രത്തിൽ നമുക്കൊരു കേന്ദ്രം ഉണ്ടാകണം. ഗ്രന്ഥശാല, വായനശാല, ലളിതകല-സംഗീതനാടക-നാടൻകലകൾ എന്നിവയുടെ ഒരു (Complex) നിലയം സാംസ്കാരിക വളർച്ചക്ക് ആവശ്യമാണ്. ഇതിനോടനുബന്ധിച്ച് ചർച്ചാക്ലാസുകൾ, സെമിനാറുകൾ, അരങ്ങ് എന്നിവക്കുള്ള സൌകര്യവും ഒരുക്കണം. ഈ രംഗത്തെ പ്രമുഖ വ്യക്തികളെ ചേർത്ത് ഒരു വിദഗ്ധ സമിതിയുടെ മേൽനോട്ടവും ഉണ്ടാകണം.

വ്യക്തമായ ധാരണയില്ലാതെ ഉണ്ടാക്കിയിട്ടുള്ളതായ കുട്ടികളുടെ ലൈബ്രറി (ശിശുക്ഷേമ സമിതി) പിക്നിക് പോയിന്റ് (ഡി.റ്റി.പി.സി) നഗരചത്വരം (നഗരസഭ) 61 കുട്ടികൾക്ക് ഇനിയും പ്രവേശനം ലഭിച്ചിട്ടില്ലാത്ത ഇ.എം.എസ്. സ്റ്റേഡിയം (നഗരസഭ) നീന്തൽകുളം, ജിംനാസ്റ്റിക് സെന്റർ (സ്പോർട്സ് കൌൺസിൽ) എന്നിവ ഈ പട്ടണത്തിൽ സ്ഥിതിചെയ്യുന്നു.

നെഹ്റുയുവ കേന്ദ്രയുടെ പ്രവർത്തനങ്ങൾക്ക് ജനകീയത ഇനിയും ലഭിച്ചിട്ടില്ല. ഒട്ടനവധി അവസരങ്ങൾ ഒരുക്കുവാൻ പദ്ധതികളുള്ള ഈ പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കണം. അഫിലിയേഷനുകൾ ഉള്ള സംഘടനകളുടെ പ്രതിനിധികളെ പങ്കെടുപ്പിച്ചുകൊണ്ട് കാലേ കൂട്ടി പരിപാടികൾ തയ്യാറാക്കണം. യുവതലമുറക്ക് നല്ല നിലയിൽ ചെയ്യ വിജയകരമാക്കാൻ കഴിയുന്ന ഒട്ടനവധി സാംസ്കാരിക പദ്ധതികളും പലകേന്ദ്രങ്ങളിലും നടന്നുവരുന്നുണ്ട്.

റസിഡൻസ് അസ്സോസിയേഷനുകൾ ഇപ്പോൾ ഒട്ടനവധി കാര്യങ്ങളിൽ പ്രവർത്തനം നടത്തിവരുന്നുണ്ട്. പ്ലാസ്റ്റിക്ക് നിരോധനം, ശുചീകരണം, അടുക്കളത്തോട്ടം എന്നിവയിൽ മികച്ച നേട്ടം കൈവരിച്ചുവരുന്നുണ്ട്. പരസ്പര സൌഹൃദവും കൂട്ടായ്മയും ഒരു നല്ല സാംസ്കാരിക വളർച്ചയെ സൂചിപ്പിക്കുന്നു. ഇവിടെയാണ് റസിഡൻസ് അസ്സോസിയേഷനുകളുടെ ഒരു ഏകോപനത്തിന് വഴിയൊരുക്കേണ്ടത്. പരസ്പരം ആശയങ്ങൾ കൈമാറുന്നതിനും പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിനും ഇതു സഹായകമാകും. ഒപ്പം മെച്ചപ്പെട്ട അസ്സോസിയേഷനുകളെ വർഷംതോറും പുരസ്കാരങ്ങൾ നൽകി ബഹുമാനിക്കുകയും ചെയ്യണം.

ഓരോ പഞ്ചായത്തിന്റെ കീഴിലും ഓരോ വനിതാ സമാജം എന്നത് പ്രാവർത്തികമാകണം. ഓരോ പഞ്ചായത്തിന്റെ കീഴിലും വനിതാ കൂട്ടായ്മയിൽ ശിങ്കാരിമേളം

പോലെയുള്ള വാദ്യസംഘങ്ങൾക്കു രൂപം നൽകണം. അതിലേക്കുള്ള പരിശീലനത്തിനും ഉപകരണങ്ങൾക്കുള്ള സാമ്പത്തികവും അനുവദിക്കണം. അടുക്കളത്തോട്ട നിർമ്മാണം, കരകൌശലം, തുന്നൽ, അച്ചാർ നിർമ്മാണ യൂണിറ്റുകൾ, മറ്റ് ചെറുകിട വ്യവസായങ്ങൾ എന്നിവക്കും വനിതാ സമാജത്തിന് എല്ലാവിധ സഹായങ്ങളും അനുവദിക്കണം. ജില്ലാതലത്തിൽ ശിങ്കാരിമേളത്തിന് നല്ലനിലയിൽ മത്സരം സംഘടിപ്പിക്കുകയും വിജയികൾക്ക് കാഷ് അവാർഡുകളും ഏർപ്പെടുത്തണം.

ജില്ലയുടെ സാംസ്കാരിക ചരിത്രവും കാഴ്ചകളും ഉൾക്കൊള്ളിച്ച കൊണ്ടുള്ള ഒരു കൈ പുസ്തകം തയ്യാറാക്കണം. അതോടൊപ്പം ജില്ലയുടെ സമഗ്രദേശങ്ങളിലായി വ്യാപിച്ചുകിടക്കുന്ന കേന്ദ്രങ്ങളെ കുറിച്ച് 'ഒരു സഞ്ചാര ഡയറി'യും, വിദേശികൾക്കും വിനോദസഞ്ചാരികൾക്കും സ്വദേശികൾക്കും ഇവിടം സന്ദർശിക്കുവാനുള്ള മാർഗരേഖയാക്കും.

കലാ-സാഹിത്യ-സാംസ്കാരിക പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ഒരു സാംസ്കാരിക സമുച്ചയം ആവശ്യമാണ്. സംഗീത നാടക അക്കാഡമി തുടങ്ങിയവയുടെ ജില്ലാ ഘടകങ്ങളായി ഇവിടം മാറ്റാം. ത്രിദിനപഞ്ചായത്തുകളുടെ ഒരിടത്താവളമായി ഈ സമുച്ചയത്തെ കാണാം.

കേരളോത്സവം വിജയകരമാകാൻ പഞ്ചായത്ത് കൂടുതൽ ശ്രദ്ധ നൽകേണ്ടതായിട്ടുണ്ട്. ഇപ്പോൾ പങ്കാളിത്തകുറവ് ഈ കലാ-കായിക മേളയെ നിരാശപ്പെടുത്തുന്നു. കാരണങ്ങൾ പലതും കാണാം.

1. വളരെ വൈകിയെത്തുന്ന അറിയിപ്പുകൾ മത്സരാർത്ഥികൾക്കു വേണ്ടത്ര സമയം ലഭിക്കുന്നില്ല.
2. ഇതുമൂലം ആവശ്യമായ പരിശീലനത്തിന് സമയം കിട്ടുന്നില്ല.
3. തൊഴിൽ ഉപേക്ഷിച്ച് കേരളോത്സവത്തിൽ പങ്കെടുക്കാനെത്തുന്നവർ ഉണ്ട്. അതു കൊണ്ട് തന്നെ മത്സരങ്ങൾക്കുള്ള സമയം ക്രമീകരിക്കുമ്പോൾ ഈ കാര്യം കഴിയുന്നത്ര ശ്രദ്ധിക്കണം.
4. പഞ്ചായത്തു തല കേരളോത്സവം പഞ്ചായത്തിന്റെ (നാടിന്റെ) ഉത്സവമായി മാറണം. ഓരോ വീടിന്റെയും സഹകരണം ഇതിനായി സ്വാഗതം ചെയ്യണം.
5. വിജയികൾക്ക് പ്രയോജന പ്രദമായ ഉപഹാരങ്ങൾ നൽകണം.
6. കേരളോത്സവത്തോട് അനുബന്ധിച്ച് പഞ്ചായത്തിൽപ്പെട്ട് പ്രതിഭകളെ ആദരിക്കണം.
7. മേളയുടെ സംഘാടനത്തിന് ഇപ്പോൾ നൽകിവരുന്ന സാമ്പത്തിക സഹായം തീരെ അപര്യാപ്തമാണ്. വളരെ കാര്യമായ വർദ്ധനവ് അനിവാര്യതയാണ് .

## മറ്റ് നിർദ്ദേശങ്ങൾ

- സംഗീത-നാടക-ലളിതകലാ-ഫോക്ക് ലോർ അക്കാദമിക്ക് ജില്ലാതലത്തിൽ ഉപകേന്ദ്രങ്ങൾ വരണം.
- ജില്ലാതലത്തിൽ നാടൻ കലാപരിശീലനത്തിന് സംവിധാനം ഒരുക്കുക.
- മൺമറയുന്ന കലാരൂപങ്ങളെ കണ്ടെടുക്കണം.
- ഗ്രന്ഥശാലകൾക്ക് കെട്ടിടം നിർമ്മിക്കാനാവശ്യമായ സഹായം നൽകണം.
- ഗ്രന്ഥശാലകൾ വിദ്യാഭ്യാസ മേഖലയുടെ ഭാഗമാക്കണം.

- ലൈബ്രറിയൻമാരുടെ പ്രവർത്തനങ്ങൾക്ക് കൂടുതൽ പരിശീലനം നൽകുക .
- ജില്ലാതലത്തിൽ പബ്ലിക് ലൈബ്രറി സ്ഥാപിക്കുക
- കേരളോത്സവത്തിൽ വയോജനങ്ങൾക്കുകൂടി പങ്കാളിത്തം നൽകുക. (പരിമിതങ്ങളായ ഇനങ്ങളിൽ മാത്രം)
- കേരളോത്സവത്തിൽ നിന്നും സ്കൂൾ കോളേജ് വിദ്യാർത്ഥികളെ ഒഴിവാക്കുക. (നിരവധി അവസരങ്ങൾ അവർക്ക് ലഭിക്കുന്നുണ്ട്)
- കേരളോത്സവത്തിന് വനിതാസമാജം കലാ-സംസ്കാരിക, ജനശ്രീ, കുടുംബശ്രീ, കായിക സംഘടനകൾക്ക് പ്രാധാന്യം നൽകുക.
- നാടൻ കലകളുടെയും നാടോടികലകളുടെയും ഇപ്പോൾ ജില്ലയിൽ പ്രവർത്തിച്ചുവരുന്ന സംഘങ്ങളുടെ വിവരം ശേഖരിക്കുക.
- സർക്കാർതല പരിപാടികളിലും നെഹ്റുട്രോഫി വള്ളം കളി പോലുള്ള ആഘോഷപരിപാടികളിലും വൻചിലവുള്ള സെലിബ്രിറ്റികളുടെ പരിപാടികൾ ഒഴിവാക്കി നാടൻ കലാസംഘങ്ങൾക്ക് അവസരം ഒരുക്കണം.
- ചവിട്ടുനാടകം, കാക്കാരശി നാടകം, ഗരുഡൻപറവ, മയൂര നൃത്തം തുടങ്ങി മറ്റ് കലാരൂപങ്ങളെയും ചെണ്ടമേളം, ശിങ്കാരിമേളം ,പമ്പമേളം ,പഞ്ചാരിമേളം ,പഞ്ചവാദ്യം തുടങ്ങിയ മേള സംഘങ്ങൾക്കും ഓട്ടൻതുള്ളൽ ,ചാക്യാർകൂത്ത് ,കഥാപ്രസംഗം തുടങ്ങിയ ജനകീയ കലകൾക്കും അവസരമൊരുക്കണം.
- നാടൻ കലാരംഗത്തെ പ്രതിഭകളെ ആദരിക്കുക.
- റസിഡൻസ് അസ്സോസിയേഷനുകളുടെ ഏകോപനം ഉണ്ടാക്കണം.
- പൊതുപരിപാടികൾക്ക് റസിഡൻസ് അസ്സോസിയേഷനുകളുടെ പങ്കാളിത്തം ഉൾപ്പെടുത്തുക.
- സാംസ്കാരിക ചരിത്രം ഉൾക്കൊള്ളുന്ന ഒരു കൈ പുസ്തകം പ്രസിദ്ധീകരിക്കുക.
- രാജാകേശവദാസ് നീന്തൽകുളം, കടൽപ്പുറത്തുള്ള കുട്ടികളുടെ ലൈബ്രറി, ഡി.റ്റി.പി.സി. യുടെ പിക്നിക് പോയിന്റ്, കൈതവനയിലുള്ള ജിംനാസ്റ്റിക് സെന്റർ എന്നിവയുടെ പ്രവർത്തനം കാര്യക്ഷമമാക്കുക.
- ചിത്രകല, നൃത്തം, സംഗീതം എന്നിവയിൽ പരിശീലനം നൽകുന്ന സ്ഥാപനങ്ങൾക്ക് അംഗീകാരവും സഹായങ്ങളും നൽകുക.
- അങ്കനവാടി കുട്ടികൾക്കായി കുരുന്നുത്സവം സംഘടിപ്പിക്കണം.
- കഴിവും ആത്മാർത്ഥതയുമുള്ള യോഗ്യരായ വ്യക്തികളെ ബ്ലോക്ക് തലത്തിലെങ്കിലും വെൽഫയർ ഓഫീസറന്മാരായി നിയമിക്കുക. (മുമ്പ് ഉണ്ടായിരുന്നു)
- സന്നദ്ധസേവന രംഗത്ത് നല്ല പ്രവർത്തനം കാഴ്ചവെക്കുന്ന സംഘടനകളേയും വ്യക്തികളേയും ജില്ലാതലത്തിൽ ഉചിതമായ ആദരവ് നൽകുക.
- അന്യം നിന്നുകൊണ്ടിരിക്കുന്ന എല്ലാ കലാരൂപങ്ങളേയും നിലനിർത്താൻ നടപടികൾ സ്വീകരിക്കണം.
- മദ്യം, മയക്കുമരുന്ന് ഇവയ്ക്കെതിരെ കലാകാരന്മാരുടെ സേവനം പ്രയോജനപ്പെടുത്തുക.
- കേന്ദ്ര സാംസ്കാരിക സർക്കാരുകൾ സാംസ്കാരിക പ്രവർത്തനങ്ങൾക്ക് ഒരു നിശ്ചിത തുക അനുവദിക്കുക.

# കായികം

ആലപ്പുഴ ജില്ലയുടെ സമഗ്രകായിക വികസന പദ്ധതികൾ ഇവിടുത്തെ കായിക പ്രേമികൾ വളരെയധികം ആകാംക്ഷയോടെയാണ് ഉറ്റുനോക്കുന്നത്. കാരണം മുൻകാലങ്ങളിൽ വളരെയധികം കൊട്ടിഘോഷിക്കപ്പെട്ട പല പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ടെങ്കിലും അവ മിക്കതും ലക്ഷ്യത്തിൽ എത്തിച്ചേർന്നിട്ടില്ല എന്നത് കായിക മേഖലയിൽ ഉള്ള നമ്മുടെ മുൻകാല നേട്ടങ്ങൾ പരിശോധിച്ചാൽ മനസ്സിലാകുന്നതാണ്. ഓരോ പ്രദേശത്തിനും തനതായ കേളീശൈലികൾ മുൻകാലത്ത് പ്രചാരത്തിലുണ്ടായിരുന്നു. അവ ഒട്ടുമിക്കവയും പുതിയ തലമുറയ്ക്ക് അറിയാതെ പോയി.

നാടൻ പന്തുകളി, കിളിമാസ്, വട്ടുകളി, കുട്ടിയും കോലും, ഗോലികളി, ഓലപ്പന്തുകളി, പുഞ്ച കളി, കള്ളനുംപോലീസും, വള്ളിയിൽച്ചാട്ടം, നാടൻ വള്ളംകളി, പകിടകളി തുടങ്ങിയ അനേകം ചെറുകളികൾ വൈകുന്നേരങ്ങളിൽ നാട്ടിൻ പുറങ്ങളിൽ സജീവമായിരുന്നു. ഇതോടൊപ്പം തന്നെ മേജർ ഗെയിമുകൾ ആയ ഫുട്ബോൾ, വോളിബോൾ, ഷട്ടിൽ ബാഡ്മിന്റൻ, കബഡി, ഖോ-ഖോ, ചെസ് തുടങ്ങിയ ഗെയിമുകൾ ഇന്നും സജീവമായി നിലനിൽക്കുന്നു. അടുത്ത കാലത്ത് കൂടുതൽ പ്രചാരം നേടിയ ക്രിക്കറ്റിലേക്ക് ചെറുപ്രായത്തിൽ തന്നെ കുട്ടികളും മുതിർന്നവരും ആകർഷിക്കപ്പെടുന്നു.

ജില്ലയിലെ കായികപരമായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനും കായിക പ്രവർത്തികൾക്കായി ഗ്രൗണ്ട്, കോർട്ട്, സ്റ്റേഡിയം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനും കായിക വികസനത്തിനുവേണ്ടി പൊതുവായി രൂപം കൊടുത്തിട്ടുള്ളതാണ് ജില്ലാ സ്പോർട്സ് കൗൺസിൽ. ജില്ലാ സ്പോർട്സ് കൗൺസിലിന്റെ അധീനതയിൽ കളർകോട് ഒരു ജിംനേഷ്യം പ്രവർത്തിക്കുന്നു. കൗൺസിലിന്റെ അധീനതയിലുള്ള രാജാ കേശവദാസ് നീന്തൽക്കുളം നവീകരിച്ച് ഉപയോഗ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടക്കുന്നു. ആലപ്പുഴ മുനിസിപ്പാലിറ്റിയുമായി ചേർന്ന് ഇ.എം.എസ്. സ്റ്റേഡിയത്തിൽ 400 മീറ്റർ സിന്തറ്റിക് ട്രാക്കും ഫുട്ബോൾ ഗ്രൗണ്ടും നിർമ്മിക്കുന്നതിനായുള്ള പദ്ധതിക്ക് അംഗീകാരം നേടിയിട്ടുണ്ട്.

ആലപ്പുഴ ജില്ലയിലെ സമഗ്ര വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് പ്രവർത്തനം നൽകുകയും സമയബന്ധിതമായി പ്രവർത്തനങ്ങളിലൂടെ പഠന പ്രക്രിയയിലും മറ്റ് പാഠ്യേതര മേഖലകളിലും കുട്ടികളുടെ കഴിവുകൾ വളർത്തിയെടുക്കുകയും മറ്റ് ഏജൻസികളുടെ സഹകരണത്തിലൂടെ വിവിധ പദ്ധതികൾ ആസൂത്രണം ചെയ്ത് സ്കൂൾതല ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ഉള്ള പ്രവർത്തനങ്ങൾ ചെയ്യേണ്ടതുണ്ട്.

ആലപ്പുഴ ജില്ലയിൽ 12 ആർട്സ് & സയൻസ് കോളേജുകളാണ് നിലവിലുള്ളത്. എല്ലാ കോളേജുകൾക്കും യു ജി സി അംഗീകാരം ലഭ്യമായിട്ടുള്ളവയുമാണ്. പക്ഷെ കായിക രംഗത്ത് പേരിൽ മാത്രമുള്ള കളി സ്ഥലങ്ങളാണ് ഇവിടെയുള്ളത്. പ്രത്യേക കായിക വകുപ്പുകൾ കോളേജ് തലത്തിൽ ഉണ്ടെങ്കിലും പ്രത്യേക പരിശീലനങ്ങൾ ഒന്നും തന്നെയില്ലാതെ യൂണിവേഴ്സിറ്റി മത്സരങ്ങൾക്ക് കായികതാരങ്ങളുടെ താൽപര്യപ്രകാരം പങ്കെടുക്കുന്ന ഒരു സംവിധാനമാണ് നിലവിലുള്ളത് എന്ന് പറയേണ്ടിയിരിക്കുന്നു. കുറെയധികം കായികതാരങ്ങൾ പ്ലസ് ടു കഴിഞ്ഞ് കോളേജിൽ സ്പോർട്സ് കോട്ട പ്രവേശനം ലഭിക്കാറുണ്ട് എന്നത് മാത്രമാണ് എടുത്തു പറയുവാൻ പറ്റുന്നത്.

ജില്ലയിൽ ഏകദേശം 3000 ഓളം വിവിധ ക്ലബ്ബുകൾ ഉള്ളതായിട്ടാണ് അറിയുവാൻ സാധിക്കുന്നത്. ഒരു കാലത്ത് വളരെ പ്രതാപത്തോടെ അവരവരുടെ നാട്ടിൻപുറത്തും

മേഖലയിലും യുവജനങ്ങൾക്കിടയിൽ പ്രവർത്തിച്ചിരുന്ന ക്ലബ്ബുകളായിരുന്നു. ഇവയൊക്കെയും എന്നാൽ ഇപ്പോൾ പ്രവർത്തനഫണ്ട് ലഭിക്കാതെയും യുവാക്കളുടെ താൽപര്യമില്ലായ്മയും മൂലം ജില്ലയിൽ മൂന്നിലൊന്ന് ക്ലബ്ബുകൾ മാത്രമാണ് പ്രവർത്തിക്കുന്നത്. ഓണം, ക്രിസ്മസ്, ഒക്ടോബർ 2 തുടങ്ങിയ ദിവസങ്ങളിൽ മാത്രം ഒത്തുചേർന്ന് ചെറിയ പരിപാടികൾ നടത്തുകയും പരിപാടികൾ നടന്നു കഴിഞ്ഞാൽ സാമ്പത്തിക നഷ്ടം പറഞ്ഞ് പിരിഞ്ഞുപോകുന്ന ഒരു അവസ്ഥയാണ് യുവാക്കളുടെ ഇടയിൽ കണ്ടു വരുന്നത്.

കായിക രംഗത്ത് ഒട്ടനവധി പദ്ധതികൾ ത്രിതലപഞ്ചായത്തുകൾ നടപ്പിലാക്കുന്നുണ്ട്. ഗ്രാമപ്രദേശങ്ങളിലുള്ള ക്ലബ്ബുകളുടെ സഹകരണത്തോടുകൂടി ഗ്രാമപഞ്ചായത്ത്തലത്തിൽ കേരളോത്സവം വർഷവും നടത്തിവരുന്നു. ഈ പ്രവർത്തനങ്ങൾക്ക് നിർദ്ദേശം നൽകുന്നത് യുവജനക്ഷേമ വകുപ്പാണ്. ത്രിതല പഞ്ചായത്തുകൾക്ക് മേളകൾ നടത്തിപ്പുമായി ബന്ധപ്പെട്ടുവരുന്ന ചിലവിനുള്ള ഫണ്ടുകൾ നൽകുന്നുണ്ട്. ജില്ലാ കേരളോത്സവ മത്സരത്തിൽ വിജയിക്കുന്ന കായികതാരങ്ങൾക്ക് ക്യാഷ് അവാർഡുകൾ നൽകിവരുന്നു. കേരളോത്സവം നടത്തിപ്പ് ആലപ്പുഴ ജില്ലാ പഞ്ചായത്ത് ഏറ്റെടുത്തു നടത്തുകയാണ് പതിവ്. കായികമേള നടത്തിപ്പ് ജില്ലാ സ്പോർട്സ് കൗൺസിലിന്റെ മേൽനോട്ടത്തിലും വിവിധ അസോസിയേഷനുകളുടെ സഹകരണത്തോടുമാണ് നടത്തിവരുന്നത് ഈ മേളകൾ വലിയൊരു യുവജനപങ്കാളിത്തവും കൂട്ടായ്മയും സൃഷ്ടിക്കുന്നത് പര്യാപ്തമായ ഒന്നാണ്.

ഭിന്നശേഷി വിഭാഗത്തെ കായിക മേഖലയിലേക്കാകർഷിക്കുന്നതിനും അതിലൂടെ ഒരു ശാരീരിക മാനസികാരോഗ്യമുള്ളവരാക്കുന്നതിനും ഉതകുന്ന ഒട്ടേറെ പ്രവർത്തനങ്ങൾ പലസംഘടനകളും ജില്ലയിൽ നടത്തിവരുന്നു. ഇതിന് മുൻകൈ എടുത്ത് പ്രവർത്തിക്കുന്നത് ജില്ലാ ആരോഗ്യ വകുപ്പ്, ജില്ലാ സാമൂഹികനീതിവകുപ്പ്, ജില്ലാ സാമൂഹ്യസുരക്ഷ മിഷൻ, ജില്ലാ വിദ്യാഭ്യാസവകുപ്പ്, ലയൺസ് ക്ലബ്ബുകൾ, റോട്ടറി ക്ലബ്ബുകൾ പോലുള്ള സംഘടനകളും ഈ രംഗത്ത് അവരുടേതായ സംഭാവനകൾ ചെയ്തു വരുന്നു.

ഭിന്നലിംഗ വിഭാഗത്തിൽപ്പെട്ടവരുടെ കായിക പ്രവർത്തനങ്ങൾ ഇപ്പോഴും പ്രാരംഭദശയിൽ തന്നെയാണ്. സർക്കാർ സംസ്ഥാനതലത്തിൽ ഭിന്നലിംഗക്കാർക്ക് വേണ്ടിയുള്ള പ്രത്യേക കായികമേള കഴിഞ്ഞ വർഷം നടത്തിയിരുന്നു. ഇനിയും പലവകുപ്പുകളിലും ഇവർക്ക് ആവശ്യമായ പരിഗണനയും പദ്ധതികളും ആവശ്യമാണ്.

## മുഖ്യ പ്രശ്നങ്ങൾ

- മുൻകാലങ്ങളിൽ നാട്ടിൻ പുറങ്ങളിൽ തനതായ ഒട്ടനവധി നാടൻകളികൾ നിലനിന്നിരുന്നു. അവ ഒട്ടുമിക്കവയും പുതിയ തലമുറയ്ക്ക് അന്യം നിന്നുപോയി.
- എൽ.പി, യു.പി സ്കൂളുകളിൽ കായികാദ്ധ്യാപകരെ നിയമിക്കാതെ നിലവിലുള്ള ഒഴിവുകൾ മറ്റ് വിഷയങ്ങൾക്ക് നൽകുന്നു.
- സ്കൂളുകളിൽ ഉണ്ടായിരുന്ന കളിസ്ഥലങ്ങൾ പലതും കെട്ടിടങ്ങൾക്ക് വേണ്ടി നൽകപ്പെട്ടു.
- നിലവിലുള്ള ഗ്രൗണ്ടുകൾ മിക്കവയും പൊതു ജനങ്ങൾക്കും യുവാക്കൾക്കും പ്രവേശനമില്ലാതായി.
- രക്ഷകർത്താക്കളുടെ താൽപര്യമില്ലായ്മ ഒരു പ്രധാന പ്രശ്നമാണ്.
- രക്ഷകർത്താക്കൾക്ക് കായിക ആരോഗ്യ ബോധവൽക്കരണം നടക്കുന്നില്ല.

- വിദ്യാഭ്യാസവകുപ്പ് കായിക പരിശീലനം കുറച്ച് സ്കൂളുകളിലേക്ക് മാത്രമാക്കി.
- ത്രിതല പഞ്ചായത്തുകൾ സ്കൂളുകളെ ഏറ്റെടുത്തുവെങ്കിലും കായികരംഗത്ത് വേണ്ടത്ര പദ്ധതികൾ നടപ്പിലാക്കുന്നില്ല.
- സ്കൂൾ തലത്തിൽ പ്രത്യേകം സാമ്പത്തിക സഹായം ഈ മേഖലയിൽ നടത്തുന്നില്ല.
- പഞ്ചായത്ത്, മുനിസിപ്പാലിറ്റി, ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് തലത്തിൽ കായിക മേഖലക്ക് ആവശ്യത്തിന് ഫണ്ട് നീക്കി വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തുന്നില്ല.
- ചെറുപ്രായത്തിൽ ഉള്ള കുട്ടികൾ കായികരംഗത്ത് താൽപര്യം ഉണ്ടാക്കുന്ന ഒരു പദ്ധതിയും വിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കുന്നില്ല.
- എം.പി, എം.എൽ.എ മാരുടെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി കായിക മേഖലയ്ക്ക് ഒരു പദ്ധതിപോലും ഇല്ല.
- മിക്കവാറും എല്ലാ പഞ്ചായത്തുകളിലും മിനി സ്റ്റേഡിയങ്ങൾ ഉണ്ടെങ്കിലും യുവജനങ്ങൾക്ക് പ്രയോജനപ്പെടുന്നില്ല.
- നാട്ടിൻപുറങ്ങളിൽ ഒട്ടനവധി ചെറുകുളങ്ങൾ ഉണ്ടെങ്കിലും നീന്തൽകുളങ്ങളാക്കി മാറ്റി സംരക്ഷിക്കുന്നില്ല.
- നാട്ടിൻ പുറങ്ങളിലെ ക്ലബ്ബുകളുടെ പ്രവർത്തനം ശരിയായ ഏകോപനമില്ലാത്തതിനാൽ പ്രവർത്തനങ്ങൾ നടക്കുന്നില്ല.
- യുവജനങ്ങളെ ആകർഷിക്കുന്ന പ്രത്യേക പദ്ധതികൾ ഉണ്ടെങ്കിലും വേണ്ടത്ര പ്രയോജനപ്പെടുന്നില്ല.
- ബോധവൽക്കരണങ്ങളും സെമിനാറുകളും ക്യാമ്പുകളും യൂത്ത് മേളകളും ക്ലബ്ബുകളിൽ നിന്നും അകന്നുപോയി. പുതുതലമുറയ്ക്ക് ഈവക കാര്യങ്ങളോട് താൽപര്യമില്ലാതായി.
- വിവരസാങ്കേതിക മേഖലയിൽ അറിവ് വർദ്ധിച്ചതുമൂലം ക്രിയാത്മക പ്രവർത്തനങ്ങളിൽ യുവാക്കൾക്ക് സമയമില്ലാതായി.
- അത്ലറ്റിക്ക് മത്സരങ്ങൾക്ക് അനുയോജ്യമായ 400 മീറ്റർ ഗ്രൗണ്ട് ജില്ലയിൽ ഇല്ലാത്തതു വസ്തുതയാണ്.
- 200 മീറ്റർ അത്ലറ്റിക്ക് മത്സരങ്ങൾ നടത്തുവാൻ പറ്റുന്ന ചുരുക്കം ചില ഗ്രൗണ്ടുകളാണ് ഉള്ളത്.
- ഫുട്ബോൾ കളിക്കാൻ പറ്റുന്ന നിലവാരമുള്ള ഒരു ഗ്രൗണ്ടുപോലും ജില്ലയിൽ ലഭ്യമല്ല. സെവൻസ് ഫുട്ബോൾ മത്സരങ്ങൾ നടത്തുവാൻ തക്കമുള്ള ഗ്രൗണ്ടുകൾ ഉണ്ടെങ്കിലും അവ ഒട്ടുമിക്കവയും സ്വകാര്യ മേഖലയിൽ ഉള്ളവയാണ്.
- ശാസ്ത്രീയമായ പരിശീലനകേന്ദ്രങ്ങളുടെ അഭാവം കുട്ടികളെ ഈ മേഖലയിൽ നിന്നും പിന്നോക്കം കൊണ്ടുപോകുന്നു.
- തെരഞ്ഞെടുത്ത ചുരുക്കം ചില കുട്ടികൾക്ക് മാത്രമായി കായിക മേഖലയിലെ പരിശീലനങ്ങൾ മാറുന്നു.
- വിവിധ വകുപ്പുകൾ തമ്മിലുള്ള ഏകോപനമില്ലായ്മ മുഖ്യപ്രശ്ന കാരണമാണ്.

- യുവതികൾക്ക് മുഖ്യധാരാ കായിക ഇനങ്ങളിൽ വേണ്ടത്ര പരിഗണന നൽകുന്നില്ല.
- മുതിർന്ന പൗരന്മാർ മാത്രമായി ഒരു പദ്ധതികളും കായിക മേഖലയിൽ പ്രവർത്തിക്കുന്നില്ല.
- ഭിന്നശേഷി വിഭാഗത്തിൽ പ്രത്യേക പരിഗണന നൽകുന്നില്ല. പദ്ധതികളും ഇല്ല. യുവാക്കൾക്കും മുതിർന്ന പൗരന്മാർക്കും വൈകുന്നേരങ്ങളിൽ ഒത്തുചേരുന്നതിൽ ഉദകുന്ന പൊതു കളിസ്ഥലങ്ങൾ ഇല്ല.
- സമയാസമയങ്ങളിലുള്ള അറിയിപ്പുകൾ നൽകുന്നതിൽ പരാജയപ്പെടുന്നു.
- പഞ്ചായത്തുതല കോർഡിനേറ്റർമാർക്ക് വേണ്ടുന്ന നിർദ്ദേശങ്ങൾ നൽകുന്നില്ല.
- മാസത്തിൽ ഒരിക്കലുള്ള റിവ്യൂ പോലും നടക്കുന്നില്ല.
- മോണിറ്ററിംഗ് സംവിധാനം നിലവിലില്ല.
- യുവജനക്ഷേമബോർഡിന്റെ കീഴിലുള്ള ക്ലബ്ബുകളുടെ ഏകോപനം നടക്കുന്നില്ല.
- ക്ലബ്ബുകൾക്ക് ആവശ്യത്തിന് കളി ഉപകരണങ്ങൾ നൽകുന്നില്ല.
- അഫിലിയേറ്റഡ് ക്ലബ്ബുകൾക്ക് നിർദ്ദേശങ്ങൾ നൽകുന്നില്ല.
- ജില്ലാ മേളകൾ സംഘടിപ്പിക്കുന്നില്ല.
- സമയാസമയങ്ങളിൽ യൂത്ത്ക്ലബ്ബ് അവാർഡുകൾ ലഭ്യമാക്കുന്നില്ല.
- ലീഡർഷിപ്പ് പരിശീലന പരിപാടികൾ ഒന്നും തന്നെ സമയബന്ധിതമായി നടക്കുന്നില്ല.
- പദ്ധതികളിൽ പലതും പൂർണ്ണതയിൽ എത്തുന്നില്ല.

## പരിഹാര നിർദ്ദേശങ്ങൾ

ഓരോ പ്രദേശത്തിന്റെയും തനതായ നാടൻ കളികൾ ഒരു കാലത്ത് പ്രചാരത്തിലുണ്ടായിരുന്നു. ജില്ലാ യുവജനക്ഷേമബോർഡ്, നെഹ്രുയുവകേന്ദ്ര എന്നി വകുപ്പുകളുടെ സംയുക്ത സഹകരണത്തിലൂടെ ജില്ലാ സ്പോർട്സ് കൗൺസിലിന്റെ മേൽനോട്ടത്തിൽ നാടൻ പന്തുകളി, കിളിമാസ്, വടം വലി, യോഗ, കളരി എന്നിവ പുനരുജീവിപ്പിക്കുന്നതിനുള്ള കർമ്മപദ്ധതി നടപ്പിലാക്കുക

- കായിക ആരോഗ്യ രംഗത്ത് ദീർഘവീക്ഷണത്തോടുകൂടിയുള്ള പ്രവർത്തനങ്ങൾക്ക് രൂപം നൽകുന്നതിന്റെ ഭാഗമായി കുട്ടികളെ ചെറുപ്പത്തിലേ പിടികൂടുക എന്ന ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ട് എൽ. പി, യു.പി ക്ലാസ്സുകളിൽ കായിക പഠനം നിർബന്ധമാക്കുക.
- യു.പി വിഭാഗത്തിൽ 500 കുട്ടികൾ ഉണ്ടെങ്കിലേ ഒരു കായിക അധ്യാപകനെ നിയമിക്കാവൂ എന്ന നിയമം എടുത്തുകളയുകയും അതിനുതകുന്ന വിദ്യാഭ്യാസചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതിന് നിർദ്ദേശിക്കുക.
- കുട്ടികളുടെ എണ്ണം നോക്കാതെ എൽ.പി, യു.പി വിഭാഗത്തിന് പ്രത്യേകം പ്രത്യേകം കായിക അധ്യാപകരെ നിയമിക്കുക.
- എച്ച്.എസ്.എസ് വിഭാഗത്തിൽ കൂടുതൽ കായിക താരങ്ങൾക്ക് സ്പോർട്സ് കോട്ടാ സീറ്റ് നൽകുക.

- ആരോഗ്യകായിക വിദ്യാഭ്യാസ സിലബസ് ഏകീകരിച്ച് പുസ്തകം നൽകുക. പഠിപ്പിക്കുന്നതിന് അധ്യാപകനെയും നിയമിക്കുക.
- അനാവശ്യ കെട്ടിടങ്ങൾ പൊളിച്ചുമാറ്റി കളിസ്ഥലങ്ങളും ഇൻഡോർ കോർട്ടുകളും ആക്കുക.
- ജീവിതശൈലി രോഗങ്ങളെ സംബന്ധിച്ച് കുട്ടികൾക്കും രക്ഷിതാക്കൾക്കും സ്കൂൾ തലത്തിൽത്തന്നെ ബോധവൽക്കരണം നടത്തുക.
- ത്രിതലപഞ്ചായത്തുകളുടെ സഹകരണത്തോടുകൂടി അവധിക്കാല കായിക പരിശീലന പദ്ധതികൾ നടപ്പിലാക്കുക.
- പരിശീലനാനന്തരം കുട്ടികൾക്ക് ലഘു ഭക്ഷണവും നൽകുക.
- സ്പോർട്സ് കിറ്റുകൾ വിതരണം ചെയ്യുക.
- സ്പോർട്സ് ഹോസ്റ്റലുകൾ എല്ലാ വിദ്യഭ്യാസ ജില്ലയിലും സ്ഥാപിക്കുക.
- ഉപജില്ലാ തലം മുതൽ വിജയിക്കുന്ന കായിക താരങ്ങൾക്ക് പ്രത്യേക പരിഗണനകളും പരിശീലനങ്ങളും നൽകുക.
- കായികാധ്യാപകരുടെ സെമിനാറുകൾ സംഘടിപ്പിച്ച് ആരോഗ്യ കായിക വിദ്യാഭ്യാസത്തിന്റെ പ്രാധാന്യവും ബോധവൽക്കരണവും നടത്തുക.
- 11 ഉപ ജില്ലകളിലും തിരഞ്ഞെടുക്കപ്പെട്ട ഉപ ജില്ലാ സ്പോർട്സ് സെക്രട്ടറിമാരുടെ സേവനം കൂടുതൽ പ്രയോജനപ്പെടുത്തുന്ന പദ്ധതികൾ ആസൂത്രണം ചെയ്യുക.
- ജില്ലാ സ്പോർട്സ് കോർഡിനേറ്റർമാർക്ക് കൂടുതൽ പ്രവർത്തനാനുമതി നൽകുക. പദ്ധതികൾ ആസൂത്രണം ചെയ്ത് ജില്ലാ പഞ്ചായത്തിന്റെ വാർഷിക പദ്ധതികളുമായി പങ്കുചേർന്നുള്ള സ്കൂൾതല ആരോഗ്യകായിക പ്രവർത്തനങ്ങൾ നടപ്പിലാക്കുക.
- ഗവ. സ്കൂളുകളെ ത്രിതല പഞ്ചായത്തുകളിൽ ഏറ്റെടുത്തിട്ടുണ്ടെങ്കിലും മറ്റ് എയ്ഡഡ് സ്കൂളുകളുടെ പ്രവർത്തനത്തിൽ ജില്ലാ പഞ്ചായത്തിന് ഇടപെടുന്നതിന് മറ്റ് ഇതര പദ്ധതികൾ ഈ മേഖലയിൽ നടപ്പിലാക്കുന്നതിനോ സാധിക്കുന്നില്ല. ഈ അവസ്ഥ മാറ്റി മുഴുവൻ സ്കൂളുകളെയും ജില്ലാ പഞ്ചായത്തിന്റെ ഭരണ നിയന്ത്രണത്തിൽ കൊണ്ടുവരിക. അതനുസരിച്ചുള്ള പദ്ധതികൾ വിദ്യാഭ്യാസവകുപ്പുമായി ആലോചിച്ച് നടപ്പിലാക്കുക.
- യുവജനക്ഷേമരംഗത്ത് കാലാനുസരണമായ പദ്ധതികൾ വിദ്യാഭ്യാസ വകുപ്പുമായി ആലോചിച്ച് നടപ്പിലാക്കുക.
- സ്കൂൾ തലത്തിൽ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്ന പദ്ധതികൾക്ക് ഉപരിയായി ദീർഘവീക്ഷണത്തോടും, ദീർഘനാൾ നീണ്ടു നിൽക്കുന്നതുമായ ആരോഗ്യ കായികക്ഷമത പദ്ധതികൾ നടപ്പിലാക്കുക.
- അടിസ്ഥാനകായിക പരിശീലന പദ്ധതികൾ അവധിക്കാലത്തു നടപ്പിലാക്കുക.
- എല്ലാ പഞ്ചായത്തുകളിലും ഗ്രൗണ്ടുകളും മറ്റ് സൗകര്യങ്ങളുമുള്ള കായിക പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുക.
- എല്ലാ പഞ്ചായത്തുകളിലും കായിക പരിശീലനത്തിന് ഉതകുന്ന ഗുണമേന്മയാർന്ന പരിശീലന ഉപകരണങ്ങൾ കൂടി നൽകുക. ഇതൊരു സ്ഥിരം സംവിധാനമാക്കുക.
- കായിക അധ്യാപകരുടെയും മറ്റ് സ്പോർട്സ് കൗൺസിൽ കോച്ചുകളുടെയും സേവനം ഉറപ്പാക്കുക.

- പഞ്ചായത്തുകളിലെ കുളങ്ങൾ ശുചീകരിച്ച് നീന്തൽ കുളങ്ങളാക്കി മാറ്റി യുവജനങ്ങൾക്കും മുതിർന്നവർക്കും കുട്ടികൾക്കും നിർബന്ധമായി നീന്തൽ പരിശീലനം നൽകുക.
- പഞ്ചായത്തുകൾ തോറും ഗ്രൗണ്ടുകൾ നിർമ്മിച്ച് അനുബന്ധമായി മിനി പാർക്കുകൾ സ്ഥാപിക്കുകയും ഇവിടങ്ങളിൽ വ്യായാമത്തിനുവേണ്ടി ഹെൽത്ത് സെന്ററുകൾ സ്ഥാപിക്കുക.
- വൈകുന്നേരങ്ങളിൽ യുവാക്കളുടെ കൂട്ടായ്മകളുണ്ടാകുന്നതിന് വോളിബോൾ കോർട്ടുകൾ യോഗാ സെൻറുകൾ തായ്ക്കാണ്ട, കരാട്ടെ തുടങ്ങിയ ആയോധന മുറകൾ പരിശീലിപ്പിക്കുന്നതിന് സൗകര്യം ഒരുക്കി നൽകി കൗൺസിൽ കോച്ചസിന്റെ സേവനം / അധ്യാപകരുടെ /കായിക മേഖലയിലെ വിദഗ്ധരുടെയും പങ്കാളിത്തം ഉറപ്പാക്കുക.
- പഞ്ചായത്ത് വാർഡ് തലത്തിൽത്തന്നെ യുവാക്കളുടെ കൂട്ടായ്മ വർദ്ധിപ്പിക്കുന്നതിന് യൂത്ത് ക്ലബ്ബുകൾ രൂപീകരിച്ച് യൂത്ത് കോർഡിനേറ്റർമാരുടെ സേവനം ഉറപ്പാക്കുക.
- കേരളോത്സവം നടത്തിപ്പ് പഞ്ചായത്ത് തലത്തിലും ബ്ലോക്ക് തലത്തിലും ജനപ്രതിനിധികളുടെയും ക്ലബ്ബുകളിലെ സെക്രട്ടറി /പ്രസിഡന്റ്, കോർഡിനേറ്റർ, പഞ്ചായത്തിലെ/ബ്ലോക്കിലെ കായിക അധ്യാപകർ മറ്റ് കായിക മേഖലയിൽ നിന്നുള്ളവർക്ക് നടത്തിപ്പ് ചുമതല നൽകുക.
- പഞ്ചായത്തു തല മുഴുവൻ ക്ലബ്ബുകളുടെയും പങ്കാളിത്തം ഉറപ്പു വരുത്തുന്ന തരത്തിലുള്ള അറിയിപ്പുകളും പ്രചാരങ്ങളും നടത്തി ക്ലബ്ബുകളുടെ പൂർണ്ണ പിൻതുണ ഉറപ്പാക്കുക. പങ്കാളിത്തവും ഉറപ്പുവരുത്തുക.
- കാര്യക്ഷമതയോടുകൂടി പ്രവർത്തിക്കുന്ന ക്ലബ്ബുകൾക്ക് ഗ്രേഡുകളും പ്രൈസ് മണിയും നൽകുക.
- മാസത്തിലൊരിക്കൽ പഞ്ചായത്ത് തലത്തിൽ യുവജനക്ഷേമകോർഡിനറ്റർമാർ ക്ലബ്ബ തല യോഗങ്ങൾ വിളിച്ചുചേർത്ത് ജില്ലാതല നിർദ്ദേശങ്ങൾ താഴെതട്ടിലേക്ക് നൽകണം.
- വർഷത്തിലൊരിക്കൽ വരുന്ന കേരളോത്സവത്തിൽ മാത്രം പങ്കെടുക്കാതെ ഓണം ക്രിസ്തുമസ്, ബക്രീദ്, ഒക്ടോബർ 2, കേരളപ്പിറവി തുടങ്ങിയ പ്രധാന ദിവസങ്ങളിൽ ക്ലബ്തല ആഘോഷ പ്രവർത്തനങ്ങൾ നടത്തുന്നതിന് ക്ലബ്ബുകളെ പ്രോത്സാഹിപ്പിക്കുക.
- ആലപ്പുഴയ്ക്ക് അഭിമാനിക്കാവുന്ന തരത്തിലുള്ള കുറഞ്ഞത് നാല് 400 മീറ്റർ അത്ലറ്റിക് ട്രാക്കിനുള്ള സ്ഥലം അടിയന്തിരമായി കണ്ടെത്തുകയും ഗ്രൗണ്ട് ഒരുക്കുന്നതിലേക്ക് എം.പി, എം.എൽ.എ മാരുടെ പ്രാദേശിക വികസന ഫണ്ട് ഉപയോഗപ്പെടുത്തുക.
- എയ്ഡഡ് അൺഎയ്ഡഡ് മേഖലയിലുള്ള ഗ്രൗണ്ടുകൾ പൊതുജനങ്ങൾക്കുകൂടി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുക.
- പഞ്ചായത്ത് വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിൽ പ്രഗത്ഭരായ കായിക പ്രതിഭകളെ ഉൾപ്പെടുത്തുക. തീരുമാനങ്ങൾക്കും നിർദ്ദേശങ്ങൾക്കും അനുസരിച്ച് മാത്രം പദ്ധതികൾ രൂപം നൽകുക.
- ജില്ലയിൽ 80 കി.മീ വരുന്ന തീരദേശ പ്രദേശങ്ങൾ ഉൾപ്പെടുന്ന പഞ്ചായത്തുകളിൽ തീരദേശ കലാകായിക ആരോഗ്യ ക്ലബ്ബുകൾ രൂപീകരിക്കുക. ഇതിലൂടെ ബീച്ച് ഫുട്ബോൾ, ബീച്ച് വോളി മറ്റ് വിനോദങ്ങളും പ്രോത്സാഹിപ്പിക്കുക. സമഗ്രവികസന പദ്ധതികൾ ആസൂത്രണം ചെയ്യുക.
- മുതിർന്ന പൗരൻമാർക്ക് മാത്രമായി പഞ്ചായത്തു തലത്തിൽ /വാർഡ് തലത്തിൽ ആരോഗ്യ ക്ലബുകൾ സ്ഥാപിക്കുക/പകൽ വീടുകൾ ഉപയോഗിക്കുക.

- ഭിന്നശേഷി/ ഭിന്നലിംഗ വിഭാഗത്തിൽ വളരെ പ്രാധാന്യം നൽകുന്ന പദ്ധതികൾ ജില്ലാ സാമൂഹിക നീതി വകുപ്പ് ജില്ലാ സാമൂഹിക സുരക്ഷാ മിഷൻ, ആരോഗ്യ വകുപ്പ് തുടങ്ങിയ വകുപ്പുകൾ സംയുക്തമായി പദ്ധതികൾ ജില്ലാ പഞ്ചായത്തിന് സമർപ്പിക്കുക.
- ജില്ലയുടെ സമഗ്രസ്പോർട്സ് വികസനത്തിനായി പദ്ധതി തയ്യാറാക്കി ബന്ധപ്പെട്ട വകുപ്പിൽ നിന്നും ആവശ്യമായ ഫണ്ട് അനുവദിപ്പിക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ.
- കായിക മത്സരങ്ങൾ സംഘടിപ്പിക്കുന്നതിനായി ആവശ്യമുള്ള എല്ലാ കായിക ഉപകരണങ്ങളും ജില്ലാ സ്പോർട്സ് കൗൺസിലിന് ലഭ്യമാക്കൽ.
- കായിക പരിശീലനം നൽകുന്നതിനായി ജില്ലയിലെ കൂടുതൽ പ്രചാരത്തിലുള്ള കായിക ഇനങ്ങളിൽ യോഗ്യരായുള്ള പരിശീലകരെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ.
- കുട്ടികളെ ചെറുപ്പത്തിലേ കണ്ടെത്തി (ഒന്നാം ക്ലാസ്സുമുതൽ ) അവരവരുടെ അഭിരുചിക്കനുസരിച്ചുള്ള കായിക ഇനങ്ങളിൽ മികച്ച കായികതാരങ്ങളായി വാർത്തെടുത്ത് ഒളിംമ്പിക്സ് പോലുള്ള ലോകനിലവാരമുള്ള മത്സരങ്ങളിൽ പങ്കെടുപ്പിക്കുന്നതിനായി ഓപ്പറേഷൻ ഒളിംമ്പ്യ പോലുള്ള പദ്ധതികൾ ജില്ലയിൽ ആവിഷ്കരിച്ച് നടപ്പാക്കൽ.
- കേന്ദ്രീകൃത സ്പോർട്സ് ഹോസ്റ്റൽ കൂടുതൽ ഇനങ്ങളിൽ കൂടുതൽ സ്കൂളുകളിലും കോളേജുകളിലും സ്പോർട്സ് ഹോസ്റ്റലുകൾ ആരംഭിച്ച് കൂടുതൽ കായികതാരങ്ങൾക്ക് വളരുവാനുള്ള അവസരം സൃഷ്ടിക്കൽ.
- സ്പോർട്സ് കൗൺസിലിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള അസോസിയേഷനുകൾക്ക് അവരവരുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമവും മികവുറ്റതും ആക്കുന്നതിനുമായി ആവശ്യമായ ഫണ്ടുകൾ ലഭ്യമാക്കൽ.
- നീന്തൽ ഉൾപ്പെടെയുള്ള ജലകായിക വിനോദങ്ങളുടെ പരിശീലനത്തിനും പ്രമോഷനുമായി ഒരു കേന്ദ്രീകൃത സ്ഥിരം സംവിധാനം. കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് ഓരോ പഞ്ചായത്തിനും ഒരു നീന്തൽയോഗ്യമായ കുളം സജീകരിച്ച് ആ പ്രദേശത്ത് ജനങ്ങൾക്ക് നീന്തൽപരിശീലനം നൽകുന്നതിനായുള്ള പദ്ധതി ആവിഷ്കരിക്കൽ.
- നീന്തൽ പരിശീലനവും ഒപ്പം മറ്റ് വാട്ടർസ്പോർട്സ് ഇനങ്ങളുടെ പരിശീലനത്തിനുമായി യോഗ്യരായുള്ള പരിശീലകരെ കണ്ടെത്തുന്നതിനും നിയോഗിക്കുന്നതിനുമുള്ള പദ്ധതി.
- തീരദേശത്തെ കായിക പ്രവർത്തനങ്ങൾക്ക് സാധ്യമായ കായിക ഇനങ്ങൾ (ബീച്ച് വോളിബോൾ, ബീച്ച് ഫുട്ബോൾ, വാട്ടർ സർഫിംഗ്, സ്കീയിംഗ്) മുതലായവ ഫിഷറീസ് വകുപ്പുമായി കൂടിയാലോജിച്ച് ലഭ്യമായ സ്ഥലങ്ങളിൽ പ്രചാരം നൽകുന്നതിനും പരിശീലനം നൽകുന്നതിനുമായുള്ള പദ്ധതി.
- മലയോരമേഖലയിലെ പ്രത്യേകിച്ച് മാവേലിക്കര, ചെങ്ങന്നൂർ പ്രദേശങ്ങളിൽ പ്രചാരത്തിലുള്ള മൗണ്ടനിയറിംഗ് പോലുള്ള കായിക വിനോദങ്ങൾ പരിശീലിപ്പിക്കുന്നതിനായി ബന്ധപ്പെട്ട അസോസിയേഷനും ഒപ്പം മലയോരവികസന അതോറിറ്റിയുമായി ചേർന്നുള്ള കൂട്ടായ പ്രവർത്തന പദ്ധതി.
- പട്ടികജാതി വിഭാഗക്കാർക്കായി കായിക മത്സരങ്ങളും, കായിക പരിശീലനങ്ങളും നൽകുന്നതിനായി ടി വകുപ്പുമായി ചേർന്നുള്ള പ്രവർത്തനം.
- ഭിന്നശേഷിക്കാർക്കും ഭിന്നലിംഗക്കാർക്കുമായി കായിക മത്സരങ്ങളും കായിക പരിശീലന പരിപാടികളും സാമൂഹ്യക്ഷേമ വകുപ്പുമായി ചേർന്ന് പദ്ധതി ആവിഷ്കരിക്കും.

- സ്ത്രീ സുരക്ഷാ കായികപരിപാടികൾ പ്രോത്സാഹിപ്പിക്കുന്നതിനും പരിശീലിപ്പിക്കുന്നതിനുമായി വനിതാവികസന കോർപറേഷൻ, കുടുംബശ്രീ യൂണിറ്റുകൾ തുടങ്ങിയ സ്ഥാപനങ്ങളുമായി ചേർന്ന് പദ്ധതി ആവിഷ്കരിക്കൽ.
- സമ്മർകോച്ചിംഗ് ക്യാമ്പുകൾ പ്രധാനപ്പെട്ട എല്ലാ കായിക ഇനങ്ങളിലും സംഘടിപ്പിക്കുന്നതിനായി ആവശ്യമായ ഫണ്ട് ലഭ്യമാക്കുന്നതിനായുള്ള നടപടികൾ.
- ഓരോ പഞ്ചായത്തിലും ഓരോ കളിസ്ഥലം നിർമ്മിക്കുന്നതിനായി പഞ്ചായത്തുകൾക്ക് ആവശ്യമായ മാർഗനിർദ്ദേശങ്ങൾ നൽകൽ. ( 200 മീറ്റർ ട്രാക്കോടുകൂടിയ കളിസ്ഥലം അഭികാമ്യം).
- ജില്ലയുടെ തെക്ക് വടക്ക് പടിഞ്ഞാറ് കിഴക്ക് എന്നീ നാല് മേഖലകളിലെങ്കിലും ഓരോ 400 മീറ്റർ ട്രാക്കോടുകൂടിയ ഗ്രൗണ്ടോ സ്റ്റേഡിയമോ നിർമ്മിക്കുന്നതിനായി സ്ഥലസൗകര്യവും ആവശ്യമായ ഫണ്ടും കണ്ടെത്തുന്നതിനായുള്ള പ്രവർത്തനങ്ങൾ. (എം.പി, എം.എൽ. എ ഫണ്ട് ഉൾപ്പടെ)
- ജില്ലയിലെ സ്പോർട്സിന്റെ കേന്ദ്രീകൃതസ്ഥാപനമായി ജില്ലാ സ്പോർട്സ് കൗൺസിലിനെ മാറ്റിയെടുക്കൽ.
- ജില്ലയിൽവെച്ച് സംഘടിപ്പിക്കുന്ന വിവിധ സർക്കാർ വകുപ്പുകളുടെയും മറ്റ് അംഗീകൃത സ്ഥാപനങ്ങളുടെയും കായിക മത്സരങ്ങളുടെയും നടത്തിപ്പ് ചുമതല പൂർണ്ണമായും ജില്ലാ സ്പോർട്സ് കൗൺസിലിൽ നിക്ഷിപ്തമാക്കുക.
- ജില്ലാ സ്പോർട്സ് കൗൺസിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള എല്ലാ സ്പോർട്സ് അസ്സോസിയേഷനുകളുടെയും നിയന്ത്രണം ജില്ലാ സ്പോർട്സ് കൗൺസിലിൽ നിക്ഷിപ്തമാക്കുക.
- ജില്ലയിൽ പ്രവർത്തിക്കുന്ന എല്ലാ സ്പോർട്സ് ക്ലബ്ബുകളുമായും ജില്ലാ സ്പോർട്സ് കൗൺസിലിന് ശക്തമായ ബന്ധം സൃഷ്ടിക്കുക.
- ആലപ്പുഴ ബീച്ചിൽ സ്ഥിതിചെയ്യുന്ന റിക്രിയേഷൻ ഗ്രൗണ്ട് സ്പോർട്സിന്റെ പ്രവർത്തനങ്ങൾക്കായി ജില്ല സ്പോർട്ട്സ് കൗൺസിലിനെ ഏൽപ്പിച്ച് ജനകിയ പങ്കാളിത്തത്തോടെയുള്ള മൾട്ടി പർപ്പസ് ഗ്രൗണ്ടാക്കി മാറ്റുന്നതിനുള്ള കായിക പദ്ധതികൾ നടപ്പിലാക്കുക.

## മേൽത്തട്ട്

- അടിയന്തിരമായി 400 മീറ്റർ സിന്തറ്റിക് ട്രാക്കിന് ആവശ്യമായ സ്ഥലം ജില്ലയുടെ നാല് ഭാഗങ്ങളിലുമായി കണ്ടെത്തി വിവിധ വകുപ്പുകളുടെ യോജിച്ചുള്ള സഹകരണത്തോടുകൂടി നടപ്പിലാക്കുക.
- നിർബന്ധിത കായിക പഠനം എൽ.പി മുതൽ ആരംഭിക്കുന്നതിന് വിദ്യാഭ്യാസ വകുപ്പുമായി കൂടി ആലോചിച്ച് പദ്ധതി നടപ്പിലാക്കുക.
- സ്കൂൾ തലത്തിൽ കായിക പരിശീലന പദ്ധതികൾ ആസൂത്രണം നടത്തി ആലപ്പുഴ ജില്ലാ പഞ്ചായത്ത് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുക.
- വാർഷിക കായിക കലണ്ടറിന് രൂപം നൽകുക.

- മത്സരങ്ങളിൽ / കായികരംഗത്ത് എല്ലാ ജനവിഭാഗത്തിന്റെയും പങ്കാളിത്തം ഉറപ്പുവരുത്തുന്നതിന് വയസ് അടിസ്ഥാനത്തിൽ മത്സരങ്ങൾ സംഘടിപ്പിക്കുക.
  (10 വയസ്സുമുതൽ 19 വയസ്സുവരെയും, 20 – 35, 36 – 45, 46 – 55, 56 – 65, 66 മുതൽ മുകളിലേയ്ക്ക് )
- ജില്ലാ ആസ്ഥാനമാക്കി ആധുനിക സൗകര്യങ്ങളോടു കൂടിയുള്ള നീന്തൽകുളം നിർമ്മിക്കുക.
- ആലപ്പുഴ റിക്രിയേഷൻ ഗ്രൗണ്ട് സ്പോർട്സ് കോംപ്ലക്സ് ആക്കുക.
- യുവതി യുവാക്കൾക്കായി ശാരീരിക മാനസിക ആരോഗ്യത്തിൽ ഉദകുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി സാഹസിക കായിക മേളകൾ സംഘടിപ്പിക്കുക. കായലിലും കരയിലും (1) പാരാഗ്ലൈഡിംഗ് (2) പാരാ സൈലിംഗ് (3) ട്രാക്കിംഗ്
- മദ്യത്തിനും മയക്കുമരുന്നിനും എതിരായ ബോധവൽക്കരണം വിവിധ വകുപ്പുകളുടെ യോജിച്ചുള്ള പ്രവർത്തനങ്ങളിലൂടെ ജില്ലാ തലത്തിൽ നടത്തുക.
- ഭിന്നശേഷി വിഭാഗത്തെ മുൻനിരയിൽ എത്തിക്കുന്നതിന് ഉതകുന്ന പദ്ധതികൾ ബന്ധപ്പെട്ട വകുപ്പുകൾ ചേർന്ന് കൂടി ആലോചിച്ച് നടപ്പിലാക്കുക. ഒരു ഉപസമിതി രൂപീകരിക്കുക.
- ഭിന്നശേഷി വിഭാഗത്തിന് കൂടുതൽ പരിഗണന നൽകുന്നതിന് ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്യ നടപ്പിലാക്കുക.
- വിവരസാങ്കേതിക പരിജ്ഞാനം ഈ മേഖലയുടെ സമഗ്ര വികസനത്തിൽ ഉപയോഗിക്കുക. (1. വെബ്സൈറ്റ് 2. ജി.മെയിൽ 3. വാട്സ്ആപ് 4. ഫെയ്സ്ബുക്ക്)
- തീരദേശ മേഖലയ്ക്കുവേണ്ടി പ്രത്യേക കായിക പാക്കേജ് വിവിധ ജില്ലാ വകുപ്പുകളുമായി കൂടി ആലോചിച്ച് നടപ്പിലാക്കുക.
- കുട്ടനാട് കേന്ദ്രമാക്കി വാട്ടർ സ്പോർട്ട്സ് ഇനങ്ങൾക്കുവേണ്ടിയുള്ള പ്രത്യേക പാക്കേജ് രൂപീകരിക്കുക.

## കീഴ്ത്തട്ട്

- പഞ്ചായത്തുകളിൽ മിനി സ്റ്റേഡിയങ്ങൾ സ്ഥാപിക്കുക.
- യുവാക്കളുടെ കൂട്ടായ്മയും സൗഹൃദവും ശക്തിപ്പെടുത്തുന്നതിന് കമ്മ്യൂണിറ്റി സ്പോർട്ട്സ് സെൻറുകൾ ഓരോ പഞ്ചായത്തിലും നിർമ്മിക്കുക.
- പഞ്ചായത്ത് തലംമുതൽ സ്പോർട്ട്സ് ഹോസ്റ്റലുകൾ നിർമ്മിക്കുക. പരിശീലന സൗകര്യങ്ങൾ ഒരുക്കി ഉപകരണങ്ങൾ നൽകുക.
- പഞ്ചായത്തിലുള്ള മുഴുവൻ യു.പി., എച്ച്.എസ്, ഹയർ സെക്കണ്ടറി സ്കൂളുകളെ കൂടി പഞ്ചായത്ത് അധികാരപരിധിയിൽ കൊണ്ടുവരിക.
- പഞ്ചായത്ത് കുളങ്ങൾ ശുദ്ധീകരിച്ച് അതിനോടനുബന്ധമായി നടപ്പാതകളും, ഇരിപ്പിടങ്ങളും നിർമ്മിച്ച് എല്ലാവർക്കും ഒത്തുചേരുന്നതിനുള്ള വേദികളാക്കി മാറ്റുക. നീന്തലിൽ പരിശീലനം നൽകുക.

- എല്ലാ വാർഡ് അടിസ്ഥാനത്തിലും ക്ലബുകൾ രൂപീകരിച്ച് നിലവിലുള്ള ക്ലബുകളെ ഏകോപിപ്പിച്ച കൊണ്ടുള്ള കർമ്മപദ്ധതികൾക്ക് രൂപം നൽകുക.
- ഫുട്ബോൾ, വോളിബോൾ, ഷട്ടിൽ, പുരാതന കളികൾ എന്നിവയ്ക്ക് എല്ലാ വാർഡുകളിലും ക്ലബുകൾ ആരംഭിക്കുക.
- യൂത്ത് കോ-ഓർഡിനേറ്റർമാരുടെ പ്രവർത്തനങ്ങൾ വിപുലീകരിക്കുക.
- കായിക മത്സരങ്ങൾ നടത്തിച്ച് പഞ്ചായത്ത് തലത്തിലും, ബ്ലോക്ക്, മുനിസിപ്പാലിറ്റി തലത്തിലും ജനപ്രതിനിധികൾ, ക്ലബ് പ്രതിനിധികൾ, കായികാദ്ധ്യാപകർ, കായിക പ്രേമികൾ എന്നിവരെ ഉൾപ്പെടുത്തി ഒരു സമിതി രൂപം നൽകുക.
- കേരളോത്സവ നടത്തിപ്പ് കൂടാതെ പ്രധാന ദിനാഘോഷങ്ങളിൽ കൂടി ക്ലബുകളുടെയും യുവജനങ്ങളുടെയും കൂട്ടായ്മയും മത്സരങ്ങളും സംഘടിപ്പിക്കുന്നതിന് സമിതികൾക്ക് ചുമതല നൽകുക.
- മുഴുവൻ ക്ലബുകളെയും പങ്കെടുപ്പിച്ചുകൊണ്ടും, അറിയിപ്പ് നൽകിക്കൊണ്ടുമുള്ള പ്രചരണ പരിപാടികൾ സംഘടിപ്പിക്കുക.
- യൂത്ത് ക്ലബുകൾക്ക് നിർബന്ധമായും രജിസ്ട്രേഷന് ഏർപ്പെടുത്തുക.
- അംഗീകാരമുള്ള ക്ലബുകൾക്ക് സ്പോർട്ട്സ് ഉപകരണങ്ങളും ഗ്രാൻറുകളും നൽകുക. പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുക.
- മുതിർന്ന പൗരൻമാർക്ക് മാത്രമായുള്ള ആരോഗ്യക്ലബുകൾ പഞ്ചായത്ത് തലത്തിൽ ആരംഭിക്കുക.
- കടലോര പഞ്ചായത്തുകളിൽ തീരദേശ - കായിക - ആരോഗ്യ ക്ലബുകൾ രൂപീകരിച്ച് ബീച്ച് ഫുട്ബാൾ, ബീച്ച് വോളി തുടങ്ങിയ ഇനങ്ങൾ പ്രോത്സാഹിപ്പിക്കുക.
- വനിതകൾക്ക് മാത്രമായി പ്രത്യേക ആരോഗ്യ ക്ലബുകൾ പഞ്ചായത്തുതലം മുതൽ ആരംഭിക്കുക.

ആലപ്പുഴ ജില്ലയുടെ സമഗ്ര-കായിക വികസനം ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങളുടെ ഭാഗമായി ഇത്തരത്തിലുള്ള ഒരു ലക്ഷ്യാധിഷ്ഠിത കായിക വികസന പദ്ധതി നമ്മുടെ ജില്ലയിൽ ഇത് ആദ്യമാണ്. ആലപ്പുഴ ജില്ലയിൽ ഈ മേഖലയുമായി ചേർന്ന് പ്രവർത്തിക്കുന്ന ഒട്ടനവധി വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപനമില്ലാതെയും പരസ്പര ബന്ധമില്ലാതെയുമാണ് പ്രവർത്തിച്ചു വരുന്നത്.

ഈ മേഖലയുടെ സമഗ്ര വികസനത്തിന് ഉതകുന്ന സൂചകങ്ങളും പരിഹാരമാർഗ്ഗങ്ങളും വീണ്ടും വിശകലനം ചെയ്യുന്നതിനും അതനുസരിച്ചുള്ള ഒരു മാസ്റ്റർ പ്ലാൻ ഇനിയും തയ്യാറാക്കേണ്ടിയിരിക്കുന്നു. ഈ പ്രവർത്തനങ്ങൾ ലക്ഷ്യപ്രാപ്തിയിൽ എത്തിക്കുന്നതിന് ജില്ലാ ആരോഗ്യ കായിക വികസന അതോറിറ്റി അടിയന്തിരമായി രൂപം നൽകുകയും ഈ മേഖലയിൽ നടപ്പാക്കേണ്ട പദ്ധതികൾ എത്രയും വേഗം ആസൂത്രണം ചെയ്ത് സമയ ബന്ധിതമായി നടപ്പിലാക്കുകയും വേണം.

## 4.3 പശ്ചാത്തല മേഖല

# ഊർജ്ജം

ഊർജ്ജത്തിന്റെ കാര്യത്തിൽ ആലപ്പുഴ ഒരു ഉപഭോക്തൃ ജില്ലയാണ് വൈദ്യുതിയുടെ കാര്യത്തിലായാലും ഗ്യാസിന്റെ കാര്യത്തിലായാലും ഉത്പാദനം ഇല്ല എന്നുതന്നെ പറയാം 359.58 മെഗാവാട്ട് ശേഷിയുള്ള കായംകുളം താപനിലയം നിലവിലുണ്ടെകിലും ഉത്പാദനച്ചെലവ് അധികമായതിനാൽ പ്രവർത്തനം നിർത്തിവെച്ച അവസ്ഥയിലുമാണ്. സോളാർ വൈദ്യുതി ഉത്പാദനത്തിലാണ് കുറച്ചെങ്കിലും മെച്ചപ്പെട്ടുവരുന്നത്. പാചക ആവശ്യത്തിനായി ഇപ്പോൾ പ്രധാനമായും ഗ്യാസ് ആണ് ഉപയോഗിച്ചു വരുന്നത്. വിറക്, മണ്ണെണ്ണ എന്നിവ വളരെ കുറച്ചു മാത്രമാണ് ഉപയോഗിക്കുന്നത്. ഊർജ്ജ ഉപയോഗത്തിൽ ഗ്രാമങ്ങളിലായാലും നഗരങ്ങളിലായാലും ഏറ്റവും കൂടുതൽ ഉപയോഗിക്കുന്നത് വൈദ്യുതോർജ്ജം തന്നെയാണ്.

നിലവിൽ ജില്ലയിലെ മുഴുവൻ വീടുകളും വൈദ്യുതീകരിച്ചിട്ടുണ്ട്. പുതിയതായി നിർമിച്ചു വരുന്ന വീടുകൾ തുടർന്നും വൈദ്യുതീകരിക്കേണ്ടതുണ്ട്. ഇതിനായി നിലവിലുള്ള കേന്ദ്ര - സംസ്ഥാന ഫണ്ടുകൾ വിനിയോഗിച്ചുവരുന്നു. ഗാർഹികേതര ആവശ്യങ്ങൾക്കും കാർഷിക - വ്യവസായിക ആവശ്യങ്ങൾക്കുമുള്ള വൈദ്യുതിയും കാലതാമസം കൂടാതെ നൽകുവാൻ കഴിയുന്നുണ്ട്.

**പൊതുസ്ഥിതി - ആലപ്പുഴ ജില്ല**

| ക്രമ നമ്പർ | ഇനം | കേരളം | ആലപ്പുഴ |
|---|---|---|---|
| 1 | വിസ്തീർണം | 3883 ച. കി. മീ. | 1414 ച. കി. മീ. |
| 2 | ജനസംഖ്യ (Census 2011) | 33387677 | 2127789 |
| 3 | വീടുകളുടെ എണ്ണം (Census 2011) | 7658685 | 535598 |
| 4 | വൈദ്യുതീകരിച്ച വീടുകളുടെ എണ്ണം | | 603224 |
| 5 | പ്രതിശീർഷ ഉപഭോഗം (2015-'16) | 565 യൂണിറ്റ് | 624 യൂണിറ്റ് |
| 6 | ശരാശരി പ്രതിദിന ഉപഭോഗം (2015-'16) | 62.26 MU | 3.6 MU |
| 7 | പരമാവധി പ്രതിദിന ഉപഭോഗം (2015-'16) | 80.44 MU (29-4-'16) | |
| 8 | ജനസാന്ദ്രത | 382/ച. കി. മീ. | 1500/ച. കി. മീ. |

| | | |
|---|---|---|
| 1 | ഗാർഹിക ഉപഭോക്താക്കൾ | 603224 |
| 2 | വാണിജ്യ ഉപഭോക്താക്കൾ | 94239 |
| 3 | വ്യവസായ ഉപഭോക്താക്കൾ | 8857 |
| 4 | കാർഷിക ഉപഭോക്താക്കൾ | 10717 |
| 5 | ആകെ ഉപഭോക്താക്കൾ | 726733 |
| 6 | 11 കെ വി ലൈൻ | 3413.2 കി.മീ |
| 7 | എൽ റ്റി ലൈൻ | 16703.7 കി.മീ |
| 8 | ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമർ | 4620 എണ്ണം |
| 9 | 220 കെ വി സബ്സ്റ്റേഷൻ | 2 എണ്ണം (600 എംവിഎ) |
| 10 | 110 കെവി സബ്സ്റ്റേഷൻ | 7 എണ്ണം (233.5 എംവിഎ) |
| 11 | 66 കെവി സബ്സ്റ്റേഷൻ | 6 എണ്ണം (146.3 എംവിഎ) |
| 12 | 33 കെവി സബ്സ്റ്റേഷൻ | 5 എണ്ണം (51 എംവിഎ) |

## ആലപ്പുഴ ജില്ലയിലെ ഊർജ്ജ ഉത്പാദന നിലയങ്ങൾ

| ക്രമ നമ്പർ | പേര് | കപ്പാസിറ്റി |
|---|---|---|
| 1 | എൻ ടി പി സി, കായംകുളം – തെർമൽ | 359 .58 മെഗാ വാട്ട് |
| 2 | എൻ ടി പി സി, സോളാർ ഊർജ്ജം | 100 KWp |
| 3 | സോളാർ ഊർജ്ജം – ഓൺ ഗ്രിഡ് | 459 KWp |

*(അടിസ്ഥാനം – കെ എസ് ഇ ബി ഡേറ്റ )*

## പൊതു പ്രശ്നങ്ങൾ

- വൈദ്യുതി ലൈനുകളുമായി ബന്ധപ്പെട്ട അപകടങ്ങൾ കുറഞ്ഞു വരുകയാണെങ്കിലും വീടുകളിലും സ്ഥാപനങ്ങളിലും ഉണ്ടാകുന്ന അപകടങ്ങൾ കൂടുന്നു എന്നാണ് കാണുന്നത്. ഇത് കുറച്ചുകൊണ്ടുവരേണ്ടതുണ്ട്.
- ജില്ലയിൽ പുതിയ വൈദ്യുതി ഉത്പാദന സംരംഭങ്ങൾ വരേണ്ടതുണ്ട്.
- വൈദ്യുതി ഗുണനിലവാരം കുറച്ചുകൂടി മെച്ചപ്പെടുത്തുവാൻ സാധിക്കണം.
- പുതുതായി നിർമിക്കുന്ന വീടുകൾക്കും സ്ഥാപനങ്ങൾക്കും വൈദ്യുതി നൽകേണ്ടതുണ്ട്.

### കാഴ്ചപ്പാട്

- എല്ലാവർക്കും വൈദ്യുതി.
- എല്ലാവീടുകളും വൈദ്യുതീകരിക്കുക.
- ഗുണനിലവാരമുള്ള വൈദ്യുതി കുറഞ്ഞ വിലയിൽ ആവശ്യത്തിന് ലഭ്യമാക്കുക.
- ഇടതടവില്ലാതെ വൈദ്യുതി ലഭ്യമാക്കുക (24 x 7 ).
- പരിസ്ഥിതി സൗഹൃദമായ ഊർജ്ജോത്പാദനം.
- എല്ലാവർക്കും വൈദ്യുതി സുരക്ഷ ഉറപ്പാക്കുക.
- വൈദ്യുതി പ്രസരണ –വിതരണ നഷ്ടം പരമാവധി കുറക്കുക.

### ലക്ഷ്യം

എല്ലാ ഭവനങ്ങളിലും എല്ലാവർക്കും ആവശ്യത്തിന് ഗുണനിലവാരമുള്ള വൈദ്യുതി കുറഞ്ഞ വിലയിൽ പ്രകൃതിക്ക കോട്ടം തട്ടാതെ, അപകടരഹിതമായി ഇടതടവില്ലാതെ ഇരുപത്തിനാലുമണിക്കൂറും എത്തിക്കുക, പ്രസരണ – വിതരണ നഷ്ടം കുറക്കുക എന്നുള്ളവയുമാണ് നമ്മുടെ ലക്ഷ്യം. ഈ ലക്ഷ്യത്തിലേക്ക് എത്തുന്നതിനുവേണ്ടി ഇനിയും ഏറെദൂരം മുന്നോട്ടു പോകേണ്ടതുണ്ട്. അതുപോലെതന്നെ പ്രാധാന്യമുള്ളതാണ് വൈദ്യുതി മേഖലയിലെ അപകടങ്ങൾ കുറച്ചുകൊണ്ടുവരേണ്ടതും .

- വൈദ്യുതി മേഖലയിലെ അപകടങ്ങൾ കുറച്ചുകൊണ്ടുവരേണ്ടതിനു പൊതുജനങ്ങളുടെയിടയിൽ ബോധവത്കരണം നടത്തേണ്ടത് അത്യാവശ്യമാണ്. സ്കൂൾ തലത്തിൽ

ത്തന്നെ പാഠ്യപദ്ധതിയിൽ വൈദ്യുതി സുരക്ഷ ഒരു പ്രധാന വിഷയമായി പരിഗണിക്കേണ്ടതാണ്.

- പുതിയ വൈദ്യുതി ഉല്പാദന കേന്ദ്രങ്ങൾ സ്ഥാപിക്കുക.
- പുതിയ സബ്സ്റ്റേഷനുകൾ സ്ഥാപിക്കുക.
- നിലവിലുള്ള സബ്സ്റ്റേഷനുകളുടെ ശേഷി വർദ്ധിപ്പിക്കുക.
- പുതുതായി 11 കെ വി ലൈനുകളും ട്രാൻസ്ഫോർമറുകളും സ്ഥാപിക്കുക.
- പുതുതായി U G കേബിൾ സ്ഥാപിക്കുക.
- പുതുതായി 11 കെ വി എ ബി സി, എൽ ടി എ ബി സി എന്നിവ സ്ഥാപിക്കുക.

പുതിയ ഊർജ്ജോത്പാദന നിലയങ്ങൾ സ്ഥാപിക്കുന്നതിനുള്ള തടസ്സങ്ങളും കാലതാമസവും സാമ്പത്തികവും ഒക്കെ കണക്കിലെടുക്കുമ്പോൾ ഊർജ്ജ സംരക്ഷണത്തിനും ഊർജ്ജ ക്ഷമതയുള്ള ഉപകരണങ്ങൾ ഉപയോഗിക്കുന്നതിനും വേണ്ട നടപടികളും ബോധവത്കരണ പദ്ധതികളും അനിവാര്യമാണ്. നിലവിൽ ജില്ലയിൽ എല്ലാ വീടുകളും സമ്പൂർണ്ണമായി വൈദ്യുതീകരിക്കപ്പെട്ടിട്ടുണ്ട്. ഇനിയും എവിടെയെങ്കിലും വീടുകൾ വൈദ്യുതീകരിക്കുവാനുണ്ടെങ്കിൽ ഗവണ്മെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തീകരിക്കാവുന്നതാണ്. ഇവയൊക്കെ പരിഗണിച്ച് ജില്ലയിലെ ഊർജ്ജമേഖലയുടെ സമഗ്ര വികസനം സദ്ധ്യമാക്കുന്നതിനായി ഊർജ്ജ ഉപസമിതിയുടെ നിർദ്ദേശങ്ങൾ പരിഗണനക്കായി സമർപ്പിക്കുന്നു.

### ജില്ലയിലെ വൈദ്യുതി പ്രസരണ രംഗത്ത് 2022 നകം നടപ്പാക്കാനുദ്ദേശിക്കുന്ന പ്രധാന വികസന പ്രവർത്തനങ്ങൾ

| ക്രമ നമ്പർ | നിലവിൽ നിർമ്മാണത്തിലിരിക്കുന്നവ | പൂർത്തീകരണ ലക്ഷ്യം | കപ്പാസിറ്റി |
|---|---|---|---|
| 1 | 110 കെവി സബ്സ്റ്റേഷൻ എരമല്ലൂർ | 2018 മെയ് മാസത്തിൽ പൂർത്തിയാകും. | 25 എംവിഎ |
| 2 | 33 കെവി സബ്സ്റ്റേഷൻ കളർകോട് | 2018 മെയ് മാസത്തിൽ പൂർത്തിയാകും. | 10 എംവിഎ |

വിതരണ രംഗം കാലഘട്ടത്തിനനുസരിച്ച ഇനിയും മാറേണ്ടതുണ്ട്. ജില്ലയിലെ വൈദ്യുതി വിതരണം കാര്യക്ഷമവും ഇടതടവില്ലാത്തതുമാക്കുന്നതിനായി ജില്ലയിലുടനീളം ആർ എം യു സംവിധാനം കേന്ദ്ര – സംസ്ഥാന പദ്ധതികളിൽ ഉൾപ്പെടുത്തി പ്രാവർത്തികമാക്കണം. മെച്ചപ്പെട്ട ഉപഭോക്തൃ സേവനം മുന്നിൽ കണ്ട് നിലവിലെ സെക്ഷൻ ഓഫീസുകൾക്കു പുറമെ ഉപഭോക്തൃസേവന കേന്ദ്രങ്ങൾ സ്ഥാപിക്കണം.

പുതിയ വൈദ്യുത കണക്ഷനുകൾ നൽകുമ്പോൾ ഇ.എൽ.സി.ബി, സ്ഥാപിക്കണമെന്നത് നിർബന്ധമാക്കിയിട്ടുണ്ട്. എന്നാൽ നിലവിലുള്ള കണക്ഷനുകളിലെല്ലാം ഇ.എൽ.സി.ബി. ഘടിപ്പിച്ചെന്നാൽ മാത്രമെ അപകടങ്ങളുടെ തോത് കുറയ്ക്കാന് സാധിയ്ക്കുകയുള്ളൂ. സാധാരണക്കാരായ ജനങ്ങൾക്ക് ഇ.എൽ.സി.ബി ഘടിപ്പിക്കുന്നതിനു വേണ്ടി വരുന്ന ചെലവ് വഹിയ്ക്കാൻ മാർഗ്ഗമില്ലാത്തതിനാൽ ഇപ്പോഴും പഴയപടി തന്നെ തുടരുകയാണ്. പുതിയ വൈദ്യുതി കണക്ഷൻ ഇ.എൽ.സി.ബി. ഘടിപ്പിയ്ക്കാഞ്ഞാൽ കിട്ടില്ല എന്ന കാരണത്താൽ എതു വിധേനയും ഇ.എൽ.സി.ബി. വാങ്ങി സ്ഥാപിക്കുന്നുണ്ട്. അതുകൊണ്ട് നിലവിൽ ഇ.എൽ.സി.ബി.

ഘടിപ്പിച്ചിട്ടില്ലാത്ത ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട ഉപഭോക്താക്കളുടെ വീട്ടിൽ ഇ.എൽ.സി.ബി. ഘടിപ്പിയ്ക്കുന്നതിനുള്ള പ്രോജക്ട് പഞ്ചായത്ത് തലത്തിൽ തയ്യാറാക്കാവുന്നതാണ്.

സ്കൂളുകളിൽ കുട്ടികൾക്ക് വൈദ്യുതാഘാതമേറ്റ് മരണം സംഭവിക്കുന്നത് ഒഴിവാക്കാൻ എല്ലാ സ്കൂളുകളിലേയും വൈദ്യുതി കണക്ഷൻ ഇ.എൽ.സി.ബി. നിർബന്ധമായും സ്ഥാപിയ്ക്കേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട് വിദ്യാഭ്യാസ വകുപ്പിൽ നിന്നും പ്രത്യേകം നിർദ്ദേശം നൽകാവുന്നതാണ്. ഗവൺമെന്റ്/എയിഡഡ് സ്കൂളുകളിൽ അതാതു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സ്വകാര്യ സ്കൂളുകളിൽ മാനേജ്മെന്റിനോ പി.ടി.എ. ഫണ്ട് ഉപയോഗിച്ചോ ഇ.എൽ.സി.ബി. സ്ഥാപിയ്ക്കാവുന്നതാണ്. സ്കൂളുകളിലെ വയറിംഗ് കുറ്റമറ്റതാക്കുകയും ഇ.എൽ. സി.ബി. സ്ഥാപിക്കുകയും ചെയ്താൽ വൈദ്യുതി അപകടങ്ങൾ ഒഴിവാക്കാവുന്നതാണ്.

എസ്.സി/എസ്.ടി. കുടുംബങ്ങളിലെ വൈദ്യുതി വയറിംഗ് കുറ്റമറ്റതാക്കുകയും അപകടം ഒഴിവാക്കുന്നതിനായി ഇ.എൽ.സി.ബി. സ്ഥാപിക്കുകയും ചെയ്യാവുന്നതാണ്. ഇതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ എസ്.സി/എസ്.ടി. ഫണ്ട്, എസ്.സി/എസ്.ടി. വകുപ്പിൽ നിന്നുള്ള ഫണ്ട് എന്നിവ ഉപയോഗിക്കാവുന്നതാണ്.

എല്ലാ ആശുപത്രികളിലും വൈദ്യുതി തടസ്സമില്ലാതെ ലഭിയ്ക്കുന്നതിനായി പ്രത്യേക സംവിധാനം ഉണ്ടാകണം. ആവശ്യമായ ശേഷിയുള്ള ജനറേറ്റർ/സോളാർ പവർ പ്ലാന്റ്, ഇതിനായി തെരഞ്ഞെടുക്കാവുന്നതാണ്. കൂടുതൽ ഉപഭോഗമുള്ള ആശുപത്രിയാണെങ്കിൽ സോളാർ പവർ പ്ലാന്റ് സ്ഥാപിച്ച് വൈദ്യുതി ഉൽപ്പാദിപ്പിയ്ക്കാവുന്നതാണ്. ഡീസൽ ജനറേറ്ററിൽ നിന്നുള്ള വായു മലിനീകരണവും ഇതുമൂലം ഒഴിവായിക്കിട്ടും. ഉപഭോഗം കൂടുതലുള്ള ആശുപത്രികളിൽ സോളാർ വൈദ്യുതി ഉപയോഗിച്ചാൽ വൈദ്യുതിചാർജ് ഇനത്തിൽ വൻ തുക ലാഭമുണ്ടാക്കാവുന്നതാണ്. കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിൽ സിയാൽ സ്ഥാപിച്ചിട്ടുള്ള സോളാർ പ്ലാന്റിന്റെ പ്രവർത്തനം മാതൃകയാക്കാവുന്നതാണ്.

കൂടാതെ ചൂടുവെള്ളം കൂടുതലായി ഉപയോഗിക്കുന്ന ആശുപത്രികളിൽ സാധാരണ ഹീറ്ററാണ് ഉപയോഗിച്ച് കാണുന്നത്. അതിനു പകരമായി സോളാർ വാട്ടർ ഹീറ്റർ സ്ഥാപിച്ച് വൈദ്യുതി ചാർജ്ജിനത്തിൽ വലിയ ലാഭം ഉണ്ടാക്കാവുന്നതാണ്.

നിലവിലുള്ള സംവിധാനത്തിൽ സ്ട്രീറ്റ് ലൈറ്റിന്റെ സ്ഥാപനവും അനുബന്ധ ചിലവുകളും വഹിക്കുന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ്. സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണത്തിന്റെയും വാട്ടേജിന്റെയും ഉപയോഗിക്കുന്ന സമയത്തിന്റെയും അടിസ്ഥാനത്തിലാണ് വൈദ്യുതി ചാർജ്ജ് ഈടാക്കുന്നത്. ഈ ഇനത്തിൽ നല്ലൊരു തുക മാസാമാസം തദ്ദേശസ്ഥാപനങ്ങൾക്ക് ചെലവാകുന്നുണ്ട്. ഊർജ്ജ ആവശ്യങ്ങൾക്കായി നീക്കിവെയ്ക്കുന്ന തുക വിവേകപൂർവ്വം ഉപയോഗിച്ചാൽ മാസാമാസം അടയ്ക്കേണ്ട വൈദ്യുതി തുകയിൽ വളരെയധികം ലാഭമുണ്ടാക്കാവുന്നതാണ്. അതിലൊരു നടപടി സ്ട്രീറ്റ് ലൈറ്റുകൾക്ക് എനർജി മീറ്റർ സ്ഥാപിക്കുക എന്നതാണ്. ഈ പദ്ധതി നടപ്പിലാക്കുന്നതിനായി തദ്ദേശ സ്ഥാപനങ്ങളുടെ പരിധിയിൽ സ്ഥാപിച്ചിട്ടുള്ള ഓരോ ട്രാൻസ്ഫോർമറിനും ശരാശരി 2 എനർജി മീറ്റർ വീതമെങ്കിലും സ്ഥാപിയ്ക്കേണ്ടതായി വരും. ഇതനുസരിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിലുള്ള ട്രാൻസ്ഫോർമറുകളുടെ എണ്ണത്തിനനുസരിച്ചുള്ള തുക കണ്ടെത്തി ഇതിനായി ഒരു പദ്ധതി തയ്യാറാക്കാവുന്നതാണ്.

ഊർജ്ജ പ്രതിസന്ധി അതിരൂക്ഷമായിട്ടുള്ള വസ്തുത കണക്കിലെടുത്ത് വേണം പഞ്ചായത്ത്/ മുനിസിപ്പാലിറ്റികൾ സ്ട്രീറ്റ് ലൈറ്റുകൾ പുതുതായി സ്ഥാപിക്കുന്നതിനുള്ള പദ്ധതി ആസൂത്രണം ചെയ്യാൻ.

എൽ.ഇ.ഡി. ബൾബുകളുടെ ഊർജ്ജക്ഷമത, കുറഞ്ഞ അന്തരീക്ഷ മലിനീകരണം, കുറഞ്ഞ വൈദ്യുതി ഉപഭോഗം എന്നിവ കണക്കിലെടുത്ത് സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി ആസൂത്രണത്തിന് പഞ്ചായത്ത്/മുനിസിപ്പാലിറ്റികൾ എൽ.ഇ.ഡി. സ്ട്രീറ്റ് ലൈറ്റ് ഫിറ്റിംഗ്സ് തന്നെ ഉപയോഗിക്കണമെന്ന് നിർദ്ദേശിക്കുന്നു.

ജില്ലയിലെ എല്ലാ തെരുവ് വിളക്കുകളും എൽ.ഇ.ഡി. തെരുവ് വിളക്കുകളായി മാറ്റുന്ന ബൃഹത് പദ്ധതി ഘട്ടം ഘട്ടമായി നടപ്പിലാക്കുക. നിലവിൽ സ്ഥാപിച്ചിട്ടുള്ള മെർക്കുറി/ സോഡിയം തെരുവ് വിളക്കുകൾ ഒന്നാം ഘട്ടത്തിൽ പൂർണമായും എൽ.ഇ.ഡി. യിലേക്കു മാറ്റുക. അടുത്ത ഘട്ടത്തിൽ ഫ്ലൂറസന്റ് ട്യൂബുകളും സാധാരണ ബൾബുകളും എൽ.ഇ.ഡി. യിലേക്ക് മാറ്റുക. മൂന്നാം ഘട്ടത്തിൽ സി.എഫ്. ലാമ്പുകൾ പൂർണമായും എൽ.ഇ.ഡി ലാമ്പുകളാക്കി മാറ്റുക.

മറ്റു ജില്ലകളിൽ നിന്നും വ്യത്യസ്തമായി നമ്മുടെ ജില്ല മാലിന്യ നിർമാർജനത്തിന് മാതൃകയും ഏറെ മുന്നിലുമാണ്. ജില്ലയിലെ ജൈവ മാലിന്യം സംഭരിച്ച് ആധുനിക ബയോഗ്യാസ് പ്ലാന്റ് സ്ഥാപിച്ച് അതിൽനിന്നും പാചക വാതകവും വൈദ്യുതിയും നിർമ്മിക്കാം. ഇതിന്റെ ജൈവ അവശിഷ്ടം നമ്മുടെ ജില്ലയുടെ പച്ചക്കറി കൃഷിക്കും ഉപയോഗിക്കാം.

വണ്ടാനം മെഡിക്കൽ കോളേജിലും ആലപ്പുഴ ബീച്ചിലും ഇലക്ട്രിക്ക് മോട്ടോർ വാഹനങ്ങൾ പരിസ്ഥിതിക്ക് കോട്ടം വരാത്ത രീതിയിൽ ഫലപ്രദമായി ഉപയോഗപ്പെടുത്താം. സാധാരണക്കാരായ രോഗികൾ വണ്ടാനത്തു ബസ് ഇറങ്ങിയാൽ മറ്റു വാഹന സൗകര്യം ഉപയോഗപ്പെടുത്തുവാൻ കഴിവില്ലാത്തവരാണെങ്കിൽ അര കിലോമീറ്ററിലധികം മഴയും വെയിലും കൊണ്ട് നടക്കേണ്ട സ്ഥിതിയാണ് നിലവിലുള്ളത്. ഇതിനൊരു പരിഹാരം എന്ന നിലയിൽ ജില്ലാ പഞ്ചായത്ത് / ഗ്രാമ പഞ്ചായത്തിന്റെ സഹകരണത്തോടെ ഇലക്ട്രിക്ക് മോട്ടോർ വാഹനങ്ങൾ സൗജന്യ നിരക്കിൽ വണ്ടാനം ബസ് സ്റ്റോപ്പിൽ നിന്നും മെഡിക്കൽ കോളേജ് വരെ സ്ഥിരമായി പ്രവർത്തിപ്പിക്കുവാൻ കഴിയും. ആലപ്പുഴ ബീച്ചിൽ എത്തുന്ന നാട്ടുകാർക്കും വിദേശികൾക്കും ആലപ്പുഴ ബീച്ചിന്റെ സൗന്ദര്യം ആസ്വദിക്കുവാൻ ഉതകുന്ന തരത്തിൽ ഇലക്ട്രിക് വാഹനങ്ങൾ ഉപയോഗിക്കുവാൻ കഴിയും.

പാടശേഖരസമിതിയുടെ സഹകരണത്തോടെ 50 എച്ച്.പി.യിൽ താഴെയുള്ള മോട്ടോർത്തറകൾ ഇൻവെർട്ടർ ടെക്നോളജിയിൽ പ്രവർത്തിക്കുന്ന പമ്പ് സെറ്റുകൾ സ്ഥാപിച്ച് അനാവശ്യ ഊർജ്ജ നഷ്ടം കുറയ്ക്കുന്ന പദ്ധതി നടപ്പാക്കുക.

വിനോദ സഞ്ചാരമേഖലയില് ഏറെ പ്രാധാന്യമുള്ള ഹൗസ് ബോട്ടുകൾ പ്രവർത്തിക്കുന്നതിന് വൈദ്യുതി വളരെ അനിവാര്യമാണ്. ഹൗസ്ബോട്ടിലെ ബാറ്ററികൾ ചാർജ് ചെയ്യുന്നതിന് പ്രീപെയിഡ് ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുക

ജില്ലയിലെ മാർക്കറ്റ് മാലിന്യങ്ങളിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിച്ച് മാലിന്യ നിർമ്മാർജ്ജനവും മാർക്കറ്റിംഗ് ആവശ്യമുള്ള വൈദ്യുതിയുടെ ഉൽപ്പാദനവും.

തെരുവ് വിളക്കിനായി ഉപയോഗിക്കുന്ന ഊർജ്ജം അളക്കുന്നതിനുപരി വിളക്കുകളുടെ പ്രവർത്തനസമയവും ടൈമർ, റിലേ, മുതലായവയുടെ സഹായമില്ലാതെ നിയന്ത്രിക്കുവാൻ കഴിയും. ഇതിലൂടെ എൽ.എസ്. ഡി. കൾക്ക് തെരുവ് വിളക്കുകളുടെ പ്രവർത്തനക്ഷമത ഉറപ്പു വരുത്താം.

ഗവണ്മെന്റ് ആശുപത്രികളിലെയും മറ്റു തദ്ദേശിയ സ്ഥാപനങ്ങളിലെയും പഴകിയ വയറിംഗ് പുതുക്കുന്നതിലൂടെ വർദ്ധിച്ച ഊർജ്ജ സംരക്ഷണവും വൈദ്യുതി അപകടങ്ങൾ കുറക്കുവാനും കഴിയും.

പ്രതിവർഷം 150 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉപഭോഗം ആവശ്യമുള്ള ആലപ്പുഴ ജില്ലക്ക് കായംകുളത്ത് ഉള്ള എൻ.ടി.പി.സി. നിലയത്തിൽ നിന്നുള്ള വൈദ്യുതി ഉല്പാദനമല്ലാതെ കാര്യമായ മറ്റ വൈദ്യുതി ഉത്പാദനമില്ല എന്ന് തന്നെ പറയാം. ഇതിനു നിലവിലെ സാഹചര്യത്തിൽ ജില്ലയിൽ ഫലപ്രദമായി ഉപയോഗിക്കാവുന്ന ഒരു സ്രോതസ്സ് കാറ്റാണ്. തോട്ടപ്പള്ളി, അഴീക്കൽ തുടങ്ങിയ പ്രദേശങ്ങളിൽ കാറ്റിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുവാനുള്ള സാദ്ധ്യത പരമാവധി ഉപയോഗപ്പെടുത്തുക.

## നിർദ്ദേശങ്ങൾ

### മേൽത്തട്ട്

- സ്കൂൾ പാഠ്യപദ്ധതിയിൽ വൈദ്യുതി സുരക്ഷയും, ഊർജ്ജസംരക്ഷണവും ഒരു പ്രധാന വിഷയമായി പരിഗണിക്കുക.
- സോളാർ വൈദ്യുതി നിലയങ്ങൾ സ്ഥാപിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുക.
- മാലിന്യങ്ങളിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കുന്ന കേന്ദ്രങ്ങൾ സ്ഥാപിക്കണം. ഇതിൽ നിന്നും വൈദ്യുതി ലഭിക്കുകയും മാലിന്യ സംസ്കരണം സാധ്യമാവുകയും ചെയ്യും.
- പുതിയ വൈദ്യുതി ഉല്പാദന കേന്ദ്രങ്ങൾ സ്ഥാപിക്കുക.
- പുതിയ സബ്സ്റ്റേഷനുകൾ സ്ഥാപിക്കുക.
- നിലവിലുള്ള സബ്സ്റ്റേഷനുകളുടെ ശേഷി വർദ്ധിപ്പിക്കുക.
- പുതുതായി 11 കെ വി ലൈനുകളും ട്രാൻസ്ഫോർമറുകളും സ്ഥാപിക്കുക.
- പുതുതായി U G കേബിൾ സ്ഥാപിക്കുക.
- പുതുതായി 11 കെ വി എ ബി സി , എൽ ടി എ ബി സി എന്നിവ സ്ഥാപിക്കുക.
- ഇടതടവില്ലാത്തതുമാക്കുന്നതിനായി ജില്ലയിൽ ഉടനീളം ആർ എം യു സംവിധാനം കേന്ദ്ര – സംസ്ഥാന പദ്ധതികളിൽ ഉൾപ്പെടുത്തി പ്രാവർത്തികമാക്കണം.
- മെച്ചപ്പെട്ട ഉപഭോക്തൃ സേവനം മുന്നിൽ കണ്ട് നിലവിലെ സെക്ഷൻ ഓഫീസുകൾക്കു പുറമെ ഉപഭോക്തൃ സേവനകേന്ദ്രങ്ങൾ സ്ഥാപിക്കണം.
- പുതുതായി നിർമിക്കുന്ന വലിയ വീടുകൾക്ക് സോളാർ വൈദ്യുതി ഉത്പാദന സംവിധാനം നിർബന്ധമാക്കേണ്ടതാണ്.

### കീഴ്ത്തട്ട്

- ഇ.എൽ.സി.ബി. ബി പി എൽ വീടുകൾക്ക്.
- ഇ.ൽ.സി.ബി സ്കൂളുകൾക്ക്.
- ഇ.ൽ.സി.ബി.സി എസ്.സി / എസ്.ടി വീടുകൾക്ക്.
- ഗവണ്മെന്റ് ഹോസ്പിറ്റലുകൾക്കു ജനറേറ്റർ /സോളാർ ഊർജ്ജം വഴി ആൾട്ടർനേറ്റ് പവർ സപ്ലൈ.
- സ്ട്രീറ്റ് ലൈറ്റ് മീറ്ററിങ്.
- സ്ട്രീറ്റ് ലൈറ്റ് വിത്ത് എൽ.ഇ.ഡി ബൾബ് / ട്യൂബ്.
- സ്ട്രീറ്റ് ലൈറ്റ് ചേഞ്ച് ഓവർ – ബൾബ്/ഫ്ലൂറസെന്റ് ട്യൂബ് /സി.എഫ്.എൽ ടു എൽ.ഇ.ഡി ബൾബ് / ട്യൂബ്.

- സ്ട്രീറ്റ് ലൈറ്റ് വിത്ത് സ്മാർട്ട് മീറ്റർ.
- ഗവണ്മെന്റ് ഹോസ്പിറ്റലുകളിൽ നിലവിലുള്ള പ്രതിഷ്ഠാപനങ്ങളിൽ റീ –വയറിംഗ്.
- തോട്ടപ്പള്ളി, അഴീക്കൽ എന്നിവിടങ്ങളിൽ വിൻഡ് മിൽ സ്ഥാപിക്കുക.
- ഊർജ്ജോത്പാദനത്തിനും മാലിന്യ സംസ്കരണത്തിനും ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുക.
- ഇലക്ട്രിക് മോട്ടോർ വാഹനങ്ങൾ പ്രോത്സാഹിപ്പിക്കുക.
- നെൽകൃഷി ആവശ്യത്തിനുള്ള മോട്ടോർത്തറ ആധുനികവത്കരിക്കുക.
- പ്രീ പെയ്ഡ് ബാറ്ററി ചാർജിങ് സ്റ്റേഷനുകൾ സ്ഥാപിക്കുക.
- മാലിന്യങ്ങളിൽ നിന്നും വൈദ്യുതി ഉത്പാദനം.
- വൈദ്യുതി മേഖലയിലെ അപകടങ്ങൾ കുറച്ചുകൊണ്ടുവരേണ്ടതിനു പൊതുജനങ്ങളുടെ ഇടയിൽ ബോധവത്കരണം നടത്തുക.

## ഗതാഗതം

ആലപ്പുഴ ജില്ല യാത്രാമാധ്യമങ്ങളുടെ എല്ലാ സാദ്ധ്യതകളുമുള്ള ജില്ലയാണ്. ഇവിടെ റെയിൽ, റോഡ്, ജലഗതാഗതം എന്നിവ സാദ്ധ്യമാണ് എന്നതാണ് നമ്മുടെ ജില്ലയെ വ്യത്യസ്തമാക്കുന്നത്. പക്ഷേ ഈ മാധ്യമങ്ങൾ തമ്മിലുള്ള ഏകോപനമില്ലായ്മയും പരസ്പരം ബന്ധിപ്പിക്കുവാനുള്ള സംവിധാനമില്ലായ്മയും ആണ് നമ്മുടെ ജില്ലയുടെ ശാപം. റെയിൽവേ സ്റ്റേഷൻ, ബസ്സ് സ്റ്റാൻഡ്, ബോട്ട് ജെട്ടി, ഗ്രാമപ്രദേശങ്ങളിലെ ചെറിയ റോഡുകൾ എന്നിവയെല്ലാം പരസ്പരം ബന്ധിക്കപ്പെടണം. നിലവിൽ ഈ രംഗത്ത് പ്രവർത്തിക്കുന്ന റെയിൽവേ അധികാരികൾ, കെ.എസ്.ആർ.റ്റി.സി. പ്രതിനിധികൾ, പ്രൈവറ്റ് ബസ്സ് ഉടമകൾ, വാട്ടർ ട്രാൻസ്പോർട്ട് അധികാരികൾ, പി.ഡബ്ലു.ഡി. എൻ.എച്ച്.റോഡ് അധികാരികൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ബന്ധപ്പെട്ട അധികാരികൾ, ജനപ്രതിനിധികൾ എന്നിവർ ഒന്നിച്ചിരുന്ന് ഗതാഗത രംഗത്തെ പാളിച്ചകളും സാധ്യതകളും വിലയിരുത്തേണ്ടതുണ്ട്. ആയതിന് ജനങ്ങളുടെ യാത്രാ രീതി, യാത്രാ സൌകര്യങ്ങൾ, യാത്രാ ആവശ്യങ്ങൾ, യാത്രയുടെ അളവ്, സ്വകാര്യവാഹന ഉപയോഗം, റോഡ്-റെയിൽ, ജലഗതാഗത സൌകര്യങ്ങളുടെ കുറവ് എന്നിവയെ കുറിച്ച് സമഗ്രമായി പഠിച്ച് 30 വർഷത്തേയ്ക്കുള്ള ഒരു സമഗ്ര ഗതാഗത പദ്ധതി രൂപീകരിക്കേണ്ടതുണ്ട്.

**അപകടങ്ങളുടെ സ്റ്റാറ്റിസ്റ്റിക്സ് (NCRB)**

| YEAR | CASES | DEATHS | NATIONAL HIGHWAYS | Percentage on NH |
|---|---|---|---|---|
| 2012 | 2884 | 385 | 1047 | 36 |
| 2013 | 2843 | 394 | 1079 | 38 |
| 2014 | 2962 | 367 | 1156 | 39 |
| 2015 | 3121 | 378 | 1235 | 40 |
| 2016 | 2999 | 356 | 1089 | 36 |
| 2017 | 2829 | 375 | 1040 | 37 |

*അവലംബം : DCRB*

**2. വാഹനങ്ങളുടെ എണ്ണത്തിലുള്ള വർദ്ധന**

| YEAR | NTV | TV | TOTAL | |
|---|---|---|---|---|
| 2012 | 17750 | 2960 | 20710 | Progressive increase |
| 2013 | 15717 | 1981 | 17698 | 38408 |
| 2014 | 12012 | 1164 | 13176 | 51584 |
| 2015 | 11671 | 871 | 12542 | 64126 |
| 2016 | 13265 | 986 | 14251 | 78377 |
| 2017 | 13515 | 878 | 14393 | 92770 |

*അവലംബം : മോട്ടോർ വാഹന വകുപ്പ്*

## ജില്ലയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള വാഹനങ്ങളുടെ എണ്ണം 31/03/2016 വരെ

| ചരക്ക് വാഹനങ്ങൾ | | ബസ്സുകൾ | | നാല് ചക്രവാഹനങ്ങൾ | | ഓട്ടോറിക്ഷകൾ | ഇരുചക്രവാഹനങ്ങൾ | മറ്റുള്ളവ | ആകെ |
|---|---|---|---|---|---|---|---|---|---|
| നാലും അതിൽ കൂടുതൽ ചക്രങ്ങൾ ഉള്ളവ | ചരക്ക് ലോറി, മുച്ചക്രവാഹനങ്ങൾ | ബസ്സ് സ്റ്റേജ് കാര്യേജ് | ടൂറിസ്റ്റ് വാഹനങ്ങൾ | കാറുകൾ | ടാക്സി | | | | |
| 25981 | 8500 | 1298 | 4541 | 115402 | 9359 | 28183 | 490014 | 13905 | 697203 |

*അവലംബം : മോട്ടോർ വാഹന വകുപ്പ്*

## ആലപ്പുഴ ജില്ലയിലെ മോട്ടോർ വാഹനങ്ങളുടെ വർദ്ധനവും അവയുടെ സൂചികയും

| | | |
|---|---|---|
| 2010 _2011 | 421246 | 243 |
| 2011 – 2012 | 478641 | 342 |
| 2012 – 2013 | 53194 | 380 |
| 2013 – 2014 | 561495 | 401 |
| 2014 – 2015 | 618697 | |
| 2015 – 2016 | 697203 | 413 |

*അവലംബം : മോട്ടോർ വാഹന വകുപ്പ്*

| ഗതാഗത വാർത്താവിനിമയ രംഗത്തെ പ്രധാന വികസന സൂചികകൾ 2010 മുതൽ 2016 വരെ | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| ക്രമ നമ്പർ | ഇനം | യൂണിറ്റ് | 2010 | 2011 | 2012 | 2013 | 2014 | 2015 | 2016 |
| 1 | റോഡ് ദൈർഘ്യം (പൊതു മരാമത്ത്) | കി.മീ | 21578 | 23241.709 | 23241.709 | 31811.6 | 31811.6 | 31811.6 | 31812.096 |
| 2 | മോട്ടോർ വാഹനങ്ങൾ | നമ്പർ | 4880059 | 5397652 | 6072019 | 6870354 | 8547966 | 9421245 | 1,01,71,813 |
| 3 | കെ.എസ്. ആർ.ടി.സി. വാഹനങ്ങൾ | നമ്പർ | 5115 | 5402 | 5741 | 5803 | 5860 | 5629 | 5686 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 4. | റെയിൽപാത ദൈർഘ്യം | കി.മീ | 1148 | 1198.9 | 1257 | 1257 | 1257 | 1257 | 1588 |
| 5 | വിമാന സർവ്വീസുകളുടെ എണ്ണം (ആഭ്യന്തരവും അന്താരാഷ്ട്രവും) | നമ്പർ | 82313 | 73208 | 73208 | 82010 | 66122 | 92259 | 95790 |
| 6 | സംസ്ഥാന ജലഗതാഗത വകുപ്പിന്റെ ബോട്ടുകൾ/ ജങ്കാറുകളുടെ എണ്ണം | നമ്പർ | 81 | 81 | 92 | 95 | 97 | 95 | 98 |
| 7 | സംസ്ഥാന ജലഗതാഗത വകുപ്പിന്റെ റൂട്ട് ദൈർഘ്യം | കി.മീ | 6730 | 6730 | 6890 | 6890 | 6890 | 6890 | 6890 |
| 8 | തപാൽ ഓഫീസുകൾ | നമ്പർ | 5068 | 5070 | 5067 | 5068 | 5068 | 5068 | 5066 |
| 9 | ടെലഫോൺ എക്സ്ചേഞ്ചുകൾ | നമ്പർ | 1240 | 1246 | 1245 | 1245 | 1269 | 1269 | 1321 |
| 10 | പബ്ലിക് കോൾ ഓഫീസുകൾ | നമ്പർ | 118841 | 95193 | 95193 | 95193 | 28915 | 28915 | 28915 |

*അവലംബം : വിവിധ വകുപ്പുകൾ*

**ആലപ്പുഴ ജില്ലയിൽ പൊതുമരാമത്ത് വകുപ്പ് സംരക്ഷിക്കുന്ന റോഡുകളുടെ ദൈർഘ്യം**

**(27. മീറ്ററിൽ)**

| സംസ്ഥാന രാജ പാതകൾ | പ്രധാന ജില്ലാ റോഡുകൾ | ആകെ |
|---|---|---|
| 170.84 | 1301.49 | 1472.33 |

*അവലംബം : പി..ഡബ്ലു.ഡി*

**2015-2016 ലെ കെ.എസ്.ആർ.റ്റി.സി.-യുടെ പ്രവർത്തനം സംബന്ധിച്ച വിവരങ്ങൾ**

| ബസ്സുകളുടെ എണ്ണം | ഷെഡ്യൂളുകളുടെ എണ്ണം | ട്രിപ്പുകളുടെ എണ്ണം | ട്രിപ്പുകളുടെ ദൈർഘ്യം കിലോമീറ്റർ | സർവ്വീസ് നടത്തിയ ദൂരം | ഫലപ്രദമായി ബസ്സുകൾ ഓടിയ ദൂരം | മൊത്തം യാത്രക്കാരുടെ എണ്ണം |
|---|---|---|---|---|---|---|
| 453 | 402 | 491 | 33434 | 436,51 | 147,57 | 56481 |

*അവലംബം : കെ.എസ്.ആർ.ടി.സി.*

ആലപ്പുഴ ജില്ലയിൽ വകുപ്പ് വക ആറ് സ്റ്റേഷൻ മാസ്റ്റർ ഓഫീസുകളുണ്ട്. യഥാക്രമം ആലപ്പുഴ, മുഹമ്മ, എടത്വാ, നെടുമുടി, പുളിംകുന്ന്, കാവാലം എന്നിവയാണ്. ആലപ്പുഴ-6, മുഹമ്മ-3, എടത്വ-2, നെടുമുടി-4, പുളിംകുന്ന്-3, കാവാലം-3 എന്ന ക്രമത്തിൽ 21 ബോട്ടുകൾ ആകെ 206 ട്രിപ്പുകൾ സർവ്വീസ് നടത്തിവരുന്നു.

**മുൻവർഷം ആകെ യാത്രചെയ്ത യാത്രക്കാരുടെ എണ്ണം, ടിക്കറ്റ് വരുമാനം എന്നിവ സ്റ്റേഷൻ ക്രമത്തിൽ ചുവടെ ചേർക്കുന്നു.**

| സ്റ്റേഷൻ | യാത്രക്കാർ | വരുമാനം |
|---|---|---|
| ആലപ്പുഴ | 886247 | 8158856 |
| മുഹമ്മ | 357001 | 3582434 |
| എടത്വ | 304395 | 1898452 |
| നെടുമുടി | 909283 | 5590169 |
| പുളിംകുന്ന് | 496708 | 2622354 |
| കാവാലം | 504807 | 3859227 |
| **ആകെ** | **3458441** | **25711492** |

*അവലംബം :SWTD*

ജലഗതാഗതത്തിനു സമഗ്രമായ പദ്ധതി തയ്യാറാക്കേണ്ടതുണ്ട്. വേമ്പനാട് മേഖലയിൽ റോറോ സർവ്വീസുകൾ ഉൾപ്പെടെയുള്ള ജലഗതാഗത സാധ്യതകൾ പൂഷണം ചെയ്യേണ്ടതുണ്ട്.

നാഷണൽ ഹൈവെ ഏറ്റവും കൂടുതൽ ദൂരം കടന്നുപോകുന്ന ജില്ലയാണ് ആലപ്പുഴ. ദീർഘദൂരയാത്രക്കാർ അതിവേഗം സഞ്ചരിക്കുവാൻ നിർമ്മിച്ചിട്ടുള്ള ദേശീയപാതയിൽ ചെറുദൂരം സഞ്ചരിക്കേണ്ടവർ, ഇരുചക്ര മുച്ചക്രവാഹനങ്ങൾ തുടങ്ങിയവർ ഉപയോഗിക്കുന്ന രീതി

ഉണ്ടാവുകയും സ്വഭാവികമായും ഈ പാതയുടെ ശേഷിയിൽ കവിഞ്ഞ യാത്രക്കാരെ ഉൾക്കൊള്ളാനാവാതെ വരികയും അപകടങ്ങൾ നിത്യസംഭവമായി തീരുകയും ചെയ്യ.

ആലപ്പുഴ ജില്ലയുടെ പ്രത്യേകതയായ ജലഗതാഗത മേഖല അപര്യാപ്തതയാൽ ജനങ്ങളുടെ ഗതാഗത ആവശ്യങ്ങൾ മതിയായ രീതിയിൽ നിറവേറ്റുന്നില്ല. ചരക്ക ഗതാഗത രംഗത്ത് മതിയായ വികസന കാഴ്ചപ്പാടിന്റെ അഭാവം നിമിത്തം അമിതഭാരം, അമിത വേഗം എന്നിവ വർദ്ധിച്ചുവരികയും തന്മൂലമുള്ള അപകടങ്ങളുടെയും പാതകളുടെ നാശത്തിന്റെയും തോത് വർദ്ധിച്ചുവരികയും ചെയ്യുന്നു. ജില്ലയിൽ 95% സ്ഥലങ്ങളിലും ലാസ്റ്റ് മൈൽ കണക്ടിവിറ്റി എന്ന ആശയത്തിന് പ്രാധാന്യം നൽകുന്നതായി കാണുന്നില്ല.

- റെയിൽവേ സ്റ്റേഷനുകൾ, ബോട്ടുജെട്ടി, ബസ്സ് സ്റ്റേഷൻ എന്നിവ തമ്മിൽ യാതൊരു ബന്ധവുമില്ല.
- നാഷണൽ ഹൈവെ പട്ടണ മദ്ധ്യത്തിലൂടെ കടന്നു പോകുന്നതിന് ബൈപ്പാസ് സംവിധാനം നിലവിൽ വരണം.
- കാൽനട യാത്രക്കാർക്ക് സുരക്ഷിതമായ നടപ്പാതകളും സൈക്കിൾ യാത്രയ്ക്ക് അനുയോജ്യമായ സംവിധാനവുമില്ല.
- സുരക്ഷിതമായി റോഡ് മുറിച്ചു കടക്കുന്നതിനുള്ള സംവിധാനങ്ങളില്ല.
- റോഡ് ഉപകരണങ്ങൾ, സൈൻബോർഡുകൾ, ജംഗ്ഷനുകളെ പരസ്പരം ബന്ധിപ്പിക്കാനുള്ള സിഗ്നൽ സംവിധാനം എന്നിവയുടെ അപര്യാപ്തത.
- വാഹന ഗതാഗതത്തെ നിയന്ത്രിക്കുന്ന പൊതുനിയന്ത്രണ കേന്ദ്രത്തിന്റെ അഭാവം, പൊതുഗതാഗതത്തിന്റെ ഗതി മനസ്സിലാക്കുവാനുള്ള ജി.പി.എസ്. സംവിധാനത്തിന്റെ അഭാവം, പ്രധാനപ്പെട്ട ജംഗ്ഷനുകളിലും മറ്റ നിയമലംഘനം കണ്ടെത്തുന്നതിനുള്ള ക്യാമറ സംവിധാനത്തിന്റെ അഭാവം, മലിനീകരണ തോത് അളക്കുന്നതിനുള്ള സംവിധാനത്തിന്റെ അഭാവം

റോഡ് സുരക്ഷാ ഫണ്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ കൂടി ഉൾപ്പെടുത്തി ഉപയോഗിക്കാവുന്ന വിവിധ സാധ്യതകളെപ്പറ്റി പഠിക്കേണ്ടതായിട്ടുണ്ട്. കേരള റോഡ് സേഫ്റ്റി അതോറിറ്റി വിവിധ ഡിപ്പാർട്ട്മെന്റുകളെ കോർത്തിണക്കി റോഡ് സുരക്ഷാ രംഗത്ത് പ്രവർത്തിക്കുവാൻ നിയോഗിക്കപ്പെട്ടിട്ടുള്ള ഒന്നാണ്. ജില്ലയിലെ മോട്ടോർ വാഹനങ്ങൾക്ക് ചുമത്തപ്പെടുന്ന പിഴയുടെ 50% പുതിയ വാഹനങ്ങൾക്ക് ഉള്ള ഒറ്റ തവണ സെസ്സും ആണ് ഈ അതോറിറ്റി വഴി ചെലവഴിക്കുവാൻ ലഭിക്കുന്ന ഫണ്ട്. എന്നാൽ ഡിപ്പാർട്ട്മെന്റുകൾക്ക് വിവിധങ്ങളായ ചുമതലകൾ നിർവ്വഹിക്കുവാനുള്ളതിനാൽ റോഡ് സുരക്ഷാ ഫണ്ടിന്റെ ഉപയോഗവും അതിലുള്ള പ്രവർത്തനങ്ങളും മതിയായ രീതിയിൽ കാര്യക്ഷമമായിട്ടില്ല.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും കൂടി ഈ രംഗത്ത് സഹകരിക്കുകയാണ് ഇതിനുള്ള പരിഹാരം. തദ്ദേശ സ്ഥാപനങ്ങളിലൂടെ അപകടരഹിത ആലപ്പുഴ എന്ന പദ്ധതി നടപ്പാക്കുകയും വ്യാപകമായ പ്രചാരണം നൽകുകയും ചെയ്യാം.

കുട്ടികൾക്ക് ഇരുചക്രവാഹനം വാങ്ങി നൽകാതിരിക്കാനും ഹെൽമറ്റ്, സീറ്റ് ബെൽറ്റ് എന്നിവയുടെ ഉപയോഗത്തെപ്പറ്റിയും ബോധവൽക്കരണം, ക്യാമറ ഉപയോഗിച്ച് ട്രാഫിക്, മോട്ടോർ വാഹന നിയമലംഘനങ്ങൾ പകർത്തി, ലോക്കൽ പോലീസ് സ്റ്റേഷൻ മോട്ടോർ

വാഹന വകുപ്പ്, ഗ്രാമ ന്യായാലയങ്ങൾ എന്നിവ വഴി നിയമം നടപ്പാക്കുന്ന ഒരു യൂണിറ്റ് കുടുംബശ്രീവഴി നടപ്പാക്കാം. അപകടത്തിൽപ്പെടുന്ന ഡ്രൈവർമാർക്ക് മനശാസ്ത്ര കൌൺസിലിംഗ് കേന്ദ്രം ആരംഭിക്കാം. അപകടത്തിൽ രക്ഷിതാക്കൾ നഷ്ടപ്പെടുന്ന കുട്ടികൾക്കുള്ള സംരക്ഷണ പദ്ധതിയും പഠന സഹായവും നൽകൽ. അനധികൃത പാർക്കിംഗ് നിരോധനം നടപ്പാക്കൽ. ഓട്ടോറിക്ഷാ പാർക്കിംഗ് ശാസ്ത്രീയമാക്കൽ. വഴിയോര കച്ചവടവും അനധികൃത പരസ്യങ്ങളും നിരോധിക്കൽ. മരക്കൊമ്പുകളും, റോഡ് സൈഡിൽ പുല്ല് വളരുന്നതും നീക്കൽ തുടങ്ങിയ ഏതാനും മാതൃകാ പ്രവർത്തനങ്ങൾ ആണ്.

## കാഴ്ചപ്പാട്

### Comprehensive Mobility Plan (CMP)

ഗതാഗതം സംബന്ധിച്ച ഏതുവിധ വികസനത്തിനും മുന്നോടിയായി ഒരു കോംപ്രിഹെൻസീവ് മൊബിലിറ്റി പ്ലാൻ തയ്യാറാക്കേണ്ടതാണ്. ആലപ്പുഴ ജില്ലയിൽ ആലപ്പുഴ, ചേർത്തല, കായംകുളം, മാവേലിക്കര, ചെങ്ങന്നൂർ മുൻസിപ്പാലിറ്റികളിൽ സി.എം.പി. തയ്യാറാക്കുവാനുള്ള തീരുമാനം കൈക്കൊള്ളുവാൻ ഈ ഉപസമിതി ശുപാർശ ചെയ്യുന്നു.

### CMP യുടെ ലക്ഷ്യങ്ങൾ

- സമൂഹത്തിലെ എല്ലാ തലത്തിൽപ്പെടുന്ന ജനങ്ങൾക്കും ആയാസരഹിതമായ രീതിയിലുള്ള സഞ്ചാര സൌകര്യം പ്രദാനം ചെയ്യുക.
- പുക മലിനീകരണം കുറച്ച് അന്തരീക്ഷ വായുവിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കുന്ന രീതിയിലുള്ള ഗതാഗത സംവിധാനം വികസിപ്പിക്കുക.
- കാൽനട യാത്രക്കാരുടെയും ഇരുചക്ര വാഹന ഉപഭോക്താക്കളുടേയും സുരക്ഷ വർദ്ധിപ്പിക്കുവാനുള്ള പശ്ചാത്തല സൌകര്യ വികസനം.
- Integration of Public Transport എന്ന ആശയം വികസിപ്പിക്കുന്നതിനായി ഇൻഫർമേഷൻ ടെക്നോളജി ഉപയോഗപ്പെടുത്തുവാനുള്ള സമഗ്ര നിർദ്ദേശം
- NMT (Non Motorized Transport) സൌകര്യ വികസനം, പ്രോത്സാഹനം എന്നിവയ്ക്കുള്ള സമഗ്ര കാഴ്ചപ്പാട്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഇലക്ട്രിക് വാഹനങ്ങളെ പ്രോത്സാഹിപ്പിക്കുന്ന ഒരു നയം രൂപീകരിക്കുന്നത് എന്തുകൊണ്ടും അത്യന്താപേക്ഷിതം ആയിരിക്കുകയാണ്.

- സ്വയംഭരണ സ്ഥാപനങ്ങളുടെ ഉപയോഗത്തിനായി വൈദ്യുത വാഹനങ്ങൾ വാങ്ങുക.
- വിവിധ പദ്ധതികളിൽപ്പെടുത്തി വിതരണം ചെയ്യുന്ന വാഹനങ്ങളിൽ വൈദ്യുതി ഇന്ധനമായി ഉപയോഗിക്കുന്നവ ഉൾപ്പെടുത്തുക.
- ഇ-റിക്ഷാ അഥവാ വൈദ്യുത ഓട്ടോറിക്ഷ എന്നറിയപ്പെടുന്നത് പൊതുഗതാഗത രംഗത്ത് ഉപയോഗിക്കുവാൻ സബ്സീഡി നൽകുകയും, കുടുംബശ്രീ തുടങ്ങിയ സംഘടനകളെ പൊതുഗതാഗത രംഗത്ത് വിവിധ പദ്ധതികളിൽ ആകർഷിക്കപ്പെടാനുള്ള നയം രൂപീകരിച്ച് സ്വകാര്യ വാഹനങ്ങളുടെ ഉപയോഗം കുറയ്ക്കാനുള്ള അന്തരീക്ഷം സൃഷ്ടിക്കുക.

ഗതാഗത കുരുക്കും തടസ്സവും ഒഴിവാക്കേണ്ടതിൽ സ്വയംഭരണ സ്ഥാപനങ്ങൾ തനതായ രീതിയിൽ ഇടപെടേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. ഈ ദിശയിലുള്ള നയരൂപീകരണത്തിനും, വിവിധ പദ്ധതികൾക്കുമായി താഴെ പറയുന്ന നിർദ്ദേശങ്ങൾ സമർപ്പിച്ചുകൊള്ളുന്നു.

ജില്ലയിലെ തിരക്കേറിയ സ്ഥലങ്ങളിൽ അനധികൃതമായി ഗതാഗതത്തിനുള്ള സ്ഥലം കയ്യേറി ഉപയോഗിക്കുന്ന രീതി വർദ്ധിച്ചുവരുന്നത് ഗതാഗതത്തിന്റെ സുഗമമായ ഒഴുക്കിന് തടസ്സമുണ്ടാക്കുന്ന പ്രധാനപ്പെട്ട ഒരു കാര്യമായി മാറിയിരിക്കുന്നു. ഈ രംഗത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കാര്യമായ ഇടപെടൽ നടത്തുവാനുള്ള സാധ്യതകൾ ധാരാളമായിട്ടുണ്ട്. പാർക്കിംഗ് സ്ഥലം ഏറ്റെടുത്ത് നൽകി സ്വകാര്യ പങ്കാളിത്തത്തിലൂടെയോ അല്ലാതെയോ മൾട്ടിലെവൽ പാർക്കിംഗ് സംവിധാനം ഒരുക്കാവുന്നതാണ്. ഇത്തരം സൌകര്യങ്ങൾ നൽകിയ ശേഷം പാർക്കിംഗ് നിരോധിത മേഖലകൾ അടയാളപ്പെടുത്തി ക്യാമറ നിരീക്ഷണത്തിലൂടെ പിഴ ഈടാക്കാനുള്ള കേന്ദ്രങ്ങൾ കുടുംബശ്രീയുടേയും, പോലീസിന്റെയും സഹകരണത്താൽ സംവിധാനം ചെയ്യാവുന്നതാണ്.

- തിരക്കേറിയ ജംഗ്ഷനുകളിൽ പണിയുന്ന കച്ചവട സ്ഥാപനങ്ങൾക്ക് കസ്റ്റമർ പാർക്കിംഗ് സൌകര്യം ഉൾപ്പെടുത്തിയാൽ മാത്രമെ ലൈസൻസ് നൽകുവാൻ സാധിക്കുകയുള്ളൂ എന്ന രീതിയിലുള്ള നിയമ നിർമ്മാണം ആവശ്യമാണ്.
- മൾട്ടിലെയർ ഗതാഗത സംവിധാനങ്ങൾക്കും കാൽനട യാത്രക്കാർക്കുമുള്ള എസ്കലേറ്റർ സംവിധാനമുള്ള ഫുട്ട് ഓവർ ബ്രിഡ്ജ്, അണ്ടർ ഗ്രൌണ്ട് വാക്കിംഗ് മേഖലകൾ തുടങ്ങിയ സംവിധാനങ്ങൾ ഒരുക്കുന്നതിനുള്ള പദ്ധതികൾ.

പൊതുഗതാഗതം വർദ്ധിപ്പിക്കുന്ന രീതിയിൽ പ്രോത്സാഹനം നൽകുന്നത് സ്വകാര്യ വാഹനങ്ങളുടെ ഉപയോഗം കുറയ്ക്കുവാനും തദ്വാര മലിനീകരണം, റോഡ് അപകട തോത് കുറയ്ക്കുവാനും സാധിക്കും എന്നതിൽ സംശയമില്ല.

കേന്ദ്രഗവൺമെന്റ് പുതുതായി കൊണ്ടുവരുന്ന ഗതാഗത നിയമത്തിൽ ഏറ്റവും ശ്രദ്ധ നൽകിയിട്ടുള്ള ഒരു മേഖലയായ ലാസ്റ്റ് മൈൽ കണക്റ്റിവിറ്റി എന്ന ആശയം ആലപ്പുഴയിൽ നടപ്പാക്കാവുന്നതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ശക്തമായി ഇടപെടാൻ സാധിക്കുന്ന ഒരു സാധ്യതയാണ് ഈ മേഖലയിൽ ഉള്ളത്. സൈക്കിൾ, ലൈസൻസ് വേണ്ടാത്ത ഇലക്ട്രിക് സ്കൂട്ടറുകൾ, വേഗത 25 കിലോമീറ്റർ കുറഞ്ഞ ഇ-റിക്ഷാകൾ എന്നിവ വാടകയ്ക്ക് നൽകുന്ന കേന്ദ്രങ്ങൾ ദീർഘദൂര ബസ്സ് സൌകര്യമുള്ള ജംഗ്ഷനുകൾ, റെയിൽവെ സ്റ്റേഷനുകൾ എന്നിവയോട് അനുബന്ധിച്ച് സ്വകാര്യ പങ്കാളിത്തത്തോടെയോ അല്ലാതെയോ ആരംഭിക്കുക. ഓൺലൈൻ ആധാർ തിരിച്ചറിയൽ, അല്ലെങ്കിൽ ഇത്തരം വാഹനങ്ങളിൽ ജി.പി.എസ്. ലൊക്കേറ്റർ ഘടിപ്പിച്ചുള്ള നിരീക്ഷണ സംവിധാനം എന്നിവ മുഖാന്തിരം ഇതിന്റെ ദുരുപയോഗം തടയുന്ന സംവിധാനവും ഉൾപ്പെടുന്ന രീതിയിൽ ഇത് വികസിപ്പിക്കാവുന്നതാണ്. ടൂറിസം പ്രാമുഖ്യമുള്ള സ്ഥലങ്ങളിൽ ഇത്തരം വാഹനങ്ങൾ വാടകയ്ക്ക് നൽകൽ കേന്ദ്രങ്ങൾ വികസിപ്പിക്കാവുന്നതാണ്.

നഗരത്തിനുള്ളിൽ വിവിധ ഭാഗങ്ങളിൽ സൈക്കിൾ, ഇ-സ്കൂട്ടർ, കെ.എസ്.ആർ.ടി.സി. യിലോ, ഹൌസ് ബോട്ട് ടെർമിനലിലോ തിരികെ നൽകാനായാൽ വിനോദസഞ്ചാരികൾക്കും തദ്ദേശിയരായ ദീർഘദൂര യാത്രികർക്കും ഒരുപോലെ ഉപകാരപ്രദമാകും. 2030 തോടെ രാജ്യത്ത് യാത്രാവാഹനങ്ങൾ വൈദ്യുത ഇന്ധനമാക്കുന്നവയാക്കി മാറ്റുമെന്ന് കേന്ദ്രസർക്കാർ പ്രഖ്യാപിച്ച

സാഹചര്യത്തിൽ വൈദ്യുത വാഹനങ്ങൾ ചാർജ്ജ് ചെയ്യുവാനുള്ള സൌകര്യം പഞ്ചായത്തുകളിൽ ആരംഭിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കാവുന്നതാണ്. പ്രധാന ജംഗ്ഷനുകളെ ബന്ധിപ്പിച്ച് 10 – ൽ താഴെ കിലോമീറ്റർ ഓടുന്ന ചെറിയ ബസ്സ് സർവ്വീസുകൾ ഗ്രാമപ്രദേശങ്ങളിലും ഉൾനാടുകളിലും തുടങ്ങുന്നതിന് തുക വകയിരുത്തുകയും ഇതിന്റെ നടത്തിപ്പിലേയ്ക്ക് കുടുംബശ്രീയെ പരിശീലിപ്പിക്കുകയും ചെയ്യുന്ന പദ്ധതി രൂപീകരിക്കാവുന്നതാണ്.

ട്രാഫിക് നിയമ ലംഘനങ്ങൾ കണ്ടെത്തൽ, കുടുംബശ്രീകളെ ഉപയോഗിക്കുക, ക്യാമറ, വീഡിയോ നിരീക്ഷണ സംവിധാനങ്ങളാൽ കുറ്റം കണ്ടെത്തി പോലീസ്, മോട്ടോർ വാഹന വകുപ്പ് എന്നിവർ മുഖാന്തരം ശിക്ഷാനടപടികൾ എടുക്കുന്ന സംവിധാനം വികസിപ്പിച്ചാൽ വ്യാപകമായി നിരീക്ഷിക്കപ്പെടുന്നു എന്ന ബോധം റോഡ് ഉപയോക്താക്കളിൽ വർദ്ധിക്കുവാനും നിയമം സ്വയം അനുസരിക്കുവാനുമുള്ള ഉത്തരവാദിത്വം വർദ്ധിച്ചു വരികയും ചെയ്യും. ഹെൽമറ്റിന്റെ ഉപയോഗം ഇതുവഴി വളരെയധികം വർദ്ധിക്കുകയും തന്മൂലം തലയ്ക്കുള്ള ആഘാതം മൂലമുള്ള മരണങ്ങൾ കുറയ്ക്കുകയും ചെയ്യുവാൻ സാധിക്കും.

ട്രോമാകെയർ പരിശീലന സംവിധാനം ഗ്രാമപഞ്ചായത്തുകളോട് ചേർത്തുള്ള ഹെൽത്ത് സെന്ററുകളോട് അനുബന്ധിച്ച് ഉണ്ടാക്കുക. അതിൽ ഓട്ടോറിക്ഷ അടക്കമുള്ള പൊതുവാഹനങ്ങളിലെ ഡ്രൈവർമാർക്ക് പരിശീലനം നൽകുക. ലൈസൻസ് പുതുക്കുന്നതിന് ട്രോമാകെയർ പരിശീലനം നിർബന്ധമാക്കുന്ന നിയമനിർമ്മാണം നടത്തിയാൽ ചെറിയ ഫീസ് ഈടാക്കി ഇത്തരം കേന്ദ്രങ്ങളിലെ പരിശീലകർക്ക് വേതനം നൽകുവാനും സാധിക്കും. അപകടത്തിൽപ്പെട്ടവരെ ആദ്യം കൈകാര്യം ചെയ്യുന്നതിലുള്ള പാകപിഴകളാണ് 80% മരണങ്ങൾക്കും അംഗവൈകല്യങ്ങൾക്കും കാരണമായിട്ടുള്ളത് എന്ന് ശാസ്ത്രീയമായി തെളിയിക്കപ്പെട്ടിട്ടുള്ളതാണ്. അപകടത്തിൽപ്പെടുന്നവരെ ആദ്യം കൈകാര്യം ചെയ്യുന്നത് നോക്കിനിൽക്കുന്നവരോ, അടുത്തുള്ള മറ്റ് വാഹന ഉപയോക്താക്കളോ, കട ഉടമകളോ ആകാനാണ് സാധ്യത. ട്രോമാകെയർ എന്താണ് എന്ന് സാധാരണ ജനങ്ങളിലേയ്ക്ക് എത്തിക്കേണ്ട ചുമതല ഗ്രാമപഞ്ചായത്തുകൾ നിർവഹിച്ചാൽ മാത്രമേ വിജയത്തിലെത്തുകയുള്ളൂ. ഇതുപോലെ തന്നെ ജില്ലാ പഞ്ചായത്തുകൾക്ക് ജില്ലാതലത്തിൽ സ്വകാര്യ അംബുലൻസുകളെ ഉൾപ്പെടുത്തി ജി.പി.എസ്.കോൾ സെന്റർ സംവിധാനം മുഖേന ഏകോപനം നിർവഹിച്ച് സേവനം നൽകുവാനുള്ള സാധ്യതയും നിലനിൽക്കുന്നു.

ദീർഘദൂര ബസ്സുകൾ നഗരത്തിനുള്ളിൽ പ്രവേശിക്കാത്ത രീതിയിലുള്ള ഗതാഗത സംവിധാനം ഒരുക്കുക. നഗരാതിർത്തിയിൽ ബൈപാസുകളും, ബൈപാസിനോട് അനുബന്ധിച്ച് ദീർഘദൂര ബസ്സ് ബേകൾ ഒരുക്കുക, ഇവിടെ നിന്നും നഗരാന്തർഭാഗത്തേയ്ക്ക് ചെറിയ ബസ്സുകളും ആരംഭിക്കുക. വലിയ ഭാര വാഹനങ്ങൾ നഗരാന്തർഭാഗത്തേയ്ക്ക് കടക്കുന്നതിന് സമയവും ഫീസും നിശ്ചയിക്കുക. ആ സമയം വരെ പാർക്ക് ചെയ്യുവാൻ സമീപ പഞ്ചായത്തുകളിൽ പാർക്കിംഗ് സംവിധാനം ഒരുക്കുക. ഈ വക ഗതാഗത പാർക്കിംഗിന്റെ നിയന്ത്രണത്തിനായി പ്രത്യേക വിഭാഗത്തെ പരിശീലിപ്പിച്ച് തയ്യാറാക്കുക.

- പരസ്യബോർഡുകൾ വെയ്ക്കുമ്പോൾ റോഡ് സുരക്ഷ ഉറപ്പുവരുത്തുന്ന രീതിയിൽ മാത്രം ചെയ്യേണ്ട നിയമങ്ങളും നിർദ്ദേശങ്ങളും രൂപീകരിക്കുക.
- തെരുവ് വിളക്കുകൾ, ഹൈമാസ്റ്റ് ലൈറ്റ് എന്നിവ ശാസ്ത്രീയമായി വിന്യസിക്കാനുള്ള സമഗ്ര മാർഗ്ഗരേഖ എല്ലാ പഞ്ചായത്തുകളിലും വികസിപ്പിക്കുക.

- പാതയോരങ്ങളിൽ കാടുപോലെ വളരുന്ന പുല്ലും മറ്റ് ചെടികളും നീക്കം ചെയ്യുന്നതിന് യന്ത്രവൽകൃത പുൽവെട്ടികൾ കുടുംബശ്രീകൾക്ക് വിതരണം ചെയ്യുക. പാതയുടെ സൌന്ദര്യ വൽകരണവും, പ്ലാസ്റ്റിക്ക് മാലിന്യ നിർമ്മാർജ്ജനവും ഇവരെത്തന്നെ ഏൽപ്പിക്കുക.
- റോഡ് നിർമ്മാണത്തിന്റെ ക്വാളിറ്റി പരിശോധിക്കുവാനുള്ള സംവിധാനം.

BRT അഥവാ ബസ്സ് റാപ്പിഡ് ട്രാൻസിറ്റ് എന്ന സംവിധാനം വികസിപ്പിക്കുവാൻ ജില്ലയിൽ ഏറ്റവും അനുയോജ്യമായ സ്ഥലമാണ് ആലപ്പുഴ-ചങ്ങനാശ്ശേരി പാത. ആതിനുവേണ്ട പദ്ധതി നിർവ്വഹണത്തിനുള്ള നടപടികൾ ആരംഭിക്കാവുന്നതാണ്.

ഇപ്പോൾ സംസ്ഥാന സർക്കാരിന്റെ പരിഗണനയിൽ ഇരിക്കുന്ന കൊടുങ്ങല്ലൂർ, വൈറ്റില ഇലക്ട്രിക് ബി.ആർ.റ്റി. എഴുപുന്നവരെ നീട്ടുവാൻ ഉദ്ദേശിക്കുന്നുണ്ട്. എന്നാൽ എഴുപുന്നയിൽ ഇതിന്റെ ചാർജിംങ്ങ് മെയിന്റനൻസ് സൌകര്യങ്ങൾക്ക് ആവശ്യമായ സ്ഥല ലഭ്യത ഒരു പ്രശ്നമാകാൻ സാധ്യതയുള്ളതിനാൽ ആയത് തുറവൂരിലേയ്ക്ക് മാറ്റി സ്ഥാപിക്കുകയാണെങ്കിൽ പഞ്ചായത്ത് സ്ഥലം നൽകി ഒരു മൊബിലിറ്റി ഹബ് വികസിപ്പിക്കുവാൻ സാധിക്കുന്നതാണ്. കൂടാതെ ഇവിടെ നിന്നും തൈക്കാട്ടുശേരി, കോട്ടയം പാത വികസിപ്പിക്കുന്നത് ഗതാഗത സൌകര്യം വർദ്ധിക്കുവാനും പഞ്ചായത്തിന്റെ വികസനത്തിനും ഇടയാകും.

ദേശീയപാത ഏറ്റവും കൂടുതലായി കടന്നുപോകുന്ന ആലപ്പുഴ ജില്ലയിൽ ഗതാഗതക്കുരുക്ക് പരിഹരിയ്ക്കപ്പെടേണ്ടതായ ഒരു വിഷയമാണ്. ആലപ്പുഴ നഗരത്തിൽ നിരന്തരം നടപ്പിലാക്കികൊണ്ടിരിക്കുന്ന ട്രാഫിക് പരിഷ്കാരങ്ങൾ ഫലപ്രാപ്തിയിൽ എത്തുന്നില്ല. ടി വിഷയത്തിൽ കെ.എസ്.ആർ.റ്റി.സി.യ്ക്ക് നൽകുവാനുള്ള നിർദ്ദേശം പൊതുഗതാഗത സംവിധാനം ശക്തിപ്പെടുത്തുകയെന്നുള്ളതാകുന്നു. ചെറു വാഹനങ്ങളുടെ നഗരത്തിലേയ്ക്കുള്ള തള്ളിക്കയറ്റമാണ് ഗതാഗതക്കുരുക്ക് വർദ്ധിക്കുവാനുള്ള കാരണം. നഗരപരിധി നിർണ്ണയിച്ചുകൊണ്ട് ചെറുവാഹനങ്ങളുടെ നഗരത്തിലേയ്ക്കുള്ള വരവ് നീയന്ത്രിക്കുകയും അവയ്ക്ക് പ്രസ്തുത സ്ഥലങ്ങളിൽ ആവശ്യമായ പാർക്കിംഗ് സംവിധാനം ഏർപ്പെടുത്താവുന്നതുമാണ്. അതോടൊപ്പം തന്നെ അവിടെ നിന്നും യാത്രക്കാരെ നഗരത്തിലേയ്ക്ക് കൊണ്ടുവരുന്നതിലേയ്ക്കായി കൂടുതൽ പൊതുഗതാഗത സൌകര്യങ്ങൾ ഏർപ്പെടുത്താവുന്നതാണ്. കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി ഇലക്ട്രിക്ക് ബസുകൾ ഏർപ്പെടുത്തിയും ഗതാഗതക്കുരുക്ക് ഒഴിവാക്കാവുന്നതാണ്. കൂടാതെ നഗരത്തിലെ ബസ് സ്റ്റോപ്പുകളിലുള്ള കെ.എസ്.ആർ.റ്റി.സി. വെയിറ്റിംഗ് ഷെഡുകൾ എ.റ്റി.എം. സൌകര്യങ്ങൾ ഉൾപ്പെടെയുള്ള എ.സി. ഷെൽറ്ററുകൾ പരിവർത്തനം ചെയ്യേണ്ടതും ഒരു നിർദ്ദേശമായി സമർപ്പിക്കുന്നു. ഈ നിർദ്ദേശങ്ങൾ ചർച്ചയ്ക്ക് വിധേയമാകാവുന്നതും കേന്ദ്ര-സംസ്ഥാന പദ്ധതികളിൽ ഉൾപ്പെടുത്തി പൊതുജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ പദ്ധതി നിർവ്വഹണം നടത്താവുന്നതുമാണ്.

## നിർദ്ദേശങ്ങൾ

### മേൽത്തട്ട്

- ആലപ്പുഴ - ഹരിപ്പാട്, കായംകുളം, ആലപ്പുഴ - ചങ്ങനാശ്ശേരി എന്നീ മേഖലയിൽ ബസ്സ് റാപ്പിഡ് ട്രാൻസിസ്റ്റ് കോറിഡോർ നടപ്പിൽ വരുത്തുന്നതിനേക്കുറിച്ച് പഠനം നടത്തുക.
- കടലും കായലും ബന്ധിപ്പിക്കുന്ന വിനോദ ഗതാഗത സംവിധാനം രൂപകല്പന ചെയ്യുക.
- എല്ലാ റോഡ് ജംഗ്ഷനുകളും ആധുനികവൽക്കരിക്കുക.
- വേമ്പനാട് ജലഗതാഗത പദ്ധതി ആസൂത്രണം ചെയ്യുക.
- ഇലക്ട്രിക് വാഹന ഉപയോഗം സാദ്ധ്യമാക്കുക. ആലപ്പുഴ, പുന്നപ്ര, അമ്പലപ്പുഴ, കരുമാടി, തകഴി, വയലാർ, കുട്ടനാട് എന്നിവ ഒരു ടൂർ പാക്കേജാക്കി ഇലക്ട്രിക് എ/സി ബസ്സ് സർവ്വീസ് ആരംഭിക്കുക.
- ഗതാഗത മേഖലയെ ഏകോപിപ്പിക്കുന്നതിന് വിവരസാങ്കേതിക വിദ്യയുടെ പ്രയോഗം വർദ്ധിപ്പിക്കൽ.
- ജലമാർഗമുള്ള ഗതാഗത ചരക്ക് കടത്ത് മാർഗ്ഗങ്ങളുടെ വികസനം.
- വിവര സാങ്കേതിക വിദ്യയിലൂടെ മാസ് കമ്മ്യൂണിക്കേഷൻ സങ്കേതങ്ങൾ വികസിപ്പിക്കുക.
- ജനങ്ങൾക്ക് തിരികെ ഭരണകൂടവുമായി ബന്ധപ്പെടാൻ കാര്യക്ഷമമായ സംവിധാനങ്ങളുടെ വികസനവും തദ്വാര സത്ഭരണവും സമഗ്രമായ നീതി നിർവ്വഹണവും നിലനിൽക്കുന്നു എന്ന ബോധം ജനങ്ങളിൽ ഉളവാക്കൽ.
- വിവിധ ഭരണ നിർവ്വഹണങ്ങൾക്കായി കോൾസെന്ററുകൾ വികസിപ്പിക്കൽ.
- കോംപ്രിഹെൻസീവ് മൊബിലിറ്റി പ്ലാൻ.
- ആലപ്പുഴ ജില്ലയിലെ എല്ലാ പട്ടണങ്ങളിലേയും റോഡിന്റെ സ്ഥല സൌകര്യം അപഹരിക്കുന്ന കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് ശാസ്ത്രീയമായ സ്ഥിരം സംവിധാനവും അതിനുവേണ്ട പണ ലഭ്യതയും ഉറപ്പുവരുത്തുക.
- കൊടുങ്ങല്ലൂർ-ഇരവൂർ ബി.ആർ.റ്റി.-ഇലക്ട്രിക് നടപ്പിലാക്കുക.

### കീഴ് ത്തട്ട്

- ജില്ലയുടെ ഗതാഗത സംവിധാനം സമഗ്രമായ പഠനത്തിനു വിധേയമാക്കി 30 വർഷത്തെ ദീർഘവീക്ഷണത്തോടുകൂടി ഒരു സമഗ്രഗതാഗത പദ്ധതി തയ്യാറാക്കി പ്രസിദ്ധപ്പെടുത്തുക.
- പൊതുഗതാഗത സംവിധാനങ്ങളെ പരസ്പരം ബന്ധിപ്പിക്കുക.
- ജില്ലയുടെ യാത്രാസംവിധാനത്തിനായി എവിടേയും ഉപയോഗിക്കാവുന്ന കാർഡ് (റുപേ) പ്രയോഗത്തിൽ കൊണ്ടുവരിക.
- പ്രധാന സ്ഥലങ്ങളിൽ കാൽനടയാത്രക്കാർക്ക് റോഡ് മുറിച്ചുകടക്കാനുള്ള സിഗ്നൽ സംവിധാനം ഒരുക്കുക.
- റോറോ സംവിധാനത്തിലൂടെ റോഡു മാർഗമുള്ള ചരക്ക് ഗതാഗതത്തെ മാതൃകയാക്കുക.

- കാൽനടപ്പാത, സൈക്കിൾ പാത എന്നിവ നിർമ്മിക്കുകയും പട്ടണപ്രദേശത്ത് വേലികെട്ടി തിരിക്കുകയും ചെയ്യുക.
- മലിനീകരണ തോത് നിയന്ത്രണ വിധേയമാക്കി പ്രതിവർഷം കുറവ് രേഖപ്പെടുത്തി പൂജ്യം തോതിലേയ്ക്ക് എത്തിക്കുന്നതിനുള്ള സമഗ്രകാഴ്ചപ്പാട്.
- റോഡ് അപകടങ്ങൾ കുറയ്ക്കുവാൻ വേണ്ട ശാസ്ത്രീയ സമീപനങ്ങൾ.
- അപകടങ്ങളിൽപ്പെട്ടവരെ കൈകാര്യം ചെയ്യുന്നതിനുള്ള ട്രോമാകെയർ അംബുലൻസ്, ആശുപത്രി സൌകര്യ വികസനം.
- ലാസ്റ്റ് മൈൽ കണക്ടിവിറ്റി.
- ഡ്രൈവർമാരുടെ ബോധവൽക്കരണം.
- പൊതുജനങ്ങൾക്കും വിദ്യാർത്ഥി സമൂഹത്തിനുമുള്ള ബോധവൽക്കരണം.
- യന്ത്രേതര ഗതാഗത മാർഗ്ഗങ്ങളിലേയ്ക്കുള്ള മാറ്റം.
- പാർക്കിംഗ് സൌകര്യ വികസനം
- പൊതുഗതാഗത വാഹനങ്ങൾക്കുള്ള സ്റ്റാൻഡുകളുടേയും മറ്റ് സൌകര്യങ്ങളുടേയും വികസനം.
- ഷീ ടാക്സി പോലുള്ള മാതൃകകളുടെ വ്യാപനം, സ്ത്രീകളുടെ ഗവൺമെന്റിതര സംഘടനകളെ ഗതാഗതവാർത്താവിനിമയ രംഗത്തേയ്ക്ക് ആകർഷിക്കൽ.
- ഗതാഗത രംഗത്തും വാർത്താവിനിമയ രംഗത്തും ത്രിതല പഞ്ചായത്തുകളുടെ സമഗ്രമായി ഇടപ്പെടാനുള്ള സങ്കേതങ്ങൾ വികസിപ്പിക്കുവാനുള്ള ഗവേഷണങ്ങൾ
- ആലപ്പുഴ-എറണാകുളം ജലമെട്രോ നിർമ്മിക്കണം.

# വിവരസാങ്കേതികം

വിവരസാങ്കേതികവിദ്യ ഇന്ന് എല്ലാ മേഖലകളിലും വലിയ മാറ്റങ്ങൾ സൃഷ്ടിക്കുവാൻ കാരണമായ ശാസ്ത്രശാഖയാണ്. പൊതുജീവിതത്തിലും ഒപ്പംതന്നെ ഭരണരംഗത്തും ഏറെ ഗുണപരമായ മുന്നേറ്റങ്ങൾക്ക് വിവരസാങ്കേതികവിദ്യ സഹായമായിട്ടുണ്ട്. കടലാസുകളിലൂടെയുള്ള പരമ്പരാഗത വിവരകൈമാറ്റ-ഫയൽനടപടികൾക്കു ബദലായി ഇന്ന് ഇ-മെയിലും ഇ-ഓഫീസും മറ്റു ഇ-ഗവർണൻസ് സംവിധാനങ്ങളും ഓഫീസുകൾ തമ്മിലും വകുപ്പുകൾ തമ്മിലും ജനങ്ങളുമായുമുള്ള വിവരകൈമാറ്റനടപടികളും സേവനദാനപ്രക്രിയകളും ആയാസരഹിതമാക്കുന്നു. വിവരസാങ്കേതിക മേഖലയിലെ സാധ്യതകളും നിയമ, സുരക്ഷാ വശങ്ങളും സംബന്ധിച്ച് പൊതുസമൂഹത്തിൽ കൂടുതൽ ബോധവൽക്കരണം വരുത്തുന്നതുവഴി കൂടുതൽ ജനങ്ങൾക്ക് വിവരസാങ്കേതിക രംഗത്തെ സാധ്യതകളെയും സൗകര്യങ്ങളെയും കൂടുതൽ ഗുണപരമായി ഉപയോഗപ്പെടുത്തുവാൻ സാധിക്കും. വിദ്യാഭ്യാസം, നൈപുണ്യവികസനം, സാമ്പത്തികക്രയവിക്രയങ്ങൾ, പൊതുജനസമ്പർക്കം, സേവനമേഖല, ആരോഗ്യം എന്നിങ്ങനെ ജനജീവിതത്തെ നേരിട്ട് സ്വാധീനിക്കുന്നതും സർക്കാർ നേരിട്ട് ഇടപെടുന്നതുമായ മേഖലകളിൽ വിവരസാങ്കേതികവിദ്യയുടെ സഹായത്തോടെ കൂടുതൽ പുരോഗതി കൈവരിക്കുവാൻ സാധിക്കും.

## ഇ-ഭരണനിർവഹണം

വിവിധ വകുപ്പുകളുടെ കീഴിലുള്ള ഇ-ഭരണനിർവഹണ സംവിധാനങ്ങൾ ജില്ലയിലെ സർക്കാർ ഓഫീസുകളും അവയുമായിബന്ധപ്പെടുന്ന ജനങ്ങളും ഉപയോഗപ്പെടുത്തിവരുന്നു. ജില്ലാതലത്തിൽ വിവിധവകുപ്പുകളുടെ ഡിജിറ്റൽ ഭരണനിർവഹണ സംവിധാനങ്ങൾ ഏകോപിപ്പിക്കുവാനായി ജില്ലാകളക്ടറുടെ അധ്യക്ഷതയിൽ ഒരു ജില്ലാ ഇഗവേണൻസ് സൊസൈറ്റി 2012 മുതൽ നിലവിലുണ്ട്. വിവരസാങ്കേതിക രംഗത്തെ സർക്കാർ സ്ഥാപനങ്ങളായ NIC, കേരള സ്റ്റേറ്റ് ഐടി മിഷൻ, CDIT, IKM (LSGD), KITE (വിദ്യാഭ്യാസവകുപ്പ്) തുടങ്ങിയവയും മറ്റെല്ലാ വകുപ്പുകളുടെയും സാങ്കേതിക വിഭാഗങ്ങളും മെച്ചപ്പെട്ട ഏകോപനത്തോടെ പ്രവർത്തിക്കേണ്ടുന്നതാണ്. ഇതിനായി ഡിജിറ്റൽവൽക്കരണം നടപ്പാക്കിവരുന്ന കൂടുതൽ വകുപ്പുകളെ ഉൾപ്പെടുത്തിക്കൊണ്ട് ജില്ലാ ഇ ഗവർണൻസ് സൊസൈറ്റി ശക്തിപ്പെടുത്തേണ്ടതുണ്ട്. ഇ-ഗവർണൻസ് പ്രവർത്തനങ്ങളുടെ മേൽനോട്ടത്തിനായും വകുപ്പുകൾക്കു സാങ്കേതികമായ സഹായം ഉറപ്പുവരുത്തുവാനായും ഈ സംവിധാനം ഉപയോഗപ്പെടുത്താം.

## ഇ-സേവനങ്ങൾ

വിവിധ വകുപ്പുകൾ അവരവരുടെ വെബ്സൈറ്റ് / മൊബൈൽ അപ്ലിക്കേഷനുകളിലൂടെ ജനങ്ങൾക്ക് സേവനങ്ങൾ നൽകിവരുന്നു. ജനങ്ങൾക്ക് നേരിട്ടും അക്ഷയ കേന്ദ്രങ്ങൾ മുഖേനയും സേവനങ്ങൾ ലഭിക്കുന്നതാണ്. സംസ്ഥാന സർക്കാർ മേൽനോട്ടത്തിൽ ജില്ലയിൽ 223 അക്ഷയ കേന്ദ്രങ്ങൾ ജനങ്ങൾക്ക് ഇ-സേവനങ്ങൾ ലഭ്യമാക്കുന്നതിനായി നിലവിൽ പ്രവർത്തിക്കുന്നു.

ഇഡിസ്ട്രിക്ട് പദ്ധതിയുടെ കീഴിൽ റവന്യു വകുപ്പിലെ 24 സർട്ടിഫിക്കറ്റ് സേവനങ്ങൾ, വിവിധ ബില്ലിംഗ് സേവനങ്ങൾ എന്നിവ അക്ഷയ കേന്ദ്രങ്ങൾ മുഖേനയും നേരിട്ടും പൊതുജനങ്ങൾക്ക് ഓൺലൈൻ ആയി നൽകിവരുന്നു. കൂടുതൽ വകുപ്പുകളുടെ സേവനങ്ങൾ ഈ പദ്ധതി വഴി ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ സർക്കാർ തലത്തിൽ നടന്നുവരുന്നു. ജില്ലാതലത്തിൽ ഓൺലൈൻ സേവനങ്ങളുടെ കാര്യക്ഷമത താരതമ്യേന ശരാശരിക്ക് മുകളിൽ നിൽക്കുന്നു എന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. ഈ സാഹചര്യം മെച്ചപ്പെടുത്തുവാൻ സാധിക്കുന്നതുവഴി ജനങ്ങൾക്ക് മെച്ചപ്പെട്ട സേവന ലഭ്യത ഉറപ്പാക്കുവാൻ കഴിയും.

## Service Reach based on applications approved in the State

The district-wise breakup of the no. of people served in terms of applications approved; per thousand of the district population for the month is examined here.

For e.g. If there are 1 lakh people in a district and if the no. of applications approved for the month is 2000, then the no. of people served per thousand shall be (2000/1lakh)*1000 = 20. Higher the no. of people served, better the performance.





Figure 1: Service uptake based on population district-wise during the review month

## Trend in Service Reach (Approval) in Alappuzha





Figure 2: Break-up of No. of population served (per thousand) - Alappuzha


This shows the trend in Service Reach based on approvals for the district compared to the last Financial Year 16-17.

The district holds the 5th position in terms of service uptake based on approvals in November 2017 and higher in performance than November 2016.

സംസ്ഥാന സർക്കാരിന് കീഴിലുള്ള എല്ലാ വകുപ്പുകളുടെയും **സേവനങ്ങളെ** സംസ്ഥാന സർക്കാരിന്റെ വെബ്സൈറ്റിലെ സർവീസ് പോർട്ടൽ മുഖേന **ഏകോപിപ്പിക്കുന്നതിനും** ഇതിലേക്ക് വെബ്സൈറ്റിലൂടെയും എം-കേരളം എന്ന ഒരു മൊബൈൽ അപ്ലിക്കേഷനിലൂടെയും **പൊതുജനങ്ങൾക്ക്** ഉപയോഗപ്പെടുത്തുന്നതിനുമുള്ള **പ്രവർത്തനങ്ങൾ** സംസ്ഥാന തലത്തിൽ **പുരോഗമിക്കുന്നു**.

## ഇ-ഓഫീസ്

സർക്കാർ **ഓഫീസുകളിലെ** ഫയൽ ഇടപാടുകൾ **കമ്പ്യൂട്ടർവൽക്കരിക്കുന്നതിനുള്ള** നൂതന പദ്ധതിയാണ് ഇ-ഓഫീസ്. **സംസ്ഥാനത്തുടനീളം** വിവിധ വകുപ്പുകളിൽ കേരളം **സംസ്ഥാന** ഐടി മിഷൻ NIC യുടെ സാങ്കേതിക **സഹായത്തോടെ** നടപ്പാക്കിവരുന്ന ഈ പദ്ധതിയുടെ കീഴിൽ ആലപ്പുഴ ജില്ലയിലെ കളക്ടേറ്റ്, റവന്യു ഡിവിഷണൽ ഓഫീസുകൾ എന്നിവ നിലവിൽ ഉൾപ്പെടുത്തി പ്രവർത്തനങ്ങൾക്ക് **തുടക്കമായിട്ടുണ്ട്**. 2018 അന്ത്യത്തോടെ കളക്ടേറ്റ് മുതൽ **താലൂക്ക്** ഓഫീസുകൾ വരെയുള്ള ഫയൽ ഇടപാടുകൾ **പൂർണമായി** ഇ-ഓഫീസിലേക്ക് മാറ്റുവാൻ ലക്ഷ്യമിടുന്നു. ഇ-ഓഫീസ് നിലവിലുള്ള ഓഫീസുകളിൽ **സമർപ്പിക്കുന്ന** അപേക്ഷകളിന്മേലുള്ള തൽസ്ഥിതിവിവരം ഫയൽ നമ്പർ ഉപയോഗിച്ച് ജനങ്ങൾക്ക് **അവരുടെ** വിരൽത്തുമ്പിൽ ലഭ്യമാകും എന്നതും ഈ **സംവിധാനത്തിന്റെ** പ്രത്യേകതയാണ്.




റവന്യു വകുപ്പിൽ വില്ലേജ് തലം വരെ ഇ-ഓഫീസ് നടപ്പാക്കി സുതാര്യവും **വേഗതയുള്ളതുമായ** ജില്ലാഭരണ സംവിധാനത്തിന് **അടിസ്ഥാനമാകുവാൻ** സാധിക്കണം. ഫയൽ **ഇടപാടുകൾ** കൂടുതലുള്ള മറ്റുവകുപ്പുകളും ഇത്തരത്തിലുള്ള നടപടികൾ സ്വീകരിക്കണം. ആലപ്പുഴ **ആസ്ഥാനമായിട്ടുള്ള** ജലഗതാഗതവകുപ്പ് 2018-ൽ ഇ-ഓഫീസ് സംവിധാനം വകുപ്പിന്റെ എല്ലാ **ഓഫീസുകളിലും** നടപ്പാക്കുവാനുള്ള **പ്രാരംഭനടപടികൾ** സ്വീകരിച്ചുവരുന്നു.

## പരിശീലനകേന്ദ്രം

ജില്ലയിലെ സർക്കാർ സ്ഥാപനങ്ങൾക്ക് ഡിജിറ്റൽ സംവിധാനങ്ങളിൽ പരിശീലനപരിപാടികൾ സംഘടിപ്പിക്കുവാനായി ഒരു ജില്ലാതല ഇ-ഗവെർണൻസ് പരിശീലനകേന്ദ്രം സ്ഥാപിതമായിട്ടുണ്ട്. വിവിധവകുപ്പുകളിലെ ഉദ്യോഗസ്ഥർക്ക് പ്രായോഗിക പരിശീലനത്തിന്റെ അഭാവം നികത്തുവാൻ ഈ സംവിധാനം ഉപയോഗപ്പെടുത്താവുന്നതാണ്. ഈ കേന്ദ്രത്തിനു അനുബന്ധമായി ജില്ലാതലത്തിൽ മൊബൈൽ / സോഫ്റ്റ്വെയർ ആപ്ലിക്കേഷനുകൾ വികസിപ്പിക്കുന്നതിനായി ഒരു പദ്ധതി ആവിഷ്കരിച്ചു നടപ്പാക്കാവുന്നതാണ്. ജില്ലയിൽ പ്രാദേശികമായുള്ള സോഫ്റ്റ്വെയറുകൾ, ആപ്പുകൾ എന്നിവയുടെ വികസനവും സപ്പോർട്ടും ഇവിടെ നടപ്പാക്കുവാൻ സാധിക്കേണ്ടതാണ്.

നിരവധി സർക്കാർ സേവനങ്ങളും ദൈനംദിന ജീവിതത്തിലെ മിക്ക സേവനങ്ങളും ഓൺലൈൻ മാർഗം ലഭ്യമായിട്ടുള്ള ഈ കാലഘട്ടത്തിൽ ഇത്തരം സൗകര്യങ്ങൾ ഉണ്ടായിട്ടും അജ്ഞത, ഭയം എന്നിവ മൂലം ഇവ നേരിട്ട് ഉപയോഗപ്പെടുത്തുന്നതിൽനിന്നു മാറിനിൽക്കുന്ന വലിയൊരു വിഭാഗം ജനങ്ങൾ നമ്മുടെ സമൂഹത്തിൽ ഉണ്ട്. കൂടാതെ ഓൺലൈൻ രംഗത്ത് റിപ്പോർട്ട് ചെയ്യപ്പെടുന്ന തട്ടിപ്പുകളും മറ്റും ജനങ്ങളെ ആശങ്കപ്പെടുത്തുന്നതാണ്. പ്രത്യേകിച്ചും ആലപ്പുഴ ജില്ലയിൽ നിന്നും കഴിഞ്ഞ ഏതാനും മാസങ്ങളിലായി ബാങ്ക് ഉപഭോക്താക്കൾ ഓൺലൈൻ തട്ടിപ്പിനിരയാക്കപ്പെട്ട സംഭവങ്ങൾ ശരാശരിയിലും കൂടുതലായി റിപ്പോർട്ട് ചെയ്യപ്പെട്ടു. ഈ പശ്ചാത്തലത്തിൽ ജില്ലയിലെ പൊതുജനങ്ങൾക്ക് ഇ-ഗവേണൻസ്, എം-ഗവേണനസ് സേവനങ്ങളെക്കുറിച്ചും ഡിജിറ്റൽ സാമ്പത്തിക ഇടപാടുകളെക്കുറിച്ചും ബോധവൽകരിക്കാനായി അക്ഷയ, കുടുംബശ്രീ, സ്റ്റുഡെന്റ് പോലീസ് കേഡറ്റ്, ഭാരതീയ സ്റ്റേറ്റ് ബാങ്ക് എന്നിവ ചേർന്ന് ഡിജിറ്റൽ ശാക്തീകരണ യജ്ഞം, ഡിജിറ്റൽ പണമിടപാടുകളിൽ സുരക്ഷിതത്വം ഉറപ്പുവരുത്തുവാനായുള്ള ബോധവൽക്കരണത്തിനായി ജില്ലാഭരണകൂടത്തിന്റെ നേതൃത്വത്തിൽ NIC, ജില്ലാ ഇ-ഗവർണൻസ് സൊസൈറ്റി, സൈബർസെൽ, ലീഡ്ബാങ്ക് എന്നിവ ചേർന്ന് SAVE പ്രചാരണ പരിപാടി എന്നിവ നടപ്പാക്കുന്നു. കൂടാതെ ഉദ്യോഗസ്ഥതലത്തിൽ സൈബർ സുരക്ഷാ നയങ്ങൾ നടപ്പാക്കുന്നതിനുള്ള വിടവുകൾ ബോധവൽക്കരണത്തിലൂടെയും നിയന്ത്രണങ്ങളിലൂടെയും നികത്തേണ്ടത് സുപ്രധാനമാണ്.

ജനങ്ങൾ വിവിധ ഇ-സേവനങ്ങൾക്കായി അക്ഷയ കേന്ദ്രങ്ങൾ ഉപയോഗപ്പെടുത്തുന്നു. നിലവിൽ 223 അക്ഷയ കേന്ദ്രങ്ങൾ ആണ് ജില്ലയിൽ വിജ്ഞാപനം ചെയ്ത പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്. വരുംകാലത്തിൽ അക്ഷയ കേന്ദ്രങ്ങളെ പ്രാദേശിക വിവരസാങ്കേതികരംഗത്തെ മികവിന്റെ കേന്ദ്രങ്ങളായി രൂപാന്തരപ്പെടുത്തും. പൊതുജനങ്ങൾക്ക് സേവനങ്ങൾ ലഭ്യമാക്കുന്നതിന് പുറമെ വിവരസാങ്കേതിക മേഖലയിലെ പരിശീലനങ്ങൾ, നൈപുണ്യവികസന പരിപാടികൾ എന്നിവ നടപ്പാക്കുവാനും, ചെറുകിട ഐടി വ്യവസായ യൂണിറ്റുകളായി വ്യാവസായിക അടിസ്ഥാനത്തിൽ ഡിജിറ്റൈസേഷൻ, ഡാറ്റഎൻട്രി തുടങ്ങിയ ജോലികൾ സർക്കാർ-സർക്കാരിതര സ്ഥാപനങ്ങൾക്കായി വാണിജ്യാടിസ്ഥാനത്തിൽ ഏറ്റെടുത്തു നടപ്പാക്കുവാൻ മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ഉള്ള അക്ഷയ കേന്ദ്രങ്ങളെ പര്യാപ്തമാക്കും.

ഇന്റർനെറ്റ് ഉപയോക്താക്കളുടെ എണ്ണത്തിൽ സമീപ വർഷങ്ങളിൽ ഗണ്യമായ വർദ്ധനവാണ് രേഖപ്പെടുത്തിയിട്ടുള്ളത്. കൂടാതെ മിക്ക സർക്കാർ കാര്യാലയങ്ങളിലും മികച്ച വേഗതയോടുകൂടിയ ഇന്റർനെറ്റ് ലഭ്യമാക്കിവരുന്നു. എന്നാൽ ഈ വിപ്ലവത്തിന്റെ ഫലം മുഴുവൻ ജനങ്ങളിലേക്കും എത്തേണ്ടതുണ്ട്. തിരക്കുള്ള പൊതുസ്ഥലങ്ങളിൽ പരിമിതമായ സൗജന്യനിരക്കിലുള്ള വൈഫൈ ഇന്റർനെറ്റ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള ഐടി മിഷൻ - ബിഎസ്എൻഎൽ സംയുക്ത "പബ്ലിക് വൈഫൈ പദ്ധതി", ഐടി ഇൻഫ്രാസ്ട്രക്ചർ - വൈദ്യുതിബോർഡ് സംയുക്ത സംരംഭമായ "കേരള ഫൈബർ ഒപ്റ്റിക് നെറ്റ്-വർക്" (KFON) എന്നിവ ജില്ലയിലെ ഇന്റർനെറ്റ് ലഭ്യത മെച്ചപ്പെടുത്തുന്നതിനും ഇ-സേവനങ്ങളുടെ പ്രചാരവും കാര്യക്ഷമതയും മെച്ചപ്പെടുത്തുന്നതിനും കാരണമാകും. പബ്ലിക് വൈഫൈ പ്രോജെക്ടിനുകീഴിൽ രണ്ടു ഘട്ടങ്ങളിലായി 180ഓളം സ്ഥലങ്ങളിലാണ് വൈഫൈ സ്പോട്ടുകൾ സ്ഥാപിക്കുക. KFON പദ്ധതിയിൽ ആദ്യഘട്ടത്തിൽ പ്രധാന സർക്കാർ ഓഫീസുകൾക്കും സ്ഥാപനങ്ങൾക്കും പിന്നീട് മുഴുവൻ ഓഫീസുകൾക്കും ശേഷം സ്വകാര്യസ്ഥാപനങ്ങൾക്കും വീടുകൾക്കും അതിവേഗ ഇന്റർനെറ്റ് കണക്ടിവിറ്റി ലഭ്യമാക്കും.

വിദ്യാഭ്യാസ സ്ഥാപനങ്ങൾ, വിവിധ വകുപ്പുകൾ എന്നിവർക്ക് കോഴ്സുകൾ, പരിശീലന പരിപാടികൾ എന്നിവ സംഘടിപ്പിക്കുവാൻ ഓൺലൈൻ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ടു കുറഞ്ഞ ചെലവിൽ കൂടുതൽ പഠിതാക്കളിലേക്കു എത്തിച്ചേരുവാൻ സാധിക്കും. നിലവിലെ സ്മാർട്ട് ക്ലാസ് റൂം-ലൈബ്രറി സംവിധാനങ്ങൾ, മൂഡിൽ പോലെയുള്ള ഓൺലൈൻ LMS (Learning Management Systems), NPTEL പോലെയുള്ള MOOC (Massive Online Open Courseware) പ്ലാറ്റ്ഫോമുകൾ എന്നിവ ഇതിലേക്ക് ഉപയോഗപ്പെടുത്തുവാൻ സാധിക്കും. ഓൺലൈൻ ആയി ബിരുദ പ്രോഗ്രാമുകൾ നടത്തുവാനുള്ള കേന്ദ്ര മാനവവിഭവശേഷി മന്ത്രാലയത്തിന്റെ നിർദേശം ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഓൺലൈൻ പഠനരംഗത്ത് പുതിയ സാധ്യതകൾ തുറന്നിടുന്നു.

## വിവരസാങ്കേതിക വ്യവസായ മേഖല

വിവരസാങ്കേതിക രംഗത്തെ കേരളത്തിന്റെ പ്രത്യേക സാഹചര്യത്തിലുള്ള സാധ്യത മനസിലാക്കികൊണ്ടുതന്നെ ഇന്ത്യയിലെ ഏറ്റവും ആദ്യത്തെ വിവരസാങ്കേതിക പാർക്കായ ടെക് നോപാർക് സ്ഥാപിച്ചതിലൂടെ ഒരു മികച്ച തുടക്കം ഈ മേഖലയിൽ കുറിക്കുവാൻ കേരളത്തിന് സാധിച്ചു. എന്നാൽ പിന്നീടങ്ങോട്ട് നമ്മുടെ അയൽ സംസ്ഥാനങ്ങൾ ഈ മേഖലയിൽ ഉണ്ടാക്കിയ മുന്നേറ്റത്തിന് ആനുപാതികമായ ഒരു നേട്ടം പ്രായോഗികമായ പല കാരണങ്ങൾ കൊണ്ട് കേരളത്തിന് കൈവരിക്കുവാൻ സാധിക്കാതെവന്നു. കേരളത്തിൽനിന്നുള്ള നിരവധി സാങ്കേതികവിദഗ്ധരായ പ്രഫഷനലുകളും സംരംഭകരും ഇതരസംസ്ഥാനങ്ങളിലെ അവസരങ്ങളെ തേടിപ്പിടിക്കുന്ന സാഹചര്യമാണുള്ളത്. ആലപ്പുഴ ജില്ലയെ സംബന്ധിച്ചിടത്തോളം ചേർത്തല പള്ളിപ്പുറത്തുള്ള ഇൻഫോപാർക് ആണ് നിലവിലുള്ള ഏക ഐടി വ്യവസായ കേന്ദ്രം. ഐടി വ്യവസായങ്ങളുടെയും വിദ്യാഭ്യാസസ്ഥാപനങ്ങളുടെയും കേന്ദ്രമായ എറണാകുളം നഗരത്തോട് അതിർത്തി പങ്കിടുന്ന ജില്ലയുടെ വടക്കൻ മേഖലയിൽ ഈ വ്യവസായസാധ്യത കൂടുതൽ ഉപയോഗപ്പെടുത്താവുന്നതാണ്. അരൂരിലെ വ്യാവസായിക മേഖല, പള്ളിപ്പുറം ഇൻഫോപാർക് എന്നിവിടങ്ങളിലേക്ക് കൂടുതൽ നിക്ഷേപങ്ങൾ ആകർഷിക്കുന്ന വിധത്തിൽ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്താൻ സാധിക്കും. പ്രത്യേകിച്ചും ഇൻഫോപാർക് സ്ഥിതിചെയ്യുന്ന മേഖലയിൽ ഗതാഗത, വാണിജ്യ അനുബന്ധസൗകര്യങ്ങൾ മെച്ചപ്പെടുത്തുവാൻ സാധിക്കുന്നതിലൂടെ കൂടുതൽ സംരംഭങ്ങളെ ഇവിടേയ്ക്ക് ആകർഷിക്കുവാൻ സാധിക്കും.

ജില്ലയുടെ തെക്കൻ മേഖലയിൽ വിവരസാങ്കേതിക വ്യവസായത്തിന്റെ സാധ്യതകൾ കാര്യമായി വിശകലനം ചെയ്യപ്പെട്ടിട്ടില്ലാത്തതാണ്. സർക്കാർ, സഹകരണ, സ്വകാര്യ മേഖലകളിലായി നിരവധി സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ ചെങ്ങന്നൂർ, മാവേലിക്കര താലൂക്കുകളിലും ഈ താലൂക്കുകളുമായി അതിർത്തി പങ്കിടുന്ന സമീപ ജില്ലകളിലെ പ്രദേശങ്ങളിലുമായി സ്ഥിതിചെയ്യുന്നുണ്ട്. ഈ സ്ഥാപനങ്ങളുടെ സാങ്കേതികരംഗത്തെ മികവും ഇവിടങ്ങളിൽ നിന്നുള്ള പ്രൊഫഷണലുകളുടെ എണ്ണവും ഗുണവും പരിഗണിക്കുമ്പോൾ, ഈ മേഖല കേന്ദ്രീകരിച്ചുകൊണ്ട് പുതിയ ഒരു വിവരസാങ്കേതിക വ്യവസായ പാർക്കിനുള്ള സാധ്യത പരിഗണിക്കാവുന്നതാണ്. കൂടാതെ ഈ പാർക്കുകളിലും മികവുറ്റ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലും കേരള സ്റ്റാർട്ടപ്പ് മിഷനുമായി സഹകരിച്ചുകൊണ്ട് നവസംരംഭകർക്കു പശ്ചാത്തലസൗകര്യവും സാമ്പത്തികസ്രോതസ്സുകളും ലഭ്യമാക്കുന്നതിനുള്ള പദ്ധതികളും നിലവിൽ ഇത്തരത്തിൽ പ്രവർത്തിക്കുന്ന സംരംഭകത്വ സെല്ലുകളുടെ പ്രവർത്തനം വിശകലനം ചെയ്തുകൊണ്ട് അവ മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികളും ആവിഷ്കരിക്കാം.

വിവിധ ആവശ്യങ്ങൾക്കായി റോഡുകൾ വെട്ടിപ്പൊളിച്ചു നടത്തുന്ന നിർമാണങ്ങൾക്കു അനുമതി തേടുന്നതിനായും ഇത്തരം പ്രവൃത്തികൾ ബന്ധപ്പെട്ട വകുപ്പുമേലധികാരികളുടെ ഏകോപനത്തോടെ മാത്രം നടക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനായി ഒരു 'റോഡ് ടെണ്ടിങ് പെർമിറ്റ് മാനേജ്മന്റ് പോർട്ടൽ' നടപ്പാക്കാവുന്നതാണ്. ഇത്തരത്തിലുള്ള സംവിധാനം കണ്ണൂർ ജില്ലയിൽ വിജയകരമായി നടപ്പാക്കിവരുന്നുണ്ട്.

## വികസന വിടവുകൾ

- ഇ-ഗവർണൻസ് : വിവിധ വകുപ്പുകളുടെ വിവരസാങ്കേതിക വിഭാഗങ്ങൾ തമ്മിലുള്ള ഏകോപനക്കുറവ്; താഴേതട്ടിൽ ഉള്ള സാങ്കേതിക പരിമിതികൾ.
- പരമ്പരാഗത പ്രക്രിയകൾ അതേപടി പകർത്തുന്ന ഡിജിറ്റൽവൽക്കരണം
- സർക്കാർ ഇ-സേവനങ്ങൾക്കുള്ള വികേന്ദ്രീകൃത സ്വഭാവം, ഓരോ വകുപ്പിനും/സേവനത്തിനും വെവ്വേറെ സൈറ്റുകൾ/മൊബൈൽ ആപ്പുകൾ - ആയതുമൂലം ജനങ്ങൾക്കിടയിലുള്ള സംശയങ്ങളും പ്രചാരക്കുറവും
- ഫയൽനടപടികളിലെ കംപ്യൂട്ടർവല്ക്കരണം ഏതാനും വകുപ്പുകളിൽ മാത്രം (ഇ-ഓഫീസ്)
- ഉദ്യോഗസ്ഥതലത്തിലെ പ്രായോഗിക പരിശീലനത്തിന്റെ കുറവ് / പ്രാദേശികതലത്തിൽ പരിശീലന കേന്ദ്രങ്ങളുടെ അഭാവം
- സൈബർ സുരക്ഷ - പൊതുസമൂഹത്തിനുള്ള ആശങ്കകൾ; സർക്കാർ ഓഫീസുകളിൽ സുരക്ഷാ നയങ്ങൾ പ്രാവർത്തികമായിട്ടില്ലാത്തത്
- പൊതുജനങ്ങൾക്കും കാര്യാലയങ്ങൾക്കും ഇന്റർനെറ്റ് ലഭ്യതക്കുള്ള പരിമിതികൾ
- വിവരസാങ്കേതിക വ്യവസായമേഖല - നിലവിലെ പരിമിതമായ വളർച്ച, വിനിയോഗിക്കപ്പെട്ടിട്ടിലാത്ത സാധ്യതകൾ

## കാഴ്ചപ്പാട്

- ഇ-ഗവർണൻസ് എല്ലാ തലത്തിലും നടപ്പാക്കുകവഴി സർക്കാർ നടപടികൾക്ക് മെച്ചപ്പെട്ട വേഗത, കാര്യക്ഷമത, സുതാര്യത എന്നിവ കൈവരിക്കുക. വിവിധ വകുപ്പുകളും സ്ഥാപനങ്ങളും തമ്മിലുള്ള ഏകോപനം മെച്ചപ്പെടുത്തുക.
- "Less Paper" ഓഫീസുകൾ സാധ്യമാക്കുക - ഇതിനു ഓഫീസുകൾക്കു ആവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ, പരിശീലനം എന്നിവ ലഭ്യമാക്കുക
- എല്ലാ സർക്കാർ സേവനങ്ങൾക്കുമായി ഒരൊറ്റ ഇടം - ഒറ്റ ലോഗിനിൽ എല്ലാ വകുപ്പുകളുടെയും സേവനങ്ങൾ ഉദ്യോഗസ്ഥർക്കും ജനങ്ങൾക്കും ലഭ്യമാക്കുന്നതിനുള്ള സംവിധാനം നടപ്പാക്കണം. ഇതുവഴി വകുപ്പുകൾ തമ്മിൽ കാലതാമസവും തെറ്റുകളും കൂടാതെ വിവരങ്ങളുടെ അനായാസമായ കൈമാറ്റം സാധ്യമാകും
- ഉദ്യോഗസ്ഥർക്കും സാധാരണ ജനങ്ങൾക്കുമിടയിൽ ഇ-ഇടപാടുകളുടെ സ്വീകാര്യത വർധിപ്പിക്കുക
- സർക്കാർ സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി പൊതുനിർദേശങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ട് പരമ്പരാഗത സർക്കാർ പ്രക്രിയകളെ കാലഘട്ടത്തിനനുസരിച്ചു re-engineer ചെയ്തുകൊണ്ട് ഡിജിറ്റൈസേഷൻ നടപ്പാക്കുക. പരമാവധി സേവനങ്ങളും ഭരണപരമായ പ്രക്രിയകളും കാലാനുസൃതമായ പരിഷ്കാരങ്ങളോടെ മാത്രം ഡിജിറ്റൽവൽക്കരിക്കുക.
- സൈബർ സുരക്ഷ സംബന്ധിച്ചുള്ള ന്യൂനതകൾ കണ്ടെത്തി പരിഹരിക്കുകയും ജനങ്ങൾക്കും ഉദ്യോഗസ്ഥർക്കുമുള്ള ആശങ്കകളെ ദൂരീകരിക്കുകയും ചെയ്യണം.

ഓഫീസുകളിൽ സുരക്ഷാ നയങ്ങളുടെ പാലനം കൃത്യമായ മേൽനോട്ടത്തോടെ ഉറപ്പാക്കുക – പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുക

- സർക്കാരിലും സമൂഹത്തിലും എല്ലാ തലങ്ങളിലും ആവശ്യാനുസൃതമായ ഇന്റർനെറ്റ് സേവന ലഭ്യത
- വിവരസാങ്കേതിക വ്യവസായമേഖലയിൽ കൂടുതൽ നിക്ഷേപം, തൊഴിലവസരങ്ങൾ, നവസംരംഭങ്ങൾക്കു പുതിയ ആശയങ്ങൾ വിപണിയിലെത്തിക്കാനുള്ള മെച്ചപ്പെട്ട സാഹചര്യം ഒരുക്കുക
- ജില്ലയിൽ വിവരസാങ്കേതിക വ്യവസായ മേഖലയിൽ കൂടുതൽ നിക്ഷേപം, തൊഴിൽ – പള്ളിപ്പുറം ഇൻഫോപാർക്കിന്റെ വികസനം, പുതിയ പാർക്കിനുള്ള സാധ്യത,
- വിവരസാങ്കേതികമേഖലയിലെ സ്റ്റാർട്ട് അപ്പുകൾക്കു വിപണി, നിക്ഷേപം എന്നിവ കണ്ടെത്തുവാൻ ജില്ലയിൽ ഇൻക്യൂബേറ്റർ സംവിധാനം ഒരുക്കുക, കോളേജുകൾ കേന്ദ്രീകരിച്ചുള്ള സംരംഭകത്വ സെല്ലുകൾ ഇതിലേക്കായി ശക്തിപ്പെടുത്തുക

## മേൽത്തട്ട്


- പരമാവധി സേവനങ്ങളും ഭരണപരമായ പ്രക്രിയകളും കാലാനുസൃതമായ പരിഷ്കാരങ്ങളോടെ ഡിജിറ്റൽവൽക്കരിക്കുക.
- 2012-ൽ രൂപീകരിക്കപ്പെട്ട ജില്ലാ ഇ-ഗവർണൻസ് സൊസൈറ്റികളുടെ ഘടന കാലാനുസൃതമായി പ്രസക്തമായ വകുപ്പുകളെ ഉൾപ്പെടുത്തി പരിഷ്കരിക്കുക, ആയതിലൂടെ ജില്ലാതലത്തിലെ ഇ-ഗവർണൻസ് ഏകോപനം മെച്ചപ്പെടുത്തുക
- സർക്കാർ സേവനങ്ങൾക്കു ഏകീകൃത പോർട്ടൽ / മൊബൈൽ ആപ്പ് – ജില്ലാതലത്തിൽ ഡാഷ്ബോർഡുകൾ
- KFON, പബ്ലിക് വൈഫൈ പദ്ധതികൾ വഴി ഇന്റർനെറ്റ് ലഭ്യത മെച്ചപ്പെടുത്തുക
- അക്ഷയ കേന്ദ്രങ്ങളെ പ്രാദേശികതലത്തിൽ വിവരസാങ്കേതികരംഗത്തെ മികവിന്റെ കേന്ദ്രങ്ങളായി രൂപാന്തരപ്പെടുത്തുക – അക്ഷയ, കുടുംബശ്രീ എന്നിങ്ങനെ സഹകരണ-സ്വയംസഹായ മേഖലയിൽ പുറംകരാർ ജോലികൾ ഏറ്റെടുക്കുവാൻ പ്രാപ്തമായ ചെറുകിട ഐടി സംരംഭങ്ങൾക്ക് പ്രോത്സാഹനം നൽകുവാൻ പദ്ധതികൾ ആവിഷ്കരിക്കുക
- കൂടുതൽ വകുപ്പുകളിൽ കീഴ്ത്തട്ടുവരെയുള്ള ഫയൽ ക്രയവിക്രയങ്ങൾക്കു ഇ-ഓഫീസ് നടപ്പാക്കുക
- ജില്ലയുടെ തെക്കൻ മേഖലയിൽ പുതുതായി ഒരു വിവരസാങ്കേതികവ്യവസായ പാർക്കിനുള്ള സാധ്യത പരിശോധിക്കുക
- സ്ഥിതിവിവരകണക്കുകളുടെ വിശകലനത്തിനും അതുവഴിയുള്ള വികസന പദ്ധതി ആസൂത്രണത്തിനും Big Data Analytics സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കാവുന്നതാണ്
- വിദ്യാഭ്യാസ- പരിശീലന മേഖലകളിൽ ഓൺലൈൻ കോഴ്സുകൾ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് നടപ്പാക്കാവുന്നതാണ്.

## കീഴ്ത്തട്ട്

- ജില്ലാ ഇ-ഗവർണൻസ് സൊസൈറ്റി ശക്തിപ്പെടുത്തിക്കൊണ്ട വകുപ്പകൾക്ക് സർക്കാർ ഐടി സ്ഥാപനങ്ങളുടെ സാങ്കേതികസഹായവും താഴെത്തട്ടിലെ പ്രവർത്തനങ്ങളുടെ മേൽനോട്ടവും.
- ജില്ലാതല ഇ-ഗവേണൻസ് പരിശീലന കേന്ദ്രം സ്ഥാപിക്കപ്പെട്ടിട്ടുണ്ട് - പരിശീലന കേന്ദ്രത്തിന്റെ സാധ്യതകൾ വകുപ്പുകൾ പരമാവധി ഉപയോഗപ്പെടുത്തുക.
- ജില്ലാതലത്തിൽ സർക്കാർ വകുപ്പുകൾക്കായി മൊബൈൽ / സോഫ്റ്റ്വെയർ ആപ്ലിക്കേഷനുകൾ വികസിപ്പിക്കുന്നതിനായുള്ള സംവിധാനം ഒരുക്കുക.
- പ്രചാരണപരിപാടികൾ - ഇ-ഗവർണൻസ്, ഡിജിറ്റൽ പണമിടപാടുകൾ, സുരക്ഷാ ബോധവൽക്കരണം എന്നിവയുടെ പ്രചാരണത്തിന് പദ്ധതികൾ ആവിഷ്കരിക്കുക.
- ഇ-ഓഫീസ് നടപ്പാക്കിയ വകുപ്പുകളിൽ ആയതു താഴെത്തട്ടുവരെ എത്തിക്കുക.
- സൈബർ സുരക്ഷാനയങ്ങളുടെ കൃത്യമായ പാലനം ഉറപ്പാക്കുക.
- വ്യാവസായികമേഖല - പള്ളിപ്പുറം ഇൻഫോപാർക്കിന് ഗതാഗത, പശ്ചാത്തലസൗകര്യങ്ങൾ - അതുവഴി കൂടുതൽ നിക്ഷേപം ആകർഷിക്കുക.
- ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച സംരംഭകത്വസെല്ലുകൾ വഴി നവസാങ്കേതികസംരംഭങ്ങൾക്ക ആവശ്യമായ പിന്തുണ നൽകുക.
- "റോഡ് ടെഞ്ചിങ് പെർമിറ്റ് മാനേജ്മെന്റ് സിസ്റ്റം" നടപ്പാക്കുക.
- വിനോദസഞ്ചാരമേഖലയിലെ വഞ്ചിവീടുകളുടെയും മറ്റു യാനങ്ങളുടെയും നിരീക്ഷണത്തിനും അവ ഉപയോഗപ്പെടുത്തുന്ന സഞ്ചാരികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനുമായി DTPC, ടൂറിസം, SWTD, പോർട്ട് വകുപ്പുകൾ ഏകോപിപ്പിച്ചുകൊണ്ട് സാങ്കേതികസ്ഥാപനങ്ങളുടെ സഹായത്തോടെ ഓരോ ട്രിപ്പിന്റെയും വിവരങ്ങൾ യാത്രയുടെ ആരംഭത്തിൽ തന്നെ രേഖപ്പെടുത്തുവാനുള്ള രജിസ്ട്രേഷൻ പോർട്ടൽ സംവിധാനം നടപ്പാക്കാവുന്നതാണ് .
- കുഴൽക്കിണറുകൾക്കു അനുമതി ലഭ്യമാക്കുവാൻ ജിയോ-ടാഗിംഗോടുകൂടിയ ഓൺലൈൻ സംവിധാനം നടപ്പാക്കുക.
- IOT സാങ്കേതികവിദ്യ ശുദ്ധജല വിതരണ ശൃഖലയുടെ നിരീക്ഷണത്തിനു ഉപയോഗപ്പെടുത്തുക.

## വിനോദസഞ്ചാരം

പാരിസ്ഥിതിക പ്രശ്നങ്ങൾ ആലപ്പുഴ ജില്ലയിൽ പലതരത്തിൽ ഉയർന്നു വരുന്ന സാഹചര്യത്തിൽ പ്രകൃതിക്ക് പോറലേൽപ്പിക്കാതെ എങ്ങനെ വിനോദസഞ്ചാര മേഖലയെ ശക്തിപ്പെടുത്താം എന്നതാണ് വിനോദസഞ്ചാര ഉപസമിതിയുടെ പ്രധാന വിഷയമായി പരിഗണിക്കുന്നത്. ആലപ്പുഴയേയും സാസ്കാരിക പാരമ്പര്യത്തേയും ജൈവ വൈവിധ്യത്തിൽ സമ്പന്നമായ പ്രകൃതിയെയും പ്രയോജനപ്പെടുത്തിക്കൊണ്ട് വിനോദസഞ്ചാര മേഖലയെ പരിപോഷിപ്പിക്കുകയാണ് വേണ്ടത് എന്ന യാഥാർത്ഥ്യം തിരിച്ചറിയേണ്ടതാണ്. വിനോദസഞ്ചാര മേഖലയുടെ ഗുണഫലങ്ങൾ തദ്ദേശവാസികൾക്ക് കൂടി ലഭ്യമാകണം എന്ന നയത്തിന്റെ ഭാഗമായി റെസ്പോൺസബിൾ ടൂറിസം പോലുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നതിനും അനുസരിച്ചുള്ള കാഴ്ചപ്പാടിന് ഉപസമിതി ഈ അദ്ധ്യായത്തിൽ രൂപം നൽകുന്നതിനാണ് ശ്രദ്ധിക്കുന്നത്.



## വിനോദ സഞ്ചാരകേന്ദ്രങ്ങൾ

വിനോദ സഞ്ചാര മേഖലയിലെ വെല്ലുവിളികൾ അഭിമുഖീകരിക്കുന്നതിനായി ജില്ലയ്ക്ക് ഗുണകരമായ പ്രവർത്തനതന്ത്രങ്ങൾ രൂപീകരിക്കേണ്ടത് ആവശ്യമാണ്. അടിസ്ഥാന സൌകര്യത്തിലെ വിടവുകൾ നീക്കുക, പുതിയ ഉല്പന്നങ്ങളും വിനോദ സഞ്ചാര കേന്ദ്രങ്ങളും പ്രോത്സാഹിപ്പിക്കുക, പൈതൃക വിനോദ സഞ്ചാരത്തിന്റെ സാധ്യതകൾ ഉപയോഗപ്പെടുത്തുക, സുരക്ഷിതവും പരിസ്ഥിതി സൌഹാർദവുമായ വിനോദ സഞ്ചാര സൌകര്യങ്ങൾ പ്രദാനം ചെയ്യുക എന്നിവയിൽ ഊന്നിയ വികസന പ്രവർത്തനങ്ങളായിരിക്കണം ആലപ്പുഴ ജില്ലയുടെ ലക്ഷ്യം.


ആലപ്പുഴയിൽ മൂന്നുതരത്തിലുള്ള വിനോദ സഞ്ചാരികളാണ് പൊതുവേ എത്തിച്ചേരുന്നത്.

- മറ്റുരാജ്യങ്ങളിൽ നിന്നുള്ള വിനോദ സഞ്ചാരികൾ
- സംസ്ഥാനത്തിന് പുറത്തുനിന്നുള്ള വിനോദ സഞ്ചാരികൾ
- സംസ്ഥാനത്തിനകത്തു തന്നെ സഞ്ചാരം നടത്തുന്നവർ

ഈ മൂന്ന് വിഭാഗങ്ങളുടെയും താല്പര്യങ്ങളും സവിശേഷതകളും സംരക്ഷിക്കുന്നതായിരിക്കണം വിനോദ സഞ്ചാര മേഖലയിലെ വികസന പ്രവർത്തനങ്ങൾ


ജില്ലാ അടിസ്ഥാനങ്ങളിലുള്ള വിവരങ്ങൾ പരിശോധിച്ചാൽ കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ വിനോദ സഞ്ചാരികൾ വിവിധ ജില്ലകൾ തിരഞ്ഞെടുക്കുന്നതിൽ നാലാമത് ആലപ്പുഴയാണ്.

പ്രദേശങ്ങൾ അനുസരിച്ച് കേരളത്തിലെ വിദേശ വിനോദ സഞ്ചാരികളുടെ എണ്ണം താഴെ ചിത്രത്തിൽ ചേർക്കുന്നു.




*(അവലംബം – www.spb.kerala.gov.in/economic review 2016)*

കഴിഞ്ഞ പത്ത് വർഷങ്ങളിൽ കേരളത്തിലെ ആഭ്യന്തര വിനോദസഞ്ചാര വളർച്ചാനിരക്ക് ദേശീയ ശരാശരിയേക്കാൾ കുറവാണെന്ന് താരതമ്യം സൂചിപ്പിക്കുന്നു.




*(അവലംബം – www.spb.kerala.gov.in/economic review 2016)*

ആഭ്യന്തര വിനോദസഞ്ചാരികളെ സ്വീകരിക്കുന്നതിൽ ഏറ്റവും അധിക സംഭാവന എറണാകുളവും (23.2 ശതമാനം) രണ്ടാമത് തൃശ്ശൂരും (21.3 ശതമാനം) മൂന്നാമതായി തിരുവനന്തപുരവുമാണുള്ളത് (14.9 ശതമാനം)

2007 മുതൽ 2016 വരെ കേരളത്തിലെത്തിയ വിനോദ സഞ്ചാരികളുടെ സ്ഥിതി വിവരകണക്കുകൾ ചുവടെ ചേർക്കുന്നു.

**കേരളം സന്ദർശിച്ച വിദേശ, ആഭ്യന്തര വിനോദ സഞ്ചാരികളുടെ വിവരങ്ങൾ**

| വർഷം | ആഭ്യന്തരം | % വളർച്ചാ നിരക്ക് | വിദേശം | % വളർച്ചാ നിരക്ക് |
|---|---|---|---|---|
| 2007 | 6642941 | 5.92 | 515808 | 20.37 |
| 2008 | 7591250 | 14.28 | 598929 | 16.11 |
| 2009 | 7913537 | 4.25 | 557258 | -6.96 |
| 2010 | 8595075 | 8.61 | 659265 | 18.31 |
| 2011 | 9381455 | 9.15 | 732985 | 11.18 |
| 2012 | 10076854 | 7.41 | 793696 | 8.28 |
| 2013 | 10857811 | 7.75 | 858143 | 8.12 |
| 2014 | 11695411 | 7.71 | 923366 | 7.60 |
| 2015 | 12465571 | 6.59 | 977479 | 5.86 |
| 2016 | 13172535 | 5.67 | 1038419 | 6.23 |

*(അവലംബം – www.kerala.tourism.org.)*

| തദ്ദേശ വിനോദസഞ്ചാരികളുടെ വരവിന്റെ എണ്ണം 2014-15 | | |
|---|---|---|
| ജില്ല | തദ്ദേശ വിനോദസഞ്ചാരികളുടെ വരവിന്റെ എണ്ണം | |
| | 2014 | 2015 |
| 1 | 2 | 3 |
| തിരുവനന്തപുരം | 1707199 | 1861470 |
| കൊല്ലം | 257097 | 277109 |
| പത്തനംതിട്ട | 112548 | 126132 |
| ആലപ്പുഴ | 246156 | 270507 |
| കോട്ടയം | 413182 | 458101 |
| ഇടുക്കി | 635621 | 668537 |
| എറണാകുളം | 2724718 | 2897894 |
| തൃശ്ശൂർ | 2545376 | 2659897 |
| പാലക്കാട് | 475361 | 502244 |
| മലപ്പുറം | 449420 | 470261 |
| കോഴിക്കോട് | 769425 | 811538 |
| വയനാട് | 564274 | 607335 |
| കണ്ണൂർ | 584343 | 613199 |
| കാസർകോട് | 210691 | 241347 |
| ആകെ | 11695411 | 12465571 |

*(അവലംബം - വിനോദസഞ്ചാര വകുപ്പ് കേരള സർക്കാർ)*

## വികസന വിടവുകൾ

### കായൽ വിനോദ സഞ്ചാരവുമായി ബന്ധപ്പെട്ടവ

- നിയമവിധേയമല്ലാതെ പ്രവർത്തിക്കുന്ന പുരവഞ്ചികൾ
- സാങ്കേതിക പരിജ്ഞാനമില്ലാത്ത പുരവഞ്ചി ജീവനക്കാർ
- മാനദണ്ഡങ്ങൾ നിശ്ചയിക്കപ്പെടാത്ത വാടകയും സൌകര്യങ്ങളും
- ഇടനിലക്കാരുടെ ചൂഷണം
- പുരവഞ്ചികൾ സൃഷ്ടിക്കുന്ന മാലിന്യ പ്രശ്നങ്ങൾ
- പുരവഞ്ചികളുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനവ്
- കായൽ തീരങ്ങളിലെ റോഡുകളുടെയും, നടപതാകളുടെയും നിലവാര കുറവ്
- കായൽ വിനോദ സഞ്ചാരികൾക്ക് ഗ്രാമഭംഗിയും ജൈവവൈവിധ്യവും, ഗ്രാമീണ ജീവിത ശൈലികളും ആസ്വദിക്കാനുള്ള സൌകര്യങ്ങളുടെ അപര്യാപ്തത
- വിനോദസഞ്ചാര വികസനം മുൻകൂട്ടികാണാതെ നിർമ്മിച്ച അടിസ്ഥാന സൌകര്യങ്ങൾ
- വിനോദസഞ്ചാരികളുടെ വിവരശേഖരണ സംവിധാനത്തിലെ കുറവുകൾ

### കടൽ തീരങ്ങളുമായി ബന്ധപ്പെട്ടവ

- തീരപ്രദേശങ്ങളിൽ ഇപ്പോഴും തുടരുന്ന വെളിയിട വിസർജ്ജനം
- ബീച്ചുകളിലേക്കുള്ള ഗതാഗത സംവിധാനത്തിന്റെയും സൌന്ദര്യ വല്ക്കരണത്തിന്റെയും അഭാവം.

- ബീച്ചുകളിൽ വിനോദസഞ്ചാരികൾക്ക് പ്രയോജനപ്പെടുന്ന രീതിയിലുള്ള പ്രകാശ സംവിധാനത്തിന്റെ അഭാവം.
- ബീച്ചുകളിൽ പ്രവർത്തിക്കുന്ന ചെറുകിട വഴിയോര കച്ചവട സ്ഥാപനങ്ങളുടെ നിലവാരക്കുറവും പ്രവർത്തനങ്ങൾക്കുള്ള കൃത്യമായ മാർഗ്ഗനിർദ്ദേശങ്ങളുടെ കുറവ്.
- ബീച്ചിൽ എത്തുന്ന വിനോദ സഞ്ചാരികൾക്ക് ലഭ്യമാക്കിയിരിക്കുന്ന കുളിമുറികൾ, വസ്ത്രം മാറാനുള്ള സൌകര്യം അവരുടെ വസ്തുവകകൾ സൂക്ഷിക്കാനുള്ള സംവിധാനങ്ങളുടെ കുറവ്.
- വിനോദ സഞ്ചാരികളുടെ സുരക്ഷയ്ക്ക് ആവശ്യമായ സുരക്ഷാ മാർഗ്ഗനിർദ്ദേശങ്ങൾ പ്രദർശിപ്പിച്ചുള്ള ഇൻഫർമേഷൻ സൈൻ ബോർഡുകളുടെ അഭാവം.

## പൊതുവായുള്ളവ

- ശുദ്ധമായ കുടിവെള്ള സ്രോതസുകളുടെ കുറവ്
- ഭിന്നശേഷി സൌഹൃദമല്ലാത്ത അടിസ്ഥാന സൌകര്യങ്ങൾ
- മാതൃ- ശിശു സൌഹൃദ സൌകര്യങ്ങളുടെ അഭാവം
- ജില്ലയിലെ പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളെ സംബന്ധിച്ച് വിവരങ്ങൾ ലഭ്യമാക്കത്തക്ക വിധത്തിലുള്ള ഇൻഫർമേഷൻ കിയോസ്കുകളുടെ കുറവ്.
- ആലപ്പുഴയുടെ തനതായ അനുഷ്ഠാനങ്ങളും ആചാരങ്ങളേയും (കെട്ടുകാഴ്ച, കുത്തിയോട്ടം തുടങ്ങിയവ) കുറിച്ച് വിനോദ സഞ്ചാരികളെ ലക്ഷ്യമാക്കിയുള്ള പ്രചാരണത്തിന്റെ അഭാവം.
- ലോകത്ത് തന്നെ അതുല്യമായ കുട്ടനാട്ടിലെ ജലമേളകളും, ചുണ്ടൻ വള്ളങ്ങളും സാങ്കേതിക തികവാർന്ന രീതിയിൽ ലോക വിനോദ സഞ്ചാര മേഖലയിൽ അവതരിപ്പിക്കാൻ കഴിയാത്ത അവസ്ഥ.
- ആലപ്പുഴയുടെ പൈതൃകം സംരക്ഷിക്കുവാനും പ്രചരിപ്പിക്കാനുമുള്ള സംവിധാനങ്ങളുടെ അപര്യാപ്തത.

## കാഴ്ചപ്പാട്

- എല്ലാ പുരവഞ്ചികളും നിയമവിധേയമാക്കുകയും അവയുടെ നിലവാരത്തിനനുസരിച്ച് വാടക നിശ്ചയിക്കാനുള്ള സ്ഥിരം സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടത് അത്യാവശ്യമാണ്. പുരവഞ്ചിയാത്ര ഇഷ്ടപ്പെടുന്ന ഒരു വിനോദസഞ്ചാരിക്ക് ആവശ്യമായ സൌകര്യങ്ങളും അവർക്ക് അനുയോജ്യമായ വാടകയും സ്വയം തിരഞ്ഞെടുക്കുകയും, അത്തരം ഒരു പുരവഞ്ചിയിൽ യാത്ര ചെയ്യാനുള്ള യാത്രക്കാരുടെ സ്വാതന്ത്യത്തിന് ഉതകുന്ന ഒരു ഏക ജാലക സംവിധാനം ഏർപ്പെടുത്തിയാൽ ഈ മേഖല കൂടുതൽ വളർച്ചയിലേക്ക് എത്തിപ്പെടും
- എല്ലാപുരവഞ്ചി ജീവനക്കാർക്കും അവരുടെ വ്യക്തി വിവരങ്ങൾ പ്രദർശിപ്പിക്കുന്ന ഐഡന്റിറ്റി കാർഡുകളും, യൂണിഫോമും നിർബന്ധമാക്കിയാൽ തന്നെ വിനോദസഞ്ചാരികൾക്ക് ഈ മേഖലയോടുള്ള വിശ്വാസ്യത കൂടുവാൻ ഇടവരുത്തും. കൂടാതെ ജീവനക്കാർക്ക് അടിസ്ഥാനപരമായ പരിശീലനം നല്കി അവരുടെ ആത്മവിശ്വാസം വളർത്തി കൂടുതൽ യാത്രക്കാരെ ഇതിലേക്ക് ആകർഷിക്കാൻ സാധിക്കുന്നതായിരിക്കും.

- പുരവഞ്ചിയാത്രകൾ ഒരു ദിവസം മുഴുവൻ വഞ്ചികളിൽ തന്നെ കഴിഞ്ഞു കൂടാതെ വഞ്ചികൾ കടന്നു പോകുന്ന പ്രദേശങ്ങളിൽ ഇറങ്ങി തദ്ദേശ വാസികളുമായി ഇടപഴകുവാനും ടി പ്രദേശങ്ങളിലെ രുചിവൈവിധ്യങ്ങളും സംസ്കാരവും മനസിലാക്കി കടന്നു പോകുമ്പോൾ ആ പ്രദേശത്തിന്റെ സാമ്പത്തികവും, സാംസ്കാരികവുമായ ഉയർച്ചയ്ക്ക് അത് കാരണമാകും.
- പുരവഞ്ചികളിൽ നിന്നും കൃത്യമായി മാലിന്യ സംസ്കരണത്തിനുള്ള സ്ഥിരം സംവിധാനം നടത്തേണ്ടത് അത്യാവശ്യമാണ്. പുരവഞ്ചികളിലെ ജൈവ, അജൈവ മാലിന്യങ്ങൾ വഞ്ചികളിൽ നിന്ന് തന്നെ നേരിട്ട് ശേഖരിച്ച് അവ തരം തിരിച്ച് സംസ്കരിക്കുന്നതിനുള്ള സ്ഥിരം സംവിധാനം ഏർപ്പെടുത്തണം. ഇതിനായി വേണ്ടിവരുന്ന സാമ്പത്തിക ബാധ്യത പുരവഞ്ചികളിൽ നിന്ന് തന്നെ ഈടാക്കുകയും മാലിന്യമുക്തമായ കായൽ ടൂറിസം സാധ്യമാക്കുകയും ചെയ്യും.
- കടൽതീര പ്രദേശങ്ങളിൽ ബോധവൽക്കരണം നടത്തി വെളിയിട വിസർജ്ജനവും, മാലിന്യ നിക്ഷേപവും ഇല്ലാതാക്കിയാൽ ആലപ്പുഴയുടെ കടൽതീരങ്ങൾ ഏറെ ആസ്വാദ്യകരമായിരിക്കും. തീരപ്രദേശങ്ങൾ കേന്ദ്രീകരിച്ച് സാഹസിക വിനോദസഞ്ചാരത്തിനുള്ള സാധ്യതകൾകൂടി പ്രയോജനപ്പെടുത്തിയാൽ കടൽതീര പ്രദേശവാസികളുടെ സാമ്പത്തിക ഉന്നമനത്തിനുകൂടി വഴിതെളിക്കും.
- ആലപ്പുഴ ജില്ലയിലെത്തുന്ന വിനോദസഞ്ചാരികളിൽ ഭൂരിഭാഗവും ഒരുദിവസം പുരവഞ്ചികളിൽ താമസിച്ച് അടുത്ത ദിവസം കേരളത്തിലെ മറ്റ് പ്രദേശങ്ങളിലേക്ക് യാത്ര ചെയ്യുന്ന അവസ്ഥയാണിന്നുള്ളത്. യാത്രികരെ അടുത്ത ഒരു ദിവസംകൂടി ആലപ്പുഴയിൽ താമസിപ്പിക്കുവാനും അവർക്ക് ആസ്വാദ്യകരമായ രീതിയിൽ കാഴ്ചകൾ ഒരുക്കാനും കഴിയുന്ന ചരിത്രപരവും സാസംകാരികവുമായ കേന്ദ്രങ്ങൾ വികസിപ്പിച്ചെടുത്താൽ ഒരു അധികദിവസം കൂടി യാത്രികർ ആലപ്പുഴയിൽ ചിലവഴിക്കുകയും അതിന്റെ നേട്ടം ജില്ലാവാസികൾക്ക് ലഭിക്കുകയും ചെയ്യും.

## ജില്ലാതല ലക്ഷ്യങ്ങൾ മുൻഗണനാ ക്രമത്തിൽ

വിനോദസഞ്ചാരരംഗത്തെ വേറിട്ട അനുഭവമായതും ആലപ്പുഴയ്ക്കുമാത്രം സ്വന്തമായതുമായ കായൽ, ഇടതോട്, ഗതാഗത സംവിധാനത്തെ പ്രോത്സാഹിപ്പിക്കുവാനുള്ള നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു.

- കായൽ വിനോദ സഞ്ചാര മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന പുരവഞ്ചികൾ, മറ്റുസംവിധാനങ്ങൾ എന്നിവയെ നിയമാനുസൃതവും, സുസ്ഥിര സംഘടിതമായ മേഖലയായി മാറ്റിയെടുക്കുക.
- പുരവഞ്ചികൾ ഇന്ന് അറിയപ്പെടുന്നത് താമസ സൗകര്യം എന്ന നിലയിൽ മാത്രമാണ്. ഈ നിലയിൽ നിന്നും ബാക് വാട്ടർ ക്രൂസ് എന്ന ബ്രാൻഡിങ്ങിലേക്ക് പുരവഞ്ചികളെ മാറ്റിയെടുക്കുക.
- പൊതുവായ മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പുരവഞ്ചികളുടെ പ്രവർത്തനങ്ങൾ ക്രമപ്പെടുത്തുകയും അതിലൂടെ വിനോദ സഞ്ചാരികൾ നേരിടുന്ന അമിത ചൂഷണത്തിന് നിയന്ത്രണങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുക.

- കായൽ മലിനീകരണത്തിനിടവരുന്ന വിനോദ സഞ്ചാര പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിന് വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുള്ള ബോധവൽക്കരണവും കൃത്യമായ നിയന്ത്രണങ്ങളും ഏർപ്പെടുത്താവുന്നതാണ്.
- ആരോഗ്യ ടൂറിസം ഇന്ന് കേരളത്തിലും ലോകമെമ്പാടും അംഗീകരിക്കപ്പെട്ട ഒരു മേഖലയാണ്. ഈ മേഖലയുടെ സാധ്യതകൾ ആലപ്പുഴ ജില്ലയുടെ വിനോദ സഞ്ചാര പാരമ്പര്യത്തിന് പുത്തൻ ഉണർവ്വ് നൽകുന്നതാണ്. ആരോഗ്യരംഗത്ത് പ്രവർത്തിക്കുന്ന വിവിധ സർക്കാർ ഏജൻസികൾക്ക് സ്വകാര്യ പങ്കാളിത്തത്തോടുകൂടിയോ അല്ലാതെയോ ആരോഗ്യ ടൂറിസം മേഖലയിൽ പ്രവർത്തിക്കാൻ സാധിക്കുന്നതാണ്.
- ആലപ്പുഴ ജില്ലയുടെ തീരപ്രദേശങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട മാരാരിക്കുളം പോലുള്ള കടൽതീരങ്ങളിൽ നേരിടുന്ന പ്രധാന പ്രശ്നങ്ങളിൽ ഒന്നാണ് ഇറസായ പ്രദേശങ്ങളിലെ മലമൂത്ര വിസർജനം. 100 ശതമാനം സാക്ഷരതയും അത്ര തന്നെ സാമൂഹിക ഔന്നത്യവും അവകാശപ്പെടുന്ന കേരളത്തിൽ ഇത്തരത്തിൽ ഒരു ചർച്ചതന്നെ അപമാനകരമാണ്. ഏകദേശം 90 ശതമാനം ഏറെ വിദേശ വിനോദസഞ്ചാരികൾ എത്തിച്ചേരുന്ന മാരാരിക്കുളം പോലുള്ള ഭാഗങ്ങളിൽ ഇത്തരം പ്രവർത്തനങ്ങൾക്കെതിരെ ഒരു സാമൂഹിക അവബോധം സൃഷ്ടിക്കേണ്ടത് അനിവാര്യമാണ്. വിവിധ വകുപ്പുകളുടെ കൂട്ടായ പ്രവർത്തനം ഇക്കാര്യത്തിൽ ആവശ്യമാണ്.
- ആലപ്പുഴ ജില്ലയുടെ വിനോദ സഞ്ചാര മേഖല നേരിടുന്ന പ്രധാന അപര്യാപ്തത ആലപ്പുഴയുടെ ചരിത്രപാരമ്പര്യവും പ്രകൃതിവൈവിധ്യവും വിനോദസഞ്ചാരികൾക്ക് പൂർണ്ണമായും പകർന്നു നൽകാൻ കഴിയുന്നില്ല എന്നുള്ളതാണ്. കുട്ടനാട് ഭാഗങ്ങളിൽ കൂടി ഒട്ടനവധി സഞ്ചാരികൾ ജല മാർഗ്ഗം സഞ്ചരിക്കുന്നുണ്ടെങ്കിലും ആ പ്രദേശത്തിന്റെ ജീവിത ചുറ്റുപാടുകളെക്കുറിച്ചോ ജൈവവൈവിധ്യത്തെക്കുറിച്ചോ വിനോദ സഞ്ചാരികൾക്ക് നേരിട്ട് മനസ്സിലാക്കാൻ സാധിക്കുന്നില്ല എന്നത് ഒരു വസ്തുതയാണ്.
- ഇവിടെയാണ് ഉത്തരവാദിത്വ വിനോദ സഞ്ചാരത്തിന്റെ പ്രധാന്യം നിലനിൽക്കുന്നത്, ടൂറിസം വ്യവസായത്തെ ആ നാട്ടിലെ ജനങ്ങൾക്ക് നന്നായി ജീവിക്കാൻ കഴിയുന്നതരത്തിൽ നിലനിർത്തിക്കൊണ്ട് തന്നെ സഞ്ചാരികൾക്ക് എത്താനും താമസിക്കാനും, ആസ്വദിക്കാനും കഴിയുന്ന വിധത്തിൽ മാറ്റിയെടുക്കുക എന്നതാണ് ഉത്തരവാദിത്വ വിനോദസഞ്ചാരം ലക്ഷ്യമിടുന്നത്. വരുമാനത്തിന്റെ നല്ലൊരു പങ്ക് പ്രദേശവാസികൾക്ക് ലഭ്യമാക്കുക, ആ പ്രദേശത്തിന്റെ സാംസ്കാരിക പൈതൃകം സംരക്ഷിക്കുക, പരിസ്ഥിതി ആഘാതങ്ങൾ പരമാവധി ലഘൂകരിക്കുക എന്നിവയാണ് ഉത്തരവാദിത്വ ടൂറിസത്തിന്റെ പ്രധാന ഘടകങ്ങൾ.

## ഉത്തരവാദിത്വ വിനോദ സഞ്ചാരവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ

### മേൽത്തട്ട്

- തദ്ദേശവാസികളെ ഉൾപ്പെടുത്തി വിനോദ സഞ്ചാര മേഖലകളിലെ പ്രവർത്തനങ്ങളെ പരിപോഷിപ്പിക്കുക.
- വിനോദ സഞ്ചാര മേഖലയിൽ നിന്നുള്ള വരുമാനം തദ്ദേശിയരായ സാധാരണക്കാർക്ക് ലഭ്യമാക്കുന്ന വിധം പുനർനിർണ്ണയിക്കുക.
- പാരിസ്ഥിതിക ആഘാതം ലഘൂകരിക്കത്തക്ക വിധത്തിലുള്ള വിനോദ സഞ്ചാര വികസനം പ്രാവർത്തികമാക്കുക.

- പ്രാദേശിക തലത്തിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും തദ്ദേശ വാസികളുടെ പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുകയും ചെയ്യുക.
- വിനോദ സഞ്ചാര മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന എല്ലാ സമൂഹത്തിനും ബോധവത്ക്കരണവും പ്രായോഗിക പരിജ്ഞാനവും ലഭ്യമാക്കുക.
- പരിസ്ഥിതി സൗഹൃദ ഉല്പന്നങ്ങൾ ഈ മേഖലയിൽ പൂർണ്ണമായും എത്തിച്ച് നൽകുക. അത്തരം ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള സാങ്കേതിക പരിജ്ഞാനം ചെറുകിട സംരഭകർക്ക് നൽകുക.
- മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് സുസ്ഥിര സംവിധാനങ്ങൾ ഏർപ്പെടുത്തുക.
- ഫാം ടൂറിസവുമായി ബന്ധപ്പെട്ട് പ്രചാരണം നൽകുക.
- വിനോദ സഞ്ചാരവുമായി ബന്ധപ്പെട്ട വിഭവ സമാഹരണം.
- മേൽപ്പറഞ്ഞ എല്ലാപ്രവർത്തനങ്ങളും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ നടപ്പിലാക്കുക.

### കടൽതീര വിനോദ സഞ്ചാര കേന്ദ്രങ്ങളുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ

**കീഴ്ത്തട്ട്**

- തീര പ്രദേശങ്ങളിലെ വെളിയിട വിസ്സർജന വിമുക്തിക്കായി വിവിധ വകുപ്പുകളുടെ ഏകോപനം സാധ്യമാക്കുക.
- ബീച്ചുകളിലേക്കുള്ള ഗതാഗത സംവിധാനങ്ങൾ മെച്ചപ്പെടുത്തുക.
- തീരങ്ങളിൽ വിനോദ സഞ്ചാരികൾക്ക് ആവശ്യമായ പ്രകാശ സംവിധാനങ്ങൾ ഒരുക്കുകയും അവയുടെ സംരക്ഷണത്തിനായി വിവിധവകുപ്പുകളുടെ ഏകോപനം സാധ്യമാക്കുകയും ചെയ്യുക.
- ബീച്ചുകളിൽ പ്രവർത്തിക്കുന്ന ചെറുകിട വഴിയോര കച്ചവടസ്ഥാപനങ്ങൾക്ക് ഏകീകൃത നിലവാരം ഉറപ്പുവരുത്തുകയും അവയുടെ പ്രവർത്തനങ്ങൾക്ക് കൃത്യമായ മാർഗ്ഗനിർദ്ദേശങ്ങൾ രൂപീകരിക്കുകയും ചെയ്യുക.
- ബീച്ചിൽ എത്തുന്ന വിനോദസഞ്ചാരികൾക്ക് കുളിമുറികൾ, വസ്ത്രം മാറാനുള്ള സൗകര്യം, സാധനങ്ങൾ സൂക്ഷിക്കാനുള്ള സൗകര്യം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കുക.
- വിനോദ സഞ്ചാരികൾക്ക് ആവശ്യമായ സുരക്ഷമാർഗ്ഗ നിർദ്ദേശങ്ങൾ പ്രദർശിപ്പിക്കുകയും അവപാലിക്കപ്പെടുന്നു എന്ന് ഉറപ്പുവരുത്തുന്നതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുക.

### പൈതൃക വിനോദ സഞ്ചാര മേഖലയുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ

**മേൽത്തട്ട്**

- ആലപ്പുഴ നഗരത്തിന്റെ പൈതൃക പാരമ്പര്യം സംരക്ഷിക്കുന്നതിനായി നഗരഭാഗങ്ങളിലുള്ള കനാലുകളും ഉജറാത്തി സ്ട്രീറ്റ് ചരിത്രപ്രാധാന്യമുള്ള ആരാധനാലയങ്ങൾ, പരമ്പരാഗത വ്യവസായങ്ങളായ കയർ, നെൽകൃഷി തുടങ്ങിയ മേഖലയിലെ വിനോദസഞ്ചാരികളുടെ താല്പര്യങ്ങൾ പ്രയോജനപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുക.

- ആലപ്പുഴയുടെ തനതായ അനുഷ്ഠാനങ്ങളും ആചാരങ്ങളും (കെട്ടുകാഴ്ച, കുത്തിയോട്ടം, തുള്ളൽ പ്രസ്ഥാനം) കേരള വിനോദ സഞ്ചാരത്തിന്റെ പരസ്യ പ്രചരണത്തിന്റെ ഭാഗമാക്കുക.
- ആലപ്പുഴയുടെ ചരിത്രവും പൈതൃകവും സംബന്ധിച്ച വസ്തുതകൾ പ്രദർശിപ്പിക്കുകയും സഞ്ചാരികൾക്ക് അവ സംബന്ധിച്ച് അറിവ് നൽകുന്നതുമായ പൈതൃകമ്യൂസിയം സ്ഥാപിക്കുക.
- വിനോദ മേഖലയിൽ ആലപ്പുഴ ജില്ലയെ ഏറ്റവും പ്രശസ്തമാക്കിയ ചുണ്ടൻവള്ളങ്ങളും പരമ്പരാഗതമായി നടത്തിവരുന്ന ജലോത്സവങ്ങളും ആഗോളതലത്തിൽ പ്രചരിപ്പിക്കുന്നതിന് കലണ്ടർ തയാറാക്കുക മത്സര ക്രമത്തിൽ സാങ്കേതികമായ മാറ്റങ്ങൾ വരുത്തി ജലമേളകളെ അതുല്യമായ കായികവിനോദമായി മാറ്റിയെടുക്കുക.

**കീഴ്ത്തട്ട്**

- ആലപ്പുഴ ജില്ലയിലെ ചരിത്ര പ്രാധാന്യമുള്ള ആരാധനാലയങ്ങളെ സംബന്ധിക്കുന്ന ഒരു കലണ്ടർ പ്രസിദ്ധീകരിക്കുക.
- കുടുംബശ്രീ പോലുള്ള വനിത സംരഭകർക്ക് പരിശീലനം നടത്തി വിനോദ സഞ്ചാരികൾക്ക് ആലപ്പുഴയിലെ പൈതൃക പ്രദേശങ്ങൾ സന്ദർശിക്കുന്നതിന് സൗകര്യം നൽകുന്ന ഒരു പൈതൃക സർക്യൂട്ട് രൂപീകരിക്കുക.

## പൊതുവായ നിർദ്ദേശങ്ങൾ

**മേൽത്തട്ട്**

- വിനോദ സഞ്ചാരികൾ സന്ദർശിക്കുന്ന എല്ലാ കേന്ദ്രങ്ങളിലും ഭിന്നശേഷി സൌഹൃദ സൌകര്യങ്ങൾ ഏർപ്പെടുത്തുക.
- എല്ലാ വിനോദ സഞ്ചാര കേന്ദ്രങ്ങളും മാതൃ - ശിശു സൌഹൃദ കേന്ദ്രങ്ങളാക്കി മാറ്റുക
- ജില്ലയിലെ പ്രധാന വിനോദ സഞ്ചാര കേന്ദ്രങ്ങളെ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുന്നതിനായി ആധുനിക രീതിയിലുള്ള ഇൻഫർമേഷൻ കിയോസ്കുകൾ വിവിധ കേന്ദ്രങ്ങളിൽ സ്ഥാപിക്കുക.
- ആലപ്പുഴ സന്ദർശിക്കുന്ന വിനോദ സഞ്ചാരികളുടെ വിവരങ്ങൾ കൃത്യമായി ശേഖരിക്കുന്നതിനുള്ള ഒരു സ്ഥിര സംവിധാനം ഏർപ്പെടുത്തുക.

**കീഴ്ത്തട്ട്**

- വിനോദ സഞ്ചാരികൾക്ക് പ്ലാസ്റ്റിക്ക് കുപ്പികൾ ഒഴിവാക്കി ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കുന്നതിന് വാട്ടർ കിയോസ്കുകൾ സ്ഥാപിക്കുക.
- വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ ആവശ്യമായ ശൌചാലയങ്ങൾ സ്ഥാപിക്കുകയും അവയുടെ കൃത്യമായ സംരക്ഷണത്തിനാവശ്യമായ സംവിധാനങ്ങൾ ഉറപ്പുവരുത്തുകയും ചെയ്യുക
- വിനോദ സഞ്ചാര കേന്ദ്രങ്ങളിലെ സുരക്ഷാ സംവിധാനം ശക്തിപ്പെടുത്തുക.
- വിനോദ സഞ്ചാര മേഖലയിലെ ഇടനിലക്കാരുടെ അതിപ്രസരവും ചൂഷണവും തടയുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുക.
- വിനോദ സഞ്ചാരികൾ പാലിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ എല്ലാ വിനോദ സഞ്ചാര കേന്ദ്രങ്ങളിലും പ്രദർശിപ്പിക്കുക.
- അഡ്വഞ്ചർ ടൂറിസത്തിന് പ്രാധാന്യം നല്കുന്ന പുതിയ പദ്ധതികൾ ആവിഷ്കരിക്കുക.

## 4.4 പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങൾ

# പട്ടികജാതി വികസനം

ജില്ലയിലെ പട്ടികജാതി മേഖലയിൽ സ്ഥായിയായ വരുമാനം ലഭിക്കുന്ന തൊഴിൽ മേഖലകൾ ലഭ്യമല്ല എന്നതും, വിദ്യാഭ്യാസത്തിന്റെ വ്യാപനം വേണ്ടത്ര നടക്കാത്തതും പട്ടികജാതി വിഭാഗത്തിനായി ഒരു സമഗ്ര വികസന കാഴ്ചപ്പാടിന് രൂപം നൽകേണ്ടതിന്റെ അവ്യക്തത വ്യക്തമാക്കുന്നു. ഒരു വിഭാഗത്തിന് സ്വന്തമായി കൃഷിഭൂമി ഇല്ലാത്തതിനാൽ മറ്റ് സ്ഥിരവരുമാന മാർഗ്ഗങ്ങളുമില്ല. അതിനാൽ ജില്ലയിലെ പട്ടികജാതി വിഭാഗം കെട്ടിട നിർമ്മാണ മേഖലയിലും സേവന മേഖലകളിലെ താത്ക്കാലിക തൊഴിലുകളിലുമാണ് പ്രധാനമായും ഏർപ്പെട്ടിരിക്കുന്നത്. പല മേഖലകളിലും കരാർ തൊഴിലാളികളെ വ്യാപകമായി നിയമിക്കുന്നത് പ്രാദേശിക തലത്തിലുള്ള തൊഴിൽ സാദ്ധ്യതകളെ സാരമായി ബാധിക്കുന്നു.

തൊഴിൽ മേഖല വൻതോതിൽ വികസിക്കേണ്ടതുണ്ട്. സ്വയം സഹായ സംഘങ്ങളെ കൂടുതൽ ശക്തമാക്കണം. തൊഴിൽക്കൂട്ടങ്ങൾ എന്നതിലുപരി വികസന പ്രവർത്തനങ്ങളുടെ ഏജൻസികളായും ചാലക ശക്തിയായും ഇവ ഉയരണം. ജില്ലയിൽ പട്ടികജാതി വികസന വകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ഫിഷറീസ്, കയർ, വ്യവസായം മുതലായ വകുപ്പുകളെ സംയോജിപ്പിച്ച് കുടുംബതലത്തിൽ മൈക്രോപ്ലാനുകൾ തയ്യാറാക്കുക എന്ന വിപുലമായ പ്രവർത്തന പരിപാടി ആവിഷ്കരിക്കേണ്ടതുണ്ട്. കൂടാതെ, വകുപ്പിന് കീഴിലുള്ള വിവിധ സ്ഥാപനങ്ങൾ ആധുനീകരിക്കുന്നതിനും പുതിയവ സ്ഥാപിക്കുന്നതിനും സമഗ്രമായ പദ്ധതി തയ്യാറാക്കേണ്ടതാണ്.

ആലപ്പുഴ ജില്ലയുടെ പൊതുജീവിതം കാർഷികാധിഷ്ഠിതമാണ്. വിവിധ കൃഷി രീതികളും അനുബന്ധ പ്രവർത്തികളും ആലപ്പുഴയുടെ ജീവിത രീതിയുമായി ബന്ധപ്പെട്ട് നിൽക്കുന്നു. കാർഷിക മേഖലയിലും വിനോദ സഞ്ചാര മേഖലയിലും മത്സ്യബന്ധന മേഖലയിലും ഉണ്ടായ പുരോഗതി, ഈ മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന പട്ടികജാതി വിഭാഗങ്ങൾക്ക് പ്രയോജനകരമായിട്ടുണ്ട്.

ആലപ്പുഴയുടെ ജില്ലാ പദ്ധതിയിൽ പട്ടികജാതിക്കാർക്ക് അർഹമായ പ്രാതിനിധ്യം നേടിയെടുക്കുന്നതിന് ഈ വിഭാഗത്തിന്റെ ഇപ്പോഴത്തെ അവസ്ഥ സമഗ്രമായി വിശകലനം നടത്തി ആവശ്യങ്ങൾ കണ്ടെത്തേണ്ടതുണ്ട്.

2011 ലെ സെൻസസ് പ്രകാരം ആലപ്പുഴ ജില്ലയിലെ ആകെ പട്ടികജാതി ജനസംഖ്യ 2,01,211 ആണ്. ഇതിൽ 97,183 (48%) പുരുഷൻമാരും 1,04,028 (52%) സ്ത്രീകളുമാണ്. 2001 ലെ സെൻസസ് പ്രകാരം ജില്ലയിലെ പട്ടികജാതി ജനസംഖ്യ 1,99,231 (9.45%) ആയിരുന്നു. 2011 ലെ സെൻസസ് പ്രകാരവും ജനസംഖ്യ അനുപാതം 9.456 ആയി തുടരുന്നു. 1,11,931 പേർ ഗ്രാമപ്രദേശങ്ങളിലും 89,280 പേർ നഗരപ്രദേശങ്ങളിലും താമസിക്കുന്നു.

## ജനസംഖ്യ – സെൻസസ് 2011

| ക്രമ നം. | വിഭാഗം | ആലപ്പുഴ | | | കേരളം | | |
|---|---|---|---|---|---|---|---|
| | | ആകെ | പുരുഷൻ | സ്ത്രീ | ആകെ | പുരുഷൻ | സ്ത്രീ |
| 1 | ആകെ ജനസംഖ്യ | ആകെ | 2127789 | 1013142 | 1114647 | 33406061 | 16027412 |
| | | ഗ്രാമം | 979643 | 464713 | 514930 | 17471135 | 8408054 |
| | | നഗരം | 1148146 | 548429 | 599717 | 15934926 | 7619358 |
| 2 | പട്ടികജാതി ജനസംഖ്യ | ആകെ | 201211 | 97183 | 104028 | 3039573 | 1477808 |
| | | ഗ്രാമം | 111931 | 53941 | 57990 | 1818281 | 883819 |
| | | നഗരം | 89280 | 43242 | 46038 | 1221292 | 593981 |

ആകെ 18,403 പട്ടികജാതി കുട്ടികൾ (0 – 6 വയസ്സ് വരെ) ആണ് ഉള്ളത്. ഇതിൽ 51% ആൺകുട്ടികളും 49% പെൺകുട്ടികളുമാണ്. 14 വയസ്സ് വരെ പ്രായമുള്ളവർ ആകെ 42,113 ആണ്. ഇവരിൽ 21,608 (51.31%) ആൺകുട്ടികളും 20,505 (48.69%) പെൺകുട്ടികളുമാണ്. 15 വയസ്സ് മുതലുള്ള പ്രായക്കാരിൽ സ്ത്രീകളാണ് പുരുഷൻമാരേക്കാൾ കൂടുതൽ.

ജില്ലയിൽ 60 വയസ്സിന് മുകളിലുള്ള പട്ടികജാതി വിഭാഗത്തിലുള്ളവർ 24,962 ആണ്. ഇതിൽ 44% പുരുഷന്മാരും 56% സ്ത്രീകളുമാണ്. ആകെയുള്ള പട്ടികജാതി ജനസംഖ്യയുടെ 12.4% ആണ് ഈ വിഭാഗത്തിലുള്ളവർ. ഈ വിഭാഗത്തിലുള്ളവർക്ക് സാമൂഹ്യ സുരക്ഷിതത്വ നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## POPULATION IN FIVE YEAR AGE GROUP BY RESIDENCE AND SEX

## FOR SCHEDULED CASTES (Census 2011)

| Age-group | Total | | | Rural | | | Urban | | |
|---|---|---|---|---|---|---|---|---|---|
| | Persons | Male | Female | Persons | Male | Female | Persons | Male | Female |
| All ages | 201211 | 97183 | 104028 | 111931 | 53941 | 57990 | 89280 | 43242 | 46038 |
| 0-4 | 12900 | 6601 | 6299 | 7400 | 3788 | 3612 | 5500 | 2813 | 2687 |
| 5-9 | 13917 | 7175 | 6742 | 7830 | 3978 | 3852 | 6087 | 3197 | 2890 |
| 10-14 | 15296 | 7832 | 7464 | 8407 | 4331 | 4076 | 6889 | 3501 | 3388 |
| 15-19 | 13340 | 6662 | 6678 | 7337 | 3672 | 3665 | 6003 | 2990 | 3013 |
| 20-24 | 14165 | 6973 | 7192 | 7843 | 3904 | 3939 | 6322 | 3069 | 3253 |
| 25-29 | 16722 | 7865 | 8857 | 9352 | 4331 | 5021 | 7370 | 3534 | 3836 |
| 30-34 | 16921 | 8026 | 8895 | 9666 | 4602 | 5064 | 7255 | 3424 | 3831 |
| 35-39 | 18106 | 8441 | 9665 | 10053 | 4746 | 5307 | 8053 | 3695 | 4358 |
| 40-44 | 16259 | 7926 | 8333 | 8923 | 4377 | 4546 | 7336 | 3549 | 3787 |
| 45-49 | 15299 | 7223 | 8076 | 8307 | 3905 | 4402 | 6992 | 3318 | 3674 |
| 50-54 | 11903 | 5765 | 6138 | 6505 | 3092 | 3413 | 5398 | 2673 | 2725 |
| 55-59 | 11252 | 5614 | 5638 | 6108 | 3038 | 3070 | 5144 | 2576 | 2568 |
| 60-64 | 8838 | 4244 | 4594 | 4965 | 2332 | 2633 | 3873 | 1912 | 1961 |
| 65-69 | 6382 | 2884 | 3498 | 3577 | 1620 | 1957 | 2805 | 1264 | 1541 |
| 70-74 | 4010 | 1721 | 2289 | 2264 | 973 | 1291 | 1746 | 748 | 998 |
| 75-79 | 2699 | 1068 | 1631 | 1524 | 593 | 931 | 1175 | 475 | 700 |
| 80+ | 3033 | 1089 | 1944 | 1771 | 618 | 1153 | 1262 | 471 | 791 |
| Not stated | 169 | 74 | 95 | 99 | 41 | 58 | 70 | 33 | 37 |

## 2017-18 ൽ വിദ്യാഭ്യാസം ചെയ്യുന്ന വിദ്യാർത്ഥികളുടെ എണ്ണം

### പ്രീ-മെട്രിക്

| ക്ലാസ്സ് | പട്ടികജാതി വിദ്യാർത്ഥികളുടെ എണ്ണം |
|---|---|
| 1 മുതൽ 4 വരെ | 7,297 |
| 5 മുതൽ 10 വരെ | 13,933 |
| **ആകെ** | **21,230** |

*(അവലംബം : എസ്.സി.ഡിപ്പാർട്ട്മെന്റ്)*

### പോസ്റ്റ്-മെട്രിക്

| കോഴ്സ് | പട്ടികജാതി വിദ്യാർത്ഥികളുടെ എണ്ണം | ആകെ വിദ്യാർത്ഥികളുടെ എണ്ണം | ശതമാനം |
|---|---|---|---|
| HSS & VHSS | 5303 | 29,040 | 18% |
| UG & PG | 2004 | 16,030 | 13% |
| Engineering Courses | 321 | 3,630 | 9% |
| Polytechnic | 170 | 1,810 | 9% |
| Pre-primary TTC | 7 | 80 | 9% |
| TTC | 46 | 360 | 13% |
| B-Ed & M-Ed | 76 | 570 | 13% |
| MBBS | 60 | 750 | 8% |
| PG Medical Course | 6 | 84 | 7% |
| Other Medical Courses | 4 | 38 | 11% |
| GNM | 58 | 720 | 8% |
| BSc & MSc Nursing | 44 | 680 | 6% |
| BDS | 25 | 250 | 10% |
| Pharmacy | 16 | 210 | 8% |
| BHM | 25 | 320 | 8% |
| Other Courses | 82 | | |
| Total | 8,247 | 54,572 | 15% |

*(അവലംബം - ഇ-ഗ്രാന്റ്സ് വെബ് സൈറ്റ്, ഡിപ്പാർട്ട്മെന്റ് വെബ് സൈറ്റ്)*

ആലപ്പുഴ ജില്ലയിൽ നിലവിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ആകെ 21,230 വിദ്യാർത്ഥികൾ പ്രീ-മെട്രിക്/മെട്രിക് തലത്തിലും, 8287 വിദ്യാർത്ഥികൾ പോസ്റ്റ് മെട്രിക് തലത്തിലും വിദ്യാഭ്യാസം ചെയ്യുന്നുണ്ട്. ആകെ ജനസംഖ്യയിൽ 40,632 പേർ പത്താം ക്ലാസ്സ് വിദ്യാഭ്യാസം നേടിയവരാണ്. 13,291 പേർ ഡിഗ്രിയും 3,880 പേർ പി.ജി.യും കഴിഞ്ഞവരാണ്. 1,041 ബി-ടെക് ബിരുദധാരികളും 214 എം.ബി.ബി.എസ് ബിരുദധാരികളുമുണ്ട്. വളരെ മെച്ചപ്പെട്ട വിദ്യാഭ്യാസ നിലവാരമാണ് പട്ടികജാതിക്കാർക്കിടയിലുള്ളത്. എന്നാൽ 20 വയസ്സിൽ താഴെയുള്ളവരിൽ 4588 പേർ വിവിധ തലങ്ങളിൽ വിദ്യാഭ്യാസം പൂർത്തിയാക്കാതെ കൊഴിഞ്ഞുപോയവരാണ്.

സെക്കൻഡറി തലത്തിൽ 12 ശതമാനവും ഹയർ സെക്കൻഡറി തലത്തിൽ 18 ശതമാനവും പട്ടികജാതി വിഭാഗം വിദ്യാർത്ഥികളാണ്. ഉന്നത വിദ്യാഭ്യാസത്തിലേക്ക് വരുമ്പോൾ എഞ്ചിനീയറിംഗ് കോഴ്സുകളിൽ 9 ശതമാനവും മെഡിക്കൽ വിദ്യാഭ്യാസ മേഖലയിൽ 8

ശതമാനവും മറ്റ് മേഖലകളിലെല്ലാം 10 ശതമാനത്തിൽ താഴെയായും പട്ടികജാതി വിദ്യാർത്ഥികളുടെ എണ്ണം കുറയുന്നു.

## DROP OUT OF STUDENTS 2015-16

### Government School

| Standard | General | | | SC | | |
|---|---|---|---|---|---|---|
| | Boys | Girls | Total | Boys | Girls | Total |
| 1 | 3 | 3 | 6 | 0 | 2 | 2 |
| 2 | 2 | 2 | 4 | 1 | 1 | 2 |
| 3 | 0 | 0 | 0 | 0 | 0 | 0 |
| 4 | 1 | 1 | 2 | 0 | 1 | 1 |
| 5 | 0 | 1 | 1 | 0 | 1 | 1 |
| 6 | 0 | 1 | 1 | 0 | 0 | 0 |
| 7 | 1 | 1 | 2 | 0 | 0 | 0 |
| 8 | 0 | 1 | 1 | 0 | 1 | 1 |
| 9 | 2 | 0 | 2 | 0 | 0 | 0 |
| 10 | 6 | 2 | 8 | 1 | 0 | 1 |
| **Total** | **15** | **12** | **27** | **2** | **6** | **8** |

*(Data from DD, Edn)*

### Aided School

| Std | General | | | SC | | |
|---|---|---|---|---|---|---|
| | Boys | Girls | Total | Boys | Girls | Total |
| 1 | 7 | 4 | 11 | 1 | 1 | 2 |
| 2 | 4 | 1 | 5 | 0 | 0 | 0 |
| 3 | 7 | 4 | 11 | 2 | 0 | 2 |
| 4 | 4 | 4 | 8 | 0 | 1 | 1 |
| 5 | 5 | 4 | 9 | 0 | 0 | 0 |
| 6 | 5 | 3 | 8 | 2 | 0 | 2 |
| 7 | 15 | 5 | 20 | 3 | 1 | 4 |
| 8 | 7 | 3 | 10 | 0 | 1 | 1 |
| 9 | 40 | 6 | 46 | 11 | 1 | 12 |
| 10 | 18 | 3 | 21 | 2 | 1 | 3 |
| **Total** | **112** | **37** | **149** | **21** | **6** | **27** |

*(അവലംബം - DD Edn)*

### Unaided School

| Std | General | | | SC | | |
|---|---|---|---|---|---|---|
| | Boys | Girls | Total | Boys | Girls | Total |
| 1 | 0 | 0 | 0 | 0 | 0 | 0 |
| 2 | 0 | 0 | 0 | 0 | 0 | 0 |
| 3 | 0 | 1 | 1 | 0 | 0 | 0 |

| | | | | | | |
|---|---|---|---|---|---|---|
| 4 | 0 | 0 | 0 | 0 | 0 | 0 |
| 5 | 0 | 0 | 0 | 0 | 0 | 0 |
| 6 | 0 | 0 | 0 | 0 | 0 | 0 |
| 7 | 0 | 0 | 0 | 0 | 0 | 0 |
| 8 | 0 | 0 | 0 | 0 | 0 | 0 |
| 9 | 0 | 0 | 0 | 0 | 0 | 0 |
| 10 | 0 | 0 | 0 | 0 | 0 | 0 |
| **Total** | **0** | **1** | **1** | **0** | **0** | **0** |

*(അവലംബം - DD Edn)*

വിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിക്കുന്നതിന് വകുപ്പിന്റെ കീഴിൽ പെൺകുട്ടികൾക്കായുള്ള 4 പ്രീ-മെട്രിക് ഹോസ്റ്റലുകളും ഒരു മോഡൽ റസിഡൻഷ്യൽ സ്കൂളും 2 ഐ.റ്റി.ഐ. കളും പ്രവർത്തിക്കുന്നു. അഞ്ചാം ക്ലാസ്സ് മുതലുള്ള താമസ സൌകര്യം, ഭക്ഷണം, യൂണിഫോം എന്നിവ പ്രീ-മെട്രിക് ഹോസ്റ്റലുകളിൽ നിന്നും ലഭിക്കുന്നതാണ്. 5 മുതൽ 10 വരെയുള്ള കുട്ടികളാണ് പ്രീ-മെട്രിക് ഹോസ്റ്റലുകളിലുള്ളത്. എം.ആർ.എസിൽ 5 മുതൽ +2 വരെയുള്ള കുട്ടികൾ താമസിച്ച് പഠിക്കുന്നു. ഹരിപ്പാട് ഐ.റ്റി.ഐ-ൽ സർവ്വയർ ട്രേഡും മാവേലിക്കര ഐ.റ്റി.ഐ-ൽ കാർപ്പെന്റർ ട്രേഡുമാണ് പഠിപ്പിക്കുന്നത്. രണ്ടും എൻ.സി.വി.റ്റി. അംഗീകാരമുള്ള കോഴ്സുകളാണ്.

| ക്രമ നം | അടിസ്ഥാന വിവരങ്ങൾ | ബ്ലോക്കിന്റെ പേര് | | | | | | | | | | | | ആകെ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | ഹരിപ്പാട് | കാർത്തികപ്പള്ളി | ചേപ്പാട് | കായംകുളം | ഭരണിക്കാവ് | മാവേലിക്കര | ചെങ്ങന്നൂർ | പുലിയൂർ | ചെറിയനാട് | മുളക്കുഴ | തഴക്കര | പാണ്ടനാട് | |
| 1 | ബാലവാടി/അംഗനവാടി പ്രവേശനം നേടിയ കുട്ടികളുടെ ആകെ എണ്ണം | 1547 | 1135 | 2275 | 1673 | 1242 | 2794 | 1153 | 1839 | 2375 | 1813 | 1913 | 3154 | 22913 |
| 2 | ബാലവാടി/അംഗനവാടി പ്രവേശനം നേടിയ പട്ടിക ജാതി കുട്ടികളുടെ ആകെ എണ്ണം | 163 | 200 | 121 | 82 | 76 | 380 | 123 | 475 | 820 | 344 | 377 | 444 | 3605 |
| 3 | പത്താം ക്ലാസ്സ് വരെ വിദ്യാഭ്യാസം നേടിയവരുടെ എണ്ണം | 2355 | 2297 | 2205 | 942 | 2264 | 4155 | 1918 | 13997 | 2403 | 4954 | 2044 | 1098 | 40632 |
| 4 | +2 വരെ വിദ്യാഭ്യാസം നേടിയവരുടെ എണ്ണം | 1003 | 1165 | 1240 | 571 | 1149 | 2161 | 1795 | 10591 | 1909 | 3206 | 1203 | 1050 | 27043 |
| 5 | ഡിഗ്രി വരെ വിദ്യാഭ്യാസം നേടിയവരുടെ എണ്ണം | 349 | 717 | 825 | 367 | 703 | 1046 | 584 | 5232 | 790 | 911 | 713 | 1054 | 13291 |
| 6 | ബിരുദാനന്തര ബിരുദം നേടിയവ രുടെ എണ്ണം | 107 | 194 | 284 | 129 | 56 | 162 | 176 | 1191 | 143 | 230 | 293 | 915 | 3880 |
| 7 | ബി-ടെക് ബിരുദധാരികളുടെ എണ്ണം | 23 | 58 | 144 | 49 | 24 | 38 | 72 | 190 | 38 | 152 | 117 | 139 | 1044 |

| | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 8 | എം.ബി.ബി.എസ്. ബിരുദധാരികളുടെ എണ്ണം | 26 | 35 | 13 | 6 | 7 | 4 | 22 | 28 | 4 | 23 | 22 | 24 | 214 |
| 9 | മറ്റ് പ്രോഫഷണൽ കോഴ്സുകളിൽ പഠിച്ചവരുടെ എണ്ണം | 116 | 259 | 509 | 89 | 169 | 726 | 108 | 1287 | 297 | 310 | 426 | 157 | 4453 |
| 10 | വിദേശ വിദ്യാഭ്യാസം നേടിയവരുടെ എണ്ണം | 0 | 0 | 0 | 0 | 0 | 0 | 0 | 1 | 0 | 1 | 1 | 0 | 3 |
| 11 | പഠനം പൂർത്തിയാക്കാത്തവരുടെ എണ്ണം (Drop outs) | 51 | 562 | 116 | 2 | 1097 | 802 | 28 | 417 | 582 | 154 | 610 | 167 | 4588 |
| 12 | നിരക്ഷരരുടെ എണ്ണം | 347 | 273 | 148 | 35 | 77 | 317 | 66 | 370 | 302 | 168 | 646 | 161 | 2910 |
| 13 | സാങ്കേതിക വിദ്യാഭ്യാസം നേടിയ വിദ്യാർത്ഥികളുടെ എണ്ണം | 192 | 159 | 176 | 101 | 124 | 282 | 139 | 829 | 293 | 189 | 437 | 299 | 3220 |
| 14 | വിദൂര വിദ്യാഭ്യാസം നേടിയ വിദ്യാർത്ഥികളുടെ എണ്ണം | 0 | 43 | 68 | 8 | 1 | 25 | 60 | 10 | 47 | 12 | 5 | 25 | 304 |

2011 സെൻസസ് പ്രകാരം ആലപ്പുഴ ജില്ലയിൽ ആകെ 49533 പട്ടികജാതി കുടുംബങ്ങളാണ് ഉള്ളത്. പട്ടികജാതി വികസന വകുപ്പിന്റെ കണക്ക് പ്രകാരം നിലവിൽ 5106 ഭൂരഹിതരും 5655 ഭവനരഹിതരും ഉണ്ട്. 3970 ഉപകുടുംബങ്ങളെ പുനരധിവസിപ്പിക്കേണ്ടതായിട്ടുണ്ട്. 5393 ഭാഗീകമായി പൂർത്തീകരിച്ച ഭവനങ്ങളും 5527 ജീർണ്ണിച്ച ഭവനങ്ങളുമുണ്ട്. വൈദ്യുതീകരിച്ച 42990 വീടുകളും ശുചിത്വ സൌകര്യമുള്ള 37309 വീടുകളുമാണ് ആലപ്പുഴ ജില്ലയിലെ പട്ടികജാതി വിഭാഗത്തിനുള്ളത്.

**മുൻ വർഷങ്ങളിൽ അനുവദിച്ച വീടുകളുടെ എണ്ണം**

| ക്രമ നം. | വർഷം | അനുവദിച്ച കുടുംബങ്ങളുടെ എണ്ണം |
|---|---|---|
| 1 | 2011–12 | 150 |
| 2 | 2012–13 | 320 |
| 3 | 2013–14 | 240 |
| 4 | 2014–15 | 259 |
| 5 | 2015–16 | 371 |
| 6 | 2016–17 | 1014 |

*(അവലംബം – പട്ടികജാതി വികസന വകുപ്പ്)*

**മുൻ വർഷങ്ങളിൽ അനുവദിച്ച ഭൂമിയുടെ വിവരം.**

| ക്രമ നം. | വർഷം | അനുവദിച്ച ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| 1 | 2011–12 | 435 |
| 2 | 2012–13 | 408 |
| 3 | 2013–14 | 435 |
| 4 | 2014–15 | 180 |
| 5 | 2015–16 | 196 |
| 6 | 2016–17 | 245 |

*(അവലംബം – പട്ടികജാതി വികസന വകുപ്പ്)*

2011 ലെ സെൻസസ് പ്രകാരം പട്ടികജാതി വൃദ്ധജനങ്ങളുടെ എണ്ണം 24962 ആണ്. ഇത് പട്ടികജാതി ജനസംഖ്യയുടെ 12.41 % ആണ്. ഇതിൽ 80 വയസിൽ കൂടുതൽ ഉള്ളവർ 3033 ആണ്. ഇതിൽ 1089 പേർ പുരുഷന്മാരും 1944 പേർ സ്ത്രീകളുമാണ്. ആയുർ ദൈർഘ്യം കൂടിയവരിൽ 64% സ്ത്രീകളാണ്. വൃദ്ധരായ ആളുകളെല്ലാം കുടുംബത്തിന്റെ സംരക്ഷണത്തിലാണ് കഴിയുന്നത്. വൃദ്ധരായ 3 പേർ പാലിയേറ്റീവ് കെയർ സെന്ററിൽ താമസിക്കുന്നു.

| Age-group | Total | | | Rural | | | Urban | | |
|---|---|---|---|---|---|---|---|---|---|
| | Persons | Male | Female | Persons | Male | Female | Persons | Male | Female |
| Above 60 yrs | 24962 | 11006 | 13956 | 14101 | 6136 | 7965 | 10861 | 4870 | 5991 |

*(അവലംബം – സെൻസസ് 2011)*

ഷുഗർ, പ്രഷർ, കൊളസ്ട്രോൾ തുടങ്ങിയ ജീവിത ശൈലീ രോഗങ്ങൾ കൂടുതലായി പ്രായമായവരിൽ കാണപ്പെടുന്നു. പകർച്ച വ്യാധികളായ ഡെങ്കിപ്പനി, മഞ്ഞപ്പിത്തം, വൈറൽ പനി, ചിക്കൻപോക്സ്, ക്ഷയം തുടങ്ങിയ രോഗങ്ങളും കാണുന്നുണ്ട്. ജില്ലയിലെ ആരോഗ്യ സൌകര്യങ്ങൾ വളരെ പുരോഗതി പ്രാപിച്ചതാണ്. അലോപ്പതി, ആയുർവേദം, ഹോമിയോപ്പതി എന്നീ ചികിത്സാ രീതികളുമുണ്ട്. C.H.C കളും P.H.C കളും മറ്റ് ക്ലീനിക്കുകളുമെല്ലാം പ്രവർത്തിക്കുന്നതിനാൽ പൊതു സമൂഹത്തോടൊപ്പം പട്ടികജാതിക്കാർക്കും ഈ സൌകര്യങ്ങൾ പ്രയോജനപ്പെടുത്താവുന്നതാണ്.

സാമ്പത്തിക പിന്നോക്കാവസ്ഥയാണ് പട്ടികജാതിക്കാർ നേരിടുന്ന ഏറ്റവും വലിയ പ്രശ്നം. കാർഷിക മേഖലയിലും പരമ്പരാഗത തൊഴിലുകളിലുമാണ് ഭൂരിപക്ഷം പട്ടികജാതിക്കാരും ഏർപ്പെട്ടിരിക്കുന്നത്. പരമ്പരാഗത തൊഴിൽ മേഖലയിൽ ഉത്പന്നങ്ങളുടെ വിലക്കുറവും വിപണന സൌകര്യക്കുറവും ഈ മേഖലയുടെ തകർച്ചയ്ക്ക് കാരണമായിട്ടുണ്ട്. സ്ഥായിയായ വരുമാനം ലഭിക്കുന്ന തൊഴിൽ മേഖല ലഭ്യമല്ല എന്നുള്ളത് ഒരു പ്രശ്നമാണ്. പട്ടികജാതി വിഭാഗങ്ങളിൽ എ.പി.എൽ വിഭാഗത്തിൽപ്പെടുന്നവർ 30%ൽ താഴെ മാത്രമാണ്. 70% ൽ അധികം പേർ ദാരിദ്രരേഖയ്ക്ക് താഴെയാണ്. ഇത് ജില്ലയിലെ പട്ടികജാതി വിഭാഗങ്ങളുടെ സാമ്പത്തിക നിലവാരത്തിന്റെ സാക്ഷ്യപത്രമാണ്. 33,000 പേർ കാർഷിക രംഗത്ത് പണിയെടുക്കുന്നവരാണ്. മത്സ്യമേഖല, നിർമ്മാണതൊഴിൽ, സ്വയംതൊഴിൽ, വിദേശതൊഴിൽ തുടങ്ങിയവയിൽ മറ്റുള്ളവർ പണിയെടുക്കുന്നു. ഈ വിഭാഗത്തിൽ നിന്ന് 4,400 പേർ മാത്രമാണ് സർക്കാർ മേഖലയിൽ ജോലി ചെയ്യുന്നത്.

**തൊഴിൽ മേഖലയിലെ പ്രാതിനിധ്യം – 2017**

| | |
|---|---|
| സർക്കാർ മേഖല | 4400 |
| സ്വയംതൊഴിൽ | 2900 |
| മത്സ്യ തൊഴിൽ മേഖല | 3100 |
| കാർഷിക തൊഴിൽ മേഖല | 33000 |
| നിർമ്മാണ തൊഴിൽ മേഖല | 20600 |
| വനിത തൊഴിൽ മേഖല | 12470 |
| വിദേശ തൊഴിൽ | 2200 |
| മറ്റ് അസംഘടിത മേഖല | 14900 |

*(എസ്.സി.പ്രമോട്ടർമാർ മുഖേന ശേഖരിച്ചത്)*

പട്ടികജാതി വിഭാഗങ്ങളുടെ സാമ്പത്തിക ശേഷി ഉയർത്തുന്നതിന് വിദ്യാഭ്യാസത്തിന് വകുപ്പ് ഇന്ന് നൽകുന്ന പ്രാധാന്യം വളരെ വലിയ പ്രാധാന്യത്തോടെ മുന്നോട്ട് കൊണ്ടുപോകേണ്ടതാണ്. സ്വയംതൊഴിൽ പദ്ധതി, പട്ടികജാതി വനിതാ ക്ഷേമ പദ്ധതികൾ തുടങ്ങിയവയിലൂടെ ഈ വിഭാഗത്തിന്റെ ശാക്തീകരണം സാദ്ധ്യമാക്കാവുന്നതാണ്.

ജില്ലയിൽ പട്ടികജാതി വിഭാഗവുമായി ബന്ധപ്പെട്ട് ആകെ 19 കളിസ്ഥലങ്ങൾ ഉണ്ട്. ഈ വിഭാഗത്തിൽപ്പെട്ട ജനവിഭാഗത്തിന്റെ ആരോഗ്യകരമായ ജീവിതത്തിന് ഇത്തരം കളി സ്ഥലങ്ങളിലെ കായിക പരിപാടികൾ വളരെയേറെ പ്രയോജനം ചെയ്യുന്നതാണ്. എന്നാൽ ഈ കളിസ്ഥലങ്ങളെ പ്രയോജനപ്പെടുത്തുന്ന വിധത്തിൽ കായിക ഉപകരണങ്ങളുടെ കുറവ് ഇത്തരം കളിസ്ഥലങ്ങളെ അനാഥമാക്കുകയും, അവ ഉപയോഗ ശൂന്യമായിരിക്കുകയും ചെയ്തിരിക്കുകയാണ്. ഇത്തരം കളിസ്ഥലങ്ങളെ കേന്ദ്രീകരിച്ച് പട്ടികജാതി വിഭാഗങ്ങൾക്ക് മുൻഗണന നല്കി സ്പോർട്ട്സ് കൌൺസിലിന്റെ നേതൃത്വത്തിൽ ക്ലബ്ബുകൾ രൂപികരിച്ച് കായിക ഉപകരണങ്ങൾ സൌജന്യമായി നല്കി ജീവസ്സുറ്റ കായിക സംസ്കാരം പുനരുജ്ജീവിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കാവുന്നതാണ്.

നിലവിൽ 28 ക്ലബ്ബുകൾ പട്ടികജാതി വിഭാഗങ്ങളിലെ യുവജനങ്ങൾക്കിടയിൽ പ്രവർത്തിച്ചുവരുന്നു. ഈ ക്ലബ്ബുകൾ വഴി യുവതീയുവാക്കളുടെ കലാകായിക സാംസ്കാരിക അഭിരുചിയെ ഉയർത്തിക്കൊണ്ടു വരാവുന്നതാണ്. ഇവയുടെ പ്രവർത്തനങ്ങളിൽ മിനി ലൈബ്രറി, PSC കോച്ചിംഗ്, സമൂഹത്തിൽ പ്രഗത്ഭരായവരുടെ പ്രഭാഷണങ്ങൾ തുടങ്ങിയവ നടത്താവുന്നതാണ്. ബ്ലോക്ക് പട്ടികജാതി വികസന ആഫീസറുടെ മേൽനോട്ടത്തിലായിരിക്കണം ഈ ക്ലബ്ബുകൾ പ്രവർത്തിക്കേണ്ടത്. പട്ടികജാതി കോളനികൾ കേന്ദ്രീകരിച്ചുള്ള മയക്കുമരുന്ന്, മദ്യ മാഫിയ സംഘങ്ങൾക്കെതിരെ ഒരു പരിധി വരെ ഈ കൂട്ടായ്മ വഴി പ്രതിരോധിക്കുവാൻ നമുക്ക് കഴിയുന്നതുമാണ്.

കാവുകളുടെ സംരക്ഷണം വകുപ്പിന്റെ പ്രധാന പദ്ധതികളിൽ ഒന്നാണ്. ആലപ്പുഴ ജില്ല പോലെ സ്വാഭാവിക വനങ്ങൾ ഇല്ലാത്ത പ്രദേശങ്ങളിൽ കാണപ്പെടുന്ന കാവുകൾക്കുള്ള പ്രാധാന്യം വളരെ വലുതാണ്. ജില്ലയിലാകെ പട്ടികജാതിക്കാരുടെ 393 കാവുകൾ നിലവിലുണ്ട്. കാവുകളുടെ പുനരുജ്ജീവനം പാരിസ്ഥിതിക ജീവിതത്തെ ഉയർത്തിക്കൊണ്ടു വരലാണ്. കാവുകൾ സംരക്ഷിക്കുക വഴി വളരെ വിരളമായി കാണുന്ന പല സ്ഥാനിക സസ്യങ്ങളേയും നിരവധി ജീവജാലങ്ങളേയും, സംരക്ഷിക്കുകയും അതിലൂടെ വരും തലമുറക്കായി സ്വാഭാവികമായ ആവാസ വ്യവസ്ഥ നിലനിർത്തുകയും ചെയ്യുന്ന പ്രവർത്തനമാണ് നാം നടത്തേണ്ടത്.

### ആസ്തികൾ

| | | |
|---|---|---|
| കമ്മ്യൂണിറ്റി ഹാളുകൾ | | – 39 |
| ലൈബ്രറികൾ | | – 22 |
| വായനശാലകൾ | – | 21 |
| ശ്മശാനങ്ങൾ | | – 22 |
| വിജ്ഞാൻ വാടികൾ. | | – 20 |

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പൊതുവേ പശ്ചാത്തല വികസന മേഖലയ്ക്കാണ് പ്രാധാന്യം കൊടുത്തു കാണുന്നത്. പ്രധാനമായും റോഡുകൾ, നടപ്പാതകൾ, കോളനിയ്ക്കുള്ളിലെ നടപ്പാതകൾ, ഓട നിർമ്മാണം, കലിങ്ക് നിർമ്മാണം, കോളനികളുടെ സമഗ്ര വികസനം മുതലായ പദ്ധതികളാണ് ഇതിൽ നടപ്പാക്കുന്നത്. പിന്നീട് വരുന്നത് സേവന മേഖലയിലെ പദ്ധതികളാണ്. മെറിറ്റോറിയസ് സ്കോളർഷിപ്പ്, പഠനമുറി നിർമ്മാണം, വീട് അറ്റകുറ്റപ്പണി, വിവാഹ ധനസഹായം, കുട്ടികൾക്ക് പഠനോപകരണങ്ങൾ നല്കൽ, സൈക്കിൾ വിതരണം,

കുടിവെള്ള വിതരണം, വീട് വൈദ്യുതീകരണം മുതലായവയാണ് പദ്ധതികൾ. പട്ടികജാതിക്കാരുടെ ഏറ്റവും വലിയ പ്രശ്നമായ സാമ്പത്തിക പിന്നോക്കാവസ്ഥയെ പരിഹരിക്കുന്നതിനുതകുന്ന തൊഴിലിനെ പ്രോത്സാഹിപ്പിക്കുന്ന പദ്ധതികൾ കൂടുതലായുണ്ടാകുന്നില്ല. വരുമാനദായകമായ പദ്ധതികൾക്കാണ് ഇനി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഊന്നൽ കൊടുക്കേണ്ടത്.

## വികസന വിടവുകൾ

പട്ടികജാതി വികസന വകുപ്പും മറ്റ് വകുപ്പുകളും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും പല പദ്ധതികളും നടപ്പിലാക്കുന്നു എങ്കിലും പട്ടികജാതിക്കാരുടെ പൂർണ്ണമായ പുരോഗതി ഇതുകൊണ്ട് സാധ്യമായിട്ടില്ല. 5,106 പേർക്ക് ഭൂമി കണ്ടെത്തേണ്ടതായുണ്ട്. 5,655 വീടുകൾ നിർമ്മിച്ച് നൽകേണ്ടതുമുണ്ട്.

ഉന്നത വിദ്യാഭ്യാസ മേഖലയിൽ പട്ടികജാതി വിഭാഗം വിദ്യാർത്ഥികളുടെ പ്രാതിനിധ്യം കുറവാണ്. ഈ മേഖലയിൽ പ്രാതിനിധ്യം കൂടേണ്ടതുണ്ട്. 20 വയസ്സ് മുതൽ 60 വയസ്സ് വരെയുള്ള 1,20,627 പേരിൽ 4,400 പേർ മാത്രമാണ് സർക്കാർ മേഖലയിൽ ജോലിയിൽ ഏർപ്പെട്ടിരിക്കുന്നത്. വിദേശ തൊഴിൽ ചെയ്യുന്ന 2200 പേരുമുണ്ട്. കൂടുതൽ ആളുകളും വരുമാനം കുറഞ്ഞ കാർഷിക തൊഴിൽ മേഖലയിലും (33,000) നിർമ്മാണ തൊഴിൽ മേഖലയിലും (20,600) ആണ് ജോലി ചെയ്യുന്നത്. മത്സ്യബന്ധന തൊഴിൽ മേഖലയിൽ 3,100 പേർ ജോലി ചെയ്യുന്നു. ഏറ്റവും വരുമാനം കുറഞ്ഞ മേഖലയിലാണ് ഭൂരിപക്ഷം പേരും ജോലി ചെയ്യുന്നത്. മെച്ചപ്പെട്ട വരുമാനം കിട്ടുന്ന തൊഴിൽ എല്ലാവർക്കും ഉണ്ടാകേണ്ടതാണ്. വരുമാനക്കുറവാണ് പട്ടികജാതിക്കാർ നേരിടുന്ന ഏറ്റവും വലിയ പ്രശ്നം.

| ക്രമ നം | ഇനം | ആകെ | പട്ടികജാതി വിഭാഗം |
|---|---|---|---|
| 1 | ഭൂരഹിതർ | 20073 | 5106 |
| 2 | ഭവന രഹിതർ | 14392 | 5655 |
| 3 | ക്ലേശ ഘടകത്തിൽപ്പെട്ട ഭൂരഹിതർ | 3261 | 562 |
| 4 | ക്ലേശ ഘടകത്തിൽപ്പെട്ട ഭവന രഹിതർ | 2358 | 622 |
| 5 | വാസയോഗ്യമായ വീടില്ലാത്തവർ | 23275 | 5527 |

## കാഴ്ചപ്പാട്

പട്ടികജാതി വികസന വകുപ്പും മറ്റ് വികസന വകുപ്പുകളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും പല പദ്ധതികളും നടപ്പിലാക്കുന്നുണ്ടെങ്കിലും പട്ടികജാതിക്കാരുടെ പൂർണ്ണമായ പുരോഗതിയ്ക്ക് ഇതൊന്നും പര്യാപ്തമായിട്ടില്ല. വീടും സ്ഥലവും പട്ടികജാതി വികസന വകുപ്പും തദ്ദേശസ്വയംഭരണ വകുപ്പും നല്കുന്നുണ്ടെങ്കിലും വീടും സ്ഥലവും ഇല്ലാത്തവരുടെ എണ്ണത്തിൽ കാര്യമായ കുറവ് സംഭവിക്കുന്നില്ല. എല്ലാവർഷവും ആവശ്യക്കാരേക്കാൾ വളരെ കുറഞ്ഞ എണ്ണമാണ് അനുവദിക്കുന്നത്. വിദ്യാഭ്യാസ വികസന പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടക്കുന്നുണ്ട് എന്നാൽ ഉന്നത വിദ്യാഭ്യാസ രംഗത്തെ പ്രാതിനിധ്യം കുറവാണ്. സാമ്പത്തിക ഉന്നമനത്തിനുള്ള പദ്ധതികൾ അപര്യാപ്തമാണ്. വകുപ്പിന്റെ സ്വയംതൊഴിൽ പദ്ധതികൾ ബാങ്കുമായി ബന്ധപ്പെടുത്തിയാണ് നടപ്പിലാക്കുന്നത്. ഇതുവരെ വിജയിച്ചിട്ടുള്ള പദ്ധതികൾ

വളരെ കുറവാണ്. അപര്യാപ്തമായ ഫണ്ടുപയോഗിച്ച് തുടങ്ങുന്നതാണ് സ്വയംതൊഴിൽ പദ്ധതികൾ പരാജയപ്പെടുവാൻ പ്രധാന കാരണം. പല ബാങ്കുകളും വായ്പ കൊടുക്കുവാൻ വിമുഖത കാണിക്കുന്നു. ബാങ്കുകൾ ആവശ്യപ്പെടുന്ന ഈട് (വാർക്ക വീട്, വഴിയുള്ള സ്ഥലങ്ങൾ മുതലായവ) കൊടുക്കുവാൻ പലപ്പോഴും ഗുണഭോക്താവിന് കഴിയാറില്ല. ബാങ്ക് കൊടുക്കുന്ന അപര്യാപ്തമായ ഫണ്ടുപയോഗിച്ച് സംരംഭം നല്ല രീതിയിൽ മുന്നോട്ട് കൊണ്ടുപോകാൻ സാധിക്കാതെ സംരംഭം പരാജയപ്പെടുന്നു. സ്വയംതൊഴിൽ പദ്ധതികൾക്ക് ആവശ്യമായ വായ്പ ലഭ്യമാക്കേണ്ടതാണ്. കൃഷിഭൂമി ഇല്ലാത്തതിനാൽ കാർഷിക മേഖലയിൽ ഒരു പുരോഗതി ഉണ്ടാക്കാൻ കഴിയുന്നില്ല. കൃഷിഭൂമിയുള്ളവർക്ക് കൃഷി ചെയ്യുവാൻ ആവശ്യമായ സഹായങ്ങൾ ലഭിക്കേണ്ടതുണ്ട്. ആയതിനാൽ കൃഷി, തൊഴിൽ എന്നിവയെ പ്രോത്സാഹിപ്പിക്കുന്ന പദ്ധതികൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും വിവിധ വകുപ്പുകളും പ്രാധാന്യം കൊടുക്കണം. ഒരു സംരംഭം തുടങ്ങുമ്പോൾ ലാഭകരമായി പ്രവർത്തിപ്പിക്കുവാൻ ആവശ്യമായ തുക വായ്പയായി നല്കേണ്ടതുണ്ട്. മെച്ചപ്പെട്ട തൊഴിൽ കണ്ടെത്തുന്നതിന് യുവാക്കൾക്ക് തൊഴിൽ പരിശീലന പരിപാടികൾ നടപ്പിലാക്കേണ്ടതാണ്.

കോളനികളുടെയും വീടുകളുടെയും അടിസ്ഥാന സൌകര്യങ്ങൾ മെച്ചപ്പെടുത്തുന്ന രീതിയിലുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയും തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും പുതിയ തോഴിൽ മേഖല കണ്ടെത്തുന്നതിനും ആവശ്യമായ പരിശീലനവും തൊഴിൽ ഉപകരണങ്ങളും നൽകി തൊഴിൽ ചെയ്യാൻ പ്രാപ്തരാക്കുകയും വായ്പ നൽകി സ്വയം തൊഴിൽ ചെയ്യുവാൻ സഹായിക്കുകയും ചെയ്യണം. ഇതുവഴി എല്ലാവർക്കും ഭൂമി, വീട്, കുടിവെള്ളം, ടോയിലറ്റ്, വൈദ്യുതി, നല്ല വിദ്യാഭ്യാസം, എല്ലാ കോളനികളിലും അടിസ്ഥാന സൌകര്യം എന്നിവ ലഭ്യമാക്കാം.

ഇങ്ങനെ ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തി തൊഴിലില്ലായ്മ പരിഹരിച്ച് സാമ്പത്തികമായും സാമൂഹ്യമായും വിദ്യാഭ്യാസപരമായും ഉള്ള പുരോഗതിയിലേക്ക് നയിക്കുകയും പൊതുസമൂഹവുമായുള്ള വികസനപരമായ അന്തരങ്ങൾ ഇല്ലാതാക്കുകയുമാണ് ഈ മേഖല സംബന്ധിച്ച പൊതു വികസന ലക്ഷ്യം.

## ലക്ഷ്യങ്ങൾ

- ഭൂരഹിതരായ 5,106 പട്ടികജാതി കുടുംബങ്ങൾക്ക് ഭൂമി കണ്ടെത്തുക.
- ഭവനരഹിതരായ 5,655 പട്ടികജാതി വിഭാഗക്കാർക്ക് ഭവനം നിർമ്മിച്ച് നൽകുക.
- വാസയോഗ്യമല്ലാത്ത 5527 പട്ടികജാതി വിഭാഗക്കാരുടെ വീടുകൾ വാസയോഗ്യമാക്കുക.
- പട്ടികജാതി വിഭാഗക്കാർക്ക് സാങ്കേതിക വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്ന പദ്ധതികൾക്ക് മുൻഗണന നൽകുക.
- സ്വയംതൊഴിൽ പദ്ധതികൾ പരിപോഷിപ്പിക്കുന്നതിന് മുൻഗണന നൽകുക.
- പട്ടികജാതി വിഭാഗക്കാരുടെ സ്വാശ്രയ സംഘങ്ങൾ വഴിയുള്ള ഉൽപ്പന്നങ്ങൾക്ക് സ്ഥിരം വിപണി കണ്ടെത്തുക.
- പട്ടികജാതിക്കാരുടെ സഹകരണ സംഘങ്ങൾ വിപുലപ്പെടുത്തുന്നതിന് മുൻഗണന നൽകുക.
- ടൂറിസം മേഖലയുമായി ബന്ധപ്പെട്ട യാനങ്ങൾ, ഹോംസ്റ്റേ മുതലായവയുടെ നിർമ്മാണ സഹായത്തിനുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിൽ മുന്ഗണന നൽകുക.

- കോളനി സമഗ്ര വികസന പദ്ധതികൾ കോളനികൾക്കുളളിൽ കേന്ദ്രീകരിക്കാതെ അനുബന്ധ മേഖലയുമായി സംയോജിപ്പിച്ച് നടപ്പിലാക്കുക.
- എല്ലാ കോളനികളിലേയ്ക്കും ഗതാഗതയോഗ്യമായ റോഡുകൾ നിർമ്മിക്കുക.
- എല്ലാ കോളനികളിലേയ്ക്കും കുടിവെള്ളം എത്തിക്കുക.

ആലപ്പുഴ ജില്ലയിൽ ടൂറിസം മേഖലയിൽ ഉണ്ടായ വളർച്ചയുടെ അടിസ്ഥാനത്തിൽ ടി മേഖലയുമായി ബന്ധപ്പെട്ട ഹൗസ് ബോട്ടുകൾ, ശിക്കാർ-മോട്ടോർ ബോട്ടുകൾ മുതലായവ നിർമ്മിക്കുന്നതിനും, കാർഷിക മേഖലകളിൽ അത്യുൽപാദന ശേഷിയുള്ള വിളകൾ ഉപയോഗിച്ച് വിള വർദ്ധിപ്പിക്കുന്നതിനുള്ള നൂതന രീതികൾ അവലംബിക്കാവുന്നതാണ്. ഉൾനാടൻ മത്സ്യകൃഷി വ്യാപകമാക്കുന്നതിനുള്ള മത്സ്യ കുഞ്ഞുങ്ങളെ ഉത്പാദിപ്പിക്കുന്നതിനുള്ള ആധുനീക രീതിയിലുള്ള ഹാച്ചറികൾ നിർമ്മിക്കാവുന്നതാണ്.

## ഹ്രസ്വകാല കാഴ്ചപ്പാട്

തൊഴിലില്ലായ്മയും തുടർന്നുള്ള സാമ്പത്തിക പിന്നാക്കാവസ്ഥയും പട്ടികജാതിക്കാർ അഭിമുഖീകരിക്കുന്ന പ്രശ്നമാണ്. കാർഷിക മേഖലയിലെ യന്ത്രവല്കരണംകൊണ്ട് കാർഷിക മേഖലയിൽ തൊഴിൽനഷ്ടം ഉണ്ടായിട്ടുണ്ട്. ഈ മേഖലയിലെ തൊഴിൽ പ്രാതിനിധ്യം കൂട്ടുന്നതിനായി പട്ടികജാതി യുവാക്കൾക്ക് കാർഷിക മേഖലയിലും വ്യവസായിക മേഖലയിലും ഉപയോഗിക്കുന്ന ഹൈടെക്ക് മെഷീനുകൾ പ്രവർത്തിപ്പിക്കുന്നതിനുള്ള പരിശീലനം നൽകി ഈ മേഖലയിൽ തൊഴിൽ കണ്ടെത്താൻ സഹായിക്കാം. ഇങ്ങനെ പരിശീലനം ലഭിച്ച യുവാക്കൾക്ക് പ്രൈവറ്റ് സെക്ടറിൽ ജോലി ലഭ്യമാക്കുന്നതിനാവശ്യമായ നയങ്ങൾ രൂപീകരിച്ച് നടപടികൾ സ്വീകരിക്കേണ്ടതാണ്.

വിദ്യാഭ്യാസംകൊണ്ടെ അടുത്ത തലമുറയുടെ പുരോഗതി ഉറപ്പാക്കാൻ സാധിക്കുകയുള്ളു. ഇതിന് പ്രാഥമിക വിദ്യാഭ്യാസം 100% പേർക്കും പ്രവേശനം ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്. പ്രമോട്ടർമാർ വഴി വകുപ്പിന് ഇക്കാര്യത്തിൽ ഫലപ്രദമായി ഇടപെടാൻ സാധിക്കും. കുട്ടികളുടെ കൊഴിഞ്ഞുപോക്ക് തടയാനും ഫലപ്രദമായ നടപടികൾ സ്വീകരിക്കണം. 20 വയസ്സിൽ താഴെയുള്ളവരിൽ 4518 പേർ പല ക്ലാസ്സുകളിൽ നിന്നും പഠനം പൂർത്തിയാക്കാതെ കൊഴിഞ്ഞു പോയവരാണ്. 2015-2016 ലെ കുട്ടികളുടെ കണക്ക് നോക്കുമ്പോൾ ഈ ജില്ലയിൽ 8 കുട്ടികൾ ഗവ. സ്ഥാപനങ്ങളിൽ നിന്നും 27 കുട്ടികൾ എയ്ഡഡ് സ്ഥാപനങ്ങളിൽ നിന്നും പഠനം നിർത്തി പോയിട്ടുണ്ട്. അൺഎയ്ഡഡ് സ്ഥാപനങ്ങളിൽ നിന്നും കുട്ടികൾ കൊഴിഞ്ഞു പോയിട്ടില്ല. കൂടുതൽ ശ്രദ്ധയും കരുതലും കിട്ടുന്ന കുട്ടികൾ ഈ സ്ഥാപനങ്ങളിൽ ചേരുന്നതിനാലാവാം ഇവിടെ നിന്ന് കൊഴിഞ്ഞുപോക്ക് ഉണ്ടാവാത്തത്. കൊഴിഞ്ഞു പോക്ക് ഒഴിവാക്കുവാന് പഠിത്തത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് സ്പെഷ്യൽ ട്യൂഷൻ ഏർപ്പെടുത്തുകയും രക്ഷിതാക്കൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ കൊടുക്കുകയും ആകാം.

സ്കൂൾ വിദ്യാഭ്യാസം കഴിഞ്ഞ് എല്ലാ കുട്ടികളുടേയും തുടർ പഠനം ഉറപ്പ് വരുത്തണം. മെച്ചപ്പെട്ട സ്ഥാപനങ്ങളെക്കുറിച്ചും കോഴ്സുകളെക്കുറിച്ചും അവബോധം നൽകുന്നതിന് ബ്ലോക്ക് തലത്തിൽ വിദ്യാഭ്യാസ സെല്ലുകൾ സർക്കാർ തലത്തിൽ രൂപീകരിക്കാവുന്നതാണ്. ഇങ്ങനെ അർഹരായ വിദ്യാർത്ഥികൾക്ക് പ്രൊഫഷണൽ വിദ്യാഭ്യാസവും സാങ്കേതിക വിദ്യാഭ്യാസവും ഉറപ്പാക്കാം. പ്രൊഫഷണൽ കോഴ്സുകളിൽ പരാജയപ്പെടുന്ന കുട്ടികൾക്ക് (ബി.ടെക്,

പോളീടെക്നിക്ക് മുതലായവ) കണ്ടൻസ്ഡ് കോഴ്സ് മുഖേന പഠനം പൂർത്തിയാക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കേണ്ടതുണ്ട്.

5 വർഷത്തിനുള്ളിൽ എല്ലാവർക്കും ഭൂമിയും വീടും ലഭിക്കുന്ന തരത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി തയ്യാറാക്കണം.

ആലപ്പുഴ ജില്ലയിൽ ആരോഗ്യ സംരക്ഷണത്തിനായി മെഡിക്കൽ കോളേജ്, ജനറൽ ആശുപത്രി, CHC കൾ, PHC കൾ എന്നിവയൊക്കെ പ്രവർത്തിക്കുന്നുണ്ട്. പാവപ്പെട്ട പട്ടികജാതിക്കാർക്ക് മരുന്നുകൾ സൌജന്യമായി ലഭിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കുവാനുള്ള സത്വര നടപടികൾ സർക്കാർ സ്വീകരിക്കേണ്ടതുണ്ട്. ജീവിത ശൈലീ രോഗങ്ങളെക്കുറിച്ചും പകർച്ച വ്യാധികളെക്കുറിച്ചും ആരോഗ്യ പ്രവർത്തകർ ക്ലാസ്സുകൾ സംഘടിപ്പിക്കേണ്ടതാണ്. കോളനികൾ കേന്ദ്രീകരിച്ച് ഹെൽത്ത് ക്ലബ്ബുകൾ രൂപീകരിച്ച് കോളനി നിവാസികളുടെ സഹകരണത്തോടെ ഈ പ്രവർത്തനങ്ങൾ നടത്തണം. പട്ടികജാതിക്കാരായ വൃദ്ധജനങ്ങളെല്ലാം കുടുംബത്തോടൊപ്പം താമസിക്കുന്നവരാണ്. 3 പേർ മാത്രം പാലിയേറ്റീവ് കെയർ സെന്ററിൽ താമസിക്കുന്നു. പട്ടികജാതിക്കാരായ പാവപ്പെട്ട വൃദ്ധജനങ്ങൾക്ക് ആവശ്യമായ മരുന്നുകളും നല്ല ഭക്ഷണവും സൌജന്യമായി നൽകാനുള്ള സംവിധാനം ഗ്രാമപഞ്ചായത്തുകൾ ഏർപ്പാടാക്കേണ്ടതാണ്.

സർക്കാർ മേഖലയിലോ മെച്ചപ്പെട്ട സ്ഥിരവരുമാനമുള്ള മറ്റ് മേഖലകളിലോ എത്തിപ്പെടാൻ കഴിയാത്ത എല്ലാവർക്കും അഭിരുചിക്കനുസരിച്ച് സ്വന്തമായി തൊഴിൽ കണ്ടുപിടിക്കുവാൻ ആവശ്യമായ ധനസഹായം ലോണോ ഗ്രാന്റോ ആയി നല്കി അവർക്ക് സുസ്ഥിരമായ വരുമാനം ഉറപ്പാക്കാവുന്നതാണ്. സ്വയംസഹായ സംഘങ്ങൾ, സഹകരണ സംഘങ്ങൾ എന്നിവയ്ക്ക് ഇക്കാര്യത്തിൽ നിർണ്ണായകമായ പങ്ക് വഹിക്കാനാവുന്നതാണ്.

ഈ ജില്ലയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന 37 പട്ടികജാതി സഹകരണ സംഘങ്ങൾ ഉണ്ട്. ഇതിൽ തന്നെ രണ്ട് സംഘങ്ങൾ വളരെ ചെറിയ തോതിലുള്ള പ്രവർത്തനങ്ങളേയുള്ളൂ. മറ്റ് സംഘങ്ങളൊക്കെ സാമാന്യം നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ടെന്ന് പറയുന്നു. 22 പട്ടികജാതി സഹകരണ സംഘങ്ങൾ ഇപ്പോൾ പ്രവർത്തന രഹിതമാണ്. 6 സംഘങ്ങളിൽ ലിക്വിഡേഷൻ നടപടികൾ നടന്നു വരികയാണ്.

പട്ടികജാതി സഹകരണ സംഘങ്ങളിലെ ഭരണസമിതി അംഗങ്ങൾക്ക് സംഘങ്ങളുടെ പ്രവർത്തനങ്ങളെക്കുറിച്ചും സഹകരണ നിയമത്തെക്കുറിച്ചും അറിവില്ലാത്തതാണ് സംഘങ്ങളുടെ പരാജയത്തിന്റെ ഒരു പ്രധാന കാരണം. സംഘങ്ങളിലെല്ലാം തന്നെ സെക്രട്ടറിമാർക്ക് ശമ്പളം വളരെ കുറവാണ്. ഇവർ മറ്റ് ജോലികൾക്ക് പോകുന്നതും സംഘത്തിന്റെ പ്രവർത്തനങ്ങളിൽ വേണ്ട ശ്രദ്ധ ചെലുത്താത്തതും പരാജയത്തിന് കാരണമാണ്. ഭരണ സമിതി അംഗങ്ങളുടെ ധാരണക്കുറവിനെ ചില സെക്രട്ടറിമാർ മുതലെടുക്കുന്നു എന്നും പറയുന്നു. സ്വന്തമായി സ്ഥലവും കെട്ടിടവും ഇല്ലാത്തതും പ്രശ്നമാണ്. പൊതു വിഭാഗം ആളുകളിൽ നിന്നും ഡെപ്പോസിറ്റുകൾ പൊതുവേ പട്ടികജാതി സഹകരണ സംഘങ്ങൾക്ക് കിട്ടുന്നില്ല.

സഹകരണ വകുപ്പ് പുതുതായി വരുന്ന ഭരണ സമിതി അംഗങ്ങൾക്ക് സഹകരണ നിയമത്തെക്കുറിച്ചും സഹകരണ സംഘങ്ങളുടെ പ്രവർത്തനത്തെക്കുറിച്ചും ക്ലാസ്സുകൾ നടത്തുന്നത് ഉചിതമായിരിക്കും. സംഘങ്ങൾ കൃത്യമായി തുറന്ന് പ്രവർത്തിക്കുന്ന കാര്യത്തിൽ ഭരണ സമിതി ശ്രദ്ധിക്കേണ്ടതാണ്. ജോലി ശ്രദ്ധിക്കാത്ത സെക്രട്ടറിമാരെ മാറ്റി പകരം നിയമനം നടത്തേണ്ടതാണ്.

വീട് വയ്ക്കാൻപോലും സ്ഥലമില്ലാത്തവരാണ് പട്ടികജാതിക്കാർ. അവർ തുടങ്ങുന്ന സംരംഭത്തിന് സ്വന്തമായി സ്ഥലം വാങ്ങുക എന്നത് ഒട്ടും പ്രായോഗികമല്ല. സമൂഹത്തിലെ ഏറ്റവും ദുർബ്ബല വിഭാഗക്കാരുടെ ഈ സംരംഭങ്ങളെ സഹായിക്കുവാൻ സ്ഥലം വാങ്ങുന്നതിനുള്ള പണം സംഘങ്ങൾക്ക് സർക്കാർ ഗ്രാന്റായി നൽകേണ്ടതാണ്. കെട്ടിടം പണിയുന്നതിനും ഗ്രാന്റ് ആവശ്യമാണ്. ഇപ്പോൾ സംഘങ്ങൾക്ക് ബിൽഡിംഗ് മെയിന്റനൻസ് ഗ്രാന്റാണ് സർക്കാർ നല്കുന്നത്.

പട്ടികജാതി വികസന വകുപ്പ് മുഖേനയും SCA to SCP പ്രകാരവുമുള്ള പദ്ധതികളിൽ ഗ്രാന്റ് അനുവദിക്കുന്നതിന് മാനദണ്ഡങ്ങളിൽ ഇളവ് വരുത്തണമെന്ന് ആവശ്യമുയരുന്നുണ്ട്. തുടർച്ചയായി മൂന്ന് വർഷം ലാഭം ഉണ്ടാക്കണമെന്ന നിബന്ധന ഒഴിവാക്കി നിലവിൽ നല്ല രീതിയിൽ പ്രവർത്തിക്കുന്ന സംഘങ്ങൾക്ക് ധനസഹായം അനുവദിക്കണമെന്നാണ് ബന്ധപ്പെട്ടവർ ആവശ്യപ്പെടുന്നത്.

പട്ടികജാതി വിഭാഗത്തിന്റെ സാംസ്കാരിക പൈതൃകങ്ങളെ സംരക്ഷിക്കുന്നതിന് കോളനികളിലും പട്ടികജാതി സമൂഹം തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങളും കേന്ദ്രീകരിച്ച് നാടൻ കലാമേളകൾ വലിയ ഗൌരവത്തോടെ സംഘടിപ്പിക്കേണ്ടതാണ്. ഈ സാംസ്കാരിക രംഗങ്ങളിൽ വലിയ പങ്ക് വഹിച്ചിരുന്ന ഒട്ടേറെ പേർ അശരണരും അവശത അനുഭവിക്കുന്നവരുമാണ്. ഇത്തരം ആൾക്കാരെ സംരക്ഷിക്കുന്നതിനായി പ്രത്യേകം പദ്ധതി ആവിഷ്കരിക്കേണ്ടതുണ്ട്. ഈ സമൂഹത്തിന്റെ സാംസ്കാരിക പൈതൃകത്തിന്റെ പിൻമുറക്കാർക്ക് പ്രോത്സാഹനമാകുന്ന വിധത്തിൽ വിവിധ പദ്ധതികൾ ആവിഷ്കരിക്കണം.

- നാടൻ കലാമേളകൾ സംഘടിപ്പിക്കുക.
- നാടൻ കലാ സംഘങ്ങൾക്ക് സാമ്പത്തിക സഹായം നൽകുക.
- നാടൻ കലാരംഗത്തുള്ള പ്രവർത്തനത്തെ മുൻനിർത്തി പുരസ്കാരങ്ങൾ നൽകുന്നതിനായി പ്രത്യേക പദ്ധതി ആവിഷ്കരിക്കുക.

ആലപ്പുഴ ജില്ലയിൽ വകുപ്പിന് അഭിമാനിക്കാൻ കഴിയുന്ന വിവിധ സ്ഥാപനങ്ങളുണ്ട്. പട്ടികജാതിയിൽപ്പെട്ട വിദ്യാർത്ഥിനികൾക്കായുള്ള എം.ആർ.എസ് അതിൽ പ്രധാനമാണ്. നാല് ബ്ലോക്കുകൾ കേന്ദ്രീകരിച്ചുള്ള പ്രീമെട്രിക് ഹോസ്റ്റലുകൾ മറ്റൊരു അഭിമാന സ്ഥാപനമാണ്. ഇതൊക്കെ ഈ സമൂഹത്തിനാകെ പര്യാപ്തമാണെന്ന് അഭിപ്രായമില്ല. എന്നിരുന്നാലും അവയൊക്കെ നല്ല നിലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളാണ്. മാവേലിക്കര, ഹരിപ്പാട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന ഐ.ടി.ഐ.കൾ കാലങ്ങളായി വളരെയേറെ വിദ്യാർത്ഥികൾക്ക് പ്രയോജനകരമാണ്. ചേർത്തല വി.വി ഗ്രാം പ്രവർത്തന സജ്ജമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകഴിഞ്ഞു. എന്നാൽ ഈ സ്ഥാപനങ്ങളുടെയൊക്കെ വിനിയോഗം കൂടുതൽ വ്യാപിക്കേണ്ടതാണ്.

ആലപ്പുഴ എം.ആർ.എസ്.-ൽ നിലവിൽ ബയോളജി സയൻസിന്റെ ബാച്ച് മാത്രമാണ് പ്ലസ്ടുവിൽ ഉള്ളത്. അവിടെ ഹ്യൂമാനിറ്റീസ് ബാച്ച് ആരംഭിക്കുന്നത് സയൻസ് വിഷയത്തിന് താല്പര്യമില്ലാത്തവർക്ക് പ്രയോജനകരമാണ്. വകുപ്പിന്റെ ഐ.ടി.ഐ. കളിൽ കാലാനുസൃതമായ കോഴ്സുകൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. പ്രീമെട്രിക് ഹോസ്റ്റലുകളിൽ 30 കുട്ടികളെ പ്രവേശിപ്പിക്കാമെങ്കിലും കുട്ടികളുടെ എണ്ണം കുറവാണ്. ഹോസ്റ്റലിലെ സേവനങ്ങൾ കുറച്ചുകൂടി മെച്ചപ്പെട്ടതാകുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചാൽ കുട്ടികളുടെ എണ്ണം താനേ

വർദ്ധിക്കുന്നതാണ്. ഹോസ്റ്റലിൽ മേടൺ-കം-റസിഡന്റ് ട്യൂട്ടറെ നിയമിക്കുക വഴി ഈ പ്രവർത്തനത്തിന് വകുപ്പ് തുടക്കം കുറിച്ചു കഴിഞ്ഞു.

ഈ സ്ഥാപനങ്ങളൊക്കെ പട്ടികജാതി യുവാക്കളുടെ നൈപുണ്യവികസനത്തിന് പ്രയോജനപ്പെടുത്തണം. പുതിയ കാലത്തിന് അനുയോജ്യമായ നിരവധി ജോലികളിൽ നിപുണരാകുവാൻ ഈ സമൂഹത്തെ സഹായിക്കുന്നതിന് സാധിക്കുന്നതാണ്. നിലവിൽ എസ്.സി.എ റ്റു എസ്.സി.പി ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കി വരുന്ന ജ്വല്ലറി മേക്കിംഗ്, ബ്യൂട്ടീഷ്യൻ മുതലായ കോഴ്സുകൾ വിദ്യാർത്ഥികളുടെ താല്പര്യം അനുസരിച്ച് നടപ്പിൽ വരുത്തണം. ഡ്രൈവിംഗ്, മൊബൈൽ ടെക്നിഷ്യൻ തുടങ്ങിയവ പരിഗണിക്കാവുന്നതാണ്. സാങ്കേതിക വിദ്യയിൽ അതിവേഗം പുരോഗമിച്ചുവരുന്ന ഈ കാലഘട്ടത്തിൽ ഈ മേഖലയിൽ ജോലി ലഭ്യമാകാനുതകുന്ന വിധത്തിലുള്ള പരിശീലനം ഉദ്യോഗാർത്ഥികൾക്ക് ലഭ്യമാക്കേണ്ടതാണ്.

## ദീർഘകാല കാഴ്ചപ്പാട്

പട്ടികജാതി സമൂഹത്തിന്റെ ദീർഘകാലത്തേക്കുള്ള സാമ്പത്തികവും സാമൂഹികവുമായ വികസന പദ്ധതികൾക്കാണ് കൂടുതൽ പ്രാധാന്യം നൽകേണ്ടത്. കോളനി കേന്ദ്രീകൃതമായ ഒരു സമൂഹത്തിന്റെ ഉന്നമനം സാദ്ധ്യമാക്കുവാൻ വളരെയേറെ പ്രയാസമാണ്. അവിടെയാണ് ഡി-കോളനൈസേഷന്റെ പ്രസക്തി. നിലവിലുള്ള പട്ടികജാതി കോളനികളുടെ ഒറ്റപ്പെട്ട സാമൂഹ്യസാഹചര്യം മാറ്റിയെടുക്കുക എന്നതിന് പ്രാധാന്യം നൽകണം. ആയതിനായി കോളനികളെ പ്രധാന റോഡുകളുമായി ബന്ധിപ്പിക്കുന്ന ഇടറോഡുകൾ ഉണ്ടാകുന്നതിന് പദ്ധതികൾ ആവിഷ്കരിക്കണം. ആയതിനായി ഫീസിബിലിറ്റി മാനദണ്ഡങ്ങളിൽ മാറ്റം വരുത്തണം. നിലവിൽ കോളനികളിൽ ഉള്ളവരെയും ഭൂരഹിത ഭവന രഹിത പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തി പുനരധിവസിപ്പിക്കുന്നതിന് പദ്ധതി തയ്യാറാക്കണം. കോളനികളിലെ വീടുകളുടെ നിലവാരം ഉയർത്തുന്നതിന് പ്രത്യേക പദ്ധതി ആവിഷ്കരിക്കണം.

സാർവ്വത്രികമായ അടിസ്ഥാന വിദ്യാഭ്യാസം വളരെ പ്രാധാന്യത്തോടെയാണ് വകുപ്പ് കാണുന്നത്. ഇ-ഗ്രാന്റ്സ് മുഖേന വിദ്യാഭ്യാസാനുകൂല്യ വിതരണം പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് നൽകുന്നുണ്ട്. എന്നിരുന്നാലും വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് പ്രവണത ഇല്ലാതാക്കുന്നതിന് പ്രത്യേകം ശ്രദ്ധ ചെലുത്തണം. കുട്ടികളുടെ വിദ്യാഭ്യാസം, അച്ചടക്കം എന്നിവ സംബന്ധിച്ച് വകുപ്പ്, പ്രമോട്ടർമാർ മുഖേന നിരീക്ഷണം നടത്തുകയും ആഴ്ചകൾ തോറും ബ്ലോക്ക് പട്ടികജാതി വികസന ആഫീസർമാർ ഗൌരവത്തോടെ പരിശോധിക്കുകയും വേണം. ഇത്തരത്തിൽ ആഴത്തിലുള്ള പ്രവർത്തനത്തിലൂടെ മാത്രമേ "കൊഴിഞ്ഞുപോക്ക്" തടയുവാൻ കഴിയൂ.

പുതിയ വിദ്യാഭ്യാസ പരിഷ്കാരത്തിന്റെ ഭാഗമായി സ്മാർട്ട് സ്കൂളുകൾ യാഥാർത്ഥ്യ മാകുമ്പോൾ പട്ടികജാതി വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട സേവനങ്ങൾ നൽകുന്നതിന് വകുപ്പ് പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്. വിദ്യാർത്ഥികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിന് ഉയർന്ന നിലവാരത്തിലുള്ള പഠനോപകരണങ്ങൾ, ട്യൂഷൻ ക്ലാസ്സുകൾ, റഫറൻസ് ഗ്രന്ഥങ്ങൾ തുടങ്ങിയവ അനുവദിക്കേണ്ടതാണ്.

സാങ്കേതിക വിദ്യാഭ്യാസത്തിൽ ഏർപ്പെട്ടിരിക്കുന്ന വിദ്യാർത്ഥികൾക്ക് ജോലി ഉറപ്പു വരുത്തുന്നതിനായി വ്യവസായ സ്ഥാപനങ്ങൾ, കമ്പനികൾ തുടങ്ങിയവയുമായി സഹകരിച്ച് "Job Fair" സംഘടിപ്പിച്ച് തൊഴിൽ ഉറപ്പു വരുത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

വിദ്യാർത്ഥി പ്രവേശനം നേടുമ്പോൾ മുതൽ അത്തരം സ്ഥാപനങ്ങളുമായി ബന്ധപ്പെടുത്തിയാൽ അത് വിദ്യാർത്ഥിയുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നതിനു കാരണമാകും.

20 വർഷം കഴിയുമ്പോൾ പട്ടികജാതിക്കാരുടെ ജീവിത നിലവാരം പൊതു വിഭാഗത്തിന് ഒപ്പമെത്തുന്നതിന് സ്ഥലവും വീടും അനുവദിക്കുന്നതിന് പ്രാധാന്യം നൽകണം. ഉപ കുടുംബങ്ങൾക്കെല്ലാം വീടുകൾ നല്കിയിരിക്കണം. കുട്ടനാട്ടിൽ പൊതുവേ പട്ടികജാതിക്കാരുടെ വാസസ്ഥലം പാടത്തിന്റെയും ആറുകളുടെയും ബണ്ടുകളിലാണ്. വർഷത്തിൽ കൂടുതൽ സമയത്തും ഈ പ്രദേശം വെള്ളത്തിലായിരിക്കും. ഈ പ്രദേശത്തുള്ള പട്ടികജാതിക്കാരുടെ വീടിന്റെ പരിസരം മണ്ണിട്ടുയർത്തുന്നതിനുള്ള പദ്ധതിക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുൻഗണന നൽകേണ്ടതാണ്. പട്ടികജാതി വികസന വകുപ്പിന് ഈ പദ്ധതി ഇല്ല. ദീർഘകാല അടിസ്ഥാനത്തിലും സാമ്പത്തിക ഉന്നമന പദ്ധതികൾക്ക് തന്നെയാണ് പ്രാധാന്യം കൊടുക്കേണ്ടത്. തൊഴിൽ അധിഷ്ഠിതമായ സാങ്കേതിക വിദ്യാഭ്യാസത്തിന് പ്രാധാന്യം കൊടുക്കണം. ഇങ്ങനെയുള്ള വിദ്യാഭ്യാസം കൊണ്ടേ മെച്ചപ്പെട്ട വരുമാനമുള്ള തൊഴിൽ നേടിയെടുക്കാൻ കഴിയുകയുള്ളൂ. ആലപ്പുഴയിൽ മെച്ചപ്പെട്ട സൌകര്യമുള്ള പ്രീ-മെട്രിക്/ പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളും എം.ആർ.എസ്സും ആൺകുട്ടികൾക്ക് കൂടി സ്ഥാപിതമാകേണ്ടതാണ്. നിലവിലുള്ള ഐ.റ്റി.ഐ.കളിൽ സാങ്കേതിക മികവുള്ള പുതിയ കോഴ്സുകൾ ആരംഭിക്കേണ്ടതാണ്. പുതുമയുള്ള ഉത്പന്നങ്ങൾ നിർമ്മിക്കുന്ന പ്രോഡക്ഷൻ-കം-ട്രയിനിംഗ് സെന്ററുകൾ സ്ഥാപിതമായാൽ തൊഴിൽ പരിശീലനവും അതുവഴി മെച്ചപ്പെട്ട ജോലി സാദ്ധ്യതയുമുണ്ടാകും.

## നിർദ്ദേശങ്ങൾ

**മേൽത്തട്ട്**

- പട്ടികജാതി വികസന വകുപ്പ് ഇപ്പോൾ സ്വയംസഹായ സംഘങ്ങൾക്ക് നൽകുന്ന ധനസഹായത്തിന്റെ പകുതി തുക എങ്കിലും കാർഷിക മേഖലയിലെ പദ്ധതികൾക്കായി മാറ്റിവയ്ക്കുക.
- പട്ടികജാതിയിൽപ്പെട്ട സമർദ്ധരായ വിദ്യാർത്ഥികളെ മത്സര പരീക്ഷകളിൽ സജ്ജരാക്കുവാൻ സ്വകാര്യമേഖലകളിൽ പ്രവർത്തിക്കുന്ന മികച്ച പരിശീലന സ്ഥാപനങ്ങളിൽ നിന്നും പരിശീലനം നേടുന്നതിന് ആവശ്യമായ മുഴുവൻ തുകയും ധനസഹായമായി നൽകുക.
- ഈ വിഭാഗത്തിലെ പ്രാഗത്ഭ്യം തെളിയിച്ച കായിക താരങ്ങൾക്കും കലാപ്രതിഭകൾക്കും സ്പോർട്ട്സ് കിറ്റ്, ഡാൻസ് കിറ്റ് മറ്റ് അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിന് 15,000/- രൂപ വരെ നൽകുന്നതിന് ആവശ്യമായ മാറ്റങ്ങൾ പദ്ധതി മാർഗ്ഗരേഖയിൽ വരുത്തുക. സ്പോർട്ട്സ് താരങ്ങൾക്ക് പോഷകാഹാരം നൽകുന്നതിന് ധനസഹായം, പ്രത്യേക കോച്ചിംഗ് ക്യാമ്പ് എന്നിവ നടപ്പിലാക്കണം.
- പട്ടികജാതി വിഭാഗത്തിന്റെ തനതായ കലകൾ പ്രോത്സാഹിപ്പിക്കുന്നതിന് പട്ടികജാതി സാംസ്കാരിക കലാ അക്കാദമി സ്ഥാപിക്കണം. അക്കാദമിയുടെ നേതൃത്വത്തിൽ ജില്ലകൾ തോറും കലാമേളകൾ സംഘടിപ്പിക്കുക. പട്ടികജാതി സാഹിത്യകാരന്മാർക്കും കലാകാരന്മാർക്കും പാരിതോഷികങ്ങൾ നൽകുക തുടങ്ങിയ പരിപാടികൾ നടത്താവുന്നതാണ്.

- സർക്കാർ ഖജനാവിൽ നിന്നും ശമ്പളം കൊടുക്കുന്ന എല്ലാ തൊഴിൽ മേഖലകളിലും പട്ടികജാതി സംവരണം ഏർപ്പെടുത്തുക.
- പട്ടികജാതി മേഖലയിലെ സഹകരണ സംഘങ്ങൾ പുനരുജ്ജീവിപ്പിക്കുന്നതിനും മെച്ചമായി പ്രവർത്തിപ്പിക്കുന്നതിനും സാമ്പത്തിക സഹായം ചെയ്യുക.
- സംഘങ്ങൾക്ക് വസ്തു, കെട്ടിടം എന്നിവയ്ക്ക് ധനസഹായം ചെയ്യുക.
- പരമ്പരാഗത തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന വയോധികർക്ക് പെൻഷൻ അനുവദിക്കുക. (ചുരുങ്ങിയത് 3,000/– രൂപ).
- വ്യാജ സർട്ടിഫിക്കറ്റുകൾ ഉണ്ടാക്കി പട്ടികജാതി വിഭാഗങ്ങളുടെ ആനുകൂല്യങ്ങൾ തട്ടിയെടുക്കുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുക.
- തുതല പഞ്ചായത്തുകളുടെ പ്രത്യേക ഘടക പദ്ധതി പ്രോജക്ടുകൾ അവലോകനം നടത്തുന്നതിന് യുക്തമായ കമ്മിറ്റികളെ നിശ്ചയിക്കുക.
- പട്ടികജാതി ജനവിഭാഗങ്ങൾക്ക് സർക്കാരും വിവിധ ഏജൻസികളും നൽകുന്ന എല്ലാ സഹായങ്ങളും രേഖപ്പെടുത്തി സൂക്ഷിക്കുന്നതിന് ഉപയുക്തമായ സോഫ്റ്റ് വെയർ സംവിധാനം ഏർപ്പെടുത്തുക.
- അതിക്രമം തടയൽ നിയമ പ്രകാരമുള്ള കേസുകൾ ജില്ലാ കോടതിയിലാണ് കൈകാര്യം ചെയ്യുന്നത്. കേസുകൾ വർഷങ്ങളോളം നീണ്ടുപോകുന്നത് ഇരകളെ കേസിൽ നിന്നും പിൻമാറാൻ പ്രേരിപ്പിക്കുന്നു. പ്രതി ശിക്ഷിക്കപ്പെടാതിരിക്കുന്നത് സമൂഹത്തിന് തെറ്റായ സന്ദേശം നൽകുന്നു. അതിനാൽ അതിക്രമം തടയൽ നിയമപ്രകാരമുള്ള കേസുകൾ കൈകാര്യം ചെയ്യുന്നതിന് സ്പെഷ്യൽ കോടതികൾ സ്ഥാപിക്കണം.
- എല്ലാ ജില്ലകളിലും ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും വേണ്ടിയുള്ള പ്രീ-മെട്രിക്/ പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളും എം.ആർ.എസുകളും സ്ഥാപിക്കുക.
- എസ്.സി. ഫണ്ട് ഉപയോഗിച്ച് നിലവിൽ കോളനികൾക്കുള്ളിൽ മാത്രമേ റോഡ് പണിയുവാൻ സാധിക്കുകയുള്ളൂ. കോളനിയിൽ നിന്നും പ്രധാന റോഡിലേയ്ക്ക് എത്തുന്നതിന് എസ്.സി.പി. ഫണ്ട് ഉപയോഗിച്ച് റോഡ് പണിയുന്നതിന് മാർഗരേഖയിൽ മാറ്റങ്ങൾ വരുത്തണം.
- ആലപ്പുഴ ജില്ലയിൽ പെൺകുട്ടികൾക്കുവേണ്ടി പ്രിമെട്രിക് ഹോസ്റ്റലുകൾ എം.ആർ.എസ്. എന്നിവയുള്ളതുപോലെ ആൺകുട്ടികൾക്കുവേണ്ടിയും ഒരു എം.ആർ.എസ്. സ്ഥാപിക്കേണ്ടതാണ്.
- പട്ടികജാതി വിദ്യാർത്ഥികൾക്ക് ഉന്നതവിദ്യാഭ്യാസം ലഭ്യമാക്കുന്നതിന് ബാങ്കുകൾവഴി അല്ലാതെ സർക്കാർ നേരിട്ട് ധനസഹായം നൽകണം.

**കീഴ്ഘടം**

- സാമ്പത്തിക സ്വാശ്രയത്വം ഉണ്ടാകുന്ന ഉത്പാദന പ്രോജക്ടുകൾക്ക് തുതല പഞ്ചായത്തുകൾ പ്രാധാന്യം നൽകുക. അത്തരത്തിലുള്ള ഒരു പ്രോജക്ടെങ്കിലും ഓരോ വർഷവും നടപ്പിലാക്കുക.

- പട്ടികജാതി ജനവിഭാഗത്തിൽ നിന്നും മാതൃകാപരമായി പ്രവർത്തിക്കുന്ന സംഘങ്ങളുടെ ഡോക്യുമെന്ററി തയ്യാറാക്കി പ്രദർശിപ്പിക്കുകയും പ്രസ്തുത മാർഗ്ഗത്തിലേക്ക് മറ്റുള്ളവർ വരുന്ന രീതിയിലുള്ള പ്രചരണ രീതികൾ പഞ്ചായത്തുകൾ അവലംബിക്കുക.
- ലഹരിയ്ക്ക് അടിമപ്പെട്ടിട്ടുള്ളവരുടെ ചികിത്സ നടത്തുന്നതിനുള്ള ധനസഹായം ഗ്രാമപഞ്ചായത്തുകൾ ചെയ്യുക.
- വാർഡ് തലത്തിൽ പട്ടികജാതിക്കാരുടെ ജാഗ്രതാ സമിതികൾ രൂപീകരിക്കുക. പട്ടികജാതിക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ തടയൽ, ശരിയായ ജീവിത മാർഗ്ഗങ്ങൾ, വ്യക്തിത്വ വികസന കാര്യങ്ങൾ എന്നിവയെക്കുറിച്ചുള്ള ക്ലാസ്സുകൾ ചർച്ചകൾ മുതലായവ ഇവിടെ നടപ്പിലാക്കാം.
- ഫണ്ടുകൾ വാർഡ് അടിസ്ഥാനത്തിലും ഡിവിഷൻ അടിസ്ഥാനത്തിലും പങ്കിടാതെ ഓരോ പ്രോജക്ടിനും ആവശ്യമായ ഫണ്ടുകൾ മാറ്റി വയ്ക്കുക.
- ഗ്രാമപഞ്ചായത്തുകൾ സേവന മേഖല, ഉദ്പാദന മേഖല ഇവയിൽ ജില്ലാ, ബ്ലോക്ക് പഞ്ചായത്തുകളുടെ വിഹിതത്തോടെ മെഗാ പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പിലാക്കുക.
- പട്ടികജാതിയിൽപ്പെട്ട നിരാലംബരും നിർദ്ധനരുമായ വയോജനങ്ങൾക്ക് അംഗൻവാടി വഴി പോഷകാഹാരം വിതരണം ചെയ്യുക.
- പട്ടികജാതിക്കാരുടെ നൈപുണ്യ വികസനത്തിനായുള്ള പദ്ധതികൾ നടപ്പിലാക്കുക.

ആലപ്പുഴ ജില്ലയിലെ വികസന പ്രവർത്തനങ്ങൾ നിശ്ചയിക്കുമ്പോൾ ഈ ജില്ലയിലെ സാമൂഹിക, ഭൌതിക പാരിസ്ഥിതിക സാഹചര്യങ്ങൾ പരീക്ഷിച്ച് കരുതലോടെ വേണം. ഈ ജില്ലയുടെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകളോടും പാരിസ്ഥിതിക വെല്ലുവിളികളോടും സന്ധിചെയ്യുവേണം ഓരോ വികസന പരിപാടികളും പ്രാവർത്തികമാക്കുവാൻ.

പട്ടികജാതി സമൂഹത്തിന്റെ ചുറ്റുപാടുകളുടെ നവീകരണം, അവരുടെ പാരമ്പര്യ ആവാസ രീതിയെ പാടേ നിഷേധിച്ചുകൊണ്ടാവരുത്. വിവിധ പദ്ധതികൾ പ്രകാരമുള്ള പുനരധിവാസ പരിപാടികൾ നടപ്പിലാക്കുമ്പോൾ കോളനിവല്ക്കരണം സംഭവിക്കാതിരിക്കുവാൻ ശ്രദ്ധയുണ്ടാവണം. കാലങ്ങളായി വിദ്യാഭ്യാസത്തിന്റെയും സ്വത്തുസമ്പാദനത്തിന്റെയും പടിക്ക് പുറത്ത് ജീവിച്ച ഈ സമൂഹത്തിന്റെ ഉദ്ധാരണത്തിന് സമയബന്ധിതമായ പദ്ധതികളാണ് ആവിഷ്കരിക്കേണ്ടത്. ഓരോ ധനസഹായ പദ്ധതികളിലെയും തുകകൾ ചെലവഴിക്കുക മാത്രമാകരുത് നമ്മുടെ കടമ. മറിച്ച് അവയുടെ വിനിയോഗം സംബന്ധിച്ചുള്ള പരിശോധനകളും വിലയിരുത്തലുകളും ഗൌരവപൂർവ്വം നടത്തേണ്ടതാണ്. അത്തരത്തിൽ സജീവമായ ഇടപെടലുകളോട് കൂടി മാത്രമേ പട്ടികജാതി സമൂഹം ഇപ്പോഴും നേരിടുന്ന പ്രതിസന്ധികളെ നമുക്ക് തരണം ചെയ്യുവാൻ കഴിയൂ.

# പട്ടികവർഗ്ഗ വികസനം

പട്ടികവർഗ്ഗക്കാർ വികസനത്തിന്റെ സമസ്ത മേഖലകളിലും ഏറ്റവും പിന്നാക്കം നിൽക്കുന്നവരാണ്. പട്ടികവർഗ്ഗ വിഭാഗങ്ങൾ തമ്മിലും പട്ടികവർഗ്ഗ പ്രദേശങ്ങൾ തമ്മിലും വികസനാവസ്ഥയിൽ പ്രകടമായ അന്തരം നിലനിൽക്കുന്നു. പട്ടികവർഗ്ഗത്തിലെ ഓരോ വിഭാഗത്തിന്റെയും ജീവിതരീതികളും ആചാരനുഷ്ഠാനങ്ങളും വ്യത്യസ്തമാണ്. നാളിതുവരെ നടപ്പാക്കിയ വികസന പ്രവർത്തനങ്ങളുടെ ഫലമായി പട്ടികവർഗ്ഗത്തിലെ ചില വിഭാഗം താരതമ്യേന മെച്ചപ്പെട്ട ജീവിതനിലവാരം കൈവരിച്ചിട്ടുണ്ടെങ്കിലും ബഹുഭൂരിപക്ഷവും അത്യന്തം പരിതാപകരമായ ജീവിതാവസ്ഥയിലാണ്. അതുകൊണ്ട് ഓരോ പട്ടികവർഗ്ഗ വിഭാഗത്തിന്റെയും അവർ അധിവസിക്കുന്ന മേഖലകളുടെയും സവിശേഷതകൾ കണക്കിലെടുത്തുള്ള സൂക്ഷ്മതല ആസൂത്രണത്തിലൂടെ മാത്രമേ കൈപിടിച്ചു ഉയർത്തുവാൻ കഴിയൂ.

ആലപ്പുഴ ജില്ലയിൽ 2001 സെൻസസ് പ്രകാരം ജില്ലയിലെ പട്ടികവർഗ്ഗ ജനസംഖ്യ 3131 ആയിരുന്നു. (പുരുഷന്മാർ-1565 സ്ത്രീകൾ -1566)തൈക്കാട്ടുശ്ശേരി, പട്ടണക്കാട്, കഞ്ഞിക്കുഴി, ആര്യാട്, അമ്പലപ്പുഴ, വെളിയനാട്, ചെങ്ങന്നൂർ, ഹരിപ്പാട്, മാവേലിക്കര, ഭരണിക്കാവ്, മുതുകുളം എന്നീ പതിനൊന്ന് ബ്ലോക്ക് പഞ്ചായത്തുകളിലും ചേർത്തല, കായംകുളം, ആലപ്പുഴ മുനിസിപ്പാലിറ്റികളിലുമാണ് പട്ടികവർഗ്ഗ ജനസംഖ്യ ഉള്ളത്. കഞ്ഞിക്കുഴി ബ്ലോക്ക് പഞ്ചായത്തിലാണ് ജില്ലയിൽ ഏറ്റവും കൂടുതൽ പട്ടികവർഗ്ഗ ജനസംഖ്യയുള്ളത്. 2011 ലെ സെൻസസ് പ്രകാരം ജില്ലയിൽ 3175 പുരുഷന്മാരും 3399 സ്ത്രീകളുമായി 6574 പട്ടികവർഗ്ഗക്കാർ ഉണ്ട്. 2008-10 കാലത്ത് പട്ടികവർഗ്ഗ വികസന വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സഹകരണത്തോടുകൂടി നടത്തിയ കേരളത്തിലെ പട്ടികവർഗ്ഗക്കാരുടെ സാമൂഹ്യ സാമ്പത്തിക സർവ്വെ പ്രകാരം ആലപ്പുഴ ജില്ലയിൽ 872 കുടുംബങ്ങളിലായി 2983 പട്ടികവർഗ്ഗക്കാരുണ്ട്. അവരിൽ 1456പേർ പുരുഷന്മാരും 1527 പേർ സ്ത്രീകളുമാണ്. ആലപ്പുഴ ജില്ലയിൽ പട്ടികവർഗ്ഗ വിഭാഗത്തിൽ ഏതാണ്ട് പൂർണ്ണമായും ഉള്ളാട സമുദായത്തിൽപ്പെട്ടവരാണ്. എങ്കിലും മലവേടർ. മലയരയ, പണിയ, ഊരാളി, കുറുമ, എന്നീ വിഭാഗത്തിൽപ്പെട്ട ഏതാനും കുടുംബങ്ങൾ കൂടി ജില്ലയിൽ അധിവസിക്കുന്നുണ്ട്.

2011ലെ സെൻസസ് പ്രകാരം ജില്ലയിലെ പൊതു സാക്ഷരതാനിരക്ക് 96.26% ആണ്. 2008-10 സർവ്വെ പ്രകാരം ജില്ലയിലെ പട്ടികവർഗ്ഗക്കാരുടെ സാക്ഷരത 86.57% ആണ്. ഇവരിൽ സ്ത്രീകളുടെ സാക്ഷരതാ നിരക്ക് 83.56 ഉം പുരുഷന്മാരുടെ സാക്ഷരതാനിരക്ക് 89.81 ഉം ആണ്. 2011 സെൻസസ് പ്രകാരം ആലപ്പുഴ ജില്ലയിൽ 3175 പുരുഷൻമാരും 3393 സ്ത്രീകളുമായി 6574 പട്ടികവർഗ്ഗക്കാർ ഉണ്ട്. 2008-10 കാലയളവിൽ പട്ടികവർഗ്ഗ വികസന വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സഹായത്തോടുകൂടി നടത്തിയ സർവ്വെ പ്രകാരം ജില്ലയിൽ 872 കുടുംബങ്ങളിലായി 1456 പുരുഷൻമാരും 1527 സ്ത്രീകളുമടക്കം 2983 പട്ടികവർഗ്ഗക്കാരുള്ളതായാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്. അവരുടെ തദ്ദേശ സ്വയംഭരണ അടിസ്ഥാനത്തിലുള്ള വിശദാംശം പട്ടിക 1.1 ൽ വിവരിക്കുന്നു.

ആലപ്പുഴ ജില്ലയിലെ പട്ടികവർഗ്ഗക്കാരുടെ തദ്ദേശസ്വയംഭരണ സ്ഥാപന അടിസ്ഥാനത്തിലുള്ള ജനസംഖ്യയുടെ വിവരം.

## ജനസംഖ്യ

| ക്രമ നം. | തദ്ദേശഭരണസ്ഥാപനം | പട്ടികവർഗ്ഗ കുടുംബങ്ങൾ (എണ്ണം) | പട്ടികവർഗ്ഗ ജനസംഖ്യ (എണ്ണം) | | |
|---|---|---|---|---|---|
| | | | പുരുഷൻമാർ | സ്ത്രീകൾ | ആകെ |
| 1 | തൈക്കാട്ടശ്ശേരി ബ്ലോക്ക് | 121 | 191 | 192 | 383 |
| 2 | പട്ടണക്കാട് ബ്ലോക്ക് | 128 | 207 | 224 | 431 |
| 3 | കഞ്ഞിക്കുഴി ബ്ലോക്ക് പഞ്ചായത്ത് | 219 | 346 | 374 | 720 |
| 4 | ആര്യാട് ബ്ലോക്ക് പഞ്ചായത്ത് | 91 | 145 | 157 | 302 |
| 5 | അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്ത് | 66 | 110 | 104 | 214 |
| 6 | വെളിയനാട് ബ്ലോക്ക് പഞ്ചായത്ത് | 1 | 2 | 2 | 4 |
| 7 | ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്ത് | 11 | 25 | 21 | 46 |
| 8 | ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്ത് | 62 | 113 | 125 | 238 |
| 9 | മാവേലിക്കര ബ്ലോക്ക് പഞ്ചായത്ത് | 30 | 52 | 63 | 115 |
| 10 | ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്ത് | 1 | 4 | 2 | 6 |
| 11 | മുതുകുളം ബ്ലോക്ക് പഞ്ചായത്ത് | 72 | 130 | 142 | 272 |
| 12 | ചേർത്തല മുനിസിപ്പാലിറ്റി | 8 | 20 | 17 | 37 |
| 13 | കായംകുളം മുനിസിപ്പാലിറ്റി | 9 | 20 | 18 | 38 |
| 14 | ആലപ്പുഴ മുനിസിപ്പാലിറ്റി | 53 | 91 | 86 | 177 |
| | **ആകെ** | **872** | **1456** | **1527** | **2983** |

*(അവലംബം 2008-10 വകുപ്പ് സർവ്വേ)*

പട്ടികവർഗ്ഗ വികസനവകുപ്പ് ആനുകാലികമായി ശേഖരിച്ച വിവരമനുസരിച്ചു ജില്ലയിൽ 1380 കുടുംബങ്ങളിലായി 1156 പുരുഷൻമാരും 1357 സ്ത്രീകളുമടക്കം 729 കുട്ടികളുമടക്കം 3235 പട്ടികവർഗ്ഗക്കാരുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിലുള്ള ഇതു സംബന്ധിച്ച വിവരം ചുവടെയുള്ള പട്ടികകളിൽ വിശദമാക്കുന്നു.

## പട്ടികവർഗ്ഗ ജനസംഖ്യ

| ക്രമ നം. | തദ്ദേശഭരണ സ്ഥാപനം | പട്ടികവർഗ്ഗ കുടുംബങ്ങൾ എണ്ണം | പട്ടികവർഗ്ഗ ജനസംഖ്യ (എണ്ണം) | | | ആകെ |
|---|---|---|---|---|---|---|
| | | | പുരുഷൻമാർ | സ്ത്രീകൾ | കുട്ടികൾ | |
| 1 | പട്ടണക്കാട് | 173 | 139 | 179 | 97 | 413 |
| 2 | തൈക്കാട്ടശ്ശേരി | 156 | 152 | 165 | 81 | 398 |
| 3 | കഞ്ഞിക്കുഴി | 338 | 291 | 327 | 105 | 718 |
| 4 | ആര്യാട് | 157 | 159 | 187 | 111 | 457 |
| 5 | അമ്പലപ്പുഴ | 116 | 85 | 101 | 76 | 262 |
| 6 | ചമ്പക്കുളം | 5 | 2 | 5 | 2 | 9 |
| 7 | വെളിയനാട് | 9 | 9 | 10 | 3 | 22 |
| 8 | ചെങ്ങന്നൂർ | 10 | 7 | 6 | 3 | 16 |
| 9 | ഹരിപ്പാട് | 84 | 61 | 97 | 54 | 212 |

| | | | | | | |
|---|---|---|---|---|---|---|
| 10 | മാവേലിക്കര | 60 | 42 | 61 | 44 | 147 |
| 11 | ഭരണിക്കാവ് | 19 | 8 | 15 | 12 | 35 |
| 12 | മുതുകുളം | 142 | 129 | 140 | 93 | 362 |
| 13 | ചേർത്തല മുനിസിപ്പാലിറ്റി | 16 | 19 | 13 | 11 | 43 |
| 14 | ആലപ്പുഴ മുനിസിപ്പാലിറ്റി | 69 | 34 | 29 | 19 | 82 |
| 15 | ഹരിപ്പാട് മുനിസിപ്പാലിറ്റി | 7 | 4 | 7 | 4 | 15 |
| 16 | കായംകുളം മുനിസിപ്പാലിറ്റി | 15 | 11 | 11 | 7 | 29 |
| 17 | മാവേലിക്കര മുനിസിപ്പാലിറ്റി | 3 | 3 | 3 | 5 | 11 |
| 18 | ചെങ്ങന്നൂർ മുനിസിപ്പാലിറ്റി | 1 | 1 | 1 | 2 | 4 |
| | **ആകെ** | **1380** | **1156** | **1357** | **729** | **3235** |

*(അവലംബം – തദ്ദേശ സ്വയംഭരണ സ്ഥാപനം)*

2001 സെൻസസ് റിപ്പോർട്ടിനെ അപേക്ഷിച്ച് 2011 സെൻസസ് റിപ്പോർട്ടിൽ ജില്ലയിലെ പട്ടികവർഗ്ഗക്കാരുടെ ജനസംഖ്യയിൽ വന്ന ക്രമാതീതമായ വർദ്ധനവ് വിശദമായ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്.

ജില്ലയിലെ പൊതു സാക്ഷരതാ നിരക്ക് 2011 സെൻസസ് പ്രകാരം 96.26% ആണ് പട്ടികവർഗ്ഗ വികസന വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സഹകരണത്തോടെ 2008–10 കാലയളവിൽ നടത്തിയ സർവ്വെ പ്രകാരം ജില്ലയിലെ പട്ടികവർഗ്ഗ സാക്ഷരത 86.57% ആണ്. അതിൽ പുരുഷന്മാരുടെ സാക്ഷരതാ നിരക്ക് 89.81%വും സ്ത്രീകളുടെ സാക്ഷരതാ നിരക്ക് 83.56% ശതമാനവുമാണ്. അതായത് ജില്ലയിലെ പൊതുസാക്ഷരതയുമായി താരതമ്യം ചെയ്യുമ്പോൾ പട്ടികവർഗ്ഗക്കാരുടെ സാക്ഷരതയിൽ 9.69 ശതമാനം വ്യത്യാസവും പുരുഷന്മാരുടെ സാക്ഷരതയും സ്ത്രീകളുടെ സാക്ഷരതയും തമ്മിൽ 6.25 ശതമാനം വ്യത്യാസവും നിലനിൽക്കുന്നു.

ജില്ലയിൽ പട്ടികവർഗ്ഗക്കാരായ 375 പേർ നിരക്ഷരരായുണ്ട്. ഇവരിൽ 137 പുരുഷൻമാരും 238 സ്ത്രീകളുമാണ്. പട്ടണക്കാട് അമ്പലപ്പുഴ മുതുകുളം ആലപ്പുഴ മുനിസിപ്പാലിറ്റിയിലും പട്ടികവർഗ്ഗ സാക്ഷരതാ നിരക്കുകൾ ആകെ സാക്ഷരതാ നിരക്കിനേക്കാൾ കുറവാണ്.അതിനാൽ ഈ മൂന്നു ബ്ലോക്ക് പഞ്ചായത്തുകൾ കേന്ദ്രീകരിച്ചും തുടർ സാക്ഷരതാ പ്രവർത്തനം നടത്തേണ്ടതായിട്ടുണ്ട്.

ജില്ലയിൽ ആകെയുള്ള 656 പട്ടികവർഗ്ഗ വിദ്യാർത്ഥികളിൽ 172 പേർ പ്രൈമറി തലത്തിലും 195പേർ സെക്കന്ററി തലത്തിലും 67 പേർ ഹയർ സെക്കന്ററി തലത്തിലും 27 പേർ ബിരുദതലത്തിലും 2 പേർ ബിരുദാനന്തര തലത്തിലും17 പേർ പ്രൊഫഷണൽ കോഴ്സുകൾക്കും 14 പേർ ഡിപ്ലോമ കോഴ്സുകൾക്കും സർട്ടിഫിക്കറ്റ് കോഴ്സുകൾക്കും പഠിക്കുന്നുണ്ട്. ആകെയുള്ള 656 പേരിൽ 632 പേർ മാത്രമേ വിവിധ ക്ലാസ്സുകളിൽ പഠിക്കുന്നുള്ളു. 24 പേർ വിവിധ ക്ലാസ്സുകളിൽ കൊഴിഞ്ഞു പോയതായാണ് കാണുന്നത്. ജില്ലയിലെ ഉന്നത വിദ്യാഭ്യാസ രംഗത്ത് മതിയായ ഹോസ്റ്റൽ സൗകര്യങ്ങളുടെ അഭാവമാണ് പട്ടികവർഗ്ഗക്കാരുടെ പ്രാതിനിധ്യകുറവിനു കാരണമായി ഭവിക്കുന്നത്. രക്ഷിതാക്കളുടെ സാമ്പത്തിക പിന്നോക്കാവസ്ഥയും നിരക്ഷരതയും വിദ്യാഭ്യാസകാര്യത്തിൽ പട്ടികവർഗ്ഗ കുട്ടികൾക്കു പ്രതികൂലമായി ബാധിക്കുന്നത്.

**ജില്ലയിലെ പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിവരം ചുവടെ ചേർക്കുന്നു.**

| ക്രമ നം: | കോഴ്സ് | കുട്ടികളുടെ എണ്ണം |
|---|---|---|
| 1 | പ്രൈമറിതലം | 172 |
| 2 | അപ്പർ പ്രൈമറി | 146 |
| 3 | സെക്കന്ററി | 195 |
| 4 | പ്രീഡിഗ്രി/പ്ലസ്ടു | 67 |
| 5 | ബിരുദം | 27 |
| 6 | ബിരുദാനന്തര ബിരുദം | 2 |
| 7 | മെഡിസിൻ | 1 |
| 8 | ബി.ഡി.എം.എസ് | 1 |
| 9 | എഞ്ചിനിയറിംഗ് | 7 |
| 10 | ഡിപ്ലോമ സർട്ടിഫിക്കറ്റ് കോഴ്സ് | 14 |
| 11 | കൊഴിഞ്ഞുപോക്ക് | 24 |
| | **ആകെ** | **656** |

ജില്ലയിൽ ബിരുദാനന്തര വിദ്യാഭ്യാസ രംഗത്തു നാമമാത്രമായവർ മാത്രമേ യോഗ്യത നേടിയതായുള്ളൂ. പ്രൊഫഷണൽ രംഗത്ത് 7 പേർ മാത്രമേ ബി.ടെക്-ൽ പഠിക്കുന്നുള്ളൂ. ഒരാൾ മാത്രമാണ് മെഡിക്കൽ രംഗത്ത് പഠിക്കുന്നത്.

ടെക്നിക്കൽ ഹൈസ്കൂൾ, ഐ.ടി.ഐ, പോളിടെക്നിക്ക് ഇവിടങ്ങളിലും പട്ടികവർഗ്ഗ കുട്ടികൾക്ക് മതിയായ പ്രാതിനിധ്യം ഇല്ല. ഈ മേഖലയിൽ പട്ടികവർഗ്ഗ കുട്ടികൾക്കു മതിയായ ബോധവത്ക്കരണം ആവശ്യമാണ്. പ്രൊഫഷണൽ രംഗത്ത്, എഞ്ചിനീയറിംഗ്, മെഡിക്കൽ, ആയൂർവേദ, ഹോമിയോ, അഗ്രികൾച്ചർ, ബി.വി.എസ്.സി, ഡയറി സയൻസ് തുടങ്ങി ഡിഗ്രി കോഴ്സുകളിലും അനുബന്ധ കോഴ്സുകളിലും പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കു താൽപര്യം വളർത്തുന്നതിന് മാർഗ്ഗനിർദ്ദേശവും പരിശീലനവും ആവശ്യമാണ്. പട്ടികവർഗ്ഗക്കാരുടെ വിദ്യാഭ്യാസ സംബന്ധിയായ വികസനവിടവുകൾ ചുവടെ ചേർക്കുന്നു.

- സാധാരണ ജനവിഭാഗത്തെപ്പോലെ പട്ടികവർഗ്ഗക്കാരായ രക്ഷിതാക്കളുടെ മതിയായ പിന്തുണ അവരുടെ കുട്ടികൾക്ക് വിദ്യാഭ്യാസ കാര്യത്തിൽ ലഭിക്കുന്നില്ല- രക്ഷിതാക്കളുടെ നിരക്ഷരതയും സ്ഥായിയായ വരുമാനമില്ലായ്മ, സാമ്പത്തിക പിന്നോക്കാവസ്ഥയും ഇതിനു കാരണമാണ്. ഇത് ഇടയ്ക്ക് വച്ച് പഠനം നിർത്തുന്നതിന് കുട്ടികളെ പ്രേരിപ്പിക്കുന്നു.
- വീട്ടിൽ സ്വതന്ത്രമായി ഇരുന്നു പഠിക്കുന്നതിനും സ്ഥലസൗകര്യമില്ല.
- അഭ്യസ്തവിദ്യരായ യുവതീ-യുവാക്കളുടെ തൊഴിലില്ലായ്മ വിദ്യാർത്ഥികളിൽ അസംതൃപ്തി വളർത്തുന്നു.
- ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളും വീട് സ്ഥിതിചെയ്യുന്ന സങ്കേതം ഉൾപ്പെടുന്ന സ്ഥലവുമായുള്ള ദൂരക്കൂടുതൽ.
- പ്രവേശനം ലഭിക്കുന്ന സ്ഥാപനത്തിനടുത്ത് താമസസൗകര്യം ലഭ്യമല്ലാത്തത്.
- ഉന്നത വിദ്യാഭ്യാസ കോഴ്സുകൾക്കു പ്രവേശനം ലഭിക്കുമ്പോൾ വേണ്ടിവരുന്ന പ്രാരംഭചിലവുകൾ വഹിക്കുന്നതിനുള്ള സാമ്പത്തിക പ്രയാസം.

- വീടു വിട്ടുളള സ്ഥാപനങ്ങളിൽ പഠിക്കുന്നവർക്കു നൽകി വരുന്ന ഉയർന്ന സ്റ്റൈപ്പൻറായ 5,000/- രൂപ താമസവും ഭക്ഷണവും മറ്റു പഠന ചിലവും വഹിക്കുന്നതിനു മതിയാകാതെ വരുന്ന സാഹചര്യം.
- പ്രൊഫഷണൽ കോഴ്സുകളെ കുറിച്ചുളള അവബോധക്കുറവും, പ്രവേശന പരീക്ഷയ്ക്കുളള പരിശീലനത്തിന്റെയും തയ്യാറെടുപ്പിന്റെയും അഭാവം.
- ടെക്നിക്കൽ ഹൈസ്കൂൾ, ഐ.ടി.ഐ പോളിടെക്നിക് തുടങ്ങിയ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളെ കുറിച്ചുളള അവബോധക്കുറവും അവയുടെ സമീപം താമസസൗകര്യം ലഭിക്കാത്തതും.
- കേന്ദ്രീയ വിദ്യാലയങ്ങൾ, നവോദയ വിദ്യാലയം, സൈനിക സ്കൂൾ എന്നിവിടങ്ങളിൽ ചേർന്നു പഠിക്കുന്നതിനുളള ധാരണയില്ലായ്മയും പ്രോത്സാഹനക്കുറവും.
- സ്കൂൾ യുവജനോത്സവം, സ്പോർട്സ് മീറ്റ്, ശാസ്ത്രമേള, ക്രാഫറ്റ് മത്സരം, ക്വിസ് മത്സരം, എൽ.എസ്.എസ്, യു.എസ്.എസ്., എൻ.റ്റി.എസ്.ഇ തുടങ്ങി മത്സര സ്വഭാവമുളളവയ്ക്ക് ചേരുന്നതിനുളള പ്രോത്സാഹനക്കുറവ്.
- പഠനം ഉപേക്ഷിക്കുന്നവരെ കണ്ടെത്തി പ്രശ്നങ്ങൾ അപഗ്രഥിച്ചു തിരിച്ചു സ്കൂളിൽ എത്തിക്കുന്നതിനുളള പരിപാടിയുടെ അഭാവം.

ആലപ്പുഴ ജില്ലയിൽ അധിവസിക്കുന്ന പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്നവരുടെ സമഗ്രപുരോഗതിയാണ് ലക്ഷ്യംവക്കുന്നത്. ഇതിലേക്കായി പഠനം പൂർത്തിയാക്കാൻ കഴിയാതെ പാതിവഴിയിൽ വിദ്യാഭ്യാസം ഉപേക്ഷിച്ചവരെ വീണ്ടും അറിവിന്റെ ലോകത്തേക്ക് എത്തിക്കുക, നിലവിൽ വിദ്യാലയങ്ങളിൽ നിന്ന് കൊഴിഞ്ഞ് പോകുന്ന വിദ്യാർത്ഥികളെ പഠനം തുടരുന്നതിനായി വിദ്യാലയങ്ങളിലേയ്ക്ക് തിരികെ എത്തിക്കുക, പഠനം നടത്തിക്കൊണ്ടിരിക്കുന്നവർക്ക് അവരുടെ ലക്ഷ്യങ്ങളെ എത്തിപ്പിടിക്കുന്നതിനായി പരിശീലനങ്ങൾ നൽകുന്നതിനാവശ്യമായ പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കുന്നതാണ്.

സ്വന്തമായി ഭൂമി ഇല്ലാത്ത, വീടില്ലാത്ത കുടുംബങ്ങൾക്ക് അവരുടെ ജീവിതം മുന്നോട്ട് കൊണ്ടുപോകുന്നതിന് സഹായകരമായ രീതിയിൽ ഭൂമിയും വീടും ലഭ്യമാക്കുക. പാരമ്പര്യ തൊഴിൽ ചെയ്തുവരുന്നവരെ പുതിയ കാലഘട്ടത്തിന്റെ പുത്തൻ തൊഴിലുകളിലേക്ക് ആകർഷിക്കുന്നതിനാവശ്യമായ പരിശീലനങ്ങൾ നൽകുക. യുവതി യുവാക്കളിൽ സംരംഭകത്വം വളർത്തിയെടുത്ത് തൊഴിൽ മേഖലയിൽ നിലനിൽക്കുന്ന മത്സരത്തിൽ പിന്നോട്ട്പോകാതെ വിജയിക്കുന്നതിനാവശ്യമായ ശേഷി ഉണ്ടാക്കിക്കൊടുക്കുക. ശാസ്ത്രസാങ്കേതിക രംഗങ്ങളിലുള്ള ഇവരുടെ നാമമാത്രമായ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനാവശ്യമായ പദ്ധതികൾ രൂപീകരിക്കുക.

സമൂഹത്തിന്റെ വളർച്ച സ്ത്രീകളുടെ വളർച്ചയിലൂടെ മാത്രമേ പൂർത്തീകരിക്കൂ. നിലവിൽ വളരെ പിന്നോക്കം നിൽക്കുന്ന സ്ത്രീകളെ ശാക്തീകരിക്കുന്നതിനും, അവരുടെ സാമ്പത്തിക അടിത്തറ ശക്തിപ്പെടുത്തുന്നതിനും ഉതകുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതാണ്.

- ഗോത്ര കുടുംബങ്ങളിൽ സാക്ഷരതായജ്ഞം പുനരാരംഭിക്കുക. വിദ്യാഭ്യാസ അവബോധം രക്ഷിതാക്കളിലും മുതിർന്നവരിലും സൃഷ്ടിക്കുന്ന തരത്തിലുളള സാക്ഷരതാ പരിപാടികൾ ആവിഷ്കരിക്കുക.

- സാമൂഹ്യ പഠനകേന്ദ്രങ്ങൾ (ട്യൂഷൻ, പൊതുവായന ഗ്രന്ഥശാല, ഐ.റ്റി.കണക്ടിവിറ്റി, കമ്പ്യൂട്ടർ, ഫെസിലിറ്റേറ്റർ സംവിധാനങ്ങളോടു കൂടിയ) സാധ്യമായ എല്ലാ സങ്കേതങ്ങളിലും ആരംഭിക്കുക.
- ഐ.ടി.ഐ., പോളിടെക്നിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളെ കുറിച്ചും പ്രൊഫഷണൽ കോഴ്സുകളെ കുറിച്ച അവബോധമുണ്ടാക്കുകയും പ്രവേശന പരീക്ഷയ്ക്കുള്ള പരിശീലനം നൽകുകയും ചെയ്യുക.
- വീടു വിട്ടുള്ള സ്ഥാപനങ്ങളിൽ പഠിക്കുന്നവർക്കു നൽകിവരുന്ന ഉയർന്ന സ്റ്റൈപ്പന്റായ 5,000/– രൂപ താമസവും ഭക്ഷണവും മറ്റ പഠന ചിലവും വഹിക്കുന്നതിനു മതിയാകാതെ വരുന്ന സാഹചര്യത്തിൽ കാലാനുസൃതമായി വർദ്ധിപ്പിക്കുക.
- ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ഹോസ്റ്റൽ സൗകര്യം ഏർപ്പെടുത്തണം എന്നീ നിർദ്ദേശങ്ങൾ ഈ മേഖലയിൽ പരിഗണിക്കേണ്ടതാണ്.

കാർഷികേതര തൊഴിൽ, സർക്കാർ/അർദ്ധസർക്കാർ ജോലി, പച്ചമരുന്ന് ശേഖരണം എന്നിവയാണ് പ്രധാനപ്പെട്ട തൊഴിൽ മേഖലകൾ. സ്വകാര്യമേഖലയിലെ തൊഴിലുകളിലും കർഷക തൊഴിലിലും പരമ്പരാഗത ഉത്പന്നങ്ങളുടെ നിർമ്മാണത്തിലും തൊഴിൽ ചെയ്യുന്നവരുമുണ്ട്. വിവിധ മേഖലകളിലെ മുഖ്യ തൊഴിലുകളിൽ ഏർപ്പെട്ടിട്ടുള്ളവർ 2793 പേർ ആണ്. കാർഷികേതരമേഖലയിലെ തൊഴിലിലാണ് ഏറ്റവും കൂടുതൽപേർ പങ്കെടുക്കുന്നത്. അതിന്റെ കാരണം വ്യക്തമാണ്. ആലപ്പുഴ ജില്ലയിലെ ഉള്ളാടൻ സമുദായക്കാർ കേരളത്തിലെ കിഴക്കൻ പ്രദേശങ്ങളിൽ വസിക്കുന്ന ഉള്ളാടൻ വിഭാക്കാരിൽ നിന്ന് വ്യത്യസ്തമായ ചുറ്റുപാടിലാണ് ജീവിക്കുന്നത്. പാരിസ്ഥിതികമായി പൂർണമായി ഇഴുകിച്ചേർന്നുള്ള ജീവിതമാണ് ഇവർ ജീവിക്കുന്നത്. കായൽ സഞ്ചാരത്തിന് അനുയോജ്യമായ ഒറ്റത്തടിവള്ളങ്ങൾ നിർമ്മിക്കുന്നതിന് അതിവിദഗ്ധരാണ്. അവർക്ക് മരപ്പണി പാരമ്പര്യമായി കൈവന്ന വൈദഗ്ധ്യമാണ്. മത്സര വള്ളംകളിക്ക് ഉപയോഗിക്കുന്ന ചുണ്ടൻ വള്ളങ്ങളുടെ നിർമ്മാണവും ഇവരിൽ ചിലർ വൈദഗ്ധ്യപോഷണത്തിലൂടെ (skill upgradation) കൈവശപ്പെടുത്തിയിട്ടുണ്ട്. ഈ പശ്ചാത്തലത്തിലാണ് കാർഷികേതരമേഖല പ്രാധാന്യം കൈവരിച്ചത്.

തൊഴിൽ അവസരങ്ങൾ ഏറ്റവും കൂടുതൽ കണ്ടെത്തിയിട്ടുള്ളത് കാർഷികേതര മേഖലയിലാണ്. കാർഷികേതര മേഖലയിൽ തന്നെ ഉപതൊഴിൽ സാധ്യതകൾ കണ്ടെത്തി കൂടുതൽ തൊഴിലാളികളെ ആകർഷിക്കുന്ന തൊഴിൽ നയം ആവിഷ്കരിക്കുന്നത് ഉചിതമായിരിക്കും. കുളങ്ങളും മറ്റ് നീർത്തടങ്ങളും പ്രയോജനപ്പെടുത്തി മത്സ്യകൃഷി വ്യാപിക്കാവുന്നതും പട്ടികവർഗ്ഗ മേഖലയിലെ തൊഴിൽ ഇല്ലായ്മ നല്ലോരളവുവരെ പരിഹരിക്കാവുന്നതുമാണ്. ഇതിലേക്ക് വ്യവസായം, ഫിഷറിസ് വകുപ്പുകളുടെ ഫണ്ടിനു പുറമേ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ പൂൾഡ് ഫണ്ട്/ കോർപ്പസ് ഫണ്ട് കൂടി ഉൾപ്പെടുത്തി സംയോജിത പ്രോജക്ടായി നടപ്പാക്കാവുന്നതാണ്.

പേപ്പർ ബാഗ് നിർമ്മാണം, മെഴുകുതിരി നിർമ്മാണം, ചന്ദനത്തിരി നിർമ്മാണം, സോപ്പു നിർമ്മാണം മുതലായ കൈത്തൊഴിലുകളിൽ ആവശ്യമായ പരിശീലനം നൽകി ഇവരുടെ തൊഴിൽ മേഖല പരിപോഷിപ്പിക്കാൻ കഴിയും. ഇതിനായി വ്യവസായ വകുപ്പ് ഇവർക്ക് ആവശ്യമായ പരിശീലനം നൽകി പദ്ധതി ആവിഷ്കരിച്ചും പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ധനസഹായത്തോടെ നടപ്പാക്കാവുന്നതാണ്. ഇതിലേക്ക് കുടുംബശ്രീ യൂണിറ്റ് വകയിൽ ചെറു ഗ്രൂപ്പുകൾ രൂപീകരിക്കാവുന്നതാണ്.

വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതോടൊപ്പം തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കുക കൂടി ചെയ്തെങ്കിൽ മാത്രമേ പട്ടികവർഗ്ഗ വിഭാഗങ്ങളെ സാമൂഹികമായും, സാമ്പത്തികമായും ഉയർത്തികൊണ്ടു വരുവാൻ കഴിയുകയുള്ളൂ. നൈപുണ്യ വികസന പരിപാടികൾ, മൂല്യവർദ്ധന

സംരംഭങ്ങൾ, വിവിധ മത്സര പരീക്ഷകൾക്കുള്ള കോച്ചിംഗ് ക്ലാസ്സുകൾ, സ്റ്റാർട്ട് അപ്പുകൾ തുടങ്ങിയവ പരിഗണിക്കാവുന്നതാണ്.

**തൊഴിലിന്റെ അടിസ്ഥാനത്തിൽ കുടുംബങ്ങളും വ്യക്തികളും**

| ക്രമ നം: | മുഖ്യ തൊഴിൽ | കുടുംബങ്ങൾ |
|---|---|---|
| 1 | കൃഷി | 3 |
| 2 | പരമ്പരാഗതഉത്പന്നങ്ങളുടെ നിർമ്മാണം | 5 |
| 3 | മൃഗപരിപാലനം | 1 |
| 4 | ചെറുകിട കച്ചവടം | 1 |
| 5 | പച്ചമരുന്ന ശേഖരണം | 65 |
| 6 | കർഷകതൊഴിലാളി | 5 |
| 7 | തൊഴിലുറപ്പ പദ്ധതി | 2 |
| 8 | കാർഷികേതര തൊഴിലാളി | 553 |
| 9 | സർക്കാർ/അർദ്ധസർക്കാർ ജോലി | 167 |
| 10 | സ്വകാര്യമേഖലയിൽ സ്ഥിരം തൊഴിൽ | 9 |
| 11 | മറ്റുളളവ | 43 |
| 12 | വരുമാനമാർഗമില്ല. | 20 |
| | **ആകെ** | **872** |

*(അവലംബം 2008-10 സർവ്വേ)*

2008-10 വർഷത്തെ പട്ടികവർഗ്ഗ സാമൂഹ്യസാമ്പത്തിക സർവ്വെ പ്രകാരം ആലപ്പുഴ ജില്ലയിൽ 15-59 പ്രായത്തിൽ 2162 പട്ടികവർഗ്ഗക്കാരുണ്ട്. എസ്.എസ്.എൽ.സി.യും അതിനു മുകളിലും വിദ്യാഭ്യാസമുള്ള 486 പേരിൽ 307 പേരും തൊഴിൽ രഹിതരാണ്. അഭ്യസ്തവിദ്യരിലെ വർദ്ധിച്ച തോതിലുള്ള തൊഴിലില്ലായ്മ പട്ടികവർഗ്ഗ യുവാക്കളിൽ അസംതൃപ്തി വളർത്തുന്നു എന്നു മാത്രമല്ല, പുതിയ തലമുറയെ പഠനത്തിൽ താൽപര്യക്കുറവ് ജനിപ്പിക്കുന്നതിനും വഴിവയ്ക്കുന്നു. ജില്ലയിലെ 15-59 പ്രായത്തിലുള്ള തൊഴിൽ രഹിതരുടെ വിദ്യാഭ്യാസ യോഗ്യതയടങ്ങുന്ന പട്ടിക ചുവടെ ചേർക്കുന്നു.

**15 – 59 പ്രായത്തിലുള്ളവരുടെ വിദ്യാഭ്യാസ യോഗ്യതയും തൊഴിലില്ലായ്മയും**

| ക്രമ നം. | വിദ്യാഭ്യാസ യോഗ്യത | ജില്ലയിലാകെയുള്ള പട്ടികവർഗ്ഗക്കാരുടെ വിദ്യാഭ്യാസ യോഗ്യത | തൊഴിൽ രഹിതരുടെ വിദ്യാഭ്യാസ യോഗ്യത |
|---|---|---|---|
| 1 | എസ്.എസ്.എൽ.സിയ്ക്കു താഴെ | 931 | 459 |
| 2 | എസ്.എസ്.എൽ.സി. | 286 | 164 |
| 3 | പ്രീഡിഗ്രി/പ്ലസ് ടു | 157 | 114 |
| 4 | ബിരുദം | 38 | 25 |
| 5 | ബിരുദാനന്തര ബിരുദം | 3 | 2 |
| 6 | മറ്റുളളവ | 2 | 2 |
| | **ആകെ** | **1417** | **766** |

*(അവലംബം 2008-10 സർവ്വെ)*

**15–59 പ്രായത്തിൽ സാങ്കേതിക യോഗ്യതയുള്ള തൊഴിൽ രഹിതർ പട്ടിക.**

| യോഗ്യത | എണ്ണം |
|---|---|
| തൊഴിലധിഷ്ഠിത കോഴ്സ് | 23 |
| ഡിപ്ലോമ | 15 |
| പ്രൊഫഷണൽ ബിരുദം | 2 |
| മറ്റു സാങ്കേതിക യോഗ്യത | 7 |
| **ആകെ** | **47** |

ജില്ലയിലെ പട്ടികവർഗ്ഗ യുവതീ യുവാക്കൾക്ക് കാർപ്പൻററി, കൽപ്പണി, ഗൃഹോപകരണങ്ങളുടെ അറ്റകുറ്റപ്പണി, പ്ലംബിംഗ്, വയറിംഗ് തുടങ്ങി താൽപര്യമുള്ള മേഖലകളിൽ നൈപുണ്യ വികസന പരിശീലനം നൽകി സ്വയംതൊഴിൽ സംരഭങ്ങൾ കണ്ടെത്തുന്നതിനു അവസരം നൽകാവുന്നതാണ്. ഹോട്ടൽ മാനേജ്മെൻറ്, ഫുഡ്പ്രോസസിംഗ്, ടൂറിസം മാനേജ്മെൻറും മറ്റു സാങ്കേതിക, ഐ.റ്റി.മേഖലകളിലെ തൊഴിൽ അവസരങ്ങൾ പ്രയോജനപ്പെടുത്തുന്ന തരത്തിൽ തൊഴിൽ പരിശീലനം ബന്ധപ്പെട്ട രംഗത്ത് മെച്ചപ്പെട്ട നിലയിൽ പ്രവർത്തിയ്ക്കുന്ന സ്ഥാപനങ്ങളുമായി ബന്ധപ്പെടു നൽകുന്നതിനും അവരുടെ പ്ലേസ്മെന്റ് ഉറപ്പുവരുത്തുന്നതിനും നടപടി സ്വീകരിക്കാവുന്നതാണ്.

കായികമായി ശേഷിയും സിദ്ധിയുമുള്ളവരാണ് പട്ടികവർഗ്ഗ യുവതീ-യുവാക്കൾ എന്നാൽ ഈ കഴിവുകൾ വേണ്ടത്ര പ്രോത്സാഹിപ്പിക്കപ്പെടുന്നില്ല. കായിക പരിശീലനം നേടുന്നതിനും പട്ടികവർഗ്ഗ സങ്കേതങ്ങളിൽ സൗകര്യങ്ങളുമില്ല. കഴിവും പ്രാഗത്ഭ്യവുമുള്ളവരെ ചെറുപ്രായത്തിൽ തന്നെ കണ്ടെത്തി പ്രോത്സാഹിപ്പിച്ചാൽ അതൊരു ഉപജീവനമാർഗ്ഗമായി പരിവർത്തനം ചെയ്യാവുന്നതാണ്.

- തനത് പാരമ്പര്യ നൈപുണ്യങ്ങളിൽ നിന്നുള്ള പിൻവാങ്ങൽ
- ഉയർന്ന/സാങ്കേതിക വിദ്യാഭ്യാസത്തിന്റെ അഭാവം
- സ്വയംതൊഴിൽ/ജീവനോപാധി പദ്ധതികളുടെ അഭാവം
- മത്സര തൊഴിൽ പരീക്ഷ പരിശീലനത്തിന്റെ അഭാവം
- തൊഴിലെടുക്കാൻ ശേഷിയുള്ളവരിലെ തൊഴിൽരാഹിത്യം
- കാലാനുസൃത സ്റ്റാർട്ടപ്പുകളെ കുറിച്ചുള്ള അജ്ഞത എന്നിവ ഈ മേഖലയിലെ വികസന വിടവുകളാണ്.

ജില്ലയിലെ പട്ടികവർഗ്ഗ സങ്കേതങ്ങളിൽ യുവതീയുവാക്കൾക്ക് ഒത്തു ചേരുന്നതിനോ സംവദിക്കുന്നതിനോ മതിയായ സൗകര്യങ്ങളില്ല. ഈ പരിമിതി പലപ്പോഴും മദ്യം, മയക്കു മരുന്ന തുടങ്ങിയ ലോബികളുടെ കൈകളിലേയ്ക്ക് പട്ടികവർഗ്ഗക്കാരായ യുവാക്കളെ നയിക്കപ്പെടുന്നു. 15 ൽ അധികം കുടുംബങ്ങൾ അധിവസിക്കുന്ന എല്ലാ സങ്കേതങ്ങളിലും ഒഴിവു വേളകൾ ഫലപ്രദമായി ഉപയോഗിക്കാനാകുന്ന വിധത്തിൽ പൊതുസൗകര്യങ്ങൾ ഏർപ്പെടുത്തിയാൽ പട്ടികവർഗ്ഗ സമൂഹത്തിന്റെ അഭിവൃദ്ധിയ്ക്ക് ഉപകരിക്കുന്നതാണ്.

പട്ടികവർഗ്ഗ യുവതീ യുവാക്കളുടെ കലാവാസന പ്രോത്സാഹനമർഹിക്കുന്നു. ഈ രംഗത്തെ മിടുക്കരായ പട്ടികവർഗ്ഗ യുവതീ യുവാക്കളെ പ്രോത്സാഹിപ്പിച്ചു അവരുടെ കഴിവു ജീവനോപാധിയായി വികസിപ്പിക്കാവുന്നതാണ്. പട്ടികവർഗ്ഗക്കാരിലെ തൊഴിലില്ലായ്മ കൂടി

പരിഗണിച്ച് അവരുടെ സംസ്കാരം, കലാകായികരംഗത്തെ കഴിവ്, പാരമ്പര്യഭക്ഷണ രീതി, പാരമ്പര്യ ചികിത്സ ഇവ പരിപോഷിപ്പിച്ച ഉപജീവനമാർഗ്ഗമായി വികസിപ്പിക്കുന്നതിനുള്ള തന്ത്രങ്ങളും ആവിഷ്കരിക്കാവുന്നതാണ്. ഈമേഖലയിൽ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പരിഗണിക്കാവുന്നതാണ്.

- പരമ്പരാഗത ഉത്പന്നങ്ങളുടെ നിർമ്മാണം, ചെറുകിട കച്ചവടം, പച്ചമരുന്നുശേഖരണം, തുടങ്ങിയ മേഖലകളിൽ സ്ഥായിയായ വരുമാന വർദ്ധനവിനുള്ള പദ്ധതികൾ നടപ്പാക്കുക.
- അതത പ്രദേശത്ത സാദ്ധ്യതയുള്ള മേഖലകളിൽ നൈപുണ്യ വികസന പരിപാടികൾ നടപ്പാക്കി തൊഴിൽ ലഭ്യത ഉറപ്പുവരുത്തുക.
- തൊഴിലുറപ്പ പദ്ധതിയിൽ അർഹരായ എല്ലാവരെയും ഉൾപ്പെടുത്തി തൊഴിൽ കാർഡു നൽകുക. വേതനം നൽകുന്നതിനു റിവോൾവിംഗ് ഫണ്ട് രൂപീകരിക്കുക.
- അഭ്യസ്തവിദ്യരുടെ തൊഴിൽശേഷി വളർത്തുന്നതിനു ഹോട്ടൽ മാനേജ്മെന്റ്, ടൂറിസം മേഖല, ഫുഡ് പ്രോസസിംഗ് എന്നീ മേഖലകളിലും നെട്ടൂർ ടെക്നിക്കൽ ടെയിനിംഗ് ഫൗണ്ടേഷൻ, കമ്മ്യൂണിറ്റി പോളിടെക്നിക്, അസാപ് ഇവ മുഖേനയും പരിശീലനം നൽകി തൊഴിൽ ലഭ്യമാക്കുക.
- കൽപ്പണി, കാർപ്പന്ററി, പ്ലമ്പിംഗ്, വയറിംഗ് ഗൃഹോപകരണങ്ങളുടെ അറ്റകുറ്റപ്പണി തുടങ്ങി താൽപര്യമുള്ളതും തൊഴിൽ ലഭ്യതയുള്ളതുമായ മേഖലകളിൽ നൈപുണ്യവികസനവും തൊഴിലും ലഭ്യമാക്കുക.
- പട്ടികവർഗ്ഗക്കാരിലെ കായിക പ്രതിഭകളായ കുട്ടികളെ കണ്ടെത്തി സായ് (SAI)ജില്ലാ സ്പോർട്സ് കൗൺസിൽ, ജി.വി.രാജ. സ്പോർട്സ് സ്കൂൾ തുടങ്ങിയവയുടെ സഹായത്തോടുകൂടി അവരുടെ കഴിവു വർദ്ധിപ്പിക്കുന്നതിനു അവസരം ലഭ്യമാക്കുക.
- പട്ടികവർഗ്ഗത്തിലെ കല അഭിരുചിയുള്ളവർക്കു മതിയായ പരിശീലനവും പ്രോത്സാഹനവും നൽകുന്നതിനുള്ള പരിപാടികൾ ആവിഷ്കരിക്കുക.
- പട്ടികവർഗ്ഗ കുട്ടികളുടെ കലാ-കായിക ശേഷി വികസിപ്പിക്കുന്നതിനു പ്രധാനപ്പെട്ട പട്ടികവർഗ്ഗ സങ്കേതങ്ങളിൽ പൊതു സൗകര്യങ്ങൾ വികസിപ്പിക്കണം.
- പട്ടികവർഗ്ഗ യുവതീ യുവാക്കളെ സംഘടിപ്പിച്ച യൂത്ത് ക്ലബ്ബുകളും രൂപീകരിച്ച അവയുടെ പ്രവർത്തനം ചടുലമാക്കണം. അവയുടെ ആഭിമുഖ്യത്തിൽ ഇൻറർനെറ്റ് സൗകര്യത്തോടെയുള്ള ലൈബ്രറി, ദിനപത്രം, ആനുകാലികങ്ങൾ ഇവ ലഭ്യമാക്കി റീഡിംഗ് റൂം, സ്കൂൾ വിദ്യാർത്ഥികൾക്കായി ട്യൂഷൻ സൗകര്യം ഇവ ഏർപ്പെടുത്തണം.

2008-10 സർവ്വെ പ്രകാരം ജില്ലയിലെ 94.23% പട്ടികവർഗ്ഗക്കാരും ചികിത്സാവശ്യങ്ങൾക്കു സർക്കാർ ആരോഗ്യപരിചരണ സേവനങ്ങൾ ഉപയോഗിക്കുന്നതായും ശേഷിക്കുന്നവർ സ്വകാര്യ സ്ഥാപനങ്ങളെ ആശ്രയിക്കുന്നുവെന്നും കണ്ടെത്തിയിട്ടുണ്ട്. ശുചീകരണ പ്രവർത്തനങ്ങൾ, ആരോഗ്യ ബോധവത്ക്കരണ പ്രവർത്തനങ്ങളുടെ അഭാവം ഇവ ജില്ലയിൽ വ്യാപകമായുണ്ട്.

പട്ടികവർഗ്ഗസങ്കേതങ്ങളിൽ പട്ടികവർഗ്ഗക്കാരിൽ നിന്നുള്ള ആശാവർക്കർമാരെ കൂടുതലായി നിയോഗിക്കണം. അതോടൊപ്പം ആരോഗ്യപ്രവർത്തകരുടെ എണ്ണവും നിലവിലുള്ള മാനദണ്ഡങ്ങളിൽ ഇളവുവരുത്തി പ്രദേശങ്ങളുടെ ദുർഘടനാവസ്ഥയ്ക്കും പിന്നോക്കാവസ്ഥയ്ക്കും അനുസൃതമായി വർദ്ധിപ്പിക്കണം.

- പട്ടികവർഗ്ഗത്തിൽ നിന്നുള്ള അഭ്യസ്തവിദ്യരായവരെ ആശാവർക്കർമാരായി നിയോഗിക്കുന്നത് മെച്ചപ്പെട്ട ആരോഗ്യ പരിചരണ സേവനം ഉറപ്പു വരുന്നതിനു ഉതകുന്നതാണ്.
- മദ്യം, മയക്കുമരുന്ന് ഇവയുടെ വ്യാപകമായ ഉപയോഗം ശരിയായ ആരോഗ്യ പരിചരണ സേവനങ്ങൾ പ്രയോജനപ്പെടുത്താതിരിക്കുക ഇവ മൂലം ജില്ലയിലെ പട്ടികവർഗ്ഗക്കാരുടെ ആയുർദൈർഘ്യം കുറഞ്ഞു വരുന്നതായി കാണുന്നു
- പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് പ്രാതിനിധ്യമുള്ള പ്രദേശങ്ങളിൽ എല്ലാ മാസവും മെഡിക്കൽ ക്യാമ്പുകൾ നടത്തുന്നതിനും തുടർ ചികിത്സ ആവശ്യമുള്ളവരെ അനുയോജ്യമായ ആരോഗ്യ സ്ഥാപനങ്ങളിൽ എത്തിച്ച് ചികിത്സ ഉറപ്പുവരുത്തുന്നതിന് നടപടി ആവശ്യമാണ്.

ജില്ലയിൽ സ്ഥിരമായ രോഗം അഭിമുഖീകരിക്കുന്ന 845 പട്ടികവർഗ്ഗക്കാർ 627 കുടുംബങ്ങളിലായുണ്ട്. രോഗവിവരമനുസരിച്ചു കണക്കു ചുവടെ പട്ടികയിൽ ചേർക്കുന്നു.

**സ്ഥിരമായ രോഗം അഭിമുഖീകരിക്കുന്ന കുടുംബങ്ങളുടെ വിവരങ്ങൾ**

| സ്ഥിരമായ അസുഖം ബാധിച്ച അംഗങ്ങളുള്ള പട്ടികവർഗ്ഗ കുടുംബങ്ങൾ | കാൻസർ | കുഷ്ഠം | ക്ഷയം | ഹൃദയസംബന്ധമായ രോഗം | സിക്കിൾസെൽ അനീമിയ | ആസ്തമ | സ്ലിപ് ഡിസ്ക് | വിട്ടുമാറാത്ത പനി ജലദോഷം | ഛർദ്ദി, അതിസാരം |
|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
| 390 | 3 | 0 | 4 | 43 | 0 | 33 | 76 | 55 | 3 |

| പ്രമേഹം | സന്ധി രോഗങ്ങൾ | ഒടുവ്, ചതവ് | തൊക്ക് രോഗങ്ങൾ | മൂത്രാശയ രോഗങ്ങൾ | വൈറ്റമിൻ രോഗം | നേത്ര രോഗം | തൊണ്ട, ചെവി രോഗങ്ങൾ | വിവിധ രോഗങ്ങൾ | മറ്റുള്ളവ | ആകെ |
|---|---|---|---|---|---|---|---|---|---|---|
| 11 | 12 | 13 | 14 | 15 | 16 | 17 | 18 | 19 | 20 | 21 |
| 60 | 70 | 13 | 5 | 9 | 1 | 6 | 18 | 36 | 41 | 476 |

*(അവലംബം 2008-10 സർവ്വെ)*

127 പട്ടികവർഗ്ഗ കുടുംബങ്ങളിലെ 142 വ്യക്തികൾ ശാരീരിക മാനസിക വെല്ലുവിളികൾ അഭിമുഖീകരിക്കുന്നതായുണ്ട്. നേരിടുന്ന വെല്ലുവിളികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| വെല്ലുവിളികൾ നേരിടുന്നവർ അംഗങ്ങളായുള്ള കുടുംബം | ശാരീരിക പ്രയാസങ്ങൾ | സംസാരശേഷിയില്ലായ്മ | കേൾവിയില്ലായ്മ | കാഴ്ചയില്ലായ്മ | ബുദ്ധിമാന്ദ്യം | മാനസികം | അപസ്മാരം | ഒന്നിലധികം വെല്ലുവിളികൾ | മറ്റുള്ളവ | ആകെ |
|---|---|---|---|---|---|---|---|---|---|---|
| 127 | 39 | 17 | 6 | 16 | 7 | 9 | 11 | 21 | 16 | 142 |

*(അവലംബം 2008-10 സർവ്വെ)*

പട്ടികവർഗ്ഗക്കാർക്കിടയിൽ ആരോഗ്യ പരിചരണ സേവനങ്ങളുടെ കുറവ്, രോഗപ്രതിരോധ കുത്തിവയ്പുകൾ നടത്താതിരിക്കുക, ശുചീകരണ പ്രവർത്തനങ്ങളുടെ കുറവ്, ബോധവത്ക്കരണ പ്രവർത്തനങ്ങളുടെ കുറവ്, കൗമാര പ്രായക്കാരുടെയും ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, നിത്യരോഗികൾ, ഭിന്നശേഷിക്കാർ, 60 വയസ്സിനുമേൽ പ്രായമുള്ളവരുടെ പരിചരണം ഇവ പ്രശ്നമായി കാണുന്നു. പട്ടികവർഗ്ഗക്കാരിൽ നിന്നും ആശാവർക്കർമാരെ നിയോഗിച്ചും പട്ടികവർഗ്ഗ മേഖലയുടെ അപ്രാപ്യതയും പിന്നോക്കാവസ്ഥയും കണക്കിലെടുത്ത് കൂടുതല് ആരോഗ്യ പ്രവർത്തകരെ നിയോഗിച്ച പ്രശ്നങ്ങൾ പരിഹരിക്കാവുന്നതാണ്.

പട്ടികവർഗ്ഗ സങ്കേതങ്ങളിൽ മെഡിക്കൽ ക്യാമ്പും ആരോഗ്യബോധവത്ക്കരണ ക്യാമ്പുകളും സംഘടിപ്പിക്കൽ. ആരോഗ്യ കുടുംബക്ഷേമ വകുപ്പ നടത്തിയ ഇ-ഹെൽത്ത് സർവ്വെ വിവരങ്ങൾ പ്രസിദ്ധീകരിക്കുന്നതോടെ കൂടുതൽ കൃത്യമായ വിവരങ്ങൾ ലഭ്യമാകും. ലഹരി വിരുദ്ധ ബോധവത്ക്കരണ പ്രവർത്തനങ്ങൾക്ക് തുടർച്ചയില്ലായ്മയും യുവാക്കളെ ആകർഷിക്കാൻ കഴിയാത്തതും ആരോഗ്യ രംഗത്തെ പ്രശ്നങ്ങളാണ്. ആരോഗ്യരംഗത്ത് പരിഗണിക്കേണ്ട നിർദ്ദേശങ്ങൾ താഴെ സൂചിപ്പിക്കുന്നു.

- ഭിന്നശേഷി/നിത്യരോഗി (കിടപ്പ) യായുള്ളവരെ സർവ്വേ ചെയ്ത് വ്യക്തിഗത പരിപാലന പദ്ധതി തയ്യാറാക്കി സമഗ്ര പരിരക്ഷ ഉറപ്പാക്കാൻ പദ്ധതി രൂപീകരിക്കണം.
- തുടർച്ചയായുള്ളതും സൗഹാർദ്ദപരവുമായ ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ
- ആരോഗ്യ വകുപ്പിന്റെയും എക്സൈസ് വകുപ്പിന്റെയും ഏകോപനവും സംയുക്ത പ്രവർത്തനങ്ങളും അനിവാര്യം
- അമ്മമാരുടെയും കുട്ടികളുടെയും ആരോഗ്യ പരിചരണത്തിനായി മാതൃ ശിശു പരിപാലന കേന്ദ്രം ആരംഭിക്കുകയും പ്രസൂത കേന്ദ്രം വഴി ഗർഭധാരണം മുതൽ പ്രസവം വരെയുള്ള ശുശ്രൂഷയും പ്രസവശേഷം അമ്മയ്ക്കും കുഞ്ഞിനും വേണ്ട പരിചരണവും ഉറപ്പാക്കാവുന്നതാണ്. ടി കേന്ദ്രത്തിൽ പരിശീലനം നേടിയ നഴ്സിന്റെ സേവനം ലഭ്യമാക്കുക.
- വയോജന പരിപാലനത്തിനായി പ്രത്യേക പദ്ധതി തയ്യാറാക്കുക.

സ്വന്തമായി സ്ഥലമുള്ളവരിൽ 128 കുടുംബങ്ങൾ ഭവനരഹിതരാണ്. ഭൂമിയും വീടും ഇല്ലാത്ത 200 കുടുംബങ്ങളാണ് ഉള്ളത്. വാസയോഗ്യമായ വീടില്ലാത്ത 76 കുടുംബങ്ങളാണ് ഉള്ളത് നിലവിലെ നിയമപ്രകാരം വീട് അനുവദിച്ച് 12 വർഷം കഴിഞ്ഞതിനു ശേഷം മാത്രമേ

പുതിയ വീട് അനുവദിക്കാൻ കഴിയുകയുള്ളൂ. ടി സാഹചര്യത്തിൽ ജീർണ്ണാവസ്ഥയിലുള്ള വീടുകൾ പുതുക്കിപണിയുന്നതിനും അടുക്കള ഇല്ലാത്ത വീടുകളിൽ അടുക്കള നിർമ്മിക്കുന്നതിനും, എല്ലാ വീടുകൾക്കും അനുബന്ധ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനു വേണ്ടി ഒരു പദ്ധതി ആവിഷ്കരിക്കേണ്ടതുണ്ട്. നിവലിലുള്ളവയിൽ 76 വീടുകൾ പുനർ നിർമ്മാണം നടത്തുക, ഭാഗികമായി താമസയോഗ്യമായ വീടുകൾ പുതുക്കി പണിയുക, 200 ഭൂരഹിത കുടുംബങ്ങൾക്ക് വീടും സ്ഥലവും നൽകുക, എല്ലാ വീടുകൾക്കും വൈദ്യുത കണക്ഷനും സാദ്ധ്യമായ സങ്കേതങ്ങളിൽ ഗാർഹിക ശുദ്ധജല വിതരണ കണക്ഷനും നൽകുക. എല്ലാ വീടുകളിലും സാനിറ്റേഷൻ സൗകര്യം ഏർപ്പെടുത്തുക എന്നിവ അടിസ്ഥാന സൗകര്യ വികസന പദ്ധതിയുടെ ഭൗതിക ലക്ഷ്യങ്ങൾ ആയിരിക്കേണ്ടതാണ്. ലൈഫ് മിഷന്റെ പ്രവർത്തനവുമായി സംയോജിപ്പിച്ചു ലക്ഷ്യം കൈവരിക്കാവുന്നതാണ്.

**ഭവനരഹിതരും നിലവിലുള്ള വീടുകളുടെ അവസ്ഥയും**

| ക്രമ നം: | ജില്ല | ഭൂരഹിത ഭവനരഹിത കുടുംബം (എണ്ണം) | ഭവന രഹിത കുടുംബം (എണ്ണം) | താമസ യോഗ്യമല്ലാത്ത വീടുകൾ (എണ്ണം) | താമസ യോഗ്യമായ വീടുകൾ (എണ്ണം) |
|---|---|---|---|---|---|
| 1 | ആലപ്പുഴ | 200 | 328 | 76 | 776 |
| | **ആകെ** | **200** | **328** | **76** | **776** |

ആലപ്പുഴ ജില്ലയിലെ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വിവിധ രീതിയിൽ ആർജ്ജിക്കപ്പെട്ട ഭൂമി കൈവശമുണ്ട്.

**കൈവശ ഭൂമിയുടെ വിവരങ്ങൾ**

| ക്രമ നം. | വിസ്തൃതി | കുടുംബങ്ങൾ |
|---|---|---|
| 1 | 5 സെന്റിൽ കുറവ് | 589 |
| 2 | 5-9 സെന്റ് | 98 |
| 3 | 10-24 സെന്റ് | 115 |
| 4 | 25-49 സെന്റ് | 25 |
| | **ആകെ** | **827** |

ആരുടെയും കൈവശം 50 സെൻറിൽ കൂടുതൽ ഇല്ലായെന്നതാണ് വസ്തുത. കാർഷികേതര മേഖല മുഖ്യ തൊഴിൽ വേദിയായി തീർന്നതിനും വളളം നിർമ്മാണവും പച്ചമരുന്ന് ശേഖരണവും പ്രധാന വരുമാന മാർഗ്ഗമായതിനും കാരണം ഭൂമിയുടെ ഉണ്ടുവൽക്കരണമാണ്. ഭൂരഹിത കുടുംബങ്ങൾക്ക് ഭൂമിയും വീടും നൽകുന്നതിനുളള പദ്ധതി ഊർജ്ജിതപ്പെടുത്തേണ്ടത് അത്യാവശ്യമാണ്. പട്ടികവർഗ്ഗ വികസന വകുപ്പ് ജില്ലാ ടൈബൽ മിഷൻ, ത്രിതലപഞ്ചായത്തുകൾ ഇവയുടെ പദ്ധതികൾ ഏകോപിപ്പിച്ച് ഭൂമി പ്രശ്നം പരിഹരിക്കാൻ കഴിയും. അടിസ്ഥാന സൗകര്യ വികസന വിടവുകൾ താഴെ പറയുന്നു

- കുറഞ്ഞ യൂണിറ്റ് കോസ്റ്റ്
- ഒറ്റപ്പെട്ടതും ചെന്നെത്താൻ ബുദ്ധിമുട്ടുളളതുമായ പ്രദേശങ്ങളിൽ കൂടിയ നിർമ്മാണ ചെലവ്.

- വീടിനു വേണ്ടി അധ്വാനവും കരുതലും ഇല്ലാത്ത മനോഭാവം.
- ജീർണ്ണാവസ്ഥയിലുള്ള വാസയോഗ്യമല്ലാത്ത വീടുകൾ.
- അടുക്കള, അധിക സൗകര്യങ്ങൾ, പഠനമുറി ഇവയുടെ അഭാവം.
- പൂർത്തിയാകാനുള്ള വീടുകൾ.

ഈ മേഖലയിൽ പരിഗണിക്കാവുന്ന നിർദ്ദേശങ്ങൾ താഴെപ്പറയുന്നു:-

- ലൈഫ് പദ്ധതി പ്രകാരം പൂർത്തീകരിക്കാത്ത എല്ലാ വീടുകളും പൂർത്തീകരിച്ചു താമസയോഗ്യമാക്കുക.
- കാര്യശേഷി ഇല്ലാത്തവർക്ക് വീട് നിർമ്മാണത്തിന് തദ്ദേശ സ്ഥാപനങ്ങൾ മുഖേന പ്രത്യേക ഏജൻസികളുടെ സേവനം ലഭ്യമാക്കുക.
- കക്കൂസ് ഇല്ലാത്ത മുഴുവൻ വീടുകൾക്കും കക്കൂസ് നിർമ്മാണത്തിന് ശുചിത്വമിഷൻ മുഖേന പ്രത്യേക പദ്ധതി നടപ്പിലാക്കുക.
- വയറിംഗ് നടത്തുന്നതിനുള്ള പദ്ധതികൾ പഞ്ചായത്ത് പട്ടികവർഗ്ഗ ഉപപദ്ധതിയിൽ ഉൾപ്പെടുത്തി ഏറ്റെടുക്കുക.
- പൂർത്തീകരിക്കാത്ത കുടിവെള്ള പദ്ധതികൾ പൂർത്തീകരിക്കുക.
- കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജ്ജ് പഞ്ചായത്ത് ഫണ്ടിൽ നിന്നും അനുവദിക്കുക.
- നിർമ്മാണ മേഖലയിൽ പ്രവർത്തിക്കുന്ന പട്ടികവർഗ്ഗക്കാരെ ഉൾപ്പെടുത്തി ഒരു സൊസൈറ്റി രൂപീകരിക്കുക. ടി സൊസൈറ്റികൾക്ക് കാര്യശേഷി ഇല്ലാത്തവരുടെ വീട് നിർമ്മാണത്തിന് സഹായിക്കാൻ കഴിയും. ഇതുവഴി നിർമ്മാണ മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് തൊഴിൽ ഉറപ്പാക്കുവാനും ഭവനനിർമ്മാണ മേഖലയിലെ ചൂഷണം തടയുവാനും സാധിക്കും.
- കേരള വാട്ടർ അതോറിറ്റിയുമായി ചേർന്ന് സാധ്യമാകുന്ന എല്ലാ വീടുകളിലും പൈപ്പ് കണക്ഷൻ ലഭ്യമാക്കുക.
- പ്രകൃതിദത്ത കുടിവെള്ള സ്രോതസ്സുകൾ സംരക്ഷിക്കുകയും ഉപയോഗപ്രദമാക്കുകയും ചെയ്യുക.
- പ്രവർത്തനരഹിതമായ കുടിവെള്ള പദ്ധതികളുടെ പുനരുദ്ധാരണം പഞ്ചായത്ത് ഏറ്റെടുക്കുക.
- പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് പട്ടികവർഗ്ഗക്കാരിൽ നിന്നും ഗുണഭോക്തൃ വിഹിതം പൂർണ്ണമായും ഒഴിവാക്കുക
- വീടുകൾ അനുവദിക്കുമ്പോൾ കുടുംബത്തിലെ അംഗങ്ങളുടെ എണ്ണവും കൂടി പരിഗണിച്ചു അതിനനുസൃതമായ സ്ഥലസൗകര്യത്തോടുകൂടി വീടുപണിയുന്നതിനു വേണ്ട ധനസഹായം അനുവദിക്കണം.

സാമൂഹ്യ സുരക്ഷിതത്വത്തിന്റെയും ക്ഷേമത്തിന്റെയും നിലവാരത്തെ ആശ്രയിച്ചാണ് ഒരു ജനതയുടെ വികസന നിലവാരം അളക്കുന്നത്. ഗോത്രവിഭാഗത്തിൽ വയോജനങ്ങൾ, വനിതകൾ, കുട്ടികൾ, ഭിന്നശേഷിയുള്ളവർ എന്നിവരുടെ ക്ഷേമത്തിനും പ്രത്യേക ഊന്നൽ

ആവശ്യമാണ്. ജില്ലയിൽ 60 വയസ്സിനുമേൽ പ്രായമുള്ള 248 പട്ടികവർഗ്ഗക്കാരുണ്ട്. പ്രായാധിക്യമുള്ളവർ പലവിധ പ്രാരാബ്ധങ്ങളും അനുഭവിക്കുന്നു. അംഗൻവാടി/ ബാലവാടികൾ മുഖേന അവരുടെ ആരോഗ്യ പരിചരണത്തിനു ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്. ജില്ലയിൽ ശാരീരിക വെല്ലുവിളി നേരിടുന്നവർക്കും 60 വയസ്സിനു മേൽ പ്രായമുള്ളവരുമായ എല്ലാവർക്കും നിലവിൽ സാമൂഹ്യസുരക്ഷാ പെൻഷനുകൾ ലഭിക്കുന്നില്ല. അർഹതപ്പെട്ട എല്ലാവർക്കും സാമൂഹയസുരക്ഷാ പെൻഷനുകൾ ലഭിക്കുന്നുവെന്നു ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. സാമൂഹ്യ സുരക്ഷാ മേഖലയിലെ വികസന വിടവുകൾ താഴെപ്പറയുന്നു.

- അർഹമായ എല്ലാവർക്കും സാമൂഹ്യ ക്ഷേമപെൻഷനുകൾ ജില്ലയിൽ ലഭിക്കുന്നില്ല
- കുടുംബശൈഥില്യങ്ങൾ കാരണം ഉപേക്ഷിക്കപ്പെടുന്ന കുട്ടികളുടെ എണ്ണം വർദ്ധിക്കുന്നു.
- അനാഥ വാർദ്ധക്യങ്ങളും രോഗികളായ വൃദ്ധരുടെയും ഒറ്റപ്പെടൽ
- ഭിന്നശേഷി ഉള്ളവർക്ക് സൗഹൃദമായ അന്തരീക്ഷവും വ്യക്തിഗത സഹായങ്ങളും ശരിയായി ലഭിക്കുന്നില്ല
- സമ്പാദ്യ ശീലത്തിന്റെ അഭാവം

സാമൂഹ്യ സുരക്ഷയുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പരിഗണിക്കാവുന്നതാണ്.

- ക്യാൻസർ, ക്ഷയം തുടങ്ങി മാരകരോഗം ബാധിച്ചവർ, ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന ഭിന്നശേഷിക്കാർ 60 വയസ്സിനു മുകളിലുള്ള മറ്റ് പെൻഷനുകൾക്ക് അർഹതയുള്ളവർ (പ്രത്യേക വിവര ശേഖരണം നടത്തി) തുടങ്ങി അർഹരായ മുഴുവൻ പേർക്കും സാമൂഹ്യക്ഷേമ പെൻഷൻ ലഭ്യമാക്കുന്നതിന് പ്രത്യേക കാമ്പയിൻ പട്ടികവർഗ്ഗ വികസന വകുപ്പ്, എൽ.എസ്.ജി.ഡി., സാമൂഹ്യക്ഷേമവകുപ്പ് സംയുക്തമായി നടത്തണം.
- നിലവിൽ ഉപേക്ഷിക്കപ്പെടുന്ന കുട്ടികളെ സംരക്ഷിക്കുന്നവർക്ക് പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കൈത്താങ്ങ് പദ്ധതിയാനുകൂല്യം കാലാനുസൃതമായി വർദ്ധിപ്പിക്കുന്നതിനുള്ള നടപടി. ഇത്തരം കുട്ടികൾക്ക് വകുപ്പിന്റെ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ പ്രത്യേക സീറ്റ് സംവരണം ചെയ്യാവുന്നതാണ്.
- അർഹരായിട്ടുള്ളവർക്ക് കാർഷിക കടാശ്വാസ പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കുക.
- കുടുംബശ്രീ പ്രവർത്തനം വ്യാപിപ്പിച്ച് സമ്പാദ്യ ശിലം വളർത്തുക
- ജനന-മരണ രജിസ്ട്രേഷൻ കർശനമായി നടപ്പാക്കുക.
- ഒരു പൗരനെന്ന നിലയിൽ അർഹതപ്പെട്ട എല്ലാ അവകാശ രേഖകളും ലഭ്യമാക്കി എന്ന് ഉറപ്പു വരുത്തുക.

സമഗ്ര സംയോജിത പദ്ധതികളിലൂടെ പട്ടികവർഗ്ഗക്കാരുടെ സർവ്വതോന്മുഖ മായ വികസനമാണ് പട്ടികവർഗ്ഗ ഉപപദ്ധതിയുടെ കാതൽ. പട്ടികവർഗ്ഗ മേഖലയുടെ പശ്ചാത്തല സൗകര്യങ്ങളുടെ അഭിവൃദ്ധി, പട്ടികവർഗ്ഗ മേഖലയിലുള്ള പൊതു സേവന സൗകര്യങ്ങളുടെ നിലവാരം മെച്ചപ്പെടുത്തൽ, ആരോഗ്യ വിദ്യാഭ്യാസ, ഉപജീവന മേഖലകളുടെ പരിപോഷണം ഇവയ്ക്ക് ആവശ്യമായ നിർദ്ദേശങ്ങൾ ഉയർന്ന വരികയും അതിനനുസൃതമായ സമഗ്ര പദ്ധതികൾ സംയോജന സാദ്ധ്യതകൾ ഉൾക്കൊണ്ട് പദ്ധതി ആസൂത്രണ നിർവ്വഹണം നടക്കണം.

- പട്ടികവർഗ്ഗക്കാർക്കു അനുവദിക്കുന്ന വീടുകൾ വൈദ്യുതീകരണം, കുടിവെള്ള സൗകര്യം, ശുചിത്വസംവിധാനം ഇവയോടു കൂടി യഥാസമയം പൂർത്തീകരിക്കുന്നുവെന്നു ഗ്രാമപഞ്ചായത്തു ക്ഷേമകാര്യസ്റ്റാൻറിംഗ് കമ്മിറ്റി ഉറപ്പു വരുത്തണം. പട്ടികവർഗ്ഗസങ്കേതങ്ങളിലെ കുടിവെള്ള സൗകര്യങ്ങളുടെ ഓപ്പറേറ്റിംഗ് ഭവനപുനരുദ്ധാരണം, അധിക സൗകര്യങ്ങൾ ഏർപ്പെടുത്തൽ ഉൾപ്പെടെ ഇത്തരം പ്രവർത്തനങ്ങൾ ലൈഫ് പ്രോജക്ടുമായി സംയോജിപ്പിച്ചു നടപ്പാക്കുന്നതിനു കഴിയണം.
- പട്ടികവർഗ്ഗ മേഖലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങള്ക്കു അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതോടൊപ്പം സ്മാർട്ട് ക്ലാസ്സ് റൂം, ലൈബ്രറി, ലബോറട്ടറി സൗകര്യങ്ങൾ ഉറപ്പുവരുത്തി അദ്ധ്യയന നിലവാരം മെച്ചപ്പെടുത്തുന്നതിനും വേണ്ട സംയോജിത പ്രോജക്ടുകൾക്ക് രൂപം നൽകേണ്ടതാണ്. നിർദ്ധനരായ വിദ്യാർത്ഥികൾക്കു പ്രഭാത ഭക്ഷണം, പഠനം പിന്നോക്കം നിൽക്കുന്നവർക്കു ട്യൂഷൻ, സ്പോർട്സ്കിറ്റുകൾ, മാനസിക വളർച്ചക്കു ആവശ്യമായ കളിക്കോപ്പുകൾ, പഠനോപകരണങ്ങൾ എന്നിവ കൂടി സംയോജന സാദ്ധ്യതയിൽ ഉൾപ്പെടുത്തി അദ്ധ്യയനവർഷത്തിന്റെ തുടക്കത്തിൽ തന്നെ ആരംഭിക്കാനാകും വിധം ആവിഷ്കരിക്കണം.
- നാലാം ക്ലാസ്സു വിദ്യാർത്ഥികൾക്കുള്ള എൽ.എസ്.എസ്. പരീക്ഷയ്ക്കു പരിശീലനം നൽകുന്നതോടൊപ്പം പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കു പട്ടികവർഗ്ഗവികസന വകുപ്പിൽ നിന്നും നടപ്പാക്കുന്ന അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ഡവലപ്മെന്റ് സ്കീമിൽ തെരഞ്ഞെടുക്കപ്പെടുന്നതിനുള്ള പ്രവേശന പരീക്ഷയ്ക്കു കൂടി പരിശീലനം നൽകേണ്ടതാണ്. അതുപോലെ യു.എസ്.എസ്, എൻ.റ്റി.എസ്.ഇ., കെ.വി.പി.വൈ തുടങ്ങി സ്കൂൾ വിദ്യാഭ്യാസ കാലയളവിലെ മത്സര പരീക്ഷകൾക്കു പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുപരിശീലനം നൽകുന്നതിനുള്ള പദ്ധതികൾ രൂപപ്പെടുത്തേണ്ടതാണ്. ഈ വിധത്തിൽ പരിശീലനം നടത്തുന്നതിനും പരിശീലനാർത്ഥികൾക്കു ലൈറ്റ് റിഫ്രഷ്മെന്റ് നൽകുന്നതടക്കമുള്ള സംയോജിത പ്രോജക്ടുകൾ ആവിഷ്കരിക്കണം.
- ഉന്നതവിദ്യാഭ്യാസ മേഖലകളിൽ പട്ടികവർഗ്ഗക്കാരുടെ പ്രാതിനിധ്യം പരിമിതമാണ്. വിശേഷിച്ചു സാങ്കേതിക വിദ്യാഭ്യാസ രംഗത്തും പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്തും മതിയായ പ്രാതിനിധ്യം ലഭിച്ചിട്ടില്ല. പ്രാരംഭ ചിലവുകൾ വഹിക്കുന്നതിനും താമസസ്ഥലത്തു നിന്നും പോയിവരാനാകാത്ത സ്ഥലത്ത് ഹോസ്റ്റൽ സൗകര്യമില്ലാത്ത സ്ഥാപനങ്ങളിൽ ചേർന്നു പഠിക്കാനാകാത്തതും പഠന ചിലവു വഹിക്കുന്നതിനു സാമ്പത്തിക പ്രയാസം നേരിടുന്നതുമാണ്. പ്രധാനമായും ഈ രംഗത്തു പട്ടികവർഗ്ഗ വിദ്യാർത്ഥികൾ നേരിടുന്ന പ്രശ്നങ്ങൾ പ്രൊഫഷണൽ കോഴ്സുകൾക്കുള്ള പ്രവേശന പരീക്ഷയ്ക്കു പരിശീലനം ലഭിക്കാത്തതും ആ രംഗത്തെ പിന്നോക്കാവസ്ഥയ്ക്കു കാരണമാകുന്നു. സ്കൂൾ വിദ്യാഭ്യാസത്തിലെ അധ്യായന നിലവാരക്കുറവു പരിഹരിക്കുന്നതിനുള്ള പരിപാടികളും അനിവാര്യമാണ്. പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പാക്കുന്ന സമർത്ഥരായ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള പ്രോത്സാഹന ഗ്രാന്റ് വിദ്യാഭ്യാസാനുകൂല്യങ്ങൾ അതിനു പുറമേ വേണ്ടുന്ന സാമ്പത്തിക സഹായം ഇവ സംയോജിത പ്രോജക്ടായി രൂപപ്പെടുത്തണം.
- പട്ടികവർഗ്ഗക്കാർക്കിടയിലെ തൊഴിലില്ലായ്മ രൂക്ഷമാണ്. അഭ്യസ്തവിദ്യരായ പട്ടികവർഗ്ഗക്കാരുടെ തൊഴിലില്ലായ്മയും രൂക്ഷമാണ്.
- പട്ടികവർഗ്ഗക്കാരുടെ പരമ്പരാഗതമായ കരകൗശല കഴിവു വികസിപ്പിച്ചു മൂല്യവർദ്ധി ഉത്പന്നങ്ങൾ നിർമ്മിച്ച് വിപണനം നടത്തുന്നതിനുള്ള ക്രമീകരണം.

- പട്ടികവർഗ്ഗക്കാരുടെ കലാസാംസ്കാരിക കഴിവുകൾ പ്രോത്സാഹിപ്പിച്ച് ഉപജീവന മാർഗ്ഗമാക്കി വികസിപ്പിക്കൽ
- ഹോട്ടൽ മാനേജ്മെന്റ് ഫുഡ്ക്രാഫ്റ്റ്, ഫ്രണ്ട് ഓഫീസ്, ടൂറിസ്റ്റ് ഗൈഡ് തുടങ്ങി തൊഴിൽ സാദ്ധ്യതയുളള രംഗങ്ങളിൽ പരിശീലനവും പ്ലേസ്മെന്റും.
- വ്യവസായ സ്ഥാപനങ്ങളിലെ തൊഴിൽ സാദ്ധ്യതയ്ക്ക അനുയോജ്യമായ പരിശീലനവും പ്ലേസ്മെൻറും
- ക്ഷീരവികസന വകുപ്പും, പാൽസൊസൈറ്റി ഇവയുമായി ബന്ധപ്പെടുത്തി മൻപിൻ ബന്ധത്തോടെ ക്ഷീരവികസന പ്രോജക്ടുകൾ.
- മൃഗസംരക്ഷണ വകുപ്പുമായി ബന്ധപ്പെടുത്തി, പോത്തുക്കുട്ടി വളർത്തൽ, ആടുവളർത്തൽ, കോഴി വളർത്തൽ
- കാർപ്പന്ററി, കൽപണി, വയറിംഗ്, പ്ലംബിംഗ്, ഗാർഹിക ഉപകരണങ്ങളുടെ റിപ്പയർ ഇവയ്ക്ക കമ്മ്യൂണിറ്റി പോളിടെക്നിക്/IGNOU വിന്റെ കമ്മ്യൂണിറ്റി കോളേജ് പ്രോജക്ട്/CMD ഇവ മുഖേന പരിശീലനവും സർട്ടിഫിക്കേഷനും നടത്തി തൊഴിൽ ഉറപ്പാക്കൽ
- ഐ.ടി.മേഖലയിലെ ഉയർന്നുവരുന്ന തൊഴിൽ സാധ്യതയ്ക്ക അനുയോജ്യമായ പരിശീലനം
- അപ്പാരൽ മേഖലയിൽ വർദ്ധിച്ചുവരുന്ന തൊഴിൽ സാധ്യത പ്രയോജന പ്പെടുത്തുന്നതിനുളള പരിശീലനം
- സാമൂഹ്യക്ഷേമ പെൻഷൻ ലഭിക്കാത്ത നല്ലൊരു ശതമാനം വയോജനങ്ങൾക്കും പ്രത്യേക കാമ്പയിൻ നടത്തി യുദ്ധകാലാടിസ്ഥാനത്തിൽ അർഹമായ പെൻഷൻ ലഭ്യമാക്കുക.
- അഗതികളായ വയോജനങ്ങൾക്കും കുടുംബത്തിൽ ഒറ്റപ്പെടുന്ന വയോജനങ്ങൾക്കും പ്രത്യേക സംരക്ഷണ പദ്ധതികൾ സംയുക്തമായി നടപ്പിലാക്കുക.

പട്ടികവർഗ്ഗ കേന്ദ്രങ്ങളിലേയ്ക്ക സഞ്ചാരയോഗ്യമായ റോഡുകൾ, പാലങ്ങൾ, നടപ്പാതകൾ ഇല്ലാത്തത് കുട്ടികൾക്ക് സ്കൂളിൽ പോയി വരുന്നതിനും മുതിർന്നവർക്ക അവരുല്പാദി പ്പിക്കുന്ന ഉൽപ്പന്നങ്ങൾ മാർക്കറ്റിലെത്തിച്ച വിപണനം ചെയ്യുന്നതിനും അവർക്കാവശ്യമായ നിത്യോപയോഗ സാധനങ്ങൾ വാങ്ങി വരുന്നതിനും രോഗബാധിതരെ ആശുപത്രികളിൽ എത്തിക്കുന്നതിനും നിർമ്മാണ പ്രവർത്തനങ്ങൾക്ക സാധനസാമഗ്രികൾ കൊണ്ടുപോകുന്ന തിനും വളരെയധികം പ്രയാസം അനുഭവപ്പെടുന്നു. പട്ടികവർഗ്ഗ പ്രദേശങ്ങളുടെ പിന്നോക്കാവസ്ഥ അഭ്യസ്തവിദ്യരായ പട്ടികവർഗ്ഗ യുവതീയുവാക്കളിൽ അസംതൃപ്തി വളർത്തുന്നതിനും ഇടയാക്കുന്നുണ്ട്. അതിനാൽ പട്ടികവർഗ്ഗ പ്രദേശങ്ങളിൽ പശ്ചാത്തല മേഖലയിൽ നിലനിൽക്കുന്ന പിന്നോക്കാവസ്ഥ സമയബന്ധിതമായി പരിഹരിക്കുന്നതിനു സമഗ്രമായ ഇടപെടലുകൾ ആവശ്യമാണ്.

## നിർദ്ദേശങ്ങൾ

ജില്ലയിലെ പട്ടികവർഗ്ഗക്കാർ നേരിടുന്ന പ്രശ്നങ്ങൾ 5 വിഷയ മേഖലകളിലായി (വിദ്യാഭ്യാസം, തൊഴിൽ, ഉപജീവനം, ആരോഗ്യം, അടിസ്ഥാന സൗകര്യം, സാമൂഹ്യ സുരക്ഷിതത്വം) തിരിച്ച് ലഭ്യമായ സ്ഥിതി വിവരകണക്കിന്റെ അടിസ്ഥാനത്തിൽ പ്രശ്നങ്ങൾ അപഗ്രഥിച്ച് തയ്യാറാക്കിയ പരിപ്രേക്ഷ്യത്തിന്റെ അടിസ്ഥാനത്തിലുള്ള പരിഹാര നിർദ്ദേശങ്ങളും പ്രതീക്ഷിക്കുന്ന നേട്ടങ്ങളുടെയും സംഗ്രഹമാണ് ചുവടെ വിശദീകരിച്ചിരിക്കുന്നത്.

### വിദ്യാഭ്യാസമേഖല

- സാമ്പത്തിക ബുദ്ധിമുട്ട് – സ്വയംതൊഴിലിനുള്ള പരിശീലനം കൊടുക്കണം, എസ്.എസ്.എൽ.സി കഴിഞ്ഞ് പഠിക്കുന്ന കുട്ടികൾക്ക് തുടർ പഠനത്തിന് ധനസഹായം അനുവദിക്കുക. 4,7,10 തുല്യതാ ക്ലാസ്സുകൾ സങ്കേതങ്ങളിൽ വ്യാപിപ്പിക്കുക. ഊരുകളിലെ മാതാപിതാക്കൾക്ക് പ്രത്യേക ബോധവത്ക്കരണ ക്ലാസ്സ് നടത്തുക. ഒപ്പം തന്നെ അവർക്ക് വരുമാനത്തിന് വേണ്ടിയുള്ള തൊഴിൽ അവസരങ്ങളും സൃഷ്ടിക്കണം.
- മദ്യപാനം ഊരിൽ – ബോധവൽക്കരണ ക്ലാസ്സ് നടത്തണം. എക്സൈസ്, പോലീസ്, സന്നദ്ധ പ്രവർത്തകരുടെയും വർദ്ധിച്ച സഹകരണത്തോടെ ശക്തമായ ഇടപെടലുകൾ സങ്കേതങ്ങളിൽ വേണം.
- വാസസ്ഥലത്ത് പഠന കര്യത്തിന്റെ കുറവ് കാരണം കുട്ടികൾ വിദ്യാലയത്തിൽ എത്തിപ്പെടുന്നില്ല. – പഞ്ചായത്ത് വാർഷിക പദ്ധതി നടപ്പിലാക്കുമ്പോൾ വിദ്യാഭ്യാസത്തിന് പ്രത്യേക ഫണ്ട് മാറ്റിവെക്കുക. അടിസ്ഥാന സൗകര്യ വികസനത്തിന് ഊന്നൽ നൽകണം. ഹോസ്റ്റലുകളിൽ നിർത്തി പഠിപ്പിക്കാൻ സൗകര്യം ഏർപ്പാടാക്കുക. ആവശ്യ വിലയിരുത്തി പുതിയ ഹോസ്റ്റലുകൾ സ്ഥാപിക്കുക.
- ഇടയ്ക്ക് വെച്ച് പരാജയപ്പെട്ടാൽ പഠനം നിർത്തുന്ന ശീലം. – സ്കൂൾ അദ്ധ്യാപകർ വഴി പ്രോത്സാഹനവും ബോധവത്ക്കരണവും നൽകി പഠനം തുടരുവാൻ ശ്രമം നടത്തുക. മോണിറ്ററിംഗ് സംവിധാനം ശക്തിപ്പെടുത്തി ഉടനടി പരിഹാരം കാണുക.

## നിർദ്ദേശങ്ങൾ

### മേൽത്തട്ട്

- കുടുംബാംഗങ്ങളുടെ എണ്ണത്തിനനുസൃതമായി നിലവിലുള്ള വീടുകൾക്ക് അധിക സൗകര്യമൊരുക്കൽ
- യൂണിറ്റ് കോസ്റ്റ് വർദ്ധിപ്പിക്കൽ
- പട്ടിക വർഗ്ഗ മേഖലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് സ്മാർട്ട് ക്ലാസ്സ് റൂം ലൈബ്രറി മുതലായ സൗകര്യം ഒരുക്കൽ
- താമസിച്ച് പഠിക്കുന്നതിന് പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ അനുവദിക്കുക
- പ്രൊഫഷണൽ വിദ്യാർത്ഥികളുടെ പഠനത്തിന് പ്രാരംഭ ചെലവുകൾ വർദ്ധിപ്പിക്കുക
- സ്വകാര്യ ഹോസ്റ്റലുകളിൽ താമസിച്ച് പഠിക്കുന്നവർക്കുള്ള സാമ്പത്തിക സഹായം വർദ്ധിപ്പിക്കൽ

- പഠനം പൂർത്തിയാക്കിയ പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട സർക്കാർ / സ്വകാര്യസ്ഥാപനങ്ങളിൽ പരിശീലനം നൽകി പ്ലേയ്സ് മെന്റ് ഉറപ്പ് വരുത്തുക
- പട്ടിക വർഗ്ഗവിഭാഗങ്ങളിൽ ദുർബ്ബല വിഭാഗങ്ങൾക്ക് കൂടുതൽ അവസരങ്ങൾ ഉറപ്പ് വരുത്തുക
- പട്ടികവർഗ്ഗ ഉപപദ്ധതിയുടെ ഫണ്ട് ഗുണമേന്മയോടുകൂടി പൂർണമായി പട്ടികവർഗ്ഗക്കാരുടെ ക്ഷേമവികസന പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുക.
- വൃത്തി, വെളിച്ചം, കുടിവെള്ളം, വാഹനസൗകര്യം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളോടെയുള്ള കുടുംബങ്ങളും ഊരുകളും സാധ്യമാക്കുക.
- മുഴുവൻ കുടുംബങ്ങൾക്കും വൈദ്യുതിയും കക്കൂസും സുരക്ഷിതമായ വീടുകളും സാധ്യമാക്കുക.
- പ്രദേശത്തിനും സംസ്കാരത്തിനും അനുയോജ്യമായ സമീപനത്തിലൂന്നി സാമ്പത്തിക പ്രാദേശിക, വികസനത്തിലൂടെ ജീവിത നിലവാരമുയർത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുക.
- തൊഴിലും വരുമാനവും വർദ്ധിപ്പിച്ചും ജീവിതനിലവാരം ഉയർത്തിയും അടിസ്ഥാനസൗകര്യങ്ങൾ സ്വയമാർജ്ജിക്കാൻ അടുത്ത തലമുറയെ പ്രാപ്തരാക്കുക.
- ഉപപദ്ധതി ഫണ്ടിനു പുറമേ ജനറൽ ഫണ്ടും ഇതര സംവിധാനങ്ങളിലെ സ്രോതസ്സും വിനിയോഗിച്ച് ധനപരമായ പ്രവർത്തനം സംയോജനം സാധ്യമാക്കുക.
- ഊരുകൂട്ടങ്ങൾ/വർദ്ധിച്ച പങ്കാളിത്തത്തോടെ സജീവവും ക്രിയാത്മകവുമാക്കി ജനാധിപത്യവത്ക്കരണം സാധ്യമാക്കുക.
- തൊഴിൽ വൈദഗ്ധ്യം വർദ്ധിപ്പിക്കുന്നതിനും പാരമ്പര്യവും നൂതനവുമായ തൊഴിൽ സാധ്യതകളെ ഉപയോഗപ്പെടുത്തുക. യുവജനങ്ങൾക്ക് തൊഴിൽ പരിശീലനവും കരിയർ ഗൈഡൻസ് പരിപാടികളും തുടർച്ചയായി ആവിഷ്കരിച്ച് നടപ്പിലാക്കുക.
- ലഹരി വസ്തുക്കളുടെ ഉപയോഗം തടയുന്നതിന് പ്രായോഗികവും തുടർച്ചയുള്ളതുമായ സൗഹൃദപദ്ധതികൾ ആവിഷ്കരിക്കുക.
- വിദ്യാഭ്യാസം തടസ്സപ്പെടാതിരിക്കാൻ സങ്കേതങ്ങളിൽ പ്രത്യേക സമിതിയുടെ നിരീക്ഷണവും ഇടപെടലും സാധ്യമാക്കുക.
- പ്രത്യേക പരിഗണന അർഹിക്കുന്നവരുടെ വികസനത്തിനായി വ്യക്തിഗത പരിപാലന പദ്ധതി ആവിഷ്കരിക്കുക.

തദ്ദേശീയ ജനതയുടെ അവകാശ സംരക്ഷണത്തിനും അതിജീവനത്തിനും വേണ്ടി, അവരുടെ അന്തസ്സും സംസ്കാരവും നിലനിർത്തുന്നതിനും പാരമ്പര്യ അറിവുകളും വിഭവങ്ങളും സംരക്ഷിക്കുന്നതിനും ഒപ്പം പുതിയ കാലത്തെ വിദ്യാഭ്യാസം, സംസ്കാരം, ആരോഗ്യ പരിപാലനം, ആശയ വിനിമയ സംവിധാനങ്ങൾ ഇവ അവർക്കും അനുഭവവേദ്യമാക്കുന്നതിന് പരിപാടികൾ ആവിഷ്കരിച്ച് സുതാര്യവും സമഗ്രവും സംയോജിതവുമായ നിർവ്വഹണ രീതികൾ അവലംബിക്കാം.

**കീഴ്നോട്ട്**

- സങ്കേതങ്ങൾ കേന്ദ്രീകരിച്ച് തുടർ വിദ്യാഭ്യാസപരിപാടി നടപ്പിലാക്കണം. 4,7,10 +2 തുല്യതാ ക്ലാസ്സുകൾ നടത്തുക.

- സാക്ഷരതാ പ്രേരക്മാരെ ഊരിലേക്ക് അയയ്ക്കുക
- വാഹനസൗകര്യം ഏർപ്പെടുത്തുക ബോധവത്ക്കരണം നടത്തുക.
- ട്യൂഷൻ എടുക്കുന്നതിന് പഞ്ചായത്തിൽ നിന്നും ആനുകൂല്യങ്ങൾ നൽകുക.
- തൊഴിലധിഷ്ഠിത കോഴ്സുകൾ തുടങ്ങുക
- ആവശ്യാനുസരണം ഹോസ്റ്റലുകൾ ആരംഭിക്കുക
- ആവശ്യമായിട്ടുള്ള ഫണ്ട് അനുവദിക്കുക, പഠനോപകരണങ്ങൾ അനുവദിക്കുക.
- ഊരുകൂട്ടം മുഖേന ബോധവൽക്കരണം
- പ്രധാന സങ്കേതങ്ങളിൽ ഇൻറർനെറ്റ് സൗകര്യത്തോടുകൂടി ലൈബ്രറി ആരംഭിക്കുക.
- ബോധവൽക്കരണത്തിന് ഊരുകൂട്ടങ്ങൾക്ക് ധനസഹായംനൽകുക .
- വൈകല്യത്തിനനുസരിച്ചു മൊബിലറ്റി ലഭിക്കുന്നതിനു ഉപകരണങ്ങൾ നൽകുക
- പഠന ഉപകരണങ്ങൾ നൽകുക.
- പഞ്ചായത്ത് തലത്തിൽ ഹൈസ്കൂൾ ക്ലാസ്സുകൾ മുതലൽ കുട്ടികളുടെ സാമ്പത്തിക നിലവാരം വിലയിരുത്തി പ്രത്യേക പദ്ധതികൾക്ക് രൂപം നൽകുക.
- മദ്യവിമുക്ത ഗ്രാമങ്ങൾ സൃഷ്ടിക്കുക
- പ്രൊഫഷണൽ കോഴ്സുകളെ കുറിച്ചു അവബോധം വളർത്തണം
- താൽപ്പര്യമുള്ള യോഗ്യരായവർക്കു പ്രവേശന പരീക്ഷ എഴുതുന്നതിനു പരിശീലനം നൽകണം
- പ്രവേശനം നേടുന്നവർക്കു പ്രാഥമിക ചിലവ് വഹിക്കുന്നതിനു താമസ- ഭക്ഷണ ചിലവും- പഠന ചിലവും വഹിക്കുന്നതിനു സാമ്പത്തിക സഹായം നൽകണം.
- ഉന്നത വിദ്യാഭ്യാസത്തിന് ചേരുന്ന വിദ്യാർത്ഥികൾക്ക് ആവശ്യമായ പിന്തുണ സംവിധാനം ഏർപ്പെടുത്തുക.
- പോസ്റ്റ്മെട്രിക് ഹോസ്റ്റൽ ആരംഭിക്കുക. അതുവരെ സ്ഥാപനത്തിനടുത്ത് താമസിച്ചു പഠിക്കുന്നതിന് ധനസഹായം നൽകുക.
- കമ്പ്യൂട്ടർ പരിശീലനം പത്താംക്ലാസ്സ് പാസ്സായ എല്ലാവർക്കും നൽകുവാനുള്ള പദ്ധതികൾ ഉദാ: അക്ഷയ കേന്ദ്രം വഴി കമ്പ്യൂട്ടർ പരിശീലനത്തോടൊപ്പം തൊഴിൽ, പരിശീലനങ്ങളും നൽകുക. ഊരിൽ വിദ്യാഭ്യാസം ലഭിച്ചവർക്കായി അക്ഷയ കേന്ദ്രങ്ങളിലൂടെ പ്ലേസ്മെൻറ് വഴി തൊഴിൽ ലഭ്യമാക്കുന്നതിന് പഞ്ചായത്തിന്റെ സേവനം ലഭ്യമാക്കുക.
- സങ്കേതങ്ങളിൽ ലഹരിപദാർത്ഥങ്ങളുടെ ജലലഭ്യത നിയന്ത്രിക്കണം.
- ബോധവത്ക്കരണ സൗകര്യം ഏർപ്പെടുത്തണം
- വ്യാജവാറ്റുകൾക്കെതിരെ പഞ്ചായത്ത് കുടുംബശ്രീ, സി.ഡി.എസ്.മുഖേന നടപടിയെടുക്കണം.
- കരിയർ ഗൈഡൻസ് ക്ലാസ്സ് സാമൂഹ്യ ക്ഷേമ വകുപ്പിന്റെ സഹകരണത്തോടെ നടത്തി (ഐ.സി.ഡി.എസ്. വഴി) ഒപ്പം വിവിധ സ്കോളർഷിപ്പുകളെ കുറിച്ചും, സേവനങ്ങളും ക്ലാസ്സിൽ ഉൾപ്പെടുത്തി ഉന്നത പഠനത്തെ കുറിച്ചും, കോഴ്സുകൾ നടത്തുന്ന സ്ഥാപനങ്ങളെ പറ്റിയുള്ള ബോധവത്ക്കരണ ക്ലാസ്സ് പഞ്ചായത്തിന്റെ സഹായത്തോടെ നടപ്പിൽ വരുത്തുക. ഉന്നത പഠനം നടത്തുന്ന വിദ്യാർത്ഥികൾക്ക്

സൗജന്യമായി ലാപ്ടോപ്പ് നൽകുക. മേശ, കസേര, എന്നിവ നൽകുക അവകാശപ്പെട്ട വിദ്യാഭ്യാസാനുകൂല്യം അവരിൽ

- എത്തിക്കാൻ നടപടി സ്വീകരിക്കുക. താമസിച്ചു പഠിക്കുന്നതിന് സഹായം നൽകുക.
- ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് ഇംഗ്ലീഷ് ട്യൂഷൻ നൽകുക. ഊരിലെ കൗമാരപ്രായക്കാരായ കുട്ടികളുടെ ക്ലബ്ബുകൾ രൂപീകരിച്ച് കൊണ്ട് (അഡോൾസെന്റ് ക്ലബ്ബ്) ഇംഗ്ലീഷ് ഭാഷയിൽ പ്രാവീണ്യം നേടുന്നതിന് പ്രായോഗിക ക്ലാസ്സുകൾ ഊരിൽ തന്നെ നൽകുക.
- പഠനവീട് എല്ലാ സങ്കേതങ്ങളിലും ആരംഭിക്കുക. പ്രോത്സാഹനത്തിന് ഓരോ മാസവും ബോധവത്ക്കരണ ക്ലാസ്സുകൾ നടത്തുക.
- കംപ്യൂട്ടർ നൽകുക സംസ്കാരിക നിലയങ്ങൾ വഴി, കസേര-മേശ എന്നിവ നൽകുക.
- ഉന്നത വിദ്യാഭ്യാസം ഉള്ള അദ്ധ്യാപകരെ ഊരിൽ അയച്ച് ബോധവത്ക്കരണം നൽകുക.
- പഠന ഉപകരണം വാങ്ങുന്നതിനുള്ള പ്രോജക്ട് നടപ്പിലാക്കുക.
- ഊരുകളിലെ മാതാപിതാക്കൾക്ക് പ്രത്യേക ബോധവൽക്കരണ ക്ലാസ്സ് നടത്തുക.
- പതിമ്മൂന്നാം പദ്ധതിയിൽ ഉപരിപഠനത്തിന് പ്രത്യേക പ്രോജക്ടുകൾ തയ്യാറാക്കി നടപ്പിലാക്കുക.
- തൊഴിൽവാർത്ത/ തൊഴിൽവീഥി പോലുള്ള
- പ്രസിദ്ധീകരണങ്ങൾ സങ്കേതങ്ങളിൽ ലഭ്യമാക്കുക.
- പി.എസ്.സി പരിശീലനം, കമ്പ്യൂട്ടർ ടൈയിനിംഗ്, മറ്റ് ടൈയിനിംഗ് എന്നി നൽകുന്നതിന് ധനസഹായം നൽകുക
- സങ്കേതങ്ങളിൽ വിദ്യാസമ്പന്നരായ കുട്ടികളെ കണ്ടെത്തി ആ സങ്കേതത്തിലെ നിരക്ഷരത ഒഴിവാക്കുന്നതിന് പഠിപ്പിക്കുന്ന കുട്ടികൾക്ക് ഓണറേറിയം ഉൾപ്പെടുത്തി കൊടുക്കാൻ പഞ്ചായത്തിൽ സമ്മർദ്ദം ചെലുത്തുക.
- 4,7,10,+2 തുല്യതാ പരീക്ഷ എഴുതന്നതിന് നടപടികൾ ആരംഭിക്കുക. 18 മുതൽ 44 വയസ്സ് വരെയുള്ളവരെ ഇതിന് ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുക.
- പഞ്ചായത്ത് മുഖാന്തിരം ശക്തമായ ഇടപെടലുകൾ നടത്തി ഗുണമേന്മയുള്ള പ്രാഥമിക വിദ്യാഭ്യാസം ഉറപ്പുവരുത്തുക.
- ട്യൂഷൻ നൽകുന്നത് മൂലം പഠന നിലവാരം കൂട്ടാൻ സാധിക്കും
- സങ്കേതങ്ങളിൽ ഇൻറർനെറ്റ് അടക്കമുള്ള ട്യൂഷൻ സെൻറർ തുടങ്ങുക
- സെക്കൻററി വിദ്യാഭ്യാസം ലഭിക്കാനുള്ള കുട്ടികളെ കണ്ടെത്തി അവരെ തുടർന്ന് പഠിപ്പിക്കാനുള്ള നടപടി സ്വീകരിക്കുന്നതിന് പഞ്ചായത്ത് തലത്തിൽ നിന്നും ഡിപ്പാർട്ട്മെൻറിലേയ്ക്ക് ശുപാർശ ചെയ്യുക.
- തോൽക്കുന്ന വിഷയങ്ങൾ വീണ്ടും എഴുതുന്നതിന് പരീക്ഷാ ഫീസ് നൽകുക.
- പഠനം നിർത്തിയവരെ കണ്ടെത്തി തുടർന്ന് പഠിക്കാൻ പ്രോത്സാഹിപ്പിക്കുക
- ഉന്നത വിദ്യാഭ്യാസ സൗകര്യം ചെയ്തുകൊടുക്കുക.
- ഉയർന്നവിദ്യാഭ്യാസത്തിൽ പ്രവേശനം ലഭിക്കുന്നവർക്ക് സ്ഥാപനത്തിനടുത്ത് മതിയായ ഹോസ്റ്റൽ സൗകര്യവും ലഭ്യമാക്കുക.

- ട്യൂഷൻ ഫീസ്, എക്സാം ഫീസ് നൽകുക.
- ഉപജീവന മാർഗ്ഗ ഉപാധികൾ കണ്ടെത്താനുള്ള പ്രോജക്ടുകൾ വിദഗ്ധരുടെ സഹായത്തോടെ ആവിഷ്കരിക്കുക.
- ദ്യാഭ്യാസ പരിപാടികളുടെ എല്ലാ പ്രവർത്തനങ്ങളും നിരന്തരമായി പരിശോധിച്ച് അപ്പോൾ പരിഹാരം കാണുവാനുള്ള മോണിറ്ററിംഗ് സംവിധാനം ഒരുക്കുക.
- പാരമ്പര്യ കൃഷി പരമ്പരാഗത തൊഴിൽ പ്രോത്സാഹിപ്പിക്കുക, വരുമാനം ലഭിക്കാനുള്ള മാർഗ്ഗങ്ങൾ/പദ്ധതികൾ തയ്യാറാക്കുക.
- തരിശായ ഭൂമി പഞ്ചായത്ത് തലത്തിൽ ഏറ്റെടുത്ത് കുടുംബശ്രീ മുഖേന കൃഷി പ്രോത്സാഹിപ്പിക്കണം.
- ഫോട്ടോ എടുപ്പിക്കാനും തൊഴിൽ കാർഡുകൾ കൊടുക്കാനും പ്രാദേശികമായി തൊഴിൽ കണ്ടെത്താനും നടപടി സ്വീകരിക്കുക. റിവോൾവീംഗ് ഫണ്ട് രൂപീകരിച്ച് കൂലി വിതരണത്തിലെ കാലതാമസം ലഘൂകരിക്കുക.
- പഞ്ചായത്ത് വിദ്യാഭാസ സമിതി ഊർജിതമാക്കണം
- സാദ്ധ്യതയുള്ള മേഖലകളിൽ തൊഴിൽ പരിശീലനം നൽകി തൊഴിൽ ഉറപ്പാക്കണം. സ്വയം തൊഴിൽ ചെയ്യുന്നതിന് വേണ്ടുന്ന സഹായം അനുവദിക്കുക, അത്തരം സംരഭങ്ങളുടെ സ്ഥായിയായ പ്രവർത്തനം ഉറപ്പാക്കുക.
- കൈത്തൊഴിൽ ചെയ്യുന്നതിന് വേണ്ടുന്ന സഹായം അനുവദിക്കുക.
- നിലവിലുള്ള കൃഷിഭൂമി കൃഷിയ്ക്ക് അനുയോജ്യമാക്കുന്നതിനുള്ള നടപടി
- അനുയോജ്യമായ ചെറുകിട വ്യവസായങ്ങൾ കണ്ടെത്തുന്നതിനുള്ള വ്യവസായ വകുപ്പ് മുഖേന നടപടി സ്വീകരിക്കുക. സംരംഭകത്വം പട്ടികവർഗ്ഗക്കാർക്കിടയിൽ വളർത്തിയെടുക്കുക. ഇതിലേക്കാവശ്യമായ പരിശീലനം നൽകുക
- വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തി പലവിധത്തിലുള്ള തൊഴിൽ പരിശീലനങ്ങൾക്ക് ഫണ്ട് വകയിരുത്തുക.
- ചെറുകിട വ്യവസായ സംരംഭങ്ങൾ പ്രോൽസാഹിപ്പിക്കുക. പട്ടികവർഗ്ഗ സമൂഹത്തിലെ സഹകരണ സ്ഥാപനങ്ങളുടെ സ്വാധീനം വർദ്ധിപ്പിക്കുക. വ്യവസായ സംരംഭങ്ങൾ ഇതിൽ കൂടി ആവിഷ്കരിക്കുക.
- തൊഴിൽ പരിശീലന പരിപാടികൾ പ്രോൽസാഹിപ്പിക്കുക
- വിദ്യാസമ്പന്നരായവർക്ക് മത്സരപരീക്ഷകൾക്കു പരിശീലനം നേടുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുക.
- ശാരീരിക വൈകല്യമുള്ള ദുരിതമനുഭവിക്കുന്നവർക്ക് അവരുടെ താൽപര്യപ്രകാരമുള്ള തൊഴിൽ സംരംഭങ്ങൾ തുടങ്ങുക. പദ്ധതി രൂപീകരണത്തിൽ ഇവർക്ക് അർഹമായ പരിഗണന നൽകുക.
- പെൺകുട്ടികളുടെ കൂട്ടായ്മ സംഘടിപ്പിക്കുക.
- ഊരിലെ എല്ലാവർക്കും തൊഴിലുറപ്പ് കാർഡ് നൽകുകയും തൊഴിൽ കൊടുക്കുകയും ചെയ്യുക.
- ലേബർ ബാങ്ക് ഉണ്ടാക്കി സീസണൽ കലണ്ടർ പ്രകാരം തൊഴിൽ ഉള്ള ദിനങ്ങൾ ക്രമീകരിക്കേണ്ടതും ജോലിയ്ക്ക് നിയോഗിക്കേണ്ടതുമാണ്.

- എംപ്ലോയ്മെൻറ് ന്യൂസ്, സങ്കേതങ്ങളിൽ പി.എസ്.സി.ബുളളറ്റിൻ, തൊഴിൽവാർത്ത, തൊഴിൽ വീഥി, ഇവ ലഭ്യമാക്കുക.
- വിദ്യാർത്ഥികൾക്ക് തൊഴിൽ നേടുന്നതിനു സൗകര്യം ഏർപ്പെടുത്തുക.
- തൊഴിൽ സംരഭകർക്കു വിശേഷിച്ച് സ്റ്റാർട്ട് അപ്പ് സംരഭകർക്കും വായ്പാസൗകര്യം ലഭ്യമാക്കുക
- യൂത്ത്ക്ലബുകൾ രൂപീകരിയ്ക്കുക, അവയുടെ പ്രവർത്തനത്തിന് പ്രോത്സാഹനം നൽകുക, തോഴിൽ നേടാനുളള അവബോധം നൽകുക.
- ദ്യവും ലഹരി പദാർത്ഥങ്ങളും വിപണനം നടത്തുന്നതിനെതിരെ നടപടി സ്വീകരിയ്ക്കുക
- വിദേശജോലിയ്ക്ക് ആവശ്യമായ ധനസഹായം നൽകുക
- സ്വയം തൊഴിൽ സംരംഭങ്ങൾക്ക് ആവശ്യമായ ധനസഹായം അനുവദിയ്ക്കുക
- പി.എസ്.സി കോച്ചിംഗ്, എല്ലാ മത്സര പരീക്ഷകൾക്കുമുളള പരിശീലനം വ്യാപകമാക്കുക
- വിദേശജോലിയ്ക്കായി നടത്തുന്ന ഇൻറ്റർവ്യൂകളിൽ പട്ടികവർഗ്ഗക്കാരെ ഉൾപ്പെടുത്താൻ സഹായകമായ പ്രവർത്തനം നടപ്പിലാക്കുക.
- വിദ്യാഭ്യാസത്തിനുവേണ്ടി പുതിയ തൊഴിൽ മേഖലകളിൽ പരിശീലനം നൽകുക
- ക്ഷീര കർഷകർക്ക് തീറ്റപുല്ല്, കൃഷി തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുക.
- ഉയർന്ന വിദ്യാഭ്യാസമുളള വിദ്യാർത്ഥികളെ വിദേശത്ത് അയയ്ക്കാനുളള നടപടികൾ സ്വീകരിയ്ക്കുക
- ട്യൂഷൻ സെൻറർ എസ്.റ്റി ഊരുകളിൽ അനുവദിയ്ക്കുക
- വിദ്യാഭ്യാസമില്ലാത്ത രക്ഷിതാക്കൾക്ക് ബോധവൽക്കരണം നൽകുക.
- തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപെടുത്തി കാർഷിക മേഖലയിൽ കർഷകർക്ക് ആവശ്യമായ പണികൾ ചെയ്യുക.
- പഞ്ചായത്ത് തലത്തിൽ ഭവന നിർമ്മാണ കമ്മറ്റി രൂപീകരിയ്ക്കണം.
- പഞ്ചായത്ത് മെമ്പറുടെ സാന്നിദ്ധ്യത്തിൽ റവന്യൂ ഉദ്യോഗസ്ഥരുടെ സഹായം ഉറപ്പു വരുത്തി ഭൂമി കണ്ടെത്തുക
- ഭൂമിയില്ലാത്ത കുടുംബങ്ങൾക്ക് ഭൂമി കണ്ടെത്താനും വാങ്ങുന്നതിനുമുളള ക്രമീകരണങ്ങൾ ചെയ്തു നൽകുക
- കവർഗ്ഗ സങ്കേതങ്ങളിലെ വികസന പ്രവർത്തനങ്ങൾ ഊരുകൂട്ട സമിതികൾ സംഘടിപ്പിച്ച് അവർ മുഖേന നടപ്പിലാക്കുക
- ഉണമേന്മയുളള സാധന സാമഗ്രികൾ, പഞ്ചായത്തിൽ നിന്ന് കൊടുക്കാനുളള സംവിധാനം ഏർപ്പെടുത്തുക.
- മെയിൻറ്നെൻസ് തുക വർദ്ധിപ്പിച്ച് അർഹതപ്പെട്ടവർക്ക് നൽകുക.
- യാത്രക്ലേശമുളള സങ്കേതങ്ങളിൽ വീട് നിർമ്മാണത്തിന് കൂടുതൽ തുക അനുവദിയ്ക്കുക.
- നിർമ്മാണപ്രവൃത്തിയിൽ താല്പര്യമുളള പട്ടികവർഗ്ഗക്കാർക്ക് പരിശീലനം നൽകി നിർമ്മാണ പ്രവർത്തനം അവർ മുഖേന നിർവഹിയ്ക്കുക..
- ജീർണ്ണാവസ്ഥയിലുളളവർക്ക് പകരം പുതിയ വീടുകൾ നൽകുക. എല്ലാവീടുകളിലും അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുവരുത്തുക.

- വീട് നിർമ്മാണത്തിൽ കക്കൂസിനായി പ്രത്യേക പ്ലാൻ തയ്യാറാക്കുക
- ടൈബൽ ഡിപ്പാർട്ട്മെൻറിൻറ തുക വർദ്ധിപ്പിയ്ക്കുക.
- ജലസേചനസൗകര്യം ഏർപ്പെടു കയും ഉപയോഗത്തിന് ബോധവൽക്കരണം നടത്തുകയും വേണം
- ഫണ്ട് വർദ്ധനവ് വരുത്തുക. മെച്ചപ്പെനിലയിൽ സുരക്ഷിതമായി സംരക്ഷിയ്ക്കാൻ നടപടി എടുക്കുക.
- വയോജനങ്ങളുടെ സംരക്ഷണവും സുരക്ഷിതത്വവും ഉറപ്പാക്കണം
- ഗ്രാമപഞ്ചായത്തുകൾ എസ്.റ്റി. പ്രൊമോട്ടർമാർ മുഖേന നടപടി സ്വീകരിക്കണം
- അർഹതയുളളവരുടെ പട്ടിക അടിയന്തിരമായി തയ്യാറാക്കി ബന്ധപ്പെട്ട ഗ്രാപഞ്ചായത്ത് മുഖേന സാമൂഹ്യ സുരക്ഷിതത്വ പെൻഷനുകൾ സമയബന്ധിതമായി അനുവദിക്കണം.

# വനിതാ വികസനം

ആർഷഭാരത സംസ്കാരത്തിന്റെ ചുവട് പിടിച്ച് സ്ത്രീകളെ ഏറെ ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്തിരുന്ന നാടാണ് ആലപ്പുഴ. കാലം മാറിയതോടെ വനിതകൾക്ക് ഉണ്ടായിരുന്ന പദവിയിൽ കുറവ് സംഭവിച്ചു. സ്ത്രീകളുടെ സാമൂഹ്യപദവി ജില്ലയിൽ ഇനിയും ഉയരേണ്ടിയിരിക്കുന്നു. നിത്യവൃത്തിക്കുവേണ്ടി കയർ തൊഴിലും, ചെമ്മീൻ ഷെഡ്ഡിലെ ജോലിയും, കാർഷിക രംഗത്തെ തൊഴിലും ചെയ്യുന്ന വനിതകളാണ് ആലപ്പുഴയിൽ ഏറെപേരും. തന്മൂലം തുക്ക് രോഗങ്ങളും അലർജി ആസ്മ എന്നിവ ഇവർക്കുണ്ടാകുന്നു. തൊഴിലിടങ്ങളിൽ സ്ത്രീകളുടെ സുരക്ഷിതത്വം കുറഞ്ഞുപോകുന്ന അവസ്ഥയാണ് ഇന്നുള്ളത്. പ്രാചീന തൊഴിലുകളിൽ നിന്ന് വരുമാനം കുറവായതിനാൽ പലരും അതിൽ നിന്ന് പിന്തിരിയുന്നു. സ്ത്രീക്ക് ലഭിക്കുന്ന തുച്ഛമായവരുമാനം കൊണ്ട് മക്കൾക്ക് നല്ലവിദ്യാഭ്യാസവും പോഷകാഹാരവും നൽകാൻ സാധിക്കാതെ വരുന്ന ദയനീയമായ കാഴ്ചയാണ് നമ്മുടെ നാട്ടിലുള്ളത്. ഭരണഘടന അനുശാസിക്കുന്ന സമത്വം സ്ത്രീകൾക്ക് ലഭിക്കുന്നില്ല. സ്വാതന്ത്ര ഭാരതത്തിൽ സ്ത്രീകളുടെ പദവി ഉയർത്തുന്നതിനായി നിരവധി നിയമങ്ങൾ നിലവിൽ വന്നിട്ടുണ്ട്. അതിന്റ ഫലമായി ഒരു പരിധിവരെ വനിതകൾക്ക് സാമൂഹ്യ പുരോഗതി കൈവരിക്കാന് കഴിഞ്ഞിട്ടുണ്ട്. ഈ ഒരവസ്ഥയിലാണ് വനിതകളുടെ ക്ഷേമത്തിനായുള്ള പദ്ധതികളുടെ പ്രസക്തി നാം മനസ്സിലാക്കുന്നത്.

**സ്ത്രീപുരുഷ തൊഴിൽ പങ്കാളിത്തം**

| വർഷം | ആലപ്പുഴ | | | കേരളം | | |
|---|---|---|---|---|---|---|
| | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 1961 | 45.64 | 22.08 | 33.70 | 47.20 | 19.20 | 42.68 |
| 1981 | 43.92 | 20.52 | 31.93 | 44.89 | 16.61 | 30.53 |
| 1991 | 45.83 | 21.96 | 34.09 | 47.58 | 15.85 | 31.43 |

*(അവലംബം - കേരള സർക്കാർ - സാമ്പത്തിക അവലോകനം 2016 വാല്യം 1)*

2011 ലെ സെൻസസ് പ്രകാരം ജനന നിരക്ക് ആലപ്പുഴ ജില്ലയിൽ, 1000 ആൺകുട്ടികൾ ജനിക്കുമ്പോൾ 1100 പെൺകുട്ടികൾ ജനിക്കുന്നുവെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്.

**ആലപ്പുഴ ജില്ല - ജനസംഖ്യ, സാന്ദ്രത, ലിംഗാനുപാതം**

| 1991 | | | 2001 | | | 2011 | | |
|---|---|---|---|---|---|---|---|---|
| ജന സംഖ്യ | ലിംഗാനു പാതം | സാന്ദ്രത | ജന സംഖ്യ | ലിംഗാനു പാതം | സാന്ദ്രത | ജന സംഖ്യ | ലിംഗാനു പാതം | സാന്ദ്രത |
| 2001217 | 1051 | 1415 | 2109160 | 1079 | 1492 | 2127789 | 1100 | 1504 |

*(അവലംബം - ജൻഡർ സ്റ്റാറ്റിസ്റ്റിക് 15-16)*

ആലപ്പുഴ ജില്ലയിലെ 535958 കുടുംബങ്ങളിലെ ആകെ ജനസംഖ്യ 2127789 ആണ്. അതിൽ 101342 പുരുഷൻമാരും 1114647 സ്ത്രീകളുമാണുള്ളത്. 0 മുതൽ 6 വരെ പ്രായമുള്ള ഗ്രൂപ്പിന്റെ ജനസംഖ്യയിൽ 98444 ആൺകുട്ടികളും 93602 പെൺകുട്ടികളും ഉൾപ്പെടെ 192046 കുട്ടികളാണ് സംസ്ഥാനത്തുള്ളത്. ഇതിൽ പെൺകുട്ടികളുടെ എണ്ണം ഏറെ കുറഞ്ഞു വരുന്നതായി കാണുന്നു.

കേരളം 93.91 ശതമാനം സാക്ഷരത നേടിക്കൊണ്ട് ഇന്ത്യയിൽ ഒന്നാം സ്ഥാനത്താണ്. സ്ത്രീ സാക്ഷരതയിൽ 92 ശതമാനം നിരക്കോടെ രാജ്യത്ത് ഒന്നാമത് നിൽക്കുന്നു. 96.26 ശതമാനമാണ് ആലപ്പുഴയുടെ സാക്ഷരത നിരക്ക്. സംസ്ഥാന സാക്ഷരത മിഷൻ സാക്ഷരത തുല്യത പദ്ധതികൾ നടപ്പാക്കി വരുന്നു. പട്ടികജാതി വിഭാഗത്തിൽ എയ്ഡഡ് സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണമാണ് ഗവൺമെന്റ് സ്ഥാപനത്തിനെതിനേക്കാൾ കൂടുതലായി കാണുന്നത്.

ആലപ്പുഴജില്ലയിൽ ലിംഗാനുപാതം 1000 – 1100 ഉം കേരളത്തിൻറേത് 1000 – 1084 മാണ്. 5 വയസിൽ താഴെയുള്ള കുട്ടികളുടെ ലിംഗാനുപാതം 1000–944 ഉം കേരളത്തിലേത് 1000 – 952 മാണ്. 2015 –16 ൽ കേരളത്തിൽ 161 മാതൃമരണങ്ങളാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. മാതൃമരണനിരക്ക് കേരളത്തിൽ 33 ആണ്. 2015 ൽ 18555 പ്രസവങ്ങളിൽ 9 അമ്മമാരാണ് മരണമടഞ്ഞത്.

സ്ത്രീകൾക്കുണ്ടാകുന്ന പ്രത്യേക രോഗങ്ങളിൽ ഗർഭാശയ കാൻസർ, സെർവിക്സ് കാൻസർ, ബ്രസ്റ്റ് കാൻസർ, തൊണ്ടയിലെ കാൻസർ എന്നിവ ഉൾപ്പെടുന്നു. ജനന നിയന്ത്രണത്തിലെ സ്ത്രീപുരുഷ അനുപാതം ആലപ്പുഴ ജില്ലയിൽ 4876 – 328 ആണ്. മാതൃമരണ നിരക്കും ശിശുമരണ നിരക്കും സംസ്ഥാന ശരാശരിയെക്കാൾ കുറവാണ്.

**ആലപ്പുഴ ജില്ലയിലെ മെഡിക്കൽ സ്ഥാപനങ്ങൾ**

| ജനറൽ ആശുപത്രി | ജില്ലാ ആശുപത്രി | സ്ത്രീകളുടെയും കുട്ടികളുടെ ആശുപത്രി |
|---|---|---|
| 1 | 2 | 1 |

*(അവലംബം – ജൻഡർ സ്റ്റാറ്റിസ്റ്റിക് 15–16)*

ജനറൽ ആശുപത്രിയിലേ ഗൈനക്കോളജി വിഭാഗം പ്രവർത്തിക്കുന്നില്ല.

**ആലപ്പുഴ ജില്ലയിലെ കിടപ്പുരോഗികളുടെ വിവരങ്ങൾ – 2015–16**

| പുരുഷൻ | സ്ത്രീ | സ്ത്രീ ശതമാനം | കുട്ടികൾ | | ആകെ |
|---|---|---|---|---|---|
| | | | എണ്ണം | ശതമാനം | |
| 59409 | 80526 | 57.55 | 34354 | 19.71 | 174289 |

*(അവലംബം – ജൻഡർ സ്റ്റാറ്റിസ്റ്റിക് 15–16)*

ആകെ കിടപ്പുരോഗികളിൽ 57.55 ശതമാനവും വനിതകളാണെന്നതാണ്.

നഗരസഭകൾ. ജില്ല, ബ്ലോക്ക്, ഗ്രാമ പഞ്ചായത്തുകൾ എന്നിവിടങ്ങളിൽ സ്ത്രീകൾ മത്സരിച്ച് വിജയിച്ചുവരുന്നുണ്ടെങ്കിലും തീരുമാനമെടുക്കുന്നതിനുള്ള അവസരങ്ങൾ തുലോം വിരളമാണ്. വിജയിപ്പിച്ച രാഷ്ട്രീയ നേതൃത്വത്തിന്റേയും, പുരുഷ മേധാവിത്വത്തിന്റേയും ഭരണ തീരുമാനങ്ങൾ പലപ്പോഴും വനിതാ നേതൃത്വം അനുസരിക്കേണ്ടിവരുന്നു. ജനറൽ സീറ്റിൽ മൽസരിച്ച് വിജയിച്ച സ്ത്രീകൾ ആലപ്പുഴയിൽ വിരളമാണ്.

സ്ത്രീകൾക്കെതിരെയും കുട്ടികൾക്കെതിരെയുമുള്ള അതിക്രമമോ അവഗണനയോ എവിടെയുണ്ടായാലും അതിനോടു പ്രതികരിക്കുകയും കുറ്റക്കാർക്കെതിരെ കർശനമായ നടപടിയെടുക്കുകയും ചെയ്യുക, സ്ത്രീകൾക്കും കുട്ടികൾക്കും സൈര്യം സ്വതന്ത്രമായി

ജീവിക്കുവാനുള്ള സാഹചര്യം ഉണ്ടാക്കുക, അവർക്കാവശ്യമായ പിൻതുണ നൽകുക നിയമ പരിരക്ഷ ഉറപ്പുവരുത്തുക തുടങ്ങിയവ നിർവ്വഹിക്കുവാനുള്ള സംവിധാനമെന്ന നിലയിൽ പ്രാദേശിക സർക്കാർ തലത്തിൽ ജാഗ്രതാ സമിതി പ്രവർത്തിക്കുന്നു. ജാഗ്രതാ സമിതിയില് കിട്ടിയ പരാതികളുടെ എണ്ണത്തിൽ ഭയാനകമായ വർദ്ധനവാണുള്ളത്. ലഭിക്കുന്ന എല്ലാ പരാതികളും ജില്ലാതലത്തിൽ ഉദ്യോഗസ്ഥർ പരഹിരിച്ചു വരുന്നുണ്ട്.

**2012 മുതൽ 2017വരെയുള്ള ജില്ലയിലെ പരാതികൾ**

| വർഷം | പരാതികൾ |
|---|---|
| 2102–13 | 52 |
| 2013 – 14 | 109 |
| 2014 – 15 | 171 |
| 2015 – 16 | 135 |
| 2016 –17 | 252 |

*(അവലംബം – ഭൂമിക)*

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ പുരോഗതി കണകകാക്കുന്ന വിവിധ മാനദണ്ഡങ്ങൾക്കനുസരിച്ച് ആലപ്പുഴ ജില്ല പ്രവർത്തനങ്ങളിൽ മുന്നിൽ നിൽക്കുന്നു. മറ്റ് വകുപ്പുകളുമായി ചേർന്ന് സംയോജിത പ്രവൃത്തികൾ ഏറ്റെടുക്കുന്ന കാര്യത്തിലും ജില്ല മുന്നിലാണ്. 2016 – 17 ൽ സൃഷ്ടിക്കപ്പെട്ട ആപേക്ഷിക തൊഴിൽ ദിനങ്ങൾ ജില്ലയുടേത് 55.94 ആണ്. സംസ്ഥാന ആവറേജ് 46.98 ആയിരുന്നു.ജില്ലയിൽ 2016 – 17 സാമ്പത്തികവർഷം 36645 പ്രവൃത്തികൾ ഏറ്റെടുത്തതിൽ 27169 പ്രവൃത്തികൾ പൂർത്തീകരിക്കുവാൻ കഴിഞ്ഞു. പദ്ധതിയിൽ രജിസ്റ്റർ ചെയ്തതിൽ 90 ശതമാനത്തിൽ അധികം സ്ത്രീകളാണ്. ഈ പദ്ധതിയിലൂടെ സ്ത്രീകളുടെ വരുമാനം വർദ്ധിപ്പിക്കുവാൻ സാധിക്കുകയും തൻമൂലം അവരുടെ ജീവിത നിലവാരം ഉയർത്തുവാനും സാമൂഹിക പദവിനിലനിർത്തുവാനും സാധിച്ചുവെന്ന കാര്യത്തിൽ സംശയമില്ല. ഏറ്റവുംകൂടുതൽ തുക ചിലവഴിക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയാണിത്.

**ആലപ്പുഴ ജില്ലയിലെ കുടുംബശ്രീ മിഷന്റെ വിവരങ്ങൾ**

| | |
|---|---|
| ആകെ കുടുംബശ്രീ ഗ്രൂപ്പുകൾ | 20247 |
| ആകെ കുടുംബശ്രീ അംഗങ്ങൾ | 247000 |
| എസ്.സി. കുടുംബശ്രീ ഗ്രൂപ്പുകൾ | 1187 |
| എസ്.റ്റി. കുടുംബശ്രീ ഗ്രൂപ്പുകൾ | 12 |
| കമ്മ്യൂണിറ്റി ഡവലപ്മെന്റ് സൊസൈറ്റികൾ | 79 |
| ഏരിയ ഡവലപ്മെന്റ് സൊസൈറ്റികൾ | 1358 |
| ആകെ ത്രിഫ്റ്റ് | 272.98 കോടി |
| ആകെ ലിങ്കേജ് | 439854000 |
| ആകെ സംരഭങ്ങൾ | 2300 |
| പ്രവർത്തന നിരതമായ സംരംഭങ്ങൾ | 1348 |

*(അവലംബം – കുടുംബശ്രീ മിഷൻ ആലപ്പുഴ)*

**ആലപ്പുഴ ജില്ലയിലെ സ്വയം സഹായ സംഘങ്ങൾ**

| | |
|---|---|
| ആകെ സ്വയം സഹായ സംഘങ്ങൾ | 2963 |
| സംഘങ്ങളിലെ അംഗസംഖ്യ | 48627 |
| ത്രിഫ്റ്റ് നിക്ഷേപം | 36 കോടി |
| പുരുഷ സ്വയം സഹായ സംഘങ്ങൾ | 512 |
| വനിതാ സ്വയം സഹായ സംഘങ്ങൾ | 2451 |
| തൊഴിൽ സംരംഭങ്ങളിൽ ഏർപ്പെട്ട പുരുഷ സംഘങ്ങൾ | 210 |
| തൊഴിൽ സംരംഭങ്ങളിൽ ഏർപ്പെട്ട വനിതാ സംഘങ്ങൾ | 1814 |

*(അവലംബം - ഡിപ്പാർട്ട്മെൻറ് ഓഫ് റൂറൽ ഡെവലപ്മെൻറ്)*

പുരുഷ സ്വയംസഹായ സംഘങ്ങളെക്കാൾ ഏറെ കൂടുതലാണ് വനിത സ്വയം സഹായസംഘങ്ങൾ എന്ന് കാണാവുന്നതാണ്. കയർപിരി യൂണിറ്റ്, കാറ്ററിംഗ്, വനിത ഹോട്ടൽ, ഡെയറി യൂണിറ്റ്, മൈക്രോ സംരംഭങ്ങൾ തുടങ്ങിയവ സ്വയംസഹായ സംഘങ്ങളുടെ വരുമാന ദായക പ്രവർത്തനമാണ്.

സമൂഹത്തിലെ സാമ്പത്തികമായും സാമൂഹ്യമായും പിന്നോക്കം നിൽക്കുന്ന തൊഴിലാളികളിൽ വലിയൊരു വിഭാഗം അസംഘടിത മേഖലയിൽ ജോലി ചെയ്യുന്നു. കുറഞ്ഞ തൊഴിൽ സുരക്ഷിതത്വം, തൊഴിൽ പരമായി ഉയരുവാനുള്ള സാധ്യതകുറവ് അവധിക്കുറവ്, തൊഴിൽ സംരക്ഷണമില്ലായ്മ കുറഞ്ഞ വേതനം എന്നിവ അസംഘടിത മേഖലയിലെ സ്ത്രീ തൊഴിലാളികൾ അനുഭവിക്കുന്ന പ്രശ്നങ്ങളാണ്.

കയർ തൊഴിലാളികൾ, ചെമ്മീൻ പീലിംഗ് ഷെഡ്ഡിൽ പണിയെടുക്കുന്നവർ തുടങ്ങിയ മേഖലയിൽ തൊഴിലെടുക്കുന്നവർക്ക് ആസ്മ, അലർജി, ശ്വാസകോശ രോഗങ്ങൾ, ത്വക്ക് രോഗങ്ങൾ പോലുള്ള തൊഴിൽ ജന്യരോഗങ്ങൾ ഉണ്ടാകാറുണ്ട്. ഈ മേഖലയിൽ പണിയെടുക്കുന്നവർ ഏറെയും സ്ത്രീകളാണ്, ആലപ്പുഴ ഏറെ വെള്ളക്കെട്ടുള്ള പ്രദേശമായതിനാൽ ജലജന്യരോഗങ്ങൾ സാധാരണയാണ്. എലിപ്പനി, ഡെങ്കിപ്പനി, വയറിളക്കം, മഞ്ഞപ്പിത്തം തുടങ്ങിയ രോഗങ്ങൾ ഉണ്ടാകാറുണ്ട്. സൗജന്യമായി പരിശോധനയും മരുന്നും ലഭ്യമാക്കുക എന്നീ കാര്യങ്ങൾ ഉൾപ്പെടുത്തി ദേശീയ ആരോഗ്യനയം ഗവൺമെന്റ് രൂപീകരിച്ചു വരുന്നു.

ആലപ്പുഴ ജില്ലയിലെ 12 ബ്ലോക്കുകളിലെയും 2012 - 13 മുതൽ 2017-18 വരെയുള്ള വനിതാ പ്രോജക്ടുകൾ പരിശോധിച്ചതിൽ, സ്ത്രീകൾക്ക് നേരിട്ട് പ്രയോജനം ലഭിക്കുന്ന പ്രോജക്ടുൾ കുറവാണ്. സർക്കാർ മാനദണ്ഡങ്ങൾക്കും ഉത്തരവുകൾക്കും വിധേയമായി പദ്ധതി വിഹിതത്തിന്റെ 10 ശതമാനം തുക വനിതാ ഘടക പദ്ധതിക്കായി മാറ്റിവച്ചിട്ടുണ്ട്. പദ്ധതിയുടെ ആദ്യ ഘട്ടങ്ങളിൽ ഗ്രാമപഞ്ചായത്തുകൾ വനിതാ ഘടക പദ്ധതിയിൽ കൃഷിക്ക് ഊന്നൽ നല്കിയിരുന്നു. സ്ത്രീകൾക്ക് നേരിട്ട് പ്രയോജനപ്പെടാത്തതും പൊതു പദ്ധതികളിൽ ഉൾപ്പെടുത്താവുന്നതുമായ പദ്ധതികളാണ് കാലാകാലങ്ങളായി വനിതാ ഘടക പദ്ധതിയിൽ എടുത്തിട്ടുള്ളത്. 2017 -18 ലെ പദ്ധതിയിലും ഈ പ്രവണത ആവർത്തിച്ചിട്ടുള്ളതായി കാണാം. പ്രോജക്ട് പരിശോധന കാര്യക്ഷമമാക്കുകയും ഇത്തരം പദ്ധതികൾ നിരസിക്കുകയും വേണം. മുൻകാലങ്ങളിൽ വനിതയുടെ പേരിൽ പൊതു പദ്ധതികൾ എടുത്തിരുന്നതായി കാണാം.

പദ്ധതി തുക ചെലവഴിക്കുന്നതിന് വേണ്ടിമാത്രം പദ്ധതി വിഭാവനം ചെയ്തിരുന്നതായി മുൻകാല പദ്ധതികൾ പരിശോധിച്ചാൽ കാണാൻ സാധിക്കും. ആസൂത്രണമില്ലാതെ ധാരാളം പദ്ധതികൾ ഏറ്റെടുത്തിരുന്നതായി കാണാം. വനിതകൾക്ക് പ്രാതിനിധ്യം കൊടുക്കാതെ തന്നെ ഉദ്യോഗസ്ഥർ തന്നെ പദ്ധതികൾ രൂപപ്പെടുത്തിയിരുന്നു. സാധ്യതകൾ ഉണ്ടായിരുന്നിട്ടും വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് സംയുക്ത പ്രോജക്ടുകൾ എടുത്തിരുന്നില്ല. സ്റ്റോക്ക് ഹോൾഡേഴ്സുമായി കൂടിയാലോചിച്ച്, ഓരോ പ്രദേശത്തിനും അനുയോജ്യമായ പദ്ധതികളായിരുന്നില്ല മുൻകാലങ്ങളിൽ ഏറ്റെടുത്തിരുന്നത്. സ്ത്രീകളുടെ താല്പര്യങ്ങൾ സംരക്ഷിച്ചുകൊണ്ട്, കക്ഷി രാഷ്ട്രീയം വെടിഞ്ഞ് സുതാര്യതയോടെ മുൻകാലങ്ങളിൽ പദ്ധതികൾ വിഭാവനം ചെയ്തിരുന്നത്. കഴിഞ്ഞ കാല പദ്ധതികളിലൂടെ വനിതകളുടെ ജീവിത നിലവാരം മെച്ചപ്പെട്ടിട്ടില്ല. നിർവ്വഹണത്തിലും മോണിട്ടറിംഗിലും മുൻകാലപദ്ധതികളിൽ കൂടുതൽ ശ്രദ്ധ പതിപ്പിച്ചിരുന്നില്ല. സ്ത്രീ പദവി ഉയർത്തുന്നതിനും, സ്ത്രീക്ക് നീതി നിക്ഷേധിക്കാത്തതും സ്ത്രീക്ക് നേരിട്ട് പ്രയോജനം ലഭിക്കാത്തതുമായ പദ്ധതികളായിരുന്നു മുൻകാലങ്ങളിലേത് എന്ന് കാണാം. പദ്ധതികളിൽ ഒരു നയ രൂപീകരണത്തിന്റെ ആവശ്യകത ഇനിയും കാണുന്നു. ബ്ലോക്ക് പഞ്ചായത്തുകളിൽ 2016 –17 വർഷം വനിത ഘടകപദ്ധതികളിൽ ആകെ 63 പദ്ധതികളാണ് ഏറ്റെടുത്തിരുന്നത്. അതിൽ 46 എണ്ണം മാത്രമേ പൂർത്തീകരിച്ചിട്ടുള്ളൂ.

## വിടവുകൾ

വനിതകൾക്ക് നേരിട്ട് പ്രയോജനം ലഭിക്കുന്ന പദ്ധതികളല്ല വനിതഘടക പദ്ധതിയിലെ 10 ശതമാനത്തിൽ ഉൾപ്പെടുത്തിയിരുന്നത്. അടിസ്ഥാന സൌകര്യങ്ങളും ഉപജീവന മാർഗ്ഗങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള മാർഗ്ഗങ്ങളും പൊതു പദ്ധതിയുടെ ഭാഗമാക്കുന്നതിന് പകരം "വനിത" എന്ന് ചേർത്ത് വനിത ഘടക പദ്ധതയിൽ ഉൾപ്പെടുത്തുകയായിരുന്നു പതിവ്. സ്ത്രീയ്ക്കും പുരുഷനും തുല്യവേതനം ലഭിക്കാത്ത അവസ്ഥ ഇന്നും നിലനില്ക്കുന്നു. ചില ജോലികളിൽ വനിതകൾക്ക് അപേക്ഷിക്കുവാൻ അർഹതയില്ലാത്ത സാഹചര്യമാണ് ഇന്നുള്ളത്.

## കാഴ്ചപ്പാട്

- ആലപ്പുഴയെ ഒരു സ്ത്രീസൗഹൃദ ജില്ലയായി മാറ്റിയെടുക്കുക
- സ്ത്രീകളുടെ വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുക.
- സ്ത്രീ സുരക്ഷ ഉറപ്പുവരുത്തുക
- സ്ത്രീകൾക്ക് നേരെയുള്ള അതിക്രമങ്ങൾ ഇല്ലാതാക്കുക. സ്ത്രീ സുരക്ഷ ഉറപ്പുവരുത്തുക.
- ജില്ലയിലെ സ്ത്രീകളുടെ ഉയർന്ന സാക്ഷരതയും വിദ്യാഭ്യാസവും തൊഴിൽ പങ്കാളിത്തത്തിൽ പ്രതിഫലിപ്പിക്കുക.
- സ്ത്രീയ്ക്കും പുരുഷനും തുല്യജോലിക്ക് തുല്യവേതനം.
- ഭരണഘടന പിൻബലം യാഥാർത്ഥ്യമാക്കുന്ന തുല്യത വനിതകൾക്ക് ലഭ്യമാക്കുക.
- ആരോഗ്യമുള്ള സ്ത്രീസമൂഹത്തെ വാർത്തെടുക്കുക.
- സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങളും ചൂഷണങ്ങളും ഇല്ലാതാക്കുക.
- പ്രൊഫഷണൽ സാങ്കേതിക തൊഴിലധിഷ്ഠിത വിദഗ്ധ രംഗങ്ങളിൽ സ്ത്രീ പങ്കാളിത്തം ഉറപ്പാക്കുക.
- ശൈശവ വിവാഹം, നിർബന്ധിത വിവാഹം, പെൺ ശിശു ഭ്രൂണഹത്യ തുടങ്ങിയ ദോഷകരമായ പ്രവണതകൾ ഇല്ലാതാക്കുക.

- വനിതഗ്രൂപ്പുകളെ കാർഷിക മേഖലയിലേക്ക് ആകർഷിക്കുക.
- ലിംഗനീതി ഉറപ്പാക്കുന്ന സ്ത്രീപദ്ധതി മുഖ്യധാരവത്ക്കരണം പൂർണ്ണമാക്കുക.
- സ്ത്രീകളുടെ വരുമാനം വർദ്ധിപ്പിക്കുക.
- വനിത ഘടക പദ്ധതിയിൽ ഉൾക്കൊളളിച്ചിരിക്കുന്ന 10 ശതമാനം തുക സ്ത്രീകൾക്ക് നേരിട്ട് പ്രയോജനം ലഭിക്കുന്ന പദ്ധതികൾക്ക് മാത്രമായി വിനിയോഗിക്കുക.

## ലക്ഷ്യങ്ങൾ

### ഹ്രസ്വകാല ലക്ഷ്യങ്ങൾ

- ആലപ്പുഴ ജില്ല സ്ത്രീസൗഹൃദമാക്കണമെങ്കിൽ സമൂഹത്തിൽ പുരുഷന്മാർക്കൊപ്പം എല്ലാകാര്യങ്ങളിലും സ്ത്രീകൾക്കും തുല്യപദ്ധതി ഉറപ്പാക്കണം. സ്കൂൾ തലത്തിൽ തന്നെ വിദ്യാർത്ഥികളെ ഇതേക്കുറിച്ച് ബോധവാന്മാരാക്കണം.
- സ്ത്രീകൾക്കെതിരെയുളള അതിക്രമങ്ങൾ ഇല്ലാതാക്കുവാൻ ശക്തമായ നിയമനടപടികൾ നടപ്പാക്കണം.
- സ്ത്രീസൗഹൃദ പോലീസ് സ്റ്റേഷനുകൾ ജില്ലയിൽ സ്ഥാപിക്കുക.
- സ്ത്രീയ്ക്കും പുരുഷനും തുല്യജോലിക്ക് തുല്യവേതനം ഉറപ്പാക്കണം.
- വനിതകളുടെ ആരോഗ്യ സംരക്ഷണത്തിനായി ഗ്രാമതലത്തിൽ വനിത ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുക.
- വനിതകളുടെ ഉന്നത വിദ്യാഭ്യാസത്തിന് ഫീസിളവ് അനുവദിച്ച് വിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിക്കുക.
- കാർഷിക യന്ത്രങ്ങൾ പ്രവൃത്തിപ്പിക്കുവാൻ സ്ത്രീകൾക്ക് പരിശീലനം നൽകി വനിതകളെ കൃഷി ചെയ്യുവാൻ പ്രേരിപ്പിക്കുക.
- ചെറു വ്യവസായ യൂണിറ്റുകൾ വനിത ഗ്രൂപ്പുകൾ വരുമാനം വർദ്ധിപ്പിക്കുന്നതിലൂടെ അവരുടെ ജീവിത നിലവാരം ഉയരുന്നു.
- സ്ത്രീ ശാക്തീകരണത്തെക്കുറിച്ചും ലിംഗസമത്വത്തെക്കുറിച്ചും ബോധവത്ക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുക.
- സ്ത്രീ സുരക്ഷ ഉറപ്പുവരുത്തുവാൻ വനിത ഹോസ്റ്റലുകളും ഷോർട്ട് ഹോം സ്റ്റേ സംവിധാനങ്ങളും നടപ്പിലാക്കുക.
- പെൺകുട്ടികൾക്ക് പൂർണ്ണ ശാരീരിക, മാനസിക, ആരോഗ്യത്തോടെയും തികഞ്ഞ സുരക്ഷിതത്വത്തോടെയും ആരോഗ്യകരമായ വ്യക്തി ബന്ധങ്ങൾ ഉറപ്പിച്ചുകൊണ്ട് വിദ്യാഭ്യാസത്തിൽ മുന്നേറാൻ കഴിയണം.
- കേന്ദ്രസംസ്ഥാന ആവിഷ്കൃത പദ്ധതികളുടെയും നിയമങ്ങളുടെയും പരിരക്ഷ നൽകുന്നതിന് വനിതകൾക്ക് മുൻഗണന നൽകുക.
- അടിസ്ഥാന തലം മുതൽ തന്നെ സ്ത്രീസുരക്ഷ ഉറപ്പാക്കുക.
- പെൺ ഭ്രൂണഹത്യ നിർത്തലാക്കുക
- തൊഴിലിടങ്ങളിലെ അതിക്രമങ്ങൾ തടയുന്നതിന് പരാതി പരിഹാര സെല്ലിന്റെ പ്രവർത്തനം ശക്തമാക്കുക.
- മയക്കുമരുന്ന് മറ്റ് ലഹരി പദാർത്ഥങ്ങളുടെ വ്യാപാരം, ഉപയോഗം എന്നിവ തടയുക.

- സ്ത്രീധന സമ്പ്രദായത്തിന്റെ വ്യാപ്തി കുറയ്ക്കുക.
- സ്ത്രീകൾക്ക് പരിശീലനം നൽകി തൊഴിലുറപ്പുവരുത്തുക.
- സ്ത്രീ ശാക്തീകരണം സമ്പൂർണ്ണമാക്കുക.
- വനിതകളുടെ ഷെൽറ്റർ ഹോമുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തുക.

## ദീർഘകാല ലക്ഷ്യങ്ങൾ

- ക്ലേശകരമായ സാഹചര്യത്തിൽ ജീവിക്കുന്ന സ്ത്രീകൾക്ക് സമ്പൂർണ്ണസുരക്ഷിതത്വം ഉറപ്പുവരുത്തുക
- വനിതകൾ കുടുംബനാഥയായിട്ടുള്ള എല്ലാകുടുംബങ്ങൾക്കും വീടും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാക്കുക.
- സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങളും ചൂഷണങ്ങളും ഇല്ലാതാക്കുന്നതിനും നിയമസംവിധാനം കാര്യക്ഷമമാക്കുക.
- യന്ത്രവത്കൃത മേഖലകളിൽ പരിശീലനം നൽകി വനിതകളെ തൊഴിൽ ചെയ്യുന്നതിന് സജ്ജരാക്കുക.
- പ്രാദേശിക തലത്തിലുള്ള പ്രശ്നങ്ങളുടെ അടിസ്ഥാനത്തിൽ നിലവിലുള്ള പദ്ധതികൾ പരിഷ്കരിക്കുക.
- പാർശ്വവത്ക്കരിക്കപ്പെട്ട വനിതകൾക്ക് തൊഴിൽസുരക്ഷ ഉറപ്പുവരുത്തുക.
- മുൻകാല പഠന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിലാകണം പദ്ധതിരൂപീകരണം നടത്തേണ്ടത്.
- സ്ത്രീകൾക്കെതിരെയുള്ള എല്ലാവിധ അതിക്രമങ്ങളും ചൂഷണങ്ങളും ഇല്ലാതാക്കുന്നതിനുള്ള സ്ഥിരം സംവിധാനം ഉറപ്പാക്കുക.
- രോഗങ്ങളാലും മറ്റും ഒറ്റപ്പെട്ട് പോകുന്നവർക്ക് ആരോഗ്യ സുരക്ഷാ പദ്ധതികൾ പൂർണ്ണമായും ഉറപ്പുവരുത്തുക.

## മുൻഗണനകൾ

- ഗ്രാമങ്ങളിൽ വാർഡുകൾ തോറും ഹെല്ത്ത് സെന്ററുകൾ നിർമ്മിക്കുകയും സ്ത്രീകൾക്ക് സൌജന്യ ചികിത്സ നല്കുകയും വേണം.
- സ്ത്രീകൾക്കായി യോഗാ പരിശീലന ക്ലാസ്സുകളും തുടർപ്രവർത്തനങ്ങളും നടത്തുക
- കുടുംബ പ്രശ്നങ്ങൾക്ക് തീർപ്പ് കല്പിക്കുവാൻ സൌജന്യ കൌണ്സിലിംഗ് സംവിധാനം ഒരുക്കുക
- വനിതകളിൽ കാണുന്ന രോഗങ്ങളും, ജീവിത ശൈലി രോഗങ്ങളും ഉണ്ടാകാതിരിക്കുവാനുള്ള അവബോധം ജനിപ്പിക്കുന്ന ക്ലാസ്സുകൾ സംഘടിപ്പിക്കുക
- സൌജന്യ പ്രാഥമിക വിദ്യാഭ്യാസം സർക്കാർ ഉറപ്പുനല്കുന്നുണ്ടെങ്കിലും, എസ്.സി. /എസ്.റ്റി വിഭാഗത്തിലും, കാർഷിക മത്സ്യമേഖലയിലും പെൺകുട്ടികൾക്ക് ധനസഹായവും പ്രോത്സാഹനവും നല്കി അവരെ ഉപരിപഠനത്തിലേയ്ക്ക് നയിക്കുന്ന പദ്ധതികൾ
- സ്കൂളിലും പൊതു സ്ഥാപനങ്ങളിലും സ്ത്രീ സൌഹൃദ പ്രാഥമിക സൌകര്യങ്ങൾ ഉറപ്പാക്കുക.

- തുല്യ ജോലിക്ക് തുല്യവേതനം ഉറപ്പുവരുത്തുക.
- ഗ്രാമസഭകളിൽ സ്ത്രീകളുടെ പങ്കാളിത്തം ഉറപ്പുവരുത്തി നാടിനും സമൂഹത്തിനും പ്രയോജനം ചെയ്യുന്ന പ്രവൃത്തികൾ ഏറ്റെടുക്കുവാൻ സജ്ജരാക്കുക.
- വനിതാ ഗ്രൂപ്പുകൾ നിർമ്മിക്കുന്ന ഉത്പ്പന്നങ്ങൾക്ക് വിപണി കണ്ടെത്താൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സഹായിക്കുക.
- ഗവണ്മെന്റ് പദ്ധതികളെക്കുറിച്ച് വനിതകൾക്ക് അറിവുനല്കുന്നതിനുള്ള സംവിധാനം.
- ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയിൽ എല്ലാ വനിതകളും രജിസ്ട്രർചെയ്യുന്നതിനുള്ള പഞ്ചതായത്ത് തല സംവിധാനം ഉണ്ടാക്കുന്നതിലൂടെ അവർക്ക് നിശ്ചിത ദിവസങ്ങളിൽ തൊഴിൽ ലഭിക്കുകയും വേതനവും മറ്റ് ഗവ. ആനുകൂല്യങ്ങളും ലഭിക്കുകയും ചെയ്യുന്നു.
- വിഷരഹിത പച്ചക്കറികൾ വീട്ടിൽ തന്നെ ഉണ്ടാക്കുവാൻ ആവശ്യമായ സഹായങ്ങൾ വനിത ഗ്രൂപ്പുകൾക്ക് നല്കുക.
- സ്ത്രീശാക്തീകരണത്തിനും സ്ത്രീകൾ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തുന്നതിനുമായി ജാഗ്രതാസമിതിയുടെ പ്രവർത്തനക്ഷമത ശക്തിപ്പെടുത്തുക
- സാമൂഹിക വിപത്തായ പ്ലാസ്റ്റിക്ക് വേയ്സ്റ്റ്, ഇ – വേയ്സ്റ്റ് എന്നിവ ശേഖരിച്ച് സംസ്കരണ യൂണിറ്റിൽ എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി സ്ത്രീ ശാക്തീകരണത്തിനാവശ്യമായ പരിശീലനം നല്കുക.
- വിവരാവകാശം, സേവനാവകാശം എന്നിവയെക്കുറിച്ച് വ്യക്തമായ ഒരു കാഴ്ചപ്പാട് വനിതകൾക്ക് നല്കുക.
- സ്ത്രീകൾക്ക് നീതി ലഭിക്കുന്നതിനായി ആവശ്യമായ സഹായം ചെയ്യുക
- ബ്ലോക്കുകളിൽ കുടുംബശ്രീ നടത്തുന്ന ജന്റർ റിസോഴ്സ് സെന്ററുകൾ ശക്തിപ്പെടുത്തുക
- പൊതു ഇടങ്ങളിലും സ്ഥാപനങ്ങളിലും ഉള്ള പ്രാഥമികാവശ്യ നിർവ്വഹണ സംവിധാനങ്ങളെ പ്രവർത്തനക്ഷമമാക്കി സ്ത്രീ സൌഹൃദമാക്കുക
- സ്ത്രീകളുടെ മാന്യതയ്ക്ക് നിരക്കാത്ത തരത്തിലുള്ള എല്ലാവിധ പരസ്യങ്ങളും ചിത്രീകരണങ്ങളും നിരോധിക്കുക
- സ്ത്രീകൾക്കെതിരെ വർദ്ദിച്ചുവരുന്ന അക്രമങ്ങൾ, കൊലപാതകങ്ങൾ, പീഡനങ്ങൾ, വിവേചനങ്ങൾ മുതലായവ നേരിടുന്നതു സംബന്ധിച്ച് പ്രചാരണ പരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്.
- സ്ത്രീ പദവി ഉയർത്തുന്നതിനുള്ള നിയമങ്ങളെക്കുറിച്ച് അവരെ ബോധവാന്മാരാക്കുക

സ്ത്രീ സുരക്ഷിതത്വത്തിനായി ജൻഡർ പാർക്ക് സംവിധാനം ഉപയോഗിച്ച് വനിതകൾക്കായി ലേഡീസ് ഹോസ്റ്റൽ പ്രവൂർത്തിപ്പിക്കുന്നതിനായി ജില്ലാ പഞ്ചായത്ത് ഒരു ബൃഹത്തായ പദ്ധതി നടപ്പാക്കി വരുന്നു. അതോടൊപ്പം അവിടെ ഷോർട്ട് ഹോം സ്റ്റേ സൌകര്യംകൂടി ഉറപ്പുവരുത്തിയിട്ടുണ്ട്. യുവതലമുറയെ നാശത്തിലേയ്ക്ക് നയിക്കുന്ന ലഹരി മരുന്നിന്റെ ദുരുപയോഗത്തെക്കുറിച്ച് ബോധവാന്മാരാക്കുക. എന്ന ലക്ഷ്യത്തോടെ എക്സൈസ് ഡിപ്പാർട്ട്മെന്റും ജില്ലാ ഭരണകൂടവും ചേർന്ന് സ്കൂളുകളിൽ ബോധവത്ക്കരണം നടത്തിവരുന്നു.

ആലപ്പുഴ ജില്ലയിലെ സ്ത്രീസൗഹൃദ പഞ്ചായത്തായ മാരാരിക്കുളം തെക്ക് പഞ്ചായത്ത് സ്ത്രീ സൗഹൃദമാക്കുവാനുള്ള പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ട്. “വനിത സെൽഫി” എന്ന പേരിൽ

മാരാരിക്കുളം സൗത്ത് പഞ്ചായത്തിൽ ഒരു ഇവൻറ് മാനേജ്മെൻറ് യൂണിറ്റ് പ്രവൃത്തിച്ചുവരുന്നു. മേൽ സൂചിപ്പിച്ച പദ്ധതികൾ മാതൃകാപരമാണ്.

കൌമാരക്കാരായ പെൺകുട്ടികളുടെയും വനിതകളുടെയും ഉയർച്ചയ്ക്കായി കുടുംബശ്രീ സംവിധാനം ധാരാളം പ്രവർത്തനങ്ങൾ നടപ്പാക്കിവരുന്നുണ്ട്. കുടുംബശ്രീ യൂണിറ്റുകളും ബ്ലോക്കുകളിൽ രജിസ്റ്റർ ചെയ്യ വരുന്ന വനിത സ്വയം സഹായ സംഘങ്ങളും വരുമാന ദായക പ്രവർത്തനങ്ങൾ നല്ല രീതിയിൽ നടത്തിവരുന്നു. ലഹരിമരുന്നിനെതിരെ ഇവർ ബോധവത്ക്കരണം നടത്തുന്നുണ്ട്. എക്സൈസ് ഡിപ്പാർട്ട്മെൻറിന്റെ സഹായത്തോടെ ഇത് നടപ്പാക്കാവുന്നതാണ്. ഗ്രൂപ്പിലെ വനിതകളുടെ മാനസികവും ആരോഗ്യപരവുമായ സുസ്ഥിതിക്ക് വേണ്ടി ബോധവത്ക്കരണ ക്ലാസ്സുകൾ നടത്തുന്നുണ്ട്. ഇതിനായി ആരോഗ്യ വകുപ്പിന്റെ സേവനം ലഭ്യമാക്കാവുന്നതാണ്. ആലപ്പുഴ ജില്ലയിലെ എല്ലാ പഞ്ചായത്തുകളിലും ഓരോ ഗ്രാമങ്ങളിലും വനിതകളുടെ ഗ്രൂപ്പുകൾ പ്രവർത്തിച്ചുവരുന്നത് ഏറെ സ്വാഗതാർഹമാണ്. കുടുംബശ്രീ യൂണിറ്റുകൾ വ്യവസായ മേഖലയിലും, സേവന മേഖലയിലും പ്രവർത്തിച്ചുവരുന്നു. അവരുടെ പ്രവർത്തനങ്ങളിലൂടെ സ്ത്രീശാക്തീകരണം സാധ്യമാകുന്നത് കാണാം. വ്യവസായ വകുപ്പിന്റെ സേവനം കുടുംബശ്രീ ഗ്രൂപ്പുകൾക്ക് ലഭ്യമാണ്.

സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന് പിങ്ക് പോലീസിന്റെ സഹായം എപ്പോഴും ലഭ്യമാണ്. സ്ത്രീ പീഡനത്തിന് ഇരയാവുന്നവർക്ക് സംസ്ഥാന വനിതകമ്മീഷന്റെ അദാലത്തിൽ പരിഹാരം കാണാവുന്നതാണ്. ജാഗ്രത സമിതികളുടെ വനിതകളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നു. ആശാ വർക്കർമാരും സ്വയംസഹായ സംഘങ്ങളും വനിത വികസന പ്രക്രിയയിൽ അവരുടെ സേവനം നൽകുന്നുണ്ട്.

വനിതകൾക്കായുള്ള പദ്ധതികളുടെ സമഗ്രത ഉറപ്പുവരുത്തുന്നതിനായി അംഗന വാടികൾ കേന്ദ്രീകരിച്ചുള്ള കൌമാര ക്ലബ്ബുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തി കൌൺസിലിംഗ് ബോധവത്ക്കരണ ക്ലാസ്സുകളും നടപ്പിലാക്കുന്ന വനിത പദ്ധതിയിൽ ഗ്രാമപഞ്ചായത്തിനും, ബ്ലോക്കുപഞ്ചായത്തിനും തുക നീക്കിവെച്ച് ഒന്നിച്ച് പദ്ധതി നടപ്പാക്കാവുന്നതാണ്. വനിതകൾക്ക് വേണ്ടി നടത്തുന്ന നിയമ സഹായ സംവിധാനങ്ങളുടെ പ്രവർത്തന ക്ഷമത വർദ്ധിപ്പിക്കുന്നതിന് കുടുംബശ്രീയും ഗ്രാമപഞ്ചായത്തും സംയുക്തമായി പ്രവർത്തനങ്ങൾ ഏറ്റെടുക്കാവുന്നതാണ്. വനിതകൾക്ക് സാങ്കേതിക പരിജ്ഞാനം നല്കുന്നതിനായി ജില്ല, ബ്ലോക്ക്, ഗ്രാമപഞ്ചായത്തുകൾ സംയുക്തമായി പ്രോജക്ട് വെയ്ക്കാവുന്നതാണ്. സ്ത്രീകൾക്കെതിരെയുള്ള ആക്രമണങ്ങളെക്കുറിച്ച് അവരെ ബോധവതികളാക്കുന്നതിന് ക്ലാസ്സുകൾ സംഘടിപ്പിക്കാന് പോലീസ് വകുപ്പിന്റെയും കുടുംബശ്രീയുടെയും സഹായം ഗ്രാമപഞ്ചായത്തുകൾ തേടേണ്ടതാണ്. സ്ത്രീശാക്തീകരണത്തിന് ഉതകുന്ന പദ്ധതികൾ ഗ്രാമപഞ്ചായത്തും ബ്ലോക്ക് പഞ്ചായത്തും സാമൂഹ്യ നീതി വകുപ്പുമായി ഏകോപിപ്പിച്ച് പ്രവർത്തനം നടത്താവുന്നതാണ്.


ഭവന നിർമ്മാണത്തിനായി ജില്ല ബ്ലോക്ക് ഗ്രാമപഞ്ചായത്തുകൾ വിഹിതം നല്കി ഗ്രാമവികസന വകുപ്പിന്റെ കേന്ദ്രാവിഷ്കൃത പദ്ധതിയുമായി ലിങ്ക് ചെയ്ത് നടപ്പിലാക്കുക. ഗ്രാമപഞ്ചായത്തിന്റെ കുടിവെള്ള പദ്ധതിക്ക് ജില്ല പഞ്ചായത്തിന് വിഹിതം നല്കാവുന്നതാണ്. ഗ്രാമപഞ്ചായത്തും കുടുംബശ്രീയുമായി ചേർന്ന് ജാഗ്രത സമിതിയുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്. ത്രിതല പഞ്ചായത്തുകൾ മുൻകൈയെടുത്ത് വനിതകൾക്കായി വിപണനകേന്ദ്രം സ്ഥാപിക്കാവുന്നതാണ്. ത്രിതല പഞ്ചായത്തുകൾ ചേർന്ന് തുടർ സാക്ഷരതാ പദ്ധതികൾ ഏകോപിപ്പിക്കാവുന്നതാണ്.

## സംയോജന ഏകോപന സാദ്ധ്യതകൾ


- വനിതാ ക്ഷേമത്തിനായുള്ള പദ്ധതികൾ ത്രിതല സംവിധാനങ്ങളുമായി ഏകോപിപ്പിച്ച് നടപ്പിലാക്കുക
- വിധവകൾക്കായുള്ള വരുമാന ദായക പ്രവർത്തനങ്ങൾക്ക് ജില്ലാ പഞ്ചായത്ത് സാമൂഹ്യ നീതി വകുപ്പുമായി ചേർന്ന് പദ്ധതികൾ വിഭാവനം ചെയ്യാവുന്നതാണ്.
- എസ്.സി. വനിതകൾക്കായി തൃതല പഞ്ചായത്തുകളും എസ്.സി. വകുപ്പുമായി ചേർന്ന് സംയുക്ത പ്രോജക്ട് ഏറ്റെടുക്കാവുന്നതാണ്.
- വനിത ഗ്രൂപ്പുകൾക്ക് കയർ യൂണിറ്റ് നല്കുന്ന പദ്ധതിക്ക് വ്യവസായ കേന്ദ്രവും ജില്ലാ പഞ്ചായത്തും ചേർന്ന് പദ്ധതികൾ ഏറ്റെടുക്കാം.
- ആരോഗ്യവകുപ്പും ഗ്രാമപഞ്ചായത്തുമായി ചേർന്ന് ഗ്രാമീണ ആരോഗ്യ പദ്ധതി നടപ്പിലാക്കാം.
- ഹോം നേഴ്സിംഗ്, ആരോഗ്യ പരിപാലനവും എന്ന പദ്ധതി ആരോഗ്യ വകുപ്പും ജില്ലാ പഞ്ചായത്തും ചേർന്ന് നടപ്പിലാക്കാവുന്നതാണ്.
- മാതൃക അംഗൻവാടികളുടെ നിർമ്മാണത്തിന് മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി ജില്ലാ പഞ്ചായത്തും, ബ്ലോക്ക് പഞ്ചായത്തും സാമൂഹ്യ നീതി വകുപ്പുമായി ചേർന്ന് പ്രവർത്തി നടത്താവുന്നതാണ്.
- എസ്.സി. വനിതകൾക്ക് സ്വയം തൊഴിൽ സംരംഭം നടത്തുന്നതിന് എസ്.സി വകുപ്പും തദ്ദേശ സ്വയംഭരണ സ്ഥാപനവും ചേർന്ന് പ്രോജക്ട് ഏറ്റെടുക്കാവുന്നതാണ്.
- ആശ്രയ കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിന് കുടുംബശ്രീ മിഷനും ജില്ലാ പഞ്ചായത്തും ചേർന്ന് പദ്ധതികൾ ആസൂത്രണം ചെയ്യാവുന്നതാണ്.
- ഗ്രാമപഞ്ചായത്തും കൃഷി വകുപ്പുമായി ചേർന്ന് വിഷരഹിത പച്ചക്കറികൾ കൃഷി ചെയ്യുന്നതിനും തുക നല്കി പ്രവർത്തി നടത്താവുന്നതാണ്.
- കൃഷി വകുപ്പും ഗ്രാമപഞ്ചായത്തുമായി ചേർന്ന് തരിശ്ശു ഭൂമിയിൽ കൃഷി ചെയ്യാവുന്നതാണ്.
- പേപ്പർ ക്യാരിബാഗ് - ക്ലോത്ത് ബാഗ് നിർന്നാണ പരിശീലനം, കാറ്ററിംഗ് പരിശീലനം എന്നിവ നടത്തി യൂണിറ്റ് പ്രവർത്തിപ്പിക്കുന്നതിന് വ്യവസായ വകുപ്പും ജില്ലാ പഞ്ചായത്തും ചേർന്ന് പ്രവർത്തിക്കാവുന്നതാണ്.
- പഞ്ചായത്തിലെ വിവിധ ഗ്രൂപ്പുകൾക്ക് കാർഷിക യന്ത്രോപകരണങ്ങൾക്ക് വാങ്ങി നല്കുന്നതിന് കൃഷി വകുപ്പ് ജില്ലാ പഞ്ചായത്തും, കേന്ദ്രാവിഷ്കൃത പദ്ധതിയുമായി ചേർന്ന് സംയുക്ത പദ്ധതി നടപ്പിലാക്കാം.
- വനിതകൾക്ക് കരിയർ ഗൈഡന്സിന് പരിശീലനം നല്കി പദ്ധതി ഏറ്റെടുക്കുന്നതിന് കുടുംബശ്രീയും ജില്ലാ പഞ്ചായത്തും ചേർന്ന് പ്രവർത്തിക്കാവുന്നതാണ്.
- ഗ്രാമപഞ്ചായത്തിൽ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ രജിസ്ട്രേഷന് നടത്തി തൊഴിൽ നല്കുന്ന പദ്ധതി.
- ത്രിതല പഞ്ചായത്തുകൾ ചേർന്ന് വനിത ഹോസ്റ്റലും ഷോർട്ട് ഹോം സ്റ്റേ സംവിധാനം നടപ്പിലാക്കുക.
- ആയൂർവേദ ആരോഗ്യ വകുപ്പും ജില്ലാ പഞ്ചായത്തുമായി ചേർന്ന് വനിതകൾക്ക് യോഗ പരിശീലനം നല്കുക.


- നീതി ന്യായ വകുപ്പും ജില്ലാ പഞ്ചായത്തുമായി ചേർന്ന് വനിതകൾക്ക് സൌജന്യ നിയമ പരിരക്ഷ നല്കുന്നതിനെക്കുറിച്ച് അവബോധം നല്കുക.
- ആരോഗ്യ വകുപ്പും ഗ്രാമപഞ്ചായത്തുമായി ചേർന്ന് സ്ത്രീ സൌഹൃദ വിനോദ കേന്ദ്രങ്ങൾ നിര്മ്മിക്കുക.
- ആരോഗ്യ വകുപ്പും ജില്ലാ പഞ്ചായത്തുമായി ചേർന്ന് പാലിയേറ്റീവ് കെയർ യൂണിറ്റ് നടപ്പാക്കുക.
- ശുചിത്വമിഷനും ഗ്രാമപഞ്ചായത്തുമായി ചേർന്ന് വനിതകൾക്കായി ഖര - ദ്രവ സംസ്കൃത പ്ലാന്റുകൾ അവരുടെ യൂണീറ്റിൽ സ്ഥാപിച്ച് നല്കുക.
- ആരോഗ്യ വകുപ്പും ജില്ലാ പഞ്ചായത്തുമായി ചേർന്ന് വനിതകൾക്ക് സൌജന്യ മെഡിക്കൽ പരിശോധന നടത്തുക.

**സ്ഥലപരാസൂത്രണം**



# WOMEN FRIENDLY AND PROTECTION CENTRES-ALAPPUZHA




VANITHA BLOCK RESOURCE CENTRES
thykkattusseri
pattanakkad
aryad
champakkulam
harippad
muthukulam
N
W
E
S
Legend
block resource centres
panchayath boundary
0 2.75 5.5 11 16.5 22
Kilometers

ഗ്രാമപഞ്ചായത്തുകൾ, ബ്ലോക്ക് പഞ്ചായത്തുകളുടെയും ജില്ലാ പഞ്ചായത്തിന്റെയും സംസ്ഥാന പദ്ധതി വിഹിതമാണ് വിഭവ ലഭ്യതയിൽ മുൻപന്തിയിൽ നില്ക്കുന്നത്. കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടെ വകുപ്പുകൾക്ക് ലഭിക്കുന്ന തുക കൂടി പദ്ധതി വിഹിതവുമായി സംയോജിപ്പിച്ച് പ്രവർത്തികൾ ഏറ്റെടുക്കാവുന്നതാണ്. ഗ്രൂപ്പുകൾക്കും കുടുംബശ്രീകൾക്കും ഗവൺമെൻറ് അംഗീകരിച്ചിരിക്കുന്ന സബ് സിഡി തുകയോട് ചേര്ത്ത് ബാങ്കുകളിൽ നിന്നും ലഭിക്കുന്ന ലോൺ തുകകൂടി വനിതകൾക്കായുള്ള തൊഴിൽ സംരംഭങ്ങൾക്ക് ഉപയോഗിക്കാവുന്നതാണ്. പദ്ധതികളിൽ ഉൾചേർത്തിരിക്കുന്ന ഗുണഭോക്തൃ വിഹിതവും ഒരു ഘടകമാണ്. ജനസംഖ്യയിൽ 50 ശതമാനത്തിൽ അധികം വരുന്ന വനിതകൾക്കായി 10 ശതമാനത്തിൽ അധികം പദ്ധതി തുകയ്ക്ക് പദ്ധതികൾ ഏറ്റെടുക്കേണ്ടതാണ്. വനിത ഘടക പദ്ധതിക്കായി നീക്കിവെച്ച തുക മുഴുവനും സ്ത്രീകൾക്ക് നേരിട്ട് പ്രയോജനം ലഭിക്കുന്നതും സ്ത്രീ പദവികൾ ഉയർത്തുന്നതുമായ പദ്ധതികൾക്കായി നീക്കിവേക്കേണ്ടതാണ്. ഈ വിഭവ ലഭ്യതകൾ നിർവ്വഹണ ഉദ്യോഗസ്ഥരും പഞ്ചായത്ത് സമിതിയും ഉറപ്പ വരുത്തേണ്ടതാണ്. വകുപ്പുകൾ വഴിയുള്ള പരിശീലന തുകയും വനിത ഗുണഭോക്താക്കൾക്കായി ഉപയോഗിക്കാവുന്നതാണ്.

## നിർദ്ദേശങ്ങൾ

### മേൽത്തട്ട്

- സ്ത്രീകൾക്ക് സൌജന്യ ഹെല്ത്ത് കാർഡുകൾ നല്കുക. വനിതകൾക്കായി വിദഗ്ധ വനിതാ ഡോക്ടർമാരുടെ സേവനം ഗ്രാമതലത്തിൽ ഉറപ്പാക്കുക.
- ആശുപത്രികളിൽ സ്ത്രീ സൌഹൃദ വിശ്രമ കേന്ദ്രങ്ങൾ സ്ഥാപിക്കുക.
- സ്ത്രീകളുടെ ആരോഗ്യ സംരക്ഷണത്തിനായി ആരോഗ്യ നയം ഗവൺമെന്റ് തലത്തിൽ ഉണ്ടാക്കണം.
- സ്ത്രീത്വത്തിന് വിലകല്പിക്കുന്ന രീതിയിലുള്ള പാഠഭാഗങ്ങൾ പാഠപുസ്തകത്തിൽ ഉൾപ്പെടുത്തേണ്ടതാണ്.
- സ്ത്രീകളുടെ ഉന്നത വിദ്യാഭ്യാസത്തിന് ഗവൺമെൻറ് സഹായം നൽകേണ്ടതാണ്.
- പെൺകുട്ടികൾക്ക് തൊഴിലധിഷ്ഠിത വിദ്യാഭ്യാസം നല്കുക
- സ്കൂളിലും പൊതു സ്ഥാപനങ്ങളിലും സ്ത്രീ സൌഹൃദ പ്രാഥമിക സൌകര്യങ്ങൾ ഉറപ്പാക്കുക.
- കാർഷിക യന്ത്രവത്ക്കരണത്തിൽ വനിതകൾ പങ്കാളികളാകുക. കേന്ദ്രപദ്ധതിയുമായി ഇതിനെ സംയോജിപ്പിക്കാവുന്നതാണ്.
- തുല്യ ജോലിക്ക് തുല്യവേതനം ഉറപ്പവരുത്തുക
- ഗവൺമെന്റ് ടെയിനിംഗ് സെന്ററുകളിൽ, വനിതകൾക്ക് കരിയർ ഗൈഡന്സ് നല്കി വിദ്യാഭ്യാസത്തിന് യോജിച്ച തൊഴിൽ ലഭ്യമാക്കുവാൻ സഹായിക്കുക.
- ഗവൺമെന്റ് പദ്ധതികളെക്കുറിച്ച് വനിതകൾക്ക് അറിവ് നല്കുന്നതിനുള്ള സംവിധാനം മാധ്യമങ്ങളിലൂടെ നൽകുക.
- സ്ത്രീശാക്തീകരണത്തിനും സ്ത്രീകൾ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തുന്നതിനുമായി ജാഗ്രതാസമിതിയുടെ പ്രവർത്തനക്ഷമത ശക്തിപ്പെടുത്തുക
- കരകൌശല പ്രാചീന തൊഴിലുകൾ ചെയ്യുന്ന വനിതകളെ സബ്സിഡി നൽകി സഹായിക്കുക.

- സ്ത്രീകളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി ഗവണ്മെന്റ് സംവിധാനത്തിൽ വനിതാ ഹോസ്റ്റൽ ഷോർട്ട് ഹോംസ്റ്റേ എന്നിവ സ്ഥാപിക്കുക
- സ്ത്രീകൾക്ക് നീതി ലഭിക്കുന്നതിനായി ആവശ്യമായ സഹായം ഗവൺമെന്റ് തലത്തിൽ നടപ്പിലാക്കുക.
- തുല്യ ജോലിയ്ക്ക് തുല്യവേതനം നല്കുന്ന സമീപനം ഉണ്ടാക്കുക
- വനിതകൾക്ക് സാങ്കേതിക പരിജ്ഞാനം നല്കുക, സംസ്ഥാനതല പരിശീലനം നൽകുക.
- വനിതകൾക്കുവേണ്ടി നടത്തുന്ന നിയമ സഹായ സംവിധാനങ്ങളുടെ പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുക.
- വനിതകൾക്ക് സുരക്ഷിതത്വവും സംരക്ഷണവും നീതിയും ഉറപ്പുവരുത്തുക
- കമ്മീഷനുകളിലും കമ്മിറ്റികളിലും തീരുമാനമെടുക്കേണ്ട മറ്റ് ഉയർന്ന തലങ്ങളിലും വനിതകൾക്ക് അർഹമായ പ്രാതിനിധ്യം ഉറപ്പുവരുത്തുക
- സ്ത്രീകളുടെ മാന്യതയ്ക്ക് നിരക്കാത്ത തരത്തിലുള്ള എല്ലാവിധ പരസ്യങ്ങളും ചിത്രീകരണങ്ങളും നിരോധിക്കുക
- പാർപ്പിടം, കുടിവെള്ളം, സാനിട്ടറി സൌകര്യങ്ങൾ എന്നിവ ഉറപ്പാക്കുന്ന പദ്ധതികൾ
- ലഹരിക്കും മയക്കുമരുന്നിനും ഇരയാകുന്ന പെൺകുട്ടികളെ അതിൽ നിന്നും മോചിപ്പിക്കുന്നതിന് ആരോഗ്യവകുപ്പും പഞ്ചായത്തുകളും ചേർന്ന് പ്രവർത്തിക്കേണ്ടതാണ്.
- സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾക്കുള്ള ശിക്ഷ നിയമം മൂലം ശക്തമാക്കുക.
- സ്ത്രീകളുടെ മാന്യതയ്ക്ക് നിരക്കാത്ത രീതിയിൽ സ്ത്രീകളെ മോശമായി ചിത്രീകരിക്കുന്ന മാധ്യമ പരസ്യങ്ങൾ, പോസ്റ്ററുകൾ എന്നിവ നിയമം മൂലം നിരോധിക്കുക.
- കാർഷിക യന്ത്രങ്ങൾ പ്രവർത്തിപ്പിക്കുവാൻ വനിത / കുടുംബശ്രീ ഗ്രൂപ്പുകൾക്ക് ജൈവകൃഷിക്ക് സഹായം നൽകുന്ന പദ്ധതി.
- വനിതകളുടെ മാനസിക ആരോഗ്യ സംരക്ഷണത്തിന് കൌൺസിലിംഗ് സംവിധാനവും ഗ്രാമതലത്തിൽ വിദഗ്ധ വനിതാ ഡോക്ടർമാരുടെ സേവനവും ലഭ്യമാക്കുക.
- സ്ത്രീ സുരക്ഷ ഉറപ്പാക്കുന്ന നിയമനിർമ്മാണം ശക്തിപ്പെടുത്തുക.
- കുടുംബശ്രീ യൂണിറ്റുകൾക്ക് വിഷരഹിത പച്ചക്കറി കൃഷിചെയ്യുന്നതിന് ധനസഹായം നൽകുക.
- സ്ത്രീത്വത്തിന് വിലകൽപ്പിക്കുന്ന കാര്യങ്ങൾ സ്കൂൾ തലത്തിൽ പാഠപുസ്തകങ്ങളിൽ ഉൾപ്പെടുത്തുക.
-

**കീഴ്ക്കുട്ട്**

- ഗർഭിണികളായ സ്ത്രീകൾക്ക് പ്രത്യേക പരിചരണ സൌകര്യം ഏർപ്പെടുത്തുക
- വിദഗരായ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുക
- കുമാരി ക്ലബ്ബുകൾ വഴി കൌമാരക്കാരായ പെൺകുട്ടികളുടെ ശാരീരികവും മാനസികവുമായ വളർച്ചയ്ക്ക് ഉതകുന്ന പ്രവർത്തനങ്ങളും ബോധവത്ക്കരണ ക്ലാസ്സുകളും സംഘടിപ്പിക്കാവുന്നതാണ്.

- വനിതകളുടെ സംഘങ്ങൾ പാലിയേറ്റീവ് പ്രവർത്തനങ്ങളിൽ ഏർപ്പെടുക.
- ഗ്രാമങ്ങളിൽ വാർഡുകൾ തോറും ഹെല്ത്ത് സെന്ററുകൾ നിർമ്മിക്കുകയും സ്ത്രീകൾക്ക് സൌജന്യ ചികിത്സ നല്കുകയും വേണം.
- സ്ത്രീകൾക്കായി യോഗാ പരിശീലന ക്ലാസ്സുകളും തുടർ പ്രവർത്തനങ്ങളും നടത്തുക
- കുടുംബ പ്രശ്നങ്ങൾക്ക് തീർപ്പ് കല്പിക്കുവാൻ സൌജന്യ കൌൺസിലിംഗ് സംവിധാനം ഒരുക്കുക.
- വനിതകളിൽ കാണുന്ന രോഗങ്ങളും, ജീവിത ശൈലി രോഗങ്ങളും ഉണ്ടാകാതിരിക്കുവാനുള്ള അവബോധം ജനിപ്പിക്കുന്ന ക്ലാസ്സുകൾ സംഘടിപ്പിക്കുക.
- പെൺകുട്ടികൾക്ക് പരിസ്ഥിതിശാസ്ത്രം, ശുചിത്വം, ലഹരിമരുന്നുകളുടെ ദുരുപയോഗവും വിപത്തും, ലിംഗ സമത്വം അവകാശങ്ങളും കടമകളും എന്നിവയെക്കുറിച്ച് ബോധവത്ക്കരണം നടത്തുക.
- സൌജന്യ പ്രാഥമിക വിദ്യാഭ്യാസം സർക്കാർ ഉറപ്പ് നല്കുന്നുണ്ടെങ്കിലും, എസ്.സി. /എസ്.റ്റി വിഭാഗത്തിലും, കാർഷിക മത്സ്യമേഖലയിലും പെൺകുട്ടികൾക്ക് ധനസഹായവും പ്രോത്സാഹനവും നല്കി അവരെ ഉപരിപഠനത്തിലേയ്ക്ക് നയിക്കുന്ന പദ്ധതികൾ.
- തുടർ സാക്ഷരതാ പരിപാടിയിൽ സ്ത്രീകളെ നിർബന്ധമായും പങ്കെടുപ്പിക്കുക.
- ആക്രമണങ്ങളെ എതിർക്കുവാൻ സജ്ജരാക്കുന്നതിന് കരാട്ടെ ക്ലാസ്സുകൾ സംഘടിപ്പിക്കുക.
- കൌമാരക്കാരുടെ മനസ്സിനും ശരീരത്തിനും സംയമനവും ആരോഗ്യ രക്ഷയ്ക്കുമായി യോഗ ക്ലാസ്സുകൾ നടത്തുക.
- കൌമാരക്കാരായ പെൺകുട്ടികൾക്ക് പഞ്ചായത്തുതലത്തിൽ കൌൺസിലിംങ് സംവിധാനം.
- പരമ്പരാഗത തൊഴിലുകളെ പ്രേത്സാഹിപ്പിക്കുക.
- കുടുംബശ്രീ യൂണിറ്റുകളെയും വനിതാ സ്വയംസഹായ സംഘങ്ങളെയും പരിശീലനം നല്കി തൊഴിൽ ചെയ്യാൻ പ്രോത്സാഹിപ്പിക്കുക.
- വനിത ഗ്രൂപ്പുകൾക്ക് ബാങ്ക് ലോൺ ലഭ്യമാക്കുന്നതിന് ആവശ്യമായ സഹായങ്ങൾ നല്കുക
- സ്വയംതൊഴിൽ ചെയ്യുന്ന വനിതാ ഗ്രൂപ്പുകൾക്ക് അസംസ്കൃത സാധനങ്ങൾ സർക്കാർ ഇടപെട്ട് കുറഞ്ഞ നിരക്കിൽ നല്കുക.
- ദേശീയ ഗ്രാമീണ തൊഴിലുറപ്പ പദ്ധതിയിൽ എല്ലാ വനിതകളും രജിസ്റ്റർ ചെയ്യുന്നതിനുള്ള പഞ്ചായത്ത് തല സംവിധാനം ഉണ്ടാക്കുന്നതിലൂടെ അവർക്ക് നിശ്ചിത ദിവസങ്ങളിൽ തൊഴിൽ ലഭിക്കുകയും വേതനവും മറ്റ് ഗവ. ആനുകൂല്യങ്ങളും ലഭിക്കുകയും ചെയ്യുന്നു.
- സാമൂഹ്യ നീതി വകുപ്പും, ദേശീയ ഗ്രാമീമ തൊഴിലുറപ്പ പദ്ധതിയും പഞ്ചായത്ത് വിഹിതവും ചേർത്ത് മാതൃകാ അംഗൻവാടികൾ നിർമ്മിക്കാവുന്നതാണ്.
- സ്വയംസഹായ സംഘങ്ങൾക്കും, കുടുംബശ്രീ യൂണിറ്റുകൾക്കും ധനസഹായം നല്കി സ്വയം തൊഴിലിനെ പ്രോത്സാഹിപ്പിക്കുക.

- വനിതാ ഗ്രൂപ്പുകളുടെ ഉത്പന്നങ്ങൾക്ക് ജില്ലാതലത്തിൽ വിപണന കേന്ദ്രം സ്ഥാപിക്കുന്നതിന് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ മുൻകൈ എടുക്കുക.
- വിഷരഹിത പച്ചക്കറികൾ വീട്ടിൽ തന്നെ ഉണ്ടാക്കുവാൻ ആവശ്യമായ സഹായങ്ങൾ വനിത ഗ്രൂപ്പുകൾക്ക് നല്കുക.
- വിധവകളുടെയും ഭർത്താവിനാൽ ഉപേക്ഷിക്കപ്പെട്ടവരുടെയും ഗ്രൂപ്പുകൾ ഉണ്ടാക്കി അവർക്ക് വരുമാന ദായകമായ സ്വയം തൊഴിൽ സംരംഭം നടത്തുന്നതിന് ധനസഹായവും ബാങ്ക് ലോണും നല്കുക.
- സാമൂഹിക വിപത്തായ പ്ലാസ്റ്റിക്ക് വേയ്സ്റ്റ്, ഇ - വേയ്സ്റ്റ് എന്നിവ ശേഖരിച്ച് സംസ്കരണ യൂണിറ്റിൽ എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
- വനിതളുടെ ഗ്രൂപ്പുകൾക്ക് പരിശീലനം നല്കി കയർ റാട്ട് യൂണിറ്റ്, കേറ്ററിംഗ് യൂണിറ്റ് തുടങ്ങിയ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ധനസഹായം നല്കുക.
- വിവരാവകാശം, സേവനാവകാശം എന്നിവയെക്കുറിച്ച് വ്യക്തമായ ഒരു കാഴ്ചപ്പാട് വനിതകൾക്കു നല്കുക. ഇതിനായി ജില്ലാതല ക്ലാസ്സുകൾ സംഘടിപ്പിക്കുക.
- സ്ത്രീകൾക്കെതിരെയുള്ള ആക്രമണങ്ങളെക്കുറിച്ച് അവരെ ബോധവാന്മാരാക്കുക
- സ്ത്രീകളുടെ കായിക ശേഷി വർദ്ധിപ്പിക്കുന്നതിനാവശ്യമായ സമീപനം.
- സ്ത്രീകളുടെ അവകാശങ്ങളെയും നിയമങ്ങളെയുംക്കുറിച്ച് ബോധവതികളാകുക.
- പ്രാദേശിക ആസൂത്രണ പ്രക്രിയയിൽ സ്ത്രീപങ്കാളിത്വം വർദ്ധിപ്പിക്കുക.
- ബ്ലോക്കുകളിൽ കുടുംബശ്രീ നടത്തുന്ന ജന്റർറിസോഴ്സ് സെന്ററുകൾ ശക്തിപ്പെടുത്തുക.
- അംഗൻ വാടികൾ കേന്ദ്രീകരിച്ചുള്ള കൌമാര ക്ലബ്ബുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തി കൌണ്സിലിംഗും ബോധവത്ക്കരണ ക്ലാസ്സുകളും നടപ്പിലാക്കുക.
- സ്ത്രീകളുടെ ശാരീരികവും മാനസികവുമായ സുസ്ഥിതി നിലനിർത്തുന്ന പ്രവർത്തനങ്ങൾ നടത്തുക.
- പൊതു ഇടങ്ങളിലും സ്ഥാപനങ്ങളിലും ഉള്ള പ്രാഥമികാവശ്യ നിർവ്വഹണ സംവിധാനങ്ങളെ പ്രവർത്തനക്ഷമമാക്കി സ്ത്രീ സൌഹൃദമാക്കുക
- വികസന പ്രക്രിയയിൽ വനിതകളെ തുല്യപങ്കാളികളാക്കുക.
- സ്ത്രീകൾക്കെതിരെ വർദ്ധിച്ചുവരുന്ന അക്രമങ്ങൾ, കൊലപാതകങ്ങൾ, പീഡനങ്ങൾ, വിവേചനങ്ങൾ മുതലായവ നേരിടുന്നതു സംബന്ധിച്ച് പ്രചാരണ പരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്.
- സ്ത്രീകളുടെ തനതായ ആവശ്യങ്ങൾ പരിഗണിക്കുന്ന പദ്ധതികൾ ആവശ്യമാണ്.
- സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങളെ ചെറുക്കുന്നതിനാവശ്യമായ പദ്ധതികൾ.
- സ്ത്രീ പദവി ഉയർത്തുന്നതിന് വനിതക്ഷേമത്തിനുള്ള പദ്ധതികൾ നടപ്പിലാക്കുക.
- സ്ത്രീ സുരക്ഷ ഉറപ്പാക്കുന്ന പദ്ധതികൾ.
- തൊഴിൽ ഉറപ്പുവരുത്തുകയും സാമ്പത്തികശേഷി വർദ്ധിപ്പിക്കുകയും ചെയ്യുന്ന പദ്ധതികൾ.
- വികസന പ്രവർത്തനങ്ങളിൽ സ്ത്രീപങ്കാളിത്തം ഉറപ്പാക്കുവാൻ ആവശ്യമായ പദ്ധതികൾ.
- ഭരണഘടനയിൽ അനുശാസിക്കുന്നതുപോലെ സ്ത്രീപുരുഷ സമത്വവും, അവസരസമത്വവും, ലിംഗനീതിയും ഉറപ്പാക്കുന്ന പദ്ധതികൾ

- വനിതകൾ കുടുംബ നാഥയായിട്ടുള്ള കുടുംബങ്ങൾക്കും, വിധവകൾക്കും, പാർശ്വവത്ക്കരിക്കപ്പെട്ട ജനവിഭാഗങ്ങൾക്കും പ്രാധാന്യം നല്കുന്ന പദ്ധതികൾ
- സ്ത്രീ പദവി ഉയർത്തുന്നതിനുള്ള നിയമങ്ങളെക്കുറിച്ച് അവരെ ബോധവാന്മാരാക്കുക
- ഡിസ്ട്രിക്ട് പഞ്ചായത്ത് ജൻഡർ പാർക്കിൽ വനിതാ ഹോസ്റ്റൽ ആരംഭിക്കുക.
- സ്ത്രീ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി വനിതകൾക്കായി ഷോർട്ട് ഹോം സ്റ്റേ സംവിധാനം നടപ്പിലാക്കുക.
- തൊഴിൽ ചെയ്യുന്ന വനിതകൾ കൂടുതലുള്ള ഇടങ്ങളിൽ കുട്ടികളുടെ സംരക്ഷണത്തിനായി ഡെകെയർ സംവിധാനം നടപ്പിലാക്കുക.
- വനിതകൾക്കായി സൌജന്യ രോഗനിർണ്ണയ ക്യാമ്പുകൾ നടത്തുക.

# സാമൂഹ്യക്ഷേമം

ജില്ലയിൽ പാർശ്വവത്കരിക്കപ്പെട്ടവരുടെ ഉന്നമനത്തിനായി ജില്ലാ ചൈൽഡ് പ്രൊട്ട്ക്ഷൻ യൂണിറ്റ്, വനിതാ പ്രൊട്ടക്ഷൻ ഓഫീസ്, പ്രൊബേഷൻ ഓഫീസ് ജില്ലാ തല ഐ സി ഡി എസ് സെൽ, വയോമിത്രം, എസ് ഐ ഡി, മേഖലാതല ഡവറി പ്രൊഹിബിഷൻ ഓഫീസ് എന്നി ഓഫീസുകൾ വഴി വിവിധ വിഭാഗം ജനവിഭാഗങ്ങളുടെ ക്ഷേമത്തിനും ഉന്നമനത്തിനും വേണ്ടി ജില്ലയിൽ പ്രവർത്തിക്കുന്നു.

## a) വയോജനങ്ങൾ

2011 ലെ സെൻസസ് പ്രകാരം ആലപ്പുഴ ജില്ലയിൽ 1013142 പുരുഷൻമാരും 1114647 സ്ത്രീകളും ഉൾപ്പെടെയുള്ള ജനസംഖ്യ 2127789 ആണ്. കാറ്റഗറി തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

**ജനറൽ ( സെൻസസ് 2011)**

| വയസ്സ് | പുരുഷൻമാർ | സ്ത്രീകൾ | ആകെ |
|---|---|---|---|
| 60-64 | 51767 | 55293 | 107060 |
| 65-69 | 34042 | 39881 | 73923 |
| 70-74 | 24960 | 31373 | 56333 |
| 75-79 | 16557 | 23228 | 39785 |
| 80 ന് മുകളിൽ | 16581 | 28564 | 45145 |

**പട്ടികജാതി**

| വയസ്സ് | പുരുഷൻമാർ | സ്ത്രീകൾ | ആകെ |
|---|---|---|---|
| 60-64 | 4244 | 4594 | 8838 |
| 65-69 | 2884 | 3498 | 6382 |
| 70-74 | 1721 | 2289 | 4010 |
| 75-79 | 1068 | 1631 | 2699 |
| 80 ന് മുകളിൽ | 1089 | 1944 | 3033 |

**പട്ടികവർഗ്ഗം**

| വയസ്സ് | പുരുഷൻമാർ | സ്ത്രീകൾ | ആകെ |
|---|---|---|---|
| 60-64 | 126 | 149 | 275 |
| 65-69 | 99 | 107 | 206 |
| 70-74 | 52 | 81 | 133 |
| 75-79 | 52 | 81 | 133 |
| 80 ന് മുകളിൽ | 42 | 55 | 97 |

**കേരളത്തിലെ വയോജനങ്ങളുടെ 60 വയസ്സിന് മുകളിലുള്ള ജനസംഖ്യ ഒറ്റനോട്ടത്തിൽ**

| | |
|---|---|
| 1961 | 5.83% |
| 1991 | 8.82% |
| 2001 | 9.76% |
| 2011 | 12.83% |

*(സെൻസസ് 2011)*

| | നിലവിലെ അവസ്ഥ | | | |
|---|---|---|---|---|
| | ഏറ്റവും കൂടുതൽ വൃദ്ധസദനങ്ങൾ ഉള്ള സംസ്ഥാനമാണ കേരളം . ആലപ്പുഴ ജില്ലയിൽ ഒ സി ബിയുടെ അംഗീകാരമുള്ള 22 വൃദ്ധസദനങ്ങൾ ഉണ്ട് | പുരുഷൻമാർക്കുള്ള വൃദ്ധസദനങ്ങൾ | | സ്ത്രീകൾക്കുള്ള വൃദ്ധസദനങ്ങൾ |
| | | അംഗീകാരമുള്ള അന്തേവാസികളുടെ എണ്ണം | നിലവിലെ അന്തേവാസികളുടെ എണ്ണം | അംഗീകാരമു ള്ള അന്തേവാസികളുടെ എണ്ണം |
| 1 | ലിസ്യൂ ഭവൻ,ചേർത്തല | | | 25 |
| 2 | മരുപ്പച്ച. ചെങ്ങന്നൂർ | 25 | 27 | |
| 3 | ശാലോം ഭവൻ,മാവേലിക്കര | 60 | 55 | |
| 4 | ശാലോം ഓൾഡ്ഏജ് ഹോം | | | 25 |
| 5 | കാൽവരി അഭയ ഭവൻ,ചെങ്ങന്നൂർ | 25 | 12 | |
| 6 | സെന്റ്ജോസഫ് ഓൾഡ് ഏജ് ഹോം, പുന്നപ്ര | 45 | 16 | 65 |
| 7 | ജെ എം എം ജൂബിലി മന്ദിരം, എടത്വ | 50 | 8 | 50 |
| 8 | മാർ ദിയാനോഷ്യസ് ഫൌണ്ടേഷൻ,ചേപ്പാട് | | | 20 |
| 9 | മദർ ചന്താൾസ് സേവാനിവാസ് | | | 30 |
| 10 | കരുണാലയ ഹോംസ്പെസ്, ആലപ്പുഴ | | | 25 |
| 11 | ശാന്തിഭവൻ, പുന്നപ്ര (100) | | 87 | |
| 12 | ശരണ്യ ഓൾഡ്ഏജ് ഹോം,വെട്ടിക്കോട് | 50 | 2 | |
| 13 | ജീവോദയാ ഓൾഡ് ഏജ് ഹോം,ചേർത്തല | | | 25 |
| 14 | ശരണാലയാ ഓൾഡ് ഏജ് ഹോം,ചെങ്ങന്നൂർ | 22 | 22 | |
| 15 | പ്രസന്റേഷൻ ആരാമം, കലവൂർ (50) | | 6 | |
| 16 | മൊണാടേസാ ചാരിറ്റബിൾ സൊസൈറ്റി ,കഞ്ഞിക്കുഴി | | | 25 |
| 17 | പോപ്ജോൺ 23,കിടങ്ങറ | | | 30 |
| 18 | അസിസി നിലയം, തത്തംപളളി | | | 40 |
| 19 | അഖിലകേരള വൃദ്ധസദനം, കലവൂർ | 30 | 10 | |
| 20 | സെന്റമേരീസ് ദയാഭവൻ, മാവേലിക്കര | 30 | 28 | |
| 21 | അഞ്ജലിഹോം,ചേർത്തല | | | 50 |
| 22 | ദിവ്യകാരുണ്യ, ചേർത്തല | | | 30 |

വയോജനങ്ങളിൽ കാണുന്ന ഒരു പ്രധാന പ്രശ്നം പോഷകാഹാരക്കുറവാണ്. ശയ്യാവലംബരായ വൃദ്ധജനങ്ങളെ പരിചരിയ്ക്കുന്നതിന് കൂടുതൽ ഊന്നൽ നൽകേൻണ്ടതാണ്. വയോജനങ്ങളുടെ ശാരീരിക മാനസിക ഉല്ലാസത്തിനും പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ച നടപ്പിലാക്കേണ്ടതുണ്ട്.

## കാഴ്ചപ്പാട്

സ്വഗൃഹത്തിൽ വാർദ്ധക്യകാലം എന്ന ആശയത്തിൽ ഊന്നൽ നൽകികൊണ്ടും എല്ലാ വൃദ്ധജനങ്ങളുടെ ക്ഷേമവും സംരക്ഷണവും ഉറപ്പുവരുത്തികൊണ്ടുമുള്ള ശാരീരിക മാനസിക ആരോഗ്യപരിപാലന പദ്ധതികൾ നടപ്പിലാക്കി വൃദ്ധജനങ്ങളുടെ അനുഭവ സമ്പത്ത് സമൂഹത്തിന് ഗുണപ്രദമായ രീതിയിൽ പ്രയോജനപ്പെടുത്തുകയാണ് ജില്ലാ തല കാഴ്ചപ്പാട്.

## ലക്ഷ്യം

- വയോജനങ്ങൾക്കായുള്ള നിയമം അനുശാസിയ്ക്കുന്ന പ്രകാരം 90 ദിവസത്തിനുളളിൽ വയോജനങ്ങൾക്ക് നിയമ സംരക്ഷണം ഉറപ്പാക്കുക.
- പോഷകാഹാരക്കുറവ് പരിഹരിയ്ക്കുക.
- വയോജനങ്ങൾക്ക് മെച്ചപ്പെട്ട ആരോഗ്യപരിപാലനം ഉറപ്പാക്കുക.
- വയോജനങ്ങൾക്ക് പാലിയേറ്റീവ് കെയർ ലഭ്യമാക്കുക.
- വയോജനങ്ങൾക്ക് അനുയോജ്യമായ തൊഴിൽപദ്ധതി സംഘടിപ്പിക്കുക.
- വയോജനങ്ങൾക്കായുള്ള പകൽപരിപാലന പദ്ധതികൾ നടപ്പിലാക്കുക.
- വയോജനങ്ങൾക്കായുള്ള പോഷകാഹാര പദ്ധതി നടപ്പിലാക്കുക.
- പഞ്ചായത്തുകളിൽ വയോജനങ്ങൾക്ക് ഹെൽപ്പ് ഡെസ്ക് ആരംഭിയ്ക്കുക.
- വയോജനങ്ങളുടെ പരിപാലനവുമായി ബന്ധപ്പെട്ടു ബോധവത്ക്കരണം നൽകുക.

## നിർദ്ദേശങ്ങൾ

### മേൽത്തട്ട്

- ആർ ഡി ഒ മാരുടെ ജോലിഭാരം കണക്കിലെടുത്ത് ടൈബ്യൂണൽ ആർ ഡി ഒ ഓഫീസിൽ നിന്നും വേർപെടുത്തി സബ്ഡിവിഷണൽ ഓഫീസറുടെ തലത്തിൽ അധികാരമുളള ഒരു ഉദ്യോഗസ്ഥനെ ടൈബ്യൂണൽ ഉദ്യോഗസ്ഥനായി നിയോഗിച്ച് പ്രത്യേക കോടതികൾ രൂപീകരിച്ച് നിയമം കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കാം.
- പോഷകാഹാരത്തിന്റെ അപര്യാപ്തത മൂലമുണ്ടാകുന്ന രക്തക്കുറവ് പരിഹരിയ്ക്കുന്നതിന് പകൽപരിപാലന കേന്ദ്രങ്ങൾ മുഖേന മുതിർന്നപൌരൻമാർക്ക് വേണ്ടി പ്രത്യേക പോഷകാഹാര പദ്ധതി നടപ്പിലാക്കുക.
- ചെറിയബിസിനസ്സുകൾക്ക് ന്യായനിരക്കിലുളള പലിശ ഈടാക്കി വയോജനങ്ങൾക്ക് വായ്പാസൌകര്യം, റിവോൾവിംഗ് ഫണ്ട്, സബ്സിഡി എന്നിവ ലഭ്യമാക്കുക.

### കീഴ്ത്തട്ട്

- ശയ്യാവലംബരായ വയോജനങ്ങളെ വീട്ടിലെത്തി പരിചരിയ്ക്കാൻ അതാതുസ്ഥലത്തെ തൊഴിൽരഹിതരായ യുവതീയുവാക്കൾക്ക് പരിശീലനം നൽകി ആരോഗ്യവകുപ്പ്,

കെ.എസ്. എസ്.എം. സഹകരണത്തോടെ കോഴ്സ് പൂർത്തിയാക്കുന്നവർക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന ഹോംനഴ്സായി നിയമനം നൽകുക.

- വയോമിത്രം പദ്ധതി എല്ലാ പഞ്ചായത്തുകളിലും, മുനിസിപ്പാലിറ്റികളിലും വ്യാപിപ്പിയ്ക്കുക.
- ഒറ്റപ്പെട്ടു കഴിയുന്ന വയോജനങ്ങൾക്ക് അടിയന്തിര സഹായം എത്തിയ്ക്കുന്നതിന് വയോമിത്രം പദ്ധതിയുമായി ബന്ധപ്പെടുത്തി എൽഡർലൈൻ നെറ്റ് വർക്ക് ആരംഭിയ്ക്കുക.
- സായംപ്രഭ ഹോമുകളുടെ പ്രവർത്തനം എല്ലാ പഞ്ചായത്തുകളിലും ആരംഭിയ്ക്കുക.
- എൽഎസ് ജി ഡി, പി ഡബ്ലിയു ഡി സഹായത്തോടെ വയോജന പൊതുസ്ഥലങ്ങൾ വയോജന സൌഹൃദമാക്കുക.
- പഞ്ചായത്തുകളിൽ വയോജനങ്ങൾക്ക് ഹെൽപ്പ്ഡസ്ക് ആരംഭിയ്ക്കുക
- മുതിർന്നപൌരൻമാരുടെ സംഘടനകൾ രൂപീകരിയ്ക്കുന്നതിന് പ്രോത്സാഹിപ്പിയ്ക്കുക.
- പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ സഞ്ചരിയ്ക്കുന്ന ഹെൽത്ത് ക്ലിനിയ്ക്കുകളുടെ സേവനം ലഭ്യമാക്കുക.
- ജില്ലാ - ജനറൽ ആശുപത്രികളിൽ വയോജന ആരോഗ്യ യൂണിറ്റുകൾ ആരംഭിയ്ക്കുക
- താലൂക്ക് ആശുപത്രി തലംവരെ പ്രത്യേക വയോജന വാർഡുകൾ ക്രമീകരിയ്ക്കുക

## b) കുട്ടികൾ

**സംയോജിത ശിശുസംരക്ഷണ പദ്ധതി**

ജില്ലയിൽ 14 വയസ്സിനു താഴെ പ്രായമുള്ള ആൺകുട്ടികൾക്കുള്ള ചിൽഡ്രൻസ് ഹോമും പെൺകുട്ടികൾക്കായുള്ള ഗവൺമെന്റ് ചിൽഡ്രൻസ് ഹോമും അംഗപരിമിതരായ ആൺകുട്ടികൾക്കുവേണ്ടിയുള്ള ഗവൺമെന്റ് കെയർഹോമും കുറ്റംചെയ്തതായി ആരോപിയ്ക്കപ്പെട്ട കുട്ടികളുടെ കേസുകളിൽ തീർപ്പുകൽപ്പിയ്ക്കുന്നതുവരെ പാർപ്പിയ്ക്കുന്ന ഗവൺമെന്റ് ഒബ്സർവേഷൻ ഹോമും പ്രവർത്തിയ്ക്കുന്നു. കുട്ടികൾക്കായുള്ള 42 സ്ഥാപനങ്ങൾ ജില്ലയിൽ പ്രവർത്തിയ്ക്കുന്നുണ്ട്. ആയതിൽ നാലു സർക്കാർ സ്ഥാപനങ്ങളും സന്നദ്ധ സംഘടനകളുടെ കീഴിൽ പ്രവർത്തിക്കുന്ന 5 സ്ഥാപനങ്ങളുമാണ് ജെ ജെ ആക്ട് പ്രകാരമുള്ള രജിസ്ട്രേഷൻ അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. ആലപ്പുഴ ജില്ലയിൽ സ്പെഷ്യലൈസ്ഡ് അഡോപ്ഷൻ ഏജൻസിയും ആഫ്റ്റർ കെയർ ഹോമും 14 വയസ്സിനുമേൽ പ്രായമുള്ള ആൺകുട്ടികൾക്കുള്ള ചിൽഡ്രൻസ് ഹോമും നിർഭയ ഷെൽറ്റർഹോമും സ്ഥാപിച്ചിട്ടില്ല. ജില്ലയിൽ അമ്മത്തൊട്ടിൽ പ്രവർത്തിയ്ക്കുന്നില്ല. കുട്ടികളിൽ ലഹരി ഉപയോഗം വർദ്ധിച്ചുവരുന്നു. ഇതര സംസ്ഥാന തൊഴിലാളികളുടെ മക്കൾ വിദ്യാഭ്യാസം ലഭിയ്ക്കാതെ മാതാപിതാക്കൾക്കൊപ്പം ജോലിചെയ്തുവരുന്നു.

**അങ്കണവാടി കെട്ടിട നിർമ്മാണം - സ്ഥിതിവിവരം**

| | |
|---|---|
| ആലപ്പുഴ ജില്ലയിൽ ആകെ അങ്കണവാടികൾ | - 2150 |
| സ്വന്തമായി കെട്ടിടമുള്ള അങ്കണവാടികൾ | - 1054 |
| സ്കൂളുകളിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾ | - 32 |
| വാടകയില്ലാതെ മറ്റ് കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾ | - 56 |
| സ്വന്തമായി കെട്ടിടമില്ലാത്ത അങ്കണവാടികൾ | - 1008 |

സ്വന്തമായി കെട്ടിടമില്ലാത്ത 1008 അങ്കണവാടികളിൽ 53 അങ്കണവാടികൾക്ക് വിവിധ പദ്ധതികളിൽ കെട്ടിട നിർമ്മാണം നടന്നു വരുന്നു. ഇത് കൂടാതെ സ്വന്തമായി സ്ഥലമുള്ള 47 അങ്കണവാടികൾക്ക് വിവിധ പദ്ധതികളിൽ കെട്ടിട നിർമ്മാണ അനുമതിക്കായി സാമൂഹ്യനീതി ഡയറക്ടർക്ക് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. ഇതു കൂടാതെ 10 അങ്കണവാടികൾക്ക് ഗ്രാമപഞ്ചായത്തുകൾ എംജിഎൻആർഇജിഎസ് പദ്ധതിയിൻ കീഴിൽ നേരിട്ട് ഏറ്റെടുത്ത് കെട്ടിടം പണി നടന്നു വരുന്നതായി സി.ഡി.പി.ഒ. മാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**നിലവിൽ കെട്ടിടനിർമ്മാണം നടന്നുവരുന്നത്**

| വിവിധ സ്കീമുകൾ | അനുമതി ലഭിച്ചത് | നിർമ്മാണം പുരോഗമിക്കുന്നത് | നിർമ്മാണം മുടങ്ങിക്കിടക്കുന്നത് |
|---|---|---|---|
| മാതൃകാ അങ്കണവാടി – ഫേസ് 1 | 4 | 1 | 1 |
| മാതൃകാ അങ്കണവാടി – ഫേസ് 2 | 1 | 1 | 0 |
| മാതൃകാ അങ്കണവാടി – ഫേസ് 3 | 2 | 2 | 0 |
| സ്റ്റേറ്റ് പ്ലാൻ ഫണ്ട് (13 ലക്ഷം) | 1 | 1 | 0 |
| സ്റ്റേറ്റ് പ്ലാൻ ഫണ്ട് (8 ലക്ഷം) | 1 | 1 | |
| നബാർഡ്–ആർ.ഐ.ഡി.എഫ് സ്കീം | 3 | 1 | 2 |
| സ്റ്റേറ്റ് പ്ളാൻ ഫണ്ട് (14.50 ലക്ഷം) | 22 | 14 | |
| എംജിഎൻആർഇജിഎസ് (7ലക്ഷം) | 19 | 1 | |
| **ആകെ** | **53** | | |

**ഈ കാര്യാലയത്തിൽ നിന്നും പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ള അങ്കണവാടികൾ**

സ്റ്റേറ്റ് പ്ളാൻ ഫണ്ട് – **43**

എംജിഎൻആർഇജിഎസ് – **3**

മാതൃക അങ്കണവാടി – **1**

നിലവിൽ സ്വന്തമായി കെട്ടിടമില്ലാത്ത 1008 അങ്കണവാടികളിൽ, മേൽപ്പറഞ്ഞ 110 അങ്കണവാടികൾ കഴിച്ച് 898 അങ്കണവാടികൾക്കാണ് ഇനിയും സ്ഥലം കണ്ടെത്തേണ്ടത്.

സ്വന്തമായി കെട്ടിടമില്ലാത്ത അങ്കണവാടി കേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് വേണ്ടി, റവന്യൂ പുറമ്പോക്ക്, പഞ്ചായത്ത്/മുനിസിപ്പൽ പുറമ്പോക്ക്, മറ്റ് വകുപ്പുകളുടെ സ്ഥലങ്ങൾ, പ്രീപ്രൈമറി ഇല്ലാത്ത സ്കൂളുകളിലെ സ്ഥലങ്ങൾ, ആയതിലേക്ക് ലഭ്യമാക്കാവുന്ന വ്യക്തികളുടെ സ്ഥലങ്ങൾ എന്നിവ കണ്ടെത്താവുന്നതാണ്. വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി കെട്ടിടനിർമ്മാണം നടത്തുന്നതിനുള്ള പ്രൊപ്പോസലുകൾ സമർപ്പിച്ചിട്ടുമുണ്ട്. ബാക്കിയുള്ള സ്ഥലങ്ങൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു. ആയത് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

താലൂക്ക് ആഫീസ് മുഖാന്തിരം നടപടികൾ

ആയിക്കൊണ്ടിരിക്കുന്നവ – 19

സമ്മതപത്രത്തിനായി ബന്ധപ്പെട്ട വകുപ്പിന്

സമർപ്പിച്ചിരിക്കുന്നവ – 43

തഹസിൽദാർക്ക് അർത്ഥനാപത്രം സമർപ്പിച്ചിരിക്കുന്നവ/
സമർപ്പിക്കാൻ സിഡിപിഒക്ക് നിർദ്ദേശം നൽകിയിരി
ക്കുന്നവ/ ജില്ലാ സാമൂഹ്യനീതി ആഫീസിൽ അംഗീകാ
രത്തിനായി സമർപ്പിച്ചിരിക്കുന്നവ. – 10
സ്വകാര്യവ്യക്തിയിൽ നിന്നും ലഭ്യമാക്കുന്നതിനുള്ള
നടപടി ആയിക്കൊണ്ടിരിക്കുന്നവ – 6
നിയമ തടസ്സം ഉള്ളത് – 2
ആകെ. – 80

**കണ്ടെത്തിയ 129 സ്ഥലങ്ങളുടെ വിവരം**

| നം | പ്രോജക്ട് | പഞ്ചായത്ത് | അങ്കണവാടി നം |
|---|---|---|---|
| 1 | ആലപ്പുഴ അർബൻ | ആലപ്പുഴ മുനിസിപ്പാലിറ്റി | 98 |
| 2 | ആലപ്പുഴ അർബൻ | ആലപ്പുഴ മുനിസിപ്പാലിറ്റി | 113 |
| 3 | ആലപ്പുഴ അർബൻ | ആലപ്പുഴ മുനിസിപ്പാലിറ്റി | 87 |
| 4 | അമ്പലപ്പുഴ | പുറക്കാട് | 124 |
| 5 | അമ്പലപ്പുഴ | പുറക്കാട് | 80 |
| 6 | അമ്പലപ്പുഴ | പുറക്കാട് | 79 |
| 7 | അമ്പലപ്പുഴ | പുറക്കാട് | 87 |
| 8 | അമ്പലപ്പുഴ | പുന്നപ്ര തെക്ക് | 32 |
| 9 | അമ്പലപ്പുഴ | പുന്നപ്ര തെക്ക് | 120 |
| 10 | അമ്പലപ്പുഴ | പുന്നപ്ര തെക്ക് | 107 |
| 11 | അമ്പലപ്പുഴ | അമ്പലപ്പുഴ തെക്ക് | 130 |
| 12 | അമ്പലപ്പുഴ | പുറക്കാട് | 102 |
| 13 | അമ്പലപ്പുഴ | പുറക്കാട് | 90 |
| 14 | അമ്പലപ്പുഴ | പുന്നപ്ര വടക്ക് | 8 |
| 15 | അമ്പലപ്പുഴ | അമ്പലപ്പുഴ തെക്ക് | 62 |
| 16 | അമ്പലപ്പുഴ | അമ്പലപ്പുഴ തെക്ക് | 115 |
| 17 | ആര്യാട് | ആര്യാട് | 114 |
| 18 | ആര്യാട് | ആര്യാട് | 115 |
| 19 | ആര്യാട് | മണ്ണഞ്ചേരി | 124 |
| 20 | ആര്യാട് | മണ്ണഞ്ചേരി | 123 |
| 21 | ആര്യാട് | മണ്ണഞ്ചേരി | 54 |
| 22 | ഭരണിക്കാവ് | വള്ളികുന്നം | 129 |
| 23 | ഭരണിക്കാവ് | വള്ളികുന്നം | 135 |
| 23 | ഭരണിക്കാവ് | വള്ളികുന്നം | 139 |
| 24 | ഭരണിക്കാവ് | വള്ളികുന്നം | 172 |
| 25 | ഭരണിക്കാവ് | വള്ളികുന്നം | 142 |
| 26 | ഭരണിക്കാവ് | വള്ളികുന്നം | 125 |
| 27 | ഭരണിക്കാവ് | വള്ളികുന്നം | 132 |
| 28 | ഭരണിക്കാവ് | വള്ളികുന്നം | 133 |
| 29 | ഭരണിക്കാവ് | ചുനക്കര | 37 |
| 30 | ഭരണിക്കാവ് | ന്യറനാട് | 70 |
| 31 | ഭരണിക്കാവ് | താമരക്കുളം | 118 |
| 32 | ഭരണിക്കാവ് | പാലമേൽ | 93 |
| 33 | ചമ്പക്കുളം | ചമ്പക്കുളം | 120 |

| | | | |
|---|---|---|---|
| 34 | ചമ്പക്കുളം | ചമ്പക്കുളം | 132 |
| 35 | ചമ്പക്കുളം | തകഴി | 81 |
| 36 | ചമ്പക്കുളം | നെടുമുടി | 26 |
| 37 | ചമ്പക്കുളം | ചമ്പക്കുളം | 98 |
| 38 | ചമ്പക്കുളം | ചമ്പക്കുളം | 69 |
| 39 | ചമ്പക്കുളം | നെടുമുടി | 30 |
| 40 | ചമ്പക്കുളം | കൈനകരി | 99 |
| 41 | ചമ്പക്കുളം | തലവടി | 55 |
| 42 | ചമ്പക്കുളം | ചമ്പക്കുളം | 40 |
| 42 | ചമ്പക്കുളം | എടത്വ | 123 |
| 43 | ചെങ്ങന്നൂർ | ആല | 14 |
| 44 | ചെങ്ങന്നൂർ | ബുധനൂർ | 31 |
| 45 | ചെങ്ങന്നൂർ | ചെറിയനാട് | 44 |
| 46 | ചെങ്ങന്നൂർ | മുളക്കുഴ | 79 |
| 47 | ചെങ്ങന്നൂർ | ചെങ്ങന്നൂർ മുനിസിപ്പാലിറ്റി | 99 |
| 48 | ചെങ്ങന്നൂർ | തിരുവൻവണ്ടൂർ | 144 |
| 49 | ചെങ്ങന്നൂർ | തിരുവൻവണ്ടൂർ | 147 |
| 50 | ചെങ്ങന്നൂർ | തിരുവൻവണ്ടൂർ | 148 |
| 51 | ചെങ്ങന്നൂർ | പുലിയൂർ | 131 |
| 52 | ചെങ്ങന്നൂർ | പുലിയൂർ | 127 |
| 53 | ചെങ്ങന്നൂർ | വെണ്മണി | 152 |
| 54 | ചെങ്ങന്നൂർ | വെണ്മണി | 153 |
| 55 | ചെങ്ങന്നൂർ | പുലിയൂർ | 125 |
| 56 | ചെങ്ങന്നൂർ | പാണ്ടനാട് | 114 |
| 57 | ചെങ്ങന്നൂർ | ചെങ്ങന്നൂർ മുനിസിപ്പാലിറ്റി | 97 |
| 58 | ചെങ്ങന്നൂർ | ആല | 3 |
| 59 | ചെങ്ങന്നൂർ | ബുധനൂർ | 18 |
| 60 | ഹരിപ്പാട് | കരുവാറ്റ | 68 |
| 61 | ഹരിപ്പാട് | കുമാരപുരം | 79 |
| 62 | ഹരിപ്പാട് | പള്ളിപ്പാട് | 92 |
| 63 | ഹരിപ്പാട് | ഹരിപ്പാട് മുനിസിപ്പാലിറ്റി | 27 |
| 64 | ഹരിപ്പാട് | ഹരിപ്പാട് മുനിസിപ്പാലിറ്റി | 104 |
| 65 | കഞ്ഞിക്കുഴി | മാരാരിക്കുളം വടക്ക് | 2 |
| 66 | കഞ്ഞിക്കുഴി അഡീഷണൽ | ചേർത്തല മുനിസിപ്പാലിറ്റി | 29 |
| 67 | കഞ്ഞിക്കുഴി അഡീഷണൽ | ചേർത്തല മുനിസിപ്പാലിറ്റി | 20 |
| 68 | കഞ്ഞിക്കുഴി അഡീഷണൽ | ചേർത്തല തെക്ക് | 61 |
| 69 | കഞ്ഞിക്കുഴി അഡീഷണൽ | ചേർത്തല തെക്ക് | 70 |
| 70 | കഞ്ഞിക്കുഴി അഡീഷണൽ | ചേർത്തല തെക്ക് | 68 |
| 71 | കഞ്ഞിക്കുഴി അഡീഷണൽ | ചേർത്തല തെക്ക് | 77 |
| 72 | കഞ്ഞിക്കുഴി അഡീഷണൽ | ചേർത്തല തെക്ക് | 79 |
| 73 | മാവേലിക്കര | തെക്കേക്കര | 45 |
| 74 | മാവേലിക്കര | തെക്കേക്കര | 29 |
| 75 | മാവേലിക്കര | മാവേലിക്കര മുനസിപ്പാലിറ്റി | 104 |
| 76 | മാവേലിക്കര | മാവേലിക്കര മുനസിപ്പാലിറ്റി | 108 |
| 77 | മാവേലിക്കര | മാവേലിക്കര മുനസിപ്പാലിറ്റി | 69 |
| 78 | മാവേലിക്കര | തെക്കേക്കര | 39 |
| 79 | മാവേലിക്കര | തഴക്കര | 20 |
| 80 | മാവേലിക്കര | ചെന്നിത്തല | 79 |
| 81 | മാവേലിക്കര | ചെന്നിത്തല | 92 |

| | | | |
|---|---|---|---|
| 82 | മാവേലിക്കര | ചെന്നിത്തല | 94 |
| 83 | മാവേലിക്കര | ചെന്നിത്തല | 145 |
| 84 | മാവേലിക്കര | മാന്നാർ | 160 |
| 85 | മാവേലിക്കര | മാന്നാർ | 175 |
| 86 | മാവേലിക്കര | മാന്നാർ | 179 |
| 87 | മാവേലിക്കര | മാവേലിക്കര മുനിസിപ്പാലിറ്റി | 126 |
| 88 | മാവേലിക്കര | തഴക്കര | 22 |
| 89 | മാവേലിക്കര | ചെട്ടികുളങ്ങര | 60 |
| 90 | മാവേലിക്കര | ചെട്ടികുളങ്ങര | 143 |
| 91 | മാവേലിക്കര | ചെട്ടികുളങ്ങര | 153 |
| 92 | മാവേലിക്കര | മാവേലിക്കര മുനിസിപ്പാലിറ്റി | 105 |
| 93 | മാവേലിക്കര | തഴക്കര | 24 |
| 94 | മാവേലിക്കര | തഴക്കര | 17 |
| 95 | മാവേലിക്കര | മാന്നാർ | 166 |
| 96 | മാവേലിക്കര | മാന്നാർ | 181 |
| 97 | മുതുകുളം | ആറാട്ടുപുഴ | 37 |
| 98 | മുതുകുളം | ചേപ്പാട് | 59 |
| 99 | മുതുകുളം അഡീഷണൽ | കായംകുളം മുനിസിപ്പാലിറ്റി | 51 |
| 100 | മുതുകുളം അഡീഷണൽ | കായംകുളം മുനിസിപ്പാലിറ്റി | 53 |
| 101 | പട്ടണക്കാട് | അരൂർ | 5 |
| 102 | പട്ടണക്കാട് | എഴുപുന്ന | 40 |
| 103 | പട്ടണക്കാട് | എഴുപുന്ന | 39 |
| 104 | പട്ടണക്കാട് | തുറവൂർ | 133 |
| 105 | പട്ടണക്കാട് | പട്ടണക്കാട് | 141 |
| 106 | തൈക്കാട്ടുശ്ശേരി | ചേന്നംപള്ളിപ്പുറം | 13 |
| 107 | തൈക്കാട്ടുശ്ശേരി | പാണാവള്ളി | 56 |
| 108 | തൈക്കാട്ടുശ്ശേരി | പെരുമ്പളം | 119 |
| 109 | തൈക്കാട്ടുശ്ശേരി | തൈക്കാട്ടുശ്ശേരി | 29 |
| 110 | വെളിയനാട് | കാവാലം | 4 |
| 111 | വെളിയനാട് | കാവാലം | 3 |
| 112 | വെളിയനാട് | കാവാലം | 13 |
| 113 | വെളിയനാട് | കാവാലം | 14 |
| 114 | വെളിയനാട് | കാവാലം | 103 |
| 115 | വെളിയനാട് | മുട്ടാർ | 61 |
| 116 | വെളിയനാട് | പുളിങ്കുന്ന് | 34 |
| 117 | വെളിയനാട് | പുളിങ്കുന്ന് | 101 |
| 118 | വെളിയനാട് | പുളിങ്കുന്ന് | 35 |
| 119 | വെളിയനാട് | പുളിങ്കുന്ന് | 23 |
| 120 | വെളിയനാട് | നീലംപേരൂർ | 85 |
| 121 | വെളിയനാട് | വെളിയനാട് | 69 |
| 122 | വെളിയനാട് | വെളിയനാട് | 76 |
| 123 | വെളിയനാട് | വെളിയനാട് | 94 |
| 124 | വെളിയനാട് | വെളിയനാട് | 74 |
| 125 | മുതുകുളം | കണ്ടല്ലൂർ | 87 |
| 126 | മുതുകുളം | മുതുകുളം | 103 |
| 127 | പട്ടണക്കാട് | അരൂർ | 22 |
| 128 | പട്ടണക്കാട് | കോടംതുരുത്ത് | 83 |
| 129 | പട്ടണക്കാട് | കുത്തിയതോട് | 106 |

റവന്യൂ പുറമ്പോക്ക് കൈമാറ്റം ചെയ്യുന്നതിനുള്ള നടപടികൾ തഹസിൽദാർമാർ വഴി സ്വീകരിച്ചു വരുന്നുണ്ട്. മറ്റ് വകുപ്പുകളുടെ സ്ഥലങ്ങൾ ലഭ്യമാക്കുന്നതിന്, അതാത് വകുപ്പുകൾക്ക് സമ്മതപത്രത്തിനായി കത്ത് നൽകിയിട്ടുണ്ട്. ടി സമ്മതപത്രം ലഭ്യമാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പ് ജില്ലാ മേധാവികളുടെ ഒരു യോഗം വിളിച്ചു ചേർക്കുന്നത് ഉചിതമായിരിക്കുമെന്ന് കാണുന്നു.

## പരിപ്രേക്ഷ്യം

ശിശു സംരക്ഷണ പ്രവർത്തനവുമായി ബന്ധപ്പെട്ട മേഖലകളിൽ ഗവേഷണം, പരിശീലന പരിപാടികൾ, ആവശ്യമായ ബോധവൽക്കരണ പരിപാടികൾ എന്നിവ സംഘടിപ്പിച്ച് ശ്രദ്ധയും സംരക്ഷണവും ആവശ്യമായ കുട്ടികൾ നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികൾ എന്നിവരുടെ പരിപാലനം, സുരക്ഷ എന്നിവ ഉറപ്പാക്കി സമൂഹത്തിന്റെ മുഖ്യധാരയിൽ കൊണ്ടുവരികയാണ് ജില്ലാതല കാഴ്ചപ്പാട്.

## ലക്ഷ്യം

1. ശൈശവ വിവാഹ നിരോധന നിയമം പൂർണ്ണമായും നടപ്പിലാക്കുക
2. കുട്ടികൾക്കുനേരെയുള്ള ലൈംഗികാതിക്രമം പൂർണ്ണമായും തടയുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുക
3. കുട്ടികൾക്കെതിരെയുള്ള ശാരീരികാതിക്രമം പൂർണ്ണമായും തടയുക.
4. ശിശുസംരക്ഷണ കമ്മറ്റികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുക.
5. ലഹരിയ്ക്കെതിരെ ബോധവൽക്കരണപരിപാടി സംഘടിപ്പിയ്ക്കുക.
6. ബാലവേലയിൽ ഏർപ്പെട്ടിരിയ്ക്കുന്ന കുട്ടികളെ പുനരധിവസിപ്പിയ്ക്കുക.

## നിർദ്ദേശങ്ങൾ

### മേൽത്തട്ട്

- ജില്ലയിൽ 14 വയസ്സിനുമേൽ പ്രായമുള്ള ആൺകുട്ടികൾക്ക് ചിൽഡ്രൻസ് ഹോമും ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുമുള്ള ആഫ്റ്റർകെയർഹോമും സ്ഥാപിയ്ക്കുന്നതിന് സ്ഥലം ലഭ്യമാക്കുക.
- സ്പെഷ്യലൈസ്ഡ് അഡോപ്ഷൻ ഏജൻസിയുടെ പ്രവർത്തനം ആലപ്പുഴ ജില്ലയിൽ അനിവാര്യമാണ്.
- നിർഭയ ഷെൽട്ടർഹോമിനുള്ള സ്ഥലം ലഭ്യമാക്കുക.

### കീഴ്ത്തട്ട്

- ശൈശവവിവാഹം തടയുന്നതിനായി വിദ്യാർത്ഥികൾ, മാതാപിതാക്കൾ, അങ്കണവാടി പ്രവർത്തകർ, ആശാവർക്കർമാർ എന്നിവർക്ക് ആരോഗ്യവകുപ്പ്, പോലീസ് എന്നിവർ മുഖേന ബോധവൽക്കരണം നൽകുക.
- കുട്ടികൾക്ക് നേരെയുള്ള ലൈംഗിക പീഡനം ലൈംഗികാതിക്രമം എന്നിവ തടയുന്നതിന് ആരോഗ്യം, പോലീസ്, വിദ്യാഭ്യാസം എന്നീ വകുപ്പുകൾ മുഖേന കുട്ടികൾക്ക് ലൈംഗിക വിദ്യാഭ്യാസവും കൌൺസിലിംഗും നൽകുക.
- ലഹരി ഉപയോഗിയ്ക്കുന്ന കുട്ടികളുടെ മാതാപിതാക്കൾക്ക് എക്സൈസ്, പോലീസ് വകുപ്പു മുഖേന ബോധവൽക്കരണക്ലാസ്സുകൾ നൽകുക.

- തൊഴിൽ വകുപ്പ്, വിദ്യാഭ്യാസ വകുപ്പ് എന്നിവയുമായി ചേർന്ന് ഇതര സംസ്ഥാന തൊഴിലാളികളുടെ മക്കൾക്ക് ആവശ്യമായ വിദ്യാഭ്യാസം അടിസ്ഥാന സൌകര്യം എന്നിവ ലഭ്യമാക്കുക.

**ശൈശവ വിവാഹം**

| ശൈശവ വിവാഹം | | വിടവ് | പരിഹാരമാർഗ്ഗം |
|---|---|---|---|
| വർഷം | റിപ്പോർട്ട് ചെയ്യപ്പെട്ട കേസുകളുടെ എണ്ണം | കുട്ടികളുടെ കമിതാക്കളുമായുള്ള ഒളിച്ചോട്ടം ചൈൽഡ് മാര്യേജ് എന്ന രീതിയിൽ റിപ്പോർട്ട് വരുന്നുണ്ട്. | 1.അംഗനവാടി, കുടുംബശ്രീ പ്രവർത്തകർക്ക് ശൈശവ വിവാഹത്തെ സംബന്ധിച്ചുള്ള ബോധവൽക്കരണ പരിപാടികൾ.<br><br>2.വിദ്യാർത്ഥികൾക്ക് ശൈശവ വിവാഹ നിരോധന നിയമം 2006 സംബന്ധമായുള്ള ബോധവല്ക്കരണ പരിപാടികൾ, എക്സിബിഷൻ, ഉപന്യാസ മത്സരങ്ങൾ സംഘടിപ്പിക്കുക.<br><br>3.പഞ്ചായത്ത്, ബ്ലോക്ക് ചൈൽഡ് പ്രൊട്ടക്ഷൻകമ്മറ്റികൾ വഴി 15-18 വയസ്സിനുളളിൽ കുട്ടികളുള്ള മാതാപിതാക്കൾക്ക് ബോധവൽക്കരണ പരിപാടികൾ |
| 2016 – 2017 | 0 | | |
| 2017 – 2018 | 0 | | |

**കുട്ടികൾക്ക് നേരെയുള്ള ലൈംഗീകാതിക്രമം**

| വർഷം | റിപ്പോർട്ട് ചെയ്യപ്പെട്ട കേസുകളുടെ എണ്ണം |
|---|---|
| 2015 – 2016 | 60 |
| 2016 –2017 | 83 |
| 2017 ആഗസ്റ്റ് വരെ | 70 |

കുടുംബബന്ധങ്ങളുടെ തകർച്ച, മാധ്യമങ്ങളുടെ അമിത ഉപയോഗം, കുട്ടികളുടെ ലൈംഗീക അറിവില്ലായ്മ എന്നിവ കുട്ടികൾക്ക് നേരെയുള്ള ലൈംഗീകാതിക്രമത്തിന് പ്രധാന കാരണങ്ങളായി തീരുന്നു. ഇതിനായി താഴെപ്പറയുന്ന പരിഹാരമാർഗ്ഗങ്ങൾ പരിഗണിക്കാവുന്നതാണ്.

- ലൈംഗീക ചൂഷണം, ലൈംഗീക അതിക്രമം, എന്നിവ തടയുന്നതിനായി കുട്ടികൾക്ക് ലൈംഗീക വിദ്യാഭ്യാസം നൽകണം. സ്കൂൾ തലത്തിൽ കൌൺസിലറുടെ സഹായത്തോടെ ആഴ്ചയിൽ ഒരു ദിവസം ഓരോ ക്ലാസിനും ബോധവൽക്കരണ

ക്ലാസുകൾ, വിവിധ തരം കലാപരിപാടികൾ, തെരുവുനാടകങ്ങൾ, വീഡിയോ പ്രദർശനങ്ങൾ എന്നിവ ലൈംഗീക വിദ്യാഭ്യാസത്തിനായി ഉപയോഗിക്കാവുന്നതാണ്.

- ലൈംഗീക ചൂഷണങ്ങൾ, കുട്ടികളിൾ വർദ്ധിച്ചു വരുന്നതിനു പ്രധാന കാരണം കുടുംബ ബന്ധങ്ങളിലുള്ള തകർച്ചയാണ്. പഞ്ചായത്ത്, ബ്ലോക്ക് ചൈൽഡ് പ്രൊട്ടക്ഷകമ്മറ്റികൾ വഴി മാതാപിതാക്കൾക്ക് ബോധവൽക്കരണ പരിപാടികൾ, രക്ഷാകർത്വം, ലൈംഗീക വിദ്യാഭ്യാസം, പോക്സോ ആക്ട് എന്നിവ സംബന്ധമായ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കാവുന്നതാണ്.
- കുട്ടികളിലെ ലൈംഗീക ചൂഷണം തടയുന്നതിനായി vulnerability mapping നടത്തേണ്ടതും ടി സാഹചര്യത്തിലേക്ക് പോകുവാൻ സാഹചര്യമുള്ള കുട്ടികളെ കണ്ടെത്തി early intervention നടത്തേണ്ടതുമാണ്.
- ലൈംഗീക ചൂഷണത്തിന് ഇരയായ കുട്ടികളുടെ സാമൂഹ്യ വൽക്കരണം വളരെ ബുദ്ധിമുട്ടുള്ള വസ്തുതയാണ്. ആയതു കൊണ്ടു തന്നെ ഇത്തരത്തിലുള്ള അതിക്രമങ്ങൾ സമൂഹത്തിൽ മറച്ചു വെക്കപ്പെടുന്നു. അതു തടയുന്നതിനായി ലൈംഗീക അതിക്രമത്തിനു ഇരയായ കുട്ടികൾക്ക് നിയമസംരക്ഷണം എത്രയും വേഗം ലഭ്യമാക്കേണ്ടതും തുടർസംരക്ഷണം ഉറപ്പാക്കേണ്ടതുമാണ്.
- എല്ലാ സ്കൂളിലും കൌൺസിലറെ നിയോഗിക്കേണ്ടതും ആവശ്യമായ സഹായങ്ങൾ എല്ലാ സർക്കാർ സ്ഥാപനങ്ങളിൽനിന്നും അടിയന്തിരമായി ലഭ്യമാക്കേണ്ടതും കുട്ടികളുടെ മേലുള്ള ലൈംഗീകാതിക്രമം തടയുന്നതിന് അത്യന്താപേക്ഷിതമാണ്.

മാതാപിതാക്കൾ തമ്മിലുള്ള പ്രശ്നങ്ങൾ, അയൽക്കാർക്ക് എതിരെയുള്ള അക്രമങ്ങൾ, കുട്ടികൾ തമ്മിലുള്ള പക എന്നിവ കുട്ടികൾക്ക് എതിരെയുള്ള ശാരീരിക അതിക്രമത്തിനു കാരണമാകുന്നുണ്ട്. 2015-16ൽ ഇത്തരത്തിലുള്ള 129 കേസുകളും, 2016-17ൽ 128 കേസുകളും, 2017-18ൽ 47 കേസുകളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതിനായി മാതാപിതാക്കൾക്കായുള്ള ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കാവുന്നതാണ്.

**ശിശു സംരക്ഷണ കമ്മറ്റി**

| വർഷം | ശിശു സംരക്ഷണ കമ്മറ്റി കൂടിയ എണ്ണം | | വിടവ് | പരിഹാരമാർഗ്ഗം |
|---|---|---|---|---|
| 2015 | വില്ലേജ് ലെവൽ ശിശു സംരക്ഷണ കമ്മറ്റി | 9 | കൃത്യമായ സമയപരിധിക്കുള്ളിൽ കൂടുന്നില്ല. | 3 മാസത്തിലൊരിക്കൽ കൃത്യമായ സമയപരിധിക്കുള്ളിൽ കമ്മറ്റികൾ കൂടേണ്ടതും പ്രാദേശികമായ ശിശു സംരക്ഷണ പ്രവർത്തനങ്ങൾ നടത്തേണ്ടതിന് ആവശ്യമായ പ്രോജക്ടുകൾ കണ്ടെത്തേണ്ടതുമാണ്. |
| | ബ്ലോക്ക് ലെവൽ ശിശു സംരക്ഷണ കമ്മറ്റി | 13 | | |
| | ജില്ലാ ശിശു സംരക്ഷണ കമ്മറ്റി | 3 | കൃത്യമായ സമയപരിധിക്കുള്ളിൽ കൂടുന്നുണ്ട്. | |

ലഹരി ഉപയോഗിക്കുന്ന കുട്ടികളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചു കൊണ്ടിരിക്കുകയാണ്.

| ലഹരി വസ്തുക്കളുടെ ഉപയോഗവുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം | |
|---|---|
| 2014 | 259 |
| 2015 | 431 |
| 2016 | 389 |
| 2017 ആഗസ്റ്റ് വരെ | 242 |

ലഹരി ഉപയോഗം നിയന്ത്രിക്കുന്നതിന് കുട്ടികൾക്ക് ബോധവൽക്കരണത്തിനായി ലഹരി ഉപയോഗിക്കുന്നതിനുള്ള ദൃഷ്യവശങ്ങൾ കോർത്തിണക്കി ഡോക്യുമെന്ററി നിർമ്മിക്കുന്നതു സഹായകരമാണ്. കുട്ടികളിലെ ലഹരി ഉപയോഗം തുടക്കത്തിൽതന്നെ കണ്ടെത്തുന്നതിന് മാതാപിതാക്കൾക്ക് ബോധവൽക്കരണ ക്ലാസുകൾ നടത്താവുന്നതാണ്. എക്സൈസ്, പോലീസ്, ജില്ലാ ശിശു സംരക്ഷണ യൂണിറ്റ്, സ്കൂളുകൾ ഇവ സംയുക്തമായി ലഹരിക്കെതിരെയുള്ള അവബോധം കുട്ടികളിൽ വളർത്തേണ്ടതുണ്ട്.

ശിശു സംരക്ഷണ സ്ഥാപനങ്ങൾക്കായി ജെ.ജെ. ആക്ട് രജിസ്ട്രേഷൻ എല്ലാ സ്ഥാപനങ്ങളിലും നിർബന്ധമാക്കണം. മുതിർന്ന ആൺകുട്ടികൾ (12-18) ആൺകുട്ടികൾക്ക് ആഫ്റ്റർ കെയർ ഹോം ആലപ്പുഴ ജില്ലയിൽ നിലവിൽ ഇല്ല. അതു സ്ഥാപിക്കേണ്ടത് അത്യാവശ്യമാണ്.

ആലപ്പുഴ ജില്ലയിൽ ഫോസ്റ്റർ കെയർ വിഭാഗത്തിൽപെടുന്ന 22 കുട്ടികൾ ഉണ്ട്. എന്നാൽ ജില്ലയിൽ സ്പെഷ്യലൈസ്ഡ് അഡോപ്ഷൻ ഏജൻസി നിലവിൽ ഇല്ല. ആയതു കൊണ്ടു തന്നെ ജില്ലയിൽനിന്നും അഡോപ്ഷൻവഴി എടുത്തിട്ടുള്ള കുട്ടികളുടെ എണ്ണം കൃത്യമായി ലഭ്യമായില്ല. സ്റ്റേറ്റ് അഡോപ്ഷൻ റിസോഴ്സ് ഏജസിയുടെ കണക്കു പ്രകാരം 600 ഓളം കുട്ടികൾ അഡോപ്ഷൻ വഴി ജില്ലയിൽ എത്തപ്പെട്ടിട്ടുണ്ട്. പരിഹാരമാർഗ്ഗമെന്ന നിലയിൽ അഡോപ്ഷൻ നൽകിയിരിക്കുന്ന കുട്ടികളുടെ കുടംബസംഗമങ്ങൾ നടത്തുന്നതു ഉചിതമായിരിക്കും സ്പെഷ്യലൈസ്ഡ് അഡോപ്ഷൻ ഏജൻസി (SAA) ആലപ്പുഴ ജില്ലയിൽ നടത്തേണ്ടതു് അത്യാവശ്യമാണ്.

കൌമാരക്കാരായ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും കലാകായിക അഭിരുചികളെ വളർത്തുന്നതിനും ആയോധന കലകളിൽ പരിശീലനത്തിനും നിലവിൽ സേവനങ്ങൾ കൊടുക്കുന്നില്ല. ഇതിനായി ജില്ലയിലെ എല്ലാ ആർട്സ് & സ്പോർട്സ് ക്ലബുകളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ആയോധന കലകളിൽ ഉളള പരിശീലനം നൽകേണ്ടത് അത്യാവശ്യമാണ്.

ബാലനീതി നിയമം 2015 പ്രകാരമുള്ള ചൈൽഡ് വെൽഫയർ കമ്മറ്റിയും, ജുവനൈൽ ജസ്റ്റീസ് ബോർഡും ആലപ്പുഴയിൽ നിലവിൽ ഉണ്ട്. എന്നാൽ സ്പെഷ്യലൈസ്ഡ് അഡോപ്ഷൻ ഏജൻസി ജില്ലയിൽ ഇല്ലാത്തതും, മുതിർന്ന ആൺകുട്ടികൾക്ക് താമസിക്കുന്നതിനുള്ള ചിൽഡ്രൻസ് ഹോം ഇല്ലാത്തതും, 18 വയസ്സിനു മേൽ പ്രായമുള്ളവരെ ചിൽഡ്രൻസ് ഹോമിൽ നിന്നും വിടുതൽ ചെയ്യുന്നതും വീട്ടുകാർ ഏറ്റെടുക്കാൻ തയ്യാറല്ലാത്തതുമായ കുട്ടികൾക്കായുള്ള ആഫ്റ്റർ കെയർ ഹോമുകൾ ജില്ലയിൽ നിലവിൽ ഇല്ലാത്തതും നിർഭയ ഷെൽട്ടർ ഹോം ജില്ലയിലില്ലാത്തതും ഈ നിയമം നടപ്പിലാക്കുന്നതിന് ഒരു പരിധി വരെ ബുദ്ധിമുട്ടുണ്ടാക്കുന്നു.

ചൈൽഡ് ലൈൻ സേവനങ്ങൾക്ക് അടിയന്തിരമായ സഹായം എത്തിക്കുന്നതിനായി വാഹനസൌകര്യം ലഭ്യമാക്കുന്നതിനും, ആവശ്യമായ ജീവനക്കാരെ കൂടുതൽ നിയോഗിക്കേണ്ടതും അത്യാവശ്യമാണ്.

ജില്ലയിൽ അമ്മത്തൊട്ടിൽ ഉണ്ടെങ്കിലും പ്രവർത്തന ക്ഷമമല്ല. മാത്രമല്ല W & C ആശുപത്രിയുടെ ഓട്ടോ സ്റ്റാൻഡിനു സമീപമാണ് അമ്മത്തൊട്ടിൽ എന്നതിനാൽ കുട്ടികളെ അമ്മത്തൊട്ടിലിൽ ഉപേക്ഷിക്കുന്ന പതിവ് കുറവാണ്. SAA ഇല്ലാത്തതിനാൽ ആലപ്പുഴ ജില്ലാ നിവാസികൾക്ക് അഡോപ്ഷനു വേണ്ടി രജിസ്റ്റർ ചെയ്യുന്നതിനു വേണ്ടി അടുത്തുള്ള ജില്ലകളെ ആശ്രയിക്കേണ്ടി വരുന്നു.

## കാഴ്ചപ്പാട്

ജില്ലയിൽ സ്വന്തമായി സ്ഥലവും കെട്ടിടവും ഇല്ലാത്ത എല്ലാ അങ്കണവാടികൾക്കും സ്വന്തമായി സ്ഥലം കണ്ടെത്തി കെട്ടിടം നിർമ്മിയ്ക്കുന്നതിനും, അങ്കണവാടി ജീവനക്കാരുടെ നിയമനത്തിനുള്ള യോഗ്യതാ മാനദണ്ഡം പരിഷ്കരിച്ച് അങ്കണവാടികുട്ടികൾക്ക് മെച്ചപ്പെട്ട രീതിയിൽ പ്രീസ്കൂൾ വിദ്യാഭ്യാസം നൽകുകയും എല്ലാ കുട്ടികൾക്കും പ്രതിരോധകുത്തിവെയ്പ് ലഭിച്ചുവെന്ന് ഉറപ്പുവരുത്തുകയും ,പോഷണക്കുറവുള്ള കൊമാരപ്രായക്കാരെ കണ്ടെത്തി പോഷകാഹാരം നൽകുകയും കൌമാരപ്രായക്കാർക്കും ഗർഭിണികൾക്കും ആരോഗ്യ പോഷണ വിദ്യാഭ്യാസം നൽകി ആരോഗ്യമുള്ള തലമുറയെ വാർത്തെടുക്കുകയാണ് ജില്ലാതല കാഴ്ചപ്പാട്.

## ലക്ഷ്യം

- പെൺഭ്രൂണഹത്യ തടയുന്നതിനായി ആരോഗ്യവകുപ്പുമായി ബന്ധപ്പെട്ടുകൊണ്ടുള്ള ബോധവൽക്കരണ പരിപാടി നടത്തുക.
- ശിശുമരണം, കുട്ടികളുടെ മരണം എന്നിവ പൂർണ്ണമായും ഇല്ലാതാക്കുക.
- അങ്കണവാടികളിലെത്തുന്ന കുട്ടികൾക്ക് മെച്ചപ്പെട്ട ഭൌതിക സാഹചര്യം, പ്രീസ്കൂൾ വിദ്യാഭ്യാസം എന്നിവ നൽകുക.
- ജില്ലയിൽ സ്വന്തമായി സ്ഥലവും കെട്ടിടവും ഇല്ലാത്ത എല്ലാ അങ്കണവാടികൾക്കും സ്വന്തമായി സ്ഥലം കണ്ടെത്തി കെട്ടിടം നിർമ്മിയ്ക്കുക.
- അങ്കണവാടി ജീവനക്കാരുടെ നിയമനത്തിനുള്ള യോഗ്യതാ മാനദണ്ഡം പരിഷ്കരിച്ച് അങ്കണവാടികുട്ടികൾക്ക് മെച്ചപ്പെട്ട രീതിയിൽ പ്രീസ്കൂൾ വിദ്യാഭ്യാസം നൽകുക.
- അങ്കണവാടി പോഷകാഹാര വിതരണത്തിന് ബ്ലോക്കുവിഹിതം ലഭ്യമാക്കുക.
- കൌമാരപ്രായക്കാർക്കും ഗർഭിണികൾക്കും ആരോഗ്യവകുപ്പുമായി ബന്ധപ്പെട്ട് ആരോഗ്യ പോഷണ വിദ്യാഭ്യാസം നൽകുക.

## നിർദ്ദേശങ്ങൾ

### കീഴ്ഘടകം

- അങ്കണവാടികൾ ശിശുസൌഹൃദമാക്കുക.
- വിദ്യാഭ്യാസ വകുപ്പ്, എൽ.എസ്.ജി.ഡി. എന്നിവയുമായി ചേർന്ന് അങ്കണവാടി കുട്ടികൾക്ക് മെച്ചപ്പെട്ട പ്രീസ്കൂൾ വിദ്യാഭ്യാസം നൽകുക .

- ആരോഗ്യവകുപ്പുമായി ചേർന്ന് കുട്ടികൾക്കും, കൌമാരപ്രായക്കാർക്കും മുലയൂട്ടുന്ന അമ്മമാർക്കും പോഷകാഹാരം നൽകുക.
- ആരോഗ്യവകുപ്പുമായി ചേർന്ന് മുലയൂട്ടൽ ശിശു പരിപാലനം എന്നിവയിൽ അമ്മമാരെ ബോധവത്ക്കരിയ്ക്കുക..
- ആരോഗ്യവകുപ്പുമായി ചേർന്ന് ഗർഭിണികൾക്കു പൂരക പോഷണം ഉറപ്പാക്കുക.
- എൽ.എസ്.ജി.ഡി.യുമായി ചേർന്ന് കൌമാരപ്രായക്കാർക്കും സ്ത്രീകൾക്കും ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്തുന്നതിനായി പോഷകാഹാരം നൽകുക.
- ആരോഗ്യവകുപ്പുമായി ചേർന്ന് റ്റി. റ്റി കുത്തിവെയ്പ്പ്, ഫോളിക്കാസിഡും അയൺഗുളികകളും കഴിച്ചുവെന്ന് ഉറപ്പുവരുത്തുക.
- ആരോഗ്യവകുപ്പുമായി ചേർന്ന് എല്ലാ കൌമാരപ്രായക്കാർക്കും പ്രജനന ആരോഗ്യ സാക്ഷരത നൽകുക.
- എൽ.എസ്.ജി.ഡി.യുമായി ചേർന്ന് അങ്കണവാടികളുടെ ഭൌതിക സാഹചര്യം മെച്ചപ്പെടുത്തുക.
- റവന്യൂവകുപ്പ്, എൽ.എസ്.ജി.ഡി. എന്നിവയുമായി ചേർന്ന് അങ്കണവാടി കെട്ടിടനിർമ്മാണത്തിന് പുറംമ്പോക്കുഭൂമി കണ്ടെത്തുക.
- എൽ.എസ്.ജി.ഡി.യുമായി ചേർന്ന് അങ്കണവാടികളുടെ അറ്റകുറ്റപ്പണികൾ നടത്തുക.
- എൽ.എസ്.ജി.ഡി.യുമായി ചേർന്ന് താലൂക്ക് കേന്ദ്രീകരിച്ച് കുട്ടികൾക്കായി വിനോദ പരിപാലന കേന്ദ്രം നിർമ്മിയ്ക്കുക.
- എൽ.എസ്.ജി.ഡി.യുമായി ചേർന്ന് അങ്കണവാടികളെ 3ജി അങ്കണവാടികളാക്കുക.
- കൌമാരപ്രായക്കാരായ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും എൽ . എസ് ജി ഡി, സ്പോട്സ് എന്നിവയുമായി ചേർന്ന് ആയോധനകലയിലും യോഗാഭ്യാസത്തിനും പദ്ധതി ആവിഷ്കരിച്ചു നടപ്പിലാക്കുക

**മേൽത്തട്ട്**

- അങ്കണവാടി ജീവനക്കാരുടെ നിയമനത്തിനുള്ള യോഗ്യതാ മാനദണ്ഡം പരിശോധിയ്ക്കുക.
- അങ്കണവാടി കെട്ടിടനിർമ്മാണത്തിന് ഭൂമി സൌജന്യമായി നൽകുന്നവരുടെ നിയമനത്തിൽ മുൻഗണന നൽകുക
- പ്രീസ്കൂൾ വിദ്യാഭ്യാസ പഠന രീതി ഏകീകരിയ്ക്കുക.

## ശിശുമരണനിരക്ക്

| | |
|---|---|
| 2016 – 2017 ആകെ ജനനം | : 21721 |
| ജനിച്ചു 12 മാസത്തിനുള്ളിലുള്ള മരണം (ശിശുമരണം) | : 73 |
| ഒന്നുമുതൽ അഞ്ചുവയസ്സിനുള്ളിലുള്ള മരണം (കുട്ടികളുടെ മരണം) | : 10 |

| നിലവിലെ അവസ്ഥ | | | |
|---|---|---|---|
| IMR | | CMR | |
| കേരളം | ആലപ്പുഴ | കേരളം | ആലപ്പുഴ |
| 6 | 3 | 2 | 0.1 |

അണുബാധരഹിതമായ പ്രസവം, അമ്മമാരുടെ അറിവില്ലായ്മ, കൃത്യമായ മുലയൂട്ടൽ ഇല്ലായ്മ, മാസം തികയാത്ത പ്രസവം, ചാപിള്ള ജനനം എന്നിവ ഒഴിവാക്കി ശിശു മരണ നിരക്ക് പൂജ്യം ശതമാനത്തിൽ എത്തിക്കാൻ കഴിയണം. കുട്ടികളുടെ മരണ വിമുക്ത ജില്ലയാക്കാൻ കഴിയണം. ഇതിനായി:-

- ആശുപത്രി പ്രസവം 100% ഉറപ്പാക്കുക
- ശിശുസൗഹൃദ ആശുപത്രി പ്രായോഗികമാക്കാനുള്ള മേൽ നിരീക്ഷണം
- Exclusive breast feeding
- IMS Act മുലപ്പാലിനു പകരമുള്ള ഉൽപ്പന്നങ്ങളുടെയും പാൽക്കുപ്പി പോലുള്ള ഉപകരണങ്ങളുടെയും നിർമ്മാണവും നിരോധിച്ച നിയമം – പൂർണ്ണമായും പാലിക്കുക.
- 100% കൗമാരക്കാർക്കും പ്രജനന ആരോഗ്യ സാക്ഷരത നൽകുക
- ശിശു പരിപാലനത്തി നുള്ള ഗർഭകാല പരിരക്ഷയും ആരോഗ്യപരിപാലനവും ഉറപ്പാക്കുക. അറിവു പകർന്നു നൽകൽ ശക്തിപ്പെടുത്തുക
- ഗർഭിണികളിൽ 100% പൂരകപോഷണം ഉറപ്പാക്കുക.
- TTകുത്തിവെപ്പ്, ഫോളിക്കാസിഡും അയൺ ഗുളികകളും കഴിച്ചു എന്ന് ഉറപ്പു വരുത്തുക.

| അങ്കണവാടി – നിലവിലെ അവസ്ഥ | | |
|---|---|---|
| ജനസംഖ്യ | അങ്കണവാടിയിൽ ഹാജരാകുന്നവർ | ശതമാനം |
| 68445 | 41392 | 60 % |

മൂന്നു വയസ്സുമുതൽ ആറുവയസ്സുവരെ അങ്കണവാടിയിൽ 60% കുട്ടികൾ മാത്രമാണ് എത്തുന്നത്. ബാക്കിവരുന്ന 40% കുട്ടികൾ മറ്റു സ്ഥാപനങ്ങളിൽ പ്രീ സ്കൂൾ വിദ്യാഭ്യാസം നേടുന്നു. നാലു വയസ്സിനു മുകളിലുള്ളവർ 90%വും മറ്റു സ്കൂളുകളിൽ പ്രവേശിക്കുന്നു. ഇതിനു പരിഹാരമായി അങ്കണവാടികളുടെ ഭൗതികസാഹചര്യം മെച്ചപ്പെടുത്തി ആകർഷകമാക്കുക, ECCE & D പോളിസി (പ്രീ-സ്കൂൾ കരിക്കുലം) ശാക്തീകരിക്കുക, പ്രീ-സ്കൂൾ വിദ്യാഭ്യാസ പഠനരീതി ഏകീകരിക്കുക, സംസ്ഥാനത്തിന്റെ കുട്ടികളുടെ നയം അതിജീവനം, വിദ്യാഭ്യാസം, സംരക്ഷണം, പങ്കാളിത്തം സൂക്ഷ്മമായി പരിശോധിച്ചു നടപ്പിലാക്കുക, അങ്കണവാടി ജീവനക്കാരുടെ നിയമനത്തിനുള്ള യോഗ്യതാ മാനദണ്ഡം പരിഷ്കരിക്കുക, അങ്കണവാടി വികസന കാഴ്ചപ്പാടിലുള്ള മാറ്റം എന്നീ നിർദ്ദേശങ്ങൾ പരിഗണിക്കാവുന്നതാണ്.

### കെട്ടിടങ്ങൾ ഉള്ള അങ്കണവാടികൾ

| നിലവിലെ അവസ്ഥ | വിടവ് | പരിഹാരം |
|---|---|---|
| • ആകെ അങ്കണവാടികൾ : 2150<br>• സ്വന്തമായി കെട്ടിടമുള്ളവ: 1054<br>• സ്കൂളിൽ പ്രവർത്തിക്കുന്നത് : 32<br>• വാടകയില്ലാത്തത് : 56<br>• നിലവിൽ നിർമ്മാണം നടക്കുന്നവ : 55<br>• നിർമ്മാണത്തിനു പ്രപ്പോസൽ നൽകിയിട്ടുള്ളവ : 35<br>• സ്വന്തമായി കുടിവെള്ളമില്ലാത്തത് : 1478 | • കെട്ടിടമില്ലാത്തത് : 1008<br>• സ്വന്തമായി സ്ഥലം ഇല്ലാത്തത് : 918<br>• കുട്ടികൾക്ക് സുരക്ഷിതവും ശുദ്ധവുമായ ജലം ലഭ്യമാകുന്നില്ല.<br>• കുട്ടികൾക്ക് കളിസ്ഥലത്തിൻറെ കുറവ്. | • സ്വന്തമായി സ്ഥലം ലഭ്യമാകുന്നതിനുള്ള നടപടി സ്വീകരിക്കണം<br>• ഭൂമി വാങ്ങുന്നതിനുള്ള വാല്യുവേഷന് നടപടികളിൽ ഇളവനുവദിക്കണം.<br>• സംഭാവനയായി വിട്ടുകിട്ടുന്ന ഭൂമിയുടെ ലാൻറ് റീ ലിങ്കിഷ്മെൻറ് നടപടികൾ വേഗത്തിലാക്കണം.<br>• പുറമ്പോക്കുഭൂമി കണ്ടെത്തണം.<br>• സംഭാവനയായി ഭൂമിനൽകുന്നവർക്കുള്ള ആശ്രിത നിയമനത്തിന് മുൻഗണന നൽകണം.<br>• അങ്കണവാടികൾക്ക് കുടിവെള്ളം എത്തിക്കുന്നതു സംബന്ധിച്ച ഗവണ്മെൻറ് നിർദ്ദേശം വാട്ടർ അതോറിറ്റി കൃത്യമായി പാലിക്കണം.<br>• അങ്കണവാടി നിർമ്മിക്കുന്നതിനുള്ള സ്ഥലം 5 സെൻറ് എന്നുള്ളതു നടപ്പിലാക്കണം. |

### ശോചനീയമായ അങ്കണവാടികൾ

| നിലവിലെ അവസ്ഥ | വിടവ് | പരിഹാരം |
|---|---|---|
| • ശോചനീയമായ അങ്കണവാടികളുടെ എണ്ണം : 80 | • കുട്ടികളുടെ സുരക്ഷിതമില്ലായ്മ.<br>• കുട്ടികളുടെ ആരോഗ്യ സംരക്ഷണം ഉറപ്പാക്കാൻ കഴിയാത്ത അവസ്ഥ<br>• അങ്കണവാടി പ്രവർത്തനങ്ങളുടെ നിലവാരം കുറയുന്നു.<br>• ജന പങ്കാളിത്തം കുറയുന്നു. | • അറ്റകുറ്റപ്പണി നടത്തുക.<br>• ശിശു സൗഹൃദ ടോയ്ലറ്റുകൾ നിർമ്മിക്കുക.<br>• ചുറ്റുമതിൽ കെട്ടി കെട്ടിടം സംരക്ഷിക്കുക. |

### പ്രതിരോധ കുത്തിവെയ്പ്പ്

| നിലവിലെ അവസ്ഥ | വിടവ് | പരിഹാരം |
|---|---|---|
| • ആകെ കുട്ടികൾ : 131977 | • പൂർണ്ണമായി പ്രതിരോധ കുത്തിവെപ്പു ലഭിക്കാത്ത കുട്ടികൾ – 6<br>• ഹോമിയോ, പ്രകൃതിചികിത്സ തുടങ്ങിയ ചികിത്സാരീതികൾ പിന്തുടരുന്നവർ | • ആരോഗ്യ പ്രവർത്തകരുടെ ഇടപെടൽ ശക്തമാക്കുക. |

## പോഷകാഹാരം

| നിലവിലെ അവസ്ഥ | | | | | | വിടവ് | പരിഹാരം |
|---|---|---|---|---|---|---|---|
| 6 മാസത്തിനും 3 വയസിനും ഇടയിലുള്ള കുട്ടികൾ | | | 3 വയസിനും 6 വയസിനും ഇടയിലുള്ള കുട്ടികൾ | | | | |
| ആകെ | അങ്കണവാടിയിൽ നിന്നും പോഷകാഹാരം ലഭിക്കുന്നവർ | % | ആകെ | അങ്കണവാടിയിൽ വരുന്നവർ | % | • 3 വയസിനു താഴെയുള്ള 31% കുട്ടികൾക്ക് അങ്കണവാടിയിൽ നിന്നും പോഷകാഹാരം ലഭിക്കുന്നില്ല<br>• 40%കുട്ടികൾ പ്രീ സ്കൂൾ വിദ്യാഭ്യാസത്തിനു ഹാജരാകാത്തതിനാൽ പോഷകാഹാരം ലഭിക്കുന്നില്ല<br>• കൗമാരക്കാർക്കും ഗർഭിണികൾക്കും പാലൂട്ടുന്ന അമ്മമാർക്കും ആങ്കനക നോക്കി മാത്രം പോഷകാഹാരം നൽകുന്നു. | • അമൃതം ന്യൂട്രിമിക്സിന്റെ ഉപയോഗം വർദ്ധിപ്പിക്കുക.<br>• ന്യൂട്രീഷൻ വാരാചരണം/പാചക മത്സരം<br>• പോലുള്ള പരിപാടികൾ നടത്തുക.<br>• അങ്കണവാടികളിൽ പോഷകാഹാര വിതരണത്തിന് ബ്ലോക്കുവിഹിതം വകയിരുത്തുക വ്യത്യസ്ത രീതികളിലുള്ള ഭക്ഷണ സാധനങ്ങൾ വിതരണം ചെയ്യുക. |
| 53427 | 36961 | 69 | 68445 | 41392 | 60 | | |
| കൗമാരക്കാരായ പെൺകുട്ടികൾ | | | 119010 | 13303 | 11 | | |
| ഗർഭിണികളും പാലൂട്ടുന്ന അമ്മമാരും. | | | 21413 | 13918 | 64 | | |

## പോഷണക്കുറവുള്ള കുട്ടികൾ

| നിലവിലുള്ള അവസ്ഥ | ആകെ | % | വിടവ് | പരിഹാരം |
|---|---|---|---|---|
| തൂക്കമെടുത്ത കുട്ടികൾ | 100705 | | • നാലു വയസിനും അഞ്ചു വയസിനും ഇടക്കുള്ള മറ്റു സ്കൂളുകളിൽ പോകുന്ന കുട്ടികളുടെ തൂക്കം തുടർച്ചയായി എടുക്കാൻ കഴിയാത്ത അവസ്ഥ<br>• അനുയോജ്യമായ Weighing Scale ന്റെ അപര്യാപ്തത.<br>• അമ്മമാരുടെ അറിവില്ലായ്മ.<br>• രോഗാവസ്ഥ. | • നാലു വയസിനും അഞ്ചുവയസിനും ഇടക്കുള്ള കുട്ടികളെ അങ്കണവാടിയിൽ എത്തിക്കാനുള്ള നടപടി.<br>• പ്രായത്തിനനുസരിച്ചു തൂക്കമെടുക്കുന്നതിന് അമ്മമാരിൽ താത്പര്യമുണ്ടാക്കുന്നതിന് മതിയായ Electronic Baby Weighing Scale ലഭ്യമാകണം.<br>• കൗമാരക്കാർക്കും ഗർഭിണികൾക്കും ആരോഗ്യ പോഷണ വിദ്യാഭ്യാസം നൽകുന്നതിനുള്ള വിദഗ്ധരുടെ ഗ്രൂപ്പ സംഘടിപ്പിക്കുക.<br>• മുലയൂട്ടൽ, ശിശുപരിപാലനം എന്നിവയിൽ അമ്മമാരെ ബോധവൽക്കരിക്കുക.<br>• പോഷണക്കുറവുള്ള കൗമാരക്കാരെ കണ്ടെത്തി പോഷകാഹാരം നൽകുക.<br>• ഗുരുതര പോഷണക്കുറവുവിമുക്ത ജില്ലയാക്കുന്നതിനുള്ള പ്രത്യേക പരിപാടികൾ ആസൂത്രണം ചെയ്യുക |
| സാധാരണ തൂക്കമുള്ള കുട്ടികൾ | 78598 | 78% | | |
| മിതമായ പോഷണ കുറവുള്ള കുട്ടികൾ | 21885 | 21.8% | | |
| ഗുരുതര പോഷണ കുറവുള്ള കുട്ടികൾ | 222 | 0.2% | | |

### സ്കൂളുകളിൽ അങ്കണവാടികൾ

| നിലവിലെ അവസ്ഥ | ആകെ | വിടവ് | പരിഹാരം |
|---|---|---|---|
| കെട്ടിട മില്ലാത്ത അങ്കണവാടികൾ | 1008 | • മിക്കവാറും എല്ലാ പഞ്ചായത്തുകളിലും സർക്കാർ LPS/UPS സ്കൂളുകളിൽക്ലാസ് മുറികളും സ്ഥല സൗകര്യങ്ങളും ഉണ്ടെങ്കിലും വിദ്യാഭ്യാസ വകുപ്പിന്റെ നിസ്സഹകരണം മൂലം അത് അങ്കണവാടികൾക്കു ലഭ്യമല്ലാതാകുന്നു | • എല്ലാ പഞ്ചായത്തുകളിലും ഒരു അങ്കണവാടിയെങ്കിലും സ്കൂളിൽ പ്രവർത്തിക്കാനുള്ള നടപടി.<br>• നിലവിൽ സ്കൂളിൽ പ്രവർത്തിക്കുന്നവ നേരിടുന്ന ഭീഷണി ഒഴിവാക്കുക. |
| സ്കൂളുകളിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾ | 32 | | |

### കുട്ടികൾക്കുള്ള വിനോദ പരിപാലന കേന്ദ്രം

| നിലവിലെ അവസ്ഥ | വിടവ് | പരിഹാരം |
|---|---|---|
| കുട്ടികൾക്കു മാത്രമായി ജില്ലയിൽ വിനോദ പരിപാലന കേന്ദ്രം നിലവിലില്ല. | താലൂക്കു കേന്ദ്രീകരിച്ച് കുട്ടികൾക്കായി ഓരോ വിനോദ പരിപാലന കേന്ദ്രം നിർമ്മിക്കണം. | കുട്ടികളുടെ മാനസികോല്ലാസത്തിനും ശാരീരികോൻമേഷത്തിനും അവസരമില്ലായ്മ. |

### സ്കൂളുകളിലും അങ്കണവാടികളിലും ശിശു സൗഹൃദ അടിസ്ഥാന സൗകര്യങ്ങൾ

| നിലവിലുള്ള അവസ്ഥ | വിടവ് | പരിഹാരം |
|---|---|---|
| ആകെ അങ്കണവാടികൾ : 2150 | • ജില്ലയിൽ ശിശു സൗഹൃദ അങ്കണവാടിയില്ല<br>• മാതൃകാ അങ്കണവാടികൾ ശിശു സൗഹൃദ മാക്കുക. | • എല്ലാ പഞ്ചായത്തിലും ഒരു ശിശുസൗഹൃദ അങ്കണവാടി എന്നതു ലക്ഷ്യമാക്കുക |
| കെട്ടടമുള്ളത് : 1054 | | |
| ശിശു സൗഹൃദ അങ്കണ വാടികൾ : ഇല്ല. | | |

### മാതൃകാ അങ്കണവാടി – ശിശു സൗഹൃദമാക്കാൻ ആവശ്യമായ കാര്യങ്ങൾ

- 30 കുട്ടികൾക്ക് 35 x 2 വിസ്തീർണ്ണമുള്ള ക്ലാസ് മുറി.
- ക്ലാസ് മുറിയുടെ ഭിത്തിയിൽ കുട്ടികളുടെ ഉയരത്തിനനുസരിച്ച് ബ്ലാക്ക് ബോർഡ് പെയിൻറിങ്.
- കെട്ടിടത്തിന്റെ ചുവരുകളിലും ചുറ്റുമതിലിലും ചിത്ര പെയിൻറിങ്.
- ശിശു സൗഹൃദ ഫർണീച്ചറുകൾ.
- ശിശു സൗഹൃദ ശൗചാലയം.
- ആകർഷകമായ പഠനോപകരണങ്ങൾ.
- പ്രീ സ്കൂൾ പഠനത്തിന് വിവര സാങ്കേതികവിദ്യ പ്രയോഗിക്കുന്നതിന് കംപ്യൂട്ടർ സൗകര്യം.
- ഭിന്ന ശേഷിക്കാരായ കുട്ടികൾക്ക് റാമ്പ് സൗകര്യം.
- ശുദ്ധമായ കുടിവെള്ളം.
- പൂന്തോട്ടവും കളിയുപകരണങ്ങളും ചേർന്ന കളിസ്ഥലം.
- കുട്ടികളുടെ പ്രസിദ്ധീകരണങ്ങൾ. – ലൈബ്രറി.
- ECCE & D പോളിസി പ്രകാരമുള്ള കോർണറുകൾ.

**കൗമാര പ്രായക്കാരായ ആൺ കുട്ടികൾക്കും പെൺകുട്ടികൾക്കും കലാ കായിക അഭിരുചികളെ വളർത്തുന്നതിനും ആയോധന കലകളിൽ പരിശീലനത്തിനുമുള്ള സാദ്ധ്യതകൾ**

| നിലവിലെ അവസ്ഥ | വിടവ് | പരിഹാരം. |
|---|---|---|
| • കൗമാരപ്രായക്കാരായ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും കലാകായിക അഭിരുചികളെ വളർത്തുന്നതിന് പരിശീലനം നൽകുന്ന വേദികളില്ല.<br>• ആയോധന കലകളിൽ വളരെ കുറച്ചു പഞ്ചായത്തുകൾ മാത്രമേ പദ്ധതികൾ ആവിഷ്കരിച്ചിട്ടുള്ളു | • സ്കൂൾ കോളേജ് തലത്തിൽ ആയോധന കലകൾക്ക് പ്രാധന്യം നൽകുന്നില്ല<br>• ആയോധനകലകളിൽ കൂടുതൽ പഞ്ചായത്തുകളും പദ്ധതി ആവിഷ്കരിച്ചിട്ടില്ല | • കലാകായിക അഭിരുചികളെ വളർത്തുന്നതിന് പഞ്ചായത്ത തലത്തിൽ പദ്ധതികളാവിഷ്കരിക്കുക.<br>• ആയോധനകലയിലും യോഗാഭ്യാസത്തിനും പദ്ധതികളാവിഷ്കരിക്കുക<br>• സ്കൂൾ കോളേജ് തലങ്ങളിൽ ആയോധനകലയും യോഗഭ്യാസവും കരിക്കുലത്തിന്റെ ഭാഗമാക്കുക.<br>• ആങ്കണവാടിയിലെ കൗമാരക്ലബ്ബുകൾ കലാപരിശീലനം നടത്തുക. |

## c) ഭിന്നശേഷിയുള്ളവർ

| | |
|---|---|
| സ്ത്രീകൾ | 22762 |
| പുരുന്മാർ | 28572 |
| ഭിന്ന ലിംഗക്കാർ | 62 |
| ജില്ലയിൽ ചലന വൈകല്യം ബാധിച്ചവർ | 19073 |
| ബഹു വൈകല്യം ബാധിച്ചവർ (ഒന്നിൽ കൂടതൽ വൈകല്യം) | 8810 |
| മാനസിക രോഗം ബാധിച്ചവർ | 4634 |
| പഠന വൈകല്യം | 425 |
| സെറിബ്രൽ പാൾസി | 406 |
| മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റുള്ളവർ | 25356 |
| ഐഡി കാർഡുള്ളവർ | 17097 |
| ശയ്യാവലംബർ | 3737 |
| കേഴ്വി ഇല്ലായ്മ | 3481 |
| ഓട്ടിസം | 207 |
| നാഷണൽ ട്രസ്റ്റ് രക്ഷകർത്വ സർട്ടിഫിക്കറ്റ് ഉള്ളവർ | 668 |

ഭിന്ന ശേഷി സൗഹൃദ സംവിധാനം മെച്ചപ്പെടുത്തുന്നതിനായി താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പരിഗണിക്കാവുന്നതാണ്.

- ജില്ലയിലെ എല്ലാ അംഗപരിമിതരായവർക്കും വേണ്ടി ക്യാംപ് നടത്തി സർട്ടിഫിക്കറ്റും ഐ.ഡി. കാർഡും കൊടുക്കുക.
- അപേക്ഷകൾ അങ്കണവാടി വഴി ശേഖരിക്കുക.
- അടുത്ത ക്യാമ്പുകളിൽ വരാൻ സാധിക്കാത്തവർക്കും പെട്ടെന്ന് സർട്ടിഫിക്കറ്റുകൾ വേണ്ടവർക്കും ആലപ്പുഴ ജില്ലയിലെ ജനറൽ ഹോസ്പിറ്റൽ, വണ്ടാനം മെഡിക്കൽ കോളേജ്, താലൂക്ക് ഹോസ്പിറ്റൽ ഹരിപ്പാട്. മാവേലിക്കര എന്നിവിടങ്ങളിൽ നിന്നും സർട്ടിഫിക്കറ്റ് ലഭിക്കും എന്ന അവബോധം ഉണ്ടാക്കുക.
- എല്ലാ മാസത്തിലും ഒരു ബ്ളോക്കിൽ (ഹോസ്പിറ്റൽ അടുത്തില്ലാത്തവർക്ക്) മെഡിക്കൽ ബോർഡ് കൂടുന്നതിനു വേണ്ടി ഒരു പദ്ധതി.
- ഡിസ്ലിക് ഏർളി ഇൻറർവെൻഷൻ സെൻററിലേക്ക് കുട്ടികളെ എത്തിക്കുന്നതിനു വേണ്ടി കൂടുതൽ ബോധവൽക്കരണ പരിപാടികൾ.
- പുതുതായി തുടങ്ങുന്ന മോബൈൽ ഇൻറർവെൻഷൻ യൂണിറ്റിന്റെ പ്രവർത്തനം എല്ലാവർക്കും എത്തിക്കുക.
- എല്ലാ ബ്ളോക്കിലും ഒരു ഫിസിയോ തെറാപ്പി യൂണിറ്റ് തുടങ്ങുക.
- ഗവണ്മെൻറ് / പ്രൈവെറ്റ് സ്ഥാപനങ്ങളിൽ വൈകല്യമുള്ളവർക്കു കയറിവരാൻ പറ്റുന്ന രീതിയിൽ റാമ്പോ/ലിഫ്റ്റോ നിർമ്മിക്കുക.
- സ്പെഷ്യൽ അങ്കണവാടികൾ തുടങ്ങുക (വൈകല്യമുള്ളവർക്ക് ഗുരുതര മേഖല -ൽ തന്നെ പരിശീലനം)
- വൈകല്യം ഉള്ളവർക്ക് ഉപകരണവും വാഹനവും ലഭിക്കുന്നതിനുവേണ്ടി രജിസ്റ്റർ ചെയ്യുന്നത് ഓണ് ലൈൻ ആക്കുക. (അതിലൂടെ വാങ്ങിച്ചുകൊണ്ടിരിക്കുന്നവർ പിന്നെയും പിന്നെയും വാങ്ങുന്നത് ഒരു പരിധിവരെ തടയാൻ കഴിയും).

## ജനിക്കുന്ന കുട്ടികളിലെ കേൾവിക്കുറവ്

നിലവിൽ ആലപ്പുഴ ജില്ലയിൽ മെഡിക്കൽ കോളേജ് വണ്ടാനം, ണ & ഇ ഹോസ്പിറ്റൽ ആലപ്പുഴ, താലൂക്ക് ഹോസ്പിറ്റൽ ചേർത്തല എന്നിവിടങ്ങളിലാണ് ജനിക്കുമ്പോൾ തന്നെ കേൾവി പരിശോധിക്കുന്നതിനുള്ള (OAE - Accustic Emission) സൗകര്യമുള്ളത്.

## നിർദ്ദേശങ്ങൾ

- ജില്ലയിൽ ജനിക്കുന്ന എല്ലാ കുട്ടികൾക്കും കേൾവി പരിശോധിക്കുന്ന (OAE) തിനുള്ള ഒരു പദ്ധതി.
- OAE ചെയ്യാത്ത ഒരു കുട്ടിക്കുപോലും അങ്കണവാടിയിൽ അഡ്മിഷൻ കൊടുക്കാതിരിക്കുക.
- എല്ലാ കുട്ടികളെയും ഉറപ്പാക്കുന്നതിനുള്ള അവബോധം മാതാപിതാക്കൾക്ക് അങ്കണവാടി/ആശാവർക്കേഴ്സ്/ ഹോസ്പിറ്റൽ മുഖേന കൊടുക്കുക.

- കേൾവിയില്ലായ്മ കണ്ടുപിടിച്ചാൽ കൊക്ളിയർ ഇംപ്ളാൻറേഷൻ വേണ്ടവർക്ക് എത്രയും വേഗം ചെയ്യുന്നതിനുള്ള നടപടി.
- തുടർ ചികിത്സ വേണ്ടവർക്കായുള്ള പദ്ധതി.
- ജില്ലയിൽ അംഗപരിമിതർക്കായി ഒരു ഹെൽപ് ഡെസ്ക്.
- ആ ഹെൽപ് ഡെസ്കിലൂടെ അവർക്കു കിട്ടുന്ന സേവനങ്ങളും ലഭിച്ചിട്ടില്ലാത്ത സഹായങ്ങളും എത്തിച്ചു കൊടുക്കുന്നതിനുള്ള പദ്ധതി.
- വൊക്കേഷണൽ ട്രെയിനിങ് സെൻറർ തുടങ്ങുക. അതിൽനിന്ന് ട്രെയിനിങ് കിട്ടുന്നവർക്ക് തൊഴിൽ സംരംഭം തുടങ്ങുക.
- നിലവിലുള്ള ബഡ്സ്കൂളുകൾ ശാക്തീകരിക്കുക.
- റസ്പൈറ്റ് കെയർ (ഒന്നോ രണ്ടോ ദിവസം താമസിക്കുന്നതിന്) ഡേകെയർ സ്ഥിരതാമസ പുനരധിവാസ കേന്ദ്രങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുക. (നിലവിൽ ഒരു പുനരധിവാസ കേന്ദ്രമുണ്ട്).
- എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും അംഗ പരിമിതർക്കായി പുതിയ പദ്ധതികൾ രൂപീകരിക്കുക.

**(ഡിസെബിലിറ്റി സെൻസസ് 2015)**

| | ഭിന്നശേഷിയുള്ളവരുടെ ജനസംഖ്യ | ഭിന്നശേഷിയുള്ളവരുടെ ശതമാനം | സ്ത്രീപുരുഷ അനുപാതം |
|---|---|---|---|
| ഇന്ത്യ | 2,68,10557 | 2.21 % | 44:56 |
| കേരളം | 7,61,843 | 2.20 % | 52:48 |
| ആലപ്പുഴ | 51,403 | 2.37 % | 44:56 |

**ആലപ്പുഴ ജില്ല – (ഡിസെബിലിറ്റി സെൻസസ് 2015)**

| | |
|---|---|
| അംഗപരിമിതരായ പുരുഷന്മാർ | 28572 |
| അംഗപരിമിതരായ സ്ത്രീകൾ | 22762 |
| ട്രാൻജൻഡേഴ്സ് | 69 |
| ആകെ അംഗപരിമിതർ | 51403 |

| ക്രമ നമ്പർ | നിലവിലെ അവസ്ഥ | | | 1000 ജനസംഖ്യാ പ്രകാരം |
|---|---|---|---|---|
| | വൈകല്യം | എണ്ണം | ശതമാനം | |
| 1 | ചലനവൈകല്യം | 19073 | 37.10% | 88 |
| 2 | ബഹുവൈകല്യം | 8810 | 17.4% | 41 |
| 3 | മാനസികരോഗം | 6105 | 11.88% | 28 |
| 4 | ബുദ്ധിപരമായ വെല്ലുവിളികൾ | 4634 | 9.02% | 21 |
| 5 | കേഴ്വി ഇല്ലായ്മ | 3481 | 6.77% | 16 |
| 6 | ഗുരുതരമായ കാഴ്ചക്കുറവ് | 3147 | 6.12% | 15 |
| 7 | അന്ധത | 1412 | 2.75% | 7 |

| | | | | |
|---|---|---|---|---|
| 8 | സംസാര ഭാഷാവൈകല്യം | 1404 | 2.73% | 6 |
| 9 | അപസ്മാരം | 940 | 1.83% | 4 |
| 10 | പഠനവൈകല്യം | 425 | 0.83% | 2 |
| 11 | സെറിബ്രൽ പാൾസി | 406 | 0.79% | 2 |
| 12 | ക്ലബ് | 367 | 0.71% | 2 |
| 13 | ഹ്രസ്വകായത്വം | 292 | 0.57% | 11 |
| 14 | ക്രോണിക് ന്യൂറോളജിക്കൽ ഡിസോർഡർ | 264 | 0.50% | 1 |
| 15 | ഓട്ടിസം | 207 | 0.40% | 1 |
| 16 | മസ്കുലാർഡിസ്ട്രോഫി | 140 | 0.27% | 1 |
| 17 | കുഷ്ഠരോഗം വിമുക്തം | 111 | 0.22% | 1 |
| 118 | ഹീമോഫീലിയ | 81 | 0.16% | 0 |
| 19 | ബധിരാന്ധത | 45 | 0.09% | 0 |
| 20 | മൾട്ടി സ്ക്ലീറോസിസ് | 23 | 0.04% | 0 |
| 21 | താലസിമിയ | 21 | 0.04 | 0 |
| 22 | അരിവാൾ രോഗം | 15 | 0.03 | 0 |

ആലപ്പുഴ ജില്ലയിൽ 28572 അംഗപരിമിതരായ പുരുഷൻമാരും 22762 അംഗപരി മിതരായ സ്ത്രീകളും 69 ട്രാൻജൻഡേഴ്സും ഉൾപ്പെടെ ആകെ 51,403 അംഗപരിമിതർ ഉണ്ട്. ചലനവൈകല്യം ,ബഹുവൈകല്യം, മാനസികരോഗം, ബുദ്ധിപരമായ വെല്ലുവിളികൾ, കേഴ്വി ഇല്ലായ്മ, ഗുരുതരമായ കാഴ്ചക്കുറവ്, അന്ധത, സംസാര ഭാഷാവൈകല്യം, അപസ്മാരം, പഠനവൈകല്യം, സെറിബ്രൽ പാൾസി, ക്ലബ്, ഹ്രസ്വകായത്വം, ക്രോണിക് ന്യൂറോളജിക്കൽ ഡിസോർഡർ, ഓട്ടിസം, മസ്കുലാർഡിസ്ട്രോഫി, കുഷ്ഠരോഗം വിമുക്തം, ഹീമോഫീലിയ, ബധിരാന്ധത, മൾട്ടി സ്ക്ലീറോസിസ് ,താലസിമിയ, അരിവാൾ എന്നീ 22 വിഭാഗം അംഗപരിമിതരാണുള്ളത്.

ആലപ്പുഴ ജില്ലയിൽ മായിത്തറയിൽ സ്ത്രീകൾക്കും പുരുഷൻമാർക്കുമായി ഗവൺമെന്റ് വൃദ്ധവികലാംഗസദനം പ്രവർത്തിക്കുന്നു. 13 സ്ത്രീകളും 12 പുരുഷൻമാരും സ്ഥാപനത്തിൽ ഉണ്ട്. ആലപ്പുഴ ആലിശ്ശേരിയിൽ അംഗപരിമിതരായ 18 വയസ്സിന് താഴെയുള്ള കുട്ടികൾക്കായുള്ള ഗവൺമെന്റ് കെയർഹോം പ്രവർത്തിക്കുന്നു. സ്ഥാപനത്തിൽ 7 കുട്ടികൾ ഉണ്ട്.

| | |
|---|---|
| ജനറൽ | 14279 |
| ഒബിസി | 30886 |
| എസ് സി | 5973 |
| എസ് .റ്റി | 265 |
| ആകെ | 51,403 |

*(ഡിസെബിലിറ്റി സെൻസസ് 2015)*

ജനറൽ വിഭാഗത്തിൽ 14279 അംഗപരിമിതരും, ഒബിസി വിഭാഗത്തിൽ 30886 അംഗപരിമിതരും, എസ്. സി. വിഭാഗത്തിൽ 5973 അംഗപരിമിതരും, എസ്.റ്റി. വിഭാഗത്തിൽ 265 അംഗപരിമിതരും ഉൾപ്പെടുന്നു.

(ഡിസെബിലിറ്റി സെൻസസ് 2015)

| നിലവിലെ അവസ്ഥ | |
|---|---|
| അംഗപരിമിതരുള്ളവരുടെ കുടുംബം | എണ്ണം |
| ഒരു കുടുംബത്തിൽ ഒരു അംഗപരിമിതർ ഉള്ള വീടുകളുടെ എണ്ണം | 43231 |
| ഒരു കുടുംബത്തിൽ 2 അംഗപരിമിതർ ഉള്ള വീടുകളുടെ എണ്ണം | 3079 |
| ഒരു കുടുംബത്തിൽ 3 അംഗപരിമിതർ ഉള്ള വീടുകളുടെ എണ്ണം | 242 |
| ഒരു കുടുംബത്തിൽ 4 അംഗപരിമിതർ ഉള്ള വീടുകളുടെ എണ്ണം. | 22 |
| ഒരു കുടുംബത്തിൽ 4 ൽകൂടുതൽ അംഗപരിമിതർ ഉള്ള വീടുകളുടെ എണ്ണം | 3 |
| ആകെയുള്ള അംഗപരിമിതരുടെ കുടുംബം | 46577 |

ഒരു കുടുംബത്തിൽ ഒരു അംഗപരിമിതർ ഉള്ള വീടുകളുടെ എണ്ണം –43231 ഉം, ഒരു കുടുംബത്തിൽ 2 അംഗപരിമിതർ ഉള്ള വീടുകളുടെ എണ്ണം 3079 ഉം, ഒരു കുടുംബത്തിൽ 3 അംഗപരിമിതർ ഉള്ള വീടുകളുടെ എണ്ണം 242 ഉം, ഒരു കുടുംബത്തിൽ 4 അംഗപരിമിതർ ഉള്ള വീടുകളുടെ എണ്ണം. 22 ഉം, ഒരു കുടുംബത്തിൽ 4 ൽകൂടുതൽ അംപരിമിതരുള്ള വീടുകളുടെ എണ്ണം 3ഉം ആണ്.

ഡിസബിലിറ്റിസെൻസസ് 2015

| നിലവിലെ അവസ്ഥ | |
|---|---|
| | എണ്ണം |
| ആരോഗ്യഇൻഷ്വറൻസിൽ ഉൾപ്പെട്ടിട്ടുള്ളവർ | 29923 |
| അംഗപരിമിത മെഡിക്കൽ സർട്ടിഫിക്കറ്റ് ഉള്ളവർ | 26409 |
| അംഗപരിമിത തിരിച്ചറിയൽകാർഡ് | 17097 |
| പൂർണ്ണ ശയ്യാവലംബർ | 3737 |
| സഹായ ഉപകരണങ്ങൾ നിർദ്ദേശിക്കപ്പെട്ടവർ | 8966 |
| ബി പി എൽ വിഭാഗത്തിൽപ്പെട്ടവർ | 27486 |
| ആധാർകാർഡ് | 41559 |
| തുടർപരിപാലനം ലഭിക്കുന്നവർ | 40116 |

ആകെയുള്ള അംഗപരിമിതരിൽ 29923 പേർ ആരോഗ്യ ഇൻഷ്വറൻസിൽ ഉൾപ്പെട്ടിട്ടുണ്ട്. 26409 പേർക്ക് അംഗപരിമിത മെഡിക്കൽ സർട്ടിഫിക്കറ്റ് ലഭ്യമായിട്ടുണ്ട്. 17097 പേർക്ക് സാമൂഹ്യനീതി വകുപ്പിന്റെ തിരിച്ചറിയൽകാർഡ് ലഭിച്ചിട്ടുണ്ട്. അംഗപരിമിതരിൽ 3737 പേർ പൂർണ്ണ ശയ്യാവലംബർ ആണ്.

(ഡിസെബിലിറ്റി സെൻസസ് 2015)

| നിലവിലെ അവസ്ഥ | |
|---|---|
| | എണ്ണം |
| വിവാഹിതർ | 27926 |
| അവിവാഹിതർ | 20796 |
| വിധവകൾ | 1599 |
| വിവാഹമോചിതർ | 342 |
| വേർപിരിഞ്ഞു താമസിക്കുന്നവർ | 740 |

അംഗപരിമിതരിൽ 27926 പേർ വിവാഹിതരും 20796 പേർ അവിവാഹിതരും 1599 പേർ വിധവകളും 342 പേർ വിവാഹമോചിതരും 740 പേർ വേർപിരിഞ്ഞു താമസിക്കുന്നവരുമാണ്.

(ഡിസെബിലിറ്റി സെൻസസ് 2015 )

| നിലവിലെ അവസ്ഥ | |
|---|---|
| സ്വന്തമായി വീടുള്ളവർ | 44470 |
| വാടകകെട്ടിടത്തിൽ താമസിക്കുന്നവർ | 1782 |
| സ്ഥാപനങ്ങളിൽ താമസിക്കുന്നവർ | 1184 |
| റിപ്പോർട്ട് ചെയ്യാത്തവർ | 3967 |
| ആകെ | 51403 |

അംഗപരിമിതരിൽ സ്വന്തമായി വീടുള്ളവർ -44,470 ആണ്. 1782 പേർ വാടക കെട്ടിടത്തിൽ താമസിക്കുന്നവരും, 1184 പേർ സ്ഥാപനങ്ങളിൽ താമസിക്കുന്നവരുമാണ്. റിപ്പോർട്ടുചെയ്യാത്തവർ 3967 പേരാണ്.

| നിലവിലെ അവസ്ഥ | എണ്ണം |
|---|---|
| ജോലിയുള്ളവർ | 1551 |
| താൽക്കാലിക ജോലിയുള്ളവർ. | 7731 |
| ജോലിയില്ലാത്തവർ | 42121 |

*(ഡിസെബിലിറ്റി സെൻസസ് 2015)*

അംഗപരിമിതരിൽ 1551 പേർ ജോലിയുള്ളവരും 7731 പേർ താൽക്കാലിക ജോലിയുള്ളവരും ആണ്. 42121 പേർ ജോലിയില്ലാത്തവർ ആണ്. കിടപ്പിലായ അംഗപരിമിതരുടെ എണ്ണം 3737 പേർ ആണ്.

8966 പേർക്ക് സഹായ ഉപകരണങ്ങൾ നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. ഇതിൽ 6509 പേർക്ക് സഹായ ഉപകരണങ്ങൾ ലഭിച്ചിട്ടുണ്ടെങ്കിലും 5928 പേർ മാത്രമാണ് സഹായ ഉപകരണങ്ങൾ ഉപയോഗിക്കുന്നത്.

| നിലവിലെ അവസ്ഥ | എണ്ണം |
|---|---|
| ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവർ | 4634 |
| സെറിബ്രൽ പൾസി | 406 |
| ഓട്ടിസം | 207 |
| ബഹുവൈകല്യം | 8810 |
| ആകെ | 14057 |
| രക്ഷകർതൃ സർട്ടിഫിക്കറ്റ് ലഭിച്ചവർ | 668 |

*അംഗപരിമിത സെൻസസ് 2015*

ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവർ, സെറിബ്രൽ പൾസി ഓട്ടിസം ബഹുവൈകല്യം എന്നീ വിഭാഗത്തിൽപ്പെടുന്നവർ നാഷണൽട്രസ്റ്റ് ആക്ടിന്റെ പരിധിയിൽ വരുന്നു. നാഷണൽ ട്രസ്റ്റിന്റെ പരിധിയിൽ വരുന്ന 14057 പേരിൽ 668 പേർക്ക് രക്ഷകർതൃ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ട്

| നിലവിലെ അവസ്ഥ | |
|---|---|
| **വൈകല്യം** | **എണ്ണം** |
| ബഹുവൈകല്യം | 880 |
| ചലനവൈകല്യം | 409 |
| ബുദ്ധിപരമായ വെല്ലുവിളി | 328 |
| കാഴ്ച ഇല്ലായ്മ | 147 |
| കേൾവി ഇല്ലായ്മ | 108 |
| ഹ്രസ്വകായത്വം | 19 |

*അംഗപരിമിത സെൻസസ് 2015*

ബഹുവൈകല്യം, ചലനവൈകല്യം, ബുദ്ധിപരമായ വെല്ലുവിളി, കാഴ്ച ഇല്ലായ്മ കേൾവി ഇല്ലായ്മ, ഹ്രസ്വകായത്വം എന്നീ വൈകല്യങ്ങൾ രക്ത ബന്ധത്തിലേർപ്പെട്ട മാതാപിതാക്കളുടെ കുട്ടികളിൽ കണ്ടു വരുന്നു.

അംഗപരിമിതരായ മുഴുവൻപേർക്കും വീട് ആരോഗ്യ ഇൻഷ്വറൻസ്, മെഡിക്കൽ ഡിസബിലിറ്റി സർട്ടിഫിക്കറ്റ്, തിരിച്ചറിയൽകാർഡ്, സഹായ ഉപകരണങ്ങൾ, എന്നിവ ലഭിച്ചിട്ടില്ല. ഗവൺമെന്റ് വൃദ്ധവികലാംഗസദനത്തിനും ആലിശ്ശേരിയിൽ പ്രവർത്തിക്കുന്ന ഭിന്നശേഷിക്കാരായ കുട്ടികൾക്കുള്ള ഗവൺമെന്റ് കെയർഹോമിനും ആവശ്യത്തിനുള്ള സ്ഥലസൌകര്യമോ കെട്ടിട സൌകര്യമോ ഇല്ല.

## കാഴ്ചപ്പാട്

അംഗപരിമിതരായ 51403 പേർക്ക് ശാരീരിക മാനസിക ആരോഗ്യപദ്ധതികൾ നടപ്പിലാക്കി സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൈപിടിച്ചുയർത്തുകയാണ് ജില്ലാതല കാഴ്ചപ്പാട്. അംഗപരിമിതരായ മുഴുവൻപേർക്കും വീട്, ആരോഗ്യ ഇൻഷ്വറൻസ്, മെഡിക്കൽ ഡിസബിലിറ്റി സർട്ടിഫിക്കറ്റ്, തിരിച്ചറിയൽകാർഡ്, സഹായ ഉപകരണങ്ങൾ, എന്നിവ നൽകുന്നതിനായി എസ് ഐ ഡി, സാമൂഹ്യനീതി വകുപ്പ്, ആരോഗ്യ വകുപ്പ്, തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ, കുടുംബശ്രീ, ദാരിദ്ര ലഘൂകരണ യൂണിറ്റ്, പട്ടികജാതി വകുപ്പ്, വികലാംഗ ക്ഷേമ കോർപ്പറേഷൻ എന്നീ വകുപ്പുകളുമായി സഹകരിച്ച് പ്രവർത്തിയ്ക്കുകയാണ് ലക്ഷ്യം.

## നിർദ്ദേശങ്ങൾ

### മേൽത്തട്ട്

- അംഗപരിമിതരുടെ ശാരീരിക മാനസിക ആരോഗ്യ പരിപാലനത്തിനുള്ള പുനരധിവാസ കേന്ദ്രം, വൊക്കേഷണൽ ട്രയിനിംഗ് സെന്റർ, എന്നിവ ആരംഭിക്കുന്നതിന് ലെപ്രസി സാനിറ്റോറിയത്തിൽ രണ്ട് ഏക്കർ സ്ഥലം ലഭ്യമാക്കുക.
- അംഗപരിമിതരെ വരുമാന പരിധിയിൽനിന്നും ഒഴിവാക്കുക.
- നാഷണൽ ട്രസ്റ്റ് ആക്ടിന്റെ പരിധിയിൽ വരുന്ന ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവർ,സെറിബ്രൽ പൾസി,ഓട്ടിസം, ബഹുവൈകല്യം എന്നീ വിഭാഗത്തിലെ അംഗപരിമിതരുടെ സഞ്ചാര സ്വാതന്ത്ര്യം ഉറപ്പുവരുത്തുന്നതിന് ലീഗൽഗാർഡിയന് സൈഡ് വീൽൽ ഘടിപ്പിച്ച സ്കൂട്ടർ നൽകുക.
- നിരാമയ ഇൻഷ്വറൻസ് പദ്ധതി പഞ്ചായത്ത് തലത്തിൽ നടപ്പിലാക്കുന്നതിന് എസ് ഐ ഡി യെ ചുമതലപ്പെടുത്തുക.

- വരുമാനപരിധി നോക്കാതെ എല്ലാ അംഗപരിമിതർക്കും ചികിത്സ സൌജന്യമാക്കുക.
- അംഗപരിമിതർക്ക് ആവശ്യമുളള സഹായ ഉപകരണങ്ങൾ ജില്ലയിൽ തന്നെ ലഭ്യമാക്കുന്നതിനും സഹായഉപകരണങ്ങളുടെ മെയിന്റനൻസിനും ജില്ലയിൽ ഒരു നിർമ്മാണ യൂണിറ്റ് ആരംഭിക്കുന്നതിന് സ്ഥലം ലഭ്യമാക്കുക.
- മായിത്തറ ഗവൺമെന്റ് വൃദ്ധവികലാംഗ സദനത്തിന് പ്രത്യേക സ്ഥലവും കെട്ടിടവും ലഭ്യമാക്കുക.
- ആലിശ്ശേരിയിൽ പ്രവർത്തിയ്ക്കുന്ന അംഗപരിമിതരായ കുട്ടികൾക്കുളള ഗവൺമെന്റ് കെയർഹോമിന് പ്രത്യേക സ്ഥവലവും കെട്ടിടവും ലഭ്യമാക്കുക.
- അംഗപരിമിതർക്ക് ആവശ്യമുളള ഉപകരണവും വാഹനവും ലഭിയ്ക്കുന്നതിന് വേണ്ടി രജിസ്റ്റർ ചെയ്യുന്നത് ഓൺലൈൻ ആക്കുക.
- ആരോഗ്യവകുപ്പുമായി ചേർന്ന് ജില്ലയിൽ ജനിയ്ക്കുന്ന എല്ലാ കുട്ടികൾക്കും കേൾവി പരിശോധിയ്ക്കുന്ന OAE (oto accouistic emission) സൌകര്യം എല്ലാ ആശുപത്രികളിലും ആരംഭിയ്ക്കുക .
- എല്ലാ ബ്ലോക്കുകളിലും ഒരു ഫിസിയോ തെറാപ്പി യൂണിറ്റ് തുടങ്ങുക.
- അംഗപരിമിതർക്ക് സഹായ ഉപകരണങ്ങൾ ലഭിക്കുന്നതിന് വികലാംഗക്ഷേമ കോർപ്പറേഷന്റെ യൂണിറ്റ് ജില്ലയിൽ ആരംഭിക്കുക.

## കീഴ്ഘട്ട്

- ജില്ലയിലെ എല്ലാ അംഗപരിമിതർക്കും എസ് ഐ ഡി, ആരോഗ്യവകുപ്പ മുഖേന യു ഡി ഐ ഡി, മെഡിക്കൽ ഡിസബിലിറ്റി സർട്ടിഫിക്കറ്റ് എന്നിവ ലഭ്യമാക്കുക.
- അംഗപരിമിതർക്കുളള പദ്ധതി തയ്യാറാക്കുമ്പോൾ 22 വിഭാഗം അംഗപരിമിതരേയും ഉൾപ്പെടുത്തുക.
- ആരോഗ്യവകുപ്പ്, എസ് ഐ ഡി, വികലാംഗക്ഷേമ കോർപ്പറേഷൻ എന്നിവയുമായി ചേർന്ന് ആവശ്യമുളള എല്ലാ അംഗപരിമിതർക്കും സഹായ ഉപകരണങ്ങൾ ലഭ്യമാക്കുക.
- എൽ എസ് ജി ഡിയുമായി ചേർന്ന് സഹായ ഉപകരണങ്ങൾ ആവശ്യമുളള എല്ലാ അംഗപരിമിതരുടേയും ഡാറ്റാ ബാങ്ക് പഞ്ചായത്ത് തലത്തിൽ തയ്യാറാക്കുക.
- കൂടുതൽ വൈകല്യമുളളവർക്ക് മുൻഗണന നൽകുക.
- തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുമായി ചേർന്ന് എല്ലാ പഞ്ചായത്തുകളും, മുനിസിപ്പാലിറ്റികളും ബഡ്സ്സ്കൂളും, ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററും ആരംഭിക്കുക.
- LSGD, PWD എന്നിവയുമായി ചേർന്ന് പൊതു ഇടങ്ങൾ അംഗപരിമിത സൌഹൃദമാക്കുക.
- നാഷണൽ ട്രസ്റ്റ് ആക്ടിന്റെ പരിധിയിൽ വരുന്ന എല്ലാ അംഗപരിമിതർക്കും ലീഗൽ ഗാർഡിയൻഷിപ്പ് സർട്ടിഫിക്കറ്റ് ലഭ്യമാക്കുക.
- തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ, കുടുംബശ്രീ, ജില്ലാ എംപ്ലോയ്മെന്റ് ഓഫീസ് എന്നിവ മുഖേന തൊഴിൽ ഇല്ലാത്ത എല്ലാ അംഗപരിമിതർക്കും സ്വയംതൊഴിൽ പദ്ധതി ആവിഷ്കരിയ്ക്കുക.

- ആരോഗ്യവകുപ്പ്, എസ് ഐ ഡി എന്നിവയുമായി ചേർന്ന് ഡിസ്ലിക് ഏർളി ഇന്റർവെൻഷൻ സെന്ററിലേയ്ക്ക് കുട്ടികളെ എത്തിയ്ക്കുന്നതിനുവേണ്ടിയുള്ള ബോധവൽക്കരണ പരിപാടി.
- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായിചേർന്ന് സ്പെഷ്യൽ അങ്കണവാടികൾ തുടങ്ങുക.

## d) ഭിന്നലിംഗക്കാർ

ആലപ്പുഴ ജില്ലയിൽ 69 ട്രാൻസ്ജൻഡേഴ്സ് ഉണ്ട്. (ഡിസബിലിറ്റി സർവ്വേ 2015) ട്രാൻസ്ജൻഡർ വിഭാഗത്തിനുവേണ്ടി സാമൂഹ്യനീതി വകുപ്പ് ഐഡൻറ്റിറ്റി കാർഡ്, സ്കോളർഷിപ്പ്, ജീവിതനൈപുണ്യത്തിനുതകുന്ന കോഴ്സുകൾക്ക് സൌജന്യ സഹായം സൌജന്യ ഡ്രൈവിംഗ് പരിശീലനം എന്നിവ ആവിഷ്കരിച്ചിട്ടുണ്ട്. പത്രമാധ്യമങ്ങളിലൂടെ വ്യാപക പ്രചരണം നടത്തിയിട്ടും ടി വിഭാഗത്തിൽപ്പെടുന്നവർ മുഖ്യധാരയിലേയ്ക്ക് വന്നിട്ടില്ല. കുടുംബത്തിൽനിന്നോ സമൂഹത്തിൽ നിന്നോ ഉള്ള പിന്തുണ ഇല്ലാത്തതും ജില്ലയിൽ CBC പ്രവർത്തിക്കാത്തതുമാണ് ട്രാൻസ്ജൻഡർ സമൂഹം മുഖ്യധാരയിലേയ്ക്ക് വരുന്നതിൽ വൈമുഖ്യം കാണിക്കുന്നതെന്ന് അനുമാനിക്കുന്നു.

### കാഴ്ചപ്പാട്

പൊതുസമൂഹത്തിന് ബോധവത്ക്കരണം നൽകി ട്രാൻസ്ജൻഡേഴ്സിനെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരുകയും സർക്കാർ ആരംഭിച്ചിച്ചുള്ള വിവിധ പദ്ധതികൾ ട്രാൻസ്ജൻഡർ വിഭാഗത്തിന്റെ ഉന്നമനത്തിനായി നടപ്പിലാക്കുകയാണ് ജില്ലാതല കാഴ്ചപ്പാട്.

- ട്രാൻസ്ജൻഡർ വിഭാഗത്തിന് സ്വന്തം വീട്ടിൽനിന്നും സമൂഹത്തിൽ നിന്നും സ്കൂളിൽനിന്നും ഉണ്ടാവുന്ന മാനസിക പീഡനം അവസാനിപ്പിയ്ക്കുക.
- ട്രാൻസ്ജൻഡർ വിഭാഗത്തിനെ സമൂഹത്തിന്റെ മുഖ്യധാരയിൽ കൊണ്ടുവരിക.
- ട്രാൻസ്ജൻഡേഴ്സിന് സ്വയം തൊഴിൽ പദ്ധതി ആരംഭിയ്ക്കുക.
- ട്രാൻസ്ജൻഡർ സമൂഹം നേരിടുന്ന ആരോഗ്യപ്രശ്നങ്ങൾക്ക് പരിഹാരം കാണുക.
- ട്രാൻസ്ജൻഡേഴ്സിന്റെ കലാകയിക അഭിരുചികൾ പ്രോത്സാഹിപ്പിയ്ക്കുക.

### നിർദ്ദേശങ്ങൾ

**മേൽത്തട്ട്**

- ജുവനൈൽജസ്റ്റിസ് ആക്ട്, ലൈംഗികാതിക്രമങ്ങളിൽനിന്ന് സ്ത്രീകളെ സംരക്ഷിക്കുന്ന നിയമം എന്നീ നിയമങ്ങളിൽ ട്രാൻസ്ജൻഡർ വിഭാഗത്തെകൂടി ഉൾപ്പെടുത്തുക.
- റീ അസൈൻമെന്റ് സർജറി നടത്തുന്നതിന് സർക്കാർ ആശുപത്രികളിൽ ഒരു ഫണ്ട് രൂപീകരിയ്ക്കുക.
- ട്രാൻസ്ജൻഡേഴ്സിന് ആരോഗ്യ ഇൻഷ്വറൻസ് ഏർപ്പെടുത്തുക.
- ട്രാൻസ്ജൻഡേഴ്സിന് കലാകായിക അഭിരുചികൾ പ്രോത്സാഹിപ്പിയ്ക്കുന്നതിനായി ടൂറിസം സാംസ്കാരിക വകുപ്പുമായി ബന്ധപ്പെട്ട് ട്രാൻസ്ജൻഡേഴ്സ് ഫെസ്റ്റ് നടപ്പിലാക്കുക.

- ട്രാൻസ്ജൻഡേഴ്സ് ഹെൽപ്പ് ലൈൻ ആരംഭിയ്ക്കുക.
- ട്രാൻസ്ജൻഡർ വിഭാഗത്തിലുള്ളവരെ അവഹേളിയ്ക്കുന്നവർക്കെതിരെ നിയമ നടപടി സ്വീകരിയ്ക്കുക.
- ലൈഫ് പദ്ധതിയിൽ ട്രാൻസ്ജെന്റേഴ്സിന് മുൻഗണന നൽകുക.

## കീഴ്ഘട്ട്

- ഗ്രാമവികസനം, കുടുംബശ്രീ, എൽ എസ് ജി ഡി സഹായത്തോടെ ഹൌസിംഗ് പദ്ധതിയിൽ ട്രാൻസ്ജൻഡേഴ്സിന് മുൻഗണന നൽകുക.
- പോലീസ്, അദ്ധ്യാപകർ, വിദ്യാർത്ഥികൾ, വീട്ടുകാർ എന്നിവർക്ക് ബോധവൽക്കരണം നൽകുക.
- എൽ എസ് ജി ഡി / പി .ഡബ്ലിയു.ഡി ആഭിമുഖ്യത്തിൽ സഹായത്തോടെ ട്രാൻസ്ജൻഡേഴ്സിന് പ്രത്യേക ടോയ് ലറ്റ് സൌകര്യം ഏർപ്പെടുത്തുക.
- കുടുംബശ്രീയുടെ സഹായത്തോടെ എല്ലാ പഞ്ചായത്തുകളിലും, മുനിസിപ്പാലിറ്റികളിലും ട്രാൻസ്ജൻഡേഴ്സ് വിഭാഗത്തിനുവേണ്ടി പ്രത്യേക സ്വയം സഹായ ഗ്രൂപ്പുകൾ ആരംഭിയ്ക്കുക.
- ആരോഗ്യവകുപ്പിന്റെ സഹായത്തോടെ ട്രാൻസ്ജൻഡേഴ്സിന് കൌൺസിലിംഗ് ഏർപ്പെടുത്തുക.

## e) ജയിൽമോചിതരും കുടുംബാംഗങ്ങളും

സാമൂഹ്യ സുരക്ഷിതത്വം ആവശ്യമായ വിഭാഗമാണ് ജയിൽമോചിതരും അവരുടെ കുടുംബാംഗങ്ങളും. ആലപ്പുഴ ജില്ലയിൽ ജീവപര്യന്തം തടവു ശിക്ഷ അനുഭവിച്ചതിനു ശേഷം ജയിൽ മോചിതരായവരുടെ കഴിഞ്ഞ 3 വർത്തെ കണക്ക് ചുവടെ ചേർക്കുന്നു.

2014 –15 –8

2015 –16 –7

2016 –17 –6

## കാഴ്ചപ്പാട്

ജയിൽ മോചിതരായ കുറ്റവാളികളെ വീണ്ടും കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നതിനുള്ള സാഹചര്യം ഇല്ലാതാക്കി അവരെയും കുടുംബത്തേയും സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരികയാണ് ജില്ലാതല കാഴ്ചപ്പാട് .

## ലക്ഷ്യങ്ങൾ

- ജയിൽമോചിതരായ കുറ്റവാളികളെ പുനരധിവസിപ്പിയ്ക്കുക.
- തടവുകാരുടെ മക്കളുടെ വിദ്യാഭ്യാസം ഉറപ്പുവരുത്തുക.
- ജയിലിൽ കഴിയുന്നവരുടെ ആശ്രിതരെ പുനരധിവസിപ്പിയ്ക്കുക.

## നിർദ്ദേശങ്ങൾ

### മേൽത്തട്ട്

- ജയിൽ മോചിതരായ കുറ്റവാളികളുടെ ധനസഹായം 25,000/- രൂപയായി വർദ്ധിപ്പിയ്ക്കുക
- ജയിലിൽ കഴിയുന്നവരുടെ ആശ്രിതർക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള ധനസഹായം 25,000/- രൂപയായി വർദ്ധിപ്പിയ്ക്കുക.
- കൊല്ലപ്പെട്ടയാളുടെ കുടുംബത്തിലെ ആശ്രിതർക്കുകൂടി പുനരധിവാസത്തിനും സ്വയം തൊഴിൽ കണ്ടെത്തുന്നതിനുമുള്ള ധനസഹായ പദ്ധതിയിൽ ഉൾപ്പെടുത്തുക.
- ജയിലിൽ കഴിയുന്നവരുടെ ആശ്രിതർക്കുള്ള ഗണത്തിൽ മാതാപിതാക്കളെക്കൂടി ഉൾപ്പെടുത്തുക. (അവിവാഹിതരായ തടവുകാരുടെ ആശ്രിതർക്ക് ധനസഹായം ലഭിയ്ക്കുന്നില്ല.)

### കീഴ്ത്തട്ട്

- ജയിൽമോചിതരായ കുറ്റവാളികൾക്ക് പുനരധിവാസത്തിന് ധനസഹായം നൽകുക
- തടവുകാരുടെ മക്കൾക്ക് വിദ്യാഭ്യാസ ധനസഹായം നൽകുക.
- ജയിലിൽ കഴിയുന്നവരുടെ ആശ്രിതർക്ക് (ഭാര്യ / മക്കൾ) സ്വയം തൊഴിൽ കണ്ടെത്തുന്നതിന് ധനസഹായം നൽകുക.

# ഭാഗം 2

## ജില്ലാ പദ്ധതി നിർദ്ദേശങ്ങൾ

# അദ്ധ്യായം 5

# കേന്ദ്ര, സംസ്ഥാന സർക്കാരുകൾ ജില്ലയിൽ നടപ്പാക്കുന്ന പദ്ധതികളുടെ അവലോകനവും നിർദ്ദേശങ്ങളും

## കേന്ദ്രാവിഷ്കൃത പദ്ധതി

ജില്ലയിൽ കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്നതും മറ്റ് ജില്ലകൾക്കുകൂടി പ്രയോജനം ലഭിക്കുന്നതുമായ (Category II) പദ്ധതികൾക്ക് വിവിധ വകുപ്പുകൾവഴി 2017-18 വർഷത്തിൽ കാർഷിക അനുബന്ധ മേഖലയ്ക്കുമായി 960.00 ലക്ഷം രൂപ ലഭ്യമായിട്ടുണ്ട്. വാർഷിക ബഡ്ജറ്റ് പരിശോധിക്കുമ്പോൾ മത്സ്യമേഖലയ്ക്കാണ് മുഴുവൻ തുകയും അനുവദിച്ചിട്ടുള്ളത്.

**Schemes Under Category II**

(Rs. in lakh)

| Code No. | Name of Scheme | Amount |
|---|---|---|
| 1 | 2 | 3 |
| I. AGRICULTURE | | |
| 1.5 FISHERIES | | |
| | Harbour Engineering | |
| 1 | Management of Fishing Harbours 4405-00-104-38(60% CSS) | 60.00 |
| 2 | Arthungal Fishery Harbour-4405-00-104-45(60% CSS) | 900.00 |
| **SUB TOTAL** | | **960.00** |

*(അവലംബം: വാർഷിക പദ്ധതി 2017-18)*

കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ജില്ലയ്ക്കുവേണ്ടിയുളള പ്രത്യേക പരിപാടിയിൽ (Category III) വിവിധ വകുപ്പുകൾക്കായി 5035.00 ലക്ഷം രൂപ താഴെ പറയുന്ന പ്രകാരം അനുവദിച്ചിട്ടുണ്ട്. സഹകരണ മേഖലയിലെ വിവിധ വകുപ്പുകൾക്ക് 35.00 ലക്ഷം രൂപയും പദ്ധതി വെള്ളപ്പൊക്ക നിയന്ത്രണം (കടൽ ക്ഷോഭം ഉൾപ്പടെ) വകുപ്പുകൾക്ക് 5000.00 ലക്ഷം രൂപയും ലഭ്യമായിട്ടുണ്ട്.

## Schemes Under Category III

(Rs. in lakh)

| Code No. | Name of Scheme | Portion of the Central Share (%) | Amount |
|---|---|---|---|
| 1 | 2 | 3 | 4 |
| III. CO-OPERATION | | | |
| COP025 | Assistance to Primary Marketing Co-operatives and Federations | 100% | 35.00 |
| CO-OPERATION (TOTAL) | | | 35.00 |
| 4.4 FLOOD CONTROL (INCLUDING ANTI SEA EROSION | | | |
| | PMKSY -Kuttanad Flood Management Component | 50% | 5000.00 |
| SUB TOTAL | | | 5000.00 |
| IX. SOCIAL AND COMMUNITY SERVICES | | | |
| 9.8 URBAN DEVELOPMENT SECTOR | | | |
| GRAND TOTAL | | | 5035.00 |

*(അവലംബം: വാർഷിക പദ്ധതി 2017-18)*

കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം ജില്ലയിലെ വിവിധ വകുപ്പുകൾക്ക് (CategoryIV) ലഭ്യമായ വിഹിതം 5118.99 ലക്ഷം രൂപയാണ്. കാർഷിക മേഖലയിൽ, കാർഷിക വിളകൾക്ക് 100 ശതമാനം കേന്ദ്രാവിഷ്കൃത പദ്ധതിയിലൂടെ 0.09 ലക്ഷം രൂപ ബയോഗ്യാസ് ഡവലപ്പ്മെന്റ് പ്രോജക്ടീവ് ലഭ്യമായി. മറ്റു കേന്ദ്രാവിഷ്കൃത പദ്ധതിപ്രകാരം കാർഷിക വിളകൾക്ക് 1500.00 ലക്ഷം രൂപയും, മൃഗ സംരക്ഷണത്തിന് 129.00 ലക്ഷം രൂപയും, മത്സ്യമേഖലയ്ക്ക് 300.00 ലക്ഷം രൂപയും, വനം-വന്യജീവി സംരക്ഷണത്തിന് 62.00 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

## Schemes under Category IV

| Code No | Name of Scheme | Portion of the Central Share (%) | Amount |
|---|---|---|---|
| 1 | 2 | 3 | 4 |
| **I. AGRICULTURE** | | | |
| **1.1 CROP HUSBANDRY** | | | |
| GR180 | Umbrella scheme on Krishi Unnathi Yojana & other CSS (60% state share) | | |
| 1 | a) Sub mission on Agriculture Extension (SAME) - state share | 60% | 150.00 |
| | b) Other CSS (60% CSS) - state share | 60% | 1350.00 |
| AGR069 | National Biogas Development Project | 100% | 0.09 |
| **SUB TOTAL** | | | **1500.09** |
| **1.3 ANIMAL HUSBANDRY** | | | |
| AHY 019 | Animal Husbandry Statistics & Sample Survey Central share | 50% | 9.00 |
| AHY 122 | Rashtriya Pasudhan Vikas Yojana -Central share | 60% | 120.00 |
| **SUB TOTAL** | | | **129.00** |

| | | | |
|---|---|---|---|
| **1.5 FISHERIES** | | | |
| FSH 181 | Blue revolution - Intergrated development and Management of Fisheries (60%CSS) 2405-00-103-77 | | 300.00 |
| **SUB TOTAL** | | | **300.00** |
| **1.6 FOREST & WILDLIFE** | | | |
| 1 | 2406-02-110-35 Project Elephant (60% central share) | 60% | 50.00 |
| 2 | 2406-02-110-32 Conservation of Natural Resources and Eco-systems (Wetland Conservation) (60% central share) | 60% | 12.00 |
| **SUB TOTAL** | | | **62.00** |
| **AGRICULTURE (TOTAL)** | | | **1991.09** |
| **II. RURAL DEVELOPMENT** | | | |
| RDT 046 | National Rural Livilihood Mission (NRLM) | 60% | 375.00 |
| RDT 042 | Administrative cost of DRDAs | 60% | 45.87 |
| RDT 065 | Pradhan Mantri Krishi Sinchai Yojana (PMKSY) - Water Shed Component | 60% | 248.78 |
| **SUB TOTAL** | | | **669.65** |
| **2.2 COMMUNITY DEVELOPMENT AND PANCHAYATS** | | | |
| CDT 027 | Swachh Bharat Mission (Gramin) | 60% | 467.00 |
| **SUB TOTAL** | | | **467.00** |
| **RURAL DEVELOPMENT (TOTAL)** | | | **1136.65** |
| **IX. SOCIAL AND COMMUNITY SERVICES** | | | |
| **9.6 WATER SUPPLY AND SANITATION** | | | |
| SWS 063 | National Rural Drinking Water Programme (Accelerated rural water supply scheme') | 50% | 698.00 |
| **SUB TOTAL** | | | **698.00** |
| **9.8 URBAN DEVELOPMENT SECTOR** | | | |
| **Kudumbashree** | | | |
| UDT 133 | DAY- NULM Deendayal Antyodadya Yojana-National urban Livelihood Mission | 60% | 139.70 |
| UDT138 | Pradan Mantri Awas Yojana(PMAY) Municipality | 60% | 1095.00 |
| **SUB TOTAL** | | | **1234.70** |
| **9.11 WELFARE OF SC/ST/OBC, MINORITIES AND FORWARD COMMUNITIES** | | | |
| WBC 020 | Implementation of Protection of Civil Rights (PCR) Act and Prevention of Atrocities (PoA) Act (50% State Share) | 50% | 51.00 |
| **SCHEDULED TRIBES DEVELOPMENT** | | | |
| WBC026 | Enforcement of Prevention of Atrocities Act | 50% | 0.55 |
| WBC 301 | Pre-matric Scholarship for Tribal Students styudying in IX & X classes | 100% | 8.00 |
| WBC 343 | Vanbandhu Kalyan Yojana | 100% | 50.00 |
| **SUB TOTAL** | | | **58.55** |
| **SOCIAL AND COMMUNITY SERVICES (TOTAL)** | | | **1991.25** |
| **GRAND TOTAL** | | | **5118.99** |

*(അവലംബം: വാർഷിക പദ്ധതി 2017-18)*

ഗ്രാമ വികസനമേഖലയ്ക്ക് ജില്ലയിലെ വിവിധ വകുപ്പുകൾക്കായി മറ്റു കേന്ദ്രാവിഷ്കൃത പദ്ധതിപ്രകാരം 1136.65 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്. ഇതിൽ തന്നെ എൻ.ആർ.എൽ.എം. (375.00 ലക്ഷം രൂപ), സി.ആർ.ഡി.എ (45.87 ലക്ഷം രൂപ) പി.എം.കെ.എസ്സ്.വൈ (248.78 ലക്ഷം രൂപ) സ്വച്ഛ് ഭാരത് മിഷൻ പ്രവർത്തനത്തിനായി 467.00ലക്ഷം രൂപയും ജില്ലയ്ക്ക് അനുവദിച്ചിട്ടുണ്ട്.

സാമൂഹിക സേവന മേഖലയ്ക്കായി 1991.25 ലക്ഷം രൂപ ലഭ്യമായിട്ടുണ്ട്. 100 ശതമാനം കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം പട്ടികവർഗ്ഗ വികസനത്തിന്റെ ഭാഗമായി 9-10 ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രി-മെട്രിക് സ്കോഷർഷിപ്പിന് 8.00 ലക്ഷം രൂപയും വനബന്ധു കല്യാണ യോജനയ്ക്ക് 50.00 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. മറ്റ് കേന്ദ്രാവിഷ്കൃത പദ്ധതി മുഖേന വിവിധ വകുപ്പുകൾക്ക് ലഭ്യമായിട്ടുള്ള തുക താഴെ പറയുന്ന പ്രകാരം ആണ്.

| | | |
|---|---|---|
| ജലവിതരണം | - | 698.00 ലക്ഷം രൂപ |
| നഗരവികസനം | - | 1234.7 ലക്ഷം രൂപ |
| പട്ടികജാതി/പട്ടികവർഗ്ഗ/മറ്റ് പിന്നോക്കവിഭാഗം/ മറ്റ് മുന്നോക്ക-പിന്നോക്ക വിഭാഗം | - | 51.00 ലക്ഷം രൂപ |
| പട്ടികവർഗ്ഗ വികസനം | - | 0.55 ലക്ഷം രൂപ |

## ജില്ലയിൽ നടപ്പാക്കുന്ന 100% കേന്ദ്രാവീഷ്കൃത പദ്ധതികൾ

*(രൂപ ലക്ഷത്തിൽ)*

| ക്രമ നം. | വകുപ്പിന്റെ പേര് | പദ്ധതികളുടെ പേര് | അനുവദിച്ച തുക | ചെലവഴിച്ച തുക | ചെലവ് %ൽ |
|---|---|---|---|---|---|
| 1 | Deputy Director, Economics & Statistics Department, Alappuzha | Timely Reporting Survey of Agricultural Statistics Scheme-EARAS (100%CSS) | 133.89 | 147.31 | 110.02 |
| 2 | District Development Officer for SCs, Alappuzha | Post-metric scholarship (SC) (100 % CSS) | 4.78 | 0 | 0 |
| 3 | Joint Registrar, Co-operative Societies, Alappuzha | Assistance to Primary Marketing Co-operatives and Federations (NCDC Assistance) | 35 | 0 | 0 |
| **Total** | | | **173.67** | **147.31** | **84.82** |

*(അവലംബം: വാർഷിക പദ്ധതി 2017-18)*

# സംസ്ഥാനാവിഷ്കൃത പദ്ധതി

ആലപ്പുഴ ജില്ലയിൽ സംസ്ഥാനാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്നതും മറ്റു ജില്ലകൾക്കുകൂടി പ്രയോജനം ലഭിക്കുന്നതുമായ തരത്തിൽ (കാറ്റഗറി II) വിവിധ വകുപ്പുകൾക്കായി 2017-18 കാലയളവിൽ ആകെ 9319.00 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ കാർഷികവും മറ്റു അനുബന്ധ മേഖലയ്ക്കും കൂടി 1982.90 ലക്ഷം രൂപ വകയിരുത്തുകയുണ്ടായി. ഈ വിഹിതത്തിൽ നിന്നും കാർഷിക വിളകൾക്ക് (crop husbandory) 69.33 ലക്ഷം രൂപയും, മണ്ണ്-ജല സംരക്ഷണത്തിനായി 23.57 ലക്ഷം രൂപയും, മത്സ്യ മേഖലയ്ക്ക് 1890.00 ലക്ഷം രൂപയും ലഭിച്ചിട്ടുണ്ട്. ഈ മേഖലയിൽ ലഭ്യമായിട്ടുള്ള വിഹിതത്തിൽ നല്ലൊരു ഭാഗവും മത്സ്യമേഖലയ്ക്ക് അനുവദിച്ചിട്ടുണ്ട്. ഗ്രമതല-ചെറുകിട വ്യവസായങ്ങൾക്കുവേണ്ടി 6424.00 ലക്ഷം രൂപയാണ് ജില്ലയ്ക്ക് അനുവദിച്ചിട്ടുള്ളത്. വാർഷിക ബഡ്ജറ്റ് പരിശോധിക്കുമ്പോൾ ചെറുകിട വ്യവസായ മേഖലയ്ക്കാണ് കൂടുതൽ തുക സംസ്ഥാനാവിഷ്കൃ പദ്ധതിയിൽ നിന്നും അനുവദിച്ചിട്ടുള്ളത്.

## Schemes Under Category II

(Rs. in lakh)

| Code No. | Name of Scheme | Amount |
|---|---|---|
| 1 | 2 | 3 |
| AGR001 | Research | 69.33 |
| | SUB TOTAL | 69.33 |
| SWC 016 | Training to Departmental Staff & Others | 23.57 |
| | SUB TOTAL | 23.57 |
| 1 | Management of Fishing Harbours | 40.00 |
| 2 | NABARD Schemes 4405-00-104-54 | 1250.00 |
| 5 | Arthungal Fishery Harbour-4405-00-104-45(60% CSS) | 600.00 |
| | SUB TOTAL | 1890.00 |
| | AGRICULTURE (TOTAL) | 1982.9 |
| MLI002 | Kerala State Industrial Development Corporation (KSIDC) | 2400.00 |
| MLI033 | Rejuvenation and Revival of viable PSUs | 4024.00 |
| | SUB TOTAL | 6424.00 |
| | VILLAGE AND SMALL INDUSTRIES (TOTAL) | 6424.00 |
| RPT 001 | Development of Infrastructure and Modernization of workshops in KSRTC | 130.00 |
| | SUB TOTAL | 130.00 |
| | Construction and modernisation of jetties | 100.00 |
| | Development of feeder canals | 95.00 |
| | Providing Navigational aids | 20.00 |
| | Investigation of IWT schemes | 32.00 |
| | SUB TOTAL | 247.00 |

| | | |
|---|---|---|
| TRANSPORT AND COMMUNICATION (TOTAL) | | 377.00 |
| ATC 016 | State Library Council | 4.70 |
| ATC 004 | Museum Developmentand Display Techniques | 90.00 |
| ATC 007 | Buildings | 138.00 |
| SUB TOTAL | | 232.70 |
| MPS 103 | Assistance to Kerala State Homoeo Co-operative Pharmacy Ltd. (HOMCO) , Alappuzha | 70.00 |
| SUB TOTAL | | 70.00 |
| WBC 281 | Management of Model Residential Schools including Ayyankali Memorial Model Residential School for Sports, Vellayani | 150.00 |
| | TOTAL | 150.00 |
| WBC 236 | Management cost for the model residential School and Ashram school | 31.00 |
| WBC 123 | Improving facilities and renovation Pre-metric and post meric Hostels | 10.00 |
| | TOTAL | 41.00 |
| SUB TOTAL | | 191.00 |
| SOCIAL AND COMMUNITY SERVICES (TOTAL) | | 493.70 |
| SES 070 (20) | Setting up of District Control Rooms | 5.70 |
| | Modernisation& Rennovation of other checkposts | 35.70 |
| SUB TOTAL | | 41.40 |
| ECONOMIC SERVICES (TOTAL) | | 41.40 |
| **GRANT TOTAL** | | **9319.00** |

ഗതാഗതം-വാർത്താവിനിമയ മേഖലയിലെ വിവിധ വകുപ്പുകൾക്കായി 377.00 ലക്ഷം രൂപ വക കൊള്ളിച്ചിട്ടുണ്ട്. ഇതിൽ ഓരോ വകുപ്പിനും അനുവദിച്ച തുക താഴെ പറയും പ്രകാരം. KSRTC (130.00 ലക്ഷം രൂപ), ജല ഗതാഗതം (247.00 ലക്ഷം രൂപ). ഇതിൽ തന്നെ ജല ഗതാഗത വകുപ്പിൽ കൂടുതൽ തുക നൽകിയത് ജെട്ടികളുടെ നിർമ്മാണത്തിനും അതിന്റെ ആധുനികവത്കരണത്തിനും വേണ്ടിയാണ്.

സാമൂഹിക പ്രവർത്തനങ്ങൾക്കും, കമ്മ്യൂണിറ്റി സേവനങ്ങൾക്കും വേണ്ടി ആകെ 493.7 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്. ഇതിൽ കലാ-സംസ്കാരിക വകുപ്പിന് 232.7 ലക്ഷം രൂപയും, ആരോഗ്യവകുപ്പിന് 70.00 ലക്ഷം രൂപയും, പട്ടികജാതി വികസന വകുപ്പിന് 150.00 ലക്ഷം രൂപയും, പട്ടികവർഗ്ഗ വികസന വകുപ്പിന് 41.00 ലക്ഷം രൂപയും ലഭിച്ചിട്ടുണ്ട്.

സാമ്പത്തിക സേവനങ്ങൾക്ക് വകകൊള്ളിച്ചതായ 41.4 ലക്ഷം രൂപയിൽ നല്ലൊരു ഭാഗവും വാണിജ്യ-നികുതി വിഭാഗത്തിനാണ് ലഭിച്ചത് (35.7 ലക്ഷം രൂപ). ഇതിൽ 5.7 ലക്ഷം രൂപ പോലീസ് വിഭാഗത്തിനായി അനുവദിച്ചിട്ടുണ്ട്.

സംസ്ഥാനാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി ജില്ലയ്ക്ക് വേണ്ടിയുള്ള പ്രത്യേക പരിപാടിയിൽ (കാറ്റഗറി III) വിവിധ വകുപ്പുകൾക്ക് 2017-18 കാലയളവിൽ 6359.5 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ കൃഷിയും മറ്റു അനുബന്ധ മേഖലകൾക്കുമായി 374.5 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്. ഒരോ വിഭാഗത്തിനും അനുവദിച്ച തുക താഴെ പറയുന്ന പ്രകാരം കാർഷിക വിളകൾക്ക് (48.5 ലക്ഷം രൂപ), ക്ഷീര വികസനത്തിന് (276.00 ലക്ഷം രൂപ), വിപണന-സംഭരണത്തിന് (50.00 ലക്ഷം രൂപ). ഗ്രാമ വികസനത്തിനായി 100.00 ലക്ഷം രൂപ വകയിരിത്തിട്ടുണ്ട്.

## Schemes Under Category III

(Rs. in lakh)

| Code No. | Name of Scheme | Amount |
|---|---|---|
| 1 | 2 | 3 |
| AGR192 | Location Specific Scheme | 30.00 |
| AGR001 | Research | 18.50 |
| | SUB TOTAL | 48.50 |
| DDT 012 | Commercial Dairy Milk and Milk shed Development Program me (MSDP-Dairy Zones + Ksheera Gramam) (2404-00-109-93) | 276.00 |
| | SUB TOTAL | 276.00 |
| MSW045 | International Research and Training Centre for Below Sea level Farming (IRTCBSF), Kuttanad | 50.00 |
| | SUB TOTAL | 50.00 |
| | AGRICULTURE (TOTAL) | 374.50 |
| SAD041 | Special Agriculture Zones | 100.00 |
| | SUB TOTAL | 100.00 |
| | RURAL DEVELOPMENT (TOTAL) | 100.00 |
| MIN 007 | Groundwater Conservation and Recharge Head of Account - 4702-00-102-97 | 3.00 |
| MIN 053 | Groundwater Based Drinking Water Scheme Head of Account - 4702-00-102-94 | 6.00 |
| | SUB TOTAL | 9.00 |
| FC 031 | PMKSY -Kuttanad Flood Management Component | 5000.00 |
| | SUB TOTAL | 5000.00 |
| | IRRIGATION AND FLOOD CONTROL (TOTAL) | 5009.00 |
| PLS 023 | Modernisation, Research and Development of Harbour Engineering Department | 50.00 |
| | SUB TOTAL | 50.00 |
| | TRANSPORT AND COMMUNICATION (TOTAL) | 50.00 |
| | Construction works | 226.00 |
| | SUB TOTAL | 226.00 |
| SWS 132 | Kerala Water Supply Project, JICA-Support Under State Plan | 100.00 |
| SWS 028 | NABARD Assisted Rural Water Supply Schemes | 500.00 |
| | SUB TOTAL | 600.00 |
| | SOCIAL AND COMMUNITY SERVICES (TOTAL) | 826.00 |
| | **GRAND TOTAL** | **6359.50** |

ജലസേചനത്തിനും വെള്ളപ്പൊക്ക നിയന്ത്രണത്തിനുമായി വകകൊള്ളിച്ചിട്ടുള്ള 5009.00 ലക്ഷം രൂപയിൽ നല്ലൊരു ഭാഗവും വെള്ളപ്പൊക്ക നിയന്ത്രണ (കടൽക്ഷോഭം ഉൾകൊള്ളിച്ച്) പരിപാടിക്കായി ലഭിച്ചത് (5000.00 ലക്ഷം രൂപ) 9.00 ലക്ഷം രൂപ ഭൂഗർഭജലം, ജല സേചനത്തിന് അനുവദിച്ചിട്ടുണ്ട്.

ഗതാഗതം – വാർത്താവിനിമയത്തിന് ലഭിച്ച 50.00 ലക്ഷം രൂപ ഇറമുഖങ്ങളുടെ വികസനത്തിന് വേണ്ടി മാത്രമേ വകയിരിത്തിയിട്ടുള്ളു.

സാമൂഹിക പ്രവർത്തനങ്ങൾക്കും സേവനങ്ങൾക്കും 826.00 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ ജല വിതരണത്തിന് പകുതിയിലധികം തുക ലഭിച്ചിട്ടുണ്ട് (600.00 ലക്ഷം) ബാക്കി 226.00 ലക്ഷം രൂപ ആരോഗ്യവകുപ്പിന് ലഭിക്കുകയുണ്ടായി.

സംസ്ഥാനാവിഷ്കൃത പദ്ധതി പ്രകാരം ജില്ലയ്ക്കായി നൽകുന്ന വിഹിതം (കാറ്റഗറി IV) പ്രകാരം കാർഷിക മേഖലയ്ക്ക് മൊത്തം 5553.00 ലക്ഷം രൂപ ലഭ്യമായിട്ടുണ്ട്. കാർഷിക

വിളകൾക്കും മറ്റു അനുബന്ധമേഖലയ്ക്കുമായി തുക വകയിരുത്തിയിരിക്കുന്നു. ഇതിൽ നെല്ല് ഉൽപാദന മേഖലയ്ക്ക് 1685.52 ലക്ഷം രൂപ ലഭിച്ചു. വക കൊള്ളിച്ചിട്ടുള്ളതായ രൂപയിൽ നല്ലൊരു ഭാഗം ഈ മേഖലയ്ക്കാണ്.

## Schemes under Category IV

(Rs. in lakh)

| Code No. | Name of Scheme | Amount |
|---|---|---|
| 1 | 2 | 3 |
| | **AGRICULTURE** | |
| AGR114 | Rice Development | 1685.52 |
| AGR114 | Vegetable Development | 610.00 |
| AGR114 | Development of Pulses & Tubers | 22.00 |
| AGR005 | Coconut Development | 475.00 |
| AGR124 | Development of spices | 0.50 |
| AGR127 | Soil & Root Health Management and Productivity Improvement | 650.00 |
| AGR140 | Crop Health Management | 125.00 |
| AGR114 | Organic farming & Good Agricultural Practices | 225.00 |
| AGR002 | Production & Distribution of Quality Planting | 150.00 |
| AGR020 | Modernization of Departmental Laboratories | 40.00 |
| AGR011 | Strengthening of Agricultural Extension | 265.00 |
| AGR0116 | Human Resources Development | 25.00 |
| AGR125 | Agro Service Centres and Service Delivery including Regional Farm Facilitation Farm Facilitation Centres | 245.00 |
| | Sub Mission on Agriculture Extension (SAME) – state share | 100.00 |
| AGR180 | Other CSS (40% CSS)-state share | 900.00 |
| AGR001 | Research | 34.98 |
| | SUB TOTAL AGRICULTURE | 5553.00 |
| SWC 013 | Soil and Water Conservation on Watershed Basis | 250.00 |
| SWC 009 | Laboratories | 23.00 |
| SWC 010 | Soil Informatics and Publication Cell | 4.00 |
| SWC 008 | Training to Soil Survey Officers | 0.20 |
| | SUB TOTAL | 277.20 |
| AHY 105 | Doorstep & Domiciliary Service | 32.28 |
| AHY 004(1) | Strengthening of Veterinary Services | 110.00 |
| AHY 024 | Expansion of Cross breeding facilities | 81.00 |
| AHY 106(1) | Strengthening of Departmental farms | 85.00 |
| AHY 051(2) | Special Livestock Breeding Program me | 108.80 |
| AHY 051(3) | Goverdhini | 295.80 |
| AHY 107 | Backyard Poultry Development Project | 23.70 |
| AHY 065 | Comprehensive Livestock Insuarance Program me | 36.00 |
| AHY 002(2) | Extension & Training | 90.00 |
| AHY 021 | Computerisation of AH activities | 18.00 |
| AHY 019 | State share AH statistics & Sample Survey 50% | 9.10 |
| AHY 122 | Rashtriya Pasudhan Vikas Yojana – State share | 85.00 |
| | TOTAL | 974.68 |
| | Process upgradation & automation of Central Products dairy, Alappuzha | 340.00 |
| | Total | 340.00 |
| | Kudumbashree Linked Forage Program me and Establishment of Fodder Demonstration Units | 12.30 |
| | SUB TOTAL | 1326.98 |
| DDT 001 | Rural Dairy Extension and Advisory Services (2404-00-102-96-34) | 13.00 |
| DDT 035 | Production and Conservation of Fodder in Farmers fields and Dairy Co-operatives (2404-00-102-77) | 41.00 |
| DDT 003 | Assistance to Dairy Co-operatives (2404-00-195-94-31) | 151.00 |
| DDT 012 | Commercial Dairy Milk and Milkshed Development Programme(2404-00-109-33 | 132.00 |
| DDT 010 | Strengthening Quality control Labs(2404-00-109-95) | 10.00 |
| DDT 022 | Cattle Feeding Subsidy (2404-00-102-79-33) | 70.00 |
| | SUB TOTAL | 417.00 |

| | | |
|---|---|---|
| FSH 128 | Inland water patrolling | 3.00 |
| | Protection of natural fish breeding ground | 2.00 |
| | Fish catch assessment | 3.00 |
| | Fish stock enhancement and functioning of FMCs | 25.00 |
| FSH 180 | Modal freshwater fish farms | 75.00 |
| | Finfish culture | 59.25 |
| | Shrimp culture | 200.00 |
| | Padasekaram | 16.20 |
| | Aquaculture extention center, Insurance, capacity building program, study material, aqua lab, awards | 49.00 |
| | Functioning of FMCs | 1.00 |
| | Marine data collection | 3.00 |
| | KMFRA Implementation | 25.00 |
| FSH 182 | Fish market, Outlets etc | 50.00 |
| FSH 183 | Extension activity | 5.00 |
| | Modernisation and e-Govern. | 15.00 |
| | HRD programme | 5.00 |
| FSH 176 | SCRS | 432.14 |
| FSH 015 | New hatcheries and seed farms | 100.00 |
| FSH 180(1) | Aquaculture Development 4405-00-101-90 | 100.00 |
| | Completion of ongoing works of Aqua culture & Training Centres and establishment/strengthining of matsyabhavans | 50.00 |
| FSH 181 | Blue revolution – Intergrated development and Management of Fisheries (60%CSS) 2405-00-103-77 | 250.00 |
| | SUB TOTAL | 1468.59 |
| 2 | 2406-01-101-81 – Forest Protection(State Scheme) | 1.67 |
| 5(01) | Extension Forestry | 98.00 |
| 16 | 2406-02-110-32 Conservation of Natural Resources and Eco-systems(Wetland Conservation) (40% State share) | 7.00 |
| | SUB TOTAL | 106.67 |
| MSW002 | Market Development | 150.00 |
| | Market Intervention support for price stabilization | 100.00 |
| | SUB TOTAL | 250.00 |
| | AGRICULTURE (TOTAL) | 9399.44 |
| RDT 026 | National Rural Livelihoods Mission (NRLM) | 250.00 |
| RDT 043 | Administrative cost of DRDAs (40% State Share) | 30.58 |
| RDT 066 | Pradhan Mantri Krishi Sinchai Yojana (PMKSY) – Water Shed Component (State Share 40%) | 165.86 |
| | SUB TOTAL | 446.44 |
| CDT 003 | Organisation & Special Corpus Fund | 183.60 |
| CDT 003 | Ashraya | 65.00 |
| CDT 003 | Buds/BRC/ABC Programme/ Buds Home | 102.00 |
| CDT 003 | Gender | 30.43 |
| CDT 003 | Balasabha | 22.00 |
| CDT 003 | Tribal Development | 10.00 |
| CDT 003 | Micro Finance | 315.70 |
| CDT 003 | Micro Enterprises | 98.56 |
| CDT 003 | Marketing | 28.79 |
| CDT 003 | Collectives And Producer Companies | 30.00 |
| CDT 003 | Animal Husbandary | 9.75 |
| CDT 003 | Agricultural Activities | 76.20 |
| | TOTAL | 972.03 |
| CDT 027 | Swachh Bharat Mission (Gramin) | 312.00 |
| | TOTAL | 312.00 |
| | SUB TOTAL | 1284.03 |
| SAD 034 | Awareness camps | 2.70 |
| | Carrier guidance | 1.80 |
| | Medical camp | 7.50 |
| | Social mobilization etc | 19.20 |
| | Vidhyatheeram | 10.00 |
| | Adoption of children | 10.00 |
| | Educational assistance | 100.00 |

| | | |
|---|---|---|
| SAD 034 | Sports activities for | 4.50 |
| SAD 034 | Comprehensive | 6.00 |
| | Project coordinators | 3.00 |
| | Educational aids to 10 GRFTHS | 2.00 |
| | Alternate Employment opertunity | 50.00 |
| | Fisheries schools- Mess charges, Improvement of infrastructure, Other incidental expenses | 18.48 |
| SAD 034(1) | Construction of houses | 448.00 |
| | Procuring land & house | 1200.00 |
| SAD 034(1) | Health sector of coastal area | 198.00 |
| | Education sector of coastal area | 14.60 |
| SAD 039 | RIDF Project | 200.00 |
| SUB TOTAL | | 2295.78 |
| RURAL DEVELOPMENT (TOTAL) | | 4026.25 |
| COP003 | Assistance to Credit co-operatives / banks | 155.00 |
| COP006 | Assistance to Consumer Co-operatives, neethi stores | 11.00 |
| COP004 | Share capital Assistance to Housing Co-operatives | 6.00 |
| COP016&040 | Assistance to Miscellaneous Co-operatives | 90.16 |
| COP036 | Assistance to SC/ST Co-operatives | 95.00 |
| COP037 | Assistance for Model Co-operatives | 50.00 |
| COP018 | Assistance for rehabilitation and expansion of co-operatives | 30.00 |
| COP049 | Farmers Service Centre | 25.00 |
| COP050 | Assistance to Marketing Co-operatives | 25.00 |
| CO-OPERATION (TOTAL) | | 487.16 |
| MIN 015 | Repairs of Minor Irrigation Structures - MIN015 | 10.00 |
| MIN 009 | Lift Irrigation - MIN009 | 40.00 |
| MIN 055 | Minor Irrigation class-II Haritha Keralam - MIN055 | 20.00 |
| MIN 057 | Renovation of tanks and ponds schemes under Haritha Keralam - MIN057 | 50.00 |
| SUB TOTAL | | 120.00 |
| I | Coastal Zone Management - FC012 | 42.00 |
| SUB TOTAL | | 42.00 |
| IRRIGATION AND FLOOD CONTROL (TOTAL) | | 162.00 |
| POW 029 | Distribution- Normal works | 1050.00 |
| POW 166 | Deen Dayal Upadhaya Gram Jyothi Yojana- DDUGJY | 1400.00 |
| POW 167 | Integrated Power Development Scheme(IPDS) | 2000.00 |
| SUB TOTAL | | 4450.00 |
| ENERGY (TOTAL) | | 4450.00 |
| VSI 008 | Enterpreneur Support Scheme | 186.15 |
| VSI 010 | Capacity Building (Intensive Industrialisation Support Programme) | 11.00 |
| VSI 200 | Development of Commerce | 2.50 |
| VSI 312 | Assistance Scheme for Handicrafts Artisans (ASHA) | 1.50 |
| VSI 224 | Price Fluctuation Fund | 4870.00 |
| VSI | Cluster Development Programme in Coir sector | 50.00 |
| VSI 139 | Establishment of new Khadi Sales Outlets, Modernisation and Computerisation of Existing sales outlets and Godowns of Khadi Board. | 5.00 |
| VSI 142 | Special Employment Generation Programme | 27.00 |
| VSI 282 | Production/Festival Incentives to Khadi Spinners and Weavers | 22.00 |
| VSI 284 | Establishment and Strengthening of Departmental Khadi Production Centres | 7.00 |
| SUB TOTAL | | 5182.15 |
| MLI002 | Kerala State Industrial Development Corporation (KSIDC) | 588.00 |
| SUB TOTAL | | 588.00 |
| IT001 | Kerala State InformationTechnology Mission | 311.00 |
| IT038 | Akshya | 34.00 |
| IT052 | National e-Governance Action Plan | 36.00 |
| IT057 | Infopark | 1000.00 |
| SUB TOTAL | | 1381.00 |
| INDUSTRY AND MINERALS (TOTAL) | | 7151.15 |
| PLS-013 | Development of Non Major Ports | 730.00 |
| SUB TOTAL | | 730.00 |

| | | |
|---|---|---|
| TRANSPORT AND COMMUNICATION (TOTAL) | | 730.00 |
| | a. Selective Augmentation of Research & Development (SARD) laboratories | 10.00 |
| | b. Sasthraposhini Laboratories | 18.00 |
| SUB TOTAL | | 28.00 |
| SCIENCE TECHNOLOGY & ENVIRONMENT (TOTAL) | | 28.00 |
| MPS 271 | Strengthening of Medical Record Libraries | 11.00 |
| MPS 165 | District Mental Health Programmes | 41.77 |
| MPS 356 | Strengthening of Dental Units in Health Services | 6.67 |
| MPS 222 | Cancer Care Programme | 9.25 |
| MPS 020 | Strengthening of Limb fitting centres | 12.00 |
| MPS 322 | Nursing Schools | 10.53 |
| MPS 048 | Control of Communicable Diseases | 30.07 |
| MPS 166 | Prevention of Non Communicable Diseases | 33.16 |
| MPS 362 | Comprehensive Mental Health Programme | 33.69 |
| MPS 028 | Pain, Palliative & Elderly Care Programmes | 6.30 |
| MPS 426 | Strengthening of Emergency Medical Care | 16.46 |
| MPS 125 | Physical medicine and Rehabilitaiton Units | 32.00 |
| MPS 469 | Strengthening of Nursing Services | 7.35 |
| MPS 450 | Standardization and Modernisation of Homoeo Department | 57.90 |
| MPS 451 | Health Management and Speciality Health Care centres | 46.90 |
| SUB TOTAL | | 355.05 |
| SWS 001 | Project preparation (survey and Investigation) | 14.29 |
| SWS 128 | Rural Water Supply Schemes | 400.00 |
| SWS 063 | National Rural Drinking Water Programme (50% State Share) (Accelerated rural water supply scheme') | 698.00 |
| SWS 062 | Scaling up of Rain Water Harvesting and Ground Water Recharge Programme through KRWSA | 360.25 |
| SUB TOTAL | | 1472.54 |
| UDT058 | Ayyankali Urban Employment Guarantee Scheme | 180.00 |
| | Total | 180.00 |
| UDT132 | Deendyal Antodya Yojana National Urban Livilihoods Miission(DAY-NULM) | 93.16 |
| UDT138 | Pradan Mantri Awas Yojana(PMAY)Municipality | 760.00 |
| | Total | 853.16 |
| UDT52 | Scheme for preparing Master plans and detailed town plans | 6.00 |
| UDT033 | Preparation of Local Development Plans, Integrated District Development Plans and State Perspective Plan | 2.00 |
| UDT013 | Geographical Information System and Aerial Mapping | 0.24 |
| UDT 018 | Computerisation and Modernisation of Town & Country Planning Department | 2.00 |
| UDT 004 | Training of personnel and Apprentices in Town and Country Planning | 1.70 |
| UDT 034 | The Art & Heritage Commission | 2.50 |
| | Total | 14.44 |
| SUB TOTAL | | 1047.60 |
| WBC 278 | Land to Landless Families for Construction of Houses | 930.00 |
| WBC 209 | House to Houseless, Completion of Partially Constructed Houses, Improvement of Dilapidated Households | 3310.00 |
| WBC 280 | Financial Assistance for Marriage of SC Girls | 400.00 |
| WBC 020 | Implementation of Protection of Civil Rights (PCR) Act and Prevention of Atrocities (PoA) Act (50% State Share) | 51.00 |
| WBC 283 | Assistance for Trainning Employment and Human Resource Management | 135.00 |
| WBC 356 | Valsalyanidhi (New Scheme) | 66.00 |
| WBC 099 | Corpus Fund for SCP(Critical Gap Filling Scheme) | 580.00 |
| WBC 282 | Assistance for Education of SC Students | 1350.00 |
| | TOTAL | 6822.00 |
| WBC 286 | Critical Gap filling Schemes [Corpus Fund] under TSP | 25.00 |
| WBC 323 | Ambedkar Settlement Development Scheme (New ATSP fund) | 50.00 |
| WBC290 | i) Special Incentive to Brilliant students | 1.00 |
| | ii) Ayyankali Memorial talent Search and Development Scheme | 1.00 |
| | (iii) Assistance to study tour to schools & college going students | 1.00 |
| | (iv)Assistance to Orphans | 0.18 |
| WBC322 | B). Promotion of Education among Sheduled Tribes (T) | 6.00 |
| WBC 292 | Comprehensive Health Care Package | 5.00 |

| | | |
|---|---|---|
| WBC295 | Housess to Houseless | 55.00 |
| WBC031 | Publicity Wing/Information, Education and Communication [I.E.C. Project] | 0.29 |
| WBC 152 | Schemes Implemented with Grant-in-aid under Article 275[1] [OCA] | 1.00 |
| WBC 072 | Food support programme | 10.00 |
| WBC 288 | i) Tribal Promoters | 9.00 |
| | ii) Organisation of Oorukuttoms | 1.00 |
| | iii) Honorarium to Management Trainees and Health management trainees | 3.00 |
| | iv) Honorarium to Counsellors engaged in the hostels and MRS | 1.00 |
| WBC 055 | Modernisation of Tribal Development Department | 1.00 |
| WBC 320 | Assistance for the Marriage of ST girls | 2.00 |
| | Janani - JanmaRaksha | 3.00 |
| WBC 071 | Implementation of Kerala State Restriction of Transfer of Lands and Restoration of Alienated Land Act 1999 | 0.50 |
| WBC026 | Enforcement of Prevention of Atrocities Act [State Share 50%] | 0.50 |
| | TOTAL | 176.47 |
| WBC 277 | Housing Scheme for Divorced Women and Widows | 365.00 |
| WBC 308 | Career Guidance for minority students | 6.00 |
| | TOTAL | 371.00 |
| | SUB TOTAL | 7369.47 |
| SWE 134 | Assisted Technology for persons with disabilities into society | 3.00 |
| SWE 144 | Women Development Programme | 15.84 |
| SWE 013 | Social Secuirty initiative for marginalised groups | 4.30 |
| SWE 021 | Assistance to After Care Programmes | 4.25 |
| | TOTAL | 27.39 |
| SWE 123 | Modernisation of Prisons (Revenue Head) | 0.06 |
| | TOTAL | 0.06 |
| | SUB TOTAL | 27.45 |
| | SOCIAL AND COMMUNITY SERVICES (TOTAL) | 10272.11 |
| SES 001 (1) | Strengthening of State & District Planning Machinery | 70.00 |
| SES017 | District Planning Committees/District Development Councils | 2.50 |
| SES 156 | Basic Aminities in village offices | 105.00 |
| SES 115 | Smart Revenue Offices in Kerala | 33.37 |
| SES 135 | Computerisation of revenue department | 89.00 |
| SES 070 | Modernaisation of POLICE Dept. | 43.59 |
| SES 141 | Modernisation of courts including setting up of model courts. E- governance | 17.14 |
| | SUB TOTAL | 360.60 |
| EAS004 | Survey& studies | 2.19 |
| EAS006 | Strengthening of Computer division in districts | 0.81 |
| | SUB TOTAL | 3.00 |
| | ECONOMIC SERVICES (TOTAL) | 363.60 |
| PWS 043 | Development of Infrasrtucture facilities for Judiciary (Construction of Buildings for Courts and Residential Quarters to Judges- 60% CSS) | 170.00 |
| | SUB TOTAL | 170.00 |
| | GENERAL SERVICES (TOTAL) | 170.00 |
| | GRAND TOTAL | 37239.71 |

ജില്ലയ്ക്കാകെ 37239.71 ലക്ഷം രൂപ സംസ്ഥാനാവിഷ്കൃത പദ്ധതികൾക്കായി ലഭിച്ചിട്ടുണ്ട്.

## സംസ്ഥാനത്തെ വിവിധ വകുപ്പുകൾ മുഖാന്തിരം ആലപ്പുഴ ജില്ലയിൽ നടപ്പിലാക്കി വരുന്ന വിവിധ സംസ്ഥാന പദ്ധതികളുടെ പുരോഗതി സംക്ഷിപ്തം

(രൂപ ലക്ഷത്തിൽ)

| ക്രമ നം. | വകുപ്പിന്റെ പേര് | പദ്ധതികളുടെ പേര് | അനുവദിച്ച തുക | ചെലവഴിച്ച തുക | ചെലവ് %ൽ |
|---|---|---|---|---|---|
| 1 | Assistant Conservator, Social forestry division, Alappuzha | Forest Protection (Survey of Forest Boundaries & Forest Protection) | 1.67 | 1.63 | 97.7 |
| 2 | | Conservation of Bio diversity | 5.31 | 0 | 0 |
| 3 | | Extension Forestry | 98 | 95.15 | 97.09 |
| 4 | Deputy Commissioner, GST Dept, Alappuzha | Public Awarness and Capacity Development | 6 | 1.6 | 26.66 |
| 5 | Deputy Director , Dairy Development, Alappuzha | Rural Dairy Extension and Farm Advisory Services | 22.84 | 8.37 | 36.62 |
| 6 | | Assistance to Dairy Co-operatives | 154.8 | 45.31 | 29.27 |
| 7 | | Strengthening of Quality Control Labs | 4.9 | 2.6 | 53.07 |
| 8 | | Commercial Dairy and Milk Shed Development Programme | 376.2 | 161.72 | 42.98 |
| 9 | | CATTLE FEED SUBSIDY | 7.07 | 7.07 | 100 |
| 10 | | PRODUCTION AND CONSERVATION OF FODDER IN FARMERS FIELDS AND DAIRY CO-OPERATIVES | 41.61 | 34.21 | 82.21 |
| 11 | Deputy Director, Economics &Statistics Department, Alappuzha | Surveys and Studies | 0.16 | 0.13 | 80 |
| 12 | | Strengthening of Computer Division in Districts | 0.81 | 0.53 | 65.7 |
| 13 | Deputy Director, Education, Alappuzha | Modernisation of offices of Education Department | 19.78 | 0 | 0 |
| 14 | | Academic Excellence | 22.72 | 3.22 | 14.17 |
| 15 | | School Education - Student Centric Activities | 51.26 | 0 | 0 |

| ക്രമ നം. | വകുപ്പിന്റെ പേര് | പദ്ധതികളുടെ പേര് | അനുവദിച്ച തുക | ചെലവഴിച്ച തുക | ചെലവ് %ൽ |
|---|---|---|---|---|---|
| 16 | | Distribution of School Uniforms in Aided Schools | 318.85 | 316.5 | 99.26 |
| 17 | | Bio-diversity Parks | 6.3 | 3.5 | 55.55 |
| 18 | | Assistance to Directorate of Public Instructions | 1.82 | 0 | 0 |
| 19 | Deputy Director, Fisheries, Alappuzha | Conservation and Management of Fish Resources | 36.7 | 32.94 | 89.75 |
| 20 | | Conservation and Management of Fish Resources | 21.8 | 12.62 | 57.89 |
| 21 | | ADDITIONAL STATE ASSISTANCE TO SAVINGS CUM RELIEF SCHEME TO FISHERMEN | 1265.82 | 1265.82 | 99.99 |
| 22 | | Aqua Culture Development | 339.95 | 219.32 | 64.51 |
| 23 | | Aqua Culture Development | 0 | 0 | ? |
| 24 | | EXTENSION, TRAINING AND SERVICE DELIVERY | 7.35 | 7.35 | 100 |
| 25 | | Basic infrastructural facilities and Human development of Fisherfolk | 182.84 | 149.35 | 81.68 |
| 26 | | Basic infrastructural facilities and Human development of Fisherfolk | 2410.19 | 517.84 | 21.48 |
| 27 | District Animal Husbandry Officer, Alappuzha | Veterinary Extension | 18.89 | 12.65 | 66.94 |
| 28 | | Strengthening of Veterinary Services | 20 | 16.19 | 80.92 |
| 29 | | Expansion of Cross Breeding Facilities | 4 | 2.62 | 65.54 |
| 30 | | Special Livestock Development Programme | 295.81 | 295.81 | 100 |
| 31 | | Special Livestock Development Programme | 103.02 | 103.02 | 100 |
| 32 | | Doorstep and domiciliary veterinary service | 31.28 | 10.57 | 33.79 |
| 33 | | Strengthening of Department Farms | 143.2 | 125.85 | 87.88 |

| | | | | | |
|---|---|---|---|---|---|
| 34 | | Backyard Poultry Development Project | 23.7 | 23.54 | 99.3 |
| 35 | District Development Officer for SCs, Alappuzha | Corpus Fund for SCP (Critical Gap Filling Scheme) | 380.99 | 46.05 | 12.08 |
| 36 | | HOUSE TO HOUSELESS, COMPLETION OF PARTIALLY CONSTRUCTED HOUSES, IMPROVEMENT OF DILAPIDATED HOUSEHOLDS | 1900 | 1203.35 | 63.33 |
| 37 | | LAND TO LANDLESS FAMILIES FOR CONSTRUCTION OF HOUSES(STATE PLAN) | 930 | 546.75 | 58.79 |
| 38 | | MODERNIZATION AND E-GOVERNANCE INITIATIVES IN DEVELOPMENT DEPARTMENT | 1.7 | 0.58 | 34.27 |
| 39 | | FINANCIAL ASSISTANCE FOR MARRIAGE OF SC GIRLS | 265.75 | 240 | 90.31 |
| 40 | | MANAGEMENT OF MODEL RESIDENTIAL SCHOOLS INCLUDING AYYANKALI MEMORIAL MODEL RESIDENTIAL SCHOOL FOR SPORTS, VELLAYANI | 100.34 | 65.33 | 65.1 |
| 41 | | ASSISTANCE FOR EDUCATION OF SC STUDENTS | 387.77 | 192.01 | 49.51 |
| 42 | | ASSISTANCE FOR TRAINING AND EMPLOYMENT | 274.49 | 85.26 | 31.06 |
| 43 | District Employment Officer, Alappuzha | Multi purpose Job Clubs | 3.32 | 3.32 | 100 |
| 44 | | Strengthening of State vocational Guidance Unit | 2.16 | 1.33 | 61.43 |
| 45 | | Self employment Scheme for the Registered Unemployed Widows/Deserted /Divorced/Unmarried/ Unwedded mother | 144.38 | 143.47 | 99.36 |
| 46 | District Labour Officer, Alappuzha | UID Regisration and Awareness Programme for ISM Workers | 3 | 0.51 | 16.86 |

| | | | | | |
|---|---|---|---|---|---|
| 47 | | Social Protection for Un-Organised Sector Workers | 7.42 | 6.81 | 91.77 |
| 48 | District Medical Officer, Health, Alappuzha | Limb Fitting Centres | 12 | 0 | 0 |
| 49 | | Pain, Palliative and Elderly Health Care Centers | 7.2 | 2.3 | 31.94 |
| 50 | | Control of Communicable diseases | 41.76 | 17.48 | 41.84 |
| 51 | | Prevention of Non Communicable Diseases | 32.16 | 2.81 | 8.75 |
| 52 | | Cancer Care Programme | 9.5 | 1.55 | 16.31 |
| 53 | | Strengthening of Medical Record Libraries | 6.3 | 0 | 0 |
| 54 | | Nursing Schools | 10.53 | 4.2 | 39.89 |
| 55 | | Strengthening of Dental units in Health services Department(Improvemnt of Dental clinics) | 6.71 | 1.38 | 20.55 |
| 56 | | COMPREHENSIVE MENTAL HEALTH PROGRAMME | 49.29 | 0 | 0 |
| 57 | | State Nutritional and Diet Related Intervention Programmes | 4.45 | 0.68 | 15.16 |
| 58 | District Medical Officer, Homeo, Alappuzha | Standardization and Modernization of Homoeo Department | 38.8 | 2.38 | 6.12 |
| 59 | | Health Management and Specialty Health care Centres at Homoeopathy | 105.47 | 40.72 | 38.61 |
| 60 | District Medical Officer, ISM, Alappuzha | Control of Communicable Diseases and Natural Calamities | 0.5 | 0 | 0 |
| 61 | | Construction works under Directorate of Indian Systems of Medicine | 226 | 0 | 0 |
| 62 | | Upgradation and Modernization of ISM Institutions | 101.15 | 59.22 | 58.54 |
| 63 | District Mission Co-ordinator, Alappuzha | Kudumbashree programme | 967.03 | 546.92 | 56.55 |

| | | | | | |
|---|---|---|---|---|---|
| 64 | District Officer, Ground Water Department, Alappuzha | Investigation and development of Ground water Resources | 90 | 22.6 | 25.11 |
| 65 | | Scheme for control and regulation of ground water exploitation | 0.75 | 0 | 0 |
| 66 | | Scheme for Training of personnel | 0.66 | 0.29 | 43.63 |
| 67 | | Scheme for ground water conservation and recharge. | 3 | 0 | 0 |
| 68 | | Ground Water Based Drinking Water Scheme | 6 | 0 | 0 |
| 69 | | RAJIV GANDHI DRINKING WATER MISSION | 4.47 | 0 | 0 |
| 70 | District Planning Officer, Alappuzha | Strengthening of State & District Planning Machinery | 3.5 | 0 | 0 |
| 71 | | District Development Councils and State Planning Advisory Board | 2.5 | 1.71 | 68.25 |
| 72 | District Police Chief, Alappuzha | Community Policing (Janamaithri Suraksha Project) | 6.68 | 5.45 | 81.58 |
| 73 | | Student Police Cadet | 50.02 | 33 | 65.97 |
| 74 | | Strengthening Resources of Police stations | 18 | 0 | 0 |
| 75 | | Providing Additional rooms/space for Police Stations | 20 | 20 | 100 |
| 76 | | Scheme for Disabled friendly Police Stations | 20 | 20 | 100 |
| 77 | | Scheme on Gender Awarness and Gender Friendly Infrastructure Facilities in Police Department | 10.8 | 6.5 | 60.15 |
| 78 | District Port Officer, Alappuzha | IMPLEMENTATION OF KERALA INLAND VESSELS RULES | 25 | 0.5 | 1.99 |

| | | | | | |
|---|---|---|---|---|---|
| 79 | DISTRICT SOCIAL JUSTICE OFFICER, Alappuzha | New Social Security Initiatives for the Marginalized Groups | 13.95 | 2.27 | 16.29 |
| 80 | | Assistance to After care Programmes and Followup Services of Victims Rehabilitation Fund | 0.5 | 0 | 0 |
| 81 | | Strengthening Administrative Infrastructure | 6.09 | 4.08 | 66.98 |
| 82 | | Capacity Building of Department Officers | 3.2 | 0.2 | 6.25 |
| 83 | | Development of Anganwadi Centres as Community Resource Centres for Women and Children - A life cycle Approach | 15.58 | 0 | 0 |
| 84 | | PSYCHO SOCIAL SERVICES TO ADOLESCENT GIRLS | 50.69 | 38.03 | 75.01 |
| 85 | | Documentation and Publicity including Observance of National Days And Weeks | 2.56 | 2.15 | 83.9 |
| 86 | | ASSISTED TECHNOLOGY FOR PERSONS WITH DISABILITIES | 3 | 0 | 0 |
| 87 | | Programmes on Gender Awareness and Gender Advisory Board | 0.2 | 0 | 0 |
| 88 | | Programmes on Women Empowerment and Women Welfare Institutions. | 21.86 | 6.11 | 27.97 |
| 89 | | Integrated Rural Technology Centre Training Programme to AWWs in Pre-School Education | 5.27 | 0 | 0 |
| 90 | | WELFARE OF TRANSGENDER | 6.74 | 0 | 0 |
| 91 | District Soil Conservation Officer, Alappuzha | Soil and Water Conservation on Watershed Basis (RIDF)and Integrated Watershed Development Project (WDF) | 300 | 198.46 | 66.15 |

| | | | | | |
|---|---|---|---|---|---|
| 92 | District Soil Survey Officer, Alappuzha | Laboratories | 1.6 | 1.55 | 96.61 |
| 93 | | Soil Informatics and Publishing Cell | 1.97 | 1.11 | 56.21 |
| 94 | Executive Engineer PWD NH, Alappuzha | Development of Urban Links of National Highways | 27.55 | 0 | 0 |
| 95 | | Central Road Fund (Other Central Assistance) | 407.86 | 0 | 0 |
| 96 | | NH Bye Passes - Kollam and Alappuzha ( Cost sharing basis with GOI) | 0.41 | 2682.32 | 654225 .56 |
| 97 | Executive Engineer, Harbour Engineering Dept, Alappuzha | Rural Infrasturcture Development Fund (RIDF) | 238.02 | 233.02 | 97.89 |
| 98 | | Modernisation, Research and Development of Harbour Engineering Department | 0.22 | 0.21 | 94.09 |
| 99 | Executive Engineer, KSEB | Distribution Normal | 1186.9 | 1181.65 | 99.55 |
| 100 | | Deen Dayal Upadhaya Gram Jyothi Yojana (DDUGJY) | 2214.93 | 920.57 | 41.56 |
| 101 | | Integrated Power Development Scheme (IPDS) | 1240.14 | 138.71 | 11.18 |
| 102 | Executive Engineer, KWA, Alappuzha | Renovation of Existing Civil Structures owned by KWA | 50 | 0 | 0 |
| 103 | | RURAL WATER SUPPLY SCHEMES | 200 | 0 | 0 |
| 104 | Executive Engineer, Major Irrigation Division, Alappuzha | Coastal zone management | 592 | 591.89 | 99.98 |
| 105 | | Inland Canal Scheme (State Sector) | 195 | 9.53 | 4.88 |
| 106 | | Civil Works | 20 | 19.88 | 99.4 |
| 107 | | NABARD assisted Scheme for construction of Groynes | 167.86 | 167.86 | 99.99 |
| 108 | Executive Engineer, Minor Irrigation, Alappuzha | Lift Irrigation | 40 | 0 | 0 |

| | | | | | |
|---|---|---|---|---|---|
| 109 | General manager, District Industries Centre, Alappuzha | Entrepreneur Support Scheme/State Investment Subsidy | 193.2 | 64.46 | 33.36 |
| 110 | | Capacity Building / Intensive Industrialisation Support Programme | 15.9 | 8.63 | 54.29 |
| 111 | | Marketing and Export Promotion Scheme | 3.35 | 3.35 | 100 |
| 112 | | Contributory Thrift Fund | 0.25 | 0 | 0 |
| 113 | | Development of Commerce | 2.5 | 0 | 0 |
| 114 | Joint Registrar, Co-operative Societies, Alappuzha | Assistance to Primary Agricultural Co-operative Societies | 35 | 23.3 | 66.57 |
| 115 | | Assistance to Primary Agricultural Co-operative Societies | 60 | 39.3 | 65.49 |
| 116 | | Assistance to Primary Agricultural Co-operative Societies | 60 | 29.15 | 48.58 |
| 117 | | Share Capital contribution to Primary Housings Co-operatives | 6 | 6 | 100 |
| 118 | | Assistance to Consumer Co-operatives and Neethi Stores | 5.4 | 0.4 | 7.4 |
| 119 | | Assistance to Consumer Co-operatives and Neethi Stores | 3.8 | 0.8 | 21.05 |
| 120 | | Assistance to Consumer Co-operatives and Neethi Stores | 1.8 | 0.8 | 44.44 |
| 121 | | Assistance to miscellaneous Co-operatives | 64 | 5 | 7.81 |
| 122 | | Assistance to miscellaneous Co-operatives | 11.16 | 4.5 | 40.32 |
| 123 | | Assistance for Co-operatives for Expansion and Diversification | 8.1 | 0 | 0 |
| 124 | | Assistance for Co-operatives for Expansion and Diversification | 9.9 | 0 | 0 |

| | | | | | |
|---|---|---|---|---|---|
| 125 | | Assistance for Co-operatives for Expansion and Diversification | 12 | 0 | 0 |
| 126 | | Assistance for Development of SC/ST Co-operatives | 70 | 17.8 | 25.42 |
| 127 | | Assistance for Development of SC/ST Co-operatives | 25 | 15.75 | 63 |
| 128 | | Assistance for model Co-operatives | 10 | 0 | 0 |
| 129 | | Assistance for model Co-operatives | 20 | 0 | 0 |
| 130 | | Assistance for model Co-operatives | 20 | 0 | 0 |
| 131 | | Assistance to miscellaneous Co- operatives | 15 | 2.5 | 16.66 |
| 132 | | ASSISTANCE TO PRIMARY MARKETING CO-OPERATIVES TO STRENGHTEN THE AGRICULTURAL MARKETING SECTOR | 6.65 | 0 | 0 |
| 133 | | ASSISTANCE TO PRIMARY MARKETING CO-OPERATIVES TO STRENGHTEN THE AGRICULTURAL MARKETING SECTOR | 8.35 | 0 | 0 |
| 134 | | ASSISTANCE TO PRIMARY MARKETING CO-OPERATIVES TO STRENGHTEN THE AGRICULTURAL MARKETING SECTOR | 10 | 0 | 0 |
| 135 | Principal Agricultural Officer, Alappuzha | Agricultural Farms | 51.72 | 8.92 | 17.25 |
| 136 | | Agricultural Farms | 42 | 0 | 0 |
| 137 | | Coconut Development | 192.43 | 35.59 | 18.49 |
| 138 | | Strengthening Agricultural Extension | 181.48 | 30.12 | 16.59 |
| 139 | | Modernisation of Departmental Laboratories | 1.48 | 0 | 0 |
| 140 | | Organic Farming and safe to eat food production | 56.1 | 10.34 | 18.42 |

| | | | | | |
|---|---|---|---|---|---|
| 141 | | Rice Development | 1035.96 | 298.41 | 28.8 |
| 142 | | Development of Pulses and Tubers | 12 | 0.4 | 3.33 |
| 143 | | Vegetable Development through Agriculture Department | 533.71 | 288.06 | 53.97 |
| 144 | | Agro Service Centres and Service Delivery | 63.47 | 15.96 | 25.14 |
| 145 | | Agro Service Centres and Service Delivery | 31.9 | 0 | 0 |
| 146 | | Soil Health Management and Productivity Improvement | 556.18 | 192 | 34.52 |
| 147 | | Crop Health Management | 97.44 | 22.73 | 23.32 |
| 148 | | CONSERVATION AND PROMOTION OF TRADITIONAL VARIETIES OF SEEDS | 2 | 0 | 0 |
| 149 | | LOCATION SPECIFIC SCHEMES- PROMOTION CULTIVATIUON OF MILLETS | 25 | 0 | 0 |
| 150 | | DEVELOPMENT OF FRUITS, FLOWERS AND MEDICINAL PLANTS | 1 | 0 | 0 |
| 151 | | Market Development | 29.4 | 29.4 | 100 |
| 152 | | Market Development | 4.56 | 1.89 | 41.44 |
| 153 | | SPECIAL AGRICULTURE ZONE | 3 | 0 | 0 |
| 154 | Project Manager, UIDSSMT, Alappuzha | NABARD Assisted Rural Water Supply Schemes Rural Infrastructure Development Fund | 500 | 0 | 0 |
| 155 | Project Officer, Coir, Alappuzha | Marketing, publicity, propoganda, Trade Exhibitions and Assistance for setting up of Showrooms | 6.85 | 0.05 | 0.72 |
| 156 | | Market Development Assistance for the sale of Coir and Coir Products (50%SS) | 175.21 | 137.46 | 78.45 |
| 157 | | Coir Geo Textiles Development Programme | 0.3 | 0.3 | 100 |

| | | | | | |
|---|---|---|---|---|---|
| 158 | | Regulated Mechanisation of Coir Industry | 75 | 11.12 | 14.82 |
| 159 | | Training and Management Improvement | 2 | 0 | 0 |
| 160 | | Production and Marketing Incentive (PMI) | 359.77 | 359.75 | 99.99 |
| 161 | | Restructuring of Coir Production Societies and Managerial Subsidies | 334.7 | 59.19 | 17.68 |
| 162 | Project Officer, Khadi & Village Industries Board, Alleppey | Renovation and Computerisation of Existing Sales Outlets and Modernisation of Godowns of Khadi Board. | 5 | 0 | 0 |
| 163 | | Production/Festival Incentive to Khadi Spinners and Weavers | 13.08 | 13.08 | 100 |
| 164 | | Establishment and Strength-ening of Departmental Village Industries Units | 8 | 0 | 0 |
| 165 | | Establishment and Strengthening of Departmental Khadi Production Centres | 9 | 0.5 | 5.55 |
| 166 | Town Planner, Alappuzha | Capacity Building of Staff and Apprentice in Town and Country planning(Training and Research) | 1.5 | 0.97 | 64.71 |
| 167 | | Geographical Information System and Aerial Mapping | 0.24 | 0 | 0 |
| 168 | | Modernisation of Town Planning department | 2 | 0 | 0 |
| 169 | | Research and Development in selected Aspects of Human Settlement planning and development | 0 | 0 | ? |
| 170 | | Preparation of Local Development Plans and Integrated District Development Plans in all Districts | 2 | 0 | 0 |

| | | | | | |
|---|---|---|---|---|---|
| 171 | | The Art & Heritage Commission | 2 | 0 | 0 |
| 172 | | Scheme for preparing master plans and detailed town plans | 6 | 4.59 | 76.43 |
| 173 | Tribal Development, Officer, Alappuzha | IEC Project (Information, Education and Communication - Publicity Wing ) | 0.1 | 0 | 0 |
| 174 | | Modernisation of Tribal Development Department | 1 | 0 | 0 |
| 175 | | Implementation of Kerala State Restriction of Transfer of Lands and Restoration of Alinated Land act | 0.5 | 0 | 0 |
| 176 | | Food Support Programme | 10 | 4.75 | 47.5 |
| 177 | | Improving facilities in Tribal Hostels | 5 | 3.6 | 72 |
| 178 | | Grant-in-aid to schemes coming under Article 275(1) | 1 | 0 | 0 |
| 179 | | Running of Ashramam School / Model Residential Schools. | 0 | 0 | ? |
| 180 | | CRITICAL GAP FILLING SCHEME(CORPUS FUND) | 28 | 0 | 0 |
| 181 | | TRIBAL PROMOTERS | 13 | 8.15 | 62.7 |
| 182 | | ORGANIZATION OF ORUKOOTTAMS | 0.9 | 0 | 0 |
| 183 | | HONORARIUM TO MANAGEMENT TRAINEES AND HEALTH MANAGEMENT TRAINEES | 5 | 0.3 | 6 |
| 184 | | HONORARIUM TO COUNSELORS ENGAGED IN THE HOSTELS AND MRS | 1.4 | 0.3 | 21.42 |
| 185 | | SPECIAL INCENTIVE TO BRILLIANT STUDENTS | 1 | 0.45 | 45 |
| 186 | | AYYANKALI MEMORIAL TALENT SEARCH AND DEVELOPMENT | 1 | 0 | 0 |
| 187 | | ASSISTANCE FOR STUDY TOUR TO SCHOOLS AND COLLEGE GOING STUDENTS | 0.5 | 0 | 0 |

| | | | | | |
|---|---|---|---|---|---|
| 188 | | ASSISTANCE TO ORPHANS | 1 | 0.26 | 26 |
| 189 | | COMPREHENSIVE TRIBAL HEALTH CARE | 18 | 13.6 | 75.55 |
| 190 | | HOUSE TO HOUSELESS | 15 | 15 | 100 |
| 191 | | Janani-Janma Raksha | 15 | 2.8 | 18.66 |
| 192 | | Promotion of Education among Scheduled Tribes | 1.5 | 0 | 0 |
| **Total** | | | **24560.03** | **14792.85** | **60.23** |

*(Source: Plan Space)*

## ജില്ലയിൽ നടപ്പാക്കുന്ന മറ്റുകേന്ദ്രാവിഷ്കൃത പദ്ധതികൾ

*(രൂപ ലക്ഷത്തിൽ)*

| ക്രമ നം. | വകുപ്പിന്റെ പേര് | പദ്ധതികളുടെ പേര് | അനുവദിച്ച തുക | ചെലവഴിച്ച തുക | ചെലവ് %ൽ |
|---|---|---|---|---|---|
| 1 | District Development Officer for SCs, Alappuzha | Protection of Civil Rights and Enforcement of PCR Act (50% State Share ) | 60.1 | 59.03 | 98.21 |
| 2 | DISTRICT SOCIAL JUSTICE OFFICER, Alappuzha | Integrated Child Develop-ment Service (60% CSS) | 287.42 | 88.56 | 30.81 |
| 3 | | ICDS TRAINING PROGRAMME (60%CSS) | 10 | 0.1 | 1 |
| 4 | | Supplementary Nutrition Programme (50% CSS) | 127.7 | 127.7 | 100 |
| 5 | Executive Engineer, KWA, Thiruvalla, Alappuzha | ACCELERATED RURAL WATER SUPPLY SCHEME (50 % CSS) | 3502 | 153.82 | 4.39 |
| 6 | Principal Agricultural Officer,Alappuzha | UMBRELLA SCHEME ON KRISHI UNNATHI YOJANA AND OTHER CSS (60%CSS) | 83.5 | 53.64 | 64.23 |
| 7 | Principal, DIET, Chengannur, Alappuzha | DISTRICT INSTITUTE OF EDUCATION AND TRAINING (DIET) 60%C.S.S | 40.7 | 18.27 | 44.9 |
| 8 | Project Director, Poverty Allevation Unit, Alappuzha | DRDA Administrative cost (Central Share) | 0 | 0 | ? |
| 9 | | Mahatma Gandhi National Rural Employment Guarantee Programme (MGNREGP) (Central Share) | 15127.27 | 8815.3 | 58.27 |

| ക്രമ നം. | വകുപ്പിന്റെ പേര് | പദ്ധതികളുടെ പേര് | അനുവദിച്ച തുക | ചെലവഴിച്ച തുക | ചെലവ് %ൽ |
|---|---|---|---|---|---|
| 10 | | Prime Minister's Grama Sadak Yojana (Central Share) | 1071.42 | 161.32 | 15.05 |
| 11 | | PRADHAN MANTRI KRISHI SINCHAI YOJANA (PMKSY)-WATER SHED COMPONENT- CENTRAL SHARE | 3.21 | 0 | 0 |
| 12 | | PRADHAN MANTRI KRISHI SINCHAI YOJANA (PMKSY)-WATER SHED COMPONENT- CENTRAL SHARE | 286.07 | 74.45 | 26.02 |
| 13 | | PRADHAN MANTRI AWAS YOJANA (PMAY-GRAMIN) (60%CSS) | 229.2 | 196.81 | 85.86 |
| 14 | | PRADHANMANTHRI AWAS YOJNA GRAMI (PMAY)-SCSP 60% CSS | 280.8 | 101.05 | 35.98 |
| 15 | | PRADHANMANTHRI AWAS YOJNA GRAMI (PMAY)-TS P 60% CSS | 10.8 | 0.44 | 4.07 |
| 16 | | Prime Minister's Grama Sadak Yojana (StateShare) | 714.28 | 0 | 0 |
| 17 | | DRDA Administrative cost (State Share) | 130.74 | 67.04 | 51.27 |
| 18 | Project Officer, SSA, Alappuzha | SARVA SIKSHA ABHIYAN (SSA) Administrative Cost - State Share (60% CSS) | 1928.02 | 1819.78 | 94.38 |
| **Total** | | | **23893.23** | **11737.31** | **49.12** |

*(അവലംബം: വാർഷിക പദ്ധതി 2017-18)*

## എം.പി.മാരുടെ പ്രാദേശിക വികസനപദ്ധതി, അവലോകനം

ബഹു. ലോകസഭാ എം.പി. ശ്രീ. കെ.സി.വേണുഗോപാൽ, ബഹു. രാജ്യസഭാ എം.പി.മാരായ ശ്രീ. എ.കെ.ആന്റണി, ശ്രീ. വയലാർ രവി എന്നിവരാണ് ആലപ്പുഴ ജില്ലയിലെ മൂന്ന് നോഡൽ എം.പി.മാർ.

ജില്ലയിലെ എം.പി.മാരുടെ പ്രാദേശിക വികസന പദ്ധതിയിൽ 30-11-2017 വരെയുള്ള പുരോഗതി റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

### ശ്രീ. കെ.സി. വേണുഗോപാൽ എം.പി.

2014-15 മുതൽ 2017-18 വരെ ശ്രീ. കെ.സി. വേണുഗോപാൽ എം.പി.ക്ക്, കേന്ദ്ര ഗവൺമെന്റിൽ നിന്നുള്ള അലോട്ട്മെന്റ്, മറ്റ് ജില്ലകളിൽനിന്നു ലഭിച്ച തുക പലിശ എന്നിവയുൾപ്പെടെ 1732.63 ലക്ഷം രൂപയാണ് അക്കൗണ്ടിൽ ലഭിച്ചിട്ടുള്ളത്.

ബഹു. എം.പി. നിർദ്ദേശിച്ച 2765.32 ലക്ഷം രൂപയുടെ 316 പ്രവൃത്തികളിൽ 217 പ്രവൃത്തികൾക്ക് 1995.14 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 148 പ്രവൃത്തികൾ 1187.40 ലക്ഷം രൂപയ്ക്ക് പൂർത്തീകരിക്കുകയും നിർവ്വഹണം നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികൾക്ക് നൽകിയ 156.97 ലക്ഷം രൂപ ഉൾപ്പെടെ ആകെ 1344.37 ലക്ഷം രൂപ ചെലവഴിക്കുകയും ചെയതിട്ടുണ്ട്.

പട്ടികജാതി ഗുണഭോക്താക്കൾക്കായി ഇക്കാലയളവിൽ 443.55 ലക്ഷം രൂപയുടെ 30 പ്രവൃത്തികൾ നിർദ്ദേശിക്കുകയും അവയിൽ 328.64 ലക്ഷം രൂപയ്ക്കുള്ള 25 പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. 200.95 ലക്ഷം രൂപ ചെലവിൽ 18 പ്രവൃത്തികൾ പൂർത്തീകരിക്കുകയും നിർവ്വഹണം നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികൾക്ക് നൽകിയ 13.96 ലക്ഷം രൂപ ഉൾപ്പെടെ ആകെ 214.91 ലക്ഷം രൂപ ചെലവഴിക്കുകയും ചെയതിട്ടുണ്ട്.

പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്കായി 92.23 ലക്ഷം രൂപയ്ക്കുള്ള 5 പ്രവൃത്തികൾ നിർദ്ദേശിച്ചതിൽ 27.23 ലക്ഷം രൂപയുടെ 2 പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. അവയിൽ 23.87 ലക്ഷം രൂപ ചെലവിൽ ഒരു പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവർക്കായി 3.75 ലക്ഷം രൂപയ്ക്കുള്ള 3 പ്രവൃത്തികൾ നിർദ്ദേശിച്ചിട്ടുള്ളതിൽ 2.62 ലക്ഷം രൂപയ്ക്കുള്ള 2 പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. 2.57 ലക്ഷം രൂപ ചെലവിൽ ഒരു പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

### ശ്രീ. എ.കെ. ആന്റണി എം.പി.

2005-06 മുതൽ 2017-18 വരെ ശ്രീ. എ.കെ.ആന്റണി എം.പി.യുടെ അക്കൗണ്ടിൽ, കേന്ദ്രഗവൺമെന്റിൽ നിന്നുള്ള അലോട്ട്മെന്റ്, മറ്റ് ജില്ലകളിൽനിന്നു ലഭിച്ച തുക, പലിശ എന്നിവയുൾപ്പെടെ 4211.26 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്.

ബഹു. എം.പി. നിർദ്ദേശിച്ച 5247.80 ലക്ഷം രൂപയുടെ 222 പ്രവൃത്തികളിൽ 207 പ്രവൃത്തികൾക്ക് 4849.88 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 173 പ്രവൃത്തികൾ 3540.41 ലക്ഷം രൂപയ്ക്ക് പൂർത്തീകരിക്കുകയും നിർവ്വഹണം നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികൾക്ക് നൽകിയ 205.05 ലക്ഷം രൂപ ഉൾപ്പെടെ ആകെ 3745.46 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

പട്ടികജാതി ഗുണഭോക്താക്കൾക്കായി ബഹു. എം. പി. 684.15 ലക്ഷം രൂപയുള്ള 28 പ്രവൃത്തികൾ നിർദ്ദേശിക്കുകയും 605.98 ലക്ഷം രൂപയുള്ള 26 പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുകയും ചെയതിട്ടുണ്ട്. 480.93 ലക്ഷം രൂപ ചെലവിൽ 22 പ്രവൃത്തികൾ പൂർത്തീകരിക്കുകയും നിർവ്വഹണം നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികൾക്ക് നൽകിയ 15.50 ലക്ഷം രൂപ ഉൾപ്പെടെ ആകെ 496.43 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്കായി ബഹു. എം. പി. 329.70 ലക്ഷം രൂപയുള്ള 18 പ്രവൃത്തികൾ നിർദ്ദേശിച്ചിട്ടുളളതിൽ 303.15 ലക്ഷം രൂപയുടെ 17 പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. അവയിൽ 199.18 ലക്ഷം രൂപ ചെലവിൽ 14 പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

### ശ്രീ. വയലാർ രവി എം.പി.

2003-04 മുതൽ 2017-18 വരെ ശ്രീ. വയലാർ രവി എം.പി.യുടെ അക്കൗണ്ടിൽ, കേന്ദ്ര ഗവൺമെന്റിൽ നിന്നുള്ള അലോട്ട്മെന്റ്, മറ്റ് ജില്ലകളിൽനിന്നു ലഭിച്ച തുക, പലിശ എന്നിവയുൾപ്പെടെ 4563.07 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്.

ബഹു. എം.പി. നിർദ്ദേശിച്ച 5857.56 ലക്ഷം രൂപയുടെ 758 പ്രവൃത്തികളിൽ 697 പ്രവൃത്തികൾക്ക് 4929.39 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട് 620 പ്രവൃത്തികൾ 4094.08 ലക്ഷം രൂപയ്ക്ക് പൂർത്തീകരിക്കുകയും നിർവ്വഹണം നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികൾക്ക് നൽകിയ 67.64 ലക്ഷം രൂപ ഉൾപ്പെടെ ആകെ 4161.72 ലക്ഷം രൂപ ചെലവഴിക്കുകയും ചെയതിട്ടുണ്ട്.

പട്ടികജാതി ഗുണഭോക്താക്കൾക്കായി ബഹു. എം.പി. 629.65 ലക്ഷം രൂപയുള്ള 99 പ്രവൃത്തികൾ നിർദ്ദേശിച്ചിട്ടുളളതിൽ 534.65 ലക്ഷം രൂപയുടെ 85 പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. 481.91 ലക്ഷം രൂപ ചെലവിൽ 77 പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്കായി ബഹു. എം. പി. 255.22 ലക്ഷം രൂപയുടെ 15 പ്രവൃത്തികൾ നിർദ്ദേശിച്ചിട്ടുളളതിൽ 170.67 ലക്ഷം രൂപയുടെ 13 പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. 167.32 ലക്ഷം രൂപ ചെലവിൽ 13 പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

## എം.എൽ.എ മാരുടെ പ്രാദേശിക വികസന പദ്ധതി

ആലപ്പുഴ ജില്ലയിൽ 9 നിയമസഭ മണ്ഡലങ്ങളിലെ എം.എൽ.എ.മാരുടേയും നാമനിദ്ദേശം ചെയ്യപ്പെട്ട 1 എം.എൽ.എയും ഉൾപ്പെടെ 10 എം.എൽ.എ മാരുടെ പ്രാദേശിക വികസന പദ്ധതി പ്രകാരം നിർദ്ദേശിക്കുന്ന പ്രവൃ ികൾ ജില്ലയിൽ നടന്നുവരുന്നു. ജില്ലയിലെ എം.എൽ.എ മാരുടെ പ്രാദേശിക വികസന പദ്ധതിയിൽ 30/11/2017 വരെയുള്ള പുരോഗതി റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

### ശ്രീ. എ.എം. ആരിഫ് എം.എൽ.എ. (അരൂർ മണ്ഡലം)

2015-16 മുതൽ 2017-18 വരെ ശ്രീ. എ.എം. ആരിഫ് എം.എൽ.എമാരുടെ പ്രദേശിക വികസന ഫണ്ടിൽ നിർദ്ദേശിച്ചിട്ടുള്ള 70 പ്രവൃത്തികൾക്ക് 286.04 ലക്ഷം രൂപയുടെ ഭരണനുമതി നൽകിയിട്ടുണ്ട്. അതിൽ 41 പ്രവൃത്തികൾ പൂർത്തിയാക്കുകയും 173.78 ലക്ഷം രൂപ വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്. 10 പ്രവൃത്തികൾ നിർവ്വഹണം പുരോഗതിയിലാണ്.

### ശ്രീ. രമേശ് ചെന്നിത്തല, ബഹു. പ്രതിപക്ഷ നേതാവ് (ഹരിപ്പാട് മണ്ഡലം)

2015-16 മുതൽ 2017-18 വരെ ശ്രീ. രമേശ് ചെന്നിത്തല, ബഹു. പ്രതിപക്ഷ നേതാവ് എം.എൽ.എമാരുടെ പ്രദേശിക വികസന ഫണ്ടിൽ നിർദ്ദേശിച്ചിട്ടുള്ള 42 പ്രവൃത്തികൾക്ക് 314.7 ലക്ഷം രൂപയുടെ ഭരണനുമതി നൽകിയിട്ടുണ്ട്. അതിൽ 30 പ്രവൃത്തികൾ പൂർത്തിയാക്കുകയും 116.91 ലക്ഷം രൂപ വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്. 42 പ്രവൃത്തികൾ നിർവ്വഹണം പുരോഗതിയിലാണ്.

### ശ്രീമതി. പ്രതിഭാ ഹരി എം.എൽ.എ. (കായംകുളം മണ്ഡലം)

2015-16 മുതൽ 2017-18 വരെ ശ്രീമതി. പ്രതിഭാ ഹരി എം.എൽ.എമാരുടെ പ്രദേശിക വികസന ഫണ്ടിൽ നിർദ്ദേശിച്ചിട്ടുള്ള 28 പ്രവൃത്തികൾക്ക് 200.27 ലക്ഷം രൂപയുടെ ഭരണനുമതി നൽകിയിട്ടുണ്ട്. അതിൽ 20 പ്രവൃത്തികൾ പൂർത്തിയാക്കുകയും 136.72 ലക്ഷം രൂപ വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്. 8 പ്രവൃത്തികൾ നിർവ്വഹണം പുരോഗതിയിലാണ്.

### ശ്രീ. ആർ. രാജേഷ് എം.എൽ.എ. (മാവേലിക്കര മണ്ഡലം)

2015-16 മുതൽ 2017-18 വരെ ശ്രീ. ആർ. രാജേഷ് എം.എൽ.എമാരുടെ പ്രദേശിക വികസന ഫണ്ടിൽ നിർദ്ദേശിച്ചിട്ടുള്ള 45 പ്രവൃത്തികൾക്ക് 217.56 ലക്ഷം രൂപയുടെ ഭരണനുമതി നൽകിയിട്ടുണ്ട്. അതിൽ 33 പ്രവൃത്തികൾ പൂർത്തിയാക്കുകയും 135.92 ലക്ഷം രൂപ വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്. 12 പ്രവൃത്തികൾ നിർവ്വഹണം പുരോഗതിയിലാണ്.

### ശ്രീ. കെ.കെ രാമചന്ദ്രൻ നായർ എം.എൽ.എ. (ചെങ്ങന്നൂർ മണ്ഡലം)

2015-16 മുതൽ 2017-18 വരെ ശ്രീ. കെ.കെ രാമചന്ദ്രൻ നായർ എം.എൽ.എമാരുടെ പ്രദേശിക വികസന ഫണ്ടിൽ നിർദ്ദേശിച്ചിട്ടുള്ള 51 പ്രവൃത്തികൾക്ക് 210.17 ലക്ഷം രൂപയുടെ ഭരണനുമതി നൽകിയിട്ടുണ്ട്. അതിൽ 29 പ്രവൃത്തികൾ പൂർത്തിയാക്കുകയും 122.21 ലക്ഷം രൂപ വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്. 22 പ്രവൃത്തികൾ നിർവ്വഹണം പുരോഗതിയിലാണ്.

### ശ്രീ. പി. തിലോത്തമൻ എം.എൽ.എ. (ബഹു. ഭക്ഷ്യപൊതുവിതരണ വകുപ്പ് മന്ത്രി) (ചേർത്തല മണ്ഡലം)

2015-16 മുതൽ 2017-18 വരെ ശ്രീ. പി. തിലോത്തമൻ എം.എൽ.എമാരുടെ പ്രദേശിക വികസന ഫണ്ടിൽ നിർദ്ദേശിച്ചിട്ടുള്ള 81 പ്രവൃത്തികൾക്ക് 263.77 ലക്ഷം രൂപയുടെ ഭരണനുമതി നൽകിയിട്ടുണ്ട്. അതിൽ 45 പ്രവൃത്തികൾ പൂർത്തിയാക്കുകയും 130.25 ലക്ഷം രൂപ വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്. 36 പ്രവൃത്തികൾ നിർവ്വഹണം പുരോഗതിയിലാണ്.

### ശ്രീ. ഡോ. റ്റി.എം. തോമസ് ഐസക് എം.എൽ.എ. (ബഹു. ധനകാര്യ വകുപ്പ് മന്ത്രി) (ആലപ്പുഴ മണ്ഡലം)

2015-16 മുതൽ 2017-18 വരെ ശ്രീ. ഡോ. റ്റി.എം. തോമസ് ഐസക് എം.എൽ.എ മാരുടെ പ്രദേശിക വികസന ഫണ്ടിൽ നിർദ്ദേശിച്ചിട്ടുള്ള 54 പ്രവൃത്തികൾക്ക് 274.09 ലക്ഷം രൂപയുടെ ഭരണനുമതി നൽകിയിട്ടുണ്ട്. അതിൽ 26 പ്രവൃത്തികൾ പൂർത്തിയാക്കുകയും 123.33 ലക്ഷം രൂപ വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്. 28 പ്രവൃത്തികൾ നിർവ്വഹണം പുരോഗതിയിലാണ്.

### ശ്രീ. ജി. സുധാകരൻ (ബഹു. പൊതുമരാമത്ത് വകുപ്പ് മന്ത്രി) (അമ്പലപ്പുഴ നിയോജക മണ്ഡലം)

2015-16 മുതൽ 2017-18 വരെ ശ്രീ. ജി. സുധകരൻ എം.എൽ.എമാരുടെ പ്രദേശിക വികസന ഫണ്ടിൽ നിർദ്ദേശിച്ചിട്ടുള്ള 49 പ്രവൃത്തികൾക്ക് 205.79 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. അതിൽ 24 പ്രവൃത്തികൾ പൂർത്തിയാക്കുകയും 106.5 ലക്ഷം രൂപ വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്. 25 പ്രവൃത്തികൾ നിർവ്വഹണം പുരോഗതിയിലാണ്.

### ശ്രീ. തോമസ്ചാണ്ടി എം.എൽ.എ. (കുട്ടനാട് മണ്ഡലം)

2015-16 മുതൽ 2017-18 വരെ ശ്രീ. തോമസ്ചാണ്ടി എം.എൽ.എമാരുടെ പ്രദേശിക വികസന ഫണ്ടിൽ നിർദ്ദേശിച്ചിട്ടുള്ള 105 പ്രവൃത്തികൾക്ക് 269.14 ലക്ഷം രൂപയുടെ ഭരണനുമതി നൽകിയിട്ടുണ്ട്. അതിൽ 41 പ്രവൃത്തികൾ പൂർത്തിയാക്കുകയും 108.02 ലക്ഷം രൂപ വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്. 64 പ്രവൃത്തികൾ നിർവ്വഹണം പുരോഗതിയിലാണ്.

### ശ്രീ. ജോൺ ഫെർണാണ്ടസ് എം.എൽ.എ. (നോമിനേറ്റഡ്)

2017-18 വർഷത്തിൽ ശ്രീ. ജോൺഫെർണാണ്ടസ് എം.എൽ.എമാരുടെ പ്രദേശിക വികസന ഫണ്ടിൽ നിർദ്ദേശിച്ചിട്ടുള്ള 1 പ്രവൃത്തിക്ക് 1.18 ലക്ഷം രൂപയുടെ ഭരണനുമതി നൽകിയിട്ടുണ്ട്. ടി പ്രവൃത്തിയുടെ നിർവ്വഹണം പുരോഗതിയിലാണ്.

സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ് ആലപ്പുഴ ജില്ലയിൽ 2017-18 സാമ്പത്തിക വർഷം സർവ്വേ സ്റ്റഡി, ജില്ലകളിലെ കമ്പ്യൂട്ടർ വിഭാഗം ശക്തിപ്പെടുത്തൽ എന്നിങ്ങനെ 2 സംസ്ഥാന പദ്ധതികളാണ് നടപ്പിലാക്കുന്നത്. ആകെ 66 ശതമാനം തുക ചെലവഴിച്ചു കഴിഞ്ഞിട്ടുണ്ട്.

നഗര ഗ്രാമാസൂത്രണ വകുപ്പ് ജില്ലാ സംയോജിത വികസനരൂപരേഖ തയ്യാറാക്കൽ, മാസ്റ്റർ പ്ലാനുകളും വിശദ നഗരാസൂത്രണ പദ്ധതികളും തയ്യാറാക്കൽ, കമ്പ്യൂട്ടർവൽക്കരണവും ആധുനിക വൽക്കരണവും, ജി.എസ്സ്.ഐ. എന്നിങ്ങനെ ആകെ 999000/- രൂപയുടെ 5 പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്.

ഈ പദ്ധതിയുടെ ലക്ഷ്യം ജിയോ ഗ്രാഫിക്കൽ ഇൻഫർമേഷൻ സിസ്റ്റം ശക്തിപ്പെടുത്തുക വഴി സംസ്ഥാനത്തെ നഗരമേഖല അധിവാസ കേന്ദ്രങ്ങളുടെ ഭൂപടം തയ്യാറാക്കുന്നതിനു വകുപ്പിനെ പ്രാപ്തമാക്കുന്നതിനും അതുപോലെ ഇന്റർനെറ്റ് മാപ്പ് സെർവർ എസ്സ്.ഐ.ജി/ സംബർക്കമുഖം ഇവയുടെ വികസനവുമാണ ലക്ഷ്യമിടുന്നത്.

കൃഷിവകുപ്പുവഴി 2017-18 വർഷം 3 കേന്ദ്ര പദ്ധതികളും 16 സംസ്ഥാന പദ്ധതികളും നടപ്പിലാക്കിവരുന്നു. ആകെ 19 പദ്ധതികൾക്കായി 7300.18 ലക്ഷം രൂപയിൽ 485.15 ലക്ഷം രൂപ ഇതിനോടകം ചെലവഴിച്ചുകഴിഞ്ഞിട്ടുണ്ട്.

### പദ്ധതികളുൾ മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ

- നെൽകൃഷി ചെലവിന് ആനുപാതികമായി കർഷകർക്ക് സബ്സിഡികൾ നല്കണം.
- നെല്കൃഷിയിൽ കള നിയന്ത്രണത്തിനും കൂടി കർഷകർക്ക് സഹായം നല്കണം.
- കൊയ്ത്ത്-മെതി യന്ത്രങ്ങൾ നെല്ലുല്പാദക സമിതികൾക്ക് കൈമാറി അവർക്ക് പ്രവർത്തന മൂലധനം നല്കണം.

- കേരഗ്രാമം പദ്ധതി നാളികേരകൃഷി കൂടുതലായി ചെയ്യുന്ന എല്ലാ പഞ്ചായത്തുകളിലേക്കും വ്യാപിപ്പിക്കുക.
- എല്ലാ പഞ്ചായത്തുകളിലും പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ സ്ഥാപിച്ചാൽ കർഷകർക്ക് കൂടുതൽ പ്രയോജനപ്രദമാകും.
- സോഷ്യൽ മീഡിയ വഴി പ്ളാന്റ് ഹെൽത്ത് ക്ലിനിക്കുകളുടെ പ്രധാന്യം കർഷകരുടെ ഇടയിൽ കൂടുതൽ വ്യാപിപ്പിക്കേണ്ടതാണ്.
- പച്ചക്കറി കൃഷിയിൽ പ്രിസിഷൻ ഫാമിംഗ്, മഴമറ, സ്ഥിരമായ പന്തൽ സംവിധാനം എന്നിവക്ക് കൂടുതൽ ഫണ്ട് അനുവദിക്കണം.
- എല്ലാ ബ്ലോക്കുകളിലും അഗ്രി ബസാറുകൾ സ്ഥാപിക്കണം ഇതോടൊപ്പം ചേർന്ന് മൂല്യ വർധിത ഉല്പന്നങ്ങളുടെ യൂണിറ്റും സ്ഥാപിച്ച് വാഹന സൌകര്യങ്ങളോട് കൂടി ശാക്തീകരിക്കണം.
- ജൈവകൃഷിയിൽ ജൈവോപാധികൾ കർഷകർക്ക് സൌജന്യമായി നല്കണം.
- ഫാമുകളുടെ പ്രവർത്തനത്തിന് ഏപ്രിൽ മാസത്തിൽ തന്നെ പ്രവർത്തന മൂലധനം നല്കണം. ഫാമിലേയ്ക്ക് ആവശ്യമുള്ള തെഴിലാളികളെ നിയമിച്ച് അവർക്ക് ആവശ്യമായ പരിശീലനം നല്കണം.
- ഫാമുകളിലെ വൃക്ഷങ്ങൾ വെട്ടിമാറ്റുന്നതിന് അനുമതി നല്കുന്നതിനുള്ള അധികാരം പ്രിൻസിപ്പൽ കൃഷി ഓഫീസർക്ക് നല്കണം.

ഇറിഗേഷൻ ഡിവിഷൻ ആലപ്പുഴയുടെ അധികാര പരിധിയിൽ ജില്ലയുടെ കടൽതീര സംരക്ഷണം – തെക്ക് വലിയഴീക്കൽ മുതൽ വടക്ക് ചാപ്പക്കടവ് വരെ എകദേശം 75 കീ.മീ. ദൈർഘ്യമുള്ള കടൽതീരം കോസ്റ്റൽ എഞ്ചിനിയറിംഗ് ഫീൽഡ് സ്റ്റഡീസിന്റെയും ഐ.ഐ.റ്റി. ചെന്നൈയുടെയും പഠന റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പുലിമുട്ട്/കടൽഭിത്തി എന്നിവ നിർമ്മിച്ചുവരുന്നു. സംസ്ഥാന ഫണ്ട് ഉപയോഗിച്ച് 906.00 ലക്ഷം രൂപയുടെ പദ്ധതിക്ക് അനുമതി ലഭിച്ചിട്ടുണ്ട്. അതിൽ 900.00 ലക്ഷം രൂപയുടെ പ്രവൃത്തികൾ പൂർത്തികരിച്ചിട്ടുണ്ട്. 26.00 ലക്ഷം രൂപയുടെ പ്രവൃത്തികൾ പുരോഗമിക്കുന്നു.

ദേശിയ ജലപാത-iiiന്റെ വികസനവുമായി ബന്ധപ്പെട്ട് ആലപ്പുഴ, കുട്ടനാട്, ചേർത്തല, അരൂർ എന്നി നിയോജക മണ്ഡലങ്ങളിലായി 649.75 ലക്ഷം രൂപയുടെ പ്രവർത്തികൾക്കുള്ള ഭരണാനുമതി ലഭ്യമായിട്ടുണ്ട്. അതിൽ 624.75 ലക്ഷം രൂപയുടെ പ്രവൃത്തികളുടെ നിർമ്മാണം പുരോഗതിയിലാണ്.

ആലപ്പുഴ ജില്ലയിലെ കുളങ്ങളുടെ പുനരുജ്ജീവനത്തിന്റെ ഭാഗമായി വിവിധ പഞ്ചായത്തുകളിലെ 553 കുളങ്ങളുടെ നവീകരണത്തിനുവേണ്ടി 230 കുളങ്ങളുടെ ഡി.പി.ആർ. തയ്യാറാക്കി. അമ്പലപ്പുഴ, കാർത്തികപ്പള്ളി താലൂക്കുകളിലായി 17 പ്രവൃത്തികളിലായി 45 ഓരുമുട്ടുകൾ സ്ഥാപിച്ച് പാടശേഖരങ്ങളിലേക്ക് ഓരുവെള്ളം കയറുന്നത് തടയുന്ന പ്രവൃത്തികൾ പുരോഗമിക്കുന്നു. കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി 23 പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു. ഇതിൽ 10 എണ്ണം പൂർത്തീകരിച്ചിട്ടുണ്ട്.

അമ്പലപ്പുഴ, കാർത്തികപ്പള്ളി താലൂക്കുകളിലായി ഓരുമുട്ടുകൾ സ്ഥാപിച്ച് പാടശേഖരങ്ങളിലേക്ക് ഓരുവെള്ളം കയറുന്നത് തടയുന്നതിന് സ്ഥിരം സ്ലൂക്കർ സ്ഥാപിച്ചാൽ വർഷാവർഷങ്ങളിൽ ഓരുമുട്ടുകൾ സ്ഥാപിക്കുന്നതിനുള്ള ചിലവ് കുറയ്ക്കാനും

സമയബന്ധിതമായി നടപ്പിലാക്കേണ്ട ടി പ്രവൃത്തികളുടെ കാലതാമസം ഒഴിവാക്കുവാനും സാധിക്കും

ആർ.ഐ.ഡി.എഫ്. പദ്ധതികളിൽ ഉൾപ്പെടുത്തി 2017-18 സാമ്പത്തിക വർഷത്തിൽ ജില്ലയിൽ 8 വെള്ളക്കെട്ട് നിവാരണ പദ്ധതികൾ നടപ്പിലാക്കിവരുന്നു. സമഗ്ര കൃഷി വികസനവും മണ്ണ് - ജല സംരക്ഷണവും ലക്ഷ്യംവെച്ചാണ് ഈ പദ്ധതികൾ നടപ്പിലാക്കുന്നത്. പാടശേഖരങ്ങളുടെ അടിസ്ഥാന സൌകര്യങ്ങൾ മെച്ചപ്പെടുത്തി കാർഷിക പുരോഗതി കൈവരിക്കുവാനും താഴ്ന്ന പ്രദേശങ്ങളിലേയ്ക്ക് അമിതമായി ജലം ഒഴുകിയെത്തുന്നതിനെ നിയന്ത്രിക്കുന്നതിനും കാർഷികാവശ്യത്തിനുള്ള ജലം സമയബന്ധിതമായി ഉപയോഗപ്പെടുത്തുന്നതിനും ഉള്ള പദ്ധതികളാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്. 2017-18 സാമ്പത്തിക വർഷത്തിൽ പദ്ധതി പ്രവർത്തനങ്ങൾക്കായി 300.00 ലക്ഷം രൂപ അനുവദിച്ചതിൽ 2017 നവംബർ മാസം വരെ 198.4568 ലക്ഷം (66.15%) രൂപ ചെലവഴിച്ചിട്ടുണ്ട്.

- ജില്ലയിലെ പ്രദേശങ്ങളുടെ സ്വഭാവമനുസരിച്ച് ദീർഘകാല പ്രയോജനവും, കാർഷിക അഭിവൃദ്ധിയും ലഭ്യമാക്കുംവിധം ജനപ്രതിനിധികളുടേയും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും, കർഷകരുടേയും ആവശ്യമനുസരിച്ച് മുൻഗണനാ ക്രമത്തിൽ നടപ്പിലാക്കുകയുമാണ് ചെയ്തുവരുന്നത്. അടിസ്ഥാന വികസന സൌകര്യം മെച്ചപ്പെടുത്തിയിട്ടുള്ള പാടശേഖരങ്ങളിൽ ശാസ്ത്രീയമായ കൃഷി നടപ്പാക്കുകയും, അധിക കാർഷിക ഉന്നമനം എന്ന ലക്ഷ്യം സാദ്ധ്യമാക്കുവാൻ വേണ്ടുന്ന നിർദ്ദേശങ്ങൾ കൃഷി വകുപ്പിന്റെ സഹായത്തോടെ കർഷകർക്ക് നൽകാവുന്നതാണ്.
- ആർ.ഐ.ഡി.എഫ്. പദ്ധതികളിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പദ്ധതികൾ അതാത് പ്രദേശങ്ങളിൽ മാത്രമാണ് നടപ്പിലാക്കുന്നത്. ആയതിനാൽ അടിയന്തിര സാഹചര്യങ്ങളിൽ മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കുവാൻ കഴിയുന്നില്ല. ഇത്തരം സാഹചര്യങ്ങളിൽ വ്യക്തിക്കോ/വ്യക്തികൾക്കോ സാമ്പത്തിക സഹായം നൽകുന്നതിനായി പുതിയ ശീർഷകത്തിൽ പദ്ധതി അംഗീകരിക്കാവുന്നതാണ് .
- പദ്ധതികള് പൂർത്തീകരിച്ച കഴിയുമ്പോൾ പ്രസ്തുത ആസ്തികൾ ഏറ്റെടുക്കുവാനും, കാലാകാലങ്ങളിൽഉണ്ടാവുന്ന അറ്റകുറ്റപ്പണികളും ഭാവി കാലങ്ങളിൽ ആവശ്യമായി വരുന്ന നിർമ്മിതികൾ ഉൾക്കൊള്ളിക്കുവാനും വേണ്ട നടപടികൾ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സ്വീകരിക്കാവുന്നതാണ് .

ആലപ്പുഴ ജില്ലയിലെ മൃഗസംരക്ഷണ മേഖലയിൽ 2017-18 വർഷത്തിൽ നാളിതുവരെ ലഭിച്ച 1,19,77,455.00 രൂപ പദ്ധതി വിഹിതം ഉപയോഗിച്ച് 27 പദ്ധതികൾ മൃഗസംരക്ഷണ വകുപ്പ് ഏറ്റെടുത്ത് നടപ്പാക്കിവരുന്നു. ഇതിൽ 84,21,911/- രൂപ വിവിധ പദ്ധതികൾക്കായി ചെലവായിട്ടുണ്ട്.

പദ്ധതിക്കായി - 26, 12, 000.00 രൂപ പദ്ധതി വിഹിതമായി അനുവദിച്ചിട്ടുണ്ട്. ഇതിൽ 10,21,138.00/- രൂപ ചെലവുചെയ്തു. വൈകുന്നേരം 6 മണി മുതൽ രാവിലെ 6 മണിവരെ വെറ്ററിനറി സേവനം രാത്രികാല സേവനം എന്ന പദ്ധതിപ്രകാരം ലഭ്യമാക്കുന്നു. ജില്ലയിലെ 4 ബ്ലോക്കുകളിൽ ഈ സേവനം ലഭ്യമാണ്. മോട്ടോർ ബോട്ട് മൃഗാശുപത്രി പ്രവർത്തനം പദ്ധതിക്കായി 3,90,000.00 രൂപ അനുവദിക്കുകയും 9250.00 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. 1,26,000.00 രൂപ പദ്ധതി വിഹിതമായുള്ള അംബുലേറ്ററി ക്ലിനിക് പദ്ധതിയിൽ 16,823.00 രൂപ ചെലവഴിക്കപ്പെട്ടിട്ടുണ്ട്.

### ഗോട്ട് സാറ്റലൈറ്റ് യൂണിറ്റ്

പദ്ധതിക്കായി 15,00,000.00 രൂപ അനുവദിച്ചിട്ടുള്ളതിൽ ആട്ടിൻകുട്ടികളെ വിതരണം ചെയ്യുന്നതിനായി 13,50,000.00 രൂപ വിനിയോഗിച്ചു.

### ഡക്ക് നഴ്സറി –602900

ഡക്ക് നഴ്സറി–602900 എന്ന താറാവിൻകുഞ്ഞുങ്ങളെ വിതരണം ചെയ്യുന്ന ഈ പദ്ധതിയിൽ 6,02,900.00 രൂപ അനുവദിക്കുകയും 5,87,850.00 ചെലവഴിക്കുകയും ചെയ്തു.

### മാതൃകാ ഗ്രാമം

പദ്ധതിക്കായി 5,35,000.00 രൂപ അനുവദിച്ചിട്ടുണ്ട്. പദ്ധതി തുക മുഴുവനായും വിനിയോഗിച്ചിട്ടുണ്ട്.

സ്കൂളുകളിൽ മൃഗക്ഷേമ സമാജങ്ങൾ രൂപവല്കരിക്കുന്നതിനുള്ള പദ്ധതി. പദ്ധതിക്കായി അനുവദിച്ച 1, 50,000.00 രൂപ പൂർണ്ണമായും ചെലഴിച്ചു.

## വകുപ്പുതല പദ്ധതികളുടെ ന്യൂനതകൾ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ

- രാത്രികാല സേവനം എന്നതിനു പകരം 24 മണിക്കൂർ വെറ്ററിനറി സേവനം എന്നാവണം. സ്ഥിരം ഡോക്ടർമാർ ലഭ്യമല്ലാതിരിക്കുന്ന സമയങ്ങളിൽ എല്ലാം കോൺടാക്ട് അടിസ്ഥാനത്തിലുള്ള സേവനം ലഭ്യമാക്കേണ്ടതാണ്.
- സംസ്ഥാന തലത്തിൽ നിന്ന് 24 മണിക്കൂർ വെറ്ററിനറി സേവനം ലഭ്യമാക്കാനുള്ള ഫണ്ട് ലഭിക്കാത്ത പക്ഷം തദ്ദേശ സ്ഥാപനങ്ങൾക്ക് അവരുടെ ഫണ്ട് ഉപയോഗിച്ച് സേവനം ലഭ്യമാക്കാൻ അനുമതി നൽകാവുന്നതാണ്.
- മോട്ടോർബോട്ട് മൃഗാശുപത്രി പ്രവർത്തിക്കുന്നതിനായി സ്വന്തമായിബോട്ടും അത് അനുസരിച്ചുള്ള സ്റ്റാഫും ലഭ്യമാക്കുക.
- ആബുലേറ്ററി ക്ലിനിക്കിന് ഡ്രൈവർ തസ്തിക സൃഷ്ടിച്ച് ആംബുലൻസ് പ്രവർത്തനം പ്രയോജനപ്രദമാക്കുക.
- മരുന്നുകൾ സംഭരിക്കുന്നതിന് ആവശ്യമായ സ്റ്റോര് സ്ഥാപിക്കുക. മരുന്നുകൾ വിതരണം ചെയ്യുന്നതിനും കയറ്റിറക്കു ചെയ്യുന്നതിനും ആവശ്യമായ ജീവനക്കാരെ നിയമിക്കുക.
- ഉപകരണങ്ങൾ വാങ്ങുന്നതിന് കൂടുതൽ ഫണ്ട് ലഭ്യമാക്കുക.
- ജില്ലാ ലാബിന്റെ പ്രവർത്തനത്തിന് ആവശ്യമായ കൂടുതൽ സ്ഥല സൌകര്യമുള്ള കെട്ടിടങ്ങൾ ആവശ്യമാണ്. ലാബിന്റെ ഇൻഫാസ്ട്രക്ചർ ഡവലപ്മെന്റിനു വേണ്ടി ആവശ്യമായ ഫണ്ട് അനുവദിക്കുക.
- എല്ലാ ആശുപത്രികൾക്കും ഫണ്ട് ലഭ്യമാകുന്ന രീതിയിൽ ഫണ്ട് അനുവദിക്കുക.
- സർക്കാർ നിയന്ത്രണത്തിലുള്ള വിപണി സംവിധാനം ഒരുക്കുക.
- ഡക്ക് ഹാച്ചറി സ്ഥാപിക്കുക.

- മാലിന്യ സംസ്കരണത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് സബ്സിഡി തുക വർദ്ധിപ്പിക്കേണ്ടതാണ്.
- സബ്സിഡി തുക ഉയർത്തുക
- വന്ധ്യതാ നിവാരണ ക്യാമ്പുകൾ ആറുമാസത്തെ കൃത്യമായ ഇടവേളകളിൽ ജില്ലയിലെ എല്ലാ പഞ്ചായത്തുകൾ കേന്ദ്രീകരിച്ച് നടപ്പിലാക്കേണ്ടതാണ്.
- ജില്ലാതലത്തിൽ സംരംഭകർക്ക് ഏത് സമയത്തും ഉപദേശ നിർദ്ദേശങ്ങൾ നൽകുന്നതിനുമായി ഒരു സംരംഭകത്വ സഹായസെൽ രൂപവൽക്കരിക്കുക. പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നവർക്ക് ധനസഹായം ലഭ്യമാക്കുക.
- എല്ലാ സ്ഥാപനങ്ങളിലും ഡേറ്റാഎൻട്രി നടത്തുന്നതിനാവശ്യമായ ജീവനക്കാരെ താല്ക്കാലിക അടിസ്ഥാനത്തിൽ നിയമിക്കുക.
- കൂടുതൽ പ്രതിഫലം നൽകി സ്ഥിരം വാക്സിനേറ്റർമാരെ നിയമിച്ചാൽ അസ്കാഡ് പദ്ധതി കൂടുതൽ ഫലപ്രദമായി നടത്താവുന്നതാണ്.

ക്ഷീര വികസന വകുപ്പിൻ കിഴിൽ നടപ്പിലാക്കി വരുന്ന സംസ്ഥാനതല പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ. നം | പദ്ധതിയുടെ പേര് | അലോട്ട്മെന്റ് | ചെലവഴിച്ച തുക |
|---|---|---|---|
| 1 | എം.എസ്സ്.ഡി.പി | 8911500 | 7192800 |
| 2 | ക്ഷീര ഗ്രാമം | 10000000 | 5438900 |
| 3 | ഡയറി സോൺ | 17686200 | 6685500 |
| 4 | തീറ്റപ്പുൽകൃഷി | 3495932 | 3424700 |
| 5 | ക്ഷീര സംഘം നവീകരണം | 13214500 | 5183400 |
| 6 | വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ | 1106000 | 865400 |
| 7 | കാറ്റിൽ ഫീഡിംഗ് സബ്സിഡി | 770000 | 770000 |
| 8 | ഗുണ നിയന്ത്രണ വിഭാഗത്തിന്റെ ശാക്തീകരണം | 490000 | 335044 |
| | **ആകെ** | **55674132** | **29895744** |

## മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ

- എം.എസ്സ്.ഡി.പി. കൂടുതൽ യൂണിറ്റുകൾ അനുവദിക്കാവുന്നതാണ്.
- കൂടുതൽ പഞ്ചായത്തുകളെ ക്ഷീര ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തുക.
- ഡയറി സോൺ പദ്ധതിയിൽ തൊഴുത്ത് നിർമ്മാണം, ആവശ്യാധിഷ്ഠിത ധന സഹായം എന്നിവ കൂടുതലായി ഉൾപ്പെടുത്തുക.
- ത്രിതല പഞ്ചായത്തുകളുടെ സഹകരണത്തോടെ കൂടുതൽ തരിശു സ്ഥലങ്ങളിൽ തൊഴിലുറപ്പ് പദ്ധതിപ്രകാരം പുൽകൃഷി നടപ്പിലാക്കുക.
- ക്ഷീര സംഘങ്ങളുടെ പ്രവർത്തനം പരമ്പരാഗത രീതിയിൽ നിന്ന് മാറി വൈവിദ്ധ്യവൽക്കരിക്കുക.

- വിജ്ഞാന വ്യാപന പ്രവർത്തനങ്ങളുടെ പുരോഗതിക്ക് ക്ഷീര കർഷകർക്കും ക്ഷീര സംഘം ജീവനക്കാർക്കും ഭരണ സമിതി അംഗങ്ങൾക്കും ആധുനികമായ പരിശീലന സൌകര്യങ്ങൾ ഏർപ്പെടുത്തുക പഠന യാത്രകൾ സംഘടിപ്പിക്കുക.
- കാറ്റിൽ ഫീഡിംഗ് സബ്സിഡി പുരോഗതിക്ക് ക്ഷീര സംഘങ്ങളിലൂടെ സർക്കാർ അംഗീകൃത സ്ഥാപനങ്ങളുടെ ധാതു മിശ്രിതങ്ങൾ സബ്സിഡി നിരക്കിൽ കർഷകർക്ക് ലഭ്യമാക്കുന്നു.
- ക്ഷീര സംഘങ്ങളിൽ ഏകീകൃത സോഫ്റ്റ് വെയർ സ്ഥാപിച്ച് പാൽ ഗുണ നിലവാര നിയന്ത്രണവും വില നിർണ്ണയവും കൂടുതൽ സുതാര്യവും കാര്യക്ഷമവുമാക്കുക.

ജില്ല ഫിഷറീസ് ഓഫീസിന്റെ കീഴിൽ മത്സ്യഭവനുകൾ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ താഴെപ്പറയുന്നു.

| ക്രമനം. | പദ്ധതികൾ | ജില്ലാ വിഹിതം |
|---|---|---|
| 1 | ഭവനനിർമ്മാണ പദ്ധതി | 448.00 ലക്ഷം |
| 2 | ഭൂരഹിത/ഭവനരഹിത പദ്ധതി | 12.00 കോടി |
| 3 | കായൽ പട്രോളിംഗ് | 3.00 ലക്ഷം |
| 4 | സമ്പാദ്യ ആശ്വാസ പദ്ധതി | 12 കോടി 65.8 ലക്ഷം |
| 5 | വിദ്യാഭ്യാസ ധനസഹായം | 442.00 ലക്ഷം |
| 6 | ഫിഷറീസ് സ്കൂൾ, അർത്തുങ്കൽ | 18.48 ലക്ഷം |
| 7 | ഇൻലാന്റ് സർവ്വേ | 3.00 ലക്ഷം |
| 8 | സൗജന്യ റേഷൻ വിതരണം | 2.00 ലക്ഷം |
| 10 | സാമൂഹ്യ മത്സ്യവിത്ത് നിക്ഷേപം | 30.7 ലക്ഷം |
| 11 | കരിയർ ഗൈഡൻസ് പ്രോഗ്രാം | 1.8 ലക്ഷം |
| 12 | മെഡിക്കൽ ക്യാമ്പ് | 7.50 ലക്ഷം |
| 13 | ബോധവൽകരണ പരിപാടി | |
| 14 | ഫിഷറീസ് സ്കൂളുകൾക്ക് സ്പോട്ട്സ് കിറ്റ് | 9.00 ലക്ഷം |
| 15 | മാതാപിതാക്കൾ മരണപ്പെട്ട മത്സ്യതൊഴിലാളി കുട്ടികളെ ദത്തെടുക്കൽ | 3.57 ലക്ഷം |

NBCFDC/NMDFC പദ്ധതി പ്രകാരം 2017 ഒക്ടോബർ മാസം വരെ 7949.47 ലക്ഷം രൂപയുടെ വായ്പ ജില്ലയിൽ ലഭ്യമാകുകയും 8 ക്ലസ്റ്ററുകളിലായി ടി പദ്ധതിയിലൂടെ 4649 സ്വാശ്രയ ഗ്രൂപ്പുകളിലെ 54726 അംഗങ്ങൾക്ക് വിതരണം ചെയ്തിട്ടുമുണ്ട്. നിലവിൽ പ്രസ്തുത പദ്ധതി 100% തിരിച്ചടവ് രേഖപ്പെടുത്തിയിട്ടുണ്ട്. NBCFDC പദ്ധതി പ്രകാരം 2017-18 ൽ 397 ഗ്രൂപ്പുകളിലെ 4867 അംഗങ്ങൾക്കായി 903.35 ലക്ഷം രൂപ വിതരണം നടത്തിയിട്ടുണ്ട്. NMDFC പദ്ധതി പ്രകാരം 2017 ഒക്ടോബർ മാസം വരെ 934.22 ലക്ഷം രൂപയുടെ വായ്പ ലഭ്യമാകുകയും ജില്ലയിലെ 8 ക്ലസ്റ്ററുകളിലായി 23 പദ്ധതികളിലൂടെ 1152 ഗ്രൂപ്പുകളിലെ 12147 അംഗങ്ങള്ക്ക് വിതരണം ചെയ്തിട്ടുണ്ട്. ടി പദ്ധതിയും 100% തിരിച്ചടവ് രേഖപ്പെടുത്തിയിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം 31 ഗ്രൂപ്പുകളിലെ 347 അംഗങ്ങൾക്കായി 53.10 ലക്ഷം രൂപ വിതരണം നടത്തിയിട്ടുണ്ട്.

ജില്ലയിലെ 8 ക്ലസ്റ്ററുകളിലെ വിവിധ സംഘങ്ങൾ വഴി പലിശ രഹിത വായ്പാ പദ്ധതിയിൽ 180.860 ലക്ഷം രൂപ ലഭ്യമാകുകയും 3081 ആക്ടിവിറ്റി ഗ്രൂപ്പുകളിലെ 16349 അംഗങ്ങൾക്ക് വിതരണം ചെയ്തിട്ടുമുണ്ട്. 100% തിരിച്ചടവ് ഈ പദ്ധതിയും ഉറപ്പാക്കുന്നുണ്ട്. 201718 ൽ 288 അംഗങ്ങൾക്കായി 45,40,000/ രൂപ ലഭ്യമാക്കി. നാളിതുവരെ 1808.60 ലക്ഷം രൂപ നല്കിയിട്ടുണ്ട്.

ആലപ്പുഴ ജില്ലയിൽ മത്സ്യമേഖലയിൽ ഉൾപ്പെടുത്താവുന്ന പദ്ധതി നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു.

- നിലവിൽ മത്സ്യബന്ധന ഗ്രൂപ്പുകൾക്ക് എഞ്ചിനുകൾ പ്രവർത്തിക്കുന്നതിനാവശ്യമായ മണ്ണെണ്ണ വാങ്ങുമ്പോൾ സർക്കാർ സബ്സിഡി നൽകി വരുന്നുണ്ട്. എഞ്ചിനുകൾക്കാവശ്യമായ 2t ഓയിൽ വാങ്ങുമ്പോൾ ഇതുപോലെ സബ്സിഡി നൽകുന്നത് മത്സ്യത്തൊഴിലാളികൾക്ക് ഏറെ പ്രയോജനകരമായിരിക്കും. ഉത്പാദന ചിലവ് കുറച്ച് വരുമാന വർദ്ധനവിന് ഇത് ഏറെ സഹായിക്കും.

- മത്സ്യവിപണനത്തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് മത്സ്യം സംഭരിക്കുന്നതിനും സൂക്ഷിക്കുന്നതിനും അനുയോജ്യമായ ഇൻസുലേറ്റഡ് ബോക്സുകൾ വാങ്ങുമ്പോൾ സബ്സിഡി നൽകുന്നത് മത്സ്യം കേടു വരാതെ സൂക്ഷിക്കുന്നതിന് സഹായിക്കുകയും രാസവസ്തുക്കൾ കലർത്താതെ പച്ച മത്സ്യം ഉപഭോക്താവിന് എത്തിച്ചു നൽകുന്നതിനും സാധിക്കും.

- കടൽപന്നി (dolphin) കൂട്ടത്തിന്റെ ആക്രമണത്താൽ മത്സ്യബന്ധന വലകൾ നശിപ്പിക്കപ്പെടുന്നത് വ്യാപകമായി റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്. വലകൾ നശിപ്പിക്കപ്പെടുമ്പോൾ അവ നന്നാക്കുന്നതിന് ഭീമമായ തുക ചിലവഴിക്കപ്പെടുന്നത് കൂടാതെ മത്സ്യബന്ധന സീസണിൽപോലും തൊഴിൽ ദിനങ്ങൾ നഷ്ടപ്പെടുന്നതും മത്സ്യത്തൊഴിലാളികൾക്ക് ഏറെ ബുദ്ധിമുട്ടുണ്ടാക്കുന്നു.

- CIFT യുടെ ഫിഷറീസ് സാങ്കേതിക വിദഗ്ധർ പരിചയപ്പെടുത്തിയ dolphin pingerകൾ Ring seine (ചൂടവല, താങ്ങുവല)കൾ Drift Net (അയലവല, ചാളവല, ലരേ)കൾ എന്നിവയിൽ ഘടിപ്പിച്ചാൽ അവയിൽ നിന്നും പുറപ്പെടു വരുന്ന ശബ്ദതരംഗങ്ങൾ dolphin കളെ വലയുടെ സമീപത്തു നിന്നും അകറ്റി നിർത്തുന്നതിനു സഹായിക്കും. ഈ ഉപകരണം മത്സ്യഫെഡ് വഴി ഇറക്കുമതി ചെയ്ത് മത്സ്യഫെഡ് വ്യാസാസ്റ്റോറുകൾ വഴി വിതരണം ചെയ്യാവുന്നതാണ്. തികച്ചും നൂതനമായ സാങ്കേതിക വിദ്യ ആയതിനാൽ മത്സ്യത്തൊഴിലാളികളിൽ താത്പര്യം ജനിപ്പിക്കുവാൻ ഇവ വാങ്ങുന്നതിന് മത്സ്യബന്ധന ഗ്രൂപ്പുകൾക്ക് ഗ്രാന്റ് അനുവദിക്കേണ്ടതാണ്.

- മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ മുഖേന ഉത്പാദകരിൽ നിന്ന് നേരിട്ടു മത്സ്യം സംഭരിച്ച് ജില്ലയിലും ജില്ലയ്ക്കു പുറത്തുമുള്ള മത്സ്യവിപണനകേന്ദ്രങ്ങളിൽ രാസവസ്തുക്കൾ ചേർക്കാത്ത പച്ചമത്സ്യം വിതരണം ചെയ്യുന്നതിന് 'Coast to Market " എന്ന പേരിൽ മത്സ്യഫെഡ് പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്.

- ഉത്പാദകരിൽ നിന്നും ശേഖരിക്കുന്ന മത്സ്യം സൂക്ഷിക്കുന്നതിന് ലാന്റിംഗ് സെന്ററുകളിൽ അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടാകേണ്ടത് ഈ പദ്ധതിയുടെ വിജയത്തിന് അത്യന്താപേക്ഷിതമാണ്. ആലപ്പുഴ ജില്ലയിൽ വലിയഴീക്കൽ, ആറാട്ടുപുഴ തൃക്കുന്നപ്പുഴ, പല്ലന, തോട്ടപ്പള്ളി, പുന്നപ്ര, പറവൂർ, വാടയ്ക്കൽ, ചെട്ടികാട്, ചെത്തി (ശാസ്ത്രിമുക്ക്), അർത്തുങ്കൽ, തൈക്കൽ, ഒറ്റമശ്ശേരി, പള്ളിത്തോട് എന്നിവിടങ്ങളിൽ ഇതിനായുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി അവയുടെ നടത്തിപ്പു ചുമതല പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾക്ക് ഏല്പ്പിച്ചു നൽകാവുന്നതാണ്.

- ജനകീയാസൂത്രണ പദ്ധതിയിൽ 50% സബ്സിഡിയോടു കൂടി ജൈവവളം കർഷകർക്ക് നല്കുന്ന പദ്ധതി കൃഷിവകുപ്പ് കൃഷിഭവനുകൾ വഴി നടത്തിവരുന്നുണ്ട്. മത്സ്യഫെഡ് നിർമ്മിച്ച് വിതരണം നടത്തിവരുന്ന ന്യൂട്രിഫിഷ് എന്ന ജൈവവളത്തിന് ഈ പദ്ധതിയിൽ

മുൻഗണന നല്കണമെന്ന് കൃഷി വകുപ്പ് ഡയറക്ടറുടെ നിർദ്ദേശം നിലവിലുണ്ട്. എന്നാൽ ഏതാനും ചില കൃഷി ഭവനുകൾ മാത്രമേ ഈ നിർദ്ദേശ പ്രകാരം ന്യൂട്രിഫിഷിന് ഓർഡർ നല്കുന്നുള്ളു. ജില്ലയിൽ ജനകീയാസൂത്രണ പദ്ധതി പ്രകാരം കർഷകർക്ക് സബ്സിഡിയോടെ ജൈവവളം നൽകുമ്പോൾ ന്യൂട്രിഫിഷിനുള്ള ഓർഡർ മത്സ്യഫെഡിനു നൽകണമെന്ന് കർശന നിർദ്ദേശം നല്കാവുന്നതാണ്.

- ജില്ലയിലെ മത്സ്യബന്ധന മേഖലയിൽ 50 ഓളം ഇൻബോർഡ് എൻജിനുകൾ ഘടിപ്പിച്ച മത്സ്യബന്ധന യാനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇവയ്ക്കാവശ്യമായ ഡീസലിനു വേണ്ടി വരുന്ന ചെലവ് ഉത്പാദന ചെലവ് ഗണ്യമായി വർദ്ധിപ്പിക്കുന്നുണ്ട്. ഇത് മത്സ്യത്തൊഴിലാളിയുടെ ആളോഹരി വരുമാനത്തെ ബാധിക്കുന്നുമുണ്ട്. ആയതിനാൽ ഇൻബോർഡ് എൻജിനുകൾ ഘടിപ്പിച്ച മത്സ്യബന്ധന യാനങ്ങൾക്ക് ഡീസൽ സബ്സിഡി ഏർപ്പെടുത്താവുന്നതാണ്.
- മത്സ്യലേലത്തിൽ പങ്കെടുക്കുന്ന മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് ഓരോ സാമ്പത്തിക വർഷവും സംഘത്തിൽ ഗ്രൂപ്പുകൾ നിക്ഷേപിക്കുന്ന സമ്പാദ്യത്തിന്റെ 1 % ഉത്പാദക ബോണസ്സു ലഭിച്ചിരുന്നത് മത്സ്യലേലം ഊർജ്ജിതപ്പെടുത്തുന്നതിന് ഉതകിയിരുന്നു. തുടങ്ങി വെച്ച ഈ പദ്ധതി നിലച്ചുപോയത് മത്സ്യബന്ധന മേഖലകളിൽ ഒറ്റപ്പെട്ട പ്രതിക്ഷേധങ്ങൾക്ക് കാരണമാകുന്നുണ്ട്. ഉത്പാദകൻ അവന്റെ ഉത്പന്നത്തിൻമേലുള്ള നിയന്ത്രണം സാധ്യമാക്കുന്ന മത്സ്യലേലം അഭിവൃദ്ധിപ്പെടുന്നത് തൊഴിലാളിക്കും സംഘങ്ങൾക്കും ഗുണകരമാണെന്നു വിലയിരുത്തി ഉത്പാദക ബോണസ് നല്കുന്നത് അഭികാമ്യമാണ്.
- ആലപ്പുഴ ജില്ലയില് മത്സ്യത്തൊഴിലാളികൾക്ക് ലാൻറിംഗ് സെന്ററോ ഹാർബറോ ഇല്ലാത്തതുമൂലം മറ്റ് ജില്ലകളിലേയ്ക്ക് ഫിഷിംഗ് സീസണിൽ മൈഗ്രേറ്റ് ചെയ്യു പോകുകയും അവ നിയന്ത്രിക്കുന്ന സഹകരണസംഘങ്ങൾക്ക് പോലും അവർ പിടിച്ചുകൊണ്ടു വരുന്ന ഉത്പന്നങ്ങളുടെ മേൽ ഇടപെടാനുള്ള അവസരങ്ങൾ നഷ്ടപെടുകയും ചെയ്യുന്നു.
- മത്സ്യത്തൊഴിലാളികളെ കൂട്ടായ്മയിൽ കൊണ്ടുപോകുവാൻ സാധിക്കുന്നതിന് ഇപ്പോഴത്തെ നല്ല രീതി സഹകരണ സംഘങ്ങളെ ശാക്തീകരിക്കുകയെന്നതാണ്. ആയതിന് നേതൃപാടവം ഉള്ള സംഘം ഭരണ സമിതികളുള്ള സംഘങ്ങളാണ് പ്രവർത്തനങ്ങളിൽ മികച്ച് നിൽക്കുന്നത്. ആയതിനാല് സഹകരണ സംഘം ഭാരവാഹികൾക്ക് പ്രചോദനം ലഭിക്കത്തക്ക പരിശീലനം നല്കേണ്ടതുണ്ട്.
- ഇൻലാന്റ് മേഖലയിൽ മത്സ്യക്കൃഷി സഹകരണസംഘാടിസ്ഥാനത്തിൽ പ്രോത്സാഹിപ്പിക്കുകയും അവരുടെ ഉത്പന്നങ്ങൾ മത്സ്യഫെഡിലൂടെ മാർക്കറ്റ് ചെയ്യുന്നതിനുള്ള സംവിധാനങ്ങളും ഒരുക്കുന്നതാണ്.

50% കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി കായംകുളം മത്സ്യബന്ധന തുറമുഖം ഡ്രഡ്ജിംഗ് പ്രവൃത്തി 130.00 ലക്ഷം രൂപയുടെ ഭരണാനുമതി 16/6/2012ൽ ലഭിച്ചു. അതനുസരിച്ച് പ്രവൃത്തി ഏർപ്പാടാക്കി, 13% പൂർത്തിയാക്കിയിട്ടുണ്ട്. സംസ്ഥാനപദ്ധതിയിലുൾപ്പെടുത്തി അന്ധകാരനഴി വടക്കേപാലം നിർമ്മിക്കുന്നതിനായി 635.00 ലക്ഷം രൂപയ്ക്ക് ഭരണാനുമതി ലഭ്യമായതനുസരിച്ച് 500.00 ലക്ഷം രൂപയ്ക്ക് സാങ്കേതികാനുമതി നൽകി പ്രവൃത്തി ഏർപ്പാടാക്കിയിരുന്നു. 60% പ്രവൃത്തി പൂർത്തിയാക്കുകയും ചെയ്തു. 75% കേന്ദ്രധനസഹായ പദ്ധതിയിലുൾപ്പെടുത്തി രണ്ടാംഘട്ട അർത്തുങ്കൽ മത്സ്യബന്ധന തുറമുഖം നിർമ്മാത്തിലെ പ്രധാന ഘടകങ്ങളായ തെക്കേ പുലിമുട്ട് 28% വും വടക്കേ പുലിമുട്ട് 93.55% വും പൂർത്തീകരിച്ചു.

വനംവകുപ്പ് വഴി നടപ്പിലാക്കുന്ന കേന്ദ്ര സംസ്ഥാന പദ്ധതികളുടെ വിവരങ്ങളും പരമാവധി പ്രയോജനപ്പെടുത്തുവാനുള്ള നിർദ്ദേശങ്ങളും ചുവടെ ചേർക്കുന്നു.

- ഹരിതകേരളം പദ്ധതിയിൽ ഉൾപ്പെടുത്തി 4.00 ലക്ഷം കൂടത്തൈ ഉല്പാദിപ്പിച്ച് വിതരണം ചെയ്യുക.
- തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ വരുന്ന സ്കൂളുകൾ, കോളജുകൾ എന്നിവിടങ്ങളിൽ തൈകൾ യഥാസമയം എത്തിച്ച് പ്ലാന്റിംഗ് ജോലികൾ നടത്തിയിട്ടുണ്ടോയെന്ന വിവരം അതാത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ പരിശോധിച്ചാൽ ടി പദ്ധതി കൂടുതൽ ഫലപ്രദമായി നടപ്പിലാക്കുവാൻ കഴിയും
- സന്നദ്ധ സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവയ്ക്ക് വനം വകുപ്പിൽ നിന്നും ലഭിക്കുന്ന കൂടത്തൈകൾ നട്ടുപിടിപ്പിക്കുന്നുണ്ടോ എന്ന വിവരം പരിശോധിക്കുന്നത് നന്നായിരിയ്ക്കും
- കൂടത്തൈകൾ ആവശ്യമുള്ള പഞ്ചായത്തുകൾ ടി വിവരം ജനുവരി മാസം എങ്കിലും വനം വകുപ്പിനെ അറിയിച്ചാൽ തൈവിതരണം കാര്യക്ഷമമായി നടപ്പിലാക്കാൻ സഹായകരമാവും
- ഓരോ പ്രദേശത്തിന്റെയും പ്രത്യേകത അനുസരിച്ച് ഏതിനം തൈകളാണ് ആ പ്രദേശത്തേയ്ക്ക് ആവശ്യമായി വരുന്നത് എന്ന് അറിയിച്ചാൽ അപ്രകാരമുള്ള തൈകൾ ഉൽപ്പാദിപ്പിക്കുവാൻ കഴിയും
- ഗുണമേന്മയുള്ള തടിയുല്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തിലാണ് തേക്ക് സ്റ്റമ്പുകൾ ഉൽപാദിപ്പിച്ച് വിതരണം ചെയ്യുന്ന സൂര്യപ്രകാശം ലഭിക്കുന്നതും നീർവാർച്ചയുള്ളതുമായ പ്രദേശങ്ങളിൽ തേക്ക് വച്ച് പിടിപ്പിക്കുന്നതിന് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ ശ്രമിക്കുന്നത് നന്നായിരിയ്ക്കും.
- വൃക്ഷാവരണം വച്ചു പിടിപ്പിക്കൽ പദ്ധതിയിൽ സ്വകാര്യ വ്യക്തികളെ പങ്കാളികളാക്കിയാൽ നന്നായിരിക്കും

നാഷണൽ എംപ്ലോയ്മെൻറ് സർവ്വീസ് (കേരളം) വകുപ്പ് മുഖേന 2017-18 സാമ്പത്തിക വർഷത്തിൽ സംസ്ഥാന സർക്കാർ പദ്ധതികളായ ശരണ്യ, മൾട്ടിപർപ്പസ് സർവ്വീസ് സെൻറേഴ്സ് & ജോബ്ക്ലബ്ബ്, വൊക്കേഷണൽ ഗൈഡൻസ് എന്നീ 3 പദ്ധതികൾ നടപ്പിലാക്കിവരുന്നു.

- സംരംഭക സഹായ പദ്ധതിയുടെ നിലവിലുള്ള നിയമങ്ങൾ ലഘൂകരിക്കേണ്ടതാണ്.
- പി.എം.ഇ.ജി.പി നിബന്ധനകൾ അനുസരിച്ചുള്ള സമയപരിധിയിൽ തന്നെ അപേക്ഷകൾ തീർപ്പാക്കുന്നതിന് ബാങ്കുകളുടെ മേൽ സമ്മർദ്ദം ചെലുത്തേണ്ടതാണ്.
- ഈ പദ്ധതി പ്രകാരം അനുവദിക്കുന്ന വായ്പയുടെ പലിശ നിരക്ക് വിവിധ ബാങ്കുകൾക്ക് അനുസരിച്ച് വ്യത്യസ്തമായിരിക്കും. നിരക്ക് ഏകീകരിക്കേണ്ടതാണ്.

- ഈ ജില്ലയിലെ ടൂറിസത്തിന്റെ സാധ്യത കണക്കിലെടുക്കുകയാണെങ്കിൽ ടാക്സി സർവ്വീസിന് സാധ്യതയുണ്ട്. എന്നാൽ റൂറൽ ട്രാൻസ്പോർട്ട് പി.എം.ഇ.ജി.പി പദ്ധതി പ്രകാരം നെഗറ്റീവ് ലിസ്റ്റിൽ ഉൾപ്പെട്ടിരിക്കുന്നു. ടാക്സി സർവ്വിസ് ടി പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്. ഓരോ വർഷവുമുള്ള സബ്സിഡി അലോക്കേഷൻ വർദ്ധിപ്പിയ്ക്കേണ്ടതാണ്. പരമ്പരാഗത മേഖലയെന്ന നിലയിൽ പലരും പാരമ്പര്യമായി

തുടർന്നു പോരുന്ന സംരംഭങ്ങൾ ആകയാൽ പുതുതായി ആരംഭിയ്ക്കുന്ന സംരംഭങ്ങൾ വളരെ കുറവാണ്. ഈ കാരണം കൊണ്ട് ഈ പദ്ധതിയ്ക്ക് മതിയായ അപേക്ഷകരെ ലഭിയ്ക്കുന്നില്ല. ഈ സാഹചര്യത്തിൽ നിലവിലുള്ള യൂണിറ്റുകളുടെ വിപുലീകരണം, വർക്ക് ഷെഡ് മെയിൻറനൻസ് എന്നിവ കൂടി പദ്ധതിയിൽ കൂട്ടിച്ചേർത്താൽ പരമ്പരാഗതമായ ഈ മേഖലയെ ആരോഗ്യത്തോടെ നിലനിർത്തുവാൻ കഴിയും. കൂടാതെ കരകൗശല മേഖലയിൽ ഈറ്റ, ചൂരൽ തുടങ്ങിയവ അസംസ്കൃത വസ്തുക്കളായി ഉപയോഗിക്കുന്ന സംരംഭകർക്ക് അവരുടെ യൂണിറ്റിന്റെ ഉൽപ്പാദന ശേഷിയുടെ അടിസ്ഥാനത്തിൽ പ്രവർത്തന മൂലധന ഗ്രാൻറും പരിഗണിക്കാവുന്നതാണ്.

- ഗ്രാമ പഞ്ചായത്ത് തലങ്ങളിൽ കുടുംബിനികളായ യുവതികൾക്ക് നെയ്ത്തിൽ പരിശീലനം നൽകി തറി ഇട്ട് ഒരു സംരംഭം ആരംഭിയ്ക്കുന്നതിന് പ്രോത്സാഹനം നൽകാവുന്നതാണ്. സ്വന്തം വീട്ടിൽ തന്നെയിരുന്ന് ഉൽപ്പാദനം നടത്തുന്നതുവഴി, ഒഴിവു സമയം വരുമാനമാർഗ്ഗമാക്കുന്നതിനും അതുവഴി കുടുംബത്തിന് സാമ്പത്തിക ഭദ്രത കൈവരിക്കുവാനും കഴിയുന്നതാണ്. ഉൽപ്പന്നങ്ങൾ കൈത്തറി സഹകരണ സംഘങ്ങൾ വഴിയും ഹാൻടെക്സ്, ഹാൻവീവ് തുടങ്ങിയ സർക്കാർ സംവിധാനങ്ങൾ വഴിയും വിപണനം നടത്താവുന്നതാണ്.

- സ്വയം തൊഴിൽ പദ്ധതി എന്ന നിലയിൽ ബിസിനസ്സ് സംരംഭങ്ങൾ കൂടി പദ്ധതിയിൽ പരിഗണിച്ചാൽ പദ്ധതിയ്ക്ക് കൂടുതൽ പ്രചാരം ലഭിയ്ക്കുന്നതാണ്.

### ശരണ്യ

പദ്ധതി പ്രകാരം 2017-18 സാമ്പത്തിക വർഷത്തിൽ 285 ഗുണഭോക്താക്കൾക്ക് അനുവദിച്ച ലോൺ ആയി 1,42,22,000/- രൂപ അനുവദിച്ചു.

### മൾട്ടിപർപ്പസ് സർവ്വീസ് സെൻറേഴ്സ്/ജോബ് ക്ലബ്ബുകൾ

മൾട്ടിപർപ്പസ് സർവ്വീസ് സെന്റേഴ്സ്/ ജോബ് ക്ലബ്ബുകൾ എന്ന പദ്ധതിയ്ക്ക് ഈ സാമ്പത്തിക വർഷം (2017-18) 2 ഗുണഭോക്താക്കൾക്കായി അനുവദിച്ച് വിതരണം ചെയ്ത സബ്സിഡി തുക 3,07,307/-

### വൊക്കേഷണൽ ഗൈഡൻസ്

വൊക്കേഷണൽ ഗൈഡൻസ് പദ്ധതിക്ക് അനുവദിച്ച 2,16,000/- രൂപയിൽ 2,07,500/- രൂപ ചെലവഴിച്ചിട്ടുണ്ട്

### നിർദ്ദേശങ്ങൾ

- PSC/Bank/Clerk പരീക്ഷാ പരിശീലനത്തിന്റെ ദൈർഘ്യം വർദ്ധിപ്പിച്ചാൽ ഉദ്യോഗാർത്ഥികൾക്ക് കൂടുതൽ പ്രയോജനകരമാണ്.
- കരിയർ സെമിനാർ/എക്സിബിഷൻ നടത്തുന്നതിന് കൂടുതൽ തുക അനുവദിക്കുകയാണെങ്കിൽ ജില്ലയുടെ പിന്നോക്കം നിൽക്കുന്ന മേഖലകളിൽ ക്ലാസ്സ് നടത്തുന്നതിന് സാധിക്കും.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു നിയമം 2005, ആലപ്പുഴ ജില്ലയിൽ പ്രാവർത്തികമാക്കുവാൻ തുടങ്ങിയത് 2008 ൽ മൂന്നാം ഘട്ട വികസന പ്രവർത്തനങ്ങളുടെ ഭാഗമായാണ്. ചുരുങ്ങിയ കാലയളവിനുള്ളിൽ തന്നെ എല്ലാ വിഭാഗം ജനങ്ങളുടെയും ശ്രദ്ധ ആകർഷിക്കുന്ന രീതിയിൽ വ്യാപകമായി പ്രാവർത്തികമാക്കുവാൻ ജില്ലയ്ക്ക് കഴിഞ്ഞു. വൈവിധ്യമാർന്ന പ്രവൃത്തികൾ ഏറ്റെടുത്തുകൊണ്ട്, ആസ്തി സൃഷ്ടിക്കുന്ന പ്രവൃത്തികളുടെ നവീനതകൊണ്ടും ഏറ്റവും കൂടുതൽ തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്ന കേരളത്തിലെ പ്രധാനപ്പെട്ട ജില്ലയായി മാറുവാൻ ചുരുങ്ങിയ കാലയളവുകൊണ്ട് ആലപ്പുഴയ്ക്ക് കഴിഞ്ഞു.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു നിയമം 2005 അനുസരിച്ച്, പ്രവർത്തന പുരോഗതി വിലയിരുത്തുന്നത് വിവിധ മാനദണ്ഡങ്ങൾ അനുസരിച്ചാണ്. ഇതനുസരിച്ച് എല്ലാ മാനദണ്ഡങ്ങളും പാലിച്ചുകൊണ്ടും നിയമത്തിൽ അതാത് കാലയളവിലുണ്ടാകുന്ന മാർഗ്ഗ നിർദ്ദേശങ്ങൾക്ക് അനുസൃതമായും, ഉത്പാദനക്ഷമമായതും ആസ്തി സൃഷ്ടിക്കുന്ന പ്രവൃത്തികൾക്കാണ് ജില്ല മുൻതൂക്കം നൽകുന്നത്. അതോടൊപ്പം രജിസ്റ്റർ ചെയ്തിരിക്കുന്ന എല്ലാ തൊഴിലാളികൾക്കും യഥാസമയം ജോലി നല്കുന്നതിനും കൂലി ലഭ്യമാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

ആലപ്പുഴ ജില്ല സവിശേഷമായ ഭൂപ്രകൃതിയാൽ രാജ്യത്തെ മറ്റ് പ്രദേശങ്ങളിൽ നിന്നും വ്യത്യസ്തമായി നിലകൊള്ളുന്നു. സമുദ്ര നിരപ്പിൽ താഴെയാണ് ജില്ലയിലെ ഭൂരിഭാഗം പ്രദേശങ്ങളും. നഗരങ്ങളിലേതിന് തുല്യമായ ജനസാന്ദ്രത ജില്ല അഭിമുഖീകരിക്കുന്ന പ്രധാന വെല്ലുവിളിയാണ്. പരമ്പരാഗത വ്യവസായങ്ങളായ കയർ, കശുവണ്ടി, കൈത്തറി മേഖലകളുടെ തളർച്ച തൊഴിലില്ലായ്മയ്ക്ക് ആക്കം കൂട്ടുന്നു. കാർഷിക മേഖലയിലെ തിരിച്ചടിയും കാലാവസ്ഥാവ്യതിയാനത്തിന്റെ അനന്തരഫലങ്ങളും ദരിദ്രരിൽ ദരിദ്രരായ ജില്ലയിലെ ജനവിഭാഗങ്ങൾക്ക് വലിയ പ്രതിസന്ധിയാണ് സൃഷ്ടിച്ചിരുന്നത്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പുപദ്ധതി നിലവിൽ വന്നതോടെ ഈ വിഭാഗം ജനങ്ങൾക്ക് ഇത് ആശ്വാസജനകമായി .

2017-18 സാമ്പത്തിക വർഷം ജില്ലയിൽ 7394690 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിനുള്ള ലേബർ ബഡ്ജറ്റാണ് കേന്ദ്ര സർക്കാരിന് സമർപ്പിച്ചിരുന്നതെങ്കിലും 3951000 തൊഴിൽ ദിനങ്ങളാണ് അനുവദിക്കപ്പെട്ടിട്ടുള്ളത്. 2017-18 നവംബർ വരെയുള്ള പ്രവർത്തന ലക്ഷ്യം 129471 തൊഴിൽ ദിനങ്ങളാണ്. ഇക്കാലയളവിൽ 2588623 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. 2017 ഡിസംബർ 30 ന് ലേബർ ബഡ്ജറ്റ് പ്രകാരമുള്ള 2308085 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കേണ്ട സ്ഥാനത്ത് 112% അധികം തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുവാൻ കഴിഞ്ഞിട്ടിട്ടുണ്ട്. ജില്ലയിലെ 72 ഗ്രാമപഞ്ചായത്തുകൾ നഴ്സറികൾ, 21.29 കോടി രൂപയുടെ കയർ ഭൂവസ്ത്രം ഉപയോഗിച്ചിട്ടുള്ള 3015 പദ്ധതികളും ഏറ്റെടുത്ത് നടപ്പാക്കി വരുന്നു. ഏകദേശം 11.00 ലക്ഷം തൊഴിൽ ദിനങ്ങൾ ഇതിലൂടെ അധികമായി വിഭാവനം ചെയ്യുന്നു. ഈ പദ്ധതിയിൽ ഏറ്റെടുക്കാവുന്ന പ്രവൃത്തികൾ 4 കാറ്റഗറിയായി തിരിച്ചിട്ടുണ്ട്.

- കാറ്റഗറി എ - പ്രകൃതി വിഭവപരിപാലനവുമായി ബന്ധപ്പെട്ട പ്രവൃത്തികള്.
- കാറ്റഗറി ബി -ദരിദ്രജനവിഭാഗങ്ങൾക്കുള്ള വ്യക്തിഗത ഗുണഭോക്താക്കൾക്കുള്ള പ്രവൃത്തികൾ.
- കാറ്റഗറി സി-സ്വയംസഹായ സംഘങ്ങൾക്കുള്ള പൊതു ആസ്തികളുടെ വികസനം
- കാറ്റഗറി ഡി -ഗ്രാമീണമേഖലയിലെ ആസ്തി വികസന പ്രവർത്തനങ്ങൾ

- ജില്ലയിലെ സവിശേഷമായ സാമൂഹിക സാഹചര്യങ്ങളുടെ അടിസ്ഥാനത്തിൽ വളരെ നൂതനമായ പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കി.

**പ്രവർത്തന പുരോഗതി 2017-18 (05.12.2017 വരെ)**

| ക്രമ നം. | ഇനം | കൈവരിച്ച നേട്ടം |
|---|---|---|
| 1 | രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 257055 |
| 2 | ജോബ് കാർഡ് ലഭിച്ച കുടുംബങ്ങൾ | 256053 |
| 3 | തൊഴിൽ ലഭിച്ച കുടുംബങ്ങൾ | 118953 |
| 4 | ആകെ ചെലവഴിച്ച തുക | 8425.8 ലക്ഷം |
| 5 | കൂലി ആയി ലഭ്യമാക്കിയ തുക | 6978.28 ലക്ഷം |
| 6 | മെറ്റീരിയൽ തുക | 1099.42 ലക്ഷം |
| 7 | തൊഴിൽ ദിനങ്ങളുടെ ശരാശരി | 17.64 |
| 8 | 100 ദിവസം തൊഴിൽ പൂർത്തീകരിച്ച കുടുംബങ്ങൾ | 186 |
| 9 | ഏറ്റെടുത്ത പ്രവൃത്തികൾ | 15514 |
| 10 | പൂർത്തീകരിച്ച പ്രവൃത്തികൾ | 8436 |
| 11 | സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ | 2588623 |

**ഏറ്റെടുത്ത പ്രവൃത്തികളുടെ വിശദവിവരങ്ങൾ (2017-18)**

| No | പ്രവൃത്തികളുടെ പേര് | പൂർത്തീകരിച്ച പ്രവൃത്തികൾ |
|---|---|---|
| 1 | പരമ്പരാഗത ജലസ്രോതസ്സുകളുടെ നവീകരണം | 535 |
| 2 | ഭൂവികസന പ്രവൃത്തികൾ | 730 |
| 3 | വാചാൽനിർമ്മാണം ഉൾപ്പെടെ ചെറുകിട ജലസേചന പദ്ധതികൾ | 183 |
| 4 | വരൾച്ച നിവാരണപ്രവൃത്തികൾ, വെള്ളപ്പൊക്ക നിവാരണം | 520 |
| 5 | മഴവെള്ള സംരക്ഷണ പ്രവൃത്തികളും മഴവെള്ളക്കൊയ്ത്തും | 275 |
| 6 | കുടിവെള്ളസ്രോതസ്സ് | 70 |
| 7 | സമ്പൂർണ്ണ ശുചിത്വപ്രവൃത്തികൾ | 1135 |
| 8 | കളിസ്ഥല നിർമ്മാണം | 2 |
| 9 | ഗ്രാമീണ റോഡുകൾ | 241 |
| 10 | വ്യക്തിഗത ഭൂവികസനം (കാറ്റഗറി ബി വിഭാഗം) | 3603 |
| 11 | ഫിഷറീസ് | 2 |
| 12 | വൃക്ഷത്തൈ നടീൽ (നഴ്സറി) | 1140 |
| **ആകെ** | | **8436** |

# മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ക്രമ നം. | ഇനം | എണ്ണം/അളവ് | ആകെ |
|---|---|---|---|
| 1 | നിർമ്മിച്ച കിണറുകൾ | 21 | 155 |
| 2 | പുനരുജ്ജീവിപ്പിച്ച കിണറുകൾ | 82 | 4114 |
| 3 | നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന കിണറുകൾ | 62 | 386 |
| 4 | നിർമ്മിച്ച കുഴൽ കിണറുകൾ | 0 | 0 |
| 5 | നിർമ്മിച്ച കുളങ്ങൾ | 88 | 591 |
| 6 | പുനരുജ്ജീവിപ്പിച്ച കുളങ്ങൾ | 30 | 9762 |
| 7 | വൃത്തിയാക്കിയ ചിറകൾ | 16 | 55 |
| 8 | വൃത്തിയാക്കിയ തോടുകളുടെ നീളം | 27581 മീറ്റർ | 382502.8 മീറ്റർ |
| 9 | പുനരുജ്ജീവിപ്പിച്ച തോടുകളുടെ നീളം | 113300 മീറ്റർ | 413375.8 മീറ്റർ |
| 10 | പുതിയതായി നിർമ്മിച്ച തോടുകളുടെ നീളം | 0 മീറ്റർ | 5620 മീറ്റർ |
| 11 | വൃത്തിയാക്കിയ ജലസേചന കനാലുകളുടെ നീളം | 0 മീറ്റർ | 75172 മീറ്റർ |
| 12 | വെർമി/നാടീപ്പ് കംമ്പോസ്റ്റിംഗ് | 55 | 1011 |

വെളിയിട വിസർജ്ജന വിമുക്ത പ്രഖ്യാപനത്തിന്റെ ഭാഗമായി ആലപ്പുഴ ജില്ലയിലെ 7 ഗ്രാമപഞ്ചായത്തുകൾ പൂർണ്ണമായും മറ്റ് ഗ്രാമപഞ്ചായത്തുകൾ ഭാഗികമായും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ പദ്ധതി വഴി 4770 വ്യക്തിഗത കക്കൂസുകൾ നിർമ്മിച്ച് നൽകി. ഇതുവഴി ഗ്രാമപഞ്ചായത്തുകളുടെ പദ്ധതി പ്രവർത്തനങ്ങൾക്കുള്ള തുക മറ്റ് വികസന പ്രവർത്തനങ്ങൾക്കായി മാറ്റി വെയ്ക്കുവാൻ സാധിച്ചു.

ഗ്രാമീണ ശുചിത്വത്തിന്റെ ഭാഗമായി 1980 കമ്പോസ്റ്റ് പിറ്റുകൾ നിർമ്മിച്ച് നൽകി. ഹരിതവത്കരണത്തിന്റെ ഭാഗമായി റോഡുകളുടെ വശങ്ങളിൽ 197.56 കി.മീ നീളത്തിലായി 37687 നിത്യഹരിത ഫലവൃക്ഷങ്ങൾ നട്ടുപിടിപ്പിച്ചു സംരക്ഷിച്ചുവരുന്നു. ആസ്തി സൃഷ്ടിക്കുന്ന പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനായി 82 സോളിഡ് ബ്ലോക്ക് നിർമ്മാണ യൂണിറ്റ് ആരംഭിക്കുകയും തൊഴിലാളികൾക്ക് വിദഗ്ധ പരിശീലനം നൽകുകയും ഉണ്ടായി. വിവിധ ഗ്രാമപഞ്ചായത്തുകളിലായി 180 റോഡുകൾ, 314 കുളങ്ങൾ, 97 കിണറുകൾ, 36 ബണ്ടുകൾ തുടങ്ങി ആസ്തി സൃഷ്ടിക്കുന്ന ഒട്ടനവധി പ്രവൃത്തികൾ ഏറ്റെടുത്ത് പൂർത്തീകരിക്കുവാൻ ആലപ്പുഴ ജില്ലയ്ക്ക് കഴിഞ്ഞു.

ലോക പരിസ്ഥിതി ദിനമായ 2018 ജൂൺ 5 ന് നടുവാൻ നിശ്ചയിച്ചിട്ടുള്ള 2 കോടി വൃക്ഷത്തൈകൾ ഉത്പാദിപ്പിക്കുന്നതിന്റെ ഭാഗമായി ആലപ്പുഴ ജില്ലയ്ക്ക് നിശ്ചയിച്ചിട്ടുള്ള ലക്ഷ്യം 10 ലക്ഷം തൈകളാണ്. ഈ പ്രവർത്തനങ്ങളുടെ ഭാഗമായി ജില്ലയിൽ 1140 നഴ്സറികളുടെ പ്രവർത്തനം ആരംഭിക്കുകയും 673000 തൈകൾ ഉത്പാദിപ്പിക്കുകയും ചെയ്തിട്ടുണ്ട്. നഴ്സറി നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ച് വരുകയാണ്. പ്രസ്തുത ടാർജറ്റ് നേടുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

ആലപ്പുഴ ജില്ലയിൽ സ്വന്തമായി സ്ഥലമുള്ളതും, കെട്ടിടമില്ലാത്തതുമായ 42 അംഗൻവാടികൾ സാമൂഹ്യ നീതി വകുപ്പിലേയും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു

പദ്ധതിയിലേയും ഉദ്യോഗസ്ഥർ നടത്തിയ സംയുക്ത പരിശോധനയിൽ കണ്ടെത്തി. ആയതിൽ 2 അംഗനവാടികളുടെ നിർമ്മാണം പൂർത്തീകരിക്കുകയും ഒരെണ്ണത്തിന്റെ നിർമ്മാണം പുരോഗമിച്ചുവരുകയും ചെയ്യുന്നു. അംഗൻവാടി നിർമ്മാണത്തിൽ സാധന സാമഗ്രികളായ സിമന്റ്, കമ്പി മുതലായവ വാങ്ങുന്നതിന് നിലവിൽ ഫണ്ട് ലഭ്യമല്ലാത്തതിനാലും അംഗൻവാടി നിർമ്മാണവുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്തുകൾ പൊതുവേ താല്പര്യം കാണിക്കാത്തതിനാലും നിർമ്മാണ പ്രവർത്തനങ്ങൾ മന്ദഗതിയിലാണ്. അതോടൊപ്പം അവിദഗ്ധ തൊഴിലാളികൾക്ക് നിലവിൽ കൂലിയും ലഭ്യമല്ല .

കയർ വ്യവസായത്തിലെ പ്രതിസന്ധി അതിജീവിക്കുവാൻ സംസ്ഥാന സർക്കാർ മുന്നോട്ടു വെച്ച ആശയമാണ് പരമ്പരാഗത ജലസ്രോതസ്സുകളുടെ സംരക്ഷണ പ്രവൃത്തികളിൽ കയർ ഭൂവസ്ത്രം ഉപയോഗിക്കുക എന്നത്. ഇത് ഒരേ സമയം ഈ പ്രദേശത്തെ ജനങ്ങൾക്ക് തൊഴിൽ ലഭ്യമാക്കുകയും ഇവരുടെ പരമ്പരാഗത വ്യവസായത്തെ പരിപോഷിപ്പിക്കുകയും ചെയ്തു. ജില്ലയിലെ 72 ഗ്രാമപഞ്ചായത്തുകളും കയർ ഭൂവസ്ത്രം ലഭ്യമാക്കുന്നതിനായി പൊതുമേഖല സ്ഥാപനമായ കയർ കോർപ്പറേഷനുമായി കരാർ ഒപ്പുവെച്ചു. പരമ്പരാഗത ജല സ്രോതസ്സുകളുടെ സംരക്ഷണത്തിനായി 31,15466 ച. മീ. കയർ ഭൂവസ്ത്രത്തിന് വിതരണകരാർ ഒപ്പിടുകയും അതുവഴി പരമ്പരാഗത കയർ മേഖലയിലേക്ക് 20,25,05,428 രൂപ ലഭ്യമാക്കുവാൻ ലക്ഷ്യമിടുകയും ചെയ്യുന്നു. ഈ പ്രവൃത്തികൾ അതിദ്രുതം പുരോഗമിക്കുകയാണ് .

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൻ കീഴിൽ കടൽഭിത്തിക്ക് മുന്നിലായി തീരത്തോടുചേർന്ന് കാറ്റാടി, കണ്ടൽ തുടങ്ങിയ വൃക്ഷങ്ങൾ വെച്ചുപിടിപ്പിച്ച് സംരക്ഷിക്കുന്ന പ്രവൃത്തി ഏറ്റെടുത്തത്. ഇതുമൂലം തീരത്തിന്റെ വിസ്തൃതി വിപുലപ്പെടുകയും കടലാക്രമണത്തെ ചെറുക്കുവാൻ സാധിക്കുകയും ചെയ്തു. ഈ പദ്ധതിയിൻ കീഴിൽ 1.25 ലക്ഷം കണ്ടൽ ചെടികൾ വെച്ചുപിടിപ്പിച്ചു.

ഗ്രാമീണ മേഖലയിലെ സ്കൂളുകളിലുള്ള വിദ്യാർത്ഥികൾക്ക് തങ്ങളുടെ കായികശേഷി വർദ്ധിപ്പിക്കുവാൻ കഴിഞ്ഞു. ജില്ലയിലെ 13 സ്കൂളുകളിലും കളിസ്ഥലങ്ങൾ നിർമ്മിക്കുവാൻ കഴിഞ്ഞു എന്നത് ശ്രദ്ധേയമായ നേട്ടമാണ്.

ജില്ലയിലെ 8 ബ്ലോക്കുകളിലും തെരഞ്ഞെടുക്കപ്പെട്ട തൊഴിലാളികൾക്ക് സിമന്റ് ഇഷ്ടിക നിർമ്മാണത്തിൽ പരിശീലനം നൽകുകയും ഏതാണ്ട് എല്ലാ ഗ്രാമപഞ്ചായത്തുകളിലും സിമന്റ് ഇഷ്ടിക നിർമ്മാണ യൂണിറ്റുകൾ ആരംഭിക്കുകയും ചെയ്തു. ഇത് തൊഴിലാളികൾക്ക് നൂതന നിർമ്മാണ മേഖലയിൽ പരിശീലനം ലഭ്യമാക്കുവാനും തൽസമയം ഒരു ജീവനോപാധിയായി മാറുവാനും സാധിച്ചു.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം 2005ൽ നടപ്പിൽ വരുത്തിയ ഭേദഗതി അനുസരിച്ച് 2013 മുതൽ ആസ്തി സൃഷ്ടിക്കുന്ന പ്രവൃത്തികൾക്കാണ് മുൻതൂക്കം നൽകുന്നത്. വ്യക്തിഗത ഗുണഭോക്താക്കൾക്ക് വിശിഷ്യ നിസ്വജനവിഭാഗങ്ങൾക്ക് അവരുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള ആസ്തി സൃഷ്ടിക്കുവാൻ ഭേദഗതി നിർദ്ദേശം നൽകുകയും ഇതനുസരിച്ച് ജില്ലയിലെ 28 ക്ഷീരകർഷകർക്ക് പശുത്തൊഴുത്ത് നിർമ്മിച്ചു നൽകുവാൻ പദ്ധതിക്ക് കഴിഞ്ഞു.

ആലപ്പുഴ ജില്ലയിലെ ഭൂരിഭാഗം പ്രദേശങ്ങളും സമുദ്രനിരപ്പിന് താഴെയായതിനാൽ നീർത്തടാധിഷ്ഠിത ജല സംരക്ഷണ പ്രവൃത്തികൾക്ക് വ്യത്യസ്തമായ മാതൃകയാണ് സ്വീകരിച്ചിരിക്കുന്നത്. പ്രധാനമന്ത്രി കൃഷിവിജ്ഞാൻ യോജനയുമായി സംയോജിപ്പിച്ചുകൊണ്ട്, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വഴി നേരിട്ടും നീർത്തടാധിഷ്ഠിത ജല

സംരക്ഷണ പ്രവൃത്തികൾ ഏറ്റെടുക്കുകയും ജില്ലയിൽ ജലക്ഷാമം നേരിടുന്ന ഭരണിക്കാവ്, ചെങ്ങന്നൂർ, മാവേലിക്കര ബ്ലോക്കുകൾ കിണർ റീച്ചാർജ്ജിംഗ്, മഴവെള്ളക്കുഴികൾ തുടങ്ങിയ പ്രവൃത്തികളും തീരപ്രദേശങ്ങളിൽ വേനൽക്കാലത്ത് ഉപ്പുവെള്ളം കയറുന്നത് പ്രതിരോധിക്കുവാൻ ഓരുമുട്ടുകളും നിർമ്മിക്കുന്നു.

ഇതിന്റെ ഭാഗമായി 314 കുളങ്ങൾ, 97 കിണറുകൾ, 36 ബണ്ടുകൾ എന്നിവ നിർമ്മിക്കുകയുണ്ടായി. 1882 തോടുകൾ ആഴം കൂട്ടി ജലപ്രവാഹം സുഗമമാക്കി. 2018-19 ൽ ലേബർ ബഡ്ജറ്റിൽ നീർത്തടാധിഷ്ഠിത പ്രവൃത്തികൾക്ക് കൂടുതൽ മുൻതൂക്കം നൽകുന്നതിനും ആയതിലേക്കായി നിലവിലുള്ള ബ്ലോക്ക്തല നീർത്തടാധിഷ്ഠിത പ്ലാനുകൾ പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

### ജനനീ സുരക്ഷാ യോജന (ജെ.എസ്.വൈ)

പ്രസവം ഗവൺമെന്റ് ആശുപത്രികളിൽ അല്ലെങ്കിൽ അക്രഡിറ്റഡ് പ്രൈവറ്റ് ആശുപത്രികളിൽ ആക്കുന്നതിന്റെ ഭാഗമായി നടപ്പിലാക്കുന്ന ജനനീ സുരക്ഷായോജന (ജെ.എസ്.വൈ) പദ്ധതിയിനത്തിൽ ദേശീയ ആരോഗ്യ ദൗത്യം ആലപ്പുഴ ജില്ലയിൽ 2017-18 സാമ്പത്തിക വർഷത്തിൽ 20.66 ലക്ഷം രൂപ ചെലഴിച്ചു.

### ജനനി ശിശു സുരക്ഷാ കാര്യക്രം (അമ്മയും കുഞ്ഞും പദ്ധതി/ജെ.എസ്.എസ്.കെ)

പദ്ധതിയിലൂടെ ഗർഭിണികളായ സ്ത്രീകൾക്ക് സൗജന്യമായി എല്ലാ സേവനങ്ങളും ലഭ്യമാവും. ഈ ഇനത്തിൽ 01-04-2017 മുതൽ 31.10.2017 വരെ 30.84 ലക്ഷം രൂപയും ചെലവഴിച്ചു.

ജില്ലയിൽ നിലവിൽ 2126 ആശമാരാണ് പ്രവർത്തിക്കുന്നത്. 01.04.2016 മുതൽ 31.10.2017 വരെ ഹോണറേറിയം ഇനത്തിൽ 5.64 കോടി രൂപയും (5,64,46,160/-) 2.00 കോടി രൂപ (2,00,22,340/-) ഇൻസെന്റീവിനത്തിലും 45.9 ലക്ഷം രൂപ (45,92,610/-) ഉത്സവബത്ത ഇനത്തിലും വിതരണം ചെയ്തു.

ജില്ലയിൽ 72 ഗ്രാമപഞ്ചായത്തുകളിലായി 1169 വാർഡുതല കമ്മിറ്റികളും 6 മുനിസിപ്പാലിറ്റികളിലായി 215 വാർഡുതല കമ്മിറ്റികളുമാണ് നിലവിലുള്ളത്. ഈ കമ്മിറ്റികൾ മാസത്തിൽ ഒരു തവണ യോഗം ചേർന്ന് പ്രദേശത്തെ ആരോഗ്യ, ശുചിത്വ, പോഷണ പ്രവർത്തനങ്ങൾ പരിശോധിക്കുന്നുണ്ട്. ഇവയുടെ പ്രവർത്തനങ്ങൾക്കായി ഒരു വാർഡിന് 10,000/- (പതിനായിരം) രൂപ വീതം നല്കുന്നുണ്ട്. ഈ സാമ്പത്തിക വർഷം 1,38,40,000/- രൂപ വിതരണം ചെയ്തിട്ടുണ്ട്.

ആർ.ബി.എസ്.കെ. പ്രകാരം 01.04.2017 മുതൽ 31/10/2017 വരെ 7.74 ലക്ഷം രൂപയും ആരോഗ്യ കിരണം പദ്ധതി പ്രകാരം 01.04.2017 മുതൽ 31.10.2017 വരെ 14.55 ലക്ഷം രൂപയും ചെലവഴിച്ചു. ടി പദ്ധതിയുടെ ഭാഗമായി 01.04.2017 മുതൽ 31.10.2017 വരെ 136796 കുട്ടികളെ ഹെൽത്ത് സ്ക്രീനിംഗ് നടത്തിയിട്ടുണ്ട്.

ജില്ലയിൽ 14 പി.എച്ച്.സി.കളെ ആർദ്രം മിഷനായി തെരെഞ്ഞെടുത്തിട്ടുണ്ട്. ഇതിൽ പി.എച്ച്.സി. കലവൂർ ഒക്ടോബർ 18ന് കുടുംബാരോഗ്യ കേന്ദ്രമാക്കി ഉദ്ഘാടനം ചെയ്യുകയുണ്ടായി.

പെരുമ്പളം, കുട്ടനാട്, കൈനകരി പഞ്ചായത്തുകൾ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ഡിസ്പൻസറികളിലായി 01.04.2017 മുതൽ 31.10.2017 വരെ 52466 പേർക്ക് ഈ ഡിസ്പൻസറികളുടെ പ്രയോജനം ലഭിച്ചു.

ആലപ്പുഴ ജില്ലയിൽ 14 പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനാണ് നിർദ്ദേശിച്ചിരിക്കുന്നത്. ഇവയിൽ ഫസ്റ്റ് ഫേസിൽ വരുന്ന കലവൂർ, കണ്ടല്ലൂർ, പാലമേൽ, വെട്ടക്കൽ എന്നീ കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ നിർമ്മാണ നവീകരണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്.

## ആരോഗ്യ വകുപ്പ്

### അലോപ്പതി

അലോപ്പതി വകുപ്പ് -ആകെ ലഭിച്ച വിഹിതമായ 1,76,89,817/- രൂപയിൽ 30,23,722/- രൂപ വിനയോഗിച്ചിട്ടുണ്ട്.

| ക്രമ നം. | പദ്ധതിയുടെ പേര് | അനുവദിച്ച തുക | ചെലവഴിച്ച തുക |
|---|---|---|---|
| 1 | ക്യാൻസർ കെയർ പ്രോഗ്രാം | 9,50,000 | 1,55,000 |
| 2 | ലിംബ് ഫിറ്റിംഗ് സെൻറർ ശാക്തീകരണം | 12,00,000 | 0 |
| 3 | കമ്മ്യൂണിക്കബിൾ ഡിസീസ് | 41,76,000 | 17,41,950 |
| 4 | പകർച്ചേതര വ്യാധികൾ | 29,16,000 | 2,81,400 |
| 5 | പെയിൻ & പാലിയേറ്റീവ് കെയർ | 7,20,000 | 2,30,000 |
| 6 | ഗവ.സ്കൂൾ ഓഫ് നേഴ്സിംഗിന്റെ ശാക്തികരണം | 1,05,275 | 4,20,311 |
| 7 | ന്യൂട്രിഷ്യൻ & ഡയറ്റ് | 4,45,000 | 67,500 |
| 8 | ദന്തൽ യൂണീറ്റിന്റെ ശാക്തീകരണം | 6,71,342 | 1,27,561 |
| 9 | മെഡിക്കൽ റെക്കോർഡ് ലൈബ്രറിയുടെ ശാക്തീകരണം | 6,30,000 | 0 |
| 10 | ജില്ലാമാനസികാരോഗ്യം | 49,28,700 | 0 |
| | **ആകെ** | **176,89,817** | **30,23,722** |

### പദ്ധതികൾ മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ

- പകർച്ചവ്യാധികൾ, പകർച്ചേതര വ്യാധികൾ, ക്യാൻസർ എന്നിവയോട് അനുബന്ധിച്ച് ബോധവത്ക്കരണം
- ശീലവത്ക്കരണ പരിപാടികൾ കാര്യക്ഷമമാക്കുക
- നല്ല ഭക്ഷണ രീതികളെക്കുറിച്ച് സ്കൂൾ തലം മുതൽ കുട്ടികൾക്കും അമ്മമാർക്കും ബോധവത്ക്കരണ പരിപാടികൾ കാര്യക്ഷമമായി നടപ്പിലാക്കുക
- പ്ലാസ്റ്റിക് നിരോധിക്കുന്നതിനുള്ള നിയമ നിർമ്മാണം നടപ്പിലാക്കുക
- ശുദ്ധമായ കുടിവെള്ളം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുക.

## ഭാരതീയ ചികിത്സാ വകുപ്പ്

**ഭാരതീയ ചികിത്സാ വകുപ്പ് വഴി നടപ്പിലാക്കുന്ന കേന്ദ്ര സംസ്ഥാന പദ്ധതികൾ ചുവടെ ചേർക്കുന്നു.**

*(രൂപയിൽ)*

| ക്രമ നം. | പദ്ധതിയുടെ പേര് | ലഭ്യമായ തുക | ചെലവായ തുക |
|---|---|---|---|
| എ | **കേന്ദ്ര പദ്ധതികൾ** | | |
| 1 | സ്കൂൾ ഹെൽത്ത് പ്രോഗ്രാം | 100000 | 25492 |
| ബി | **സംസ്ഥാന പദ്ധതികൾ** | | |
| 1 | ചെങ്ങന്നൂർ ഗവ.ആയുർവേദ ആശുപത്രിക്ക് കെട്ടിടം പണിയുന്നതിന് തുക അനുവദിച്ചത് സംബന്ധിച്ച് | 30000000 | 20000000 |
| 2 | ആയുഷ്യം പദ്ധതി | 877200 | 628992 |
| 3 | കൗമാരഭൃത്യം പദ്ധതി | 850000 | 564452 |
| 4 | പ്രസൂതിതന്ത്രം പദ്ധതി | 850000 | 513519 |
| 5 | മാനസികം പദ്ധതി | 850000 | 620919 |
| 6 | സ്നേഹധാര | 940000 | 318210 |
| 7 | ജെറിയാടിക് കെയർ പദ്ധതി | 2104000 | 983170 |
| 8 | പഞ്ചകർമ്മ യൂണിറ്റ് പദ്ധതി | 2104000 | 983170 |
| 9 | യോഗ യൂണിറ്റ് | 429000 | 29110 |
| 10 | കരൾരോഗ മുക്തി പദ്ധതി | 290000 | 131164 |
| 11 | സ്ഥാപനങ്ങൾക്ക് ഔഷധ വിതരണം | 2000000 | 2000000 |
| 12 | വയോ അമൃതം പദ്ധതി | 975000 | 3022201 |

### പദ്ധതി മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ

- ശബരിമല തീർത്ഥാടകരുടെ ഇടത്താവളമായ ചെങ്ങന്നൂരിൽ സ്ഥിതിചെയ്യുന്ന ചെങ്ങന്നൂർ ഗവ. ആയുർവേദ ആശുപത്രി നിലവിൽ 10 ബെഡിലാണ് പ്രവർത്തിക്കുന്നത്. ആയത് 50 ബെഡായി ഉയർത്തുന്നതിനും ആയതിനുള്ള തസ്തിക, ഔഷധം, അടിസ്ഥാന സൗകര്യങ്ങൾ എന്നിവ അനുവദിക്കുന്നതും ഉചിതമായിരിക്കും.
- ജില്ലയിലെ 11 ഗവ. ആയുർവേദ ആശുപത്രികളിലും ആയുഷ്യം പദ്ധതി പ്രോജക്ട് തുടർ വർഷങ്ങളിലും കൂടുതൽ ആളുകൾക്ക് പ്രയോജനകരമാം വിധം നടപ്പാക്കാവുന്നതാണ്.
- ജില്ലയിലെ 11 ഗവ. ആയുർവേദ ആശുപത്രികളിലും കൗമാരഭൃത്യം പദ്ധതി പ്രോജക്ട് തുടർവർഷങ്ങളിലും കൂടുതൽ ആളുകൾക്ക് പ്രയോജനകരമാംവിധം നടപ്പാക്കാവുന്നതാണ്
- പ്രസൂതിതന്ത്രം പദ്ധതി പ്രോജക്ടിൽ ഗർഭിണീപരിചരണം കൂടി ഉൾപ്പെടുത്താവുന്നതാണ്. ജില്ലയിലെ 11 ഗവ. ആയുർവേദ ആശുപത്രികളിലും ടി പ്രോജക്ട് തുടർ വർഷങ്ങളിലും കൂടുതൽ ആളുകൾക്ക് പ്രയോജനകരമാംവിധം നടപ്പാക്കാവുന്നതാണ്. ഓരോ യൂണിറ്റിലും ആയുർവേദ നേഴ്സിന്റെ സേവനം കൂടി ലഭ്യമാക്കാവുന്നതാണ്
- ജില്ലയിലെ 11 ഗവ. ആയുർവേദ ആശുപത്രികളിലും മാനസികം പദ്ധതി പ്രോജക്ട് തുടർ വർഷങ്ങളിലും കൂടുതൽ ആളുകൾക്ക് പ്രയോജനകരമാം വിധം നടപ്പാക്കാവുന്നതാണ്.

ഓരോ യൂണിറ്റിലും ആയുർവേദ നേഴ്സിന്റെ സേവനംകൂടി ലഭ്യമാക്കാവുന്നതാണ്. ആഴ്ചയിൽ ഒരു ദിവസം കൗൺസിലറുടെ സേവനം ലഭ്യമാക്കാവുന്നതാണ്. രോഗികൾക്ക് പ്രത്യേക വാർഡ് നിർമ്മാണത്തിനുള്ള ഫണ്ട് അനുവദിക്കാവുന്നതാണ്.

- ജില്ലയിലെ എല്ലാ ഗവ. ആയുർവേദ സ്ഥാപനങ്ങളിലും വരുംവർഷങ്ങളിൽ സ്നേഹധാര പദ്ധതി നടപ്പാക്കാവുന്നതാണ്. പദ്ധതിയുടെ പ്രവർത്തനങ്ങൾക്കായി ഒരു വാഹനവും, ഡ്രൈവർ തസ്തികയും അനുവദിക്കാവുന്നതാണ്.
- ജില്ലയിലെ എല്ലാ ഗവ. ആയുർവേദ സ്ഥാപനങ്ങളിലും വരുംവർഷങ്ങളിൽ ജെറിയാട്രിക് കെയർ പദ്ധതി പദ്ധതി നടപ്പാക്കാവുന്നതാണ്. പദ്ധതിയിലേക്ക് മെഡിക്കൽ ഓഫീസർ-1, നേഴസ്-1 (അലോപ്പതി) എന്നീ തസ്തികകൾ കൂടി അനുവദിക്കാവുന്നതാണ്. രോഗികൾക്കായി പ്രത്യേക വാർഡ് നിർമ്മിക്കുന്നതിനുള്ള ഫണ്ട് അനുവദിക്കാവുന്നതാണ്.
- പഞ്ചകർമ്മ യൂണിറ്റ് പദ്ധതി അടിസ്ഥാന സൗകര്യ വികസനത്തിന് ഫണ്ട് അനുവദിക്കാവുന്നതാണ്.
- യോഗ യൂണിറ്റ് ജില്ലയിലെ മറ്റ് ഗവ. ആയുർവേദ ആശുപത്രികളിലും വരും വർഷങ്ങളിൽ ആരംഭിക്കാവുന്നതാണ്. യോഗ യൂണിറ്റിലേക്ക് ഒരു യോഗ ഇൻസ്ട്രക്ടറുടെ സേവനം കൂടി ലഭ്യമാക്കാവുന്നതാണ്. ഓരോ യൂണിറ്റിലും അടിസ്ഥാന സൗകര്യത്തിനുള്ള ഫണ്ട് അനുവദിക്കാവുന്നതാണ്.
- ജില്ലയിലെ മറ്റ് ഗവ. ആയുർവേദ സ്ഥാപനങ്ങളിലും വരുംവർഷങ്ങളിൽ കരൾരോഗ മുക്തി പദ്ധതി പദ്ധതി ആരംഭിക്കാവുന്നതാണ്.
- സ്ഥാപനങ്ങൾക്ക് ഔഷധ വിതരണത്തിന് വരുംവർഷങ്ങളിൽ 50,000,00/-രൂപയുടെ ഔഷധങ്ങൾ അനുവദിക്കാവുന്നതാണ്. ജില്ലയിലെ എല്ലാ വിദ്യാഭ്യാസ സബ് ജില്ലകളിലും സ്കൂള് ഹെൽത്ത് പ്രോഗ്രാം പദ്ധതി നടപ്പിലാക്കുന്നതിനുള്ള ഫണ്ട് അനുവദിക്കാവുന്നതാണ്. പഞ്ചായത്ത് അടിസ്ഥാനത്തിൽ വൃക്ഷത്തൈ വിതരണം നടത്തുന്നതിനുള്ള ഫണ്ട് അനുവദിക്കാവുന്നതാണ്

ദേശീയ ആരോഗ്യ ദൌത്യത്തിന്റെ പരിപാടികളിൽ ഒന്നായ മെയിനൻ സ്ട്രീമിംഗ് ഓഫ് ആയുഷ് അണ്ടർ എന്.എച്ച്.എം.ൽ പെടുത്തി ജില്ലയിൽ 27 ആയുഷ് പ്രൈമറി ഹോമിയോ ഡിസ്പെൻസറികളും താലൂക്ക് ആശുപത്രികളിൽ 2 മെഡിക്കൽ ഓഫീസർമ്മാരെയും നിയമിച്ചിട്ടുണ്ട്. കൂടാതെ 2011-13 വർഷങ്ങളിൽ മരുന്നിനും പണം നല്കിയിട്ടുണ്ട്. പ്രഖ്യാപിത ലക്ഷ്യമായ കൊ-ലൊക്കേഷൻ നമ്മുടെ സംസ്ഥാനത്ത് നടപ്പിലാക്കുവാൻ കഴിഞ്ഞിട്ടില്ല. ഈ ദൌത്യത്തിന്റെ ഭാഗമായ "ആശ" മാരുടെ സേവനം ഹോമിയോപ്പതി വകുപ്പിന് ലഭ്യമാകുന്നില്ല. ദേശീയ ആയുഷ് ദൌത്യം - സേവനം മെച്ചപ്പെടുത്തുക വഴി ചെലവു കുറഞ്ഞതും ഫലപ്രദവുമായ ആയുഷ് ചികിത്സ സേവനങ്ങൾ സമൂഹത്തിൽ പ്രധാനം ചെയ്യുക, ആയുഷ് വിഭാഗങ്ങളെ ശാക്തീകരിച്ച മുഴുവൻ ആരോഗ്യ പ്രശ്നങ്ങളെയും സമർത്ഥമായി കൈകാര്യം ചെയ്യുന്നതിന് പ്രാപ്തമാക്കുക എന്നീ പ്രധാന ലക്ഷ്യങ്ങളോട് കൂടി പന്ത്രണ്ടാമത്തെ പഞ്ചവത്സര പദ്ധതികാലം മുതൽ നടപ്പിലാക്കിവരുന്നു.

## ശുചിത്വം

കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സഹായത്തോടെ ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പ്രധാനമായും നടപ്പിലാക്കിയിട്ടുള്ളത് ഓ.ഡി.എഫ്. ഉൾപ്പടെയുള്ള ശൌചാലയം നിർമ്മിച്ചു നൽകുന്ന പദ്ധതിയും (വ്യക്തിഗത ശൌചാലയങ്ങൾ, പൊതു ശൌചാലയങ്ങൾ, കമ്മ്യൂണിറ്റി ശൌചാലയങ്ങൾ, സാനിട്ടറി കോപ്ലക്സുകൾ) ഉറവിട മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഒരുക്കുന്ന പദ്ധതിയും ആണ്. എയറോബിക് കമ്പോസ്റ്റ് യൂണിറ്റ്, എം.സി.എഫ്, ആർ.ആർ.എഫ്. തുടങ്ങിയ കമ്മ്യൂണിറ്റിതല മാലിന്യ സംസ്കരണ സംവിധാനങ്ങൾക്ക് 2017-18 സാമ്പത്തിക വർഷം മുതലാണ് കേന്ദ്ര സംസ്ഥാന സഹായങ്ങൾ ലഭ്യമാക്കിത്തുടങ്ങിയത്. ആയതിനാൽ ഇത് ഉപയോഗിച്ച് തയ്യാറാക്കിയ പദ്ധതികൾ ബഹുഭൂരിപക്ഷം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും പ്രവർത്തന ഘട്ടത്തിൽ എത്തിയിട്ടില്ല. കൂടാതെ കേന്ദ്ര സംസ്ഥാന സഹായത്തോടെ വിവിധ വിവരവിജ്ഞാന വ്യാപന പ്രവർത്തനങ്ങളും നടന്നുവരുന്നു.

പ്രധാനമായും ബയോഗ്യാസ് പ്ലാന്റുകൾ, പൈപ്പ് കമ്പോസ്റ്റുകൾ, റിങ്ങ് കമ്പോസ്റ്റുകൾ തുടങ്ങിയ ഉറവിട മാലിന്യ സംസ്കരണ പദ്ധതികളാണ് കേന്ദ്ര-സംസ്ഥാന സഹായത്തോടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കിയിട്ടുള്ളത്.

**ഉറവിട മാലിന്യ സംസ്കരണ സംവിധാനങ്ങൾ**

| ക്രമ നമ്പർ | മാലിന്യ സംസ്കരണ സംവിധാനങ്ങൾ | ലഭ്യമാക്കിയ എണ്ണം (2016-17 വർഷം) |
|---|---|---|
| 1 | ബയോഗ്യാസ് പ്ലാന്റ് (ഗൃഹതലം, സ്ഥാപനതലം) | 2152 |
| 2 | പൈപ്പ് കമ്പോസ്റ്റ് | 600 |
| 3 | റിങ്ങ് കമ്പോസ്റ്റ് | 1332 |

മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സഹായത്തോടെ പ്രത്യേകമായി നടപ്പിലാക്കിയ പദ്ധതിയാണ് ആലപ്പുഴ നഗരസഭയിലെ നിർമ്മല നഗരം-നിർമ്മല ഭവനം പദ്ധതി.

| ക്രമ നമ്പർ | മാലിന്യ സംസ്കരണ സംവിധാനം | ലഭ്യമാക്കിയ എണ്ണം |
|---|---|---|
| 1 | ബയോഗ്യാസ് പ്ലാന്റ് | 837 |
| 2 | പൈപ്പ് കമ്പോസ്റ്റ് | 525 |

വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി ലഭ്യമാക്കിയ മാലിന്യ സംസ്കരണ സംവിധാനങ്ങളുടെ പ്രവർത്തനത്തെക്കുറിച്ച് ശുചിത്വമിഷന്റെ നേതൃത്വത്തിൽ സാമ്പിൾ പരിശോധനയും, പഠനവും നടത്തിയിരുന്നു. വിലയിരുത്തൽ ചുവടെ ചേർക്കുന്നു.

- ലഭ്യമാക്കിയ ബയോഗ്യാസ് പ്ലാന്റ് സംവിധാനങ്ങളിൽ 80-85% എണ്ണവും നല്ല രീതിയിൽ പ്രവർത്തനം തുടരുന്നു. സ്ഥാപനതല ബയോഗ്യാസ് പ്ലാന്റുകൾ (പ്രത്യേകിച്ച് സ്കൂളുകളിൽ) ചില സ്ഥലങ്ങളിൽ കാര്യക്ഷമമായി പ്രവർത്തനം നടക്കുന്നില്ല. കാരണം സ്കൂളുകളിൽ രണ്ട് മാസക്കാലത്തോളം അവധി

ആയിരിക്കുമ്പോൾ പ്ലാന്റിലേയ്ക്ക് ജൈവ വേസ്റ്റുകൾ നിക്ഷേപിക്കാതിരിക്കുകയും, പ്ലാന്റിന്റെ പ്രവർത്തനക്ഷമതയെ ബാധിക്കുകയും ചെയ്യുന്നു.

- മാവേലിക്കര, ചെങ്ങന്നൂർ, ഭരണിക്കാവ് തുടങ്ങിയ ജില്ലയുടെ ഉയർന്ന ദൃഢതയുള്ള മണ്ണ് ഉള്ള പ്രദേശങ്ങളിൽ പൈപ്പ് കമ്പോസ്റ്റ് നല്ലരീതിയിൽ പ്രവർത്തിക്കുന്നുണ്ട്. അതേ സമയം ജലനിരപ്പിനോട് ചേർന്ന് ജില്ലയുടെ വടക്കൻ പ്രദേശങ്ങളിൽ പൈപ്പ് കമ്പോസ്റ്റ് സംവിധാനം വേണ്ടത്ര വിജയകരമല്ല. കാരണം പൈപ്പ് കമ്പോസ്റ്റുകളിൽ നിന്നും പുഴുക്കൾ വരുന്നതും ഗുണഭോക്താക്കളുടെ ശാസ്ത്രീയ പരിജ്ഞാനക്കുറവുമാണ് പ്രധാന കാരണം.

- ആലപ്പുഴ നഗരസഭയിൽ നടപ്പിലാക്കിവരുന്ന "നിർമ്മല നഗരം- നിർമ്മല ഭവനം" പദ്ധതി വലിയ വിജയമായിരുന്നു. മാലിന്യ സംസ്കരണ രംഗത്ത് നഗരസഭയുടെ മുഖച്ചായ മാറ്റിമറിക്കാൻ പ്രസ്തുത പദ്ധതിയിലൂടെ സാധിച്ചു. ദേശീയതലത്തിലും, അന്തർദേശീയതലത്തിലും നഗരസഭയ്ക്ക് ലഭിച്ച അംഗീകാരങ്ങൾ ഇതിനുദാഹരണമാണ്.

ചേർത്തല, ആലപ്പുഴ, ഹരിപ്പാട്, മാവേലിക്കര തുടങ്ങിയ നഗരസഭകളിലും, പതിനാറോളം പഞ്ചായത്തുകളിലുമാണ് കേന്ദ്ര-സംസ്ഥാന സഹായത്തോടെ കമ്മ്യൂണിറ്റിതല മാലിന്യ സംസ്കരണ സംവിധാനങ്ങൾ പ്രധാനമായും പ്രവർത്തനം ആരംഭിച്ചിരിക്കുന്നത്. മെറ്റീരിയൽ കളക്ഷൻ സെന്ററുകൾ, റിസോഴ്സ് റിക്കവറി ഫെസിലിറ്റി സെന്ററുകൾ, എയറോബിക് പ്ലാന്റുകൾ തുടങ്ങിയവയാണ് ഇത്. ഈ സംവിധാനങ്ങൾ എല്ലാം തന്നെ നിലവിൽ പ്രവർത്തനം ആരംഭിച്ചിട്ടേയുള്ളു. പ്രസ്തുത സംവിധാനങ്ങളുടെ പ്രവർത്തനം തൃപ്തികരമായി മുന്നോട്ട് പോകുന്നു.

| ക്രമ നമ്പർ | മാലിന്യ സംസ്കരണ സംവിധാനം | ലഭ്യമാക്കിയ എണ്ണം |
|---|---|---|
| 1 | മെറ്റീരിയൽ കളക്ഷൻ സെന്ററുകൾ | 16 |
| 2 | റിസോഴ്സ് റിക്കവറി ഫെസിലിറ്റി | 4 |

ഒ.ഡി.എഫ് പ്രവർത്തനങ്ങളുടെ ഭാഗമായി ജില്ലയിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വിഹിതവും ചേർത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി ശൗചാലയങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്.

| ക്രമ നമ്പർ | ലഭ്യമാക്കിയ ശൗചാലയങ്ങളുടെ എണ്ണം | |
|---|---|---|
| | പഞ്ചായത്ത് | നഗരസഭ |
| 1 | 22292 | 1711 |

ഗ്രാമപഞ്ചായത്തുകളിലും, നഗരസഭകളിലും ലക്ഷ്യമിട്ടിരുന്ന എണ്ണം ശൗചാലയങ്ങൾ നിർമ്മിച്ചിട്ടുണ്ട്. ഗ്രാമപ്രദേശങ്ങളിൽ ഒ.ഡി.എഫ്. പരിശോധന നടന്നുവരുന്നു. നഗര പ്രദേശങ്ങളിൽ ആദ്യഘട്ട ഒ.ഡി.എഫ്. പരിശോധന നടന്നെങ്കിലും, ചേർത്തല നഗരസഭയ്ക്ക് മാത്രമാണ് ഒ.ഡി.എഫ്. അംഗീകാരം ലഭിച്ചത്. നഗരസഭകൾ മുൻകൈ എടുത്ത് ഇതുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കേണ്ടത് അത്യന്താപേക്ഷിതമാണ്. കൂടാതെ തീരപ്രദേശങ്ങൾ, റെയിൽവേ ട്രാക്കുകൾ തുടങ്ങിയ സ്ഥലങ്ങളിൽ ഓപ്പൺ ഡെഫിക്കേഷൻ ലക്ഷണങ്ങൾ കാണാൻ സാധിക്കുന്നുണ്ട്. ബന്ധപ്പെട്ട തദ്ദേശസ്ഥാപങ്ങൾ മുൻകൈ എടുത്ത് ഇത് പരിഹരിക്കാനാവശ്യമായ ഐ.ഇ.സി. ശീലമാറ്റ സഹായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കണം.

## ദാരിദ്ര്യ ലഘൂകരണം

ദാരിദ്ര്യലഘൂകരണത്തിന്റെ ഭാഗമായി 2016-17 സാമ്പത്തിക വർഷം 1433 ഗുണഭോക്താക്കൾക്ക് വീട് നൽകുന്നതിന് ഭൗതിക ലക്ഷ്യമുണ്ടായിരുന്നു. ഇതിനായി 1467 പേർ രജിസ്റ്റർ ചെയ്തിരുന്നുവെങ്കിലും 607 പേരാണ് എഗ്രിമെൻറ് വച്ച് വീട് പണി ആരംഭിച്ചത്. 240 പേരുടെ വീടുകൾ ഇതിനകം പൂർത്തീകരിച്ചു. 2017-18 സാമ്പത്തികവർഷം 434 വീടുകൾ നിർമ്മിയ്ക്കുന്നതിന് ഭൗതിക ലക്ഷ്യം ഉണ്ടെങ്കിലും ഇതുവരെ 72 പേരാണ് എഗ്രിമെന്റ് വെച്ചിട്ടുള്ളത്.

### പദ്ധതി മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ

- ഓരോ വർഷവും ലഭിക്കുന്ന ഭൗതിക ലക്ഷ്യത്തിൽ പട്ടികജാതി വിഭാഗങ്ങൾക്ക് മുൻഗണന നൽകുന്നുണ്ട്. എന്നാൽ സാമൂഹിക സാമ്പത്തിക ജാതി സെൻസസ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള എസ്.സി. ഗുണഭോക്താക്കളിൽ നിന്ന് വേണ്ടത്ര ഗുണഭോക്താക്കളെ ലഭിക്കുന്നില്ല.
- ജനറൽ വിഭാഗങ്ങൾക്ക് കൂടുതൽ ഭൗതിക ലക്ഷ്യം ലഭ്യമാകുകയാണെങ്കിൽ ലിസ്റ്റിൽ നിന്ന് കൂടുതൽ പേരെ കണ്ടെത്തി സഹായിക്കാൻ കഴിയുന്നതാണ്.
- എസ്.സി, ജനറൽ അനുപാതം 60 : 40 എന്നതിൽ നിന്നും 40 : 60 ആക്കുകയാണെങ്കിൽ സാമൂഹിക സാമ്പത്തിക ജാതി സെൻസസ് ലിസ്റ്റിൽ നിന്ന് കൂടുതൽ കുടുംബങ്ങളെ കണ്ടെത്തി ഉൾപ്പെടുത്തുവാൻ കഴിയുന്നതാണ്.
- സാമൂഹിക സാമ്പത്തിക ജാതി സെൻസസ് ലിസ്റ്റിൽ നിന്ന് അർഹരായവരെ കണ്ടെത്തുന്നതിന് കഴിയാത്തതിനാൽ സംസ്ഥാന ഗവൺമെന്റ് ഇപ്പോൾ പ്രസിദ്ധീകരിച്ച ലൈഫ് മിഷൻ സർവ്വേയിൽ നിന്നും അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് നിർദ്ദേശം നൽകാവുന്നതാണ്.
- ബ്ലോക്കു പഞ്ചായത്തുകളിലൂടെ പദ്ധതി നടപ്പിലാക്കി വരുന്നതിനാല് താഴെ തട്ടിലേയ്ക്ക് കൂടുതൽ നിർദ്ദേശങ്ങൾ നൽകി താൽപര്യമുള്ളവരെ കണ്ടെത്താവുന്നതാണ്. ആയതിന് വേണ്ടി ബ്ലോക്ക് തലത്തിൽ ബോധവൽക്കരണ പരിപാടികൾ നടപ്പിലാക്കാവുന്നതാണ്.
- വിവിധ പദ്ധതികളുമായി സംയോജന സാദ്ധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുവാൻ പ്രാദേശിക തലത്തിൽ ഗ്രാമപഞ്ചായത്തുകൾ മുൻകൈ എടുക്കാവുന്നതാണ്.
- സൗജന്യ പാചകവാതക വിതരണപദ്ധതി പ്രകാരം ഗുണഭോക്താക്കൾക്ക് മുൻഗണനയുണ്ടെങ്കിലും സാമൂഹിക സാമ്പത്തിക ജാതി സെൻസസ് ലിസ്റ്റിലുള്ള മുഴുവൻ ഗുണഭോക്താക്കൾക്കും ഈ ആനുകൂല്യം ലഭ്യമാകുന്നില്ല. പ്രധാൻമന്ത്രി ഉജ്ജൽ യോജന പദ്ധതിയിൽ ഉൾപ്പെടുത്തി ആനുകൂല്യം ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.
- ബ്ലോക്ക് / ഗ്രാമപഞ്ചായത്ത് തലത്തിൽ ഭവന നിർമ്മാണത്തിന് കൂടുതൽ തുക കണ്ടെത്തുന്നതിന് സി.എസ്.ആർ. സാദ്ധ്യതകൾ പ്രയോജനപ്പെടുത്താവുന്നതാണ്.

പ്രധാൻമന്ത്രി കൃഷി സിൻജായ് യോജന (പി.എം.കെ.എസ്.വൈ.) എന്ന പദ്ധതി ജില്ലയിൽ ചമ്പക്കുളം, ചെങ്ങന്നൂർ, ഭരണിക്കാവ്, മാവേലിക്കര കഞ്ഞിക്കുഴി എന്നീ 5 ബ്ലോക്കുകളിൽ നടപ്പിലാക്കി വരുന്നു. ഈ പദ്ധതിയ്ക്ക് ആകെ ലഭിച്ച 763.698 ലക്ഷം പൂർണ്ണമായും വിനിയോഗിച്ചു.

### പദ്ധതി മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ

കൃഷി വകുപ്പ് തയ്യാറാക്കിയ ജില്ലാ ഇറിഗേഷൻ പ്ലാൻ പ്രകാരം ഫണ്ട് ലഭ്യമാക്കുന്ന സംവിധാനം മാറ്റി മുൻവർഷങ്ങളിലേതുപോലെ ഗ്രാമവികസന വകുപ്പ് വഴി ബ്ലോക്ക് പഞ്ചായത്തുകൾക്ക് തുക ലഭ്യമാകുന്നതിന് നിർദ്ദേശം നൽകാവുന്നതാണ്.

## സാമൂഹ്യക്ഷേമ വകുപ്പ്

സാമൂഹ്യക്ഷേമവകുപ്പ് നടപ്പാക്കുന്ന വിദ്യാകിരണം, വിദ്യാജ്യോതി എന്നി പദ്ധതികൾക്ക് അപേക്ഷകർ കൂടുതലായിനാൽ ഈ സ്കീമിൽ കൂടുതൽ ഫണ്ട് അനുവദിക്കേണ്ടതാണ്. അഭയകിരണം പദ്ധതിയിൽ അഗതികളായ സ്ത്രീകളെക്കൂടി ഉൾപ്പെടുത്താവുന്നതാണ്. മന്ദഹാസം പദ്ധതിയിൽ ഗുണഭോക്താക്കൾക്ക് താൽപര്യമുള്ള ആശുപത്രിയിൽ കൃത്രിമ ദന്തനിര വെയ്ക്കുന്നതിനുള്ള അനുമതി നൽകുന്നത് ഉചിതമായിരിക്കുന്നതാണ്.

വിദ്യാലയത്തിനു ചുറ്റുമുള്ള ജൈവ വൈവിധ്യത്തെക്കുറിച്ച് അറിയുന്നതിനും അതിനെ സംരക്ഷിക്കുന്നതിനുമുള്ള താത്പര്യം കുട്ടികളിൽ വളർത്തുന്നതിനായി വിദ്യാഭ്യാസവകുപ്പ് ബയോ ഡൈവേഴ്സിറ്റി പാർക്ക് ആരംഭിച്ചിട്ടുള്ള പദ്ധതി ഇനത്തിൽ 2 ഗഡുക്കളായി രൂപ 6,30,000/- രൂപ ലഭിച്ചിട്ടുണ്ട്. ആയതിൽ 6,30,000/- രൂപ തിരഞ്ഞെടുക്കപ്പെട്ട സ്കൂളുകൾക്ക് വിതരണം ചെയ്തിട്ടുണ്ട്. പരിസ്ഥിതി സംരക്ഷണത്തിനു ഊന്നൽ നൽകിയിട്ടുള്ള ഈ പദ്ധതി വിജയകരമായി നടപ്പിലാക്കിയിട്ടുണ്ട്.

### പദ്ധതി മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ

- സാമ്പത്തിക വർഷാരംഭത്തിൽതന്നെ ഫണ്ട് അനുവദിക്കാവുന്നതാണ്.
- അനുവദിച്ചിട്ടുള്ള ഫണ്ടുകൾ മാറിയെടുക്കാനുള്ള നടപടിക്രമങ്ങൾ ലളിതമാക്കാവുന്നതാണ്.
- പരിശീലനം ഫീൽഡിലെ അവശ്യങ്ങൾക്ക് അനുസ്യൂതമായി പുനക്രമീകരിക്കുന്നതിനുള്ള അധികാരം പരിശീലന സ്ഥാപനങ്ങൾക്ക് നൽകാവുന്നതാണ്.
- പ്രാദേശിക സർക്കാരുകൾ പദ്ധതി ആസൂത്രണത്തിനു അതാത് മേഖലകളിലെ ജില്ലാതലസ്ഥാപനങ്ങളുടെ സാധ്യത പ്രയോജനപ്പെടുത്താവുന്നതാണ്.
- പരിശീലനങ്ങളിലെ പ്രാതിനിധ്യം, ഭൌതികസൌകര്യമൊരുക്കൽ എന്നി ചുമതലകൾ പ്രാദേശിക സർക്കാരുകൾക്ക് നൽകാവുന്നതാണ്.
- ഭിന്നശേഷിക്കാരുടെ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട പഞ്ചായത്തുകൾ തങ്ങളുടെ ചുമതലകൾ ശാസ്ത്രീയമായി നിർവ്വഹിക്കാനുള്ള സാഹചര്യമൊരുക്കുക.
- തുല്യതവിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് പ്രാദേശിക ഭരണകൂടങ്ങളുടെ ഇടപെടൽ ഉറപ്പാക്കുക.

പോലീസ് വകുപ്പിനായി ആലപ്പുഴ ജില്ലയിൽ കടലോര ജാഗ്രതാ സമിതിക്ക് 4,18,000/- രൂപഅനുവദിച്ചിട്ടുണ്ട്. ആലപ്പുഴ ജില്ലയിൽ മൊത്തം 9 സമിതികളുണ്ട്. ടി തുക മൊബൈൽ ഫോൺ റിചാർജ്, സെമിനാർ, മെഡിക്കൽ ക്യാമ്പ്, രഹസ്യവിവരം കൈമാറുന്നതിനുള്ള പ്രതിഫലം, സാഗർ കവാച്ച് എന്നിവയ്ക്ക് ടി തുക ചിലവഴിച്ചിട്ടുള്ളതാണ്.

സ്റ്റുഡൻസ് പോലീസ് കേഡറ്റിന് യൂണിഫോം, റിഫ്രെഷ്മെന്റ് ചാർജ്, വെക്കേഷൻ ക്യാമ്പ്, ഓണറേറിയം തുടങ്ങിയവയ്ക്ക് ജില്ലയ്ക്ക് 50,02,200/- രൂപ *(അൻപത് ലക്ഷത്തി രണ്ടായിരത്തി ഇരുന്നൂറ് രൂപ)* സർക്കാർ അനുവദിച്ചിട്ടുണ്ട്. ടി തുക അതാതു സ്കൂളിന്റെ പരിധിയിലുള്ള ബന്ധപ്പെട്ട ഇൻസ്പെക്ടർ ഓഫ് പോലീസ് മുഖാന്തിരം തുക കൈമാറിയിട്ടുണ്ട്.

സ്ത്രീ സുരക്ഷ പ്രതിരോധ പരിശീലന പരിപാടി നടപ്പിലാക്കുന്നതിന് 4,08,000/- രൂപ വനിതാ സി.ഐ. യ്ക്ക് നൽകിയിട്ടുള്ളതും സ്കൂൾ/കോളേജ്/കുടുംബശ്രീ തുടങ്ങിയ കേന്ദ്രങ്ങളിൽ 10354 പേർക്ക് സ്വയം പ്രതിരോധ പരിശീലനം നൽകിയിട്ടുള്ളതും ആയത് തുടർന്നു വരുന്നതുമാകുന്നു.

ജില്ലയിൽ വുമൺ വിക്ടിം സപ്പോർട്ട് സ്കീമിന് 1,32,500/- രൂപ ലഭിക്കുകയും പാവപ്പെട്ട അർഹരായ സ്ത്രീകൾക്ക് കൗൺസിലിംഗ്, ട്രാൻസ്പോട്ടേഷൻ ചാർജ്, മെഡിക്കൽ കെയർ, തുടങ്ങിയ ആവശ്യങ്ങൾക്ക് ടി തുക സ്റ്റേഷൻ മുഖാന്തിരം ചിലവഴിച്ചിട്ടുള്ളതാണ്.

ആലപ്പുഴ ജില്ലയിൽ സ്റ്റേഷനുകളിൽ വരുന്ന സ്ത്രീകൾക്ക് അടിസ്ഥാന സൌകര്യം ഒരുക്കുന്നതിനുവേണ്ടി ലഭിച്ച 5.00 ലക്ഷം രൂപ ചേർത്തല സ്റ്റേഷൻ, കുറത്തിക്കാട് സ്റ്റേഷനുകളിൽ ചെലവഴിച്ചിട്ടുണ്ട്.

ജില്ലയിലെ കൗൺസിലിംഗ് സെന്റർ സ്ഥാപനത്തിലെ രണ്ട് കൗൺസിലർമാർക്ക് പ്രതിമാസ വേതനം നൽകുന്നതിന് വേണ്ടി 2,40,000/- രൂപ ഒരു വർഷത്തേക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. സ്റ്റേഷനിൽ വരുന്ന പരാതിക്കാർക്കും സമൂഹത്തിൽ മാനസിക പ്രശ്നങ്ങൾ നേരിടുന്ന കുട്ടികൾക്കും സ്ത്രീകൾക്കും ടി കൗൺസിലർമാരുടെ സേവനം പ്രയോജനപ്പെടുത്തുന്നു.

ആലപ്പുഴ ജില്ലയിൽ പട്ടികജാതി വികസനവകുപ്പ് മുഖേന വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനായി 31,93,86,265/- രൂപയിൽ 24,41,57,374/- രൂപ വിയോഗിച്ചിട്ടുണ്ട്. പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

### പ്രീ-മെട്രിക് ആനുകൂല്യം (ഒന്നു മുതൽ പത്താം ക്ലാസ്സ് വരെ)

| അനുവദിച്ച തുക | ചെവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| 1, 80, 00, 000/- | 1, 25, 95, 710/- | 2, 053 |

### പ്രൈമറി എഡ്യുക്കേഷൻ എയ്ഡ്

| അനുവദിച്ച തുക | ചെവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| 1, 51, 00, 000/- | 1, 45, 94, 000/- | 7, 297 |

### ശ്രീ അയ്യൻകാളി ടാലന്റ് സെർച്ച് സ്കോളർഷിപ്പ്

| അനുവദിച്ച തുക | ചെവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| 19, 33, 000/- | 9, 24, 600/- | 316 |

### മോഡൽ റസിഡന്റ്ഷ്യൽ സ്കൂൾ

| അനുവദിച്ച തുക | ചെവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| 1, 65, 200/- | 70, 64, 409/- | 285 |

## പ്രീ-മെട്രിക് ഹോസ്റ്റലുകൾ

| അനുവദിച്ച തുക | ചെവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| 10, 00, 000/ | 5, 04, 915/- | 77 |

## പോസ്റ്റ് മെട്രിക് വിദ്യാഭ്യാസം. *(+1* മുതൽ ഉയർന്ന കോഴ്സുകളിലേക്ക്)

| ചെവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|
| 7, 69, 69, 000/- | 8, 091 |

## പ്രത്യേക പ്രോത്സാഹന സമ്മാന പദ്ധതി

| അനുവദിച്ച തുക | ചെവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| 33, 51, 000/- | 22, 25, 000/- | 666 |

## എഞ്ചിനീയറിംഗ്/മെഡിക്കൽ കോഴ്സ് പ്രാഥമിക ചെലവിന് ഗ്രാന്റ്

| അനുവദിച്ച തുക | ചെവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| 3, 50, 000/- | 95, 000/- | 19 |

## ലാപ്പ്ടോപ്പ് നൽകൽ ധനസഹായം

| അനുവദിച്ച തുക | ചെവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| 54, 50, 000/- | 8, 25, 000/- | 33 |

## സ്റ്റെതസ്സ്ക്കോപ്പ്

ഒന്നാം വർഷ എം.ബി.ബി.എസ്, ബി.എ.എം.എസ്, ബി.എച്ച്.എം.എസ് വിദ്യാർത്ഥികൾക്ക് സ്റ്റെതസ്സ്ക്കോപ്പ് വാങ്ങാൻ ധനസഹായം നല്കുന്നു. 92,800/- രൂപ ഈ വർഷം അനുവദിച്ചിട്ടുണ്ട്.

## ഗവ. ഓഫ് ഇന്ത്യ സ്കോളർഷിപ്പ്

| ചെവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|
| 3, 64, 714/- | 8 |

## പാരലൽ കോളേജ് പഠനത്തിന് ധനസഹായം

28 ഗുണഭോക്താക്കൾക്ക് 3,43,712 രൂപ ചെലവഴിച്ചിട്ടുണ്ട്. സർക്കാർ എയ്ഡഡ് സ്ഥാപനങ്ങളിൽ പ്രവേശനം ലഭിക്കാത്ത പട്ടികജാതി മറ്റർഹ വിഭാഗം കുട്ടികൾക്ക് പാരലൽ കോളേജിൽ പഠിക്കുന്നതിന് റഗുലർ സ്ഥാപനങ്ങളിൽ പഠിക്കുന്നവരുടെ നിരക്കിൽ ധനസഹായം അനുവദിക്കുന്നു.

| ചെവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|
| 3, 43, 712/- | 28 |

### ബുക്ക് ബാങ്ക് പദ്ധതി

പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് റഫറൻസ് ബുക്ക് ലഭ്യമാക്കുന്ന പദ്ധതിയിൽ 59 ഗുണഭോക്താക്കൾക്കായി 62000/- രൂപ ചെലവഴിച്ചിട്ടുണ്ട്.

| അനുവദിച്ച തുക | ചെവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| 12, 00, 000/- | 5, 15, 748/- | 43 |

### പദ്ധതിമെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ

വിദ്യാഭ്യാസ പരിപാടികൾ കൂടുതൽ പ്രയോജനകരമായി അനുഭവപ്പെടണമെങ്കിൽ അതാത് വിദ്യാർത്ഥികളുടെ പ്രവേശന സമയത്ത് തന്നെ കുട്ടികൾക്ക് ലഭ്യമാകുന്ന ആനുകൂല്യം സംബന്ധിച്ച് രക്ഷിതാക്കളിലും മറ്റും അവബോധമുണ്ടാകുന്നതിന് പ്രത്യേക ശ്രദ്ധ വകുപ്പിന്റെ ഭാഗത്ത് നിന്ന് ഉയർത്തേണ്ടതാണ്. ഫീസാനുകൂല്യം ലഭ്യമാക്കുന്ന സ്ഥാപനങ്ങളെ സംബന്ധിച്ചും ലഭ്യമാകുന്ന ഫീസിനെ സംബന്ധിച്ചും വിശദമായി വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കാവുന്നതാണ്.

എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും വിദ്യാഭ്യാസ പരിപാടികൾ സംബന്ധിച്ചുള്ളതും വിവിധ പ്രോത്സാഹന പദ്ധതികൾ സംബന്ധിച്ചുള്ളതുമായ ലഘുലേഖകൾ, ബ്രോഷർ തുടങ്ങിയവ പ്രചരിപ്പിക്കേണ്ടതാണ്. മാത്രമല്ല, ബ്ലോക്ക് തലത്തിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, അവിടെ പഠിക്കുന്ന പട്ടികജാതി/പട്ടിവർഗ്ഗ/മറ്റർഹവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളെ സംബന്ധിച്ചുള്ള വിശദമായ ഡാറ്റാ സൂക്ഷിക്കേണ്ടതും വിദ്യാർത്ഥികൾക്ക് ലഭ്യമാക്കേണ്ട ഫീസ് ആനുകൂല്യം സംബന്ധിച്ച് കൃത്യമായ പരിശോധന അതാത് സമയങ്ങളിൽ നടത്തുകയും ചെയ്യേണ്ടതാണ്. പട്ടികജാതി വികസന വകുപ്പിന്റെ ഏറ്റവും പ്രധാനപ്പെട്ട മേഖല എന്ന നിലയിൽ വിദ്യാഭ്യാസ പരിപാടികളെ ഇ-ഗ്രാന്റ്സ് മാതൃകയിലോ അല്ലങ്കിൽ ഇ-ഗ്രാന്റ്സ് സൈറ്റിലോ ഉൾക്കൊള്ളിച്ചുകൊണ്ടോ പരിപൂർണ്ണമായി ഡിജിറ്റലൈസ് ചെയ്ത് സുതാര്യമാക്കേണ്ടതാണ്.

പട്ടികജാതി കോളനികളുടെ അടിസ്ഥാന സൌകര്യ വികസനത്തിനായി (റോഡ്, വൈദ്യുതീകരണം, ഭവന പുനരുദ്ധാരണം, സോളാർ വിളക്കുകൾ, ബയോഗ്യാസ് പ്ലാന്റ് മുതലായവ) ആരംഭിച്ച പദ്ധതിയായ അംബേദ്ക്കർ ഗ്രാമ പദ്ധതിയിൽ എം.എൽ.എ. മാരുടെ നേരിട്ടുള്ള മേൽനോട്ടത്തിലാണ് പദ്ധതി നിർവ്വഹണം. 12 കോളനികളെ ജില്ലയിൽ തെരഞ്ഞെടുത്തിട്ടുണ്ട്.

സാമ്പത്തിക വികസന പരിപാടികൾ നല്ല നിലയിൽ നടപ്പാക്കണമെങ്കിൽ ബ്ലോക്ക്തലത്തിൽ പട്ടികജാതി വിഭാഗങ്ങളെ സംബന്ധിച്ചുള്ള വിശദവും സമഗ്രവുമായ ഡാറ്റാ തയ്യാറാക്കേണ്ടതാണ്. വിവിധ തൊഴിലുകളിൽ ഏർപ്പെട്ടിട്ടുള്ളവർ, തൊഴിൽ രഹിതർ, സാങ്കേതിക വിദ്യാഭ്യാസം നേടിയവർ, സ്വയം സഹായ സംഘങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ, പട്ടികജാതി സങ്കേതങ്ങൾ/കോളനികൾ സംബന്ധിച്ചുള്ള വിവരങ്ങൾ ഡാറ്റയിൽ ഉൾപ്പെടുത്തേണ്ടതാണ്. ആയതിന് എസ്.സി. പ്രമോട്ടർമാരുടെ സഹായത്തോടെ എല്ലാ പട്ടികജാതി വിഭാഗങ്ങളുടെയും വ്യക്തിഗത-കുടുംബ-പ്രാദേശിക വിവരങ്ങൾ ശേഖരിച്ച് അപ്പ്-ലോഡ് ചെയ്യാൻ കഴിയുന്ന തരത്തിൽ ബ്ലോക്ക് തലത്തിൽ വെബ്-സൈറ്റ് സൌകര്യം ഏർപ്പെടുത്തുന്നത് ഇത്തരം പദ്ധതികൾ കൂടുതൽ സുതാര്യമായി നടപ്പിലാക്കുന്നതിന് സഹായകരമാകും.

വിദ്യാഭ്യാസ സാമ്പത്തിക വികസന പരിപാടികൾ പോലെതന്നെ സാമൂഹ്യക്ഷേമ പരിപാടികൾ പട്ടികജാതി വിഭാഗത്തിന്റെ സമൂലമായ സാമൂഹ്യ മാറ്റത്തിന് ഉതകുന്ന രൂപത്തിൽ നടപ്പിലാക്കേണ്ടതാണ്. വിവാഹ ധനസഹായം, മിശ്രവിവാഹ ധനസഹായം തുടങ്ങിയ പദ്ധതികൾക്കുള്ള തുക ഉയർത്തേണ്ടത് അത്യന്താപേക്ഷിതമാണ്. എല്ലാവർക്കും ഭവനം എന്ന സംസ്ഥാന സർക്കാരിന്റെ ലക്ഷ്യം കൈവരിക്കുന്നതിനായി ജില്ലയ്ക്ക് അനുവദിച്ചിട്ടുള്ള പരിമിതമായ ഭൌതിക ലക്ഷ്യം ഉയർത്തേണ്ടതാണ്.

ഈ പദ്ധതികളൊക്കെ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പും പട്ടികജാതി വികസന വകുപ്പും തമ്മിലുള്ള ഏകോപനം അനിവാര്യമാണ്. സാമൂഹ്യ ക്ഷേമ പദ്ധതികളിൽ ഗ്രാമസഭാ ലിസ്റ്റിന് വളരെയേറെ പ്രാധാന്യമുണ്ട്. പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് മുമ്പുതന്നെ തദ്ദേശ സ്വയംഭരണ വകുപ്പ് ഗ്രാമസഭാ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നത് പദ്ധതികൾ സുതാര്യമായി നടപ്പിലാക്കുന്നതിന് സഹായകരമാകും.

1989 ലെ അതിക്രമം തടയൽ നിയമ പ്രകാരം മറ്റ് വിഭാഗത്തിൽപ്പെട്ട ആളുകൾ പട്ടികജാതിയിൽപ്പെട്ടവരോട് ചെയ്യുന്ന അതിക്രമങ്ങൾക്ക് കേസെടുത്ത് നിയമ നടപടികൾ സ്വീകരിക്കാവുന്നതാണ്. ഇങ്ങനെയുള്ള കേസുകൾ അവലോകനം ചെയ്യുന്നതിനായി ജില്ലാ കളക്ടർ അദ്ധ്യക്ഷനായി ജില്ലാതല വിജിലൻസ് & മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. വർഷത്തിൽ 4 പ്രാവശ്യം ഈ കമ്മിറ്റി ചേരുകയും കേസുകൾ അവലോകനം ചെയ്യുകയും അതിക്രമത്തിനിരയായവർക്ക് മതിയായ നഷ്ടപരിഹാരം അനുവദിക്കുകയും ചെയ്യുന്നു. നഷ്ടപരിഹാരത്തിനായി ഈ വർഷം 15.00 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. 13,92,500/- രൂപ ചെലവ് ചെയ്തു.

പട്ടികവർഗ്ഗ വികസന വകുപ്പ് വഴി നടപ്പിലാക്കുന്ന കേന്ദ്ര സംസ്ഥാന പദ്ധതികൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതിയുടെ പേര് | പദ്ധതി വിഹിതം | അനുവദിച്ച തുക | ചെലവ് | % |
|---|---|---|---|---|---|
| 1 | ഫുഡ്സപ്പോർട്ട് പ്രോഗ്രാം | 10 | 6.6 | 4.75 | 71.97 |
| 2 | ഇംപ്രൂവിംങ്ങ് ഫെസിലിറ്റീസ് ഇൻ ട്രൈബൽ ഹോസ്റ്റൽ | 5 | 5 | 3.6 | 72 |
| 3 | കോർപ്പസ് ഫണ്ട് | 28 | 0 | 0 | 0 |
| 4 | ഹോണറേറിയം ഓഫ് ട്രൈബൽ പ്രൊമോട്ടേഴ്സ് | 13 | 13 | 8.15 | 62.7 |
| 5 | ഊരുകൂട്ടം | 0.9 | 0.9 | 0 | 0 |
| 6 | ഹോണറേറിയം ഓഫ് മാനേജ്മെന്റ് ട്രെയിനീസ് | 5 | 1.8 | 0.3 | 16.67 |
| 7 | ഹോണറേറിയം ഓഫ് സ്റ്റുഡന്റ്സ് കൌൺസിലേഴ്സ് | 1.4 | 1.4 | 0.3 | 21.43 |
| 8 | സ്പെഷ്യൽ ഇൻസെന്റീവ് ടു ട്രൈബൽ സ്റ്റുഡൻസ് | 1 | 0.85 | 0.45 | 52.94 |
| 9 | അയ്യങ്കാളി സ്കോളർഷിപ്പ് | 1 | 0.5 | 0 | 0 |
| 10 | സ്റ്റഡി ടൂർ | 0.5 | 0.5 | 0 | 0 |

| | | | | | |
|---|---|---|---|---|---|
| 11 | അസിസ്റ്റൻസ് ടു ഓർഫൺസ് | 1 | 0.26 | 0.26 | 100 |
| 12 | കോംപ്രിഹെൻസീവ് ടൈബൽ ഹെൽത്ത് കെയർ | 18 | 13.6 | 13.6 | 100 |
| 13 | ഭവന നിർമ്മാണം | 15 | 15 | 15 | 100 |
| 14 | ജനനി ജന്മരക്ഷ | 15 | 3.5 | 2.8 | 80 |
| | **ആകെ** | **118.9** | **63.91** | **49.21** | |

### പദ്ധതികൾ മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ

മേൽ പദ്ധതികളെല്ലാം പട്ടിക വർഗ്ഗ വികസനത്തിന് ഏറെ സഹായകരമായതാണ്.

ഫുഡ്സപ്പോർട്ട് പ്രോഗ്രാം കാലവർഷക്കെടുതി മൂലം ദുരിതമനുഭവിക്കുന്ന പഞ്ചമാസങ്ങളിൽ തൊഴിലിന് ഭക്ഷണം എന്ന നിലയിലാണ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്. ആലപ്പുഴ ജില്ല പോലെ വ്യക്തിഗത ഭൂവിസ്തൃതി കുറഞ്ഞ പ്രദേശങ്ങളിൽ തൊഴിൽ ചെയ്യുന്നതിനുള്ള സാഹചര്യം വളരെക്കുറവാണ്. ടി സാഹചര്യത്തിൽ ഗ്രാമപഞ്ചായത്തുകളുടെ സഹകരണത്തോടെ പ്രദേശത്ത് ലഭ്യമായ തൊഴിൽ സാഹചര്യങ്ങൾ വിനിയോഗിച്ച് അതിന് കൂലി എന്ന നിലയിൽ ഈ പദ്ധതി നടപ്പിലാക്കാവുന്നതാണ്. മേൽ സാഹചര്യത്തിൽ ഈ പദ്ധതി ഗ്രാമപഞ്ചായത്ത് വഴി നടപ്പിലാക്കുന്നതായിരിക്കും ഉചിതമെന്ന് കാണുന്നു.

*(തുക ലക്ഷത്തിൽ)*

| **ശീർഷകം** | **വിഹിതം** | **ചെലവഴിക്കുന്നതിനുള്ള അനുവാദത്തിനായി സഹകരണ രജിസ്ട്രാർക്ക് സമർപ്പിച്ച പ്രൊപ്പോസല്** | **30.11.2017 വരെ വിനിയോഗിച്ചത്** |
|---|---|---|---|
| 2425-108-67 | 64 | 88.75 | |
| 4425-108-68 | 11.16 | | 2.00 |
| 6425-108-11 | 15 | | |
| **ആകെ** | **90.16** | **88.75** | **2.00** |
| | | | |

തൊഴിലധിഷ്ഠിത പരിപാടികൾ നടപ്പിലാക്കുന്ന വിവിധതരം സഹകരണ സ്ഥാപനങ്ങൾക്ക് സഹായം നൽകുന്നതിനാണ് ഈ പദ്ധതി. വായ്പ, ഓഹരി മൂലധനം, പ്രവർത്തന ഗ്രാന്റ്, സബ്സിഡി എന്നീ ഇനങ്ങളിൽ ധനസഹായം നൽകിവരുന്നു. വനിതാ സഹകരണ സംഘങ്ങളേയും, കാർഷിക മാർക്കറ്റിംഗ് മേഖലയേയും ശക്തിപ്പെടുത്തുന്നതിന് വരുമാനം പ്രദാനം ചെയ്യുവാൻ കഴിയുന്നതും സാമ്പത്തികമായി നടപ്പിലാക്കാൻ കഴിയുന്നതുമായ പ്രോജക്ടുകൾക്ക് സഹായം വകയിരുത്തിയിരിക്കുന്നു.

പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗത്തിലെ പാവപ്പെട്ട കുടുംബങ്ങളുടെ ഉന്നമനത്തിനായി പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ വികസനം അത്യാവശ്യമാണ്.

ഡയറ്റ് പരിപാടിയ്ക്കായി 40.70 ലക്ഷം രൂപ അനുവദിച്ചതിൽ 31.3 ലക്ഷം ചെലവഴിച്ച് 18.27 ശതമാനം നിർവ്വഹണം പൂർത്തിയായി.

## പദ്ധതി മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ

- സാമ്പത്തിക വർഷാരംഭത്തിൽതന്നെ ഫണ്ട് അനുവദിക്കാവുന്നതാണ്.
- അനുവദിച്ചിട്ടുള്ള ഫണ്ടുകൾ മാറിയെടുക്കാനുള്ള നടപടിക്രമങ്ങൾ ലളിതമാക്കാവുന്നതാണ്.
- പരിശീലനം ഫീൽഡിലെ അവശ്യങ്ങൾക്കനുസൃതമായി പുനക്രമീകരിക്കു ന്നതിനുള്ള അധികാരം പരിശീലന സ്ഥാപനങ്ങൾക്ക് നൽകാവുന്നതാണ്.
- പ്രാദേശികസർക്കാരുകൾ പദ്ധതി ആസൂത്രണത്തിനു അതാത് മേഖലകളിലെ ജില്ലാതലസ്ഥാപനങ്ങളുടെ സാധ്യത പ്രയോജനപ്പെടുത്താവുന്നതാണ്.
- പരിശീലനങ്ങളിലെ പ്രാതിനിധ്യം, ഭൌതികസൌകര്യമൊരുക്കൽ എന്നി ചുമതലകൾ പ്രാദേശിക സർക്കാരുകൾക്ക് നൽകാവുന്നതാണ്.
- ഭിന്നശേഷിക്കാരുടെ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട പഞ്ചായത്തുകൾ തങ്ങളുടെ ചുമതലകൾ ശാസ്ത്രീയമായി നിർവ്വഹിക്കാനുള്ള സാഹചര്യ മൊരുക്കുക.
- തുല്യതാ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് പ്രാദേശിക ഭരണകൂടങ്ങളുടെ ഇടപെടൽ ഉറപ്പാക്കുക.

# അദ്ധ്യായം 6

# തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ 2017-18 വാർഷിക പദ്ധതി അവലോകനവും നിർദ്ദേശങ്ങളും

അധികാര വികേന്ദ്രീകരണവും ജനകീയാസൂത്രണവും കേരളത്തിൽ സൃഷ്ടിച്ച മാറ്റം ചെറുതല്ല. പങ്കാളിത്ത ആസൂത്രണത്തിലൂടെയുള്ള സുസ്ഥിര വികസനവും, പ്രാദേശിക ശാക്തീകരണവും, പ്രകൃതി സംരക്ഷണവുമാണ് ജനകീയാസൂത്രണത്തിന്റെ കാതലായ ലക്ഷ്യം. ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 2017-18 വാർഷിക പദ്ധതി അവലോകനം നടത്തുന്നതും കാര്യക്ഷമമായ വിലയിരുത്തലിലൂടെ പദ്ധതികളുടെ നിലവിലെ അവസ്ഥ, നിർവ്വഹണ രീതി, കാര്യക്ഷമത എന്നിവയിൽ ഉൾക്കൊള്ളിക്കേണ്ട മാറ്റങ്ങൾ കണ്ടെത്തേണ്ടതും അനിവാര്യമാണ്. പദ്ധതികൾ പരമാവധി മെച്ചപ്പെടുത്തുവാനുള്ള നിർദ്ദേശങ്ങളും പരിഗണിക്കേണ്ടതുണ്ട്. ആലപ്പുഴ ജില്ലയിൽ 2017-18 വാർഷിക പദ്ധതിയുടെ ഭാഗമായി ഗ്രാമ പഞ്ചായത്തുകൾ, ബ്ലോക്ക് പഞ്ചായത്തുകൾ, നഗരസഭകൾ, ജില്ലാ പഞ്ചായത്ത് എന്നീ തദ്ദേശഭരണസ്ഥാപനങ്ങൾ വിവിധ മേഖലകളിലായി ഏറ്റെടുത്തിട്ടുള്ള വികസന പ്രവർത്തനങ്ങളുടെ വിലയിരുത്തലാണ് ചുവടെ.

## a) ഗ്രാമപഞ്ചായത്തുകൾ

### ഉത്പാദന മേഖല

2017-2018 സാമ്പത്തിക വർഷം ജില്ലയിലാകെ 8423.31 ലക്ഷം രൂപ ഉത്പാദന മേഖലയിൽ വകയിരുത്തിയിട്ടുള്ളതും നാളിതുവരെ 642.04 ലക്ഷം രൂപ ചെലവഴിച്ചിട്ടുള്ളതുമാണ്. മുൻവർഷങ്ങളെ അപേക്ഷിച്ച് സർക്കാർ ഉത്തരവിൻപ്രകാരമുള്ള നിശ്ചിത തുക വകയിരുത്തിയിട്ടുള്ളതും പൊതുവെ ഏറ്റവും കുറവ് തുകയാണിതെന്നും കാണുന്നു. കാർഷിക മേഖലയിൽ നെൽവിത്ത് സബ്സിഡി, നെൽകൃഷിക്ക് കൂലിചെലവ് സബ്സിഡി, കാർഷിക യന്ത്രോപകരണങ്ങൾ പാടശേഖര സമിതിക്ക് നൽകൽ എന്നിവയും തൊഴിലുറപ്പ് പദ്ധതിയുമായി കാർഷികമേഖലാ പ്രവർത്തനങ്ങൾ സംയോജിപ്പിച്ചും ജൈവ പച്ചക്കറി കൃഷി വ്യാപനത്തിലൂടെ വിഷരഹിത പച്ചക്കറി ഉത്പാദിപ്പിക്കുന്നതിനും ഖരമാലിന്യ ശേഖരണവും നിർമ്മാർജ്ജനവും എന്ന പദ്ധതി നടപ്പിലാക്കുക വഴി ജൈവവളം ഉത്പാദിപ്പിക്കുന്ന എയ്റോബിക്ക് യൂണിറ്റുകൾ സ്ഥാപിച്ച് മാലിന്യത്തിന്റെ തോത് കുറയ്ക്കുന്നതിനും ജൈവവളം ഉത്പാദിപ്പിച്ച് വിലകുറച്ച് കർഷകർക്ക് ലഭ്യമാക്കുന്നതിനും ഉള്ള പ്രോജക്ടുകൾ പല പഞ്ചായത്തുകളും നടപ്പിലാക്കിയിട്ടുണ്ട്. പാടശേഖരങ്ങളിലെ ജലസേചന സൗകര്യം വർദ്ധിപ്പിക്കുന്നതിലേക്ക് തോടുകളുടെ ആഴം കൂട്ടുന്ന പദ്ധതി പല പഞ്ചായത്തുകളും ഏറ്റെടുത്ത് നടപ്പിലാക്കിയത് വരൾച്ചാകാലത്തെ അതിജീവിക്കുന്നതിന് കർഷകർക്ക് സഹായകരമാകും. സമഗ്ര കാർഷിക വികസന പദ്ധതികൾക്ക് പരിഗണന നൽകി കാർഷിക മേഖലയെ താങ്ങി നിർത്തുന്നതിനും വനിതകളുടെ ക്ഷേമത്തിനും സ്വയം പര്യാപ്തതയ്ക്കും മുൻഗണന നല്കുന്നതിനുമായി ഒട്ടേറെ പദ്ധതികൾ തനത് വാർഷിക പദ്ധതിയിൽ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു. ഹരിതകേരളം പദ്ധതി നടപ്പിലാക്കുന്നതിലൂടെ കാർഷിക രംഗത്ത് മെച്ചപ്പെട്ട പുരോഗതി കൈവരിക്കുന്നതിന് തുടക്കം കുറിക്കാൻ സാധിച്ചിട്ടുണ്ട്.

കാർഷിക രംഗത്തെ അവബോധമില്ലായ്മ, ജൈവവള അപര്യാപ്തത, അത്യുത്പാദന ശേഷിയുള്ള വിത്തുകളുടെ അഭാവം, സംയോജന സാദ്ധ്യത വേണ്ടത്ര പ്രയോജനപ്പെടുത്താതിരിക്കൽ എന്നിവ ഈ മേഖലയിലെ പുരോഗതിക്ക് തടസ്സം നിൽക്കുന്നു. കാലാവസ്ഥ വ്യതിയാനവും അപ്രതീക്ഷിതമായുള്ള പ്രകൃതി ക്ഷോഭങ്ങളും ഈ മേഖലയെ സാരമായി ബാധിച്ചിട്ടുണ്ട്.

പാലുല്പാദനത്തിൽ സ്വയംപര്യാപ്തത ലക്ഷ്യമാക്കി സംയുക്ത പശുവളർത്തൽ., കിടാരി വിതരണം, കന്നുകുട്ടി പരിപാലനം, കൃത്യമായ കുത്തിവെയ്പ്പ് നൽകൽ, വ്യക്തിഗതവും ഗ്രൂപ്പടിസ്ഥാനത്തിലുമുള്ള തീറ്റപ്പുൽകൃഷി, ആട്ടു വളർത്തൽ എന്നിവ മിക്ക പഞ്ചായത്തുകളും വിജയകരമായി നടപ്പിലാക്കിവരുന്നു. നല്ലയിനം കന്നുകുട്ടികൾ, ആടുകൾ, കോഴികൾ എന്നിവ അർഹരായ എല്ലാ ഗുണഭോക്താക്കൾക്കും വിതരണം ചെയ്യുക വഴിയും ആവശ്യമായ അളവിൽ കാലിത്തീറ്റ വിതരണം ചെയ്യുക വഴിയും മൃഗസംരക്ഷണ മേഖലയിൽ കാര്യമായ പുരോഗതി കൈവരിക്കുന്നതിനും സാധിച്ചിട്ടുണ്ട്. ഈ മേഖലയിലെ കർഷകരുടെ നിലനിൽപ്പ് ഉറപ്പാക്കുന്നതോടൊപ്പം കൂടുതൽ പേരെ ഈ മേഖലയിലേക്ക് ആകർഷിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്.

മത്സ്യമേഖലയിൽ പല പഞ്ചായത്തുകളും മത്സ്യബന്ധന ഉപകരണങ്ങൾ നൽകൽ, ജനകീയ മത്സ്യകൃഷി, വളളവും വലയും നൽകൽ, അലങ്കാര മത്സ്യകൃഷി എന്നിങ്ങനെയുള്ള പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതുവഴി മത്സ്യസമ്പത്തിന്റെ സംരക്ഷണം, ഉത്പാദന

വർദ്ധനവ്, തൊഴിലാളികൾക്ക് മെച്ചപ്പെട്ട വരുമാനം, അവരുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുക എന്നിവ സാദ്ധ്യമാകുന്നു. ടി മേഖലയിലെ കുട്ടികൾക്ക് പഠനോപകരണങ്ങൾ വിതരണം ചെയ്യുക വഴി വിദ്യാഭ്യാസ രംഗത്ത് അവർക്ക് കൈത്താങ്ങാകുന്നതിനും കഴിയുന്നു.

ഈ മേഖലയിലെ തൊഴിലാളികളുടെ ജീവനും സുരക്ഷയും ഉറപ്പാക്കുന്നതിലേക്ക് ആവശ്യമായ ലൈഫ് ജാക്കറ്റുകൾ നൽകുക, അപകട മുന്നറിയിപ്പ് യന്ത്രോപകരണങ്ങൾ സ്ഥാപിക്കുക, കടൽഭിത്തി നിർമ്മിക്കുക, തുടങ്ങിയ കാര്യങ്ങൾക്കും കൂടി മുൻതൂക്കം നൽകുന്ന രീതിയിലുള്ള പദ്ധതികൾ കൂടി ഏറ്റെടുക്കാവുന്നതാണ്. മാർഗ്ഗരേഖയിൽ ടി മേഖലയിലെ അനിവാര്യമായ ചില ആവശ്യങ്ങൾ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ ചില പഞ്ചായത്തുകൾ ഏറ്റെടുത്തിട്ടുള്ള അത്തരം പദ്ധതികൾ നടപ്പിലാക്കുന്നതിന് ബുദ്ധിമുട്ട് നേരിടുന്നുണ്ട്. ഉപയോഗശൂന്യമായ ജലാശയങ്ങളും കുളങ്ങളും കണ്ടെത്തി തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി നവീകരിച്ച് കുടുംബശ്രീ അംഗങ്ങളെ ഉൾപ്പെടുത്തി മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കാവുന്നതാണ്. ഗുണഭോക്തൃവിഹിതം ഒടുക്കേണ്ട പദ്ധതികളിൽ ഗുണഭോക്താക്കളുടെ അപര്യാപ്തത പദ്ധതി നടത്തിപ്പിന് തടസ്സം നേരിടുന്നു.

**സേവനമേഖല**

2017–18 വാർഷിക പദ്ധതിയിൽ കൂടുതൽ പഞ്ചായത്തുകളും സേവന മേഖലയിലാണ് തുക വകയിരുത്തിയിട്ടുള്ളത്. പതിമൂന്നാം പദ്ധതിയുടെ ആദ്യ വാർഷിക പദ്ധതിയിൽ മാർഗ്ഗ രേഖയിലെ നിർദ്ദേശങ്ങൾക്കനുസൃതമായി പൊതുവിദ്യാഭ്യാസം ശക്തിപ്പെടുത്തുക, പൊതു ജനാരോഗ്യ സംവിധാനം മെച്ചപ്പെടുത്തുക, കുടിവെള്ളം, ജലസംരക്ഷണം, പട്ടികജാതി–പട്ടികവർഗ്ഗക്ഷേമവും വികസനവും, സ്ത്രീസുരക്ഷ, സ്ത്രീശാക്തീകരണം, കുട്ടികൾ, വൃദ്ധർ, ഭിന്നശേഷിയുള്ളവർ എന്നിവരുടെ ക്ഷേമം, കലയും കായിക വിനോദവും വികസിപ്പിക്കൽ, പഞ്ചായത്ത് ആഫീസിന്റെയും കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടേയും സേവനം മെച്ചപ്പെടുത്തുക എന്ന കാഴ്ചപ്പാടോടെ നിരവധിയായ പ്രോജക്ടുകൾ ഗ്രാമ പഞ്ചായത്തുകൾ ഏറ്റെടുത്തിട്ടുള്ളതിൽ പലതും വിജയകരമായി പൂർത്തീകരിക്കുകയും മറ്റുള്ളവ പൂർത്തീകരണ ഘട്ടത്തിലുമാണ്. അംഗനവാടികളുടെ നിർമ്മാണവും നവീകരണവും, പകൽവീട് നിർമ്മാണം, ലൈബ്രറി നവീകരണം, മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്, സോളാർ ലാമ്പുകൾ സ്ഥാപിക്കൽ, ലൈൻ എക്സ്റ്റൻഷൻ, അംഗനവാടികൾക്ക് ഉപകരണങ്ങൾ, ഭിന്നശേഷിക്കാർക്ക് ഉപകരണങ്ങൾ, ലൈഫ് പദ്ധതിയിലൂടെ ഭവന, ഭൂരഹിതരെ കണ്ടെത്തി സഹായം നൽകൽ, വിവിധ കോളനികളുടെ നവീകരണം, ആർദ്രം, സാന്ത്വനം, എയ്റോബിക് കമ്പോസ്റ്റ് പ്ലാൻറ് നിർമ്മാണം, എൽ.പി.സ്കൂളുകൾക്ക് സ്മാർട്ട് ക്ലാസ് റൂമുകൾ, പാലിയേറ്റീവ് കെയർ, ഹരിതകേരളം പദ്ധതി, വികലാംഗർക്ക് പെട്ടിക്കട തുടങ്ങിയ പദ്ധതികൾ സേവനമേഖലയിലുൾപ്പെടുത്തി വിവിധ പഞ്ചായത്തുകൾ നടപ്പിലാക്കി വരുന്നു.

ഈ പദ്ധതികൾ നടപ്പിലാക്കുക വഴി മികച്ച ആരോഗ്യ പരിപാലനം, സമ്പൂർണ്ണ ശുചിത്വം, ഊർജ്ജപ്രതിസന്ധിയ്ക്ക് പരിഹാരം, വിദ്യാഭ്യാസം, സംസ്കാരം, യുവജനക്ഷേമം എന്നിവയിൽ മെച്ചപ്പെട്ട പുരോഗതി, സമൂഹത്തിൽ പാർശ്വവത്ക്കരിക്കപ്പെട്ടവർ, അശരണർ, ശയ്യാവലംബിയായ രോഗികൾ, മാനസിക വെല്ലുവിളി നേരിടുന്നവർ എന്നിവരുടെ പരിരക്ഷയും പുനരധിവാസവും ഉറപ്പിക്കൽ, പട്ടികജാതി–പട്ടികവർഗ്ഗക്കാരുടെ ക്ഷേമവും ഉന്നമനവും എന്നീ നേട്ടങ്ങൾ കൈവരിക്കുവാൻ സാധിച്ചിട്ടുണ്ട്. സ്ത്രീ സുരക്ഷയെ മുൻനിർത്തിക്കൊണ്ട് ബാല്യം മുതൽ പെൺകുട്ടികൾക്ക് ആയോധനകല പാഠ്യപദ്ധതിയുടെ ഭാഗമാക്കാവുന്നതാണ്. കുട്ടികളിൽ നീന്തൽ പരിശീലനം, റോഡ്സുരക്ഷാ നിയമങ്ങൾ സംബന്ധിച്ച അവബോധം, ലഹരി

വസ്തുക്കളുടെ ഉപയോഗവും അതു മൂലമുള്ള ദോഷഫലങ്ങളും സംബന്ധിച്ച ബോധവൽക്കരണം എന്നിവയും പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്. വിവിധ പദ്ധതികൾക്കായി സ്ഥലം വാങ്ങൽ (അറവുശാല, ശ്മശാനം, അംഗനവാടി, സബ് സെന്ററുകൾ) സ്ഥലത്തിന്റെ അപര്യാപ്തതയും സ്ഥലത്തിന്റെ ഉയർന്ന വിലയും മൂലം നടപ്പിലാക്കുന്നതിന് തടസ്സം നേരിടുന്നു.

## പശ്ചാത്തല മേഖല

2017-18 സാമ്പത്തിക വർഷം ആലപ്പുഴ ജില്ലയിലെ മിക്ക ഗ്രാമപഞ്ചായത്തുകളും പശ്ചാത്തല മേഖലയിൽ കൂടുതൽ തുക വകയിരുത്തിയിട്ടുളളതായി കാണുന്നു. എന്നിരുന്നാലും ലക്ഷ്യം കൈവരിച്ചിട്ടുളളതായി കാണുന്നില്ല. പശ്ചാത്തല മേഖലയിൽ പഞ്ചായത്തുകളെ ഒരു യൂണിറ്റായി കണ്ട് പദ്ധതികൾ ഏറ്റെടുത്തത് മൂലം പദ്ധതി നിർവ്വഹണത്തിൽ പോരായ്മ നേരിടുന്നുണ്ട്. ജല ആഗമന-നിർഗ്ഗമന പൈപ്പുകൾ യഥാസ്ഥലങ്ങളിൽ കൃത്യതയോടെ സ്ഥാപിക്കാത്തത് മൂലം വെളളക്കെട്ടുകൾ ബാധിച്ച സ്ഥലങ്ങൾ കൂടുതലുണ്ട്. ഇതിനായി ഭൂമിശാസ്ത്രപരമായ പഠനം നടത്തി നീരൊഴുക്ക് തടസ്സപ്പെടാത്തവിധം റോഡുകൾ നിർമ്മിക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതും ഇതിലേക്കായി ജനങ്ങൾക്കും ജനപ്രതിനിധികൾക്കും പ്രത്യേക ബോധവൽക്കരണം നൽകേണ്ടതായുമുണ്ട്. റോഡുകൾ നിർമ്മിച്ചയുടൻ തന്നെ പൊട്ടിപ്പൊളിഞ്ഞ് കുണ്ടുംകുഴിയും നിറഞ്ഞതായി മാറുന്നത് ഒരു സ്ഥിരം കാഴ്ചയാണ്. മഴക്കാലത്ത് റോഡിൽ കെട്ടി നിൽക്കുന്ന വെളളം ഒഴുകി പോകുന്നതിന് മതിയായ ഡ്രെയിനേജ് സംവിധാനം ഇല്ലെന്നതും നിലവിലുളള ഡ്രെയിനേജ് സംവിധാനം വൃത്തിയായി സൂക്ഷിക്കാത്തതും റോഡ് നിർമ്മാണത്തിൽ വളരെ ഗുരുതരവും പ്രാധാന്യമർഹിക്കുന്നതുമായ പോരായ്മയാണ്.

അടങ്കൽ തുക കുറഞ്ഞ വർക്കുകൾ ഏറ്റെടുത്ത് നടത്തുന്നതിൽ പല ഗ്രാമ പഞ്ചായത്തുകളിലെയും - കരാറുകാർ വൈമുഖ്യം കാണിക്കുന്നതുമൂലം ഈ മേഖലയിൽ പ്രവൃത്തികൾക്ക് കാലതാമസം നേരിടുകയും പലപ്പോഴും സ്പിൽ ഓവർ പദ്ധതികളായി പരിണമിക്കുകയും ചെയ്യുന്നുണ്ട്.

പശ്ചാത്തല മേഖലയിൽ ഉണഭോക്തൃ സമിതികളെ ഒഴിവാക്കിയതും ഇ-ടെണ്ടറിംഗ് സംവിധാനം-പ്രാബല്യത്തിൽ വരുത്തിയതുമൂലം പ്രവൃത്തികൾ സുതാര്യമായും മൽസരാധിഷ്ഠിതമായി നടപ്പിലാക്കുന്നതിനും കാര്യക്ഷമമായി നിർവ്വഹിക്കുന്നതിനും സാധിക്കുന്നുണ്ട്.

G.S.T നടപ്പിലാക്കിയത് മൂലം പദ്ധതിയുടെ ആരംഭഘട്ടത്തിൽ ടെണ്ടർ ഏറ്റെടുക്കാന കരാറുകാർ തയ്യാറാകാതിരുന്നത് മൂലം പദ്ധതി നിർവ്വഹണത്തിൽ കാലതാമസം നേരിട്ടിട്ടുളളതാണ്. G.S.T സംബന്ധിച്ച വിശദവും വ്യക്തവുമായ മാർഗ്ഗരേഖ ഈ സാഹചര്യത്തിൽ അനിവാര്യമാണ്.

പാറ, മണൽ എന്നിവയുടെ ദൗർലഭ്യം ഈ മേഖലയിലെ മറ്റൊരു പോരായ്മയാണ്. ഇത്തരത്തിൽ റോഡ് നിർമ്മാണത്തിന് അത്യന്താപേക്ഷിതമായ വസ്തുതകൾ കണ്ടെത്തി ലഭ്യമാക്കുന്നതിന് മതിയായ മാർഗ്ഗങ്ങൾ അവലംബിക്കേണ്ടതായുണ്ട്.

## ജില്ലയിലെ തദ്ദേശ ഭരണ സ്ഥാപനങ്ങൾ മേഖല തിരിച്ച് വകയിരുത്തിയ തുകയുടെ വിവരം

| തദ്ദേശഭരണ സ്ഥാപനം | ഉത്പാദനം | | സേവനം | | പശ്ചാത്തലം | |
|---|---|---|---|---|---|---|
| | ആകെ പ്രോജക്ടുകൾ | തുക | ആകെ പ്രോജക്ടുകൾ | തുക | ആകെ പ്രോജക്ടുകൾ | തുക |
| അമ്പലപ്പുഴ തെക്ക് | 8 | 8003753 | 45 | 27757228 | 20 | 9003206 |
| അമ്പലപ്പുഴ വടക്ക് | 19 | 11061290 | 51 | 24759197 | 28 | 13450000 |
| അരൂക്കുറ്റി | 20 | 7730000 | 54 | 18020554 | 16 | 3942000 |
| അരൂർ | 34 | 14112925 | 79 | 59211106 | 109 | 37087541 |
| ആര്യാട് | 17 | 6543194 | 53 | 25626781 | 40 | 13073479 |
| ആറാട്ടുപുഴ | 25 | 13664300 | 73 | 36291760 | 39 | 16838500 |
| ആല | 21 | 5569115 | 35 | 14517855 | 31 | 10539000 |
| എടത്വാ | 17 | 12774500 | 56 | 19538300 | 56 | 15958603 |
| എഴുപുന്ന | 22 | 10631488 | 57 | 38880324 | 48 | 15836764 |
| കഞ്ഞിക്കുഴി | 12 | 9996172 | 60 | 32006749 | 26 | 13192195 |
| കടക്കരപ്പള്ളി | 26 | 10048822 | 64 | 22445140 | 35 | 13405307 |
| കണ്ടല്ലൂർ | 10 | 8960095 | 44 | 19913640 | 17 | 9804306 |
| കുത്തിയതോട് | 21 | 10209300 | 54 | 25700946 | 24 | 11957600 |
| കുമാരപുരം | 18 | 7222442 | 60 | 22821990 | 31 | 10507600 |
| കരുവാറ്റ | 11 | 13041900 | 54 | 22922703 | 17 | 8844250 |
| കൃഷ്ണപുരം | 16 | 8191015 | 62 | 26844541 | 25 | 11696000 |
| കാർത്തികപ്പള്ളി | 20 | 7380750 | 48 | 21408906 | 26 | 10157326 |
| കാവാലം | 10 | 5739550 | 47 | 19943560 | 15 | 2979595 |
| കൈനകരി | 14 | 6307766 | 44 | 20236420 | 38 | 13715004 |
| കോടംതുരുത്ത് | 14 | 8667530 | 40 | 20906049 | 26 | 9680462 |
| ചുനക്കര | 22 | 9870668 | 66 | 28270528 | 41 | 14065232 |
| ചമ്പക്കുളം | 16 | 9275686 | 27 | 10830550 | 27 | 10194500 |
| ചിങ്ങോലി | 14 | 4665850 | 50 | 17396810 | 19 | 5393775 |
| ചെട്ടികുളങ്ങര | 22 | 13788017 | 64 | 44228746 | 51 | 29289659 |
| ചെന്നിത്തല തൃപ്പെരുംതുറ | 32 | 12622778 | 55 | 28818599 | 53 | 23575000 |
| ചെറുതന | 16 | 32673346 | 51 | 17523150 | 33 | 10304586 |
| ചെറിയനാട് | 21 | 8507325 | 71 | 32072546 | 51 | 17052000 |
| ചേന്നംപള്ളിപ്പുറം | 33 | 15317650 | 67 | 35030997 | 46 | 17756566 |
| ചേപ്പാട് | 16 | 9401800 | 50 | 18290900 | 29 | 13329250 |
| ചേർത്തലതെക്ക് | 17 | 13122500 | 65 | 32033350 | 39 | 19564000 |
| തുക്കുന്നപ്പുഴ | 18 | 8959800 | 70 | 27590826 | 38 | 11987720 |
| തകഴി | 11 | 5915000 | 50 | 25062241 | 64 | 13273852 |
| തണ്ണീർമുക്കം | 18 | 13884600 | 55 | 34940601 | 36 | 19781403 |
| തുറവൂർ | 18 | 10490100 | 45 | 29110668 | 35 | 14935411 |
| തലവടി | 12 | 7296853 | 34 | 16664027 | 70 | 13650929 |
| തഴക്കര | 12 | 18061900 | 46 | 31572454 | 59 | 35569500 |
| തിരുവൻവണ്ടൂർ | 16 | 6750000 | 41 | 15479083 | 43 | 10362387 |
| തൈക്കാട്ടുശ്ശേരി | 13 | 8124400 | 56 | 27296268 | 21 | 8516532 |

| തദ്ദേശഭരണ സ്ഥാപനം | ഉത്പാദനം | | സേവനം | | പശ്ചാത്തലം | |
|---|---|---|---|---|---|---|
| | ആകെ പ്രോജക്ടുകൾ | തുക | ആകെ പ്രോജക്ടുകൾ | തുക | ആകെ പ്രോജക്ടുകൾ | തുക |
| ദേവികുളങ്ങര | 18 | 5636760 | 57 | 22521620 | 29 | 17671000 |
| ന്യറനാട് | 18 | 12213940 | 41 | 35141077 | 32 | 15746457 |
| നീലംപേരൂർ | 14 | 63010000 | 40 | 19791500 | 37 | 21013829 |
| നെടുമുടി | 16 | 11187200 | 47 | 19270825 | 42 | 9338440 |
| പട്ടണക്കാട് | 23 | 12183300 | 75 | 34592970 | 27 | 10197682 |
| പത്തിയൂർ | 22 | 10357500 | 70 | 30455405 | 39 | 16900481 |
| പുന്നപ്ര തെക്ക് | 13 | 9483150 | 46 | 18689819 | 45 | 17352000 |
| പുന്നപ്ര വടക്ക് | 11 | 5831820 | 51 | 26177764 | 39 | 16324000 |
| പുറക്കാട് | 15 | 10074100 | 59 | 30582781 | 39 | 16150000 |
| പുലിയൂർ | 19 | 5737125 | 42 | 16425000 | 46 | 12195475 |
| പള്ളിപ്പാട് | 23 | 7535000 | 62 | 25920858 | 28 | 18204000 |
| പുളിങ്കുന്ന് | 29 | 8889600 | 64 | 24080002 | 44 | 8410000 |
| പാണ്ടനാട് | 16 | 4201594 | 38 | 12199455 | 22 | 5321690 |
| പാണാവള്ളി | 14 | 1891100 | 47 | 33600140 | 50 | 17554999 |
| പാലമേൽ | 15 | 14816775 | 40 | 42158938 | 38 | 19604500 |
| പെരുമ്പളം | 19 | 8297800 | 54 | 11382650 | 15 | 4807733 |
| ബുധന്യർ | 19 | 9783430 | 48 | 47299300 | 28 | 12174273 |
| ഭരണിക്കാവ് | 19 | 14647500 | 60 | 36678050 | 34 | 17594725 |
| മുട്ടാർ | 12 | 2763500 | 49 | 12610773 | 35 | 7800328 |
| മണ്ണഞ്ചേരി | 20 | 18623965 | 73 | 60020003 | 31 | 15924473 |
| മുതുകുളം | 23 | 7290986 | 33 | 15719350 | 25 | 16964450 |
| മുളക്കുഴ | 19 | 9471020 | 43 | 30347957 | 51 | 32750667 |
| മുഹമ്മ | 13 | 8494190 | 55 | 21227200 | 30 | 13164400 |
| മാന്നാർ | 20 | 9809830 | 60 | 30926104 | 62 | 23376000 |
| മാരാരിക്കുളം വടക്ക് | 11 | 8926023 | 55 | 26579200 | 22 | 17335450 |
| മാരാരിക്കുളം തെക്ക് | 36 | 20357360 | 70 | 44177843 | 35 | 22953574 |
| മാവേലിക്കര താമരക്കുളം | 28 | 10834720 | 53 | 26203000 | 52 | 21784378 |
| മാവേലിക്കര തെക്കേക്കര | 20 | 13573495 | 64 | 38160026 | 50 | 35167459 |
| രാമങ്കരി | 12 | 4249000 | 51 | 13143900 | 44 | 8309600 |
| വയലാർ | 23 | 8560750 | 63 | 28562087 | 29 | 7163000 |
| വള്ളികുന്നം | 18 | 14589650 | 46 | 27104840 | 38 | 23127500 |
| വീയപുരം | 15 | 11705443 | 52 | 15487317 | 31 | 7096840 |
| വെണ്മണി | 25 | 13097400 | 53 | 21083400 | 66 | 19495780 |
| വെളിയനാട് | 18 | 7232000 | 42 | 18513700 | 43 | 11745566 |
| **ആകെ** | **1318** | **789941206** | **3846** | **1908800947** | **2700** | **1080991789** |

*അവലംബം: സുലേഖ*

ആലപ്പുഴ ജില്ലയിലെ 72 ഗ്രാമപഞ്ചായത്തുകളിലെ 2017-18 വാർഷിക പദ്ധതിയുടെ ഭാഗമായി 7864 പദ്ധതികൾക്കായി ആകെ 37797.34 ലക്ഷം രൂപ അടങ്കൽ തുകയായി ജില്ലാ ആസൂത്രണ സമിതി അംഗീകാരം നൽകിയിട്ടുള്ളതാകുന്നു. മേൽ വാർഷിക പദ്ധതിയിൽ താഴെ പറയുന്ന പ്രകാരം മേഖല തിരിച്ച് തുക വകയിരുത്തിയിട്ടുള്ളതാണ്.

| മേഖല | വകയിരുത്തിയ തുക | ശതമാനം |
|---|---|---|
| ഉത്പാദന മേഖല | 7899.41 | 20.89% |
| സേവന മേഖല | 19088.01 | 50.50% |
| പഞ്ചാത്തല മേഖല | 10809.92 | 28.59% |

*അവലംബം: സൂചിക*

**ആലപ്പുഴയിലെ ഗ്രാമ പഞ്ചായത്തുകളുടെ മേഖലാ വിഭജന പ്രകാരമുള്ള പദ്ധതി വിശദാംശങ്ങൾ**

| ക്രമ നം. | വിഭാഗം | മേഖല | പ്രോജക്ടുകളുടെ എണ്ണം | തുക |
|---|---|---|---|---|
| 1 | Agriculture | Productive | 479 | 391737975 |
| 2 | Irrigation | Productive | 65 | 31692166 |
| 3 | Soil-Water Conservation,Environment,afforestation | Productive | 56 | 14418667 |
| 4 | Animal Husbandry | Productive | 399 | 189682250 |
| 5 | Dairy Development | Productive | 113 | 70141776 |
| 6 | Fisheries | Productive | 42 | 23416604 |
| 7 | Industry,Self Employment Enterprises, Marketting Promotion | Productive | 150 | 61503768 |
| 8 | Energy Generation | Productive | 4 | 5478000 |
| 9 | Education | Service | 581 | 221995117 |
| 10 | Continuing Education/Literacy | Service | 66 | 4374858 |
| 11 | Reading Rooms,Libraries and Grama Sabha/Ward Sabha Centres | Service | 55 | 8629508 |
| 12 | Arts, Culture and Sports development, Youth Welfare | Service | 100 | 13578110 |
| 13 | Health | Service | 534 | 170562377 |
| 14 | Drinking Water | Service | 281 | 166658874 |
| 15 | Sanitation,Waste processing | Service | 357 | 254886055 |
| 16 | Housing,House Electrification | Service | 380 | 447891735 |
| 17 | Social Welfare,Social Security | Service | 434 | 175528902 |
| 18 | Nutrition | Service | 94 | 160502898 |
| 19 | Anganwadies | Service | 351 | 146552457 |
| 20 | Voccational Expertisation | Service | 8 | 2144500 |
| 21 | Energy Protection | Service | 12 | 8473188 |
| 22 | Electric Line ,Transformation | Service | 38 | 8233952 |
| 23 | Tourism | Service | 3 | 848920 |
| 24 | Computerisation | Service | 347 | 51782942 |
| 25 | Planformulation,Implementation & Monitoring | Service | 72 | 15257613 |
| 26 | Street Light ,Office Electrification | Infrastructure | 221 | 129677496 |
| 27 | Transport | Infrastructure | 2100 | 775991602 |
| 28 | Public Building Which are not include in Productive & Service Sector | Infrastructure | 322 | 155775498 |
| 29 | Other Construction Works | Infrastructure | 24 | 4050260 |
| 30 | Purchase of Vehicle | Infrastructure | 8 | 7910000 |
| 31 | Financial Contribution as per G O ( Service Sector) | Service | 105 | 43976941 |

| | | | | |
|---|---|---|---|---|
| 32 | Financial Contribution as per G O (Infrastructure Sector) | Infrastructure | 3 | 400000 |
| 33 | Financial Contribution as per G O ( Service Sector)/Other Order | Service | 22 | 2972000 |
| 34 | Financial Contribution as per G O (Infrastructure Sector)/Other Order | Infrastructure | 2 | 1916400 |

*അവലംബം: സൂലേഖ*

2017-2018 വാർഷിക പദ്ധതി രൂപീകരണം സംബന്ധിച്ചുള്ള മാർഗ്ഗരേഖയിൽ ഗ്രാമപഞ്ചായത്തുകൾ ഉത്പാദന മേഖലയിൽ ഏറ്റവും കുറഞ്ഞത് 30 ശതമാനം എങ്കിലും വകയിരുത്തണമെന്നും പശ്ചാത്തല മേഖലയിൽ 30 ശതമാനം പരിധിയിൽ നിർത്തണമെന്നും നിർദ്ദേശിച്ചിരുന്നു.

## അനിവാര്യ നിർബന്ധിത വകയിരുത്തലുകൾ

2017-18 വാർഷിക പദ്ധതി മാർഗ്ഗനിർദ്ദേശ പ്രകാരം നിർബന്ധിത വകയിരുത്തലുകളിൽ സേവന മേഖലയിൽ ഉൾപ്പെടുത്തി പദ്ധതികൾക്ക് എല്ലാ പഞ്ചായത്തുകളും അംഗീകാരം വാങ്ങി പൂർത്തീകരിച്ചുവരുന്നു. മേൽ പദ്ധതികളിൽ അംഗനവാടി പോഷകാഹാര വിതരണം, പാലിയേറ്റീവ് കെയർ, ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ്, ആശ്രയ പദ്ധതി മുതലായവ പഞ്ചായത്തുകളുടെ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളിൽ വളരെ പ്രയോജനകരമാണ്. ആ അനിവാര്യ പദ്ധതികളിൽ എസ്.എസ്.എ. വിഹിതം, പി.എം.എ.വൈ. വിഹിതം എന്നിവ നിലവിൽ ബന്ധപ്പെട്ട വകുപ്പുകൾക്ക് നൽകി കഴിഞ്ഞതിനാൽ ടി പദ്ധതികളുടെ ഫണ്ട് വിനിയോഗം കൃത്യമായി മോണിറ്റർ ചെയ്യാൻ കഴിയുന്നില്ല. 2017-18 വാർഷിക പദ്ധതിയിൽ ഡെപ്പോസിറ്റ് പ്രവർത്തനങ്ങൾക്ക് വെറ്റിംഗ് ആവശ്യമില്ലാതിരുന്നത് ടി പദ്ധതികളുടെ നിർവ്വഹണം സമയബന്ധിതമായി പൂർത്തിയാക്കാൻ സാധിച്ചിട്ടുണ്ട്. ആശ്രയ പദ്ധതികൾ സാമൂഹ്യമായും സാമ്പത്തികമായും പിന്നോക്കം നില്ക്കുന്ന ആളുകൾക്ക് വളരെ പ്രയോജനകരമായി കാണുന്നു.

## ഭിന്നശേഷി

ജില്ലയിലാകെ 108 പ്രോജക്ടുകളിലായി 6,75,43,877/- രൂപയാണ് ഭിന്നശേഷിക്കാർക്കായി വച്ചിട്ടുളളത്. ആയതിൽ 97,21,693/- രൂപയാണ് നാളിതുവരെ ഈയിനത്തിൽ ചിലവഴിച്ചിട്ടുളളത്. ഇത് മൊത്തം അടങ്കലിന്റെ 14.4% ആണ്. ഭിന്നശേഷിയുളളവർക്ക് സ്കോളർഷിപ്പ്, സഹായക ഉപകരണങ്ങൾ നൽകൽ എന്നിവയാണ് ഏറ്റെടുത്തിട്ടുളള പ്രോജക്ടുകൾ. ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ മിക്ക പഞ്ചായത്തുകളിലും പ്രവർത്തിക്കുന്നുണ്ട്.

## കുട്ടികൾ

ജില്ലയിലാകെ 288 പദ്ധതികളിലായി 13,07,07,999/- രൂപ വകയിരുത്തിയിട്ടുണ്ട്. അതിൽ 3,30,58,193/- രൂപ വിവിധ പ്രോജക്ടുകളിലായി ചിലവഴിച്ചിട്ടുണ്ട്. അടങ്കലിന്റെ 25.3% നാളിതുവരെ ചിലവായിട്ടുണ്ട്. അനിവാര്യ വകയിരുത്തലിന്റെ ഭാഗമായി വന്നിട്ടുളള അനുപൂരക പോഷകാഹാരം. റ്റി.എച്ച്.ആർ.എസ്. തുടങ്ങിയ പദ്ധതികളാണ് ഏറ്റെടുത്തിട്ടുളളത്. മറ്റ ഭാവനാപൂർണ്ണമായ പദ്ധതികളൊന്നും ഈ മേഖലയിൽ ഏറ്റെടുത്തിട്ടില്ല. അംഗനവാടികൾക്ക് കെട്ടിടങ്ങൾ സ്വന്തമായില്ലാത്തവയ്ക്ക് കെട്ടിടം പണിയുന്നതിന് സ്ഥല ലഭ്യതക്കുറവ് പദ്ധതിക്ക് തടസ്സം സൃഷ്ടിക്കുന്നു.

## വനിതാ ഘടക പദ്ധതി

ജില്ലയിലെ ആകെ 541 പദ്ധതികളിലായി 3,16,07,8111/- രൂപ വകയിരുത്തിയിട്ടുണ്ട്. നാളിതുവരെ 4,21,93,314/- രൂപ ചെലവഴിച്ചിട്ടുണ്ട്. ആയത് മൊത്തം പദ്ധതി അടങ്കലിന്റെ 13.87 മാത്രമാണ്. ആശാവഹമായ പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. വനിതകളുടെ സാമൂഹികമായ ഉന്നമനം ലക്ഷ്യമിട്ട് സവിശേഷമായ പദ്ധതികൾ ഏറ്റെടുക്കുന്നതിനു പകരം തന്ത്രപരമായി മറ്റു മേഖലയിലെ പദ്ധതികളെ വനിതാഘടക പദ്ധതിയാക്കുന്ന രീതിയാണ് ഭൂരിപക്ഷം തദ്ദേശ സ്ഥാപനങ്ങളും തുടർന്നുപോരുന്നത്. ഒരു പഞ്ചായത്തിൽ (പാലമേൽ) മാതൃസൗഹൃദ മുറി തയ്യാറാക്കുന്നതിനുള്ള പദ്ധതി എടുത്തുപറയേണ്ടതാണ്. പൊതു സ്ഥലങ്ങളിൽ സ്ത്രീസൗഹൃദ ശൗചാലയങ്ങൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ ഒന്നും ഏറ്റെടുത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അതുപോലെതന്നെ സ്ത്രീസമൂഹം കൂടുതൽ പൊതുരംഗത്തേയ്ക്ക് എത്തിച്ചേർന്നിട്ടുള്ള ഈ കാലഘട്ടത്തിൽ ഷീ ലോഡ്ജ് പോലെയുള്ള പുതിയ പദ്ധതികൾ ഇനിയും ഏറ്റെടുക്കാത്തത് കൂടുതൽ ശ്രദ്ധയർഹിക്കുന്നു.

## വൃദ്ധർ

ജില്ലയിലാകെ 150 പദ്ധതികളിലായി 5,71,81,508/- രൂപ വൃദ്ധജനങ്ങളുടെ ക്ഷേമത്തിനായി വകയിരുത്തിയിട്ടുണ്ട്. 64,43,192/- രൂപ നാളിതുവരെ ചെലവഴിച്ചിട്ടുണ്ട്. ആയത് മൊത്തം അടങ്കലിന്റെ 11.3% മാണ്. വൃദ്ധജന പരിപാലനത്തിനായി പരമ്പരാഗതമായി ഏറ്റെടുക്കുന്ന പ്രോജക്ടുകളാണ് പൊതുവിൽ ഏറ്റെടുത്തിട്ടുള്ളത്. പകൽ വീട് പോലെയുള്ള പ്രോജക്ടുകൾ ചില പഞ്ചായത്തുകൾ ഏറ്റെടുത്തിട്ടുണ്ട്. എന്നാൽ ഭൂമി ലഭ്യത ബുദ്ധിമുട്ട് സൃഷ്ടിക്കുന്നുണ്ട്.

## പാലിയേറ്റീവ് കെയർ പദ്ധതി

ജില്ലയിലെ 72 പഞ്ചായത്തുകളിലും പാലിയേറ്റീവ് കെയർ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. 4,05,67,890/- രൂപ ആകെ പദ്ധതികൾക്കായി നീക്കിവെച്ചിട്ടുള്ളതിൽ 1,12,12,132/- രൂപ ചെലവഴിച്ചിട്ടുണ്ട്. കിടപ്പുരോഗികൾക്ക് ആശ്വാസം നൽകുന്നതും കാര്യക്ഷമമായി നടന്നുവരുന്നതുമായ പദ്ധതിയാണ്. രോഗികളുടെ ഭവനങ്ങൾ സന്ദർശിക്കുന്നതിന്റെ ആവൃത്തി വർദ്ധിപ്പിക്കുന്നത് കൂടുതൽ ഫലപ്രദമാകും പാലിയേറ്റീവ് പരിചരണ സൗകര്യം സംബന്ധിച്ച ബോധവാൻമാരല്ലാത്ത രോഗികളും കുടുംബങ്ങളും വിവിധ മേഖലകളിലുണ്ട്. പദ്ധതി നടപ്പാക്കുന്നതിന്റെ മുന്നോടിയായി സമഗ്ര സർവ്വേ നടത്തി സാന്ത്വന പരിചരണ ലഭ്യത സംബന്ധിച്ച് രോഗികളുടെ ബന്ധുക്കൾക്ക് അവബോധം നൽകുന്നത് പദ്ധതി കൂടുതൽ ഫലപ്രദമാകും. ഈ പദ്ധതിയുടെ ഭാഗമായി കുടുംബാംഗങ്ങൾക്ക് ഈ വിഷയത്തിൽ പരിശീലനം ലഭിച്ച വിദഗദ്ധരെ ഉപയോഗിച്ച് കൗൺസിലിംഗ് ലഭ്യമാക്കുന്നത് പരിഗണിക്കാവുന്നതാണ്.

## മറ്റ് ദുർബല വിഭാഗങ്ങൾ

മറ്റ് ദുർബല വിഭാഗങ്ങൾക്കുള്ള 49 പദ്ധതികൾ ഏറ്റെടുത്തിട്ടുണ്ട്. ആകെ 2,11,62,191/- രൂപ വകയിരുത്തിയതിൽ 39,48,310/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഇത് ആകെ അടങ്കൽതുകയുടെ 18.7% മാത്രമേ ആയിട്ടുള്ളൂ. വീട് നിർമ്മാണം/പുനരുദ്ധാരണം പോലെയുള്ള പദ്ധതികൾ ഏറ്റെടുക്കുമ്പോൾ അംഗീകൃത നിരക്കിന് ഉപരിയായി കാണാചിലവുകൾ (ഉദാ: റോഡരികിൽ നിന്നും ഉൾഭാഗത്തുള്ള യാത്രാ സൗകര്യമില്ലാത്ത ഗുണഭോക്താക്കൾ മുടക്കേണ്ടിവരുന്ന അധിക കൂലി ചെലവുകൾ) മൂല്യ നിർണ്ണയവുമായി പൊരുത്തപ്പെടാത്തതിനാൽ ദുർബല ജനവിഭാഗങ്ങൾ

ബുദ്ധിമുട്ട് അനുഭവിക്കുന്നുണ്ട്. അത്തരം സാഹചര്യത്തിൽ പ്രാദേശിക സമിതികൾക്ക് റേറ്റ് നിശ്ചയിക്കുന്നതിനുള്ള അനുമതി നൽകാവുന്നതാണ്.

## യുവജന വികസനം

യുവജനവികസന മേഖലയിൽ ജില്ലയിലാകെ 98 പദ്ധതികളിലായി 2,99,94,133/- രൂപ വകയിരുത്തിയിട്ടുണ്ട്. നാളിതുവരെ 30,63,160/- രൂപ ചെലവഴിക്കപ്പെട്ടു. ആയത് മൊത്തം അടങ്കലിന്റെ 10.2% മാത്രമേ ആയിട്ടുള്ളൂ. ഗ്രാമസഭ പ്രവർത്തനങ്ങളിൽ ഉൾപ്പെടെ യുവജനങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിന് ഗ്രാമ പഞ്ചായത്തുകൾ വേണ്ടത്ര ശ്രദ്ധ പുലർത്താത്തത് ആ മേഖലയിൽ കാര്യക്ഷമമായ പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് പഞ്ചായത്തുകൾക്ക് സഹായകമായി വർത്തിക്കുന്നില്ല.

ഈ മേഖലയിൽ ഭാവനാപൂർണ്ണമായ പ്രോജക്ടുകൾ പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്നതാണ്. കേരളോത്സവം പോലെയുള്ള പ്രോജക്ടുകൾക്ക് പണം വകയിരുത്തുന്നതിൽ കവിഞ്ഞ് ആശാവഹമായ പ്രോജക്ടുകൾ ഏറ്റെടുത്തിട്ടില്ല.

## ഭിന്നലിംഗക്കാർക്കുള്ള പദ്ധതികൾ

ജില്ലയിലെ ഗ്രാമ പഞ്ചായത്തുകൾ 2017-16 വർഷം ഭിന്നലിംഗക്കാർക്കുള്ള പദ്ധതികൾ ഒന്നും വിഭാവനം ചെയ്യുകയോ നടപ്പിലാക്കുകയോ ചെയ്തിട്ടില്ല. പദ്ധതികൾ രൂപീകരിക്കുന്ന വേളകളിലോ ഗ്രാമസഭകളിലോ ഭിന്നലിംഗക്കാരുടെ ആവശ്യങ്ങൾ പരിഹരിക്കുകയോ ചർച്ച ചെയ്യപ്പെടുകയോ ഉണ്ടായിട്ടില്ലെന്ന് മനസ്സിലാകുന്നു. ഭിന്നലിംഗക്കാർക്ക് പൊതുസമൂഹത്തിൽ കൂടുതൽ അംഗീകാരവും പരിഗണനയും നൽകുന്ന നടപടികൾ സർക്കാർതലത്തിൽ കൈക്കൊള്ളുന്ന ഈ കാലഘട്ടത്തിൽ പ്രാദേശിക സർക്കാരുകൾ ഈ വിഷയത്തിൽ കൂടുതൽ കാര്യക്ഷമമായ ഇടപെടലുകൾ നടത്തണം. ഇതിന്റെ ഭാഗമായി തദ്ദേശസ്ഥാപനത്തിന്റെ പരിധിയിൽ വരുന്ന പ്രദേശങ്ങളിൽ താമസിക്കുന്ന ഭിന്നലിംഗത്തിൽപ്പെട്ടവരുടെ കണക്കെടുപ്പ് കൃത്യമായി ശേഖരിച്ച് ഈ മേഖലയിൽ പ്രവർത്തിക്കുന്ന സർക്കാർ ഏജൻസികൾ/എൻ.ജി.ഒ. എന്നിവരുമായി ആലോചിച്ച് ഭിന്നലിംഗക്കാരെ സമൂഹത്തിന്റെ മുൻനിരയിലേയ്ക്ക് കൊണ്ടുവരുന്നതിനുള്ള പദ്ധതികൾ വിഭാവനം ചെയ്ത് നടപ്പിലാക്കണം. ഇതിന്റെ മുന്നൊരുക്കമെന്ന നിലയിൽ ആവശ്യമായ അവയർനെസ് പ്രോഗ്രാം നടപ്പിലാക്കണം.

## സംയുക്ത പരിപാടികൾ /സംയുക്ത പ്രോജക്ടുകൾ

ആലപ്പുഴ ജില്ലയിലെ 72 ഗ്രാമ പഞ്ചായത്തുകളുടെ 2017-18 വാർഷിക പദ്ധതിയിൽ ജില്ലാ-ബ്ലോക്ക്-പഞ്ചായത്ത് വിഹിതം കൂടി വകയിരുത്തി സംയുക്ത പദ്ധതികൾക്ക് അംഗീകാരം ലഭിച്ചിട്ടുള്ളതാണ്. മേൽ പദ്ധതികളിൽ ജില്ലയിൽ ആകെ 572 പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. സംയുക്ത പദ്ധതികളിൽ ഭൂരിപക്ഷവും നിലവിൽ ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല എന്നു വിലയിരുത്തുന്നു. ഗ്രാമ പഞ്ചായത്തുകളുടെ പദ്ധതി രൂപീകരണ സമയത്തു തന്നെ ജില്ലാ-ബ്ലോക്ക്-പഞ്ചായത്തുകളുടെ പദ്ധതി രൂപീകരണം സമയബന്ധിതമായി നടപ്പിലാക്കാത്തതിനാൽ പലപ്പോഴും പദ്ധതികൾക്ക് ജില്ലാ-ബ്ലോക്ക്-പഞ്ചായത്ത് വിഹിതം ലഭിക്കുന്നതിന് തടസ്സമാകുന്നു. കൂടാതെ ജില്ലാ-ബ്ലോക്ക്-പഞ്ചായത്തുകൾ ആസൂത്രണം ചെയ്ത് രൂപീകരിക്കാത്ത പല പദ്ധതികൾക്കും ഗ്രാമ പഞ്ചായത്തുകൾ സംയുക്ത പദ്ധതിയായി ചേർത്ത്അംഗീകാരം വാങ്ങിയിട്ടുണ്ട്. മേൽ പ്രകാരം പല പഞ്ചായത്തുകളും ഫണ്ട് ലഭ്യത ഉറപ്പു വരുത്തുന്നില്ല.

മേൽ പദ്ധതികളിൽ പാലിയേറ്റീവ് കെയർ പദ്ധതി, ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി, ഭിന്നശേഷിയുള്ളവർക്ക് ധനസഹായം, തെരുവ് വിളക്ക്, ലൈൻ വലിക്കൽ, മാലിന്യ സംസ്കരണ പദ്ധതി എന്നിവയുടെ വിഹിതം വകയിരുത്തിയിട്ടുള്ളതും പദ്ധതി പ്രവർത്തനം ആരംഭിച്ചിട്ടുള്ളതുമാകുന്നു. മേൽ പദ്ധതികളിൽ പാലിയേറ്റീവ് കെയർ പോലെയുള്ള പദ്ധതികൾ സാമൂഹ്യ ക്ഷേമ മേഖലയിൽ വളരെയേറെ മാറ്റം വരുത്താൻ സാധിച്ചിട്ടുള്ളതായി വിലയിരുത്തുന്നു. എന്നാൽ ഗ്രാമ പഞ്ചായത്ത് ഉൾപ്പെടുത്തിയിട്ടുള്ള മറ്റ് പദ്ധതികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് ജില്ലാ-ബ്ലോക്ക് ഫണ്ട് ഉറപ്പ് വരുത്താത്ത സാഹചര്യത്തിൽ പ്രവർത്തനം ആരംഭിച്ചിട്ടില്ലാത്തത് ആകുന്നു. സംയോജന പദ്ധതികളിൽ കെ.എസ്.ഇ.ബി., കെ.ഡബ്ല്യു.എ. എന്നീ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തികളുടെ എസ്റ്റിമേറ്റ് അംഗീകരിച്ച് ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും സമയബന്ധിതമായി ലഭിക്കാത്ത സാഹചര്യം നിലനിൽക്കുന്നു.

## ഗുണഭോക്തൃ സമിതി മുഖേനയുള്ള പദ്ധതികൾ

മുൻകാല പദ്ധതികളെ അപേക്ഷിച്ച് ഗുണഭോക്തൃ സമിതികൾ മുഖേന നിർവ്വഹണം നടത്തുന്ന പ്രോജക്ടുകളുടെ എണ്ണത്തിൽ ഗണ്യമായ കുറവ് വന്നിട്ടുണ്ട്. ജില്ലയിലാകെ 50 പ്രോജക്ടുകളിലായി 42,53,744/- രൂപ വകയിരുത്തിയിട്ടുള്ളതും 1,35,500/- രൂപ ചെലവഴിച്ചിട്ടുള്ളതുമാണ്. ആയത് മൊത്തം അടങ്കലിന്റെ 3.20% മാത്രമാണ്. ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പാക്കുന്ന പദ്ധതികളുടെ പരിധി കുറച്ചത് പണികളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനും ഗുണകരമല്ലാത്ത ഇടപെടലുകൾ ഒഴിവാക്കുന്നതിനും സഹായകര-മായിട്ടുണ്ട്. ഗുണഭോക്തൃ കമ്മിറ്റികൾ വിഭാവനം ചെയ്ത രീതിയിൽ പ്രവർത്തിക്കുന്നതായി കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. സാഹചര്യം അങ്ങനെയാണെന്നിരിക്കെ ഗുണഭോക്തൃ സമിതി മുഖേന പദ്ധതി ഏറ്റെടുക്കുന്നത് പ്രോത്സാഹിപ്പിക്കേണ്ടതില്ലെന്ന് വിലയിരുത്തുന്നു.

## ഗുണഭോക്തൃ വിഹിതം വകയിരുത്തിയ പദ്ധതികൾ

2017-18 വാർഷിക പദ്ധതിയിൽ ഉത്പാദന/സേവന മേഖലകളിൽ ഉൾപ്പെടുത്തി വ്യക്തികൾ/ഗ്രൂപ്പ് പദ്ധതികൾക്ക് ഗുണഭോക്തൃ വിഹിതം ഉൾപ്പെടുത്തിയിട്ടുണ്ട്. കൃഷി, മത്സ്യബന്ധനം, മൃഗസംരക്ഷണം, ക്ഷീരോല്പാദനം മുതലായ മേഖലകളിൽ പദ്ധതി നിർവ്വഹണത്തിനായി ഗുണഭോക്തൃ വിഹിതം കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത്തരം പദ്ധതികൾ കൃഷി അനുബന്ധമേഖലകളുടെ വളർച്ചയിൽ വളരെ പ്രയോജനകരമായി ഭവിക്കുന്നു. ജൈവ പച്ചക്കറി കൃഷി വ്യാപകമാക്കുന്നതിന് ഇത്തരം പദ്ധതികൾ വളരെ പ്രയോജനകരമാണ്. കൂടാതെ ഇത്തരം പദ്ധതികൾ ഗുണഭോക്താക്കൾക്ക് വരുമാനവും പ്രദാനം ചെയ്യുന്നു. മേൽ പദ്ധതികളിൽ ഔഷധസസ്യകൃഷി, പൂകൃഷി എന്നിവ വ്യക്തിഗത/ഗ്രൂപ്പ് അടിസ്ഥാനത്തിൽ നടപ്പിലാക്കുന്നത് വളരെ ഗുണകരമായിരിക്കും. മാലിന്യ നിർമ്മാർജ്ജന പരിപാടികളുടെ ഭാഗമായി ഗാർഹിക ബയോഗ്യാസ് പ്ലാൻറുകൾ സ്ഥാപിക്കുന്നത് വളരെ പ്രയോജനകരമായി കാണുന്നു. ഗുണഭോക്തൃ വിഹിതം ഉൾപ്പെടുത്തിയ പദ്ധതികളുടെ നിർവ്വഹണത്തിൽ ബന്ധപ്പെട്ട ഗുണഭോക്താക്കൾ വിഹിതം ഒടുക്കി പദ്ധതി ആനുകൂല്യങ്ങൾ കൈപ്പറ്റുന്നത് പദ്ധതിയുടെ ഗുണകരമായ നിർവ്വഹണത്തിന് വളരെ സഹായകരമാണ്. ഗുണഭോക്താക്കളുടെ മുൻകൂട്ടിയുള്ള യോഗം വിളിച്ച് പദ്ധതികളുടെ പ്രവർത്തനം സുതാര്യവും, സമയബന്ധിതവുമായി നടപ്പിലാക്കുന്നതിന് കൂടുതൽ ജാഗ്രത പുലർത്തേണ്ടതുണ്ട്. കാർഷിക ഉല്പന്നങ്ങളുടെ ഉപഭോക്താക്കൾക്ക് സബ്സിഡി അനുവദിക്കുന്നത് അവർക്ക് പ്രചോദനം നൽകുന്നു. കാർഷിക-ക്ഷീരവികസന മേഖലയിൽ കൂടുതൽ പേരെ ആകർഷിക്കുന്നതിന് സഹായകരമാകുന്നു.

ഗുണഭോക്താക്കളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിന് ഇത്തരം പദ്ധതികൾ വളരെ സഹായകരമാണ്.

എന്നാൽ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾ ഗുണഭോക്തൃ വിഹിതം അടയ്ക്കുന്നതിൽ വിമുഖത കാണിയ്ക്കുന്നതിനാൽ പദ്ധതി നിർവ്വഹണത്തിന് കാലതാമസം നേരിടുന്നുണ്ട്.

## നൂതന പദ്ധതികൾ

2017–18 വാർഷിക പദ്ധതി മാർഗ്ഗ രേഖയിൽ നൂതന പദ്ധതികൾ ആവിഷ്കരിക്കണമെന്ന് നിർദ്ദേശം ഉണ്ടായിരുന്നു. എങ്കിലും ഭൂരിപക്ഷം പഞ്ചായത്തുകളും മേൽ നിർദ്ദേശ പ്രകാരമുള്ള പദ്ധതികൾ ഒന്നും ആവിഷ്കരിച്ചതായി കാണുന്നില്ല. ചില പഞ്ചായത്തുകൾ ആവിഷ്കരിച്ച പദ്ധതികൾക്ക് അംഗീകാരം ലഭിച്ചതുമില്ല. എന്നാലും ആര്യാട്, ചിങ്ങോലി, കൃഷ്ണപുരം, പുന്നപ്ര വടക്ക് എന്നീ പഞ്ചായത്തുകൾ ഒരോ നൂതന പദ്ധതിക്കും ഭരണിക്കാവ് ഗ്രാമ പഞ്ചായത്തിന്റെ 2 നൂതന പദ്ധതികൾക്കും അംഗീകാരം ലഭിച്ചിട്ടുള്ളതാണ്. മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് പ്ലാസ്റ്റിക് മാലിന്യ ശേഖരണം, സംസ്കരണം എന്നിവയുമായി ബന്ധപ്പെട്ട പദ്ധതികൾ നൂതന പദ്ധതികളായി ആര്യാട്, പുന്നപ്ര വടക്ക്, കൃഷ്ണപുരം, ചിങ്ങോലി, ഭരിണിക്കാവ് എന്നീ ഗ്രാമ പഞ്ചായത്തുകൾ നൂതന പദ്ധതികൾ ആവിഷ്കരിച്ചിട്ടുള്ളതും ജില്ലാ ആസൂത്രണ സമിതി അംഗീകാരം നൽകിയിട്ടുള്ളതും ആകുന്നു. വരും വർഷങ്ങളിൽ കൂടുതൽ പഞ്ചായത്തുകൾ നൂതന പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കുന്നതിന് നടപടികൾ ഉണ്ടാകണം.

## ഭൗതിക/സാമ്പത്തിക പുരോഗതി

ഗ്രാമ പഞ്ചായത്തുകൾക്ക് അവയുടെ അധികാര മേഖലകളിൽ വിവിധ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് മതിയായ സാമ്പത്തിക സഹായം സംസ്ഥാന–കേന്ദ്ര സർക്കാരുകൾ നൽകി വരുന്നുണ്ട്. ഗ്രാമ പഞ്ചായത്തിന്റെ തനത് വരുമാനമായ വസ്തു നികുതി, തൊഴിൽനികുതി, ഡി & ഒ ലൈസൻസ് ഫീസ്, കെട്ടിട നിർമ്മാണ പെർമിറ്റ് ഫീ തുടങ്ങിയവയിൽ നിന്നും ലഭിക്കുന്ന വരുമാനം ഗ്രാമ പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്കും പ്രാദേശിക ഭരണത്തിനുമായി ഉപയോഗിച്ചുവരുന്നു.

വാർഷിക പദ്ധതിയിലൂടെ ഗ്രാമ പഞ്ചായത്തുകളുടെ ഭൗതിക സൗകര്യങ്ങൾ വളരെയധികം മെച്ചപ്പെട്ടിട്ടുള്ളതും ജനോപകാരപ്രദവും ആയി ഭവിച്ചിട്ടുണ്ട്. വരുമാന സ്രോതസ്സുകളായി ഭവിക്കുന്ന ഒട്ടനവധി ആസ്തികൾ സൃഷ്ടിക്കുവാൻ കഴിഞ്ഞിട്ടുള്ളത് വിലയിരുത്തുന്നു. ഗ്രാമവാസികൾക്ക് ലഭിക്കേണ്ട എല്ലാവിധ സേവനങ്ങളും സമയബന്ധിതമായും കൃത്യതയോടും നൽകുന്നതിന് ഉതകുന്ന തരത്തിൽ സദ്ഭരണ പദ്ധതികൾ ഭവിച്ചിട്ടുള്ളതാകുന്നു. ആസ്തികളുടെ ഇനം, വിസ്തീർണ്ണം, കാലപ്പഴക്കം, ആസ്തിയുടെ മൂല്യം എന്നിവ കൃത്യമാക്കുന്നതിന് തുടക്കം കുറിച്ചുവെങ്കിലും പരിപൂർണ്ണതയിലെത്തിയിട്ടില്ല. ആസ്തി രജിസ്റ്റർ സ്ഥാവരവും ജംഗമവുമായ സ്ഥിര ആസ്തികളുടെ ഒരു രേഖ സൂക്ഷിക്കേണ്ടതാണ്. വർഷത്തിൽ ഒരിക്കലെങ്കിലും സ്ഥിര ആസ്തികളുടെ ഭൗതിക പരിശോധന നടത്തുന്നതിന് ഗ്രാമ പഞ്ചായത്തുകൾ ശ്രദ്ധിക്കേണ്ടതാണ്. നിലവിൽ ഗ്രാമ പഞ്ചായത്തുകളിലെ ആസ്തികൾ സംബന്ധിച്ച വിവരങ്ങൾ പൂർണ്ണമല്ല എന്നു കാണുന്നു. കാലികമായി പുതുക്കുന്നതായി കാണുന്നില്ല.

നിലവിൽ പ്രവർത്തനക്ഷമതാ ഓഡിറ്റ് അതോറിറ്റിയുടെ നേതൃത്വത്തിൽ ഗ്രാമ പഞ്ചായത്തുകളിൽ ആന്തരിക ഓഡിറ്റ് മാസാമാസം നടത്തിവരുന്നു. ഗ്രാമ പഞ്ചായത്തുകളുടെ സാമ്പത്തികപരവും ഭരണപരവുമായ എല്ലാ കാര്യങ്ങളിലും സുതാര്യത ഉറപ്പുവരുത്തുന്നതിനും

വാർഷിക പദ്ധതികളുടെ രൂപീകരണം, നിർവ്വഹണം എന്നീ ഘട്ടങ്ങളിൽ ഇടപെടലുകൾ നടത്തി സദ്ഭരണം ഉറപ്പവരുത്തുവാനും വികസനക്ഷേമ പ്രവർത്തനങ്ങളിൽ പങ്കാളികളാകാനും പ്രവർത്തനക്ഷമതാ ഓഡിറ്റിന് കഴിഞ്ഞിട്ടുണ്ട്.

ഗ്രാമ പഞ്ചായത്തുകളുടെ ബജറ്റ് തയ്യാറാക്കൽ സംബന്ധിച്ച് നിലവിൽ അനവധി പോരായ്മകൾ നിലിൽക്കുന്നു. വാർഷിക പദ്ധതി വിഹിതം ഉൾപ്പെടുത്തിയിട്ടുള്ള ആസൂത്രിതവും കൃത്യതയും പരിപൂർണ്ണതയും ഉൾപ്പെടുന്ന ബജറ്റ് വിഭാവനം ലക്ഷ്യത്തിൽ എത്തിയിട്ടില്ല. എല്ലാവിധ ആസ്തികളും ബാദ്ധ്യതകളും ഉൾപ്പെടുത്തി കൃത്യത ഉറപ്പവരുത്തി സാമ്പത്തിക അച്ചടക്കം പരിപൂർണ്ണമായി പാലിക്കുവാൻ ലക്ഷ്യംവെച്ചുള്ള പ്രവർത്തനങ്ങൾ തുടരേണ്ടതുണ്ട്.

## മോണിറ്ററിംഗ്

ഗ്രാമപഞ്ചായത്തുകളിലെ വാർഷിക പദ്ധതികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് വിപുലമായ മോണിറ്ററിംഗ് സംവിധാനം ഉണ്ടാകണമെന്നും നിർദ്ദേശിച്ചിട്ടുള്ളതാണ്. നിലവിൽ അതാത് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ്തന്നെ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ചുവരുന്നു. കൂടാതെ എല്ലാ ഗ്രാമ പഞ്ചായത്തുകളിലും സോഷ്യൽ ഓഡിറ്റ് സംവിധാനം രൂപീകരിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. പദ്ധതികളുടെ സുതാര്യതയും കൃത്യതയും ഭൗതീകലക്ഷ്യം തുടങ്ങിയ ഘടകങ്ങൾ മോണിറ്ററിംഗ് നടത്തി വികസന, ക്ഷേമ മേഖലകളിൽ ലക്ഷ്യപ്രാപ്തിയിൽ എത്തിയിട്ടുള്ളത് ഉറപ്പവരുത്തുക എന്നുള്ള ഉദ്ദേശത്തിലാണ് മേൽ മോണിറ്ററിംഗ് സോഷ്യൽ ഓഡിറ്റ് സംവിധാനം ലക്ഷ്യം വെച്ചിട്ടുള്ളത്. എന്നാൽ ബന്ധപ്പെട്ട മോണിറ്ററിംഗ് സമിതികൾ ഉണ്ടെങ്കിലും പരിപൂർണ്ണമായും മേൽ ലക്ഷ്യത്തിൽ എത്തിച്ചേരുന്നില്ല എന്ന് വിലയിരുത്തുന്നു. സോഷ്യൽ ഓഡിറ്റ് രൂപീകരണം സംബന്ധിച്ച് ബഹുഭൂരിപക്ഷം പഞ്ചായത്തുകളും തുടർ നടപടി സ്വീകരിച്ചിട്ടില്ല എന്നു കാണുന്നു. കൂടാതെ മോണിറ്ററിംഗ് സമിതി അംഗങ്ങളുടെ ഫലപ്രദമായ ഇടപെടൽ ഉണ്ടാകേണ്ടതാണ്. മോണിറ്ററിംഗ് റിപ്പോർട്ട് പദ്ധതി പൂർത്തീകരണത്തിനുശേഷം കൃത്യമായി വിലയിരുത്തി എല്ലാ ഘടകങ്ങളും ഉൾപ്പെടുത്തി കൃത്യമാക്കേണ്ടതാണ്. ബന്ധപ്പെട്ട യോഗ നടപടി ക്രമത്തിന്റെ മിനിറ്റ്സ് ഉറപ്പ് വരുത്തുന്നതായി കാണുന്നില്ല.

നിലവിൽ എല്ലാ തദ്ദേശസ്ഥാപനങ്ങളും ഏറ്റെടുത്തിട്ടുള്ള പ്രോജക്ടുകളിൽ 90 ശതമാനവും കാലാകാലങ്ങളായി നടപ്പിലാക്കിവരുന്ന ഓരേതരത്തിലുള്ള പദ്ധതികൾ മാത്രമാണ്. നൂതന പ്രോജക്ടുകൾ എന്ന ആശയം പരമാവധി ഉപയോഗപ്പെടുത്തി ജനങ്ങളുടെ വ്യത്യസ്ത ജീവിതമേഖലകളെ സ്പർശിക്കുന്ന പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണ്.

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ ആസൂത്രണ സമിതികൾ, പ്രവർത്തന കമ്മറ്റികൾ എന്നിവ വിരലിലെണ്ണാവുന്ന പഞ്ചായത്തുകളിൽ മാത്രമേ ഫലപ്രദമായി പ്രവർത്തിക്കുന്നുള്ളൂ. ഇത്തരം സഹായക സംവിധാനങ്ങളുടെ ഭാവനാപൂർണ്ണമായ ഇടപെടലുകൾ ഉണ്ടായെങ്കിൽ മാത്രമേ നൂതനമായ പദ്ധതികൾ ഉണ്ടാവുകയുള്ളൂ.

## b) ബ്ലോക്ക് പഞ്ചായത്തുകൾ

ആലപ്പുഴ ജില്ലയിലെ 12 ബ്ലോക്ക് പഞ്ചായത്തുകളിലായി 2017 – 18 സാമ്പത്തിക വർഷം 1629.74 ലക്ഷം രൂപ ഉൽപ്പാദനമേഖലയിലും, 2626.18 ലക്ഷം രൂപ സേവന മേഖലയിലും 1571.2 ലക്ഷം രൂപ പശ്ചാത്തല മേഖലകളിലുമായി ആകെ 5827.17 ലക്ഷം തുക വകയിരിത്തിയിട്ടുണ്ട്. ആസൂത്രണ പ്രക്രിയയുടെ ആരംഭം മുതൽ ജനകീയ പങ്കാളിത്തം ഉണ്ടെങ്കിലും അതനുസരിച്ചുള്ള പദ്ധതികൾ ഉണ്ടാകുന്നില്ല. ഇതിൽ പശ്ചാത്തല മേഖലയിൽ തുടർച്ചയായി ആസ്തി വർദ്ധിക്കുന്നതൊഴിച്ചാൽ ഉൽപ്പാദന – സേവന മേഖലകളിൽ താരതമ്യേന കുറവാണ്. എല്ലാ പദ്ധതികളിലും ഒരു തരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ ആവർത്തനം കാണുന്നു. നൂതനമായ പദ്ധതികൾ പല ബ്ലോക്ക് പഞ്ചായത്തുകളും നടപ്പിലാക്കുവാൻ ശ്രമിക്കുന്നുണ്ടെങ്കിലും അതിന് സാങ്കേതികപരമായ പല തടസ്സങ്ങളും നേരിടുന്നുണ്ട്. പദ്ധതികളുടെ സംയോജന സാധ്യതകൾ ത്രിതല പഞ്ചായത്തുകളിലും പൂർണ്ണമായി നടപ്പിലാകുന്നില്ല. ഈ സാമ്പത്തിക വർഷം മുതൽ കളക്ടർ ചെയർമാനായുള്ള നൂതന പ്രോജക്ട് കമ്മറ്റി പാസ്സാക്കിയ പദ്ധതികൾ അടുത്ത സാമ്പത്തികവർഷത്തെ പദ്ധതി മാർഗ്ഗ നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്താവുന്നതാണ്. തുടർന്നുള്ള വർഷവും ഇതു അനുവർത്തിച്ചാൽ മാത്രമേ കാലോചിതമായ പദ്ധതികൾ നടപ്പിലാക്കുവാൻ സാധിക്കുകയുള്ളു. എസ്.റ്റി ഫണ്ടുകളുടെ വിനിയോഗം സംബന്ധിച്ചും പോരായ്മകൾ ഉണ്ട്. നിലവിൽ ബ്ലോക്ക് പഞ്ചായത്തുകൾ എസ്.സി. / എസ്.റ്റി. വിഭാഗത്തിനായി ഗ്രൂപ്പടിസ്ഥാനത്തിൽ മാത്രം പ്രോജക്ടുകൾ നടപ്പിലാക്കുന്നതുകൊണ്ട് ടി ഫണ്ടുകളുടെ വിനിയോഗം കുറവാണ്. ബ്ലോക്ക് പഞ്ചായത്തുകളിൽ എസ്.സി. / എസ്.റ്റി. മേഖലകളിൽ മാത്രം വ്യക്തിഗത പ്രോജക്ടുകൾ ഉണ്ടാകണം. നിർവ്വഹണ ഉദ്യോഗസ്ഥരായ എ.ഡി.എ., സി.ഡി.പി.ഒ., എസ്.സി.ഡി.ഒ., ഐ. ഇ. ഒ. തുടങ്ങിയവരുടെ പ്രോജക്ടുകൾ നിലവിൽ പരമ്പരാഗതമായ പ്രോജക്ടുകളാണ്. ആധുനിക കാലത്തിനനുസരിച്ച് ഈ മേഖലയിലെ പദ്ധതികൾക്ക് നൽകുന്ന മാർഗ്ഗനിർദ്ദേശങ്ങളിൽ മാറ്റം വരുത്തിയാൽ മാത്രമേ ഗുണഭോക്താക്കൾക്ക് പ്രയോജനം ലഭിക്കുവാനും പ്രാദേശിക നിലവാരം ഉയർത്തുവാനും സാധിക്കുകയുള്ളു. എം.പി./എം.എൽ.എ. മാരുടെ പ്രദ്ദേശിക വികസന ഫണ്ടിലും കേന്ദ്രാവിഷ്കൃത പദ്ധതികളിലും പ്ലാൻ ഫണ്ട് ഫലപ്രദമായി സംയോജിപ്പിച്ചാൽ മാത്രമേ പ്രാദേശിക ജീവിതവും സാമ്പത്തിക നിലവാരവും ഉയർത്തുന്നതിന് ഉപകരിക്കുകയുള്ളു. ഇപ്പോൾ ഇത് തുലോം കുറവാണ്.

2017 – 18 സാമ്പത്തിക വർഷത്തിൽ ആലപ്പുഴ ജില്ലയിലെ 12 ബ്ലോക്കുപഞ്ചായത്തുകളിലായി വിവിധ മേഖലകളിൽ (ഉല്പാദനം, പശ്ചാത്തലം, സേവനം) വകയിരുത്തിയ വിഹിതം സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

*(രൂപ ലക്ഷത്തിൽ)*

| ബ്ലോക്ക് പഞ്ചായത്ത് | ഉല്പാദനം | പശ്ചാത്തലം | സേവനം |
|---|---|---|---|
| അമ്പലപ്പുഴ | 117.99 | 188.88 | 176.86 |
| ആര്യാട് | 99.16 | 91.96 | 203.31 |
| ഭരണിക്കാവ് | 119.90 | 195.97 | 222.09 |
| ചമ്പക്കുളം | 202.82 | 102.52 | 88.35 |
| ചെങ്ങന്നൂർ | 162.92 | 127.79 | 223.23 |
| ഹരിപ്പാട് | 230.46 | 87.85 | 177.26 |
| കഞ്ഞിക്കുഴി | 99.99 | 120.16 | 160.09 |
| മാവേലിക്കര | 141.80 | 193.58 | 207.90 |

| | | | |
|---|---|---|---|
| മുതുകുളം | 122.68 | 3.03 | 372.66 |
| പട്ടണക്കാട് | 156.93 | 252.39 | 467.02 |
| തൈക്കാട്ടുശ്ശേരി | 79.85 | 101.25 | 160.07 |
| വെളിയനാട് | 95.29 | 105.82 | 167.34 |

*അവലംബം: സൂലേഖ*

2017-18 സാമ്പത്തിക വർഷത്തിൽ ജില്ലയിലെ 12 ബ്ലോക്കുപഞ്ചായത്തുകളിൽ ഹരിപ്പാട്, ചമ്പക്കുളം, അമ്പലപ്പുഴ എന്നീ ബ്ലോക്കുപഞ്ചായത്തുകളൊഴികെ മറ്റ് 9 ബ്ലോക്കുപഞ്ചായത്തുകളും ഏറ്റവും കൂടുതൽ തുക വകയിരുത്തിയിരിക്കുന്നത് സേവന മേഖലയിലാണ്. ഇതിൽ തന്നെ ഏറ്റവും കൂടുതൽ തുക വകയിരുത്തിയിരിക്കുന്നത് പട്ടണക്കാട് ബ്ലോക്കുപഞ്ചായത്താണ് (467.02). ടി ബ്ലോക്കുപഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള തുറവൂർ വെട്ടയ്ക്കൽ എന്നീ ആശുപത്രികളുടെ അടിസ്ഥാനസൗകര്യ വർദ്ധനവിനും മികച്ച ചികിത്സാ സേവനത്തിനുമായി 10 പദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളത്. തുറവൂർ ആശുപത്രിയിലെ ഡയാലിസിസ് യൂണിറ്റിന് മരുന്നു വാങ്ങൽ, ഓട്ടോമാറ്റിക് ബയോ അനലൈസർ, ഡിജിറ്റൽ എക്സ്റേ ഫിലിം വാങ്ങൽ എന്നിവ പദ്ധതി നിർദ്ദേശങ്ങളാണ്. ഹരിത കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി മാലിന്യ സംസ്കരണത്തിനുവേണ്ട സ്ഥലം വാങ്ങൽ പദ്ധതിയിൽ ഉള്പ്പെടുത്തിയിട്ടുണ്ട്.

ഹരിപ്പാട്, ചമ്പക്കുളം എന്നീ ബ്ലോക്കുപഞ്ചായത്തുകൾ ഉല്പാദന മേഖലയിലാണ് കൂടുതൽ തുക വകയിരുത്തിയിരിക്കുന്നത്. അമ്പലപ്പുഴ ബ്ലോക്കുപഞ്ചായത്ത് പശ്ചാത്തല വികസന ത്തിനാണ് കൂടുതൽ തുക വകയിരുത്തിയിരിക്കുന്നത് (188.88)

അമ്പലപ്പുഴ, ഭരണിക്കാവ്, കഞ്ഞിക്കുഴി, മാവേലിക്കര, പട്ടണക്കാട്, തൈക്കാട്ടുശ്ശേരി, വെളിയനാട് എന്നീ ഏഴ് ബ്ലോക്കുപഞ്ചായത്തുകൾ ഏറ്റവും കുറവു തുക വകയിരുത്തിയിരിക്കുന്നത് ഉല്പാദന മേഖലയിലാണ്. ആര്യാട്, ചെങ്ങന്നൂർ, മുതുകുളം എന്നീ ബ്ലോക്കുപഞ്ചായത്തുകൾ പശ്ചാത്തല മേഖലയിലാണ് കുറവു തുക വകയിരുത്തിയിരിക്കുന്നത്. ചമ്പക്കുളം ബ്ലോക്ക് പഞ്ചായത്താണ് സേവന മേഖലയിൽ ഏറ്റവും കുറവു തുക വകയിരുത്തിയിരിക്കുന്നത്. മുതുകുളം ബ്ലോക്കുപഞ്ചായത്ത് പശ്ചാത്തല മേഖലയിൽ ഏറ്റവും കുറവു തുകയാണ് (3.03 ലക്ഷം) വകയിരിത്തിയിരിക്കുന്നത്. മേൽ പറഞ്ഞ 3 ബ്ലോക്കുകൾ സേവന മേഖലയിൽ ജനോപകാരപ്രദമായ നൂതനമായ പ്രോജക്ടുകൾ ഏടുത്തിട്ടുള്ളതായി കാണാൻ സാധിക്കുന്നു.

ഫലപ്രദമായി മേഖല വിഭജനം നടത്തി പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിന് എല്ലാ ബ്ലോക്ക് പഞ്ചായത്തുകളും ശ്രമിച്ചിട്ടുണ്ട്. മേഖലാ വിഭജനത്തിന് അനുസൃതമായി പദ്ധതികൾ നിർവ്വഹിച്ചു വരുന്നു.

എല്ലാ ബ്ലോക്കുകളിലും നടപ്പിലാക്കിയ/ ഏറ്റെടുത്തിരിക്കുന്ന പദ്ധതികളിൽ പദ്ധതി മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിരിക്കുന്ന പ്രകാരമുള്ള സാമ്പത്തിക വികസനം, സാമൂഹ്യനീതി എന്നിവ ഏറെക്കുറെ ഉറപ്പാക്കിയിട്ടുണ്ട്. എന്നാൽ മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമായി മാത്രം പദ്ധതികൾ വിഭാവനം ചെയ്യുമ്പോൾ അവ ജനോപകാരപ്രദമായോ, പ്രാദേശിക പ്രത്യേകതകൾക്കനുസൃതമായ വികസനോന്മുഖത, എന്നീ ഗുണങ്ങൾ പലപ്പോഴും പാലിക്കപ്പെടുന്നില്ല. പ്രായോഗികമേന്മയുറപ്പാക്കുന്നതിനായി ഗുണഭോക്താക്കളുടെ ആവശ്യങ്ങൾ കണക്കിലെടുത്ത് താഴേത്തട്ടിൽ നിന്നുള്ള നിർദ്ദേശങ്ങൾ പരിഗണിച്ച് പദ്ധതികൾ രൂപീകരിക്കുന്നതിന് പരമാവധി ശ്രമിച്ചിട്ടുണ്ട്.

പദ്ധതിരൂപീകരണം, നിർവ്വഹണം എന്നിവയിൽ ജനപങ്കാളിത്തം ഉറപ്പു വരുത്തുന്നതിനായി ജില്ലയിലെ ബ്ലോക്ക് പഞ്ചായത്തുകളിൽ എല്ലാം തന്നെ വികസന സെമിനാർ, ബ്ലോക്ക് ഗ്രാമസഭ, സ്റ്റേക്ക് ഹോൾഡേഴ്സ് മീറ്റിംഗ്, വർക്കിംഗ് ഗ്രൂപ്പ്, ആസൂത്രണ സമിതി എന്നിവ നടത്തുന്നുണ്ട്.

## വാർഷിക പദ്ധതി രേഖ

**വികസന സ്ഥിതി** – കാർഷിക മേഖലയിൽ സാമ്പത്തിക നേട്ടം കൈവരിക്കുന്ന പ്രോജക്ടുകൾ രൂപീകരിച്ചിട്ടുണ്ട്. ആരോഗ്യ മേഖലയിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തിയിട്ടുണ്ട്. ആതുര സേവന രംഗത്ത് പാലിയേറ്റീവ് കെയർ പദ്ധതികൾ രൂപീകരിച്ചിട്ടുണ്ട്. മത്സ്യബന്ധന രംഗത്ത് കൂടുതൽ പ്രാധാന്യം നൽകി സാമ്പത്തിക ഉന്നമനത്തിനായുള്ള പദ്ധതി രൂപീകരിച്ചിട്ടുണ്ട്. ഈ മേഖലയിൽ ആധുനിക സാങ്കേതികവിദ്യ പ്രയോജനപ്പെടുത്താൻ സാധിച്ചിട്ടില്ല.

**പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി** – പദ്ധതികൾ വിലയിരുത്തി മെച്ചപ്പെട്ട പ്രോജക്ടുകൾ പതിമൂന്നാം പഞ്ചവത്സരപദ്ധതിയിൽ രൂപീകരിച്ചിട്ടുണ്ട്. പദ്ധതിമാർഗ്ഗനിർദ്ദേശത്തിൽ ബ്ലോക്ക് പഞ്ചായത്തിന് സ്വന്തമായി നടപ്പിലാക്കാവുന്ന പദ്ധതികളിലെ അപര്യാപ്തത മൂലം നടപ്പിലാക്കാവുന്ന പ്രോജക്ടുകൾ രൂപീകരിക്കുന്നതിന് സാധിക്കാതെ വന്നിട്ടുണ്ട്.

**പ്രശ്ന വിശകലനം, പ്രശ്ന പരിഹാര സാധ്യതകൾ** – അവസ്ഥാ രേഖ പ്രകാരം പ്രശ്ന വിശകലനം നടത്തി പ്രോജക്ടുകൾ രൂപീകരിച്ചിട്ടുണ്ട്. നിർവ്വഹണം ലളിതവൽക്കരിക്കുന്നതിന് സാധിച്ചിട്ടില്ല.

**വികസന കാഴ്ചപ്പാട്, ലക്ഷ്യങ്ങൾ തന്ത്രം** – സാമൂഹ്യ നീതി ഉറപ്പാക്കി പാർപ്പിടം, ആരോഗ്യം ഒരുക്കുന്നതിന് പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുണ്ട്. ബ്ലോക്ക് പരിധിയിലെ സാമ്പത്തികസ്ഥിതി ഉയർത്തുന്ന പ്രോജക്ടുകളും അടിസ്ഥാന സൗകര്യങ്ങൾ റോഡ് കണക്ടിവിറ്റി എന്നിവയും പ്രോജക്ട് രൂപീകരിച്ചിട്ടുണ്ട്. ചെലവ് കുറഞ്ഞതും സാങ്കേതിക വിദ്യകൾ ഉപയോഗിച്ചും പദ്ധതികൾ രൂപീകരിക്കാൻ സാധിക്കുന്നില്ല.

**വിഭവ സ്രോതസ്സ് വകയിരുത്തൽ** – ലഭ്യമാകുന്ന മുഴുവൻ ഫണ്ടുകളും പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഗുണഭോക്തൃ വിഹിതം, പഞ്ചായത്ത് വിഹിതം ഇവ പ്രോജക്ട് വിഭാവനം ചെയ്യുന്ന രീതിയിൽ ലഭ്യമാകുന്നില്ല.

**പ്രോജക്ട് വിശദാംശം** –പദ്ധതി രൂപീകരണത്തിൽ രൂപീകരിച്ച മുഴുവൻ പ്രോജക്ടുകളുടെയും പ്രോജക്ട് സംഗ്രഹം ഉൾപ്പെടെ ചേർത്തിട്ടുണ്ട്.

**പ്രത്യേകപദ്ധതികൾ** – പ്രത്യേക പദ്ധതിയിൽ എല്ലാ മേഖലയിലും പ്രോജക്ട് രൂപീകരിച്ചിട്ടുണ്ട്. ബ്ലോക്ക് പരിധിയിൽ പ്രത്യേക പദ്ധതികൾ പ്രയോജനമാണെങ്കിലും നിശ്ചയിച്ച ഫീസിബിലിറ്റി ലഭ്യമാകുന്നില്ല.

**വായ്പ** – വായ്പലഭ്യമാക്കുന്ന പ്രോജക്ടുകൾ രൂപീകരിച്ചിട്ടില്ല.

**സമഗ്ര പരിപാടി സംയോജന സാധ്യത** – കേന്ദ്രാവിഷ്കൃത പദ്ധതികൾ സംയോജിപ്പിച്ചിട്ടുണ്ട്. എസ്. ഇ.സി. സി. ലിസ്റ്റിലെ ഗുണഭോക്താക്കൾ പരിമിതമാണ്.

**മോണിട്ടറിംഗ്** – വർക്കിംഗ് ഗ്രൂപ്പ് രൂപീകരിച്ചിട്ടുണ്ട്.

സമഗ്ര പരിപാടികൾ/ സംയുക്ത പരിപാടികൾ നടപ്പിലാക്കുന്നതിനായി ജില്ലയിലെ 12 ബ്ലോക്കുകളും പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. എന്നാൽ ചില തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ നിസ്സഹകരണം മൂലം പദ്ധതി നടത്തിപ്പ് തൃപ്തികരമല്ല. (സംയുക്ത പ്രോജക്ട്)

സംയോജന പ്രോജക്ടുകൾ എല്ലാ ബ്ലോക്ക് പഞ്ചായത്തുകളിലും ആവിഷ്കരിച്ചിട്ടുണ്ട്. സംയോജന പ്രോജക്ട്കൾ വിജയത്തിൽ എത്തിയതിന് ഒരു ഉദാഹരണം പി.എം.എ.വൈ. വീടുകളുടെ പൂർത്തീകരണമാണ്. എന്നാൽ ചില ബ്ലോക്കുകളിൽ മറ്റ് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ നിസ്സഹകരണം മൂലം ഇത്തരത്തിലുള്ള പദ്ധതികളുടെ നടത്തിപ്പിൽ പ്രായോഗിക ബുദ്ധിമുട്ട് നേരിടുന്ന സാഹചര്യമുണ്ട്.

പട്ടികജാതി, പട്ടികവർഗ്ഗ, വനിത, സാമൂഹ്യസുരക്ഷ, ഖരമാലിന്യ സംസ്കരണം തുടങ്ങിയവയ്ക്ക് എല്ലാ ബ്ലോക്ക് പഞ്ചായത്തുകളിലും തുക വകയിരുത്തി പദ്ധതികൾ ആവിഷ്കരിച്ചിട്ടുള്ളതാണ്. ആയത് ബന്ധപ്പെട്ട മേഖലയിലെ ഘട്ടം ഘട്ടമായുള്ള വളർച്ചയ്ക്ക് തീർത്തും സഹായകമാണ്. പ്രത്യേക പരിപാടികളുടെ ആവർത്തന സ്വഭാവം ഒഴിവാക്കുന്നതിനായി മാർഗ്ഗ നിർദ്ദേശങ്ങളിൽ കാലോചിതമായി മാറ്റം വരുത്തേണ്ടതാണ്.

പദ്ധതികളുടെ ഭൗതിക / സാമ്പത്തിക പുരോഗതി അവലോകനം ചെയ്യുന്നതിനായി ജില്ലയിലെ എല്ലാ ബ്ലോക്കുകളിലും എല്ലാ മാസവും സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ നിർവ്വഹണ ഉദ്യോഗസ്ഥരുടെ യോഗം ചേർന്ന് വിലയിരുത്താറുണ്ട്. ഇതിൽ പ്രസിഡൻറും, വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റി അംഗങ്ങളുടെ പങ്കാളിത്തവും ഉറപ്പാക്കാറുണ്ട്.

പ്രോജക്ടുകളിൽ അനിവാര്യ / നിർബന്ധിത വകയിരുത്തലുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. പദ്ധതികൾ പുരോഗതിയിലാണ്. അനിവാര്യ വകയിരുത്തലുകൾ പ്രകാരം പ്രോജക്ട് ഏറ്റെടുക്കുമ്പോൾ മറ്റ് തദ്ദേശ ഭരണ സ്ഥാപനങ്ങളും ഒരേ രീതിയിൽ വകയിരുത്തൽ നടത്തുമ്പോൾ ബ്ലോക്ക് പഞ്ചായത്ത് പോലുള്ള തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ ഗ്രാമപഞ്ചായത്തുകളിൽ നിന്ന് അർഹരായ ഗുണഭോക്താക്കളുടെ ഗ്രാമസഭാ ലിസ്റ്റ് ലഭിക്കാത്ത സാഹചര്യം മൂലം നിർവ്വഹണം ബുദ്ധിമുട്ടേറിയതാകുന്നു.

**ആലപ്പുഴയിലെ ബ്ലോക്ക് പഞ്ചായത്തുകളുടെ മേഖലാ വിഭജന പ്രകാരമുള്ള പദ്ധതി വിശദാംശങ്ങൾ**

| ക്രമ നം. | വിഭാഗം | മേഖല | പ്രോജക്ടുകളുടെ എണ്ണം | തുക |
|---|---|---|---|---|
| 1 | Agriculture | Productive | 45 | 74525239 |
| 2 | Irrigation | Productive | 9 | 8426000 |
| 3 | Soil-Water Conservation, Environment, afforestation | Productive | 26 | 19192400 |
| 4 | Animal Husbandry | Productive | 0 | |
| 5 | Dairy Development | Productive | 13 | 19500000 |
| 6 | Fisheries | Productive | 4 | 5650000 |
| 7 | Industry, Self Employment Enterprises, Marketting Promotion | Productive | 28 | 40362607 |
| 8 | Energy Generation | Productive | 5 | 10166879 |
| 9 | Education | Service | 23 | 18977000 |

| ക്രമ നം. | വിഭാഗം | മേഖല | പ്രോജക്ടുകളുടെ എണ്ണം | തുക |
|---|---|---|---|---|
| 10 | Continuing Education/Literacy | Service | 8 | 1404650 |
| 11 | Reading Rooms, Libraries and Grama Sabha/Ward Sabha Centres | Service | 3 | 325000 |
| 12 | Arts, Culture and Sports development, Youth Welfare | Service | 13 | 5360000 |
| 13 | Health | Service | 62 | 49458469 |
| 14 | Drinking Water | Service | 16 | 32673750 |
| 15 | Sanitation,Waste processing | Service | 26 | 52838835 |
| 16 | Housing,House Electrification | Service | 56 | 136484209 |
| 17 | Social Welfare, Social Security | Service | 50 | 41754654 |
| 18 | Nutrition | Service | 2 | 2750000 |
| 19 | Anganwadies | Service | 6 | 4226920 |
| 20 | Voccational Expertisation | Service | 0 | |
| 21 | Energy Protection | Service | 3 | 1357500 |
| 22 | Electric Line,Transformation | Service | 2 | 1000000 |
| 23 | Tourism | Service | 0 | |
| 24 | Computerisation | Service | 41 | 7105378 |
| 25 | Planformulation,Implementation & Monitoring | Service | 12 | 2019000 |
| 26 | Street Light, Office Electrification | Infrastructure | 1 | 75000 |
| 27 | Transport | Infrastructure | 141 | 96406375 |
| 28 | Public Building Which are not include in Productive & Service Sector | Infrastructure | 56 | 42041908 |
| 29 | Other Construction Works | Infrastructure | 5 | 2305511 |
| 30 | Purchase of Vehicle | Infrastructure | 0 | |
| 31 | Financial Contribution as per G O (Service Sector) | Service | 29 | 36823104 |
| 32 | Financial Contribution as per G O (Infrastructure Sector) | Infrastructure | 2 | 800000 |
| 33 | Financial Contribution as per G O (Productive Sector) | Productive | 1 | 1000000 |
| 34 | Financial Contribution as per G O (Service Sector)/Other Order | Service | 4 | 654000 |
| 35 | Financial Contribution as per G O (Infrastructure Sector)/ Other Order | Infrastructure | 0 | |

*അവലംബം: സൂലേഖ*

## c) നഗരസഭകൾ

ആലപ്പുഴ ജില്ലയിൽ 6 മുനിസിപ്പാലിറ്റികളാണുള്ളത്. ചേർത്തല, ആലപ്പുഴ, ഹരിപ്പാട്, കായംകുളം ചെങ്ങന്നൂർ, മാവേലിക്കര എന്നിവയാണവ. ഉത്പാദന, പശ്ചാത്തല, സേവന മേഖലകളിലായി ആകെ 953 പദ്ധതികളിലൂടെ 106.97 കോടി രൂപ 2017-18 വർഷം ആലപ്പുഴ ജില്ലയിലെ നഗരസഭകൾ വകയിരുത്തിയിട്ടുണ്ട്.

| നഗരസഭ | ഉത്പാദന മേഖല | | സേവന മേഖല | | പശ്ചാത്തല മേഖല | |
|---|---|---|---|---|---|---|
| | ആകെ പ്രോജക്ടുകൾ | തുക | ആകെ പ്രോജക്ടുകൾ | തുക | ആകെ പ്രോജക്ടുകൾ | തുക |
| ആലപ്പുഴ | 23 | 33725600 | 102 | 216488715 | 113 | 198137685 |
| കായംകുളം | 10 | 8452000 | 92 | 111523048 | 92 | 84886000 |
| ചെങ്ങന്നൂർ | 23 | 8217842 | 47 | 46018900 | 60 | 32752693 |
| ചേർത്തല | 20 | 30080000 | 54 | 68124317 | 59 | 40182641 |
| മാവേലിക്കര | 21 | 17643850 | 79 | 52151055 | 70 | 30455000 |
| ഹരിപ്പാട് | 11 | 3540960 | 42 | 41115238 | 45 | 46501000 |
| **ആകെ** | **108** | **101660252** | **416** | **535421273** | **439** | **432915019** |

*അവലംബം: സൂലേഖ*

### ഉത്പാദന മേഖല

ഉത്പാദന മേഖലയിൽ 2017-18 വർഷം 107 പദ്ധതികളിലായി 10.16 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ആകെ അടങ്കൽ തുകയുടെ 9.5 ശതമാനം മാത്രമാണിത്. ഉത്പാദനമേഖലയിൽതന്നെ ഏറ്റവും കൂടുതൽ പദ്ധതികൾ ഏറ്റെടുത്തിട്ടുള്ളത് കാർഷിക മേഖലയിലാണ്. കാർഷിക മേഖലയിൽ 40 പദ്ധതികൾക്കായി 4.23 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഏറ്റവും കുറവ് പദ്ധതി ഏറ്റെടുത്തിട്ടിള്ളത് ഊർജ്ജോത്പാദന ത്തിലാണ്. ഈ ഇനത്തിൽ ഒരു പദ്ധതിക്കായി 0.4 കോടി രൂപ വകയിരുത്തിയിരിക്കുന്നു. ആകെ വകയിരുത്തലിന്റെ 3.93 ശതമാനമാണ് ഊർജ്ജ മേഖലയിൽ ഏറ്റെടുത്തിട്ടുള്ളത്. ക്ഷീര വികസനത്തിനും മത്സ്യ വികസനത്തിനും ജലസേചനത്തിനുമായി കൂടുതൽ പദ്ധതികൾ ഏറ്റെടുക്കാവുന്നതാണ്.

### പശ്ചാത്തല മേഖല

പശ്ചാത്തല മേഖലയിൽ 431 പദ്ധതികൾക്കായി 43.27 കോടി രൂപയാണ് 6 നഗരസഭകളുംകൂടി 2017-18 വർഷം വകയിരുത്തിയിട്ടുള്ളത്. പശ്ചാത്തലമേഖലയിൽ ഏറ്റവും കൂടുതൽ പദ്ധതികൾ വകയിരുത്തിയിട്ടുള്ളത് ഗതാഗതമേഖലയ്ക്കാണ്. അതായത് 330 പ്രോജക്ടുകൾക്കായി 24.73 കോടി രൂപ, ആകെ അടങ്കലിന്റെ 57.16 ശതമാനം. ഏറ്റവും കുറവ് പദ്ധതികൾ ഏറ്റെടുത്തിട്ടുള്ളത് വാഹനം വാങ്ങുന്നതിനും മറ്റ് നിർമ്മാണ പ്രവൃത്തികൾക്കുമാണ്.

ആകെ അടങ്കലിന്റെ 0.78 ശതമാനം വാഹനം വാങ്ങുന്നതിനും 0.18 ശതമാനം മറ്റ് നിർമ്മാണ പ്രവൃത്തികൾക്കും വകയിരുത്തിയിരിക്കുന്നു.

## സേവന മേഖല

സേവന മേഖലയിൽ 2017-18 വർഷം 415 പദ്ധതികൾക്കായി 53.54 കോടി രൂപയാണ് എല്ലാ നഗരസഭകളും കൂടിയുള്ള വകയിരുത്തൽ. ഏറ്റവും കൂടുതൽ പദ്ധതികൾ ഏറ്റെടുത്തിട്ടുള്ളത് വിദ്യാഭ്യാസ മേഖലയിലാണ്. 95 പദ്ധതികൾക്കായി 7.87 കോടി രൂപയാണ് വിദ്യാഭ്യാസ മേഖലയിൽ വകയിരുത്തിട്ടുള്ളത്. ആകെ അടങ്കലിന്റെ 14.70 ശതമാനം തുക വിദ്യാഭ്യാസ മേഖലയ്ക്കായി മാറ്റി വെച്ചിരിക്കുന്നു. ഏറ്റവും കുറവ് പ്രോജക്ട് ഏറ്റെടുത്തിട്ടുള്ളത് വൊക്കേഷണൽ എക്സ്പർട്ടൈസേഷൻ പദ്ധതിയാണ്. രണ്ട് പദ്ധതികളിലായി 0.15 കോടി രൂപയാണ് ഇതിനായി വകയിരുത്തിയിട്ടുള്ളത്. ടൂറിസം മേഖലയിൽ ഒറ്റ പദ്ധതിപോലും ആരും ഏറ്റെടുത്തിട്ടില്ല. സാധ്യതയുള്ള ടൂറിസം പോലെയുള്ള മേഖലകൾക്ക് കൂടുതൽ ഊന്നൽ നൽകേണ്ടതുണ്ട്.

**നഗരസഭകളുടെ മേഖലാ വിഭജന പ്രകാരമുള്ള പദ്ധതി വിശദാംശങ്ങൾ**

| ക്രമ നം. | വിഭാഗം | മേഖല | പ്രോജക്ടുകളുടെ എണ്ണം | തുക |
|---|---|---|---|---|
| 1 | Agriculture | Productive | 40 | 42363760 |
| 2 | Irrigation | Productive | 5 | 5713842 |
| 3 | Soil-Water Conservation, Environment, afforestation | Productive | 8 | 4950000 |
| 4 | Animal Husbandry | Productive | 32 | 31912650 |
| 5 | Dairy Development | Productive | 3 | 1900000 |
| 6 | Fisheries | Productive | 6 | 2290000 |
| 7 | Industry, Self Employment Enterprises, Marketting Promotion | Productive | 12 | 8530000 |
| 8 | Energy Generation | Productive | 1 | 4000000 |
| 9 | Education | Service | 95 | 78734018 |
| 10 | Continuing Education/Literacy | Service | 9 | 2594000 |
| 11 | Reading Rooms, Libraries and Grama Sabha/Ward Sabha Centres | Service | 11 | 3814000 |
| 12 | Arts, Culture and Sports development, Youth Welfare | Service | 8 | 2800000 |
| 13 | Health | Service | 43 | 36562150 |
| 14 | Drinking Water | Service | 13 | 14302000 |
| 15 | Sanitation, Waste processing | Service | 57 | 85502832 |
| 16 | Housing,House Electrification | Service | 31 | 141493000 |
| 17 | Social Welfare, Social Security | Service | 33 | 58475456 |
| 18 | Nutrition | Service | 8 | 31800000 |
| 19 | Anganwadies | Service | 40 | 37528311 |
| 20 | Voccational Expertisation | Service | 2 | 1562000 |
| 21 | Energy Protection | Service | 7 | 8277900 |
| 22 | Electric Line, Transformation | Service | 2 | 1520000 |
| 23 | Tourism | Service | 0 | |

| ക്രമ നം. | വിഭാഗം | മേഖല | പ്രോജക്ടുകളുടെ എണ്ണം | തുക |
|---|---|---|---|---|
| 24 | Computerisation | Service | 44 | 15855606 |
| 25 | Planformulation,Implementation & Monitoring | Service | 6 | 3100000 |
| 26 | Street Light ,Office Electrification | Infrastructure | 35 | 49940850 |
| 27 | Transport | Infrastructure | 330 | 247368784 |
| 28 | Public Building Which are not include in Productive & Service Sector | Infrastructure | 58 | 123348135 |
| 29 | Other Construction Works | Infrastructure | 3 | 781000 |
| 30 | Purchase of Vehicle | Infrastructure | 2 | 3400000 |
| 31 | Financial Contribution as per G O (Service Sector) | Service | 6 | 11500000 |
| 32 | Financial Contribution as per G O (Infrastructure Sector) | Infrastructure | 1 | 500000 |
| 33 | Financial Contribution as per G O (Productive Sector) | Productive | 0 | |
| 34 | Financial Contribution as per G O (Service Sector)/Other Order | Service | 0 | |
| 35 | Financial Contribution as per G O (Infrastructure Sector)/Other Order | Infrastructure | 2 | 7376250 |
| **ആകെ** | | | **953** | **1069796544** |

*(അവലംബം: സൂലേഖ)*

## d) ആലപ്പുഴ ജില്ലാ പഞ്ചായത്ത്

2017-18 സാമ്പത്തിക വർഷത്തിൽ 319 പ്രോജക്ടുകളാണ് ആലപ്പുഴ ജില്ലാപഞ്ചായത്ത് നടപ്പിലാക്കിവരുന്നത്. 695.98 ലക്ഷം രൂപ അടങ്കൽ വരുന്ന പ്രോജക്ടുകളാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുളളത്. ഉത്പാദനമേഖലയിൽ 115.15 ലക്ഷം രൂപയുടെ പദ്ധതികളാണ് വിഭാവനം ചെയ്തിരിക്കുന്നത്. മൊത്തം പദ്ധതി അടങ്കലിന്റെ 16.5 ശതമാനം തുക ഉത്പാദന മേഖലയിലെ പ്രോജക്ടുകൾക്കായി വകയിരുത്തിയിട്ടുണ്ട്. അടിസ്ഥാന വികസന മേഖലയിൽ 141 പ്രോജക്ടുകളിലായി 186755000 രൂപ വകയിരുത്തിയിട്ടുണ്ട്. ഇത് ആകെ പദ്ധതി അടങ്കലിന്റെ 26.83 ശതമാനമാണ്. സേവന മേഖലയിൽ 133 പ്രോജക്ടുകളിലായി 314077243 രൂപയാണ് വകയിരുത്തിയിട്ടുളളത്. ഇത് മൊത്തം പദ്ധതി അടങ്കലിന്റെ 56.65 ശതമാനം വരും.

## ഉത്പാദന മേഖല

ഉത്പാദന മേഖലയിൽ പ്രാഥമിക ഉത്പാദന മേഖലയായ കൃഷിക്ക് പ്രാധാന്യം നൽകുന്നു. 34 പ്രോജക്ടുകളിൽ ഈ വിഭാഗത്തിൽ 6,27,50,000/- രൂപയുടെ പദ്ധതികളാണ് ജില്ലാ പഞ്ചായത്ത് 2017-18 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. എന്നാൽ മത്സ്യബന്ധനത്തിന് ഏറെ പ്രാധാന്യമുള്ള ആലപ്പുഴ ജില്ലയിൽ ഈ മേഖലയിൽ 18.00 ലക്ഷം രൂപ മാത്രമാണ് വകയിരുത്തിയിരിക്കുന്നത്.

## പശ്ചാത്തല മേഖല

അടിസ്ഥാന വികസനവുമായി ബന്ധപ്പെട്ട് ഗതാഗത റോഡ് വികസനത്തിനായി ജില്ലാപഞ്ചായത്ത് 137 പ്രോജക്ടുകളിലായി 168.95 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. അടിസ്ഥാന വികസനവുമായി ബന്ധപ്പെട്ട് 90 ശതമാനം തുകയും ഗതാഗത റോഡ് വികസനത്തിനായാണ് വകയിരുത്തിയിരിക്കുന്നത്.

## സേവന മേഖല

സേവനമേഖലയിൽ പൊതു വിദ്യാഭ്യാസ യജ്ഞത്തിന് പൂരകമാകുന്ന 37 പദ്ധതികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിനായി 116.65 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ആരോഗ്യ മേഖലയുടെ വികസനത്തിനായി 29.70 ലക്ഷം രൂപയുടെ 20 പ്രോജക്ടുകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഭവന നിർമ്മാണം-ഭവന വൈദ്യുതീകരണം വിഭാഗത്തിൽ 41.94 ലക്ഷം രൂപയുടെ 20 പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. കുടിവെള്ള ക്ഷാമം രൂക്ഷമായി അനുഭവപ്പെടുന്ന ആലപ്പുഴ ജില്ലയിൽ 10.75 ലക്ഷം രൂപയുടെ പ്രോജക്ട് മാത്രമാണ് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

**ആലപ്പുഴ ജില്ലാ പഞ്ചായത്തിന്റെ മേഖലാ വിഭജന പ്രകാരമുള്ള പദ്ധതി വിശദാംശങ്ങൾ**

| ക്രമ നം. | വിഭാഗം | മേഖല | പ്രോജക്ടുകളുടെ എണ്ണം | തുക |
|---|---|---|---|---|
| 1 | Agriculture | Productive | 34 | 62750000 |
| 2 | Irrigation | Productive | 1 | 2000000 |
| 3 | Soil-Water Conservation,Environment, afforestation | Productive | 1 | 3000000 |
| 4 | Animal Husbandry | Productive | 2 | 14100000 |
| 5 | Dairy Development | Productive | 2 | 10500000 |
| 6 | Fisheries | Productive | 1 | 1800000 |
| 7 | Industry,Self Employment Enterprises, Marketting Promotion | Productive | 4 | 21000000 |
| 8 | Energy Generation | Productive | 0 | |
| 9 | Education | Service | 37 | 116652000 |
| 10 | Continuing Education/Literacy | Service | 1 | 400000 |
| 11 | Reading Rooms, Libraries and Grama Sabha/Ward Sabha Centres | Service | 0 | |
| 12 | Arts, Culture and Sports development, | Service | 3 | 5700000 |

| | | | | |
|---|---|---|---|---|
| | Youth Welfare | | | |
| 13 | Health | Service | 20 | 29700000 |
| 14 | Drinking Water | Service | 1 | 10754000 |
| 15 | Sanitation,Waste processing | Service | 15 | 61365000 |
| 16 | Housing, House Electrification | Service | 20 | 41943000 |
| 17 | Social Welfare, Social Security | Service | 15 | 77158540 |
| 18 | Nutrition | Service | 1 | 1500000 |
| 19 | Anganwadies | Service | 3 | 20100000 |
| 20 | Voccational Expertisation | Service | 0 | |
| 21 | Energy Protection | Service | 0 | |
| 22 | Electric Line, Transformation | Service | 2 | 11000000 |
| 23 | Tourism | Service | 2 | 5000000 |
| 24 | Computerisation | Service | 11 | 11160703 |
| 25 | Planformulation, Implementation & Monitoring | Service | 1 | 300000 |
| 26 | Street Light, Office Electrification | Infrastructure | 0 | |
| 27 | Transport | Infrastructure | 137 | 168955000 |
| 28 | Public Building Which are not include in Productive & Service Sector | Infrastructure | 3 | 15800000 |
| 29 | Other Construction Works | Infrastructure | 0 | |
| 30 | Purchase of Vehicle | Infrastructure | 1 | 2000000 |
| 31 | Financial Contribution as per G O (Service Sector) | Service | 1 | 1344000 |
| 32 | Financial Contribution as per G O (Infrastructure Sector) | Infrastructure | 0 | |
| 33 | Financial Contribution as per G O (Productive Sector) | Productive | 0 | |
| 34 | Financial Contribution as per G O (Service Sector)/Other Order | Service | 0 | |
| 35 | Financial Contribution as per G O (Infrastructure Sector)/ Other Order | Infrastructure | 0 | |
| **ആകെ** | | | **319** | **695982243** |

*(അവലംബം: സൂലേഖ)*

## e) വാർഷിക പദ്ധതി മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ

- തദ്ദേശഭരണ സ്ഥാപനങ്ങൾ കൃത്യമായി സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കേണ്ടതും ഇതിൽ കണ്ടെത്തിയ വിടവുകൾ പരിഹരിക്കുന്ന തരത്തിലുള്ള സാധ്യമായ പ്രോജക്ടുകൾ തയ്യാറാക്കേണ്ടതുമാണ്.
- തദ്ദേശഭരണ സ്ഥാപനങ്ങൾ മുൻ വാർഷിക പദ്ധതി പ്രോജക്ടുകളുടെ ജയപരാജയ കാരണങ്ങൾ കൃത്യമായി മനസിലാക്കുകയും അതിനനുസൃതമായി പ്രോജക്ടുകൾ തയ്യാറാക്കുകയും ചെയ്യേണ്ടതാണ്.

- ഗുണഭോക്തൃതെരഞ്ഞെടുപ്പ് ആവശ്യമായ പ്രോജക്ടുകളുടെ കാര്യത്തിൽ അർഹരായ ഗുണഭോക്താക്കളെ സംബന്ധിച്ച് കൃത്യമായ കണക്ക് തയ്യാറാക്കേണ്ടതും ഇതൻപ്രകാരം പ്രോജക്ട് രൂപീകരിക്കേണ്ടതുമാണ്

- ഗുണഭോക്തൃ തിരഞ്ഞെടുപ്പ് സമയബന്ധിതമായി പൂർത്തീകരിക്കുകയും ഗുണഭോക്തൃ ലിസ്റ്റ് കാലതാമസം വരുത്താതെ നിർവഹണ ഉദ്യോഗസ്ഥർക്ക് കൈമാറുകയും ചെയ്യേണ്ടതാണ്.

- പട്ടികജാതി/പട്ടികവർഗ്ഗ പ്രോജക്ടുകളിൽ ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ആവശ്യമായവയുടെ കാര്യത്തിൽ പ്രോജക്ട് രൂപീകരണ സമയത്തുതന്നെ പ്രസ്തുത കാര്യം ഉറപ്പുവരുത്തേണ്ടതാണ്.

- തദ്ദേശഭരണ സ്ഥാപനങ്ങളെ ഒറ്റ യൂണിറ്റായി കണ്ട് പദ്ധതികൾ വിഭാവനം ചെയ്യേണ്ടതും, പ്രോജക്ടുകളുടെ എണ്ണം കുറച്ച് ഗുണമേന്മ ഉറപ്പുവരുത്തുന്നതിൽ ശ്രദ്ധിക്കേണ്ടതുമാണ്.

- വനിതാ ഘടക പദ്ധതിയിൽ വനിതകളുടെ സാമൂഹിക സാമ്പത്തിക ഉന്നമനത്തിനായുള്ള പ്രോജക്ടുകൾ ഏറ്റെടുക്കേണ്ടതാണ്.

- വാർഷിക പദ്ധതി പരിശോധിക്കുമ്പോൾ പ്രോജറ്റ് ഭേദഗതി വളരെ കൂടുതലായി കാണപ്പെടുന്നു. നിർവഹ യോഗ്യമായ പ്രോജക്ടുകൾ തയ്യാറാക്കേണ്ടതും ഭേദഗതി ഗണ്യമായി കുറക്കുകയും വേണം. ജില്ലാ ആസൂത്രണ സമിതി അംഗീകാരം നേടുന്ന പ്രോജക്ടുകളുടെ ഭേദഗതി ഒരു നിശ്ചിത ശതമാനത്തിൽ കൂടുതൽ അനുവദിക്കുവാൻ പാടില്ല.

- പ്രോജക്ട് നിർവഹണവുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഒഴിവ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി പ്രവർത്തനത്തെ സാരമായി ബാധിക്കാറുണ്ട്. ഉദ്യോഗസ്ഥരുടെ ഒഴിവുകൾ ക്യത്യമായി നികത്തേണ്ടതാണ്.

- എസ്.സി/എസ്.റ്റി. വിഭാഗവുമായി ബന്ധപ്പെട്ട ബാങ്ക് ലോൺ ബന്ധിത പ്രോജറ്റുകൾക്ക് ടി വിഭാഗത്തിൽപ്പെട്ട ആളുകൾക്ക് ബാങ്കുകൾ ലോൺ നൽകാൻ വിമുഖത കാണിക്കുന്നത് ഇത്തരം പ്രോജടുകളുടെ നിർവഹണത്തെ ബാധിക്കുന്നു. ഈ വിഷയത്തിൽ സർക്കാർ ഇടപെടൽ ആവശ്യമാണ്.

- എസ്.സി./എസ്.റ്റി. വിഭാഗത്തിപ്പെടുന്ന യുവാക്കൾക്ക് തൊഴിൽ ലഭിക്കുന്നതിനായുള്ള പി.എസ്.സി./ബാങ്ക് പരിശീലനം പോലെയുള്ള പ്രോജക്ടുകൾ പ്രായോഗികമായി നടപ്പിലാക്കേണ്ടതും വിലയിരുത്തപ്പെടേണ്ടതുമാണ്. എത്ര ആളുകൾ തൊഴിൽ നേടുന്നുവെന്ന് കണ്ടെത്തേണ്ടതും ആവശ്യമെങ്കിൽ തുടർ പരിശീലനം നൽകേണ്ടതുമാണ്.

- പരമ്പരാഗതമായി ഒരേ പ്രോജക്ടുകൾ തന്നെ നടപ്പിലാക്കുന്ന രീതി ഒഴിവാക്കേണ്ടതും നൂതനമായ ആശയങ്ങൾ പദ്ധതികളിൽ ഉൾപ്പെടുത്തേണ്ടതുമാണ്.

- ഗ്രാമസഭകളിലും മറ്റും കാര്യം തികയാത്ത അവസ്ഥ കണ്ടുവരാറുണ്ട്. ജനങ്ങളുടെ അഭിപ്രായ രൂപീകരണത്തിന് ഇന്റർനെറ്റ്, സോഷ്യൽ മീഡിയ എന്നിവയുടെ സാധ്യത പ്രയോജനപ്പെടുത്തേണ്ടതാണ്.

- പ്രദേശിക പരിഗണന നൽകിക്കൊണ്ട് സബ്സിഡി മാർഗ്ഗരേഖയിൽ അവശ്യമായ മാറ്റങ്ങൾ വരുത്തേണ്ടതാണ്.

# അദ്ധ്യായം 7

# പരിപ്രേക്ഷ്യത്തിന്റെയും നിർദ്ദേശങ്ങളുടെയും സംഗ്രഹം

## കൃഷി

നവകേരളം കർമ്മപദ്ധതിയിലെ ഏറ്റവും പ്രധാന മിഷനായ ഹരിതകേരളം മിഷന്റെ ലക്ഷ്യങ്ങൾ നിറവേറ്റുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഏറ്റെടുക്കുവാനുദ്ദേശിക്കുന്ന ജൈവകൃഷിക്ക് പ്രാമുഖ്യം കൊടുത്തുകൊണ്ടുള്ള "സുജലം സുഫലം" പദ്ധതിപ്രകാരം ജില്ലയിലെ പച്ചക്കറി കൃഷിയിലും, നെല്ല്, പഴവർഗ്ഗങ്ങൾ എന്നീ അടിസ്ഥാന കൃഷി ഉല്പന്നങ്ങളിലും സ്വയം പര്യാപ്തത നേടുക, ഗാർഹിക - സ്ഥാപനതല ജൈവ കമ്പോസ്റ്റ് ഉപയോഗിച്ച് പരിസ്ഥിതി സംരക്ഷണം ഉറപ്പാക്കി ജൈവകൃഷി പ്രോത്സാഹിപ്പിക്കുക, തരിശ് സ്ഥലങ്ങൾ, നിലങ്ങൾ എന്നിവയിൽ കൃഷി നടപ്പാക്കുക, സംഭരണ വിപണന കേന്ദ്രങ്ങൾ ആരംഭിച്ച് മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ നിർമ്മാണം നടത്തി സമ്പദ് വ്യവസ്ഥയുടെ വളർച്ചയ്ക്ക് പങ്കാളികളാവുക, ജലസ്രോതസ്സുകൾക്ക് ചുറ്റും വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുക തുടങ്ങിയ കാർഷിക പ്രവർത്തനങ്ങൾ ഏറ്റെടുക്കുകയാണ് പ്രധാനമായി ലക്ഷ്യമിടുന്നത്.

ജില്ലയിലെ നെല്കൃഷി വിസ്തീർണ്ണം, ഉത്പാദനം എന്നിവ 10% അധികം വർദ്ധിപ്പിക്കുക എന്ന കാഴ്ചപ്പാടിനാണ് കൃഷി വികസന ഉപസമിതി രൂപം നല്കിയിട്ടുള്ളത്. ഇതിനായി കുട്ടനാട്ടിലെ നെൽകൃഷിയിൽ കാർഷിക കലണ്ടർ പ്രാവർത്തികമാക്കുന്നതിലേയ്ക്ക് പംമ്പിംഗ് ലേലം ജൂലൈ 31നകം ക്രമീകരിക്കുവാൻ ഉദ്ദേശിക്കുന്നു. കൂടാതെ റാണി-ചിത്തിര കായൽ കൃഷിയോഗ്യമാക്കിയ മാതൃകയിൽ തരിശ്നിലങ്ങൾ കൃഷിയോഗ്യമാക്കുക, തൊഴിലാളി ക്ഷാമവും കൃഷിചെലവും പരിഹരിക്കുന്നതിന് അഗ്രോ സർവീസ് സെന്ററുകളേയും കർമ്മസേനകളേയും ശാക്തീകരിക്കുക. എന്നിവയും കാഴ്ചപ്പാടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എല്ലാ നെൽ കർഷകർക്കും സോയിൽ ഹെൽത്ത് കാർഡ് ലഭ്യമാക്കുക, കാർഷിക വാഴ്സിറ്റിയുടെ പാക്കേജ് ഓഫ് പ്രാക്ടീസ്, പാരിസ്ഥിതിക എഞ്ചിനീയറിംഗ്, ജൈവീക കീടനിയന്ത്രണ രീതികൾ എന്നിവ ഉൾക്കൊള്ളിച്ച് കുട്ടനാട്ടിൽ "നല്ല കാർഷിക മുറകൾ" എന്ന പദ്ധതി പ്രാവർത്തികമാക്കുക, പോള നിയന്ത്രണത്തിന് മൊബൈൽ കംപോസ്റ്റ് യൂണിറ്റുകളും, വൈക്കോൽ പുനരുപയോഗത്തിനായി ബെയിൽ യൂണീറ്റുകളും സ്ഥാപിക്കുക എന്നിങ്ങനെയുള്ള പ്രവർത്തനങ്ങളും ഏറ്റെടുത്ത് നടത്തുവാൻ ഉദ്ദേശിക്കുന്നു.

ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലും ഓരോ വിളയ്ക്കും ജില്ലയുടെ പരിസ്ഥിതിക്ക് അനുയോജ്യമായ രീതിയിൽ നീർത്തടാധിഷ്ഠിതമായി ഒരു പദ്ധതി എന്ന നിലയിൽ തയ്യാറാക്കുമ്പോൾ അതിൽ ഉൾപ്പെടുന്ന ഓരോ നീർത്തടത്തിന്റെയും ആവശ്യമായ ഘടങ്ങൾ അതാതു നീർത്തടത്തിന്റെ പദ്ധതികളായി ഒറ്റ പദ്ധതിക്കുള്ളിൽ ഉൾപ്പെടുത്തി നിർവ്വഹണം നടത്തുന്നതിന് വിഷയസമിതി ഉദ്ദേശിക്കുന്നു.

അപ്പർ കുട്ടനാട്ടിനെ നെൽ വിത്തുല്പാദക മേഖലയായി പ്രഖ്യാപിക്കുക, KCPM, ATMA, കാർഷിക യൂണിവേഴ്സിറ്റി എന്നിവ മുഖാന്തിരം കർഷകർക്ക് സാങ്കേതിക സഹായം നല്കുകയും ഹരിതകേരള മിഷനുമായി ചേർന്ന് സംയോജിത നെൽകൃഷി പദ്ധതി നടപ്പിലാക്കി വിപണന സംവിധാനം ശക്തിപ്പെടുത്തുക എന്ന ലക്ഷ്യവും വിഷയസമിതി ഉദ്ദേശിക്കുന്നു. പാടശേഖരങ്ങൾക്ക് സ്ഥിരമായ വൈദ്യുതി കണക്ഷൻ ലഭ്യമാക്കുകയും പുഞ്ചകൃഷി മാത്രം ചെയ്യുന്ന കായൽ നിലങ്ങളിൽ ഒരു നെല്ലും ഒരു മീനും പദ്ധതി പ്രാവർത്തികമാക്കുന്നതിനും പൊക്കാളി നെൽകൃഷിയിൽ ബോട്ട് മാതൃകയിലുള്ള കൊയ്ത്ത് യന്ത്രം നിർമ്മിക്കുക എന്നതും കാഴ്ചപ്പാടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

രോഗബാധയുള്ള തെങ്ങുകൾ മാറ്റി പകരം തൈ നടുക, സംയോജിത കൃഷിരീതി നടപ്പിലാക്കുക, സമഗ്ര ജലസേചന പദ്ധതി നടപ്പിലാക്കുക, അതുല്പാദനശേഷിയുള്ള തൈകളുടെ ഉത്പാദനം ഉറപ്പാക്കുക, തെങ്ങിന് പരിചരണ മുറകൾ നല്കുന്നതിന് അഗ്രോ സർവീസ് സെന്ററുകളെയും, കർമ്മസേനയെയും ശാക്തീകരിക്കുക, മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ യൂണിറ്റുകൾ സ്ഥാപിക്കുക എന്നിവയാണ് തെങ്ങുകൃഷി പുനരുദ്ധരിക്കുന്നതിനുള്ള കാഴ്ചപ്പാട്.

കിഴങ്ങു വർഗ്ഗം, ഇഞ്ചി, മഞ്ഞൾ കൃഷി, ഫലവർഗ്ഗങ്ങൾ, പുഷ്പകൃഷി, ഓണാട്ടുകരയിലെ എള്ള് കൃഷി, കൂൺകൃഷി എന്നിവയ്ക്കായി പ്രത്യേക പദ്ധതി ആവിഷ്കരിക്കാൻ കൃഷി ഉപസമിതി ഉദ്ദേശിക്കുന്നു.

### ജലസേചനം

നീർത്തടം അടിസ്ഥാനപ്പെടുത്തിയുള്ള ശാസ്ത്രീയമായ വികസന പരിപാടികൾ വിവിധ വകുപ്പുകളുടെയും ജനപങ്കാളിത്തത്തോടെയും നടപ്പിലാക്കുക വഴി ജലാശയങ്ങളെ അതിർത്തി നിശ്ചയിച്ച് സുരക്ഷിതമായി നിലനിർത്തുക, ആവശ്യമെങ്കിൽ പുനരുജ്ജീവിപ്പിക്കുക, കൈയേറ്റം, മാലിന്യ നിക്ഷേപം ഇവയ്ക്കെതിരെ ജനങ്ങളെ ബോധവൽക്കരിക്കുക, ശ്രദ്ധജല ലഭ്യത വർഷം മുഴുവൻ ഉറപ്പാക്കാൻ കുളങ്ങൾ, കിണറുകൾ, മഴക്കുഴികൾ, മഴവെള്ള സംഭരണികൾ ഇവ നിർമ്മിക്കുക, ജലസേചന പദ്ധതികളുടെ അറ്റകുറ്റ പണികൾ പൂർണ്ണമായും പ്രാവർത്തികമാക്കുക, ഓരുവെള്ളം മൂലമുള്ള കൃഷി നാശം തടയുന്നതിന് സ്ഥിരം സംവിധാനം ഏർപ്പെടുത്തുക, പാടശേഖരങ്ങളുടെ ബണ്ട് ബലപ്പെടുത്തുക, തരിശ്ശ് കിടക്കുന്ന പാടശേഖരങ്ങൾ ശ്രദ്ധജല സ്രോതസ്സുകളാക്കി മാറ്റുക, വേമ്പനാട് കായൽ, ആലപ്പുഴ – ചേർത്തല കനാൽ, ആലപ്പുഴ – ചങ്ങനാശ്ശേരി കനാൽ, കുട്ടംപേരൂർ നദി എന്നീ ജലാശയങ്ങൾക്ക് ആവശ്യമായ നവീകരണ പദ്ധതികൾ ആവിഷ്കരിക്കുക.

മേൽ വിവരിച്ച പദ്ധതികൾ നടപ്പിലാക്കുന്നതിലൂടെ 100 ശതമാനം കാർഷികോൽപ്പാദനം ജലസംരക്ഷണം, ജലസേചനം, പരിസ്ഥിതി സംരക്ഷണം, മാലിന്യ - ഉറവിട സംസ്കരണം ഇവയെല്ലാം തന്നെ നടപ്പിലാക്കുന്നതിനുള്ള ജില്ലാ പ്രവർത്തനങ്ങൾ ഉൾപ്പെടുന്നു. ഇതിനായി ഏറ്റവും അടിസ്ഥാനപരമായ വികസനം പഞ്ചായത്തടിസ്ഥാനത്തിൽ ക്രോഡീകരിച്ച് വിവിധ

വകുപ്പുകളുടെ ആശയങ്ങൾ സംയോജിപ്പിച്ച് നീർത്തടം അടിസ്ഥാനത്തിൽ പദ്ധതികൾ ആവിഷ്കരിക്കുകയാണ് ചെയ്യേണ്ടത്.

ശ്രുക്ഷമായ കടലാക്രമണം തടയുന്നതിന് പുലിമുട്ട്/കടൽ ഭിത്തി ഇവ നിർമ്മിക്കുക, ജലാശയങ്ങളുടെ സംരക്ഷണവും നവീകരണവും, മലീനീകരണ നിയന്ത്രണവും ഉറപ്പുവരുത്തുക എന്നിവയാണ് പ്രധാന മുൻഗണനാലക്ഷ്യങ്ങൾ. ജലസേചന പദ്ധതികളുടെ അറ്റകുറ്റ പണികൾക്കായി, കനാൽ വൃത്തിയാക്കൽ അടിയന്തിരമായി നടപ്പിലാക്കുന്നതിന് കനാൽ ബണ്ട് റോഡുകളും, ഇൻസ്പെക്ഷൻ റോഡുകളും ടാർ ചെയ്ത് സഞ്ചാരയോഗ്യമാക്കണം എന്നും വിഷയസമിതി ഉദ്ദേശിക്കുന്നു.

### മണ്ണ് – ജല സംരക്ഷണം

കേരളത്തിന്റെ സുസ്ഥിര വികസനം ഉറപ്പാക്കുന്നതിനുവേണ്ടി ആവിഷ്കരിച്ച നവകേരളം കർമ്മപദ്ധതിയിലെ ഏറ്റവും പ്രധാന മിഷനായ ഹരിതകേരളം മിഷന്റെ ലക്ഷ്യങ്ങൾ നിറവേറ്റുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഏറ്റെടുക്കുവാനുദ്ദേശിക്കുന്ന ജല സംരക്ഷണ (ജലസമൃദ്ധി) പ്രവർത്തനങ്ങളുടെ ആസൂത്രണവും നിർവ്വഹണവും നീർത്തടാടിസ്ഥാനത്തിൽ നടത്തി ജലലഭ്യതയും ഉല്പാദന ക്ഷമതയും ഉറപ്പുവരുത്തുകയാണ്. കൂടാതെ പുതിയ ജല സംരക്ഷണ വിനിയോഗ സംസ്കാരവും ജല സാക്ഷരതയും ജനങ്ങളിൽ വളർത്തിയെടുക്കുക, ജലസുരക്ഷയും പാരിസ്ഥിതിക സുരക്ഷയും ഭാവിതലമുറയ്ക്ക് ഉറപ്പാക്കുക, നിലവിലുള്ള ജലസ്രോതസുകളുടെ നവീകരണവും, ശ്രുദ്ധീകരണവും വിനിയോഗവും, സുസ്ഥിര പരിപാലനവും ഉറപ്പാക്കുക എന്നിവ ലക്ഷ്യമിടുന്നു.

കിണറുകളുടെ ശ്രുചീകരണവും, മഴവെള്ള റീചാർജിങ്ങും നടപ്പാക്കുക, മഴവെള്ളം പരമാവധി മണ്ണിലേയ്ക്ക് ഇറങ്ങുംവിധം അനുയോജ്യമായ സാങ്കേതിക വിദ്യകൾ പ്രയോഗിക്കുക, ജലത്തിന്റെ വ്യാവസായ-ഗാർഹിക ദുർവ്യയം കുറയ്ക്കുക, ജല ബജറ്റിംഗ്രം, ഓഡിറ്റിംഗ്രം നടപ്പാക്കുക, മണ്ണിന്റെ ആഴം, ഘടന, മണ്ണൊലിപ്പ് എന്നിവ അടിസ്ഥാനമാക്കി ജൈവസമ്പത്ത് സംരക്ഷിക്കുകയും, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലൂടെ ജലസംരക്ഷണം ഉറപ്പാക്കുകയും ചെയ്യുക എന്നിവയാണ് പ്രാധാന്യം നൽകുവാൻ ഉദ്ദേശിക്കുന്നത്.

മാലിന്യം നിക്ഷേപിച്ച് ഒഴുക്ക് നിലച്ച തോടുകളും, കനാലുകളും പുനരുജ്ജീവിപ്പിക്കുക, ഗ്രാമപഞ്ചായത്ത് തലത്തിൽ ചെറു നീർത്തടങ്ങൾ വേർതിരിച്ചുള്ള വിവരശേഖരണം നടത്തി നീർത്തടപ്ലാനുകൾ തയ്യാറാക്കി ബ്ലോക്ക് പരിധിക്കകത്തുള്ള ചെറു നീർത്തടങ്ങളെ അടിസ്ഥാന യൂണിറ്റായി എടുത്ത് മുൻഗണനാക്രമത്തിൽ പദ്ധതികൾക്ക് രൂപം നൽകുന്നതിനാണ് നിശ്ചയിച്ചിട്ടുള്ളത്.

മണ്ണ് – ജലം, ജൈവ സമ്പത്ത് എന്നീ അമൂല്യങ്ങളായ പ്രകൃതി വിഭവങ്ങളുടെ ശാസ്ത്രീയമായ വിവര ശേഖരണം നടത്തുകയും ഇതുവഴി മണ്ണിന്റെ ഘടന, രാസ – ഭൌതിക സ്വഭാവങ്ങൾ, കഴിവുകൾ പരിമിതികൾ എന്നിവ കൃത്യമായി മനസ്സിലാക്കി അതിന്റെ അടിസ്ഥാനത്തിൽ ആ പ്രദേശത്തിന്റെ സുസ്ഥിര വികസനത്തിനായുള്ള വികസന പദ്ധതികളും വിവിധ മണ്ണ്-ജല സംരക്ഷണ പദ്ധതികൾ ശാസ്ത്രീയമായി നടപ്പിലാക്കുക എന്ന കാഴ്ചപ്പാടിനാണ് മണ്ണ്-ജല സംരക്ഷണ ഉപസമിതി രൂപം നല്കിയിട്ടുള്ളത്.

141400 ഭ്രവിസ്തൃതിയുള്ള ജില്ലയിൽ ഭ്രവിനിയോഗം 105158 ഹെക്ടർ ആണ്. ഇതിൽ 20000 ഹെക്ടറിൽ മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. ബാക്കിയുള്ളവയിൽ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി മണ്ണ് - ജല സംരക്ഷണ പദ്ധതികൾ നടപ്പാക്കാൻ വിഷയ ഉപസമിതി ഉദ്ദേശിക്കുന്നു. പ്രകൃതി വിഭവങ്ങളായ മണ്ണ്, ജലം, സസ്യസമ്പത്ത്, എന്നിവമേലുള്ള മനുഷ്യന്റെ കടന്നാക്രമണം തടയുക, അതിന് ശാസ്ത്രീയമായ ആസൂത്രണവും, നിർവ്വഹണവും അത്യന്താപേക്ഷിതമാണ്.

## മൃഗ സംരക്ഷണം

ആലപ്പുഴ ജില്ല പാൽ, മുട്ട, മാംസം എന്നിവയുടെ ഉല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്ന ജില്ലായാവണം കൂടാതെ മൃഗസംരക്ഷണ മേഖലയിലെ കർഷകർക്ക് 24 മണിക്കൂറും വെറ്ററിനറി സേവനം ലഭ്യമാക്കുന്നതിലൂടെ കർഷകനിൽ ആത്മവിശ്വാസം വളർത്തുവാനും കൂടുതൽ കർഷകരെ ഈ രംഗത്തേയ്ക്ക് ആകർഷിക്കുവാനും കഴിയണം എന്ന കാഴ്ചപ്പാടിന് വിഷയ ഉപസമിതി രൂപം നൽകിയിട്ടുണ്ട്. ഇതിനായി മൃഗസംരക്ഷണ വകുപ്പിനെ ഫലപ്രദമായ രീതിയിൽ പുനഃക്രമീകരിക്കുകയും വെറ്ററിനറി ചികിത്സ, പദ്ധതി നിർവ്വഹണം ബോധവൽകരണ പ്രവർത്തനങ്ങൾ തുടങ്ങിയവ ലഭ്യമായ മാനവ വിഭവശേഷി ഉപയോഗിച്ച് കാര്യക്ഷമമായി നിർവ്വഹിക്കുകയും ചെയ്യണം എന്ന് വിഷയ ഉപസമിതി ഉദ്ദേശിക്കുന്നു. എല്ലാ മൃഗാശുപത്രികളിലും ഡേറ്റാ എൻട്രിക്കും ലബോറട്ടറി പ്രവർത്തനത്തിനുമുള്ള മാനവവിഭവ ശേഷി ലഭ്യമാക്കുകയും അടിസ്ഥാന സൌകര്യങ്ങൾ വികസിപ്പിക്കുകയും ചെയ്യണം എന്ന് നിർദ്ദേശിക്കുന്നു.

എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിലും ന്യായവില മെഡിക്കൽ ഷോപ്പുകൾ സ്ഥാപിക്കുന്നവഴി കർഷകർക്ക് കുറഞ്ഞ വിലയ്ക്ക് മരുന്നുകൾ ലഭ്യമാക്കുക, എല്ലാ ബ്ലോക്കുകളിലും ലൈസൻസ്ഡ് അറവുശാലകൾ സ്ഥാപിക്കുന്നത് വഴി സുരക്ഷിതമായ മാംസം സമൂഹത്തിന് ലഭ്യമാക്കുക തുടങ്ങിയ പദ്ധതികൾ കാഴ്ചപ്പാടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നവർക്ക് യഥാരീതിയിലുള്ള മാർഗ്ഗനിർദ്ദേശം നൽകുന്നതിനായി ഒരു സംരംഭകത്വ സഹായസെൽ രൂപീകരിക്കുകയും മൃഗസംരക്ഷണ മേഖലയിലെ വിവിധ ഇനം തൊഴിലുകൾ (ഉദാഹരണം - കറവ) ചെയ്യുവാൻ പരിശീലനം ലഭിച്ച തൊഴിലാളികളുടെ ലേബർ ബാങ്ക് രൂപീകരിക്കുകയും ചെയ്ത് ഈ മേഖലയിലെ കർഷകർക്ക് വേണ്ടുന്ന എല്ലാവിധ സഹായങ്ങളും ചെയ്യാൻ സാധിക്കണം. കൂടാതെ സർക്കാർ നിയന്ത്രണത്തിലുള്ള സംഭരണ വിപണന കേന്ദ്രങ്ങൾ സ്ഥാപിച്ച് ഉല്പന്നങ്ങൾക്കും, ഉപോല്പന്നങ്ങൾക്കും സുസ്ഥിരമായ വിപണി ഉറപ്പുവരുത്താം എന്നും വിഷയസമിതി നിർദ്ദേശിക്കുന്നു.

## ക്ഷീരവികസനം

പാലുൽപാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുക എന്ന കാഴ്ചപ്പാടിനാണ് ക്ഷീരവികസന ഉപസമിതി രൂപം നൽകിയിട്ടുള്ളത്. പാലുൽപ്പന്ന നിർമ്മാണ മേഖലയിൽ പ്രതിവർഷം കുറഞ്ഞത് 350 പേർക്ക് തൊഴിൽ നൽകുക, മായം ചേർക്കാത്തതും ആരോഗ്യ സംരക്ഷകവുമായ പാലിന്റെ ലഭ്യത ഉറപ്പു വരുത്തുക എന്ന ലക്ഷ്യം വിഷയ സമിതി ഉദ്ദേശിക്കുന്നു. പോഷക സമൃഷ്ടവും ഗുണനിലവാരമുള്ളതുമായ കാലിത്തീറ്റയുടെ ലഭ്യത ഉറപ്പ് വരുത്തുക. കറവമാടുകൾക്ക് ആവശ്യമുള്ള തീറ്റപ്പുല്ല് ഇവിടെത്തന്നെ ഉല്പാദിപ്പിക്കുക, എല്ലാ ക്ഷീര

കർഷകർക്കും പരിസ്ഥിതി സൌഹൃദമായ കാലിത്തൊഴുത്തുകൾ നിർമ്മിക്കുവാനും ചാണകം, ഗോമൂത്രം എന്നിവ വളമാക്കി മാറ്റുന്നതിനുള്ള സംവിധാനം ഒരുക്കുകയും ചെയ്യുക, എല്ലാ ക്ഷീരസംഘങ്ങളും ലാഭകരമായി പ്രവർത്തിക്കുന്നതിനും 2006-ലെ ഭക്ഷ്യസുരക്ഷാ നിയമങ്ങൾ പാലിച്ച് പ്രവർത്തിക്കുന്നതിനുമുള്ള സാഹചര്യം സൃഷ്ടിക്കുക എന്നിങ്ങനെയുള്ള കാഴ്ചപ്പാടുകളും ഉൾപ്പെടുത്തിയിരിക്കുന്നു.

## മത്സ്യ വികസനം

മത്സ്യമേഖലയുടെ വികസനത്തിനുതകുന്ന രീതിയിലുള്ള പദ്ധതികൾ ആവിഷ്കരിച്ച്, മത്സ്യത്തൊഴിലാളികളുടെ ജീവിതനിലവാരം ഉയർത്തുന്നതിനും, സാമ്പത്തികസ്ഥിതി മെച്ചപ്പെടുത്തുന്നതിനും വേണ്ടി ഫിഷറീസ് മാനേജ്മെൻറ് കൌൺസിൽ ശക്തിപ്പെടുത്തി കേരള മറൈൻ ഫിഷറീസ് ആക്ട് നടപ്പിലാക്കേണ്ടതുണ്ട്. ഇതുവഴി മത്സ്യ ഉത്പാദനം വർദ്ധിപ്പിക്കുവാനും തനത് മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനും, ഫിഷറീസ് സ്റ്റേഷൻ നിർമ്മാണവും, ഹാർബറുകളുടെ വികസനവും, മത്സ്യബന്ധന മേഖലയുടെ സമഗ്ര വികസനത്തിനുതകുന്നതും, പ്രകൃതി കാലാവസ്ഥാ വ്യതിയാനങ്ങൾ മൂലം മത്സ്യത്തൊഴിലാളികളുടെ ജീവിതത്തിലുണ്ടാകാവുന്ന ആഘാതങ്ങളെ കുറയ്ക്കുവാനും സാധിക്കുന്നതാണ് എന്ന് വിഷയ സമിതി കണ്ടെത്തിയിരിക്കുന്നു.

വിവരസാങ്കേതിക വിദ്യ വളരെയധികം ഉയർന്ന് നിൽക്കുന്ന ഈ കാലഘട്ടത്തിൽ സമുദ്ര മേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളികളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്ന രീതിയിലുള്ള ഒരു മൊബൈൽ ആപ്ലിക്കേഷൻ അവതരിപ്പിക്കുക, തീരസംരക്ഷണം പ്രകൃതി വിഭവങ്ങൾക്ക് കോട്ടം വരാത്ത രീതിയിൽ നടപ്പിലാക്കുക, വൻ മത്സ്യകൃഷി സാധ്യതയുള്ള ഉൾനാടൻ മേഖലയിലേക്ക് വേണ്ട ഗുണനിലവാരമുള്ള മത്സ്യവിത്തുകൾ ലഭ്യമാക്കുക, ലബോറട്ടറി സൌകര്യങ്ങൾ ഒരുക്കുക, നാടൻ മത്സ്യ ഇനങ്ങളെ വളർത്തുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുക, ഉൾനാടൻ ജലാശയങ്ങളുടെ മലിനീകരണം തടഞ്ഞ് ആഴം കൂട്ടി മത്സ്യബന്ധനത്തിനുപയോഗിക്കാവുന്ന രീതിയിലെത്തിക്കുകയും, ഫിഷറീസ് വകുപ്പിന്റെ നേതൃത്വത്തിൽ വേമ്പനാട് കായൽ വികസന അതോറിറ്റി സ്ഥാപിക്കുകയും ചെയ്യുക എന്ന കാഴ്ചപ്പാടിനാണ് വിഷയസമിതി ഊന്നൽ നൽകുന്നത്.

## പരിസ്ഥിതി, കാലാവസ്ഥ വ്യതിയാനം, വനവികസനം

പരിസ്ഥിതിയുടെ സന്തുലനാവസ്ഥ നിലനിർത്തുന്നതിന് വനവത്കരണം നടത്തുക, ജല മലിനീകരണവും വായു മലിനീകരണവും തടയുക, പരിസര ശുചിത്വം ഉറപ്പാക്കുക എന്നുള്ളതാണ് വിഷയ ഉപസമിതിയുടെ പ്രധാന കാഴ്ചപ്പാട്.

ആഗോളതാപനത്തെപ്പറ്റിയും അതിന്റെ ഫലമായി ഉണ്ടാകുന്ന കാലാവസ്ഥ വ്യതിയാനത്തെപ്പറ്റിയും പൊതുജനങ്ങളെ ബോധവൽകരിക്കുന്നതിനുള്ള വിവിധ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിന് വനം വകുപ്പ് മുഖ്യ പരിഗണന നൽകുന്നു. സമുദ്രനിരപ്പിൽ നിന്നും താഴ്ന്ന പ്രദേശമായ കുട്ടനാട് ഉൾപ്പെടുന്ന ആലപ്പുഴ ജില്ലയിലെ ജനങ്ങൾക്ക് കാലാവസ്ഥാ വ്യതിയാനം മൂലമുണ്ടാകുന്ന പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് മുന്നറിയിപ്പ് നൽകുന്നതിനുള്ള സ്ഥിരം സംവിധാനം ഉണ്ടാകലും ഹരിതതീരം പദ്ധതി കൂടുതൽ സ്ഥലങ്ങളിൽ വ്യാപിപ്പിക്കലും പരിഗണനാവിഷയങ്ങളാണ്.

പരിസ്ഥിതിയ്ക്ക് ദോഷമായി തീരുന്ന അക്കേഷ്യ മരങ്ങൾ പടിപടിയായി ഉന്മൂലനം ചെയ്യണം എന്ന കാഴ്ചപ്പാടാണ് വിഷയ ഉപസമിതിയ്ക്ക് ഉള്ളത്. ജില്ലയുടെ വൃക്ഷാവരണം വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളായ വനവൽകരണം, നക്ഷത്രവനം, ജൈവവൈവിധ്യ ഉദ്യാനങ്ങൾ, ഔഷധസസ്യ തോട്ടം, ഫലവൃക്ഷ തോട്ടം, ചിത്രശലഭ ഉദ്യാനങ്ങൾ എന്നിങ്ങനെയുള്ള പദ്ധതികൾ പരിസ്ഥിതി സംഘടനകൾ വിദ്യാലയങ്ങളുമായി സഹകരിച്ച് പ്രകൃതിയെ ഹരിതാഭമാക്കുന്നു എന്നും, കാവു സംരക്ഷണ സമിതികൾ, കാവുകളുമായി ബന്ധപ്പെട്ട വനവത്കരണം, ബോധവത്കരണ ക്ലാസ്സുകൾ തുടങ്ങിയവ ഏറ്റെടുത്ത് നടത്തുന്നു എന്നും ഉപസമിതി കണ്ടെത്തിയിരിക്കുന്നു.

വന്യജീവി നിയമം 1972ലെ പട്ടികയിൽ ഉൾപ്പെടുന്ന കടൽ ജീവികളുടെ സംരക്ഷണത്തിനുള്ള ബോധവത്കരണ പ്രവർത്തനങ്ങൾ തീരദേശ സ്കൂളുകളിൽ നടത്തുക, നാടുമാവിൻ തൈകളുടെ ഉല്പാദനം, തോട്ടം തയ്യാറാക്കൽ, നാടു മാവിൻ തൈ വിതരണം, കണ്ടൽ സംരക്ഷണ പ്രവർത്തനങ്ങൾ, മരങ്ങളിൽ ആണി അടിച്ച് പരസ്യ ഫലകങ്ങൾ സ്ഥാപിച്ച് അവ നശിപ്പിക്കുന്നതിനെതിരെ പ്രചാരണം, കണക്കെടുപ്പുകൾ (വൃക്ഷ കണക്കെടുപ്പ്, നീർപക്ഷി സർവ്വേ, കടൽപക്ഷി സർവ്വേ), സർവ്വേകൾ, പദയാത്രകൾ, ബോധവത്കരണ ക്ലാസ്സുകൾ, നദി പുനരുജ്ജീവന പ്രവർത്തനങ്ങളിൽ വിദ്യാർത്ഥികളുടെ / സ്കൂളുകളുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ (കൃഷ്ണപുരം ആറ്, വരട്ടാറ്, ഉത്തരപ്പള്ളിയാറ്), ഹരിത നിയമാവലി പാലിക്കുന്നതിന് പൊതുജനങ്ങൾക്ക് ബോധവത്കരണം നടത്തുക എന്നിവയാണ് വനവൽകരണം പ്രോത്സാഹിപ്പിക്കുന്നതിനുള്ള കാഴ്ചപ്പാട്.

### വ്യവസായം, വാണിജ്യം

വരുന്ന അഞ്ച് വർഷം കൊണ്ട് ജില്ലയിൽ കേന്ദ്ര സംസ്ഥാന പദ്ധതികളിലൂടെ പതിനായിരം പുതിയ യൂണിറ്റുകൾ തുടങ്ങുക എന്നതാണ് വ്യവസായ, വാണിജ്യ വികസന ഉപസമിതിയുടെ കാഴ്ചപ്പാട്. ഇതിനുവേണ്ടി ജനങ്ങളിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിച്ചെങ്കിൽ മാത്രമേ പുതിയ സംരംഭകരെ ഈ മേഖലയിലേക്ക് കൊണ്ടുവരുവാൻ സാധിക്കുകയുള്ളു. അഗ്രോഫുഡ് മേഖലയിലെ സാദ്ധ്യതകൾ പൂർണ്ണമായും ജില്ലയിൽ ഉപയോഗിച്ചിട്ടില്ല. റെഡിമെയ്ഡ് ഗാർമെൻറ്സ്, ജനറൽ എഞ്ചിനിയറിംഗ് യൂണിറ്റ്, സിമന്റ് പ്രോഡക്ട്, റിപ്പയർ ആൻറ് സർവ്വീസ് യൂണിറ്റ് എന്നിവയ്ക്കും ടൂറിസം അടിസ്ഥാനമാക്കിയുള്ള വ്യവസായങ്ങൾ, ഹോം സ്റ്റേ അടക്കമുള്ള വ്യവസായങ്ങൾക്കും സാദ്ധ്യതകൾ ഉള്ളതായി വ്യവസായ ഉപസമിതി കാണുന്നു.

കൈത്തറി, കയർ, കരകൗശല സംരംഭങ്ങളെ ടൂറിസം മേഖലയുമായി ബന്ധപ്പെടുത്തി പദ്ധതികൾ ആവിഷ്കരിക്കുവാൻ വിഷയ ഉപസമിതി ഉദ്ദേശിക്കുന്നു. പീഡിത വ്യവസായങ്ങളെ കണ്ടുപിടിച്ച് ധനകാര്യ സ്ഥാപനങ്ങളുടെ സഹായത്തോടെ പുനരുദ്ധരിക്കുവാൻ പുതിയ പാക്കേജ് പ്രഖ്യാപിച്ചുകൊണ്ട് അവയെ ശക്തിപ്പെടുത്തുന്നതിനുവേണ്ട നടപടികളും കാഴ്ചപ്പാടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

### കയർ, സ്വയം തൊഴിൽ സംരംഭങ്ങൾ

പ്രാദേശികമായി ചകിരി ഉത്പാദന രംഗത്ത് ഉത്പാദനക്ഷമത വർദ്ധിപ്പിക്കുവാനും അതുമൂലം ചകിരി ക്ഷാമം പരിഹരിക്കുവാനും തമിഴ്നാടിനോടുള്ള അമിത ആശ്രയത്വം

മാറ്റിയെടുക്കുവാനുമായി സഹകരണ മേഖലയിൽ പുതിയതായി ഡീഫൈബറിംഗ് മില്ലുകൾ, കയറിന്റെ ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി നിലവിലുള്ള പരമ്പരാഗത റാട്ടിനു പകരം ഇലക്ട്രോണിക് റാട്ടുകൾ നല്കിയും സ്ഥല സൌകര്യങ്ങൾ ആവശ്യത്തിന് ലഭ്യമായ സഹകരണ സംഘങ്ങളിൽ ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിച്ച് കയർപിരി മേഖലയിൽ ഇപ്പോഴുള്ള ഉത്പാദനക്ഷമത നാലിരട്ടിയിൽ അധികം വർദ്ധിപ്പിക്കുക എന്നിവയാണ് കയർമേഖലയെ പുനരുദ്ധരിക്കുന്നതിനുള്ള കാഴ്ചപ്പാട്.

സ്വകാര്യ മേഖലയിലും പുതിയ ഡീഫൈബറിംഗ് മില്ലുകൾ സ്ഥാപിച്ച് ജില്ലയിൽ ആവശ്യമായി വരുന്ന ചകിരിയുടെ 50 ശതമാനത്തോളം ജില്ലയിൽ തന്നെ ഉത്പാദിപ്പിക്കുക എന്നതാണ് പരിഹാരം. കൃഷിക്കാരുമായി ബന്ധപ്പെടുത്തിയും പഞ്ചായത്തുകൾതോറും കുടുംബശ്രീയുമായി ബന്ധപ്പെടുത്തിയും, നാളികേര ക്ലസ്റ്ററുകളുമായി ബന്ധപ്പെടുത്തിയും കയർ സഹകരണ സംഘങ്ങൾ മുഖേനയും തൊണ്ട് സംഭരണം ത്വരിതപ്പെടുത്തുക മുതലായ പദ്ധതികൾ ഉപസമിതി നിർദ്ദേശിക്കുന്നു.

കയർ രംഗത്തെ കേന്ദ്രഗവേഷണ സ്ഥാപനമായ സി.ഡി.ആർ.ഐ. സംസ്ഥാനതല ഗവേഷണ സ്ഥാപനമായ എൻ.സി.ആർ.എം.ഐ. എന്നിവയുടേയും മറ്റ സർവകലാശാലകളുടേയും ഗവേഷണ സ്ഥാപനങ്ങളുടേയും അറിവുകൾ ഉത്പാദന രംഗത്ത് കൊണ്ടുവരുക. ഉദാഹരണമായി ജലാശയങ്ങളിൽ അഴിക്കിയിരുന്ന തൊണ്ടിൽ നിന്നും ലഭിച്ചിരുന്ന സുവർണ്ണ നാര് ജലാശയങ്ങളിൽ അഴുക്കാതെയും രാസവസ്തുക്കൾ ഉപയോഗിക്കാതെയും ഉത്പാദിപ്പിക്കുന്ന സാങ്കേതികവിദ്യ തിരുവനന്തപുരത്തെ NIIST-CSIR വികസിപ്പിച്ചിട്ടുണ്ട്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സംരംഭക സഹായ സെല്ലുകൾ (EG cell) സ്ഥാപിക്കുക, കോളേജുകളിൽ സംരംഭക വികസന (ഇ.ഡി.) ക്ലബ്ബുകൾ, സംരംഭക സഹായ (EG cell) സെൽ തുടങ്ങിയവയ്ക്കായി കൂടുതൽ പണം അനുവദിക്കുക, പലതലങ്ങളിലായി വർക്ക് ഷോപ്പുകൾ, ക്ലാസ്സുകൾ, പരിശീലനങ്ങൾ തുടങ്ങിയവ നടത്തുക, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വ്യവസായ ഇൻകുബേഷൻ സെന്ററുകൾ തുറക്കുക, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്ക് സ്വയം തൊഴിൽ സംബന്ധിച്ച് ക്ലാസ് നൽകുകയും അവർ ജനങ്ങളിലേയ്ക്ക് ക്ലാസുകൾ മുഖേന അറിവ് പകരുകയും ചെയ്യുക എന്ന കാഴ്ചപ്പാടിനാണ് കയർവികസന ഉപസമിതി രൂപം നൽകിയിട്ടുള്ളത്.

കയർ മാറ്റ്സ് ആന്റ് മാറ്റിംഗ്സ് സഹകരണ സംഘങ്ങളിൽ 5 ടഫ്റ്റഡ് മാറ്റ്സ് മാനുഫാക്ചറിംഗ് യൂണിറ്റുകൾ സ്ഥാപിച്ച് കയർ ഉത്പന്ന നിർമ്മാണ രംഗത്ത് ഉത്പാദന ക്ഷമത വർദ്ധിപ്പിക്കുക, ഉത്പന്ന വൈവിധ്യവത്ക്കരണം നടപ്പിലാക്കുക. ചകിരി ഉത്പാദന രംഗത്തുനിന്ന് ലഭിക്കുന്ന ചകിരിച്ചോറുപയോഗിച്ച് വിവിധ തരത്തിലുള്ള ഉത്പന്നങ്ങൾ നിർമ്മിക്കുക, കയർ - കരകൗശല ഉത്പന്നങ്ങളുടെ വിപണനം ശക്തമാക്കുക എന്നിവയും വകുപ്പിന്റെ ലക്ഷ്യമാണ്. പൊടിച്ചകിരി ഉപയോഗിച്ച് ചെടിച്ചട്ടികൾ, മെത്തകൾ തുടങ്ങിയവ ഉല്പാദിപ്പിക്കുന്ന യൂണിറ്റുകൾ ആരംഭിക്കുക, നീഡിൽ ഫെൽറ്റ് ഫാക്ടറികൾ സ്ഥാപിക്കുക, സർക്കാർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സഹകരണബാങ്കുകൾ തുടങ്ങിയവ ബഹുനില സംരംഭ പാർക്കുകൾ സ്ഥാപിക്കുക, പലതലങ്ങളിലായി വർക്ക് ഷോപ്പുകൾ, ക്ലാസ്സുകൾ, പരിശീലനങ്ങൾ തുടങ്ങിയവ നടത്തുക, കയർ, തദ്ദേശീയ ഉല്പന്നങ്ങളുടെ ആഭ്യന്തര വിപണി വികസിപ്പിക്കുന്നതിനായി വിപണന മേളകൾ സംഘടിപ്പിക്കുക എന്നിവയും കാഴ്ചപ്പാടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## ആരോഗ്യം

### a) ആയുർവേദം

നവകേരളം പദ്ധതിയുടെ ഭാഗമായി ആർദ്രം മിഷൻ പ്രകാരം അടിസ്ഥാന ചികിത്സാ സൗകര്യം വർദ്ധിപ്പിക്കുക, എല്ലാവിധ സ്പെഷ്യാലിറ്റികളുടേയും പ്രയോജനം ജനങ്ങൾക്ക് ലഭ്യമാക്കുക എന്ന കാഴ്ചപ്പാടിലാണ് വിഷയ ഉപസമിതി എത്തിച്ചേർന്നിരിക്കുന്നത്. ജില്ലയിലെ ആയുർവ്വേദ ചികിത്സാ രംഗം നേരിടുന്ന മാവനവിഭവശേഷിക്കുറവ് പരിഹരിക്കുക, ഔഷധസസ്യകൃഷി പരിപാലനവും, ഔഷധ നിർമ്മാണ സൌകര്യവും ജൈവവൈവിധ്യ സംരക്ഷണവും ജില്ലയുടെ പ്രത്യേക ഭൂപ്രകൃതിക്ക് അനുസൃതമായ ഔഷധസസ്യ കൃഷിയും വിപുലമാക്കുക എന്ന് ഉപസമിതി ഉദ്ദേശിക്കുന്നു.

ലോകമെമ്പാടുമുള്ള ജനങ്ങൾ ആയുർവേദ ചികിത്സയ്ക്കായി എത്തുന്ന ഈ ജില്ലയിൽ ടൂറിസംരംഗത്ത് ആയുർവേദത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുന്ന പദ്ധതികൾ സർക്കാർ തലത്തിൽ ഉണ്ടാകണം എന്ന് ഉപസമിതി കാഴ്ചപ്പാടിൽ മുന്നോട്ടു വയ്ക്കുന്നു.

അയുർവേദത്തിന്റെ അടിസ്ഥാന സിദ്ധാന്തങ്ങളെ ആധുനിക കാലഘട്ടത്തിന്റെ ആരോഗ്യ കാഴ്ചപ്പാടുകളും ആധുനികമായ അറിവുകളും സന്നിവേഷിപ്പിച്ച് നൂതനവും കാര്യക്ഷമവുമായ ചികിത്സാമാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനുവേണ്ടി ഗവേഷണ പ്രവർത്തനങ്ങൾ ആവശ്യമാണ്. ഇതിനുവേണ്ടി ഇട്ടി അച്യുതന്റെ നാമധേയത്തിൽ ഗവേഷണകേന്ദ്രം സ്ഥാപിക്കുക എന്ന നിർദ്ദേശം ഉപസമിതി മുന്നോട്ടു വയ്ക്കുന്നു.

പുത്തൻ തലമുറ ലഹരി മരുന്നിന്റെയും മറ്റും പിന്നാലെ പോയി ക്രിയാത്മകത നശിച്ച ഒരു സമൂഹമായി മാറിക്കൊണ്ടിരിക്കുകയാണ്. ഈ സാഹചര്യത്തിൽ ആയുർവേദം അനുശാസിക്കുന്ന മൂല്യബോധനത്തിനുവേണ്ടി സ്കൂൾ തലത്തിൽ സംയോജിതമായ തീവ്രശ്രമം ആവശ്യമാണ്. എല്ലാ സ്കൂളുകളിലും ആയുഷ് ക്ലബ്ബുകൾ രൂപീകരിച്ചുകൊണ്ട് പ്രവർത്തനം നടത്താവുന്നതാണ് എന്ന് ഉപസമിതി ഉദ്ദേശിക്കുന്നു.

### b) അലോപ്പതി

പകർച്ചവ്യാധികളുടെ എണ്ണം നിയന്ത്രണവിധേയമാക്കുക, ജീവിതശൈലിരോഗങ്ങൾ പ്രതിരോധിക്കുകയും നേരത്തെ കണ്ടെത്തി ശരിയായ ചികിത്സ നല്കി നിയന്ത്രണ വിധേയമാക്കുകയും ചെയ്യുക എന്ന കാഴ്ചപ്പാടിനാണ് വിഷയ ഉപസമിതി രൂപം നൽകിയിട്ടുള്ളത്.

മദ്യം മയക്കുമരുന്ന് എന്നിവയുടെ വ്യാപനം ഫലപ്രദമായി തടയുക, സാന്ത്വന പരിചരണം ഫലപ്രദമായി നടപ്പിലാക്കുക, മുതിർന്ന പൗരന്മാരുടെ ശാരീരികവും മാനസികവുമായ ആരോഗ്യം ഉറപ്പുവരുത്തുക, ജില്ലയിൽ ആകമാനം 100 ശതമാനം പ്രതിരോധ കുത്തിവയ്പ് ഉറപ്പുവരുത്തുക, ആരോഗ്യസ്ഥാപനങ്ങളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുക, അന്യസംസ്ഥാന തൊഴിലാളികളുടെ ആരോഗ്യരക്ഷ ഉറപ്പാക്കുക, വാഹനാപകടങ്ങൾ പരമാവധി കുറയ്ക്കുക എന്നീ നിർദ്ദേശങ്ങൾ വിഷയ ഉപസമിതി മുന്നോട്ട് വയ്ക്കുന്നു.

അടിസ്ഥാനപരമായ ആരോഗ്യ ആവശ്യങ്ങൾ നിറവേറ്റാനുള്ള ഭൗതിക സാഹചര്യങ്ങൾ ഇവർക്ക് തൊഴിലിടങ്ങളിൽ ലഭിക്കുന്നില്ല എന്നും, ആഹാരം ശുചിയായി സൂക്ഷിക്കുന്നതിനോ, കൈകൾ വൃത്തിയാക്കുന്നതിനോ, ശുദ്ധജലം ലഭിക്കുന്നതിനോ ഉള്ള സൗകര്യം ലഭ്യമല്ലാത്തതും. മാത്രമല്ല മലമൂത്ര വിസർജ്ജനത്തിനുള്ള മതിയായ സൗകര്യം പോലും മിക്ക തൊഴിലിടങ്ങളിലും ലഭിക്കാറില്ലാത്തതും സ്ത്രീകളിൽ ആസ്മ, മറ്റ് ശ്വാസകോശ രോഗങ്ങൾ എലിപ്പനി എന്നിവ കൂടി വരുന്നതായും ഇവയിൽ ഒരു സമഗ്ര പഠനം വേണമെന്ന് ആരോഗ്യസമിതി കാണുന്നു.

വയോജനങ്ങളുടെ പരിപാലനത്തിനായി എല്ലാപ്പത്തിൽ എത്താവുന്നതും അധികം അകലെ അല്ലാത്തതുമായ ഒത്തുകൂടൽ കേന്ദ്രങ്ങൾ (Recreation Centres) അംഗനവാടികൾ പോലെ സ്ഥാപിക്കേണ്ടിയിരിക്കുന്നു. അധികം ചെലവില്ലാത്ത ഇവ സ്ഥാപിക്കാവുന്നതാണ് എന്ന് വിഷയ ഉപസമിതിയുടെ നിർദ്ദേശം.

പാർശ്വവത്ക്കരിക്കപ്പെട്ടവരുടെ സമഗ്ര ആരോഗ്യരക്ഷയ്ക്കായി പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്. കുടുംബമായി താമസിക്കുന്നവരുടെ കുട്ടികൾക്ക് പ്രതിരോധ കുത്തിവെയ്പ്പുകൾ നൽകുന്നത് ഉൾപ്പടെയുള്ള കാര്യങ്ങൾ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. എന്നിവയാണ് ഈ മേഖലയെ പുനരുദ്ധരിക്കുന്നതിനുള്ള കാഴ്ചപ്പാട്.

### c) ഹോമിയോപ്പതി

നവകേരളം പദ്ധതിയുടെ ഭാഗമായി ആർദ്രം മിഷൻ പ്രകാരം ഡിസ്പെൻസറികളുടെ വികസനം എന്ന കാഴ്ചപ്പാടിന് പ്രാഥമിക ചികിത്സാ കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ ആധുനികവത്കരിക്കുകയും ചികിത്സാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും ചെയ്യുക, വിവിധ ചികിത്സാ വിഭാഗങ്ങളുടെ സംയോജിത പ്രവർത്തനത്തിലൂടെ പകർച്ചവ്യാധി രോഗ പ്രതിരോധ പ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രാപ്തിയിൽ എത്തിക്കുന്നതിനും ഇടപെടലുകൾ നടത്തുന്നതിനും ഉതകുന്ന വിധത്തിൽ ഫീൽഡ് ജീവനക്കാരെ നിയമിക്കുക, ജില്ലാ വിഭാഗത്തിന്റെ ശാക്തീകരണം എന്നിങ്ങനെയുള്ള കാഴ്ചപ്പാടുകൾ വിഷയസമിതി ഉൾപ്പെടുത്തിയിരിക്കുന്നു.

സ്ഥാപനങ്ങളിലെ മാലിന്യ സംസ്കരണം എന്ന കാഴ്ചപ്പാട് ഇവയിൽ ഏറെ പ്രാധാന്യമർഹിക്കുന്നു. ഈ കാഴ്ചപ്പാട് പ്രാവർത്തികമാക്കുന്നതിനുവേണ്ടി കാലാകാലങ്ങളിൽ ഉണ്ടാകുന്ന ഒഴിഞ്ഞ മരുന്ന് കുപ്പികൾ, മരുന്ന് സ്ട്രിപ്പുകൾ, കൂടകൾ മുതലായ പുനഃരുപയോഗ സാധ്യതയുള്ളവ പുനഃരുപയോഗിക്കുന്നതിനുവേണ്ടിയും ബാക്കിയുള്ളവ ശാസ്ത്രീയമായി സംസ്കരിക്കുന്നതിനും വേണ്ടിയുള്ള മാർഗ്ഗങ്ങൾ വിവിധ യൂണിറ്റുകളായി ഹോംകോയിൽ സ്ഥാപിക്കുകയും, ആശുപത്രികളിലെ ജൈവ/അജൈവ മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് ബയോഗ്യാസ് പ്ലാന്റ്, ഇൻസിനറേറ്റർ എന്നിവ സ്ഥാപിക്കുകയും ചെയ്യുക.

രോഗികളുടെയും രോഗങ്ങളുടെയും കൃത്യമായ വിവരങ്ങൾ ശേഖരിക്കുന്നതിനും വിശകലനം ചെയ്യുന്നതിനും ഹെൽത്ത് മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം (HMIS) അടിയന്തിരമായി നടപ്പിലാക്കുക എന്ന ലക്ഷ്യം വിഷയ സമിതി ഉദ്ദേശിക്കുന്നു. ഇതിനോട് അനുബന്ധിച്ച് ഇ-ഹോസ്പിറ്റൽ സംവിധാനം നടപ്പിലാക്കുമ്പോൾ പൊതുജനത്തിന് മെച്ചപ്പെട്ട ആരോഗ്യസേവനങ്ങൾ നൽകുവാൻ സാധിക്കും.

സ്വതന്ത്ര ചുമതലയിൽ ഒരു മെഡിക്കൽ ഓഫീസറെ നിയമിച്ച് രോഗപ്രതിരോധ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുകയും ഫലപ്രദമായ സർവൈലൻസിനുവേണ്ടി ഐ.ഡി.എസ്.പി.യുമായി വിവരകൈമാറ്റം സാധ്യമാക്കുകയും മുഖ്യധാര പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങളിൽ ഹോമിയോപ്പതി വിഭാഗത്തിന്റെ സാന്നിധ്യം ഉറപ്പുവരുത്തുകയും സുസ്ഥിരമായ പകർച്ചവ്യാധികളുടെ നിയന്ത്രണത്തിനു കാർഷിക വകുപ്പും മൃഗസംരക്ഷണ വകുപ്പും ചേർന്ന് നൂതനമായ പദ്ധതികൾ ആവിഷ്കരിക്കുകയും നടപ്പിലാക്കുകയും ചെയ്യുക വഴി മേഖലയ്ക്ക് പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ കഴിയുമെന്ന് വിഷയസമിതി ഉദ്ദേശിക്കുന്നു. പക്ഷിപ്പനി തുടങ്ങിയ വളർത്തു മൃഗങ്ങളിൽ ഉണ്ടാകുന്ന പകർച്ചവ്യാധികൾക്ക് ഹോമിയോപ്പതി ഔഷധങ്ങൾ ഫലപ്രദമാണ്. ആയതിനാൽ ഹോമിയോപ്പതിയുടെ സാധ്യതകൾ മൃഗ ചികിത്സയിൽ പ്രയോജനപ്പെടുത്തുന്നതിന് സംയുക്ത പദ്ധതികൾ ആവിഷ്കരിക്കുക എന്ന കാഴ്ചപ്പാട് ഹോമിയോ വിഭാഗം മുന്നോട്ട് വയ്ക്കുന്നു.

പൊതുമേഖലാ മരുന്ന് നിർമ്മാണ സ്ഥാപനമായ ഹോംകോയുടെ രണ്ടാംഘട്ട വികസനം ത്വരിതഗതിയിൽ പൂർത്തിയാക്കുക. മരുന്ന് നിർമ്മാണത്തിന് ആവശ്യമായ ഔഷധസസ്യങ്ങൾ

തദ്ദേശീയമായി ഉത്പാദിപ്പിക്കുന്നത്തിന് കുടുംബശ്രീ പോലെയുള്ള സംരംഭങ്ങളുമായി ചേർന്ന് പദ്ധതികൾ ആവിഷ്കരിക്കാവുന്നതാണെന്നും ഹോംകോയോട് അനുബന്ധമായി ഫാർമസി കോളേജ് സ്ഥാപിച്ച് ഡിപ്ലോമ ബിരുദ കോഴ്സുകൾ ആരംഭിക്കുകയും കേന്ദ്ര ഹോമിയോ ഗവേഷണ കൌൺസിലുമായി സഹകരിച്ച് ഔഷധ ഗവേഷണങ്ങൾ ഊർജ്ജിതമാക്കുന്നതിന് സാധ്യതയുണ്ടെന്നും കാഴ്ചപ്പാടിൽ പറയുന്നു.

ജീവിതശൈലി രോഗം മൂലം രോഗികൾ പാർശ്വഫലങ്ങളിലേയ്ക്ക് പോകാതെ സംരക്ഷിക്കുന്നതിന് ആയുഷ് വകുപ്പിലെ പ്രകൃതി, യോഗ എന്നീ വിഭാഗങ്ങളുമായിട്ടുള്ള സംയോജനം കാഴ്ചപ്പാടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സ്പെഷ്യാലിറ്റി ചികിത്സകൾ താലൂക്കുകളിലും ബ്ലോക്കുതലത്തിലും കിടത്തി ചികിത്സയോടെ സ്ഥാപിപ്പിക്കുന്നതിനും ഫ്ലോട്ടിംങ് ഡിസ്പെൻസറികൾ ആരംഭിക്കുന്നതിന്റെ അനിവാര്യതയും ഉപസമിതി ചൂണ്ടികാണിക്കുന്നു. ഹോമിയോപതി ചികിത്സയ്ക്ക് ഇൻഷ്വറൻസ് പരിരക്ഷയുടെ അഭാവത്തിന് പരിഹാരം കാണണമെന്നും ഉപസമിതി ചൂണ്ടികാണിക്കുന്നു.

## കുടിവെള്ളം

ജില്ലയിലെ ശുദ്ധജലവിതരണ പദ്ധതികളും അനുബന്ധ പ്രവൃത്തികളും സമയബന്ധിതമായി പൂർത്തീകരിയ്ക്കുന്നതോടുകൂടി 2022 ആണ്ടോടെ 100% ജനങ്ങൾക്കും 24 മണിക്കൂറും ശുദ്ധ ജല ലഭ്യത ഉറപ്പു വരുത്തുവാനും അതുവഴി ശുചിത്വവും, ആരോഗ്യവുമുള്ള ഒരു ജനസമൂഹത്തെ സൃഷ്ടിക്കുവാനും കഴിയും എന്ന കാഴ്ചപ്പാടിനാണ് ഉപസമിതി രൂപം നൽകിയിട്ടുള്ളത്.

ജലസ്രോതസ്സുകളെ നിലനിർത്തുവാൻ ആവശ്യം സ്വീകരിക്കേണ്ട നടപടികളിൽ ഒന്നാണ് ജല ലഭ്യത കുറഞ്ഞ തീരപ്രദേശത്തും ഉയർന്ന പ്രദേശങ്ങളിലും ഉള്ള മഴവെള്ള ശേഖരണം കെട്ടിടങ്ങളുടെ മുകളിൽ പെയ്യുന്ന മഴവെള്ളം പ്രത്യേക സംവിധാനം വഴി സംഭരണികളിൽ ശേഖരിച്ച് കുളിക്കുന്നതിനും മറ്റാവശ്യങ്ങൾക്കുമായി ഉപയോഗിക്കുകയും ശുദ്ധീകരിച്ച് കുടിക്കുന്നതിനുമായി ഉപയോഗിക്കുകയും ചെയ്യുക, 35 ശതമാനം പേർക്കുകൂടി കുടിവെള്ളം എത്തിക്കുന്നതിനായി പുതിയ ശുദ്ധജല വിതരണപദ്ധതികൾ നടപ്പിലാക്കുകയും വിതരണ ശൃംഖല വിപുലീകരിക്കുകയും ചെയ്യുക, ചേർത്തല മുനിസിപ്പാലിറ്റിയിൽ ഏകദേശം 50 കി.മീറ്ററും 18 പഞ്ചായത്തുകളിൽ ഓരോ പഞ്ചായത്തുകളിലും 5 കി.മീറ്റർ വീതവും പൈപ്പ് ലൈൻ ദീർഘിപ്പിച്ച് ചേർത്തല താലൂക്കിലെ കുടിവെള്ള ലഭ്യത പരിഹരിക്കേണ്ടതാണ് എന്നും വിഷയ ഉപസമിതി നിർദ്ദേശിക്കുന്നു.

ആലപ്പുഴ മുനിസിപ്പൽ പ്രദേശം 9 മേഖലകളായി തിരിച്ച് ടി മേഖലയ്ക്ക് ഓരോന്നിനും ഓരോ ഉന്നതതല ജല സംഭരണി നിർമ്മിക്കുകയും നിലവിലെ പഴകിയ മുഴുവൻ പൈപ്പ് ലൈനുകളും മാറ്റി പുതിയ വിതരണശൃംഖല സ്ഥാപിക്കുന്നതിനാണ് ഉപസമിതിയുടെ തീരുമാനം.

ഇതിന്റെ ഭാഗമായി ടൂറിസം വികസനവും കൂടി ലക്ഷ്യമിട്ട് പ്രധാനപ്പെട്ട സ്ഥലങ്ങളിൽ വാട്ടർ കിയോസ്കുകൾ സ്ഥാപിക്കുക, 24 മണിക്കൂറും പൊതുജനങ്ങൾക്കുവേണ്ടി കസ്റ്റമർ കെയർ ഫെസിലിറ്റി നടപ്പിലാക്കുക, പദ്ധതി കമ്പ്യൂട്ടർവത്ക്കരിക്കുക, സഞ്ചരിക്കുന്ന ഗുണനിലവാര പരിശോധനശാല സ്ഥാപിക്കുക തുടങ്ങിയവ ഇതിൽപ്പെടുന്നു.

100% ജനങ്ങൾക്കും കുടിവെള്ളം എത്തിക്കുന്നതിനായി കായംകുളം പദ്ധതിയുടെ വിപുലീകരണവും ശുദ്ധ ജല പദ്ധതി ഇല്ലാത്ത കണ്ടല്ലൂർ, ദേവികുളങ്ങര പഞ്ചായത്തുകൾക്കായി

ഒരു പദ്ധതിയും ആവിഷ്കരിച്ച് നടപ്പാക്കേണ്ടതായിട്ടുണ്ട് എന്ന് വിഷയ ഉപസമിതി കണ്ടെത്തിയിരിക്കുന്നു.

മാവേലിക്കര താലൂക്കിലെ 100% ജനങ്ങൾക്കും ശുദ്ധ ജലം എത്തിക്കുന്നതിനായി മാവേലിക്കര മുനസിപ്പാലിറ്റിക്കും, തഴക്കര, ചെട്ടികുളങ്ങര, തെക്കേക്കര തുടങ്ങിയ പഞ്ചായത്തുകൾക്കുമായി ഒരു ബൃഹത്തായ കുടിവെള്ള പദ്ധതി ആവിഷ്കരിക്കേണ്ടതുണ്ട്. കൂടാതെ നൂറനാട്, ചുനക്കര പഞ്ചായത്തുകളിൽ കാലപ്പഴക്കം ചെന്ന എ.സി പൈപ്പുകൾ മാറ്റി അനുയോജ്യമായ പൈപ്പുകൾ സ്ഥാപിച്ച് ശുദ്ധ ജല വിതരണം കാര്യക്ഷമമാക്കേണ്ടതുണ്ട്. താലൂക്കിലെ എല്ലാ പഞ്ചായത്തുകൾക്കുമായി 200 കി.മീ ഓളം പൈപ്പ് ലൈൻ ദീർഘിപ്പിച്ച് കുടിവെള്ള വിതരണം കൂടുതൽ സ്ഥലങ്ങളിൽ വ്യാപിപ്പിക്കേണ്ടതായിട്ടുണ്ടെന്ന് വിഷയ ഉപസമിതി നിർദ്ദേശിക്കുന്നു.

ചെങ്ങന്നൂർ താലൂക്കിലെ ആല, പുലിയൂർ, ബുധനൂർ, പാണ്ടനാട് എന്നീ പഞ്ചായത്തുകൾക്കായി ത്വരിത ഗ്രാമീണശുദ്ധ ജല വിതരണ പദ്ധതി എത്രയും പെട്ടെന്ന് നടപ്പിലാക്കുക, മുളക്കുഴ, വെൺമണി എന്നീ പഞ്ചായത്തുകൾക്കായി മറ്റൊരു പദ്ധതിയും ആവിഷ്കരിച്ച് നടപ്പിലാക്കുക. കുട്ടനാട് താലൂക്കിനായുള്ള 21 എം.എൽ.ഡിയുടെ സമഗ്ര കുടിവെള്ള പദ്ധതിക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ആയത് നടപ്പിലാക്കുന്നതോടെ 100% കുടിവെള്ള വിതരണം ടി താലൂക്കിൽ ലഭ്യമാകും. അതോടൊപ്പം ഏകദേശം 100 കി.മീ പൈപ്പ് ലൈൻ ദീർഘിപ്പിക്കലും നടപ്പിലാക്കേണ്ടതായിട്ടുണ്ട് എന്ന കാഴ്ചപ്പാടിൽ വിഷയ ഉപസമിതി എത്തിച്ചേർന്നിരിക്കുന്നു.

### ശുചിത്വം

നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായി ഹരിതകേരളം മിഷൻ പ്രവർത്തനങ്ങളിലുൾപ്പെടുത്തി മാലിന്യം വിഭവമാണ് എന്ന കാഴ്ചപ്പാടിൽ ഊന്നി നിന്നുകൊണ്ട് സീറോ വേസ്റ്റ് ആലപ്പുഴ എന്ന ലക്ഷ്യമാണ് വിഷയ ഉപസമിതി വിഭാവനം ചെയ്യുന്നത്. ഇതിനുവേണ്ടി ഭൂമിശാസ്ത്രപരമായ സവിശേഷതകൾക്കിണങ്ങുന്ന മാലിന്യ സംസ്കരണ മാർഗ്ഗങ്ങളും, പൊതുജനപങ്കാളിത്ത മാലിന്യ സംസ്കരണമാർഗ്ഗവുമാണ് ജില്ലയ്ക്ക് വേണ്ടത്. തുമ്പൂർമുഴി മോഡൽ കൂടുതൽ പ്രോത്സാഹിപ്പിക്കപ്പെടേണ്ടതുണ്ട്. അതുപോലെ ശാസ്ത്രീയ അറവുശാലയൊരുക്കേണ്ടതും സെപ്റ്റേജ് മാലിന്യ സംസ്കരണ കേന്ദ്രം ഉണ്ടാവേണ്ടതും ജില്ലാതല ഉപസമിതിയുടെ ലക്ഷ്യങ്ങളിൽപ്പെടുന്നു.

കേരളത്തിന്റെ സുസ്ഥിര വികസനം ഉറപ്പാക്കുന്നതിനായി ആവിഷ്കരിച്ച നവകേരളം കർമ്മ പദ്ധതിയിലെ ഏറ്റവും പ്രധാന മിഷനായ ഹരിത കേരളം മിഷന്റെ ലക്ഷ്യങ്ങൾ നിറവേറ്റുന്നതിനായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഗാർഹിക/ സ്ഥാപന ജൈവ മാലിന്യങ്ങൾ പരമാവധി ഉറവിടത്തിൽ ഉല്പാദകന്റെ ഉത്തരവാദിത്വത്തിൽ സംസ്കരിക്കുക, (വികേന്ദ്രീകൃത) ആയത് സാധ്യമാകാതെ വരുന്ന ഇടങ്ങളിൽ കമ്മ്യൂണിറ്റി തല കമ്പോസ്റ്റിംഗ് പ്രാവർത്തികമാക്കുന്നതിനും അജൈവമാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ തരംതിരിച്ച് വൃത്തിയാക്കി ശേഖരിച്ച് പുന ചംക്രമണം ഉറപ്പാക്കുന്നതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനും ജില്ലയിലെ 12 ബ്ലോക്കുകളിലും ദ്രവമാലിന്യ പരിപാലനത്തിന് അനുയോജ്യമായ വികേന്ദ്രീകൃത സംവിധാനങ്ങൾ ഉചിതമായ പദ്ധതി ആവിഷ്കരിക്കാൻ ഉപസമിതി ലക്ഷ്യമിടുന്നു.

ആലപ്പുഴ ജില്ല മാലിന്യമുക്തമാക്കുന്നതിലൂടെ ജനങ്ങളുടെ ജീവിതാന്തരീക്ഷം ഉയർത്തി രോഗാതുരത്തയിൽ കുറവുവരുത്തി പൊതുജനാരോഗ്യം മെച്ചപ്പെടുത്തുകയും പരിസ്ഥിതി

സൌഹൃദ അന്തരീക്ഷം ഭരണ സ്ഥാപനത്തിലെയും ഹരിതകേരളമിഷനും, ഉപമിഷൻ കർമ്മ സമിതിയും ജന പ്രതിനിധികളും ചേർന്ന് തയ്യാറാക്കുന്ന മാലിന്യസംസ്കരണ രൂപരേഖ തദ്ദേശ ഭരണ സ്ഥാപനങ്ങൾ തെരഞ്ഞെടുക്കുന്ന ഹരിതകർമ്മസേന മുഖേന നടപ്പാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലേയും ഹരിതകേരളം മിഷനും ഉപമിഷൻ കർമ്മസമിതിയും ജനപ്രതിനിധികളും ചേർന്ന് തയ്യാറാക്കുന്ന മാലിന്യ സംസ്കരണ പ്രവർത്തനത്തിനുള്ള വിശദമായ പദ്ധതികൾ ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം വാങ്ങി ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങളിലൂടെ നടപ്പാക്കുവാനാണ് ഉദ്ദേശിക്കുന്നത്. ജൈവമാലിന്യങ്ങൾ വളമാക്കി ജൈവപച്ചക്കറി കൃഷിക്ക് പ്രാമുഖ്യം നൽകുകയും അജൈവമാലിന്യങ്ങൾ പരമാവധി കുറച്ച്, പുനരുപയോഗം പ്രോത്സാഹിപ്പിച്ച് പുനചംക്രമണം ഉറപ്പാക്കുകയും ജനങ്ങളിൽ അനുകൂല മനോഭാവവും ശീലങ്ങളും രൂപീകരിക്കുന്നതിനും അനുയോജ്യമായ വിവര-വിജ്ഞാന-വ്യാപന പ്രവർത്തനങ്ങളും ക്യാമ്പേയിനുകളിലൂടേയും അടുത്ത 5 വർഷത്തിനകം ആലപ്പുഴ ജില്ലയെ രാജ്യത്തിന് മാതൃകയാകത്തക്കവിധത്തിൽ മാലിന്യവിമുക്തമാക്കാൻ കഴിയും.

വിനോദ സഞ്ചാര കേന്ദ്രങ്ങൾ ശുചിത്വപൂർണ്ണമാക്കുന്നതിന്, ഹൌസ് ബോട്ടുകൾ സൃഷ്ടിക്കുന്ന കായൽ മലിനീകരണത്തിന് ഫലപ്രദമായ മാർഗ്ഗങ്ങൾ കണ്ടേത്തേണ്ടതാണെന്ന് വിഷയസമിതി ഉദ്ദേശിക്കുന്നു. പ്രകൃതി സൌഹൃദ ടൂറിസത്തിനാവണം ഊന്നൽ നല്കേണ്ടതെന്നും മാലിന്യ സംസ്കരണത്തിന് ബോധവത്ക്കരണവും നൂതന സാങ്കേതിക വിദ്യയുടെ പ്രയോഗവും ആവശ്യമാണെന്നും വിഷയ ഉപസമിതിയുടെ കാഴ്ച്ചപ്പാടിൽ പറയുന്നു.

## പാർപ്പിടം

നവകേരളം പദ്ധതിയുടെ ഭാഗമായി ലൈഫ് മിഷൻ സർവ്വെ പ്രകാരം ജില്ലയിൽ ഭൂരഹിതരായി കണ്ടെത്തിയിട്ടുള്ള 20102 കുടുംബങ്ങൾക്ക് പതിമൂന്നാം പദ്ധതി കാലയളവിൽ ഭവന സമുച്ചയങ്ങൾ നിർമ്മിച്ച് പുനരധിവസിപ്പിക്കുക എന്ന കാഴ്ച്ചപ്പാടാണ് വിഷയ ഉപസമിതി ലക്ഷ്യം വയ്ക്കുന്നത്. ഇതിനുവേണ്ടി ഭവനരഹിതരായി കണ്ടെത്തിയിട്ടുള്ള 14614 കുടുംബങ്ങൾക്ക് 2022 ആകുമ്പോഴേക്കും പൂർണ്ണമായും ഭവനം നിർമ്മിച്ച നല്കുക, അറ്റകുറ്റ പണികൾ നടത്തേണ്ട 14169 വീടുകളുടെ പുനരുദ്ധാരണം, പതിമൂന്നാം പദ്ധതി കാലയളവിൽ തന്നെ പൂർത്തീകരിക്കുക, ലൈഫ് മിഷൻ സർവ്വെ പ്രകാരം ഉൾപ്പെടാതെ പോയിട്ടുള്ള അർഹരായ ഭൂരഹിത ഭവനരഹിത ഗുണഭോക്താക്കളെ കണ്ടെത്തി 2025 ആകുമ്പോഴേക്കും പൂർണ്ണമായും പുനരധിവസിപ്പിക്കുക എന്നിങ്ങനെയുള്ള പ്രവർത്തനങ്ങളും ഏറ്റെടുത്ത് നടത്തുവാൻ ഉദ്ദേശിക്കുന്നു.

വിഷയ ഉപസമിതി മുന്നോട്ടുവയ്ക്കുന്ന പ്രധാന ജില്ലാതല ലക്ഷ്യങ്ങൾ താഴെ പറയുന്നവയാണ്. പതിമൂന്നാം പദ്ധതിക്കാലത്ത് എല്ലാവർക്കും ഭവനം എന്ന ലക്ഷ്യം മുൻനിർത്തി പദ്ധതികൾക്ക് രൂപം കൊടുക്കുന്നു. ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ലൈഫ് മിഷൻ സർവ്വെ (ഭാഗികം) പ്രകാരം ജില്ലയിലെ പൂർണ്ണമായും ഭവനമില്ലാത്ത 14614 കുടുംബങ്ങൾക്ക് ആദ്യഘട്ടത്തിൽ തന്നെ ഭവനം നിർമ്മിച്ച കൊടുക്കുക (സമ്പൂർണ്ണ ഭവനപദ്ധതി) എന്നത് ജില്ലയുടെ പ്രധാന ലക്ഷ്യമാണ്. സ്വന്തമായി ഭൂമിയില്ലാത്ത ഭൂരഹിതർക്ക് ഭൂമിയും ഭവന സമുച്ചയങ്ങൾ നിർമ്മിച്ച് ഭവന സൌകര്യം ഏർപ്പെടുത്തുക എന്നത് പ്രധാന ലക്ഷ്യമാണ്. ലൈഫ് മിഷൻ സർവ്വെ പ്രകാരം 20102 കുടുംബങ്ങൾ ഭൂരഹിതരാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇവർക്ക് ജില്ലയിൽ തന്നെ ഭവനസമുച്ചയങ്ങൾ നിർമ്മിച്ച് അവരെ പുനരധിവസിപ്പിക്കുക (ഭൂരഹിതർക്ക്

ഭൂമിയും ഭവനവും നൽകൽ) പല വകുപ്പുകൾ മുഖേന നടപ്പിലാക്കിയ, കരാർ വച്ച് പൂർത്തിയാകാത്ത വീടുകളുടെ പൂർത്തീകരണം, 2018 മാർച്ച് 31നുള്ളിൽ പൂർത്തീകരിക്കുക (പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം) എന്നും കാഴ്ചപ്പാടിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

ലൈഫ് ഭവന സമുച്ചയങ്ങളിൽ താമസിക്കുന്ന കുടുംബങ്ങളുടെ ജീവനോപാധികൾ ഉറപ്പാക്കുക, മുൻകാല സർക്കാർ ഭവനപദ്ധതികളിൽ നിർമ്മാണം ആരംഭിച്ചിട്ടും പൂർത്തിയാകാതെ 3421 വീടുകളുടെ നിർമ്മാണം 2018 മാർച്ച് 31 ന് അകം പൂർത്തിയാക്കുക എന്നീ കാഴ്ചപ്പാടുകളാണ് വിഷയ ഉപസമിതി മുന്നോട്ട് വയ്ക്കുന്നത്.

### സാമൂഹ്യക്ഷേമം സാമൂഹ്യ സുരക്ഷിതത്വം

അംഗപരിമിതരായ 51403 പേർക്ക് ശാരീരിക മാനസിക ആരോഗ്യ പദ്ധതികൾ നടപ്പിലാക്കി സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൈപിടിച്ച് ഉയർത്തുക എന്ന കാഴ്ചപ്പാടിനാണ് സാമൂഹ്യക്ഷേമ വികസന ഉപസമിതി രൂപം നൽകിയിട്ടുള്ളത്. അംഗപരിമിതരായ മുഴുവൻപേർക്കും വീട്, ആരോഗ്യ ഇൻഷ്വറൻസ്, മെഡിക്കൽ സർട്ടിഫിക്കറ്റ് ഡിസബിലിറ്റി, തിരിച്ചറിയൽ കാർഡ്, സഹായ ഉപകരണങ്ങൾ എന്നിവ നൽകുന്നതിനായി എസ്.ഐ.ഡി. സാമൂഹ്യനീതി വകുപ്പ്, പട്ടികജാതി വകുപ്പ്, വികലാംഗക്ഷേമ കോർപ്പറേഷൻ, ദാരിദ്ര ലഘൂകരണ യൂണിറ്റ്, കുടുംബശ്രീ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ആരോഗ്യവകുപ്പ് എന്നീ വകുപ്പുകളുമായി സഹകരിച്ച് പ്രവർത്തിയ്ക്കുക എന്നതും കാഴ്ചപ്പാടിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

വയോജനങ്ങൾക്കായുള്ള നിയമം അനുശാസിയ്ക്കുന്ന പ്രകാരം 90 ദിവസത്തിനുള്ളിൽ വയോജനങ്ങൾക്ക് നിയമ സംരക്ഷണം ഉറപ്പാക്കുക, അവരുടെ പോഷകാഹാരക്കുറവ് പരിഹരിയ്ക്കുക, മെച്ചപ്പെട്ട ആരോഗ്യപരിപാലനം ഉറപ്പാക്കുക, പാലിയേറ്റീവ് കെയറിന്റെ സേവനവും അനുയോജ്യമായ തൊഴിൽപദ്ധതി സംഘടിപ്പിക്കുകയും, പകൽവിട് പദ്ധതികൾ നടപ്പിലാക്കുകയും, പോഷകാഹാര പദ്ധതി നടപ്പാക്കുകയും, പഞ്ചായത്തുകളിൽ വയോജനങ്ങൾക്ക് ഹെൽപ്പ് ഡെസ്ക് ആരംഭിയ്ക്കുക, വയോജനങ്ങളുടെ പരിപാലനവുമായി ബന്ധപ്പെട്ട ബോധവത്ക്കരണം നടത്തുക തുടങ്ങിയ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുവാൻ ഉദ്ദേശിക്കുന്നു.

പൊതുസമൂഹത്തിന് ബോധവത്ക്കരണം നൽകി ട്രാൻസ്ജൻഡേഴ്സിനെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരുകയും സർക്കാർ ആരംഭിച്ചിട്ടുള്ള വിവിധ പദ്ധതികൾ ട്രാൻസ്ജൻഡർ വിഭാഗത്തിന്റെ ഉന്നമനത്തിനായി നടപ്പിലാക്കുകയും ചെയ്യുക, ട്രാൻസ്ജൻഡർ വിഭാഗത്തിന് സ്വന്തം വീട്ടിൽനിന്നും സമൂഹത്തിൽനിന്നും സ്കൂളിൽനിന്നും ഉണ്ടാവുന്ന മാനസിക പീഡനം അവസാനിപ്പിയ്ക്കുക, സമൂഹത്തിന്റെ മുഖ്യധാരയിൽ കൊണ്ടുവരിക, സ്വയം തൊഴിൽ പദ്ധതി ആരംഭിയ്ക്കുക, ഇവർ നേരിടുന്ന ആരോഗ്യപ്രശ്നങ്ങൾക്ക് പരിഹാരം കാണുക, കലാകായിക അഭിരുചികൾ പ്രോത്സാഹിപ്പിയ്ക്കുക എന്നിവയും കാഴ്ചപ്പാടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ജയിൽ മോചിതരായ കുറ്റവാളികളെ വീണ്ടും കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നതിനുള്ള സാഹചര്യം ഇല്ലാതാക്കി അവരെയും കുടുംബത്തേയും സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരിക, പുനരധിവസിപ്പിയ്ക്കുക, തടവുകാരുടെ മക്കളുടെ വിദ്യാഭ്യാസം ഉറപ്പുവരുത്തുക, ജയിലിൽ കഴിയുന്നവരുടെ ആശ്രിതരെ പുനരധിവസിപ്പിയ്ക്കുക എന്നിങ്ങനെയുള്ള പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുവാൻ വികസന ഉപസമിതി ലക്ഷ്യമിടുന്നു.

ശിശു സംരക്ഷണ പ്രവവർത്തനവുമായി ബന്ധപ്പെട്ട മേഖലകളിൽ ഗവേഷണം ബോധവൽക്കരണ പരിപാടികൾ പരിശീലന പരിപാടികൾ എന്നിവ സംഘടിപ്പിച്ച് ശ്രദ്ധയും സംരക്ഷണവും ആവശ്യമായ കുട്ടികൾ, നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികൾ എന്നിവരുടെ പരിപാലനം, സുരക്ഷ എന്നിവ ഉറപ്പാക്കി സമൂഹത്തിന്റെ മുഖ്യധാരയിൽ കൊണ്ടുവരികയാണ് ജില്ലാ തല ഉപസമിതിയുടെ കാഴ്ചപ്പാട്.

ശൈശവവിവാഹ നിരോധന നിയമം പൂർണ്ണമായും നടപ്പിലാക്കുക, കുട്ടികൾക്കു നേരെയുള്ള ലൈംഗികാതിക്രമം, ശാരീരികാതിക്രമം എന്നിവ പൂർണ്ണമായും തടയുക, ശിശുസംരക്ഷണ കമ്മറ്റികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുക, ലഹരിയ്ക്കെതിരെ ബോധവൽക്കരണപരിപാടി സംഘടിപ്പിയ്ക്കുക, ബാലവേലയിൽ ഏർപ്പെട്ടിരിയ്ക്കുന്ന കുട്ടികളെ പുനരധിവസിപ്പിയ്ക്കുക തുടങ്ങിയ പ്രവർത്തനങ്ങളും ഏറ്റെടുത്ത് നടത്തുവാൻ ഉദ്ദേശിക്കുന്നു.

സ്വന്തമായി സ്ഥലവും കെട്ടിടവും ഇല്ലാത്ത എല്ലാ അംഗനവാടികൾക്കും സ്വന്തമായി സ്ഥലം കണ്ടെത്തി കെട്ടിടം നിർമ്മിയ്ക്കുന്നതിനും, അംഗനവാടി ജീവനക്കാരുടെ നിയമനത്തിനുള്ള യോഗ്യത മാനദണ്ഡം പരിഷ്കരിച്ച് അംഗനവാടികുട്ടികൾക്ക് മെച്ചപ്പെട്ട രീതിയിൽ പ്രീസ്കൂൾ വിദ്യാഭ്യാസം നൽകുകയും എല്ലാ കുട്ടികൾക്കും പ്രതിരോധകുത്തിവെയ്പ് ലഭിച്ചുവെന്ന് ഉറപ്പുവരുത്തുകയും, പോഷണകുറവുള്ള കൗമാരപ്രായക്കാരെ കണ്ടെത്തി പോഷകാഹാരം നൽകുകയും, കൗമാരപ്രായക്കാർക്കും ഗർഭിണികൾക്കും ആരോഗ്യ പോഷണ വിദ്യാഭ്യാസം നൽകി ആരോഗ്യമുള്ള തലമുറയെ വാർത്തെടുക്കുക തുടങ്ങിയ ലക്ഷ്യങ്ങൾ കാഴ്ചപ്പാടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

പെൺഭ്രൂണഹത്യ തടയുന്നതിനായി ആരോഗ്യവകുപ്പുമായി ബന്ധപ്പെട്ടുകൊണ്ടുള്ള ബോധവൽക്കരണ പരിപാടി നടത്തുക, ശിശുമരണം പൂർണ്ണമായും ഇല്ലാതാക്കുക, അങ്കണവാടി പോഷകാഹാര വിതരണത്തിന് ബ്ലോക്കുവിഹിതം ലഭ്യമാക്കുക, കൗമാരപ്രായക്കാർക്കും ഗർഭിണികൾക്കും ആരോഗ്യവകുപ്പുമായി ബന്ധപ്പെട്ട് ആരോഗ്യ പോഷണ വിദ്യാഭ്യാസം നൽകുക തുടങ്ങിയ പദ്ധതികൾ ആവിഷ്കരിക്കാൻ സാമൂഹ്യക്ഷേമ വികസന ഉപസമിതി ഉദ്ദേശിക്കുന്നു.

## വിദ്യാഭ്യാസം

നവകേരളം പദ്ധതിയുടെ ഭാഗമായി വിദ്യാഭ്യാസ സംരക്ഷണ യജ്ഞം പരിപാടി പ്രകാരം ജില്ലയിലെ വിദ്യാഭ്യാസ മേഖലയിൽ പ്രി-പ്രൈമറി തലത്തിൽ ശിശു സൗഹൃദപരവും ആകർഷകമായതുമായ ക്ലാസ് മുറികൾ, കളിയുപകരണങ്ങൾ, കളിസ്ഥലം, കുട്ടികൾക്കുള്ള പാർക്ക് എന്നിവ അനുവദിക്കുക. എല്ലാ പ്രൈമറി സ്കൂളുകളിലും പ്രീപ്രൈമറി നടപ്പാക്കുക, പ്രത്യേകം പ്രഭാതഭക്ഷണം, ഉച്ചഭക്ഷണ പരിപാടി, ശാസ്ത്രീയമായി പരിശീലനം ലഭിച്ച അധ്യാപകരും, ആയമാരും ഇവ പ്രീ-പ്രൈമറി മേഖലയ്ക്ക് അനുവദിക്കുക എന്നിവ വിഷയ ഉപസമിതി ഉദ്ദേശിക്കുന്നു. പ്രീപ്രൈമറിക്ക് പ്രത്യേകം ടോയിലറ്റ് സൗകര്യം, ഏകീകൃത സിലബസ്, ഫലപ്രദമായ ഇ-വേസ്റ്റ് സംസ്കരണ സംവിധാനം നടപ്പാക്കുക എന്നും വിഷയ ഉപസമിതി കാഴ്ചപ്പാടിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

ഭിന്നശേഷിയുള്ള കുട്ടികൾക്ക് ഫിസിയോതെറാപ്പിസ്റ്റിന്റെ സേവനം, ശാരീരിക വൈകല്യം നേരിടുന്ന, വിദ്യാലയങ്ങളിൽ പോകാൻ കഴിയാത്ത കുട്ടികൾക്ക് ഗൃഹാധിഷ്ഠിത ഹിന്ദി, ഇംഗ്ലീഷ്, കണക്ക്, സോഷ്യൽ സയൻസ് വിഷയങ്ങൾക്ക് പ്രത്യേക പരിശീലനം നൽകുക,

തൊഴിൽ പരിശീലന കേന്ദ്രം ആരംഭിക്കുക, വിദ്യാലയത്തിൽ തടസരഹിത അന്തരീക്ഷം സൃഷ്ടിക്കുക എന്നിവ വിഷയ ഉപസമിതി കാഴ്ചപ്പാടിൽ ലക്ഷ്യം വയ്ക്കുന്നു. വിദ്യാലയങ്ങൾ ആകർഷകമാക്കുക, ക്ലാസ് മുറികൾ ഹൈടെക് ആക്കുക, സ്കൂൾ കാമ്പസ് ഇക്കോ ഫ്രണ്ട്ലി ജൈവവൈവിധ്യ ഉദ്യാനം, ഔഷധോദ്യാനം, ഫലവൃക്ഷങ്ങൾ നട്ടുവളർത്തുക, മത്സ്യകൃഷി ആരംഭിക്കുക, സൗരോർജ പദ്ധതിയും, ആകർഷകവും സൗകര്യപ്രദവുമായ ഇരിപ്പിടങ്ങൾ, ക്ലാസ്സ് മുറികൾ, പാർക്ക്, ലഹരി വിമുക്ത വിഭാഗം നടപ്പിലാക്കുക എന്നിവയാണ് ഭിന്നശേഷി കുട്ടികൾക്കുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ പുനരുദ്ധരിക്കുന്നതിനുള്ള കാഴ്ചപ്പാട്.

പൊതുജനങ്ങൾക്ക് കൂടി പ്രയോജനപ്പെടുന്ന ഡിജിറ്റൽ ലൈബ്രറി സമുച്ചയം, വായനമൂല എന്നിവയ്ക്കൊപ്പം ഓരോ ക്ലാസ് മുറിയും ലോകവുമായി ബന്ധിക്കപ്പെടുന്ന ഡിജിറ്റൽ ലൈബ്രറിയായി മാറ്റുക, സമ്പൂർണ്ണ വൈഫൈ സംവിധാന സാധ്യത ഉണ്ടാക്കുക, അന്താരാഷ്ട്ര ജേണലുകൾ, തൊഴിൽ സാധ്യതകൾ എന്നിവ വിരൽത്തുമ്പിൽ ലഭിക്കുക തുടങ്ങിയവ വിഷയസമിതി കാഴ്ചപ്പാടിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

സമ്പൂർണ്ണ സാക്ഷരതയിൽ നിന്നും പരിപൂർണ്ണ സാക്ഷരതയിലേയ്ക്ക് എത്തുകയെന്നതാണ് സാക്ഷരതാ മിഷന്റെ കാഴ്ചപ്പാട്. 60 വയസ്സിനു താഴെ പ്രായമുള്ളവരെയെങ്കിലും പത്താം ക്ലാസ്സ് ജയിച്ചവരായി മാറ്റുക, ഇതോടൊപ്പം സാമൂഹിക സാക്ഷരതാ പരിപാടികൾക്ക് ഊന്നൽ നൽകുക, പരിസ്ഥിതി, സ്ത്രീസൗഹൃദം, നിയമം, ശാസ്ത്രം തുടങ്ങിയവയിൽ സാമാന്യ ബോധമുള്ളവരായി മുഴുവൻ പേരെയും മാറ്റുക. തുടങ്ങിയവ വിഷയസമിതി കാഴ്ചപ്പാടിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

### കല, സംസ്കാരം, യുവജനക്ഷേമം

ആലപ്പുഴ ജില്ലയുടെ സമഗ്ര ആരോഗ്യ കായിക പദ്ധതി പ്രവർത്തനങ്ങൾ അടുത്ത 20 വർഷങ്ങൾ മുന്നിൽ കണ്ടുകൊണ്ടുള്ള പദ്ധതികൾ വിഭാവനം ചെയ്യുക എന്ന കാഴ്ചപ്പാടിനാണ് വിഷയ ഉപസമിതി രൂപം നൽകിയിട്ടുള്ളത്. ആലപ്പുഴ ജില്ലയുടെ ആരോഗ്യ കായിക രംഗത്തുള്ള പിന്നോക്കാവസ്ഥ മാറ്റിയെടുക്കുന്നതിനും പുതിയൊരു കായിക സംസ്കാരം വാർത്തെടുക്കുന്നതിനും ഈ കാഴ്ചപ്പാടിലൂടെ സാധിക്കുമെന്ന് ഉപസമിതി കാണുന്നു.

ജില്ലയിലെ 72 ഗ്രമപഞ്ചായത്തുകളിലും ഓരോ വാർഡ് അടിസ്ഥാനത്തിൽ വിവിധ സംസ്കാരിക ക്യാമ്പുകളും, ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിന് വാർഡ് തലത്തിൽ തന്നെ മെമ്പർമാരുടെ നേതൃത്വത്തിൽ ഉപസമിതികളും ചേർന്ന് സജീവ വാർഡ്തല പ്രവർത്തനങ്ങൾക്ക് രൂപം നൽകുകയും അതുവഴി എല്ലാ ജനവിഭാഗത്തേയും ചേർത്തുകൊണ്ട് ഗ്രാമതലത്തിൽ തന്നെ സജീവമായ ആരോഗ്യ കായിക സാംസ്കാരത്തിന് തുടക്കം കുറിക്കുക എന്ന് വിഷയ ഉപസമിതി ഉദ്ദേശിക്കുന്നു.

സ്ത്രീ സുരക്ഷയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ടുള്ള കായിക പദ്ധതികളിലൂടെ ഈ വിഭാഗത്തെ കായികക്ഷമതയും കാര്യപ്രാപ്തിയുള്ളവരുമാക്കി തീർക്കുക, ഭിന്നശേഷി പ്രവർത്തനങ്ങളിലൂടെ അവരേയും മുഖ്യധാരാ പ്രവർത്തനങ്ങൾക്ക് സജ്ജരാക്കുക, തീരദേശ മേഖലയുടെ പ്രത്യേകത പരിഗണിച്ച് തീരദേശ കുരുത്ത് പദ്ധതിയിലൂടെ ആ ജനവിഭാഗത്തേയും മുൻപന്തിയിൽ എത്തിക്കുക എന്നതും വിഷയ ഉപസമിതി കാഴ്ചപ്പാടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഭിന്നലിംഗ പ്രവർത്തനങ്ങളിലൂടെ അവരേയും മുഖ്യധാരാ പ്രവർത്തനങ്ങൾക്ക് സജ്ജരാക്കുക, ജില്ലയിൽ അന്താരാഷ്ട്ര മത്സരങ്ങൾക്ക് വേദി ഒരുക്കുക, കായിക താരങ്ങൾക്ക് കായിക പ്രവർത്തനങ്ങൾക്ക് ശാസ്ത്രീയ പരിശീലനം നേടുന്നതിനുള്ള പരിശീലനകേന്ദ്രങ്ങൾ ഈ പദ്ധതികളിലൂടെ സൃഷ്ടിക്കുക, ഒന്നാം ക്ലാസ് മുതലുള്ള മുഴുവൻ കുട്ടികളേയും ആരോഗ്യ കായിക വിദ്യാഭ്യാസം നൽകുന്നതിലൂടെ വളർന്നുവരുന്ന തലമുറയെ ആരോഗ്യരംഗത്ത് ബോധമുള്ളവരാക്കുക എന്നതും വിഷയ ഉപസമിതി ഉദ്ദേശിക്കുന്നു.

## ഊർജ്ജം

എല്ലാ ഭവനങ്ങളിലും എല്ലാവർക്കും ആവശ്യത്തിന് ഗുണനിലവാരമുള്ള വൈദ്യുതി കുറഞ്ഞ വിലയിൽ പ്രകൃതിക്കു കോട്ടം തട്ടാതെ, അപകടരഹിതമായി ഇടതടവില്ലാതെ ഇരുപത്തിനാലുമണിക്കൂറും എത്തിക്കുക, പ്രസരണ – വിതരണ നഷ്ടം കുറയ്ക്കുക എന്നുള്ളവയാണ് ഊർജ്ജ മേഖലയുടെ സമഗ്രവികസനം സാധ്യമാക്കുന്നതിനായി ഊർജ്ജസമിതി നിർദ്ദേശിക്കുന്നത്. മേഖലയിലെ അപകടങ്ങൾ കുറച്ചുകൊണ്ടുവരിക, പൊതുജനങ്ങളുടെ ഇടയിൽ ബോധവത്കരണം നടത്തുക, സ്കൂൾ തലത്തിൽത്തന്നെ പാഠ്യപദ്ധതിയിൽ വൈദ്യുതി സുരക്ഷ ഒരു പ്രധാന വിഷയമായി പരിഗണിക്കുക, പുതിയ വൈദ്യുതി ഉല്പാദന കേന്ദ്രങ്ങൾ, സബ്സ്റ്റേഷനുകൾ സ്ഥാപിക്കുക, പുതുതായി 11 കെ.വി. ലൈനുകളും, ട്രാൻസ്ഫോർമറുകൾ UG കേബിൾ, 11 കെ.വി. എ. ബി. സി., എൽ. ടി. എ. ബി. സി. സ്ഥാപിക്കുക തുടങ്ങിയ പ്രവർത്തനങ്ങളും ഊർജ്ജ ഉപസമിതി ലക്ഷ്യം വയ്ക്കുന്നു.

## ഗതാഗതം

സമൂഹത്തിലെ എല്ലാ തലത്തിൽപ്പെടുന്ന ജനങ്ങൾക്കും ആയാസരഹിതമായ രീതിയിലുള്ള സഞ്ചാര സൗകര്യം പ്രദാനം ചെയ്യുക, പുകമലിനീകരണം കുറച്ച് അന്തരീക്ഷ വായുവിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കുന്ന രീതിയിലുള്ള ഗതാഗത സംവിധാനം വികസിപ്പിക്കുക, കാൽനട യാത്രക്കാരുടെയും ഇരുചക്രവാഹന യാത്രികരുടെയും സുരക്ഷ വർദ്ധിപ്പിക്കുവാനുള്ള പശ്ചാത്തല സൌകര്യ വികസനം നടപ്പാക്കുക, Intergration of Public Transport എന്ന ആശയം വികസിപ്പിക്കുന്നതിനായി ഇൻഫർമേഷൻ ടെക്നോളജി ഉപയോഗപ്പെടുത്തുക, NMT (Non Motorised Transport) സൌകര്യ വികസനം, പ്രോത്സാഹനം തുടങ്ങിയവയാണ് വിഷയ ഉപസമിതിയുടെ കാഴ്ചപ്പാട്.

ജില്ലയിൽ ആലപ്പുഴ, ചേർത്തല, കായംകുളം, മാവേലിക്കര, ചെങ്ങന്നൂർ മുൻസിപ്പാലിറ്റികളിൽ കോംപ്രിഹെൻസീവ് മൊബിലിറ്റി പ്ലാൻ തയ്യാറാക്കുവാനുള്ള തീരുമാനം കൈക്കൊള്ളുവാൻ ഈ ഉപസമിതി ശുപാർശ ചെയ്യുന്നു.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഇലക്ട്രിക് വാഹനങ്ങളെ പ്രോത്സാഹിപ്പിക്കുന്ന ഒരു നയം രൂപീകരിക്കുന്നത് എന്തുകൊണ്ടും അത്യന്താപേക്ഷിതമാണെന്ന് വിഷയ ഉപസമിതി കണ്ടെത്തിയിരിക്കുന്നു.

ഇപ്പോൾ സംസ്ഥാന സർക്കാരിന്റെ പരിഗണനയിൽ ഇരിക്കുന്ന കൊടുങ്ങല്ലൂർ, വൈറ്റില ഇലക്ട്രിക് ബി.ആർ.റ്റി. എഴുപുന്നവരെ നീട്ടുവാൻ ഉദ്ദേശിക്കുന്നുണ്ട്. എന്നാൽ എഴുപുന്നയിൽ ഇതിന്റെ ചാർജിംങ്ങ് മെയിന്റനൻസ് സൌകര്യങ്ങൾക്ക് ആവശ്യമായ സ്ഥല ലഭ്യത ഒരു

പ്രശ്നമാകാൻ സാധ്യതയുള്ളതിനാൽ ആയത് ഇറവൂരിലേയ്ക്ക് മാറ്റി സ്ഥാപിക്കുകയാണെങ്കിൽ പഞ്ചായത്തിന് സ്ഥലം നൽകി ഒരു മൊബിലിറ്റി ഹബ് വികസിപ്പിക്കുവാൻ സാധിക്കുന്നതാണ്. കൂടാതെ ഇവിടെ നിന്നും തൈക്കാട്ടുശേരി, കോട്ടയം പാത വികസിപ്പിക്കുന്നത് ഗതാഗത സൌകര്യം വർദ്ധിക്കുവാനും പഞ്ചായത്തിന്റെ വികസനത്തിനും ഇടയാകും.

സ്വയംഭരണ സ്ഥാപനങ്ങളുടെ ഉപയോഗത്തിനായി വൈദ്യുത വാഹനങ്ങൾ വാങ്ങുക. വിവിധ പദ്ധതികളിൽപ്പെടുത്തി വിതരണം ചെയ്യുന്ന വാഹനങ്ങളിൽ വൈദ്യുതി ഇന്ധനമായി ഉപയോഗിക്കുന്നവ ഉൾപ്പെടുത്തുക, ഇ-റിക്ഷാ അഥവാ വൈദ്യുത ഓട്ടോറിക്ഷ എന്നറിയപ്പെടുന്നത് പൊതുഗതാഗത രംഗത്ത് ഉപയോഗിക്കുവാൻ സബ്സിഡി നൽകുകയും, കുടുംബശ്രീ തുടങ്ങിയ സംഘടനകളെ പൊതുഗതാഗത രംഗത്ത് വിവിധ പദ്ധതികളിൽ ആകർഷിക്കപ്പെടാനുള്ള നയം രൂപീകരിച്ച് സ്വകാര്യ വാഹനങ്ങളുടെ ഉപയോഗം കുറയ്ക്കാനുള്ള അന്തരീക്ഷം സൃഷ്ടിക്കുക തുടങ്ങിയ നിർദ്ദേശങ്ങളാണ് വിഷയ ഉപസമിതിയിലുള്ളത്.

പാർക്കിംഗ് സ്ഥലം ഏറ്റെടുത്ത് നൽകി സ്വകാര്യ പങ്കാളിത്തത്തിലൂടെയോ അല്ലാതെയോ മൾട്ടിലെവൽ പാർക്കിംഗ് സംവിധാനം ഒരുക്കാവുന്നതാണ്. ഇത്തരം സൌകര്യങ്ങൾ നൽകിയശേഷം പാർക്കിംഗ് നിരോധിത മേഖലകൾ അടയാളപ്പെടുത്തി ക്യാമറ നിരീക്ഷണത്തിലൂടെ പിഴ ഈടാക്കാനുള്ള കേന്ദ്രങ്ങൾ കുടുംബശ്രീയുടേയും, പോലീസിന്റെയും സഹകരണത്താൽ സംവിധാനം ചെയ്യാവുന്നതാണ്. വേഗത 25 കിലോമീറ്റർ കുറഞ്ഞ ഇ-റിക്ഷാകൾ വാടകയ്ക്ക് നൽകുന്ന കേന്ദ്രങ്ങൾ ദീർഘദൂര ബസ്സ് സൌകര്യമുള്ള ജംഗ്ഷനുകൾ, റെയിൽവെ സ്റ്റേഷനുകൾ എന്നിവയോട് അനുബന്ധിച്ച് സ്വകാര്യ പങ്കാളിത്തത്തോടെയോ അല്ലാതെയോ ആരംഭിക്കുക തുടങ്ങിയവയാണ് ഉപസമിതിയുടെ കാഴ്ചപ്പാട്.

### വിവരസാങ്കേതികം

സർക്കാർ സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി പരമ്പരാഗത സർക്കാർ പ്രക്രിയകളെ കാലഘട്ടത്തിനനുസരിച്ച re-engineer ചെയ്തുകൊണ്ട് ഡിജിറ്റൈസേഷൻ നടപ്പാക്കുകയും പരമാവധി സേവനങ്ങളും ഭരണപരമായ പ്രക്രിയകളും കാലാനുസൃതമായ പരിഷ്കാരങ്ങളോടെ ഡിജിറ്റൽവൽക്കരിക്കുകയും ചെയ്യാൻ ഉപസമിതി ഉദ്ദേശിക്കുന്നു. നിലവിൽ സർക്കാർ സംവിധാനങ്ങൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്കു പരിഹാരം കാണുവാനും കാര്യക്ഷമത മെച്ചപ്പെടുത്തുവാനും വിവരസാങ്കേതികവിദ്യ ഉപയോഗപ്പെടുത്തണം.

"Less Paper" ഓഫീസുകൾ സാധ്യമാക്കുവാനുള്ള പ്രവർത്തനങ്ങൾ നടപ്പാക്കണം. എല്ലാ സർക്കാർ സേവനങ്ങൾക്കുമായി ഒരൊറ്റ ഇടം - ഒറ്റ ലോഗിനിൽ എല്ലാ വകുപ്പുകളുടെയും സേവനങ്ങൾ ഉദ്യോഗസ്ഥർക്കും ജനങ്ങൾക്കും ലഭ്യമാക്കുന്നതിനുള്ള സംവിധാനം നടപ്പാക്കണം. ഇതുവഴി വകുപ്പുകൾ തമ്മിൽ കാലതാമസവും തെറ്റുകളും കൂടാതെ വിവരങ്ങളുടെ അനായാസമായ കൈമാറ്റം സാധ്യമാകും. ഉദ്യോഗസ്ഥർക്കും സാധാരണ ജനങ്ങൾക്കും ഇടയിൽ ഇ-ഇടപാടുകളുടെ സ്വീകാര്യത വർധിപ്പിക്കുന്നതിനായുള്ള പ്രചാരണങ്ങൾ ആവിഷ്കരിക്കണം. സർക്കാരിലും സമൂഹത്തിലും എല്ലാ തലങ്ങളിലും ആവശ്യാനുസൃതമായ ഇന്റർനെറ്റ് സേവന ലഭ്യത ഇതിനായി ഉറപ്പാക്കുകയും പരമ്പരാഗത സംവിധാനങ്ങളിൽ നിന്നും മാറേണ്ടതിന്റെ ആവശ്യകത സംശയമന്യേ എല്ലാ തലത്തിലുള്ളവരെയും ബോധ്യപ്പെടുത്തുവാനും സാധിക്കണം. സൈബർ സുരക്ഷ സംബന്ധിച്ചുള്ള ന്യൂനതകൾ കണ്ടെത്തി പരിഹരിക്കുകയും ജനങ്ങൾക്കും ഉദ്യോഗസ്ഥർക്കുമുള്ള ആശങ്കകളെ ദൂരീകരിക്കുകയും ചെയ്യണം. കാര്യാലയങ്ങളിലും മറ്റു സംവിധാനങ്ങളിലും സർക്കാർ നിർദേശിക്കുന്ന സുരക്ഷാ നയങ്ങളുടെ

പാലനം കൃത്യമായ മേൽനോട്ടത്തോടെ ഉറപ്പാക്കുകയും പൊതുസമൂഹത്തിൽ സൈബർ സുരക്ഷാ നയങ്ങളെക്കുറിച്ച അവബോധം സൃഷ്ടിക്കുകയും ചെയ്യണം.

വിവരസാങ്കേതിക വ്യവസായമേഖലയിൽ കൂടുതൽ നിക്ഷേപം ആകർഷിക്കുവാനും അതുവഴി തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും പദ്ധതികൾ ഉണ്ടാവേണ്ടതാണ്. പള്ളിപ്പുറം ഇൻഫോപാർക്കിനുള്ള വികസനപദ്ധതികൾക്കും പുതിയ വിവരസാങ്കേതിക പാർക്കുകൾക്കുള്ള സാധ്യതയ്ക്കും ഊന്നൽ നൽകേണ്ടതുണ്ട്. നവസംരംഭങ്ങൾക്ക പുതിയ ആശയങ്ങൾ വിപണിയിലെത്തിക്കാനുള്ള മെച്ചപ്പെട്ട സാഹചര്യം ഒരുക്കുകയും ചെയ്യണം. വിവരസാങ്കേതിക മേഖലയിലെ സ്റ്റാർട്ട് അപ്പുകൾക്ക വിപണി, നിക്ഷേപം എന്നിവ കണ്ടെത്തുവാൻ ജില്ലയിൽ ഇൻക്യൂബേറ്റർ സംവിധാനം ഒരുക്കുക, കോളേജുകൾ കേന്ദ്രീകരിച്ചുള്ള സംരംഭകത്വ സെല്ലുകൾ ഇതിലേക്കായി ശക്തിപ്പെടുത്തേണ്ടതാണ്.

### വിനോദസഞ്ചാരം

ആലപ്പുഴയിലെ വിനോദസഞ്ചാര മേഖലയിലെ സമഗ്രമായ വികസന കാഴ്ചപ്പാടോടെയുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നതിനാണ് വിനോദസഞ്ചാര ഉപസമിതി ഉദ്ദേശിക്കുന്നത്. ഇതിനായി പുരവഞ്ചികളിൽനിന്നും കൃത്യമായി മാലിന്യ സംസ്കരണത്തിനുള്ള സ്ഥിരം സംവിധാനം നടത്തുക, പുരവഞ്ചികളിലെ ജൈവ, അജൈവ മാലിന്യങ്ങൾ വഞ്ചികളിൽ നിന്നുതന്നെ നേരിട്ട് ശേഖരിക്കുക, അവ തരംതിരിച്ച് സംസ്കരിക്കുന്നതിനുള്ള സ്ഥിരം സംവിധാനം ഏർപ്പെടുത്തുക എന്നിവ കാഴ്ചപ്പാടിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഇതിനായി വേണ്ടിവരുന്ന സാമ്പത്തിക ബാധ്യത പുരവഞ്ചികളിൽ നിന്നുതന്നെ ഈടാക്കുകയും മാലിന്യമുക്തമായ കായൽ ടൂറിസം എന്ന കാഴ്ചപ്പാട് സാധ്യമാക്കാൻ കഴിയുമെന്ന് വിഷയസമിതി ഉദ്ദേശിക്കുന്നു.

എല്ലാ പുരവഞ്ചി ജീവനക്കാർക്കും അവരുടെ വ്യക്തി വിവരങ്ങൾ പ്രദർശിപ്പിക്കുന്ന ഐഡന്റിറ്റി കാർഡുകളും, യൂണിഫോമും നിർബന്ധമാക്കിയാൽ തന്നെ വിനോദസഞ്ചാരികൾക്ക് ഈ മേഖലയോടുള്ള വിശ്വാസ്യത കൂടുവാൻ ഇടവരുത്തുകയും, കൂടാതെ ജീവനക്കാർക്ക് അടിസ്ഥാനപരമായ പരിശീലനം നല്കി അവരുടെ ആത്മവിശ്വാസം വളർത്തി കൂടുതൽ യാത്രക്കാരെ ഇതിലേക്ക് ആകർഷിക്കാൻ സാധിക്കുന്നതായിരിക്കും എന്ന ലക്ഷ്യം കാഴ്ചപ്പാടിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

കടൽതീര പ്രദേശങ്ങളിൽ ബോധവൽക്കരണം നടത്തി വെളിയിട വിസർജ്ജനവും, മാലിന്യ നിക്ഷേപവും ഇല്ലാതാക്കിയാൽ ആലപ്പുഴയുടെ കടൽത്തീരങ്ങൾ ഏറെ ആസ്വാദ്യകരമായിരിക്കും. തീരപ്രദേശങ്ങൾ കേന്ദ്രീകരിച്ച് സാഹസിക വിനോദസഞ്ചാര ത്തിനുള്ള സാധ്യതകൾകൂടി പ്രയോജനപ്പെടുത്തിയാൽ കടൽത്തീര പ്രദേശവാസികളുടെ സാമ്പത്തിക ഉന്നമനത്തിനുകൂടി വഴിതെളിക്കും എന്ന കാഴ്ചപ്പാടാണ് ഉപസമിതിക്കുള്ളത്.

ആലപ്പുഴ ജില്ലയിലെത്തുന്ന വിനോദസഞ്ചാരികളിൽ ഭൂരിഭാഗവും ഒരു ദിവസം പുരവഞ്ചികളിൽ താമസിച്ച് അടുത്ത ദിവസം കേരളത്തിലെ മറ്റ് പ്രദേശങ്ങളിലേക്ക് യാത്ര ചെയ്യുന്ന അവസ്ഥയാണിനുള്ളത്. യാത്രികരെ അടുത്ത ഒരു ദിവസംകൂടി ആലപ്പുഴയിൽ താമസിപ്പിക്കുവാനും അവർക്ക് ആസ്വാദ്യകരമായ രീതിയിൽ കാഴ്ചകൾ ഒരുക്കാനും കഴിയുന്ന

ചരിത്രപരവും സാസംകാരികവുമായ കേന്ദ്രങ്ങൾ വികസിപ്പിച്ചെടുത്താൽ ഒരു അധികദിവസം കൂടി യാത്രികർ ആലപ്പുഴയിൽ ചെലവഴിക്കുകയും അതിന്റെ നേട്ടം ജില്ലാവാസികൾക്ക് ലഭിക്കുകയും ചെയ്യുന്ന തരത്തിൽ ഉത്തരവാദിത്വ ടൂറിസം പ്രാവർത്തികമാക്കാനുള്ള പരിപാടികൾ വിഷയസമിതി കാഴ്ചപ്പാടിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

## പട്ടികജാതി വികസനം

പട്ടികജാതി സമൂഹത്തിന്റെ ദീർഘകാലത്തേക്കുള്ള സാമ്പത്തികവും സാമൂഹികവുമായ വികസന പദ്ധതികൾക്കാണ് കൂടുതൽ പ്രാധാന്യം നൽകേണ്ടത് എന്ന കാഴ്ചപ്പാടിനാണ് പട്ടികജാതി വികസന ഉപസമിതി രൂപം നൽകിയിട്ടുള്ളത്. കോളനി കേന്ദ്രീകൃമായ ഒരു സമൂഹത്തിന്റെ ഉന്നമനം സാദ്ധ്യമാക്കുവാൻ വളരെയേറെ പ്രയാസമാണ്. നിലവിലുള്ള പട്ടികജാതി കോളനികളുടെ ഒറ്റപ്പെട്ട സാമൂഹ്യസാഹചര്യം മാറ്റിയെടുക്കുക എന്നതിന് പ്രാധാന്യം നൽകണം. ആയതിനായി കോളനികളെ പ്രധാന റോഡുകളുമായി ബന്ധിപ്പിക്കുന്ന ഇടറോഡുകൾ ഉണ്ടാകുന്നതിന് പദ്ധതികൾ ആവിഷ്കരിക്കുക, ആയതുപോലെ ഫീസിബിലിറ്റി മാനദണ്ഡങ്ങളിൽ മാറ്റം വരുത്തുക എന്നിങ്ങനെയുള്ള പ്രവർത്തനങ്ങൾ നടത്തുവാൻ ഉദ്ദേശിക്കുന്നു. നിലവിൽ കോളനികളിൽ ഉള്ളവരെയും ഭൂരഹിത ഭവന രഹിത പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തി പുനരധിവസിപ്പിക്കുന്നതിന് പദ്ധതി തയ്യാറാക്കുകയും, കോളനികളിലെ വീടുകളുടെ നിലവാരം ഉയർത്തുന്നതിന് പ്രത്യേക പദ്ധതി ആവിഷ്കരിക്കുകയും വേണം എന്ന് വിഷയ ഉപസമിതി കണ്ടെത്തിയിരിക്കുന്നു.

മേഖലയുടെ സാർവ്വത്രികമായ അടിസ്ഥാന വിദ്യാഭ്യാസത്തിനുവേണ്ടി വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് പ്രവണത ഇല്ലാതാക്കുന്നതിന് പ്രത്യേകം ശ്രദ്ധ ചെലുത്തുകയും കുട്ടികളുടെ വിദ്യാഭ്യാസം, അച്ചടക്കം എന്നിവ സംബന്ധിച്ച് വകുപ്പ്, പ്രമോട്ടർമാർ മുഖേന നിരീക്ഷണം നടത്തുകയും ആഴ്ചകൾതോറും ബ്ലോക്ക് പട്ടികജാതി വികസന ആഫീസർമാർ ഗൌരവത്തോടെ പരിശോധിക്കുകയും വേണം എന്നും വിഷയസമിതി നിർദ്ദേശിക്കുന്നു.

പുതിയ വിദ്യാഭ്യാസ പരിഷ്കാരത്തിന്റെ ഭാഗമായി സ്മാർട്ട് സ്കൂളുകൾ യാഥാർത്ഥ്യ മാകുമ്പോൾ പട്ടികജാതി വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട സേവനങ്ങൾ നൽകുന്നതിന് വകുപ്പ് പദ്ധതികൾ ആവിഷ്കരിക്കുക ഉയർന്ന നിലവാരത്തിലുള്ള പഠനോപകരണങ്ങൾ, ട്യൂഷൻ ക്ലാസ്സുകൾ, റഫറൻസ് ഗ്രന്ഥങ്ങൾ തുടങ്ങിയവ അനുവദിക്കുക എന്നിവയാണ് വിദ്യാർത്ഥികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള കാഴ്ചപ്പാട്. അതുപോലെ സാങ്കേതിക വിദ്യാഭ്യാസത്തിൽ ഏർപ്പെട്ടിരിക്കുന്ന വിദ്യാർത്ഥികൾക്ക് ജോലി ഉറപ്പു വരുത്തുന്നതിനായി വ്യവസായ സ്ഥാപനങ്ങൾ, കമ്പനികൾ തുടങ്ങിയവയുമായി സഹകരിച്ച് ജോബ് ഫെയർ സംഘടിപ്പിച്ച് തൊഴിൽ ഉറപ്പു വരുത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണെന്നും വിഷയ സമിതിയുടെ കാഴ്ചപ്പാടിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

20 വർഷം കഴിയുമ്പോൾ പട്ടികജാതിക്കാരുടെ ജീവിത നിലവാരം പൊതു വിഭാഗത്തിന് ഒപ്പമെത്തുന്നതിന് സ്ഥലവും വീടും അനുവദിക്കുക, ഉപ-കുടുംബങ്ങൾക്കെല്ലാം വീടുകൾ നല്കിയിരിക്കുക അതുപോലെ കുട്ടനാട്ടിൽ പൊതുവേ പട്ടികജാതിക്കാരുടെ വാസസ്ഥലം പാടത്തിന്റെയും ആറുകളുടെയും ബണ്ടുകളിലാണ്. വർഷത്തിൽ കൂടുതൽ സമയത്തും ഈ പ്രദേശം വെള്ളത്തിലായിരിക്കും. അതുകൊണ്ട് ഈ പ്രദേശത്തുള്ള പട്ടികജാതിക്കാരുടെ വീടിന്റെ പരിസരം മണ്ണിട്ടുയർത്തുന്നതിനുള്ള പദ്ധതിക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുൻഗണന നൽകേണ്ടതുണ്ട് എന്നും വിഷയസമിതി ഉദ്ദേശിക്കുന്നു.

ജില്ലയിൽ മെച്ചപ്പെട്ട സൌകര്യമുള്ള പ്രീ-മെട്രിക്/പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളും എം.ആർ.എസ്സും ആൺകുട്ടികൾക്ക് കൂടി സ്ഥാപിതമാകേണ്ടതാണെന്നും നിലവിലുള്ള ഐ.റ്റി.ഐ.കളിൽ സാങ്കേതിക മികവുള്ള പുതിയ കോഴ്സുകൾ ആരംഭിക്കേണ്ടതാണെന്നും കാഴ്ചപ്പാടിൽ ഉൾപ്പെടുത്തിയിരിക്കുന്നു. അതുപോലെ പുതുമയുള്ള ഉത്പന്നങ്ങൾ നിർമ്മിക്കുന്ന പ്രോഡക്ഷൻ-കം-ട്രയിനിംഗ് സെന്ററുകൾ സ്ഥാപിതമായാൽ തൊഴിൽ പരിശീലനവും അതുവഴി മെച്ചപ്പെട്ട തൊഴിൽ സാദ്ധ്യതയുമുണ്ടാകുമെന്നും വിഷയ സമിതി ഉദ്ദേശിക്കുന്നു.

## പട്ടികവർഗ്ഗം

ആലപ്പുഴ ജില്ലയിൽ അധിവസിക്കുന്ന പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്നവരുടെ സമഗ്രപുരോഗതിയാണ് വിഷയ ഉപസമിതി ലക്ഷ്യംവയ്ക്കുന്നത്. ഇതിലേക്കായി പഠനം പൂർത്തിയാക്കാൻ കഴിയാതെ പാതിവഴിയിൽ വിദ്യാഭ്യാസം ഉപേക്ഷിച്ചവരെ വീണ്ടും അറിവിന്റെ ലോകത്തേക്ക് എത്തിക്കുക, നിലവിൽ വിദ്യാലയങ്ങളിൽ നിന്ന് കൊഴിഞ്ഞ് പോകുന്ന വിദ്യാർത്ഥികളെ പഠനം തുടരുന്നതിനായി വിദ്യാലയങ്ങളിലേയ്ക്ക് തിരികെ എത്തിക്കുക, പഠനം നടത്തിക്കൊണ്ടിരിക്കുന്നവർക്ക് അവരുടെ ലക്ഷ്യങ്ങളെ എത്തിപ്പിടിക്കുന്നതിനായി പരിശീലനങ്ങൾ നൽകുന്നതിനാവശ്യമായ പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കുന്നതാണ് എന്ന് നിർദ്ദേശിക്കുന്നു.

സ്വന്തമായി ഭൂമി ഇല്ലാത്ത, വീടില്ലാത്ത കുടുംബങ്ങൾക്ക് അവരുടെ ജീവിതം മുന്നോട്ട് കൊണ്ടുപോകുന്നതിന് സഹായകരമായ രീതിയിൽ ഭൂമിയും വീടും ലഭ്യമാക്കുക. പാരമ്പര്യ തൊഴിൽ ചെയ്യുവരുന്നവരെ പുതിയ കാലഘട്ടത്തിന്റെ പുത്തൻ തൊഴിലുകളിലേക്ക് ആകർഷിക്കുന്നതിനാവശ്യമായ പരിശീലനങ്ങൾ നൽകുക. യുവതി യുവാക്കളിൽ സംരംഭകത്വം വളർത്തിയെടുത്ത് തൊഴിൽ മേഖലയിൽ നിലനിൽക്കുന്ന മത്സരത്തിൽ പിന്നോട്ട് പോകാതെ വിജയിക്കുന്നതിനാവശ്യമായ ശേഷി ഉണ്ടാക്കിക്കൊടുക്കുക. ശാസ്ത്ര-സാങ്കേതിക രംഗങ്ങളിലുള്ള ഇവരുടെ നാമമാത്രമായ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനാവശ്യമായ പദ്ധതികൾ രൂപീകരിക്കുക തുടങ്ങിയവയും വിഷയ ഉപസമിതി ലക്ഷ്യം വയ്ക്കുന്നു.

സമൂഹത്തിന്റെ വളർച്ച സ്ത്രീകളുടെ വളർച്ചയിലൂടെ മാത്രമേ പൂർത്തീകരിക്കൂ. നിലവിൽ വളരെ പിന്നോക്കം നിൽക്കുന്ന സ്ത്രീകളെ ശാക്തീകരിക്കുന്നതിനും, അവരുടെ സാമ്പത്തിക അടിത്തറ ശക്തിപ്പെടുത്തുന്നതിനും ഉതകുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതാണെന്ന് വിഷയ ഉപസമിതി ഉദ്ദേശിക്കുന്നു.

ഗോത്ര കുടുംബങ്ങളിൽ സാക്ഷരതായജ്ഞം പുനരാരംഭിക്കുക. വിദ്യാഭ്യാസ അവബോധം രക്ഷിതാക്കളിലും മുതിർന്നവരിലും സൃഷ്ടിക്കുന്ന തരത്തിലുള്ള സാക്ഷരതാ പരിപാടികൾ ആവിഷ്കരിക്കുക, സാമൂഹ്യ പഠനകേന്ദ്രങ്ങൾ (ട്യൂഷൻ, പൊതുവായന ഗ്രന്ഥശാല, ഐ.റ്റി. കണക്ടിവിറ്റി, കമ്പ്യൂട്ടർ, ഫെസിലിറ്റേറ്റർ സംവിധാനങ്ങളോടു കൂടിയ) സാധ്യമായ എല്ലാ സങ്കേതങ്ങളിലും ആരംഭിക്കുക, ഐ.ടി.ഐ., പോളിടെക്നിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളെ കുറിച്ചും പ്രൊഫഷണൽ കോഴ്സുകളെ കുറിച്ചു അവബോധമുണ്ടാക്കുകയും പ്രവേശന പരീക്ഷയ്ക്കുള്ള പരിശീലനം നൽകുകയും ചെയ്യുക എന്നതാണ് വിഷയ ഉപസമിതിയുടെ കാഴ്ചപ്പാട്.

## വനിതാ വികസനം

ആലപ്പുഴയെ ഒരു സ്ത്രീസൗഹൃദ ജില്ലയായി മാറ്റിയെടുക്കുക എന്ന കാഴ്ചപ്പാടിനാണ് വനിതാ വികസന ഉപസമിതി രൂപം നൽകിയിട്ടുള്ളത്. സ്ത്രീകളുടെ വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുക, സ്ത്രീ സുരക്ഷ ഉറപ്പുവരുത്തുക, സ്ത്രീകൾക്ക് നേരെയുള്ള അതിക്രമങ്ങൾ ഇല്ലാതാക്കുക എന്നിവയ്ക്കായി പ്രത്യേക പദ്ധതി ആവിഷ്കരിക്കാൻ വനിതാ ഉപസമിതി ഉദ്ദേശിക്കുന്നു. ജില്ലയിലെ സ്ത്രീകളുടെ ഉയർന്ന സാക്ഷരതയും വിദ്യാഭ്യാസവും തൊഴിൽ പങ്കാളിത്തത്തിൽ പ്രതിഫലിപ്പിക്കുക, സ്ത്രീയ്ക്കും പുരുഷനും തുല്യജോലിക്ക് തുല്യവേതനം എന്നതും കാഴ്ചപ്പാടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഭരണഘടന പിൻബലം യാഥാർത്ഥ്യമാക്കുന്ന തുല്യത വനിതകൾക്ക് ലഭ്യമാക്കുക, ആരോഗ്യമുള്ള സ്ത്രീ സമൂഹത്തെ വാർത്തെടുക്കുക എന്ന ലക്ഷ്യവും വിഷയസമിതി ഉദ്ദേശിക്കുന്നു. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങളും ചൂഷണങ്ങളും ഇല്ലാതാക്കുക, പ്രൊഫഷണൽ സാങ്കേതിക തൊഴിലധിഷ്ഠിത വിദഗ്ധ രംഗങ്ങളിൽ സ്ത്രീ പങ്കാളിത്തം ഉറപ്പാക്കുക, ശൈശവ വിവാഹം, നിർബന്ധിത വിവാഹം, പെൺ ശിശു ഭ്രൂണഹത്യ തുടങ്ങിയ ദോഷകരമായ പ്രവണതകൾ ഇല്ലാതാക്കുക എന്നിവയ്ക്കുവേണ്ട പ്രത്യേക പരിപാടികൾ ഏറ്റെടുത്ത് നടത്തുവാൻ ഉദ്ദേശിക്കുന്നു. വനിതാ ഗ്രൂപ്പുകളെ കാർഷിക മേഖലയിലേക്ക് ആകർഷിക്കുക, ലിംഗനീതി ഉറപ്പാക്കുന്ന സ്ത്രീപദ്ധതി മുഖ്യധാരാവത്ക്കരണം പൂർണ്ണമാക്കുക, സ്ത്രീകളുടെ വരുമാനം വർദ്ധിപ്പിക്കുക എന്നിവയും കാഴ്ചപ്പാടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വനിതാ ഘടക പദ്ധതിയിൽ ഉൾക്കൊളളിച്ചിരിക്കുന്ന 10 ശതമാനം തുക സ്ത്രീകൾക്ക് നേരിട്ട് പ്രയോജനം ലഭിക്കുന്ന പദ്ധതികൾക്ക് മാത്രമായി വിനിയോഗിക്കുക എന്നും വിഷയസമിതി ഉദ്ദേശിക്കുന്നു.

വനിതകളുടെ ആരോഗ്യ സംരക്ഷണത്തിനായി ഗ്രാമതലത്തിൽ വനിതാ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുക എന്നും വിഷയസമിതി ഉദ്ദേശിക്കുന്നു. കാർഷിക യന്ത്രങ്ങൾ പ്രവർത്തിപ്പിക്കുവാൻ സ്ത്രീകൾക്ക് പരിശീലനം നൽകി വനിതകളെ കൃഷി ചെയ്യുവാൻ പ്രേരിപ്പിക്കുക എന്നിങ്ങനെയുള്ള ലക്ഷ്യങ്ങളും കാഴ്ചപ്പാടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ചെറു വ്യവസായ യൂണിറ്റുകൾ വനിത ഗ്രൂപ്പുകൾക്ക് വരുമാനം വർദ്ധിപ്പിക്കുന്നതിലൂടെ അവരുടെ ജീവിത നിലവാരം ഉയരുന്നു എന്നും വിഷയസമിതി പറയുന്നു.

ക്ലേശകരമായ സാഹചര്യത്തിൽ ജീവിക്കുന്ന സ്ത്രീകൾക്ക് സമ്പൂർണ്ണ സുരക്ഷിതത്വം ഉറപ്പുവരുത്തുകയും വനിതകൾ കുടുംബനാഥയായിട്ടുള്ള എല്ലാ കുടുംബങ്ങൾക്കും വീടും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാക്കുക എന്നിവയാണ് വിഷയ ഉപസമിതിയുടെ പ്രധാന ലക്ഷ്യങ്ങൾ. പാർശ്വവത്ക്കരിക്കപ്പെട്ട വനിതകൾക്ക് തൊഴിൽ സുരക്ഷ ഉറപ്പുവരുത്തുകയും ഇത് മുൻകാല പഠന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിലാകണം പദ്ധതി രൂപീകരണം നടത്തേണ്ടത് എന്നും വിഷയസമിതി പറയുന്നു.

# ഉപസമിതി മേൽത്തട്ട് നിർദ്ദേശങ്ങൾ

## കൃഷി

- സബ്സിഡി മാനദണ്ഡങ്ങൾ ഓരോ പ്രദേശത്തിന്റെയും പ്രത്യേകതകൾ പരിഗണിച്ച് മാറ്റം വരുത്തുന്ന സാഹചര്യം നിലവിൽ വരണം.
- ഓരോ വർഷത്തേയും പദ്ധതി നടത്തുന്നതിന് പ്ലാൻ അംഗീകാരം മുൻ വർഷങ്ങളിൽ പൂർത്തിയാക്കുന്നത് കാർഷിക മേഖലയിലെ പ്രവർത്തനങ്ങൾക്ക് ഉത്തേജനം നല്കും.
- കുട്ടനാടൻ മേഖലയിലെ പ്രധാന പ്രശ്നങ്ങളായ ബണ്ടുകളുടെ അടിസ്ഥാന സൌകര്യ വികസനം, പോള നിർമാർജ്ജനം, കൃത്യ സമയത്ത് ഓരു മുട്ട് സ്ഥാപിക്കൽ എന്നിവയ്ക്ക് പ്രത്യേക പരിഗണന അല്ലെങ്കിൽ പാക്കേജ് വരണം.
- നാളികേര വികസന ബോർഡിന്റെ സഹായത്തോടെ തൊണ്ടുകൃഷി പുനരുജ്ജീവന പദ്ധതി നടപ്പാക്കുന്നതിനുള്ള സാധ്യത തേടണം.
- ഫാമുകളിൽ ആവശ്യത്തിന് തൊഴിലാളികളെ നിയമിക്കുകയും അവർക്ക് ആവശ്യമായ പരിശീലനം നൽകുകയും ചെയ്യണം.
- ഫാമുകളിൽ നിൽക്കുന്ന പ്രായമായതും കൃഷിക്ക് ദോഷകരമാകുന്നതുമായ വൃക്ഷങ്ങൾ നീക്കം ചെയ്യുന്നതിന് ജില്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർക്ക് അധികാരം നൽകണം.
- സ്വകാര്യ കൃഷിയിടങ്ങളിൽ അയൽ ഭൂമിയിലെ വൃക്ഷങ്ങളും ശാഖകളും വളർന്ന് കൃഷിക്ക് തടസ്സമാകുന്നത് ബോധ്യപ്പെട്ടാൽ അവ നീക്കം ചെയ്യിക്കുന്നതിനുള്ള അധികാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നിർബന്ധമായും നടപ്പാക്കുന്ന തരത്തിലെ ഉത്തരവുകൾ തന്നെ ഉണ്ടാവണം.
- കൃഷിഭവനുകൾ കാർഷികമേഖലയുടെ വളർച്ചയ്ക്ക് നിർണ്ണായക പങ്കുവഹിക്കുന്ന സേവനകേന്ദ്രമാകയാൽ അവ യഥാർത്ഥ കർഷക സൌഹൃദകേന്ദ്രങ്ങളായിമാറണം. എണ്ണമറ്റ ഫയലുകളും അടിക്കടി കോൺഫ്രൻസുകളും മൂലം ഒരു സർക്കാർ ഓഫീസ് മാത്രമായി ചുരുങ്ങിയിരിക്കുന്ന ഇന്നത്തെ അവസ്ഥ മാറണം.
- ബയോഗ്യാസ് പ്ലാന്റുകൾ ജൈവവളത്തിന്റെ ലഭ്യതയ്ക്കും പരിസരമാലിന്യ സംസ്കരണത്തിനും, ഇന്ധനക്ഷാമ പരിഹാരത്തിനും കൊമ്പൻചെല്ലി തുടങ്ങിയ കീടങ്ങളുടെ മുട്ട പെരുകുന്നതു തടയാനും സഹായിക്കുന്നതും വളരെ ഫലപ്രദമാണ്. ഈ ബഹുമുഖ ഗുണങ്ങൾ കണക്കിലെടുത്ത് ബയോഗ്യാസ്പ്ലാന്റ് നിർമ്മാണത്തിന് പൂർണ്ണ സബ്സീഡി നൽകണം. ബയോഗ്യാസ് നിർമ്മാണ പരിശീലനം വനിത സംരംഭകർക്കും കുടുംബശ്രീ അംഗങ്ങൾക്കും നൽകണം.
- ഒരു തദ്ദേശ ഭരണ സ്ഥാപനത്തിന്റെ പരിധിയിൽ വരുന്ന ഭൂപ്രദേശത്തെ അടിസ്ഥാനമാക്കി നിലവിലുള്ള ലാന്റ് യൂസ് പ്ലാൻ പ്രയോജനപ്പെടുത്തി ഫാം പ്ലാൻ തയ്യാറാക്കണം. ഇതിന്റെ അടിസ്ഥാന ഘടകമായി എടുക്കുന്നത് ആ ഭൂപ്രദേശത്ത് ഉൾപ്പെടുന്ന നീർത്തടങ്ങളെയാണ്. ഒരോ പ്രദേശത്തും ഓരോ സീസണിലും ഏറ്റവും അനുയോജ്യമായ കൃഷി എന്താണെന്ന് തിരിച്ചറിഞ്ഞുകൊണ്ടുള്ള ഫാം പ്ലാൻ ആണ് ഹരിതകേരളം മിഷന്റെ ഭാഗമായി കാർഷിക മേഖലയിൽ തയ്യാറാക്കുന്നത്.

- മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സാദ്ധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തിക്കൊണ്ട് സർക്കാർ, അർദ്ധസർക്കാർ, സ്വകാര്യ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, പുറമ്പോക്ക് ഭൂമി, മട്ടുപ്പാവുകൾ എന്നിവിടങ്ങളിൽ ജൈവ പച്ചക്കറി കൃഷി സമയബന്ധിതമായി നടപ്പാക്കണം. പ്രദേശിക തലത്തിൽ ഗുണഭോക്തൃാക്കൾ ഉൾപ്പെടുന്ന പങ്കാളിത്ത നിരീക്ഷണ സംവിധാനം ഫലപ്രദമാക്കണം.
- വെറ്റില കൃഷി ഓണാട്ടുകരയിൽ വ്യാപകമായിരുന്നു. ഈറ കിട്ടാത്തതാണ് വെറ്റിലകൃഷി പ്രതിസന്ധി. അതിനാൽ ഈറ ലഭ്യമാക്കണം / ബദൽ മാർഗ്ഗങ്ങൾ തേടണം.
- ബണ്ടുകൾ പുനർനിർമ്മിക്കുന്നതിന് ജനകീയാസൂത്രണം പദ്ധതി മാർഗ്ഗരേഖയിലെ തടസ്സങ്ങൾ മാറ്റണം.

## ജലസേചനം

- കുട്ടനാട്, കാർത്തികപ്പള്ളി താലൂക്ക് പാടശേഖരങ്ങളുടെ പുറം ബണ്ട് ബലപ്പെടുത്തേണ്ടതായിട്ടുണ്ട്. കുട്ടനാട് താലൂക്കിൽ 19271 ഹെക്ടർ പ്രദേശത്തിനായി എൺപതോളം പാടശേഖരങ്ങളുടെ പുറം ബണ്ട് 127 കി.മീ നീളത്തിൽ സംരക്ഷിച്ചിട്ടുണ്ട് 1174 കി.മീ ഇനിയും സംരക്ഷിക്കേണ്ടതായിട്ടുണ്ട്.
- ഉപ്പുവെള്ളം കയറി കൃഷിയും കുടിവെള്ള സ്രോതസും മലിനമാകുന്നതു തടയുന്നതിനായി സ്ഥിരം റഗുലേറ്റർ സംവിധാനങ്ങൾ നടപ്പിലാക്കേണ്ടതായിട്ടുണ്ട്.
- കടൽത്തീര സംരക്ഷണ പ്രവൃത്തികൾ ഉൾപ്പെട്ട പദ്ധതികൾ നടപ്പിലാക്കേണ്ടതാണ്.
- നാഷണൽ വാട്ടർവേയ്സ് പുനരുദ്ധരിച്ച് ജലഗതാഗതം സുഗമമാക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിയ്ക്കേണ്ടതാണ്. തോട്ടപ്പള്ളി പൊഴിയും ലീഡിംഗ് ചാനലും മണൽ നീക്കം ചെയ്ത് ആഴം കൂട്ടി വെള്ളപ്പൊക്കത്തിൽ നിന്നും താഴ്ന്ന പ്രദേശങ്ങളെ സംരക്ഷിക്കേണ്ടതാണ്.
- ലിഫ്റ്റ് ഇറിഗേഷന്റെ പുനരുദ്ധാരണം - ലീഡിംഗ് ചാനൽ നിർമ്മാണം
- വേമ്പനാട് കായൽ, ആലപ്പുഴ - ചേർത്തല കനാൽ, ആലപ്പുഴ - ചങ്ങനാശ്ശേരി കനാൽ, കുട്ടംപേരൂർ നദി എന്നീ ജലാശയങ്ങളുടെ നവീകരണ പദ്ധതികൾ
- പമ്പ, കല്ലട, തുടങ്ങിയ വിവിധ ജലസേചനപദ്ധതികളുടെ നവീകരണ പ്രവൃത്തികൾ.
- തണ്ണീർമുക്കം, തോട്ടപ്പള്ളി, സ്പിൽവേകളുടെ അടിസ്ഥാന സൌകര്യങ്ങൾ

## മണ്ണ് ജല സംരക്ഷണം

- പൊതു ജലസ്രോതസ്സുകളുടേയും, തണ്ണീർത്തടങ്ങളുടേയും സംരക്ഷണവും, പരിപാലനവും ഉറപ്പാക്കുന്നതിനുള്ള നിയമ നിർമ്മാണം.
- ശാസ്ത്രീയമായ ഭൂവിനിയോഗം നിർബന്ധമാക്കുക.
- കെട്ടിടങ്ങളുടെ മേൽക്കൂരകളിൽ നിന്നുള്ള മഴവെള്ള സംഭരണം നിർബന്ധമാക്കുക.

- ശാസ്ത്രീയമായ നീർത്തട രൂപലേഖനം വകുപ്പ് മുഖേന നടത്തി പ്രസിദ്ധീകരിക്കുകയും, എല്ലാ വികസന പദ്ധതികളും നീർത്തടാടിസ്ഥാനത്തിൽ നടപ്പാക്കുന്നതിനുള്ള നയ രൂപീകരണം.
- മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾക്ക് വകുപ്പ് മുഖാന്തിരം വ്യക്തിഗതാനുകൂല്യം നൽകുന്നതിനുള്ള നയരൂപീകരണം.
- ജില്ലയിലെ ജലസ്രോതസ്സുകളിൽ ഓരുവെള്ളം നിയന്ത്രിക്കുന്നതിനുള്ള സ്ഥിരം സംവിധാനം.

## മൃഗസംരക്ഷണ മേഖല

- എ.പി.എൽ. – ബി.പി.എൽ. മാനദണ്ഡത്തിന് പകരം ബി.പി.എൽ.ന് മുൻഗണന എന്ന മാനദണ്ഡം സ്കീമുകളിൽ അനുവർത്തിക്കുക.
- ബ്ലോക്കുതല പദ്ധതികളിൽ ഗുണഭോക്തൃ മാനദണ്ഡത്തിൽ ഗ്രൂപ്പുകളോടൊപ്പം തന്നെ വ്യക്തികൾക്കും ആനുകൂല്യം നൽകേണ്ടതാണ്.
- ക്ഷീരമേഖലയിലെ കർഷകരെ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമാക്കുക.
- വൈദ്യുതിയും വെള്ളവും കൃഷി ആവശ്യങ്ങൾക്ക് നൽകുന്ന അതേ നിരക്കിൽ മൃഗസംരക്ഷണ മേഖലയിലും അനുവദിക്കുക.
- മൃഗസംരക്ഷണ മേഖലയിൽ ബാങ്കുലോണുകളുടെ പലിശ നിരക്ക് കാർഷിക മേഖലയിലെ പലിശ നിരക്കിന് തുല്യമാക്കുക.
- കന്നുകാലി ഇൻഷുറൻസ് – ഉരുക്കളുടെ മരണം മൂലം താരതമ്യേന താഴ്ന്ന വരുമാനക്കാരായ ക്ഷീരകർഷകർക്കുണ്ടാകുന്ന ആഘാതം ലഘൂകരിക്കുന്നതിനായി നാമമാത്ര നിരക്കിൽ കറവ പശുക്കൾക്കും, ഗർഭിണി കിടാരികൾക്കും, ഇൻഷുറൻസ് പരിരക്ഷ ഉറപ്പുവരുത്തുക.
- കന്നുകാലികളുടെ പോഷകാഹാരകമ്മി പരിഹരിക്കുന്നതിനായി പശുവുള്ള കർഷകർക്കെല്ലാം കർഷക രജിസ്ട്രേഷന്റെ അടിസ്ഥാനത്തിൽ കാലിത്തീറ്റ റേഷനിംഗ് സമ്പ്രദായത്തിലൂടെ നൽകുക
- കന്നുകുട്ടി പരിപാലനം പദ്ധതിക്കായി കന്നുകുട്ടികളെ തെരഞ്ഞെടുക്കുമ്പോൾ ഗ്രാമസഭാ ലിസ്റ്റിനെ ആശ്രയിക്കുന്നതിനു പകരം മൃഗാശുപത്രിയിലെ കാഫ് ബർത്ത് രജിസ്റ്ററിൽ നിന്നുള്ള ഗുണഭോക്താക്കളെ മുൻഗണനാക്രമത്തിൽ തെരഞ്ഞെടുക്കുകയും പിന്നീട് ആ ലിസ്റ്റ് ഗ്രാമസഭയിൽ വച്ച് അംഗീകാരം ലഭ്യമാക്കുകയും ചെയ്യുക.
- ബയോഗ്യാസ് പ്ലാന്റും തീറ്റപ്പുൽ കൃഷിയും ഫാം ലൈസൻസിംഗിന് നിർബന്ധിത ഘടകങ്ങളാക്കുക.
- സൗരോർജ്ജത്തിന്റെ ഉപയോഗം ഫാമുകളിൽ പ്രോത്സാഹിപ്പിക്കുക.
- മേഖലയിലെ നിർവഹണ ഏജൻസികളായ ക്ഷീരവികസന വകുപ്പും മൃഗസംരക്ഷണ വകുപ്പും ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതികളിൽ ഇരട്ടിപ്പ് സംഭവിക്കുന്നുണ്ട്. ഇത് തടയാൻ പ്ലാൻ മോണിറ്ററിംഗ് സിസ്റ്റം നടപ്പിലാക്കുക.

- കന്നുകാലികളിലെ ജനിതക മേന്മ ഉറപ്പാക്കുന്നതിനും പ്രജനന നയത്തിന്റെ കാര്യക്ഷമമായ നിർവ്വഹണത്തിനും യാതൊരു തത്വദീക്ഷയുമില്ലാതെ പ്രവർത്തിക്കുന്ന സ്വകാര്യ കൃത്രിമ ബീജധാനകേന്ദ്രങ്ങളെ നിയന്ത്രിക്കേണ്ടതാണ്. സ്ഥലം വെറ്റിനറി സർജൻ മുഖേന മാത്രം ബീജലഭ്യത ഉറപ്പുവരുത്തുക.
- പശുക്കുട്ടികളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനായി സെക്സ്സോർട്ടഡ് ബീജത്തിന്റെ ഉപയോഗം വ്യാപകമാക്കുക.
- കറവയന്ത്രം സ്ഥാപിക്കുന്നതിനുള്ള സബ്സിഡി തുക ഉയർത്തുക.
- മൃഗങ്ങളെ മാത്രം വിതരണം ചെയ്യാതെ തീറ്റ, മരുന്ന് എന്നിവ കൂടി ഉൾപ്പെടുന്ന സമഗ്രപദ്ധതി രൂപീകരിക്കുക.
- മാലിന്യ സംസ്കരണത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് ചാണകത്തൊട്ടി നിർമ്മാണ പദ്ധതിയുടെ സബ്സിഡി തുക വർദ്ധിപ്പിക്കേണ്ടതാണ്.
- മുട്ടയുടെ സംഭരണത്തിനും വിപണനത്തിനുമായി എഗ്ഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ രൂപീകരിക്കുക.
- കൂടുതൽ കോഴികളെ വളർത്തുന്ന കർഷകർക്കും റേഷനിംഗ് സമ്പ്രദായത്തിലൂടെ കോഴിത്തീറ്റയും ലഭ്യമാക്കുക.
- അത്യുല്പാദനശേഷിയും രോഗപ്രതിരോധ ശേഷിയുള്ളതുമായ മെച്ചപ്പെട്ട ഇനം നാടൻ കോഴികളെ / താറാവുകളെ ഉരുത്തിരിയിച്ച് എടുക്കുന്നതിനുള്ള ഗവേഷണങ്ങളെ പ്രോത്സാഹിപ്പിക്കണം. നാടൻ കോഴികളേയും താറാവുകളേയും കണ്ടെത്തി സംരക്ഷിക്കുക.
- താറാവിൻ കുഞ്ഞുങ്ങളുടെ ലഭ്യതക്കുറവ് പരിഹരിക്കുന്നതിനായി പുതിയ ഡക്ക്ഹാച്ചറികൾ ജില്ലയിൽ സ്ഥാപിക്കുക.
- താറാവുകളുടെ രോഗ നിർണ്ണയത്തിനും നിയന്ത്രണത്തിനും ഒരു ഗവേഷണ സ്ഥാപനം കുട്ടനാട് കേന്ദ്രീകരിച്ച് ഉണ്ടാവേണ്ടത് അത്യന്താപേക്ഷിതമാണ്. ഏറ്റവും കുറഞ്ഞത് തിരുവല്ല ADDLന്റെ ഒരു സാറ്റലൈറ്റ് യൂണിറ്റ് കുട്ടനാട്ടിൽ സ്ഥാപിക്കാവുന്നതാണ്.
- അപൂർവ്വങ്ങളായ രോഗങ്ങൾ മൃഗങ്ങളിൽ പ്രത്യക്ഷപ്പെടുമ്പോൾ നിർബന്ധമായും ആ വിഷയത്തിൽ ഗവേഷണം നടത്തി ആധികാരികത ഉറപ്പുവരുത്തേണ്ടതാണ്.
- ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയുടെ കപ്പാസിറ്റി ഉയർത്തുക.
- ചെറിയ മുതൽമുടക്കോടുകൂടിയ ഇൻകൃബേറ്ററുകൾ അടങ്ങുന്ന യൂണിറ്റുകൾ സ്ഥാപിക്കുക.
- എല്ലാ ബ്ലോക്കുകളിലും ലൈസൻസുള്ള അറവുശാല നിർമ്മിക്കുക വഴി സുരക്ഷിതമായ മാംസം ഭക്ഷണത്തിനായി ലഭ്യമാക്കാവുന്നതാണ്.
- കൂടുതൽ ആടുകളെ വളർത്തുന്ന കർഷകർക്ക് തീറ്റയ്ക്ക് സബ്സിഡി ലഭ്യമാക്കുന്നതിനും നടപടി ഉണ്ടാക്കുക.
- ആട്ടിൻ കുഞ്ഞുങ്ങളുടെ ലഭ്യതക്കുറവ് പരിഹരിയ്ക്കുന്നതിനായി ബ്രീഡിംഗ് ഫാമുകൾ സ്ഥാപിക്കുക.

- കന്നുകുട്ടി പരിപാലന പദ്ധതിയിലെ ആനുകൂല്യം ലിംഗഭേദമില്ലാതെ എല്ലാ കിടാക്കൾക്കും ലഭ്യമാക്കുന്നതിലൂടെ പാലുൽപ്പാദനത്തിലെന്ന പോലെ മാംസോല്പാദനത്തിലും പുരോഗതി കൈവരിക്കാം.

- മാംസോല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിനായി താരതമ്യേന ചെലവ് കുറഞ്ഞ മാർഗ്ഗം പന്നി വളർത്തലാണ്. നിലവിൽ പന്നികൾ കൂടുതലുള്ള ബ്ലോക്കുകളിൽ എം.പി.ഐ. യുമായി സംയോജിപ്പിച്ച് രാഷ്ട്രീയ കൃഷിവികാസ് യോജനയിൽപ്പെടുത്തി പദ്ധതികൾ ഏറ്റെടുക്കാവുന്നതാണ്.

- പൊതുജന ആരോഗ്യത്തിൽ നിർണ്ണായക സ്വാധീനം ചെലുത്തുന്ന ഒന്നാണ് വെറ്ററിനറി സേവനം. 24 മണിക്കൂറും വെറ്ററിനറി സേവനം ലഭ്യമാകുന്ന രീതിയിൽ വകുപ്പിന്റെ ഓഫീസുകളെ പുനഃക്രമീകരിക്കേണ്ടതാണ്.

- ചികിത്സയ്ക്കും പദ്ധതി പ്രവർത്തനങ്ങൾക്കും കൂടി ഒരു വിഭാഗം എന്നുള്ളതിനു പകരം വകുപ്പിനെ പുനഃക്രമീകരിച്ച് ഓരോന്നിനും ഓരോ വിഭാഗങ്ങളെ ചുമതലപ്പെടുത്തുകവഴി ഒരോ മേഖലയിലും കാര്യക്ഷമമായ പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുവാൻ വകുപ്പിന് കഴിയുന്നതാണ്.

- പോളിക്ലിനിക്കുകൾ, ജില്ലാ വെറ്ററിനറി കേന്ദ്രങ്ങൾ തുടങ്ങിയവയിൽ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരെ നിയമിക്കുക. അതുവഴി ഈ കേന്ദ്രങ്ങളെ യഥാക്രമം താലൂക്ക്/ജില്ലയുടെ റഫറൽ കേന്ദ്രങ്ങളുമായി ഉയർത്താൻ സാധിക്കുകയും വെറ്ററിനറി ചികിത്സയുടെ ഗുണനിലവാരം വർദ്ധിപ്പിക്കുവാൻ സഹായിക്കുകയും ചെയ്യും. ഇതിനായി ബിരുദാനന്തര ബിരുദമോ/ഡിപ്ലോമയോ ഉള്ള ഡോക്ടർമാരുടെ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്. കാലാനുസൃതമായി പരിശീലനം നൽകേണ്ടതുമാണ്.

- ജന്തുജന്യ രോഗങ്ങളുമായി അടുത്തിടപഴകുന്ന ഒരു വിഭാഗം എന്ന നിലയ്ക്ക് മൃഗസംരക്ഷണ വകുപ്പിലെ ജീവനക്കാർക്ക് ആരോഗ്യ സംരക്ഷണത്തിനായി പ്രത്യേക പദ്ധതികൾ രൂപീകരിക്കേണ്ടതാണ്.

- വെറ്ററിനറി മേഖലയിൽ ചികിത്സാരംഗത്തും ഫാമിംഗ് രംഗത്തും നൂതന മാറ്റങ്ങൾക്കായി നടത്തുന്ന ഗവേഷണങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ എടുക്കുക.

- മൃഗസംരക്ഷണ വകുപ്പിലെ ജീവനക്കാരുടെ പ്രവർത്തനങ്ങളെ കാലാകാലങ്ങളിൽ വിലയിരുത്തി നല്ല പ്രവൃത്തിയെ അംഗീകരിക്കുകയും ചെയ്യുന്നതിലൂടെ ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിക്കുവാൻ ഇടയാകും.

- ആശുപത്രികളിലെ അടിസ്ഥാന സൗകര്യ വികസനത്തിന് ശ്രദ്ധ ചെലുത്തേണ്ടതാണ്. ലബോറട്ടറി സൗകര്യങ്ങളോടൊപ്പം അവ പ്രവർത്തിപ്പിക്കുന്നതിനുള്ള ജീവനക്കാരെ നിയമിക്കുകയും ചെയ്യേണ്ടതാണ്. എല്ലാ മൃഗാശുപത്രികളിലും ഡേറ്റാ എൻട്രി ഓപ്പറേറ്റർ കം ക്ലാർക്ക് തസ്തിക സൃഷ്ടിക്കേണ്ടതാണ്. പഞ്ചായത്തുകൾക്ക് താൽക്കാലിക അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിനുള്ള അനുമതി നൽകുക.

- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി വിഹിതം ഉപയോഗിച്ച് 24 മണിക്കൂർ വെറ്റിനറി സേവനം ലഭ്യമാക്കുന്നതിന് അനുമതി നൽകുക.

- മോട്ടോർബോട്ട് മൂഗാശ്രപത്രിയുടെ പ്രവർത്തനത്തിലേക്കായി സ്വന്തമായി ബോട്ടും അതനുസരിച്ചുള്ള ജീവനക്കാരെയും ലഭ്യമാക്കണം.
- ആംബുലേറ്ററി ക്ലിനിക്കിന്റെ ഭാഗമായി പ്രവർത്തിപ്പിക്കുന്ന ആംബുലൻസിന് സ്ഥിരം ഡ്രൈവർ തസ്തിക സൃഷ്ടിച്ച് പ്രവർത്തനം കാര്യക്ഷമമാക്കുക.
- പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നവർക്ക് ധനസഹായം ലഭ്യമാക്കുക.
- ജന്തുക്ഷേമസമാജങ്ങളുടെ തുടർ പ്രവർത്തനങ്ങൾക്കാവശ്യമായ ധനസഹായം ലഭ്യമാക്കുക.
- മരുന്ന് വാങ്ങൽ പദ്ധതി നിർബന്ധിതമാക്കണം, മിനിമം തുകയ്ക്കുള്ള മരുന്ന് വാങ്ങിയിരിക്കണം എന്ന നിബന്ധന ഉണ്ടാവണം.

## ക്ഷീരവികസനം

- കറവുമാടുകളുടെയും കിടാരികളുടെയും ലഭ്യത ഉറപ്പാക്കൽ
- ക്ഷീര വികസന വകുപ്പിന്റെ നിലവിലുള്ള എം.എസ്.ഡി.പി. പദ്ധതിയിൽ നിർദ്ദേശിക്കുന്ന രീതിയിൽ ത്രിതല പഞ്ചായത്തുകളിലും 1പശു, 2പശു, 5പശു, 10പശു, ഡയറി ഫാമുകൾ നടപ്പിലാക്കുന്നതിന് ധന സഹായം.

- കൂട്ടനാട്ടിൽ വിളവെടുപ്പിനുശേഷം കത്തിച്ചുകളയുന്ന വൈയ്ക്കോൽ സംഭരിച്ച് ബെയിൽ ചെയ്ത് സൂക്ഷിച്ച് വിപണനം നടത്തുന്ന പദ്ധതി തെരഞ്ഞെടുത്ത ക്ഷീര സംഘങ്ങളുടെ സഹകരണത്തോടെ നടപ്പാക്കുന്ന പദ്ധതിയാണ്. ഇത് കാർഷിക എൻജിനീയറിംഗ് വിഭാഗത്തിന്റെ ത്രിതല പഞ്ചായത്ത് സംയുക്ത പദ്ധതിക്കായി നടപ്പാക്കാവുന്നതാണ്.
- ബൾക്ക് മിൽക്ക് കൂളർ സ്ഥാപിച്ചിട്ടുള്ള ക്ഷീര സഹകരണ സംഘങ്ങളിൽ മലിനജലം ശാസ്ത്രീയമായി പുനരുപയോഗിക്കുന്നതിന് സംസ്ഥാന ശുചിത്വമിഷനുമായി സഹകരിച്ച് എഫ്ളുവന്റ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പാക്കാവുന്നതാണ്.
- പാൽ സംഭരണം വളരെകുറവുള്ള സംഘങ്ങളിൽ വരുമാനം കുറവായതിനാൽ ജീവനക്കാരെ കിട്ടാനില്ലാത്ത അവസ്ഥമൂലം ബുദ്ധിമുട്ടുന്ന ക്ഷീര സംഘങ്ങളിൽ ജീവനക്കാർക്ക് ശമ്പളം നല്കുന്നതിന് മാനേജീരിയൽ സബ്സിഡിയായി ധനസഹായം അനുവദിച്ച് ടി ക്ഷീര സംഘങ്ങളെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരാവുന്നതാണ്.
- കർഷകനെയും അവന്റെ ഉരുക്കളെയും ഒന്നിച്ച് ഇൻഷ്വർ ചെയ്ത് നടപ്പാക്കുന്ന സമഗ്ര ഇൻഷ്വറൻസ് പദ്ധതി ആകർഷകമായി നടപ്പാക്കാവുന്നതാണ്.
- പുതുതായി ഡയറി ഫാം തുടങ്ങുന്ന യുവ സംരംഭകർ ലൈസൻസ്, രജിസ്ട്രേഷൻ ആവശ്യങ്ങൾക്കായി പല ഓഫിസുകളിലും കയറിയിറങ്ങിന്നതിന് പകരം ബ്ലോക്ക്തലത്തിൽ ഏകജാലക സംവിധാനങ്ങൾ തുടങ്ങേണ്ടതാണ്.
- തുടർച്ചയായി ഉണ്ടാകുന്ന വെള്ളപ്പൊക്കം ഗതാഗത സൌകര്യങ്ങളുടെ അപര്യാപ്തത എന്നിവ മൂലം ഇതര പ്രദേശങ്ങളിൽ നിന്ന് വ്യത്യസ്തമായി കൂട്ടനാട്ടിലെ ക്ഷീര കാർഷിക മേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ ശാശ്വതമായി പരിഹരിക്കുന്നതിന്

അഭിലഷണീയമായ എലിവേറ്റഡ് കാലിത്തൊഴുത്തുകൾ, ട്രാൻസ്പോർട്ടേഷണൽ എന്നിവ ഈ മേഖലയിൽ നടപ്പാക്കാവുന്നതാണ്.

- ജില്ലയിലെ ചില ക്ഷീരസംഘങ്ങൾ പ്രവർത്തിച്ചുവരുന്നത് മതിയായ സൌകര്യങ്ങളില്ലാതെയാണ്. ടി സംഘങ്ങൾക്ക് ആവശ്യമായ കെട്ടിടം, ഫർണ്ണീച്ചർ, പാൽ പരിശോധന സൌകര്യങ്ങൾ, തുടങ്ങിയവ ഏർപ്പെടുത്തേണ്ടത് അത്യാവശ്യമാണ്.
- ജില്ലയിൽ വിപണനം ചെയ്യുന്ന പാലിന്റെയും കാലിത്തീറ്റയുടെയും ഗുണനിലവാരം പരിശോധിച്ച് ഉറപ്പുവരുത്തുന്നതിനായി അത്യാധുനിക സൌകര്യങ്ങളോടുകൂടിയ ഒരു ലാബ് ഏർപ്പെടുത്തേണ്ടത് അത്യാവശ്യമാണ്.
- ക്ഷീരമേഖലയിലേയ്ക്ക് പുതുതായി കടന്നുവരുന്ന ക്ഷീരകർഷകർക്ക് ശാസ്ത്രീയമായ പാലുൽപാദനം, തീറ്റപ്പുൽകൃഷി, ക്ഷീരമേഖലയിലെ നവീന സാങ്കേതിക വിദ്യകൾ എന്നിവ പ്രയോജനപ്പെടുത്തുന്നതിനായി മതിയായ പരിശീലനം നൽകുന്നതിന് വകുപ്പിന്റെ ഉടമസ്ഥതയിലുള്ള പട്ടണക്കാട് മിൽക്ക് പ്രോഡക്ട്സ് മാനുഫാക്ചറിംഗ് ആൻഡ് സിലിറ്റേഷൻ സെന്ററിൽ മതിയായ ജീവനക്കാരെ നിയമിയ്ക്കുന്നതുൾപ്പടെയുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തി ക്ഷീരപരിശീലന കേന്ദ്രമായി ഉയർത്തേണ്ടതുണ്ട്.
- ക്ഷീരസംഘത്തിൽ പാൽ അളക്കുന്ന കർഷകർക്ക് 1 ലിറ്റർ പാലിന് 4 രൂപ പ്രകാരം ഉള്ള മിൽക്ക് ഇൻസെന്റിവ് ത്രിതല പഞ്ചായത്ത് മുഖേന കാലാനുസൃതമായി വർദ്ധിപ്പിച്ച് നൽകാവുന്നതാണ്. പാലിന് നിലവിലുള്ള ഇൻസെന്റിവ് പൊതു മാർക്കറ്റിന് സമാനമായി 5 രൂപ എന്നത് 8 രൂപയായി വർദ്ധിപ്പിക്കുക.
- ആടുമാടുകളുടെ തീറ്റചെലവ് കുറയ്ക്കുന്നതിനായി നിലവിലുള്ള കാലിതീറ്റ സബ്സിഡി കാലാനുസൃതമായി വർദ്ധിപ്പിച്ച് നൽകാവുന്നതാണ്.
- ഗ്രാമപഞ്ചായത്ത് തലത്തിൽ ക്ഷീരകർഷകർക്ക് അസോള കൃഷി നടപ്പിലാക്കുന്ന പദ്ധതി ഉൾപ്പെടുത്താവുന്നതാണ്.

## മത്സ്യമേഖല

- ഹാർബർ നിർമ്മാണം പൂർത്തിയാക്കൽ- ജില്ലയുടെ പ്രധാന പശ്ചാത്തല വികസനത്തിന്റെ ഭാഗമായി ഹാർബറിൽ വികസനം വളരെ പ്രധാനപ്പെട്ട ഒരു വിഷയമായി മുൻഗണന കൊടുക്കേണ്ടതാണ്.
- തീരദേശ പഞ്ചായത്തുകളിലും, ഉൾനാടൻ മത്സ്യസമ്പത്ത് കൂടുതലുള്ള പ്രദേശങ്ങളിലും നവീന മാതൃകയിലുള്ള മത്സ്യമാർക്കറ്റുകൾ നിർമ്മിക്കുക.
- ജില്ലയിലെ മത്സ്യതൊഴിലാളികളുടെ വിദ്യാഭ്യാസനിലവാരം എടുത്താൽ ഉന്നതവിദ്യാഭ്യാസം ഉണ്ടായിട്ടും തൊഴിൽ രഹിതർ കൂടുതലായിട്ടുകാണപ്പെടുന്നു. തീരദേശ മേഖലയുമായി ബന്ധപ്പെട്ടുള്ള വിവിധ വകുപ്പുകളില് അഭ്യസ്തവിദ്യരായുള്ള മത്സ്യത്തൊഴിലാളി കുട്ടികൾക്ക് മുൻഗണന നൽകണം.
- അധ്യായം **6**-ൽ വിവരിച്ചിരിക്കുന്ന പ്രധാന ന്യൂനതകളിൽ ഒന്നായ നിർവഹണ ഉദ്യോഗസ്ഥരുടെ അഭാവം വളരെ അനുഭവപ്പെടുന്ന സാഹചര്യത്തിൽ ഓരോ

തീരദേശ പഞ്ചായത്തുകൾ തോറും മത്സ്യ ഭവനുകൾ അനുവദിക്കുകയും ഉദ്യോഗസ്ഥരെ നിയമിക്കുകയും ചെയ്യേണ്ടതുണ്ട്.

- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കുന്ന മത്സ്യ തൊഴിലാളികൾക്കുള്ള ക്ഷേമപദ്ധതികളിൽ 50% ഗുണഭോക്തൃവിഹിതം അടക്കേണ്ടരീതി നിർത്തലാക്കി 100% സബ്സിഡി ആയി പദ്ധതി നടത്തിപ്പ് ആസൂത്രണം ചെയ്യേണ്ടതാണ്.
- തീരപ്രദേശത്ത് ഹരിതതീരം പദ്ധതിയിൽ ഉൾപെടുത്തി കണ്ടലും കാറ്റാടിയും നട്ടുപിടിപ്പിക്കുന്ന പദ്ധതി നടപ്പിലാക്കണം. കടലും കടൽ മേഖലയുടെയും ഉൽപാദനം വർദ്ധിപ്പിക്കുന്നതിനു വേണ്ടിയുള്ള പദ്ധതികളായ സീ-റാഞ്ചിംഗ്, പാരുകളുടെ സ്ഥാപനം തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കുക.
- മത്സ്യവകുപ്പിലെ രജിസ്റ്റേഡ് വള്ളങ്ങളിലെ തൊഴിലാളികളുടെ എണ്ണത്തിന് ആനുപാതികമായി സുരക്ഷ ഉപകരണങ്ങളുടെ വിതരണ പദ്ധതി ആവിഷ്കരിക്കാവുന്നതാണ്.
- മത്സ്യത്തൊഴിലാളികൾക്ക് എം.എസ്. സ്വാമിനാഥൻ റിസർച്ച് ഫൗണ്ടേഷൻ അവതരിപ്പിച്ച മെബൈൽ ആപ്ലിക്കേഷൻ പദ്ധതിയായ ഫിഷർ ഫ്രണ്ട് മൊബൈൽ ആപ്ലിക്കേഷൻ (FFMA) പദ്ധതി മത്സ്യ വകുപ്പിന് ഏറ്റെടുത്ത് നടപ്പിലാക്കാവുന്നതാണ്.
- മത്സ്യ സഹകരണ സംഘങ്ങൾ ശക്തിപ്പെടുത്തുക.
- മത്സ്യത്തൊഴിലാളികൾക്കും കർഷകർക്കും മത്സ്യത്തിന് ന്യായവില ലഭിക്കുന്നതിന് സർക്കാർ അത് നേരിട്ട് വാങ്ങി അഡാക്ക്/മത്സ്യഫെഡ് ഔട്ട് ലെറ്റുകളിലൂടെ വിതരണം ചെയ്യുക.
- ജില്ലയിൽ മത്സ്യവിത്തുല്പാദനകേന്ദ്രവും സീഡ് സെന്ററും ആരംഭിക്കുക.
- വേമ്പനാട് കായൽ സമഗ്ര വികസനത്തിനു യോഗ്യമായ പദ്ധതി നടപ്പിലാക്കുക. (തണ്ണീർതടം) കായൽത്തീരം കല്ലുകെട്ടി സംരക്ഷിക്കുകയും, പോളമാറ്റി കായലിൽ കാണുന്ന മണൽത്തിട്ടകൾ മാറ്റുന്നതിനായി ഡ്രഡ്ജിംഗ് നടത്തി ആഴം കൂട്ടുക, ഹൗസ് ബോട്ടുകളെ നിയന്ത്രിച്ച്, ജലമലിനീകരണം നിയന്ത്രീക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുക. മത്സ്യ കുഞ്ഞുങ്ങളുടെ റാഞ്ചിംഗ് നടത്തി അനിയന്ത്രിതവും അശാസ്ത്രീയവുമായ മത്സ്യ ബന്ധനം നിയന്ത്രിച്ച് വേമ്പനാട് കായൽ ഡെവലപ്പ്മെന്റ് അതോറിറ്റി സ്ഥാപിക്കുക.
- ജില്ലയിലെ അർത്തുങ്കൽ ഹാർബറിന്റെ പൂർത്തീകരണം, തോട്ടപ്പള്ളി ഹാർബറിന്റെ നവീകരണം, കായംകുളം ഹാർബറിന്റെ വടക്കേകരയിലെ അനുബന്ധ സൌകര്യങ്ങളുടെ ലഭ്യത എന്നിവയിലൂടെ തൊഴിലാളികളുടെ വികസനത്തിന് വലിയ സംഭാവന നൽകുവാൻ കഴിയും.
- കായംകുളം ഫിഷിംങ് ഹാർബറിന്റെ വടക്കേകരയിൽ മത്സ്യലേലം തുടങ്ങുന്നതിനും അതുവഴി നമ്മുടെ ജില്ലയുടെ തെക്കൻ മേഖലയിൽ തൊഴിലാളികൾക്ക് ഏറെ സഹായം ലഭ്യമാക്കാനും കഴിയും.

- പ്രകൃതിജന്യമായ മത്സ്യസമ്പത്ത് നഷ്ടപ്പെടുന്നതിനാൽ അത് പരിഹരിക്കുന്നതിനായി കായലിൽ വിവിധ ഇനങ്ങളിലുള്ള മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിക്കണം.
- മത്സ്യതൊഴിലാളി മേഖലയിൽ (ഉൾനാടൻ) പലപ്പോഴും അവർക്ക് വേണ്ടിയുള്ള പദ്ധതികൾ നടപ്പിലാക്കുവാൻ സബ്സ്ിഡി മാനദണ്ഡം വരുമ്പോൾ നടപ്പിലാക്കാൻ പറ്റാതെ വരുന്നു. എസ്.സി., എസ്.റ്റി പരിഗണന സബ്സ്ിഡിയിൽ ഉണ്ടാവണം.
- ബ്ലോക്ക് പഞ്ചായത്തിന് ഇംപ്ലിമെന്റിങ്ങ് ഓഫീസർ ഇല്ലാത്തതിനാലും യൂണിറ്റ് കോസ്റ്റ് തീരുമാനിക്കുവാനും കഴിയുന്നില്ലാത്തതുകൊണ്ട് പദ്ധതി നടപ്പിലാക്കുവാൻ വിഷമിക്കുന്നു.
- തോട്ടപ്പള്ളി കേന്ദ്രീകരിച്ച് സ്ഥിരം ഫിഷറീസ് സ്റ്റേഷൻ സ്ഥാപിക്കണം.
- ഉൾനാടൻ മത്സ്യകൃഷിയ്ക്ക് സഹായകരമായ ലാബട്ടി സൌകര്യം ഒരുക്കുക, മത്സ്യകൃഷിയ്ക്ക് സഹായകരമാകുന്ന വിധത്തിൽ പായൽ/പോള വിവിധ വകുപ്പുകളുടെ സഹായത്തോടെ നീക്കം ചെയ്യണം.

## പരിസ്ഥിതി, കാലാവസ്ഥ വ്യതിയാനം, വനവികസനം

### a) പരിസ്ഥിതി

- കായലും നദികളും അതിരിടുന്ന പഞ്ചായത്തുകളിൽ തങ്ങളുടെ പ്രദേശത്തെ കായലിന്റെയും നദിയുടെയും അതിരുകൾ, റവന്യൂ വകുപ്പുമായി ചേർന്ന് നിർണ്ണയിക്കുക.
- പഞ്ചായത്തിന്റെ പരിധിയിൽ കായലിലേക്കോ നദിയിലേക്കോ എത്തുന്ന ചെറുതും വലുതുമായ തോടുകൾ കൃത്യമായി നിർണ്ണയിച്ച് കൈയ്യേറ്റങ്ങളും, നികത്തലുകളും തിരിച്ചുപിടിക്കുവാനുള്ള നടപടി ക്രമങ്ങൾ നടത്തണം.
- തോടുകളുടെ ഉൾഭാഗങ്ങളിൽ കയർ ഭൂവസ്ത്രം ഉപയോഗിച്ചും, കായലിലേക്കോ, നദിയിലേക്കോ ചേരുന്ന പ്രദേശം ജൈവവേലി ഉപയോഗിച്ചും സംരക്ഷിക്കുവാൻ പരിപാടികൾ ആസൂത്രണം ചെയ്യണം.
- കായൽ സംരക്ഷണത്തിനായി ഒരു പ്രാദേശിക തല നിരീക്ഷണസമിതി ഉണ്ടാക്കണം.
- പ്രദേശത്തെ പരിസ്ഥിതി പ്രവർത്തകൻ, രാഷ്ട്രീയപ്രവർത്തകൻ, സാമൂഹ്യസംഘടന പ്രവർത്തകൻ തുടങ്ങിയവരെ ഉൾപ്പെടുത്തി ഒരു ജില്ലാസമിതി രൂപീകരിക്കണം.
- ഭൂപ്രകൃതിക്കു യോജിച്ച രീതിയിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുക.
- ഹരിത ചട്ടം പാലിച്ചുള്ള നിർമ്മിതികൾക്കു മാത്രം ലൈസൻസ് നൽകുക.
- മാലിന്യ നിർമ്മാർജ്ജന രീതികൾ കർശനമാക്കുക.
- കായൽ നികത്താതെ കടൽത്തീരം കൈയ്യേറാതെ, മാലിന്യം വലിച്ചെറിയാതെ, പച്ചപ്പ് കുറക്കാതെ ഉള്ള ടൂറിസം പ്രോത്സാഹിപ്പിക്കുക.
- ടൂറിസം വ്യവസായം പാരിസ്ഥിതിക ഉത്തരവാദിത്വം പുലർത്തുന്നുണ്ടോ എന്ന് പരിശോധിക്കാൻ മാർഗ്ഗനിർദ്ദേശം തയ്യാറാക്കുക, പാലിക്കുന്നുണ്ടോ എന്ന് ഉറപ്പാക്കുക.

- ജല ഉപയോഗം കുറക്കുകയും, ഉപയോഗിച്ച ജലം പുനരുപയോഗിക്കുവാൻ ഉതകുന്ന തരത്തിലുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുവാൻ മാർഗ്ഗനിർദ്ദേശം തയ്യാറാക്കുക.
- മത്സ്യപ്രജനനത്തിനും സഹായമാകുന്ന തീര സസ്യങ്ങൾ കായലിനോടും നദിയോടും ചേർന്നുള്ള പ്രദേശങ്ങളിൽ വച്ച് പിടിപ്പിക്കാൻ പദ്ധതി തയ്യാറാക്കുക, ഉള്ളവ സംരക്ഷിച്ചു നിർത്താനും ശ്രമിക്കുക. നാടൻ ഇനങ്ങളുടെ കുഞ്ഞുങ്ങളെ ഫിഷറീസ് വകുപ്പുമായി ചേർന്ന് റാഞ്ചിംഗ് നടത്തുക.
- കീടനാശിനി/ കളനാശിനി എന്നിവയെപ്പറ്റി ശാസ്ത്രീയമായ അറിവ് കർഷകരിൽ എത്തിക്കുക. കുട്ടനാട്ടിലെ പഞ്ചായത്തുകളിൽ കീടനാശിനി/ കളനാശിനി വിതരണക്കാരുടെ പട്ടിക തയ്യാറാക്കി ലൈസൻസിന്റെ അടിസ്ഥാനത്തിൽ മാത്രം പ്രവർത്തിക്കാൻ അനുവദിക്കുക.
- കീടനാശിനി / കളനാശിനി വിതരണക്കാരിൽ നിന്നും വാങ്ങുന്നതിന് കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തിയതും കൃഷിയിടത്തിന്റെ വിസ്തൃതിയ്ക്ക് ആവശ്യമായ അളവിൽ മാത്രം വിൽപ്പന നടത്തുക.
- നെൽ വയൽ–തണ്ണീർത്തട സംരക്ഷണ നിയമം കർശനമായി നടപ്പിലാക്കുക.
- തരിശായി കിടക്കുന്ന ജില്ലയിലെ എല്ലാ ഭൂമിയിലും മരങ്ങൾ നട്ടു പിടിപ്പിച്ച് പരിസ്ഥിതി സംതുലനം നിലനിറുത്തുക.

### b) കാലാവസ്ഥ

- കാലാവസ്ഥ വ്യതിയാനം ഏറ്റവും ഗുരുതരമായ തോതിൽ ബാധിക്കുന്ന തൊഴിൽ മേഖലയാണ് മത്സ്യബന്ധന മേഖല. മത്സ്യബന്ധനം ഉപജീവന മാർഗ്ഗമാക്കിയിട്ടുള്ള മത്സ്യതൊഴിലാളികൾക്ക് കാലാവസ്ഥാ വ്യതിയാനം, ചുഴലിക്കാറ്റുകൾ തുടങ്ങിയവ മുൻകൂട്ടി മനസ്സിലാക്കുന്നതിനുള്ള സംവിധാനം ഹാർബറുകളിലോ, ലാൻറിംഗ് സെൻറർകളിലോ സ്ഥാപിക്കുക.
- 'SMS Alert System' കാലാവസ്ഥാ വ്യതിയാനം മുൻകൂട്ടി മത്സ്യതൊഴിലാളികളെ അറിയിക്കുന്നതിന് ഉപയോഗിക്കുക.
- പരമ്പരാഗത മത്സ്യ തൊഴിലാളികൾക്ക് ജീവൻ രക്ഷയ്ക്ക് ഉതകുന്ന താഴെ പറയുന്ന ഉപകരണങ്ങൾ പഞ്ചായത്ത് തലത്തിൽ പദ്ധതികളിൽ ഉൾപ്പെടുത്തി ലഭ്യമാക്കുക
- ലൈഫ് ജാക്കറ്റ്- ടൈപ്പ് I PFD ആഴക്കടൽ മത്സ്യബന്ധനത്തിന് യോജിച്ചത്
- ലൈഫ് ജാക്കറ്റ്- ടൈപ്പ് III PFD തീരക്കടൽ മത്സ്യബന്ധനത്തിന് യോജിച്ചത്
- റിങ്ങ് ലൈഫ് ബോയ്- മറ്റുള്ളവരെ രക്ഷിക്കാനായി എറിഞ്ഞുകൊടുക്കാൻ ഉപകാരപ്രദം ലൈഫ് റാഫ്ട് ഇ.പി.ഐ.ആർ.ബി ഫ്രീ ഫ്ലോട്ട് ടൈപ്പ് 406 മെഗാഹെഡ്സ് പി.എൽ.ബി. എൽ.ഇ.ഡി. ഫ്ലയർ എ.ഐ.എസ്സ് ക്ലാസ്സ് ബി ട്രാൻസ്പോണ്ടർ ജി.പി.എസ്സ്. റേഡിയോ വാക്കിടോക്കി & വയർലെസ്സ് ഫസ്റ്റ് എയ്ഡ്കിറ്റ് ആഴക്കടൽ മത്സ്യബന്ധനം, റിഫ്ളക്ടർ
- കാലാവസ്ഥാ വ്യതിയാനത്തിന്റെ പശ്ചാത്തലത്തിൽ പ്രത്യേകവിള കലണ്ടറുകൾ തയ്യാറാക്കുക.

- ശുദ്ധജല, പെലാജിക് മത്സ്യങ്ങളുടെ മൈഗ്രേഷൻ പ്രവണതകളുടെ ഗവേഷണ ഫലങ്ങളുടെ ഡാറ്റാ മത്സ്യത്തൊഴിലാളികൾക്ക് പ്രയോജനം ലഭിക്കുന്നതിനായി പ്രസിദ്ധീകരിക്കുക
- കാറ്റിന്റെ ദിശ, വിൻഡ് വെയ്ൻ, അനിമോമീറ്റർ, വേഗത എന്നിവ മനസ്സിലാക്കുന്നതിനുള്ള ഉപകരണങ്ങൾ ഉൾനാടൻ ജലാശയങ്ങളിൽ സ്ഥാപിക്കുക.
- കർഷകർക്ക് കാലാവസ്ഥ അടിസ്ഥാനമാക്കിയുള്ള മുന്നറിയിപ്പ് വ്യാപകമായി നൽകുക. കാലാവസ്ഥ അടിസ്ഥാനത്തിലുള്ള കന്നുകാലി ഇൻഷുറൻസ് നടപ്പിലാക്കുക
- പഴയ യന്ത്രങ്ങളും ഉപകരണങ്ങളും മാറ്റി പകരം കാര്യക്ഷമമായവ ഉപയോഗിക്കുക.
- കാലാവസ്ഥാ വ്യതിയാന സമയത്ത് ആരോഗ്യ വകുപ്പ് വഴി പൊതുജനങ്ങൾക്ക് സുരക്ഷാ നിർദ്ദേശങ്ങൾ നൽകുക.
- ശാസ്ത്രീയ വിള പരിപാലന രീതികൾ, ഡ്രിപ്പ് സ്പ്രിങ്ക്ലർ, പോളിഹൗസ് ഫാമിംഗ് തുടങ്ങിയവ പ്രോത്സാഹിപ്പിക്കുക.
- കാലാവസ്ഥാ വ്യതിയാന പ്രശ്നങ്ങളെ നേരിടുന്നതിനുള്ള പ്രധാന നടപടികളിലൊന്നാണ് നിലവിലുള്ള തണ്ണീർത്തടങ്ങളുടെ സംരക്ഷണം, സംയോജിത ജലപരിപാലന പരിപാടികൾക്ക് ഏറ്റവും മുൻഗണന നൽകുക
- ഹരിതതീരം പദ്ധതി ജില്ലയിലെ മുഴുവൻ തീരങ്ങളിലും വ്യാപിപ്പിക്കുക. തുറസ്സായ സ്ഥലങ്ങളിലെല്ലാം മരങ്ങൾ നട്ട് പിടിപ്പിച്ച് ഗ്രീൻ ബെൽറ്റ് രൂപീകരിക്കുക.

### c) വനവികസനം

- പൊതുസ്ഥലങ്ങളിൽ കേടായി അപകടാവസ്ഥയിൽ നിൽക്കുന്ന മരങ്ങളുടെ കണക്കെടുത്ത് ടി മരങ്ങൾ മുറിച്ചു മാറ്റി പകരം മുറിച്ചു മാറ്റിയ ഓരോ മരത്തിനും പകരം 10 തദ്ദേശീയ ഇനം മരങ്ങൾ വച്ചു പിടിപ്പിക്കുന്ന പദ്ധതികൾ ഉൾപ്പെടുത്തുക.
- 'ഒരു വീട്ടിൽ ഒരു പ്ലാവ്' – കൃഷി / വനം വകുപ്പുകൾ വഴി നല്ലയിനം പ്ലാവിൻ തൈകൾ വിതരണം ചെയ്യാനുള്ള പദ്ധതി രൂപീകരിക്കാവുന്നതാണ്.
- ഗ്രീൻ ഇൻഡ്യാ മിഷൻ – പങ്കാളിത്ത ഹരിത സമിതികളിലൂടെയുള്ള – സമഗ്ര പരിസ്ഥിതി പരിപാലനം
- വർഷം മുഴുവനും വൃക്ഷങ്ങളുടെ വിത്തുകൾ ലഭ്യമാക്കുന്നതിനു വേണ്ടി വൃക്ഷ വിത്ത് ബാങ്ക് ജില്ലയിൽ സ്ഥാപിക്കേണ്ടതാണ്.
- വൃക്ഷം വളർത്തുന്ന കർഷകർക്ക് പ്രോത്സാഹന ധനസഹായം
- സർക്കാർ പൊതുമേഖലാസ്ഥാപനങ്ങളുടെ അധീനതയിലുള്ള സ്ഥലങ്ങളിലുള്ള അക്കേഷ്യ / യൂക്കാലിപ്റ്റസ് തുടങ്ങിയ പരിസ്ഥിതിക്ക് കോട്ടം ചെയ്യുന്ന വൃക്ഷങ്ങൾ മുറിച്ചുമാറ്റി പകരം തദ്ദേശീയ ഇനം വൃക്ഷത്തൈകൾ (ചന്ദനം, കുമ്പിൾ, തേന്മാവ്, കുന്നിവാക, ആഞ്ഞിലി, പ്ലാവ്) നട്ടുപിടിപ്പിക്കേണ്ടതാണ്.
- ലവണാംശം ഉള്ള പൊഴി / കായൽ തീരഭാഗങ്ങളിൽ അനുയോജ്യമായ ഇനം കണ്ടൽ തൈകൾ നട്ടുപിടിപ്പിക്കാവുന്നതാണ്.

- അഗ്രോമൊബൈൽ ക്ലിനിക്കുകൾ പോലെ വൃക്ഷ ക്ലിനിക്കുകൾ നടപ്പിലാക്കാവുന്നതാണ്.
- കാർഷിക വനവൽക്കരണം ത്വരിതപ്പെടുത്തുക
- ദേശാടനപക്ഷികളെ സംരക്ഷിക്കുന്നതിനുയുള്ള പദ്ധതികൾ ഉൾപെടുത്തുക
- ജൈവവൈവിദ്ധ്യത്തിന് ഭീഷണിയാകുന്ന അധിനിവേശ സസ്യങ്ങൾ നശിപ്പിച്ച് തദ്ദേശീയിനങ്ങൾ പരിപാലിക്കുന്നതിനുമുള്ള പദ്ധതികൾ ഉൾപ്പെടുത്താവുന്നതാണ്.

### വ്യവസായം / പ്രാദേശിക സാമ്പത്തികം

- വ്യവസായ സംരംഭങ്ങൾക്ക് താരതമ്യേന കൂടുതൽ മുതൽമുടക്ക് ആവശ്യമുള്ളതിനാൽ വാർഷിക പദ്ധതികൾക്കായുള്ള ഗുണഭോക്താക്കളെ നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ പ്രത്യേകിച്ചും വരുമാന പരിധിയിൽ ആവശ്യമായ മാറ്റം അനിവാര്യമാണ്.
- തേങ്ങ അടിസ്ഥാനമാക്കിയുള്ള മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾക്ക് സാദ്ധ്യത ആരായേണ്ടതാണ്.
- പ്രകൃതി ചൂഷണത്തിന് വിധേയമായ സ്ഥലങ്ങൾ ജില്ലയിൽ ധാരാളം ഉണ്ട്. ഉപയോഗശൂന്യമായ ഇത്തരം സ്ഥലങ്ങൾ ഏറ്റെടുത്ത് വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിന് ഉപയോഗിക്കാവുന്നതാണ്.
- പി.എം.ഇ.ജി.പി. പോലുള്ള കേന്ദ്ര സ്വയം തൊഴിൽ പദ്ധതികൾക്ക് വായ്പ എല്ലാ മേഖലയിലുമുള്ള സംരംഭങ്ങളെയും ഉൾപ്പെടുത്തുക
- സംരഭകരുടെ അർഹതാ മാനദണ്ഡങ്ങൾ പുനർ നിർവ്വചിക്കേണ്ടതാണ്.
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പാക്കുന്ന വ്യവസായ പ്രോജക്ടുകൾ വ്യക്തികൾക്ക് നൽകാവുന്ന വിധത്തിൽ സബ്സിഡി മാനദണ്ഡത്തിൽ മാറ്റം വരുത്തണം.
- വാർഷിക വരുമാനം അഞ്ച് ലക്ഷം ആയി ഉയർത്തുക അല്ലെങ്കിൽ വ്യവസായത്തിന്റെ കാര്യത്തിൽ ഇത് ഒഴിവാക്കുക.
- സ്വയം തൊഴിൽ പദ്ധതികൾ ഇപ്പോൾ വിവിധ ഡിപ്പാർട്ടുമെൻറുകൾ നടപ്പിലാക്കുന്നുണ്ട്. ആയത് വ്യവസായ വകുപ്പിന്റെ കീഴിൽ വരുകയാണെങ്കിൽ കൂടുതൽ ഫലപ്രദമായി നടപ്പിലാക്കുവാൻ സാധിക്കും.
- ന്യായമായ വിലയ്ക്ക് അസംസ്കൃത വസ്തുക്കൾ നൽകാനുള്ള സംവിധാനം സർക്കാർ തലത്തിൽ നടപ്പിലാക്കുക.

### സ്വയം തൊഴിൽ സംരംഭങ്ങൾ – കയർ

- അതിവേഗമുള്ള യന്ത്രവത്ക്കരണവും ആധുനിക വത്ക്കരണവുമാണ് ചകിരി, കയർ, കയർ ഉല്പന്ന രംഗത്തെ തളർച്ചകൾ പരിഹരിക്കുന്നതിനും ഉല്പാദനക്ഷമതയും, കൂലിനിരക്കും ഉയർത്താനുമുള്ള വഴി.

- കയർ കമ്പോസ്റ്റ് ബോർഡുകൾ, നീഡിൽ ഫെൽറ്റ്, ടഫ്റ്റിംഗ് മാറ്റ് തുടങ്ങിയ മേഖലകളിൽ ഗവേഷണ - വികസന - ഉല്പാദന പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കേണ്ടതാണ്.
- സർക്കാർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ തുടങ്ങിയവയിൽ ഹരിത പ്രോട്ടോക്കോൾ പാലിച്ചുകൊണ്ട് കയർ തടുക്കുകളും കയർ പായകളും വാങ്ങി ഉപയോഗിക്കാൻ നയപരമായി തീരുമാനം എടുക്കാവുന്നതാണ്.

## ആരോഗ്യം

### a) അലോപ്പതി

- ജീവിതശൈലി രോഗങ്ങൾക്കുള്ള ക്ലിനിക്കുകൾ എല്ലാ താലൂക്ക് ആശുപത്രികളിലും സി.എച്ച്.സി. തലങ്ങളിലും നടന്നുവരുന്നു. രോഗങ്ങൾ തുടക്കത്തിൽതന്നെ കണ്ടു പിടിക്കുന്നതിനും തുടർ പരിശോധനയും നടത്തുന്നതിനുള്ള ആവശ്യമായ സൗകര്യങ്ങൾ ഒരുക്കേണ്ടതാണ്. എല്ലാ പൗരന്മാർക്കും താഴെപ്പറയുന്ന രീതിയിൽ 30 വയസ്സിനുമുകളിലുള്ളവർക്ക് വർഷത്തിലൊരിക്കലും 50 വയസ്സിനു മുകളിലുള്ളവർക്ക് ആറ് മാസത്തിലൊരിക്കലും 60 വയസ്സിനു മുകളിലുള്ളവർക്ക് മൂന്ന് മാസത്തിലൊരിക്കലും സൗജന്യമായി താലൂക്ക്, സി.എച്ച്.സി. തലത്തിൽ പരിശോധന ലഭ്യമാക്കുന്നതിനും മരുന്നുകൾ നൽകുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.
- ജില്ലാ ആശുപത്രി, മാവേലിക്കര, ചെങ്ങന്നൂർ ജില്ലാ ആശുപത്രികളിലും രോഗികൾക്ക് കൂടുതൽ ചികിത്സ ലഭ്യമാക്കുന്നതിന് കാർഡിയോളജി യൂണിറ്റ് ആരംഭിക്കാവുന്നതാണ്.
- അപകടങ്ങൾ വരുത്തിവയ്ക്കുന്ന വ്യക്തികൾക്ക് കർശനമായുള്ള ശിക്ഷ നൽകുന്നതിനുള്ള നടപടി സ്വീകരിക്കണം. ഡ്രൈവിംഗ് ലൈസൻസിനുവേണ്ടി ട്രെയിനിംഗ് മുന്ന് മാസത്തെ കോഴ്സായി നടപ്പിലാക്കേണ്ടതാണ്. അപകടങ്ങൾമൂലം തളർന്നു കിടക്കുന്നവർക്ക് മാനസികാരോഗ്യങ്ങൾ പറഞ്ഞിട്ടുള്ള പദ്ധതി നടപ്പിലാക്കാവുന്നതാണ്.
- ഒരു വിദഗ്ദ്ധസമിതിയെ നിയോഗിച്ച് ഈ മേഖലയിൽ ഒരു പഠനം നടത്തുന്നത് നല്ലതായിരിക്കും.
- 15 വയസ്സു മുതൽ വിവാഹിതയായി ഗർഭിണിയാകുന്ന വരെ എല്ലാ വർഷവും 6 മാസത്തിലൊരിക്കൽ സർക്കാർ ആശുപത്രിയിൽ ആരോഗ്യ പരിശോധന നടത്തേണ്ടതാണ്.
- ഗർണികളും മുലയൂട്ടുന്ന അമ്മമാരും ഡോക്ടർ നിർദ്ദേശിക്കുന്ന രീതിയിൽ പരിശോധന നടത്തേണ്ടതാണ്.
- 35 വയസ്സുമുതൽ 60 വയസ്സുവരെ 6 മാസത്തിലോരിക്കൽ എല്ലാ സ്ത്രീകളും മെഡിക്കൽ ചെക്കപ്പ് നടത്തേണ്ടതാണ്.
- 60 വയസ്സു മുതൽ ജീവിതാവസാനം വരെ മൂന്നുമാസത്തിലൊരിക്കൽ മെഡിക്കൽ പരിശോധന നടത്തേണ്ടതാണ്.

- ആരോഗ്യവകുപ്പിലും ആരോഗ്യവിദ്യാഭ്യാസ വകുപ്പിലും ജറിയാട്രിക് ഡിപ്പാർട്ട്മെന്റ് ആരംഭിക്കുന്നതിന് നിർദ്ദേശിക്കാവുന്നതാണ്. കൂടാതെ വയോജന സംരക്ഷണ നിയമം കർശനമായി നടപ്പിലാക്കേണ്ടതാണ്.
- സ്കൂൾ വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി സ്കൗട്ട്, എൻ.സി.സി, എൻ.എസ്.എസ്, സ്റ്റുഡന്റ് പോലീസ് കേഡറ്റ് തുടങ്ങിയ പ്രസ്ഥാനങ്ങളെ ശക്തിപ്പെടുത്തുക. വിദ്യാർത്ഥികളെ വെറുതെയിരിക്കാനുള്ള സന്ദർഭങ്ങൾ ഒഴിവാക്കി അവരുടെ കലാപരവും കായികപരവുമായ കഴിവുകളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുക.
- അന്യസംസ്ഥാന തൊഴിലാളികൾ വരുമ്പോൾ തന്നെ ലേബർ ഓഫീസിൽ റിപ്പോർട്ട് ചെയ്ത് കർശനമായ ആരോഗ്യപരിശോധന അടുത്തുള്ള ആരോഗ്യസ്ഥാപനത്തിൽ നടത്തുകയും അസുഖങ്ങൾ ഉണ്ടെങ്കിൽ ചികിത്സ നടത്തുകയും രോഗം പൂർണ്ണമായതിനുശേഷം ജോലിയിൽ പ്രവേശിക്കുകയും ചെയ്യുന്നതിനുള്ള നടപടി ഉണ്ടാകേണ്ടതാണ്. ഇതിന്റെ ഉത്തരവാദിത്വം അതാത് ഏജൻസികളിൽ നിഷ്പിപ്തമാക്കുകയും ചെയ്യാവുന്നതാണ്.
- പ്ലാസ്റ്റിക് കിറ്റ് നിരോധിക്കുക. ഖരമാലിന്യസംസ്കരണത്തിനായി ഗ്യാസ്, ഇലക്ട്രിക്, ക്രിമിറ്റോറിയങ്ങൾ നിർമ്മിക്കുക. ശുചിത്വ നിയമങ്ങൾ പാലിക്കാത്ത വ്യക്തി, സ്ഥാപന ഉടമകൾ എന്നിവർക്ക് പിഴശിക്ഷ മാറ്റി തടവുശിക്ഷ ഏർപ്പെടുത്തേണ്ടതാണ്.

### b) ആയുർവേദം

- ജില്ലയിൽ വകുപ്പ് നേരിടുന്ന മാനവ വിഭവശേഷിക്കുറവ് പരിഹരിക്കുക.
- ജില്ലാ ആയുർവേദാശുപത്രിയിൽ സ്പെഷ്യലിസ്റ്റുകളെ അനുവദിക്കുക
- ഭാരതീയ ചികിത്സാ വകുപ്പ് ജില്ലാ ഓഫീസിലെ നിയമനങ്ങൾ
- താലൂക്ക് ആശുപത്രികൾ ആരംഭിക്കൽ
- ജില്ലയിലെ എല്ലാ സ്ഥാപനങ്ങളും KASH നിലവാരത്തിലേക്ക് ഉയർത്തുക
- NHM ആയുഷ് PHC കളിൽ ജീവനക്കാരെ നിയമിക്കുക
- ജില്ലയിലെ എല്ലാ സ്ഥാപനങ്ങളും ആർദ്രം മിഷനിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുക.
- സ്പോർട്സ് മെഡിസിൻ യൂണിറ്റ് ജില്ലാശുപത്രിയിൽ ആരംഭിക്കുക
- ജില്ലയിൽ ഔഷധ നിർമ്മാണ യൂണിറ്റ് ആരംഭിക്കുക
- പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ

  a) പ്രതിരോധ ഔഷധം, b) പകർച്ചവ്യാധി പ്രതിരോധത്തിനും മുന്നൊരുക്ക പ്രവർത്തനങ്ങൾക്ക് വേണ്ടി ബ്ലോക്ക് തലത്തിൽ ജീവനക്കാരെ നിയമിക്കുക
- സ്കൂൾ ഹെൽത്ത് പ്രോഗ്രാം
- കുട്ടികളുടെ കായിക ക്ഷമതയുള്ള സംയോജിത പദ്ധതി
- ജീവിതശൈലീ രോഗ ക്ലിനിക്ക് എല്ലാ സ്ഥാപനങ്ങളിലും ആരംഭിക്കുക

- എല്ലാ സ്ഥാപനങ്ങളിലും ലാബ് സൗകര്യം ഉറപ്പ് വരുത്തുക
- എല്ലാ സർക്കാർ എയ്ഡഡ് സ്കൂളുകളിലും ആയുഷ് ക്ലബ് രൂപികരിക്കുക
- എല്ലാ ആശുപത്രികളിലും സെക്യൂരിറ്റി ജീവനക്കാരെ നിയമിക്കുക
- പഞ്ചകർമ്മ ആശുപത്രി കെട്ടിട നിർമ്മാണം പൂർത്തിയാക്കുക
- ജില്ലയിൽ ആയുർവേദ മേഖലയിൽ ഗവേഷണ കേന്ദ്രം ആരംഭിക്കുക
- ആയുർവേദ ഡയറക്ടർ മുതൽ മെഡിക്കൽ ഓഫീസർമാർ വരെ മൊബൈൽ ഫോൺ സംവിധാനം ഏർപ്പെടുത്തുക
- പ്രൈമറി തലം മുതൽ ആയുർവേദം പാഠ്യ വിഷയമാക്കുക
- എല്ലാ ആശുപത്രികളിലും കിടക്കകൾക്ക് ആനുപാതികമായി പുരുഷ/സ്ത്രീ തെറാപ്പിസ്റ്റുകളെ നിയമിക്കുക
- എല്ലാ ആശുപത്രികളിലും 2 മണി മുതൽ 8 മണി വരെ (രാത്രി) മെഡിക്കൽ ഓഫീസറെ നിയമിക്കുക. R.M.O. പോസ്റ്റും ഉണ്ടാക്കുക
- ഡിപ്പാർട്ട്മെൻറിൽ കടലാസ് രഹിതമാക്കുന്നതിൻ ഏകീകൃത സോഫ്റ്റ് വെയർ സംവിധാനം കൊണ്ടു വരിക
- ഫ്ളോട്ടിംഗ് ഡിസ്പെൻസറി ആരംഭിക്കുക
- ആയുർവേദ ഹെൽത്ത് ടൂറിസം മേഖലയിൽ അന്തർദേശീയ നിലവാരത്തിലുള്ള സ്ഥാപനം ആരംഭിക്കുക
- ക്യാൻസർ ചികിത്സാ പദ്ധതി
- ജില്ലയിലെ എല്ലാ ആയുർവേദ ആശുപത്രികളിലും ഇ.എസ്.ഐ. യൂണിറ്റ് ആരംഭിക്കുക.

### c) ഹോമിയോ

- വകുപ്പിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിൽ ജില്ലാ മെഡിക്കൽ ഓഫീസിൽ കൂടുതൽ തസ്തികകൾ അനുവദിക്കുക.
- ഡിസ്പൻസറികളിൽ സ്റ്റാഫ് ഘടന ഏകീകരിക്കുക, ക്ലറിക്കൽ സ്റ്റാഫിനെയും ഫീൽഡ് ജീവനക്കാരെയും നിയമിക്കുക.
- തെരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങളെ ബ്ലോക്ക്തല ഡിസ്പെൻസറികളായി ഉയർത്തി അവശ്യമായ തസ്തികകൾ സൃഷ്ടിച്ച് കാര്യക്ഷമമായ ഭരണ നിർവ്വഹണവും പദ്ധതി നിർവ്വഹണവും സാധ്യമാക്കുക.
- കൂടുതൽ ജനങ്ങൾക്ക് ഹോമിയോപതി വിഭാഗത്തിന്റെ സേവനം മെച്ചപ്പെട്ട രീതിയിൽ ലഭ്യമാക്കുന്നതിലേക്കായി പ്ലാൻ/നാഷണൽ ആയുഷ് മിഷൻ/ആർദ്രം മിഷൻ എന്നിവ വഴി ഡോക്ടർമാരെ അടിയന്തിരമായി നിയമിക്കുക.
- താലൂക്ക് ആശുപത്രി ഇല്ലാത്ത താലൂക്കുകളിൽ അവ ആരംഭിക്കുക.

- കാഷ്/എൻ. എ. ബി. എച്ച്. അക്രഡിറ്റേഷൻ നടപ്പിലാക്കി ഘട്ടംഘട്ടം ആയി സ്ഥാപനങ്ങളുടെ നിലവാരം മെച്ചപ്പെടുത്തുക.
- ജില്ലാ/താലൂക്ക് ആശുപത്രികളിൽ ദ്വിതീയതല പരിചരണം മെച്ചപ്പെട്ട രീതിയിൽ നൽകുന്നതിലേക്കായി ആശുപത്രികൾ വികസിപ്പിക്കുക.
- ആശുപത്രികളിൽ സ്ത്രീരോഗങ്ങൾ, ബാലചികിൽസ, ശ്വാസകോശസംബന്ധമായ രോഗങ്ങൾ, കരൾരോഗങ്ങൾ, കൊസ്മറ്റോളജി, തൊക്ക് രോഗചികിത്സ എന്നിവയിൽ സ്പെഷ്യാലിറ്റികൾ ആരംഭിക്കുക.
- ആശുപത്രികളിൽ 24 മണിക്കൂറും ഡോക്ടറുടെ സേവനം ഉറപ്പാക്കുന്നതിന് ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുക.
- ജില്ലാ ആശുപത്രിയിലെ കിടക്കകളുടെഎണ്ണം 100 ആയി വർധിപ്പിക്കുക.
- ജില്ലാ ആശുപത്രിയിൽ പ്രവർത്തിക്കുന്ന ജെറിയാടിക്ക് ക്ലിനിക്, പാലിയേറ്റിവ് ക്ലിനിക് എന്നിവ ടെയിനിങ്ങ് സെൻറുകളായി ഉയർത്തുക.
- ചികിത്സകൾക്ക് പ്രൊട്ടോക്കോൾ ഏർപ്പെടുത്തുക.
- ഗവേഷണങ്ങൾ, പഠനങ്ങൾ നിർബന്ധമാക്കുക. കേന്ദ്ര ഹോമിയോപതി ഗവേഷണ കൌൺസിലിന്റെ പഠന ഗവേഷണഫലങ്ങൾ ജനങ്ങളിലേക്ക് എത്തിക്കുന്നതിന് ആവശ്യമായ പദ്ധതികൾ ആവിഷ്കരിക്കുക.
- ഹോംകോയുടെ രണ്ടാംഘട്ട വികസനം എത്രയും പെട്ടെന്ന് പൂർത്തിയാക്കുക.
- രോഗികളുടെയും രോഗങ്ങളുടെയും വിവരശേഖരണവും വിശകലനവും വസ്തുനിഷ്ടമായും സമയബന്ധിതമായും പൂർത്തീകരിക്കുവാൻ ഹെൽത്ത് മാനേജ്മെന്റ് ഇൻഫോർമേഷൻ സംവിധാനം ഏർപ്പെടുത്തുക.
- പകർച്ചവ്യാധി പ്രതിരോധ സംവിധാനം സ്ഥിരം ചുമതലയുള്ള ഡോക്ടറുടെ കീഴിൽ ആക്കുക. IDSP വിവര ശേഖരസംവിധാനത്തിൽ പങ്കാളി ആക്കുക.
- നമ്മുടെ പൊതുജനാരോഗ്യ മേഖല ശാക്തീകരിക്കുന്നതിന് ഇതര വൈദ്യശാസ്ത്ര വിഭാഗങ്ങളുമായി വിവര കൈമാറ്റം നടത്തുകയും, യോജിച്ച് പ്രവർത്തിക്കാവുന്ന മേഖലകൾ കണ്ടെത്തി പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്യുക.
- യാത്രാസൗകര്യം തീരെയില്ലാത്ത പെരുമ്പളം, കാക്കത്തുരുത്ത് എന്നിവയെ ബന്ധിപ്പിച്ചും കൂട്ടനാട്ടിൽ നിലവിൽ സേവനം നൽകാൻ സാധിക്കാത്ത സ്ഥലങ്ങളിലും ഫ്ലോട്ടിംഗ് ഹോമിയോ ഡിസ്പൻസറികൾ തുടങ്ങുക.
- ഹോമിയോപതിയുടെ പ്രചാരം വർദ്ധിപ്പിക്കുന്നതിനായി ഗവേഷണസ്ഥാപനങ്ങൾ, ഔഷധനിർമ്മാതാക്കൾ, ആരോഗ്യ സ്ഥാപനങ്ങൾ, കേന്ദ്ര-സംസ്ഥാന ഏജൻസ്സികൾ എന്നിവരെ പങ്കെടുപ്പിച്ച് ആരോഗ്യമേളകൾ സംഘടിപ്പിക്കുക.
- മെഡിക്കൽ ചികിത്സാവകുപ്പുമായി ചേർന്ന് സംയുക്ത പദ്ധതികൾ വേണം
- ഇൻഫെർട്ടിലിറ്റി ക്ലീനിക്ക്, ബാലചികിത്സ എന്നിവയ്ക്കും പദ്ധതികൾ വേണം.

**കുടിവെള്ളം**

- സമയബന്ധിതമായി പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് ആവശ്യമായ ഭരണാനുമതി നൽകുക.
- ഭരണാനുമതി ലഭ്യമായ പ്രവൃത്തികൾക്ക് സാമ്പത്തിക സ്രോതസ്സ് ഉറപ്പു വരുത്തുക.
- ജല സ്രോതസ്സുകൾ മലിനമാക്കുന്നവർക്ക് ശിക്ഷ ഏർപ്പെടുത്തുക. (ഫൈൻ /കൂടിയ നികുതി നിരക്കുകൾ മുതലായവ)
- പൊതു ജലസ്രോതസ്സുകളായ നദികളുടെ സംരക്ഷണം ഏറ്റെടുക്കുക.
- ആലപ്പുഴ ജില്ലയിലെ വൻകിട ശുദ്ധജല വിതരണ പദ്ധതികൾ എല്ലാം തന്നെ മറ്റ് ജില്ലകളിലെ നദീ സ്രോതസ്സുകളെ ആശ്രയിച്ചിട്ടുള്ളതാണ്. പ്രകൃതിക്ഷോഭം, വൈദ്യുതി തടസ്സം, പ്രാദേശികവാദം തുടങ്ങിയ ഒട്ടനവധി കാരണങ്ങൾ കൊണ്ട് ഈ പദ്ധതിയുടെ പ്രവർത്തനം അപ്രതീക്ഷിതമായി മുടങ്ങിയേക്കാം. ഇതിനൊരു പരിഹാരമായി കടൽവെള്ളം ശുദ്ധീകരിച്ച് ഉപയോഗിക്കാവുന്ന സൂര്യപ്രകാശം കൊണ്ട് പ്രവർത്തിക്കുന്ന ചെറിയ പ്ലാന്റുകൾ ജില്ലയുടെ തീരപ്രദേശമായ തുക്കുന്നപ്പുഴ, ആലപ്പുഴ, അന്ധകാരനഴി എന്നീ സ്ഥലങ്ങളിൽ സ്ഥാപിക്കുക
- കനാലുകൾ, ഇടത്തോടുകൾ എന്നിവയുടെ നവീകരണവും, സംരക്ഷണവും, പരിപാലനവും ഏറ്റെടുക്കുക.
- അടിയന്തിര ഘട്ടങ്ങളിൽ ജല ഉപയോഗം കുറയ്ക്കാവുന്ന രീതികൾ ജനങ്ങൾക്ക് മനസ്സിലാക്കി കൊടുക്കുവാനുള്ള ബോധവത്ക്കരണ പരിപാടികൾ Disaster Management Unit-ന്റെ കീഴിൽ സംഘടിപ്പിക്കുക.
- വിവിധ ഡിപ്പാർട്ട്മെന്റുകളുടെ ഏകോപനം സാധ്യമാക്കുന്ന നടപടികൾ സ്വീകരിക്കുക.
- നദികളിൽ തടയണകളും, അടിയണകളും നിർമ്മിക്കുക.
- പുഴകളിലെ മണൽ വാരൽ കർശനമായി നിയന്ത്രിക്കുക.
- ജലസാക്ഷരത പരിപാടി വ്യാപകമായി നടപ്പിലാക്കുക.
- പുതിയ റോഡുകളോ, നിലവിലുള്ള റോഡുകൾ വീതികൂട്ടുമ്പോഴോ വാട്ടർ അതോറിറ്റിക്ക് പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് ആവശ്യമായ സ്ഥലം പ്രത്യേകമായി അനുവദിക്കുക. (ഉദാഹരണം ഇപ്പോൾ ഫുട്പാത്തും, ഡ്രൈനും കൊടുക്കുന്നത് പോലെ)
- കുടിവെള്ള പദ്ധതികളുടെ വൈദ്യുത നിരക്ക് ഈടാക്കുന്നത് വ്യാവസായിക നിരക്കിൽ നിന്നും ഗാർഹിക/ഗാർഹികേതര നിരക്കിലേയ്ക്ക് മാറ്റുക.
- ഉപയോഗശൂന്യമായ കിണറുകൾ ശുചിയാക്കി ജല ഉപയോഗം പ്രോത്സാഹിപ്പിക്കുക.

**ശുചിത്വം**

- സംസ്ഥാനതലത്തിൽ നിയമവകുപ്പ് വിവിധ വകുപ്പുകളുമായി കൂടി ആലോചിച്ച് നിലവിലെ നിയമത്തിൽ പോരായ്മകൾ ഉണ്ടെങ്കിൽ അതു പരിഹരിക്കുകയും ചട്ടങ്ങൾ രൂപീകരിക്കുകയും വേണം.
- Ramzar site – വേമ്പനാട് കായലിന്റെ സംരക്ഷണത്തിന് Coastal Development Authority (Statutory body) മാതൃകയിലുള്ള സാങ്കേതിക വിദഗ്ദ്ധരുൾപ്പെട്ട അതോറിറ്റി ആയി വേമ്പനാട് മാനേജ്മെന്റ് അതോറിറ്റി രൂപീകരിച്ച് പദ്ധതികൾ നടപ്പിലാക്കുക.

- ഓംബുഡ്സ്മാനെ നീയമിച്ചുകൊണ്ട് നിയമ പരിരക്ഷ ഉറപ്പുവരുത്തുക.
- ശുചിത്വ മാലിന്യ സംസ്കരണത്തിന് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനും സ്ലോട്ടർ ഹൌസ് ക്രമിറ്റോറിയം തുടങ്ങിയവയ്ക്കും 50 മീറ്റർ ചുറ്റളവിൽ ആൾതാമസം ഇല്ലാത്ത സ്ഥലങ്ങൾ കണ്ടെത്തുമ്പോൾ അവ വെറ്റ്ലാന്റ് ആയിരിക്കണം. PRIs/ULBs കണ്ടെത്തുന്ന ഭൂമിയ്ക്ക് ജില്ലാ കളക്ടർ അനുമതി നൽകുക.
- മാലിന്യം വലിച്ചെറിയുന്നവരെ പൊതുജനം കണ്ടെത്തുമ്പോഴും മാലിന്യംകൊണ്ട് പൊറുതി മുട്ടുന്നവർക്കും പരാതിപ്പെടുന്നതിന് ജില്ലകൾ തോറും പരാതിപരിഹാര സെല്ലുകൾ രൂപീകരിക്കുക.
- ന്യൂനാട് ലെപ്രസി സാനിറ്റോറിയം/ ക്രമറ്റോറിയം- എല്ലാ വിഭാഗത്തിൽപ്പെട്ടവർക്കും ഉപയോഗിക്കത്ത രീതിയിൽ നിർമ്മിച്ച് ക്രമീകരിക്കുക.
- ലെപ്രസി സാനിറ്റോറിയത്തെ സൂപ്പർ സ്പെഷ്യാലിറ്റി/മെഡിക്കൽ കോളേജ് തലത്തിലേയ്ക്ക് ഉയർത്തുക.

**പാർപ്പിടം**

- ലൈഫ് ഭവന നിർമ്മാണ പദ്ധതിക്കായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ജില്ലാ തലത്തിൽ ഏകോപിപ്പിക്കേണ്ടതാണ്. ജില്ലാതല ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ജില്ലാതല കർമ്മ സമിതി രൂപീകരിക്കണം.
- ഭവന നിർമ്മാണ പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ വിലയിരുത്തുകയും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ ജില്ലാതലത്തിൽ നൽകേണ്ടതുമാണ്.
- ജില്ലാതലത്തിൽ മോണിറ്ററിംഗ് കമ്മറ്റി രൂപീകരിക്കണം.
- ഭവന നിധി രൂപീകരിക്കുന്നതിന് ജില്ലാ തലത്തിൽ നേതൃത്വം നൽകേണ്ടതാണ്.
- സി.എസ്.ആർ. ഫണ്ട് ഉൾപ്പെടെയുള്ള വിഭവ സമാഹരണം ജില്ലാതലത്തിൽ ഏകോപിപ്പിക്കേണ്ടതാണ്.
- കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ പി.എം.എ.വൈ ഭവനപദ്ധതിയുടെ തുക ഇതിലേക്കായി വകയിരുത്താവുന്നതാണ്.
- ഭവനരഹിതരായ ജില്ലയിലെ എല്ലാവർക്കും 2018-19 വർഷം തന്നെ ഭവനം നിർമ്മിച്ച് നൽകുക.
- ഹൌസിംങ് ബോർഡ് മുഖേന മുൻവർഷങ്ങളിൽ നടപ്പിലാക്കിയ ഭവന പദ്ധതികൾ ഇപ്പോൾ നിർത്തലാക്കിയിരുന്നു. ആയത് പുനരാരംഭിക്കുന്നതിന് നിർദ്ദേശം ലഭ്യമാക്കേണ്ടതാണ്.
- ലൈഫ് മിഷൻ പദ്ധതി പ്രകാരം 'ഭവന സഹായനിധി' രൂപീകരിക്കാൻ ഇപ്പോൾ ഗ്രാമപഞ്ചായത്തുകൾക്കാണ് നിർദ്ദേശം നൽകിയിരിക്കുന്നത്. ആയത് ബ്ലോക്ക് പഞ്ചായത്തുകളിലും, ജില്ലാപഞ്ചായത്തുകളിലും നടപ്പാക്കുന്നതിനുള്ള നിർദ്ദേശം.

- ലൈഫ് മിഷൻ പദ്ധതിയിൽ പാർപ്പിട പദ്ധതികൾ സംയോജിപ്പിച്ചപ്പോൾ കുടുംബം എന്ന നിർവചനത്തിൽ നിന്ന് ഒരു കുടുംബത്തിലെ തന്നെ വിവാഹിതരായ മറ്റ് അംഗങ്ങൾ പുറത്തായിട്ടുണ്ട്. നിലവിലുള്ള കുടുംബ വ്യവസ്ഥകൾ ഇവരെ കൂടി ഭൂരഹിത ഭവന രഹിതരുടെ ലിസ്റ്റിൽ ഉൾപ്പെടുത്തേണ്ടതാണ്.

## വിദ്യാഭ്യാസം

- പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സർക്കാർ സ്കൂളുകളിൽ നൽകുന്നതുപോലെ ഏയ്ഡഡ് സ്കൂളുകളിലും പ്രഭാതഭക്ഷണം നൽകുവാൻ കഴിയുന്ന രീതിയിൽ മാർഗ്ഗരേഖയിൽ മാറ്റം വരണം.
- ആശയങ്ങൾ കൗതുകത്തോടെയും എളുപ്പത്തിലും മനസ്സിലാക്കുന്നതിനനുയോജ്യമായ ഡിജിറ്റൽ റിസോഴ്സുകളുടെ നിർമ്മാണവും ശേഖരണവും
- ജില്ലയിലെ മുഴുവൻ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും വിദ്യാഭ്യാസ ഓഫീസുകൾക്കും ജില്ലാ ഭരണകൂടത്തിനും സംവദിക്കുവാൻ കഴിയുന്ന നെറ്റ് വർക്ക് സ്റ്റുഡിയോ
- സ്കൂൾ ഹെൽത്ത് പ്രോഗ്രാം സർക്കാർ സ്കൂളുകളിൽ മാത്രമല്ല എല്ലാ എയ്ഡഡ്, അൺ-എയ്ഡഡ് സ്കൂളുകളിലും നടത്തണം.
- ഭിന്നശേഷിയുള്ള കുട്ടികൾക്ക് ഫിസിയോ തെറാപ്പിസ്റ്റിന്റെ സേവനം
- ശാരീരിക വൈകല്യം നേരിടുന്ന, വിദ്യാലയങ്ങളിൽ പോകുവാൻ കഴിയാത്ത കുട്ടികൾക്ക് ഗൃഹാധിഷ്ഠിത പരിശീലനം
- തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന്റെ പരമപ്രധാന ലക്ഷ്യമായ നൈപുണ്യ വികസനത്തിനായി നടത്തുന്ന 'ഓൺ ദി ജോബ്' പരിശീലനങ്ങൾ പൂർണ്ണ ഫലപ്രാപ്തിയിലെത്തിക്കുന്നതിനായി ശരിയായ പരിശീലന കേന്ദ്രങ്ങൾ
- ലിംഗപരവും സാമ്പത്തികവും സാമൂഹ്യവുമായ വിവേചനം കൂടാതെ എല്ലാവർക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കൽ
- പഠനപിന്നോക്കാവസ്ഥയെ ന്യൂനതയായി പരിഗണിക്കാതെ പഠിതാക്കൾക്ക് കരുതലും സംരക്ഷണവും നൽകി പഠന പ്രവർത്തനങ്ങളിൽ താത്പര്യവും പഠനപുരോഗതിയും ഉറപ്പുവരുത്തുന്ന 'നവപ്രഭ' പോലുള്ള പദ്ധതികൾ
- സാങ്കേതിക പരിശീലന രംഗത്ത് വിദഗ്ധരുടെ സേവനം ഉറപ്പുവരുത്തി സാങ്കേതികാദ്ധ്യാപകർക്ക് പരിശീലനം
- സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് ലാബും അദ്ധ്യാപകരെയും നിയോഗിക്കുകയും അവർക്ക് ആവശ്യമായ ഫണ്ട് നൽകി സഹായിച്ച് നിർമ്മിക്കുന്ന ഉത്പന്നങ്ങൾക്ക് വിപണി കണ്ടെത്തുക
- പ്രവേശനം മുതൽ ഫലപ്രഖ്യാപനം വരെയുള്ള മുഴുവൻ പഠനകാര്യങ്ങളും ഇന്റർനെറ്റ് വഴി.
- സ്കൂൾതലം മുതൽ സംസ്ഥാനതലം വരെയുള്ള കലാകായിക ശാസ്ത്ര മേളകൾ, ഐ.സി.റ്റി. സാങ്കേതിക വിദ്യയുപയോഗിച്ച്
- ഓൺലൈൻ പരീക്ഷാ സംവിധാനം

- ഹൈടെക് സംവിധാനമുപയോഗിച്ചുള്ള ഓട്ടോമാറ്റിക് ഹാജർ സംവിധാനം രക്ഷിതാവിനും അദ്ധ്യാപകനും
- ഓഫീസുകളുടെയും പരിശീലന കേന്ദ്രങ്ങളുടെയും അദ്ധ്യാപകരുടെയും ജീവനക്കാരുടെയും സമഗ്രമായ ഡിജിറ്റൽ വിവര ശേഖരം
- ഫലപ്രദമായ ഇ-വേസ്റ്റ് സംസ്കരണ സംവിധാനം
- കേരള വിദ്യാഭ്യാസ നിയമമനുസരിച്ച് (KER) കുട്ടികളുടെ അനുപാതത്തിന്റെ അടിസ്ഥാനത്തിൽ കായികാദ്ധ്യാപകനെ നിയമിക്കുമ്പോൾ അൻപത് ശതമാനത്തിലധികം ഗവൺമെന്റ് എയിഡഡ് സ്കൂളുകളിലും കായികാദ്ധ്യാപക തസ്തിക ലഭിക്കില്ല. ആയതിനാൽ ഇപ്പോൾ എസ്.എസ്.എ. യിൽ നിന്നും നിയമിച്ചതുപോലെ തദ്ദേശഭരണ സ്ഥാപനങ്ങൾ പദ്ധതികളിലുൾപ്പെടുത്തി താത്കാലികമായെങ്കിലും കായികാദ്ധ്യാപകരെ നിയമിക്കുവാനുള്ള മാർഗ്ഗം സ്വീകരിക്കേണ്ടതാണ്. ഇതിനായി വിരമിച്ച കായികാദ്ധ്യാപകരെയും യോഗ്യതയുള്ള ഉദ്യോഗാർത്ഥികളെയും പരിഗണിക്കാവുന്നതാണ്.
- അന്താരാഷ്ട്ര നിലവാരത്തിലുള്ള സിന്തറ്റിക് ട്രാക്ക് ആലപ്പുഴ ജില്ലയിൽ നിർമ്മിക്കേണ്ടതുണ്ട്. ഇതിനോടുചേർന്ന് കുട്ടികൾക്കുള്ള താമസസൌകര്യം, മൾട്ടി ജിംനേഷ്യം, ജിംനാസ്റ്റിക് പരിശീലന ഹാൾ, ഇൻഡോർ സ്റ്റേഡിയം, മൺ ട്രാക്ക് എന്നിവ തയ്യാറാക്കേണ്ടതാണ്.
- ആലപ്പുഴ ജില്ലയിലെ എല്ലാ സ്കൂളുകളിലും പരിശീലനത്തിനാവശ്യമായ ഇരുന്നൂറ്/നാന്നൂറ് മീറ്റർ ട്രാക്ക് നിർമ്മിക്കേണ്ടതുണ്ട്. അയോധനകലകളിൽ പരിശീലനം നൽകണം.
- ജില്ലാതല കായിക മൽസരങ്ങൾ നടത്തുവാനുള്ള സൌകര്യമുള്ള വേദികൾ നാല് വിദ്യാഭ്യാസ ജില്ലകളിലും ക്രമീകരിക്കണം
- പ്രതിഭാധനരായ കുട്ടികൾക്ക് (Gifted Children) ഗവേഷണം ചെയ്യുന്നതിനായി പരിശീലന കേന്ദ്രങ്ങൾ, സിവിൽ സർവ്വീസ് പരിശീലനങ്ങൾ എന്നിവ നൽകുന്നതിന് തദ്ദേശ ഭരണ വകുപ്പിന്റെ സഹായം ലഭ്യമാക്കണം
- ജില്ലയിലെ മുഴുവൻ വിദ്യാലയങ്ങളിലും മെഡിക്കൽ ചെക്കപ്പും ഇൻഷ്യറൻസ് പരിരക്ഷയും ഉറപ്പാക്കുക.

### സംസ്കാരം, കായികം, യുവജനകാര്യം

- അടിയന്തിരമായി 400 മീറ്റർ സിന്തറ്റിക് ട്രാക്കിന് ആവശ്യമായ സ്ഥലം ജില്ലയുടെ നാല് ഭാഗങ്ങളിലുമായികണ്ടെത്തി വിവിധ വകുപ്പുകളുടെ യോജിച്ചുള്ള സഹകരണത്തോടുകൂടി നടപ്പിലാക്കുക.
- നിർബന്ധിത കായിക പഠനം എൽ. പി. മുതൽ ആരംഭിക്കുന്നതിന് വിദ്യാഭ്യാസ വകുപ്പുമായികൂടി ആലോചിച്ച് പദ്ധതി നടപ്പിലാക്കുക.
- സ്കൂൾ തലത്തിൽ കായിക പരിശീലന പദ്ധതികൾ ആസൂത്രണം നടത്തി, ആലപ്പുഴ ജില്ലാ പഞ്ചായത്ത് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുക.
- വാർഷിക കായിക കലണ്ടറിന് രൂപം നൽകുക.

- മത്സരങ്ങളിൽ/കായികരംഗത്ത് എല്ലാ ജനവിഭാഗത്തിന്റെയും പങ്കാളിത്തം ഉറപ്പുവരുത്തുന്നതിന് വയസ് അടിസ്ഥാനത്തിൽ മത്സരങ്ങൾ സംഘടിപ്പിക്കുക. (10 വയസ്സുമുതൽ 19 വയസ്സുവരെയും, 20–35, 36–45, 46–55, 56–65, 66 മുതൽ മുകളിലേയ്ക്ക്)
- ജില്ലാ ആസ്ഥാനമാക്കി ആധുനിക സൗകര്യങ്ങളോടുകൂടിയുള്ള നീന്തൽകുളം നിർമ്മിക്കുക.
- ആലപ്പുഴ റിക്രിയേഷൻ ഗ്രൗണ്ട് സ്പോർട്സ് കോപ്ലക്സ് ആക്കുക.
- യുവതീയുവാക്കൾക്കായി ശാരീരിക മാനസിക ആരോഗ്യത്തിൽ ഉതകുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി സാഹസിക കായിക മേളകൾ സംഘടിപ്പിക്കുക. കായലിലും കരയിലും (1) പാരാഗ്ലൈഡിംഗ് (2) പാരാ സൈലിംഗ് (3) ട്രാക്കിംഗ്
- മദ്യത്തിനും മയക്കുമരുന്നിനും എതിരായ ബോധവൽക്കരണം വിവിധ വകുപ്പുകളുടെ യോജിച്ചുള്ള പ്രവർത്തനങ്ങളിലൂടെ ജില്ലാ തലത്തിൽ നടത്തുക.
- ഭിന്നശേഷി വിഭാഗത്തെ മുൻനിരയിൽ എത്തിക്കുന്നതിന് ഉതകുന്ന പദ്ധതികൾ ബന്ധപ്പെട്ട വകുപ്പുകൾ ചേർന്ന് കൂടിയാലോചിച്ച് നടപ്പിലാക്കുക. ഒരു ഉപസമിതി രൂപീകരിക്കുക.
- ഭിന്നശേഷി വിഭാഗത്തിന് കൂടുതൽ പരിഗണന നൽകുന്നതിന് ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്യ നടപ്പിലാക്കുക.
- വിവരസാങ്കേതിക പരിജ്ഞാനം ഈ മേഖലയുടെ സമഗ്ര വികസനത്തിൽ ഉപയോഗിക്കുക. (1. വെബ്സൈറ്റ് 2. ജി.മെയിൽ 3. വാട്സ്ആപ് 4. ഫെയ്സ്ബുക്ക്)
- തീരദേശ മേഖലയ്ക്കുവേണ്ടി പ്രത്യേക കായിക പാക്കേജ് വിവിധ ജില്ലാ വകുപ്പുകളുമായി കൂടിആലോചിച്ച് നടപ്പിലാക്കുക.
- കുട്ടനാട് കേന്ദ്രമാക്കി വാട്ടർ സ്പോർട്ട്സ് ഇനങ്ങൾക്കുവേണ്ടിയുള്ള പ്രത്യേക പാക്കേജ് രൂപീകരിക്കുക.

## ഊർജ്ജം

- സ്കൂൾ പാഠ്യപദ്ധതിയിൽ വൈദ്യുതി സുരക്ഷയും, ഊർജ്ജസംരക്ഷണവും ഒരു പ്രധാന വിഷയമായി പരിഗണിക്കുക.
- സോളാർ വൈദ്യുതി നിലയങ്ങൾ സ്ഥാപിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുക.
- മാലിന്യങ്ങളിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കുന്ന കേന്ദ്രങ്ങൾ സ്ഥാപിക്കണം. ഇതിൽ നിന്നും വൈദ്യുതി ലഭിക്കുകയും മാലിന്യ സംസ്കരണം സാധ്യമാവുകയും ചെയ്യും.
- പുതിയ വൈദ്യുതി ഉല്പാദന കേന്ദ്രങ്ങൾ സ്ഥാപിക്കുക.
- പുതിയ സബ്സ്റ്റേഷനുകൾ സ്ഥാപിക്കുക.
- നിലവിലുള്ള സബ്സ്റ്റേഷനുകളുടെ ശേഷി വർദ്ധിപ്പിക്കുക
- പുതുതായി 11 കെ വി ലൈനുകളും, ട്രാൻസ്ഫോർമറുകളും, U G കേബിൾ സ്ഥാപിക്കുക.
- പുതുതായി 11 കെ വി എ. ബി. സി., എൽ. ടി. എ. ബി. സി. എന്നിവ സ്ഥാപിക്കുക.

- ഇടതടവില്ലാത്തതുമാക്കുന്നതിനായി ജില്ലയിൽ ഉടനീളം ആർ എം യു സംവിധാനം കേന്ദ്ര – സംസ്ഥാന പദ്ധതികളിൽ ഉൾപ്പെടുത്തി പ്രാവർത്തികമാക്കണം.
- മെച്ചപ്പെട്ട ഉപഭോക്തൃ സേവനം മുന്നിൽ കണ്ട് നിലവിലെ സെക്ഷൻ ഓഫീസുകൾക്കു പുറമെ ഉപഭോക്തൃ സേവനകേന്ദ്രങ്ങൾ സ്ഥാപിക്കണം.
- പുതുതായി നിർമിക്കുന്ന വലിയ വീടുകൾക്ക് സോളാർ വൈദ്യുതി ഉത്പാദന സംവിധാനം നിർബന്ധമാക്കേണ്ടതാണ്

## ഗതാഗതം

- ആലപ്പുഴ – ഹരിപ്പാട്, കായംകുളം, ആലപ്പുഴ – ചങ്ങനാശ്ശേരി എന്നീ മേഖലയിൽ ബസ്സ് റാപ്പിഡ് ട്രാൻസിസ്റ്റ് കോറിഡോർ നടപ്പിൽ വരുത്തുന്നതിനേക്കുറിച്ച് പഠനം നടത്തുക.
- കടലും കായലും ബന്ധിപ്പിക്കുന്ന വിനോദ ഗതാഗത സംവിധാനം രൂപകല്പന ചെയ്യുക.
- എല്ലാ റോഡ് ജംഗ്ഷനുകളും ആധുനികവൽക്കരിക്കുക.
- വേമ്പനാട് ജലഗതാഗത പദ്ധതി ആസൂത്രണം ചെയ്യുക.
- ഇലക്ട്രിക് വാഹന ഉപയോഗം സാധ്യമാക്കുക. ആലപ്പുഴ, പുന്നപ്ര, അമ്പലപ്പുഴ, കരുമാടി, തകഴി, വയലാർ, കുട്ടനാട് എന്നിവ ഒരു ടൂർ പാക്കേജാക്കി ഇലക്ട്രിക് എസി ബസ്സ് സർവ്വീസ് ആരംഭിക്കുക.
- ഗതാഗത മേഖലയെ ഏകോപിപ്പിക്കുന്നതിന് വിവരസാങ്കേതിക വിദ്യയുടെ പ്രയോഗം വർദ്ധിപ്പിക്കൽ.
- ജലമാർഗമുളള ഗതാഗത ചരക്ക് കടത്ത് മാർഗ്ഗങ്ങളുടെ വികസനം.
- വിവര സാങ്കേതിക വിദ്യയിലൂടെ മാസ് കമ്മ്യൂണിക്കേഷൻ സങ്കേതങ്ങൾ വികസിപ്പിക്കുക.
- ജനങ്ങൾക്ക് തിരികെ ഭരണകൂടവുമായി ബന്ധപ്പെടാൻ കാര്യക്ഷമമായ സംവിധാനങ്ങളുടെ വികസനവും തദ്വാര സത്ഭരണവും സമഗ്രമായ നീതി നിർവ്വഹണവും നിലനിൽക്കുന്നു എന്ന ബോധം ജനങ്ങളിൽ ഉളവാക്കൽ.
- വിവിധ ഭരണ നിർവ്വഹണങ്ങൾക്കായി കോൾസെന്ററുകൾ വികസിപ്പിക്കൽ.
- കോംപ്രിഹെൻസീവ് മൊബിലിറ്റി പ്ലാൻ.
- ആലപ്പുഴ ജില്ലയിലെ എല്ലാ പട്ടണങ്ങളിലേയും റോഡിന്റെ സ്ഥല സൌകര്യം അപഹരിക്കുന്ന കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് ശാസ്ത്രീയമായ സ്ഥിരം സംവിധാനവും അതിനുവേണ്ട പണ ലഭ്യതയും ഉറപ്പുവരുത്തുക.
- കൊടുങ്ങല്ലൂർ–ഇറവൂർ ബി.ആർ.റ്റി.–ഇലക്ട്രിക് നടപ്പിലാക്കുക.

## വിവരസാങ്കേതികം

- പരമാവധി സേവനങ്ങളും ഭരണപരമായ പ്രക്രിയകളും കാലാനുസൃതമായ പരിഷ്കാരങ്ങളോടെ ഡിജിറ്റൽവൽക്കരിക്കുക.

- 2012ൽ രൂപീകരിക്കപ്പെട്ട ജില്ലാ ഇ-ഗവർണൻസ് സൊസൈറ്റികളുടെ ഘടന കാലാനുസൃതമായി പ്രസക്തമായ വകുപ്പുകളെ ഉൾപ്പെടുത്തി പരിഷ്കരിക്കുക, ആയതിലൂടെ ജില്ലാതലത്തിലെ ഇഗവർണൻസ് ഏകോപനം മെച്ചപ്പെടുത്തുക
- സർക്കാർ സേവനങ്ങൾക്കു ഏകീകൃത പോർട്ടൽ / മൊബൈൽ ആപ്പ് - ജില്ലാതലത്തിൽ ഡാഷ്ബോർഡുകൾ
- KFON, പബ്ലിക് വൈഫൈ പദ്ധതികൾ വഴി ഇന്റർനെറ്റ് ലഭ്യത മെച്ചപ്പെടുത്തുക
- അക്ഷയ കേന്ദ്രങ്ങളെ പ്രാദേശികതലത്തിൽ വിവരസാങ്കേതികരംഗത്തെ മികവിന്റെ കേന്ദ്രങ്ങളായി രൂപാന്തരപ്പെടുത്തുക - അക്ഷയ, കുടുംബശ്രീ എന്നിങ്ങനെ സഹകരണ-സ്വയംസഹായ മേഖലയിൽ പുറംകരാർ ജോലികൾ ഏറ്റെടുക്കുവാൻ പ്രാപ്തമായ ചെറുകിട ഐ.ടി. സംരംഭങ്ങൾക്ക് പ്രോത്സാഹനം നൽകുവാൻ പദ്ധതികൾ ആവിഷ്കരിക്കുക
- കൂടുതൽ വകുപ്പുകളിൽ കീഴ്ത്തട്ടുവരെയുള്ള ഫയൽ ക്രയവിക്രയങ്ങൾക്കു ഇ-ഓഫീസ് നടപ്പാക്കുക
- ജില്ലയുടെ തെക്കൻ മേഖലയിൽ പുതുതായി ഒരു വിവരസാങ്കേതിക വ്യവസായ പാർക്കിനുള്ള സാധ്യത പരിശോധിക്കുക
- സ്ഥിതിവിവരകണക്കുകളുടെ വിശകലനത്തിനും അതുവഴിയുള്ള വികസന പദ്ധതി ആസൂത്രണത്തിനും Big Data Analytics സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കാവുന്നതാണ്
- വിദ്യാഭ്യാസ - പരിശീലന മേഖലകളിൽ ഓൺലൈൻ കോഴ്സുകൾ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് നടപ്പാക്കാവുന്നതാണ്.

## വിനോദസഞ്ചാരം

### ഉത്തരവാദിത്വ വിനോദ സഞ്ചാരവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ

- തദ്ദേശവാസികളെ ഉൾപ്പെടുത്തി വിനോദ സഞ്ചാര മേഖലകളിലെ പ്രവർത്തനങ്ങളെ പരിപോഷിപ്പിക്കുക.
- വിനോദ സഞ്ചാര മേഖലയിൽ നിന്നുള്ള വരുമാനം തദ്ദേശിയരായ സാധാരണക്കാർക്ക് ലഭ്യമാക്കുന്ന വിധം പുനർനിർണ്ണയിക്കുക.
- പാരിസ്ഥിതിക ആഘാതം ലഘൂകരിക്കത്തക്ക വിധത്തിലുള്ള വിനോദ സഞ്ചാര വികസനം പ്രാവർത്തികമാക്കുക.
- പ്രാദേശിക തലത്തിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും തദ്ദേശവാസികളുടെ പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുകയും ചെയ്യുക.
- വിനോദ സഞ്ചാര മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന എല്ലാ സമൂഹത്തിനും ബോധവത്ക്കരണവും പ്രായോഗിക പരിജ്ഞാനവും ലഭ്യമാക്കുക.
- പരിസ്ഥിതി സൗഹൃദ ഉല്പന്നങ്ങൾ ഈ മേഖലയിൽ പൂർണ്ണമായും എത്തിച്ച് നൽകുക. അത്തരം ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള സാങ്കേതിക പരിജ്ഞാനം ചെറുകിട സംരംഭകർക്ക് നൽകുക.

- മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് സുസ്ഥിര സംവിധാനങ്ങൾ ഏർപ്പെടുത്തുക.
- ഫാം ടൂറിസവുമായി ബന്ധപ്പെട്ട് പ്രചാരണം നൽകുക.
- വിനോദ സഞ്ചാരവുമായി ബന്ധപ്പെട്ട വിഭവ സമാഹരണം.
- മേൽപ്പറഞ്ഞ എല്ലാപ്രവർത്തനങ്ങളും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ നടപ്പിലാക്കുക.

### പൈതൃക വിനോദ സഞ്ചാര മേഖലയുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ

- ആലപ്പുഴ നഗരത്തിന്റെ പൈതൃക പാരമ്പര്യം സംരക്ഷിക്കുന്നതിനായി നഗരഭാഗങ്ങളിലുള്ള കനാലുകളും ഉജറാത്തി സ്ട്രീറ്റ് ചരിത്രപ്രാധാന്യമുള്ള ആരാധനാലയങ്ങൾ, പരമ്പരാഗത വ്യവസായങ്ങളായ കയർ, നെൽകൃഷി തുടങ്ങിയ മേഖലയിലെ വിനോദസഞ്ചാരികളുടെ താല്പര്യങ്ങൾ പ്രയോജനപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുക.
- ആലപ്പുഴയുടെ തനതായ അനുഷ്ഠാനങ്ങളും ആചാരങ്ങളും (കെട്ടുകാഴ്ച, കുത്തിയോട്ടം, തുള്ളൽ പ്രസ്ഥാനം) കേരള വിനോദ സഞ്ചാരത്തിന്റെ പരസ്യ പ്രചരണത്തിന്റെ ഭാഗമാക്കുക.
- ആലപ്പുഴയുടെ ചരിത്രവും പൈതൃകവും സംബന്ധിച്ച വസ്തുതകൾ പ്രദർശിപ്പിക്കുകയും സഞ്ചാരികൾക്ക് അവ സംബന്ധിച്ച് അറിവ് നൽകുന്നതുമായ പൈതൃകമ്യൂസിയം സ്ഥാപിക്കുക.
- വിനോദ മേഖലയിൽ ആലപ്പുഴ ജില്ലയെ ഏറ്റവും പ്രശസ്തമാക്കിയ ചുണ്ടൻവള്ളങ്ങളും പരമ്പരാഗതമായി നടത്തിവരുന്ന ജലോത്സവങ്ങളും ആഗോളതലത്തിൽ പ്രചരിപ്പിക്കുന്നതിന് കലണ്ടർ തയാറാക്കുക മത്സര ക്രമത്തിൽ സാങ്കേതികമായ മാറ്റങ്ങൾ വരുത്തി ജലമേളകളെ അതുല്യമായ കായികവിനോദമായി മാറ്റിയെടുക്കുക.

## പട്ടികജാതി വികസനം

- പട്ടികജാതി വികസന വകുപ്പ് ഇപ്പോൾ സ്വയംസഹായ സംഘങ്ങൾക്ക് നൽകുന്ന ധനസഹായത്തിന്റെ പകുതി തുക എങ്കിലും കാർഷിക മേഖലയിലെ പദ്ധതികൾക്കായി മാറ്റിവയ്ക്കുക.
- പട്ടികജാതിയിൽപ്പെട്ട സമർത്ഥരായ വിദ്യാർത്ഥികളെ മത്സര പരീക്ഷകളിൽ സജ്ജരാക്കുവാൻ സ്വകാര്യമേഖലകളിൽ പ്രവർത്തിക്കുന്ന മികച്ച പരിശീലന സ്ഥാപനങ്ങളിൽ നിന്നും പരിശീലനം നേടുന്നതിന് ആവശ്യമായ മുഴുവൻ തുകയും ധനസഹായമായി നൽകുക.
- ഈ വിഭാഗത്തിലെ പ്രാഗത്ഭ്യം തെളിയിച്ച കായിക താരങ്ങൾക്കും കലാപ്രതിഭകൾക്കും സ്പോർട്ട്സ് കിറ്റ്, ഡാൻസ് കിറ്റ് മറ്റ് അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിന് 15,000/- രൂപ വരെ നൽകുന്നതിന് ആവശ്യമായ മാറ്റങ്ങൾ പദ്ധതി മാർഗ്ഗരേഖയിൽ വരുത്തുക. സ്പോർട്ട്സ് താരങ്ങൾക്ക് പോഷകാഹാരം നൽകുന്നതിന് ധനസഹായം, പ്രത്യേക കോച്ചിംഗ് ക്യാമ്പ് എന്നിവ നടപ്പിലാക്കണം.

- പട്ടികജാതി വിഭാഗത്തിന്റെ തനതായ കലകൾ പ്രോത്സാഹിപ്പിക്കുന്നതിന് പട്ടികജാതി സാംസ്കാരിക കലാ അക്കാദമി സ്ഥാപിക്കണം. അക്കാദമിയുടെ നേതൃത്വത്തിൽ ജില്ലകൾ തോറും കലാമേളകൾ സംഘടിപ്പിക്കുക. പട്ടികജാതി സാഹിത്യകാരന്മാർക്കും കലാകാരന്മാർക്കും പാരിതോഷികങ്ങൾ നൽകുക തുടങ്ങിയ പരിപാടികൾ നടത്താവുന്നതാണ്.
- സർക്കാർ ഖജനാവിൽ നിന്നും ശമ്പളം കൊടുക്കുന്ന എല്ലാ തൊഴിൽ മേഖലകളിലും പട്ടികജാതി സംവരണം ഏർപ്പെടുത്തുക.
- പട്ടികജാതി മേഖലയിലെ സഹകരണ സംഘങ്ങൾ പുനരുജ്ജീവിപ്പിക്കുന്നതിനും മെച്ചമായി പ്രവർത്തിപ്പിക്കുന്നതിനും സാമ്പത്തിക സഹായം ചെയ്യുക.
- സംഘങ്ങൾക്ക് വസ്തു, കെട്ടിടം എന്നിവയ്ക്ക് ധനസഹായം ചെയ്യുക.
- പരമ്പരാഗത തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന വയോധികർക്ക് പെൻഷൻ അനുവദിക്കുക. (ചുരുങ്ങിയത് 3,000/- രൂപ).
- വ്യാജ സർട്ടിഫിക്കറ്റുകൾ ഉണ്ടാക്കി പട്ടികജാതി വിഭാഗങ്ങളുടെ ആനുകൂല്യങ്ങൾ തട്ടിയെടുക്കുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുക.
- ത്രിതല പഞ്ചായത്തുകളുടെ പ്രത്യേക ഘടക പദ്ധതി പ്രോജക്ടുകൾ അവലോകനം നടത്തുന്നതിന് യുക്തമായ കമ്മിറ്റികളെ നിശ്ചയിക്കുക.
- പട്ടികജാതി ജനവിഭാഗങ്ങൾക്ക് സർക്കാരും വിവിധ ഏജൻസികളും നൽകുന്ന എല്ലാ സഹായങ്ങളും രേഖപ്പെടുത്തി സൂക്ഷിക്കുന്നതിന് ഉപയുക്തമായ സോഫ്ട് വെയർ സംവിധാനം ഏർപ്പെടുത്തുക.
- അതിക്രമം തടയൽ നിയമ പ്രകാരമുള്ള കേസുകൾ ജില്ലാ കോടതിയിലാണ് കൈകാര്യം ചെയ്യുന്നത്. കേസുകൾ വർഷങ്ങളോളം നീണ്ടുപോകുന്നത് ഇരകളെ കേസിൽ നിന്നും പിൻമാറാൻ പ്രേരിപ്പിക്കുന്നു. പ്രതി ശിക്ഷിക്കപ്പെടാതിരിക്കുന്നത് സമൂഹത്തിന് തെറ്റായ സന്ദേശം നൽകുന്നു. അതിനാൽ അതിക്രമം തടയൽ നിയമപ്രകാരമുള്ള കേസുകൾ കൈകാര്യം ചെയ്യുന്നതിന് സ്പെഷ്യൽ കോടതികൾ സ്ഥാപിക്കണം.
- എല്ലാ ജില്ലകളിലും ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും വേണ്ടിയുള്ള പ്രീ-മെടിക്/ പോസ്റ്റ് മെടിക് ഹോസ്റ്റലുകളും എം.ആർ.എസുകളും സ്ഥാപിക്കുക.
- എസ്.സി. ഫണ്ട് ഉപയോഗിച്ച് നിലവിൽ കോളനികൾക്കുള്ളിൽ മാത്രമേ റോഡ് പണിയുവാൻ സാധിക്കുകയുള്ളൂ. കോളനിയിൽ നിന്നും പ്രധാന റോഡിലേയ്ക്ക് എത്തുന്നതിന് എസ്.സി.പി. ഫണ്ട് ഉപയോഗിച്ച് റോഡ് പണിയുന്നതിന് മാർഗരേഖയിൽ മാറ്റങ്ങൾ വരുത്തണം.
- ആലപ്പുഴ ജില്ലയിൽ പെൺകുട്ടികൾക്കുവേണ്ടി പ്രീമെടിക് ഹോസ്റ്റലുകൾ എം.ആർ.എസ്. എന്നിവയുള്ളതുപോലെ ആൺകുട്ടികൾക്കുവേണ്ടിയും ഒരു എം.ആർ.എസ്. സ്ഥാപിക്കേണ്ടതാണ്.
- പട്ടികജാതി വിദ്യാർത്ഥികൾക്ക് ഉന്നതവിദ്യാഭ്യാസം ലഭ്യമാക്കുന്നതിന് ബാങ്കുകൾവഴി അല്ലാതെ സർക്കാർ നേരിട്ട് ധനസഹായം നൽകണം.

## പട്ടികവർഗ്ഗ വികസനം

- കുടുംബാംഗങ്ങളുടെ എണ്ണത്തിനനുസൃതമായി നിലവിലുളള വീടുകൾക്ക് അധിക സൗകര്യമൊരുക്കൽ
- യൂണിറ്റ് കോസ്റ്റ് വർദ്ധിപ്പിക്കൽ
- പട്ടിക വർഗ്ഗ മേഖലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് സ്മാർട്ട് ക്ലാസ്സ് റൂം ലൈബ്രറി മുതലായ സൗകര്യം ഒരുക്കൽ
- താമസിച്ച് പഠിക്കുന്നതിന് പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ അനുവദിക്കുക
- പ്രൊഫഷണൽ വിദ്യാർത്ഥികളുടെ പഠനത്തിന് പ്രാരംഭ ചെലവുകൾ വർദ്ധിപ്പിക്കുക
- സ്വകാര്യ ഹോസ്റ്റലുകളിൽ താമസിച്ച് പഠിക്കുന്നവർക്കുള്ള സാമ്പത്തിക സഹായം വർദ്ധിപ്പിക്കൽ
- പഠനം പൂർത്തിയാക്കിയ പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട സർക്കാർ/ സ്വകാര്യസ്ഥാപനങ്ങളിൽ പരിശീലനം നൽകി പ്ലേയ്സ്മെന്റ് ഉറപ്പ് വരുത്തുക
- പട്ടിക വർഗ്ഗവിഭാഗങ്ങളിൽ ദുർബ്ബല വിഭാഗങ്ങൾക്ക് കൂടുതൽ അവസരങ്ങൾ ഉറപ്പ് വരുത്തുക
- പട്ടികവർഗ്ഗ ഉപപദ്ധതിയുടെ ഫണ്ട് ഗുണമേന്മയോടുകൂടി പൂർണമായി പട്ടികവർഗ്ഗക്കാരുടെ ക്ഷേമവികസന പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുക.
- വൃത്തി, വെളിച്ചം, കുടിവെളളം, വാഹനസൗകര്യം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളോടെയുളള കുടുംബങ്ങളും ഊരുകളും സാധ്യമാക്കുക.
- മുഴുവൻ കുടുംബങ്ങൾക്കും വൈദ്യുതിയും കക്കൂസും സുരക്ഷിതമായ വീടുകളും സാധ്യമാക്കുക.
- പ്രദേശത്തിനും സംസ്കാരത്തിനും അനുയോജ്യമായ സമീപനത്തിലൂന്നി സാമ്പത്തിക പ്രാദേശിക, വികസനത്തിലൂടെ ജീവിത നിലവാരമുയർത്തുന്നതിനുളള പദ്ധതികൾ ആവിഷ്കരിക്കുക.
- തൊഴിലും വരുമാനവും വർദ്ധിപ്പിച്ചും ജീവിതനിലവാരം ഉയർത്തിയും അടിസ്ഥാന സൗകര്യങ്ങൾ സ്വയമാർജ്ജിക്കാൻ അടുത്ത തലമുറയെ പ്രാപ്തരാക്കുക.
- ഉപപദ്ധതി ഫണ്ടിനു പുറമേ ജനറൽ ഫണ്ടും ഇതര സംവിധാനങ്ങളിലെ സ്രോതസ്സും വിനിയോഗിച്ച് ധനപരമായ പ്രവർത്തനം സംയോജനം സാധ്യമാക്കുക.
- ഊരുകൂട്ടങ്ങൾ/വർദ്ധിച്ച പങ്കാളിത്തത്തോടെ സജീവവും ക്രിയാത്മകവുമാക്കി ജനാധിപത്യവത്ക്കരണം സാധ്യമാക്കുക.
- തൊഴിൽ വൈദഗ്ധ്യം വർദ്ധിപ്പിക്കുന്നതിനും പാരമ്പര്യവും നൂതനവുമായ തൊഴിൽ സാധ്യതകളെ ഉപയോഗപ്പെടുത്തുക. യുവജനങ്ങൾക്ക് തൊഴിൽ പരിശീലനവും കരിയർ ഗൈഡൻസ് പരിപാടികളും തുടർച്ചയായി ആവിഷ്കരിച്ച് നടപ്പിലാക്കുക.
- ലഹരി വസ്തുക്കളുടെ ഉപയോഗം തടയുന്നതിന് പ്രായോഗികവും തുടർച്ചയുളളതുമായ സൗഹൃദപദ്ധതികൾ ആവിഷ്കരിക്കുക.
- വിദ്യാഭ്യാസം തടസ്സപ്പെടാതിരിക്കാൻ സങ്കേതങ്ങളിൽ പ്രത്യേക സമിതിയുടെ നിരീക്ഷണവും ഇടപെടലും സാധ്യമാക്കുക.
- പ്രത്യേക പരിഗണന അർഹിക്കുന്നവരുടെ വികസനത്തിനായി വ്യക്തിഗത പരിപാലന പദ്ധതി ആവിഷ്കരിക്കുക.

## വനിതാ വികസനം

- സ്ത്രീകൾക്ക് സൌജന്യ ഹെല്ത്ത് കാർഡുകൾ നല്കുക. വനിതകൾക്കായി വിദഗ്ധ വനിതാ ഡോക്ടർമാരുടെ സേവനം ഗ്രാമതലത്തിൽ ഉറപ്പാക്കുക.
- ആശുപത്രികളിൽ സ്ത്രീ സൌഹൃദ വിശ്രമ കേന്ദ്രങ്ങൾ സ്ഥാപിക്കുക.
- സ്ത്രീകളുടെ ആരോഗ്യ സംരക്ഷണത്തിനായി ആരോഗ്യ നയം ഗവൺമെന്റ് തലത്തിൽ ഉണ്ടാക്കണം.
- സ്ത്രീത്വത്തിന് വിലകല്പിക്കുന്ന രീതിയിലുള്ള പാഠഭാഗങ്ങൾ പാഠപുസ്തകത്തിൽ ഉൾപ്പെടുത്തേണ്ടതാണ്.
- സ്ത്രീകളുടെ ഉന്നത വിദ്യാഭ്യാസത്തിന് ഗവൺമെൻറ് സഹായം നൽകേണ്ടതാണ്.
- പെൺകുട്ടികൾക്ക് തൊഴിലധിഷ്ഠിത വിദ്യാഭ്യാസം നല്കുക
- സ്കൂളിലും പൊതു സ്ഥാപനങ്ങളിലും സ്ത്രീ സൌഹൃദ പ്രാഥമിക സൌകര്യങ്ങൾ ഉറപ്പാക്കുക.
- കാർഷിക യന്ത്രവത്ക്കരണത്തിൽ വനിതകൾ പങ്കാളികളാകുക. കേന്ദ്രപദ്ധതിയുമായി ഇതിനെ സംയോജിപ്പിക്കാവുന്നതാണ്.
- ഗവൺമെന്റ് ടെയിനിംഗ് സെന്ററുകളിൽ, വനിതകൾക്ക് കരിയർ ഗൈഡൻസ് നല്കി വിദ്യാഭ്യാസത്തിന് യോജിച്ച തൊഴിൽ ലഭ്യമാക്കുവാൻ സഹായിക്കുക.
- ഗവൺമെന്റ് പദ്ധതികളെക്കുറിച്ച് വനിതകൾക്ക് അറിവ് നൽകുന്നതിനുള്ള സംവിധാനം മാധ്യമങ്ങളിലൂടെ നൽകുക.
- സ്ത്രീശാക്തീകരണത്തിനും സ്ത്രീകൾ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തുന്നതിനുമായി ജാഗ്രതാസമിതിയുടെ പ്രവർത്തനക്ഷമത ശക്തിപ്പെടുത്തുക
- കരകൗശല പ്രാചീന തൊഴിലുകൾ ചെയ്യുന്ന വനിതകളെ സബ്സിഡി നൽകി സഹായിക്കുക.
- സ്ത്രീകളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി ഗവണ്മെന്റ് സംവിധാനത്തിൽ വനിതാ ഹോസ്റ്റൽ ഷോർട്ട് ഹോംസ്റ്റേ എന്നിവ സ്ഥാപിക്കുക
- സ്ത്രീകൾക്ക് നീതി ലഭിക്കുന്നതിനായി ആവശ്യമായ സഹായം ഗവൺമെന്റ് തലത്തിൽ നടപ്പിലാക്കുക.
- തുല്യ ജോലിയ്ക്ക് തുല്യവേതനം നൽകുന്ന സമീപനം ഉണ്ടാക്കുക
- വനിതകൾക്ക് സാങ്കേതിക പരിജ്ഞാനം നല്കുക, സംസ്ഥാനതല പരിശീലനം നൽകുക.
- വനിതകൾക്കുവേണ്ടി നടത്തുന്ന നിയമ സഹായ സംവിധാനങ്ങളുടെ പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുക.
- വനിതകൾക്ക് സുരക്ഷിതത്വവും സംരക്ഷണവും നീതിയും ഉറപ്പുവരുത്തുക
- കമ്മീഷനുകളിലും കമ്മിറ്റികളിലും തീരുമാനമെടുക്കേണ്ട മറ്റ് ഉയർന്ന തലങ്ങളിലും വനിതകൾക്ക് അർഹമായ പ്രാതിനിധ്യം ഉറപ്പുവരുത്തുക
- പാർപ്പിടം, കുടിവെള്ളം, സാനിട്ടറി സൌകര്യങ്ങൾ എന്നിവ ഉറപ്പാക്കുന്ന പദ്ധതികൾ

- ലഹരിക്കും മയക്കുമരുന്നിനും ഇരയാകുന്ന പെൺകുട്ടികളെ അതിൽ നിന്നും മോചിപ്പിക്കുന്നതിന് ആരോഗ്യവകുപ്പും പഞ്ചായത്തുകളും ചേർന്ന് പ്രവർത്തിക്കേണ്ടതാണ്.
- സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾക്കുള്ള ശിക്ഷ നിയമം മൂലം ശക്തമാക്കുക.
- സ്ത്രീകളുടെ മാന്യതയ്ക്ക് നിരക്കാത്ത രീതിയിൽ സ്ത്രീകളെ മോശമായി ചിത്രീകരിക്കുന്ന മാധ്യമ പരസ്യങ്ങൾ, പോസ്റ്ററുകൾ എന്നിവ നിയമം മൂലം നിരോധിക്കുക.
- കാർഷിക യന്ത്രങ്ങൾ പ്രവർത്തിപ്പിക്കുവാൻ വനിത/ കുടുംബശ്രീ ഗ്രൂപ്പുകൾക്ക് ജൈവകൃഷിക്ക് സഹായം നൽകുന്ന പദ്ധതി.
- വനിതകളുടെ മാനസിക ആരോഗ്യ സംരക്ഷണത്തിന് കൌൺസിലിംഗ് സംവിധാനവും ഗ്രാമതലത്തിൽ വിദഗ്ധ വനിതാ ഡോക്ടർമാരുടെ സേവനവും ലഭ്യമാക്കുക.
- സ്ത്രീ സുരക്ഷ ഉറപ്പാക്കുന്ന നിയമനിർമ്മാണം ശക്തിപ്പെടുത്തുക.
- കുടുംബശ്രീ യൂണിറ്റുകൾക്ക് വിഷരഹിത പച്ചക്കറി കൃഷിചെയ്യുന്നതിന് ധനസഹായം നൽകുക.

## സാമൂഹ്യക്ഷേമം

### a) വയോജനങ്ങൾ

- ആർ. ഡി. ഒ. മാരുടെ ജോലിഭാരം കണക്കിലെടുത്ത് ടൈബ്യൂണൽ ആർ. ഡി. ഒ. ഓഫീസിൽ നിന്നും വേർപെടുത്തി സബ്ഡിവിഷണൽ ഓഫീസറുടെ തലത്തിൽ അധികാരമുള്ള ഒരു ഉദ്യോഗസ്ഥനെ ടൈബ്യൂണൽ ഉദ്യോഗസ്ഥനായി നിയോഗിച്ച് പ്രത്യേക കോടതികൾ രൂപീകരിച്ച് നിയമം കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കാം.
- പോഷകാഹാരത്തിന്റെ അപര്യാപ്തത മൂലമുണ്ടാകുന്ന രക്തക്കുറവ് പരിഹരിയ്ക്കുന്നതിന് പകൽപരിപാലന കേന്ദ്രങ്ങൾ മുഖേന മുതിർന്ന പൗരൻമാർക്ക് വേണ്ടി പ്രത്യേക പോഷകാഹാര പദ്ധതി നടപ്പിലാക്കുക.
- ചെറിയ ബിസിനസ്സുകൾക്ക് ന്യായനിരക്കിലുള്ള പലിശ ഈടാക്കി വയോജനങ്ങൾക്ക് വായ്പാസൗകര്യം, റിവോൾവിംഗ് ഫണ്ട്, സബ്സിഡി എന്നിവ ലഭ്യമാക്കുക.

### b) കുട്ടികൾ

- ജില്ലയിൽ 14 വയസ്സിനുമേൽ പ്രായമുള്ള ആൺകുട്ടികൾക്ക് ചിൽഡ്രൻസ് ഹോമും ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുമുള്ള ആഫ്റ്റർകെയർഹോമും സ്ഥാപിയ്ക്കുന്നതിന് സ്ഥലം ലഭ്യമാക്കുക.
- സ്പെഷ്യലൈസ്ഡ് അഡോപ്ഷൻ ഏജൻസിയുടെ പ്രവർത്തനം ആലപ്പുഴ ജില്ലയിൽ അനിവാര്യമാണ്.
- നിർഭയ ഷെൽട്ടർഹോമിനുള്ള സ്ഥലം ലഭ്യമാക്കുക.
- അങ്കണവാടി ജീവനക്കാരുടെ നിയമനത്തിനുള്ള യോഗ്യതാ മാനദണ്ഡം പരിശോധിയ്ക്കുക.

- അങ്കണവാടി കെട്ടിടനിർമ്മാണത്തിന് ഭൂമി സൗജന്യമായി നൽകുന്നവരുടെ നിയമനത്തിൽ മുൻഗണന നൽകുക
- പ്രീസ്കൂൾ വിദ്യാഭ്യാസ പഠന രീതി ഏകീകരിയ്ക്കുക.

### c) ഭിന്നശേഷിയുള്ളവർ

- അംഗപരിമിതരുടെ ശാരീരിക മാനസിക ആരോഗ്യ പരിപാലനത്തിനുള്ള പുനരധിവാസ കേന്ദ്രം, വൊക്കേഷണൽ ട്രയിനിംഗ് സെന്റർ, എന്നിവ ആരംഭിക്കുന്നതിന് ലെപ്രസി സാനിറ്റോറിയത്തിൽ രണ്ട് ഏക്കർ സ്ഥലം ലഭ്യമാക്കുക.
- അംഗപരിമിതരെ വരുമാന പരിധിയിൽനിന്നും ഒഴിവാക്കുക.
- നാഷണൽ ട്രസ്റ്റ് ആക്ടിന്റെ പരിധിയിൽ വരുന്ന ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവർ, സെറിബ്രൽ പൾസി, ഓട്ടിസം, ബഹുവൈകല്യം എന്നീ വിഭാഗത്തിലെ അംഗപരിമിതരുടെ സഞ്ചാര സ്വാതന്ത്ര്യം ഉറപ്പുവരുത്തുന്നതിന് ലീഗൽ ഗാർഡിയൻ സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ നൽകുക.
- നിരാമയ ഇൻഷ്വറൻസ് പദ്ധതി പഞ്ചായത്ത് തലത്തിൽ നടപ്പിലാക്കുന്നതിന് എസ്. ഐ. ഡി. യെ ചുമതലപ്പെടുത്തുക.
- വരുമാനപരിധി നോക്കാതെ എല്ലാ അംഗപരിമിതർക്കും ചികിത്സ സൌജന്യമാക്കുക.
- അംഗപരിമിതർക്ക് ആവശ്യമുള്ള സഹായ ഉപകരണങ്ങൾ ജില്ലയിൽ തന്നെ ലഭ്യമാക്കുന്നതിനും സഹായ ഉപകരണങ്ങളുടെ മെയിന്റനൻസിനും ജില്ലയിൽ ഒരു നിർമ്മാണ യൂണിറ്റ് ആരംഭിക്കുന്നതിന് സ്ഥലം ലഭ്യമാക്കുക.
- മായിത്തറ ഗവൺമെന്റ് വൃദ്ധവികലാംഗ സദനത്തിന് പ്രത്യേക സ്ഥലവും കെട്ടിടവും ലഭ്യമാക്കുക.
- ആലിശ്ശേരിയിൽ പ്രവർത്തിയ്ക്കുന്ന അംഗപരിമിതരായ കുട്ടികൾക്കുള്ള ഗവൺമെന്റ് കെയർഹോമിന് പ്രത്യേക സ്ഥലവും കെട്ടിടവും ലഭ്യമാക്കുക.
- അംഗപരിമിതർക്ക് ആവശ്യമുള്ള ഉപകരണവും വാഹനവും ലഭിയ്ക്കുന്നതിന് വേണ്ടി രജിസ്റ്റർ ചെയ്യുന്നത് ഓൺലൈൻ ആക്കുക.
- ആരോഗ്യവകുപ്പുമായി ചേർന്ന് ജില്ലയിൽ ജനിയ്ക്കുന്ന എല്ലാ കുട്ടികൾക്കും കേൾവി പരിശോധിയ്ക്കുന്ന OAE (Oto Accouistic Emission) സൌകര്യം എല്ലാ ആശുപത്രികളിലും ആരംഭിയ്ക്കുക .
- എല്ലാ ബ്ലോക്കുകളിലും ഒരു ഫിസിയോ തെറാപ്പി യൂണിറ്റ് തുടങ്ങുക.
- അംഗപരിമിതർക്ക് സഹായ ഉപകരണങ്ങൾ ലഭിക്കുന്നതിന് വികലാംഗക്ഷേമ കോർപ്പറേഷന്റെ യൂണിറ്റ് ജില്ലയിൽ ആരംഭിക്കുക.

### d) ഭിന്നലിംഗക്കാർ

- ജുവനൈൽ ജസ്റ്റിസ് ആക്ട്, ലൈംഗികാതിക്രമങ്ങളിൽ നിന്ന് സ്ത്രീകളെ സംരക്ഷിക്കുന്ന നിയമം എന്നീ നിയമങ്ങളിൽ ട്രാൻസ്ജൻഡർ വിഭാഗത്തെകൂടി ഉൾപ്പെടുത്തുക.

- റീ അസൈൻമെന്റ് സർജറി നടത്തുന്നതിന് സർക്കാർ ആശുപത്രികളിൽ ഒരു ഫണ്ട് രൂപീകരിയ്ക്കുക.
- ട്രാൻസ്ജൻഡേഴ്സിന് ആരോഗ്യ ഇൻഷ്വറൻസ് ഏർപ്പെടുത്തുക.
- ട്രാൻസ്ജൻഡേഴ്സിന് കലാകായിക അഭിരുചികൾ പ്രോത്സാഹിപ്പിയ്ക്കുന്നതിനായി ടൂറിസം സാംസ്കാരിക വകുപ്പുമായി ബന്ധപ്പെട്ട് ട്രാൻസ്ജൻഡേഴ്സ് ഫെസ്റ്റ് നടപ്പിലാക്കുക.
- ട്രാൻസ്ജൻഡേഴ്സ് ഹെൽപ്പ് ലൈൻ ആരംഭിയ്ക്കുക.
- ട്രാൻസ്ജൻഡർ വിഭാഗത്തിലുളളവരെ അവഹേളിയ്ക്കുന്നവർക്കെതിരെ നിയമ നടപടി സ്വീകരിയ്ക്കുക.
- ലൈഫ് പദ്ധതിയിൽ ട്രാൻസ്ജെന്റേഴ്സിന് മുൻഗണന നൽകുക.

### e) ജയിൽമോചിതരും കുടുംബാംഗങ്ങളും

- ജയിൽ മോചിതരായ കുറ്റവാളികളുടെ ധനസഹായം 25,000/- രൂപയായി വർദ്ധിപ്പിയ്ക്കുക
- ജയിലിൽ കഴിയുന്നവരുടെ ആശ്രിതർക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനുളള ധനസഹായം 25,000/- രൂപയായി വർദ്ധിപ്പിയ്ക്കുക.
- കൊല്ലപ്പെട്ടയാളുടെ കുടുംബത്തിലെ ആശ്രിതർക്കുകൂടി പുനരധിവാസത്തിനും സ്വയം തൊഴിൽ കണ്ടെത്തുന്നതിനുമുളള ധനസഹായ പദ്ധതിയിൽ ഉൾപ്പെടുത്തുക.
- ജയിലിൽ കഴിയുന്നവരുടെ ആശ്രിതർക്കുളള ഗണത്തിൽ മാതാപിതാക്കളെക്കൂടി ഉൾപ്പെടുത്തുക. (അവിവാഹിതരായ തടവുകാരുടെ ആശ്രിതർക്ക് ധനസഹായം ലഭിയ്ക്കുന്നില്ല.)

# ഉപസമിതി കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

## കൃഷി

- ജില്ല ബ്ലോക്ക് പദ്ധതികളുടെ ഏകോപനം മുൻകൂറായി നിശ്ചയിക്കണം.
- ഉണഭോക്തൃവിഹിതം ഏപ്രിൽ മാസത്തിൽ തന്നെ ലഭ്യമാകണം.
- തരിശ് രഹിത ജില്ലയായി ആലപ്പുഴ ജില്ലയെ മാറ്റണം. നെൽകൃഷി, പയറുകൃഷി, പച്ചക്കറികൃഷി, തെങ്ങുകൃഷി, പഴവർഗങ്ങളുടെ കൃഷി എന്നിവ മുഖ്യവിളകളായി ഇപ്പോൾ തരിശായി കിടക്കുന്നതും കൃഷിയോഗ്യവുമായ പ്രദേശങ്ങളിൽ വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സമയബന്ധിതമായി ഏറ്റെടുക്കണം.
- സംയോജിത കൃഷിക്ക് ഊന്നൽ നൽകി വിവിധ പുരയിട കൃഷി പദ്ധതികൾ നടപ്പാക്കണം.
- കൊയ്ത്ത് മെതിയന്ത്രങ്ങൾ നെല്ലുല്പാദക സമിതികൾക്ക് കൈമാറുകയും അവയ്ക്ക് പ്രവർത്തന മൂലധനം നൽകുകയും ചെയ്യുക.
- ജില്ലയിൽ ഫലപ്രദമായും സംയോജിതമായും പ്രവർത്തിക്കുന്ന ട്രാക്ടർ, ടില്ലർ, കൊയ്ത്തുയന്ത്രം, പമ്പുസെറ്റ്, പ്ലെയറുകൾ തുടങ്ങിയവയുടെ കേടുപാടുകൾ തീർക്കുന്ന കാർഷിക പണിശാല (Agriculture work shop) സ്ഥാപിക്കുക.
- എല്ലാ പഞ്ചായത്തുകളിലും പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ സ്ഥാപിക്കുക.
- സോഷ്യൽ മീഡിയകൾ വഴി പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുക.
- പച്ചക്കറി കൃഷിയിൽ പ്രസിഷൻ ഫാമിംഗ്, മഴമറ, സ്ഥിരമായ പന്തൽ എന്നിവയ്ക്ക് കൂടുതൽ പ്രാധാന്യം നൽകുക.
- തെങ്ങ്കൃഷിയിൽ സംയോജിത കീടനിയന്ത്രണമാർഗ്ഗങ്ങൾ കേര ഗവേഷണ സ്ഥാപനങ്ങളുടെ സഹായത്തോടെ കർഷകരിലെത്തിക്കുക.
- ആലപ്പുഴ ജില്ലയിൽ 250ഓളം നാളികേര ഉല്പാദക സംഘങ്ങൾ വാർഡ് അടിസ്ഥാനത്തിൽ നിലവിലുണ്ട്. 20ഓളം നാളികേര ഉല്പാദക ഫെഡറേഷനുകൾ പഞ്ചായത്ത് അടിസ്ഥാനത്തിലും നിലവിലുണ്ട്. കേരസംരക്ഷണത്തിലും, നല്ലയിനം നടീൽ വസ്തുക്കളുടെ ഉല്പാദനത്തിലും, നാളികേര സംരക്ഷണത്തിലും അവയുടെ മൂല്യവർദ്ധിത ഉല്പന്ന നിർമ്മാണത്തിനും ലക്ഷ്യമിട്ട് രൂപം കൊടുത്ത ടി സംഘങ്ങളെ ശക്തിപ്പെടുത്തുന്നതോടൊപ്പം കേരകൃഷി മേഖലയിൽ ടി സംഘങ്ങൾ ഇല്ലാത്തിടത്ത് പുതിയതായി അവയ്ക്ക് രൂപം കൊടുക്കുകയും ചെയ്യണം.
- കായംകുളം തോട്ടവിള ഗവേഷണ കേന്ദ്രത്തിന്റെ സഹായത്തോടെ അതുല്പാദനശേഷിയുള്ള തെങ്ങിൻ തൈകൾ ജില്ലയിലെ എല്ലാ പഞ്ചായത്തിലും ലഭ്യമാക്കണം.
- തെങ്ങുകൃഷിയുമായി ബന്ധപ്പെട്ട് ചങ്ങാതിക്കൂട്ടം പരിശീലനം, തീരപരിശീലനം, കാർഷിക യന്ത്രങ്ങളുടെ പരിശീലനം എന്നിവയ്ക്ക് വിവിധ ഏജൻസികളുമായി ബന്ധപ്പെട്ട് കൂടുതൽ പേർക്ക് നൽകുന്നതിനും പരിശീലനം ലഭിച്ചവർ മേല്പറഞ്ഞ

തൊഴിലുകളിൽ ഉറച്ചു നിൽക്കത്തക്കവിധം ബോണ്ട്, സ്റ്റൈഫന്റ്, യൂണിഫോം തുടങ്ങിയവ നൽകുന്നതിനുള്ള പദ്ധതികൾ ഉണ്ടാവണം.

- ഹരിതകേരളം പദ്ധതിയുടെ ഭാഗമായി പച്ചക്കറികൃഷിയിലും മറ്റും മാതൃകാപരമായ ഇടപെടലുകളും, കൃഷിപദ്ധതികളും നടപ്പിലാക്കുന്ന സഹകരണ ബാങ്കുകളുടെ വിജയം കണക്കിലെടുത്ത് ജില്ലയിലെ മറ്റു ബാങ്കുകളെ പരമാവധി ഈ രംഗത്ത് എത്തിക്കുന്നതിന് ശ്രമിക്കണം.
- പശുകൃഷി രീതി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി താല്പര്യമുള്ള കർഷകർക്ക് നാടൻ പശുക്കളെ വിതരണം ചെയ്യണം.
- വലിയ പാടശേഖരങ്ങളെ തിരിവ് ബണ്ട് ചെയ്ത് ശരിയാക്കുക. മടവീഴ്ചയുടെ കാഠിന്യം കുറയ്ക്കാൻ സാധിക്കും.
- കുട്ടനാട്, വെളിയനാട്, ഡി-ബ്ലോക്ക്, പുത്തനാറായിരം പാടശേഖരം മൂന്ന് വർഷമായി തരിശ് കിടക്കുന്ന ഭൂമി കൃഷി യോഗ്യമാക്കുന്നതിന് അടിയന്തിരമായ ഇടപെടൽ വേണം.
- കരിങ്ങാലിച്ചാൽ/പെരുവേലിച്ചാൽ പുഞ്ചകളെ കൃഷിയോഗ്യമാക്കാനുള്ള പദ്ധതികൾ ആവിഷ്കരിക്കണം.
- ഗ്രോബാഗ് എന്നത് മാറ്റി പകരം കയർ ബാഗ് ആക്കണം.
- പൊടി നിലങ്ങൾ തരിശായി കിടക്കുന്നത് കാർഷിക വിളകൾ ഉത്പാദിപ്പിക്കുന്നതിനായി വികസിപ്പിച്ചെടുക്കണം.
- ഏകദ്ദേശം 500 ഏക്കറോളം വരുന്ന തരിശുനിലം കൃഷിയോഗ്യമാക്കണം. നിലം ഉഴുന്നതും വളവും പൂർണ്ണമായി സൌജന്യമാക്കണം.
- നല്ല ഉത്പാദനശേഷിയും പ്രതിരോധശേഷിയും ഉള്ള കരുമുളക് കൃഷിചെയ്യണം.
- കൃഷിക്ക് ആവശ്യമായ ചെറു യന്ത്രങ്ങൾ ജില്ലാപഞ്ചായത്ത് സബ്സിഡിയോടെ പ്രാപ്യമാക്കുക.
- ജെ.സി.ബി. പോലുള്ള യന്ത്രങ്ങൾ ബ്ലോക്ക് തലത്തിൽ ലഭ്യമാക്കുക

## ജലസേചനം

- തോടുകളും കുളങ്ങളും നവീകരിച്ച് ശുദ്ധജല ലഭ്യത ഉറപ്പാക്കുന്ന പദ്ധതികൾ നടപ്പിലാക്കണം.
- കല്ലട, പമ്പാ ജലസേചന കനാലുകൾ വർഷാവർഷം ശുചീകരിയ്ക്കുകയും പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുകയും ചെയ്യേണ്ടതാണ്.
- തണ്ണീർമുക്കം ബണ്ട് പൂർത്തീകരിക്കേണ്ടതാണ്.
- എ.സി. കനാൽ ക്ലീനിംങ്-എ.സി. കനാലിലെ പോളവാരി ആഴംകൂട്ടി ശുദ്ധീകരിച്ച് ഉപയോഗ യോഗ്യമാക്കി മാറ്റുന്നതിന് പദ്ധതി ഏറ്റെടുക്കുന്നതിന്റെ സാദ്ധ്യത പരിഗണിക്കണം.

- മേൽ പ്രവർത്തികൾ നടപ്പിലാക്കുന്നതിനായി കേന്ദ്ര സംസ്ഥാന വിഹിത –NABARD, PMKSY, MNREGS, MLA-ADF, MP-LADS, തദ്ദേശ സ്വയംഭരണ വകുപ്പ് വിഹിതം എന്നിവയിലൂടെ ആവശ്യമായ ഫണ്ട് ലഭ്യമാക്കേണ്ടതാണ്.
- വേനൽകാലത്ത് ശുദ്ധജല ലഭ്യത ഉറപ്പാക്കുന്നതിന് അപ്പർകുട്ടനാടൻ മേഖലകളിൽ വിവിധ സ്ഥലങ്ങളിലായി തടയണകളുടെ നിർമ്മാണം.
- പാടശേഖരങ്ങളുടെ അടിസ്ഥാന സൌകര്യങ്ങൾ - പുറംബണ്ട്, മറ്റ് അടിസ്ഥാന സൌകര്യങ്ങൾ എന്നിവ.
- മാലിന്യ സംസ്കരണം - ജലസ്രോതസ്സുകളിൽ അടിഞ്ഞുകൂടിയിട്ടുള്ള മാലിന്യങ്ങളും മറ്റ് നിക്ഷേപങ്ങളും, കണ്ടൽ, കടകൽ എന്നിവയുടെ സംസ്കരണം.
- ചരിവുള്ള പ്രദേശങ്ങളെ തട്ടുതിരിച്ച് നിലം ഒരുക്കുകവഴി ഭൂഗർഭജലത്തിന്റെ പ്രഭാവം വർഷം മുഴുവൻ നിലനിർത്തുന്ന പ്രവൃത്തികൾ.

## മണ്ണ് ജല സംരക്ഷണം

- പ്രകൃതി വിഭവങ്ങൾ ശാസ്ത്രീയമായി പരിപാലിക്കുന്നതിലേയ്ക്കായി അപ്പർ കുട്ടനാട്, ഓണാട്ടുകര എന്നിവിടങ്ങളിൽ സംയോജിത നീർത്തടാടിസ്ഥാനത്തിൽ മുൻഗണനാ ക്രമത്തിൽ കർമ്മ പരിപാടികൾ നിർവ്വഹിക്കാവുന്നതാണ്.
- വീടുകളുടെ മേൽക്കൂരകളിൽ വീഴുന്ന മഴവെള്ളം കിണർ റീചാർജ്ജിംഗിനും ഫെറോസിമന്റ് ടാങ്കിൽ കരുതി സൂക്ഷിക്കുന്നതിനും ഉതകുന്ന പ്രവർത്തനങ്ങൾ നടപ്പാക്കാവുന്നതാണ്.
- വേനൽക്കാലത്ത് കായലിൽനിന്നും മറ്റും ഉപ്പുവെള്ളത്തിന്റെ തള്ളിക്കയറ്റം തടയാനായി നീർച്ചാലുകളിലെ പ്രസക്തമായ ഭാഗങ്ങളിൽ ഓരുമുട്ട്, വെന്റഡ് ക്രോസ്സാർ എന്നിവ നിർമ്മിക്കാവുന്നതാണ്.
- തരിശുകിടക്കുന്ന പാടശേഖരങ്ങളുടെ പുറംഭിത്തി ബലപ്പെടുത്തി താഴ്ന്ന ഭാഗത്ത് മത്സ്യകൃഷിക്കായോ, ശുദ്ധജല സംഭരണികളായോ ഉപയോഗപ്പെടുത്തുവാനുള്ള പ്രവർത്തനങ്ങൾ നടപ്പാക്കാവുന്നതാണ്.
- തീരപ്രദേശങ്ങളിൽ പ്രകൃതിദത്തമായ ജലസ്രോതസുകളെ പരമാവധി ആശ്രയിച്ച് (നീർത്തടത്തിന് സമാനമായ രീതിയിലുള്ള) പദ്ധതികൾ ആവിഷ്കരിക്കണം. ഓരുവെള്ളം തടയുന്നതിന് ഇത് സഹായകമാകും. കുളങ്ങൾ പരമാവധി സംരക്ഷിക്കുന്നതും ഓരുവെള്ളത്തെ തടഞ്ഞ് നിർത്തും.

## മൃഗസംരക്ഷണം

- പാൽ ഉത്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി നിലവിലുള്ള പശുക്കളുടെ ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും, ജനിക്കുന്ന പെൺകിടാങ്ങളെ നല്ല രീതിയിൽ പരിപാലിക്കുക വഴി നല്ല പശുക്കളാക്കി മാറ്റിയെടുക്കുന്നതിലൂടെ പശുക്കളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ അവലംബിക്കുക.

- കന്നുകുട്ടി പരിപാലന പദ്ധതിയുടെ ആനുകൂല്യം കൂടുതൽ കിടാങ്ങൾക്ക് ലഭ്യമാക്കുന്നതിലൂടെ ആരോഗ്യമുള്ള കൂടുതൽ പശുക്കളെ ഒരോ ഇടവേളകളിലും സൃഷ്ടിച്ചെടുക്കാൻ കഴിയുന്നു.

- ധാതുലവണ മിശ്രിതവും വിരമരുന്നും എല്ലാ പശുക്കൾക്കും ലഭ്യമാക്കണം.

- ചെറുകിട യൂണിറ്റുകൾക്ക് പകരം പത്തോ അതിലധികമോ പശുക്കളെ വളർത്തുന്ന യൂണിറ്റുകൾക്ക് സഹായം നൽകുന്നതുവഴി ഈ മേഖല ലാഭകരമാകുകയും കൂടുതൽ കർഷകരെ ഈ മേഖലയിലേക്ക് ആകർഷിക്കുകയും ചെയ്യാം.

- പരിപാലനച്ചെലവിൽ 80% വരുന്ന തീറ്റച്ചെലവിന് ആശ്വാസമേകാനും അടിക്കടിയുണ്ടാകുന്ന കാലിത്തീറ്റ വിലവർദ്ധന ലഘൂകരിക്കുന്നതിനും പോഷകകുറവ് പരിഹരിക്കുന്നതുമായി എല്ലാ പശുക്കൾക്കും റേഷനിംങ്ങ് സമ്പ്രദായം വഴി സബ്സിഡി നിരക്കിൽ കാലിത്തീറ്റ നൽകുക.

- മൃഗസംരക്ഷണ മേഖലയിലെ ഉത്പ്പന്നങ്ങൾക്കും ഉപോല്പന്നങ്ങൾക്കും സുസ്ഥിരമായ വിപണി ഉറപ്പവരുത്തുന്നതിന് എല്ലാ പഞ്ചായത്തിലും സംഭരണ വിപണന കേന്ദ്രങ്ങൾ സ്ഥാപിക്കുക.

- പാലിനോടൊപ്പം തന്നെ പാൽ ഉല്പന്നങ്ങൾക്കും ഉപോല്പന്നങ്ങളായ ചാണകം, ഗോമൂത്രം എന്നിവയ്ക്ക് വിപണി ഉറപ്പവരുത്തുകയും അധിക വരുമാനത്തിനുള്ള സഹായവും ഉറപ്പവരുത്തുകയും ചെയ്യുക.

- ജൈവവള സംഭരണ വിപണന യൂണിറ്റുകൾ പ്രോത്സാഹിപ്പിക്കുകവഴി പൊതുജനാരോഗ്യത്തിനും ക്ഷീരമേഖലയ്ക്കും മുതൽക്കൂട്ടാവും.

- ജൈവവളങ്ങൾ അവയുടെ ശുദ്ധതയ്ക്കും ഗുണനിലവാരത്തിനും അനുസൃതമായി ഗ്രേഡ് ചെയ്ത് വിപണനം ചെയ്യേണ്ടതാണ് സംയോജിതവും സംഘടിതവുമായ ഫാമിംഗിന് മുൻതൂക്കം നൽകുക.

- വിപണന സംവിധാനത്തിൽ വിവിധ വകുപ്പുകളുടെ ഏകോപനം സാധ്യമാക്കുക. ഉദാഹരണത്തിന് കാലിവളം, കോഴിവളം, ആട്ടിൻകാഷ്ടം, ഗോമൂത്രം തുടങ്ങിയ ഉപോല്പന്നങ്ങൾ കൃഷി ആവശ്യങ്ങൾക്കായി കൃഷി വകുപ്പ് സംഭരിക്കുകയും കൃഷിയുടെയും ഉപോല്പന്നങ്ങളുടേയും സംഭരണവും വിപണനവും കേന്ദ്രീകൃത സംവിധാനത്തിലൂടെ നടപ്പിലാക്കുകയും ചെയ്യുക.

- മൃഗസംരക്ഷണ മേഖലയിലെ വിവിധ പ്രവർത്തനങ്ങൾ (കറവ ഉൾപ്പടെയുള്ള ജോലികൾ) ചെയ്യുവാൻ തല്പരരായ ആളുകളെ കണ്ടെത്തി അവർക്ക് പരിശീലനം നൽകുകയും ഒരു ലേബർ ബാങ്ക് രൂപീകരിക്കുകയും ചെയ്യുക.

- എല്ലാ ജില്ലകളിലും സംരംഭകത്വ സഹായസെൽ രൂപീകരിക്കുകയും അതുവഴി ശരിയായ മാർഗ്ഗ നിർദ്ദേശത്തിലൂടെയും മേൽനോട്ടത്തിലൂടെയും കൂടുതൽ സംരംഭകരെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കാൻ കഴിയും.

- ഫാം ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന് ആവശ്യമായ ധനസഹായം നൽകുക.

- തൊഴിലുറപ്പുപദ്ധതി വഴി കോഴിക്കൂട് നിർമ്മിച്ചു നൽകുകയും കോഴിത്തീറ്റ സബ്സിഡി ബ്ലോക്കുതലത്തിൽ ലഭ്യമാക്കുകയും വിപണന സംവിധാനം ജില്ലാതലത്തിലാക്കുകയും ചെയ്യുക.

- മുട്ട ഉല്പാദനത്തിൽ മൂല്യ വർദ്ധനവും അതനുസരിച്ച് ഗ്രേഡിംഗും നടത്തുകവഴി മെച്ചപ്പെട്ട വില കർഷകന് ലഭ്യമാക്കാവുന്നതാണ്.

- കാടവളർത്തൽ പ്രോത്സാഹിപ്പിക്കുകവഴി കാടമുട്ടയുടെ ഗുണങ്ങൾ ജനങ്ങളിലേക്ക് എത്തിക്കുന്നതിനുള്ള നടപടികൾ സാധ്യമാക്കുക.

- എല്ലാ പഞ്ചായത്തുകളിലും എഗ്ഗർ നഴ്സറികൾ സ്ഥാപിച്ച് കോഴി/താറാവിൻ കുഞ്ഞുങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുക.

- സ്വകാര്യ താറാവ് ഹാച്ചറികളുടെ പ്രവർത്തനങ്ങൾ നിയന്ത്രണ വിധേയമാക്കുക. ലൈസൻസിങ് ഏർപ്പെടുത്തുക.

- സ്കൂൾ കുട്ടികൾക്ക് ഇപ്പോൾ നടപ്പിലാക്കുന്ന പദ്ധതികൾക്ക് പുറമേ വകുപ്പിന്റെ ഡമോൺസ്ട്രേഷൻ ഫാം/ ഹാച്ചറികളിലേയ്ക്ക് പഠനയാത്രകൾ സംഘടിപ്പിക്കുക. കർഷകരുടെ നൂതന ആശയങ്ങൾ കണ്ടെത്തുകയും അവയെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.

- ബ്രോയിലർ ഫാമിംഗ് പ്രോത്സാഹിപ്പിക്കുക ചെറുകിട ബ്രോയിലർ യൂണിറ്റുകൾ തുടങ്ങുന്നതിനായി വനിതകളെ സജ്ജരാക്കുക.

- ചെറുകിട ബ്രോയിലർ ഡ്രസ്സിംഗ് യൂണിറ്റുകളും ഇറച്ചി സംസ്കരണ യൂണിറ്റുകളും സ്ഥാപിക്കുക.

- കാളക്കുട്ടൻമാരെ വളർത്തലും പോത്തുകുട്ടി വളർത്തലും പ്രോത്സാഹിപ്പിക്കുക.

- ആട്ടിറച്ചി ലഭ്യത പരമാവധി ഉറപ്പുവരുത്തുന്നതിനായി ഉത്പാദനത്തോടൊപ്പം തന്നെ വിപണനവും ഉറപ്പു വരുത്തുക

- എല്ലാ പഞ്ചായത്തുകളിലും മൃഗസംരക്ഷണ വിജ്ഞാന വ്യാപന കേന്ദ്രങ്ങൾ സ്ഥാപിക്കുക.

- മൃഗാശുപത്രികളിൽ മരുന്നുകളുടെ ലഭ്യത എല്ലാ സമയത്തും ഉറപ്പുവരുത്തണം.

- തെരുവുനായ്ക്കളുടെ വർദ്ധനവ് പൊതുജന ആരോഗ്യത്തിനുതന്നെ ഭീഷണിയായിരിക്കുന്ന കാലഘട്ടത്തിൽ അവയുടെ നിയന്ത്രണവും പേവിഷ രോഗ പ്രതിരോധവും വർദ്ധിച്ച പ്രാധാന്യത്തോടെ ഏറ്റെടുത്തു ചെയ്യേണ്ടുന്ന പദ്ധതികളാണ്. പൊതുജനാരോഗ്യത്തിൽ വെറ്ററിനറി മേഖലയ്ക്കുള്ള പ്രാധാന്യത്തെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കുവാൻ ഉതകുന്നതരത്തിലുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുക. ഉദാഹരണമായി ആന്റിബയോട്ടിക്കുകളുടെ ഉപയോഗം.

- പുതിയ രോഗങ്ങളെപ്പറ്റിയും അവയുടെ പൊതുജനാരോഗ്യ പ്രാധാന്യത്തെപ്പറ്റിയും ഗവേഷണം നടത്തുന്നതിനും ഗവേഷണഫലങ്ങൾ ജനങ്ങളിലേക്ക് എത്തിച്ച് അവരെ

ബോധവൽക്കരിക്കുന്നതിനും വേണ്ടുന്ന പ്രതിരോധ നടപടികൾ എടുക്കുന്നതിനുമായി ഒരു "One Health Approach" ഉണ്ടാകേണ്ടതാണ്.

- വൺഹെൽത്ത് എന്ന ആശയത്തിൽ അധിഷ്ഠിതമായി ആരോഗ്യ വകുപ്പും, മൃഗസംരക്ഷണ വകുപ്പ്, പരിസ്ഥിതി വകുപ്പ്, മറ്റനുബന്ധ വകുപ്പുകളും കൂട്ടായി പ്രവർത്തിച്ച് പൊതുജനാരോഗ്യ പ്രവർത്തനങ്ങൾ നടപ്പിലാക്കുക.

## ക്ഷീരവികസന വകുപ്പ്

- ക്ഷീര സംഘങ്ങളിലൂടെ കാലിത്തീറ്റ സബ്സിഡി
- കാലിത്തീറ്റയുടെ അമിത വില മൂലം ബുദ്ധിമുട്ടുന്ന കർഷകർക്ക് ക്ഷീര സംഘങ്ങളിലൂടെ കാലിത്തീറ്റ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്ന പദ്ധതി ത്രിതല പഞ്ചായത്ത്-സംയുക്ത പ്രോജക്ടായി നടപ്പാക്കാവുന്നതാണ്.
- ക്ഷീര സംഘങ്ങളിൽ പാലളക്കുന്ന കർഷകർക്ക് നിലവിൽ നല്കുന്ന 1 ലിറ്ററിന് 4 രൂപ പ്രകാരമുള്ള മില്ക്ക് ഇൻസെന്റീവ് ലിറ്ററിന് 6 രൂപ പ്രകാരം 12 മാസവും നല്കത്തക്ക വിധം ജില്ലാ ബ്ലോക്ക് ഗ്രാമപഞ്ചായത്തുകളുടെ സംയുക്ത പ്രോജക്ടായി നടപ്പാക്കാവുന്നതാണ്. ടി തുക കാലാകാലങ്ങളിൽ വർദ്ധിപ്പിക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.
- തെരഞ്ഞെടുത്ത ബ്ലോക്കുകളിലെ താല്പര്യമുള്ള ക്ഷീര സഹകരണ സംഘങ്ങൾക്ക് മിനി കാലിത്തീറ്റ നിർമ്മാണ യൂണിറ്റ്/ മിനി ഫീഡ് മിക്സിംങ് യൂണിറ്റ് സബ്സിഡി നൽകി നടപ്പിലാക്കുക. കാർഷിക ഉപോല്പന്നങ്ങളായ വൈക്കോൽ, തവിട് മുതലായവ ചേർത്ത് റ്റി.എം.ആർ. തീറ്റകൾ നിർമ്മിക്കാവുന്നതാണ്.
- കർഷക ഭവനങ്ങളിൽ കുറഞ്ഞത് 5 സെന്റ് സ്ഥലം മുതൽ തീറ്റപ്പുൽ കൃഷി തോട്ടങ്ങൾ നിർമ്മിക്കുന്നതിന് സെന്റിന് 200 രൂപ പ്രകാരം സബ്സിഡിയോടെ പുൽ കൃഷി തോട്ടം നിർമ്മിക്കണം.
- ഗ്രാമപഞ്ചായത്തുകളുടെ മേൽനോട്ടത്തിൽ സർക്കാർ- സ്വകാര്യമേഖലകളിലെ തരിശ്ശു ഭൂമികളിൽ കുടുംബശ്രീ-സ്വയം സഹായ, വനിതാ തൊഴിൽ ഗ്രൂപ്പുകൾ ക്ഷീര സഹകരണ സംഘങ്ങൾ എന്നിവർക്ക് ജലസേചന സൌകര്യങ്ങളോടെ വാണിജ്യാടിസ്ഥാനത്തിൽ തീറ്റപ്പുല്ല് കൃഷി തോട്ടം നിർമ്മിച്ച് തീറ്റപ്പുൽ വില്പന നടത്തുന്ന പദ്ധതി. കൂടാതെ അഗ്രോ ഫോറസ്ട്രീ വിഭാഗത്തിന്റെ പ്രവർത്തനങ്ങളിൽ ദീർഘകാല കാലിത്തീറ്റ വൃക്ഷവിളകളായ സൂബാബുൾ, അഗത്തി, പ്ലാവ് മുതലായവ ഉൾപ്പെടുത്തി തീറ്റപ്പുൽ ലഭ്യത വർദ്ധിപ്പിക്കാവുന്നതാണ്.
- ഓണാട്ടുകര മുതലായ പ്രദേശങ്ങളിലെ ഇരുപ്പനിലങ്ങളിൽ ചോളം, വൻപയർ മുതലായ ഹ്രസ്വകാല തീറ്റപ്പുല്ലിനങ്ങൾ കൃഷി ചെയ്യുന്ന പദ്ധതി
- മാഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി തീറ്റപ്പുൽ കൃഷിത്തോട്ടങ്ങൾ പരമാവധി നിർമ്മിക്കണം.
- കന്നുകു ി പരിപാലന പദ്ധതി, കന്നുകുട്ടി ദത്തെടുക്കൽ പദ്ധതി മുതലായവ എല്ലാ പഞ്ചായത്തിലും സമയബന്ധിതമായി നടപ്പിലാക്കേണ്ടതാണ്.

- ക്ഷീര മേഖലയിൽ കറവപ്പശുക്കളെ വാങ്ങുന്ന വായ്പകൾക്കുള്ള അമിത പലിശ ഒഴിവാക്കി കർഷകരെ സഹായിക്കുന്നതിന് റിവോൾവിംഗ് ഫണ്ട് പദ്ധതി ക്ഷീര സംഘങ്ങളുമായി സഹകരിച്ച് എല്ലാ പഞ്ചായത്തിലും നടപ്പാക്കാവുന്നതാണ്.
- ഗ്രാമീണ മേഖലയിൽ വനിതകൾക്ക് ക്ഷീരോല്പന്നങ്ങൾ നിർമ്മിച്ച് വിപണനം നടത്തുന്നതിനുള്ള യൂണിറ്റുകൾ തുടങ്ങി അവിടെ അടിസ്ഥാന സൌകര്യങ്ങൾ ക്രമീകരിക്കുന്ന പദ്ധതി ത്രിതല പഞ്ചായത്തുകളുടെ സംയുക്ത പ്രോജക്ടായി നടപ്പാക്കാവുന്നതാണ്.
- ക്ഷീര കർഷക ഭവനങ്ങളിലുള്ള ചാണകം, ഗോമൂത്രം മുതലായവ പ്രയോജനപ്പെടുത്തി പവർ ട്രയർ ഉപയോഗിച്ച് ജൈവവള നിർമ്മാണ യൂണിറ്റുകൾ ക്ഷീര കർഷക ഭവനങ്ങളിലും, ക്ഷീര സംഘങ്ങളുടെ ആഭിമുഖ്യത്തിലും തുടങ്ങുന്ന പദ്ധതി. കൂടാതെ ചാണകവരളി നിർമ്മിച്ച് അധികവരുമാനം നേടുന്നതിനും പദ്ധതി.
- ജൈവകീടനാശിനികൾ നിർമ്മിക്കുന്നതിനുള്ള ഔഷധ സസ്യങ്ങൾ ക്ഷീര കർഷക ഭവനങ്ങളിൽ നട്ടുവളർത്തുന്ന പദ്ധതി.
- ആധുനിക രീതിയിലുള്ള കാലിതൊഴുത്തുകൾ നിർമ്മിച്ചു നൽകുന്നതിന് ത്രിതല പഞ്ചായത്തുകളുടെ സംയുക്ത പ്രോജക്ടായി പദ്ധതി നടപ്പാക്കാവുന്നതാണ്. കൂടാതെ നിർമ്മാണ പ്രവർത്തനങ്ങളിൽ മഹാത്മഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്താവുന്നതാണ്.
- കറവയന്ത്രങ്ങൾക്കുള്ള അമിതവില ഒഴിവാക്കി കറവയന്ത്രങ്ങൾ വാങ്ങുന്നതിന് സബ്സിഡി അനുവദിച്ച് കറവക്കാരുടെ ദൌർലഭ്യം പരിഹരിക്കുന്ന പദ്ധതി 75 ശതമാനം സബ്സിഡിയോടെ സംയുക്ത പ്രോജക്ടായി നടപ്പാക്കാവുന്നതാണ്.
- ക്ഷീരമേഖലയിലെ നവീന പദ്ധതികൾ നൂതന സാങ്കേതിക വിദ്യകൾ ക്ഷീരകർഷകരിലെത്തിയ്ക്കുന്നതിന് ക്ഷീരസംഘങ്ങൾ, ബ്ലോക്ക് തലത്തിലും, ജില്ലാതലത്തിലും ആവശ്യമായ പ്രചരണ പരിപാടികൾ സംഘടിപ്പിയ്ക്കേണ്ടതും ക്ഷീരമേഖലയുടെ പുരോഗതിയ്ക്ക് അത്യാവശ്യമാണ്.

## മത്സ്യമേഖല

- ജില്ലയിലെ വിവിധ ബ്ലോക്കുകളിലായി ഉപയോഗമില്ലാതെ കിടക്കുന്ന ഏകദേശം 20-ഹെക്ടർ ജലാശയങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്ത് മത്സ്യകൃഷിക്ക് അനുയോജ്യമാക്കി എടുത്താല് ഉൾനാടൻ മത്സ്യ ഉൽപാദനം വർദ്ധിപ്പിക്കുവാനും മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുവാനും സാധിക്കും
- മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് സൗജന്യ കോച്ചിംഗിനായി മെഡിക്കൽ/ എഞ്ചനിയറിംഗ് എൻട്രൻസ് കോച്ചിംഗ് സെന്റർ ആരംഭിക്കാവുന്നതാണ്.
- മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ഐ.എ.എസ്/ബാങ്ക്/പി.എസ്.സി. കോച്ചിംഗ് സെന്റർ ആരംഭിക്കാവുന്നതാണ്.
- ആലപ്പുഴ ജില്ലയുടെ സൗകര്യപ്രദമായ പ്രദേശങ്ങളിൽ മത്സ്യസംസ്കരണം, ടെയിലറിംഗ്/കയർ, കമ്മ്യൂണിറ്റി ഫെസിലിറ്റേഷൻ സെന്ററുകൾ എന്നിവ തുടങ്ങാവുന്നതാണ്. ഇതു പ്രകാരം ഒരു സെന്ററിൽ 80 മുതൽ 120 വരെ

മത്സ്യത്തൊഴിലാളി വനിതകൾക്ക് ജോലി നൽകാൻ സാധിക്കും.

- മത്സ്യത്തൊഴിലാളികളുടെ വിദ്യാർത്ഥിനികളായ പെൺമക്കൾക്ക് സൈക്കിൾ, +2 നു മുകളിൽ വിദ്യാഭ്യാസം നടത്തുന്ന മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ലാപ്പ്ടോപ്പ് വിതരണം ചെയ്യുന്ന പദ്ധതി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഏറ്റെടുത്ത് നടത്താവുന്നതാണ്.
- തീരദേശത്തുള്ള മത്സ്യത്തൊഴിലാളി വനിതകളുടെ ഗ്രൂപ്പുകൾക്ക് (തീരമൈത്രി യൂണിറ്റ്) റിവോൾവിംഗ് ഫണ്ട്, ടെക്നോളജി ഇംപ്രൂവ്മെൻറിന് ധനസഹായം എന്നിവ നൽകാവുന്നതാണ്. നിലവിലുള്ള ഗ്രൂപ്പുകൾക്ക് പുറമേ തീരദേശ മത്സ്യത്തൊഴിലാളി വനിതകളുടെ ഗ്രൂപ്പുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കണ്ടെത്തി ഏറ്റെടുത്ത് നടത്താവുന്നതാണ്.
- ഉൾനാടൻ ജലസ്രോതസുകളായ കായൽ, നദികൾ, കുളങ്ങൾ, കൂട്ടനാടൻ പാടശേഖരങ്ങൾ, പൊക്കാളി പാടശേഖരങ്ങൾ എന്നീ പൈതൃക സമ്പത്ത് സംരക്ഷിക്കുന്നതിനും, ജല ആഗമന-നിർഗ്ഗമനം സുഗമമാക്കുന്നതിനും തോടുകളുടെയും ചാലുകളുടെയും ആഴം കൂട്ടുന്നതിനും മറ്റും എല്ലാ പഞ്ചായത്തുകളിലും ഒന്നോ രണ്ടോ ജെ.സി.ബി. വാങ്ങി പഞ്ചായത്ത് തലത്തിൽ പ്രവർത്തിപ്പിച്ച് പരിസ്ഥിതി ശുദ്ധമാക്കുക.
- മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ, ക്ഷേമ പ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന എല്ലാ മത്സ്യ ഗ്രാമങ്ങളിലും നടപ്പിലാക്കുക
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി മത്സ്യ ഉല്പാദനമേഖലയിൽ നടപ്പിലാക്കുവാൻ പ്രായോഗികമായ പദ്ധതി നിർദ്ദേശങ്ങൾ നൽകേണ്ടതാണ്.
- 'കോസ്റ്റ് ടു മാർക്കറ്റ്' എന്ന മത്സ്യഫെഡ് പദ്ധതി തദ്ദേശസ്വയം ഭരണസ്ഥാപനങ്ങൾ ഏറ്റെടുത്ത് ഔട്ട് ലെറ്റുകൾ വർദ്ധിപ്പിക്കാവുന്നതാണ്.
- മത്സ്യതൊഴിലാളി സഹകരണ സംഘങ്ങളെ ഫലപ്രദമായി ഉപയോഗിച്ച് മത്സ്യത്തിന്റെ ന്യായവില മത്സ്യം പിടിച്ചുകൊണ്ടുവരുന്ന തൊഴിലാളികൾക്ക് ലഭ്യമാക്കണം. ഇൻപുട്ട് സബ്സിഡി ആവശ്യത്തിന് ലഭ്യമാക്കണം.
- പഞ്ചായത്തുകളിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലൂടെ നിർമ്മിച്ചതും ആഴം കൂട്ടിയതുമായ കുളങ്ങളിൽ മത്സ്യകൃഷി നടത്തണം.

## പരിസ്ഥിതി കാലാവസ്ഥ വ്യതിയാനം, വനവികസനം

### a) പരിസ്ഥിതി

- കനാലുകളുടെ / തോടുകളുടെ ബണ്ടുകളിൽ മണ്ണൊലിപ്പ് തടയാൻ കയർ ഭൂവസ്ത്രം വിരിച്ച് രാമച്ചം വച്ചുപിടിപ്പിക്കാവുന്നതാണ്.
- നദീതീരങ്ങൾ മുള / ഈറ്റ എന്നിവ നട്ടുപരിപാലിച്ചാൽ നദീതീരസംരക്ഷണം ഉറപ്പാക്കാവുന്നതാണ്.

- മഴവെള്ള സംഭരണത്തിലൂടെ കിണർ റീചാർജ്ജ് ചെയ്യൽ, മഴകുഴി തുടങ്ങിയവ പ്രോത്സാഹിപ്പിക്കുക.
- നിലവിലുള്ള എല്ലാ കെട്ടിടങ്ങളിലും മഴവെള്ള സംഭരണ സംവിധാനം ഉണ്ടാക്കുക.
- ഭൂഗർഭജലം ചൂഷണം ചെയ്യുന്നത് നിയന്ത്രിക്കുക.
- ബോർവെല്ലുകൾക്ക് ലൈസൻസ് ഏർപ്പെടുത്തുക.
- കാവ് / കുളം സംരക്ഷിക്കുക.
- പ്ലാസ്റ്റിക്കിന്റെ ഉപയോഗം കുറക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക. 'Reduce Reuse Recycle' പ്രാവർത്തികമാക്കുന്നതിന് ഖരമാലിന്യ സംസ്കരണ യൂണിറ്റുകൾ എല്ലാ വാർഡുകളിലും സ്ഥാപിക്കുക.
- കേന്ദ്ര സർക്കാരിന്റെ പരിഷ്കരിച്ച പ്ലാസ്റ്റിക് മാലിന്യ മാനേജ്മെന്റ് ചട്ടങ്ങൾ നിർബന്ധമായും നടപ്പിലാക്കുക

### b) കാലാവസ്ഥ

- കാറ്റിനെ പ്രതിരോധിക്കുവാൻ മഴക്കാലപൂർവ്വ തയ്യാറെടുപ്പുകൾ നടത്തുക. (വീടുകളോട് ചേർന്ന് അപകടകരമായി നിൽക്കുന്ന തെങ്ങുകൾ മുറിച്ച് മാറ്റുകയോ സംരക്ഷണ വടം കെട്ടുകയോ ചെയ്യുക. പകരം കാറ്റിനെ പ്രതിരോധിക്കുന്ന കാറ്റാടി പോലുള്ള മരങ്ങൾ നട്ടു പിടിപ്പിക്കുക.
- ദുരന്തങ്ങളോട് പ്രതികരിക്കുന്നതിന് പ്രത്യേക ട്രയിനിംഗിന് ബോധവല്കരണ ക്ലാസ്സുകൾ നടത്തുക. (പഞ്ചായത്ത് തലത്തിൽ )
- സൈക്ലിംഗ് പ്രോത്സാഹിപ്പിക്കുക. എല്ലാ പ്രധാന റോഡുകളിലും സൈക്കിൾ ട്രാക്കുകൾ ഉണ്ടാക്കുക
- കാർബൺ സങ്കലനശേഷി വർദ്ധിപ്പിക്കുന്ന പ്രവർത്തനങ്ങൾ – കാർബൺ ക്രെഡിറ്റ് സംവിധാനം എല്ലാ വീട്ടിലും കാർബൺ ഡയോക്സൈഡ് ഉദ്വമനം കുറയ്ക്കാൻ കൊണ്ടുവരണം.
- പ്ലാസ്റ്റിക്കിന്റെ ഉപയോഗം കുറക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക. **'Reduce Reuse Recycle'** പ്രാവർത്തികമാക്കുന്നതിന് ഖരമാലിന്യ സംസ്കരണ യൂണിറ്റുകൾ എല്ലാ വാർഡുകളിലും സ്ഥാപിക്കുക.

### c) വനവികസനം

- തെരഞ്ഞെടുക്കപ്പെടുന്ന ചെറുപ്രദേശങ്ങളിൽ ജനപങ്കാളിത്തത്തോടെ വനവൽക്കരണം നടത്തുകവഴി ആലപ്പുഴ ജില്ലയിലെ വൃക്ഷാവരണം വർദ്ധിപ്പിക്കാവുന്നതാണ്.
- ഇന്ധനക്ഷമതയുള്ള അടുപ്പുകൾ പ്രചരിപ്പിച്ച് വിറകിന്റെ ഉപയോഗം കുറച്ച് മറ്റ് പുനരുപയോഗക്ഷമങ്ങളായ ഇന്ധന ഉപയോഗം വർദ്ധിപ്പിക്കുക.
- സ്ഥലലഭ്യത പരിമിതമായ ആലപ്പുഴ ജില്ലയില് രണ്ടുനിലയിൽ അധികം ഉയരം കൂടിയകെട്ടിടങ്ങൾ നിർമ്മിക്കുമ്പോൾ നിശ്ചിത അളവിൽ / എണ്ണം വൃക്ഷത്തൈകൾ

നട്ടുപരിപാലിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിഷ്കർഷിക്കാവുന്നതാണ്.

- കുടുംബശ്രീ – നേഴ്സറി പദ്ധതി എല്ലാ പഞ്ചായത്ത് വാർഡുകളിലും സാമൂഹ്യ വനവൽക്കരണ വിഭാഗത്തിന്റെ സഹകരണത്തോടെ നടപ്പിലാക്കുക.
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഔഷധവനം / ശലഭ ഉദ്യാനം/ ജൈവവൈവിധ്യ ഉദ്യാനം / ഫലവൃക്ഷ പാർക്കുകൾ സ്ഥാപിക്കാവുന്നതാണ്.

## വ്യവസായം / പ്രാദേശിക സാമ്പത്തികം

- ലഭ്യമായ മാനവശേഷി ക്രിയാത്മകമായി പ്രയോജനപ്പെടുത്തുന്നതിന് സംരംഭകത്വ ബോധവൽക്കരണം അനിവാര്യമായും നടപ്പാക്കുക. ഇതിലൂടെ ഗ്രണഭോക്തൃ യൂണിറ്റുകളുടെ നിലവാരം മെച്ചപ്പെടുത്തുവാൻ കഴിയും.
- പ്രദേശത്തിന്റെ കാർഷിക മേഖലയെ അടിസ്ഥാനമാക്കി ഭക്ഷ്യ സംസ്കരണ മേഖലയിൽ മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള പദ്ധതി വിഭാവനം ചെയ്യേണ്ടതാണ്.
- കുടുംബിനികളായ വിട്ടമ്മമാർക്ക് നൈപുണ്യ വികസനത്തിനായി വിവിധ മേഖലകളിൽ പരിശീലനം നൽകി വീടുകളിൽ ചെയ്യാവുന്ന, പരിസ്ഥിത സൌഹൃദമായ നാനോ യൂണിറ്റുകൾ പ്രോത്സാഹിപ്പിക്കുന്നതു വഴി കുടുംബത്തിന്റെ സാമ്പത്തിക ഭദ്രത മെച്ചപ്പെടുത്തുവാൻ കഴിയും
- മൽസ്യബന്ധനം, കയർ, ഡയറി ഉൽപ്പന്നങ്ങൾ എന്നിവക്ക് കൂടുതൽ പ്രാധാന്യം നൽകുന്ന പദ്ധതികൾ നടപ്പിലാക്കുക
- വ്യവസായ സംരംഭങ്ങൾക്ക് പുതിയ മാർക്കറ്റിംഗ് സ്ട്രാറ്റജീസ് പഠിപ്പിക്കേണ്ടതുണ്ട്. ആയതിനുള്ള ട്രെയിനിംഗ് നടത്തേണ്ടതുണ്ട്.
- വ്യവസായ സ്ഥാപനങ്ങളിൽ ശുദ്ധജല ക്ഷാമം രൂക്ഷമാണ്. ആയത് പരിഹരിക്കുന്നതിന് റെയിൻ ഹാർവെസ്റ്റിംഗ് ഓരോ വ്യവസായ യൂണിറ്റിലും നിർബന്ധമാക്കാവുന്നതാണ്
- പഞ്ചായത്ത്തലത്തിൽ പ്രവർത്തിക്കുന്ന സംരംഭകത്വ ക്ലബ്ബുകൾ രൂപീകരിക്കാവുന്നതാണ്.
- ഉൽസവ സീസണുകളോട് ബന്ധപ്പെടുത്തി വർഷം തോറും വ്യവസായ വിപണന മേളകൾ സംഘടിപ്പിക്കാവുന്നതാണ്.
- തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കാൻ ശ്രമിക്കുമ്പോൾ ഓഡിറ്റ് ഒബ്ജക്ഷൻ വരുമെന്ന കാരണത്താൽ നിർവ്വഹണ ഉദ്യോഗസ്ഥർ പദ്ധതിയോട് വിമുഖത കാട്ടാറുണ്ട്. അതിനുള്ള പരിഹാരമായി താഴെപ്പറയുന്ന കാര്യങ്ങൾ ചെയ്യാവുന്നതാണ്.
- പദ്ധതി രൂപീകരണ സമയത്ത് തന്നെ ലോക്കൽ ഫണ്ട് ഓഡിറ്റ് / പെർഫോമൻസ് ഓഡിറ്റ് എന്നിവരെ പ്രോജക്ട് അപ്രൈസൽ ടീമിൽ ഉൾപ്പെടുത്തുക. അവർ പരിശോധിച്ചതിന് ശേഷം മാത്രം പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് ഉദ്യോഗസ്ഥർക്ക് നൽകുക.

- ആറ് മാസത്തെ ഗ്രേഡിംഗ് പൂർത്തിയാക്കിയ ഗ്രൂപ്പുകൾ ആകണമെന്ന് നിബന്ധനയുള്ളതിനാൽ ഇത്തരം ഗ്രൂപ്പുകളെ ലഭ്യമാക്കാനും പദ്ധതി നിർവ്വഹിക്കാനും കഴിയാത്ത സാഹചര്യമാണുള്ളത്.
- ഗുണഭോക്തൃ ലിസ്റ്റ് യഥാസമയം ലഭ്യമാകാത്തതിനാൽ പദ്ധതികൾ നിർവ്വഹിക്കാനോ നടപടിക്രമങ്ങൾ പൂർത്തിയാക്കാനോ കഴിയുന്നില്ല.
- സാമ്പത്തിക വർഷത്തിന്റെ അവസാന പാദം ഗുണഭോക്തൃലിസ്റ്റും അനുബന്ധ രേഖകളും ലഭ്യമാകുന്ന പ്രവണതയാണുള്ളത്. ഇത് കാര്യക്ഷമമായി നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്നതിന് തടസ്സമാകുന്നു.
- സബ്സിഡി മാനദണ്ഡം പാലിക്കാതെയാണ് പലപ്പോഴും ഗുണഭോക്തൃ ലിസ്റ്റ് ലഭിക്കുന്നത്.
- ഗ്രൂപ്പുകൾക്ക് ബാങ്ക് വായ്പ ലഭിക്കുന്നതിന് ബുദ്ധിമുട്ട് നേരിടുന്നതിനാൽ ഇംപ്ലിമെന്റേഷൻ താമസിക്കുന്നു.
- ഗ്രൂപ്പ് സംരംഭങ്ങൾക്ക് പകരം വ്യക്തിഗത പ്രോജക്ടുകൾ അനുവദിക്കുകയാണെങ്കിൽ സമയബന്ധിതമായി നടപ്പിലാക്കാൻ കഴിയും.
- വ്യവസായ സംരംഭങ്ങൾക്ക് തങ്ങളുടെ സംരംഭങ്ങൾ തുടങ്ങുന്നതിന് നിലവിൽ വിവിധ ഡിപ്പാർട്ടുമെൻറുകളുടെ പദ്ധതികളിലൂടെ സബ്സിഡി നൽകുന്നുണ്ട്. വായ്പ ബന്ധിത പ്രോജക്ടുകൾക്ക് സബ്സിഡിക്ക് പകരം കാർഷിക വായ്പയ്ക്ക് ഇപ്പോൾ നൽകുന്ന നാല് ശതമാനം പലിശയിൽ വായ്പ നൽകുകയാണെങ്കിൽ കൂടുതൽ വ്യവസായ സംരംഭകരെ ഈ മേഖലയിലേക്ക് ആകർഷിക്കുവാൻ സാധിക്കും.
- വിവിധ വകുപ്പുകൾ നൽകുന്ന സ്വയം തൊഴിൽ പദ്ധതികളിൽ ലോൺ ലഭിക്കുന്ന സംരംഭകർക്ക് പരിശീലനം നൽകുന്നതിന് വ്യവസായ വകുപ്പിനെ ഏൽപ്പിക്കാവുന്നതാണ്.
- പ്രാദേശികമായ വികസനത്തിന് സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ വലിയ പങ്ക് വഹിക്കുന്നു. തൊഴിലില്ലായ്മ, സാമ്പത്തിക അസമത്വം തുടങ്ങിയവ ലഘൂകരിക്കാൻ ഈ സംരംഭങ്ങൾ സഹായിക്കുന്നു.

### സ്വയം തൊഴിൽ സംരംഭങ്ങൾ, കയർ

- തൊണ്ട് പരമാവധി സംഭരിച്ച് ചകിരി ഉല്പാദിപ്പിക്കാം. അതിനായി പഞ്ചായത്തുകളുടെ സഹായത്തോടെ കുടുംബശ്രീകൾക്ക് ചകിരിമില്ലുകൾ സ്ഥാപിക്കാം.
- കയർ തടുക്ക്, കയറ്റുപായ, കരകൌശല ഉല്പന്നങ്ങൾ തുടങ്ങിയവയ്ക്കുള്ള ദേശീയ വിപണി കണ്ടെത്തുകയും വികസിപ്പിക്കുകയും ചെയ്യുക.
- കയർ ഉല്പന്നങ്ങൾ സർക്കാർ ഓഫീസുകളിൽ വ്യാപകമായി ഉപയോഗിക്കുവാനുള്ള നിർദ്ദേശം നൽകാവുന്നതാണ്. കയർ ഉല്പന്നങ്ങൾ ഹരിത ഉല്പന്നങ്ങൾ എന്ന നിലയിലും നാടൻ ഉല്പന്നം എന്ന നിലയിലും ആലപ്പുഴക്കാരും കേരളീയരും കൂടുതൽ വാങ്ങുന്ന ഒരു ശീലം വളർത്താനും നാം ശ്രമിക്കേണ്ടതുണ്ട്.

- ഇന്ന് കയർ വ്യവസായം ഇല്ലാത്ത കുട്ടനാട്, മാവേലിക്കര, ചെങ്ങന്നൂർ താലൂക്കുകളിൽ യന്ത്രവല്കരണത്തിന്റെ പുതിയ സാഹചര്യത്തിൽ കയർ സഹകരണ സംഘങ്ങൾ രൂപീകരിക്കാവുന്നതാണ്.
- ചകിരിച്ചോറ് ഉപയോഗിച്ച് മൂല്യവർദ്ധിത ഉല്പന്നങ്ങളായ ജൈവവളം, ബ്രിക്കറ്റ് തുടങ്ങിയവ ഉല്പാദിപ്പിക്കുന്ന യൂണിറ്റുകൾക്ക് പ്രോത്സാഹനവും സബ്സിഡിയും നൽകാവുന്നതാണ്.
- പൊടിച്ചകിരി ഉപയോഗിച്ച് ചെടിച്ചട്ടികൾ, മെത്തകൾ തുടങ്ങിയവ ഉല്പാദിപ്പിക്കുന്ന യൂണിറ്റുകൾ ആരംഭിക്കുന്നതിന് പ്രോത്സാഹനം നൽകാവുന്നതാണ്.
- ഹൈവേകളിലും പ്രധാന റോഡുകളിലും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലോ, ധന സഹായത്തോടെയോ കയർ ഉല്പന്നങ്ങളുടെയും മറ്റ് തദ്ദേശീയ ഉല്പന്നങ്ങളുടെയും വിപണന ഷോറൂമുകൾ ആരംഭിക്കാവുന്നതാണ്.
- കയർ ഉല്പന്നങ്ങളുൾപ്പടെയുള്ള മറ്റ് തദ്ദേശീയ ഉല്പന്നങ്ങളുടെ വിപണനത്തിനായി വിപണന മേളകൾ എല്ലാതട്ടകളിലും നടത്താവുന്നതാണ്.
- ആലപ്പുഴയുടെ വിഭവങ്ങളുപയോഗിച്ച് കൂടുതൽ വൈവിധ്യമുള്ള ഉൽപന്നങ്ങൾ ഉണ്ടാക്കുകയും അവ വിപണനം നടത്തുകയും ചെയ്യുന്നതുവഴി കൂടുതൽ തൊഴിൽ മേഖലകൾ നമുക്ക് തുറക്കാൻ കഴിയും.
- തെങ്ങ് തടി സംസ്കരിച്ച് ഫർണ്ണിച്ചറുകളും മറ്റും നിർമ്മിക്കാവുന്നതാണ്.
- മെടഞ്ഞ ഓലയ്ക്ക് ഇന്ന് വിനോദസഞ്ചാര റിസോർട്ടുകൾ, പുരവഞ്ചികൾ തുടങ്ങിയവയുമായി ബന്ധപ്പെട്ട് പുതിയ വിപണി ഉണ്ടായിട്ടുണ്ട്. എന്നാൽ ആലപ്പുഴയിൽ ഓലമെടയൽ തീരെയില്ല. പരിശീലനം നൽകി യൂണിറ്റുകൾ ഉണ്ടാക്കാവുന്നതാണ്.
- കയർ കോമ്പോസിറ്റ് ബോർഡുകൾ, ടഫ്റ്റിംഗ് മാറ്റുകൾ, നീഡിൽഫെൽറ്റ് തുടങ്ങിയ മേഖലകളിൽ വികസിക്കുന്ന ആഗോള വിപണിക്ക് അനുസൃതമായി കൂടുതൽ യൂണിറ്റുകൾക്ക് സാധ്യതയുണ്ട്.
- ചിരട്ട ഉപയോഗിച്ച് കരകൗശല വസ്തുക്കൾ, ഐസ്ക്രീം കപ്പ് തുടങ്ങിയവയ്ക്ക് അന്തർദേശീയ വിപണിയിൽ നല്ല ഡിമാന്റ് ഉണ്ട്. ഈ മേഖലയിൽ പരിശീലനം നൽകാം.
- ചിരട്ട നിയന്ത്രിതമായി കരിച്ച് Activated Charcoal ഉല്പാദിപ്പിക്കുന്ന യൂണിറ്റുകളെ പ്രോത്സാഹിപ്പിക്കാം.
- തെങ്ങിൽ നിന്നുള്ള കരകൗശല വസ്തുക്കൾക്ക് വലിയ സാധ്യതയുണ്ട്.
- ചെറുകിട സംരംഭകർക്ക് ഉൽപന്ന വിപണനത്തിനായി സ്ഥിരം സംവിധാനങ്ങൾ ദേശീയ പാതയിലും ടൗൺഷിപ്പുകളിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തുറക്കാൻ കഴിയും.
- കേരളത്തിന്റെ മുഖ്യനെല്ലറയായ കുട്ടനാട്ടിൽ നെല്ല് / അരി സംസ്കരണ കേന്ദ്രങ്ങളില്ല. അരി, തവിട് എന്നിവ സംസ്കരിക്കുന്ന യൂണിറ്റുകൾ ആരംഭിക്കാവുന്നതാണ്.
- മത്സ്യ, കക്ക സംസ്കരണ യൂണിറ്റുകൾ കൂടുതലായി ആരംഭിക്കാവുന്നതാണ്.
- അലങ്കാര മത്സ്യം, മറ്റ് മത്സ്യങ്ങളുടെ ഫാമുകൾ എന്നിവയ്ക്ക് കൂടുതൽ സാധ്യതയുണ്ട്.
- പ്ലാസ്റ്റിക്ക്, ഇലക്ട്രോണിക് മാലിന്യങ്ങൾ, മറ്റ് മാലിന്യങ്ങൾ തുടങ്ങിയവ പുതിയ ഉല്പന്നങ്ങളാക്കി മാറ്റാവുന്നതാണ്. അങ്ങനെ മലിനീകരണം തടയുന്നതോടൊപ്പം കൂടുതൽ തൊഴിലവസരങ്ങളും ഉണ്ടാകും.

- കൂടുതൽ പരിശീലന പരിപാടികൾ പൊതുവിലും സ്ത്രീകൾക്ക് പ്രത്യേകിച്ചും നടപ്പിലാക്കണം. പൊതു സംരംഭവികസന വിഷയങ്ങളിലും നൈപുണ്യ വികസനരംഗത്തും പരിശീലനം ആവശ്യമാണ്.

## ആരോഗ്യം

### a) അലോപ്പതി

- പകർച്ചവ്യാധി രോഗങ്ങൾ നിയന്ത്രിക്കുന്നതിന് പ്ലാസ്റ്റിക് കിറ്റ് ജില്ലയിൽ പൂർണ്ണമായി നിരോധിക്കാം. ജില്ലയിൽ തരിശായി കിടക്കുന്ന സ്വകാര്യവ്യക്തികളുടേത് ഉൾപ്പടെയുള്ള സ്ഥലങ്ങളിൽ കൃഷി ചെയ്യുകയോ (കൊതുകുവളരാനുള്ള സാഹചര്യം ഒഴിവാക്കും) അല്ലെങ്കിൽ ഈ സ്ഥലങ്ങളിൽ കാടുകളും പുല്ലും നശിപ്പിച്ച് വൃത്തിയാക്കുക. (തൊഴിലുറപ്പ് ജീവനക്കാരെക്കൊണ്ട് മുനിസിപ്പാലിറ്റികളും ചെയ്യിക്കുന്ന നടപടിയുണ്ടാകുക). കൊതുക നശീകരണത്തിനും ശുചിത്വത്തിനുമായി ആരോഗ്യസേന രൂപീകരിക്കുക. കൊതുക നശീകരണത്തിന് ബാറ്റ് ഉപയോഗം പ്രോത്സാഹിപ്പിക്കുക

- പകൽവീട് പോലുള്ള സൗകര്യങ്ങൾ ഏർപ്പെടുത്താവുന്നതാണ്. കൂടാതെ അങ്കണവാടികളിലെ കുട്ടികൾ കുറയുന്ന സാഹചര്യത്തിൽ അങ്കണവാടി അടിസ്ഥാനമാക്കി വാർദ്ധക്യവാടികൾ തുടങ്ങാവുന്നതാണ്.

- മതിയായ ഭക്ഷണക്രമത്തെക്കുറിച്ചും ഭക്ഷണത്തെക്കുറിച്ചും തെറ്റായ ആശയം ജനങ്ങൾക്കിടയിൽ നിലനിൽക്കുന്നു. ഇതിനെക്കുറിച്ച് ഒരു ബോധവത്ക്കരണം സ്ത്രീകളെ കേന്ദ്രീകരിച്ച് നടപ്പാക്കുന്നത് നന്നായിരിക്കും. ഗർഭിണികൾക്ക് മുലയൂട്ടുന്ന അമ്മമാർക്കും ഗർഭിണികളുടെ ആരോഗ്യക്രമം അമ്മമാരുടെ ആരോഗ്യക്രമം എന്നിവയെ സംബന്ധിച്ച ബോധവൽക്കരണം മാസത്തിലെ രണ്ടാം ശനിയാഴ്ചകളിൽ ബ്ലോക്ക്/പഞ്ചായത്ത് തലത്തിൽ നടത്താവുന്നതാണ്.

- സ്കൂൾവിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി സ്കൗട്ട്, എൻ.സി.സി, എൻ.എസ്.എസ്, സ്റ്റുഡന്റ് പോലീസ് കേഡറ്റ് തുടങ്ങിയ പ്രസ്ഥാനങ്ങളെ ശക്തിപ്പെടുത്തുക വിദ്യാർത്ഥികളെ വെറുതെയിരിക്കാനുള്ള സന്ദർഭങ്ങൾ ഒഴിവാക്കി അവരുടെ കലാപരവും കായികപരവുമായ കഴിവുകളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുക

- പകൽവീട് പോലുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുക കിടപ്പിലായ എല്ലാ രോഗികൾക്കും എയർബെഡ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണ്. രോഗികളും ബന്ധുജനങ്ങളും ഉണ്ടാക്കുന്ന വസ്തുക്കൾ വിറ്റഴിക്കുന്നതിന് വാർഡ് റിസോഴ്സ് സെന്ററിനോട് ചേർന്ന് ഔട്ട് ലെറ്റുകൾ സ്ഥാപിക്കുകയും ആശാ, കുടുംബശ്രീ പ്രവർത്തകരുടെ സഹകരണത്തോടെ വിറ്റഴിക്കാവുന്നതാണ്.

- ഇംഗ്ലീഷ് മാധ്യമത്തിലുള്ള വെബ്സൈറ്റ്.

- തീരദേശ പഞ്ചായത്തുകളിൽ രാത്രികാല ഡോക്ടർമാരുടെ സേവനം ഉറപ്പുവരുത്തുക.

- തീരദേശത്തെ ക്യാൻസർ രോഗികൾക്ക് ചികിത്സാ ധനസഹായം.

- മഴക്കാല പൂർവ്വരോഗ മുന്നൊരുക്കങ്ങൾ.

- പാലിയേറ്റീവ് സേവനം പ്രതിവാരമാക്കുക.

### b) ആയുർവേദം

- ജില്ലാ ആയുർവേദ ആശുപത്രി വികസനം.
- ആർദ്രമിഷന്റെ ഭാഗമായി എല്ലാ പഞ്ചായത്തുകളിലും സബ്സെന്റർ ആരംഭിക്കുക
- ജില്ലയിൽ ഔഷധ നിർമ്മാണ യൂണിറ്റ് ആരംഭിക്കുക
- ജില്ലയിൽ സ്വകാര്യ പൊതു പങ്കാളിത്തത്തോടുകൂടി ഔഷധ സസ്യകൃഷി ആരംഭിക്കുക
- തദ്ദേശഭരണ സ്ഥാപന തലത്തിൽ ജൈവ വൈവിധ്യ സംരക്ഷണം
- പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾക്കുള്ള ഔഷധം
- ആയുർധർമ്മ പദ്ധതി നടപ്പിലാക്കുക
- ജീവിതശൈലീ രോഗ ക്ലിനിക്ക് എല്ലാ സ്ഥാപനങ്ങളിലും ആരംഭിക്കുക
- എല്ലാ സ്ഥാപനങ്ങളിലും ഭിന്നശേഷി സൗഹൃദമാക്കുക
- ഫ്ളോട്ടിംഗ് ഡിസ്പെൻസറിക്ക് ഔഷധം വാങ്ങൽ
- തീരദേശ മേഖലയിൽ തൈറോയ്ഡ് രോഗനിർണ്ണയവും ചികിത്സയും ലഭ്യമാക്കുക
- ഋതു പദ്ധതി (പെൺകുട്ടികൾക്കുവേണ്ടിയുള്ള ആരോഗ്യ പദ്ധതി – സ്കൂൾതലം)
- വയോജന ആരോഗ്യ പദ്ധതി
- അഗതി മന്ദിരം (ആരോഗ്യ പരിരക്ഷ )
- സാന്ത്വന ചികിത്സ
- തെഴിൽജന്യ രോഗ ചികിത്സ
- കൗൺസിലിംഗ് സെന്റർ
- സുഖപ്രസവം, പ്രസവാനന്തര ശുശ്രൂഷകൾ എന്നിവയ്ക്ക് ആയുർവേദ സാധ്യതകൾ പ്രോത്സാഹിപ്പിക്കുക.
- വീട്ടുവളപ്പിൽ വളർത്താവുന്ന 5 ഔഷധ സസ്യങ്ങളെങ്കിലും വ്യാപിപ്പിക്കുക. (സ്കൂളുകൾ, ഓഫീസുകൾ, സ്ഥാപനങ്ങൾ ഉൾപ്പടെ)

### c) ഹോമിയോ

- സ്വന്തമായി കെട്ടിടങ്ങൾ ഇല്ലാത്ത സ്ഥാപനങ്ങൾക്ക് അത് ഉണ്ടാവുന്നതിന് ആവശ്യമായ പദ്ധതികൾ ആവിഷ്കരിക്കുക.
- സ്ഥാപനങ്ങളുടെ പശ്ചാത്തലസൗകര്യം മെച്ചപ്പെടുത്തുന്നതിന് വേണ്ടിയുള്ള പദ്ധതികൾ ഏറ്റെടുക്കുക.
- പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ കണ്ടെത്തി അവ ഉപയോഗിക്കുന്നതിന് ആവശ്യമായ പദ്ധതികൾ ഏറ്റെടുക്കുക.

- ആശുപത്രികളിൽ ജൈവ/അജൈവ മാലിന്യ സംസ്കരണത്തിനായി ബയോഗ്യാസ്പ്ലാന്റ്, ഇൻസിനറേറ്റർ എന്നിവ സ്ഥാപിക്കുന്നതിനാവശ്യമായ പദ്ധതികൾ ഏറ്റെടുക്കുക.
- ഇ-ഹോസ്പിറ്റൽ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുക.
- പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾക്ക് ഇതര ചികിത്സവിഭാഗങ്ങളുമായി ചേർന്നു ആവശ്യമായ പദ്ധതികൾ ആവിഷ്കരിക്കുക.
- പ്രാദേശികമായികാണുന്ന ആരോഗ്യപ്രശ്നങ്ങൾക്ക് ഹോമിയോപതി ചികിത്സാ-പദ്ധതികൾ ആവിഷ്കരിക്കുക, ജില്ലയിൽ സമാനപ്രശ്നങ്ങൾ ഏകോപിപ്പിച്ച് സമഗ്രപദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുക.
- ലഹരി വിമോചനം, ജീവിതശൈലീ രോഗങ്ങൾ, വയോജന ആരോഗ്യ പ്രശ്നങ്ങൾ, പാലിയേറ്റീവ് പരിചരണം എന്നിവയ്ക്ക് മുൻഗണന നൽകി പദ്ധതികൾ ആവിഷ്കരിക്കുക

**കുടിവെള്ളം**

- ജലസ്രോതസ്സുകൾ സംരക്ഷിക്കേണ്ട ആവശ്യകതയെ കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കണം.
- സ്കൂളുകൾ കേന്ദ്രീകരിച്ച് ക്ലാസ്സുകൾ സംഘടിപ്പിക്കുക.
- സ്വയം സഹായ സംഘങ്ങൾ /അയൽക്കൂട്ടങ്ങൾ /പഞ്ചായത്ത് വാർഡുതല കമ്മിറ്റികൾ എന്നിവ മുഖാന്തിരം ക്ലാസ്സുകൾ സംഘടിപ്പിക്കുക.
- സ്വന്തം പുരയിടത്തിലെ കിണറുകളും കുളങ്ങളും നന്നായി സംരക്ഷിക്കുന്ന ഓരോ പഞ്ചായത്ത് വാർഡുകളിലേയ്ക്ക് കുടുംബങ്ങൾക്ക് സർട്ടിഫിക്കറ്റ് വിതരണം ചെയ്യുക.
- പൊതു ജലസ്രോതസ്സുകളുടെ സംരക്ഷണം ഏറ്റെടുക്കുന്ന സന്നദ്ധ സംഘടനകൾക്ക് അവാർഡുകൾ ഏർപ്പെടുത്തുക.
- ലോക ജല ദിനത്തോടനുബന്ധിച്ച് ജല ശുദ്ധതാ മത്സരങ്ങൾ സംഘടിപ്പിക്കുക.
- ജലസ്രോതസ്സുകൾ മലിനമാക്കുന്നവർക്ക് ശിക്ഷ ഏർപ്പെടുത്തുക. (ഫൈൻ / കൂടിയ നികുതി നിരക്കുകൾ)
- ജില്ലയിൽ പുതുതായി സ്ഥാപിക്കുന്ന ഹോട്ടലുകൾ/ ഹോസ്പിറ്റലുകൾ, ഹോസ്റ്റൽ എന്നിവയ്ക്ക് അനുമതി നൽകുവാൻ ഗ്രേ വാട്ടർ റീസൈക്ലിംഗ് സിസ്റ്റം (Grey Water Re-Cycling System) നിർബന്ധമാക്കണം.
- കുട്ടനാട്ടിലെ ഭൂപ്രകൃതിയും തരിശു നിലങ്ങളുടെ ലഭ്യതയും കണക്കിലെടുത്ത് പ്രകൃതിദത്തമായ കിണറോ/നിലങ്ങളോ ചെളികൊണ്ട് പാകപ്പെടുത്തി മഴവെള്ള സംഭരണികളായി ഉപയോഗിക്കാവുന്നതാണ്.
- മഴവെള്ളം മണ്ണിലേക്ക് ഊർന്ന് ഇറങ്ങി പാഴാകുന്നത് തടയാൻ LDPE ഷീറ്റുകൾ ഉപയോഗിച്ച് പ്രതിരോധം സൃഷ്ടിക്കാവുന്നതാണ്. ഇങ്ങനെ സംഭരിക്കുന്ന ജലം ചെറിയ മൺ ഫിൽട്ടറുകളോ, കരി നിറച്ച ഫിൽട്ടറുകളോ ഉപയോഗിച്ച് ശുദ്ധീകരിച്ച് ഉപയോഗിക്കാം.

- വൈദ്യുതി ആവശ്യമെങ്കിൽ സോളാർ പാനൽ സ്ഥാപിച്ച് പമ്പുകൾ പ്രവർത്തിക്കാം. ഇങ്ങനെ കുട്ടനാട്ടിലെ കുടിവെള്ള ക്ഷാമത്തിന് ഒരു പരിധിവരെ പരിഹാരം കാണാൻ സാധിക്കും.
- കുട്ടനാട്ടിലെ 12 പഞ്ചായത്തുകളിലും കാർത്തികപ്പള്ളി താലൂക്കിലെ ഒരു പഞ്ചായത്തിലും ഇത്തരം മഴവെള്ള സംഭരണികൾ പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ നിർമ്മിക്കേണ്ടതും ആയതിന്റെ പരിപാലനം ഗ്രാമസഭകളോ, അയൽക്കൂട്ടങ്ങളോ ഏറ്റെടുത്ത് നടത്തേണ്ടതുമാണ്.
- അത്യാവശ്യ ഘട്ടങ്ങളിൽ ഉപയോഗിക്കുവാൻ വേണ്ടി എല്ലാ പഞ്ചായത്തുകളിലും 10 ലക്ഷം ലിറ്റർ വീതം സംഭരണ ശേഷിയുള്ള ഭൂഗർഭ ടാങ്കുകൾ നിർമ്മിച്ച് ജലം ശേഖരിച്ച് വെയ്ക്കണം.
- കുട്ടനാട് റോഡുകളിൽ പൈപ്പ് ലൈനുകൾ സ്ഥാപിക്കുമ്പോൾ മണ്ണിന്റെ പ്രത്യേകത മൂലം ആവശ്യമായ കൺസോളിഡേഷൻ ഇല്ലാതാവുന്നതിനാൽ അഗ്രിഗേറ്റ് കുഷനും, ബെഡിംഗും നൽകുകയും ആവശ്യമായ ഭൂവസ്ത്രം അവയ്ക്ക് ചുറ്റും നൽകുകയും ചെയ്യുന്ന രീതി.
- റോഡ് കട്ട് ചെയ്യേണ്ടിവരുമ്പോൾ അനുവർത്തിക്കേണ്ട രീതികൾ എന്നിവ പരസ്പരം സമ്മതിച്ച് അതനുസരിച്ച് മാത്രമെ നിർമ്മാണം നടത്താൻ പാടുള്ളൂ.
- ജല അതോറിറ്റി പൈപ്പുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന റോഡുകളിൽ പ്രസ്തുത പണി തീർത്തതിനു ശേഷം മാത്രമെ മരാമത്ത് ടാറിംഗ് ജോലികൾ ചെയ്യുവാൻ പാടുള്ളൂ.
- നിലവിലുള്ള കിണറുകളും കുളങ്ങളും തോടുകളും പരിപാലിക്കുക
- പറമ്പുകളിൽ പരമാവധി മഴക്കുഴികളും കോണ്ടൂർ ബണ്ടുകളും നിർമ്മിക്കുക
- മഴവെള്ള സംഭരണ മാർഗ്ഗങ്ങൾ അവലംബിക്കുക
- നഗരങ്ങളിൽ പുതിയ കെട്ടിടങ്ങളും വീടുകളും നിർമ്മിക്കുമ്പോൾ മഴവെള്ള സംഭരണത്തിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുക
- തടയണകളും അടിയണകളും നിർമ്മിക്കുക
- നഗരങ്ങളിലെ ഹോട്ടലുകളിലും ആശുപത്രികളിലും ലോഡ്ജുകളിലും മറ്റും പൊതു വിതരണത്തിലൂടെ ലഭിക്കുന്ന ശുദ്ധ ജലത്തിന്റെ ഉപയോഗം കുടിക്കുന്നതിനും പാചകത്തിനും മാത്രമായി പരിമിതപ്പെടുത്തുകയും മറ്റാവശ്യങ്ങൾക്ക് വേണ്ടിവരുന്ന വെള്ളം അതതു സ്ഥാപനങ്ങൾ കണ്ടെത്തുകയും ചെയ്യുക. ഇതു കർശനമായി നിഷ്കർഷിക്കുക.
- ജലവിതരണ ശൃംഖലയിലെ കേടുപാടുകൾ ഉടൻ നന്നാക്കുന്നതിന് പ്രാദേശികമായി ജനപങ്കാളിത്തത്തോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ഉള്ള സംവിധാനം ഉണ്ടാക്കുക.
- ജലസ്രോതസ്സുകൾ മലിനമാകാതിരിക്കാനുള്ള നടപടികൾ സ്വീകരിക്കുക
- ശുദ്ധ ജലത്തിന്റെ ദുർവിനിയോഗവും അമിതോപയോഗവും നിയന്ത്രിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
- പുഴകളിലെ മണൽ വാരൽ കർശനമായി നിയന്ത്രിക്കുക.

- ജലസാക്ഷരതാ പരിപാടി വ്യാപകമായി നടപ്പാക്കുക.
- ജില്ലയിലെ ശുദ്ധജല വിതരണ ശൃംഖലയുടെ മാപ്പ് തയ്യാറാക്കി എല്ലാ ജല അതോറിറ്റി ഓഫീസുകളിലും സ്വയംഭരണ സ്ഥാപനങ്ങളിലും സൂക്ഷിക്കുക.
- വ്യവസായിക ആവശ്യത്തിന് എടുക്കുന്ന വെള്ളത്തിന്റെ അളവു പരിശോധിക്കുകയും സെസ്സ് ഏർപ്പെടുത്തുകയും ചെയ്യുക.
- ആലപ്പുഴ മുനിസിപ്പാലിറ്റിയിലേക്കും മറ്റു സ്ഥലങ്ങളിലേയ്ക്കും ആർ.ഒ. പ്ലാന്റുകളുടെ പ്രവർത്തനത്തിനായി സോളാർ എനർജി ഉപയോഗപ്പെടുത്തുക.
- ടൂറിസ്റ്റുകൾക്ക് കെ.എസ്.ആർ.ടി.സി, റെയിൽവേ സ്റ്റേഷൻ, ബോട്ടു ജെട്ടി, പുന്നമട, പള്ളാത്തുരുത്തി തുടങ്ങിയ സ്ഥലങ്ങളിൽ ശുദ്ധജലം ലഭ്യമാക്കുന്നതിന് വാട്ടർ കിയോസ്കുകൾ സ്ഥാപിക്കുക.
- നിലവിലുള്ള കിണറുകളും തോടുകളും പരിപാലിക്കുന്നത് ഗ്രാമപഞ്ചായത്തുകളുടെ ചുമതലയായിരിക്കും. ഇവയുടെ എണ്ണം വാർഡ് അടിസ്ഥാനത്തിൽ കണക്കെടുത്ത് സൂക്ഷിക്കണം. കൂടാതെ സ്വകാര്യ വ്യക്തികൾക്ക് കുളങ്ങളും കിണറുകളും നികത്തുന്നതിനു അനുമതി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് മുൻ കൂട്ടി വാങ്ങിക്കേണ്ടതും ഇപ്രകാരമുള്ള അനുമതി ബന്ധപ്പെട്ടവർ നിഷ്കർഷയോടെ മാത്രം നൽകേണ്ടതുമാണ്.
- മഴവെള്ള സംഭരണ പ്രവർത്തനങ്ങളും കോണ്ടൂർ ബണ്ട് നിർമ്മാണവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നിർവ്വഹിക്കേണ്ടതാകുന്നു.
- തടയണകളും അടിയണകളും നിർമ്മിക്കുകയും ഭൗമോപരിതല ജല പരിപാലനവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർവ്വഹിക്കാൻ കഴിയും.
- ജല വിതരണ ശൃംഖലയുടെ മാപ്പ് ഉണ്ടാക്കുന്നതിനു വേണ്ട സഹായങ്ങൾ ജില്ലാ പഞ്ചായത്ത് ജല അതോറിറ്റിയുമായി ചേർന്ന് നിർവ്വഹിക്കണം.
- ശുദ്ധ ജലത്തിന്റെ ദുരുപയോഗവും അമിതോപയോഗവും തടയാനുള്ള നടപടികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിക്കണം.
- പുതിയ കുഴൽകിണറുകൾക്ക് അനുമതി നൽകുന്നത് പരിമിതപ്പെടുത്തുകയും പഞ്ചായത്തുതലത്തിൽ നിരീക്ഷിക്കുകയും വേണം.
- നിലവിലുള്ള കുഴൽകിണറുകളുടെ പ്രവർത്തനം നിരീക്ഷിച്ച് ദോഷം ചെയ്യുന്നുവെങ്കിൽ നിർത്തലാക്കുകയും അനുമതി നൽകുന്നതിനു പഞ്ചായത്തു തലത്തിൽ നിരീക്ഷണ സംവിധാനം ഏർപ്പെടുത്തുകയും വേണം.
- നിലവിലുണ്ടായിരുന്ന തോടുകളും നീർച്ചാലുകളും കയ്യേറ്റങ്ങൾ കണ്ടുപിടിച്ച് ഒഴിവാക്കി പുനരാവിഷ്കരിക്കേണ്ടതാകുന്നു. തോടുകളുടെ വീതി പല സ്ഥലങ്ങളിലും കുറഞ്ഞു വരുന്നത് ശ്രദ്ധയിൽപ്പെടുത്താൻ ജനങ്ങളുടെ സഹകരണം തേടേണ്ടതാണ്.
- കുടിവെള്ള സ്രോതസ്സുകൾ പരിരക്ഷിക്കപ്പെടേണ്ടതും ഗുണനിലവാരം നിലനിർത്തേണ്ടതുമാകുന്നു. ജല അതോറിറ്റിയുടെ കീഴിലുള്ള സ്രോതസ്സുകൾ സംരക്ഷിക്കപ്പെടുന്നതിനും മലിനീകരണ നിയന്ത്രണത്തിനും ജില്ലാ കമ്മിറ്റി രൂപീകരിക്കേണ്ടതും നിരീക്ഷിക്കേണ്ടതുമാകുന്നു.

- ജനസാന്ദ്രതയേറിയ മുനിസിപ്പാലിറ്റി പ്രദേശങ്ങൾ ഒഴികെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ കീഴിൽ വരുന്ന സ്ഥലങ്ങളുടെ വിസ്തീർണ്ണം കണക്കാക്കി ഒരു വീടിന ഒരു കിണർ എന്ന നിലയിലോ അഞ്ചു വിട്ടുകാർക്ക് ഒരു കിണർ എന്ന നിലയിലോ പരമാവധി കിണറുകൾ നിർമ്മിക്കുന്നതിനും പരമാവധി സ്ഥലം ഉള്ള ഇടങ്ങളിൽ കുളങ്ങൾ നിർമ്മിക്കുന്നതിനും വാർഡ് തലത്തിൽ നടപടികൾ എടുക്കേണ്ടതാകുന്നു.
- കുളങ്ങൾ കുളിക്കുന്നതിനും, മത്സ്യകൃഷിക്കും കൃഷി ആവശ്യങ്ങൾക്കും ഉപയോഗിക്കേണ്ടതാകുന്നു.
- അതുപോലെത്തന്നെ അഞ്ചു വീട്ടുകാരെ ഉൾപ്പെടുത്തി ശാസ്ത്രീയമായ രീതിയിലുള്ള സെപ്റ്റിക്ക് ടാങ്കുകൾ പൊതുവായി ഉണ്ടാക്കി കിണറുകൾ ദൂരപരിധിക്കുള്ളിൽ സ്ഥാപിച്ചാൽ കുടിവെള്ളം രോഗാണുക്കളാൽ (വിസർജ്ജന്യ രോഗാണുക്കൾ) മലിനമാകുന്നത് തടയാൻ കഴിയും.
- ജനസാന്ദ്രതയേറിയ ഗ്രാമ പ്രദേശങ്ങൾ ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ പൊതുവായുള്ള സെപ്റ്റിക് ടാങ്കുകളും മാലിന്യം ശേഖരിക്കുന്ന യൂണിറ്റുകളും ഒരു പൊതു സീവറേജ് പദ്ധതിയുടെ ഭാഗമാക്കണം.
- നിലവിൽ പൊതു റോഡുകളിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുവേണ്ട സാങ്കേതിക സഹായത്തിനു ഒരു കമ്മിറ്റി രൂപവത്ക്കരിച്ച് ത്വരിതഗതിയിൽ പ്രവർത്തനം കൊണ്ടുപോകുന്നതിനു ശ്രമിക്കണം.
- കൂടാതെ പുതിയ റോഡുകളോ, പുതിയ പദ്ധതികളോ ആവിഷ്കരിക്കുമ്പോഴും നിലവിലുള്ള റോഡുകൾ വീതി കൂട്ടുമ്പോഴും വാട്ടർ അതോറിറ്റിക്ക് പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനു വേണ്ട സ്ഥലം കൂടി പരിഗണിക്കേണ്ടതാണ് (ഉദാഹരണം ഇപ്പോൾ ഫുട്പാത്തും ഡ്രൈനും കൊടുക്കുന്നതുപോലെ)
- ഇപ്പോൾ ചെയ്യുന്ന പദ്ധതികളിൽ കുടിവെള്ള വിതരണപൈപ്പുകൾ സ്ഥാപിക്കുമ്പോൾ പി.ഡബ്ല്യു.ഡി ക്ക് ഡെപ്പോസിറ്റ് ചെയ്യാതെ ആ റോഡിൽ പുനരുദ്ധാരണം കൂടി ജല അതോറിറ്റിക്ക് അനുവദിക്കാവുന്നതാകുന്നു. വർക്കിന്റെ ഗുണനിലവാരം പി.ഡബ്ല്യു.ഡിക്ക് സൂപ്പർ വൈസ് ചെയ്യുന്നതിനും അതിന്റെ സൂപ്പർവൈസറി ചാർജ്ജ് പി.ഡബ്ല്യു.ഡിക്ക് അടക്കാവുന്നതുമായാൽ പൈപ്പ് ലൈൻ സ്ഥാപിച്ച് പുനരുദ്ധാരണവും കഴിഞ്ഞ് പി.ഡബ്ല്യു.ഡിക്ക് കൈമാറാൻ കഴിയുന്നതാകുന്നു.
- ആലപ്പുഴ മുനിസിപ്പാലിറ്റിയിൽ സേതുപാർവ്വതീ ഭായിയുടെ കാലത്ത് സ്ഥാപിച്ചിട്ടുള്ള 4 ഉന്നതതല ജല സംഭരണികൾ (പഴവങ്ങാടി, ചന്ദനക്കാവ്, വെള്ളക്കിണർ, കോൺവെന്റ് സ്ക്വയർ) പൈതൃകമായി നിലനിർത്തി കുടിവെള്ള വിതരണം ശക്തിപ്പെടുത്തുക.

**ശുചിത്വം**

- ODF ന്റെ സുസ്ഥിരത നിലനിർത്തുക
- കുറഞ്ഞത് എല്ലാ നഗരസഭകളിലും ആധുനിക അറവുശാല സ്ഥാപിക്കണം. നിലവിൽ പ്രവർത്തിക്കുന്ന അറവുശാലകൾക്കെല്ലാം തന്നെ ലൈസൻസ് ഉണ്ടെന്നും, ഇവിടെ മാലിന്യം സംസ്കരണത്തിനാവശ്യമായ ബയോഗ്യാസ് പ്ലാന്റ് / എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റ്, സോക് പിറ്റുകൾ എന്നിവ ഉണ്ടെന്നും ഉറപ്പുവരുത്തണം.

- കുറഞ്ഞത് എല്ലാ നഗരസഭകളിലും, കോളനി പ്രദേശങ്ങൾ അധികമായുള്ള പഞ്ചായത്തിലും ആധുനിക ഗ്യാസ് ശ്മശാനം സ്ഥാപിക്കണം.
- വാർഡ്തല സാനിട്ടേഷൻ സമിതികളിൽ പ്രാദേശികമായി സ്വകാര്യ പ്രാക്ടീസ് നടത്തുന്ന ആയുർവേദ, ഹോമിയോപ്പതി, അലോപ്പതി ഡോക്ടേഴ്സിനേയും ഉൾപ്പെടുത്തി മികച്ച പ്രവർത്തനം ഉറപ്പാക്കുക. ജലത്തിന്റെ മാലിന്യവും ബാക്ടീരിയ സാന്നിദ്ധ്യവും പരിശോധിക്കുക. റ്റൂൾ കിറ്റ് KWA മുഖേന എല്ലാ LSGI കളിലും ഉണ്ടെന്ന് ഉറപ്പാക്കുക.
- തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നിശ്ചിത അകലത്തിൽ ദേശീയ പാതയോരങ്ങളിലും, തദ്ദേശ സ്ഥാപനങ്ങൾക്ക് വിട്ടുകിട്ടപ്പെട്ട ആശുപത്രികൾ തുടങ്ങിയ പൊതുസ്ഥാപനങ്ങളിലും, മറ്റ് സർക്കാർ സ്ഥാപനങ്ങളിലും ആവശ്യമായ പബ്ലിക്ക് ടോയലറ്റുകൾ സ്ഥാപിക്കുക.
- നിലവിൽ ജില്ലയിൽ ഹൌസ് ബോട്ടുകൾക്ക് വേണ്ടിയുള്ള സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ് ഒഴികെ മറ്റ് സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സൌകര്യങ്ങളില്ല. ആയതിനാൽ ജില്ലയിൽ സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ അടിയന്തിരമായി സ്ഥാപിക്കണം. എല്ലാ താലൂക്കുകളിലും സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിക്കുക. ഇതിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിന് KSEB മായി ചേർന്ന് പദ്ധതി രൂപീകരിക്കുക.
- വേമ്പനാട് കായലിന്റെ ഓരങ്ങളിൽ സോഷ്യൽ ഫോറസ്ട്രിയുമായി ചേർന്ന് ജലം ശുദ്ധീകരിക്കുന്നതിന് സഹായകരമായ ചെടികൾ വച്ചു പിടിപ്പിക്കുക.
- ജില്ലയിൽ ലൈസൻസുള്ളതും ഇല്ലാത്തതുമായി കുറഞ്ഞത് ആയിരത്തിലധികം ഹൌസ് ബോട്ടുകൾ ഉണ്ടെന്നാണ് കണക്കാക്കുന്നത്. എന്നാൽ ഹൌസ് ബോട്ടുകൾക്കായി ഒരു സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ് മാത്രമാണ് ജില്ലയിലുള്ളത്. ഇതിൽ തന്നെ പ്ലാന്റ് ഉപയോഗപ്പെടുത്തുന്ന ഹൌസ് ബോട്ടുകളുടെ എണ്ണം തുലോം കുറവാണ്. ദൂരക്കൂടുതൽ ആണ് ഇതിന് പ്രധാന കാരണം. ഇത് പരിഹരിക്കുന്നതിനായി ആലപ്പുഴ നഗരസഭ പ്രദേശത്തോട് ചേർന്ന് ഹൌസ് ബോട്ടുകൾക്കായി സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കണം.
- ഓടകളിലെ ജലം ശുദ്ധീകരിക്കുന്നതിന് കുറഞ്ഞത് എല്ലാ നഗരസഭകളിലും സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് വേണം. കൂടാതെ താലൂക്ക് ആശുപത്രി മുതൽ മുകളിലേക്കുള്ള എല്ലാ ആശുപത്രികളിലും സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കണം. വൻകിട ഹോട്ടലുകളിൽ സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സംവിധാനമുണ്ടെന്ന് തദ്ദേശ സ്ഥാപനങ്ങൾ ഉറപ്പാക്കണം.
- എല്ലാ തദ്ദേശ സ്ഥാപനങ്ങൾ, ആശുപത്രികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങിയ ഇടങ്ങളിൽ തുമ്പൂർമുഴി മോഡൽ എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിക്കുക.
- എല്ലാ നഗരസഭകളിലും, ബ്ലോക്ക് പഞ്ചായത്ത് തലത്തിലും, അജൈവമാലിന്യ പരിപാലനത്തിനായുള്ള റിസോർട്ട്സ് റിക്കവറി ഫെസിലിറ്റി സെന്ററുകൾ സ്ഥാപിക്കണം.
- എല്ലാ നഗരസഭകളിലും, ഗ്രാമപഞ്ചായത്തുകളിലും, പ്ലാസ്റ്റിക് - ഇ - വേസ്റ്റ് ഉൾപ്പെടെയുള്ള അജൈവ മാലിന്യങ്ങൾ ശേഖരിക്കുന്നതിനായുള്ള മെറ്റീരിയിൽ കളക്ഷൻ സെന്ററുകൾ സ്ഥാപിക്കണം.
- മഴവെള്ള സംഭരണി, സോക്ക്പിറ്റ് എന്നിവ നിർബന്ധമായും വീടുകളിൽ ഉൾപ്പെടുത്തണം

- ജില്ലയിലെ പീലിംഗ് ഷെഡുകൾക്കെല്ലാം ലൈസൻസ് ഉണ്ടെന്ന് ഉറപ്പുവരുത്തുക. കൂടാതെ ഇവിടെയെല്ലാം മതിയായ രീതിയിലുള്ള സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സംവിധാനം ഉണ്ടെന്ന് ഉറപ്പാക്കണം.
- 2-3 വർഷം കൂടുമ്പോൾ സെപ്റ്റിക് ടാങ്കുകൾ ഹണിസക്കേഴ്സ് ഉപയോഗിച്ച് ക്ലീൻ ചെയ്തശേഷം ട്രീറ്റ് ചെയ്യുന്ന സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ് വേണം, ജനങ്ങൾക്ക് ഗവൺമെന്റ് ഏജൻസിയിൽ റജിസ്റ്റർചെയ്യുവാൻ അവസരം. ഓർഡർ ലഭിച്ച ഉടൻ ഏജൻസി സേവനം നൽകുക.
- പീലിംങ് ഷെഡിനോടനുബന്ധിച്ച് എഫ്ളുവന്റ് ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മിക്കണം.

**പാർപ്പിടം**

- വാർഡ്തലം വരെയുള്ള പ്രവർത്തനങ്ങൾ ഗ്രാമപഞ്ചായത്ത് മുൻസിപ്പൽ തലത്തിൽ ഏകോപിപ്പിക്കേണ്ടതാണ്.
- വാർഡ്തല കർമ്മ പദ്ധതികൾ രൂപീകരിച്ച് പൂർത്തീകരിക്കാത്ത വീടുകളുടെ മൈക്രോ പ്ലാൻ തയ്യാറാക്കണം.
- ഗ്രാമപഞ്ചായത്ത്തലത്തിലും മുൻസിപ്പൽതലത്തിലും ഭവന നിർമ്മാണത്തിന് ധനസമാഹരണം കണ്ടെത്തേണ്ടതാണ്.
- നിർമ്മാണ മേഖലയിൽ പ്രവർത്തിക്കുന്നവരെ ഉൾപ്പെടുത്തി ഗ്രാമപഞ്ചായത്ത് തലത്തിൽ വർക്കിംഗ് സൊസൈറ്റി രൂപീകരിക്കുക. ടി സൊസൈറ്റികൾ മുഖേന ദുർബലരായ ജനവിഭാഗങ്ങളുടെ ഭവന നിർമ്മാണം പൂർത്തീകരിക്കുക.
- ഗ്രാമപഞ്ചായത്ത് തലത്തിൽ ഹൈടോളിക് പ്രസിംഗ് സംവിധാനത്തോടുകൂടി കോൺക്രീറ്റ് കട്ടകൾ നിർമ്മിക്കുന്നതിന് സംവിധാനം ഒരുക്കുക. ആയത് ഗ്രാമപഞ്ചായത്തിലെ തന്നെ ഭവന നിർമ്മാണത്തിനായി ഉപയോഗപ്പെടുത്തുക.
- ലൈഫ് മിഷൻ-ഭവന നിർമ്മാണ സമുച്ചയങ്ങൾ നിർമ്മിക്കുന്നതിന് സ്ഥലം കണ്ടെത്തുന്നതിന് നിർബന്ധമായും ഗ്രാമപഞ്ചായത്തുകൾ പ്ലാൻഫണ്ടിൽ തുക വകയിരുത്തുക. 50 സെന്റിൽ കുറയാത്ത സ്ഥലം കണ്ടെത്തുന്നതിന് 2018-19 സാമ്പത്തിക വർഷത്തിൽ തന്നെ പ്രോജക്ടുകൾ തയാറാക്കുന്നതിന് നിർദ്ദേശം.
- സ്വകാര്യ വ്യക്തികളുടേയും മറ്റും വീട് നിർമ്മാണത്തിനായി ഉപയോഗിച്ച് ബാക്കി വന്നിട്ടുള്ള നിർമ്മാണ സാമഗ്രികൾ ഇപ്പോഴും പല സ്ഥലങ്ങളിലും ഉപയോഗമില്ലാതെ കിടക്കുന്നു. ആയതു ശേഖരിച്ച് പൂർത്തീകരിക്കാത്ത ഭാഗങ്ങളുടെ പൂർത്തീകരണത്തിനായി ഉപയോഗപ്പെടുത്തുക. ഗ്രാമപഞ്ചായത്തുകൾ മുഖേന നടപ്പിലാക്കുന്നതിനുള്ള സംവിധാനം ആവശ്യമാണ്
- സർക്കാർ ആവിഷ്കരിച്ചിരിക്കുന്ന ലൈഫ് ഭവന നിർമ്മാണ പദ്ധതി പ്രകാരം ജില്ലയിലെ ഭൂരിഭാഗം ജനവിഭാഗങ്ങൾക്കും വാസയോഗ്യമായ ഭവനം ലഭ്യമാക്കാൻ കഴിയുമെന്ന് പ്രത്യാശിക്കാം. കൂടാതെ വിവിധ മേഖലകളിൽ നിന്നും, വിവിധ വകുപ്പുകളിൽ നിന്നും ലഭ്യമാകുന്ന ഫണ്ടിന്റെ ലഭ്യത അനുസരിച്ച് വരും വർഷങ്ങളിൽ ഓരോ ജന വിഭാഗത്തിനും പ്രാദേശിക പരിഗണന കണക്കിലെടുത്തുകൊണ്ട് തനതു സവിശേഷതകളോടുകൂടിയ ഭവന പദ്ധതികൾ ആവിഷ്കരിക്കാൻ കഴിയും. നിർമ്മാണ

മേഖലയിൽ പ്രവർത്തിക്കുന്നവരെ ഉൾപ്പെടുത്തി ഗ്രാമപഞ്ചായത്ത് തലത്തിൽ വർക്കിംഗ് സൊസൈറ്റി രൂപീകരിക്കുക. ടി സൊസൈറ്റികൾ മുഖേന ദുർബലരായ ജനവിഭാഗങ്ങളുടെ ഭവന നിർമ്മാണം പൂർത്തീകരിക്കുക.

- ഗ്രാമപഞ്ചായത്ത് തലത്തിൽ ഹൈടോളിക് പ്രസിംഗ് സംവിധാനത്തോടുകൂടി കോൺക്രീറ്റ് കട്ടകൾ നിർമ്മിക്കുന്നതിന് സംവിധാനം ഒരുക്കുക. ആയത് ഗ്രാമപഞ്ചായത്തിലെ തന്നെ ഭവന നിർമ്മാണത്തിനായി ഉപയോഗപ്പെടുത്തുക.
- ലൈഫ് മിഷൻ-ഭവന നിർമ്മാണ സമുച്ചയങ്ങൾ നിർമ്മിക്കുന്നതിന് സ്ഥലം കണ്ടെത്തുന്നതിന് നിർബന്ധമായും ഗ്രാമപഞ്ചായത്തുകൾ പ്ലാൻഫണ്ടിൽ തുക വകയിരുത്തുക. 50 സെന്റിൽ കുറയാത്ത സ്ഥലം കണ്ടെത്തുന്നതിന് 2018-19 സാമ്പത്തിക വർഷത്തിൽ തന്നെ പ്രോജക്ടുകൾ തയാറാക്കുന്നതിന് നിർദ്ദേശം.
- സ്വകാര്യ വ്യക്തികളുടേയും മറ്റും വീട് നിർമ്മാണത്തിനായി ഉപയോഗിച്ച് ബാക്കി വന്നിട്ടുള്ള നിർമ്മാണ സാമഗ്രികൾ ഇപ്പോഴും പല സ്ഥലങ്ങളിലും ഉപയോഗമില്ലാതെ കിടക്കുന്നു. ആയതു ശേഖരിച്ച് പൂർത്തീകരിക്കാത്ത വീടുകളുടെ പൂർത്തീകരണത്തിനായി ഉപയോഗപ്പെടുത്തുക. ഗ്രാമപഞ്ചായത്തുകൾ മുഖേന നടപ്പിലാക്കുന്നതിനുള്ള സംവിധാനം ആവശ്യമാണ്.

## വിദ്യാഭ്യാസം

- ശിശു സൌഹൃദപരവും ആകർഷകവുമായ ക്ലാസ് മുറികൾ.
- കളിയുപകരണങ്ങൾ, കളിസ്ഥലം, കുട്ടികൾക്കുള്ള പാർക്ക്
- എല്ലാ പ്രൈമറി സ്കൂളുകളിലും പ്രീ പ്രൈമറി
- പ്രീ പ്രൈമറി മേഖലയിൽ പ്രത്യേക ഉച്ചഭക്ഷണം
- ശാസ്ത്രീയമായി പരിശീലനം ലഭിച്ച അദ്ധ്യാപകരും ആയമാരും
- പ്രീ പ്രൈമറിക്ക് പ്രത്യേകം ടോയിലറ്റ് സൌകര്യം
- 200 സാദ്ധ്യായ ദിവസങ്ങൾ ഉൾപ്പെടുത്തുക
- സ്മാർട്ട് ക്ലാസ്സ് റൂം ഇല്ലാത്ത എല്ലാ പ്രീ-പ്രൈമറി മുതൽ ഹയർ സെക്കണ്ടറി/വി.എച്ച്.എസ്.ഇ.സ്കൂളുകളിലും എം.എൽ.എ/എം.പി ഫണ്ടിൽനിന്നും തുക കണ്ടെത്തി ഡിജിറ്റൽ സ്മാർട്ട് ക്ലാസ് റൂം നിർമ്മിക്കുക. ലഭ്യമായ സ്മാർട്ട് ക്ലാസ് റൂമുകൾ അസാപ് ക്ലാസുകൾക്ക് ലഭ്യമാക്കണമെന്ന കർശന നിർദ്ദേശം നൽകുക.
- ഹയർസെക്കന്ററി സ്കൂളിൽ പെൺകുട്ടികൾക്ക് ബെയ്സിക്ക് അമിനിറ്റീസ് ലഭ്യമാക്കുക.
- പൊതു ഇടങ്ങളെ തിരിച്ച് പിടിക്കുകയും അവിടം സർഗാത്മകമാക്കുകയും ചെയ്യുന്നതിന് വാർഡുതലങ്ങളിൽ യുവജന കൂട്ടങ്ങൾ രൂപീകരിക്കുവാൻ കഴിയണം.
- നാട്ടിൻ പുറത്തെ നാടക സമിതികൾ, കലാസംഘങ്ങൾ എന്നിവർക്ക് ധനസഹായം നൽകി ജനകീയമായി കലാപരിപാടികൾ തയാറാക്കുകയും ബ്ലോക്കുലെവൽ കൾച്ചറൽ കോ-ഓഡിനേഷൻ കമ്മിറ്റി അവർക്ക് വേദി ഒരുക്കുകയും ചെയ്യുക.

## സംസ്കാരം, കായികം,യുവജനകാര്യം

- പഞ്ചായത്തുകളിൽ മിനി സ്റ്റേഡിയങ്ങൾ സ്ഥാപിക്കുക.
- യുവാക്കളുടെ കൂട്ടായ്മയും സൗഹൃദവും ശക്തിപ്പെടുത്തുന്നതിന് കമ്മ്യൂണിറ്റി സ്പോർട്ട്സ് സെൻറുകൾ ഓരോ പഞ്ചായത്തിലും നിർമ്മിക്കുക.
- പഞ്ചായത്ത് തലംമുതൽ സ്പോർട്ട്സ് ഹോസ്റ്റലുകൾ നിർമ്മിക്കുക. പരിശീലന സൗകര്യങ്ങൾ ഒരുക്കി ഉപകരണങ്ങൾ നൽകുക.
- പഞ്ചായത്തിലുള്ള മുഴുവൻ യു.പി., എച്ച്.എസ്., ഹയർ സെക്കണ്ടറി സ്കൂളുകളെക്കൂടി പഞ്ചായത്ത് അധികാരപരിധിയിൽ കൊണ്ടുവരിക.
- പഞ്ചായത്ത് കുളങ്ങൾ ശുദ്ധീകരിച്ച് അതിനോടനുബന്ധമായി നടപ്പാതകളും, ഇരിപ്പിടങ്ങളും നിർമ്മിച്ച് എല്ലാവർക്കും ഒത്തുചേരുന്നതിനുള്ള വേദികളാക്കി മാറ്റുക. നീന്തലിൽ പരിശീലനം നൽകുക.
- എല്ലാ വാർഡ് അടിസ്ഥാനത്തിലും ക്ലബുകൾ രൂപീകരിച്ച് നിലവിലുള്ള ക്ലബുകളെ ഏകോപിപ്പിച്ചുകൊണ്ടുള്ള കർമ്മപദ്ധതികൾക്ക് രൂപം നൽകുക.
- ഫുട്ബോൾ, വോളിബോൾ, ഷട്ടിൽ, പുരാതന കളികൾ എന്നിവയ്ക്ക് എല്ലാ വാർഡുകളിലും ക്ലബുകൾ ആരംഭിക്കുക.
- യൂത്ത് കോ-ഓർഡിനേറ്റർമാരുടെ പ്രവർത്തനങ്ങൾ വിപുലീകരിക്കുക.
- കായിക മത്സരങ്ങൾ നടത്തിച്ച് പഞ്ചായത്ത് തലത്തിലും, ബ്ലോക്ക്, മുനിസിപ്പാലിറ്റി തലത്തിലും ജനപ്രതിനിധികൾ, ക്ലബ് പ്രതിനിധികൾ, കായികാദ്ധ്യാപകർ, കായിക പ്രേമികൾ എന്നിവരെ ഉൾപ്പെടുത്തി ഒരു സമിതി രൂപം നൽകുക.
- കേരളോത്സവ നടത്തിപ്പ് കൂടാതെ പ്രധാന ദിനാഘോഷങ്ങളിൽ കൂടി ക്ലബുകളുടെയും യുവജനങ്ങളുടെയും കൂട്ടായ്മയും മത്സരങ്ങളും സംഘടിപ്പിക്കുന്നതിന് സമിതികൾക്ക് ചുമതല നൽകുക.
- മുഴുവൻ ക്ലബുകളെയും പങ്കെടുപ്പിച്ചുകൊണ്ടും, അറിയിപ്പ് നൽകിക്കൊണ്ടുമുള്ള പ്രചരണ പരിപാടികൾ സംഘടിപ്പിക്കുക.
- യൂത്ത് ക്ലബുകൾക്ക് നിർബന്ധമായും രജിസ്ട്രേഷൻ ഏർപ്പെടുത്തുക.
- അംഗീകാരമുള്ള ക്ലബുകൾക്ക് സ്പോർട്ട്സ് ഉപകരണങ്ങളും ഗ്രാന്റുകളും നൽകുക. പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുക.
- മുതിർന്ന പൗരൻമാർക്ക് മാത്രമായുള്ള ആരോഗ്യക്ലബുകൾ പഞ്ചായത്ത് തലത്തിൽ ആരംഭിക്കുക.
- കടലോര പഞ്ചായത്തുകളിൽ തീരദേശ - കായിക - ആരോഗ്യ ക്ലബുകൾ രൂപീകരിച്ച് ബീച്ച് ഫുട്ബാൾ, ബീച്ച് വോളി തുടങ്ങിയ ഇനങ്ങൾ പ്രോത്സാഹിപ്പിക്കുക.
- വനിതകൾക്ക് മാത്രമായി പ്രത്യേക ആരോഗ്യ ക്ലബുകൾ പഞ്ചായത്തുതലം മുതൽ ആരംഭിക്കുക.

## ഊർജ്ജം

- ഇ. എൽ. സി. ബി. – ബി. പി. എൽ. വീടുകൾക്ക്
- ഇ. എൽ. സി. ബി. – സ്കൂളുകൾക്ക്
- ഇ. എൽ. സി. ബി. സി. – എസ്.സി / എസ്.റ്റി. വീടുകൾക്ക്
- ഗവണ്മെന്റ് ഹോസ്പിറ്റലുകൾക്കു ജനറേറ്റർ /സോളാർ ഊർജ്ജം വഴി ആൾട്ടർനേറ്റ് പവർ സപ്ലൈ
- സ്ട്രീറ്റ് ലൈറ്റ് മീറ്ററിങ്
- സ്ട്രീറ്റ് ലൈറ്റ് വിത്ത് എൽ. ഇ. ഡി. ബൾബ് / ട്യൂബ്
- സ്ട്രീറ്റ് ലൈറ്റ് ചേഞ്ച് ഓവർ – ബൾബ്/ഫ്ലൂറസെന്റ് ട്യൂബ് /സി. എഫ്. എൽ. ടു എൽ. ഇ. ഡി. ബൾബ് / ട്യൂബ്.
- സ്ട്രീറ്റ് ലൈറ്റ് വിത്ത് സ്മാർട്ട് മീറ്റർ.
- ഗവണ്മെന്റ് ഹോസ്പിറ്റലുകളിൽ നിലവിലുള്ള പ്രതിഷ്ഠാപനങ്ങളിൽ റീ –വയറിംഗ്.
- തോട്ടപ്പള്ളി, അഴീക്കൽ എന്നിവിടങ്ങളിൽ വിൻഡ് മിൽ സ്ഥാപിക്കുക.
- ഊർജ്ജോത്പാദനത്തിനും മാലിന്യ സംസ്കരണത്തിനും ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുക.
- ഇലക്ട്രിക് മോട്ടോർ വാഹനങ്ങൾ പ്രോത്സാഹിപ്പിക്കുക.
- നെൽകൃഷി ആവശ്യത്തിനുള്ള മോട്ടോർത്തറ ആധുനികവത്കരിക്കുക.
- പ്രീ പെയ്ഡ് ബാറ്ററി ചാർജിങ് സ്റ്റേഷനുകൾ സ്ഥാപിക്കുക.
- മാലിന്യങ്ങളിൽ നിന്നും വൈദ്യുതി ഉത്പാദനം.
- വൈദ്യുതി മേഖലയിലെ അപകടങ്ങൾ കുറച്ചുകൊണ്ടുവരേണ്ടതിനു പൊതുജനങ്ങളുടെ ഇടയിൽ ബോധവത്കരണം നടത്തുക.

## ഗതാഗതം

- ജില്ലയുടെ ഗതാഗത സംവിധാനം സമഗ്രമായ പഠനത്തിനു വിധേയമാക്കി 30 വർഷത്തെ ദീർഘവീക്ഷണത്തോടുകൂടി ഒരു സമഗ്രഗതാഗത പദ്ധതി തയ്യാറാക്കി പ്രസിദ്ധപ്പെടുത്തുക.
- പൊതുഗതാഗത സംവിധാനങ്ങളെ പരസ്പരം ബന്ധിപ്പിക്കുക.
- ജില്ലയുടെ യാത്രാസംവിധാനത്തിനായി എവിടേയും ഉപയോഗിക്കാവുന്ന കാർഡ് (റുപേ) പ്രയോഗത്തിൽ കൊണ്ടുവരിക.
- പ്രധാന സ്ഥലങ്ങളിൽ കാൽനടയാത്രക്കാർക്ക് റോഡ് മുറിച്ചുകടക്കാനുള്ള സിഗ്നൽ സംവിധാനം ഒരുക്കുക.
- റോറോ സംവിധാനത്തിലൂടെ റോഡു മാർഗമുള്ള ചരക്ക് ഗതാഗതത്തെ മാതൃകയാക്കുക.
- കാൽനടപ്പാത, സൈക്കിൾ പാത എന്നിവ നിർമ്മിക്കുകയും പട്ടണപ്രദേശത്ത് വേലികെട്ടി തിരിക്കുകയും ചെയ്യുക.

- മലിനീകരണ തോത് നിയന്ത്രണ വിധേയമാക്കി പ്രതിവർഷം കുറവ് രേഖപ്പെടുത്തി പൂജ്യം തോതിലേയ്ക്ക് എത്തിക്കുന്നതിനുള്ള സമഗ്രകാഴ്ചപ്പാട്.
- റോഡ് അപകടങ്ങൾ കുറയ്ക്കുവാൻ വേണ്ട ശാസ്ത്രീയ സമീപനങ്ങൾ.
- അപകടങ്ങളിൽപ്പെട്ടവരെ കൈകാര്യം ചെയ്യുന്നതിനുള്ള ട്രോമാകെയർ അംബുലൻസ്, ആശുപത്രി സൌകര്യ വികസനം.
- ലാസ്റ്റ് മൈൽ കണക്ടിവിറ്റി.
- ഡ്രൈവർമാരുടെ ബോധവൽക്കരണം.
- പൊതുജനങ്ങൾക്കും വിദ്യാർത്ഥി സമൂഹത്തിനുമുള്ള ബോധവൽക്കരണം.
- യന്ത്രേതര ഗതാഗത മാർഗ്ഗങ്ങളിലേയ്ക്കുള്ള മാറ്റം.
- പാർക്കിംഗ് സൌകര്യ വികസനം
- പൊതുഗതാഗത വാഹനങ്ങൾക്കുള്ള സ്റ്റാൻഡുകളുടേയും മറ്റ് സൌകര്യങ്ങളുടേയും വികസനം.
- ഷീ ടാക്സി പോലുള്ള മാതൃകകളുടെ വ്യാപനം, സ്ത്രീകളുടെ ഗവൺമെന്റിതര സംഘടനകളെ ഗതാഗതവാർത്താവിനിമയ രംഗത്തേയ്ക്ക് ആകർഷിക്കൽ.
- ഗതാഗത രംഗത്തും വാർത്താവിനിമയ രംഗത്തും ത്രിതല പഞ്ചായത്തുകളുടെ സമഗ്രമായി ഇടപ്പെടാനുള്ള സങ്കേതങ്ങൾ വികസിപ്പിക്കുവാനുള്ള ഗവേഷണങ്ങൾ
- ആലപ്പുഴ എറണാകുളം ജലമെട്രോ നിർമ്മിക്കണം.

**വിവരസാങ്കേതികം**

- ജില്ലാ ഇ-ഗവർണൻസ് സൊസൈറ്റി ശക്തിപ്പെടുത്തിക്കൊണ്ട് വകുപ്പുകൾക്ക് സർക്കാർ ഐ.ടി. സ്ഥാപനങ്ങളുടെ സാങ്കേതികസഹായവും താഴെത്തട്ടിലെ പ്രവർത്തനങ്ങളുടെ മേൽനോട്ടവും
- ജില്ലാതല ഇ-ഗവേണൻസ് പരിശീലന കേന്ദ്രം സ്ഥാപിക്കപ്പെട്ടിട്ടുണ്ട് - പരിശീലന കേന്ദ്രത്തിന്റെ സാധ്യതകൾ വകുപ്പുകൾ പരമാവധി ഉപയോഗപ്പെടുത്തുക
- ജില്ലാതലത്തിൽ സർക്കാർ വകുപ്പുകൾക്കായി മൊബൈൽ / സോഫ്റ്റ്വെയർ ആപ്ലിക്കേഷനുകൾ വികസിപ്പിക്കുന്നതിനായുള്ള സംവിധാനം ഒരുക്കുക
- പ്രചാരണപരിപാടികൾ - ഇ-ഗവർണൻസ്, ഡിജിറ്റൽ പണമിടപാടുകൾ, സുരക്ഷാ ബോധവൽക്കരണം എന്നിവയുടെ പ്രചാരണത്തിന് പദ്ധതികൾ ആവിഷ്കരിക്കുക
- ഇ-ഓഫീസ് നടപ്പാക്കിയ വകുപ്പുകളിൽ ആയതു താഴെത്തട്ടുവരെ എത്തിക്കുക
- സൈബർ സുരക്ഷാനയങ്ങളുടെ കൃത്യമായ പാലനം ഉറപ്പാക്കുക
- വ്യാവസായികമേഖല - പള്ളിപ്പുറം ഇൻഫോപാർക്കിന് ഗതാഗത, പശ്ചാത്തലസൗകര്യങ്ങൾ - അതുവഴി കൂടുതൽ നിക്ഷേപം ആകർഷിക്കുക
- ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ചു സംരംഭകത്വസെല്ലുകൾ വഴി നവസാങ്കേതിക സംരംഭങ്ങൾക്കു ആവശ്യമായ പിന്തുണ നൽകുക
- "റോഡ് ടെഞ്ചിങ് പെർമിറ്റ് മാനേജ്മന്റ് സിസ്റ്റം" നടപ്പാക്കുക
- വിനോദസഞ്ചാരമേഖലയിലെ വഞ്ചിവീടുകളുടെയും മറ്റു യാനങ്ങളുടെയും നിരീക്ഷണത്തിനും അവ ഉപയോഗപ്പെടുത്തുന്ന സഞ്ചാരികളുടെ സുരക്ഷ

ഉറപ്പാക്കുന്നതിനുമായി DTPC, ടൂറിസം, SWTD, പോർട്ട് വകുപ്പുകൾ ഏകോപിപ്പിച്ചുകൊണ്ട് സാങ്കേതികസ്ഥാപനങ്ങളുടെ സഹായത്തോടെ ഓരോ ടിപ്പിന്റെയും വിവരങ്ങൾ യാത്രയുടെ ആരംഭത്തിൽ തന്നെ രേഖപ്പെടുത്തുവാനുള്ള രജിസ്ട്രേഷൻ പോർട്ടൽ സംവിധാനം നടപ്പാക്കാവുന്നതാണ്

- കുഴൽക്കിണറുകൾക്കു അനുമതി ലഭ്യമാക്കുവാൻ ജിയോ-ടാഗിംഗോടുകൂടിയ ഓൺലൈൻ സംവിധാനം നടപ്പാക്കുക
- IoT സാങ്കേതികവിദ്യ ശുദ്ധജല വിതരണ ശൃഖലയുടെ നിരീക്ഷണത്തിനു ഉപയോഗപ്പെടുത്തുക

## വിനോദസഞ്ചാരം

### കടൽതീര വിനോദ സഞ്ചാര കേന്ദ്രങ്ങളുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ

- തീര പ്രദേശങ്ങളിലെ വെളിയിട വിസ്സർജന വിമുക്തിക്കായി വിവിധ വകുപ്പുകളുടെ ഏകോപനം സാധ്യമാക്കുക.
- ബീച്ചുകളിലേക്കുള്ള ഗതാഗത സംവിധാനങ്ങൾ മെച്ചപ്പെടുത്തുക.
- തീരങ്ങളിൽ വിനോദ സഞ്ചാരികൾക്ക് ആവശ്യമായ പ്രകാശ സംവിധാനങ്ങൾ ഒരുക്കുകയും അവയുടെ സംരക്ഷണത്തിനായി വിവിധവകുപ്പുകളുടെ ഏകോപനം സാധ്യമാക്കുകയും ചെയ്യുക.
- ബീച്ചുകളിൽ പ്രവർത്തിക്കുന്ന ചെറുകിട വഴിയോര കച്ചവടസ്ഥാപനങ്ങൾക്ക് ഏകീകൃത നിലവാരം ഉറപ്പുവരുത്തുകയും അവയുടെ പ്രവർത്തനങ്ങൾക്ക് കൃത്യമായ മാർഗ്ഗനിർദ്ദേശങ്ങൾ രൂപീകരിക്കുകയും ചെയ്യുക.
- ബീച്ചിൽ എത്തുന്ന വിനോദസഞ്ചാരികൾക്ക് കുളിമുറികൾ, വസ്ത്രം മാറാനുള്ള സൗകര്യം, സാധനങ്ങൾ സൂക്ഷിക്കാനുള്ള സൗകര്യം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കുക.
- വിനോദ സഞ്ചാരികൾക്ക് ആവശ്യമായ സുരക്ഷമാർഗ്ഗ നിർദ്ദേശങ്ങൾ പ്രദർശിപ്പിക്കുകയും അവ പാലിക്കപ്പെടുന്നു എന്ന് ഉറപ്പുവരുത്തുന്നതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുക.

### പൈതൃക വിനോദ സഞ്ചാര മേഖലയുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ

- ആലപ്പുഴ ജില്ലയിലെ ചരിത്ര പ്രാധാന്യമുള്ള ആരാധനാലയങ്ങളെ സംബന്ധിക്കുന്ന ഒരു കലണ്ടർ പ്രസിദ്ധീകരിക്കുക.
- കുടുംബശ്രീ പോലുള്ള വനിത സംരഭകർക്ക് പരിശീലനം നടത്തി വിനോദ സഞ്ചാരികൾക്ക് ആലപ്പുഴയിലെ പൈതൃക പ്രദേശങ്ങൾ സന്ദർശിക്കുന്നതിന് സൗകര്യം നൽകുന്ന ഒരു പൈതൃക സർക്യൂട്ട് രൂപീകരിക്കുക.
- വിനോദ സഞ്ചാരികൾക്ക് പ്ലാസ്റ്റിക് കുപ്പികൾ ഒഴിവാക്കി ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കുന്നതിന് വാട്ടർ കിയോസ്ക്കുകൾ സ്ഥാപിക്കുക.

- വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ ആവശ്യമായ ശൗചാലയങ്ങൾ സ്ഥാപിക്കുകയും അവയുടെ കൃത്യമായ സംരക്ഷണത്തിനാവശ്യമായ സംവിധാനങ്ങൾ ഉറപ്പുവരുത്തുകയും ചെയ്യുക
- വിനോദ സഞ്ചാര കേന്ദ്രങ്ങളിലെ സുരക്ഷാ സംവിധാനം ശക്തിപ്പെടുത്തുക.
- വിനോദ സഞ്ചാര മേഖലയിലെ ഇടനിലക്കാരുടെ അതിപ്രസരവും ചൂഷണവും തടയുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുക.
- വിനോദ സഞ്ചാരികൾ പാലിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ എല്ലാ വിനോദ സഞ്ചാര കേന്ദ്രങ്ങളിലും പ്രദർശിപ്പിക്കുക.
- അഡ്വഞ്ചർ ടൂറിസത്തിന് പ്രാധാന്യം നല്കുന്ന പുതിയ പദ്ധതികൾ ആവിഷ്കരിക്കുക.
- വിനോദ സഞ്ചാരികൾ സന്ദർശിക്കുന്ന എല്ലാ കേന്ദ്രങ്ങളിലും ഭിന്നശേഷി സൗഹൃദ സൗകര്യങ്ങൾ ഏർപ്പെടുത്തുക.
- എല്ലാ വിനോദ സഞ്ചാര കേന്ദ്രങ്ങളും മാതൃ – ശിശു സൗഹൃദ കേന്ദ്രങ്ങളാക്കി മാറ്റുക
- ജില്ലയിലെ പ്രധാന വിനോദ സഞ്ചാര കേന്ദ്രങ്ങളെ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുന്നതിനായി ആധുനിക രീതിയിലുള്ള ഇൻഫർമേഷൻ കിയോസ്കുകൾ വിവിധ കേന്ദ്രങ്ങളിൽ സ്ഥാപിക്കുക.
- ആലപ്പുഴ സന്ദർശിക്കുന്ന വിനോദ സഞ്ചാരികളുടെ വിവരങ്ങൾ കൃത്യമായി ശേഖരിക്കുന്നതിനുള്ള ഒരു സ്ഥിര സംവിധാനം ഏർപ്പെടുത്തുക.

## പട്ടികജാതി വികസനം

- സാമ്പത്തിക സ്വാശ്രയത്വം ഉണ്ടാകുന്ന ഉത്പാദന പ്രോജക്ടുകൾക്ക് ത്രിതല പഞ്ചായത്തുകൾ പ്രാധാന്യം നൽകുക. അത്തരത്തിലുള്ള ഒരു പ്രോജക്ടെങ്കിലും ഓരോ വർഷവും നടപ്പിലാക്കുക.
- പട്ടികജാതി ജനവിഭാഗത്തിൽ നിന്നും മാതൃകാപരമായി പ്രവർത്തിക്കുന്ന സംഘങ്ങളുടെ ഡോക്യുമെന്ററി തയ്യാറാക്കി പ്രദർശിപ്പിക്കുകയും പ്രസ്തുത മാർഗ്ഗത്തിലേക്ക് മറ്റുള്ളവർ വരുന്ന രീതിയിലുള്ള പ്രചരണ രീതികൾ പഞ്ചായത്തുകൾ അവലംബിക്കുക.
- ലഹരിയ്ക്ക് അടിമപ്പെട്ടിട്ടുള്ളവരുടെ ചികിത്സ നടത്തുന്നതിനുള്ള ധനസഹായം ഗ്രാമപഞ്ചായത്തുകൾ ചെയ്യുക.
- വാർഡ് തലത്തിൽ പട്ടികജാതിക്കാരുടെ ജാഗ്രതാ സമിതികൾ രൂപീകരിക്കുക. പട്ടികജാതിക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ തടയൽ, ശരിയായ ജീവിത മാർഗ്ഗങ്ങൾ, വ്യക്തിത്വ വികസന കാര്യങ്ങൾ എന്നിവയെക്കുറിച്ചുള്ള ക്ലാസ്സുകൾ ചർച്ചകൾ മുതലായവ ഇവിടെ നടപ്പിലാക്കാം.
- ഫണ്ടുകൾ വാർഡ് അടിസ്ഥാനത്തിലും ഡിവിഷൻ അടിസ്ഥാനത്തിലും പങ്കിടാതെ ഓരോ പ്രോജക്ടിനും ആവശ്യമായ ഫണ്ടുകൾ മാറ്റി വയ്ക്കുക.
- ഗ്രാമപഞ്ചായത്തുകൾ സേവന മേഖല, ഉദ്പാദന മേഖല ഇവയിൽ ജില്ലാ, ബ്ലോക്ക് പഞ്ചായത്തുകളുടെ വിഹിതത്തോടെ മെഗാ പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പിലാക്കുക.

- പട്ടികജാതിയിൽപ്പട്ട നിരാലംബരും നിർദ്ധനരുമായ വയോജനങ്ങൾക്ക് അംഗനവാടി വഴി പോഷകാഹാരം വിതരണം ചെയ്യുക.
- പട്ടികജാതിക്കാരുടെ നൈപുണ്യ വികസനത്തിനായുള്ള പദ്ധതികൾ നടപ്പിലാക്കുക.

## പട്ടികവർഗ്ഗ വികസനം

- സങ്കേതങ്ങൾ കേന്ദ്രീകരിച്ച് തുടർ വിദ്യാഭ്യാസപരിപാടി നടപ്പിലാക്കണം. 4, 7, 10, +2 തുല്യതാ ക്ലാസ്സുകൾ നടത്തുക.
- സാക്ഷരതാ പ്രേരക് മാരെ ഊരിലേക്ക് അയയ്ക്കുക
- വാഹനസൗകര്യം ഏർപ്പെടുത്തുക ബോധവത്ക്കരണം നടത്തുക.
- ട്യൂഷൻ എടുക്കുന്നതിന് പഞ്ചായത്തിൽ നിന്നും ആനുകൂല്യങ്ങൾ നൽകുക.
- തൊഴിലധിഷ്ഠിത കോഴ്സുകൾ തുടങ്ങുക
- ആവശ്യാനുസരണം ഹോസ്റ്റലുകൾ ആരംഭിക്കുക
- ആവശ്യമായിട്ടുള്ള ഫണ്ട് അനുവദിക്കുക, പഠനോപകരണങ്ങൾ അനുവദിക്കുക.
- ഊരുകൂട്ടം മുഖേന ബോധവൽക്കരണം
- പ്രധാന സങ്കേതങ്ങളിൽ ഇൻറർനെറ്റ് സൗകര്യത്തോടുകൂടി ലൈബ്രറി ആരംഭിക്കുക.
- ബോധവൽക്കരണത്തിന് ഊരുകൂട്ടങ്ങൾക്ക് ധനസഹായംനൽകുക .
- വൈകല്യത്തിനനുസരിച്ച മൊബിലറ്റി ലഭിക്കുന്നതിനു ഉപകരണങ്ങൾ നൽകുക
- പഠന ഉപകരണങ്ങൾ നൽകുക.
- പഞ്ചായത്ത് തലത്തിൽ ഹൈസ്കൂൾ ക്ലാസ്സുകൾ മുതൽ കുട്ടികളുടെ സാമ്പത്തിക നിലവാരം വിലയിരുത്തി പ്രത്യേക പദ്ധതികൾക്ക് രൂപം നൽകുക.
- മദ്യവിമുക്ത ഗ്രാമങ്ങൾ സൃഷ്ടിക്കുക
- പ്രൊഫഷണൽ കോഴ്സുകളെ കുറിച്ച അവബോധം വളർത്തണം
- താൽപ്പര്യമുള്ള യോഗ്യരായവർക്കു പ്രവേശന പരീക്ഷ എഴുതുന്നതിനു പരിശീലനം നൽകണം
- പ്രവേശനം നേടുന്നവർക്കു പ്രാഥമിക ചിലവ് വഹിക്കുന്നതിനു താമസ-ഭക്ഷണ ചിലവും-പഠന ചിലവും വഹിക്കുന്നതിനു സാമ്പത്തിക സഹായം നൽകണം.
- ഉന്നത വിദ്യാഭ്യാസത്തിന് ചേരുന്ന വിദ്യാർത്ഥികൾക്ക് ആവശ്യമായ പിന്തുണ സംവിധാനം ഏർപ്പെടുത്തുക.
- പോസ്റ്റ്മെട്രിക് ഹോസ്റ്റൽ ആരംഭിക്കുക. അതുവരെ സ്ഥാപനത്തിനടുത്ത് താമസിച്ചു പഠിക്കുന്നതിന് ധനസഹായം നൽകുക.
- കമ്പ്യൂട്ടർ പരിശീലനം പത്താംക്ലാസ്സ് പാസ്സായ എല്ലാവർക്കും നൽകുവാനുള്ള പദ്ധതികൾ ഉദാ: അക്ഷയ കേന്ദ്രം വഴി കമ്പ്യൂട്ടർ പരിശീലനത്തോടൊപ്പം തൊഴിൽ, പരിശീലനങ്ങളും നൽകുക. ഊരിൽ വിദ്യാഭ്യാസം ലഭിച്ചവർക്കായി അക്ഷയ കേന്ദ്രങ്ങളിലൂടെ പ്ലേസ്മെൻറ് വഴി തൊഴിൽ ലഭ്യമാക്കുന്നതിന് പഞ്ചായത്തിന്റെ സേവനം ലഭ്യമാക്കുക.

- സങ്കേതങ്ങളിൽ ലഹരിപദാർത്ഥങ്ങളുടെ ലഭ്യത നിയന്ത്രിക്കണം. ബോധവത്ക്കരണ സൗകര്യം ഏർപ്പെടുത്തണം
- വ്യാജവാറ്റുകൾക്കെതിരെ പഞ്ചായത്ത് കുടുംബശ്രീ, സി.ഡി.എസ്. മുഖേന നടപടിയെടുക്കണം.
- കരിയർ ഗൈഡൻസ് ക്ലാസ്സ് സാമൂഹ്യ ക്ഷേമ വകുപ്പിന്റെ സഹകരണത്തോടെ നടത്തി (ഐ.സി.ഡി.എസ്. വഴി) ഒപ്പം വിവിധ സ്കോളർഷിപ്പുകളെ കുറിച്ചും, സേവനങ്ങളും ക്ലാസ്സിൽ ഉൾപ്പെടുത്തി ഉന്നത പഠനത്തെ കുറിച്ചും, കോഴ്സുകൾ നടത്തുന്ന സ്ഥാപനങ്ങളെ പറ്റിയുള്ള ബോധവത്ക്കരണ ക്ലാസ്സ് പഞ്ചായത്തിന്റെ സഹായത്തോടെ നടപ്പിൽ വരുത്തുക. ഉന്നത പഠനം നടത്തുന്ന വിദ്യാർത്ഥികൾക്ക് സൗജന്യമായി ലാപ്ടോപ്പ് നൽകുക. മേശ, കസേര, എന്നിവ നൽകുക അവകാശപ്പെട്ട വിദ്യാഭ്യാസാനുകൂല്യം അവരിൽ എത്തിക്കാൻ നടപടി സ്വീകരിക്കുക. താമസിച്ച പഠിക്കുന്നതിന് സഹായം നൽകുക.
- ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് ഇംഗ്ലീഷ് ട്യൂഷൻ നൽകുക. ഊരിലെ കൗമാരപ്രായക്കാരായ കുട്ടികളുടെ ക്ലബ്ബുകൾ രൂപീകരിച്ചുകൊണ്ട് (അഡോൾസെന്റ് ക്ലബ്ബ്) ഇംഗ്ലീഷ് ഭാഷയിൽ പ്രാവീണ്യം നേടുന്നതിന് പ്രായോഗിക ക്ലാസ്സുകൾ ഊരിൽ തന്നെ നൽകുക.
- പഠനവീട് എല്ലാ സങ്കേതങ്ങളിലും ആരംഭിക്കുക. പ്രോത്സാഹനത്തിന് ഓരോ മാസവും ബോധവത്ക്കരണ ക്ലാസ്സുകൾ നടത്തുക.
- കംപ്യൂട്ടർ നൽകുക, സംസ്കാരിക നിലയങ്ങൾ വഴി, കസേര-മേശ എന്നിവ നൽകുക.
- ഉന്നത വിദ്യാഭ്യാസം ഉള്ള അദ്ധ്യാപകരെ ഊരിൽ അയച്ച് ബോധവത്ക്കരണം നൽകുക.
- പഠന ഉപകരണം വാങ്ങുന്നതിനുള്ള പ്രോജക്ട് നടപ്പിലാക്കുക.
- ഊരുകളിലെ മാതാപിതാക്കൾക്ക് പ്രത്യേക ബോധവൽക്കരണ ക്ലാസ്സ് നടത്തുക.
- പതിമ്മൂന്നാം പദ്ധതിയിൽ ഉപരിപഠനത്തിന് പ്രത്യേക പ്രോജക്ടുകൾ തയ്യാറാക്കി നടപ്പിലാക്കുക.
- തൊഴിൽവാർത്ത/ തൊഴിൽവീഥി പോലുള്ള പ്രസിദ്ധീകരണങ്ങൾ സങ്കേതങ്ങളിൽ ലഭ്യമാക്കുക.
- പി.എസ്.സി. പരിശീലനം, കമ്പ്യൂട്ടർ ടൈയിനിംഗ്, മറ്റ് ടൈയിനിംഗ് എന്നിവ നൽകുന്നതിന് ധനസഹായം നൽകുക
- സങ്കേതങ്ങളിൽ വിദ്യാസമ്പന്നരായ കുട്ടികളെ കണ്ടെത്തി ആ സങ്കേതത്തിലെ നിരക്ഷരത ഒഴിവാക്കുന്നതിന് പഠിപ്പിക്കുന്ന കുട്ടികൾക്ക് ഓണറേറിയം ഉൾപ്പെടുത്തി കൊടുക്കാൻ പഞ്ചായത്തിൽ സമ്മർദ്ദം ചെലുത്തുക.
- 4, 7, 10, +2 തുല്യതാ പരീക്ഷ എഴുതന്നതിന് നടപടികൾ ആരംഭിക്കുക. 18 മുതൽ 44 വയസ്സ് വരെയുള്ളവരെ ഇതിന് ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുക.
- പഞ്ചായത്ത് മുഖാന്തിരം ശക്തമായ ഇടപെടലുകൾ നടത്തി ഗുണമേന്മയുള്ള പ്രാഥമിക വിദ്യാഭ്യാസം ഉറപ്പുവരുത്തുക.
- ട്യൂഷൻ നൽകുന്നത് മൂലം പഠന നിലവാരം കൂട്ടാൻ സാധിക്കും
- സങ്കേതങ്ങളിൽ ഇൻറർനെറ്റ് അടക്കമുള്ള ട്യൂഷൻ സെൻറർ തുടങ്ങുക

- സെക്കൻററി വിദ്യാഭ്യാസം ലഭിക്കാനുള്ള കുട്ടികളെ കണ്ടെത്തി അവരെ തുടർന്ന് പഠിപ്പിക്കാനുള്ള നടപടി സ്വീകരിക്കുന്നതിന് പഞ്ചായത്ത് തലത്തിൽ നിന്നും ഡിപ്പാർട്ട്മെൻറിലേയ്ക്ക് ശുപാർശ ചെയ്യുക.
- തോൽക്കുന്ന വിഷയങ്ങൾ വീണ്ടും എഴുതുന്നതിന് പരീക്ഷാ ഫീസ് നൽകുക.
- പഠനം നിർത്തിയവരെ കണ്ടെത്തി തുടർന്ന് പഠിക്കാൻ പ്രോത്സാഹിപ്പിക്കുക
- ഉന്നത വിദ്യാഭ്യാസ സൗകര്യം ചെയ്തുകൊടുക്കുക.
- ഉയർന്നവിദ്യാഭ്യാസത്തിൽ പ്രവേശനം ലഭിക്കുന്നവർക്ക് സ്ഥാപനത്തിനടുത്ത് മതിയായ ഹോസ്റ്റൽ സൗകര്യവും ലഭ്യമാക്കുക. ട്യൂഷൻ ഫീസ്, എക്സാം ഫീസ് നൽകുക.
- ഉപജീവന മാർഗ്ഗ ഉപാധികൾ കണ്ടെത്താനുള്ള പ്രോജക്ടുകൾ വിദഗ്ധരുടെ സഹായത്തോടെ ആവിഷ്കരിക്കുക.
- വിദ്യാഭ്യാസ പരിപാടികളുടെ എല്ലാ പ്രവർത്തനങ്ങളും നിരന്തരമായി പരിശോധിച്ച് അപ്പോൾ പരിഹാരം കാണുവാനുള്ള മോണിറ്ററിംഗ് സംവിധാനം ഒരുക്കുക.
- പാരമ്പര്യ കൃഷി പരമ്പരാഗത തൊഴിൽ പ്രോത്സാഹിപ്പിക്കുക, വരുമാനം ലഭിക്കാനുള്ള മാർഗ്ഗങ്ങൾ/പദ്ധതികൾ തയ്യാറാക്കുക.
- തരിശായ ഭൂമി പഞ്ചായത്ത് തലത്തിൽ ഏറ്റെടുത്ത് കുടുംബശ്രീ മുഖേന കൃഷി പ്രോത്സാഹിപ്പിക്കണം.
- ഫോട്ടോ എടുപ്പിക്കാനും തൊഴിൽ കാർഡുകൾ കൊടുക്കാനും പ്രാദേശികമായി തൊഴിൽ കണ്ടെത്താനും നടപടി സ്വീകരിക്കുക. റിവോൾവീംഗ് ഫണ്ട് രൂപീകരിച്ച് കൂലി വിതരണത്തിലെ കാലതാമസം ലഘൂകരിക്കുക.
- പഞ്ചായത്ത് വിദ്യാഭാസ സമിതി ഊർജിതമാക്കണം
- സാദ്ധ്യതയുള്ള മേഖലകളിൽ തൊഴിൽ പരിശീലനം നൽകി തൊഴിൽ ഉറപ്പാക്കണം. സ്വയം തൊഴിൽ ചെയ്യുന്നതിന് വേണ്ടുന്ന സഹായം അനുവദിക്കുക, അത്തരം സംരഭങ്ങളുടെ സ്ഥായിയായ പ്രവർത്തനം ഉറപ്പാക്കുക.
- കൈത്തൊഴിൽ ചെയ്യുന്നതിന് വേണ്ടുന്ന സഹായം അനുവദിക്കുക.
- നിലവിലുള്ള കൃഷിഭൂമി കൃഷിക്ക് അനുയോജ്യമാക്കുന്നതിനുള്ള നടപടി
- അനുയോജ്യമായ ചെറുകിട വ്യവസായങ്ങൾ കണ്ടെത്തുന്നതിന് വ്യവസായ വകുപ്പ് മുഖേന നടപടി സ്വീകരിക്കുക. സംരംഭകത്വം പട്ടികവർഗ്ഗക്കാർക്കിടയിൽ വളർത്തിയെടുക്കുക. ഇതിലേക്കാവശ്യമായ പരിശീലനം നൽകുക
- വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തി പലവിധത്തിലുള്ള തൊഴിൽ പരിശീലനങ്ങൾക്ക് ഫണ്ട് വകയിരുത്തുക.
- ചെറുകിട വ്യവസായ സംരംഭങ്ങൾ പ്രോൽസാഹിപ്പിക്കുക. പട്ടികവർഗ്ഗ സമൂഹത്തിലെ സഹകരണ സ്ഥാപനങ്ങളുടെ സ്വാധീനം വർദ്ധിപ്പിക്കുക. വ്യവസായ സംരംഭങ്ങൾ ഇതിൽ കൂടി ആവിഷ്കരിക്കുക.
- തൊഴിൽ പരിശീലന പരിപാടികൾ പ്രോൽസാഹിപ്പിക്കുക
- വിദ്യാസമ്പന്നരായവർക്ക് മത്സരപരീക്ഷകൾക്കു പരിശീലനം നേടുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുക.

- ശാരീരിക വൈകല്യമുള്ള ദുരിതമനുഭവിക്കുന്നവർക്ക് അവരുടെ താൽപര്യപ്രകാരമുള്ള തൊഴിൽ സംരംഭങ്ങൾ തുടങ്ങുക. പദ്ധതി രൂപീകരണത്തിൽ ഇവർക്ക് അർഹമായ പരിഗണന നൽകുക.
- പെൺകുട്ടികളുടെ കൂട്ടായ്മ സംഘടിപ്പിക്കുക.
- ഊരിലെ എല്ലാവർക്കും തൊഴിലുറപ്പ് കാർഡ് നൽകുകയും തൊഴിൽ കൊടുക്കുകയും ചെയ്യുക.
- ലേബർ ബാങ്ക് ഉണ്ടാക്കി സീസണൽ കലണ്ടർ പ്രകാരം തൊഴിൽ ഉള്ള ദിനങ്ങൾ ക്രമീകരിക്കേണ്ടതും ജോലിക്ക് നിയോഗിക്കേണ്ടതുമാണ്.
- എംപ്ലോയ്മെൻറ് ന്യൂസ്, സങ്കേതങ്ങളിൽ പി.എസ്.സി.ബുള്ളറ്റിൻ, തൊഴിൽവാർത്ത, തൊഴിൽ വീഥി, ഇവ ലഭ്യമാക്കുക.
- വിദ്യാർത്ഥികൾക്ക് തൊഴിൽ നേടുന്നതിനു സൗകര്യം ഏർപ്പെടുത്തുക.
- തൊഴിൽ സംരഭകർക്കു വിശേഷിച്ച് സ്റ്റാർട്ട് അപ്പ് സംരഭകർക്കും വായ്പാസൗകര്യം ലഭ്യമാക്കുക
- യൂത്ത്ക്ലബുകൾ രൂപീകരിക്കുക, അവയുടെ പ്രവർത്തനത്തിന് പ്രോത്സാഹനം നൽകുക, തോഴിൽ നേടാനുള്ള അവബോധം നൽകുക.
- മദ്യവും ലഹരി പദാർത്ഥങ്ങളും വിപണനം നടത്തുന്നതിനെതിരെ നടപടി സ്വീകരിക്കുക
- വിദേശജോലിക്ക് ആവശ്യമായ ധനസഹായം നൽകുക
- സ്വയം തൊഴിൽ സംരംഭങ്ങൾക്ക് ആവശ്യമായ ധനസഹായം അനുവദിക്കുക
- പി.എസ്.സി കോച്ചിംഗ്, എല്ലാ മത്സര പരീക്ഷകൾക്കുമുള്ള പരിശീലനം വ്യാപകമാക്കുക
- വിദേശജോലിക്കായി നടത്തുന്ന ഇൻറ്റർവ്യൂകളിൽ പട്ടികവർഗ്ഗക്കാരെ ഉൾപ്പെടുത്താൻ സഹായകമായ പ്രവർത്തനം നടപ്പിലാക്കുക.
- വിദ്യാഭ്യാസത്തിനുവേണ്ടി പുതിയ തൊഴിൽ മേഖലകളിൽ പരിശീലനം നൽകുക
- ക്ഷീര കർഷകർക്ക് തീറ്റപുല്ല്, കൃഷി തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുക.
- ഉയർന്ന വിദ്യാഭ്യാസമുള്ള വിദ്യാർത്ഥികളെ വിദേശത്ത് അയയ്ക്കാനുള്ള നടപടികൾ സ്വീകരിക്കുക
- ട്യൂഷൻ സെൻറർ എസ്.റ്റി. ഊരുകളിൽ അനുവദിക്കുക
- വിദ്യാഭ്യാസമില്ലാത്ത രക്ഷിതാക്കൾക്ക് ബോധവൽക്കരണം നൽകുക.
- തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി കാർഷിക മേഖലയിൽ കർഷകർക്ക് ആവശ്യമായ പണികൾ ചെയ്യുക.
- പഞ്ചായത്ത് തലത്തിൽ ഭവന നിർമ്മാണ കമ്മറ്റി രൂപീകരിയ്ക്കണം.
- പഞ്ചായത്ത് മെമ്പറുടെ സാന്നിദ്ധ്യത്തിൽ റവന്യൂ ഉദ്യോഗസ്ഥരുടെ സഹായം ഉറപ്പു വരുത്തി ഭൂമി കണ്ടെത്തുക
- ഭൂമിയില്ലാത്ത കുടുംബങ്ങൾക്ക് ഭൂമി കണ്ടെത്താനും വാങ്ങുന്നതിനുമുള്ള ക്രമീകരണങ്ങൾ ചെയ്യു നൽകുക
- പട്ടികവർഗ്ഗ സങ്കേതങ്ങളിലെ വികസന പ്രവർത്തനങ്ങൾ ഊരുകൂട്ട സമിതികൾ സംഘടിപ്പിച്ച് അവർ മുഖേന നടപ്പിലാക്കുക

- ഗുണമേന്മയുള്ള സാധന സാമഗ്രികൾ, പഞ്ചായത്തിൽ നിന്ന് കൊടുക്കാനുള്ള സംവിധാനം ഏർപ്പെടുത്തുക.
- മെയിന്റനൻസ് തുക വർദ്ധിപ്പിച്ച് അർഹതപ്പെട്ടവർക്ക് നൽകുക.
- യാത്രക്ലേശമുള്ള സങ്കേതങ്ങളിൽ വീട് നിർമ്മാണത്തിന് കൂടുതൽ തുക അനുവദിക്കുക.
- നിർമ്മാണപ്രവൃത്തിയിൽ താല്പര്യമുള്ള പട്ടികവർഗ്ഗക്കാർക്ക് പരിശീലനം നൽകി നിർമ്മാണ പ്രവർത്തനം അവർ മുഖേന നിർവഹിക്കുക.
- ജീർണ്ണാവസ്ഥയിലുള്ള വീടുള്ളവർക്ക് പകരം പുതിയ വീടുകൾ നൽകുക. എല്ലാവീടുകളിലും അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുവരുത്തുക.
- വീട് നിർമ്മാണത്തിൽ കക്കൂസിനായി പ്രത്യേക പ്ലാൻ തയ്യാറാക്കുക
- ടൈബൽ ഡിപ്പാർട്ട്മെന്റിന്റെ തുക വർദ്ധിപ്പിയ്ക്കുക.
- ജലസേചനസൗകര്യം ഏർപ്പെടുത്തുകയും ഉപയോഗത്തിന് ബോധവൽക്കരണം നടത്തുകയും വേണം
- ഫണ്ട് വർദ്ധനവ് വരുത്തുക. മെച്ചപ്പെട്ട നിലയിൽ സുരക്ഷിതമായി സംരക്ഷിക്കാൻ നടപടി എടുക്കുക.
- വയോജനങ്ങളുടെ സംരക്ഷണവും സുരക്ഷിതത്വവും ഉറപ്പാക്കണം
- ഗ്രാമപഞ്ചായത്തുകൾ എസ്.റ്റി. പ്രൊമോട്ടർമാർ മുഖേന നടപടി സ്വീകരിക്കണം
- അർഹതയുള്ളവരുടെ പട്ടിക അടിയന്തിരമായി തയ്യാറാക്കി ബന്ധപ്പെട്ട ഗ്രാപഞ്ചായത്ത് മുഖേന സാമൂഹ്യ സുരക്ഷിതത്വ പെൻഷനുകൾ സമയബന്ധിതമായി അനുവദിക്കണം.

## വനിതാ വികസനം

- ഗർഭിണികളായ സ്ത്രീകൾക്ക് പ്രത്യേക പരിചരണ സൌകര്യം ഏർപ്പെടുത്തുക
- വിദഗ്ദരായ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുക
- കുമാരി ക്ലബ്ബുകൾ വഴി കൗമാരക്കാരായ പെൺകുട്ടികളുടെ ശാരീരികവും മാനസികവുമായ വളർച്ചയ്ക്ക് ഉതകുന്ന പ്രവർത്തനങ്ങളും ബോധവത്ക്കരണ ക്ലാസ്സുകളും സംഘടിപ്പിക്കാവുന്നതാണ്.
- വനിതകളുടെ സംഘങ്ങൾ പാലിയേറ്റീവ് പ്രവർത്തനങ്ങളിൽ ഏർപ്പെടുക.
- ഗ്രാമങ്ങളിൽ വാർഡുകൾ തോറും ഹെൽത്ത് സെന്ററുകൾ നിർമ്മിക്കുകയും സ്ത്രീകൾക്ക് സൌജന്യ ചികിത്സ നല്കുകയും വേണം.
- സ്ത്രീകൾക്കായി യോഗാ പരിശീലന ക്ലാസ്സുകളും തുടർ പ്രവർത്തനങ്ങളും നടത്തുക
- കുടുംബ പ്രശ്നങ്ങൾക്ക് തീർപ്പ് കല്പിക്കുവാൻ സൌജന്യ കൗൺസിലിംഗ് സംവിധാനം ഒരുക്കുക.
- വനിതകളിൽ കാണുന്ന രോഗങ്ങളും, ജീവിത ശൈലി രോഗങ്ങളും ഉണ്ടാകാതിരിക്കുവാനുള്ള അവബോധം ജനിപ്പിക്കുന്ന ക്ലാസ്സുകൾ സംഘടിപ്പിക്കുക.

- പെൺകുട്ടികൾക്ക് പരിസ്ഥിതിശാസ്ത്രം, ശുചിത്വം, ലഹരിമരുന്നുകളുടെ ദുരുപയോഗവും വിപത്തും, ലിംഗ സമത്വം അവകാശങ്ങളും കടമകളും എന്നിവയെക്കുറിച്ച് ബോധവത്ക്കരണം നടത്തുക.
- സൌജന്യ പ്രാഥമിക വിദ്യാഭ്യാസം സർക്കാർ ഉറപ്പ് നല്കുന്നുണ്ടെങ്കിലും, എസ്.സി./ എസ്.റ്റി. വിഭാഗത്തിലും, കാർഷിക, മത്സ്യമേഖലയിലും പെൺകുട്ടികൾക്ക് ധനസഹായവും പ്രോത്സാഹനവും നല്കി അവരെ ഉപരിപഠനത്തിലേയ്ക്ക് നയിക്കുന്ന പദ്ധതികൾ.
- തുടർ സാക്ഷരതാ പരിപാടിയിൽ സ്ത്രീകളെ നിർബന്ധമായും പങ്കെടുപ്പിക്കുക.
- ആക്രമണങ്ങളെ എതിർക്കുവാൻ സജ്ജരാക്കുന്നതിന് കരാട്ടെ ക്ലാസ്സുകൾ സംഘടിപ്പിക്കുക.
- കൌമാരക്കാരുടെ മനസ്സിനും ശരീരത്തിനും സംയമനവും ആരോഗ്യ രക്ഷയ്ക്കുമായി യോഗ ക്ലാസ്സുകൾ നടത്തുക.
- കൌമാരക്കാരായ പെൺകുട്ടികൾക്ക് പഞ്ചായത്തുതലത്തിൽ കൌൺസിലിംങ് സംവിധാനം.
- പരമ്പരാഗത തൊഴിലുകളെ പ്രോത്സാഹിപ്പിക്കുക.
- കുടുംബശ്രീ യൂണിറ്റുകളെയും വനിതാ സ്വയംസഹായ സംഘങ്ങളെയും പരിശീലനം നല്കി തൊഴിൽ ചെയ്യാൻ പ്രോത്സാഹിപ്പിക്കുക.
- വനിത ഗ്രൂപ്പുകൾക്ക് ബാങ്ക് ലോൺ ലഭ്യമാക്കുന്നതിന് ആവശ്യമായ സഹായങ്ങൾ നല്കുക
- സ്വയംതൊഴിൽ ചെയ്യുന്ന വനിതാ ഗ്രൂപ്പുകൾക്ക് അസംസ്കൃത സാധനങ്ങൾ സർക്കാർ ഇടപെട്ട് കുറഞ്ഞ നിരക്കിൽ നല്കുക.
- ദേശീയ ഗ്രാമീണ തൊഴിലുറപ്പ പദ്ധതിയിൽ എല്ലാ വനിതകളും രജിസ്റ്റർ ചെയ്യുന്നതിനുള്ള പഞ്ചായത്ത്തല സംവിധാനം ഉണ്ടാക്കുന്നതിലൂടെ അവർക്ക് നിശ്ചിത ദിവസങ്ങളിൽ തൊഴിൽ ലഭിക്കുകയും വേതനവും മറ്റ് ഗവ. ആനുകൂല്യങ്ങളും ലഭിക്കുകയും ചെയ്യുന്നു.
- സാമൂഹ്യ നീതി വകുപ്പും, ദേശീയ ഗ്രാമീണ തൊഴിലുറപ്പ പദ്ധതിയും പഞ്ചായത്ത് വിഹിതവും ചേർത്ത് മാതൃകാ അംഗൻവാടികൾ നിർമ്മിക്കാവുന്നതാണ്.
- സ്വയംസഹായ സംഘങ്ങൾക്കും, കുടുംബശ്രീ യൂണിറ്റുകൾക്കും ധനസഹായം നല്കി സ്വയം തൊഴിലിനെ പ്രോത്സാഹിപ്പിക്കുക.
- വനിതാ ഗ്രൂപ്പുകളുടെ ഉത്പന്നങ്ങൾക്ക് ജില്ലാതലത്തിൽ വിപണന കേന്ദ്രം സ്ഥാപിക്കുന്നതിന് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ മുൻകൈ എടുക്കുക.
- വിഷരഹിത പച്ചക്കറികൾ വീട്ടിൽ തന്നെ ഉണ്ടാക്കുവാൻ ആവശ്യമായ സഹായങ്ങൾ വനിത ഗ്രൂപ്പുകൾക്ക് നല്കുക.
- വിധവകളുടെയും ഭർത്താവിനാൽ ഉപേക്ഷിക്കപ്പെട്ടവരുടെയും ഗ്രൂപ്പുകൾ ഉണ്ടാക്കി അവർക്ക് വരുമാന ദായകമായ സ്വയം തൊഴിൽ സംരംഭം നടത്തുന്നതിന് ധനസഹായവും ബാങ്ക് ലോണും നല്കുക.
- സാമൂഹിക വിപത്തായ പ്ലാസ്റ്റിക്ക് വേയ്സ്റ്റ്, ഇ - വേയ്സ്റ്റ് എന്നിവ ശേഖരിച്ച് സംസ്കരണ യൂണിറ്റിൽ എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

- വനിതളുടെ ഗ്രൂപ്പുകൾക്ക് പരിശീലനം നല്കി കയർ റാട്ട് യൂണിറ്റ്, കേറ്ററിംഗ് യൂണിറ്റ് തുടങ്ങിയ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ധനസഹായം നല്കുക.
- വിവരാവകാശം, സേവനാവകാശം എന്നിവയെക്കുറിച്ച് വ്യക്തമായ ഒരു കാഴ്ചപ്പാട് വനിതകൾക്കു നല്കുക. ഇതിനായി ജില്ലാതല ക്ലാസ്സുകൾ സംഘടിപ്പിക്കുക.
- സ്ത്രീകൾക്കെതിരെയുള്ള ആക്രമണങ്ങളെക്കുറിച്ച് അവരെ ബോധവാന്മാരാക്കുക
- സ്ത്രീകളുടെ കായിക ശേഷി വർദ്ധിപ്പിക്കുന്നതിനാവശ്യമായ സമീപനം.
- സ്ത്രീകളുടെ അവകാശങ്ങളെയും നിയമങ്ങളെയുംക്കുറിച്ച് ബോധവതികളാകുക.
- പ്രാദേശിക ആസൂത്രണ പ്രക്രിയയിൽ സ്ത്രീപങ്കാളിത്വം വർദ്ധിപ്പിക്കുക.
- ബ്ലോക്കുകളിൽ കുടുംബശ്രീ നടത്തുന്ന ജന്റർറിസോഴ്സ് സെന്ററുകൾ ശക്തിപ്പെടുത്തുക.
- അംങ്കണവാടികൾ കേന്ദ്രീകരിച്ചുള്ള കൗമാര ക്ലബ്ബുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തി കൗൺസിലിംഗും ബോധവത്ക്കരണ ക്ലാസ്സുകളും നടപ്പിലാക്കുക.
- സ്ത്രീകളുടെ ശാരീരികവും മാനസികവുമായ സുസ്ഥിതി നിലനിർത്തുന്ന പ്രവർത്തനങ്ങൾ നടത്തുക.
- പൊതു ഇടങ്ങളിലും സ്ഥാപനങ്ങളിലും ഉള്ള പ്രാഥമികാവശ്യ നിർവ്വഹണ സംവിധാനങ്ങളെ പ്രവർത്തനക്ഷമമാക്കി സ്ത്രീ സൗഹൃദപരമാക്കുക
- വികസന പ്രക്രിയയിൽ വനിതകളെ തുല്യപങ്കാളികളാക്കുക.
- സ്ത്രീകൾക്കെതിരെ വർദ്ധിച്ചുവരുന്ന അക്രമങ്ങൾ, കൊലപാതകങ്ങൾ, പീഡനങ്ങൾ, വിവേചനങ്ങൾ മുതലായവ നേരിടുന്നതു സംബന്ധിച്ച് പ്രചാരണ പരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്.
- സ്ത്രീകളുടെ തനതായ ആവശ്യങ്ങൾ പരിഗണിക്കുന്ന പദ്ധതികൾ ആവശ്യമാണ്.
- സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങളെ ചെറുക്കുന്നതിനാവശ്യമായ പദ്ധതികൾ.
- സ്ത്രീ പദവി ഉയർത്തുന്നതിന് വനിതക്ഷേമത്തിനുള്ള പദ്ധതികൾ നടപ്പിലാക്കുക.
- സ്ത്രീ സുരക്ഷ ഉറപ്പാക്കുന്ന പദ്ധതികൾ.
- തൊഴിൽ ഉറപ്പുവരുത്തുകയും സാമ്പത്തികശേഷി വർദ്ധിപ്പിക്കുകയും ചെയ്യുന്ന പദ്ധതികൾ.
- വികസന പ്രവർത്തനങ്ങളിൽ സ്ത്രീപങ്കാളിത്തം ഉറപ്പാക്കുവാൻ ആവശ്യമായ പദ്ധതികൾ.
- ഭരണഘടനയിൽ അനുശാസിക്കുന്നതുപോലെ സ്ത്രീപുരുഷ സമത്വവും, അവസരസമത്വവും, ലിംഗനീതിയും ഉറപ്പാക്കുന്ന പദ്ധതികൾ
- വനിതകൾ കുടുംബനാഥയായിട്ടുള്ള കുടുംബങ്ങൾക്കും, വിധവകൾക്കും, പാർശ്വവത്ക്കരിക്കപ്പെട്ട ജനവിഭാഗങ്ങൾക്കും പ്രാധാന്യം നല്കുന്ന പദ്ധതികൾ
- സ്ത്രീ പദവി ഉയർത്തുന്നതിനുള്ള നിയമങ്ങളെക്കുറിച്ച് അവരെ ബോധവാന്മാരാക്കുക
- ഡിസ്ട്രിക്ട് പഞ്ചായത്ത് ജൻഡർ പാർക്കിൽ വനിതാ ഹോസ്റ്റൽ ആരംഭിക്കുക.
- സ്ത്രീ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി വനിതകൾക്കായി ഷോർട്ട് ഹോം സ്റ്റേ സംവിധാനം നടപ്പിലാക്കുക.

- തൊഴിൽ ചെയ്യുന്ന വനിതകൾ കൂടുതലുള്ള ഇടങ്ങളിൽ കുട്ടികളുടെ സംരക്ഷണത്തിനായി ഡെകെയർ സംവിധാനം നടപ്പിലാക്കുക.
- വനിതകൾക്കായി സൌജന്യ രോഗനിർണ്ണയ ക്യാമ്പുകൾ നടത്തുക.

## സാമൂഹ്യക്ഷേമം

### a) വയോജനങ്ങൾ

- ശയ്യാവലംബരായ വയോജനങ്ങളെ വീട്ടിലെത്തി പരിചരിക്കാൻ അതാതുസ്ഥലത്തെ തൊഴിൽരഹിതരായ യുവതീയുവാക്കൾക്ക് പരിശീലനം നൽകി ആരോഗ്യവകുപ്പ്, കെ.എസ്. എസ്.എം. സഹകരണത്തോടെ കോഴ്സ് പൂർത്തിയാക്കുന്നവർക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന ഹോംനഴ്സായി നിയമനം നൽകുക.
- വയോമിത്രം പദ്ധതി എല്ലാ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും വ്യാപിപ്പിക്കുക.
- ഒറ്റപ്പെട്ടുകഴിയുന്ന വയോജനങ്ങൾക്ക് അടിയന്തിര സഹായം എത്തിക്കുന്നതിന് വയോമിത്രം പദ്ധതിയുമായി ബന്ധപ്പെടുത്തി എൽഡർലൈൻ നെറ്റ് വർക്ക് ആരംഭിക്കുക.
- സായംപ്രഭ ഹോമുകളുടെ പ്രവർത്തനം എല്ലാ പഞ്ചായത്തുകളിലും ആരംഭിക്കുക.
- എൽ.എസ്. ജി. ഡി., പി. ഡബ്ല്യു. ഡി. സഹായത്തോടെ വയോജന പൊതുസ്ഥലങ്ങൾ വയോജന സൌഹൃദമാക്കുക.
- പഞ്ചായത്തുകളിൽ വയോജനങ്ങൾക്ക് ഹെൽപ്പ്ഡസ്ക് ആരംഭിയ്ക്കുക
- മുതിർന്നപൌരൻമാരുടെ സംഘടനകൾ രൂപീകരിയ്ക്കുന്നതിന് പ്രോത്സാഹിപ്പിയ്ക്കുക.
- പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ സഞ്ചരിയ്ക്കുന്ന ഹെൽത്ത് ക്ലിനിയ്ക്കുകളുടെ സേവനം ലഭ്യമാക്കുക.
- ജില്ലാ - ജനറൽ ആശുപത്രികളിൽ വയോജന ആരോഗ്യ യൂണിറ്റുകൾ ആരംഭിയ്ക്കുക
- താലൂക്ക് ആശുപത്രി തലംവരെ പ്രത്യേക വയോജന വാർഡുകൾ ക്രമീകരിയ്ക്കുക

### b) കുട്ടികൾ

- ശൈശവവിവാഹം തടയുന്നതിനായി വിദ്യാർത്ഥികൾ, മാതാപിതാക്കൾ, അങ്കണവാടി പ്രവർത്തകർ, ആശാവർക്കർമാർ എന്നിവർക്ക് ആരോഗ്യവകുപ്പ്, പോലീസ് എന്നിവർ മുഖേന ബോധവൽക്കരണം നൽകുക.
- കുട്ടികൾക്ക് നേരെയുള്ള ലൈംഗിക ചൂഷണം ലൈംഗികാതിക്രമം എന്നിവ തടയുന്നതിന് ആരോഗ്യം, പോലീസ്, വിദ്യാഭ്യാസം എന്നീ വകുപ്പുകൾ മുഖേന കുട്ടികൾക്ക് ലൈംഗിക വിദ്യാഭ്യാസവും കൌൺസിലിംഗും നൽകുക.
- ലഹരി ഉപയോഗിയ്ക്കുന്ന കുട്ടികളുടെ മാതാപിതാക്കൾക്ക് എക്സൈസ്, പോലീസ് വകുപ്പ മുഖേന ബോധവൽക്കരണക്ലാസ്സുകൾ നൽകുക.

- തൊഴിൽ വകുപ്പ്, വിദ്യാഭ്യാസ വകുപ്പ് എന്നിവയുമായി ചേർന്ന് ഇതര സംസ്ഥാന തൊഴിലാളികളുടെ മക്കൾക്ക് ആവശ്യമായ വിദ്യാഭ്യാസം അടിസ്ഥാന സൌകര്യം എന്നിവ ലഭ്യമാക്കുക.
- അങ്കണവാടികൾ ശിശുസൗഹൃദപരമാക്കുക.
- വിദ്യാഭ്യാസ വകുപ്പ്, എൽ.എസ്.ജി.ഡി. എന്നിവയുമായി ചേർന്ന് അങ്കണവാടി കുട്ടികൾക്ക് മെച്ചപ്പെട്ട പ്രീസ്കൂൾ വിദ്യാഭ്യാസം നൽകുക .
- ആരോഗ്യവകുപ്പുമായി ചേർന്ന് കുട്ടികൾക്കും കൗമാരപ്രായക്കാർക്കും മുലയൂട്ടുന്ന അമ്മമാർക്കും പോഷകാഹാരം നൽകുക.
- ആരോഗ്യവകുപ്പുമായി ചേർന്ന് മുലയൂട്ടൽ ശിശു പരിപാലനം എന്നിവയിൽ അമ്മമാരെ ബോധവത്ക്കരിയ്ക്കുക..
- ആരോഗ്യവകുപ്പുമായി ചേർന്ന് ഗർഭിണികൾക്കു പൂരക പോഷണം ഉറപ്പാക്കുക.
- എൽ.എസ്.ജി.ഡി.യുമായി ചേർന്ന് കൗമാരപ്രായക്കാർക്കും സ്ത്രീകൾക്കും ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്തുന്നതിനായി പോഷകാഹാരം നൽകുക.
- ആരോഗ്യവകുപ്പുമായി ചേർന്ന് റ്റി. റ്റി. കുത്തിവെയ്പും ഫോളിക്കാസിഡും അയൺഗുളികകളും ലഭ്യമാക്കിയെന്ന് ഉറപ്പുവരുത്തുക.
- ആരോഗ്യവകുപ്പുമായി ചേർന്ന് എല്ലാ കൗമാരപ്രായക്കാർക്കും പ്രജനന ആരോഗ്യ സാക്ഷരത നൽകുക.
- എൽ.എസ്.ജി.ഡി.യുമായി ചേർന്ന് അങ്കണവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുക.
- റവന്യൂവകുപ്പ്, എൽ.എസ്.ജി.ഡി. എന്നിവയുമായി ചേർന്ന് അങ്കണവാടി കെട്ടിടനിർമ്മാണത്തിന് പുറംപോക്കുഭൂമി കണ്ടെത്തുക.
- എൽ.എസ്.ജി.ഡി.യുമായി ചേർന്ന് അങ്കണവാടികളുടെ അറ്റകുറ്റപ്പണികൾ നടത്തുക.
- എൽ.എസ്.ജി.ഡി.യുമായി ചേർന്ന് താലൂക്ക് കേന്ദ്രീകരിച്ച് കുട്ടികൾക്കായി വിനോദ കേന്ദ്രം നിർമ്മിയ്ക്കുക.
- എൽ.എസ്.ജി.ഡി.യുമായി ചേർന്ന് അങ്കണവാടികളെ 3ജി അങ്കണവാടികളാക്കുക.
- കൗമാരപ്രായക്കാരായ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും എൽ. എസ്. ജി. ഡി., സ്പോട്സ് എന്നിവയുമായി ചേർന്ന് ആയോധനകലയിലും യോഗാഭ്യാസത്തിനും പദ്ധതി ആവിഷ്കരിച്ചു നടപ്പിലാക്കുക

### c) ഭിന്നശേഷിയുള്ളവർ

- ജില്ലയിലെ എല്ലാ അംഗപരിമിതർക്കും എസ്. ഐ. ഡി., ആരോഗ്യവകുപ്പ മുഖേന യു. ഡി. ഐ. ഡി., മെഡിക്കൽ ഡിസബിലിറ്റി സർട്ടിഫിക്കറ്റ് എന്നിവ ലഭ്യമാക്കുക.
- അംഗപരിമിതർക്കുള്ള പദ്ധതി തയ്യാറാക്കുമ്പോൾ 22 വിഭാഗം അംഗപരിമിതരെയും ഉൾപ്പെടുത്തുക.
- ആരോഗ്യവകുപ്പ്, എസ്. ഐ. ഡി., വികലാംഗക്ഷേമ കോർപ്പറേഷൻ എന്നിവയുമായി ചേർന്ന് ആവശ്യമുള്ള എല്ലാ അംഗപരിമിതർക്കും സഹായ ഉപകരണങ്ങൾ ലഭ്യമാക്കുക.

- എൽ. എസ്. ജി. ഡി. യുമായി ചേർന്ന് സഹായ ഉപകരണങ്ങൾ ആവശ്യമുള്ള എല്ലാ അംഗപരിമിതരുടേയും ഡാറ്റാ ബാങ്ക് പഞ്ചായത്ത് തലത്തിൽ തയ്യാറാക്കുക.
- കൂടുതൽ വൈകല്യമുള്ളവർക്ക് മുൻഗണന നൽകുക.
- തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുമായി ചേർന്ന് എല്ലാ പഞ്ചായത്തുകളും, മുനിസിപ്പാലിറ്റികളും ബഡ്സ് സ്കൂളും, ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററും ആരംഭിക്കുക.
- LSGD, PWD എന്നിവയുമായി ചേർന്ന് പൊതു ഇടങ്ങൾ അംഗപരിമിത സൌഹൃദമാക്കുക.
- നാഷണൽ ട്രസ്റ്റ് ആക്ടിന്റെ പരിധിയിൽ വരുന്ന എല്ലാ അംഗപരിമിതർക്കും ലീഗൽ ഗാർഡിയൻഷിപ്പ് സർട്ടിഫിക്കറ്റ് ലഭ്യമാക്കുക.
- തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ, കുടുംബശ്രീ, ജില്ലാ എംപ്ലോയ്മെന്റ് ഓഫീസ് എന്നിവ മുഖേന തൊഴിൽ ഇല്ലാത്ത എല്ലാ അംഗപരിമിതർക്കും സ്വയംതൊഴിൽ പദ്ധതി ആവിഷ്കരിയ്ക്കുക.
- ആരോഗ്യവകുപ്പ്, എസ്. ഐ. ഡി. എന്നിവയുമായി ചേർന്ന് ഡിസ്ട്രിക് ഏർളി ഇന്റർവെൻഷൻ സെന്ററിലേയ്ക്ക് കുട്ടികളെ എത്തിയ്ക്കുന്നതിനുവേണ്ടിയുള്ള ബോധവൽക്കരണ പരിപാടി.
- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് സ്പെഷ്യൽ അങ്കണവാടികൾ തുടങ്ങുക.

### d) ഭിന്നലിംഗക്കാർ

- ഗ്രാമവികസനം, കുടുംബശ്രീ, എൽ. എസ്. ജി. ഡി. സഹായത്തോടെ ഹൌസിംഗ് പദ്ധതിയിൽ ട്രാൻസ്ജൻഡേഴ്സിന് മുൻഗണന നൽകുക.
- പോലീസ്, അദ്ധ്യാപകർ, വിദ്യാർത്ഥികൾ, വീട്ടുകാർ എന്നിവർക്ക് ബോധവൽക്കരണം നൽകുക.
- എൽ. എസ്. ജി. ഡി./ പി .ഡബ്ല്യു. ഡി. സഹായത്തോടെ ട്രാൻസ്ജൻഡേഴ്സിന് പ്രത്യേക ടോയ് ലറ്റ് സൌകര്യം ഏർപ്പെടുത്തുക.
- കുടുംബശ്രീയുടെ സഹായത്തോടെ എല്ലാ പഞ്ചായത്തുകളിലും, മുനിസിപ്പാലിറ്റികളിലും ട്രാൻസ്ജൻഡേഴ്സ് വിഭാഗത്തിനുവേണ്ടി പ്രത്യേക സ്വയം സഹായ ഗ്രൂപ്പുകൾ ആരംഭിയ്ക്കുക.
- ആരോഗ്യവകുപ്പിന്റെ സഹായത്തോടെ ട്രാൻസ്ജൻഡേഴ്സിന് കൌൺസിലിംഗ് ഏർപ്പെടുത്തുക.

### e) ജയിൽമോചിതരും കുടുംബാംഗങ്ങളും

- ജയിൽമോചിതരായ കുറ്റവാളികൾക്ക് പുനരധിവാസത്തിന് ധനസഹായം നൽകുക
- തടവുകാരുടെ മക്കൾക്ക് വിദ്യാഭ്യാസ ധനസഹായം നൽകുക.
- ജയിലിൽ കഴിയുന്നവരുടെ ആശ്രിതർക്ക് (ഭാര്യ / മക്കൾ) സ്വയം തൊഴിൽ കണ്ടെത്തുന്നതിന് ധനസഹായം നൽകുക.

# സമന്വയ/സംയോജന സാധ്യതകൾ

ജനകീയാസൂത്രണ പ്രക്രിയ ആരംഭിച്ചതിനുശേഷം സാമൂഹ്യനീതിക്കും സാമ്പത്തിക വികസനത്തിനും വേണ്ടിയുള്ള നിരവധി പദ്ധതികൾ തദ്ദേശഭരണ സ്ഥാപനങ്ങളും വിവിധ വകുപ്പുകളും നടപ്പിലാക്കിവരുന്നു. എന്നിരുന്നാലും വിവിധ വകുപ്പുകളുടെ സമന്വയവും ഏകോപനവും ഉറപ്പാക്കി വികസന പ്രവർത്തികൾ നടപ്പാക്കുന്നതിന് വേണ്ടത്ര കഴിയുന്നില്ല എന്നത് പോരായ്മയാണ്. സമഗ്ര വികസനം സാധ്യമാകണമെങ്കിൽ ലഭ്യമാകുന്ന വിഭവങ്ങളെ ഫലപ്രദമായി വിനിയോഗിക്കുകയും ആവർത്തനങ്ങൾ ഒഴിവാക്കി വിവിധ പദ്ധതി പ്രവർത്തനങ്ങളുടെ സമന്വയം പരമാവധി ഉറപ്പാക്കുകയും വേണം. അതുപോലെ വികസന പ്രശ്നങ്ങൾ സംയുക്തമായി പരിഹരിക്കുന്നതിനുള്ള സാധ്യതകൾ പ്രയോജനപ്പെടുത്തുകയും വേണം. ജില്ലാപദ്ധതിയുമായി ബന്ധപ്പെട്ട വിവിധ വിഷയ ഉപസമിതികൾ യോഗം ചേർന്ന് ചർച്ച ചെയ്ത് സംയോജന സാധ്യതകൾ കണ്ടെത്തിയിട്ടുള്ളതാണ്. ആലപ്പുഴ ജില്ലയിലെ വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങളുടെ സംയോജന സാധ്യതയെ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സംയുക്ത പദ്ധതി നിർദ്ദേശങ്ങൾ | നിർദ്ദേശിച്ച വകുപ്പ് | പങ്കാളികളാകുന്ന മറ്റ് വകുപ്പുകൾ/ഏജൻസികൾ/തദ്ദേശഭരണ സ്ഥാപനങ്ങൾ |
|---|---|---|---|
| 1 | സംയോജിത കൃഷി (തെങ്ങ്, കവുങ്ങ്, മത്സ്യം കിടാരി) | കൃഷി | മൃഗസംരക്ഷണം, മത്സ്യബന്ധനം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, കുടുംബശ്രീ |
| 2 | ഒരു നെല്ലും ഒരു മീനും പദ്ധതി | | മത്സ്യബന്ധനം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ |
| 3 | ഔഷധ കൃഷി വ്യാപനം | | ഔഷധി, തദ്ദേശ ഭരണ സ്ഥാപനങ്ങൾ, കുടുംബശ്രീ |
| 4 | കൃഷിയിടങ്ങൾ തരിശ്ശുരഹിതമാക്കൽ/ പുറം ബണ്ടുകൾ ബലപ്പെടുത്തുക | | ജലസേചനം, ഹരിത കേരളം മിഷൻ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, എം.ജി.എൻ.ആർ.ഇ.ജി.എസ്., വനംവകുപ്പ്. |
| 5 | ഉങ്ങ് പോലുള്ള വൃക്ഷങ്ങളുടെ നടീൽ | | വനം വകുപ്പ്, കുടുംബശ്രീ |
| 6 | ചകിരിച്ചോറ് വളമാക്കൽ/ഗ്രോബാഗ് നിറയ്ക്കൽ | | കയർ, കുടുംബശ്രീ, റൂറൽ ഡവലപ്മെന്റ്, എം.ജി.എൻ.ആർ.ഇ. ജി.എസ്. |
| 7 | കാർഷികോത്പന്നങ്ങളിൽ നിന്നും മൂല്യവർദ്ധിത ഉത്പന്ന യൂണിറ്റുകൾ, അഗ്രി ബസാറുകൾ | | വ്യവസായം, കുടുബശ്രീ, മൃഗസംരക്ഷണം , ഹോർട്ടികോർപ്, വിഎഫ്.പി.സി.കെ. |
| 8 | പാടശേഖരങ്ങളിൽ പംമ്പിംഗ് – സൗരോർജ്ജം ഉപയോഗിച്ചകൊണ്ടുള്ള പദ്ധതി | | അനർട്ട്, ധനകാര്യ സ്ഥാപനങ്ങൾ |

| | | | |
|---|---|---|---|
| 9 | നദികളിലെയും തോടുകളിലെയും എക്കൽ നീക്കം ചെയ്ത് നീരൊഴുക്ക് സുഗമമാക്കൽ, എക്കലിനെ വളമാക്കി മാറ്റുക | ജലസേചനം | തദ്ദേശ ഭരണ സ്ഥാപനങ്ങൾ, വ്യവസായം, കൃഷി, ശുചിത്വ മിഷൻ, PCB കുടുംബശ്രീ |
| 10 | ഒരു നെല്ലും ഒരു മീനും പദ്ധതി വ്യാപിപ്പിക്കൽ | | കൃഷി, മത്സ്യബന്ധനം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ |
| 11 | പാടശേഖരങ്ങളുടെ ബണ്ട് ബലപ്പെടുത്തൽ | | കൃഷി, മണ്ണ് ജല സംരക്ഷണം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, വനംവകുപ്പ് |
| 12 | കടലാക്രമണം തടയുന്നതിന് കാറ്റാടി തൈ നട്ടു പിടിപ്പിക്കൽ | | തദ്ദേശഭരണ സ്ഥാപനങ്ങൾ, വനംവകുപ്പ് |
| 13 | വേമ്പനാട്ട് കായലിന്റെ വിസ്തൃതിയും ആഴവും നിർണ്ണയിക്കുന്നതിനുള്ള സർവ്വേ | | വിനോദ സഞ്ചാരം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സർവ്വേ ലാന്റ് റെക്കോഡ്സ് |
| 14 | ജലാശയങ്ങളിലെ പോള മാറ്റി കാലിത്തീറ്റ ആക്കുന്നതിനുള്ള പദ്ധതി | | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, മൃഗസംരക്ഷണം, വ്യവസായം, കൃഷി |
| 15 | പാലങ്ങൾ, ബോട്ടുജെട്ടികൾ എന്നിവയുടെ നിർമ്മാണം | | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, വിനോദസഞ്ചാരം, പൊതുമരാമത്ത്, എസ്.യു.റ്റി.ഡി. |
| 16 | നിലവിലുള്ള കുടിവെള്ള സ്രോതസ്സുകളുടെ സംരക്ഷണം | കുടിവെള്ളം | ശുചിത്വമിഷൻ, എം.ജി.എൻ.ആർ.ഇ.ജി.എസ്, തദ്ദേശഭരണ സ്ഥാപനങ്ങൾ, ജലസേചനം, മലിനീകരണ നിയന്ത്രണ ബോർഡ്, ഗ്രൗണ്ട് വാട്ടർ |
| 17 | ഓരുജലം കയറുന്നത് തടയൽ | | ജലസേചനം (മേജറും മൈനറും), കൃഷി, തദ്ദേശഭരണ സ്ഥാപനങ്ങൾ |
| 18 | ശുദ്ധജലത്തിന്റെ ദുരുപയോഗം കുറയ്ക്കൽ | | തദ്ദേശഭരണ സ്ഥാപനങ്ങൾ, വിദ്യാഭ്യാസം |
| 19 | തുരുത്തുകളിലേക്ക് ശുദ്ധജലം എത്തിക്കൽ | | തദ്ദേശഭരണ സ്ഥാപനങ്ങൾ, കൃഷി, ഊർജ്ജം, ജലസേചനം |
| 20 | തരിശ് പാടശേഖരങ്ങൾ താഴ്ന്ന പ്രദേശങ്ങൾ എന്നിവ ജലസംഭരണികളായും മത്സ്യകൃഷിക്കായും ഉപയോഗിക്കുക | മണ്ണ് ജല സംരക്ഷണം | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, മത്സ്യബന്ധനം, ജലസേചനം, എം.ജി.എൻ.ആർ. ഇ. ജി.എസ്. |
| 21 | പാടശേഖരങ്ങളുടെ ബണ്ട് സംരക്ഷണം (ജിയോ ടെക്സ്റ്റ്/രാമച്ചം) | | കയർ ബോർഡ്, കൃഷി, എം.ജി.എൻ.ആർ.ഇ.ജി.എസ്., വനംവകുപ്പ് |
| 22 | പുൽ കൃഷി | മൃഗസംരക്ഷണം/ ക്ഷീര വികസനം | കൃഷി, കുടുംബശ്രീ തദ്ദേശഭരണ , സ്ഥാപനങ്ങൾ എം.ജി.എൻ.ആർ.ഇ.ജി.എസ്. |
| 23 | കാലിത്തീറ്റ വൃക്ഷവിള | | ജലസേചനം, വനംവകുപ്പ് |

| | | | |
|---|---|---|---|
| 24 | തൊഴുത്ത് നിർമ്മാണം | | തദ്ദേശഭരണ സ്ഥാപനങ്ങൾ, എം.ജി.എൻ.ആർ.ഇ.ജി.എസ്. |
| 25 | ബയോഗ്യാസ് പ്ലാന്റ് | | ശുചിത്വമിഷൻ, അനർട്ട്, കൃഷിവകുപ്പ് |
| 26 | കറവപശു വളർത്തൽ | | തദ്ദേശഭരണ സ്ഥാപനങ്ങൾ, പട്ടികജാതിവകുപ്പ്. |
| 27 | കാലിത്തീറ്റ സബ്സിഡി | | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ |
| 28 | ജൈവവള സംസ്കരണം, ജൈവകീടനാശിനി വിപണനം, ഔഷധ സസ്യങ്ങൾ നടീൽ | | കൃഷി, കുടുംബശ്രീ, ആയുർവേദം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ |
| 29 | ഫാം ടൂറിസം | | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, വിനോദസഞ്ചാരം, ഫിഷറീസ്, കൃഷി, കുടുംബശ്രീ. |
| 30 | കൃഷി ഉപഉത്പന്നങ്ങളുടെ ഉപയോഗം (പോള, ചക്ക, വൈക്കോൽ മുതലായവ) | | വ്യവസായം, കൃഷി, ജലസേചനം, കുടുംബശ്രീ |
| 31 | ബി.എം.സി. സ്ഥാപിച്ച ക്ഷീര സംഘങ്ങളിൽ വെയ്സ്റ്റ് വാട്ടർ ട്രീറ്റ്മെന്റ് | | ശുചിത്വമിഷൻ, അഗ്രികൾച്ചർ, എൻജിനീയറിംഗ് വിഭാഗം |
| 32 | വൈക്കോൽ ബയ് ലിംഗ് യൂണിറ്റ് | | കൃഷി, എൻജിനീയറിംഗ് വിഭാഗം, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, എം.ജി.എൻ. ആർ.ഇ.ജി.എസ്., പാടശേഖര സമിതി, കുടുംബശ്രീ |
| 33 | ചെറുകിട കാലിത്തീറ്റനിർമ്മാണ യൂണിറ്റ് /റ്റി.എം.ആർ (ടോറ്റൽ മിക്സ് റേഷൻ) | | വ്യവസായ വകുപ്പ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, കുടുംബശ്രീ |
| 34 | ക്ഷീരോത്പന്ന നിർമ്മാണ യൂണിറ്റ് | | കുടുംബശ്രീ, സാമൂഹ്യനീതി വകുപ്പ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ആരോഗ്യം, വ്യവസായം, പട്ടികജാതി വികസനം |
| 35 | മുട്ട, ഇറച്ചി, സംസ്കരണ യൂണിറ്റ് | | കുടുംബശ്രീ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ആരോഗ്യം |
| 36 | കോഴി, മാംസം സംസ്കരണ യൂണിറ്റുകളുടെ മാലിന്യ സംസ്കരണം | | കുടുംബശ്രീ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ആരോഗ്യം |
| 37 | എ.ബി.സി. പ്രോഗ്രാം | | കുടുംബശ്രീ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ആരോഗ്യം |
| 38 | മൊബൈൽ മിൽക്കിംഗ് യൂണിറ്റ് | | കുടുംബശ്രീ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, വ്യവസായം |
| 39 | മുയൽ വളർത്തൽ യൂണിറ്റ് | | കുടുംബശ്രീ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ |
| 40 | കോഴിക്കൂട്, ആട്ടിൻകൂട് നിർമ്മാണം | | കുടുംബശ്രീ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, വ്യവസായം |
| 41 | ബ്രോയിലർ ഫാമിംങ് | | കുടുംബശ്രീ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, വ്യവസായം, കൃഷി, പൊതുജന ആരോഗ്യം, കയർ, ശുചിത്വം |

| | | | |
|---|---|---|---|
| 42 | ആഴ്ച ചന്തകൾ | | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ഫിഷറീസ്, കൃഷി |
| 43 | മാംസോല്പാദന യൂണിറ്റ് | | കുടുംബശ്രീ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, വ്യവസായം |
| 44 | ഗ്രോ ബാഗ് ഫില്ലിംങ് യൂണിറ്റ് (കോഴിവളം, ചകിരിച്ചോറ്) | | കയർ വകുപ്പ്, കുടുംബശ്രീ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, വ്യവസായം, കൃഷി |
| 45 | സൗരോർജ്ജ പ്ലാന്റുകൾ (ഫാമുകൾ / സ്ഥാപനങ്ങൾ) | | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, അനർട്ട്, ഊർജ്ജം |
| 46 | ഫാം ഫ്രഷ് മിൽക്ക് വെൻഡിംഗ് യൂണിറ്റ് | | കുടുംബശ്രീ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, പട്ടികജാതി വികസനം, ആരോഗ്യം, ഭക്ഷ്യസുരക്ഷാവകുപ്പ് |
| 47 | ജന്തുജന്യ രോഗ നിയന്ത്രണം | | ആരോഗ്യം, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, കുടുംബശ്രീ, ശുചിത്വ മിഷൻ |
| 48 | എഗ്ഗർ നേഴ്സറി | | കുടുംബശ്രീ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, വ്യവസായ വകുപ്പ്, ശുചിത്വ മിഷൻ, പട്ടികജാതി വകുപ്പ് |
| 49 | മോട്ടോർ ബോട്ട് വെറ്റിനറി യൂണിറ്റ് | | ഇറിഗേഷൻ വകുപ്പ്, ഊർജ്ജം, പഞ്ചായത്ത് |
| 50 | ഫാമുകളുടെ സാങ്കേതിക വത്കരണം | | ഐ.റ്റി., വ്യവസായം, കൃഷി, എൻജിനീയറിംഗ് വിംഗ് |
| 51 | വൺ ഹെൽത്ത് പ്രോഗ്രാം | | ആരോഗ്യം, പരിസ്ഥിതി, ശുചിത്വ മിഷൻ, ത്രിതല പഞ്ചായത്ത്, വെറ്റിനറി യൂണിവേഴ്സിറ്റി |
| 52 | ലാസ്റ്റ് മൈൽ കണക്ടിവിറ്റി | ഗതാഗതവകുപ്പ് | കെ.എസ്.ആർ.ടിസി., പി.ഡബ്ല്യു.ഡി.(ആർ) ബ്രിഡ്ജസ്, റെയിൽവെ, ടൂറിസം. |
| 53 | ഷീ ടാക്സി വ്യാപനം | | കുടുംബശ്രീ, ആർ.റ്റി.ഒ, വ്യവസായം, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ |
| 54 | സംയോജിതമായി ബോട്ട്ജെട്ടി നിർമ്മാണം | വിനോദസഞ്ചാര വകുപ്പ് | ജലസേചനം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, എസ്.ഡബ്ല്യു.റ്റി.ഡി. |
| 55 | ടൂറിസ്റ്റ് ഗൈഡൻസ് സെന്റർ | | കുടുംബശ്രീ, ഐ.റ്റി., എൽ.എസ്.ജി.ഡി. |
| 56 | കായൽ മലിനീകരണം തടയുക | | ശുചിത്വമിഷൻ, എൽ.എസ്.ജി.ഡി., തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ടൂറിസം. |
| 57 | ഭവന നിർമ്മാണ സാമഗ്രികൾ നിർമ്മിക്കുന്നതിന് പരിശീലനം | പാർപ്പിട വകുപ്പ് | എം.ജി.എൻ.ആർ.ജി.എസ്., കൃഷി, വ്യവസായം, നിർമ്മിതി, കോസ്റ്റ് ഫോർഡ് |
| 58 | ഗ്രാമപഞ്ചായത്ത് തലത്തിൽ ഹൈടോളിക് പ്രസിംങ് സംവിധാനത്തോടുകൂടിയുള്ള കോൺക്രീറ്റ് കട്ട നിർമ്മാണം | | എം.ജി.എൻ.ആർ.ഇ.ജി.എസ്., പ്ലാൻ ഫണ്ട്, കുടുംബശ്രീ, ഡി.ഡി.യു.ജി.കെ.വൈ |
| 59 | മാലിന്യത്തിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കുക | ഊർജ്ജവകുപ്പ് | ശുചിത്വ മിഷൻ, അനർട്ട്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ |

| | | | |
|---|---|---|---|
| 60 | തീരപ്രദേശങ്ങളിൽ കാറ്റാടി വ്യാപിപ്പിക്കുക | പരിസ്ഥിതി കാലാവസ്ഥ വ്യതിയാനം വനംവകുപ്പ് | എക്സൈസ്, പോലീസ്, ഫിഷറീസ്, കുടുംബശ്രീ, എൽ.എസ്.ജി.ഡി, എം.ജി.എൻ.ആർ.ഇ.ജി.എസ്. |
| 61 | ഇൻർസ്ഥിയൽ ഗാലകൾ / ബഹ്രനില കെട്ടിട സമുച്ചയങ്ങൾ നിർമ്മിക്കുന്നതിന് സ്ഥലം കണ്ടെത്തുക | വ്യവസായ വകുപ്പ് | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, റവന്യൂ ഡിപ്പാർട്ട്മെന്റ്, ഇന്റസ്ട്രീയൽ ഡവലപ്മെന്റ് കോർപ്പറേഷൻ. |
| 62 | സംരംഭകത്വ ക്ലബ് രൂപീകരണം | | വിദ്യാഭ്യാസ വകുപ്പ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, കുടുംബശ്രീ |
| 63 | മാതൃക അംഗനവാടി | വനിതാവികസനം | സാമൂഹ്യനീതി വകുപ്പ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ |
| 64 | വനിതകൾക്കെതിരെയുള്ള അതിക്രമം തടയുക | | പോലീസ്, എക്സൈസ്, വിദ്യാഭ്യാസം, സാമൂഹ്യനീതിവകുപ്പ്, കുടുംബശ്രീ |
| 65 | വിഷരഹിത പച്ചക്കറി കൃഷി | | കൃഷിവകുപ്പ്, കുടുംബശ്രീ, ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ. |
| 66 | ജാഗ്രത സമിതികൾ ശക്തിപ്പെടുത്തൽ | | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, പോലീസ്, സാമൂഹ്യനീതിവകുപ്പ് |
| 67 | കുട്ടികൾക്ക് നേരെയുള്ള ലൈംഗികാതിക്രമം തടയൽ | സാമൂഹ്യക്ഷേമം | ചൈൽഡ് ലൈൻ, കുടുംബശ്രീ, പോലീസ്, വിദ്യാഭ്യാസം |
| 68 | ലഹരിക്കെതിരെ ബോധവൽക്കരണം | | എക്സൈസ്, പോലീസ്, വിദ്യാഭ്യാസ വകുപ്പ് |
| 69 | ശൈശവ വിവാഹം തടയൽ | | പോലീസ് വകുപ്പ്, വിദ്യാഭ്യാസവകുപ്പ് |
| 70 | സ്പെഷ്യൽ അംഗനവാടികൾ തുടങ്ങുക | | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ആരോഗ്യം |
| 71 | മാതൃക അംഗനവാടി | | തദ്ദേശ സ്വയംഭരണ സ്ഥാപനം, ലേബർ പാർക്ക്, എൽ.എസ്.ജി.ഡി, എം.ജി.എൻ.ആർ.ഇ.ജി.എസ്., |
| 72 | ജാഗ്രതസമിതികൾ ശക്തിപ്പെടുത്തൽ | | എൽ.എസ്.ജി.ഡി, പോലീസ് ഡിപ്പാർട്ട്മെന്റ്, കുടുംബശ്രീ |
| 73 | പൊതു ഇടങ്ങൾ അംഗപരിമിത സൗഹൃദമാക്കുക | | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, പൊതുമരാമത്ത് |
| 74 | വയോജനങ്ങളുടെ പരിചരണം | | ആരോഗ്യവകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, |
| 75 | ട്രാൻസ്ജന്റേഴ്സിന് സ്വയം തൊഴിൽ പദ്ധതി | | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, തൊഴിൽ വകുപ്പ്, വ്യവസായം |
| 76 | പട്ടികജാതി വിഭാഗ വിദ്യാർത്ഥികളെ ഉന്നത വിദ്യാഭ്യാസത്തിന് പ്രാപ്യമാക്കുക | പട്ടികജാതി വികസനം | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ഉന്നത വിദ്യാഭ്യാസ വകുപ്പ്, ഐ.ഐ.റ്റി., റ്റി.റ്റി.ഐ. |
| 77 | കുട്ടികളുടെ കൊഴിഞ്ഞുപോക്ക് തടയൽ | | വിദ്യാഭ്യാസവകുപ്പ്, സാമൂഹ്യക്ഷേമം, എക്സൈസ്, പോലീസ് |

| | | | |
|---|---|---|---|
| 78 | തൊഴിൽ പരിശീലനം ലഭ്യമാക്കുക | | വ്യവസായവകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, എംപ്ലോയ്മെന്റ് ഓഫീസ്, ഐ.റ്റി.ഐ. |
| 79 | പട്ടികജാതി വിഭാഗങ്ങൾക്ക് മൈക്രോ സംരംഭങ്ങൾ നടപ്പാക്കുക | | കുടുംബശ്രീ, ഐ.റ്റി.,തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, വ്യവസായ വകുപ്പ്, |
| 80 | ഉൾനാടൻ മത്സ്യകൃഷി ഹ്രദ്ധജല മത്സ്യകൃഷി, അലങ്കാര മത്സ്യകൃഷി പരിശീലനം | | ഫിഷറീസ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, കുടുംബശ്രീ, എ.കെ.എ.സി, എഫ്.എഫ്.ഡി.എ. |
| 81 | ടൂറിസം മേഖലയുമായി ബന്ധപ്പെട്ട് യാനങ്ങൾ, ഹൗസ് ബോട്ട് മുതലായ പദ്ധതികൾ | | ടൂറിസം വകുപ്പ്, ബാങ്കുകൾ, ഇൻഡസ്ട്രീസ് |
| 82 | ഹെൽത്ത് ടൂറിസം രംഗത്ത് തൊഴിൽ അവസരങ്ങൾ | | ആരോഗ്യവകുപ്പ്, ടൂറിസം, കുടുംബശ്രീ, പോലീസ്, എക്സൈസ് |
| 83 | പാട്ടത്തിനെടുത്ത സ്ഥലത്ത് നെൽകൃഷി പച്ചക്കറി കൃഷി | | കൃഷിവകുപ്പ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, വി.എഫ്.വൈ.സി.കെ., കുടുംബശ്രീ, ഹോർട്ടി കോർപ്പ് |
| 84 | ആടുവളർത്തൽ, പന്നിവളർത്തൽ, കോഴിവളർത്തൽ | | ക്ഷീരവികസന വകുപ്പ്, മൃഗസംരക്ഷണ വകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ |
| 85 | പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞു പോക്ക് തടയുക | പട്ടികവർഗ്ഗം വികസനം | വിദ്യാഭ്യാസം, സാമൂഹ്യക്ഷേമം, എക്സൈസ്, പോലീസ് |
| 86 | പട്ടികവർഗ്ഗ വനിതകളിൽ സ്ത്രീ ശാക്തീകരണം | | സാമൂഹ്യനീതി വകുപ്പ്, വനിത വികസനം, കുടുംബശ്രീ |
| 87 | പുത്തൻ തൊഴിൽ പരിശീലനം | | വ്യവസായം, ഐ.ടി.മിഷൻ, വിദ്യാഭ്യാസം |
| 88 | തൊണ്ട് സംഭരണം, തെങ്ങ് കൃഷിയുടെ വ്യാപനം | കയർ സ്വയം തൊഴിൽ | കൃഷി, കുടുംബശ്രീ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ |
| 89 | കടൽതീര സംരക്ഷണം | | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ഫോംമാറ്റിംഗ്സ്, ഫോറസ്റ്റ്, പോലീസ്, എക്സൈസ്, ഇറിഗേഷൻ |
| 90 | ഉൾനാടൻ ജലാശയങ്ങൾ ഹ്രദ്ധീകരിച്ച് മത്സ്യകൃഷി | മത്സ്യവകുപ്പ് | എം.ജി.എൻ.ആർ. ഇ. ജി.എസ്., എൽ.എസ്.ജി.ഡി, മത്സ്യഫെഡ്, എ.ഡി.എ.സി, എഫ്.എഫ്.ഡി.എ. |
| 91 | പൊക്കാളി പാടശേഖരങ്ങളിൽ നെല്ലും, ചെമ്മീനും പദ്ധതി | | കൃഷി വകുപ്പ്, കുടുംബശ്രീ, എൽ.എസ്.ജി.ഡി. |
| 92 | സംയോജിത ഫാം | | ക്ഷീരവികസനം, മൃഗസംരക്ഷണം, കൃഷി |
| 93 | അക്വാ ടൂറിസം | | വിനോദ സഞ്ചാരവകുപ്പ് |
| 94 | ലഹരി വിമുക്ത വിദ്യാലയം | വിദ്യാഭ്യാസ വകുപ്പ് | പോലീസ്, എക്സൈസ്, സാമൂഹിക |

| | | | |
|---|---|---|---|
| | | | ക്ഷേമ വകുപ്പ്, ആരോഗ്യവകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ്, മോട്ടോർ വാഹന വകുപ്പ്, കുടുംബശ്രീ |
| 95 | ഹരിത വിദ്യാലയം/ ജൈവവൈവിധ്യ പാർക്ക്/ പ്ലാസ്റ്റിക്ക് നിർമ്മാർജനം | | ശുചിത്വമിഷൻ, കുടുംബശ്രീ, തദ്ദേശസ്വയംഭരണ വകുപ്പ്, കൃഷിവകുപ്പ്, മൃഗസംരക്ഷണ വകുപ്പ്, വനം വകുപ്പ്, പരിസ്ഥിതിവകുപ്പ്, കുടിവെള്ളം, ആരോഗ്യവകുപ്പ് |
| 96 | ഭിന്നശേഷി തൊഴിൽ പരിശീലനം | | ആരോഗ്യവകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ്, വ്യവസായവകുപ്പ്, റ്റി.റ്റി & ഐ.റ്റി.റ്റി |
| 97 | ഓട്ടിസം ബാധിച്ച കുട്ടികളുടെ പരിചരണം | ആരോഗ്യം ഹോമിയോ | സാമൂഹ്യക്ഷേമം, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ |
| 98 | ഫ്ലോട്ടിംഗ് ഡിസ്പെൻസറി | | ജലസേചനം, എൽ.എസ്.ജി.ഡി |
| 99 | സീതാലയം - സ്ത്രീകളുടെ സംരക്ഷണവും, സ്വാന്തന പരിപാലനവും | | സോഷ്യൽ വെൽഫെയർ പോലീസ്, സാമൂഹ്യനീതി വകുപ്പ്, എൽ.എസ്.ജി.ഡി, കുടുംബശ്രീ |
| 100 | പകർച്ചവ്യാധി നിയന്ത്രണം | | ആരോഗ്യ വകുപ്പ്, തദ്ദേശ ഭരണ സ്ഥാപനങ്ങൾ, നാഷണൽ ഹെൽത്ത് മിഷൻ, കുടുംബശ്രീ, |
| 101 | വിദ്യാലയ ആരോഗ്യ പദ്ധതി | | വനിത, വിദ്യാഭ്യാസം, ആരോഗ്യം |
| 102 | സ്വാന്തന പരിചരണം | | ആരോഗ്യ വകുപ്പ്, തദ്ദേശ ഭരണ സ്ഥാപനങ്ങൾ, നാഷണൽ ഹെൽത്ത് മിഷൻ, കുടുംബശ്രീ, |
| 103 | വയോജന ആരോഗ്യ പരിപാലനം | | ആരോഗ്യ വകുപ്പ്, തദ്ദേശ ഭരണ സ്ഥാപനങ്ങൾ, നാഷണൽ ഹെൽത്ത് മിഷൻ, കുടുംബശ്രീ, |
| 104 | ലഹരി മോചനം | | എക്സൈസ്, വിദ്യാഭ്യാസം, പോലീസ് |
| 105 | പശ്ചാത്തല സൌകര്യ വികസനം | | തദ്ദേശ ഭരണ സ്ഥാപനങ്ങൾ, പൊതുമരാമത്ത് വകുപ്പ്, എം.പി., എം.എൽ.എ. ഫണ്ടുകൾ |
| 106 | സ്പെഷ്യാലിറ്റി ക്ലിനിക് (ബാലചികിത്സ, റുമാറ്റോളജി, ജീവിത ശൈലീ രോഗങ്ങൾ, തൈറോയിഡ് രോഗങ്ങൾ) | | ആരോഗ്യം, തദ്ദേശഭരണം, എൻ.എച്ച്.എം., ആയുർവേദം |
| 107 | പകർച്ചവ്യാധി പ്രതിരോധവും, മാലിന്യ സംസ്കരണവും | ആരോഗ്യം അലോപ്പതി | ശുചിത്വ മിഷൻ, തദ്ദേശ ഭരണ സ്ഥാപനങ്ങൾ, വിദ്യാഭ്യാസം, കുടുംബശ്രീ, ആരോഗ്യം |
| 108 | മദ്യം, മയക്കുമരുന്ന് മുതലായവയുടെ ഉപയോഗം കുറയ്ക്കുക, കുട്ടികളിലെ ബോധവൽക്കരണം | | വിദ്യാഭ്യാസവകുപ്പ്, പോലീസ്, എക്സൈസ് സാമൂഹ്യക്ഷേമം, കുടുംബശ്രീ |
| 109 | അന്യസംസ്ഥാന തൊഴിലാളികളിലൂടെയുള്ള പകർച്ചവ്യാധി തടയുക. | | തൊഴിൽ വകുപ്പ്, പോലീസ്, ആരോഗ്യവകുപ്പ് |
| 110 | ആയുർവേദ ടൂറിസം | ആരോഗ്യം ആയുർവേദം | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ഡി.റ്റി.പി.സി., വ്യവസായം, കുടുംബശ്രീ, എൻ.ഐ.സി. അക്ഷയ |

| | | | |
|---|---|---|---|
| 111 | ഔഷധ സസ്യകൃഷി (എള്ള്, താവരി, രാമച്ചം) | | സ്വയംസഹായ സംഘങ്ങൾ, കുടുംബശ്രീ, കൃഷിവകുപ്പ്, |
| 112 | പകർച്ചവ്യാധി പ്രതിരോധം (ജൈവ കീടനാശിനി, കൊതുക നിവാരണ പ്രവർത്തനങ്ങൾ) | | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, കുടുംബശ്രീ, വിദ്യാഭ്യാസ വകുപ്പ് |
| 113 | ആയുഷ് ക്ലബ്ബ് രൂപീകരണം സ്കൂളുകളിൽ | | വിദ്യാഭ്യാസവകുപ്പ്, സാമൂഹ്യക്ഷേമം |
| 114 | കായിക താരങ്ങൾക്കും, മറ്റുകുട്ടികൾക്കും ശാരീരിക, മാനസിക ക്ഷമത വർദ്ധിപ്പിക്കൽ | | സ്പോർട്സ്, യോഗ കൗൺസിൽ, വിദ്യാഭ്യാസം, ആയുഷ് |
| 115 | പ്രീനേറ്റൽ, പോസ്റ്റ്നേറ്റൽ കെയർ രംഗത്ത് പരിശീലനം | | കുടുംബശ്രീ, സാമൂഹ്യനീതി വകുപ്പ് |
| 116 | ജില്ലയെ മാലിന്യ വിമുക്തമാക്കാനുള്ള പദ്ധതി | ശുചിത്വം | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ആരോഗ്യം, വിദ്യാഭ്യാസം, ഊർജ്ജം, കൃഷിവകുപ്പ്, സോഷ്യൽ വെൽഫെയർ, ജലസേചനവകുപ്പ് തൊഴിലുറപ്പ് |
| 117 | ഓരോ ഭവനങ്ങളിലും ജൈവമാലിന്യ സംസ്കരണത്തിനായി വളക്കുഴികൾ നിർമ്മിക്കുക | | എം.ജി.എൻ.ആർ. ഇ. ജി.എസ്., കുടുംബശ്രീ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, കൃഷിവകുപ്പ് |
| 118 | ഹരിത ടൂറിസം പദ്ധതി | | ടൂറിസം വകുപ്പ്, വനംവകുപ്പ്, കുടുംബശ്രീ, എൽ.എസ്.ജി.ഡി. |



*അച്ചടിയും പ്രസിദ്ധീകരണവും:*

**ജില്ലാ ആസൂത്രണ സമിതി,**
**ആസൂത്രണ സമിതി സെക്രട്ടറിയേറ്റ്,**
**സിവിൽ സ്റ്റേഷൻ, ആലപ്പുഴ.**
**Ph: 0477 2252064**
**email: dpoalp.spb@kerala.gov.in.**